# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂലൈ 19, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 188 - നമ്പർ 13

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 19, ചൊവ്വ

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീമതി കവിത ഉണ്ണിത്താൻ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം

**പേജ്**

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**II ചട്ടം 64 അനുസരിച്ചുള്ള പ്രസ്താവന**

മന്ത്രിസ്ഥാനം രാജിവച്ചത് സംബന്ധിച്ച്
-ശ്രീ. സജി ചെറിയാൻ

**III അടിയന്തരപ്രമേയം**

റോഡുകളുടെ അറ്റകുറ്റപ്പണികൾ
(അവതരണാനുമതി നിഷേധിച്ചു.)

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി
-ശ്രീ. പി. എസ്. സുപാൽ

(2) സാമൂഹ്യവും വിദ്യാഭ്യാസപരവുമായി
പിന്നാക്കം നിൽക്കുന്നവരുടെ ജാതി സെൻസസ്
-ശ്രീ. യു. എ. ലത്തീഫ്

## V സബ്മിഷൻ

(1) വിമാനത്തിൽവച്ച് കയ്യേറ്റം ചെയ്തത് സംബന്ധിച്ച്
-പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

(2) ആതുരശുശ്രൂഷാലയങ്ങൾ പ്രവർത്തിക്കുന്ന
കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ ലൈസൻസ്
-ശ്രീ. ജോബ് മൈക്കിൾ

(3) പാലക്കാട് നഗരസഭയിലെയും വിവിധ
പഞ്ചായത്തുകളിലെയും പട്ടയ പ്രശ്നം
-ശ്രീ. ഷാഫി പറമ്പിൽ

(4) കുറ്റ്യാടി ഇറിഗേഷൻ പദ്ധതി
-ശ്രീ. ഇ. കെ. വിജയൻ

(5) കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ്
-ശ്രീമതി യു. പ്രതിഭ

(6) നിലയ്ക്കൽ കുടിവെള്ള പദ്ധതി
-ശ്രീ. കെ. യു. ജനീഷ് കുമാർ

(7) പെരിങ്ങോം ഗവൺമെന്റ് ആർട്സ് &
സയൻസ് കോളേജ് കെട്ടിട നിർമ്മാണം
-ശ്രീ. ടി. ഐ. മധുസൂദനൻ

(8) നെന്മാറ-നെല്ലിയാമ്പതി റോഡ് നിർമ്മാണം
-ശ്രീ. കെ. ബാബു (നെന്മാറ)

(9)ബിനാച്ചി-പനമരം റോഡ്

-ശ്രീ. ഐ. സി. ബാലകൃഷ്ണൻ

(10) മലപ്പുറത്തെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി

-ശ്രീ. പി. ഉബൈദുള്ള

## VI റിപ്പോർട്ടുകളുടെ സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി I, IV, V, XIV എന്നിവയുടെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

(2) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

## VII റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട്

## VIII ധനകാര്യം

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

**അപരാഹ്ന സമ്മേളനം**

## IX നിയമനിർമ്മാണകാര്യം

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2022-ലെ കേരള ധനകാര്യ ബിൽ

(ii) 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

(iii) 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

## X അറിയിപ്പ്

മെഡിസെപ് പദ്ധതി പരിചയപ്പെടുത്തലും ഫോട്ടോ പ്രദർശനവും
-മി. ഡെപ്യൂട്ടി സ്പീക്കർ

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 19, ചൊവ്വ

---

വാല്യം 188} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 13

---

നിയമസഭ 2022 ജൂലൈ മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.....ഓർഡർ......ചോദ്യം നമ്പർ *361

ഈ വിഷയം സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് 30.06.2022-ലും

12.07.2022-ലും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകിയിട്ടുണ്ട്. കൂടാതെ 30.06.2022-ലെ അടിയന്തരപ്രമേയ നോട്ടീസും ഇതേ വിഷയമായിരുന്നു. ഇന്നലെ നടന്ന വനത്തെക്കുറിച്ചുള്ള ചർച്ചയിലും ഇതുസംബന്ധിച്ച് ഉന്നയിച്ചിട്ടുണ്ട്. അതുകൊണ്ട് കൂടുതൽ ഉപചോദ്യം ഉന്നയിക്കേണ്ടതില്ല.

**ഇക്കോ സെൻസിറ്റീവ് സോൺ**

1(*361) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച വൈൽഡ് ലൈഫ് കൺസർവേഷൻ സ്ട്രാറ്റജി 2002-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ 2011-ൽ സംസ്ഥാന സർക്കാരിനോട് കേന്ദ്ര സർക്കാർ അഭിപ്രായം ആരാഞ്ഞിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാർ നൽകിയ അഭിപ്രായമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് കേന്ദ്ര വനം മന്ത്രാലയത്തിന് നിർദ്ദേശങ്ങൾ നൽകാൻ 2013-ൽ അന്നത്തെ സർക്കാർ തീരുമാനിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച വൈൽഡ് ലൈഫ് കൺസർവേഷൻ സ്ട്രാറ്റജി 2002-ന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതിക സംവേദക മേഖലകൾ രൂപീകരിക്കുന്നതിനുള്ള നടപടി 2002 മുതലാണ് ആരംഭിച്ചത്. ഇന്ത്യൻ ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ 2002 ജനുവരി 21-ന് ചേർന്ന 21-ാമത് യോഗത്തിൽ വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും പുറത്തായി 10 കിലോമീറ്റർ ചുറ്റളവ് വരെയുള്ള പ്രദേശങ്ങൾ പാരിസ്ഥിതിക സംവേദക മേഖലയായി

പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ചു. ഇതിനെത്തുടർന്ന് ഗോവ ഫൗണ്ടേഷൻ Vs യൂണിയൻ ഗവൺമെന്റ് ഓഫ് ഇന്ത്യ കേസിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 04.12.2006-ലെ ഉത്തരവുപ്രകാരമാണ് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2011-ൽ പ്രസിദ്ധീകരിക്കുന്നത്. അങ്ങനെ പ്രസിദ്ധീകരിക്കുന്ന ഘട്ടത്തിൽ ആ മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് പ്രത്യേകമായി അഭിപ്രായമൊന്നും ആരാഞ്ഞിരുന്നില്ല. ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ പ്രൊപ്പോസൽ സമർപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) 2011-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ച നിർദ്ദേശങ്ങളിന്മേൽ അഭിപ്രായം സമർപ്പിക്കാൻ നിർദ്ദേശമുണ്ടായിരുന്നില്ല. ആയതിനാൽ ടി മാർഗ്ഗനിർദ്ദേശമനുസരിച്ച് സംസ്ഥാന സർക്കാർ അഭിപ്രായം സമർപ്പിച്ചിരുന്നില്ല.

(സി) 2013-ലെ സർക്കാർ തീരുമാനപ്രകാരം വനപ്രദേശത്തിന്റെ

ചുറ്റുമുള്ള ജനവാസമേഖലകൾ പൂർണ്ണമായും ഒഴിവാക്കി സംരക്ഷിത വനമേഖലയ്ക്ക് ചുറ്റും 0-12 (പൂജ്യം മുതൽ പന്ത്രണ്ട് ) കിലോമീറ്റർ വരെ ഇക്കോ സെൻസിറ്റീവ് സോണായി വിജ്ഞാപനം ചെയ്യാനുള്ള പ്രൊപ്പോസലുകൾ കേരളം കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ കൃഷിയിടങ്ങളും റവന്യൂ ഭൂമിയും ഒഴിവാക്കാൻ ആവശ്യപ്പെട്ടിരുന്നില്ല.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ബഫർ സോൺ വിഷയത്തിൽ ഒരു കിലോമീറ്റർ ദൂരപരിധി നിശ്ചയിച്ചത് മുൻ വനം വകുപ്പുമന്ത്രിയാണെന്നും ജനങ്ങളെ ആശങ്കയിലാക്കിയത് 2019-ലെ സർക്കാർ ഉത്തരവാണെന്നും ഒരു ഭരണപക്ഷ എം.എൽ.എ. തുറന്നുസമ്മതിച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാർ 2015-ൽ സമർപ്പിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും 2016-ൽ നടന്ന വിദഗ്ദ്ധ സമിതി യോഗത്തിൽ പരിഗണിക്കുകയും ചെയ്തിരുന്നു. എന്നാൽ ആ സമിതി ആവശ്യപ്പെട്ട വിശദാംശങ്ങൾ 2016-ൽ സർക്കാർ അധികാരത്തിൽ വന്നിട്ടും 2018 വരെ നൽകാത്തതിനെത്തുടർന്നല്ലേ കരട് വിജ്ഞാപനങ്ങൾ

കാലഹരണപ്പെടാനിടയായത്; ജനങ്ങളുടെ ആശങ്കയ്ക്ക് നിദാനവും ഈ നിരുത്തരവാദപരമായ സമീപനമല്ലേ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ആദ്യമായി ഞാൻ അടിസ്ഥാനരഹിതമായ ആരോപണത്തെ നിഷേധിക്കുന്നു. ഒരു ഭരണകക്ഷി എം.എൽ.എ.-യും അങ്ങനെയൊരു അഭിപ്രായപ്രകടനം നടത്തിയിട്ടില്ല. 2019-ലെ തീരുമാനം ജനങ്ങളിൽ ആശങ്കയുണ്ടാക്കിയിട്ടുണ്ടെന്ന കാര്യം കഴിഞ്ഞ സഭാസമ്മേളനം തുടങ്ങിയ അന്നുമുതൽ ഇന്നുവരെ ആവർത്തിച്ചുകൊണ്ടിരിക്കുന്നത് ദൗർഭാഗ്യകരമാണ്. 2017 വരെ വൈകിയതിന് കാരണം 2016 അവസാനം സമർപ്പിച്ച റിപ്പോർട്ട് കേന്ദ്ര സർക്കാർ തിരിച്ചയയ്ക്കുകയും കൂടുതൽ വിശദീകരണം ആവശ്യപ്പെടുകയും ചെയ്തതാണ്. കളർകോഡ് ഉൾപ്പെടെ മാപ്പിംഗിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളില്ലാത്തതിനാൽ അത് തിരിച്ചയയ്ക്കേണ്ടതായും വീണ്ടും പുതിയ പഠനവും പരിശോധനയും നടത്തേണ്ടതായും വന്നതുകൊണ്ടാണ് ഒരു കൊല്ലം വൈകിയത്. 2017-നുശേഷമാണ് പുതിയ പ്രൊപ്പോസൽ വരുന്നത്. ആ പ്രൊപ്പോസലിന്മേൽ 2020-ലാണ് സംസ്ഥാന സർക്കാർ ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ

പരിഗണനയിലുള്ള പ്രൊപ്പോസൽ സമർപ്പിച്ചത്. ഇനിയും ആശങ്കയുണ്ടാക്കി ജനങ്ങളെ മുൾമുനയിൽ നിർത്തുന്ന തന്ത്രം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകരുതെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, 2022 ജൂണിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധി കേരളത്തിലെ ഇരുപതോളം പട്ടണങ്ങളെയും ഒരു ലക്ഷത്തിലധികം കുടുംബങ്ങളെയും രണ്ടുലക്ഷം ഏക്കർ സ്ഥലത്തെയും ഗൗരവതരമായി ബാധിക്കുന്നതാണ്. 08.05.2013-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യു.ഡി.എഫ്. സർക്കാർ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള മനുഷ്യവാസകേന്ദ്രങ്ങളെ ഒഴിവാക്കിയത് പരിശോധിച്ച് സംരക്ഷിത വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെ (സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ) ഇക്കോ സെൻസിറ്റീവ് സോണായി നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപനം തയ്യാറാക്കണമെന്ന് 2019-ലെ സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്നു. അതനുസരിച്ചല്ലേ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി വന്നത്; മന്ത്രിസഭാ തീരുമാനം പുനഃപരിശോധിക്കുന്നതിനും ഈ ഉത്തരവ് തിരുത്തുന്നതിനും തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, 2019-ലെ സർക്കാർ തീരുമാനം 2020-ൽ പുനഃപരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ ഇപ്പോഴുള്ളത്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെയുള്ള എം.എൽ.എ.-മാർ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ 2019-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസൽ മരവിപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണെന്ന് പലതവണ ഞാൻ ആവർത്തിച്ചതാണ്. മലയോര മേഖലയിലെ പാവപ്പെട്ട കർഷകരെ സംശയത്തിന്റെ മുൾമുനയിൽ നിർത്തുന്ന പ്രതിപക്ഷത്തിന്റെ ഈ ഏർപ്പാട് ദയവായി അവസാനിപ്പിക്കണം.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും കേന്ദ്ര സർക്കാരിന്റെയും മുന്നിൽ നമ്മുടെ ആശങ്കകൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ നൽകിയെന്നും അവരെ കണ്ടുവെന്നുമുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ESZ (ഇക്കോ സെൻസിറ്റീവ് സോൺ) സംബന്ധിച്ച പഠനം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി പരിശോധിച്ചതുപോലെ വിശദമായ പഠനവും

ആധികാരികമായ എന്തെങ്കിലും പരിശോധനയും ഇതിന് പിൻബലമായി തയ്യാറാക്കിയിട്ടുണ്ടോ; അതുസംബന്ധിച്ച വിശദവിവരം നൽകാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ ചോദ്യം എന്നെ വല്ലാതെ ആശങ്കപ്പെടുത്തുന്നുണ്ട്. ഇനിയും കാലതാമസമുണ്ടാക്കാൻ പറ്റിയ നടപടിക്രമങ്ങളിലേയ്ക്ക് പോകണമെന്നാണോ ബഹുമാനപ്പെട്ട അംഗം ഉദ്ദേശിക്കുന്നതെന്ന് അറിയില്ല. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയുൾപ്പെടെയുള്ള ഉന്നതതല ഉദ്യോഗസ്ഥരുമായി ഇക്കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. നിലവിൽ കേന്ദ്രഗവൺമെന്റിൽ സമർപ്പിച്ചിട്ടുള്ളതും പരിഗണനയിലുള്ളതും 'പൂജ്യം മുതൽ ഒന്നു വരെയുള്ള' എന്നതിനുപകരം 'ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും ഒഴിവാക്കിക്കൊണ്ടുള്ള' എന്ന നിർദ്ദേശമാണ്. അതിനൊരു പ്രത്യേക പഠനം ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. അതിന്റെ മാപ്പിംഗ് ഉൾപ്പെടെ കേന്ദ്രസർക്കാരിന് കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ പ്രതിപക്ഷം ജനങ്ങളിൽ ആശങ്കയുണ്ടാക്കുന്നുവെന്ന് പറയുകയുണ്ടായി. പ്രതിപക്ഷം ആശങ്കയുണ്ടാക്കാൻ ശ്രമിക്കുന്നില്ല; ഗവൺമെന്റ് ചെയ്യേണ്ട കാര്യം ചെയ്താൽ മതി. 2019-ലെ മന്ത്രിസഭാ തീരുമാനത്തെ അടിസ്ഥാനമാക്കിയുള്ള പ്രൊപ്പോസലാണ് സമർപ്പിച്ചതെന്ന്

പറഞ്ഞു. അതിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുണ്ടോ; സുപ്രീംകോടതിയിൽ ഇക്കോ സെൻസിറ്റീവ് സോണുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കുന്നതിന് മുന്നോടിയായി എന്തെങ്കിലും തരത്തിലുള്ള ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അവസാനമായി ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് 2020-ലാണ്. പുതിയ ഡാറ്റകൾ എന്തെങ്കിലുമുണ്ടെങ്കിൽ അതുകൂടി സമർപ്പിക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളതിനാൽ അവ ശേഖരിക്കുന്നതിനുവേണ്ടിയുള്ള പരിശോധനയും പഠനവും നടക്കുന്നുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2013-ലെ റിപ്പോർട്ടിനെയും കളർകോഡ് ഇല്ലാത്തതിന്റെ ഒബ്ജക്ഷനെയും കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. 2015-ൽ ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് വന്നതിനുശേഷം അന്നത്തെ ഗവൺമെന്റ് കേന്ദ്ര സർക്കാരിന് നിവേദനം കൊടുത്തിട്ടുണ്ട്. ഏത് സന്ദർഭത്തിലാണ് ആ നിവേദനത്തിന്റെ ചുവടുപിടിച്ച് ഇക്കോ സെൻസിറ്റീവ് ഏരിയയിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന

ഗവൺമെന്റ് തീരുമാനമെടുത്തത്? പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ നോക്കാതെ ഇവിടെ നമ്മളെടുത്തിരുന്ന കോൺസിക്യൂട്ടീവായ ലൈനുണ്ട്. ഇക്കോ സെൻസിറ്റീവ് ഏരിയ ജനവാസ കേന്ദ്രങ്ങളിൽ വരരുതെന്നുതന്നെയാണ് നമ്മുടെ തീരുമാനം. ആ തീരുമാനത്തെ എവിടെവച്ചാണ് ഡൈല്യൂട്ട് ചെയ്തത്; എന്തുകൊണ്ടാണ് അങ്ങനെ ചെയ്തത്; ഒരു കിലോമീറ്റർ വരെയാകാമെന്ന് തീരുമാനിച്ചതിന്റെ പശ്ചാത്തലമെന്താണ്?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, 2018-ൽ കേരളത്തിൽ അസാധാരണമായൊരു സാഹചര്യമുണ്ടായി. ഭീതിജനകമായ ഉരുൾപൊട്ടലും വെള്ളപ്പൊക്കവുമുണ്ടായപ്പോൾ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ തടസ്സമുണ്ടാക്കുന്നുണ്ടോ, സെൻസിറ്റീവായ സ്ഥലങ്ങൾ ഇതിലുൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് 2019-ൽ അത്തരത്തിലൊരു തീരുമാനമെടുക്കാനിടയായത്. പക്ഷെ പിന്നീടുള്ള പഠനത്തിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ അത്തരത്തിലുള്ള സെൻസിറ്റീവ് ഏരിയ ഇതിൽ ഉൾപ്പെടുന്നില്ലെന്ന് ബോദ്ധ്യമായി. അതുകൊണ്ടാണ് ജനവാസമേഖലയെല്ലാം

ഒഴിവാക്കണമെന്ന നിഗമനത്തിലേക്ക് സർക്കാർ എത്തിച്ചേർന്നത്. 2019-ലെ തീരുമാനവുമായി ബന്ധപ്പെട്ട സാങ്കേതികപ്രശ്നം പരിഹരിക്കാമെന്ന് ഞാനിവിടെ പറഞ്ഞുകഴിഞ്ഞു.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, 12 കിലോമീറ്റർ ബഫർസോൺ ആകാമെന്നുള്ള തീരുമാനം ആദ്യം കൈക്കൊണ്ടത് ശ്രീ. ജയറാം രമേശ് കേന്ദ്ര മന്ത്രിയായിരുന്നപ്പോഴാണ്. 2013-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ മന്ത്രിസഭാ യോഗമെടുത്ത തീരുമാനം 12 കിലോമീറ്റർ വരെ ബഫർസോണാകാമെന്നാണ്. അന്ന് യു.ഡി.എഫ്. എം.എൽ.എ.-മാരുടെ നേതൃത്വത്തിലുള്ള ഉപസമിതി സമർപ്പിച്ച റിപ്പോർട്ടിൽ റവന്യൂ ഭൂമിയടക്കം ബഫർസോണാക്കാനുള്ള നിർദ്ദേശമാണുണ്ടായിരുന്നതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതല്ലേ ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണം? ഇത് പരിഹരിക്കാൻ സുപ്രീം കോടതിയുടെ നിലവിലെ നിർദ്ദേശത്തെ മറികടക്കാനുള്ള ആത്മാർത്ഥമായ പരിശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിനെ രാഷ്ട്രീയമായി മുതലെടുക്കാനുള്ള അവസരമാണ് യു.ഡി.എഫ്. നടത്തുന്നത്. കേരളത്തിലെ മുഴുവൻ ജനങ്ങളെയും സഹായിക്കാനാവശ്യമായ നടപടിയുമായി ഗവൺമെന്റ് മുന്നോട്ടുപോകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇതിൽ ഒരു കാര്യംകൂടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സുപ്രീംകോടതി വിധിയും ഈ നിർദ്ദേശങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നതാണ് ആദ്യം മനസ്സിലാക്കേണ്ടത്. ഏതെങ്കിലും പ്രദേശത്തെ ബഫർ സോണായി പ്രഖ്യാപിക്കുന്നതിനുള്ള സംസ്ഥാന സർക്കാരുകളുടെ പ്രൊപ്പോസലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലല്ല സുപ്രീംകോടതി വിധിയുണ്ടായിരിക്കുന്നത്. Goa Foundation Vs Union of India, T.N. Godavarman Thirumulpad Vs Union of India തുടങ്ങിയ കേസ്സുകളിലെ വിധിയാണിത്. ആ കേസുകളിന്മേൽ വിധി പുറപ്പെടുവിക്കുന്ന ഒരു ഘട്ടത്തിലും സംസ്ഥാന സർക്കാരുകൾ സമർപ്പിച്ച ബഫർസോൺ പ്രഖ്യാപനവുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും പരിഗണിച്ചിട്ടില്ല എന്നതാണ് വാസ്തവം. അത് രണ്ടും രണ്ടാണ്. ഇത് നമുക്ക് മാത്രമല്ല, ഇന്ത്യക്കാകെ ബാധകമാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത് അവാസ്തവമാണ്. കാരണം, 10 കിലോമീറ്റർ ബഫർ സോണാക്കണമെന്നത് സംബന്ധിച്ച് 2002-ൽ കേന്ദ്ര സർക്കാരിന്റെ ഒരു വിഷൻ ഡോക്യുമെന്റുണ്ടായിരുന്നു. നോയിഡ പാർക്ക് കേസ് സുപ്രീം

കോടതി മുമ്പാകെ വന്നപ്പോൾ കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം ക്രോഡീകരിച്ച് കൊടുക്കാൻ പറഞ്ഞു. അങ്ങനെ എല്ലാ സംസ്ഥാനങ്ങളും അഭിപ്രായം കൊടുത്തു. 2015-ൽ അന്നത്തെ യു.ഡി.എഫ്. സർക്കാരും അഭിപ്രായം കൊടുത്തിരുന്നു. പക്ഷെ പിന്നീട് അതിന്റെ വിശദാംശങ്ങൾ ചോദിച്ചപ്പോൾ കൊടുക്കാത്തതുകൊണ്ട് റദ്ദായി. അതിനുശേഷം 23.10.2019-ൽ നമ്മുടെ മന്ത്രിസഭായോഗമെടുത്ത തീരുമാനമാണ് ഇപ്പോൾ നിലനിൽക്കുന്നത്. സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം കേന്ദ്ര സർക്കാർ കളക്ട് ചെയ്ത് കൊടുത്തിട്ടുണ്ട്. ഞാൻ കഴിഞ്ഞ ദിവസം കുമളിയിൽപോയിരുന്നു. കുമളിയിലും ഒരു കിലോമീറ്റർ ബഫർസോണുണ്ട്. തമിഴ്നാട് അതിർത്തിയിൽ ബഫർസോൺ സീറോയാണ്. കാരണം, തമിഴ്നാട് അതിർത്തിയിൽ സീറോ ബഫർസോൺ വേണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. ഒരേ വന്യജീവി സങ്കേതത്തിന്റെ ഇപ്പുറത്ത് ഒരു കിലോമീറ്റർ ബഫർസോൺ, അപ്പുറത്ത് അതില്ല. ഇത് തർക്കിക്കാൻവേണ്ടി പറയുന്നതല്ല. 23.10.2019-ലെ മന്ത്രിസഭാ യോഗതീരുമാനം 2020-ൽ മാറ്റിയെന്ന് നിങ്ങൾ പറയുന്നു. അത് പ്രസക്തവുമല്ല, നിയമപരമായി നിലനിൽക്കുന്നതുമല്ല. 23.10.2019-ലെ മന്ത്രിസഭാ തീരുമാനം റദ്ദാക്കി ജനവാസകേന്ദ്രങ്ങളൊന്നും ബഫർസോണിൽ

പാടില്ലെന്നൊരു പുതിയ തീരുമാനമെടുത്ത് സമർപ്പിച്ചില്ലെങ്കിൽ അപകടമാകുമെന്നാണ് സൂചിപ്പിക്കാനുള്ളത്. അതിന് തയ്യാറുണ്ടോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം ഗൗരവത്തിൽ പരിശോധിക്കാമെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. കാരണം, അത് സഭയുടെ ഒരു പൊതുവികാരമാണ്. സംസ്ഥാനത്തെ മലയോര മേഖലയിലെ കർഷക സമൂഹത്തിന്റെ താല്പര്യസംരക്ഷണത്തിനുവേണ്ട മാറ്റങ്ങൾ വരുത്തി ജനങ്ങളുടെ ആവശ്യം സാധിക്കുന്ന വിധത്തിലുള്ള പ്രൊപ്പോസലുകളുമായിട്ടാണ് ഇനി കോടതിയെ സമീപിക്കാൻ പോകുന്നത്. ദയവായി ഇനിയെങ്കിലും സഹകരണാത്മകമായ നിലപാട് സ്വീകരിക്കണമെന്ന് ഞാൻ പ്രതിപക്ഷത്തോട് അപേക്ഷിക്കുകയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, നിലവിൽ കോഴിഫാം നടത്താൻ പോലും അനുമതി ലഭിക്കാത്ത സാഹചര്യമാണുള്ളത്. കോഴിവളർത്തൽ കൃഷിയായി അംഗീകരിച്ച് വനമേഖലയിലെ കർഷകർക്ക് കോഴിഫാം നടത്തുന്നതിന് അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതിന് പ്രത്യേക ചോദ്യം വേണ്ടതാണ്.

കോഴിവളർത്തലിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് എനിക്കറിയില്ല. അത് പരിശോധിച്ച് അങ്ങനെയെന്തെങ്കിലുമുണ്ടെങ്കിൽ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, 2016-ൽ ന്യൂഡൽഹിയിൽ നടന്ന വനം പരിസ്ഥിതി സംബന്ധിച്ച വിദഗ്ദ്ധ സമിതി യോഗം ആവശ്യപ്പെട്ട വിശദാംശങ്ങൾ 2018 വരെ കഴിഞ്ഞ സർക്കാർ നൽകാത്തതിനെത്തുടർന്ന് കരട് വിജ്ഞാപനം കാലഹരണപ്പെട്ടതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അതിന് ഞാൻ മറുപടി പറഞ്ഞതാണ്, 2017-ൽ സമർപ്പിച്ച റിപ്പോർട്ടിൽ ആവശ്യപ്പെട്ട രേഖകൾ മുഴുവനുമില്ലാത്തതുകൊണ്ട് പുതിയത് നൽകണമെന്ന് പറഞ്ഞതുകൊണ്ടാണ് കാലതാമസമെടുത്തത്. മന:പൂർവ്വം കാലതാമസം വരുത്തിയതല്ല.

ശ്രീ. ലിന്റോ ജോസഫ്: സർ, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ 2013-ൽ നിയമസഭ ഹരിത എം.എൽ.എ.-മാരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ശ്രീ. ടി.എൻ. പ്രതാപനും ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശനും ഉൾപ്പെട്ട ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ ഉള്ളടക്കം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ആ കമ്മിറ്റി ഒരിക്കലും ബഫർസോൺ ആവശ്യമില്ലെന്ന നിലപാടെടുത്തിട്ടില്ല. ബഫർസോൺ വേണമെന്ന തീരുമാനമാണെടുത്തിട്ടുള്ളത്. ആ ചർച്ചയുടെകൂടി ഭാഗമായിട്ടാണ് പൂജ്യം മുതൽ പന്ത്രണ്ടുവരെ എന്ന നിഗമനത്തിലേക്ക് സർക്കാർ എത്തിയതെന്നാണ് എനിക്ക് തോന്നുന്നത്. ഫയൽ പൂർണ്ണമായും നോക്കിയാലേ കൃത്യമായി പറയാൻ കഴിയൂ.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ബഫർസോണുമായി ബന്ധപ്പെട്ട് ഗവൺമെന്റ് പ്രമേയം പാസ്സാക്കിയത് സ്വാഗതാർഹമാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, കർഷക സമൂഹത്തിന്റെ ആശങ്കകൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് മാത്രമേ പ്രൊപ്പോസൽ സമർപ്പിക്കുകയുള്ളൂവെന്ന്. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്, ബത്തേരി മുനിസിപ്പാലിറ്റി, നെൻമേനി, പൂതാടി, പുൽപ്പള്ളി, മുള്ളൻകൊല്ലി എന്നീ 6 പഞ്ചായത്തുകളിലെ കർഷക സമൂഹമാണ് ആശങ്കയിലായിരിക്കുന്നത്. ഞങ്ങൾ നേരത്തെതന്നെ ഇതുസംബന്ധിച്ച് ബഹുമാന്യരായ മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും കത്ത് നൽകിയിട്ടുണ്ട്. അവരുടെ ആശങ്ക പരിഹരിക്കുന്നതിനുവേണ്ടി സർവ്വേയ്ക്കുമുമ്പായി ഓരോ പഞ്ചായത്തിന്റെയും ഭൂപ്രകൃതി അനുസരിച്ച് സീറോയിൽത്തന്നെ അതിർത്തി

നിർണ്ണയിക്കുന്നതിനുവേണ്ടി അവിടത്തെ പഞ്ചായത്ത് പ്രസിഡന്റുമാർ ഉൾപ്പെടുന്ന ജനപ്രതിനിധികളുടെയും എം.എൽ.എ.-മാരുടെയുമൊക്കെ യോഗം വിളിച്ച് വ്യക്തമായ റിപ്പോർട്ട് സ്വരൂപിക്കുന്നതിനുവേണ്ട തീരുമാനം കൈക്കൊള്ളുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇനിയൊരു പുന:പരിശോധന നടത്തി നിലവിലുള്ള റിപ്പോർട്ടിൽ മാറ്റം വരുത്താനുള്ള കാലതാമസം ഒഴിവാക്കേണ്ടതുണ്ട്. ഇപ്പോൾ ജനവാസമേഖലകളെയാകെ ഒഴിവാക്കുകയെന്നൊരു ഫ്രെയിമിൽ നമ്മളെത്തിയാൽ മറ്റുതരത്തിലുള്ള ചർച്ചകളോ പരിശോധനകളോ നടത്തേണ്ടതിന്റെ ആവശ്യമില്ല. ജനവാസമുള്ള ഒരു സ്ഥലവും ഇതിന്റെ പരിധിയിൽ വരികയില്ല.

### എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ

2(*362) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) പ്രൊഫഷണൽ നാടകരംഗം, മിമിക്രി, ഗാനമേള, നാടൻ കലാരൂപങ്ങൾ തുടങ്ങിയ മേഖലകളിലെ ആർട്ടിസ്റ്റുകൾക്കും പ്രവർത്തകർക്കും വേദികൾ ലഭ്യമാക്കാനുള്ള അവസരം പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങൾ മുഖേന നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) വിദേശ രാജ്യങ്ങളിൽ നിന്നുള്ള വിനോദ സഞ്ചാരികളെയടക്കം ആകർഷിക്കാൻ പര്യാപ്തമായ നിലയിൽ അതത് ജില്ലകളുടെ സാംസ്കാരിക സവിശേഷതകൾക്കനുസൃതമായ കലാരൂപങ്ങൾക്ക് ഇത്തരം സാംസ്കാരിക നിലയങ്ങളിൽ സ്ഥിരംവേദി ഒരുക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ

എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നവോത്ഥാന നായകരുടെ നാമധേയത്തിൽ ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

നാടിന്റെ കലാ-സാംസ്കാരിക രംഗം ചലനാത്മകമാക്കാനുതകുന്ന ഈ പദ്ധതി രാജ്യത്ത് ഇദംപ്രഥമമാണ്. നൃത്ത-സംഗീത-നാടകങ്ങൾ, നാടോടി അനുഷ്ഠാന കലാരൂപങ്ങൾ, ചിത്രശില്പ രചനകൾ തുടങ്ങി എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്കും ഒരു സജീവ പ്രയോഗ കേന്ദ്രമായി ഈ സമുച്ചയങ്ങൾ മാറുന്നതാണ്. മാനുഷികത, സാഹോദര്യം, ജനാധിപത്യം തുടങ്ങിയവയിൽ അധിഷ്ഠിതമായ കേരളത്തിന്റെ തനത് സാംസ്കാരിക മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിനുവേണ്ടിയുള്ളതാണ് സാംസ്കാരിക സമുച്ചയങ്ങൾ. ഓരോ സമുച്ചയത്തിലും നൃത്ത-സംഗീത-നാടക ശാലകൾ, ആഡിറ്റോറിയങ്ങൾ, ചലച്ചിത്ര പ്രദർശന ഹാളുകൾ, ഗ്രന്ഥശാലകൾ, ശില്പികൾക്കും കരകൗശല വിദഗ്ദ്ധർക്കുമുള്ള പണിപ്പുരകൾ, കലാസൃഷ്ടി പ്രദർശന ശാലകൾ, ഹ്രസ്വകാല താമസ സൗകര്യങ്ങൾ, ഓപ്പൺ എയർ ഓഡിറ്റോറിയം, ശില്പോദ്യാനം തുടങ്ങിയവയാണ് സജ്ജീകരിക്കുന്നത്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി)

ധനസഹായത്തോടെ ഓരോ ജില്ലയിലും 3 മുതൽ 5 വരെ ഏക്കർ ഭൂമി കണ്ടെത്തി 50 കോടി രൂപ വീതം ചെലവഴിച്ച് ആകെ 700 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.+

(ബി) ഓരോ സമുച്ചയത്തിലും നൃത്ത-സംഗീത-നാടക ശാലകൾ, ആഡിറ്റോറിയങ്ങൾ, ഹ്രസ്വകാല താമസ സൗകര്യങ്ങൾ, തുടങ്ങിയവ സജ്ജീകരിക്കുന്നുണ്ട്. നൃത്ത-സംഗീത-നാടകങ്ങൾ, നാടോടി അനുഷ്ഠാന കലാരൂപങ്ങൾ, പ്രാദേശിക കലാരൂപങ്ങൾ, ചിത്രശില്പ രചനകൾ, ഗാനമേള, മിമിക്രിയുൾപ്പെടെയുള്ള കലാവതരണങ്ങൾ തുടങ്ങിയ എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്കും ഒരു സജീവ പ്രയോഗ കേന്ദ്രമായി ഈ സമുച്ചയങ്ങൾ മാറുന്നതാണ്.

(സി) സാംസ്കാരിക സമുച്ചയങ്ങൾ പ്രവർത്തനക്ഷമമാകുമ്പോൾ വിദേശ രാജ്യങ്ങളിൽനിന്നുള്ള വിനോദസഞ്ചാരികളെയടക്കം ആകർഷിക്കാൻ പര്യാപ്തമായ നിലയിൽ കേരളത്തിന്റെ സാംസ്കാരികത്തനിമ വിളിച്ചോതുന്ന കലാരൂപങ്ങൾക്കും അതത് ജില്ലകളിലെ സവിശേഷ കലാരൂപങ്ങൾക്കും വേദിയൊരുക്കാൻ ഇതിലൂടെ കഴിയും.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, കലാകാരൻ/കലാകാരികളുമായി

+വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

ബന്ധപ്പെട്ട് സാംസ്കാരിക വകുപ്പുമന്ത്രിയോട് പ്രധാനപ്പെട്ടൊരു ചോദ്യം ചോദിക്കുകയാണ്. ഈയടുത്ത ദിവസം കേരളത്തിലെ ഒരു പ്രധാനപ്പെട്ട ചാനലിലെ 32 വയസ്സ് മാത്രമുള്ള സമർത്ഥനായ ഒരു ക്യാമറാമാൻ ആത്മഹത്യ ചെയ്യുകയുണ്ടായി. ഓൺലൈൻ റമ്മി കളിയിൽ അടിപ്പെട്ട് സാമ്പത്തികനഷ്ടം സംഭവിച്ചതാണ് ആത്മഹത്യയ്ക്ക് കാരണമെന്നാണ് അന്വേഷണത്തിൽനിന്നും മനസ്സിലാകുന്നത്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നതാണ്. ഇതിൽ ഏറെ ലജ്ജ തോന്നുന്ന ഒരു കാര്യം, ഇത്തരം സാമൂഹ്യവിരുദ്ധ-സാമൂഹ്യദ്രോഹ പരസ്യങ്ങളിൽ നമ്മുടെ ആദരണീയരായ കലാകാരന്മാർ/കലാകാരികൾ പങ്കെടുക്കുന്നുവെന്നതാണ്. ശ്രീ. ഷാരൂഖ് ഖാൻ ഇന്ത്യയിലെ വലിയ നടനാണ്; പണമില്ലാത്ത ആളല്ല. വിരാട് കോഹ്‌ലി നല്ലൊരു സ്പോർട്സ് താരമാണ്, എല്ലാവരും ബഹുമാനിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന വ്യക്തിയാണ്, അഞ്ച് പൈസയ്ക്ക് ഗതിയില്ലാത്ത പിച്ചക്കാരനല്ല. അപ്പോൾ അവരൊന്നും പണമില്ലാത്തതുകൊണ്ട് പരസ്യം ചെയ്യുന്നതല്ല. നമ്മുടെയെല്ലാം പ്രിയങ്കരനായ ഗാനഗന്ധർവൻ ഡോ. കെ. ജെ. യേശുദാസിന്റെ മകൻ വിജയ് യേശുദാസ്, ഗായിക റിമി ടോമി തുടങ്ങിയവരെയും ഇത്തരം പരസ്യങ്ങളിൽ സ്ഥിരമായി കാണാറുണ്ട്.

ഇത്തരം നാണംകെട്ട, ജനദ്രോഹ-രാജ്യദ്രോഹ പരസ്യങ്ങളിൽനിന്നും സാംസ്കരിക പ്രമാണിമാർ എന്നുപറയുന്ന ഈ മാന്യന്മാരോട് പിന്മാറണമെന്ന് സർക്കാരും സാംസ്കാരിക വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങും ഈ സഭയുടെ പേരിൽ അഭ്യർത്ഥിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ആദ്യം സാംസ്കാരിക വിപ്ലവമുണ്ടാകേണ്ടത് അവരുടെയെല്ലാം മനസ്സുകളിലാണ്. എന്നാൽ മാത്രമേ ഇത്തരം കാര്യങ്ങളിൽ മാറ്റമുണ്ടാകൂ. ഇതൊന്നും നിയമംമൂലം നിരോധിക്കാൻ സാധിക്കുന്നതല്ല. എന്നാലും നമുക്കെല്ലാം ചേർന്ന് അവരോട് അഭ്യർത്ഥിക്കാം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങ് ഇക്കാര്യം 'അമ്മ' സംഘടനയിൽ ഉന്നയിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഉന്നയിക്കും. അതുംകൂടി ചേർത്താണ് ഇവിടെ പറഞ്ഞത്. ഈ വിഷയം സംബന്ധിച്ച് അങ്ങ് ഒരു കത്തയയ്ക്കണം. സാംസ്കാരിക സമുച്ചയങ്ങൾ സംബന്ധിച്ച് അങ്ങ് വളരെ നല്ല മറുപടിയാണ് പറഞ്ഞത്. ഓരോ ജില്ലയിലും ഓരോ സാംസ്കാരിക കേന്ദ്രമുണ്ടാക്കുന്നതിനായി കിഫ്ബിയിൽനിന്നും പണം മാറ്റിവയ്ക്കുകയും

കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിവരികയുമാണെന്ന് അങ്ങ് പറഞ്ഞു. ഒരു സാംസ്കാരിക സമുച്ചയത്തിനാവശ്യമായ എല്ലാ ആശയങ്ങളും ഉൾക്കൊണ്ടുകൊണ്ടാണ് ഇത്തരം കേന്ദ്രങ്ങളുടെ നിർമ്മിതി രൂപകല്പന ചെയ്തിരിക്കുന്നത്. അമേരിക്കയിൽ പോയാൽ വിനോദസഞ്ചാരികളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്നത് അവിടത്തെ ബ്രോഡ്‌വേ ഷോകളാണ്. അതൊരു സ്ഥിരം നാടകവേദിയാണ്. നമ്മൾ കൊണ്ടുവരാൻ ഉദ്ദേശിച്ചതുപോലെയുള്ള സാംസ്കാരിക സമുച്ചയങ്ങൾക്കുള്ളിൽ സ്ഥിരം നാടകവേദി ഉണ്ടാക്കിയിരിക്കുകയാണ്. വിമാനവും കാറുമെല്ലാം ബ്രോഡ്‌വേ ഷോയുടെ വേദികളിലുണ്ടാകാറുണ്ട്. നൃത്തവും സംഗീതവും ചരിത്രപരവും മനോഹരവുമായ നാടകങ്ങളുമുൾപ്പെടെ അവിടെ അവതരിപ്പിക്കുന്നത് വളരെ അത്ഭുതത്തോടെയാണ് കാഴ്ചക്കാർ വീക്ഷിക്കുന്നത്. 65 വർഷങ്ങൾക്കുമുമ്പ് കേരളത്തിൽ പ്രത്യേകിച്ച് തിരുവനന്തപുരത്ത് കലാമണ്ഡലം കൃഷ്ണൻനായർ എന്ന കലാകാരൻ ഇത്തരത്തിലുള്ള സ്ഥിരം നാടകവേദി സംഘടിപ്പിച്ചിരുന്നു. അതുപോലെ ഇവിടെയും കാറും കാളവണ്ടിയുമെല്ലാം വേദിയിൽ കൊണ്ടുവന്ന് 'രക്തരക്ഷസ് ' പോലെയുള്ള നാടകങ്ങൾ അവതരിപ്പിച്ച മലയാളി ഇന്ന് എവിടെയാണ്? ഒരുകൂട്ടം നാടക-നൃത്ത-സംഗീത കലാകാരന്മാർ കോവിഡ്

മഹാമാരി കാലത്തും അതിനുശേഷവും പട്ടിണിയിലായിരുന്നു. ഓണമുൾപ്പെടെയുള്ള ഉത്സവകാലങ്ങളിൽ സാധാരണയായി കലാകാരന്മാർക്ക് തൊഴിലുണ്ടാകാറുണ്ടെങ്കിലും വർഷത്തിൽ എട്ടോ പത്തോ മാസത്തോളം ജോലിയില്ലാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് നമ്മൾ നിർമ്മിക്കുന്ന ഇത്തരം കലാ-സാംസ്കാരിക സമുച്ചയങ്ങളിൽ ടൂറിസം വകുപ്പുമായിച്ചേർന്ന് സ്ഥിരം കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് സൗകര്യമൊരുക്കുമോ? കൊല്ലം ജില്ല പ്രൊഫഷണൽ നാടകങ്ങളുടെ മണ്ണാണ്. അവിടത്തെ സാംസ്കാരിക സമുച്ചയത്തിൽ പ്രൊഫഷണൽ നാടകവും തൃശ്ശൂരിൽ കഥകളിയും കാണാനുള്ള സൗകര്യമുണ്ടാകണം. അത്തരത്തിൽ ടൂറിസം/സാംസ്കാരിക വകുപ്പുകൾ ഒത്തുചേർന്ന് ഒരു ടൈംടേബിൾ നിശ്ചയിച്ച് കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുള്ള സൗകര്യമൊരുക്കി വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള നടപടി സ്വീകരിച്ചാൽ കലാകാരന്മാർക്കും കലാകാരികൾക്കും വരുമാനം ലഭ്യമാകുന്നതോടൊപ്പം വിസ്മൃതിയിലായ യക്ഷഗാനം, വില്ലടിച്ചാൻ പാട്ട് തുടങ്ങിയ കലാരൂപങ്ങളെ പുനഃസൃഷ്ടിക്കാനും സാധിക്കും. ഇത്തരം ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് പറഞ്ഞ ക്രിയാത്മക

നിർദ്ദേശം പരിഗണിക്കാവുന്നതാണ്. അതോടൊപ്പംതന്നെ അത്തരം പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചുകഴിഞ്ഞുവെന്നും വിനയപൂർവ്വം അറിയിക്കുകയാണ്. സംഗീത-നാടക അക്കാദമി 2023 ജനുവരിയിൽ തൃശ്ശൂരിൽ ഒരു അന്തർദ്ദേശീയ നാടകോത്സവം സംഘടിപ്പിക്കുന്നുണ്ട്; അതിന്റെ സംഘാടകസമിതി രണ്ടുദിവസം മുമ്പ് രൂപീകരിച്ചിട്ടുണ്ട്. സ്വദേശത്തും വിദേശത്തുമുള്ള നിരവധി നാടകങ്ങൾ അവിടെ അരങ്ങേറും. അതുപോലെ ഇന്നലെ വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നാടകോത്സവം ആരംഭിച്ചുകഴിഞ്ഞു. അങ്ങനെ നമ്മുടെ സംസ്ഥാനത്തെ വിവിധ സാംസ്കാരിക കേന്ദ്രങ്ങളിൽ നാടകോത്സവങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. സ്ഥിരം നാടകവേദിയെന്ന അങ്ങയുടെ നിർദ്ദേശം പരിഗണിക്കുന്നതാണ്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, വ്യത്യസ്തമായ കലാ-സാംസ്കാരിക ചരിത്രമുള്ള നാടാണ് നമ്മുടേത്. കഥാപ്രസംഗത്തിലൂടെ കേരളത്തിൽ നിലനിന്നിരുന്ന അയിത്തവും അനാചാരവും ദുരാചാരവും അടിമത്വവും ഇല്ലാതാക്കുന്നതിൽ വലിയ സംഭാവന ചെയ്ത വ്യക്തിയാണ് കാഥികൻ പ്രൊഫ. വി. സാംബശിവൻ. അതുപോലെതന്നെ സാമൂഹ്യപ്രതിബദ്ധതയുള്ള നാടകങ്ങൾ അവതരിപ്പിച്ചുകൊണ്ട് കെ.പി.എ.സി. നാടകവേദി നൽകിയ സംഭാവനകളും

ഒരിക്കലും മറക്കാൻ കഴിയില്ല. ഓണാട്ടുകരയുടെയും വേണാടിന്റെയുമൊക്ക ചരിത്രമുറങ്ങുന്ന ശാസ്താംകോട്ട കേന്ദ്രമാക്കി കലാകാരന്മാർക്കായി ഒരു സ്ഥിരം സാംസ്കാരികവേദി ഒരുക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കെ.പി.എ.സി. മാത്രമല്ല, നിരവധി നാടക ട്രൂപ്പുകൾ സാമൂഹ്യമാറ്റത്തിനുതകുന്ന നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. കഥാപ്രസംഗത്തിന്റെ കാര്യവും അതുപോലെതന്നെയാണ്. കാഥികൻ പ്രൊഫ. വി. സാംബശിവന്റെ അയിഷ, അനീസ്യ, നെല്ലിന്റെ ഗീതം, വിലയ്ക്കുവാങ്ങാം, ഇരുപതാം നൂറ്റാണ്ട്, റോമിയോ & ജൂലിയറ്റ് തുടങ്ങി ധാരാളം കഥാപ്രസംഗങ്ങളുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് കഥ പറയാൻ തുടങ്ങുകയാണോ?

ശ്രീ. വി. എൻ. വാസവൻ: സർ, അദ്ദേഹം പറഞ്ഞതുകൊണ്ട് ഞാനും അതിനെക്കുറിച്ച് പറഞ്ഞതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം അംഗീകരിക്കുകയാണ്, അതിൽ തർക്കമൊന്നുമില്ല. ശാസ്താംകോട്ടയിൽ സാംസ്കാരികവേദി ഒരുക്കുന്ന കാര്യം ഭാവിയിൽ പരിഗണിക്കുന്നതാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, കലാ-സാംസ്കാരിക നിലയങ്ങൾ

ടൂറിസം വികസനത്തിന്റെ അഭിവാജ്യ ഘടകമാണ്. ലോകത്ത് കാണേണ്ട 50 സ്ഥലങ്ങളെക്കുറിച്ച് ടൈം മാഗസിൻ പ്രസിദ്ധീകരിച്ച ഒരു കുറിപ്പിൽ ഏറ്റവും പ്രധാനപ്പെട്ടത് കേരളവും അതിൽത്തന്നെ എന്റെ ജന്മസ്ഥലമായ കുട്ടനാടുമാണ്. യശഃശരീരനായ തകഴി ശിവശങ്കരപ്പിള്ള, കാവാലം നാരായണപ്പണിക്കർ, നെടുമുടി വേണു, പി.എൻ. പണിക്കർ, കൈനകരി തങ്കരാജ് തുടങ്ങിയ പ്രമുഖരായ കലാ-സാംസ്കാരിക നായകർ ജനിച്ചുവളർന്ന സ്ഥലമാണ് കുട്ടനാട്. അതുകൊണ്ട് ടൂറിസത്തിന്റെ വികസനംകൂടി സാദ്ധ്യമായ കലാ-സാംസ്കാരിക നിലയങ്ങൾ കുട്ടനാട്ടിൽ കൂടുതലായി കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, നെടുമുടി വേണു, കാവാലം നാരായണപണിക്കർ തുടങ്ങിയ പ്രമുഖ വ്യക്തിത്വങ്ങളെപ്പറ്റി അങ്ങ് പരാമർശിച്ചത് വളരെ ശരിയാണ്. ഇവരെല്ലാം കലാ-സാംസ്കാരിക കേരളത്തിന് വിലപ്പെട്ട സംഭാവന നൽകിയ അതുല്യപ്രതിഭകളായിരുന്നു. നിശ്ചയമായും അങ്ങ് സൂചിപ്പിച്ച കാര്യം ഭാവിയിൽ പരിഗണിക്കാം.

ശ്രീ. മാത്യു ടി. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, മതത്തിന്റെയും ജാതിയുടെയും

അധികാരത്തിന്റെയും പേരിൽ സാംസ്കാരിക ഭൂപടംതന്നെ മാറ്റിമറിക്കപ്പെട്ടപ്പോൾ സമൂഹത്തിലെ ജീർണ്ണതയ്ക്കും തിന്മകൾക്കുമെതിരായ സന്ദേശം ജനങ്ങളിലെത്തിച്ചവരാണ് നാടക കലാകാരന്മാർ. ഒരുകാലത്ത് നാടകമെന്ന് പറയുമ്പോൾ നമുക്കെല്ലാം ആവേശമായിരുന്നു. പക്ഷേ ഇന്ന് നാടക കലാകാരന്മാരെല്ലാം വളരെയധികം അവശത നേരിടുകയാണ്. നാടക അവതരണമില്ലാത്തതിനാൽ അവർക്ക് വരുമാനമില്ലാതായിരിക്കുകയാണ്. അതുകൊണ്ട് നാടക കലാകാരന്മാർക്ക് പെൻഷനും മറ്റ് സാമ്പത്തിക സഹായങ്ങളും നൽകുന്നതിന് സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അവർക്കായി ഒരു പെൻഷൻ സ്കീം നിലവിലുണ്ട്. ഭാവിയിൽ അത് പരിഷ്കരിച്ച് എല്ലാവർക്കും ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, സാംസ്കാരിക മേഖലയുടെ ഉയർച്ചയ്ക്കുവേണ്ടി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരുകൾ വലിയ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. നിരവധി സാംസ്കാരിക സ്ഥാപനങ്ങൾക്ക് ആവർത്തന ഗ്രാന്റും നൽകുന്നുണ്ട്. കണ്ണൂർ ജില്ലയിൽ തലശ്ശേരിയിലെ ചൊക്ലിയിൽ സ്ഥാപിച്ചിട്ടുള്ള തെയ്യം കലാ

അക്കാദമിയിൽ വിദേശികളുൾപ്പെടെ നിരവധിയാളുകൾ തെയ്യം ആസ്വദിക്കാനായി എത്താറുണ്ട്. ആ അക്കാദമിയുടെ പുരോഗതിക്കുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച് കൈക്കൊണ്ട നടപടികളുടെ വിശദാംശം കത്ത് മുഖേന അങ്ങയെ പിന്നീട് അറിയിക്കുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സാംസ്കാരിക വകുപ്പ് കഴിഞ്ഞ പ്രാവശ്യം ഗ്രാമപ്രദേശങ്ങളിലും ചെറുപട്ടണങ്ങളിലും നാട്ടരങ്ങ് പദ്ധതി നന്നായി നടപ്പിലാക്കിയിരുന്നു. അതുപോലെ തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ഒഴിവ് ദിനങ്ങളിൽ ഒത്തുചേരുന്നതിനും അവരുടെ സാംസ്കാരിക തനിമ നിലനിർത്തുന്ന കലാപരിപാടികൾ നടത്തുന്നതിനും ആസ്വദിക്കുന്നതിനും സാംസ്കാരിക വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾത്തന്നെ നാട്ടരങ്ങ് എന്ന പരിപാടി ഫലപ്രദമായി നടക്കുന്നുണ്ട്. പ്രത്യേകിച്ച് കോവിഡ് കാലഘട്ടത്തിൽ സാംസ്കാരിക വകുപ്പ് വിവിധ മേഖലകളിൽ നാട്ടരങ്ങ് സംഘടിപ്പിക്കുകയുണ്ടായി. അതിലൂടെ നാടൻകലകളും നാടോടികലകളും മറ്റ്

ശാസ്ത്രീയകലകളുമുൾപ്പെടെ അവതരിപ്പിക്കാൻ അവസരമുണ്ടായതോടൊപ്പം അതിന് ശ്രോതാക്കളുമുണ്ടായി. ഇത് പരിപോഷിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, കേരള നവോത്ഥാന പ്രസ്ഥാനത്തിന്റെ ഭാഗമായി കലാരംഗത്ത് ഏറെ സ്വാധീനം ചെലുത്തിയ പ്രസ്ഥാനമാണ് കെ.പി.എ.സി. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകം 1957-ലെ ഗവൺമെന്റിനെ ഭരണത്തിലെത്തിക്കാൻ സഹായിച്ച ഘടകമാണ്. അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കുമെതിരെ ഒട്ടേറെ നാടകങ്ങളാണ് അക്കാലത്ത് രംഗത്ത് വന്നത്. അശ്വമേധം, ഭഗവാൻ കാലുമാറുന്നു എന്നിവയുൾപ്പടെ നൂറുകണക്കിന് നാടകങ്ങൾ കെ.പി.എ.സി.-യുടേതായി വന്നിട്ടുണ്ട്. അത്തരം സാംസ്കാരിക പ്രസ്ഥാനങ്ങളെ സഹായിക്കാൻ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കെ.പി.എ.സി.-യുടെ ജീവാത്മാവും പരമാത്മാവുമായിരുന്ന തോപ്പിൽ ഭാസിയുടെ നാമധേയത്തിൽ ഒരു സ്ഥിരം നാടകവേദി കായംകുളത്ത് ആരംഭിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറായിക്കഴിഞ്ഞിരിക്കുന്നുവെന്ന കാര്യം അങ്ങയെ അറിയിക്കുകയാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, ആഖ്യാനത്തിന്റെ സൗന്ദര്യത്താൽ

ലോകത്തെ വിസ്മയിപ്പിച്ച കൈരളിയുടെ തനത് കലാരൂപമാണ് കഥകളി. കഥകളിയോടുള്ള അഗാധമായ അഭിനിവേശംകൊണ്ട് കാലങ്ങളായി കഥകളി ഉത്സവങ്ങളും കഥകളി പരിശീലനവും നടത്തുന്ന എന്റെ നിയോജകമണ്ഡലത്തിലെ അയിരൂർ കഥകളി ഗ്രാമം എന്നാണ് വിശേഷിക്കപ്പെടുന്നത്. അവിടെ തെക്കൻ കലാമണ്ഡല മാതൃകയിൽ എല്ലാ കലകളെയും സമന്വയിപ്പിക്കുന്ന ഒരു സ്ഥിരം വേദിക്കുള്ള പദ്ധതി സമർപ്പിക്കുകയുണ്ടായി. കൾച്ചറൽ ടൂറിസത്തിനുൾപ്പെടെ സാധ്യതയുള്ള ഈ പദ്ധതി ടൂറിസം വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, മതനിരപേക്ഷ കേരളത്തെ വെല്ലുവിളിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ വടക്കേയറ്റമായ മഞ്ചേശ്വരം താലൂക്കിന്റെ പൈവളികെ പഞ്ചായത്തിൽ ബായാർ വില്ലേജിലെ ബിരപ്പുളർ ബറോഡയിൽ ആർ.എസ്.എസ്.-ന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നൊരു വീരകേസരി ക്ലബ്ബുണ്ട്. സാംസ്കാരിക ഭാഷ നടപ്പിലാക്കാനുള്ള ശക്തമായ ശ്രമമാണ് ആ ക്ലബ്ബ് നടത്തിവരുന്നത്. അവർ സംഘടിപ്പിച്ച

കായികോത്സവത്തോടനുബന്ധിച്ച് 'ഹിന്ദുക്കൾക്ക് പ്രത്യേകം സ്വാഗതം' എന്നെഴുതിയ കന്നട നോട്ടീസിറക്കിയിരിക്കുകയാണ്. ഇതിനുമുമ്പ് അവരുടെ കളിസ്ഥലത്ത് 'ഹിന്ദുക്കൾക്ക് മാത്രം' എന്ന ബോർഡ് സ്ഥാപിക്കുകയുണ്ടായി. വ്യത്യസ്ത മതവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്നൊരു പ്രദേശമാണത്. തീവ്രഹിന്ദുത്വ നിലപാട് പ്രതിഫലിപ്പിക്കുന്ന ഇത്തരം നീക്കങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിശ്ചയമായും. മതനിരപേക്ഷ ഭാരതത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന ഏറ്റവും വലിയ വിഭാഗീയ-വിധ്വംസക പ്രവർത്തനത്തിന്റെ ഭാഗമായാണ് ഏതെങ്കിലുമൊരു മതവിഭാഗത്തിന്റെ പേരിൽമാത്രം കായിക-സാംസ്കാരിക ഉത്സവം സംഘടിപ്പിക്കുന്നത്. അത് കേരളീയ സംസ്കാരത്തിനോ ഭരണഘടനയ്ക്കോ യോജിച്ചതല്ല. അതിനെതിരായി ശക്തമായ നിലപാട് സർക്കാർ സ്വീകരിക്കും.

ശ്രീമതി ദെലീമ: സർ, സംസ്ഥാനത്തുടനീളം ഭിന്നശേഷിക്കാരായ ധാരാളം കലാകാരന്മാരുണ്ട്. അവർക്ക് കൂടുതൽ വേദികൾ കിട്ടുന്നില്ലെന്നത് വസ്തുതയാണ്. അതുകൊണ്ട് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും മുൻപന്തിയിൽകൊണ്ടുവരുന്നതിനുമായി അവർക്കുവേണ്ടി വേദികൾ ഒരുക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിശ്ചയമായും ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന കൊടുത്ത സർക്കാരാണിത്. അവരുടെ നാനാതരത്തിലുള്ള വിഷയങ്ങളിൽ സാമൂഹ്യവും സാംസ്കാരികവുമായ ഉയർച്ചയ്ക്കുവേണ്ടി ബഡ്ജറ്റിൽത്തന്നെ തുക നീക്കിവച്ച് അത്തരം കാര്യങ്ങളിലിടപ്പെട്ടിട്ടുണ്ട്. കലാ-സാംസ്കാരിക രംഗത്തെ പ്രവർത്തനത്തെയും പരിപോഷിപ്പിക്കുന്നതാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഭാഷകളുടെയും കലകളുടെയും സംസ്കാരങ്ങളുടെയും വിളനിലമാണ് മഞ്ചേശ്വരം. കന്നഡയിലെ പ്രഥമ രാഷ്ട്രകവി ഗോവിന്ദ പൈ 23 ഭാഷകളിൽ നാടകവും കവിതയും രചിച്ച് സാഹിത്യ ലോകത്ത് ഒരു നക്ഷത്രമായി ജ്വലിച്ച് നിന്നൊരു വ്യക്തിത്വമാണ്. മഞ്ചേശ്വരത്ത് ജനിച്ച അദ്ദേഹത്തിന്റെ പേരിൽ ഡോ. എം. വീരപ്പ മൊയ്‌ലി സി.എസ്.ആർ. ഫണ്ടിലൂടെ 'ഗിളിവിണ്ടു ' എന്ന അഞ്ച് കോടി രൂപയുടെ പദ്ധതി കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും കർണ്ണാടകയുടെ അന്നത്തെ മുഖ്യമന്ത്രി ശ്രീ. സിദ്ധരാമയ്യയും സംയുക്തമായാണ് എന്റെ നാടിനുവേണ്ടി സമർപ്പിച്ചത്. മികച്ച കലാരൂപമായ യക്ഷഗാനവും മ്യൂസിയവുമടക്കം കേരളത്തിന് വരുമാനം കിട്ടുന്ന ഒരു ടൂറിസം പദ്ധതിയാണിത്. ഫണ്ടിന്റെ കുറവുമൂലം അത്

നാശത്തിന്റെ വക്കിലെത്തിയിരിക്കുകയാണ്. ഒരു മീറ്റിംഗ് വിളിച്ച് അത് സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, നിശ്ചയമായും സമീപകാല ഭാവിയിൽ അതുസംബന്ധിച്ച് മീറ്റിംഗ് വിളിച്ച് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കാം.

<u>ശ്രീ. എച്ച്. സലാം:</u> സർ, കേരളത്തിന്റെ ക്ലാസിക്കൽ രംഗകലകളും അനുഷ്ഠാന കലാരൂപങ്ങളും ഉൾച്ചേർത്തുകൊണ്ട് തനത് നാടകം സൃഷ്ടിക്കപ്പെട്ട കാവാലം നാരായണപണിക്കർക്കും മലയാള സിനിമ-നാടക രംഗത്ത് നിറസാന്നിദ്ധ്യമായിരുന്ന നെടുമുടി വേണുവിനും സ്മാരകം നിർമ്മിക്കാൻ നാളിതുവരെയും കഴിഞ്ഞിട്ടില്ല. കലാ-സാംസ്കാരിക മേഖലയ്ക്ക് അമൂല്യ സംഭാവനകൾ നൽകിയ ഇവരുടെ പേരിൽ സ്മാരകം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, നൈസർഗ്ഗികതയുടെ നാട്യാവതാരമായിരുന്ന നെടുമുടി വേണുവിനും കാവാലം നാരായണപണിക്കർക്കും സ്മാരകം നിർമ്മിക്കുമെന്ന് ഞാൻ നേരത്തെ ഒരു ചോദ്യത്തിന് മറുപടിയായി സൂചിപ്പിച്ചുകഴിഞ്ഞു. അത് ഭാവിയിൽ ആലോചിക്കുന്നതാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഇവിടെ ചോദ്യത്തിൽ സൂചിപ്പിച്ച സാംസ്കാരിക നിലയങ്ങളിലൊന്ന് കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ലളിതാംബിക അന്തർജ്ജനത്തിന്റെ നാമധേയത്തിലുള്ളതാണ്. അതിനുള്ള സ്ഥലം ഏറ്റെടുക്കാനുള്ള നടപടി ഏതാണ്ട് പൂർത്തീകരിച്ച് 91 നോട്ടിഫിക്കേഷന്റെ ഘട്ടംവരെ എത്തിയതാണ്. കിഫ്ബിയിൽനിന്ന് നേരത്തെ നാല് കോടി എൺപത് ലക്ഷം രൂപയാണ് ലാൻഡ് അക്വിസിഷനുവേണ്ടി നൽകിയത്. എന്നാൽ, ജില്ലാ കളക്ടറുടെ പുതിയ വാല്യുവേഷനനുസരിച്ച് ആറ് കോടി പത്ത് ലക്ഷം രൂപയോളം വേണ്ടിവരുന്നുണ്ട്. അഡീഷണലായി ഫണ്ട് കിട്ടാത്തതിനാൽ തൽക്കാലത്തേയ്ക്ക് അത് പെൻഡിംഗിൽ വച്ചിരിക്കുകയാണെന്നാണ് മനസ്സിലാക്കുന്നത്. ധനകാര്യ വകുപ്പും കിഫ്ബിയുമായി കൂടിയാലോചിച്ച് ഇതിന് ഉചിതമായ നടപടി സ്വീകരിക്കുമോ? മുൻമന്ത്രി ശ്രീ. സജിചെറിയാൻ വളരെ ഇനിഷ്യേറ്റീവ് എടുത്തൊരു പ്രോജക്ടാണത്. കോട്ടയം ജില്ലയുടെ മന്ത്രിയും കലാസ്നേഹിയുമെന്ന നിലയിൽ അങ്ങ് ആ പ്രോജക്ട് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, പ്രസ്തുത പദ്ധതി നടപ്പിലാക്കാനുള്ള

അധിക തുക ആവശ്യപ്പെട്ടുകൊണ്ട് കത്ത് കൊടുത്തിട്ടുണ്ട്. ബാക്കി കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണ്.

ശ്രീ. എം. നൗഷാദ്: സർ, ഭാവി കേരളത്തിന്റെ സാംസ്കാരിക കലാനായകന്മാരെ സൃഷ്ടിച്ചെടുക്കുന്ന, അതിനാവശ്യമായ പരിശീലനം നൽകുന്ന കൊല്ലം ജവഹർ ബാലഭവനിലെ അദ്ധ്യാപകർക്ക് ശമ്പളം കുടിശ്ശികയായിരിക്കുകയാണ്. ആ സ്ഥാപനത്തിൽ നിന്നുള്ള വരുമാനവും സർക്കാരിന്റെ ഗ്രാന്റും ഉപയോഗിച്ചാണ് അവർക്ക് ശമ്പളം നൽകിക്കൊണ്ടിരിക്കുന്നത്. കോവിഡിനുശേഷം അവരുടെ തനത് വരുമാനം വളരെയധികം കുറഞ്ഞുപോയിരിക്കുകയാണ്. അതുകൊണ്ട് അവരുടെ ശമ്പള കുടിശ്ശിക എത്രയുംവേഗം കൊടുത്ത് തീർക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കോവിഡ് മഹാമാരിയുടെ പ്രത്യാഘാതത്തിൽ ഏറ്റവും ദുരിതം അനുഭവിക്കേണ്ടിവന്നത് കലാകാരന്മാർക്കാണ്. അവരുടെ പുനരുദ്ധാരണത്തിനായി സർക്കാർ നടപടി ആരംഭിച്ചിട്ടുണ്ട്. അത് പ്രാവർത്തികമാക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം. ഇന്നലെ നിര്യാതനായ ശ്രദ്ധേയനായൊരു

കലാകാരന്റെ മൃതദേഹം ഏറ്റുവാങ്ങാൻപോലും ആളില്ലെന്ന വാർത്ത ഇന്ന് പത്രമാധ്യമങ്ങളിലൂടെ പുറത്തുവന്നിരിക്കുകയാണ്. അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇന്ദുലേഖയിൽ അഭിനയിച്ച രാജ് മോഹനാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കലാകാരൻ. അദ്ദേഹത്തിന്റെ മൃതദേഹം ഏറ്റുവാങ്ങാൻ ചലചിത്ര അക്കാദമിക്ക് ഇന്നലെതന്നെ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തുന്ന പ്രധാനപ്പെട്ടൊരു മേഖലയാണ് സിനിമ. സമീപകാലത്ത് പുറത്തിറങ്ങുന്ന ന്യൂജനറേഷൻ സിനിമകളിൽ ലഹരി, ആക്രമണം, മോഷണം, പ്രണയം നിരസിച്ചാൽ കൊലപാതകം ഇതിനെല്ലാം വലിയ സ്വീകാര്യത ലഭിക്കുന്ന നിലയിലാണ് അവതരിപ്പിക്കുന്നത്. ആവിഷ്കാര സ്വാതന്ത്ര്യത്തെ തടയണമെന്നല്ല ഞാൻ പറയുന്നത്. നമ്മുടെ കൾച്ചറിനും സെക്യുലർ കാഴ്ചപ്പാടിനും വിരുദ്ധമായ കണ്ടന്റില്ലാത്ത ഒട്ടേറെ കാര്യങ്ങൾ വരികയാണ്. ഇതിനെതിരെ ഇടപെടാൻ സാംസ്കാരിക വകുപ്പിന് സാധിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, സിനിമയിലെ തെറ്റായ വശങ്ങളിൽ

സെൻസർ ബോർഡ് കഴിയുന്നിടത്തോളം ഇടപെടുന്നുണ്ട്. മറ്റുള്ള ആവിഷ്കാര സ്വാതന്ത്ര്യത്തെ ധിക്കരിക്കാനോ നിഷേധിക്കാനോ സർക്കാരിന് കഴിയില്ല. ഏത് സ്വീകരിക്കണം ഏത് സ്വീകരിക്കേണ്ടെന്ന് തീരുമാനിക്കാനുള്ള അവകാശം ശ്രോതാവിനുമുണ്ട്. ആ വിധത്തിൽക്കൂടി ഇക്കാര്യം കൈകാര്യം ചെയ്യാവുന്നതാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ**

3(*363) <u>ശ്രീ. മുഹമ്മദ് മുഹസിൻ:</u>
<u>ശ്രീ. വി. ശശി:</u>
<u>ശ്രീ. ജി. എസ്. ജയലാൽ:</u>
<u>ശ്രീ. പി. ബാലചന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) രണ്ടര ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കുടുംബങ്ങളിൽ നിന്നുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ കേന്ദ്ര സർക്കാർ സ്കോളർഷിപ്പിൽ നിന്നൊഴിവാക്കിയ സാഹചര്യത്തിൽ പ്രസ്തുത വിഭാഗക്കാരുടെ വിദ്യാഭ്യാസം തുടരുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) മെസ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നീ ഇനങ്ങളിൽ കേന്ദ്ര സർക്കാർ നൽകുന്ന തുക അപര്യാപ്തമായ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ മതിയായ തുക പ്രസ്തുത ആവശ്യത്തിലേക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ,

(എ - സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2021-22 വർഷം മുതൽ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ മാർഗ്ഗനിർദേശങ്ങളിൽ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തുകയുണ്ടായി. ഇതുപ്രകാരം പട്ടികജാതി വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ സ്കോളർഷിപ്പ് തുക നൽകാവൂവെന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തു. ട്യൂഷൻ ഫീസൊക്കെ സ്ഥാപനത്തിന് നേരിട്ട് നൽകുകയെന്ന സംസ്ഥാന സർക്കാർ വർഷങ്ങളായി തുടർന്നുവരുന്ന രീതി നിലനിർത്തുന്നതിനായി കേന്ദ്ര മാനദണ്ഡങ്ങളിൽ ഇളവുതേടി സംസ്ഥാന സർക്കാർ നിരവധി തവണ കേന്ദ്ര സർക്കാരിനെ സമീപിച്ചെങ്കിലും പുതുക്കിയ മാർഗ്ഗനിർദേശങ്ങളിൽ ഇളവുവരുത്താൻ കേന്ദ്രം തയ്യാറായില്ല. കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള ആനുകൂല്യവും ട്യൂഷൻ ഫീസുൾപ്പെടെയുള്ളവയും വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്കുതന്നെ നൽകണമെന്നും അല്ലാത്തപക്ഷം പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം നഷ്ടപ്പെടുമെന്നും വ്യവസ്ഥ ചെയ്യുകയുണ്ടായി. ഇതിനെത്തുടർന്ന് കേന്ദ്ര വിഹിതം നഷ്ടപ്പെടാതിരിക്കാനായി സംസ്ഥാന സർക്കാർ 2021-22 മുതൽ പുതുക്കിയ രീതിയിലേയ്ക്ക് മാറുന്നതിന് നിർബന്ധിതമായി. പുതുക്കിയ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണ രീതിയിൽ സംസ്ഥാനത്തെ സ്വാശ്രയ മാനേജുമെന്റുകൾ സർക്കാരിനെ ആശങ്ക അറിയിക്കുകയും

വകുപ്പുമന്ത്രി തലത്തിൽ സ്വാശ്രയ മാനേജ്മെന്റ് പ്രതിനിധികളുമായി ഈ വിഷയം ചർച്ച നടത്തുകയുമുണ്ടായി. പ്രസ്തുത ചർച്ചയിൽ, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ പുതുക്കിയ വിതരണ രീതിയുമായി സഹകരിക്കാമെന്ന് സ്വാശ്രയ മാനേജ്മെന്റ് പ്രതിനിധികൾ സർക്കാരിന് ഉറപ്പ് നൽകിയിരുന്നു. ഇ-ഗ്രാന്റ്സ് അപേക്ഷ സമർപ്പണ സമയത്തുതന്നെ അർഹതയുള്ള എല്ലാ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്കും സൈറ്റിൽ നിന്നും ഫ്രീഷിപ്പ് കാർഡ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. മുൻകൂർ ഫീസ് അടയ്ക്കാതെതന്നെ ഈ കാർഡ് ഉപയോഗിച്ച് നിശ്ചിത സ്ഥാപനത്തിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാവുന്നതാണ്. ഫ്രീഷിപ്പ് കാർഡുള്ള വിദ്യാർത്ഥികൾക്ക് മുൻകൂർ ഫീസ് വാങ്ങാതെ പ്രവേശനം നൽകുന്നതിന് സ്ഥാപനങ്ങൾ ബാധ്യസ്ഥരുമായിരിക്കും. ഇത്തരത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് ഫീസ് തുക സർക്കാർ ക്രെഡിറ്റ് ചെയ്താൽ ഏഴ് ദിവസത്തിനകം സ്ഥാപനത്തിൽ ഒടുക്കാനുള്ള തുക വിദ്യാർത്ഥികൾ ഒടുക്കിയിരിക്കണം. ഇതിനായി അപേക്ഷ സമർപ്പണ സമയത്തുതന്നെ വിദ്യാർത്ഥികളിൽനിന്നും ഓൺലൈനായി കരാർപത്രിക ലഭ്യമാക്കുന്നതുമാണ്. അത്തരത്തിൽ സ്വാശ്രയ വിദ്യാഭ്യാസ

സ്ഥാപനങ്ങൾക്കുള്ള ആശങ്കയകറ്റാനും പട്ടികജാതി വിദ്യാർത്ഥികളുടെ പ്രവേശനം ബുദ്ധിമുട്ടില്ലാതെ നടത്താനും സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. സംസ്ഥാന സർക്കാർ നേരത്തേതന്നെ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധി പരിഗണിക്കാതെയാണ് സ്കോളർഷിപ്പ് നൽകിവന്നിരുന്നത്. പുതുക്കിയ കേന്ദ്ര മാർഗ്ഗനിർദ്ദേശത്തിന്റെ പശ്ചാത്തലത്തിൽ കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പട്ടികജാതി വിദ്യാർത്ഥികളെ സ്കോളർഷിപ്പിൽനിന്നും കേന്ദ്ര സർക്കാർ ഒഴിവാക്കിയിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാർ പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് നൽകുന്നുണ്ട്. ഇതിനുള്ള ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നൽകുന്നത്. കേന്ദ്ര സർക്കാർ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് മെസ്/ഹോസ്റ്റൽ ഫീസിനങ്ങളിൽ മതിയായ തുക നൽകുന്നില്ല. കോഴ്സുകളെ ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനും നിശ്ചിത പ്രതിവർഷ തുക നൽകുകയാണ് ചെയ്യുന്നത്. എന്നാൽ സംസ്ഥാന സർക്കാർ ഇതിനുപുറമെ ഹോസ്റ്റലറായ എല്ലാ പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കും പ്രതിമാസം പരമാവധി 4500/- (പ്രതിവർഷം 45000/-) രൂപവരെ ഹോസ്റ്റൽ ഫീസിനത്തിൽ നൽകുന്നുണ്ട്. ഇപ്പോൾ നൽകിവരുന്ന ഹോസ്റ്റൽ ഫീസ് വർദ്ധിപ്പിക്കുകയെന്നത്

സർക്കാരിന്റെ പരിഗണനയിലുള്ള കാര്യമാണ്.

(ഡി) നിലവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ/യൂണിവേഴ്സിറ്റി/അഡ്മിഷൻ ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസാനുകൂല്യങ്ങളും വർദ്ധിപ്പിച്ച നിരക്കിലുള്ള ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് മുതലായവയും അനുവദിക്കുന്നുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് കാലാകാലങ്ങളിൽ ബാബു വിജയനാഥ് കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് വർദ്ധിപ്പിക്കുന്നത്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഒരുകാലത്ത് ജാതിവ്യവസ്ഥ കാരണം അക്ഷരാഭ്യാസം നിഷേധിക്കപ്പെട്ട ജനതയ്ക്ക് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡപ്രകാരം അർഹമായ സ്കോളർഷിപ്പ് നിഷേധിക്കപ്പെടുന്ന സ്ഥിതിയാണുള്ളത്. എന്നാൽ അവരെക്കൂടി ഉൾപ്പെടുത്താൻ പദ്ധതി ആരംഭിച്ച സംസ്ഥാന സർക്കാരിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. എസ്.സി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി വിദേശ രാജ്യങ്ങളിലെ മികച്ച യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ കിട്ടാനും തുടർന്ന് പഠിക്കാനും എന്തെല്ലാം സഹായമാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മികച്ച പഠനസൗകര്യങ്ങളൊരുക്കാനാണ് സർക്കാർ ശ്രദ്ധിക്കുന്നത്. വിദേശത്തെ പ്രധാനപ്പെട്ട യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നതിനുവേണ്ട സൗകര്യമൊരുക്കുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. പി.ജി., പി.എച്ച്.ഡി. കോഴ്സുകൾക്കുവേണ്ടിയാണ് വിദേശ പഠനസഹായം നൽകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇന്നലെ വരെ 175 കുട്ടികൾക്ക് വിദേശ പഠനത്തിനുള്ള സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ട്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയെന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പട്ടാമ്പിയിൽ 1989-ൽ രണ്ട് നിലകളുള്ള ഒരു പ്രീ-മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയാക്കിയതാണ്. എന്നാൽ 2010-നുശേഷം അവിടെ കുട്ടികൾ വരാത്തതിനാൽ അതിന്റെ പ്രവർത്തനം ഏകദേശം നിലച്ചമട്ടിലാണ്. ആ കെട്ടിടവും ഇപ്പോൾ മോശപ്പെട്ടിരിക്കുകയാണ്. നിരവധി തവണ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽ അറിയിച്ചിട്ടും നവീകരിച്ചിട്ടില്ല. അടിയന്തരമായി കെട്ടിടത്തിന്റെ മെയിന്റനൻസ് നടത്തി അവിടെ പട്ടികജാതി വിഭാഗത്തിന്

മുൻഗണനയുള്ള പോളിടെക്നിക് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, എസ്.സി. വിഭാഗത്തിന്റെ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ കുട്ടികളുടെ എണ്ണം കുറയുന്നുണ്ട്. പട്ടാമ്പിയിലെ പ്രീ-മെട്രിക് ഹോസ്റ്റൽ നടത്തിക്കൊണ്ടുപോകാൻ പ്രയാസമാണ്. അവിടെ മറ്റെന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കാം.

<u>ശ്രീ. വി. ശശി</u>: സർ, ബി.ടെക് കോഴ്സ് പൂർത്തിയാക്കി വിജയിക്കാത്ത എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്കുവേണ്ടി മുൻ സർക്കാർ പ്രഖ്യാപിച്ച റെമഡിയൽ കോഴ്സ് ഐ.എച്ച്.ആർ.ഡി.-യുടെ മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി നടപ്പാക്കിയിരുന്നു. ഇതിലൂടെ എത്ര വിദ്യാർത്ഥികൾക്ക് ബി.ടെക് വിജയിക്കാൻ സാധിച്ചു; ഇപ്പോഴും റെമഡിയൽ കോഴ്സ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബി.ടെക്/പ്രൊഫഷണൽ കോഴ്സുകളിൽ പരാജയപ്പെടുന്ന കുട്ടികളെ വിജയിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. എന്നിട്ടും വേണ്ടത്ര പ്രയോജനം ലഭിച്ചിട്ടില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പഠന കാലയളവിൽത്തന്നെ ഇവർക്ക് മെച്ചപ്പെട്ട ട്രെയിനിംഗ് നൽകി വിജയത്തിലെത്തിക്കാനുള്ള നടപടി

സ്വീകരിച്ചിട്ടുണ്ട്. തോറ്റതിനുശേഷം പരീക്ഷയെഴുതുന്നവർക്ക് വീണ്ടും സഹായം കിട്ടുമെന്നതിനാൽ റെഗുലർ ക്ലാസുകളിൽ പഠിക്കാതിരിക്കുന്ന ഒരു സ്ഥിതിയുണ്ട്. അതുകൊണ്ട് പഠന സമയത്തുതന്നെ മെച്ചപ്പെട്ട രീതിയിൽ പഠിച്ച് വിജയിക്കാൻവേണ്ട സംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും അതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, പ്രൈമറി/സെക്കണ്ടറി/ഹയർ സെക്കണ്ടറി തലങ്ങളിൽ ഗോത്രവിഭാഗം കുട്ടികൾ കൊഴിഞ്ഞുപോകുന്നതായ വാർത്തകൾ വരുന്നുണ്ട്. ഗോത്രവിഭാഗത്തിലെ കുട്ടികൾക്ക് പൊതുവിദ്യാലയങ്ങളിൽ ആത്മവിശ്വാസത്തോടെ പഠിക്കുന്നതിന് ഓരോ ഊരും ഒരു യൂണിറ്റായെടുത്ത് സൂക്ഷ്മതല വിദ്യാഭ്യാസ വികസന പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കുട്ടികൾ കൊഴിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് കാലത്താണ് കുട്ടികൾ കൂടുതലായി കൊഴിഞ്ഞുപോയത്. ഫലപ്രദമായ ഇടപെടലിന്റെഫലമായി 80 മുതൽ 85 ശതമാനം വരെ കുട്ടികളെ തിരികെ സ്കൂളിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു കുട്ടിപോലും കൊഴിഞ്ഞുപോകാതിരിക്കാനുള്ള സംവിധാനത്തെക്കുറിച്ചാണ് ആലോചിക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പും ത്രിതല പഞ്ചായത്തുകളും

എസ്.ടി. പ്രൊമോട്ടർമാരും പി.ടി.എ.-കളും അദ്ധ്യാപക സംഘടനകളുമൊക്കെ സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ അതിനുള്ള പരിശ്രമം ആരംഭിച്ചിട്ടുണ്ട്. കൊഴിഞ്ഞുപോക്ക് കുറയ്ക്കാനുള്ള ഫലപ്രദമായ ഇടപെടലാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഉന്നത വിദ്യാഭ്യാസത്തിനായി ജോബ് ഓറിയന്റഡ് കോഴ്സുകളിൽ ചേർന്ന് അവിടെത്തന്നെ താമസിച്ച് കുട്ടികൾക്ക് പഠിക്കുന്നതിനായി തൃശ്ശൂരിലെ പൂത്തോൾ പ്രദേശത്ത് ചാത്തൻ മാസ്റ്ററുടെ നാമധേയത്തിൽ ഒരു ഹോസ്റ്റൽ നിർമ്മിക്കുന്നതിന് തീരുമാനിച്ചിരുന്നു. പക്ഷേ, അതിന്റെ നിർമ്മാണം നീണ്ടുപോകുകയാണ്. കോടിക്കണക്കിന് രൂപ വിലയുള്ള സ്ഥലത്താണ് ഈ പദ്ധതി വിഭാവനം ചെയ്തത്. ഇനിയും വൈകിയാൽ പല സാങ്കേതിക തടസ്സങ്ങളും അവിടെയുണ്ടാകും. ചാത്തൻ മാസ്റ്ററുടെ നാമധേയത്തിലുള്ള സ്മാരക മന്ദിരത്തിന്റെ നിർമ്മാണപ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കും?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, മുൻമന്ത്രിയായിരുന്ന ചാത്തൻ മാസ്റ്ററുടെ നാമധേയത്തിൽ പൂത്തോളിൽ ഒരു സ്മാരകം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണപ്രവർത്തനങ്ങളിൽ നേരിട്ട തടസ്സങ്ങൾ മാറ്റുന്നതിനുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. എത്രയുംവേഗം ആ

സ്മാരക മന്ദിരം പടുത്തുയർത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അവിടെ പോസ്റ്റ് മെട്രിക് സ്റ്റഡീസിനുവേണ്ട എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 18,000-ഓളം വിദ്യാർത്ഥികൾ ഡ്രോപ് ഔട്ട് ആയിട്ടുണ്ടെന്നാണ് 2021-ലെ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നത്. ഒരു കാലത്തുമുണ്ടായിട്ടില്ലാത്ത സ്ഥിതിയാണിത്. ആയിരവും ആയിരത്തിഅഞ്ഞൂറും രണ്ടായിരവും കുട്ടികൾ ഓരോ വർഷവും എട്ട്, ഒൻപത് ക്ലാസ്സുകളിൽ വച്ച് പഠനം നിർത്തുകയാണ്. എല്ലാവരും തിരിച്ചുവരുന്നുവെന്നാണ് അങ്ങ് പറഞ്ഞത്. പ്രധാനമായും വയനാട് ജില്ലയിലാണ് കൊഴിഞ്ഞുപോക്ക് വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം പ്രത്യേക കേന്ദ്രങ്ങളിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുവേണ്ടി ഇപ്പോൾ ചില പദ്ധതികൾ നടത്തുന്നുണ്ടെങ്കിലും അതൊന്നും പ്രായോഗികമായി പൂർണ്ണതയിലെത്തുന്നില്ല. കൊഴിഞ്ഞുപോയ കുട്ടികളെ പൂർണ്ണമായും സ്കൂളുകളിൽ തിരിച്ചെത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. പ്രത്യേകിച്ച് പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കിടയിൽ കൊഴിഞ്ഞുപോക്കുണ്ടായിട്ടുണ്ട്. തടയാനുള്ള ഫലപ്രദമായ ഇടപെടലാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു കുട്ടിപോലും കൊഴിഞ്ഞുപോകാതെ എല്ലാവർക്കും പഠിക്കാനുള്ള സൗകര്യമൊരുക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിന് പ്രോത്സാഹനം നൽകുന്ന രീതിയിലുള്ള കാര്യങ്ങൾ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിലൂടെ ഓരോ കുട്ടിയുടെയും കുടുംബത്തിലെ പ്രശ്നങ്ങൾ പഠിച്ച് അവരെ സ്കൂളിലെത്തിക്കുന്നതിനുള്ള ഫലപ്രദമായ ഇടപെടലുണ്ടാകും. ലോക്കൽ ബോഡികൾ ഇടപെടുകയാണെങ്കിൽ കൂടുതൽ കുട്ടികളെ സ്കൂളുകളിലേയ്ക്ക് തിരികെ കൊണ്ടുവരാൻ സാധിക്കും. റിമോട്ട് ഏരിയയിൽ നിന്നടക്കം കുട്ടികളെ കൊണ്ടുവരുന്നതിനുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകാൻ ശ്രമിക്കുന്നതാണ്.

<u>ശ്രീ. പി. വി. ശ്രീനിജിൻ:</u> സർ, സിവിൽ സർവ്വീസിൽ പ്രൊമോഷൻ നൽകുമ്പോൾ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് അർഹമായ പരിഗണന

ലഭിക്കുന്നില്ലെന്ന പരാതിയുണ്ട്. കഴിഞ്ഞ ദിവസം ക്ഷീര വികസന വകുപ്പിൽ ജോയിന്റ് ഡയറക്ടറായി പ്രൊമോഷൻ ലഭിക്കേണ്ടിയിരുന്ന എസ്.സി. വിഭാഗത്തിൽപ്പെട്ട ഒരു ഉദ്യോഗസ്ഥന് അത് ലഭിക്കാതിരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇത് ഈ ചോദ്യവുമായി ബന്ധപ്പെട്ട ഉപചോദ്യമല്ല. ഇത്തരം പരാതികൾ ഉയർന്നുവരുമ്പോൾ ഫലപ്രദമായി ഇടപെട്ട് അർഹരായവർക്ക് പ്രൊമോഷനുൾപ്പെടെ ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കും.

ശ്രീ. പി. കെ. ബഷീർ: സർ, മുൻകാലങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഫീസ് അവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേയ്ക്കായിരുന്നു വന്നിരുന്നത്. എന്നാൽ ഇപ്പോൾ കുട്ടികളുടെ അക്കൗണ്ടിലാണിത് വരുന്നത്. ചിലപ്പോൾ മൂന്ന് വർഷം കഴിഞ്ഞായിരിക്കും അക്കൗണ്ടിൽ പണം വരുന്നത്. ഒരു കുട്ടി മൂന്നാമത്തെയോ നാലാമത്തെയോ വർഷം ആ കോളേജിൽനിന്ന് പോകുമ്പോഴും ഫീസ് പ്രസ്തുത സ്ഥാപനത്തിന് ലഭിക്കുന്നില്ല. അക്കൗണ്ടിലെത്തുന്ന പണം കുട്ടികൾ മറ്റാവശ്യങ്ങൾക്ക്

വിനിയോഗിക്കുന്നതുകൊണ്ടാണോ ഇങ്ങനെ സംഭവിക്കുന്നതെന്ന് അറിയില്ല. എന്തായാലും കോളേജിന് പണം കിട്ടുന്നില്ല. ഇതുമൂലം പല കോളേജുകളും ബുദ്ധിമുട്ടിലായിരിക്കുകയാണ്. അതുകൊണ്ട് പണം സ്ഥാപനങ്ങളുടെ അക്കൗണ്ടിലേയ്ക്ക് വരുന്നതിനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അതുതന്നെയാണ് ഞാൻ മറുപടിയിൽ പറഞ്ഞത്. സ്ഥാപനങ്ങൾക്ക് കൊടുക്കുന്നതാണ് നല്ലത് എന്നതുതന്നെയാണ് സർക്കാരിന്റെയും അഭിപ്രായം. കാരണം, അവിടെയും കൊഴിഞ്ഞുപോക്കിനുള്ള സാധ്യതയുണ്ട്. കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് പണം കൊടുക്കുകയും അവർ ട്യൂഷൻ ഫീസോ മറ്റോ അടയ്ക്കാതിരിക്കുകയും ചെയ്താൽ പരീക്ഷയെഴുതാൻ കഴിയാത്ത സാഹചര്യമുണ്ടാകും. ഇക്കാര്യം നിരവധി തവണ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടും മാറ്റമൊന്നുമില്ലെന്നുമാത്രമല്ല സംസ്ഥാനം ആ രീതിയിലേയ്ക്ക് പോയില്ലെങ്കിൽ വിഹിതം കുറയ്ക്കുമെന്ന നിലയിലേയ്ക്ക് വന്നിരിക്കുകയുമാണ്. ഒരുവർഷം 87-90 കോടിയോളം രൂപ കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്നതാണ്. അത് പൂർണ്ണമായും നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടാകാതിരിക്കാനാണ് ഈ പുതിയ സിസ്റ്റം കൊണ്ടുവരാൻ നിർബന്ധിതമായത്. മാനേജ്മെന്റുകൾ ഹൈക്കോടതിയിൽ

പോയതിനെത്തുടർന്ന് കുട്ടികൾക്ക് നേരിട്ട് കൊടുക്കുന്നതിനുപകരം ഇൻസ്റ്റിറ്റ്യൂഷന് കൊടുക്കണമെന്ന വിധി വന്നിട്ടുണ്ട്. നേരിട്ട് കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് പൈസ കൊടുക്കണമെന്ന് കേന്ദ്ര സർക്കാരിന് നിർബന്ധബുദ്ധിയുണ്ട്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. ഒ. ആർ. കേളു: സർ, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷേ, പഠനം പൂർത്തിയാക്കുന്നവർക്ക് ജോലി ലഭിക്കുന്നില്ല. സംസ്ഥാന സർക്കാർ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ അവർക്ക് ജോലി ഉറപ്പാക്കുന്നതിനുള്ള നടപടിയൊക്കെ സ്വീകരിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുന്ന ഈ കാലഘട്ടത്തിൽ സ്വകാര്യ മേഖലയിൽക്കൂടി സംവരണം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ തൊഴിൽ ഒരു പ്രശ്നം തന്നെയാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ കഴിയാവുന്നത്ര ഇടപെടൽ നടത്തുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചോദിച്ചത് സ്വകാര്യ മേഖലയിൽ റിസർവേഷൻ

നടപ്പാക്കുന്നതിനെക്കുറിച്ചാണ്. അത് സംസ്ഥാന സർക്കാർ മാത്രം വിചാരിച്ചാൽ കഴിയുന്നതല്ല, ഭരണഘടന ഭേദഗതി കൊണ്ടുവരേണ്ട കാര്യമാണ്. സ്വകാര്യ മേഖലയിലും റിസർവേഷൻ വേണമെന്നുള്ളതാണ് ഈ പുതിയ കാലഘട്ടത്തിലെ മുദ്രാവാക്യം. അത് നമുക്ക് മുന്നോട്ടുവയ്ക്കേണ്ടതാണ്. പക്ഷേ, നിലവിലുള്ള നിയമമനുസരിച്ച് സ്വകാര്യ മേഖലയിൽ റിസർവേഷൻ നടപ്പാക്കുന്നതിന് പ്രയാസമുണ്ട്. കേന്ദ്ര നിയമം കൊണ്ടുവരുന്നതിനുള്ള സമ്മർദ്ദം ചെലുത്തണം. പൊതുമേഖലാ സ്ഥാപനങ്ങളെ തകർത്തുകൊണ്ട് എല്ലാം സ്വകാര്യവത്കരിക്കുന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചിരിക്കുന്നത്. അപ്പോൾ റിസർവേഷൻ വിഭാഗത്തിനാണ് കൂടുതലും തൊഴിൽ നഷ്ടപ്പെടുന്നതെന്നുള്ളത് കൃത്യമായി തിരിച്ചറിഞ്ഞിട്ടുണ്ട്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുരോഗതിക്ക് വിദ്യാഭ്യാസവും തൊഴിലുമാണ് അത്യാവശ്യമായിട്ടുള്ളത്. തൊഴിൽ കിട്ടുന്നില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് തൊഴിലധിഷ്ഠിതമായ കരിയർ ഗൈഡൻസ്, അസാപ് പോലുള്ള കോഴ്സുകളും സംവിധാനങ്ങളും പട്ടികവർഗ്ഗ പുനരധിവാസ മേഖലയിൽ പ്രത്യേകമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇവിടെ ബഹുമാന്യനായ അംഗം പറഞ്ഞത് ശരിയാണ്. കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാനാണ് ശ്രമിക്കുന്നത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാനിപ്പോൾ കടക്കുന്നില്ല. കേരളത്തിലെ നാൽപ്പത്തിയാറോളം ഐ.ടി.ഐ.-കളിൽ ഇപ്പോഴുള്ളതിനുപുറമെ കുറേക്കൂടി ആധുനികമായ കോഴ്സുകൾ പഠിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അപ്പോൾ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകും.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഹോസ്റ്റൽ/മെസ് ഫീസ്, ലംപ്സംഗ്രാന്റ് എന്നിവ 2011-16 കാലഘട്ടത്തിലേതിൽനിന്നും ഈ ഗവൺമെന്റ് വന്നതിനുശേഷം എത്രമാത്രം വർദ്ധിപ്പിച്ചുവെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇപ്പോൾ വർദ്ധിപ്പിച്ചിട്ടില്ല. ഓരോ മൂന്ന് വർഷം കൂടുമ്പോഴാണ് കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിക്കുന്നത്. ഇപ്പോഴത് വർദ്ധിപ്പിക്കേണ്ട സമയമായിട്ടുണ്ട്. അതിനുവേണ്ട നടപടി ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് ലഭിക്കുന്നുണ്ട്. എന്നാൽ പല പുതിയ കോഴ്സുകളും അതിൽ

ഉൾപ്പെടുന്നില്ല. ഇപ്പോൾ ആധുനിക വിദ്യാഭ്യാസ രംഗത്ത് പുതിയ കോഴ്സുകൾ വരികയാണ്. ജോലി സാധ്യതയുള്ള അത്തരം കോഴ്സുകൾക്ക് ഇ-ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഓരോ കോഴ്സുകളുടെയും ഘടന, ഫീസ് എന്നിവ പരിശോധിച്ചിട്ടാണ് തുക നൽകിക്കൊണ്ടിരിക്കുന്നത്. ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നുകൊണ്ടുമാത്രമേ തുക അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഓരോ കോഴ്സും ആരംഭിക്കാൻ ഇത്ര ലക്ഷം രൂപ എന്ന തരത്തിൽ നൽകിക്കൊണ്ടിരുന്നാൽ നിലവിൽ കുട്ടികൾക്ക് കൊടുത്തുകൊണ്ടിരിക്കുന്ന തുക കൊടുക്കാൻ കഴിയാതെവരും. ഓരോ കോഴ്സിന്റെയും സ്വഭാവമനുസരിച്ച് ആനുകൂല്യം കൊടുക്കാൻ ശ്രമിക്കും.

ശ്രീമതി സി. കെ. ആശ: സർ, ഞാൻ ഈ ചോദ്യത്തിനായിരുന്നില്ല ഉപചോദ്യത്തിനുള്ള അവസരം ചോദിച്ചത്. ഇവിടെയും ചോദിക്കാവുന്നതായതിനാൽ ചോദിക്കുകയാണ്. ദേവസ്വം ബോർഡ് നിയമനങ്ങളിൽ പട്ടികജാതി വിഭാഗത്തിന്റെ മാനദണ്ഡം മറികടക്കുന്നുവെന്നുള്ള പരാതി കഴിഞ്ഞ ദിവസം പത്രങ്ങളിൽ വന്നിരുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ

സെലക്ഷൻ പ്രോസസ്സിൽ വന്നിട്ടുള്ള ചെറിയൊരു തകരാറിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം പറയുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അക്കാര്യം നിയമ വകുപ്പുമായി ചർച്ച ചെയ്തിട്ടുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീമതി ശാന്തകുമാരി കെ.: സർ, നിലവിൽ എസ്.സി./എസ്.ടി. വിഭാഗത്തിലെ വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസത്തിനായി മറ്റ് സംസ്ഥാനങ്ങളിലും വിദേശത്തുമൊക്കെ പോകുകയാണ്. അവർക്ക് നിർദ്ദേശിച്ചിട്ടുള്ള കോഴ്സുകൾ കാലോചിതമായി പരിഷ്കരിക്കാത്തതിനാൽ ന്യൂജെൻ കോഴ്സുകളായ ആർക്കിടെക്ചർ, VFX (Visual Effects) തുടങ്ങിയവ പഠിക്കുന്നവർക്ക് സ്കോളർഷിപ്പ് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം കോഴ്സുകൾകൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തിന് പുറത്തും വിദേശത്തും പുതിയ കോഴ്സുകളടക്കം കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങളാണ് ഒരുക്കിക്കൊടുക്കുന്നത്. സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ ഇത് ചെയ്യാൻ കഴിയൂ. പുതിയ കോഴ്സുകൾ പഠിക്കുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യം കൊടുക്കുന്ന കാര്യവും

പരിശോധിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ...ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യ പദ്ധതി**

4 (*364) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനത്തിന്റെ പാരിസ്ഥിതികാഘാതം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യ പദ്ധതി പ്രകാരം സംസ്ഥാനത്ത് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

കാലാവസ്ഥാ വ്യതിയാനംമൂലം പരിസ്ഥിതിക്ക്, പ്രത്യേകിച്ച് വനങ്ങൾക്ക് ഉണ്ടാകാവുന്ന ദോഷവശങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതിയാണ് ഗ്രീൻ ഇന്ത്യ മിഷൻ. ഈ പദ്ധതി പ്രവർത്തനങ്ങൾ 5 ഉപദൗത്യങ്ങളായി ക്രമീകരിച്ച് നടപ്പാക്കി വരുന്നു.

കാലിമേച്ചിൽ, വിറക് ശേഖരണം മുതലായ വനാശ്രിത പ്രവർത്തനങ്ങൾ വനങ്ങളുടെ ശോഷണത്തിന് കാരണമാകുന്നു. ഇവ പരിഹരിച്ച് നിലവിലുള്ള വനങ്ങളുടെ സംരക്ഷണം, വനസാന്ദ്രത മെച്ചപ്പെടുത്തൽ, നീർച്ചാലുകളുടെ സംരക്ഷണം, നീർമ്മറി പ്രദേശങ്ങളിലെ മണ്ണ്-ജല സംരക്ഷണം, മണ്ണൊലിപ്പ് നിയന്ത്രണം എന്നിവയും വനങ്ങൾക്കുപുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനായി വൃക്ഷത്തൈകളുടെ ഉൽപ്പാദനം, വിതരണം, പുനരുപയോഗക്ഷമമായ ഇന്ധന ഉപയോഗം, ഉൽപ്പാദനക്ഷമതയുള്ള കാലി വളർത്തൽ, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കൽ, കളനിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം, ഗള്ളി പ്ളഗിംഗ്, മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടി തുടങ്ങിയ പ്രവർത്തനങ്ങളാണ് ഉപദൗത്യങ്ങളിലൂടെ നടപ്പാക്കി വരുന്നത്.

ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയുടെ കീഴിൽ 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ ആകെ ലഭിച്ച 3156.514 ലക്ഷം രൂപയിൽ 2719.094 ലക്ഷം രൂപ വിനിയോഗിച്ച് 17968.31 ഹെക്ടർ വനപ്രദേശത്ത് മിഷൻ വനവൽക്കരണ-വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ബാക്കി തുക വിനിയോഗിച്ച് 7340 എണ്ണം വിവിധ പ്രകൃതി സൗഹൃദ-പുനരുപയോഗക്ഷമമങ്ങളായ ഇന്ധന ഉപയോഗ മാർഗ്ഗങ്ങൾ ആദിവാസികളുൾപ്പെടെയുള്ള വനാശ്രിതർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് കാർഷിക വനവൽക്കരണവും സാമൂഹ്യ വനവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

വനത്തിനുള്ളിലും വനത്തിന് പുറത്തും വൃക്ഷാവരണം വർദ്ധിപ്പിക്കുക എന്നത് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇതിന്റെ ഭാഗമായി കർഷകർക്ക് അവർ ചെയ്യുന്ന കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും അനുയോജ്യമായ വിവിധ ഫലവൃക്ഷങ്ങൾ ഇടവിളയായി നട്ടുവളർത്താനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. കർഷകരുടെ ഭൂമിയിലെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും

കർഷകർക്ക് വനവൽക്കരണത്തിൽ താൽപര്യം വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് വനാശ്രിത സമൂഹത്തിന്റെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും വനവിഭവങ്ങളുടെ പരിപാലനത്തിനും സുസ്ഥിര വിനിയോഗത്തിനുമായി പ്രസ്തുത പദ്ധതി മുഖേന നടപ്പാക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ?

പങ്കാളിത്ത വനപരിപാലനത്തിൻകീഴിൽ നടപ്പാക്കുന്ന ഒരു പദ്ധതിയാണ് ഗ്രീൻ ഇന്ത്യ മിഷൻ. നിലവിലുള്ള വനങ്ങളുടെ സംരക്ഷണം, വനസാന്ദ്രത മെച്ചപ്പെടുത്തൽ, നീർച്ചാലുകളുടെ സംരക്ഷണം, നീർമ്മറി പ്രദേശങ്ങളിലെ മണ്ണ് ജല സംരക്ഷണം, മണ്ണൊലിപ്പ് നിയന്ത്രണം, വനങ്ങൾക്കു പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനായി വൃക്ഷത്തൈകളുടെ ഉൽപ്പാദനവും വിതരണവും പദ്ധതി പ്രവർത്തനങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ള കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, ഉൽപ്പാദനക്ഷമതയുള്ള കാലി വളർത്തൽ, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കൽ, കള നിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം, ഗള്ളി പ്ളഗിംഗ്, മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടി തുടങ്ങിയവയെല്ലാംതന്നെ

വന സംരക്ഷണ സമിതികൾ (VSS), ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ (EDC), പാർട്ടിസിപ്പേറ്ററി ഹരിത സമിതികൾ എന്നിവ വഴിയാണ് നടപ്പാക്കി വരുന്നത്. ഇത് വനവിഭവങ്ങളുടെ സുസ്ഥിര പരിപാലന വിനിയോഗം ഉറപ്പാക്കുന്നതോടൊപ്പം സമിതി അംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും വരുമാനവർദ്ധനവിനും അപ്രകാരം അവരുടെ ജീവിത നിലവാരം ഉയർ<u>ത്തു</u>ന്നതിനും സഹായകരമാകുന്നു. കൂടാതെ ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി സോളാർ അടുപ്പുകൾ, ബയോഗ്യാസ് പ്ളാന്റുകൾ തുടങ്ങിയ പ്രകൃതി സഹൃദ-പുനരുപയോഗക്ഷമങ്ങളായ ഇന്ധന ഉപയോഗ മാർഗ്ഗങ്ങളും ആദിവാസികളുൾപ്പെടെയുള്ള വനാശ്രിതർക്ക് നൽകിവരുന്നു.

**ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി**

5 (*365) <u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഭവന നിർമ്മാണത്തിന് ഭൂമി ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിക്കുന്നതിനായി ഭൂരഹിത പുനരധിവാസ പദ്ധതിയിൻപ്രകാരം ഭൂമി അനുവദിച്ചുനൽകുന്നു. പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകൻ ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ആളായിരിക്കണം.
2. അപേക്ഷകൻ, ഭാര്യ/ഭർത്താവ് പേരിൽ സ്വന്തമായി ഭൂമി ഇല്ലായെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
3. പാരമ്പര്യ സ്വത്തായി 3 സെന്റിൽ കൂടുതൽ ഭൂമി കിട്ടാനില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
4. പ്രായപരിധി 60 വയസ്സ്
5. വരുമാന പരിധി 50,000/- രൂപ
6. വകുപ്പിൽനിന്നോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നോ, മറ്റു സർക്കാർ വകുപ്പുകളിൽനിന്നോ മുൻപ് ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിക്കാത്ത കുടുംബമായിരിക്കണം.

(ബി) ഭൂരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഒരേക്കർ കൃഷി ഭൂമി വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളായ വേടൻ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്ലിയൻ എന്നിവർക്ക് ഉപജീവന മാർഗ്ഗമെന്ന നിലയിൽ ഇരുപത്തിയഞ്ച് സെന്റ് കൃഷിഭൂമി വാങ്ങുന്നതിനായി പത്ത് ലക്ഷം രൂപ അനുവദിച്ചുവരുന്നു.

ഭൂരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഒരേക്കർ കൃഷി ഭൂമി വിതരണം ചെയ്യുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

## സൊസൈറ്റി ഫോർ അസിസ്റ്റൻസ് ഓഫ് ഫിഷർ വിമൻ-ന്റെ പ്രവർത്തനം

6 (*366) <u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീമതി യു. പ്രതിഭ</u>:
<u>ശ്രീമതി കാനത്തിൽ ജമീല</u>:
<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ഓഫ് ഫിഷർ വിമൻ-ന്റെ പ്രവർത്തനം ശാക്തീകരിച്ച് മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര

സാമൂഹിക, സാമ്പത്തിക ഉന്നമനത്തിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ?

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ സമഗ്ര സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനായി സംസ്ഥാനത്ത് സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവിമെൻ (സാഫ്) മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. 2010 മുതൽ സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിച്ച് തീരമൈത്രി എന്ന പേരിൽ എല്ലാ തീരദേശ ജില്ലകളിലും കോട്ടയത്തും ജീവനോപാധി പദ്ധതി നടപ്പാക്കിവരുന്നു. മത്സ്യത്തൊഴിലാളി സ്ത്രീകളെ സാഫിന്റെ പ്രവർത്തകഗ്രൂപ്പുകളാക്കി ബദൽ ജീവനോപാധി മേഖലയിൽ സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കാനാവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ സാഫ് ചെയ്തുവരുന്നു. തീരദേശത്തെ മത്സ്യത്തൊഴിലാളി വനിതകൾക്കുവേണ്ടി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ.), ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി.) എന്നീ പദ്ധതികൾ 2021-22 വർഷത്തിൽ നടപ്പാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ സാഫ് പദ്ധതികൾക്കായി 10.55 കോടി രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തു. 2022-23 വർഷത്തിൽ 'ഓൾട്ടർനേറ്റീവ് ആന്റ് സപ്പോർട്ടീവ് ലൈവ്‌ലിഹുഡ് ഓപ്പർച്യൂണിറ്റി ടു ഫിഷർ വിമെൻ ഓഫ്

കേരള്' എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് തീരദേശ മേഖലയിലും ഉൾനാടൻ മേഖലയിലും മത്സ്യത്തൊഴിലാളി വനിതകൾക്കുവേണ്ടി ടി പദ്ധതി നടപ്പാക്കുന്നതിനായി 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2021-22 വർഷത്തിൽ സാഫ് നടപ്പാക്കിയതും 2022-23 വർഷത്തിൽ സാഫ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. <u>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം</u>

   (എ) കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് പ്രോഗ്രാമുകൾ

   (ബി) പലിശ രഹിത ചാക്രികമൂലധന സഹായം

   (സി) സാങ്കേതികവിദ്യാ നവീകരണ പദ്ധതി

   (ഡി) യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ

   (ഇ) സോളിഡാരിറ്റി ഫണ്ട് ടു സ്ട്രഗ്ളിംഗ് യൂണിറ്റ്സ്

   (എഫ്) കമ്മ്യൂണിറ്റി വെൽനസ്സ് ഇന്റർവെൻഷൻസ്

2. ജെ.എൽ.ജി. പ്രോജക്ട് ഫോർ എൻഷ്വറിംഗ് ലൈവ്‌ലിഹുഡ് സെക്യൂരിറ്റി ഓഫ് ഫിഷർ വിമെൻ ഇൻ കേരള

3. തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്

4. അഷ്ടമുടി രണ്ടാംഘട്ടം പദ്ധതി-അപ്പാരൽ കൺസോർഷ്യം

5. ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്ക്

6. കേരള ബാങ്ക് മുഖേന ദീർഘകാല വായ്പപദ്ധതി

7. സ്നേഹതീരം പദ്ധതി

8. മോഡൽ പീലിംഗ് യൂണിറ്റ്

9. ഓൺലൈൻ മാർക്കറ്റിംഗ് ആന്റ് സെയിൽ

10. ഡിജിറ്റൽ മീഡിയ & മാർക്കറ്റിംഗ്-ഓൺലൈൻ കോഴ്സ്

(ബി) സാഫ് മുഖേന തീരമൈത്രി സീഫുഡ് ഭക്ഷണശാലകൾ ആരംഭിക്കാൻ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ?

സാഫ് മുഖേന തീരമൈത്രി സീ ഫുഡ് റസ്റ്റോറന്റ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

9 തീരദേശ ജില്ലകളിലായി 230 മത്സ്യത്തൊഴിലാളി വനിതകൾ തനത് രുചിയോടെ തയ്യാറാക്കുന്ന ഗുണമേന്മയുള്ളതും ആരോഗ്യകരവുമായ കടൽ മത്സ്യവിഭവങ്ങളുൾപ്പെടുത്തിക്കൊണ്ട് തീരമൈത്രി സീഫുഡ് റസ്റ്റോറന്റുകൾ ആരംഭിച്ചു. 5 പേരടങ്ങുന്ന ഒരു സീഫുഡ് റസ്റ്റോറന്റ് രൂപീകരിക്കുന്നതിനായി 5 ലക്ഷം രൂപ വരെ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

പദ്ധതി തുകയുടെ 75 % ഗ്രാന്റും 20 % ബാങ്ക് ലോണും 5 % ഗുണഭോക്തൃ വിഹിതവുമാണ്. ടി പദ്ധതിക്കായി 250 ലക്ഷം രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 9 ജില്ലകളിലായി 45 തീരമൈത്രി സീ ഫുഡ് റസ്റ്റോറന്റുകൾ പ്രവർത്തിച്ചുവരുന്നു.

മത്സ്യത്തൊഴിലാളി വനിതകൾക്ക് ബദൽ ഉപജീവന മാർഗ്ഗവും മെച്ചപ്പെട്ട സാമൂഹിക നിലവാരവും ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കിയത്. വനിതകൾ നടത്തുന്ന റെസ്റ്റോറന്റുകൾ എന്ന നിലയിൽ കിട്ടുന്ന പ്രാമുഖ്യതയും നാടൻ വിഭവങ്ങളുടെ ആകർഷണീയതയും രുചിമേന്മയും സാധാരണക്കാർക്ക് താങ്ങാവുന്ന വിലയും പദ്ധതിയുടെ പ്രത്യേകതകളാണ്. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സംരംഭകത്വ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുസ്ഥിര വരുമാനം ഉറപ്പുവരുത്തുന്നതിനും സാധിക്കും. കരിമീൻ, കക്ക, കൊഞ്ച്, ഞണ്ട്, കൂന്തൽ എന്നിവയുടെ വൈവിദ്ധ്യ മത്സ്യവിഭവങ്ങൾ വളരെ രുചികരമായി സീഫുഡ് റെസ്റ്റോറന്റുകൾ വഴി ലഭിക്കുന്നു. മലപ്പുറം ജില്ലയിലെ സീ ഫുഡ് റെസ്റ്റോറന്റുകളിൽ ലഭ്യമാക്കി വരുന്ന കടൽ സദ്യ പ്രത്യേക ശ്രദ്ധ നേടിയിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളി വനിതകൾക്കും അവരുടെ കുടുംബത്തിനും

സ്ഥിര വരുമാനം ഉറപ്പാക്കുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങൾ രൂപീകരിക്കാനുള്ള സാഫിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ?

മത്സ്യത്തൊഴിലാളി വനിതകൾക്കും അവരുടെ കുടുംബത്തിനും സ്ഥിര വരുമാനം ഉറപ്പാക്കുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

1. <u>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം</u>

    (എ) കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് പ്രോഗ്രാമുകൾ

    (ബി) പലിശ രഹിത ചാക്രികമൂലധന സഹായം

    (സി) സാങ്കേതികവിദ്യാ നവീകരണ പദ്ധതി

    (ഡി) യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ

    (ഇ) സോളിഡാരിറ്റി ഫണ്ട് ടു സ്ട്രഗ്ളിംഗ് യൂണിറ്റ്സ്

2) അഷ്ടമുടി രണ്ടാംഘട്ടം പദ്ധതി-അപ്പാരൽ കൺസോർഷ്യം

3) ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്ക്.

4) തീരമൈത്രി സീ ഫുഡ് റസ്റ്റോറന്റ്

5) മോഡൽ പീലിംഗ് യൂണിറ്റ്

## കോൾഡ് ചെയിൻ സംവിധാനം

7 (*367) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ആൻസലൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) കേടുവരാത്ത മത്സ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ആധുനിക രീതിയിലുള്ള മാർക്കറ്റുകൾ വിപുലപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ?

കേടുവരാത്ത മത്സ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ആധുനിക രീതിയിലുള്ള മാർക്കറ്റുകൾ വിപുലപ്പെടുത്തുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നിവ മുഖേന വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ തെരഞ്ഞെടുത്ത 51 മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനായി 137.81 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമായിട്ടുണ്ട്. കൂടാതെ നബാർഡിന്റെ

ഗ്രാമീണാടിസ്ഥാനസൗകര്യ വികസന ഫണ്ടിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ നെടുമൺകാവ് മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി 502.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ടി മത്സ്യമാർക്കറ്റുകളിൽ മത്സ്യ വിപണനത്തിനായി പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്. ടി മാർക്കറ്റുകളിൽ സ്ഥല സൗകര്യം, ദിവസേനയുള്ള മത്സ്യത്തിന്റെ ഇറക്കുമതി എന്നിവ അനുസരിച്ച് കേടുവരാത്ത മത്സ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ചിൽ റൂം സംവിധാനവും ഒരുക്കുന്നുണ്ട്. പ്രധാന മാർക്കറ്റുകളിൽ കച്ചവടക്കാർക്ക് വിശ്രമിക്കുന്നതിനായി റെസ്റ്റ് റൂം സൗകര്യം സജ്ജമാക്കുന്നുണ്ട്. കൂടാതെ ശുദ്ധജല ലഭ്യത, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലറ്റ് സംവിധാനം എന്നിവയും ഓരോ മത്സ്യമാർക്കറ്റിലും ഉറപ്പുവരുത്തുന്നുണ്ട്.

കേടുവരാത്ത മത്സ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ആധുനിക രീതിയിലുള്ള ശീതീകരിച്ച സംവിധാനത്തോടുകൂടിയ മത്സ്യഫെഡിന്റെ 53 ഫിഷ് മാർട്ടുകളും ഫ്രാഞ്ചൈസി വ്യവസ്ഥയിൽ 60 ഫിഷ് മാർട്ടുകളും 10 സഞ്ചരിക്കുന്ന മത്സ്യവിപണന ശാലയും (അന്തിപ്പച്ച) പ്രവർത്തിക്കുന്നു.

അതുവഴി മത്സ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നു.

(ബി) മത്സ്യബന്ധനം മുതൽ ഉപഭോക്താവിന്റെ കയ്യിലെത്തുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ മത്സ്യത്തിന്റെ ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കാൻ കോൾഡ് ചെയിൻ സംവിധാനം ഫലപ്രദമായി ഏർപ്പെടുത്തുമോ?

മത്സ്യബന്ധനം മുതൽ ഉപഭോക്താവിന്റെ കയ്യിലെത്തുന്നത് വരെയുള്ള വിവിധ ഘട്ടങ്ങളിൽ മത്സ്യത്തിന്റെ ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കാൻ കോൾഡ് ചെയിൻ സംവിധാനം ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.

സംസ്ഥാനത്തു മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടു വരുന്ന മത്സ്യം കേട്ടുകൂടാതെ കരയ്ക്ക് എത്തിക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം 483 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 300 മുതൽ 700 ലിറ്റർ വരെ സംഭരണശേഷിയുള്ള 800 ഓളം ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചെടുത്ത മത്സ്യത്തിന്റെ

ഗുണനിലവാരം നഷ്ടപ്പെടാതെ ഉയർന്ന വിപണി മൂല്യം ലഭിക്കുന്ന തരത്തിൽ മത്സ്യം കരക്കെത്തിക്കുന്നതിന് ആവശ്യമായ സാങ്കേതിക വിദ്യകളിൽ (Onboard Handling Techniques) വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും അതുവഴി അന്താരാഷ്ട്ര വിപണിയിൽ തന്റെ ഉൽപ്പന്നം എത്തിക്കുന്നതിനും കഴിയുമാറ് അവരെ പ്രാപ്തരാക്കുന്നതിനുള്ള പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മത്സ്യ വിപണന രംഗത്ത് മത്സ്യലേലം മുതൽ ഉപഭോക്താക്കളിൽ എത്തുന്നതുവരെയുള്ള വിപണന ശൃംഖല ആധുനികവൽക്കരിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം കുറച്ചുകൊണ്ട് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദകർക്ക് ന്യായവിലയും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യലഭ്യതയും ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിലേക്കായി നിയമപരമായ നിയന്ത്രണങ്ങളും പരിശോധനകളും എല്ലാ വിപണന ശൃംഖലയിലും നടപ്പാക്കും. മത്സ്യമാർക്കറ്റുകളുടെ ഭൗതിക സൗകര്യങ്ങൾ വനിത സൗഹൃദവും ശുചിത്വ പൂർണ്ണവും ആക്കുന്നതിന് ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവയുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ വരും വർഷങ്ങളിൽ ആവിഷ്കരിച്ച്

നടപ്പാക്കും.

മത്സ്യബന്ധന ഹാർബറുകളെ അന്താരാഷ്ട്ര നിലവാരത്തോട് കൂടി ആധുനികവൽക്കരിച്ച് പൂർവ്വ സംസ്കരണ മൂല്യവർദ്ധന വിപണന അടിസ്ഥാന സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തി ഫിഷറീസ് ഹബ്ബുകളാക്കി വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. ആദ്യ ഘട്ടമെന്ന നിലയിൽ കൊല്ലം ശക്തികുളങ്ങര-നീണ്ടകര ഹാർബറുകളെ ഫിഷറീസ് ഹബ്ബായി ഉയർത്തുന്നതിനുള്ള പദ്ധതി 2024-25 വർഷം പൂർത്തീകരിക്കുന്നതാണ്.

മത്സ്യബന്ധനം മുതൽ ഉപഭോക്താവിന്റെ കയ്യിലെത്തുന്നത് വരെയുള്ള വിവിധ ഘട്ടങ്ങളിൽ മത്സ്യത്തിന്റെ ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കാൻ കോൾഡ് ചെയിൻ സംവിധാനം ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് എന്നി മുഖേന വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ലാന്റിംഗ് സെന്ററുകൾ/ഹാർബറുകളിൽനിന്നും മത്സ്യം നേരിട്ട് ശേഖരിച്ച് മത്സ്യ സംഭരണ കേന്ദ്രങ്ങളിൽ എത്തിച്ച് അവിടെനിന്നും ഗുണമേന്മ ഉറപ്പാക്കി മത്സ്യഫെഡ് ഫിഷ് മാർട്ടുകൾ, അന്തിപച്ച മൊബൈൽ യൂണിറ്റുകൾ, സഹകരണ സംഘം/ബാങ്കിന്റെ ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ

വഴി വിപണനം ചെയ്തുവരുന്നു. കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും മത്സ്യഫെഡിന്റെ ഫിഷ്ബൂത്ത് ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ 52 നിയോജക മണ്ഡലങ്ങളിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ടും സഹകരണ വകുപ്പുമായി ചേർന്നുള്ള ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഫിഷ് മാർട്ടുകൾ ഇല്ലാത്ത 88 നിയോജകമണ്ഡലങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കല്ലറയിൽ ഫിഷ് മാർട്ട് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനത്തിന് സജ്ജമാണ്. കണ്ണൂർ ജില്ലയിൽ ആന്തൂർ, മട്ടന്നൂർ, ചിറയ്ക്കൽ, വേങ്ങാട് എന്നീ സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കാനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഫിഷ് മാർട്ടുകൾ അനുവദിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്ന നടപടി ദ്രുതഗതിയിൽ നടന്നുവരുന്നു. ഇതുവഴി മത്സ്യവിപണനം ശക്തിപ്പെടുത്തുന്നതിനും കഴിയും. അന്നന്നുള്ള മത്സ്യം അന്നന്നുതന്നെ ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി അന്തിപച്ച എന്ന സഞ്ചരിക്കുന്ന മത്സ്യ വിപണനശാലകൾ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി 10 എണ്ണം ഉച്ചയ്ക്ക് 2 മണി മുതൽ

വൈകുന്നേരം 8 മണി വരെ പ്രവർത്തിപ്പിക്കുന്നു. കൂടുതൽ അന്തിപച്ച യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. കൂടുതൽ മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മത്സ്യസംഭരണം ഉർജ്ജിതപ്പെടുത്തുന്നതിനായി നിലവിലുള്ള 8 മത്സ്യസംഭരണ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും എല്ലാ ജില്ലകളിലും മത്സ്യസംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്ന ആധുനിക മത്സ്യമാർക്കറ്റുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് ശീതീകരണ സംവിധാനം ഉറപ്പുവരുത്തുന്നുണ്ട്. കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്ന 51 മത്സ്യമാർക്കറ്റുകളിൽ സ്ഥല സൗകര്യം, ദിവസേനയുള്ള മത്സ്യത്തിന്റെ ഇറക്കുമതി എന്നിവ അനുസരിച്ച് കേടുവരാത്ത മത്സ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ചിൽ റൂം സംവിധാനം ഒരുക്കുന്നുണ്ട്. കൂടാതെ നബാർഡിന്റെ ഗ്രാമീണാടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ നെടുമൺകാവ് മത്സ്യമാർക്കറ്റിലും തിരുവനന്തപുരം ജില്ലയിലെ റാത്തിക്കൽ, കൊല്ലം ജില്ലയിലെ ചില്ലയ്ക്കൽ, ആലപ്പുഴ ജില്ലയിലെ പ്രായിക്കര എന്നിവിടങ്ങളിലെ

ഫിഷ് ലാന്റിംഗ് സെന്ററിലും സംസ്ഥാന ഫിഷറീസ് പദ്ധതി തുക ഉപയോഗിച്ച് കാസർഗോഡ് ജില്ലയിലെ അജാനൂരിൽ നിർമ്മിക്കുന്ന ഫിഷർമെൻ യൂട്ടിലിറ്റി സെന്ററിലും മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ചിൽ റൂം സംവിധാനം ഉറപ്പുവരുത്തുന്നുണ്ട്.

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| **സ്റ്റേറ്റ് പ്ലാൻ പദ്ധതി** | | |
| | ഫിഷർ മെൻ യൂട്ടിലിറ്റി സെന്റർ, അജാനൂർ | 94.00 |
| **നബാർഡ് പദ്ധതി** | | |
| 1 | ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം, നെടുമൺകാവ് | 502.00 |
| 2 | ഫിഷ് ലാന്റിംഗ് സെന്റർ, റാത്തിക്കൽ, തിരുവനന്തപുരം | 833.12 |
| 3 | ഫിഷ് ലാന്റിംഗ് സെന്റർ, ചില്ലക്കൽ, കൊല്ലം | 935.55 |
| 4 | ഫിഷ് ലാന്റിംഗ് സെന്റർ, പ്രായിക്കര, ആലപ്പുഴ | 142.26 |

കൂടാതെ സാഫ് മുഖേന ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക് പദ്ധതി നടപ്പാക്കിവരുന്നു. ശീതീകരിച്ച ഫിഷ് വെന്റിംഗ് കിയോസ്കുകൾ കൊണ്ട് വൃത്തിയുള്ളതും ഗുണമേന്മയുള്ളതും ഈടുനിൽക്കുന്നതുമായ മത്സ്യം ജനങ്ങളിലേക്ക് എത്തിക്കാൻ സാധിക്കും. ഗുണമേന്മയുള്ളതും വൃത്തിയുള്ളതും വിഷരഹിതവുമായ മത്സ്യം ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി മത്സ്യത്തൊഴിലാളി വനിതകൾക്ക്

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുമായി (CIFT) ചേർന്ന് ശീതീകരണ സംവിധാനത്തോടുകൂടിയ 20 മത്സ്യവിപണന കിയോസ്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം-1, കൊല്ലം-6, കോട്ടയം-2, ആലപ്പുഴ-2, എറണാകുളം-4, തൃശ്ശൂർ-1, കോഴിക്കോട് 420 യൂണിറ്റുകൾക്ക് കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. 44 മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇതിനായി 12.33 ലക്ഷം രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് CIFT രൂപകല്പന ചെയ്ത 26 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ സാഫിന്റെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നു. ഈ പദ്ധതിയിൽ ഒരു കിയോസ്ക് ലഭിക്കുന്നതിനായി 11,900 രൂപയാണ് ഗുണഭോക്തൃ വിഹിതമായി നൽകേണ്ടത്. ആദ്യഘട്ടത്തിൽ 14 കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 12 കിയോസ്കുകൾ വിതരണം ചെയ്യുന്നതിനായി സജ്ജമാക്കി വരുന്നു.

ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യവിൽപ്പന ഉറപ്പുവരുത്താൻ

കഴിയുന്ന വിധത്തിൽ ' കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021 ' നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ മത്സ്യം കൈകാര്യം ചെയ്യുന്ന ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ്, കടമുറി, ബൂത്ത്, കച്ചവടകേന്ദ്രം, ചിൽഡ് സ്റ്റോറേജ്, ഐസ് പ്ലാന്റ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം പരിവഹന സൗകര്യം, കണ്ടൈനർ എന്നിവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി രൂപീകരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പൂർണ്ണമായും ഉറപ്പാക്കുന്നതാണ്.

(സി) മത്സ്യം കേട്ടുകൂടാതെ സൂക്ഷിക്കുന്നതിന് ചെലവുകുറഞ്ഞ മാർഗ്ഗം എന്ന രീതിയിൽ ആരോഗ്യത്തിന് ഹാനികരമായ ഫോർമാലിൻ ഉൾപ്പെടെയുള്ള രാസവസ്തുക്കൾ ചേർക്കുന്നത് തടഞ്ഞ് ഗുണനിലവാരം ഉറപ്പാക്കാൻ മത്സ്യബന്ധന വകുപ്പ് ഇടപെടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യവിൽപ്പന ഉറപ്പുവരുത്താൻ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഭക്ഷ്യ സുരക്ഷാവകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായി ചേർന്ന് ടാസ്ക് ഫോഴ്സ് രൂപീകരിച്ച് രാസവസ്തുക്കൾ

കലർത്തിയുള്ള/പഴകിയ മത്സ്യവിൽപ്പന തടയാൻ പരിശോധനകൾ നടത്തിവരുന്നു. അമോണിയ, ഫോർമാലിൻ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ CIFT വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യയും പ്രയോജനപ്പെടുത്തി വരുന്നു. പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഉപഭോക്താക്കൾക്ക് തന്നെ മത്സ്യത്തിലെ ഫോർമാലിൻ, അമോണിയ അംശം പരിശോധിക്കുന്നതിന് കഴിയുന്നതാണ്. വിവിധ മാർക്കറ്റുകൾ, ഹാർബറുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തിവരുന്ന പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർത്ത മത്സ്യമോ, പഴകിയ മത്സ്യമോ വിൽപ്പന നടത്തുന്നതായി കണ്ടെത്തിയാൽ വിൽപ്പന നടത്തിയവർക്കെതിരെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് 2006 പ്രകാരം ശിക്ഷണ നടപടികളും സ്വീകരിച്ചുവരുന്നു. ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യവിൽപ്പന ഉറപ്പുവരുത്താൻ കഴിയുന്നവിധത്തിൽ ' കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021' നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ മത്സ്യം കൈകാര്യം ചെയ്യുന്ന ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ്, കടമുറി, ബൂത്ത്, കച്ചവടകേന്ദ്രം, ചിൽഡ് സ്റ്റോറേജ്,

ഐസ് പ്ലാന്റ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം പരിവഹന സൗകര്യം, കണ്ടെയ്നർ എന്നിവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി രൂപീകരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പൂർണ്ണമായും ഉറപ്പാക്കുന്നതാണ്.

## മത്സ്യാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും

8 (*368) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും സാധ്യമാക്കുന്നതിനായി പ്രത്യേക കൺസോർഷ്യം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് മത്സ്യാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ

ഉൽപ്പാദനവും വിപണനവും സാധ്യമാക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോപ്പറേഷൻ, മത്സ്യഫെഡ്, കാവിൽ, അഡാക്ക്, സാഫ് എന്നിവ അംഗങ്ങളായി ഒരു കൺസോർഷ്യം രൂപീകരിക്കുന്ന കാര്യം പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(ബി) മത്സ്യ ഗുണനിലവാര നിർണ്ണയത്തിനും പരിശോധനയ്ക്കുമായി മത്സ്യബന്ധന വകുപ്പ് സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യവിൽപ്പന ഉറപ്പുവരുത്താൻ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഭക്ഷ്യ സുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായി ചേർന്ന് ടാസ്ക് ഫോഴ്സ് രൂപീകരിച്ച് രാസവസ്തുക്കൾ കലർത്തിയുള്ള/പഴകിയ മത്സ്യ വിൽപ്പന തടയാൻ പരിശോധനകൾ നടത്തിവരുന്നു. വിവിധ മാർക്കറ്റുകൾ, ഹാർബറുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തിവരുന്ന പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർത്ത മത്സ്യമോ, പഴകിയ മത്സ്യമോ വിൽപ്പന നടത്തുന്നതായി കണ്ടെത്തിയാൽ വിൽപ്പന നടത്തിയവർക്കെതിരെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് 2006 പ്രകാരം ശിക്ഷണ നടപടികളും സ്വീകരിച്ചുവരുന്നു. അമോണിയ, ഫോർമാലിൻ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന്

കേന്ദ്രസർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യയും പ്രയോജനപ്പെടുത്തി വരുന്നു. പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഉപഭോക്താക്കൾക്ക് തന്നെ മത്സ്യത്തിലെ ഫോർമാലിൻ, അമോണിയ അംശം പരിശോധിക്കുന്നതിന് കഴിയുന്നതാണ്.

ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യവിൽപ്പന ഉറപ്പുവരുത്താൻ കഴിയുന്ന വിധത്തിൽ ' കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021' നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ മത്സ്യം കൈകാര്യം ചെയ്യുന്ന ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ്, കടമുറി, ബൂത്ത്, കച്ചവടകേന്ദ്രം, ചിൽഡ് സ്റ്റോറേജ്, ഐസ് പ്ലാന്റ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം, പരിവഹന സൗകര്യം, കണ്ടൈനർ എന്നിവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി രൂപീകരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പൂർണ്ണമായും ഉറപ്പാക്കുന്നതാണ്.

സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായി മായം

ചേർക്കുന്നതായുള്ള വാർത്തകളുടെയും പൊതുജനങ്ങളിൽനിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യങ്ങളിലെ മായം കണ്ടെത്തുന്നതിനായി സംസ്ഥാന സർക്കാർ ' ഓപ്പറേഷൻ മത്സ്യ' എന്ന പദ്ധതിക്ക് രൂപം നൽകുകയും 2022 ഏപ്രിൽ 18 മുതൽ സംസ്ഥാന വ്യാപകമായി അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ കാലയളവിൽ നാളിതുവരെ ഭക്ഷ്യയോഗ്യമല്ലാത്ത 23514 കിലോ മത്സ്യം നശിപ്പിച്ചിട്ടുണ്ട്. മത്സ്യ ഓപ്പറേഷനുമായി ബന്ധപ്പെട്ട് ശേഖരിച്ച 13 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ പരിശോധനയ്ക്കായി ഭക്ഷ്യസുരക്ഷാ ലാബുകളിലേയ്ക്ക് അയച്ചിട്ടുണ്ട്. സുരക്ഷിതമല്ലയെന്ന ലാബ് റിപ്പോർട്ടുകൾ ലഭിക്കുന്ന പക്ഷം കുറ്റക്കാർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

## കായലുകളുടെയും കനാലുകളുടെയും സംരക്ഷണം

9 (*369) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u>
<u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u>
<u>ശ്രീ. എം. നൗഷാദ്:</u>

ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിലടിയുന്ന മാലിന്യങ്ങൾ കൊണ്ടും നിർമ്മാണ പ്രവർത്തനങ്ങളുടെ ഫലമായി വൻതോതിൽ മണ്ണടിയുന്നതുകൊണ്ടും അപായ ഭീഷണി നേരിടുന്ന, റംസാർ പട്ടികയിൽപ്പെട്ടിട്ടുള്ള അഷ്ടമുടി കായൽ, ശാസ്താംകോട്ട കായൽ, വേമ്പനാട് കോൾ നിലങ്ങൾ എന്നിവയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) കായലുകളിൽ അടിഞ്ഞിട്ടുള്ള ചെളിയും മാലിന്യങ്ങളും ശാസ്ത്രീയമായി നീക്കി കായലുകളെ സംരക്ഷിക്കാനും അവയുടെ ജലവാഹക ശേഷി വർദ്ധിപ്പിക്കാനും പദ്ധതിയുണ്ടോ?

(എ & ബി) 2018, 2019 വർഷങ്ങളിലെ പ്രളയത്തിലും അതിനുമുമ്പും കാലാന്തരത്തിൽ ജലത്തോടൊപ്പം ഒഴുകിയെത്തിയ ചെളി/എക്കൽ എന്നിവ അടിഞ്ഞതിനാൽ കായലുകളുടെ ജല സംഭരണശേഷിയിൽ കുറവ് വന്നിട്ടുള്ളതായി നിരീക്ഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കായലുകളുടെ സംരക്ഷണ-പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നിർവ്വഹിക്കുകയെന്ന ലക്ഷ്യത്തോടുകൂടി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി

അദ്ധ്യക്ഷനായി "സംസ്ഥാന തണ്ണീർത്തട അതോറിറ്റി-കേരള" (State Wetland Authority - Kerala) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പാണ് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്. റംസാർ തടാകങ്ങളായി അംഗീകരിക്കപ്പെട്ട, വേമ്പനാട് കായൽ, അഷ്ടമുടിക്കായൽ, ശാസ്താംകോട്ട കായൽ എന്നിവയ്ക്കായി സംയോജിത മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ 3 റംസാർ തണ്ണീർത്തടങ്ങളുടെ സംരക്ഷണവും പരിപാലനവും ഈ അതോറിറ്റി മുഖാന്തരമാണ് നടപ്പാക്കുന്നത്.

2021-22-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പരിസ്ഥിതി പുനഃസ്ഥാപനത്തിന് ജലസംഭരണികൾ ഡീസിൽറ്റ് ചെയ്യുന്നതിനും നദികൾ, കായലുകൾ, തടാകങ്ങൾ, കനാലുകൾ തുടങ്ങിയവയുടെ പരിപാലനത്തിനും സംരക്ഷണത്തിനുമുള്ള പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇതിനായുള്ള ബഡ്ജറ്റ് ശീർഷകം ‘ 4250-00-800-90-PV’ ലഭ്യമാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പ്രവൃത്തികളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അഷ്ടമുടി, വേമ്പനാട്

കായലുകളുടെ ശുചീകരണത്തിനായി 20 കോടി രൂപയും ശാസ്താംകോട്ട കായലിന്റെ ശുചീകരണത്തിനും സംരക്ഷണത്തിനായി ഒരു കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) കായലുകളിലെയും കനാലുകളിലെയും അധിനിവേശ സസ്യങ്ങൾ ഉന്മൂലനം ചെയ്യാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കായലുകൾ മറ്റു ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലെ ജലത്തിലെ മാലിന്യത്തിന്റെ-പ്രത്യേകിച്ച് കാർഷികാവശ്യത്തിനായി വിനിയോഗിക്കുന്ന രാസവളത്തിന്റെ അവശിഷ്ടം വർദ്ധിക്കുന്നതിനനുസരിച്ച്, കുളവാഴ/പോള, പായലുകൾ എന്നിവയുടെ വ്യാപനം വർദ്ധിക്കുന്നതായി കാണുന്നു. പായലും പോളയും നീക്കം ചെയ്യുന്നതിനുള്ള പ്രത്യേക പദ്ധതികൾ നിലവിലില്ല. എന്നാൽ തോടുകൾ/കുളങ്ങൾ എന്നിവ ശുചിയാക്കുന്നതിന്റെ ഭാഗമായി പോള/പായൽ എന്നിവ നീക്കം ചെയ്യാറുണ്ട്. ഇതുകൂടാതെ, ജലസേചനവകുപ്പിലെ മെക്കാനിക്കൽ വിഭാഗത്തിൻകീഴിലുള്ള "വീഡ് ഹാർവെസ്റ്റർ" യന്ത്രം ഉപയോഗിച്ച് കായലുകളിലും അനുബന്ധ തോടുകളിലും അടിയുന്ന പോളയും പായലും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കായലുകളിലെയും കനാലുകളിലെയും അധിനിവേശ സസ്യങ്ങൾ ഉന്മൂലനം ചെയ്യുന്നതിന്റെ ഭാഗമായി ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽ വ്യാപിച്ചുകിടന്ന വിനാശകാരികളായ വള്ളിപ്പായൽ, കളകൾ, മുള്ളൻപോച്ച, എന്നിവയെ പ്രകൃതിദത്തമായ രീതിയിൽ കയറിൽ കല്ലുകെട്ടി വലിച്ച് തടാകത്തിൽനിന്നും കരയിലെത്തിച്ച് നീക്കം ചെയ്യുന്ന പദ്ധതി ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി തയ്യാറാക്കിയ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച, മാനേജ്മെന്റ് ആക്ഷൻ പ്ലാനിന്റെ ഭാഗമായി നടപ്പാക്കിയിട്ടുണ്ട്.

**മത്സ്യഫെഡ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ**

10 (*370) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. ജോയി:
ശ്രീ. എച്ച്. സലാം:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളെ ചൂഷണ വിമുക്തമാക്കുന്നതിന് സർക്കാരിന്റെ പിന്തുണയോടെ മത്സ്യഫെഡ് ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്?

മത്സ്യത്തൊഴിലാളികളെ ചൂഷണ വിമുക്തമാക്കുന്നതിന് മത്സ്യഫെഡ് സർക്കാരിന്റെ പിന്തുണയോടെ നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) മത്സ്യബന്ധനോപകരണങ്ങൾ ആർജ്ജിക്കുന്നതിനും മൂല്യവർദ്ധിതോൽപ്പന്നങ്ങൾ വ്യാപകമാക്കുന്നതിനും മത്സ്യ മാർക്കറ്റുകളുടെ ആധുനീകരണത്തിനും മത്സ്യഫെഡ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ?

മത്സ്യബന്ധനോപകരണങ്ങൾ ആർജ്ജിക്കുന്നതിനും മൂല്യവർദ്ധിതോൽപ്പന്നങ്ങൾ വ്യാപകമാക്കുന്നതിനും മത്സ്യ മാർക്കറ്റുകളുടെ ആധുനികകരണത്തിനും മത്സ്യഫെഡ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) മികച്ച ഗുണനിലവാരത്തിലുള്ള മത്സ്യവും മൂല്യവർദ്ധിതോൽപ്പന്നങ്ങളും നൽകി ഉപഭോക്താക്കൾക്കും മത്സ്യത്തൊഴിലാളികൾക്കും നേട്ടമുണ്ടാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ആധുനിക മത്സ്യസ്റ്റാളുകൾ സ്ഥാപിക്കാനുള്ള മത്സ്യഫെഡിന്റെ പദ്ധതി പ്രാവർത്തികമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും മത്സ്യഫെഡ് ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ 52 നിയോജക മണ്ഡലങ്ങളിൽ മത്സ്യഫെഡ് നേരിട്ട് നടത്തുന്ന 53 ബൂത്തുകളും സർവ്വീസ് സഹകരണ ബാങ്കുമായി സഹകരിച്ച് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന 60 ഫിഷ് മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട്. ബാക്കി 88 നിയോജകമണ്ഡലങ്ങളിൽ ബൂത്തുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കല്ലറയിൽ ഫിഷ് മാർട്ട് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനത്തിന് സജ്ജമാണ്. കണ്ണൂർ ജില്ലയിൽ ആന്തൂർ, മട്ടന്നൂർ, ചിറയ്ക്കൽ, വേങ്ങാട് എന്നീ സ്ഥലങ്ങളിൽ ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കാനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഫിഷ് മാർട്ടുകൾ അനുവദിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്ന നടപടി ദ്രുതഗതിയിൽ നടന്നുവരുന്നു. അന്നന്നുള്ള മത്സ്യം അന്നന്നുതന്നെ ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി അന്തിപച്ച എന്ന സഞ്ചരിക്കുന്ന 10 മത്സ്യ വിപണന ശാലകൾ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 8 മണിവരെ പ്രവർത്തിപ്പിക്കുന്നു. കൂടുതൽ അന്തിപച്ച യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. കൂടുതൽ

മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മത്സ്യസംഭരണം ഉർജ്ജിതപ്പെടുത്തുന്നതിനായി നിലവിലുള്ള 8 മത്സ്യ സംഭരണ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും എല്ലാ ജില്ലകളിലും മത്സ്യ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

## നദികളുടെ ഒഴുക്ക് സ്വച്ഛമാക്കുന്നതിന് നടപടി

11 (*371) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. എം. മണി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) അതിവൃഷ്ടിയുണ്ടാകുന്ന ഘട്ടത്തിൽ മലഞ്ചെരുവുകളിൽ മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാകുന്നത് നീർച്ചാലുകളും നീരൊഴുക്കും തടഞ്ഞുകൊണ്ടുള്ള അശാസ്ത്രീയ നിർമ്മാണങ്ങളാണ് എന്നതിനാൽ നീർച്ചാലുകളുടെയും തോടുകളുടെയും തടസ്സരഹിതമായ ഒഴുക്കിന് ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ?

ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി''-യുടെ ഭാഗമായി

നദീതടത്തിനകത്തു വരുന്ന ചെറുനീർത്തടങ്ങളെ ആധാരമാക്കി " സംയോജിത നീർത്തടപ്ലാനുകൾ" "റിഡ്ജ്-ടു-വാലി" സമീപനത്തോടുകൂടി തയ്യാറാക്കിയതിൽ നീർചാലുകളുടെയും തോടുകളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും സംരക്ഷണത്തിന് വേണ്ടിയുള്ള മുൻഗണനാപട്ടിക നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന ബജറ്റിലെ 'ഹരിതകേരളം' ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസ്സുകളും നീർചാലുകളും ശുചിയാക്കി, തടസ്സരഹിതമാക്കാനും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന ഫണ്ടിന്റെ ലഭ്യതയും മുൻഗണനാക്രമവുമനുസരിച്ച് നടപ്പാക്കിവരുന്നു. ഇതിനുപുറമേ ജനപങ്കാളിത്തത്തോടുകൂടി സന്നദ്ധ പ്രവർത്തന സ്വഭാവത്തിലും ജലസ്രോതസ്സുകൾ പരിപാലിച്ചുവരുന്നു. "ഇനി ഞാനൊഴുകട്ടെ" എന്ന പദ്ധതി ഇതിനുദാഹരണമാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും മറ്റും ശുചീകരണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാറുണ്ട്.

2022-23 ബഡ്ജറ്റ് പ്രസംഗത്തിൽ മലയോര മേഖലകളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി ശാസ്ത്രീയമായ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ സന്തുലിതാവസ്ഥ വീണ്ടെടുക്കുന്നതിനായി 4 കോടി

രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. "ഇനി ഞാനൊഴുകട്ടെ" കാമ്പയിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ 68 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 269.256 കിലോമീറ്റർ നീർച്ചാലുകൾ ജനകീയപങ്കാളിത്തത്തോടെയും തൊഴിലുറപ്പ് പ്രവർത്തകരുടെ സഹായത്തോടെയും ശുചീകരിച്ച് നീരൊഴുക്ക് സുഗമമാക്കി. കൂടാതെ "നവകേരളം കർമ്മ പദ്ധതി" പ്രകാരം "തെളിനീരൊഴുകും നവകേരളം" എന്ന കാമ്പയിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും വാർഡുതലത്തിലും സംഘാടക സമിതികൾ രൂപീകരണം, ജലനടത്തം, GIS മാപ്പിംഗ്, ജലഗുണനിലവാര പരിശോധന, ജനകീയ ശുചീകരണം എന്നീ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും ഏകോപനത്തിൽ ജില്ലയിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടത്തുകയുണ്ടായി.

(ബി) വർഷകാലാരംഭത്തിന് മുമ്പ് നദികളുടെയും തോടുകളുടെയും ഒഴുക്ക് തടയുന്ന തരത്തിലുള്ള മരച്ചില്ലകളും ചപ്പുചവറുകളും പ്ലാസ്റ്റിക് മാലിന്യങ്ങളും മണ്ണും നീക്കി നദികളുടെ ഒഴുക്ക് സ്വച്ഛമാക്കാൻ പദ്ധതിയുണ്ടോ?

വർഷകാലാരംഭത്തിന് മുമ്പ് നദികളുടെയും തോടുകളുടെയും ഒഴുക്ക് തടയുന്ന തരത്തിലുള്ള മരച്ചില്ലകളും ചപ്പുചവറുകളും മാലിന്യങ്ങളും മണ്ണും നീക്കി ഒഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജലസേചന വകപ്പ്

മുഖേന നടപ്പാക്കിവരുന്നു. ആയതിലേയ്ക്ക് 'Monsoon preparedness' പദ്ധതിയിലുൾപ്പെടുത്തി മേജർ, മൈനർ ഇറിഗേഷൻ ഡിവിഷനുകൾക്ക് 20 ലക്ഷം രൂപ വീതം എമർജൻസി ഫണ്ട് നൽകിയിട്ടുള്ളതും അത് ഉപയോഗിച്ച് അടിയന്തരമായി ഏർപ്പാടാക്കേണ്ട സ്ഥലങ്ങളിൽ ഇത്തരം പ്രവൃത്തികൾ നടപ്പാക്കി വരികയും ചെയ്യുന്നു. ഇത്തരത്തിൽ 2022 -ലേയ്ക്ക് സർക്കാർ 20 ലക്ഷം രൂപ വീതം അനുവദിക്കുകയും ടി ഫണ്ട് ഉപയോഗിച്ച് മേൽ പറഞ്ഞ പ്രവൃത്തികൾ നടപ്പാക്കി വരികയും ചെയ്യുന്നു. ഇതുകൂടാതെ, 2018-19-ലെ പ്രളയത്തിലും കാലാകാലങ്ങളായി പുഴകളിൽ അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കി പുഴയിലെ നീരൊഴുക്ക് സുഗമമാക്കാനും പുഴയുടെ വാഹകശേഷി പുനഃസ്ഥാപിക്കാനും അതുവഴി ഭാവിയിലെ വെള്ളപ്പൊക്ക സാധ്യത ഒരു പരിധിവരെ ലഘൂകരിക്കാനുള്ള പ്രവൃത്തികൾ വിവിധ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ നടത്തിവരുന്നുണ്ട്.

(സി) നദീതീരങ്ങൾ സംരക്ഷണ ഭിത്തി കെട്ടി സുരക്ഷിതമാക്കുന്നതിനുള്ള പ്രവൃത്തികൾ നടക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

നദീതീരങ്ങൾ സംരക്ഷണ ഭിത്തി കെട്ടി സുരക്ഷിതമാക്കാനുള്ള

പ്രവൃത്തികൾ അടിയന്തരപ്രാധാന്യം പരിഗണിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും നടന്നുവരുന്നുണ്ട്. വിവിധ കാര്യാലയങ്ങളിൽ നദീസംരക്ഷണത്തിനായി ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ Priority list തയ്യാറാക്കി വെള്ളപ്പൊക്ക നിയന്ത്രണം (FC) വെള്ളപ്പൊക്ക കെടുതി RMF പദ്ധതികളിലുൾപ്പെടുത്തി ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി, സാങ്കേതികാനുമതി നൽകി നദീതീര സംരക്ഷണ പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

കൂടാതെ വലിയ അടങ്കൽ വേണ്ടിവരുന്ന പ്രവൃത്തികൾ ബഡ്ജറ്റിലുൾപ്പെടുത്തി ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് നടപ്പിലാക്കാൻ സാധിക്കും.

**തീരദേശ വികസനത്തിന് പ്രത്യേക പാക്കേജ്**

12 (*372) ശ്രീ. കെ. ആൻസലൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി ദെലീമ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ വികസനത്തിനായി പ്രത്യേക പാക്കേജ്

പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളെയാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിന്റെ പ്രവർത്തന പുരോഗതിയെപ്പറ്റിയും വിശദമാക്കാമോ?

ഉണ്ട്. തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമുതകുന്ന പദ്ധതികളാണ് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും പാക്കേജിന്റെ ഭാഗമായി നടപ്പാക്കി വരുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) തീരദേശ സംരക്ഷണത്തിനും പോഷണത്തിനുമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

തീരദേശ സംരക്ഷണത്തിനും പോഷണത്തിനുമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

ഫിഷിംഗ് ഹാർബറുകളുടെ പരിപാലനത്തിനും നവീകരണത്തിനുമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നടപ്പാക്കിയതും നടപ്പാക്കി വരുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**പട്ടിക വിഭാഗത്തിൽപ്പെട്ടവർക്കുള്ള തൊഴിൽ, മാനവശേഷി വികസനം**

13 (*373) ശ്രീ. എം. വിജിൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എഞ്ചിനീയറിംഗ് യോഗ്യതയുള്ളവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി മേൽനോട്ടത്തിന് നിയമിക്കുന്നതിന് പ്രത്യേകമായ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പുകളും പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്തി തദ്ദേശ വകുപ്പും നടപ്പാക്കുന്നതും എഞ്ചിനീയറിംഗ് വൈദഗ്ധ്യം ആവശ്യമുള്ളതുമായ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മേൽനോട്ടം വഹിച്ച് സമയോചിതമായ ഇടപെടൽ നടത്തുന്നതിനായി സിവിൽ എഞ്ചിനീയറിംഗ് ബിരുദം/ഡിപ്ലോമ/ ഐ.ടി.ഐ. യോഗ്യതയുള്ളതും 35 വയസ്സ് പൂർത്തിയാകാത്തവരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 300 -ഉം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 200- ഉം യുവതി/യുവാക്കളെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി 18,000/- രൂപ ഓണറേറിയത്തിൽ 2 വർഷക്കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഡയറക്ടറേറ്റ്, ജില്ലാ/പ്രോജക്ട് ഓഫീസ് എന്നിവിടങ്ങളിൽ നിയമിക്കുന്നതിന് 29-06-2022-ലെ സ.ഉ.(കൈ)നം.30/2022/പജ.പവ.വിവ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നിർമ്മാണ മേഖലയിലെ വിവിധ പദ്ധതികൾ, പുതിയ പ്രവണതകൾ, എഞ്ചിനീയറിംഗ് സോഫ്റ്റ് വെയറുകൾ എന്നിവയെപ്പറ്റിയുള്ള സമഗ്ര എഞ്ചിനീയറിംഗ് പരിശീലനം കിലയുടെ ആഭിമുഖ്യത്തിൽ നൽകുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ പരിചയം നൽകുന്നതിനും അതിലൂടെ മാനവശേഷി വികസിപ്പിക്കുന്നതിനും ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. സർക്കാർ സംവിധാനത്തിലൂടെ തൊഴിൽപരിചയം

സിദ്ധിക്കുന്നതിലൂടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് സർക്കാർ/സ്വകാര്യ മേഖലകളിൽ മികച്ച തൊഴിൽ അവസരങ്ങൾ ലഭ്യമാകുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കടന്നുവരുന്നതിനും ടി പദ്ധതിയിലൂടെ സാധിക്കുന്നതാണ്.

പട്ടികജാതി വികസന വകുപ്പിൽ 300 -ഉം പട്ടികവർഗ്ഗ വികസന വകുപ്പിൽ 200- ഉം അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർമാരെ നിയമിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിലെ യുവതീയുവാക്കൾക്ക് പരിശീലനം, തൊഴിൽ, മാനവശേഷി വികസനം എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

നൈപുണ്യ വികസന പരിശീലന പരിപാടി, വിദേശതൊഴിൽ ധനസഹായ പദ്ധതി, പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കുള്ള ധനസഹായം, സ്വയം തൊഴിൽ സബ്സിഡി പദ്ധതി എന്നീ പദ്ധതികളാണ് പട്ടികജാതി വിഭാഗത്തിലെ യുവതി, യുവാക്കൾക്ക് പരിശീലനം, തൊഴിൽ, മാനവശേഷി വികസനം എന്നിവയ്ക്കായി നടപ്പാക്കി വരുന്നത്. അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ നിയമനം കൂടാതെ, നഴ്സിംഗ്/പാരാമെഡിക്കൽ മേഖലയിലുള്ളവർക്ക് പ്രാഥമികാരോഗ്യകേന്ദ്രം

മുതൽ സർക്കാർ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ തൊഴിൽ പരിചയത്തിനായി ഓണറേറിയം വ്യവസ്ഥയിൽ രണ്ട് വർഷക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അതിനുപുറമെ, അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് വിവിധ വകുപ്പുകളിലും/സ്ഥാപനങ്ങളിലും ഹോണറേറിയം വ്യവസ്ഥയിൽ താൽക്കാലിക നിയമനം നൽകി തൊഴിൽ പരിശീലനം നൽകാനും വകുപ്പ് ഉദ്ദേശിക്കുന്നു. പട്ടികവിഭാഗത്തിൽപ്പെട്ട യുവജനങ്ങളെ ഒരേസമയം തൊഴിൽ സംരംഭകരായും തൊഴിൽദാതാക്കളുമായി മാറ്റുന്നതിന് എംപവർമെന്റ് സൊസൈറ്റികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## സിനിമ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ നടപടി

14 (*374) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിനിമ വ്യവസായം നേരിടുന്ന പ്രതിസന്ധി

പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

കോവിഡ് കാലത്ത് ചലച്ചിത്ര വ്യവസായം നേരിട്ട രൂക്ഷമായ പ്രതിസന്ധി പരിഹരിക്കുന്നതിനായി വിവിധ ആശ്വാസ നടപടി സ്വീകരിച്ചിട്ടുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിയന്ത്രിതമായ തോതിൽ ഷൂട്ടിംഗ് പുനരാരംഭിക്കാൻ അനുമതി നൽകി. കോവിഡ് വ്യാപനത്തോത് കുറഞ്ഞപ്പോൾ 50% സീറ്റിംഗ് കപ്പാസിറ്റിയിൽ തിയറ്ററുകൾ തുറന്നു പ്രവർത്തിക്കാൻ അനുമതി നൽകി. തുടർന്ന് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നൂറ് ശതമാനം സീറ്റിംഗ് കപ്പാസിറ്റിയിൽ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ തിയറ്ററുകളിലും ഇ-ടിക്കറ്റിംഗ് സമ്പ്രദായം നടപ്പാക്കുന്നതിന് സർക്കാരിന്റെ 04.01.2020-ലെ സ.ഉ.(സാധാ)നം. 101/2020-ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് അടഞ്ഞുകിടന്ന സിനിമാ തിയറ്ററുകളുടെ വിനോദനികുതി 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിൽ ഇളവ് ചെയ്ത് നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുള്ള ലൈസൻസ് പിഴ കൂടാതെ പുതുക്കുന്നതിനുള്ള കാലാവധി 31.08.2022 വരെ ദീർഘിപ്പിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 2021 ഡിസംബർ വരെ സെസ്സ് കുടിശ്ശിക വകയിരുത്തിയിട്ടുള്ള തിയറ്ററുകൾക്ക് ടി തുക അടച്ചുതീർക്കുന്നതിന് 6 മാസത്തേക്ക് കൂടി സമയം (2022 ഡിസംബർ വരെ) ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 2020 ഫെബ്രുവരി വരെ അംഗത്വത്തിന് അപേക്ഷ നൽകിയ കലാകാരന്മാരിൽ കോവിഡ് ധനസഹായത്തിന് അപേക്ഷ നൽകിയവർക്ക് 2000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021 ഏപ്രിൽ വരെ അംഗത്വത്തിന് അപേക്ഷ നൽകിയ കലാകാരന്മാർക്ക് 1000 രൂപ വീതവും കോവിഡ് ധനസഹായമായി നൽകിയിട്ടുണ്ട്.

കോവിഡ്-19 കാരണം പ്രതിസന്ധിയിലായ സിനിമാ തിയറ്ററുകൾക്ക് വൈദ്യുതി ഫിക്സഡ്/ഡിമാന്റ് ചാർജിൽ ഇളവ് നൽകിയിരുന്നു. പ്രസ്തുത ഇളവിനുശേഷമുള്ള ബാക്കി തുക തുല്യ തവണകളാക്കി അടക്കുന്നതിനുള്ള സാവകാശവും നൽകിയിരുന്നു. സംസ്ഥാനത്തെ മറ്റേതൊരു മേഖലയെക്കാളും വൈദ്യുതി ചാർജ്ജിനത്തിൽ കൂടുതൽ ഇളവുകൾ ലഭ്യമായത് സിനിമാ തിയറ്ററുകൾക്കാണ്.

(ബി) സിനിമ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ പുതുതായി

എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മലയാള ചലച്ചിത്ര മേഖലയുടെ വളർച്ചയും വികാസവും സംബന്ധിച്ച് സമഗ്രമായ അറിവുകൾ പകരുന്നതിനായി മലയാള സിനിമാ മ്യൂസിയം സ്ഥാപിക്കുന്നതിന് ചലച്ചിത്ര അക്കാദമി സമർപ്പിച്ച പദ്ധതി നിർദ്ദേശം സർക്കാർ അംഗീകരിക്കുകയും പ്രാരംഭ നടപടിക്കായി ബജറ്റിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. മലയാള സിനിമയുടെ സാങ്കേതിക രംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി ചലച്ചിത്ര അക്കാദമി ഒരു നൈപുണ്യവികസന പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. എഡിറ്റിംഗ്, സൗണ്ട് ഡിസൈൻ, സിനിമാറ്റോഗ്രഫി തുടങ്ങിയ സാങ്കേതിക വിഭാഗങ്ങളിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുള്ള കരിയർ ഓറിയന്റേഷൻ പരിപാടി കൂടിയാണിത്. മലയാള ചലച്ചിത്ര കലയുടെയും വ്യവസായത്തിന്റെയും വികാസ പരിണാമങ്ങളെ സംബന്ധിച്ച ചരിത്രപരമായ ഗവേഷണപഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഫെലോഷിപ്പ് പദ്ധതിയും ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ നിർവ്വഹിച്ചുവരുന്നു.

കേരളത്തിൽത്തന്നെ സിനിമകളുടെ ചിത്രീകരണത്തിനും പോസ്റ്റ് പ്രൊഡക്ഷൻ വർക്കുകൾക്കും വേണ്ട എല്ലാ സൗകര്യങ്ങളും ചിത്രാഞ്ജലി

സ്റ്റുഡിയോയുടെ ആധുനിക സംവിധാനങ്ങളോടെയുള്ള നവീകരണത്തിലൂടെ സാധ്യമാകും. ചിത്രാഞ്ജലി പാക്കേജിൽ നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് 5 ലക്ഷം രൂപ വരെ സബ്സിഡിയായി ഇപ്പോൾ നൽകി വരുന്നുണ്ട്. എല്ലാ സിനിമകൾക്കും മികച്ച പ്രേക്ഷക ആസ്വാദനം ലഭ്യമാക്കുന്നതിനായി നിലവിലുള്ള കെ.എസ്.എഫ്.ഡി.സി. തിയറ്ററുകൾ അത്യാധുനിക സൗകര്യങ്ങളോടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ കിഫ്ബി ഫണ്ടുപയോഗിച്ച് സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ആധുനിക സൗകര്യങ്ങളോടെയുള്ള പുതിയ തിയറ്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

കലാമൂല്യമുള്ള സിനിമകളുടെ നിർമ്മാതാക്കൾക്ക് തിയറ്റർ റിലീസിംഗിന് ശേഷവും തുടർ വരുമാനം ലഭിക്കുന്നതിനായി ഡിജിറ്റൽ റിലീസിംഗിനുള്ള സാങ്കേതിക രൂപമായ ഒ.ടി.ടി. പ്ലാറ്റ്ഫോം സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സർക്കാർ ധനസഹായത്തോടെ ആരംഭിക്കാനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു.

സിനിമാ മേഖലയിൽ വനിതകൾക്കുള്ള അവസരം വർദ്ധിപ്പിക്കുന്നതിനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2019-20 ബഡ്ജറ്റിൽ പ്രഖ്യാപിച്ച രണ്ടുചിത്രങ്ങളുടെ നിർമ്മാണം

കെ.എസ്.എഫ്.ഡി.സി.-യുടെ നേതൃത്വത്തിൽ പൂർത്തീകരിച്ച് പ്രദർശനത്തിന് തയ്യാറാക്കിയിട്ടുണ്ട്. 2020-21-ലും 2021-22-ലും വനിതാ സംവിധായകരെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംവിധായകരെയും പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഈ വിഭാഗത്തിൽപ്പെടുന്ന സംവിധായകരുടെ രണ്ടുചിത്രങ്ങൾ വീതം നിർമ്മിക്കുന്ന പദ്ധതി സർക്കാർ ഫണ്ടോടുകൂടി കെ.എസ്.എഫ്.ഡി.സി.-യുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

## മത്സ്യത്തൊഴിലാളികളുടെ പശ്ചാത്തല സൗകര്യ വികസനം

15 (*375) ശ്രീമതി ദെലീമ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സാമൂഹിക, സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിന് പശ്ചാത്തല സൗകര്യ വികസനത്തിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പൊതുസമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ പൊതുവിഭാഗത്തിന്റെ

വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം. 2020-21 വർഷം പൊതുവിഭാഗത്തിന്റേത് 2,16,749/- രൂപയും മത്സ്യത്തൊഴിലാളിയുടേത് 1,12,957/- രൂപയും ആണ്. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യ വിഭവ സംരക്ഷണത്തിനും വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ യഥാസമയം അനുവദിച്ച ധനമാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനായും നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) നിലവിലുള്ള തീരദേശ റോഡുകൾ പുനരുദ്ധരിച്ചും പുതിയത് നിർമ്മിച്ചും ഹാർബറുകളുടേയും മാർക്കറ്റുകളുടേയും ഹൈവേയുമായുള്ള കണക്റ്റിവിറ്റി മെച്ചപ്പെടുത്തിയിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എത്തിയതിനുശേഷം എത്ര തീരദേശ റോഡുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 333 എണ്ണം തീരദേശ റോഡുകളുടെ പ്രവൃത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പരപ്പനങ്ങാടി, ചെത്തി എന്നിവിടങ്ങളിൽ നിർമ്മിക്കുന്ന പുതിയ ഹാർബറുകളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; നിലവിലുള്ള ഹാർബറുകളുടെ നവീകരണത്തിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

പരപ്പനങ്ങാടി, ചെത്തി എന്നിവിടങ്ങളിൽ നിർമ്മിക്കുന്ന ഹാർബറുകളുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

112.2 കോടി രൂപയുടെ അനുമതി നൽകിയ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണപ്രവൃത്തിയുടെ പ്രധാന ഘടകങ്ങൾ തെക്കേ പുലിമുട്ട് (1375 മീറ്റർ), വടക്കേ പുലിമുട്ട് (785 മീറ്റർ), വാർഫ്, ലേലപ്പുര, ലോഡിംഗ് ഏരിയ, നെറ്റ് മെൻഡിംഗ് ഷെഡ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കാന്റീൻ, അപ്രോച്ച് റോഡും ഇന്റേണൽ റോഡും വാട്ടർ സപ്ലൈ, ഇലക്ട്രിഫിക്കേഷൻ എന്നിവയാണ്. വടക്കേ പുലിമുട്ടിന്റെ നിർമ്മാണം ഭാഗികമായി

പൂർത്തീകരിക്കുകയും പ്രൈമറി ആർമർ ലെയറിന്റെ പാക്കിംഗ് പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. തെക്കേ പുലിമുട്ടിന്റെ പൂർത്തീകരിച്ച 670 മീറ്റർ നീളത്തിൽ പ്രൈമറി ലെയറിന്റെ പാക്കിംഗ് പുരോഗമിക്കുന്നു. മൺസൂൺ കഴിയുന്നതോടെ പുലിമുട്ടുകളുടെ പ്രവൃത്തികളും മറ്റ് അനുബന്ധ പ്രവൃത്തികളും ആരംഭിക്കുന്നതാണ്.

97.43 കോടി രൂപയുടെ അനുമതി നൽകിയ ചെത്തി ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവൃത്തിയുടെ പ്രധാന ഘടകങ്ങൾ തെക്കേ പുലിമുട്ട് (947 മീറ്റർ), വടക്കേ പുലിമുട്ട് (661 മീറ്റർ), വാർഫ്, ലേലപ്പുര, അപ്രോച്ച് റോഡും ഇന്റേണൽ റോഡും പാർക്കിംഗ് ഏരിയ, ഡ്രെഡ്ജിംഗ്, ഗേറ്റും ഗേറ്റ് ഹൗസും കോമ്പൗണ്ട് വാൾ, ഓവർഹെഡ് ടാങ്കും ജലവിതരണവും ഇലക്ട്രിഫിക്കേഷൻ എന്നിവയാണ്. വടക്കേ പുലിമുട്ടിന്റെ കോർ ലെയർ 97 മീറ്ററും തെക്കേ പുലിമുട്ടിന്റെ കോർ ലെയർ 76 മീറ്ററും പൂർത്തിയായിട്ടുണ്ട്. കാലവർഷം കാരണം പ്രവൃത്തി താൽക്കാലികമായി നിർത്തിവച്ചിരിക്കയാണ്. കാലവർഷം കുറയുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുന്നതാണ്.

നിലവിലുള്ള ഹാർബറുകളുടെ നവീകരണ പ്രവർത്തനങ്ങൾ

സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ജണ്ടകൾ സ്ഥാപിക്കൽ**

16 (*376) <u>ശ്രീ. എം. എം. മണി:</u>
<u>ശ്രീ. ഐ. ബി. സതീഷ്:</u>
<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u>
<u>ശ്രീ. കെ. പ്രേംകുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജണ്ടകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നടത്തിയ പരിശോധനയിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരായി നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. അപാകതകൾ സംബന്ധിച്ച് വനം വിജിലൻസ് വിഭാഗം വിശദമായ അന്വേഷണം നടത്തി വരികയാണ്. ആയത് പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി വിജയകരവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിനുവേണ്ടി എന്തെല്ലാം ക്രമീകരണങ്ങളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാനത്ത് വനം കയ്യേറ്റം പൂർണ്ണമായി തടയുന്നതിനും വനം അതിർത്തി നിശ്ചയിക്കുന്നതിനും സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുന്ന പദ്ധതി വിജയകരമായും സമയബന്ധിതമായും നടപ്പാക്കിവരുന്നു. വനഭൂമി, റവന്യൂ ഭൂമിയുമായി ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ ആവശ്യമായ പരിശോധന നടത്തി വനാതിർത്തി നിർണ്ണയിച്ച് ജണ്ട നിർമ്മാണം നടപ്പാക്കിവരുന്നു. ഇത്തരം പ്രവൃത്തികൾക്കായി സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെയും വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേ എന്ന സ്ഥാപനം വഴി മോഡേൺ സർവ്വേ രീതികളിൽ, പരിശീലനം നൽകി വനാതിർത്തി നിർണ്ണയത്തിനുള്ള സേവനങ്ങൾക്ക് കൂടി ഉപയോഗപ്പെടുത്തി വരുന്നു.

**സാമൂഹ്യ പുരോഗതിക്കായി യുവജന പങ്കാളിത്തം**

17 (*377) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ

വകുപ്പുമന്ത്രി

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഗ്രാമസഭകളിലും സാമൂഹ്യ സന്നദ്ധ പ്രവർത്തനങ്ങളിലും യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി സംസ്ഥാനത്തിന്റെ സർവതോന്മുഖമായ പുരോഗതിയിൽ അവരുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക ആസൂത്രണത്തിന് ഗ്രാമസഭകൾ യോഗം ചേരുന്നതിനുമുമ്പ് പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വ്യാപകമായ പ്രചരണ പരിപാടികൾ ദൃശ്യ-ശ്രവ്യ-സാമൂഹ്യ മാധ്യമങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനകീയ സംഘടനകൾ, കുടുംബശ്രീ ശൃംഖല തുടങ്ങിയവയിലൂടെ നൽകുന്നത് വഴി ഗ്രാമസഭകളിൽ യുവജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് കഴിയുന്നുണ്ട്. കൂടാതെ, ഗ്രാമസഭ ഓൺലൈനായി ചേരുന്നതിന് ഐ.കെ.എം. (Information Kerala Mission)

തയ്യാറാക്കി വരുന്ന ഓൺലൈൻ ഗ്രാമസഭ പോർട്ടൽ വഴി ഗ്രാമസഭകളിൽ യുവജനങ്ങൾ ഉൾപ്പെടെയുള്ളവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്

സാധിക്കുന്നതാണ്. സാമൂഹ്യ സന്നദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ താൽപര്യമുള്ള ഏതൊരു വ്യക്തിക്കും www.sannadhasena.kerala.gov.in എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്ത് സാമൂഹിക സന്നദ്ധസേനയുടെ ഭാഗമാകാവുന്നതാണ്.

സാമൂഹ്യ സന്നദ്ധ പ്രവർത്തനങ്ങളിൽ യുവജനപങ്കാളിത്തം ഉറപ്പുവരുത്തി സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിയിൽ അവരുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേരള സംസ്ഥാന യുവജന കമ്മീഷൻ ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

1. യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം-മയക്കുമരുന്ന് ഉപയോഗം, റാഗിംഗ്-സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവ തടയുന്നതിനായി സന്നദ്ധ പ്രവർത്തകരുടെ ഒരു കൂട്ടായ്മ രൂപീകരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകൾ, പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബുകൾ തുടങ്ങി യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തുന്നു.
2. ഗ്രീൻ യൂത്ത് പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി സംരക്ഷണത്തിനും

പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും മാലിന്യ നിർമ്മാർജ്ജനത്തിനും ഇതു സംബന്ധിച്ച ബോധവൽക്കരണത്തിനുമായി സേവന സന്നദ്ധരായ ഒരുകൂട്ടം യുവജനങ്ങളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകി സർക്കാരിന്റെ വിവിധ പരിസ്ഥിതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് യുവജന കമ്മീഷൻ രൂപം നൽകിയിട്ടുണ്ട്. ശുചിത്വ മിഷനുമായി സഹകരിച്ച് സംസ്ഥാനത്തെ വിവിധ ജലസ്രോതസ്സുകളിലെ മാലിന്യ നിർമ്മാർജ്ജനത്തിലൂടെ അവ പൊതുജനങ്ങൾക്ക് ഉപയോഗയോഗ്യമാക്കുന്നതിനും പരിസ്ഥിതി മലിനീകരണത്തിനെതിരെ യുവാക്കളുടെ കൂട്ടായ്മകൾ രൂപീകരിച്ച് ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവുമാണ് ടി പദ്ധതി വിഭാവനം ചെയ്യുന്നത്.

കൂടാതെ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2022-23 വർഷം വിവിധങ്ങളായ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നു. കായിക മത്സരങ്ങൾ, ട്രക്കിംഗ്, നീന്തൽ- അമ്പെയ്ത്ത് പരിശീലനം, ബീച്ച് ഫെസ്റ്റിവൽ, "ടീം കേരള" സന്നദ്ധ സേനാംഗങ്ങളുടെ പരിശീലനം, ലഹരി വിരുദ്ധ ക്യാമ്പയിൻ, വിവിധ തൊഴിൽ പരിശീലനങ്ങൾ, കാർഷിക ക്ലബ്ബുകളിലൂടെയുള്ള

പരിശീലനം എന്നിവയും ഫ്ലാറ്റ് ക്ലബ്ബ്, അവളിടം ക്ലബ്ബ്, യൂത്ത്-യുവാ ക്ലബ്ബ് തുടങ്ങിയവ മുഖേന വിവിധ പരിപാടികളും സംഘടിപ്പിക്കുന്നു.

(ബി) രാഷ്ട്ര പുനർനിർമ്മാണത്തിലും വികസനത്തിലും യുവജനങ്ങളുടെ ബൗദ്ധികവും കായികവുമായ ശേഷി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

രാഷ്ട്രപുനർനിർമ്മാണത്തിലും വികസനത്തിലും യുവജനങ്ങളുടെ ബൗദ്ധികവും കായികവുമായ ശേഷി പ്രയോജനപ്പെടുത്തുന്നതിന് കേരള സംസ്ഥാന യുവജന കമ്മീഷന്റെ പാർശ്വവൽകൃത യുവജനങ്ങളുടെ ശാക്തീകരണം പദ്ധതിയിലുൾപ്പെടുത്തി മാർഷ്യൽ ആർട്സ് പരിശീലനം, ദേശീയ യുവജനദിനാഘോഷത്തിൽ ഉൾപ്പെടുത്തി പ്രസംഗ മത്സരം, സെമിനാറുകൾ എന്നിവ നടത്തിവരുന്നു. കൂടാതെ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

- ട്രാൻസ്ജെൻഡർ ശാക്തീകരണം
- ട്രൈബൽ സ്പോർട്സ് മത്സരങ്ങൾ
- ലഹരി വിരുദ്ധ ക്യാമ്പയിൻ

അവളിടം ക്ലബ്ബ്, കതിർ കാർഷിക ക്ലബ്ബുകൾ, യൂത്ത് യുവ ക്ലബ്ബുകൾ, ഫ്ലാറ്റ് ക്ലബ്ബുകൾ, മാരിവിൽ ക്ലബ്ബ്, YES ക്ലബ്ബ് എന്നിവ മുഖേന നടപ്പാക്കുന്ന വിവിധ പരിപാടികൾ.

- വിവിധ ദിനാചരണങ്ങൾ
- തൊഴിൽ പരിശീലനത്തിനായി എൽ.ഇ.ഡി. ബൾബ് നിർമ്മാണം
- ഹൈസ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്ര ക്വിസ്സ്
- ഓൺലൈൻ ഡെലിവറി സംവിധാനം
- സെക്യൂരിറ്റി സർവ്വീസ്
- ടൂർ ഗൈഡ് സർവ്വീസ്
- നീന്തൽ പരിശീലനം
- കായിക മത്സരങ്ങൾ
- അമ്പെയ്ത്ത് പരിശീലനം
- ബീച്ച് ഫെസ്റ്റ്
- ട്രക്കിംഗ്

- സാഹസിക കാർണിവൽ
- സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം
- മണിനാദം (നാടൻപാട്ട് മത്സരം)
- ഷോർട്ട് ഫിലിം ഫെസ്റ്റിവൽ
- സാഹിത്യ ക്യാമ്പ്
- മാധ്യമ ക്യാമ്പ്
- ടീം കേരള (കേരള യൂത്ത് ഫോഴ്സ് പരിശീലനം)
- കേരളോത്സവം

കൂടാതെ, കായിക വികസനം ലക്ഷ്യമിട്ടുകൊണ്ട് ഓരോ വർഷവും ഗ്രാമ പഞ്ചായത്തുകൾ ഗെയിം ഫെസ്റ്റിവൽ നടത്തുന്നുണ്ട്.

(സി) പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ യുവജനങ്ങളെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമാകുന്നതിനുവേണ്ടി അടിയന്തര പ്രതികരണ ടീം (Emergency

Response Team) രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതനുസരിച്ച് പരിശീലനം സിദ്ധിച്ചവരും പ്രദേശത്തെ ഭൂഘടനയെക്കുറിച്ച് അറിയുന്നവരുമായ യുവജനങ്ങളെയുൾപ്പെടുത്തി ടീം രൂപീകരിച്ചിട്ടുണ്ട്.

പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ യുവജനങ്ങളെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഡിഫൻസ് ഫോഴ്സ് രൂപീകരിക്കുകയും ആയത് മുഖ്യമന്ത്രിയുടെ "സന്നദ്ധം" പോർട്ടലിൽ ലയിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ, പ്രകൃതി ദുരന്തങ്ങളെ നേരിടാൻ യുവജന പങ്കാളിത്തത്തോടെയുള്ള വോളന്റിയർമാരെ തയ്യാറാക്കുകയെന്ന ലക്ഷ്യത്തോടെ ടീം കേരള എന്ന സന്നദ്ധ സേവന സേന കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തോടെയാണ് ഈ സന്നദ്ധ സേവന സേനയ്ക്ക് രൂപം നൽകിയത്. പ്രളയത്തിൽ കൈത്താങ്ങായി മാറിയ യുവാക്കളെയുൾപ്പെടുത്തി കേരളത്തിന് സ്വന്തമായൊരു സന്നദ്ധ സേവന സേന എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ സേനയിൽ ഓൺലൈനായി 1,15,000 പേർ രജിസ്റ്റർ ചെയ്യുകയുണ്ടായി. രജിസ്റ്റർ ചെയ്തവരിൽനിന്നും സന്നദ്ധരായവരെ തെരഞ്ഞെടുത്ത് ഡിസാസ്റ്റർ

മാനേജ്മെന്റ്, ഫയർ & സേഫ്റ്റി, ഫസ്റ്റ് എയ്ഡ്, കായിക പരിശീലനം, കൗൺസിലിംഗ് തുടങ്ങിയ മേഖലകളിൽ വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ വനിതകൾക്കും ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. 300 പേരടങ്ങുന്ന ഒരു വനിതാ ടീമിന് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തുണ്ടായ പ്രളയ രക്ഷാ പ്രവർത്തനങ്ങളിൽ സർക്കാർ സംവിധാനങ്ങളെ സഹായിക്കുന്നതിനും കളക്ഷൻ സെന്ററുകൾ ആരംഭിച്ച് അതുവഴി ദുരിതം അനുഭവിക്കുന്നവർക്ക് അവശ്യ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനും ഈ സന്നദ്ധ സേവന സേനയ്ക്ക് സാധിച്ചിട്ടുണ്ട്. കോവിഡ് കാലത്ത് സാനിട്ടൈസിംഗ്, മാസ്ക് വിതരണം, ലോക്ക്ഡൗൺ കാലത്തെ സേവനങ്ങൾ, ജീവൻരക്ഷാ മരുന്നുകളും മറ്റ് അവശ്യസാധനങ്ങളും എത്തിച്ചുകൊടുക്കൽ, സ്കൂളുകളും സർക്കാർ ഓഫീസുകളും പൊതു ഇടങ്ങളും അണുവിമുക്തമാക്കുക, സി.എഫ്.എൽ.റ്റി.സി. കേന്ദ്രങ്ങളിലെ സേവനങ്ങൾ, കമ്മ്യൂണിറ്റി കിച്ചണിലെ സേവനങ്ങൾ, പ്രത്യേക മെഡിക്കൽ ടീമിന്റെ വിവര ശേഖരണം, രക്തദാനം തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) യുവജനങ്ങളിൽ കൂട്ടായ സംരംഭകത്വ ശീലം വളർത്തുന്നതിന് വേണ്ടി നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

യുവജനങ്ങളിൽ കൂട്ടായ സംരംഭകത്വ ശീലം വളർത്തുന്നതിനുവേണ്ടി കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളും കെ.എസ്.ഐ.ഡി.സി. പോലെയുള്ള ഏജൻസികളും നിലവിൽ നടപ്പാക്കിവരുന്ന സംരംഭകത്വ സ്കീമുകളിൽനിന്നുള്ള സഹായം ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചിട്ടുണ്ട്.

യുവജനങ്ങളിൽ കൂട്ടായ സംരംഭകത്വശീലം വളർത്തുന്നതിനുവേണ്ടി യുവജനകൂട്ടായ്മകൾ രൂപപ്പെടുത്തി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും അതിലൂടെ വരുമാനം ആർജ്ജിക്കുകയും ചെയ്യുകയെന്ന പദ്ധതിയിലുൾപ്പെടുത്തി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് എൽ.ഇ.ഡി. ബൾബ് നിർമ്മാണ പരിശീലനം സംഘടിപ്പിക്കാനുദ്ദേശിക്കുന്നു. അസംസ്കൃതവസ്തുക്കൾ വാങ്ങി യുവജനങ്ങളുടെ സഹകരണത്തോടെ എൽ.ഇ.ഡി. ബൾബ് നിർമ്മിച്ച് വിതരണം നടത്താനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ പൈലറ്റ് പദ്ധതി എന്ന നിലയിൽ എറണാകുളം ജില്ലയിൽ ഓൺലൈൻ ഡെലിവറി സംവിധാനം ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നുണ്ട്. സെക്യൂരിറ്റി- ടൂർഗൈഡ് സർവ്വീസുകൾ, സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ

ട്രാൻസ്ജെൻഡർ വിഭാഗത്തിന് തൊഴിൽ പരിശീലനം, അവളിടം ക്ലബ്ബുകൾക്ക് കലാട്ടുപ്പ്, കാറ്ററിംഗ് യൂണിറ്റുകൾ, കതിർ ക്ലബ്ബുകൾക്ക് ശാസ്ത്രീയ കൃഷിരീതിയിൽ പരിശീലനം തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

**പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ പഠന സാഹചര്യം മെച്ചപ്പെടുത്തൽ**

18 (*378) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വകുപ്പിന് കീഴിലും പട്ടിക ഗോത്രവർഗ്ഗ വകുപ്പിന് കീഴിലുമുള്ള പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ ജീവിതാന്തരീക്ഷവും പഠന സാഹചര്യങ്ങളും മെച്ചപ്പെടുത്താൻ ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള എല്ലാ ഹോസ്റ്റലുകളും നവീകരിച്ച് നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി

സ്വീകരിച്ചിട്ടുണ്ട്. അവിടെയെല്ലാ അടിസ്ഥാന സൗകര്യങ്ങളുമുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. എല്ലാ ഹോസ്റ്റലുകളിലും പ്രവർത്തനം വിലയിരുത്തുന്നതിന് സ്ഥലം എം.എൽ.എ. രക്ഷാധികാരിയായ ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി യഥാസമയം യോഗം ചേർന്ന് ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ ഭൗതിക സാഹചര്യങ്ങൾ ഉയർത്തുന്നതിനായി വിവിധ പദ്ധതികൾ വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ശുദ്ധജലം, ശുചിത്വം വിദ്യാർത്ഥികളുടെ സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സി.സി.ടി.വി., മിനിമാസ്റ്റ് ലൈറ്റ് അഗ്നി പ്രതിരോധ സംവിധാനം എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

കുട്ടികളുടെ മാനസികശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നിവയ്ക്കായി സ്റ്റുഡന്റ്സ് കൗൺസലർമാരെ നിയമിച്ചിട്ടുണ്ട്.

പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ വിവിധ വിഷയങ്ങളിൽ 3 പാർട്ട് ടൈം ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ മെനു കാലാകാലങ്ങളിൽ ശാസ്ത്രീയമായി പരിഷ്കരിക്കുകയും ഗുണനിലവാരം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. യൂണിഫോം ഉൾപ്പെടെയുള്ള മറ്റ് ചെലവുകളും വകുപ്പ് വഹിക്കുന്നു.

ഹോസ്റ്റലുകളിൽ കുട്ടികളുടെ മാനസികോല്ലാസത്തിനായി ടെലിവിഷൻ സ്ഥാപിച്ചിട്ടുണ്ട്. കായിക ഉപകരണങ്ങൾ ആവശ്യാനുസരണം വാങ്ങി നൽകുന്നു. സ്ഥാപനങ്ങളിൽ വായനാശീലം പരിപോഷിപ്പിക്കുന്നതിന് ലൈബ്രറി സൗകര്യം ലഭ്യമാണ്. കുട്ടികളുടെ കലാകായിക കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിന് യഥാക്രമം സർഗോത്സവം, കളിക്കളം എന്നിങ്ങനെ സംസ്ഥാനതലത്തിൽ മേളകൾ സംഘടിപ്പിക്കുകയും വിജയികൾക്ക് പൊതുപരീക്ഷയിൽ ഗ്രേസ് മാർക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്.

ഹോസ്റ്റലുകളിലെ ആഹാരത്തിലെ പോഷകാംശം നഷ്ടപ്പെടാതിരിക്കാനും ഗ്യാസിന്റെ ഉപയോഗത്തിൽ ഗണ്യമായ കുറവ് വരുത്തുന്നതിനും ആഹാരം പാകം ചെയ്യുന്നതിനുള്ള സമയം കുറയ്ക്കുന്നതിന്

സ്റ്റീം ബേസ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം പരിഹാര പരിശീലനം നൽകുന്നുണ്ടോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിലേക്കായി ട്യൂഷൻ പദ്ധതി നടപ്പാക്കുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് കരിയർ ഗൈഡൻസ് & കൗൺസലിംഗ് നൽകിവരുന്നു. കുട്ടികളുടെ മാനസികശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നിവയ്ക്കായി സ്റ്റുഡന്റ്സ് കൗൺസലർമാരെ നിയമിച്ചിട്ടുണ്ട്. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ വിവിധ വിഷയങ്ങളിൽ പാർട്ട് ടൈം ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഇത്തരം ഹോസ്റ്റലുകളിലെ കുട്ടികൾക്ക് കണക്ക്, സയൻസ്,

ഇംഗ്ലീഷ്, ഹിന്ദി തുടങ്ങി പൊതുവിൽ ബുദ്ധിമുട്ടുള്ള വിഷയങ്ങളിലും ഭാഷകളിലും ട്യൂഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ പഠന മികവ് മെച്ചപ്പെടുത്തുന്നതിനായി കണക്ക്, സയൻസ്, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങി പൊതുവിൽ ബുദ്ധിമുട്ടുള്ള വിഷയങ്ങളിലും ഭാഷകളിലും ട്യൂഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ വിവിധ വിഷയങ്ങളിൽ പാർട്ട്ടൈം ട്യൂട്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഹൈസ്കൂളുകളിലെയും 11, 12 ക്ലാസുകളിലെയും വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ ട്യൂഷൻ സെന്റർ മുഖാന്തരം പ്രത്യേക ട്യൂഷൻ നൽകുന്നു.

(ഡി) എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പഠന വൈഷമ്യം കൊണ്ടും സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടും പഠനം ഉപേക്ഷിച്ച് പോകുന്ന സാഹചര്യത്തിൽ തുടർപഠനത്തിനായി സാമ്പത്തികവും മറ്റ് വിധത്തിലുള്ളതുമായ സഹായം നൽകുന്നുണ്ടോ?

എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പഠന വൈഷമ്യംകൊണ്ടും സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടും പഠനം ഉപേക്ഷിച്ചുപോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി വിവിധ സാമ്പത്തിക സഹായ പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്നു.

പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കോഴ്സുകളുടെ റഗുലർ കാലാവധിക്കു പുറമേയുള്ള കാലയളവിലേക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. കോഴ്സുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ആവശ്യാനുസരണം നൽകിവരുന്നുണ്ട്. എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സുകളിൽ പഠിച്ചിരുന്നവർക്ക് കോഴ്സ് വിജയകരമായി പൂർത്തീകരിക്കാൻ ആവശ്യമെങ്കിൽ ട്യൂഷൻ നൽകി പരീക്ഷ വിജയിക്കാനുതകുന്ന രീതിയിൽ 'സമുന്നതി' പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

ഐ.എച്ച്.ആർ.ഡി.-യുടെ മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി നടപ്പാക്കുന്ന 'സമുന്നതി' പദ്ധതി മുഖാന്തരം ഒരു വിദ്യാർത്ഥിക്ക് 50 മണിക്കൂറിൽ കുറയാത്ത ട്യൂഷൻ നൽകി പരീക്ഷയ്ക്ക് സജ്ജരാക്കുന്നു. നിലവിൽ 28 കുട്ടികൾ ഇപ്രകാരം പഠിക്കുന്നു. ഇതിൽ നാളിതുവരെ 8

കുട്ടികൾ ബി.ടെക് ഡിഗ്രി കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ അർഹമായ എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഇ-ഗ്രാന്റ്സ് മുഖേന അനുവദിച്ചുനൽകുന്നു.

**അംബേദ്കർ ഗ്രാമ പദ്ധതി**

19 (*379) ശ്രീ. പി.അബ്ദുൽ ഹമീദ് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി കോളനികളുടെ പുനരുദ്ധാരണത്തിനുള്ള അംബേദ്കർ ഗ്രാമ പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയ ഏജൻസികളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ & ബി) കണ്ടെത്തിയിട്ടുണ്ട്.

- ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് സ്വയം പര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ആകെ 216 കോളനികളിൽ 110 എണ്ണവും അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2016-17 മുതൽ 2020-21 വരെ ഉൾപ്പെടുത്തിയിരുന്ന ആകെ 450 കോളനികളിൽ 98 എണ്ണവും മാത്രമാണ് പൂർത്തീകരിച്ചിരുന്നത്.
- ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ടുതവണകളായി മന്ത്രിതല അവലോകന യോഗങ്ങൾ ചേർന്ന് ഏറ്റെടുത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിലും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും കർശനനിർദ്ദേശം നൽകിയതിനെ തുടർന്ന് നാളിതുവരെ ആകെ 182 (84%) സ്വയംപര്യാപ്തഗ്രാമം കോളനികളുടെയും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 281 (62%) കോളനികളുടെയും നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+
- ജില്ലാ കളക്ടർ, അസിസ്റ്റന്റ് കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാതലത്തിൽ നിർമ്മാണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഏജൻസികളുടെ യോഗം വിളിച്ച് ചേർക്കുകയും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തി പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

- അംബേദ്കർ ഗ്രാമം പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കി, പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതി നടത്തിപ്പിലെ വ്യവസ്ഥകൾ 03.12.2021-ലെ സ.ഉ. (കൈ) നം. 54/2021/പ.ജ.പ.വ.വി.വ. പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

**ജലസമൃദ്ധി പദ്ധതി**

20 (*380) ഡോ. കെ. ടി. ജലീൽ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) ജലസമൃദ്ധി പദ്ധതി ഭൂഗർഭ ജല നിരപ്പുയർത്തുന്നതിൽ വിജയിച്ചതായി കേന്ദ്ര ഭൂഗർഭജല എസ്റ്റിമേറ്റ് സമിതിയുടെ പഠനത്തിൽ വ്യക്തമായിട്ടുള്ളതിനാൽ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ സമാന മാതൃകയിലുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ഹരിത കേരളം മിഷൻ പദ്ധതിയുടെ ഉപമിഷനാണ് ജലസമൃദ്ധി പദ്ധതി. വിവിധ വകുപ്പുകളുടെ ഏകോപനത്തിലാണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ ജലസമൃദ്ധി പദ്ധതിയിലൂടെ നടപ്പാക്കിവരുന്നത്. കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലയളവിൽ ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടാക്കട നിയോജകമണ്ഡലത്തിലെ പൊതുസ്ഥാപനങ്ങളിൽ ഭൂജല വകുപ്പ് മുഖേന തുറന്ന കിണറുകൾ റീചാർജ്ജ് ചെയ്യുന്ന പദ്ധതി നടപ്പാക്കിയിരുന്നു. നടപ്പുസാമ്പത്തിക വർഷം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ഹരിത കേരള മിഷന്റെയും മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിൽ ജലസംരക്ഷണത്തിനായി ‘ പുഴയൊഴുകും മാണിക്കൽ’ പദ്ധതി സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്നുണ്ട്. ഭൂജല വകുപ്പ് മുഖേന പ്രസ്തുത പദ്ധതിയിൽ ജലസംപോഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) പകുതിയോളം കുടുംബങ്ങൾ കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നതിനാൽ കിണറുകളുടെ നവീകരണത്തിന് പ്രാധാന്യം നൽകി വരുന്നുണ്ടോ?

സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ മേൽക്കൂരയിൽനിന്നുള്ള

മഴവെള്ളം ശേഖരിച്ച് മഴക്കുഴികൾ നിർമ്മിച്ച് തുറന്ന കിണറുകളുടെ പരിപോഷണം ഭൂജല വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്.

KRWSA മുഖേന 2020-21 സാമ്പത്തിക വർഷം വണ്ടാഴി, വാഴക്കാട്, വാഴപ്പള്ളി, മുഹമ്മ, പൂഴപ്പള്ളി തുടങ്ങി 5 ഗ്രാമപഞ്ചായത്തുകളിലായി 800 വ്യക്തിഗത കുടുംബങ്ങളുടെ കിണറുകൾ നവീകരണമുൾപ്പെടെയുള്ള റീ ചാർജ്ജിംഗ് പദ്ധതി നടപ്പാക്കി. 2021-22 സാമ്പത്തിക വർഷം ആലക്കോട്, ഇടമലയ്ക്കൽ, താമരക്കുളം, ഉടുമ്പന്നൂർ, വെള്ളിയാമറ്റം എന്നീ അഞ്ച് പഞ്ചായത്തുകളിൽ രണ്ടെണ്ണത്തിൽ പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. നടപ്പുസാമ്പത്തിക വർഷം 22 പഞ്ചായത്തുകളിലായി 459 ഗാർഹിക കിണറുകൾ നവീകരിക്കുന്നതിനും റീചാർജ്ജ് ചെയ്യുന്നതിനുമായി 4 കോടി രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) കിണർ റീചാർജിംഗ്, മഴക്കുഴികൾ, കുളങ്ങളുടെ നിർമ്മാണം എന്നിവയിലൂടെ ജലലഭ്യത വർദ്ധിപ്പിക്കാനായിട്ടുണ്ടോ; ഭൂജലശേഷി വർദ്ധിപ്പിക്കാൻ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നുണ്ടോ?

തുറന്ന കിണർ/കുഴൽ കിണർ റീ ചാർജ്ജിംഗ്, മഴക്കുഴികൾ, ചെറിയ

തടയണകൾ/അടിയണകൾ എന്നിവയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നിവ ഭൂജല സംരക്ഷണവും സംപോഷണവും എന്ന പദ്ധതിയിൻ കീഴിൽ ഭൂജല വകുപ്പ് നടപ്പാക്കിവരുന്നു. പദ്ധതി പ്രദേശങ്ങളിലെ ഭൂജലനിരപ്പ് ഉയരാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായകരമായിട്ടുണ്ട്.

തുറന്ന കിണറുകൾ റീചാർജ് ചെയ്ത് ജലലഭ്യത വർദ്ധിപ്പിക്കുന്ന പദ്ധതി KRWSA മുഖേന ചെയ്തുവരുന്നു.

**പട്ടിക ഗോത്രങ്ങളിൽപ്പെട്ട യുവതി, യുവാക്കൾക്ക് തൊഴിൽ**

21 (*381) ശ്രീ. ആന്റണി ജോൺ:
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) തൊഴിൽപരമായ ആവശ്യങ്ങൾക്കനുസൃതമായി പട്ടികഗോത്രങ്ങളിൽപ്പെട്ട യുവതീയുവാക്കളുടെ പരമ്പരാഗത കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിശീലനത്തിലൂടെ അവരുടെ നൈപുണ്യ

ശേഷി വികസിപ്പിച്ച് പ്രാദേശിക തൊഴിൽ സാധ്യതകൾ വിനിയോഗിക്കാൻ പ്രാപ്തരാക്കുന്നതിനും പരിപാടിയുണ്ടോ?

ഉണ്ട്. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഭൂരിഭാഗവും പ്രകൃതി വിഭവങ്ങളെ ആശ്രയിച്ച് പരമ്പരാഗത തൊഴിൽ ചെയ്ത് ജീവിക്കുന്നവരാണ്. ഈ മേഖലയെ ആശ്രയിക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ വരുമാന സ്ഥിരത ഉറപ്പുവരുത്തുന്നതിനും പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ പ്രചാരണത്തിനും അനിവാര്യമായ പ്രവർത്തനമെന്ന നിലയിൽ മറയൂർ ശർക്കര നിർമ്മാണം, മുളയും ചൂരലും ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം, പായകളുടെയും പരമ്പുകളുടെയും കാർപ്പറ്റുകളുടെയും നിർമ്മാണം, വനങ്ങളിൽനിന്നുള്ള തേൻ ശേഖരണം, ഔഷധ ചെടികളുടെയും മറ്റു വനവിഭവങ്ങളുടെയും ശേഖരണം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകി വരുന്നുണ്ട്. ഓരോ വിഭാഗം തൊഴിൽ മേഖലയും നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വസ്തുതാപരമായി വിലയിരുത്തിയും അതിന്റെ അടിസ്ഥാനത്തിലുള്ള ഫലവത്തായ ഇടപെടലുകൾ നടത്തിയും നിലവിലുള്ള തൊഴിൽമേഖലയുടെ തനിമ നഷ്ടപ്പെടാത്തവിധം പരിഷ്കരിച്ച് അനുയോജ്യമായ വൈദഗ്ധ്യ വികസന പരിശീലനങ്ങൾ നൽകുന്നതിനും ഉല്പന്നങ്ങളുടെ വിപണന ശൃംഖല ഒരുക്കുന്നതിനും ഡിജിറ്റൽ-ഓൺലൈൻ

സങ്കേതങ്ങളെ ട്രൈബൽ ഉല്പന്നങ്ങളുടെ വിപണനത്തിനായി ക്രിയാത്മകമായി പ്രയോജനപ്പെടുത്തുന്നതും ലക്ഷ്യമിട്ട് പരമ്പരാഗത തൊഴിൽ മേഖലകളിൽ പട്ടികവർഗ്ഗക്കാർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ ഉപയുക്തത വർദ്ധിപ്പിക്കുന്ന പദ്ധതി നടപ്പാക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഗോത്ര ജീവിക പദ്ധതി പ്രകാരം കൂടുതൽ തൊഴിൽ ഗ്രൂപ്പുകൾക്ക് രൂപം നൽകി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽ പ്ലേസ്മെന്റ് ലഭ്യമാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ?

ഗോത്രജീവിക ഒരു സ്വയം തൊഴിൽ പദ്ധതി ആയതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും തൊഴിൽ പ്ലെയ്സ്മെന്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല. ഗോത്രജീവിക പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) അട്ടപ്പാടി, തിരുനെല്ലി, ദേവികുളം എന്നീ പ്രദേശങ്ങളിലെ പട്ടിക ഗോത്രങ്ങളിൽപ്പെട്ട യുവതി, യുവാക്കൾക്ക് നൈപുണ്യശേഷി വികസനത്തിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിന് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഗോത്ര കിരണം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ

പ്രസ്തുത പദ്ധതി പട്ടിക ഗോത്രവർഗ്ഗ മേഖലകളിലാകെ വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ?

അട്ടപ്പാടി, ദേവികുളം ബ്ലോക്ക്, ആറളം, നൂൽപ്പുഴ, നിലമ്പൂർ വട്ടവട പ്രദേശങ്ങളിൽ താമസിക്കുന്ന യുവതീ യുവാക്കൾക്കായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കസ്റ്റമൈസ്ഡ് നൈപുണ്യ പരിശീലന പരിപാടി ആരംഭിക്കാനാണ് 'ഗോത്രകിരണം' പദ്ധതി ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ അട്ടപ്പാടി, തിരുനെല്ലി, ദേവികുളം ബ്ലോക്കുകളിൽ പദ്ധതി ആരംഭിക്കും. തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനത്തിലൂടെയും സ്വയംതൊഴിലിലൂടെയും കുറഞ്ഞത് 500 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കുറഞ്ഞത് 5000 ഗുണഭോക്താക്കളിലേക്ക് എത്തിച്ചേരുകയും വേതനാധിഷ്ഠിത തൊഴിൽ, സ്വയംതൊഴിൽ എന്നിവയിലൂടെ കുറഞ്ഞത് 500 തൊഴിലവസരങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

## മത്സ്യഫെഡിലെ അഴിമതി സംബന്ധിച്ച അന്വേഷണം

22 (*382) ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളിൽനിന്ന് സംഭരിക്കുന്ന മത്സ്യം വിൽക്കുന്നതിന്റെ മറവിൽ മത്സ്യഫെഡിൽ അഴിമതി നടന്നുയെന്ന ആരോപണത്തിൽ ഉന്നത ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ?

മത്സ്യത്തൊഴിലാളി സംഭരിക്കുന്ന മത്സ്യം വിറ്റ പണം ബാങ്കിൽ അടയ്ക്കുന്നതിൽ സാമ്പത്തിക ക്രമക്കേട് നടന്നത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരായി കണ്ടെത്തിയ ഉന്നത ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യഫെഡിന്റെ ശക്തികുളങ്ങര കോമൺ പ്രീ പ്രോസസിംഗ് സെന്റർ (CPC)-ൽ നടന്ന ക്രമക്കേട് സംബന്ധിച്ച് സമഗ്രാന്വേഷണം വേണമെന്നും കുറ്റക്കാർക്കെതിരെ കർശന നടപടി എടുക്കണമെന്നും ടി സ്ഥാപനത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളെ സംബന്ധിച്ചും വിജിലൻസ് അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ട് ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അന്തിപ്പച്ച യൂണിറ്റുകളുടെ ദൈനംദിന കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് താൽക്കാലിക ജീവനക്കാരെ നിയമിച്ചതിൽ ഉന്നത ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചുയെന്നത് വസ്തുതയാണോ എന്നറിയിക്കുമോ;

(സി) എങ്കിൽ ഇവ കൈകാര്യം ചെയ്യുന്നതിന് താൽക്കാലിക ജീവനക്കാരെ നിയമിച്ച ഉന്നത ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(ബി & സി) മത്സ്യഫെഡിൽ നിലവിൽ 175 സ്ഥിരം ജീവനക്കാരാണ് ഉള്ളത്. 17.02.2016-ലെ ജി.ഒ.(പി)5/2016/എഫ് & പി.ഡി. പ്രകാരം മത്സ്യഫെഡിന്റെ സ്പെഷ്യൽ റൂൾസ് സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. സ്പെഷ്യൽ റൂൾസിന് അംഗീകാരം ലഭിച്ചുവെങ്കിലും സംവരണ തത്വത്തിലെ അപാകത കാരണം നിയമനം നടത്തുന്നതിന് തുടർന്നും കാലതാമസം നേരിട്ടിരുന്നു. റിസർവേഷനിലെ അപാകത പരിഹരിച്ച് എൻട്രി കേഡർ തസ്തികകളിലെ ഒഴിവുകൾ തിട്ടപ്പെടുത്തി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് 2017 മുതൽ റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥിരം ജീവനക്കാരുടെ അഭാവംമൂലമാണ് താൽകാലിക ജീവനക്കാരെ ദൈനംദിന കണക്കുകൾ കൈകാര്യം ചെയ്യുന്നതിന്

നിയോഗിക്കേണ്ടിവരുന്നത്. മത്സ്യഫെഡിന്റെ ശക്തികുളങ്ങര CPC-ൽ താൽകാലിക ജീവനക്കാരെ കൂടാതെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലുള്ള സ്ഥിരം ജീവനക്കാരനെയും ദൈനംദിന കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് നിയോഗിച്ചിരുന്നു. സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ടിയാനെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിരിക്കുകയാണ്. കൂടാതെ CPC-യുടെ മാനേജരുടെ ചുമതല വഹിച്ചിരുന്ന ശ്രീമതി ലിസി അഗസ്റ്റിനെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും നിലവിലെ മാനേജർ ഡോ. എം. നൗഷാദിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ സാമ്പത്തിക തട്ടിപ്പിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ്

23 (*383) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ നിലവിലുള്ള കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ ഫയൽ ചെയ്തിരുന്ന റിട്ട് ഹർജ്ജി WP(C) 880/2020, അതോടൊപ്പം മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട സമാന ഹർജികളായ WP(C) 771/2021, WP(C) 1225/2021, SLP(C) 3954/2021, WP(C)86/2022 എന്നിവയിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 08.04.2022-ന് വിധി പ്രസ്താവിച്ചിരുന്നു. 2014-ലെ വിധി പ്രകാരം നിയമിതമായതും നാളിതുവരെ പ്രവർത്തിച്ചുവന്നിരുന്നതുമായ മൂന്നംഗ മുല്ലപ്പെരിയാർ മേൽനോട്ട സമിതിക്ക് കൂടുതൽ അധികാരങ്ങൾ നൽകിക്കൊണ്ട് സമിതിയെ അഞ്ചംഗ സമിതിയായി പുനഃസംഘടിപ്പിക്കാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര ഡാം സുരക്ഷാ നിയമം 2021 പ്രകാരമുള്ള ദേശീയ ഡാം സുരക്ഷാ അതോറിറ്റി പ്രവർത്തനം ആരംഭിക്കുന്നതുവരെ മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് അതോറിറ്റിയിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ, പുനഃസംഘടിപ്പിച്ച മേൽനോട്ട സമിതി നിർവ്വഹിക്കേണ്ടതാണെന്നും അതോടൊപ്പം മുല്ലപ്പെരിയാർ ഡാമിന്റെ സമഗ്രമായ സുരക്ഷാ അവലോകനം വീണ്ടും ചെയ്യണമെന്നും ബഹുമാനപ്പെട്ട

സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ആയവ നടപ്പിലാക്കേണ്ടതും മേൽനോട്ട സമിതിയുടെ ഉത്തരവാദിത്വമാണ്. പുനഃസംഘടിപ്പിച്ച മേൽനോട്ട സമിതി മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സമീപത്തുവസിക്കുന്ന ജനങ്ങളുടെ പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കാനും ആവശ്യമായ നടപടി കൈക്കൊള്ളാനും ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ട്.

08.04.2022 -ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി നൽകിയ വിധി പ്രകാരം കേരളത്തിലെയും തമിഴ്നാട്ടിലെയും ഓരോ സാങ്കേതിക വിദഗ്ധരെക്കൂടിയുൾപ്പെടുത്തിക്കൊണ്ട് 09-05-2022-ലെ കേന്ദ്ര സർക്കാർ ജലശക്തി മന്ത്രാലയത്തിന്റെ ഓഫീസ് മെമ്മോറാണ്ടം നം. F.No.R-22011/3/2022-Pen Riv Section-MoWR പ്രകാരം അഞ്ചംഗ സമിതിയായി മുല്ലപ്പെരിയാർ മേൽനോട്ട സമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(ബി) സുപ്രീം കോടതി വിധി പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 142 അടിയിൽ നിജപ്പെടുത്തേണ്ട സാഹചര്യത്തിൽ പ്രസ്തുത തീരുമാനം തമിഴ്നാട് സർക്കാർ ലംഘിക്കുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

അണക്കെട്ടിന്റെ കാലപ്പഴക്കവും മുല്ലപ്പെരിയാറിന്റെ വൃഷ്ടിപ്രദേശത്ത് കഴിഞ്ഞകാലങ്ങളിലുണ്ടായ തീവ്രമഴയും കാലാവസ്ഥാ വ്യതിയാനവും മുല്ലപ്പെരിയാർ അണക്കെട്ടിന്റെ താഴ്വാരങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ സുരക്ഷയും കണക്കിലെടുത്തുകൊണ്ട്, അണക്കെട്ടിൽ വർഷകാലത്ത് മുഴുവനും ആവശ്യമായ Flood Cushion നിലനിർത്തുന്ന രീതിയിൽ, തമിഴ്നാട് തയ്യാറാക്കിയ അപ്പർ റൂൾ കർവ് ഭേദഗതി ചെയ്യാനും പ്രാവർത്തികമാക്കാനും തമിഴ്നാടിനോടും കേന്ദ്ര ജലകമ്മീഷനോടും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. വർഷകാലത്ത് അണക്കെട്ടിന്റെ സ്പിൽവേ ഷട്ടറുകൾ തുറന്ന് അധികജലം പുറത്തേയ്ക്കൊഴുക്കേണ്ട സാഹചര്യത്തിൽ, ഡാമിന്റെ താഴെയുള്ള ഭാഗത്തെ ജനങ്ങളെ സുരക്ഷിതമായി ഒഴിപ്പിക്കാനുള്ള നടപടി കണക്കിലെടുത്തുകൊണ്ട്, സെപ്തംബർ 20-നും നവംബർ 30-നും അപ്പർ റൂൾ ലെവൽ 142 അടിയിൽ ക്രമീകരിക്കുന്ന വിധമുള്ള തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ് ഉപയോഗിക്കുന്നതിൽ കേരളം വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഈ ആവശ്യം ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെയും ഉന്നയിച്ചിട്ടുണ്ട്. ഇതുകൂടാതെ 06.06.2022-ൽ ചേർന്ന പുനഃസംഘടിത മേൽനോട്ട സമിതിയുടെ യോഗത്തിലും കേരളത്തിന്റെ ആശങ്കകളും നിർദ്ദേശങ്ങളും കണക്കിലെടുത്ത് വർഷകാലത്ത് മുഴുവൻ ജലസംഭരണിയിൽ ആവശ്യമായ

ഫ്ളഡ് കുഷ്യൻ (Flood Cushion) നിലനിർത്തിക്കൊണ്ട് പ്രവർത്തനം ക്രമീകരിക്കുന്ന വിധത്തിൽ, തമിഴ്നാട് തയ്യാറാക്കിയ അപ്പർ റൂൾ കർവ് ഭേദഗതി ചെയ്യാനും കേരളത്തിന്റെ പ്രതിനിധികൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അനന്തര നടപടി തമിഴ്നാടും കേന്ദ്ര ജലകമ്മീഷനും സ്വീകരിക്കാതിരിക്കുന്ന സാഹചര്യമുണ്ടാകുന്നപക്ഷം ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

(സി) ഡാമിന്റെ താഴ്‌വാരത്തുള്ള ജനങ്ങളുടെ സുരക്ഷയെ മുൻനിർത്തി സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് സുപ്രീംകോടതിയെ ധരിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ താഴ്വാരത്ത് വസിക്കുന്ന ജനങ്ങളുടെ സുരക്ഷ മുൻനിർത്തി അടിയന്തരമായി സ്വീകരിക്കേണ്ട മുൻകരുതൽ നടപടി സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ കേരളം ധരിപ്പിച്ചിരുന്നു. റൂൾ കർവ്, ഗേറ്റ് ഓപ്പറേഷൻ ഷെഡ്യൂൾ, ഇൻസ്ട്രുമെന്റേഷൻ എന്നിവയുൾപ്പെടെയുള്ള വിഷയങ്ങളിലെ അപര്യാപ്തതകളും അടിയന്തരമായി നടപ്പിലാക്കേണ്ട വിഷയങ്ങളും ബഹുമാനപ്പെട്ട കോടതിയുടെ പരിശോധനയ്ക്കായി സമർപ്പിച്ചിരുന്നു. മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 08-04-2022-ലെ

ഉത്തരവുപ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടത് പുനഃസംഘടിത മേൽനോട്ട സമിതിയാണ്.

അതിൻപ്രകാരം 06.06.2022-ൽ ന്യൂഡൽഹിയിലെ കേന്ദ്ര ജലകമ്മീഷൻ കാര്യാലയത്തിൽവച്ച് നടത്തിയ പുനഃസംഘടിത മേൽനോട്ട സമിതിയുടെ യോഗത്തിൽ കേരളത്തിന്റെ ആശങ്കകളും നിർദ്ദേശങ്ങളും കേരളത്തിന്റെ പ്രതിനിധികൾ സമിതി മുമ്പാകെ അറിയിച്ചിരുന്നു. അതോടൊപ്പം റൂൾ കർവ്, ഗേറ്റ് ഓപ്പറേഷൻ ഷെഡ്യൂൾ, ഇൻസ്ട്രുമെന്റേഷൻ, വാർണിംഗ് സിസ്റ്റം, ഡാമിന്റെ സമഗ്രമായ സുരക്ഷാ അവലോകനം എന്നിവയുൾപ്പെടെയുള്ള വിഷയങ്ങളിലെ കേരളത്തിന്റെ ശിപാർശകൾ മേൽനോട്ട സമിതിയുടെ യോഗത്തിൽ അറിയിക്കുകയും ഇതുസംബന്ധിച്ച കുറിപ്പ് സമിതി ചെയർമാന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) മഴ ആരംഭിച്ച പശ്ചാത്തലത്തിൽ കഴിഞ്ഞ മഴക്കാലത്ത് ഡാമിൽ റൂൾ കർവ് ലെവൽ വരെ വെള്ളം എത്തിയത് ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

തമിഴ്നാട് തയ്യാറാക്കിയ പ്രകാരമുള്ള അപ്പർ റൂൾ കർവ് പാലിച്ചുകൊണ്ട് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പ്രവർത്തനം വർഷകാലത്ത് ക്രമീകരിക്കുന്നത് അണക്കെട്ടിന്റെയും അതിന്റെ താഴ്വാരങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ സുരക്ഷയും കണക്കിലെടുത്ത് ഉചിതമല്ലെന്നും ആയതിനാൽ കേരളത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട്, തമിഴ്നാട് തയ്യാറാക്കിയ അപ്പർ റൂൾ കർവ് അടിയന്തരമായി ഭേദഗതി ചെയ്ത് പ്രാവർത്തികമാക്കാൻ കേരളത്തിന്റെ പ്രതിനിധികൾ 06.06.2022-ൽ ന്യൂഡൽഹിയിലെ കേന്ദ്ര ജല കമ്മീഷൻ കാര്യാലയത്തിൽ വച്ചുനടത്തിയ പുനഃസംഘടിത മേൽനോട്ട സമിതിയുടെ യോഗത്തിൽ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്ത് കഴിഞ്ഞ കാലങ്ങളിലുണ്ടായ തീവ്രമായ മഴയും കാലാവസ്ഥാ വ്യതിയാനവും ഡാമിന്റെ കാലപ്പഴക്കവും മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സ്പിൽവേയുടെ അപര്യാപ്തമായ ശേഷിയും കണക്കിലെടുത്തു കൊണ്ട്, തമിഴ്നാട് തയ്യാറാക്കിയ അപ്പർ റൂൾ കർവ്വിൽ സെപ്തംബർ 20-നും നവംബർ 30-നും 142 അടിയിൽ ജലനിരപ്പ് ക്രമീകരിക്കുന്നതിലുള്ള വിയോജിപ്പ് കേരളം അറിയിച്ചിട്ടുണ്ട്.

പ്രസ്തുത ആവശ്യങ്ങൾ എല്ലാംതന്നെ കേരളം കേന്ദ്ര ജല കമ്മീഷനെയും സുപ്രീംകോടതിയേയും നേരത്തേ തന്നെ അറിയിച്ചിട്ടുള്ളതാണ്. കേരളത്തിൽ

വടക്ക്-കിഴക്കൻ കാലവർഷം ഡിസംബർ വരെ നീണ്ടുനിൽക്കുന്നത് പരിഗണിച്ച്, നവംബർ 30-ന അപ്പർ റൂൾ ലെവൽ 140 അടിയായി നിജപ്പെടുത്തിക്കൊണ്ട് അണക്കെട്ടിൽ വർഷകാലത്ത് മുഴുവനും ആവശ്യമായ Flood Cushion നിലനിർത്തുന്ന രീതിയിൽ തമിഴ്നാട് തയ്യാറാക്കിയ അപ്പർ റൂൾ കർവ് ഭേദഗതി ചെയ്യാനും പ്രാവർത്തികമാക്കാനുമാണ് കേരളം ആവശ്യപ്പെട്ടിരിക്കുന്നത്. കേന്ദ്ര കാലാവസ്ഥാവകുപ്പിന്റെ മുന്നറിയിപ്പുകൾ കണക്കിലെടുത്ത്, പരമാവധി ജലം തമിഴ്നാട്ടിലേക്ക് ടണൽ വഴി കൊണ്ടുപോകുന്നതിനും ആവശ്യമായപക്ഷം അധികജലം നിയന്ത്രിതമായ അളവിൽ, ജില്ലാ അധികാരികൾക്ക് വേണ്ടത്ര മുന്നറിയിപ്പുകൾ നൽകിക്കൊണ്ട്, സുരക്ഷിതമായ രീതിയിൽ പുറത്തേയ്ക്ക് ഒഴുക്കാനും കഴിയുന്നവിധം വേണ്ടത്ര Flood Cushion എല്ലാസമയവും നിലനിർത്തിക്കൊണ്ട് അണക്കെട്ടിലെ ജലനിരപ്പ് ക്രമീകരിക്കാൻ ആവശ്യമായ നടപടി കേരളത്തിലെ ബന്ധപ്പെട്ട അധികാരികളുടെ ഏകോപനത്തോടുകൂടി എടുക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ ആവശ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു കുറിപ്പും 06-06-2022-ൽ ചേർന്ന പുനഃസംഘടിത മേൽനോട്ട സമിതിയുടെ യോഗത്തിൽ ചെയർമാന് കേരളത്തിന്റെ പ്രതിനിധികൾ കൈമാറിയിട്ടുണ്ട്. കൂടാതെ

മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് ദൈനംദിന ജലനിരപ്പ്, നീരൊഴുക്ക്, വൃഷ്ടി പ്രദേശത്തെ മഴ തുടങ്ങിയവ സസൂക്ഷ്മം നിരീക്ഷിക്കുകയും അപകടസാധ്യതകൾ മുന്നിൽക്കണ്ട് തമിഴ്നാട് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് വേണ്ട നടപടി എടുക്കുന്നതാണ്.

(ഇ) കേരളത്തിന് സുരക്ഷ തമിഴ്നാടിന് ജലം എന്ന സംസ്ഥാനത്തിന്റെ പ്രഖ്യാപിത നയം ഫലപ്രാപ്തിയിലെത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

"കേരളത്തിനു സുരക്ഷ തമിഴ്നാടിനു ജലം" എന്ന സംസ്ഥാനത്തിന്റെ പ്രഖ്യാപിത നയം ഫലപ്രാപ്തിയിലെത്തിക്കാൻ നിലവിലെ അണക്കെട്ടിനു താഴെയായി പുതിയ അണക്കെട്ട് പണി കഴിപ്പിക്കുന്നതാകും ശാശ്വതമായ പരിഹാരം എന്നതാണ് കേരളം സ്വീകരിച്ചിരിക്കുന്ന നിലപാട്. പുതിയ അണക്കെട്ട് സാധ്യമാകുംവരെ കേരളത്തിലെ ജനങ്ങളുടെ സുരക്ഷയ്ക്കായി നിലവിലെ ഡാമിന്റെ പ്രവർത്തനം സുരക്ഷിതവും കേന്ദ്ര ജലകമ്മീഷന്റെ മാനദണ്ഡങ്ങൾക്കനുസൃതമായും ചെയ്യണമെന്ന് തമിഴ്നാടിനോടും അതിനാവശ്യമായ നിർദ്ദേശങ്ങൾ തമിഴ്നാടിനു നൽകാനും ആവശ്യമായ ഇടപെടലുകൾ നടത്താനും ഡാമിന്റെ സുരക്ഷ നിരീക്ഷിക്കാനും നടപടികളെടുക്കാനുമായി ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പ്രകാരം

നിയമിച്ച മേൽനോട്ട സമിതിയോടും ആവശ്യപ്പെട്ടിട്ടുണ്ട്.

പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനത്തിനുള്ള പരിശോധനാ വിഷയങ്ങൾക്കുള്ള (Terms of Reference (ToR)) അംഗീകാരം 2018 നവംബർ 14-ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിബന്ധനകളോടെ നൽകുകയുണ്ടായി. ഈ നിബന്ധനകൾ അനുസരിച്ചുള്ള പരിസ്ഥിതി ആഘാത പഠനം അന്തിമഘട്ടത്തിലാണ്. പരിസ്ഥിതി ആഘാത പഠനവുമായി (EIA) ബന്ധപ്പെട്ട് കേന്ദ്രജല കമ്മീഷന്റെ നിലവിലുള്ള മാർഗരേഖ പ്രകാരം പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ ഡി.പി.ആർ. പുതുക്കുന്നതിനായി ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യൂ-ന്റെ അധ്യക്ഷതയിൽ 12-02-2021-ലെ സർക്കാർ ഉത്തരവ് G.O.(Rt) No.102/2021/WRD പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ മുല്ലപെരിയാറിൽനിന്നും തമിഴ്നാടിനു നൽകികൊണ്ടിരിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വരാത്ത വിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലുമാണ് പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നത്. പ്രസ്തുത കമ്മിറ്റി യോഗങ്ങൾ കൂടുകയും പുതിയ ഡാമിന്റെ ഡി.പി.ആർ. റിവൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. പുതിയ

അണക്കെട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലുമുള്ള വിവിധ യോഗങ്ങളിലുന്നയിച്ച് വരുന്നുണ്ടെങ്കിലും ഒരു സമവായത്തിൽ എത്തിച്ചേർന്നിട്ടില്ല.

## ഇക്കോ സെൻസിറ്റീവ് സോൺ

24 (*384) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) 2016-ൽ ന്യൂഡൽഹിയിൽ നടന്ന വനം പരിസ്ഥിതി സംബന്ധിച്ച വിദഗ്ധ സമിതി യോഗം ആവശ്യപ്പെട്ട വിശദാംശങ്ങൾ 2018-വരെ കഴിഞ്ഞ സർക്കാർ നൽകാത്തതിനെ തുടർന്ന് കരട് വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ?

ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) പ്രസ്തുത കരട് വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ടതുമൂലമാണോ 10 കി. മീ. ഇക്കോ സെൻസിറ്റീവ് സോൺ നിലനിർത്തണമെന്ന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം കേരളത്തിനും ബാധകമായതെന്ന്

വ്യക്തമാക്കാമോ?

ഇന്ത്യൻ ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ 2002 ജനവരി 21-ന് ചേർന്ന 21-ാമത് യോഗ തീരുമാന പ്രകാരവും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 09-02-2011-ൽ പ്രസിദ്ധീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും ഓരോ സംരക്ഷിത മേഖലയുടെയും വിസ്തീർണ്ണത്തിനനുസരിച്ച് 10 കിലോ മീറ്റർ വരെ വരാവുന്ന രീതിയിലാണ് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കേണ്ടിയിരുന്നത്. സംസ്ഥാനങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ഓരോ സംരക്ഷിത മേഖലയുടെയും പാരിസ്ഥിതിക സംവേദക മേഖലകൾ നിശ്ചയിക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ ഓരോ വന്യജീവി സങ്കേതത്തിനും/ ദേശീയ ഉദ്യാനത്തിന് ചുറ്റും പ്രത്യേകമായി പാരിസ്ഥിതിക സംവേദക മേഖലകൾ അന്തിമമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിൽ അവിടെ സംരക്ഷിത മേഖലയുടെ അതിർത്തിയിൽനിന്നും 10 കി. മീ. ചുറ്റളവിലുള്ള പ്രദേശം പാരിസ്ഥിതിക സംവേദക മേഖലയായി കണക്കാക്കണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 31-07-2013-ലെ കത്തുപ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വിദഗ്ദ്ധ സമിതി ആവശ്യപ്പെട്ട വിശദാംശം നൽകുന്നതിൽ

സർക്കാർ പരാജയപ്പെട്ടതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ 2013-ൽ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ച കരട് പ്രൊപ്പോസലുകൾ 07-12-2015 മുതൽ 29-08-2017 വരെയുള്ള വിവിധ തീയതികളിലായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം കരട് വിജ്ഞാപനമായി പ്രസിദ്ധീകരിക്കുകയും ടി പ്രൊപ്പോസലുകൾ ചർച്ച ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ 2017 ഫെബ്രുവരി 27, 28 തീയതികളിൽ സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡന്മാരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിദഗ്ധ സമിതിയുടെ 24-ാമത് യോഗം വിളിച്ചുചേർക്കുകയും ചെയ്തു. സംസ്ഥാനത്തുനിന്ന് സമർപ്പിച്ച പ്രൊപ്പോസലുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ടി യോഗത്തിൽ അവതരിപ്പിച്ചുവെങ്കിലും അവയ്ക്ക് വിദഗ്ധ സമിതിയുടെ അംഗീകാരം ലഭിച്ചില്ല. ടി പ്രൊപ്പോസലുകൾ ഭേദഗതികളോടെ വീണ്ടും സമർപ്പിക്കാൻ ടി യോഗത്തിൽനിന്ന് നിർദ്ദേശം ലഭിച്ചു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 16.02.2017-ലെ കത്തുപ്രകാരം

ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനായുള്ള പ്രൊപ്പോസലുകൾ പുതിയ മാതൃകയിൽ നിശ്ചിത കളർ കോഡിൽ ഭൂപടങ്ങൾ, ജനസംഖ്യാ ഭൂപടങ്ങൾ, ഉപഗ്രഹ ചിത്രങ്ങൾ, ഓരോ സംരക്ഷിത പ്രദേശത്തെയും സസ്യങ്ങൾ, ജീവികൾ, പക്ഷികൾ, ഷഡ്പദങ്ങൾ എന്നിവയുടെ പ്രത്യേക ലിസ്റ്റ്, പ്രാദേശികമായി മാത്രം കാണപ്പെടുന്ന ജീവിവർഗ്ഗങ്ങളുടെ പ്രത്യേക വിവരങ്ങൾ, വംശനാശ ഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളുടെ വിവരങ്ങൾ, ജനങ്ങളുടെ വരുമാന സ്രോതസ്സ്, വില്ലേജുകളുടെ ലിസ്റ്റ് എന്നിവകൂടി ഉൾപ്പെടുത്തി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു. ടി നിർദ്ദേശപ്രകാരം സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പുതിയ മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കുന്ന രേഖകൾ സർക്കിൾ/ഡിവിഷൻതല ഓഫീസുകളിൽനിന്ന് ശേഖരിച്ച് നടപടി സ്വീകരിച്ചുവരവെ നിശ്ചിത സമയപരിധിയായ 545 ദിവസങ്ങൾക്കകം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ കഴിയാതിരുന്നതിനാൽ കരട് വിജ്ഞാപനങ്ങൾ അസാധുവായ വിവരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 19-12-2017-ലെ കത്തുപ്രകാരം അറിയിക്കുകയും പുതിയ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

(ഡി) പ്രസ്തുത വിശദാംശങ്ങൾ സമയബന്ധിതമായി നൽകിയിരുന്നെങ്കിൽ ഇക്കോ സെൻസിറ്റീവ് സോണിൽനിന്നും മനുഷ്യവാസ കേന്ദ്രങ്ങളെ ഒഴിവാക്കി, ഇപ്പോൾ ജനങ്ങളെ പ്രതിസന്ധിയിലാക്കിയ ബഫർസോൺ വിഷയം ഉണ്ടാകുമായിരുന്നില്ലെന്ന വസ്തുത പരിശോധിച്ചിരുന്നോ?

നിലവിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03.06.2022-ലെ ഉത്തരവിന്റെ വെളിച്ചത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽനിന്നും ജനവാസമേഖലകളെ ഒഴിവാക്കുന്നതിനുവേണ്ട നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നതും കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിവരികയുമാണ്.

## വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

25 (*385) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിലുള്ള വൃക്ഷങ്ങളുടെ

പ്രാധാന്യം പരിഗണിച്ച് വനത്തിന് പുറത്ത് വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

വനത്തിന് പുറത്ത് വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കാൻ വിദ്യാലയങ്ങളിൽ ഫോറസ്ട്രി ക്ലബ്ബുകളുടെ സഹായത്തോടെ ചെറുവനങ്ങൾ നട്ടുവളർത്തുന്ന വിദ്യാവനം, നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന നഗരവനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ പങ്കാളിത്തത്തോടെ വൃക്ഷാവരണം വിപുലപ്പെടുത്തുന്ന വൃക്ഷസമൃദ്ധി പദ്ധതി, തീരദേശസംരക്ഷണത്തിനായി കാറ്റാടി തൈകൾ വച്ച് പിടിപ്പിക്കൽ, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് തുടങ്ങിയവ നടപ്പാക്കിവരുന്നു. കൂടാതെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പാക്കിവരുന്നു. അതോടൊപ്പം, എല്ലാവർഷവും ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചുതുടങ്ങി വനമഹോത്സവ പരിപാടികൾ അവസാനിക്കുന്നതുവരെയുള്ള കാലയളവിൽ വൃക്ഷവൽക്കരണത്തിന് സന്നദ്ധമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, സർക്കാർ സ്ഥാപനങ്ങൾ, മത സ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, മാധ്യമ

സ്ഥാപനങ്ങൾ മുതലായവയ്ക്ക് വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു.

(ബി) വൃക്ഷാവരണ വർദ്ധനവിലൂടെ കാർബൺ ആഗിരണ ക്ഷമത വർദ്ധിപ്പിച്ച് കാർബൺ ന്യൂട്രലാക്കുന്നതിന് വയനാട്ടിൽ ആരംഭിച്ചിട്ടുള്ള കാർബൺ ന്യൂട്രൽ വയനാട് എന്ന പദ്ധതി മാതൃക തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ സംസ്ഥാനത്താകെ വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ?

വൃക്ഷാവരണ വർദ്ധനവിലൂടെ കാർബൺ ആഗിരണ ക്ഷമത വർദ്ധിപ്പിക്കുന്നതിന് വൃക്ഷസമൃദ്ധി പദ്ധതി വിഭാവനം ചെയ്ത് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ മുഖേന നടപ്പാക്കിവരുന്നു.

(സി) ഓരോ വർഷവും അരക്കോടി വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ അവ നട്ടുപരിപാലിക്കുന്നതിനുമുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ?

2009-10 മുതൽ 2021-22 കാലയളവ് വരെ ഹരിതകേരളം പദ്ധതിയിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ നഴ്സറികളിൽ ഉൽപ്പാദിപ്പിച്ച തൈകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

പങ്കാളിത്തത്തോടെ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2022 വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വൃക്ഷത്തൈ ഉൽപ്പാദിപ്പിച്ച് അവ നട്ടുപരിപാലിക്കുന്നതിനുള്ള വൃക്ഷസമൃദ്ധി പദ്ധതി ഈ വർഷം ആരംഭിച്ചിട്ടുണ്ട്.

**സുസ്ഥിര ഭൂജല വികസനം**

26 (*386) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) ജനസംഖ്യാ വർദ്ധനവ്, ഭൂവിനിയോഗത്തിൽ വന്ന മാറ്റം, മഴയിലുണ്ടായ ഏറ്റക്കുറച്ചിൽ തുടങ്ങി ഏതെല്ലാം ഘടകങ്ങളാണ് സംസ്ഥാനത്ത് ജലലഭ്യതയിൽ കുറവുവരുത്തുന്നതിന് ഇടയാക്കിയതെന്ന് അറിയിക്കാമോ; സംസ്ഥാനത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് സുസ്ഥിര ഭൂജല വികസനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) കാലാവസ്ഥാ വ്യതിയാനം ജലവിഭവത്തിൽ സൃഷ്ടിക്കുന്ന കുറവ് പരിഹരിക്കുന്നതിന്റെ ഭാഗമായി ഭൂജല സംപോഷണത്തിന് എന്തെല്ലാം

പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്ന് വിശദമാക്കാമോ; സംസ്ഥാനത്ത് മൈക്രോ വാട്ടർഷെഡ് അടിസ്ഥാനത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശം നൽകാമോ?

(എ & ബി) സംസ്ഥാനത്ത് ജലലഭ്യതയിൽ കുറവുവരുത്തുന്ന പ്രധാന ഘടകങ്ങൾ സംസ്ഥാനത്തിന്റെ ഭൂപ്രകൃതി, ജനസംഖ്യ വർദ്ധനവ്, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രഭാവംമൂലം മഴയുടെ സ്വഭാവത്തിലുള്ള കടുത്ത സ്ഥലകാല വ്യതിയാനങ്ങൾ, അശാസ്ത്രീയമായ ഭൂവിനിയോഗ രീതികൾ, ജലാശയങ്ങളുടേയും നദികളുടേയും സംഭരണശേഷിൽ ഉണ്ടായ കുറവ് എന്നിവയാണ്.

ജലസംരക്ഷണത്തിനും ജലസംഭരണത്തിനുമായി ജലസേചന വകുപ്പ് പഠനങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. നദികളിലും അവയുടെ കൈവഴികളിലും ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രതിരോധ തടയണകൾ എന്നീ വിവിധോദ്ദേശ നിർമ്മിതികളിലൂടെ ജലം സംഭരിക്കുന്നതുവഴി ഭൂജലപോഷണം സാധ്യമാകുന്നു. ഇതിനോടൊപ്പം ജലസേചന നിർമ്മിതികളായ ഡാമുകൾ/തടയണകൾ/റെഗുലേറ്ററുകൾ എന്നിവയ്ക്കുസമീപം അടിഞ്ഞുകൂടിയ ചെളി/എക്കൽ/മണൽ/മറ്റുമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത്

സംഭരണശേഷി പുനഃസ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുക എന്നീ പ്രവൃത്തികളും ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

ഹരിതകേരള മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"-യുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ "സംയോജിത നീർത്തട പ്ലാനുകൾ" തയ്യാറാക്കുകയും അവയിൽ മുൻഗണനാടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം/പുനരുദ്ധാരണം/ സംഭരണശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ജലസേചനവകുപ്പ് ഏറ്റെടുത്ത് നിർവ്വഹിക്കാറുണ്ട്.

KRWSA ആവിഷ്കരിച്ച് നടപ്പാക്കിയ ജലവിതരണ പദ്ധതികളുടെ സ്രോതസ്സുകൾക്ക് സുസ്ഥിരത ഉറപ്പുവരുത്തുവാൻ ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ ഭൂമിയുടെ കിടപ്പും മണ്ണിന്റെ നിലവാരവുമനുസരിച്ച് സ്രോതസ്സുകൾക്ക് ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ജലസംരക്ഷണ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

കാലാവസ്ഥാ വ്യതിയാനം ജലവിഭവത്തിൽ സൃഷ്ടിക്കുന്ന കുറവ് പരിഹരിക്കുന്നതിന്റെ ഭാഗമായി ഭൂജല സംപോഷണത്തിന് ജലനിധി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചെറുതും വലുതുമായ തടയണകൾ, Vented Cross Bars ഭൂമിയുടെ അടിയിൽ തടയണകൾ (SSB) എന്നിവ നടപ്പാക്കിയിട്ടുണ്ട്. കിണർ റീചാർജ്, മഴവെള്ള സംഭരണം എന്നിവ ഇപ്പോൾ നടപ്പാക്കി വരുന്നു.

ഭൂജലവകുപ്പ് 'ഭൂജലസംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജല സ്രോതസ്സുകളുടെ സുസ്ഥിരപരിപാലനത്തിനായി സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. സുസ്ഥിര ഭൂജല ലഭ്യത കൈവരിക്കുകയെന്നതാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യം. തുറന്ന കിണർ/റീചാർജ് പിറ്റ്/കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകൾ, അടിയണകൾ എന്നിവയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നിവ പ്രസ്തുത പദ്ധതിയിൽ നടപ്പാക്കി വരുന്നു.

## ഇക്കോ സെൻസിറ്റീവ് സോൺ

27 (*387) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) 23-10-2019-ലെ കേരള മന്ത്രിസഭാ യോഗത്തിൽ എല്ലാ വന്യജീവി സങ്കേതങ്ങളോടും ദേശീയ ഉദ്യാനങ്ങളോടും ചേർന്ന് കിടക്കുന്ന മനുഷ്യവാസകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള മേഖലകൾക്ക് ഒരുകിലോമീറ്റർ ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ബി) മനുഷ്യവാസ കേന്ദ്രങ്ങളെ ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് കേന്ദ്ര വനമന്ത്രാലയത്തിന് നിർദ്ദേശങ്ങൾ നൽകാനുള്ള 2013-ൽ അന്നത്തെ സർക്കാരിന്റെ തീരുമാനം മാറ്റാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ & ബി) 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയക്കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടതാണ്. പരിസ്ഥിതി ലോല/ദുർബ്ബലമായ വനമേഖലയുടെ സമീപസ്ഥ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും കെടുതികൾക്ക് ആക്കം കൂട്ടിയിരുന്നു. തുടർന്നുള്ള മൺസൂൺ കാലത്തുണ്ടായ മണ്ണിടിച്ചിലും മറ്റുവിപത്തുകളും ഇത് അടിവരയിടും. അതിനാൽ അനധികൃത നിർമ്മാണം, പുതിയ മലിനീകരണ വ്യവസായങ്ങൾ,

ജനവാസമേഖലകളിൽ അനിയന്ത്രിതമായ ക്വാറി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെക്കുറിച്ചുള്ള പുതിയ തീരുമാനങ്ങളെടുക്കേണ്ടതായിവന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മനുഷ്യജീവൻ നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്താണ് സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും 0 മുതൽ 1 കി. മീ. വരെ ഇക്കോ സെൻസിറ്റീവ് സോണായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 31-10-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2019/വനം പ്രകാരം അംഗീകാരം നൽകിയത്.

(സി) 2019-ലെ ഉത്തരവ് പിൻവലിച്ചുകൊണ്ട് മനുഷ്യവാസ കേന്ദ്രങ്ങളെ ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ടുള്ള പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ തയ്യാറാകുമോ?

2019-ലെ സർക്കാർ ഉത്തരവുപ്രകാരം ഇക്കോസെൻസിറ്റീവ് സോൺ നിജപ്പെടുത്തിയതിൽ ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി 28-09-2020-ൽ ബഹു. വനം വകുപ്പുമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഇക്കോസെൻസിറ്റീവ് സോണിൽനിന്നും ജനസാന്ദ്രതകൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങളുൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തിന്റെ വെളിച്ചത്തിൽ ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധസർക്കാർ/പൊതുസ്ഥാപനങ്ങളുൾപ്പെടുന്ന പ്രദേശങ്ങളെയും പരമാവധി ഒഴിവാക്കിക്കൊണ്ടാണ് മലബാർ, ഇടുക്കി, ആറളം, കൊട്ടിയൂർ, ശെന്തുരിണി, തട്ടേക്കാട്, പെരിയാർ, വയനാട്, സൈലന്റ് വാലി, പറമ്പിക്കുളം, നെയ്യാർ, പേപ്പാറ, ചൂലന്നൂർ, പീച്ചി എന്നീ 14 വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതി സംവേദകമേഖലയിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയുള്ള കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര സർക്കാരിലേക്ക് വീണ്ടും സമർപ്പിച്ചിട്ടുള്ളത്. ആയതിന്മേലുള്ള തുടർനടപടി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സ്വീകരിച്ചുവരികയാണ്. ബാക്കി വന്യജീവി സങ്കേതങ്ങളുടെ കാര്യത്തിൽ ജനവാസമേഖലകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ കരട് ഭേദഗതി നിർദ്ദേശം ആവശ്യമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ജനസാന്ദ്രത കൂടിയ

മേഖലകളെയും കൃഷി സ്ഥലങ്ങളെയും പരമാവധി ഒഴിവാക്കിയാണ് പുതുക്കിയ പ്രൊപ്പോസൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഈ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി വിദഗ്ദ്ധ സമിതി യോഗങ്ങൾ ചേരുകയും ആവശ്യപ്പെട്ട അധിക വിവരങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജനസാന്ദ്രത കൂടിയ മേഖലകളുൾപ്പെട്ടിട്ടില്ലാത്ത ഇരവികുളം, ചിന്നാർ, കുറിഞ്ഞിമല, പാമ്പാടുംഷോല, ആനമുടിഷോല, തട്ടേക്കാട് എന്നിവയുടെ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിന് വിദഗ്ദ്ധ സമിതി യോഗത്തിൽ തത്വത്തിൽ തീരുമാനമായതുമാണ്.

മേൽസാഹചര്യത്തിൽ, 2019-ലെ ഉത്തരവ് പുനഃപരിശോധിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

**വനഭൂമി സംരക്ഷിക്കുന്നതിനുള്ള നടപടികൾ**

28 (*388) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ)

സദയം മറുപടി നൽകുമോ:

(എ) വനഭൂമി സംരക്ഷിക്കുന്നതിന് ഇക്കോ റെസ്റ്റോറേഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ ഇതിന്റെ പുരോഗതി വെളിപ്പെടുത്തുമോ?

ഉണ്ട്. 17-12-2021 -ലെ സർക്കാർ ഉത്തരവ് (കൈ) നം. 29/2021/വനം

പ്രകാരം ഒരു നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. സർക്കാർ അധീനതയിലുള്ള അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വിദേശയിനം മരത്തോട്ടങ്ങളെ ഘട്ടംഘട്ടമായി മാറ്റി തദ്ദേശയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സ്വഭാവിക വനമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. ഇതിന്റെ ഭാഗമായി NABARD-RIDF പദ്ധതിയിലുൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷത്തിൽ 12.32 കോടി രൂപയുടെ പദ്ധതി തൃശ്ശൂർ വടക്കാഞ്ചേരിയിലും 2021-22 സാമ്പത്തിക വർഷത്തിൽ 35.40 കോടി രൂപ ചെലവിൽ തൃശ്ശൂർ, തിരുവനന്തപുരം, കൊല്ലം, നെന്മാറ, നിലമ്പൂർ, കാസർഗോഡ്, കോട്ടയം, മൂന്നാർ എന്നിവിടങ്ങളിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ് തോട്ടങ്ങൾ മാറ്റി തദ്ദേശയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സ്വാഭാവിക വനമാക്കുന്നതിനുള്ള പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള വനഭൂമി സർവ്വേ നടത്തി അതിർത്തി നിർണ്ണയിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വനം കയ്യേറ്റം പൂർണ്ണമായി തടയുന്നതിനും വനാതിർത്തി നിശ്ചയിക്കുന്നതിനും വനഭൂമിയുടെ അതിരുകൾ സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുന്ന പദ്ധതി വിജയകരമായും സമയബന്ധിതമായും നടപ്പാക്കിവരുന്നു. ഇത്തരം പ്രവൃത്തികൾക്കായി സർവ്വേ വകുപ്പിലെ സർവ്വേയർമാർ, വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേ എന്ന സ്ഥാപനം വഴി മോഡേൺ സർവ്വേ രീതികളിൽ, പരിശീലനം നൽകി വനാതിർത്തി നിർണ്ണയത്തിനുള്ള നടപടിക്ക് ഉപയോഗപ്പെടുത്തിവരുന്നുണ്ട്.

(സി) വനഭൂമിയിൽ അവകാശമുന്നയിച്ച് വ്യക്തികൾ കോടതി വ്യവഹാരങ്ങളിലേക്ക് നീങ്ങുന്ന പ്രവണത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കോടതി വ്യവഹാരങ്ങളിൽ വസ്തുതകളും നിയമവശങ്ങളും ബോധ്യപ്പെടുത്തി അനുകൂല വിധികൾ സമ്പാദിക്കുന്നതിന് പ്രത്യേക വിഭാഗത്തെ

ചുമതലപ്പെടുത്തുമോ; വിശദാംശം നൽകുമോ?

വനഭൂമിയിൽ അവകാശമുന്നയിച്ച് വ്യക്തികൾ കോടതികളിലേക്ക് നീങ്ങുന്ന കേസുകളിൽ വനനിയമമനുസരിച്ച് ബന്ധപ്പെട്ട പരിധിയിലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോടതി വ്യവഹാരങ്ങളിൽ ഏർപ്പെടുകയും ബന്ധപ്പെട്ട ഗവൺമെന്റ് പ്ലീഡർമാർ, അഡ്വക്കേറ്റ് ജനറൽ എന്നിവരുമായി കൂടിയാലോചിച്ച് വസ്തുതകളും നിയമവശങ്ങളും കോടതിയെ ബോധ്യപ്പെടുത്തി അനുകൂല വിധികൾ സമ്പാദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഹൈക്കോടതിയുമായി ബന്ധപ്പെട്ട കേസുകളിൽ വനം വകുപ്പിലെ വിവിധ കാര്യാലയങ്ങളെ അഡ്വക്കേറ്റ് ജനറൽ കാര്യാലയവുമായി ഏകോപിക്കുന്നതിനായി ഒരു ലെയ്സൺ ഓഫീസറുടെ നേതൃത്വത്തിൽ അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ വനം വകുപ്പിന്റെ പ്രത്യേക വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഹൈക്കോടതിയിലെ വനം കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി രണ്ട് പ്രത്യേക ഗവൺമെന്റ് പ്ലീഡർമാരുടെ സേവനവും വനം വകുപ്പിന് ലഭ്യമാണ്.

## ഇക്കോ സെൻസിറ്റീവ് സോൺ

29 (*389) <u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>

ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടിനൽകുമോ:

(എ) 2016-ൽ ന്യൂഡൽഹിയിൽ നടന്ന വനം വന്യജീവി വിദഗ്ധ സമിതി യോഗത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ടുള്ള 2013-ലെ സർക്കാരിന്റെ കരട് നിർദ്ദേശങ്ങൾ പരിഗണിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്മേൽ വിദഗ്ധ സമിതി കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കാമോ ;

(സി) വിദഗ്ധ സമിതി ആവശ്യപ്പെട്ട വിശദാംശങ്ങൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് തുടർന്ന് അധികാരത്തിൽവന്ന സർക്കാരിന് സാധിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

(എ-സി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 09-02-2011-ൽ പ്രസിദ്ധീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കി 2013-ൽ സമർപ്പിച്ച കരട് പ്രൊപ്പോസലുകൾ 07-12-2015 മുതൽ 29-08-2017 വരെയുള്ള വിവിധ തീയതികളിലായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം

കരട് വിജ്ഞാപനമായി പ്രസിദ്ധീകരിക്കുകയും ടി പ്രൊപ്പോസലുകൾ ചർച്ച ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ 2017 ഫെബ്രുവരി 27, 28 തീയതികളിൽ സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡന്മാരെക്കൂടിയുൾപ്പെടുത്തിക്കൊണ്ട് വിദഗ്ദ്ധ സമിതിയുടെ 24-ാമത് യോഗം വിളിച്ചുചേർക്കുകയും ചെയ്തു. സംസ്ഥാനത്തുനിന്ന് സമർപ്പിച്ച പ്രൊപ്പോസലുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ടി യോഗത്തിൽ അവതരിപ്പിച്ചുവെങ്കിലും അവയ്ക്ക് വിദഗ്ദ്ധ സമിതിയുടെ അംഗീകാരം ലഭിച്ചില്ല. ടി പ്രൊപ്പോസലുകൾ ഭേദഗതികളോടെ വീണ്ടും സമർപ്പിക്കാൻ ടി യോഗത്തിൽനിന്ന് നിർദ്ദേശം ലഭിച്ചു. അതോടൊപ്പം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 16.02.2017-ലെ കത്തുപ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനായുള്ള പ്രൊപ്പോസലുകൾ പുതിയ മാതൃകയിൽ നിശ്ചിത കളർ കോഡിൽ ഭൂപടങ്ങൾ, ജനസംഖ്യാ ഭൂപടങ്ങൾ, ഉപഗ്രഹ ചിത്രങ്ങൾ, ഓരോ സംരക്ഷിത പ്രദേശത്തെയും സസ്യങ്ങൾ, ജീവികൾ, പക്ഷികൾ. ഷഡ്പദങ്ങൾ എന്നിവയുടെ പ്രത്യേക ലിസ്റ്റ്, പ്രാദേശികമായി മാത്രം കാണപ്പെടുന്ന ജീവി വർഗ്ഗങ്ങളുടെ പ്രത്യേക വിവരങ്ങൾ, വംശനാശ ഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളുടെ വിവരങ്ങൾ,

ജനങ്ങളുടെ വരുമാന സ്രോതസ്സ്, വില്ലേജുകളുടെ ലിസ്റ്റ് എന്നിവ ഉൾപ്പെടുത്തി സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ടി നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പുതിയ മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള രേഖകൾ സർക്കിൾ/ഡിവിഷൻതല ഓഫീസുകളിൽനിന്ന് ശേഖരിച്ചുകൊണ്ട് നടപടി സ്വീകരിച്ചുവരവെ, നിശ്ചിത സമയപരിധിയായ 545 ദിവസങ്ങൾക്കകം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ കഴിയാതിരുന്നതിനാൽ കരട് വിജ്ഞാപനങ്ങൾ അസാധുവായ വിവരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 19-12-2017-ലെ കത്തുപ്രകാരം അറിയിക്കുകയും പുതിയ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

## മത്സ്യ മാർക്കറ്റുകളുടെ നവീകരണം

30 (*390) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധനത്തിലൂടെ ലഭിക്കുന്ന മത്സ്യ സമ്പത്തിന്റെ ഒരു ഭാഗം കേടാകുന്നതുമൂലമുണ്ടാകുന്ന നഷ്ടം സംബന്ധിച്ച് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

രാജ്യത്തെ തീരദേശ സംസ്ഥാനങ്ങളിൽ മത്സ്യബന്ധനത്തിലൂടെയുള്ള പൂർവ്വ വിളവെടുപ്പ് നഷ്ടം 15,000 കോടി രൂപയായി അസോസിയേറ്റഡ് ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി ഓഫ് ഇന്ത്യ (Assocham, 2013) ആന്വൽ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ശുചിത്വപൂർണ്ണമല്ലാത്ത രീതിയിൽ മത്സ്യം കൈകാര്യം ചെയ്യുക, സംസ്കരിക്കുക, അപര്യാപ്തമായ പ്രിസർവേഷൻ, പാക്കേജിംഗ്, സംഭരണ വിപണനസൗകര്യം എന്നിവ കാരണമാണ് നഷ്ടം ഉണ്ടാകുന്നതെന്ന് കണക്കാക്കുന്നു.

(ബി) ഇപ്രകാരം മത്സ്യസമ്പത്ത് നഷ്ടപ്പെടുന്നത് പരിഹരിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

നഷ്ടങ്ങൾ കുറയ്ക്കുന്നതിനായി സംസ്ഥാനത്തു മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേടുകൂടാതെ കരയ്ക്ക് എത്തിക്കുന്നതിന് 300 മുതൽ 700 ലിറ്റർ വരെ സംഭരണശേഷിയുള്ള 220 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കും.

മത്സ്യബന്ധന ഹാർബറുകളെ അന്താരാഷ്ട്ര നിലവാരത്തോടുകൂടി ആധുനികവൽക്കരിച്ച് പൂർവ്വ സംസ്കരണ മൂല്യവർദ്ധന വിപണന അടിസ്ഥാന സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തി ഫിഷറീസ് ഹബ്ബുകളാക്കി വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. ആദ്യ ഘട്ടമെന്ന നിലയിൽ കൊല്ലം-ശക്തികുളങ്ങര-നീണ്ടകര ഹാർബറുകളെ ഫിഷറീസ് ഹബ്ബായി ഉയർത്തുന്നതിനുള്ള പദ്ധതി 2024-25 -ൽ പൂർത്തീകരിക്കുന്നതാണ്.

മത്സ്യവിപണന രംഗത്ത് മത്സ്യലേലം മുതൽ ഉപഭോക്താക്കളിൽ എത്തുന്നതുവരെയുള്ള വിപണന ശൃംഖല ആധുനികവൽക്കരിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം കുറച്ചുകൊണ്ട് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദകർക്ക് ന്യായവിലയും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യലഭ്യതയും ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിലേക്കായി നിയമപരമായ നിയന്ത്രണങ്ങളും പരിശോധനകളും എല്ലാ വിപണന ശൃംഖലയിലും നടപ്പാക്കും. മത്സ്യമാർക്കറ്റുകളുടെ ഭൗതികസൗകര്യങ്ങൾ വനിത സൗഹൃദവും ശുചിത്വ പൂർണ്ണവും ആക്കുന്നതിന് ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവയുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ വരുംവർഷങ്ങളിൽ ആവിഷ്കരിച്ച്

നടപ്പാക്കുന്നതാണ്.

മത്സ്യബന്ധനത്തിലൂടെ ലഭിക്കുന്ന മത്സ്യസമ്പത്ത് കേടായി നഷ്ടപ്പെടുന്നത് പരിഹരിക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ (സാഫ്) എന്നിവ മുഖേന വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സ്ഥാപിച്ചുവരുന്ന മത്സ്യമാർക്കറ്റുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവയിൽ ശീതീകരണ സംവിധാനം ഉറപ്പുവരുത്തി വരുന്നു. കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന 51 മത്സ്യമാർക്കറ്റുകളിലും നബാർഡിന്റെ ഗ്രാമീണാടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായ നെടുമൺകാവ് മത്സ്യമാർക്കറ്റിലും ചിൽ റൂം സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നബാർഡിന്റെ ഗ്രാമീണാടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായ തിരുവനന്തപുരം ജില്ലയിലെ റാത്തിക്കൽ, കൊല്ലം ജില്ലയിലെ ചില്ലയ്ക്കൽ, ആലപ്പുഴ ജില്ലയിലെ പ്രായിക്കര എന്നീ ഫിഷ് ലാന്റിംഗ് സെന്ററുകളിലും സംസ്ഥാന ബഡ്ജറ്റ് ധനസഹായത്താൽ പൂർത്തീകരിച്ചുവരുന്ന കാസർഗോഡ് ജില്ലയിലെ

അജാനൂരിൽ നിർമ്മിക്കുന്ന ഫിഷർമെൻ യൂട്ടിലിറ്റി സെന്ററിലും ചിൽ റൂം സംവിധാനത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇതുകൂടാതെ മത്സ്യസമ്പത്ത് കേടായി നഷ്ടപ്പെടുന്നതിന് ഒരു പരിഹാരമായി സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ (സാഫ്) എന്നിവ മുഖേന വിവിധ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളും ഉണക്ക മത്സ്യ ഉൽപ്പന്നങ്ങളും നിർമ്മിച്ച് വിപണിയിൽ എത്തിച്ചുവരുന്നു.

(സി) ഹൈടെക് മത്സ്യമാർക്കറ്റുകളും ആധുനിക വെയർ ഹൗസുകളും സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ തെരഞ്ഞെടുത്ത 51 മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആധുനികവൽക്കരിക്കുന്നതിനായി 137.81 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമായിട്ടുണ്ട്. കൂടാതെ നബാർഡിന്റെ ഗ്രാമീണാടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ നെടുമൺകാവ് മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി 502.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ മത്സ്യഫെഡിന്റെ കീഴിൽ ആധുനികരീതിയിലുള്ള ശീതീകരിച്ച 53 മത്സ്യമാർട്ടുകളും

ഫ്രാഞ്ചൈസി വ്യവസ്ഥയിൽ 60 ഫിഷ് മാർട്ടുകളും 10 സഞ്ചരിക്കുന്ന മത്സ്യവിപണനശാലയും നിലവിൽ പ്രവർത്തിച്ചുവരുന്നു. കൂടുതൽ ഫിഷ് ബൂത്തുകൾ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കടൽ മത്സ്യത്തോടൊപ്പം കായൽ മത്സ്യങ്ങളും പ്രാദേശികമായി വളർത്തി ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങളും കൂടി ഇത്തരം വെയർ ഹൗസുകളിൽ സൂക്ഷിക്കുന്നതിനും കയറ്റുമതിക്കും പ്രാദേശിക വിപണനത്തിനും ഉപയോഗിക്കത്തക്ക സൗകര്യങ്ങളുള്ള ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള കർമ്മപദ്ധതിക്ക് രൂപം കൊടുക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉൾനാടൻ മത്സ്യമേഖലയിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന കായൽ മത്സ്യങ്ങളും മത്സ്യകൃഷി വഴി ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങളും സംഭരിച്ച് വിപണനം ചെയ്യുന്നതിനായുള്ള കർമ്മ പദ്ധതികൾ മത്സ്യ വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഉൾനാടൻ മേഖലയിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങൾ ശേഖരിക്കുന്നതിനും അവയുടെ സംസ്കരണത്തിനും വിപണനത്തിനുമായി സംസ്ഥാനത്തെ 5 ജില്ലകളിൽ ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 30 മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ

സ്ഥാപിക്കുന്നതിനായി നടപ്പ് സാമ്പത്തികവർഷം 3 കോടി രൂപയുടെ കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഉൾനാടൻ മത്സ്യങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ശൃംഖല രൂപീകരണവും വിപണന ശാക്തീകരണവും ലക്ഷ്യമിടുന്നു. ഇതിനുപുറമേ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് മുഖേന സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങളുമായി ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജകമണ്ഡലങ്ങളിലായി 113 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. കൂടാതെ കേന്ദ്രസർക്കാരിന്റെ പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി കക്കി (പത്തനംതിട്ട), പെരുവണ്ണാമൂഴി (കോഴിക്കോട്), കാരാപ്പുഴ, ബാണാസുരസാഗർ (വയനാട്) എന്നീ ജല സംഭരണികളിലായി നടത്തിവരുന്ന കൂട് മത്സ്യകൃഷിയോടനുബന്ധിച്ച് വിവിധ ഇടങ്ങളിൽ മത്സ്യ വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ, ഭൂരഹിതർ**

1(4395) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ, ഭൂരഹിതർ എന്നിവരെ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ ഭവനരഹിതരും, ഭൂരഹിതരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | ഭവന രഹിതർ | ഭൂരഹിതർ |
|---|---|---|---|
| 1 | വടക്കാഞ്ചേരി മുനിസിപ്പാലിറ്റി | 235 | 98 |
| 2 | തെക്കുംകര | 38 | 39 |
| 3 | അവണ്ണൂർ | 45 | 57 |

| | | | |
|---|---|---|---|
| 4 | തോളൂർ | 77 | 68 |
| 5 | കൈപ്പറമ്പ് | 40 | 63 |
| 6 | അടാട്ട് | 69 | 84 |
| 7 | കോലഴി | 61 | 40 |
| 8 | മുളങ്കുന്നത്തുകാവ് | 41 | 34 |
| **ആകെ** | | **606** | **483** |

വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരും ഭൂരഹിതരും ഇല്ല

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതി വഴി 2016 മുതൽ നാളിതുവരെ മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ലൈഫ് മിഷൻ പദ്ധതി നടപ്പാക്കുന്നതിനുമുമ്പ് 2016-17, 2017-18 വർഷങ്ങളിലായി പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 176 പേർക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.

2016 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വടക്കാഞ്ചേരി മണ്ഡലത്തിൽ വീട് അനുവദിച്ചിട്ടില്ല.

## വടക്കാഞ്ചേരി മണ്ഡലത്തിൽ ഭവന നിർമ്മാണത്തിനായി നൽകിയ സഹായങ്ങൾ

2(4396) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് മിഷന്റെ അർഹതാലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ഒട്ടും വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരുമായ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ പട്ടികജാതി കുടുംബങ്ങൾക്ക് 2016-2021 കാലയളവിൽ ഭവന നിർമ്മാണത്തിനായി നൽകിയ സഹായങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?

ലൈഫ് മിഷന്റെ അർഹതാലിസ്റ്റിലുൾപ്പെട്ടതും എന്നാൽ ഒട്ടും വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരുമായ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ പട്ടികജാതി കുടുംബങ്ങൾക്ക് വകുപ്പ് മുഖേന ഭവന നിർമ്മാണ ധനസഹായം നൽകിയിട്ടില്ല. എന്നാൽ ലൈഫ് മിഷൻ നിലവിൽ വരുന്നതിനുമുമ്പ് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത മണ്ഡലത്തിൽനിന്നും ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 176 പേർക്ക്

വകുപ്പിൽ നിന്നും ഭവനനിർമ്മാണ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന്റെ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്

**വയനാട് ജില്ലയിലെ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം**

3(4397) ശ്രീ. ഒ. ആർ. കേളു: **താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വയനാട് ജില്ലയിൽ നാളിതുവരെ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് എത്ര ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന കണക്ക് താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ?

ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വയനാട് ജില്ലയിൽ വാങ്ങിയ 12.93 ഏക്കർ ഭൂമിയിൽ 7.16 ഏക്കർ ഭൂമി സുൽത്താൻ ബത്തേരി താലൂക്കിലും 5.77 ഏക്കർ ഭൂമി മാനന്തവാടി താലൂക്കിലും വിതരണം ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾ വയനാട് ജില്ലയിൽ ഉണ്ടെന്നുള്ള സർക്കാർ കണക്ക് വ്യക്തമാക്കാമോ?

ലഭ്യമായ കണക്കുകൾ പ്രകാരം വയനാട് ജില്ലയിൽ ഭൂരഹിതരായ 3184 പട്ടിക വർഗ്ഗക്കാരാണുള്ളതെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. എസ്.റ്റി. പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ എന്നിവരുടെ സഹായത്തോടെ കൂടുതൽ ഭൂരഹിതരുണ്ടോയെന്ന് പരിശോധിച്ചുവരികയാണ്.

(സി) ഇവർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനായി ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നിവപ്രകാരം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങാൻ തുക അനുവദിക്കൽ**

4(4398) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും

**വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) ദേവികുളം പട്ടികജാതി വികസന ഓഫീസിൽനിന്നും 2021-22 സാമ്പത്തിക വർഷത്തിൽ എത്ര ആളുകൾക്ക് വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

50 പേർക്ക് തുക അനുവദിച്ചിട്ടുണ്ട്.

(ബി) 2021-22 കാലയളവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

73 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) അപേക്ഷകരുടേയും തുക അനുവദിച്ചവരുടേയും വിശദാംശം നൽകാമോ?

വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കാൻ സഹായം**

5(4399) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മണലൂർ മണ്ഡലത്തിൽ വീടില്ലാത്ത പട്ടികജാതി കുടുംബങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇവർക്ക് ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി വീട് ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

(എ&ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വീടില്ലാത്ത 778 പട്ടികജാതി കുടുംബങ്ങളുണ്ട്. ലൈഫ് മിഷൻ മുഖാന്തരം 106 ഗുണഭോക്താക്കൾക്ക് വീട് നൽകുകയും 96 ഗുണഭോക്താക്കൾക്ക് സ്ഥലം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

## ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ സ്വന്തമായി വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾ

6(4400) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പട്ടികജാതിവകുപ്പ് മുഖാന്തരം എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ?

വീടില്ലാത്ത പട്ടികജാതി കുടുബങ്ങൾക്ക് ലൈഫ് പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നിലവിൽ ഭവന ധനസഹായം അനുവദിച്ചുവരുന്നത്. ആയതിലേയ്ക്ക് വീടൊന്നിന് ഒരുലക്ഷം രൂപ വീതം വകുപ്പ് ലൈഫ് മിഷന് നൽകിവരുന്നു. ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ 375000/- രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 450000/- രൂപയും കോർപ്പറേഷൻ പരിധിയിൽ 600000/- രൂപയും അനുവദിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി വകുപ്പ് മുഖേന നടപ്പാക്കിവരുന്നു.

(ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കുടുംബങ്ങൾക്കാണ് സ്വന്തമായി വീടില്ലാത്തതെന്ന് വ്യക്തമാക്കുമോ?

174 കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കുടുംബങ്ങളാണ് വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നതെന്നും എത്ര വീടുകളാണ് വൈദ്യുതീകരിക്കാനുള്ളതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

വാസയോഗ്യമല്ലാത്ത വീടുകൾ - 43

വൈദ്യുതീകരിക്കാത്ത വീടുകൾ - 15

## എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഭവന പദ്ധതികൾ

7(4401) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനായി ഏതെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്; പദ്ധതി തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് നിലവിൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നത്. കൂടാതെ, ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വാങ്ങി

നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും വീട് അനുവദിച്ചുവരുന്നുണ്ട്.

(ബി) ലൈഫ് പദ്ധതിക്ക് മുമ്പ് മുൻ സർക്കാരിന്റെ ആദ്യ വർഷങ്ങളിൽ എസ്.സി. വകുപ്പ് നേരിട്ട് എത്ര വീടുകളാണ് അനുവദിച്ചത്; അവയിൽ എത്രയെണ്ണം പൂർത്തീകരിച്ചു; നിർമ്മാണം ഇനിയും പൂർത്തീകരിക്കാനുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം; അവയെ ലൈഫിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ലൈഫ് പദ്ധതിക്ക് മുമ്പ് മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വികസന വകുപ്പ് നേരിട്ട് അനുവദിച്ച വീടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ചവ | പൂർത്തീകരിച്ചവ | പൂർത്തീകരിക്കാനുള്ളവ |
|---|---|---|---|
| 2016-17 | 14,906 | 12,673 | 2,233 |
| 2017-18 | 8,895 | 7,780 | 1,115 |
| ആകെ | 23,801 | 20,453 | 3,348 |

ടി വീടുകളെ ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിലുൾപ്പെടുത്തിയിട്ടില്ല.

(സി) പട്ടാമ്പി മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ പദ്ധതികളിലായി എത്ര എസ്.സി. കുടുംബങ്ങൾക്ക് ഭവനങ്ങൾ നൽകാൻ കഴിഞ്ഞു; പദ്ധതിയും പൂർത്തീകരിച്ച വീടുകളുടെ എണ്ണവും ജില്ല തിരിച്ച് നൽകുമോ?

വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**തൃശ്ശൂർ മണ്ഡലത്തിൽ ഭൂമി വാങ്ങാൻ ധനസഹായം**

8(4402) **ശ്രീ. പി. ബാലചന്ദ്രൻ**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) പട്ടികജാതി വികസന വകുപ്പ് ഭൂമി വാങ്ങാൻ ധനസഹായം നൽകുന്ന പദ്ധതികളിൽ ഏന്തൊക്കെ മാനദണ്ഡങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്?

1. അപേക്ഷകൻ ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ആളായിരിക്കണം.
2. അപേക്ഷകൻ, ഭാര്യ/ഭർത്താവ് പേരിൽ സ്വന്തമായി ഭൂമി ഇല്ലായെന്ന സാക്ഷ്യപത്രം ഹാജരക്കേണ്ടതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. പാരമ്പര്യസ്വത്തായി 3 സെന്റിൽ കൂടുതൽ ഭൂമി കിട്ടാനില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

4. പ്രായപരിധി 60 വയസ്സ്.

5. വരുമാന പരിധി 50,000/ രൂപ

6. വകുപ്പിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റു സർക്കാർ വകുപ്പുകളിൽ നിന്നോ മുൻപ് ഭൂമി വാങ്ങുന്നതിനു ധനസഹായം ലഭിക്കാത്ത കുടുംബമായിരിക്കണം.

(ബി) ഭൂമി ലഭിക്കുന്നതിനായി തൃശ്ശൂർ മണ്ഡലത്തിൽനിന്നും 2016 മുതൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

ഭൂമി ലഭിക്കുന്നതിനായി തൃശ്ശൂർ മണ്ഡലത്തിൽനിന്നും 2016-17 മുതൽ 2021-22 വരെ ആകെ 108 അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ മുഴുവൻപേർക്കും ഭൂമി അനുവദിച്ചിട്ടുണ്ട്.

**കൊണ്ടോട്ടി മണ്ഡലത്തിലെ പട്ടിക ജാതിക്കാരായ ഭവനരഹിതർ**

9(4403) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും**

**പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപെട്ട എത്ര പേർ ഭവനരഹിതരായിട്ടുണ്ട്; പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) ഈ കുടുംബങ്ങളിൽ എത്ര പേർക്ക് വിവിധ പദ്ധതികളിലൂടെ ഈ വർഷം വീട് നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പഞ്ചായത്ത്, പദ്ധതി എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷനിലൂടെയാണ് നിലവിൽ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്.

**അരൂർ മണ്ഡലത്തിലെ ഭവന-ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ലിസ്റ്റ്**

10(4404) **ശ്രീമതി ദെലീമ:** താഴെ കാണുന്ന ചോദ്യത്തിന് **പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അരൂർ മണ്ഡലത്തിൽ ഭവന-ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ലിസ്റ്റ് പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ; പ്രസ്തുത ലിസ്റ്റിൽപ്പെട്ടവർ ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽപ്പെട്ടിട്ടുണ്ടോയെന്ന വിവരം ലഭ്യമാണോ; എങ്കിൽ വിശദവിവരം അറിയിക്കുമോ?

അരൂർ മണ്ഡലത്തിലെ ഭവന-ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു[+]. ലൈഫ് മിഷൻ അന്തിമ ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ മാത്രമേ പ്രസ്തുത ലിസ്റ്റിൽപ്പെട്ടവർ എല്ലാം ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽപ്പെട്ടിട്ടുണ്ടോയെന്ന വിവരം അറിയാൻ സാധിക്കുള്ളൂ.

## അംബേദ്കർ ഗ്രാമ വികസന പദ്ധതി

11(4405) **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2021-22 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂവത്തുംതറ, മണ്ണഴി-കോട്ടപ്പുറം എന്നീ കോളനികളുടെ നവീകരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോളനികളുടെ നവീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

(എ&ബി) പ്രസ്തുത കോളനി നവീകരണത്തിൽ ഉൾപ്പെടുത്തേണ്ട പ്രവൃത്തികൾ തീരുമാനിക്കുന്നതിനായി എം.എൽ.എ-യുടെ അധ്യക്ഷതയിൽ യോഗം ചേരുകയും പൂവത്തുംതറ കോളനിയിൽ ആവശ്യമായ പ്രവൃത്തികളുടെ പരിശോധനയ്ക്കായി മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മണ്ണഴി-കോട്ടപ്പുറം കോളനിയിൽ കോളനി നിവാസികൾ ആവശ്യപ്പെട്ടിട്ടുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനം

12(4406) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി ഏതൊക്കെ കോളനികളിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്നും അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പദ്ധതിയുടെ നിർവ്വഹണ ചുമതല ഏതൊക്കെ ഏജൻസിക്കാണെന്നും അറിയിക്കുമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു

(ബി) പ്രസ്തുത കോളനികളിൽ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

പട്ടികജാതി കോളനികളിൽ പുതിയ പദ്ധതി നിർദ്ദേശങ്ങളൊന്നും അംഗീകരിച്ചുവന്നിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തമ്പലക്കാട് റ്റി.ആർ.ഡി.എം. പട്ടികവർഗ്ഗ കോളനിയിൽ കുറ്റിയാടി തെങ്ങിൻതൈ, ബഡ് പ്ലാവ്, മാവ് എന്നീ തൈകളുടെ വിതരണം, റബ്ബർ മരങ്ങൾക്കുള്ള രാസവള വിതരണം എന്നീ പദ്ധതികൾ നടപ്പു സാമ്പത്തിക വർഷം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ 10,11,000/- രൂപ ചെലവിൽ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(സി) അനുവദിക്കപ്പെട്ട എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താമോ; വിശദമാക്കാമോ?

പദ്ധതികൾ അടിയന്തിരമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

13(4407) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിലെ അമ്പൂരി മുള്ളിപ്പച്ച പട്ടികജാതി കോളനിയുടെ സമഗ്ര വികസനത്തിനായി നടപ്പാക്കിയ അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പട്ടികജാതി കോളനിയിൽ അംബേദ്കർ ഗ്രാമം പദ്ധതി പൂർത്തീകരിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള പദ്ധതി പൂർത്തിയാക്കിയശേഷം മാത്രമെ ഫൈനൽ ബിൽ സമർപ്പിക്കാവൂവെന്ന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിലെ കോളനികളിൽ പൈപ്പ് കണക്ഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

14(4408) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട നെടുംപച്ച, ചേറാട്ടുകുഴി, ഇടക്കരിക്കകം, പാറകുന്ന്, കരിമ്പലോട്, ശാസ്താംകോളനി, മീൻകോണം, പേരാപ്പ്, കാവുവിള, കാലകോണം, മുള്ളൻചാണി എന്നീ കോളനികളിൽ എല്ലാവർക്കും പൈപ്പ് കണക്ഷൻ നൽകുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

രൂക്ഷമായ കുടിവെള്ള പ്രശ്നം നിലനിൽക്കുന്ന പാറക്കുന്നു കോളനിയിൽ മൂന്നു തവണ കുഴൽ കിണർ , പൈപ്പ് ലൈൻ എന്നിവ സ്ഥാപിച്ചെങ്കിലും പ്രസ്തുത കോളനി കുന്നിൻ പ്രദേശത്ത് ആയതിനാൽ പദ്ധതി വിജയിച്ചില്ല.

കരിമ്പലോട് കോളനിയിൽ ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പൈപ്പ് ലൈൻ എത്തിയിട്ടില്ലാത്തതും ഭാഗികമായിമാത്രം എത്തിയിട്ടുള്ളതുമായ മറ്റ്

കോളനികളിൽ എല്ലാം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

**ചാക്കുടി-കടമ്പ്രവാരം സമഗ്രകോളനി വികസന പദ്ധതി**

15(4409) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ചാക്കുടി-കടമ്പ്രവാരം കോളനിയിൽ സമഗ്രകോളനി വികസന പദ്ധതിയുടെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

അംബേദ്കർ ഗ്രാമ വികസന പദ്ധതി 2020-21-ൽ ഉൾപ്പെട്ട പ്രസ്തുത കോളനിയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയതിൽ ന്യൂനത ഉണ്ടായിരുന്നത് പരിഹരിച്ച് ലഭ്യമായാലുടൻ എസ്റ്റിമേറ്റ് അംഗീകരിച്ച് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ഇരിക്കൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

16(4410) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ നിന്നും പട്ടികജാതി കോളനികളുടെ നവീകരണത്തിനായി അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുത്ത കോളനികൾ ഏതെല്ലാമാണെന്നും പ്രസ്തുത കോളനികളിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അറിയിക്കുമോ?

2021-22 വർഷത്തിൽ ഇരിക്കൂർ മണ്ഡലത്തിൽനിന്നും എള്ളരഞ്ഞി, പഞ്ചാംമൂല എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി വിശദീകരിക്കുന്നതിനുള്ള ഗ്രാമതല യോഗവും പദ്ധതികൾ തീരുമാനിക്കുന്നതിനുള്ള മോണിറ്ററിംഗ് കമ്മിറ്റികളും ചേരുന്ന ഘട്ടമാണ് നടന്നു വരുന്നത്.

(ബി) ഇപ്രകാരം ഓരോ പദ്ധതിക്കുമായി നീക്കിവച്ചിട്ടുള്ള തുക എത്രയെന്നും പദ്ധതികളുടെ നിലവിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കാമോ?

ഓരോ കോളനിക്കും പരമാവധി ഒരു കോടി രൂപ വരെയാണ് അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം അനുവദിക്കുന്നത്.

**കോതമംഗലം മണ്ഡലത്തിലെ പന്തപ്ര ആദിവാസി കോളനി പുനരധിവാസം**

17(4411) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ പന്തപ്ര ആദിവാസി കോളനി പുനരധിവാസത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പന്തപ്ര ആദിവാസി കോളനി പുനരധിവാസവുമായി ബന്ധപ്പെട്ട് എന്തെല്ലാം പാക്കേജുകളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇവിടെ നടപ്പാക്കുന്ന പുനരധിവാസ പാക്കേജിൽ ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) പന്തപ്ര ആദിവാസി കോളനി പുനരധിവാസ പാക്കേജിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

(എ-ഡി) പന്തപ്ര പുനരധിവാസ മേഖലയിൽ പുനരധിവസിപ്പിച്ച 67 കുടുംബങ്ങളിൽ 57 പേർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും 10 പേർക്ക് ലൈഫ് മിഷനിലുൾപ്പെടുത്തിയും ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തിയായിവരുന്നു. ടി മേഖലയിൽ കുടിവെള്ള പദ്ധതി, വൈദ്യുതീകരണം, സോളാർ ഫെൻസിംഗ്, റോഡ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു[+].

(ഇ) പ്രസ്തുത പാക്കേജിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭവനനിർമ്മാണം ഒഴികെയുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(എഫ്) പന്തപ്ര പുനരധിവാസ പാക്കേജ് എന്നത്തേയ്ക്ക് പൂർണ്ണതോതിൽ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഈ സാമ്പത്തികവർഷം ഭവനനിർമ്മാണം പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**മണമ്പൂർ ഗ്രാമപഞ്ചായത്ത് കോളനികളിൽ കുടിവെള്ളം ലഭ്യമാക്കാൻ നടപടി**

18(4412) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ മണമ്പൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ ശങ്കരൻമുക്ക് കോളനി, പയ്യിക്കോണം കോളനി, ഭാസ്കർ കോളനി, ആലുവിള കോളനി എന്നിവിടങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) പുളിക്കച്ചിറ കോളനിയിലെ നിലവിലെ പദ്ധതിപ്രകാരം എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കാനാവാത്ത സാഹചര്യമുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പ്രസ്തുത കോളനിയിലെ കുടിവെള്ള പദ്ധതിയുടെ പമ്പ് കേടായതിനാലാണ് കുടിവെള്ളവിതരണം തടസ്സപ്പെട്ടിട്ടുള്ളത്. ആയത് പരിഹരിക്കുന്നതിന് മണന്നൂർ ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.

## അംബേദ്കർ ഗ്രാമം പദ്ധതി

19(4413) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ എത്ര പട്ടികജാതി ഗ്രാമങ്ങളെ തെരഞ്ഞെടുത്തുവെന്നും അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനായി ഓരോ കോളനിയിലും എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തതെന്നും അറിയിക്കുമോ;

(ബി) ഓരോ കോളനിക്കുമായി എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 202 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി കൂടി എസ്റ്റിമേറ്റ് അംഗീകരിച്ചതിനുശേഷം പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ഓരോ കോളനിക്കും ഒരു കോടി രൂപവീതമാണ് ഭരണാനുമതി നൽകുന്നത്. ഇരുപത് ലക്ഷം രൂപവീതം മൊബിലൈസേഷൻ അഡ്വാൻസായി നൽകുന്നതിനും നിർദേശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

പ്രസ്തുത കോളനികളുടെ പുരോഗതി വിലയിരുത്തിവരുന്നു. തെരഞ്ഞെടുത്ത 202 കോളനികളിൽ 128 കോളനികളുടെ ആദ്യഘട്ട മോണിറ്ററിംഗ് കമ്മറ്റികൾ കൂടുകയും 15 കോളനികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

## മാവേലിക്കര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

20(4414) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി 2017 മുതൽ നാളിതുവരെ അനുവദിച്ച കോളനി നവീകരണ പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും നിർമ്മാണം ഏറ്റെടുത്ത ഏജൻസികൾ ഏതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) സംസ്ഥാനത്ത് അംബേദ്കർ ഗ്രാമം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽവന്നശേഷം വകുപ്പുമന്ത്രി തലത്തിൽ നിർവ്വഹണ ഏജൻസികളുടെയും ഉദ്യോഗസ്ഥരുടെയും അവലോകന യോഗം നടത്തുകയുണ്ടായി. പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിലും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ, അസി.കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാതലത്തിൽ നിർമ്മാണ ഏജൻസികളുടെ യോഗം വിളിച്ചുചേർക്കുകയും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. അംബേദ്കർ ഗ്രാമം പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതി നടത്തിപ്പിലെ വ്യവസ്ഥകൾ 3/12/2021-ലെ സ.ഉ.(കൈ)നം. 54/2021/പ.ജ.പ.വി.വ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ**

21(4415) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

(ബി) കോളനികളുടെ പേരു വിവരവും അവിടെ എന്തെല്ലാം പദ്ധതികളുമാണ് നടപ്പാക്കി വരുന്നതെന്നും, ഓരോന്നിനും അനുവദിച്ച ഫണ്ട് എത്രയാണെന്നും അറിയിക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) ഫണ്ട് അനുവദിച്ചിട്ടും ഇതുവരെയും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത ഏതെങ്കിലും പദ്ധതികളുണ്ടോയെന്ന് വിശദമാക്കാമോ?

ഫണ്ട് അനുവദിച്ചിട്ടും ഇതുവരെയും പ്രവർത്തനംആരംഭിക്കാൻ കഴിയാത്ത ഒരു പദ്ധതികളും പാലക്കാട് ജില്ലയിൽ ഇല്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഗുരുവായൂർ മണ്ഡലത്തിലെ എസ്.സി./എസ്.ടി. കോളനികളുടെ വിവരങ്ങൾ

22(4416) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ എസ്.സി./എസ്.ടി. കോളനികളുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ കോളനിയിലുമുള്ള വീടുകളുടെ എണ്ണം, കുടിവെള്ള ലഭ്യത, ജലസ്രോതസ്സുകളുടെ തരം എന്നിവ വിശദമാക്കാമോ;

(സി) പ്രസ്തുത കോളനികളിൽ വാസയോഗ്യമായ വീടില്ലാത്തവരുടെയും വീടുള്ളവരുടെയും വിവരങ്ങൾ ലഭ്യമാക്കാമോ?

(എ-സി) ഗുരുവായൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുരുവായൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികളില്ല. എന്നാൽ ഏങ്ങണ്ടിയൂർ പഞ്ചായത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്ന 8 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ടി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടും കുടിവെള്ള ലഭ്യതയും ഗതാഗതയോഗ്യമായ റോഡുകളുമുണ്ട്.

(ഡി) റോഡ് സൗകര്യമില്ലാത്തതും ഗതാഗതയോഗ്യമല്ലാത്ത റോഡുകളുള്ളതുമായ കോളനികളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

റോഡ് സൗകര്യമില്ലാത്തതും ഗതാഗതയോഗ്യമല്ലാത്ത റോഡുകളുള്ളതുമായ പട്ടികജാതി കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു.

| **പഞ്ചായത്ത്** | **കോളനി** |
|---|---|
| വടക്കേകാട് | കച്ചേരിപ്പടി (1) |
| പുന്നയൂർക്കുളം | തൃപ്പറ്റ് (1) |
| കടപ്പുറം | അടിതിരത്തിപെരിങ്ങാട്ട് (2) |

(ഇ) പ്രസ്തുത കോളനികളിലേയ്ക്കുള്ള റോഡുകളിൽ അറ്റകുറ്റപ്പണി നടത്താനുള്ളതും നിലവിൽ ഭരണാനുമതി ലഭിച്ചതുമായ റോഡുകളുടെ വിവരങ്ങൾ വിശദമാക്കാമോ?

റോഡുകളിൽ അറ്റകുറ്റപ്പണി നടത്താനുള്ള പട്ടികജാതി കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു.

| **പഞ്ചായത്ത്** | **അറ്റകുറ്റപ്പണി നടത്താനുള്ള റോഡുകൾ** |
|---|---|
| വടക്കേക്കാട് | 1 |
| പുന്നയൂർക്കുളം | 4 |
| കടപ്പുറം | 1 |

പ്രസ്തുത റോഡുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് നിലവിൽ ഭരണാനുമതി നൽകിയിട്ടില്ല.

**മലമ്പുഴ മണ്ഡലത്തിലെ പട്ടികജാതി കോളനി വികസനം**

23(4417) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളെയാണ് നവീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്തിലെ കുന്നംകാട് കോളനി, അകത്തേത്തറ പഞ്ചായത്തിലെ നടക്കാവ് കൽമാടം കോളനി എന്നീ പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ?

(എ&ബി) മലമ്പുഴ നിയോജകമണ്ഡലത്തിൽനിന്നും കുന്നംകാട്, നടക്കാവ് കൽമാടം എന്നീ കോളനികളെ 2021-22 വർഷത്തെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കോളനികളിലെ മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങൾ ചേരുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പറണ്ടക്കുഴി കോളനി സമഗ്രവികസനം**

24(4418) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ പറണ്ടക്കുഴി കോളനിയിൽ സമഗ്രവികസനത്തിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

2019-20-ൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പറണ്ടക്കുഴി കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ കൺസ്ട്രക്ഷൻ, കമ്മ്യൂണിറ്റി ഹാൾ ഇലക്ട്രിഫിക്കേഷൻ, കമ്മ്യൂണിറ്റി ഹാൾ പ്ലമ്പിംഗ്, കോൺക്രീറ്റ് റോഡ്, സൈഡ് വാൾ, maintenance of work of rubble steps, laying exterior vitrified on existing steps, RCC Retaining wall എന്നീ പ്രവൃത്തികൾ അടങ്ങിയ 42,66,760/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചു നൽകിയിട്ടുണ്ട്. ആയതിൽ കമ്മ്യൂണിറ്റി ഹാൾ, കോമ്പൗണ്ട് വാൾ, ഇലക്ട്രിക്കൽ പ്ലമ്പിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിച്ച് ഫൈനൽ ബിൽ ലഭ്യമാക്കുന്നതിന് ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചൊവ്വല്ലൂർ കോളനിയിലെ അടിസ്ഥാന സൗകര്യ പ്രവൃത്തികൾ**

25(4419) <u>ശ്രീ. മുരളി പെരുനല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ ചൊവ്വല്ലൂർ പട്ടികജാതി കോളനിയെ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്നും പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

(എ&ബി) പ്രസ്തുത കോളനിയെ 2021-22 വർഷത്തെ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. എം.എൽ.എ.-യുടെ നേതൃത്വത്തിൽ പ്രഥമിക യോഗം ചേർന്ന് ടി കോളനിയിൽ നടപ്പിലാക്കേണ്ടുന്ന പ്രവൃത്തികളിൽ തീരുമാനം എടുക്കേണ്ടതുണ്ട്.

(സി) ഏത് ഏജൻസിയാണ് പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതെന്നും പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ?

തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിനു പ്രസ്തുത പദ്ധതി ഏറ്റെടുക്കാൻ കഴിയില്ല എന്നറിയിച്ചിട്ടുണ്ട്. മറ്റൊരു സർക്കാർ അംഗീകൃത ഏജൻസിയെ

ബന്ധപ്പെട്ട എം.എൽ.എ. ശിപാർശ ചെയ്യുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസിയെ തീരുമാനിക്കാവുന്നതാണ്. പദ്ധതി ഈ സാമ്പത്തികവർഷംതന്നെ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**ഏലിയത്ത് തറ കോളനിയിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രവൃത്തികൾ**

26(4420) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിൽപ്പെട്ട ഏലിയത്ത് തറ കോളനിയിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു എന്ന് വിശദമാക്കാമോ?

2016-17 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ട ഏലിയത്ത് കോളനിയിൽ അംഗീകരിച്ച പ്രവൃത്തികളിൽ ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

30 വീടുകളുടെ പുനരുദ്ധാരണം ഉൾപ്പെടുത്തിയിട്ടുള്ളതിൽ 27 എണ്ണവും 13 നടപ്പാത/റോഡ് നിർമ്മാണം ഉൾപ്പെടുത്തിയിട്ടുള്ളതിൽ 8 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ തടസ്സങ്ങളുണ്ടെങ്കിൽ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

വീട് റിപ്പയർ 3 എണ്ണവും നടപ്പാത/റോഡ് നിർമ്മാണം 5 എണ്ണവും പൂർത്തിയാക്കാനുണ്ട്. പ്രസ്തുത പ്രവൃത്തികളിൽ നടപ്പാത/റോഡ് പ്രവൃത്തികൾ ബീയ്യം കായലിന്റെ പരിസരത്തുള്ള പാടത്തിനോട് ചേർന്ന് ആയതിനാൽ വെള്ളക്കെട്ട് തടസ്സമാകുന്നു. റോഡ് പണിക്കായി KSEBL പോസ്റ്റ് മാറ്റുന്നതിന് ശ്രമിച്ചെങ്കിലും വെള്ളക്കെട്ട് കാരണം സാധിച്ചിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2016-17 വർഷത്തെ പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് കർശന നിർദ്ദേശം

നൽകിയിട്ടുണ്ട്. റോഡ് പണി ഉടൻതന്നെ പൂർത്തീകരിക്കുന്നതാണെന്നും ഏജൻസി അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തികൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആദിവാസികളുടെ ഭൂമിക്ക് റവന്യൂ ഭൂമി പദവി നൽകൽ**

27(4421) ശ്രീ. എ. പി. അനിൽകുമാർ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലെ വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ലഭിച്ച ഭൂമി വനഭൂമിയായി പരിഗണിച്ചുകൊണ്ട് വനംവകുപ്പ് സ്വീകരിക്കുന്ന നടപടി ആദിവാസി ജനവിഭാഗത്തിന് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ലഭ്യമായ വനഭൂമിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ചില സ്ഥലങ്ങളിൽ വനം വന്യജീവി വകുപ്പിന്റെ അനുമതി ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ആയത് വനം വന്യജീവി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുകൂല തീരുമാനങ്ങൾ ലഭിക്കുന്നതിനായി വകുപ്പ് ഇടപെടുന്നുണ്ട്.

(ബി) പ്രസ്തുത ഭൂമിയിൽ വീട് നിർമ്മിക്കുന്നതിനും വനവിഭവങ്ങൾ ശേഖരിച്ച് ഉപജീവനം നടത്തുന്നതിനും സാധിക്കാത്തതിനാലുള്ള പ്രതിസന്ധി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പ്രസ്തുത ഭൂമിയിൽ വീട് നിർമ്മിക്കുന്നതിനും വനവിഭവങ്ങൾ ശേഖരിച്ച് ഉപജീവനം നടത്തുന്നതിനും നിലവിൽ പ്രതിസന്ധികളില്ല.

(സി) ആദിവാസികളുടെ വനഭൂമിക്ക് റവന്യൂ ഭൂമിയുടെ പദവി നൽകി ഭൂമിയിൽ ക്രയവിക്രയം അടക്കമുള്ള അധികാരം ഉറപ്പ് വരുത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

വനാവകാശനിയമം 3(1)(h) പ്രകാരം രേഖപ്പെടുത്തിയതോ വിജ്ഞാപനം ചെയ്തതോ അല്ലാത്തതോ ആയ എല്ലാ ഫോറസ്റ്റ് വില്ലേജുകൾ, പഴയ വാസസ്ഥാനങ്ങൾ, സർവ്വേ ചെയ്യാത്ത വില്ലേജുകൾ, വനത്തിനുള്ളിലെ മറ്റ് വില്ലേജുകൾ എന്നിവ റവന്യൂ വില്ലേജുകളാക്കി പരിവർത്തനം ചെയ്യാൻ വിഭാവന ചെയ്തിട്ടുണ്ട്. ഇതുപ്രകാരം നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിദ്യാവാഹിനി പദ്ധതി**

28(4422) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാവാഹിനി പദ്ധതിക്കായി വയനാട് ജില്ലയിൽ ഒരു വർഷം എത്ര തുക ആവശ്യമായിവരുന്നു എന്നതിന്റെ കണക്ക് ലഭ്യമാക്കാമോ;

(ബി) വിദ്യാവാഹിനി പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതുവഴി മറ്റ് പട്ടികവർഗ്ഗ പദ്ധതികളിൽ കുറവ്

വരുന്ന സ്ഥിതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാവാഹിനി പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പുതന്നെ നേരിട്ട് നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

(എ-സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിദ്യാവാഹിനി പദ്ധതി നടപ്പാക്കിയിട്ടില്ല. എന്നാൽ വിദൂരവും ദുർഘടവുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽനിന്ന് വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകൾ പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് നടപ്പാക്കിയ ഗോത്രസാരഥി പദ്ധതി നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയാണ് നടപ്പാക്കുന്നത്. ആയതുമൂലം തദ്ദേശസ്ഥാപനങ്ങളുടെ മറ്റ് പട്ടികവർഗ്ഗ പദ്ധതികളിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**അന്യസംസ്ഥാനത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി**

29(4423) ശ്രീ. സി. എച്ച്. കുഞ്ചമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിരവധി വിദ്യാർത്ഥികൾ ഉന്നത പഠനത്തിനായി കർണ്ണാടകത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കുന്നതായും പ്രസ്തുത വിദ്യാർത്ഥികൾ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്തതിനാൽ ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം ഇതരസംസ്ഥാനത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) ഉന്നതപഠനത്തിനായി കർണ്ണാടകത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## നവോത്ഥാന സ്കോളർഷിപ്പ്

30(4424) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒ.ബി.സി. പെൺകുട്ടികൾക്കുള്ള നവോത്ഥാന സ്കോളർഷിപ്പ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്തെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന പിതാവോ, മാതാവോ, രണ്ടുപേരുമോ നഷ്ടപ്പെട്ട, കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ അധികരിക്കാത്ത പെൺകുട്ടികൾക്കുള്ള പ്രത്യേക പദ്ധതിയാണ് നവോത്ഥാന സ്കോളർഷിപ്പ്. ടി പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി[+] ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കരിന്തളം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

31(4425) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരിന്തളം പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കരിന്തളത്ത് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല. കരിന്തളത്ത് പുതിയതായി ആരംഭിക്കുന്ന ഏകലവ്യ മോഡൽ സ്പോർട്സ് റസിഡൻഷ്യൽ സ്കൂളിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. സ്കൂളിന്റെ പ്രവർത്തനം 16/07/2022-ൽ വാടക കെട്ടിടത്തിൽ ആരംഭിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

32(4426) ശ്രീ. എ. പി. അനിൽകുമാർ:

ശ്രീ.ടി. സിദ്ദിഖ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, വയനാട് ജില്ലകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് സംസ്ഥാന ശരാശരിയെക്കാൾ ഉയർന്നതാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ?

മലപ്പുറം, വയനാട് ജില്ലകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഉണ്ടാകാറുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന വയനാട് ജില്ലയിൽ കൊഴിഞ്ഞുപോക്കിന്റെ ശരാശരി കണക്ക് മറ്റ് ജില്ലകളെ അപേക്ഷിച്ച് കൂടുതലാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് ഈ വിഷയം അതീവ ഗൗരവത്തോടുകൂടി കാണുകയും പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുടെ സഹകരണത്തോടുകൂടി വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നതിന്റെ ഫലമായി കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറച്ചുകൊണ്ട് വരാൻ സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ജില്ലകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഉയർന്ന് നിൽക്കുന്നതിന് കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. കുടുംബപ്രശ്നങ്ങൾ, രക്ഷകർത്താക്കളുടെ താല്പര്യമില്ലായ്മ, സങ്കേതങ്ങളിലെ പ്രത്യേക സാമൂഹികാന്തരീക്ഷം, വനത്തിലോ, വനത്തിന് സമീപത്തോ സ്ഥിതിചെയ്യുന്ന സങ്കേതങ്ങൾ, കാർഷിക വിളവെടുപ്പ് സമയങ്ങളിൽ രക്ഷകർത്താക്കളോടൊന്നിച്ച് യാത്ര ചെയ്യുക, യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തത, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭാഷാപരവും സാമൂഹ്യപരവുമായ ഒറ്റപ്പെടലുകൾ, വിനിമയ ഭാഷയിൽ പഠന മാധ്യമമായ മലയാള ഭാഷയിലേയ്ക്ക് വരുമ്പോഴുണ്ടാകുന്ന പ്രയാസങ്ങളും കൊഴിഞ്ഞുപോക്കിന് കാരണമായിട്ടുണ്ട്.

(സി) പ്രസ്തുത മേഖലയിൽ അടിയന്തര ശ്രദ്ധ പതിപ്പിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും അക്കാദമിക തുടർച്ച ഉറപ്പാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

1. സാമൂഹ്യ പഠനമുറി
2. മെന്റർ ടീച്ചർമാരുടെ സഹായം
3. കുട്ടികളെ സ്കൂളുകളിലേക്കും തിരികെയും എത്തിക്കുന്നതിനുള്ള വാഹന സൗകര്യം
4. രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം
5. സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ
6. 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പ്
7. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

**ഈവനിംഗ് കോഴ്സുകളിലെ ഫീസ് ആനുകൂല്യം**

33(4427) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 02.07.2009-ലെ സ.ഉ.(അച്ചടി) നമ്പർ 50/2009/ പജ.പവ.വിവ. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തിനകത്ത് ഈവനിംഗ് കോഴ്സുകളിൽ (പാർട്ട്ടൈം കോഴ്സുകൾ) പഠനം നടത്തിയ/നടത്തിവരുന്ന പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്ക് അതത് യൂണിവേഴ്സിറ്റിക്ക് നൽകേണ്ട ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവ അനുവദിച്ചിരുന്നുവെങ്കിലും പട്ടികവർഗ്ഗ വകുപ്പ് പ്രസ്തുത ആനുകൂല്യം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

08.04.2022 ലെ സ.ഉ(കൈ) 20/2022 നമ്പർ ഉത്തരവ് പ്രകാരം പാർട്ട് ടൈം കോഴ്സ് ചെയ്യുന്ന സർക്കാർ ജീവനക്കാരായ പട്ടികജാതി പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾ ജോലിക്ക് ഹാജരായി ശമ്പളം കൈപ്പറ്റുന്നതിനാൽ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കാൻ കഴിയുകയില്ല. എന്നാൽ സർക്കാർ സർവ്വീസിൽ പ്രവേശിച്ച പട്ടികജാതി പട്ടികവർഗ്ഗ മറ്റർഹ വിഭാഗം ജീവനക്കാർക്ക് അവരുടെ അതേ സർവ്വീസിനോ, സർവ്വീസുമായി ബന്ധപ്പെട്ട ഉന്നത തൊഴിൽ ലഭിക്കുന്നതിനോ ഗുണകരമാണെങ്കിൽ, ശൂന്യവേതനാവധിയിൽ പ്രവേശിച്ച് ഉന്നതപഠനം നടത്തുന്നതിന് മെറിറ്റ്/ റിസർവേഷൻ സീറ്റിൽ പ്രവേശനം നേടുന്നവർക്ക് ഒരു കോഴ്സിന് മാത്രം

ആകെ സർവ്വീസിൽ ഒറ്റത്തവണ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കോഴ്സ് ഫീസ് മാത്രം അനുവദിക്കുന്നുണ്ട്.

## പട്ടികജാതി, പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം

34(4428) ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. പി. ടി. എ. റഹീം:

ശ്രീ. കെ. കെ. രാമചന്ദ്രൻ:

ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗങ്ങളിലും ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ താല്പര്യങ്ങൾക്ക് അനുസരിച്ചുള്ള വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കാൻ സാധ്യമായിട്ടുണ്ടോ?

സംസ്ഥാനത്ത് പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗങ്ങളിലും ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ താല്പര്യങ്ങൾക്കനുസരിച്ചുള്ള

വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കാൻ പരമാവധി പ്രവർത്തനം വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുണ്ട്.

(ബി) ഈ വിഭാഗങ്ങളിൽപെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉന്നത പഠനത്തിന് സഹായം നൽകി വരുന്നുണ്ടോ; രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലുള്ള പ്രശസ്ത ദേശീയ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും പഠനം നടത്തുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതിയുണ്ടോ?

വിദേശത്ത് Post Graduate/PhD course-കൾക്ക് ഉന്നത പഠനം നടത്തുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓവർസീസ് സ്കോളർഷിപ്പ് നൽകുന്നുണ്ട്. പരമാവധി 25 ലക്ഷം രൂപയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്.

(സി) പട്ടികഗോത്രങ്ങളിൽപെട്ട തെരഞ്ഞെടുക്കപ്പെട്ട 50 വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിവിധ മത്സര പരീക്ഷകൾക്ക് എസ്.സി, എസ്.ടി

വിദ്യാർത്ഥികളെ തയ്യാറാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പരിശീലന സൗകര്യങ്ങൾ അറിയിക്കാമോ?

40 പട്ടികവർഗ്ഗ വിദ്യാർത്ഥകളെ പ്രാഥമികമായി തെരഞ്ഞെടുത്ത് അവർക്ക് ഓറിയന്റേഷൻ ട്രെയിനിംഗ് നൽകി മികവ് തെളിയിക്കുന്ന 20 പേർക്ക് ഇന്ത്യയിലെ മികച്ച സിവിൽസർവീസ് പരീശീലന കേന്ദ്രങ്ങളിൽ ദീർഘകാല പരിശീലനം നൽകി അവരെ സിവിൽ സർവീസ് പരീക്ഷയ്ക്ക് സജ്ജരാക്കുന്നതിനുള്ള ലക്ഷ്യ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഉദ്യോഗലബ്ധിക്കായുള്ള വിവിധ മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് വകുപ്പിന് കീഴിൽ മണ്ണന്തല-തിരുവനന്തപുരം, ആലുവ-എറണാകുളം, കുഴൽമന്ദം-പാലക്കാട്, കോഴിക്കോട് എന്നിവടങ്ങളിലായി നാല് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപന്റോടുകൂടി പരിശീലനം നൽകിവരുന്നുണ്ട്.

**പുനലൂർ നിയോജകമണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് ലംപ്-സം ഗ്രാന്റ്**

35(4429) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ രജിസ്റ്റർ ചെയ്ത് സ്വകാര്യ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൈവറ്റായി ബിരുദ പഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഏത് വർഷം വരെയുള്ള അപേക്ഷകളിൽ ലംപ്സം ഗ്രാന്റ് അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ രജിസ്റ്റർ ചെയ്ത് സ്വകാര്യ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൈവറ്റായി ബിരുദ പഠനം നടത്തുന്ന അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും 2021-22 വർഷം വരെയുള്ള സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. 2022-23 അദ്ധ്യയന വർഷത്തിൽ ഇതിനായി 12,90,00,000/- (പന്ത്രണ്ട് കോടി തൊണ്ണൂറ് ലക്ഷം) രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പുനലൂർ നിയോജകമണ്ഡലത്തിലെ വിവിധ സ്വകാര്യ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2020-21, 2021-22 വർഷങ്ങളിൽ പഠിച്ച കുട്ടികൾക്ക് ഇതുവരെ ഈ ആനുകൂല്യം അനുവദിച്ചിട്ടില്ല എന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അനുവദിക്കുന്നതിനുള്ള നടപടി ഉണ്ടാകുമോ;

(സി) പ്രസ്തുത ആനുകൂല്യം എന്നത്തേയ്ക്ക് കൊടുക്കാനാകുമെന്ന് വിശദമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുനലൂർ നിയോജകമണ്ഡലത്തിലെ അഞ്ചൽ ബ്ലോക്ക് പരിധിയിൽ വിദ്യാർത്ഥികൾ യഥാസമയം അപേക്ഷ സമർപ്പിക്കാത്തതിനാലാണ് 2021-22 അധ്യയനവർഷം സ്കോളർഷിപ്പ് അനുവദിക്കാൻ സാധിക്കാത്തത്. അപേക്ഷ ലഭ്യമായാലുടൻ സ്കോളർഷിപ്പ് വിതരണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമാക്കാനുള്ള നടപടി

36(4430) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ കണ്ടെത്തിയിട്ടുണ്ടോയെന്നും അവർക്ക് വൈദ്യുതി

ലഭ്യമാക്കാൻ വൈദ്യുതി വകുപ്പുമായി കൂടിയാലോചിച്ച് സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ മേഖലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ.-മായി സഹകരിച്ച് വൈദ്യുതീകരണം സാധ്യമാകുന്ന എല്ലാ പട്ടികവർഗ്ഗ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ കണക്ക് പ്രകാരം ഇനി 64 കോളനികളാണ് വൈദ്യുതീകരിക്കാനുള്ളത്. വൈദ്യുതീകരിക്കാൻ ശേഷിക്കുന്ന കോളനികളിൽ ഏറിയ പങ്കും അതീവ ദുർഘട പ്രദേശങ്ങളിലായതിനാൽ വൈദ്യുതീകരിക്കാൻ പ്രയാസമുള്ളതും വനാവകാശ നിയമ പ്രകാരം വനം വകുപ്പിന്റെ അനുമതി ലഭ്യമല്ലാത്തതുമായ കോളനികളെ കണ്ടെത്തി കെ.എസ്.ഇ.ബി.എൽ. ലഭ്യമാക്കിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സോളാർ/വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

(ബി) വൈദ്യുതിയുള്ള മേഖലകളിലും കേബിൾ നെറ്റ്‌വർക്ക് /മൊബൈൽ ടവറുകളുടെ അഭാവംമൂലം ഇന്റർനെറ്റ് സേവനം ലഭ്യമാകാത്തതും

ഡിജിറ്റൽ പഠനം തടസ്സപ്പെടുന്നതുമൂലം മേഖലകളിലെ പല വിദ്യാർത്ഥികളും വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിന് നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് KITE മുഖേന ലാപ്ടോപ്പുകൾ പഠനാവശ്യത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന ലാപ്ടോപ്പ് വിതരണം നടത്തിയിട്ടുണ്ട്.

നെറ്റ് കണക്ടിവിറ്റിയില്ലാത്ത കോളനികളിൽ നെറ്റ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് ബി.എസ്.എൻ.എൽ മുഖേന എസ്റ്റിമേറ്റ് ലഭ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്

കണക്ടിവിറ്റിയില്ലാത്ത 1284 കോളനികളിൽ 1006 കോളനികളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 6.14 കോടി രൂപ ചെലവഴിച്ച് ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇടമലക്കുടിയിൽ മാത്രം 4.31 കോടി രൂപയാണ് കണക്ടിവിറ്റി നൽകുന്നതിനായി ഈ സർക്കാർ വകയിരുത്തി പദ്ധതി നടപ്പാക്കുന്നത്. ശേഷിക്കുന്ന കോളനികളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. കണക്ടിവിറ്റി ലഭ്യമാക്കുന്നതിന്റെ പുരോഗതി ഐ.റ്റി മിഷൻ ജില്ലാ പ്രോഗ്രാം മാനേജർമാരും വകുപ്പിന്റെ ഉദ്യോഗസ്ഥരും സംയുക്തമായി ഉറപ്പ് വരുത്തുന്നുമുണ്ട്.

**പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി**

37(4431) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്ദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിന് അവസരം ലഭിക്കുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശപ്രകാരം എന്തെല്ലാം ധനസഹായങ്ങളാണ് ആദ്യഗഡുവായി വിദ്യാർത്ഥികൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒന്നാം ഗഡു ധനസഹായം അഡ്വാൻസായി നൽകാതെ റീഇംബേഴ്സ് ആയി നൽകി വരുന്നതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ-സി) ഉണ്ട്. വിദേശത്ത് Post Graduate/PhD course - കൾക്ക് ഉന്നത പഠനം നടത്തുന്നതിന് പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് ഓവർസീസ് സ്കോളർഷിപ്പ് നൽകുന്നുണ്ട്. ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിമാനയാത്രാ ചാർജ്ജ്, വിസ ചാർജ്ജ്, ഇൻഷ്വറൻസ് എന്നിവയാണ് നൽകുന്നത്. പരമാവധി 25 ലക്ഷം രൂപയാണ്

സ്കോളർഷിപ്പായി അനുവദിക്കുന്നത്. പഠനം നടത്താനുദ്ദേശിക്കുന്ന യൂണിവേഴ്സിറ്റി official financial guarantee/Bank deposit കാണിക്കണമെന്ന് ആവശ്യപ്പെടുകയാണെങ്കിൽ വകുപ്പ് ഡയറക്ടറുടെയും വിദ്യാർത്ഥിയുടെയും പേരിൽ Joint Account open ചെയ്ത് പ്രസ്തുത അക്കൗണ്ടിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് വ്യവസ്ഥയുണ്ട്. വിദ്യാർത്ഥികൾക്ക് മുൻകൂറായി തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന സഹായങ്ങൾ**

38(4432) <u>ശ്രീ. എ. സി. മൊയ്തീൻ</u>:

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>:

<u>ശ്രീ. പി. പി. സുമോദ്</u>:

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന സഹായങ്ങൾ ജീവിത

ചെലവിനനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് പ്രീമെട്രിക്/പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം മൂന്ന് വർഷത്തിലൊരിക്കൽ പരിഷ്കരിക്കണമെന്ന ബാബുവിജയനാഥ് കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലും വിദ്യാഭ്യാസ ചെലവിലുണ്ടാകുന്ന വർദ്ധനവിന്റെയും ഉയർന്നുവരുന്ന ജീവിതനിലവാര സൂചികകളുടെ അടിസ്ഥാനത്തിലും കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്നുണ്ട്.

(ബി) വിദേശ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിച്ച എസ്.സി. വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകാമോ?

വിദേശത്ത് Post Graduate course-കൾക്ക് ഉന്നത പഠനം നടത്തുന്നതിന് പട്ടികജാതി വിദ്യാർത്ഥികൾക്ക് ഓവർസീസ് സ്കോളർഷിപ്പ് നൽകുന്നുണ്ട്. ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിമാനയാത്രാ

ചാർജ്ജ്, വിസ ചാർജ്ജ്, ഇൻഷ്വറൻസ് എന്നിവയാണ് നൽകുന്നത്. പരമാവധി 25 ലക്ഷം രൂപയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്.

(സി) പട്ടികജാതി, പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികളിൽ പഠനം നിർത്തിപ്പോയ പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക ഫിനിഷിംഗ് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

ബിടെക് കോഴ്സ് പൂർത്തീകരിക്കാത്തവരോ, പരീക്ഷയിൽ പരാജയപ്പെട്ടവരോ ചില പരീക്ഷകൾ എഴുതുവാൻ ബാക്കിയുള്ളതോ ആയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി.-യുടെ മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി "സമുന്നതി" എന്ന പേരിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഒരു വിദ്യാർത്ഥിക്ക് 50 മണിക്കൂറിൽ കൂടാതെ ട്യൂഷൻ നൽകി പരീക്ഷയ്ക്ക് സജ്ജമാക്കുന്നു. നിലവിൽ 28 വിദ്യാർത്ഥികൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 8 വിദ്യാർത്ഥികൾ ബി.ടെക് ഡിഗ്രി കരസ്ഥമാക്കിയിട്ടുമുണ്ട്. പട്ടികജാതിയിൽപെട്ട വിദ്യാർത്ഥികൾക്കുവേണ്ടി ഫിനിഷിംഗ് സ്കൂളുകൾ ആരംഭിച്ചിട്ടില്ല.

(ഡി) സ്കൂൾ നവീകരണത്തിന്റെ ഭാഗമായി പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള റസിഡൻഷ്യൽ സ്കൂളുകളിൽ എന്തെല്ലാം സൗകര്യങ്ങളും സംവിധാനങ്ങളുമാണ് നടപ്പാക്കി വരുന്നത്; വിശദാംശം നൽകാമോ?

മോഡൽ റസിഡൻഷ്യൽ നവീകരണത്തിനും പരിപാലനത്തിനുമായി സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും കെട്ടിടങ്ങളുടെ നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ടോയ്‌ലറ്റ് നിർമ്മാണം, കുടിവെള്ള വിതരണം, അഗ്നി പ്രതിരോധ സംവിധാനം, ഔട്ട്ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് സിന്തറ്റിക്ക് ട്രാക്ക്, ജലശുദ്ധീക രണ പദ്ധതി, ഖരദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, മിന്നൽ രക്ഷാ ജാലകം, മിനിമാസ് ലൈറ്റ്, സോളാർ പവർപ്ലാന്റ്, സിസിടിവി, സ്റ്റീം ബേയ്‌സ്‌ഡ് കിച്ചൺ, വാട്ടർ പ്യൂരിഫയർ, ബയോഹസാർഡ് സ്പിൽകിറ്റ് എന്നിവ നടപ്പാക്കുന്നു. കൂടാതെ സ്കൂളുകളിലെ പഠനാന്തരീക്ഷവും അദ്ധ്യാപനവും മികച്ചതാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി, സ്കൂൾ റേഡിയോ, ലാംഗ്വേജ് ലാബ്, കംപ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, സയൻസ്

ലാബുകൾ, ഇ ബുക്ക് ലൈബ്രറി എന്നീ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

**എസ്.സി/എസ്.ടി. <u>വിദ്യാർത്ഥികൾക്കുള്ള</u> പഠന സഹായങ്ങൾ**

39(4433) <u>ശ്രീമതി ശാന്തകുമാരി കെ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)എസ്.സി/എസ്.ടി.വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ, സിവിൽ സർവീസ് പരിക്ഷ എന്നിവയിൽ പരിശീലനം നൽകുന്നതിനും പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവർക്ക് ആനുകൂല്യം നൽകുന്നതിനുമായി 2016 മുതൽ നാളിതുവരെ എത്ര തുക വിനിയോഗിച്ചു എന്ന് വിശദമാക്കാമോ?

പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് 2016 മുതൽ നാളിതുവരെ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ പരിശീലനം നൽകുന്നതിനായി 5,18,25,416/- രൂപയും സിവിൽ സർവീസ് പരീക്ഷയിൽ

പരിശീലനം നൽകുന്നതിനായി 6,85,79,841 രൂപയും പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നതിനായി 6648,79,75,508 രൂപയും ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് 2016 മുതൽ നാളിതുവരെ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ പരിശീലനം നൽകുന്നതിനായി 49,57,54,000/- രൂപയും പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നതിനായി 36,89,99,391 രൂപയും ചെലവഴിച്ചിട്ടുണ്ട്

(ബി) എത്ര വിദ്യാർത്ഥികൾക്ക് ഇത്തരത്തിൽ സഹായം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

മെഡിക്കൽ/എഞ്ചിനീയറിംഗ് പരിശീലന ആനുകൂല്യം അനുവദിക്കപ്പെട്ട പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം 3877-ഉം സിവിൽ സർവീസ് പരിശീലന ആനുകൂല്യം അനുവദിക്കപ്പെട്ട പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം 808-ഉം പ്രൊഫഷണൽ കോഴ്സ് ആനുകൂല്യം അനുവദിക്കപ്പെട്ട പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം 142890-ഉം ആണ്. മെഡിക്കൽ/എഞ്ചിനീയറിംഗ് പരിശീലന ആനുകൂല്യം അനുവദിക്കപ്പെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം 823-ഉം, പ്രൊഫഷണൽ കോഴ്സ് ആനുകൂല്യം അനുവദിക്കപ്പെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം 18335-ഉം ആണ്.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പഠനമുറികൾ

40(4434) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്ന പദ്ധതിയിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) അതിൽ എത്ര പഠന മുറികൾ നിർമ്മിച്ചു നൽകി?

(എ&ബി) പഠനമുറിക്കായി പട്ടികജാതി വികസന വകുപ്പിൽ 210 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 146 പേർക്ക് ധനസഹായം അനുവദിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ഗുണഭോക്താക്കൾക്ക് പഠനമുറി അനുവദിച്ച് നൽകുന്നില്ല.

(സി) ഒരു പഠനമുറി നിർമ്മിക്കുന്നതിന് അനുവദിക്കുന്ന തുക എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവൺമെന്റ്/ എയ്ഡഡ്/സ്പെഷ്യൽ/ടെക്നിക്കൽ സ്കൂളുകളിലെയും കേന്ദ്രീയ വിദ്യാലയങ്ങളിലെയും 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന, 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ള വാസയോഗ്യമായ വീടുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കുന്നതിനായി, 120 ചതുരശ്ര അടി വിസ്തൃതിയുള്ള പഠനമുറി അനുബന്ധ സൗകര്യങ്ങളോടെ നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം നൽകുന്നു. കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപവരെയായിരിക്കണം. ഗ്രാമസഭ ലിസ്റ്റിൽ നിന്നുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക. നിർമ്മാണ പുരോഗതിക്കനുസരിച്ച് 4 ഗഡുക്കളായി ധനസഹായം ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു.

**ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനസൗകര്യം**

41(4435) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി മേഖലയിലെ പൊതുവിദ്യാഭ്യാസ/ ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളിൽ ഡിജിറ്റൽ പഠന സൗകര്യമില്ലാത്ത എത്ര കുട്ടികളുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ വിദ്യാർഥികൾക്കും ഡിജിറ്റൽ പഠന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി ഈ സർക്കാർ സ്വീകരിച്ചിരുന്നു. ഇതിനായി ലാപ്ടോപ്പുകൾ KITE മുഖേന വിതരണം ചെയ്യുകയുണ്ടായി. പുതിയ അധ്യയനവർഷം ആരംഭിച്ച സാഹചര്യത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ വിദ്യാർഥികളുടെ എണ്ണം ശേഖരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്.

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ഇവർക്ക് പൂർണ്ണമായും ഡിജിറ്റൽ പഠനസൗകര്യം ഉറപ്പുവരുത്താനായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

നെറ്റ്‌വർക്ക് കണക്ടിവിറ്റിയില്ലാത്ത കോളനികളിൽ നെറ്റ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് ബി.എസ്.എൻ.എൽ മുഖേന എസ്റ്റിമേറ്റുകൾ ലഭ്യമാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്ക് വിധേയമായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലാത്ത 1284 കോളനികളിൽ 1006 കോളനികളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 6.14 കോടി രൂപ ചെലവഴിച്ച് നെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കി കോളനികളിൽ നെറ്റ് കണക്ടിവിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് നെറ്റ് കണക്ഷൻ നൽകുന്നതിനായി ഉപയോഗിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. കണക്ടിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച പുരോഗതി ഐ.റ്റി. മിഷൻ ജില്ലാ പ്രോഗ്രാം മാനേജർമാരും വകുപ്പിന്റെ ഉദ്യോഗസ്ഥൻമാരും സംയുക്തമായി ഉറപ്പുവരുത്തുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ കോളനികളിൽ ഒരുക്കിയിട്ടുള്ള 250 സാമൂഹ്യ പഠനമുറികളിലൂടെ ഓൺലൈൻ പഠനം സാധ്യമാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം പുതിയതായി 114

സാമൂഹ്യപഠനമുറികൾ സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഊരുവിദ്യാ കേന്ദ്രങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, അങ്കണവാടികൾ, മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ മുതലായ കോളനികളിലെ പൊതു ഇടങ്ങളിൽ താൽക്കാലികമായി ഓൺ ലൈൻ പഠന സൗകര്യം ഒരുക്കിയിരുന്നു. ഫെസിലിറ്റേറ്റർമാരുടെയും മെന്റർ ടീച്ചർമാരുടെയും സഹായത്തോടുകൂടി ഓൺലൈൻ പഠനത്തിനുള്ള സഹായം നൽകിയിരുന്നു.

**ഐ.ജി.എ.എം.ആർ സ്കൂളിലെ എസ്.എസ്.എൽ.സി. വിജയ ശതമാനം**

42(4436) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള നിലമ്പൂർ ഇന്ദിരാഗാന്ധി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ (ഐ.ജി.എം.എം.ആർ) സ്കൂളിലെ 2021-22 എസ്.എസ്.എൽ.സി. വിജയ ശതമാനം എത്രയായിരുന്നുവെന്നും എത്ര കുട്ടികളാണ് ആകെ സ്കൂളിൽ പരീക്ഷയെഴുതിയതെന്നും വിജയിച്ചവർ, ഫുൾ എ പ്ലസ് കിട്ടിയവർ

എന്നിവരുടെ എണ്ണവും അറിയിക്കാമോ; വിജയശതമാനം സംസ്ഥാന ശരാശരിക്ക് താഴെയാണോയെന്നും അറിയിക്കാമോ?

| | |
|---|---|
| വിജയശതമാനം | 68% |
| പരീക്ഷ എഴുതിയവർ | 41 |
| വിജയിച്ചവർ | 28 |
| ഫുൾ A+ | NIL |

വിജയശതമാനം സംസ്ഥാന ശരാശരിക്ക് താഴെയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മറ്റെല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും SSLC- ക്ക് 100% വിജയം ലഭിച്ചിട്ടുണ്ട്.

(ബി) 2016 മുതൽ ഈ വർഷംവരെ പ്രസ്തുത സ്കൂളിലെ എസ്.എസ്.എൽ.സി. വിജയ ശതമാനവും ഫുൾ എ പ്ലസ് കിട്ടിയ വിദ്യാർത്ഥികളുടെ എണ്ണവും എത്രയെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ?

| | |
|---|---|
| 2016 മുതൽ 2021 വരെ | 100% |
| 2022 | 68% |
| ഫുൾ A+ | NIL |

(സി) 2021-22 വർഷത്തിൽ പ്രസ്തുത സ്കൂളിലെ എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് സാധാരണ ക്ലാസുകൾക്ക് പുറമെ നടത്തിയ അക്കാദമിക ഇടപെടലുകളും ഇതിൽ ഐ.ടി.ഡി.പി., വിദ്യാഭ്യാസ വകുപ്പ് എന്നിവരുടെ പങ്കാളിത്തവും നടപ്പാക്കിയ പ്രത്യേക പദ്ധതികളും ഇതിനുവന്ന ചെലവും വിശദമാക്കാമോ?

2021-22 അദ്ധ്യയന വർഷം കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ നവംബർ 1 മുതലാണ് റെഗുലർ ക്ലാസുകൾ ആരംഭിച്ചിട്ടുള്ളത്. ഓൺലൈൻ സംവിധാനം നിലനിന്നിരുന്ന അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ എസ്.ടി പ്രൊമോട്ടർ മുഖേന വിദ്യാർത്ഥികൾക്ക് അവരുടെ വീടുകളിലും വിദ്യാർത്ഥികൾ സ്കൂളുകളിൽ എത്തിച്ചേർന്ന കാലഘട്ടത്തിൽ നേരിട്ടും പഠനം മെച്ചപ്പെടുത്തുന്നതിനായി പ്രിന്റഡ് നോട്ട് നൽകിയിരുന്നു. കൂടാതെ കോവിഡ് കാലഘട്ടത്തിൽ പാഠഭാഗങ്ങൾ റെക്കോർഡ് ചെയ്ത് കോളനികളിൽ എത്തിച്ച് അദ്ധ്യാപകർ സാധ്യമായ സ്ഥലങ്ങളിൽ ക്ലാസ്സുകൾ ലഭ്യമാക്കിയിരുന്നു. എസ്.എസ്.എൽ.സി. പരീക്ഷ കാലഘട്ടത്തിൽ രാത്രികാലങ്ങളിൽ പ്രത്യേകമായി ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. പരീക്ഷ കാലഘട്ടത്തിൽ സ്റ്റുഡന്റ് കൗൺസലർമാരുടെ സേവനവും പരീക്ഷ

കഴിയുന്നതുവരെയും നൽകി. കൂടാതെ മാർച്ച് 31-ന് കാലാവധി അവസാനിച്ച MCRT (Manager cum Resident Tuitor)-യുടെയും അദ്ധ്യാപകരുടെയും സേവനം ദീർഘിപ്പിച്ചുനൽകുകയും സേവനം ഉറപ്പുവരുത്തുകയും ചെയ്തിരുന്നു. ടി കാലയളവിൽ വേതനമായി 95,950/- രൂപയും സ്റ്റുഡന്റ് കാൺസലർമാർക്ക് ഓണറേറിയമായി 40,000/- രൂപയും പരീക്ഷാ കാലയളവിൽ സ്പെഷ്യൽ ഫുഡ് വിദ്യാർത്ഥികൾക്ക് നൽകിയ ഇനത്തിൽ 7,470/- രൂപയും ചെലവഴിച്ചു. മേൽ ചെലവുകൾ ഐ.റ്റി.ഡി.പി. മുഖേനയാണ് നൽകിയിട്ടുള്ളത്.

(ഡി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമായുള്ള സ്കൂളിൽ ഈ വർഷം വിജയ ശതമാനം കുറയാനുണ്ടായ കാരണം വിശദമാക്കാമോ; വിജയ ശതമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ജാഗ്രതക്കുറവുണ്ടായോയെന്നും അറിയിക്കാമോ; ഈ വിഷയത്തിൽ വകുപ്പുതലത്തിൽ അന്വേഷണം നടത്തുമോ; അറിയിക്കുമോ?

2021-22 നവംബർ മാസം വരെ കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാതിരുന്ന കാലയളവിൽ വനത്തിനകത്തും വനത്തിന് സമീപ പ്രദേശങ്ങളിലും താമസിച്ചിരുന്ന വിദ്യാർത്ഥികൾക്ക്

ഇന്റർനെറ്റ് സൗകര്യകുറവ് കാരണം ഓൺലൈൻ പഠനത്തിന് ബുദ്ധിമുട്ട് നേരിട്ടിരുന്നു. ഇത് പരിഹരിക്കുന്നതിനായി മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസുകൾ റെക്കോർഡ് ചെയ്ത് കോളനികളിൽ എത്തിച്ച് പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചിരുന്നു. വിവിധ വകുപ്പുകളുടെ സഹകരണത്തോടുകൂടി ഇത് മോണിറ്റർ ചെയ്യുകയും ഉണ്ടായി. 2022 ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലമ്പൂർ ഐ.ജി.എം.ആർ.എസ്. ഒഴികെയുള്ള സ്ഥാപനങ്ങളിൽ വിജയം 100% ആയിരുന്നു. നിലമ്പൂർ എം.ആർ.എസ്.ലെ വിജയശതമാനം കുറയുവാനുണ്ടായ കാരണം പരിശോധിക്കുന്നതാണ്. പരീക്ഷയിൽ പരാജയപ്പെട്ട 13 വിദ്യാർത്ഥികളെയും സേ പരീക്ഷ എഴുതിപ്പിക്കുന്നതിന് ടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ എത്തിച്ച് പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂൾ**

43(4437) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ആവശ്യമായ കെട്ടിട സൗകര്യവും തസ്തികയും സൃഷ്ടിച്ചിട്ടും ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

(എ&ബി) പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ എല്ലാ നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 2022-23 അധ്യയന വർഷത്തെ പ്രവേശന റാങ്ക് ലിസ്റ്റ് പ്രകാരം 3 വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത്. എന്നാൽ ഇവർ മറ്റ് എം.ആർ.എസ്സുകളിൽ പ്രവേശനം നേടിയതായി അറിയിച്ചിട്ടുണ്ട്. പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് പ്രമുഖ ദൃശ്യ- ശ്രാവ്യ മാധ്യമങ്ങളിൽ പരസ്യം നൽകിയും പട്ടികജാതി

വികസന ഓഫീസർമാർ, എസ്.സി പ്രൊമോട്ടർമാർ എന്നിവർ മുഖേനയും വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. എന്നാൽ കുട്ടികളെ പ്രവേശനത്തിനായി ലഭിച്ചില്ല.

പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിന്ന് 10 കിലോമീറ്റർ അകലെയല്ലാതെ കാസർഗോഡ് ജില്ലയിലെ വെള്ളച്ചാലിലും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ പട്ടുവത്തും ആൺകുട്ടികൾക്കായുള്ള 2 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥിതിചെയ്യുന്നുണ്ട്. ഇക്കാരണത്താൽ പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് കുട്ടികളെ ലഭിക്കുന്നതിന് പ്രയാസമുണ്ടാകുന്ന സാഹചര്യമാണുള്ളത്. മതിയായ കുട്ടികളെ ലഭിക്കാത്തതുകൊണ്ട് പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ക്ലാസ്സുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

**ഡിജിറ്റൽ പഠന സൗകര്യം**

44(4438) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. ഷാഫി പറമ്പിൽ:

<u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെട്ട വിദ്യാർത്ഥികളിൽ നിലവിൽ ഡിജിറ്റൽ പഠന സൗകര്യമില്ലാത്തവർ എത്രയുണ്ട് എന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ വിദ്യാർഥികൾക്കും ഡിജിറ്റൽ പഠന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി ഈ സർക്കാർ സ്വീകരിച്ചിരുന്നു. ഇതിനായി ലാപ്ടോപ്പുകൾ KITE മുഖേന വിതരണം ചെയ്യുകയുണ്ടായി. പുതിയ അധ്യയനവർഷം ആരംഭിച്ച സാഹചര്യത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ വിദ്യാർഥികളുടെ എണ്ണം ശേഖരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ് .

(ബി) കോവിഡ് പ്രതിസന്ധി ഉണ്ടായി രണ്ട് വർഷം പിന്നിട്ടിട്ടും ആദിവാസി മേഖലകളിൽ ഡിജിറ്റൽ പഠന സൗകര്യം ഉറപ്പാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

നെറ്റ്‌വർക്ക് കണക്ടിവിറ്റിയില്ലാത്ത കോളനികളിൽ നെറ്റ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് ബി.എസ്.എൻ.എൽ മുഖേന എസ്റ്റിമേറ്റുകൾ ലഭ്യമാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്ക് വിധേയമായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലാത്ത 1284 കോളനികളിൽ 1006 കോളനികളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 6.14 കോടി രൂപ ചെലവഴിച്ച് നെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കി കോളനികളിൽ നെറ്റ് കണക്ടിവിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് നെറ്റ് കണക്ഷൻ നൽകുന്നതിനായി ഉപയോഗിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. കണക്ടിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച പുരോഗതി ഐ.റ്റി. മിഷൻ ജില്ലാ പ്രോഗ്രാം മാനേജർമാരും വകുപ്പിന്റെ ഉദ്യോഗസ്ഥൻമാരും സംയുക്തമായി ഉറപ്പുവരുത്തുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ കോളനികളിൽ ഒരുക്കിയിട്ടുള്ള 250 സാമൂഹ്യ പഠനമുറികളിലൂടെ ഓൺലൈൻ പഠനം സാധ്യമാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം പുതിയതായി 114

സാമൂഹ്യപഠനമുറികൾ സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഊരു വിദ്യാ കേന്ദ്രങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, അങ്കണവാടികൾ, മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ മുതലായ കോളനികളിലെ പൊതുഇടങ്ങളിൽ താൽക്കാലികമായി ഓൺലൈൻ പഠന സൗകര്യം ഒരുക്കിയിരുന്നു. ഫെസിലിറ്റേറ്റർമാരുടെയും മെന്റർ ടീച്ചർമാരുടെയും സഹായത്തോടുകൂടി ഓൺലൈൻ പഠനത്തിനുള്ള സഹായം നൽകിയിരുന്നു.

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ് നൽകുന്ന പദ്ധതി പ്രകാരം നാളിതുവരെ എത്ര പേർക്ക് ലാപ് ടോപ് വിതരണം ചെയ്തു?

25/06/2021-ലെ സ.ഉ.(സാധാ)നം. 3134/21 പൊ.വി.വ. ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ മേഖലയിലെ കുട്ടികൾക്ക് ലാപ്ടോപ് വിതരണം ചെയ്യുന്നതിന് കൈറ്റ് (KITE)-നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ലാപ്ടോപ്പുകൾ വിതരണം ചെയ്തതിന്റെ വിശദ വിവരങ്ങൾ കൈറ്റിൽനിന്നും ശേഖരിച്ചുനൽകുന്നതാണ്.

(ഡി) പ്ലസ് ടു, ഡിഗ്രി കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന എല്ലാ വിദ്യാർത്ഥികൾക്കും ലാപ് ടോപ്

അനുവദിക്കുന്നതിനും ഊരുകൾ കേന്ദ്രീകരിച്ച ഡിജിറ്റൽ പഠന സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പോസ്റ്റ്മെട്രിക് ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ തെരഞ്ഞെടുക്കപ്പെട്ട 32 കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് രണ്ടാം വർഷ പഠനവേളയിൽ ലാപ്ടോപ്പുകൾ വിതരണം ചെയ്തുവന്നിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴ്സിന്റെ തുടക്കത്തിൽതന്നെ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഉപയുക്തമാകുന്നവിധം ഹൈ എൻഡ് ലാപ്ടോപ്പുകളാണ് ഇപ്രകാരം വിതരണം ചെയ്തുവരുന്നത്. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, അവയുടെ ടി.എസ്.പി പദ്ധതിയിലുൾപ്പെടുത്തി ഉന്നതവിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്തുവരുന്നുണ്ട്. ഇതുകൂടാതെ സ്മാർട്ട്ഫോൺ, ടാബ് മുതലായ ഡിജിറ്റൽ ഉപകരണങ്ങൾ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവ മുഖേന വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ

ഓൺലൈൻ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിന് നിരവധി പ്രവർത്തനങ്ങൾ സർക്കാർതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് KITE മുഖേന ലാപ്ടോപ്പുകൾ പഠനാവശ്യത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. നെറ്റ് വർക്ക് കണക്ടിവിറ്റിയില്ലാത്ത കോളനികളിൽ നെറ്റ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് ബി.എസ്.എൻ.എൽ മുഖേന എസ്റ്റിമേറ്റുകൾ ലഭ്യമാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്ക് വിധേയമായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലാത്ത 1284 കോളനികളിൽ 1006 കോളനികളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 6.14 കോടി രൂപ ചെലവഴിച്ച് നെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കി കോളനികളിൽ നെറ്റ് കണക്ടിവിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് നെറ്റ് കണക്ഷൻ നൽകുന്നതിനായി ഉപയോഗിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. കണക്ടിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച പുരോഗതി ഐ.റ്റി. മിഷൻ ജില്ലാ പ്രോഗ്രാം മാനേജർമാരും വകുപ്പിന്റെ ഉദ്യോഗസ്ഥൻമാരും സംയുക്തമായി ഉറപ്പ് വരുത്തുന്നുണ്ട്. ഈ

സർക്കാർ ഇടമലക്കുടിയിൽ കണക്ടിവിറ്റി ലഭ്യമാക്കുന്നതിനായി 4.31 കോടി രൂപ അനുവദിച്ചു. പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ കോളനികളിൽ ഒരുക്കിയിട്ടുള്ള 250 സാമൂഹ്യ പഠനമുറികളിലൂടെ ഓൺലൈൻ പഠനം സാധ്യമാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം പുതിയതായി 114 സാമൂഹ്യപഠനമുറികൾ സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഊരു വിദ്യാ കേന്ദ്രങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, അങ്കണവാടികൾ, മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ മുതലായ കോളനികളിലെ പൊതു ഇടങ്ങളിൽ താൽക്കാലികമായി ഓൺലൈൻ പഠന സൗകര്യം ഒരുക്കിയിരുന്നു. ഫെസിലിറ്റേറ്റർമാരുടെയും മെന്റർ ടീച്ചർമാരുടെയും സഹായത്തോടുകൂടി ഓൺലൈൻ പഠനം ഗോത്ര ഭാഷയിലും നൽകിയിരുന്നു.

## പഠനമുറി പദ്ധതി

45(4439) <u>ശ്രീ. എം വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന 'പഠനമുറി' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പഠനമുറി പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവൺമെന്റ്/എയ്ഡഡ്/സ്പെഷ്യൽ/ടെക്നിക്കൽ സ്കൂളുകളിലെയും കേന്ദ്രീയ വിദ്യാലയങ്ങളിലെയും 8,9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ള വാസയോഗ്യമായ വീടുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനസൗകര്യമൊരുക്കുന്നതിനായി 120 ചതുരശ്ര അടി വിസ്തൃതിയുള്ള പഠനമുറി അനുബന്ധ സൗകര്യങ്ങളോടെ നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം നൽകുന്നു. പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിന് കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപവരെയായിരിക്കണം. ഗ്രാമസഭാ ലിസ്റ്റിൽ നിന്നുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക.നിർമ്മാണ പുരോഗതിക്കനുസരിച്ച് 4 ഗഡുക്കളായി ധനസഹായം ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു.

(ബി) പഠനമുറി പദ്ധതി പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇതുവരെയായി എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

136 പേർക്ക് 2,72,00,000/-(രണ്ട് കോടി എഴുപത്തി രണ്ട് ലക്ഷം രൂപ മാത്രം) രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

**പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന സഹായങ്ങൾ**

46(4440) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടെയും കൊഴിഞ്ഞുപോക്കിന്റെയും നിരക്ക് കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(എ&ബി) ഉണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള എം.ആർ.എസുകളിലും പ്രീമെട്രിക് സ്കൂളുകളിലും ഉന്നത വിജയത്തിനായി മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രശ്നം

പരിഹരിക്കുന്നതിനായി മെന്റർ ടീച്ചർ, വിദ്യാവാഹിനി, സാമൂഹ്യപഠനമുറി, പഠനമുറി എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടാതെ വിദ്യാർത്ഥികളുടെ മാനസികശേഷി വർദ്ധിപ്പിക്കുന്നതിനും വ്യക്തിത്വ വികസനം സാദ്ധ്യമാക്കുന്നതിനുമായി ഹോസ്റ്റലുകളിലും എം.ആർ.എസുകളിലും സ്റ്റുഡന്റ്സ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന സഹായം എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ പഠനം നിർത്തുന്ന പ്രൊഫഷണൽ വിദ്യാർത്ഥികൾക്കായി നൽകിവരുന്ന സഹായം വ്യക്തമാക്കാമോ?

(സി &ഡി)

1. പ്രീ-മെട്രിക്ക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി
2. ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി
3. ഇതര സംസ്ഥാന പഠനം

4. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി.

5. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

6. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം

7. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.

8. ലാപ്ടോപ്പ് വിതരണം

9. പഠന മുറി പദ്ധതി

10. ഗോത്രബന്ധു വിദ്യാവാഹിനി പദ്ധതി

11. ഗോത്ര സാരഥി (വിദ്യാവാഹിനി) പദ്ധതി

12. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം

13. വിംഗ്സ്-വൈമാനിക പരിശീലന പരിപാടി

14. നൈപുണ്യ വികസന പരിശീലന പരിപാടികൾ

(ഇ) ഐ.എ.എസ്. കോച്ചിംഗ് ക്ലാസ്സുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നൽകിവരുന്ന സേവനങ്ങൾ വിശദമാക്കാമോ?

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം മണ്ണന്തല സിവിൽ സർവ്വീസ് അക്കാഡമിയിൽ നിശ്ചിത യോഗ്യതയുള്ള പരമാവധി 40 പേർക്ക് സംസ്ഥാന തലത്തിലുള്ള ഓറിയന്റേഷൻ ക്യാമ്പ് 30/06/2022 മുതൽ ആരംഭിച്ചിട്ടുണ്ട്. ഓറിയന്റേഷൻ കോഴ്സിന് ശേഷം നടക്കുന്ന സ്ക്രീനിംഗ് ടെസ്റ്റിനും ഇന്റർവ്യൂവിനും ശേഷം തെരഞ്ഞെടുക്കപ്പെടുന്ന പരമാവധി 20 പരിശീലനാർത്ഥികൾക്ക് കേരളത്തിലോ, കേരളത്തിനു പുറത്തോ ഉള്ള തെരഞ്ഞെടുക്കപ്പെട്ട കോച്ചിംഗ് സ്ഥാപനങ്ങളിൽ ഒരു വർഷം ചേർന്ന് പഠിക്കുന്നതിന് അവസരമുണ്ട്. തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള താമസം, യാത്രചെലവ്, പോക്കറ്റ് മണി, ഭക്ഷണം ഉൾപ്പെടെയുള്ള ചെലവ് നൽകുന്നുണ്ട്. പ്രിലിമിനറി പരീക്ഷയ്ക്കുവേണ്ടി കേരളത്തിലോ കേരളത്തിന് പുറത്തോ ഉള്ള സ്ഥാപനത്തിൽ ഒരു വർഷത്തെ അല്ലെങ്കിൽ പ്രിലിമിനറി പരീക്ഷാഫലം വരുന്നതുവരെ (ആവശ്യമായി വരുന്ന പക്ഷം ആയത് പരമാവധി 2 വർഷം വരെ) താമസസൗകര്യം ഉൾപ്പെടെ കോച്ചിംഗ് ആനുകൂല്യം അനുവദിച്ചു നൽകുന്നുണ്ട്.

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ പഠിക്കുന്നതിനുള്ള ധനസഹായം**

47(4441) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) ധനസഹായം നൽകുന്നില്ലെങ്കിൽ സഹായം നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ?

(എ & ബി) സംസ്ഥാനത്തിന് പുറത്ത് സ്ഥിതിചെയ്യുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS) പദ്ധതി പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നുണ്ട്. ഓട്ടോണോമസ് പദവിയുള്ള ടി സ്ഥാപനങ്ങളിൽ സംസ്ഥാനത്തിനകത്ത് പഠിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്ക് നിലവിൽ സ്കോളർഷിപ്പ് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് വിദേശ പഠന സഹായം**

48(4442) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉപരിപഠനം നടത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതികൾ ഏതൊക്കെയാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും എത്ര തുകവരെ അനുവദിക്കുമെന്നും അറിയിക്കാമോ?

(എ&ബി) വിദേശത്ത് Post Graduate course - കൾക്ക് ഉന്നത പഠനം നടത്തുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഓവർസീസ് സ്കോളർഷിപ്പ് നൽകുന്നുണ്ട്.

അപേക്ഷിക്കുന്ന സമയത്ത് അപേക്ഷകന് 35 വയസ്സ് കഴിയുവാൻ പാടില്ല. TIMES-ന്റെ ലോക റാങ്കിങ്ങിൽ 1 മുതൽ 500 വരെയുള്ള ഗ്രേഡിംഗുള്ള യൂണിവേഴ്സിറ്റികളിൽ പഠനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. പിന്നാക്ക വിഭാഗങ്ങളിൽ ഗ്രേഡിംഗ് 1 മുതൽ 600 വരെയാണ്. അപേക്ഷകൻ യോഗ്യത പരീക്ഷയിൽ 55%-ൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. ഒ.ബി.സി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് 60% മാർക്ക് ഉണ്ടായിരിക്കണം. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 50% മാർക്കിന് മുകളിൽ ഉണ്ടായിരിക്കണം. പട്ടികജാതി, പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികളിൽ അപേക്ഷകന്റെയോ രക്ഷകർത്താവിന്റെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് തുക അനുവദിക്കുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ല. പട്ടികജാതി, പട്ടികവർഗ്ഗവിഭാഗം വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി പരമാവധി 25 ലക്ഷം രൂപയും പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് പരമാവധി 10 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കോഴ്സ് കോഡ് ഒന്നിലെ അദ്ധ്യാപക തസ്തികകൾ

49(4443) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക ഗോത്രവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി ആരംഭിച്ച മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കോഴ്സ് കോഡ് ഒന്നിൽ ഉൾപ്പെട്ട ബയോളജി, സയൻസ് ബാച്ചുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെടാത്തതിനാൽ പ്രസ്തുത സ്കൂളുകളിൽ സ്ഥിര അദ്ധ്യാപകർ ഇല്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ.ടി.ഡി.പി. പദ്ധതിയുടെ കീഴിൽ പ്രവർത്തനമാരംഭിച്ച പുനലൂർ മണ്ഡലത്തിലെ കുളത്തൂപ്പുഴ ജി.എം.ആർ.എച്ച്.എസ്.എസ്. ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ കോഴ്സ് കോഡ് ഒന്നിൽ ഉൾപ്പെട്ട വിഷയങ്ങളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് സ്ഥിര അദ്ധ്യാപക നിയമനം സാധ്യമാക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും തസ്തിക നിർണ്ണയം നടത്തേണ്ടത് ഹയർ സെക്കന്ററി വകുപ്പാണ്. അടിയന്തരമായി ഇത് പൂർത്തിയാക്കുന്നതിനുള്ള നടപടി പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റസിഡൻഷ്യൽ സ്കൂളുകൾ**

50(4444) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി എത്ര റസിഡൻഷ്യൽ സ്കൂളുകളാണ് പ്രവർത്തിക്കുന്നത്; പ്രസ്തുത സ്കൂളുകളിൽ എത്ര വീതം എസ്.സി., എസ്.റ്റി., ഒ.ബി.സി. വിദ്യാർത്ഥികൾ പഠിച്ചുവരുന്നു എന്നു വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിൽ 11 മോഡൽ റസിഡൻഷ്യൽ സ്കൂളുകളാണുള്ളത് നിലവിൽ പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലുമായി എസ്.സി. വിഭാഗത്തിൽ

1164 വിദ്യാർത്ഥികളും എസ്.ടി. വിഭാഗത്തിൽ 499 കുട്ടികളും ഒ.ബി.സി. വിഭാഗത്തിൽ 79 വിദ്യാർത്ഥികളും പഠനം നടത്തിവരുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 22 മോഡൽ റസിഡൻഷ്യൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ടി മോഡൽ റസിഡൻഷ്യൽ വിദ്യാലയങ്ങളിൽ 399 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും 4902 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും 132 ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും നിലവിൽ പഠനം നടത്തിവരുന്നു.

(ബി) പ്രസ്തുത സ്കൂളുകളുടെ അക്കാഡമിക് നിലവാരം ഉന്നതനിലവാരത്തിലെത്തിക്കാൻ ഏതെല്ലാം വിഷയങ്ങളിൽ എത്ര അദ്ധ്യാപകർ വീതം വേണമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ താഴെ പറയുംപ്രകാരം അദ്ധ്യാപകർ വേണമെന്ന് നിർഷ്കർഷിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള സ്കൂളുകളിൽ

അധ്യാപകരെ നിയമിക്കുന്നത് 05/11/2008-ലെ GO (MS)No.107/2008/പജപവ.വിവ എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്.

ഹെഡ്മാസ്റ്റർ - 1

എച്ച്.എസ്.റ്റി മലയാളം -2

എച്ച്.എസ്.റ്റി ഇംഗ്ലീഷ് -1

എച്ച്.എസ്.റ്റി ഗണിതം - 2

എച്ച്.എസ്.റ്റി സോഷ്യൽ സയൻസ് - 1

എച്ച്.എസ്.റ്റി ഹിന്ദി - 1

എച്ച്.എസ്.റ്റി നാച്ചുറൽ സയൻസ് - 1

എച്ച്.എസ്.റ്റി ഫിസിക്കൽ സയൻസ് - 1

ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ -1

സ്പെഷ്യൽ ടീച്ചർ (മ്യൂസിക്) - 1

മാനേജർ കം റസിഡന്റ് ട്യൂട്ടർ (എച്ച്. എസ്. റ്റി) - 1

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ "ഇൻ അഡിഷൻ ടു ദ കേഡർ" തസ്തികകളാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലുള്ളത്. എന്നാൽ 2010-നശേഷം ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിച്ച സ്കൂളുകളിൽ സ്ഥിര അധ്യാപകരെ പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും നിയമിച്ചു നൽകിയിട്ടില്ല. ടി ബാച്ചുകളിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ച് വിദ്യാർത്ഥികളുടെ പഠനം ഉറപ്പാക്കിയിട്ടുണ്ട്. ഹൈസ്കൂൾ അദ്ധ്യാപക തസ്തിക സംബന്ധിച്ചുള്ള വിവരവും ഹയർസെക്കണ്ടറി അദ്ധ്യാപക തസ്തിക സംബന്ധിച്ച വിവരവും അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും പരിചയ സമ്പന്നരായ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് പൊതുവായ മാർഗ്ഗ നിർദ്ദേശം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതനുസരിച്ച് എത്ര അദ്ധ്യാപകരെ ഓരോ സ്കൂളുകളിലും നിയോഗിച്ചിട്ടുണ്ട് എന്നത് വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള അദ്ധ്യാപകരിൽനിന്നും അപേക്ഷ ക്ഷണിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ചെയർമാനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ കൺവീനറുമായ കമ്മിറ്റിയാണ് യോഗ്യരായ അദ്ധ്യാപകരെ മോഡൽ റസിഡൻഷ്യൽ സ്കൂളിലേയ്ക്ക് തെരഞ്ഞെടുക്കുന്നത്. നിലവിൽ 104 സ്ഥിരാദ്ധ്യാപകർ പട്ടികജാതി വകുപ്പിന് കീഴിലുള്ള എം.ആർ.എസുകളിൽ ജോലി ചെയ്തുവരുന്നുണ്ട്. അപേക്ഷകരുടെ കുറവുമൂലം സ്ഥിരാദ്ധ്യാപകരെ ലഭിക്കാത്ത സാഹചര്യത്തിൽ ജില്ലാ കളക്ടർ ചെയർമാനായ സമിതി കൂടിക്കാഴ്ച നടത്തി യോഗ്യത ഉറപ്പാക്കി താൽക്കാലികാദ്ധ്യാപകരെ നിയമിക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും പരിചയ സമ്പന്നരായ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് പൊതുവായ മാർഗ്ഗനിർദ്ദേശം നിലവിലുണ്ട്. 05/11/2008- ലെ G.O (MS)No.107/2008/പജ.പവ.വിവ പ്രകാരമാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അധ്യാപകരെ നിയമിക്കുന്നത്. അപ്രകാരം നിയമിച്ചിട്ടുള്ള അധ്യാപകരുടെ വിവരങ്ങൾ സ്കൂൾ തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മങ്കട നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സഹായം

51(4445) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മങ്കട നിയോജകമണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രത്യക കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി ജില്ലാ തലത്തിൽ ടോപ്പേഴ്സ് അക്കാഡമി എന്ന സ്ഥാപനം എംപാനൽ ചെയ്തിട്ടുണ്ട്. ഇവിടെ പഠിക്കുന്ന +1, +2 കോഴ്സുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാ പരിശീലനത്തിനായി ആനുകൂല്യം അനുവദിച്ചുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട സ്കൂൾ, കോളേജ്, പ്രൊഫഷണൽ കോളേജ് തലത്തിൽ പഠിക്കുന്ന എത്ര വിദ്യാർത്ഥികളുണ്ടെന്ന് വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോളേജ്, പ്രൊഫഷണൽ കോളേജ് തലത്തിൽ പഠിക്കുന്ന വിദ്യാർഥികളുടെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഇ-ഗ്രാന്റ്സ് സൈറ്റിൽ ക്രമീകരണം ചെയ്തിട്ടില്ലാത്തതിനാൽ വിവരങ്ങൾ ലഭ്യമല്ല. മങ്കട ബ്ളോക്കിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ 2322 പട്ടികജാതിവിദ്യാർത്ഥികളും, 6 പട്ടികവർഗ്ഗ വിദ്യാർത്ഥികളും ഹയർ സെക്കണ്ടറി തലത്തിൽ 8 പട്ടികവർഗ്ഗ വിദ്യാർത്ഥികളും കോളേജ് തലത്തിൽ 7 പട്ടികവർഗ്ഗ വിദ്യാർത്ഥികളുമുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും സഹായങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഈ സഹായങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം സഹായങ്ങൾ വിതരണം ചെയ്യുന്നതിനാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

പ്രീമെട്രിക് സ്കോളർഷിപ്പ്, പ്രൈമറി & സെക്കന്ററി എഡ്യൂക്കേഷൻ സ്കോളർഷിപ്പ്, ശ്രീ അയ്യങ്കാളി സ്കോളർഷിപ്പ്, പൊതു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം, മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ധനസഹായം, പാരലൽ കോളേജ് ഇ ഗ്രാന്റ്സ്, ഹോസ്റ്റലിലാണെങ്കിൽ പോക്കറ്റ് മണി, ഹോസ്റ്റൽ ഫീസ് എന്നീ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് കുടിശ്ശിക ഇല്ല.

**വാമനപുരം മണ്ഡലത്തിലെ സാമൂഹ്യ പഠനമുറി**

52(4446) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യ പഠനമുറി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ ആലുംമൂട്, താന്നിമൂട്, പോട്ടോമാവ്, ഇലഞ്ചീയം, കാക്കോട്ടുകുന്ന്, ഈയ്യക്കോട്, കുറുപ്പൻകാല, വട്ടപ്പൻകാട് എന്നിവിടങ്ങളിൽ സാമൂഹ്യ പഠനമുറികൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മണ്ഡലത്തിൽ ഇതിനുവേണ്ടി എത്ര തുകയാണ് ചെലവാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽ ടി പദ്ധതിക്കായി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

2021-22 വർഷം - 9,99,798/- രൂപ

2022-23 വർഷം - 3,08,106/- രൂപ

(സി) മണ്ഡലത്തിൽ കൂടുതൽ പഠനമുറി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പഠനമുറി പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വകുപ്പ് നടപ്പാക്കുന്ന സാമൂഹിക

പഠനമുറി കേന്ദ്രങ്ങൾ ആവശ്യമായിവരുന്നപക്ഷം അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ**

53(4447) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്കായി പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

നിലവിൽ തൃശ്ശൂർ ജില്ലയിൽ പെൺകുട്ടികൾക്കായി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ബി) പ്രഖ്യാപിച്ച പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ഏതെങ്കിലും നടപ്പിലാകാത്തതായിട്ടുണ്ടോ എന്ന് അറിയിക്കുമോ?

പ്രഖ്യാപിച്ച പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലൊന്നും നടപ്പിലാകാത്തതായിട്ടില്ല.

(സി) തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി മേഖലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്കായി ചാലക്കുടി മണ്ഡലത്തിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

ഇക്കാര്യം പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനമായിട്ടില്ല.

**കോതമംഗലം മണ്ഡലത്തിൽ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം**

54(4448) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മാതിരപ്പിള്ളി ജി.വി. എച്ച്.എസ്.എസ് വക സ്ഥലത്ത് പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സ്കൂൾ മേലധികാരിയും ഡി. ഡി. ഒ. യും നൽകിയിട്ടുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ;

(ഡി) സ്കൂൾ കുട്ടികളുടെ കുറവ് പരിഹരിക്കുന്നതിനായി നിലവിൽ വർഷങ്ങളായി ഇവിടെ പ്രവർത്തിച്ചു വരുന്ന പ്രീമെട്രിക് ഹോസ്റ്റൽ നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമായതിനാൽ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് 26 സെന്റ് സ്ഥലം പട്ടികവർഗ്ഗ വകുപ്പിന് കൈമാറുന്നതിന് വേണ്ടി നൽകിയ ശിപാർശയിൽ വേഗത്തിൽ അനുമതി ലഭ്യമാക്കുമോ; വിശദമാക്കാമോ?

(എ-ഡി) കോതമംഗലം നഗരസഭയുടെ കൗൺസിൽ തീരുമാന പ്രകാരം മാതിരപ്പിള്ളി ഗവ.ഹൈസ്കൂൾ കോമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന 26 സെന്റ് സ്ഥലം പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് വിട്ടുനൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറുന്നതിനായി നഗരസഭാ

കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ ഫയൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്.

## പട്ടാമ്പി മണ്ഡലത്തിലെ എസ്.സി. പ്രീമെട്രിക് ഹോസ്റ്റൽ

55(4449) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ എസ്.സി. വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റൽ കുട്ടികളില്ലാതെ അടച്ചുപൂട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടാമ്പി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിച്ചിരുന്ന പ്രീമെട്രിക് ഹോസ്റ്റൽ ആവശ്യമായ എണ്ണം കുട്ടികൾ ഇല്ലാത്തതിനാൽ 19-7-2011-ന് പ്രവർത്തനം നിർത്തിയിരുന്നു.

(ബി) ഈ ഹോസ്റ്റൽ കെട്ടിടം ഉപയോഗപ്പെടുത്താത്തതുമൂലം നശിക്കുന്നത് തടയാൻ വകുപ്പ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത കെട്ടിടത്തിൽ പട്ടികജാതി വകുപ്പിന്റെ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററോ മറ്റേതെങ്കിലും സ്ഥാപനമോ ആരംഭിക്കുന്നതിനുള്ള നടപടി പരിശോധിച്ചുവരുന്നു.

(സി) ഈ കെട്ടിടം പട്ടികജാതി വിഭാഗത്തിന് മുൻഗണനയുള്ള പോളിടെക്നിക്കായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിൽ വകുപ്പ് എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; അത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് ജില്ലാ വികസന സമിതിയിൽ എം.എൽ.എ. ഉന്നയിച്ച പരാതിയിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ ഹോസ്റ്റൽ കെട്ടിടം നവീകരിച്ച് പട്ടികജാതി വിഭാഗത്തിന് മുൻഗണന നൽകികൊണ്ടുള്ള പോളിടെക്നിക് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി-ഇ) ഈ കെട്ടിടം പട്ടികജാതി വിഭാഗത്തിന് മുൻഗണനയുള്ള പോളിടെക്നിക്കിനായി ഉയർത്തണമെന്ന ആവശ്യം സ്ഥലം എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ടി കെട്ടിടത്തിൽ വകുപ്പിന്റെ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററോ ഐ.റ്റി.ഐ.-യോ ആരംഭിച്ചാൽ ഉപയോഗപ്രദമാകുമെന്ന് വകുപ്പ് ഡയറക്ടർ അറിയിച്ചതിൻ പ്രകാരം ആയത് പരിശോധനയിലാണ്.

## ചാലക്കുടിയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റൽ

56(4450) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റലിന്റെ ശോചനീയാവസ്ഥ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലലഭ്യതയനുസരിച്ച് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയംതൊഴിൽ പരിശീലനം**

57(4451) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി സ്വയംതൊഴിൽ പരിശീലനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി ബിസ്സിനസ്സിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിലേയ്ക്കായി സ്റ്റാർട്ട് അപ്പ് ഡ്രീംസ് പദ്ധതി നടപ്പാക്കിവരുന്നു. പട്ടികവർഗ്ഗക്കാർക്ക് നൈപുണ്യ പരിശീലനത്തിലൂടെ സ്വയം തൊഴിൽ

പ്രാപ്തമാക്കുന്നതിനായി വിവിധ മേഖലകളിൽ നൈപുണ്യ പരിശീലനങ്ങൾ വകുപ്പ് നടത്തിവരുന്നു. കൂടാതെ പട്ടികവിഭാഗത്തിലുള്ള യുവജനങ്ങളെ ഒരേ സമയം തൊഴിൽസംരംഭകരും തൊഴിൽദാതാക്കളും ആക്കുന്നതിനായി എംപവർമെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ നടപ്പാക്കുന്ന അംബേദ്കർ ഗ്രാമ പദ്ധതിയിൽ സ്വയംതൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് പ്രത്യേക തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ നടപ്പാക്കുന്ന അംബേദ്കർ ഗ്രാമ പദ്ധതിയിൽ തെരഞ്ഞെടുക്കുന്ന ഓരോ കോളനിക്കും ഒരു കോടി രൂപ വരെയുള്ള വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. സ്വയം തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് പ്രത്യേക തുക അനുവദിക്കുന്നത് നിലവിൽ തീരുമാനങ്ങളെടുത്തിട്ടില്ല.

**വിട്ടൂർ ഗാന്ധിഗ്രാം കോളനിയിലെ സ്വയംതൊഴിൽ പരിശീലനകേന്ദ്രം**

58(4452) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ വിട്ടൂർ ഗാന്ധിഗ്രാം പട്ടികജാതി കോളനിയിൽ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ നെല്ലാടുള്ള ഗാന്ധിഗ്രാം ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് കീഴിലുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഇതുവരെ നടപ്പാക്കിയിട്ടില്ല. 2022-23 -ൽ ജി.ഡി.എസ്.-ന് വനിതാ സൗഹാർദ്ദ ശുചിത്വ സമുച്ചയം നിർമ്മിക്കുവാനായി 5,00,000/- രൂപയുടെ പദ്ധതി വടവുകോട് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്.

(ബി) സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

നെല്ലാട് ഗാന്ധിഗ്രാം സൊസൈറ്റിയുടെ കീഴിൽ 18-നും 40-നുമിടയിൽ പ്രായമുള്ള 12 പട്ടികജാതി യുവതികൾക്ക് തയ്യൽ പരിശീലനവും പരിശീലനം പൂർത്തിയായവർക്ക് തയ്യൽ മെഷീനുൾപ്പെടെയുള്ള ടൂൾ കിറ്റ് വിതരണവും എല്ലാ വർഷവും നടത്തിവരുന്നു. 2022-23-ലെ പരിശീലന പദ്ധതി ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകുന്ന സ്ഥാപനം

59(4453) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലെ കുട്ടികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷകൾക്ക് പരിശീലനം നൽകുന്ന സ്ഥാപനം ഇല്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. എന്നാൽ സംസ്ഥാനമൊട്ടാകെ തെരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് M.B.B.S/Engineering പ്രവേശന പരിശീലനം നൽകുന്ന പ്രമുഖ സ്ഥാപനങ്ങളുമായി ചേർന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് മൂന്നു മാസത്തെ ക്രാഷ് കോഴ്സും 10 മാസത്തെ Long term entrance coaching-ഉം നൽകിവരുന്നു.

(ബി) ത്രിതല പഞ്ചായത്ത് സംവിധാനം മുഖേന ഭൗതിക സാഹചര്യം തയ്യാറാക്കിയാൽ പ്രീ-എക്സാമിനേഷൻ സെന്റർപോലുള്ള സ്ഥാപനം ജില്ലയിൽ അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

എല്ലാ ജില്ലകളിലും വെർച്ചൽ പി.ഇ.റ്റി.സി.-കൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

**റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക നിയമനം**

60(4454) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗ വികസന വകുപ്പിലെ റസിഡൻഷ്യൽ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നല്ലാതെ എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട് ; അവയുടെ വിശദാംശം സ്കൂൾ തിരിച്ച് നൽകാമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള 10 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അകെ 53 താത്കാലികാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ " നിയന്ത്രണത്തിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പൊതു വിദ്യാഭ്യാസവകുപ്പിൽ നിന്നല്ലാതെ 213 അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. സ്കൂൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഇത്തരത്തിൽ നിയമിച്ച അധ്യാപകർക്ക് ഓരോ വർഷവും വേതന ഇനത്തിൽ എത്ര തുക ചെലവഴിക്കുന്നുവെന്നും ഏതു ബഡ്ജറ്റ് വിഹിതത്തിൽ നിന്നുള്ള തുകയാണ് ഇതിനായി ചെലവഴിക്കുന്നതെന്നും വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള 10 എം.ആർ.എസ്സുകളിൽ താത്കാലികാടിസ്ഥാനത്തിൽ നിയമിച്ച അദ്ധ്യാപകർക്ക് വേതന ഇനത്തിൽ ഒരു വർഷത്തേയ്ക്ക് ഏകദേശം 1,50,65,050/- രൂപ ചെലവ് വരുന്നതാണ്. ഇതിലേയ്ക്കാവശ്യമായ തുക 2225-01-277-89-00-02-05(NP) എന്ന ശീർഷകത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 2021-22 അധ്യയന വർഷത്തിൽ 4,75,29,397/- രൂപ വേതന ഇനത്തിൽ ചുവടെ പറയുന്ന ശീർഷകങ്ങളിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

2225-02-277-49-02-05-Wages

2225-02 277-49-00-02-04

2225-02-277-49-34-OC- plan

**ഏറനാട് മണ്ഡലത്തിലെ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് വിനിയോഗം**

61(4455) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെയായി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുക എത്രയാണെന്നും പഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) ഏറനാട് മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെയായി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ**

62(4456) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2016 മുതൽ നാളിതുവരെ കാഞ്ഞങ്ങാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികവർഗ്ഗ കോളനികളിൽ നവീകരിച്ച റോഡുകൾ, മറ്റു പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ തൽസ്ഥിതി വിശദമാക്കാമോ?

(എ&ബി)2016 മുതൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) മടിക്കൈ പഞ്ചായത്തിലെ നെടും-ഉടുപ്പ്-മണിമുണ്ട-നാര കോളനി റോഡ് നവീകരണം, കുളങ്ങാട് കമ്മ്യൂണിറ്റി ഹാൾ നവീകരണം എന്നീ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഫണ്ടിന്റെ ലഭ്യത അനുസരിച്ച്, പ്രവൃത്തിയുടെ ആവശ്യകത പരിശോധിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്ക് വിധേയമായി പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ബാലുശ്ശേരി മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള നവീകരണ പ്രവൃത്തികൾ**

63(4457) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ എസ്.സി. കോളനികളിലാണ് കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ഇപ്പോൾ നവീകരണ പ്രവൃത്തി നടത്തിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

1. പുളിപ്പൊയിൽ കോളനി റോഡ് നിർമ്മാണം

2. കാളങ്ങാലി നാല് സെന്റ് കോളനി കുടിവെള്ള പദ്ധതി

(ബി) എത്ര ലക്ഷം രൂപയുടെ പ്രവൃത്തികൾക്കാണ് കോർപ്പസ് ഫണ്ടിൽ ജില്ലയിൽനിന്ന് അനുമതി നൽകുന്നത്; കോർപ്പസ് ഫണ്ട് വിനിയോഗിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്?

കോർപ്പസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക ജില്ലാതലത്തിൽ വിനിയോഗിക്കേണ്ടതാണ്. ഇത്തരത്തിൽ ഒരു പദ്ധതിക്ക് പരമാവധി 25

ലക്ഷം രൂപവരെയുള്ള തുകയ്ക്കുള്ള അനുമതി ജില്ലാതലത്തിൽ നൽകേണ്ടതാണ്. കോർപ്പസ് ഫണ്ട് പ്രകാരം ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. <u>കുടിവെള്ള വിതരണം:-</u> പട്ടികജാതി വിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും ജനറൽ വിഭാഗങ്ങൾക്ക് ഒന്നോ രണ്ടോ പൊതുടാപ്പും നൽകുന്ന രീതിയിൽ ഫീസിബിലിറ്റി, ഗുണഭോക്തൃ ലിസ്റ്റ്, സോഷ്യൽ മാപ്പ് എന്നിവ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കണം.

2. <u>ഗതാഗതസൗകര്യ വികസനം</u>:-കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണഭിത്തി, കലുങ്ക് എന്നിവമാത്രം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി ഉറപ്പാക്കി മാത്രം നടപ്പിലാക്കണം.

3. <u>വൈദ്യുതി വിതരണം</u>:- പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിക്കുള്ളിലെ വഴിവിളക്കുകൾ എന്നിവമാത്രം.

4. പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം സാംസ്കാരികം/കായികം തുടങ്ങി) ഉതകുന്ന

പ്രോജക്ടുകൾ DIET- ന്റെ സഹായത്തോടുകൂടി തയ്യാറാക്കി ജില്ലാ സമിതി പരിശോധിച്ച് നിർവ്വഹണം നടത്താവുന്നതാണ്.

5. നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ ഏതെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിനും ടി തുക വിനിയോഗിക്കാവുന്നതാണ്.

6. <u>വിജ്ഞാൻവാടികളുടെ ആവർത്തന ചെലവുകൾ</u> - തുടർന്നുവരുന്ന പദ്ധതി.

(സി) നിലവിൽ ബാലുശ്ശേരി മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനായി ഏതൊക്കെ പ്രവൃത്തികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; വിശദാംശം അറിയിക്കാമോ?

ചുവടെ ചേർക്കുന്ന പദ്ധതികൾ പരിശോധിച്ചു വരികയാണ്.

1. ഉണ്ണികുളം പഞ്ചായത്തിലെ മൊകായി കോളനി റോഡ് ടാറിംഗ്

2. മൊകായി കോളനിയിലെ കിണറിന് ഗ്രില്ലിടൽ പ്രവൃത്തി

3. മൊകായി കോളനിയിലേക്കുള്ള ഫുട്പാത്ത് നിർമ്മാണം

**പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ**

64(4458) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* പട്ടികവർഗ്ഗ വികസനവകുപ്പുമായി ബന്ധപ്പെട്ട് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അനുബന്ധമായും *ചേത്തിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

2019-20 -ൽ പട്ടികജാതി വികസനവകുപ്പ് കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി അനുവദിച്ച രണ്ട് പദ്ധതികൾ ഉപേക്ഷിച്ചു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

*

ബാക്കിയുള്ളവ പൂർത്തീകരിച്ചു. 2020-21-ലെ പദ്ധതികൾ പൂർണമായും പൂർത്തീകരിച്ചു. 2021-22-ലെ പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(സി) കോർപ്പസ് ഫണ്ട് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി നടപ്പാക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**തൃശ്ശൂർ ജില്ലയിൽ കോർപ്പസ് ഫണ്ടിലൂടെ അനുവദിച്ച പ്രവൃത്തികൾ**

65(4459) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ കോർപ്പസ് ഫണ്ടിലൂടെ അനുവദിച്ച പ്രവൃത്തികളും തുകയും സംബന്ധിച്ച വിശദാംശം മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് 2020-21-ൽ കോർപ്പസ് ഫണ്ട് പദ്ധതിയിൽ പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. 2020-21

വർഷം കോർപ്പസ് ഫണ്ട് സ്പിൽ ഓവർ പ്രവൃത്തികൾക്ക് അനുവദിച്ച തുകയുടെ വിവരങ്ങളും 2021-22 വർഷങ്ങളിലെ പുതിയ പദ്ധതികളുടെയും സ്പിൽ ഓവർ പദ്ധതികളുടെയും വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+ പട്ടികവർഗ്ഗ വികസന വകുപ്പ് തൃശ്ശൂർ ജില്ലയിൽ 2020-21, 2021-22 വർഷങ്ങളിൽ കോർപ്പസ് ഫണ്ടിലൂടെ അനുവദിച്ച പ്രവൃത്തിയുടെയും തുകയുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ടിനായി സമർപ്പിച്ച പദ്ധതികൾ ഏതെല്ലാം; ഇതിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിൽ 2021-22 വർഷം കോർപ്പസ് ഫണ്ട് പദ്ധതിക്കായി ഗുരുവായൂർ നിയോജകമണ്ഡലം പരിധിയിൽനിന്നും 4 പ്രൊപ്പോസലുകൾ ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+ ടി പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമായിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിനായി പദ്ധതികളൊന്നും സമർപ്പിച്ചിരുന്നില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അരൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

66(4460) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിൽ 2016 മുതൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; ആയതിന്റെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിൽ അരൂർ മണ്ഡലത്തിൽ 2016 മുതൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ചുകൊണ്ട് പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിയ പദ്ധതികളും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിയ പദ്ധതികളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

## വർക്കല മണ്ഡലത്തിലെ കോളനികളിൽ കോർപ്പസ് ഫണ്ട് വിനിയോഗം

67(4461) ശ്രീ വി ജോയി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർക്കല നിയോജകമണ്ഡലത്തിൽ കുടിവെള്ളം ലഭ്യമല്ലാത്ത പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിന് കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**മങ്കട മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് വിനിയോഗം**

68(4462) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് എന്തെല്ലാം പ്രവൃത്തികളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ; പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ മങ്കട നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ബാധകമല്ല.

**ഷൊർണ്ണൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികൾ**

69(4463) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ വാണിയംകുളം പഞ്ചായത്തിലെ അരിക്കത്ത് മനപ്പടി കോളനിയുടെയും ത്രിക്കടീരി ഗ്രാമപഞ്ചായത്തിലെ കരിയാട്ട് കോളനിയുടെയും പ്രവർത്തന പുരോഗതി അറിയിക്കാമോ?

2021-22 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള അരിക്കത്ത് മനപ്പടി കോളനി, കരിയാട്ട് കോളനി എന്നിവിടങ്ങളിൽ പ്രാഥമിക മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേരുകയും കോളനികളിൽ ചെയ്യേണ്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള നടപടി ഏജൻസിയായ കെൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതികൾ 2023 മാർച്ച് 31-നകം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കൽ**

70(4464) ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഇപ്രകാരം ഉല്പാദിപ്പിക്കുന്ന കാർഷിക വിളകൾക്ക് മതിയായ വിപണി ലഭ്യമാണോയെന്ന് അറിയിക്കാമോ;

(സി) പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യസുരക്ഷയും പോഷകാഹാരവും ഉറപ്പുവരുത്തുന്നതിനായി ഈ പദ്ധതി കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പട്ടികജാതിയിൽപ്പെട്ടവരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള നടപടി**

71(4465) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേരുടെ കടങ്ങളാണ് എഴുതിത്തള്ളാൻ നടപടി സ്വീകരിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ എഴുതിത്തള്ളിയിട്ടില്ല.

(ബി) എത്ര രൂപ വരെയുള്ള കടങ്ങളാണ് എഴുതിത്തള്ളുന്നത്; ഏത് തീയതി വരെ കുടിശ്ശികയായ വായ്പയാണ് എഴുതിത്തള്ളുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ബഡ്ജറ്റിലും നീക്കിവച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

(ഡി) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള

വായ്പകൾ എഴുതിത്തള്ളുന്നതിനായി എത്ര അപേക്ഷകളാണ് നിലവിൽ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) ബാധകമല്ല.

**കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി**

72(4466) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകിയ ശിപാർശയിൽ സ്വീകരിക്കപ്പെട്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) കുടുംബി സമുദായത്തെക്കുറിച്ച് കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം ആവശ്യപ്പെട്ടിട്ടുള്ള അധികവിവരങ്ങൾ ലഭ്യമാക്കുന്നതിനായി കിർത്താഡ്സിനെ ഏല്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത അധികവിവരങ്ങൾ സമർപ്പിക്കുന്നതിനായി കിർത്താഡ്സ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; പ്രസ്തുത

റിപ്പോർട്ട് എന്നത്തേയ്ക്ക് കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) കേന്ദ്ര സാമൂഹ്യനിതീയും ശാക്തീകരണവും മന്ത്രാലയം ലഭ്യമാക്കിയ പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ വിദഗ്ധ ഏജൻസിയായ കിർത്താഡ്സ് 'കുടുംബി' സമുദായ സംഘടനാ ഭാരവാഹികളെ നേരിൽ കേൾക്കുകയും ഹർജിക്കാർ കുടുംബി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിലുൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിക്കുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ടി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിലുൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യപ്പെടാൻ അർഹരാണോയെന്നത് സംബന്ധിച്ച പഠനം കിർത്താഡ്സ് നടത്തിവരുന്നു.

**പാലക്കാട് ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

73(4467) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ ആകെ എണ്ണം വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 495 (പ്ലസ് വൺ പ്രവേശന നടപടികൾ ആരംഭിച്ചിട്ടില്ല) കുട്ടികളും പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 620 കുട്ടികളും പഠിക്കുന്നുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ വർഷങ്ങളായി അദ്ധ്യാപക തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏത് സ്ഥാപനത്തിലാണെന്നും തസ്തിക ഏതാണെന്നും പ്രസ്തുത തസ്തികയിൽ സ്ഥിര നിയമനം നടത്താത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

(ബി&സി) ഉണ്ട്. പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള കുഴൽമന്ദം മോഡൽ റസിഡഷ്യൽ സ്കൂളിൽ HSST, HST തസ്തികകളിൽ താല്ക്കാലികാടിസ്ഥാനത്തിൽ അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ അട്ടപ്പാടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഇംഗ്ലീഷ്, ഇക്കണോമിക്സ്, പൊളിറ്റിക്കൽ

സയൻസ്, ഹിസ്റ്ററി, മലയാളം, സുവോളജി, ഫിസിക്സ്, ജ്യോഗ്രഫി, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബോട്ടണി, ഫിസിക്കൽ സയൻസ്, മ്യൂസിക്, സോഷ്യൽ സയൻസ്, എം.സി.ആർ.ടി എന്നീ തസ്തികകളിലും മലമ്പുഴ ആശ്രമം സ്കൂളിൽ ഇംഗ്ലീഷ്, മലയാളം, ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി എന്നീ തസ്തികകളിലും താത്കാലിക അദ്ധ്യാപകർ ജോലി ചെയ്തുവരുന്നുണ്ട്.

മേൽ പരാമർശിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാലും ഹൈസ്കൂൾ വിഭാഗത്തിൽ ഒഴിവുകൾ വരുമ്പോൾ വിദ്യാഭ്യാസ വകുപ്പിൽനിന്നും അദ്ധ്യാപകരെ നിയമിക്കാൻ കാലതാമസം വരുമ്പോഴുമാണ് താല്ക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്. തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്.

**ഏക വരുമാനദാതാവിന്റെ കുടുംബത്തിനുള്ള മരണാനന്തര ധനസഹായം**

74(4468) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദാതാവ് മരണപ്പെടുന്ന സാഹചര്യത്തിൽ നൽകിവരുന്ന ധനസഹായത്തിന് കോവിഡ് കാലഘട്ടത്തിൽ യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് ആയതിനായി ഒരു അവസരം കൂടി നൽകാമോ?

ഏകവരുമാനദായകൻ മരണപ്പെടുന്ന കുടുംബങ്ങൾക്കുള്ള ധനസഹായം ലഭിക്കുന്നതിനായി ഏകവരുമാനദായകൻ മരണപ്പെട്ട് 2 വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കോവിഡ് പ്രതിസന്ധിമൂലം യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവരുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുന്നുണ്ട്.

(ബി) ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി നിലവിൽ നിശ്ചയിച്ചിട്ടുള്ള രണ്ടു വർഷം എന്നുള്ളത് അഞ്ച് വർഷമായി വർദ്ധിപ്പിക്കാമോ?

തൽക്കാലം പരിഗണനയിലില്ല.

**വർക്കല മണ്ഡലത്തിൽ അനുവദിച്ച മരണാനന്തര ധനസഹായം**

**75**(4468) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഏക വരുമാന സമ്പാദകൻ മരണപ്പെട്ടാൽ എത്ര രൂപയാണ് സർക്കാർ അനുവദിച്ച് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്ക് 20-09-2012 മുതൽ സ.ഉ(കൈ)128/2012/പജപവവിവ പ്രകാരം 50000/- രൂപയും 22-11-2018 മുതൽ സ.ഉ(കൈ)85/2018/പജപവവിവ പ്രകാരം 200000/- രൂപയും ധനസഹായം അനുവദിച്ചുവരുന്നു.

(ബി) 2016-21 കാലയളവിൽ വർക്കല മണ്ഡലത്തിലെ എത്ര പേർക്ക് പ്രസ്തുത സഹായം അനുവദിച്ചിട്ടുണ്ട്; ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

2016-21 കാലയളവിൽ വർക്കല മണ്ഡലത്തിലെ 40 പേർക്ക് 71 ലക്ഷം രൂപ പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

**പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ്**

76(4470) <u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ് സംബന്ധിച്ച് ഏതൊക്കെ അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത്; അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ് സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേനയും വകുപ്പ് സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിലുള്ള ഉന്നതല സംഘം മുഖേനയും പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും അതിന്റെയടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും രണ്ട് പ്രൊമോട്ടർമാരെ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഈ വിഷയത്തിൽ വകുപ്പ് ഓഡിറ്റ് വിഭാഗം വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ കുറ്റാരോപണ പത്രിക നൽകി വകുപ്പുതല അച്ചടക്ക നടപടി ആരംഭിച്ചിട്ടുമുണ്ട്. ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ മറുപടി ലഭ്യമായതിനെത്തുടർന്ന് വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി

വകുപ്പ് ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിൽ തിരുവനന്തപുരം സിറ്റി ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുള്ളതും നിലവിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിവരുന്നതുമാണ്. വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത തട്ടിപ്പ് സംബന്ധിച്ച വിജിലൻസ് അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ആരെയൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത തട്ടിപ്പിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് പട്ടികജാതി ഫണ്ട് ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ മുൻ കാലയളവിൽ വകുപ്പിന്റെ അധീനതയിലുള്ള പട്ടികജാതി വികസന ഓഫീസുകളിൽനിന്ന് വിവിധ പദ്ധതികളിൽ

ഗുണഭോക്താക്കൾക്കായി അനുവദിച്ച തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ ലഭിച്ചിട്ടുണ്ടോയെന്നുള്ള കാര്യം നേരിട്ട് പരിശോധിച്ച് തട്ടിപ്പ്, ഇരട്ടിപ്പ് എന്നിവ നടന്നിട്ടുണ്ടോയെന്ന് കൃത്യമായി കണ്ടെത്തുന്നതിനും അതിന്റെ വ്യാപ്തി പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടിക ഗോത്രവർഗ്ഗ ഊരുകളിലെ കാർഷിക സമൃദ്ധി വീണ്ടെടുക്കൽ**

77(4471) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗ ഊരുകളിലെ കാർഷിക സമൃദ്ധി വീണ്ടെടുത്ത് പട്ടിണിയകറ്റി അവരെ സ്വയം പര്യാപ്തരാക്കുന്നതിന് പദ്ധതിയുണ്ടോ?

ഉണ്ട്. സംസ്ഥാനത്ത് അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ "മില്ലെറ്റ് വില്ലേജ്"

പദ്ധതി കൃഷി വകുപ്പുമായി ചേർന്നും കൂടാതെ അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്തുവരുന്നു.

പട്ടികവർഗ്ഗ മേഖലയിലെ (ജെ.എൽ.ജി.) Joint Liability Group-കളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കുടുംബശ്രീ മിഷൻ മുഖേന കോർപ്പസ് ഫണ്ട്, കൃഷി ചെയ്യുന്നതിന്റെ വിസ്തൃതി അനുസരിച്ച് വിസ്തൃതി ബോണസും നൽകുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിളാ കിസാൻ ശാക്തീകരൻ പരിയോജന (എം.കെ.എസ്.പി) യുടെ ഭാഗമായി 1037 ജെ.എൽ.ജി.കളിലായി 4606 മഹിളാകർഷകർ പ്രവർത്തിച്ചുവരുന്നു. വിവിധ വിളകൾ (ചെറുധാന്യം-റാഗി, ചാമ, തിന, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, വാഴ എന്നിവ) കൃഷി ചെയ്തിട്ടുണ്ട്.

(ബി) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ അട്ടപ്പാടിയിൽ ആയിരത്തിലധികം സംഘങ്ങൾ രൂപീകരിച്ച് നടത്തുന്ന കാർഷിക ഉപജീവന പ്രവർത്തനങ്ങൾക്ക് ദിശാബോധം പകരുന്നതിനും ഈ മാതൃക

എല്ലാ പട്ടിക ഗോത്രവർഗ്ഗ അധിവാസ പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും സർക്കാരിന്റെ ഇടപെടൽ ഉണ്ടാകുമോ?

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഇപ്പോൾ അട്ടപ്പാടിയിൽ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നില്ല.

(സി) പട്ടിക ഗോത്രവർഗ്ഗക്കാർ കേന്ദ്രീകരിച്ച് വസിക്കുന്ന പ്രദേശങ്ങളിൽ ആധുനിക രീതിയിലുള്ള കൃഷിയും കാർഷികാനുബന്ധ പ്രവർത്തനങ്ങളും വ്യാപിപ്പിച്ച് സുസ്ഥിര വരുമാനദായക മാർഗ്ഗം ഉറപ്പാക്കുന്നതിന് പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി സഹായം ചെയ്തുവരുന്നു. ആധുനിക കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി കുടുംബശ്രീ മിഷൻ മുഖേന ഫാർമേഴ്സ് ഫീൽഡ് സ്കൂളുകൾ, സീഡ് ബാങ്ക്, സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടു കൂടി ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയുടെ മാതൃക കൃഷിത്തോട്ടം

മുതലായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. പാരമ്പര്യ കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, വിപണനം, മൂല്യവർധനം എന്നിവ ഉറപ്പുവരുത്തുന്നതിനായി വിവിധ തരത്തിലുള്ള സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്.

**ചികിത്സാ സഹായ നിധിയിൽ നിന്നും ധനസഹായം**

78(4472) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പാറശാല മണ്ഡലത്തിൽനിന്നും പിന്നാക്കക്ഷേമ വകുപ്പിന്റെ ചികിത്സാ സഹായ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ചികിത്സാ ധനസഹായം അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നില്ല.

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ ധനസഹായമായി എത്ര തുക അനുവദിച്ചു; പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) ഏതൊക്കെ അസുഖങ്ങൾക്കാണ് പിന്നാക്കക്ഷേമ വകുപ്പിന്റെ ചികിത്സാ സഹായനിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതെന്ന വിവരം അറിയിക്കാമോ; പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ഒരാൾക്ക് പരമാവധി എത്ര രൂപ വരെ സഹായം ലഭ്യമാക്കി നൽകാനാകും; വിശദമാക്കാമോ?

(ബി&സി) ബാധകമല്ല.

**ആലത്തൂർ മണ്ഡലത്തിലെ വിവിധ പദ്ധതികൾ**

79(4473) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2016 മുതൽ 2022 വരെ ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2016 മുതൽ 2022 വരെ ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൈമറി, സെക്കൻഡറി തലത്തിൽ ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് 'ലംപ്സം ഗ്രാന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 15903 വിദ്യാർത്ഥികൾക്കും, ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സുവരെ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അദ്ധ്യയനവർഷാരംഭത്തിലെ പ്രാരംഭ ചെലവുകൾക്കായി പ്രൈമറി/സെക്കൻഡറി എയ്ഡ് പദ്ധതി പ്രകാരം 14229 വിദ്യാർത്ഥികൾക്കും പ്രസ്തുത കാലയളവിൽ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ദുർബ്ബല വിഭാഗം വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് ഇനത്തിൽ പ്രസ്തുത മണ്ഡലത്തിലെ 558 പട്ടികജാതി വിദ്യാർത്ഥികൾക്കും വകുപ്പിന്റെ കീഴിൽ വരുന്ന നഴ്സറി സ്കൂളിലെ 125 വിദ്യാർത്ഥികൾക്ക് ഫീഡിംങ് ചാർജ്ജ്, ലംപ്സം ഗ്രാന്റ് എന്നീ ഇനങ്ങളിലും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. 4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ് വരെ നൽകിവരുന്ന അയ്യങ്കാളി ടാലെന്റ് സെർച്ച് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 231 വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. വിവിധ വാർഷിക പരീക്ഷകൾക്ക് ഉന്നത വിജയം നേടിയ മണ്ഡലത്തിലെ 738 വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന പദ്ധതി പ്രകാരം ക്യാഷ് അവാർഡുകളും പാരലൽ കോളേജുകളിൽ പഠിക്കുന്ന 2481

വിദ്യാർത്ഥികൾക്കും പ്രസ്തുത കാലയളവിൽ ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗവണ്മെന്റ് ഓഫ് ഇന്ത്യ പദ്ധതി പ്രകാരവും ഗവണ്മെന്റ് ഓഫ് കേരള പദ്ധതി പ്രകാരവുമുള്ള ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

പ്രീമെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, രക്ഷകർത്താക്കൾക്കുള്ള പ്രോത്സാഹന ധനസഹായം, ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹന ധനസഹായം, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സർക്കാർ സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് തലത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷാ ഫീസ്, ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ അർഹരായ മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും നൽകിവരുന്നുണ്ട്. ആലത്തൂർ മണ്ഡലത്തിൽ ഡിജിറ്റൽ പഠന സൗകര്യമില്ലാത്ത 5 വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണും ജില്ലാ പഞ്ചായത്തിന്റെ പദ്ധതി മുഖേന 9 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായവും നൽകിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ

പഠന സൗകര്യങ്ങൾക്കായി നെറ്റ്‌വർക്ക് കണക്ടിവിറ്റിയില്ലാത്ത കവിളുപാറ, പൂച്ചാടി, അമ്പിട്ടൻതരിശ്, ആനക്കുഴിപ്പാടം എന്നീ കോളനികളിൽ ബി.എസ്.എൻ.എൽ DTH കണക്ഷൻ സ്ഥാപിച്ചുനൽകിയിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ ചികിത്സാ സഹായ വിതരണം**

80(4474) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും മാവേലിക്കര മണ്ഡലത്തിൽ എത്ര പേർക്ക് ചികിത്സാ സഹായം വിതരണം ചെയ്തുവെന്നും എത്ര തുക വിതരണം ചെയ്തുവെന്നും വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പിൽനിന്നും മാവേലിക്കര മണ്ഡലത്തിൽ 145 പേർക്ക് ചികിത്സ ധനസഹായമായി നാളിതുവരെ 36,47,000/-രൂപയും (മുപ്പത്തിയാറ് ലക്ഷത്തി നാല്പത്തി ഏഴായിരം രൂപ മാത്രം) പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും രണ്ട് പേർക്ക് ആകെ 8000/-രൂപയും (എണ്ണായിരം രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

## അട്ടപ്പാടി മേഖലയിലെ ശൈശവ ആരോഗ്യ സംരക്ഷണം

81(4475) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ തുടർച്ചയായി ശിശു മരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഇവിടുത്തെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിനുള്ള പദ്ധതികൾ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. അട്ടപ്പാടിയിലെ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മറ്റും ആക്ഷേപങ്ങളുണ്ടായതിനെതുടർന്ന് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അട്ടപ്പാടിയിൽ ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും വിവിധ സംഘടനാ പ്രതിനിധികളുടെയും യോഗം ചേരുകയും അട്ടപ്പാടിയുടെ സമഗ്രമായ ക്ഷേമ-വികസന പ്രവർത്തനങ്ങൾക്കായി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, ഭക്ഷ്യ വകുപ്പ്,

തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ എന്നിവ ചേർന്ന് സംയോജിത ഇടപെടലാണ് അട്ടപ്പാടിയിൽ നടത്തിക്കൊണ്ടിരിക്കുന്നത്. അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലയിൽ വകുപ്പ് മുഖേന നടത്തുന്ന ആരോഗ്യ, പോഷക ക്ഷേമപ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ (ട്രൈബൽ ഹെൽത്ത് & ന്യൂട്രീഷ്യൻ) കൺസൾട്ടന്റിനെ നിയമിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ജില്ലയിലെ എം.പി, മണ്ണാർക്കാട് എം.എൽ.എ, പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുൾപ്പെടെയുള്ള ജനപ്രതിനിധികൾ അടങ്ങുന്നതും ഒറ്റപ്പാലം സബ് കളക്ടർ കൺവീനറുമായുള്ള 10 അംഗ ഏകോപന സമിതി അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ അവലോകനം നടത്തി ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നു. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഗർഭാവസ്ഥയിലുള്ള അമ്മയ്ക്കും കുഞ്ഞിനും പോഷകാഹാരം ലഭ്യമാക്കുന്നതിനുമായി വകുപ്പ് മുഖേന ജനനീജന്മരക്ഷാ പദ്ധതി പ്രകാരം പ്രതിമാസം 2000/- രൂപ വീതം ഗുണഭോക്താക്കൾക്ക് അനുവദിക്കുകയും ടി തുക പ്രസ്തുത ആവശ്യത്തിനുതന്നെ ഉപയോഗിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട എസ്.റ്റി പ്രൊമോട്ടർമാർ മുഖേന ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ

ഫുഡ് സപ്പോർട്ട് പ്രോഗ്രാം പദ്ധതി പ്രകാരം ഗർഭിണികൾക്ക് പോഷകാഹാര കിറ്റ് നൽകുന്നുമുണ്ട്. അട്ടപ്പാടിയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിലേയ്ക്കായി വനിതാശിശുവികസന വകുപ്പ് മുഖേന ആദ്യ 1000 ദിന പരിപാടി, കമ്മ്യൂണിറ്റി കിച്ചണുകൾ, പെൺട്രിക കൂട്ട എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ ICDS ഗുണഭോക്താക്കളുടെ nutritional status real time ആയി മോണിറ്റർ ചെയ്യുന്നതിന് ജാതക് ജനനി പദ്ധതി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ വളരെ കാര്യക്ഷമമായി അട്ടപ്പാടിയിൽ നടപ്പാക്കുന്നതിനും വകുപ്പിലെ ഉദ്യോഗസ്ഥർ മുഖാന്തരം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അട്ടപ്പാടി ഊരുകളിൽ പ്രവർത്തിക്കുന്ന സമൂഹ അടുക്കളകൾ പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് ഒരു പരിധിവരെ ഗുണം ചെയ്യുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിൽ പ്രവർത്തിക്കാത്ത സമൂഹ അടുക്കളകൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും കൂടുതൽ സമൂഹ അടുക്കളകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ പ്രവർത്തിക്കാത്ത സമൂഹ അടുക്കളകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് കുടുംബശ്രീയുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) നവജാതശിശുക്കളുടെ ആരോഗ്യ സംരക്ഷണത്തിൽ ഗർഭാവസ്ഥയിലെ പരിചരണത്തിന് പ്രാധാന്യമുള്ളതിനാൽ ഈ കാര്യത്തിൽ എന്തൊക്കെ പദ്ധതികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പ്രസ്തുത മേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ?

നവജാത ശിശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനും അമ്മമാരുടെ ഗർഭാവസ്ഥയിലെ പരിചരണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതി പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നുള്ള വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അധികമായി ഒരു ആംബുലൻസ് സേവനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.

2. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി ഹെൽപ് ഡെസ്ക് രൂപീകരിച്ച് 24 മണിക്കൂർ സേവനം ലഭ്യമാക്കിവരുന്നുണ്ട്.

3. അർഹരായവർക്കെല്ലാം ജനനി-ജന്മരക്ഷാ പദ്ധതി പ്രകാരം പ്രതിമാസം ധനസഹായം നൽകിവരികയും ലഭ്യമാകുന്ന തുക പോഷകാഹാരം വാങ്ങുന്നതിനായി ഉപയോഗിക്കുന്നുണ്ടെന്ന് എസ്.ടി. പ്രൊമോട്ടർമാർ മുഖേന ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്.

4. ഫുഡ് സപ്പോർട്ട് പ്രോഗ്രാം പദ്ധതിയിലുൾപ്പെടുത്തി ഗർഭിണികൾക്ക് പോഷകാഹാര കിറ്റ് നൽകിവരുന്നുണ്ട്.

5. അട്ടപ്പാടി ഐ.ടി.ഡി.പി-യുടെ കീഴിലുള്ള ആംബുലൻസ് സർവീസ് 24 മണിക്കൂർ ലഭ്യമാക്കുന്നു.

6. ODK Collect App വഴി അട്ടപ്പാടി ഊരുകളിലെ പട്ടികവർഗ്ഗ ഗർഭിണികളുടെ വിവരങ്ങൾ ശേഖരിച്ച് പ്രത്യേകം നിരീക്ഷിച്ചുവരികയും ഒറ്റപ്പാലം സബ് കളക്ടറുടെ നേതൃത്വത്തിൽ ആയത് പ്രതിവാരം അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

7. ഗർഭിണികളുടെ ആരോഗ്യ പരിചരണം കൃത്യമായി ഉറപ്പുവരുത്തുന്നതിനായി എസ്.ടി പ്രൊമോട്ടർമാർ, ഹെൽത്ത് നഴ്സുമാർ,

കമ്മിറ്റഡ് സോഷ്യൽ വർക്കർ എന്നിവർക്ക് ചുമതല നൽകി പ്രവർത്തനം പരിശോധിക്കുന്നതിനായി 3 പഞ്ചായത്തുകളിലും പ്രത്യേകം സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

8. അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലയിലെ ആരോഗ്യ, പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിനായി യൂണിസെഫിന്റെ സാമ്പത്തിക സഹായത്തോടെ കൺസൾട്ടന്റ് (ട്രൈബൽ ഹെൽത്ത് ആൻഡ് ന്യൂട്രീഷൻ)-നെ നിയമിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

9. അട്ടപ്പാടി മേഖലയിലെ ഗർഭിണികളിലെ വിളർച്ച നിർണയം നടത്തുന്നതിന് 2022 ഏപ്രിൽ മാസം ക്യാമ്പ് സംഘടിപ്പിക്കുകയും വിളർച്ചയുള്ളവരിൽ സിക്കിൾസെൽ അനീമിയ കണ്ടെത്തുന്നതിന് സ്ക്രീനിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്.

10. ANM/GNM യോഗ്യതയുള്ള പട്ടികവർഗ്ഗക്കാരായ യുവതികളെ റസിഡൻഷ്യൽ സഹായികളായി വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്ന് ഓണറേറിയം അനുവദിച്ചുകൊണ്ട് വാത്സല്യസ്പർശം എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

## മലപ്പുറം ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായം

82(4476) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളുടെ തൊള്ളായിരത്തി അമ്പത്തിയഞ്ച് ധനസഹായ അപേക്ഷകളിൽ എത്ര എണ്ണം നാളിതുവരെ തീർപ്പാക്കി; പുരോഗതി വെളിപ്പെടുത്തുമോ?

പട്ടികജാതി വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളുടെ 955 അപേക്ഷകളിൽ 897 അപേക്ഷകളും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളുടെ 446 അപേക്ഷകളിൽ 396 അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്.

(ബി) എതെല്ലാം ആവശ്യങ്ങൾക്കായി നൽകിയ അപേക്ഷകളാണ് തീർപ്പ് കൽപ്പിക്കാനുള്ളത്; കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് ധനവകുപ്പിന്റെ പ്രത്യേക നിയന്ത്രണങ്ങൾ എന്തെങ്കിലും ഉണ്ടോ?

പട്ടികജാതി വിഭാഗങ്ങളിൽനിന്നും ലഭിച്ച അപേക്ഷകളിൽ മിശ്ര

വിവാഹ ധനസഹായത്തിന് 18 -ഉം ഏകവരുമാനദായകൻ മരണപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്കുള്ള ധനസഹായത്തിന് 15-ഉം അതിക്രമത്തിനിരയായവർക്കുള്ള ധനസഹായത്തിന് 6-ഉം ചികിത്സ ധനസഹായത്തിന് 7-ഉം വിവാഹ ധനസഹായത്തിന് 12-ഉം അപേക്ഷകൾക്കാണ് തീർപ്പുകൽപ്പിക്കാനുള്ളത്. പ്രസ്തുത അപേക്ഷകളിൽ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്നും ലഭിച്ചതിൽ ചികിത്സ ധനസഹായത്തിന് 40-ഉം ജനനി ജന്മരക്ഷ 8-ഉം വിവാഹ ധനസഹായത്തിന് 2-ഉം അപേക്ഷകൾക്കാണ് തീർപ്പുകൽപ്പിക്കാനുള്ളത്. തീർപ്പാക്കാത്ത അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാനും അർഹരായ ഗുണഭോക്താക്കൾക്ക് എത്രയും വേഗം ധനസഹായം വിതരണം ചെയ്യാനും നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിക്കുന്നതാണ്.

**പരപ്പ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്**

83(4477) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരപ്പ ട്രൈബൽ ഡെവലപ്‌മെന്റ് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടത്തിലാണ് പരപ്പ ട്രൈബൽ ഡെവലപ്‌മെന്റ് ഓഫീസ് പ്രവർത്തിക്കുന്നത്. ടി ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനുള്ള സൗകര്യം വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ടി ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ഗോത്രസാരഥി പദ്ധതി**

84(4478) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫണ്ട് അനുവദിച്ചിട്ടില്ലെന്ന കാരണത്താൽ ഗോത്രസാരഥി പദ്ധതിക്ക് പെരിങ്ങമ്മല പഞ്ചായത്തിൽ തടസ്സം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗോത്രസാരഥി (വിദ്യാവാഹിനി) പദ്ധതി ഗ്രാമപഞ്ചായത്ത് വഴി നടപ്പാക്കുന്നതിന് കാലതാമസം വരുന്നതിനാൽ കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിനും കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കാനും 2022 ജൂൺ, ജൂലൈ മാസങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് നെടുമങ്ങാട് പ്രോജക്ട് ഓഫീസറുൾപ്പെടെയുള്ള വകുപ്പിന്റെ ജില്ലാതല ഓഫീസർമാർക്ക് 2.38 കോടി രൂപ നടപ്പുസാമ്പത്തിക വർഷം അനുവദിച്ചുനൽകി ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വാമനപുരം മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കാമോ?

വാമനപുരം മണ്ഡലത്തിലെ പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട്, പുല്ലൻപാറ എന്നീ ഗ്രാമപഞ്ചായത്തുകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വിദ്യാർത്ഥികൾക്കായി പദ്ധതി നടപ്പാക്കുന്നു.

(ഡി) വാമനപുരം മണ്ഡലത്തിൽ എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

വാമനപുരം മണ്ഡലത്തിൽ ആകെ 550 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗോത്രസാരഥി (വിദ്യാവാഹിനി) പദ്ധതിയുടെ പ്രയോജനം ലഭിച്ചുവരുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

85(4479) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ നൽകാമോ; ഇവയിൽ നിഷ്ക്രിയമായ സംഘങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിവരങ്ങൾ നൽകാമോ?

കോട്ടയം ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) നിഷ്ക്രിയമായിക്കിടക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; ആയതിന്റെ വിശദാംശം നൽകാമോ?

നിഷ്ക്രിയ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി "പുനർജനി" എന്ന പേരിൽ ഒരു പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. പ്രവർത്തനരഹിതമായ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കുകയും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമാനുസൃത തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള സഹകരണ സംഘങ്ങളിൽ പ്രവർത്തനമില്ലാതെ നിർജ്ജീവമായി കിടക്കുന്നവയുടെ ഉന്നമനത്തിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

**പട്ടികജാതി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

86(4480) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പുതിയവ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രൂപം കൊണ്ട കുന്നംകുളം താലൂക്കിൽ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള പ്രോപ്പോസലുകളൊന്നും ഇല്ല. പിന്നീട് പരിശോധിക്കുന്നതാണ്.

**പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് നൽകിയ സർക്കാർ വായ്പകൾ എഴുതിത്തള്ളാൻ നടപടി**

87(4481) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നൽകിയ സർക്കാർ വായ്പകൾ എഴുതിത്തള്ളാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

16-10-2014-ലെ സ.ഉ.(കൈ) നം.74/2014/പജ.പവ.വിവ, 30-03-2015-ലെ സ.ഉ.(അ)നം.24/2015/പജ.പവ.വിവ, 01-10-2015-ലെ സ.ഉ.(അ)നം.71/2015/പജ.പവ.വിവ, 20-08-2016-ലെ സ.ഉ.(പി)

നം.118/2016/ധന എന്നീ ഉത്തരവുകൾ പ്രകാരം വായ്പകൾ എഴുതിത്തള്ളാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏത് കാലയളവുവരെ എടുത്ത വായ്പകൾക്കാണ് ഈ ആനുകൂല്യം നൽകുന്നത്; ഇതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

പട്ടികജാതിക്കാരുടെ 31-03-2010-ൽ തിരിച്ചടവ് കാലാവധി അവസാനിച്ച് കുടിശ്ശികയായ വായ്പകൾക്കും പട്ടികവർഗ്ഗക്കാരുടെ 01-04-2006 മുതൽ 31-03-2014 വരെ തിരിച്ചടവ് കാലാവധി അവസാനിച്ച് കുടിശ്ശികയായതുമായ വായ്പകൾക്കുമാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. വിവിധ വകുപ്പുകളിലും സ്ഥാപനത്തിലുമായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) പ്രസ്തുത വിഭാഗക്കാരുടെ വായ്പ കുടിശ്ശിക നിവാരണത്തിനായി 2021-22 വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തി; അതിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ട്; വിശദമാക്കാമോ?

വകയിരുത്തിയിട്ടില്ല.

## പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യ ശോഷണം

88(4482) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിവിധ വിഭാഗങ്ങളുടെ നിലവിലെ ജനസംഖ്യ എത്ര വീതമാണെന്ന് അറിയിക്കുമോ;

(ബി) ഈ വിഭാഗക്കാരുടെ 2001, 2011 വർഷങ്ങളിലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യാ കണക്കുകൾ ലഭ്യമാക്കുമോ?

(എ&ബി) ആകെ പട്ടികജാതി ജനസംഖ്യ - 30,39,573.

ആകെ പട്ടികവർഗ്ഗ ജനസംഖ്യ - 4,84,839.

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിവിധ വിഭാഗക്കാരുടെ 2001, 2011 വർഷങ്ങളിലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യാ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) കഴിഞ്ഞ ഇരുപത് വർഷക്കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ഏതെല്ലാം വിഭാഗങ്ങളിലാണ് ജനസംഖ്യ ശോഷണം സംഭവിച്ചിട്ടുള്ളത്?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ 20 വർഷക്കാലയളവിൽ സംസ്ഥാനത്തെ ആകെ പട്ടികവർഗ്ഗ ജനസംഖ്യയിൽ വർദ്ധനവാണുണ്ടായിട്ടുള്ളത്. എന്നാൽ പട്ടികവർഗ്ഗ സമുദായങ്ങളായ മലപ്പണ്ടാരം, കാണിക്കാർ, ഇരുളർ എന്നീ സമുദായങ്ങളിലെ ജനസംഖ്യ 2001-ലേതിനേക്കാൾ 2011-ൽ നേരിയ കുറവ് കാണുവാൻ കഴിഞ്ഞിട്ടുണ്ട്. 2001-ൽ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന മാവിലൻ, കരിംപാലൻ സമുദായങ്ങളെ 2002-ലെ പട്ടികജാതി പട്ടികവർഗ്ഗ (ഭേദഗതി) നിയമപ്രകാരം പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പട്ടികജാതി ജനസംഖ്യ 2001-ലേതിനേക്കാൾ 2011-ൽ കുറയുവാൻ കാരണമായിട്ടുണ്ട്. കൂടാതെ ആദി ആന്ധ്ര, അജില, അയ്യനാവർ, ചക്കിലിയൻ, കടയൻ, കാക്കാലൻ, നായാടി തുടങ്ങിയ സമുദായങ്ങളുടെ ജനസംഖ്യയിലും 2001-ലേതിനേക്കാൾ 2011-ൽ നേരിയ കുറവ് വന്നിട്ടുണ്ട്.

(ഡി) ജനസംഖ്യ ശോഷണം ഉണ്ടായതിനുള്ള കാരണങ്ങളെന്തൊക്കെയാണ് എന്നാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ജനസംഖ്യ ശോഷണവുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂരുടമസ്ഥത മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

89(4483) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെയും 2022-23-ലെയും ബഡ്ജറ്റിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി വകയിരുത്തിയ തുക വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന ബഡ്ജറ്റിൽ 2021-22 സാമ്പത്തിക വർഷം 2708.54 കോടി രൂപയും 2022-23 സാമ്പത്തിക വർഷം 3276.68 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി 2021-22 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിനും മറ്റുവകുപ്പിനുമായി പട്ടികവർഗ്ഗ ഉപപദ്ധതി നടപ്പാക്കുന്നതിലേയ്ക്ക് 598.26 കോടി രൂപയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ TSP വിഹിതമായി 183.10 കോടി രൂപയുമുൾപ്പെടെ ആകെ 781.36 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2022-23 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിനും മറ്റുവകുപ്പിനുമായി പട്ടികവർഗ്ഗ ഉപപദ്ധതി

നടപ്പാക്കുന്നതിലേയ്ക്ക് 657.95 കോടി രൂപയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ TSP-യിൽ ഉൾപ്പെടുത്തി 201.55 കോടി രൂപയും ഉൾപ്പെടെ ആകെ 859.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; അറിയിക്കാമോ?

പട്ടികജാതി വിഭാഗങ്ങളുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിന് പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഭൂരഹിത പുനരധിവാസ പദ്ധതി. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമ പ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷനുകളിൽ യഥാക്രമം 3,75,000/-, 4,50,000/-, 6,00,000/-രൂപ വീതം ടി പദ്ധതി പ്രകാരം ഗ്രാന്റായി തുക അനുവദിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ലൈഫ് ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദുർബ്ബലവിഭാഗങ്ങളുടെ (വേടൻ, നായാടി, അരുന്ധതിയാർ, കള്ളാടി, ചക്ലിയ തുടങ്ങിയവ) പുനരധിവാസ പദ്ധതി പ്രകാരവും ഭൂരഹിതർക്ക് ഭൂമി, കൃഷിഭൂമി

എന്നിവ ലഭ്യമാക്കി പട്ടികജാതി വിഭാഗങ്ങളുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി കൂടുതലുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ച് അഞ്ചേക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും വേണ്ടിയുള്ള നടപടി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പാക്കിവരുന്നു. ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി വനാവകാശ നിയമം, ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി കണ്ടെത്തി പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### വാത്സല്യനിധി പദ്ധതി

90(4484) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. വി. അൻവർ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലുള്ള പെൺകുട്ടികളുടെ സമഗ്രവികസനത്തിനായി നടപ്പാക്കിവരുന്ന വാത്സല്യനിധി പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയിലൂടെ ലഭ്യമാകുന്ന ഇൻഷ്വറൻസ് പരിരക്ഷ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; അർഹതപ്പെട്ടവരെയെല്ലാം പദ്ധതിയിലുൾപ്പെടുത്തുന്നതിനും രക്ഷിതാക്കളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിലുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട മാതാപിതാക്കളുടെ പെൺകുട്ടികൾക്കായി അവരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പട്ടികജാതി വികസന വകുപ്പ് LIC OF INDIA-യുമായി ചേർന്ന് നടപ്പാക്കുന്ന ഇൻഷ്വറൻസ് അധിഷ്ഠിത പദ്ധതിയാണ് വാത്സല്യനിധി. ടി പദ്ധതി പ്രകാരം 4 ഇൻസ്റ്റാൾമെന്റുകളായി 1,38,000/- രൂപ വകുപ്പ് പെൺകുട്ടികളുടെ പേരിൽ LIC-യിൽ നിക്ഷേപിക്കുകയും പെൺകുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപയായി LIC-യിൽ നിന്നും തിരികെ ലഭിക്കുകയും ചെയ്യുന്നു. ടി പദ്ധതിയുമായി ബന്ധപ്പെട്ട് LIC നൽകാമെന്ന് വ്യവസ്ഥ ചെയ്തിരുന്ന ഇൻഷ്വറൻസ് സംബന്ധമായ മറ്റ് ആനുകൂല്യങ്ങൾ

അനുബന്ധമായി ചേർത്തിരിക്കുന്നു.+ വാത്സല്യനിധി പദ്ധതി പ്രകാരം ആദ്യ രക്ഷിതാവിന് ആകസ്മിക മരണം സംഭവിച്ചാൽ ലഭ്യമാകുന്ന ഇൻഷ്വറൻസ് പരിരക്ഷ PMJJBY എന്ന കേന്ദ്ര പദ്ധതിയുടെ ഭാഗമായാണ് LIC അനുവദിക്കുന്നത്. എന്നാൽ 01-06-2020-ൽ ടി പദ്ധതി കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനാൽ മേൽ സൂചിപ്പിച്ച ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാൻ LIC തയ്യാറാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ വാത്സല്യനിധി പദ്ധതിയിൽനിന്നും LIC-യെ ഒഴിവാക്കി അനുയോജ്യമായ പുതിയൊരു ഏജൻസിയെ കണ്ടെത്തി പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിച്ചുവരികയാണ്.

(ബി) പട്ടികജാതിക്കാരായ പെൺകുട്ടികൾക്കുവേണ്ടി ഹോസ്റ്റൽ നിർമ്മാണത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. പട്ടികജാതി പെൺകുട്ടികൾക്കുവേണ്ടിയുള്ള ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായി 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ബാബു ജഗ്ജീവൻ റാം ഛാത്രവാസ് യോജന എന്ന പദ്ധതി സംസ്ഥാന സർക്കാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പാക്കിവരുന്നു. ടി പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം 10,00,00,000/- (പത്ത് കോടി) രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## തവനൂർ മണ്ഡലത്തിലെ പുല്ലൂണി കോളനിയിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി

91(4485) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിലെ പുല്ലൂണി കോളനിയിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് ചെയ്യാൻ തീരുമാനിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

മംഗലം പഞ്ചായത്തിലെ പുല്ലൂണി കോളനിയിൽ 2016-17-ലെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ താഴെ പറയുന്ന പ്രവൃത്തികളുൾപ്പെടുത്തിയിരിക്കുന്നു.

1. ഇന്റേണൽ റോഡ്

2. ഫുട്പാത്ത്

3. ടോയ്‌ലറ്റ് നിർമ്മാണം

4. ഭവന പുനരുദ്ധാരണം

5. കുടിവെള്ള പദ്ധതി

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ?

1. ടോയ്‌ലറ്റ് നിർമ്മാണം

2. ഭവന പുനരുദ്ധാരണം

(സി) ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾക്ക് തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പ്രവൃത്തികൾക്ക് എന്തെല്ലാം തടസ്സങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സ്ഥലലഭ്യത ഇല്ലാത്തതിനാൽ ഇന്റേണൽ റോഡ് ഭാഗികമായിമാത്രമേ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ. ഫുട്പാത്തിനും കുടിവെള്ള പദ്ധതിക്കും സ്ഥലം ലഭ്യമായിട്ടില്ല.

**ചികിത്സാ ധനസഹായ പദ്ധതി**

92(4486) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങളുടെ ചികിത്സാ ധനസഹായ പദ്ധതിക്കുള്ള അപേക്ഷകളിൽ തീരുമാനമായി സർക്കാർ ഉത്തരവ് ഇറങ്ങിയാലും അനുവദിച്ച തുക ലഭിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ട്രഷറി നിയന്ത്രണങ്ങളാൽ ചില സ്ഥലങ്ങളിൽ കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സമയബന്ധിതമായി ചികിത്സാ ധനസഹായം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പട്ടികജാതിയിൽപ്പെട്ടവർക്ക് സമയബന്ധിതമായി ചികിത്സാ ധനസഹായം ലഭ്യമാക്കാൻ നിലവിൽ ടി പദ്ധതിക്കായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ ചികിത്സാ ധനസഹായം T-grantz എന്ന ആപ്ലിക്കേഷൻ മുഖേന ഓൺലൈനാക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

(സി) എം.എൽ.എ.മാർ മുഖേന നൽകുന്ന അപേക്ഷകളിൽ എടുത്ത തീരുമാനവും അപേക്ഷകളുടെ സ്റ്റാറ്റസും എം.എൽ.എ.മാരെ അറിയിക്കാനാവശ്യമായ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം ക്രമീകരണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

എം.എൽ.എ.മാർ മുഖേന നൽകുന്ന അപേക്ഷകളിൽ എടുത്ത തീരുമാനവും അപേക്ഷകളുടെ സ്റ്റാറ്റസും എം.എൽ.എ.-മാർക്ക് അറിയുന്നതിനുള്ള സംവിധാനം നിലവിൽ ടി-ഗ്രാന്റ്സ് സൈറ്റിൽ ഇല്ല. സൈറ്റിൽ ആവശ്യമായ നവീകരണം വരുത്തി സ്റ്റാറ്റസ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ട്രൈബൽ അപ്പാരൽ പാർക്ക് പദ്ധതി**

93(4487) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് തൊഴിലുറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉണ്ട്. വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങളാണ് ഈ സർക്കാർ സ്വീകരിച്ചുവരുന്നത്. മെന്റർ ടീച്ചർ, ST പ്രൊമോട്ടർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ തുടങ്ങിയ തസ്തികകളിലായി നിരവധി പട്ടികവർഗ്ഗ വനിതകൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരായവർക്ക് വേണ്ടിയുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർ

തസ്തികയിൽ വനിതകൾക്ക് നിയമനം നൽകുന്നതിനായി സംവരണം ചെയ്തിട്ടുണ്ട്. വകുപ്പിൽ നിയമിക്കപ്പെടുന്ന അക്രഡിറ്റഡ് എഞ്ചിനീയർ തസ്തികയിലും നടപ്പാക്കാനുദ്ദേശിക്കുന്ന നഴ്സ്/പാരാമെഡിക്കൽ താത്കാലിക നിയമനത്തിലും വനിതകൾക്ക് ജോലി ലഭ്യമാക്കുന്നതാണ്. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കായി നടപ്പാക്കാനുദ്ദേശിക്കുന്ന എംപവർമെന്റ് സൊസൈറ്റികളിലും പട്ടികവർഗ്ഗ വനിതകൾക്ക് മികച്ച തൊഴിൽ ലഭ്യമാകുന്നതാണ്. കൂടാതെ, സ്വയംതൊഴിലിനായി വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ പട്ടികവർഗ്ഗ വനിതകൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗക്കാർക്കായി കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിന് കേരള ട്രൈബൽ പ്ലസ് എന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുന്നതുവഴി കൂടുതൽ വനിതകൾക്ക് തൊഴിൽ ലഭ്യമാകുന്നുണ്ട്.

(ബി) പിന്നാക്ക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന ട്രൈബൽ അപ്പാരൽ പാർക്ക് ഏതൊക്കെ ജില്ലകളിൽ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ?

(സി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിലും വയനാട് ജില്ലയിലും പട്ടികവർഗ്ഗക്കാർക്ക് വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി സൊസൈറ്റി മാതൃകയിൽ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആയതിന്റെ ഗുണഫലങ്ങൾ പരിശോധിച്ചശേഷം മറ്റ് നടപടി ആലോചിക്കുന്നതാണ്.

**പട്ടികജാതി, പട്ടിക വർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം**

94(4488) <u>ശ്രീ. എച്ച് സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരമേറ്റതുമുതൽ പട്ടികജാതി, പട്ടിക വർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക എന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഏതൊക്കെ ഇനങ്ങളിലാണ് ഈ തുക അനുവദിച്ചിട്ടുള്ളത്; അറിയിക്കാമോ?

<u>പട്ടികജാതി വിഭാഗം</u>

കഴിഞ്ഞ സർക്കാർ അധികാരമേറ്റതുമുതൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 2225-01-282-96-00-34-03(പ്ലാൻ) ശീർഷകത്തിൽനിന്നും 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വിതരണം ചെയ്ത തുകയുടെ ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ ചികിത്സാ ധനസഹായം, ഏകവരുമാനദായകന്റെ മരണം, പ്രളയദുരിതാശ്വാസം എന്നീ പദ്ധതികൾക്കാണ് ടി തുക വിതരണം ചെയ്തിട്ടുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 2225-01-282-98-(നോൺപ്ലാൻ) ശീർഷകത്തിൽനിന്നും 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വിതരണം ചെയ്ത തുകയുടെ ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

പട്ടികവർഗ്ഗ വിഭാഗം

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളുൾപ്പെടെയുള്ള രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+

ഏകവരുമാനദായകന്റെ മരണംമൂലം കഷ്ടത അനുഭവിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ധനസഹായം എന്നീ ഇനങ്ങളിലാണ് തുകകൾ അനുവദിച്ചിരിക്കുന്നത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) നിലവിൽ പരമാവധി തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് അറിയിക്കാമോ?

പട്ടികജാതി വിഭാഗം

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരിൽ മാരകരോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000/-രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരരോഗങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപവരെ ആശുപത്രി മുഖാന്തരം നൽകുന്നു. ഒരു ലക്ഷം രൂപയിൽതാഴെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ പ്രസ്തുത കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ ധനസഹായം നൽകിവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>പട്ടികവർഗ്ഗ വിഭാഗം</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 21-12-2019-ലെ സ. ഉ. (കൈ)നം.89/2019/പജപവവിവ പ്രകാരം ഏകവരുമാനദായകന്റെ മരണംമൂലം കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് 2 ലക്ഷം രൂപയും 03-04-2013-ലെ സ.ഉ(കൈ)നം.32/13/പജപവവിവ പ്രകാരം ചികിത്സാ ധനസഹായമായി പരമാവധി 1 ലക്ഷം രൂപയുമാണ് അനുവദിക്കുന്നത്.

(സി) സ്പെഷ്യാലിറ്റി ചികിത്സകളുടെ ഭാഗമായി സംസ്ഥാനത്തെ മികച്ച സ്വകാര്യ ആശുപത്രികളിൽ ശസ്ത്രക്രിയയുൾപ്പെടെയുള്ള ചികിത്സയ്ക്ക് വിധേയരാകുന്ന നിർധനരായ പട്ടികവിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ചെലവാകുന്ന മുഴുവൻ തുകയും ഒറ്റത്തവണയായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

സ്പെഷ്യാലിറ്റി ചികിത്സകളുടെ ഭാഗമായി സംസ്ഥാനത്തെ മികച്ച സ്വകാര്യ ആശുപത്രികളിൽ ശസ്ത്രക്രിയയുൾപ്പെടെയുള്ള ചികിത്സയ്ക്ക് വിധേയരാകുന്ന നിർധനരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ

ചെലവായ തുകയിൽ ഒരു ലക്ഷം രൂപവരെയും പ്രത്യേക കേസുകൾക്ക് അതിലധികവും ചികിത്സാ ധനസഹായമായി അനുവദിക്കുന്നുണ്ട്. ചെലവാകുന്ന മുഴുവൻ തുകയും ഒറ്റത്തവണയായി അനുവദിക്കുന്ന കാര്യം തൽക്കാലം സർക്കാർ പരിഗണനയിലില്ല.

**പിന്നാക്ക സമുദായ ക്ഷേമപദ്ധതികൾ**

95(4489) ശ്രീ. എച്ച് സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക സമുദായ ക്ഷേമത്തിനായി സർക്കാർ പ്രത്യേക വകുപ്പ് ആരംഭിച്ചത് എന്നാണ്; എന്തൊക്കെ ക്ഷേമപദ്ധതികളാണ് വകുപ്പ് മുഖേന നടപ്പാക്കിവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ സമഗ്രമായ ക്ഷേമത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് 19-11-2011-ലാണ് പിന്നാക്ക വിഭാഗ വികസന വകുപ്പ് രൂപീകരിച്ചത്. വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2021-22 വർഷത്തിൽ ഈ ഓരോ സ്കീമിലും എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; എത്ര തുക നൽകിയിട്ടുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പിന് നാല് മേഖലാ ഓഫീസുകളാണ് നിലവിലുള്ളത്. വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ മേഖലാടിസ്ഥാനത്തിലാണ് ക്രോഡീകരിച്ച് സൂക്ഷിക്കുന്നത്.

2021-22 വർഷത്തിൽ ഓരോ പദ്ധതിയിലും ചെലവായ തുകയും ആനുകൂല്യം അനുവദിച്ചവരുടെ എണ്ണവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ പട്ടികജാതി ചികിത്സാ ധനസഹായം**

96(4490) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽനിന്ന് പട്ടികജാതി വിഭാഗത്തിന്റെ ചികിത്സാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനസഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര അപേക്ഷകളിൽ ധനസഹായം അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽനിന്ന് പട്ടികജാതി വിഭാഗത്തിന്റെ ചികിത്സാ ധനസഹായത്തിനായി 28 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 28 അപേക്ഷകർക്കുമായി 8,36,000/- രൂപ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത്/ നഗരസഭ | ധനസഹായം അനുവദിച്ച അപേക്ഷകരുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | പായിപ്പാട് | 1 | 50000/- |
| 2 | മാടപ്പള്ളി | 15 | 477000/- |
| 3 | വാഴപ്പള്ളി | 2 | 50000/- |
| 4 | ചങ്ങനാശ്ശേരി | 4 | 139000/- |
| 5 | കുറിച്ചി | 6 | 120000/- |
| ആകെ | | 28 | 836000/- |

## പിന്നാക്ക സമുദായ ക്ഷേമ പദ്ധതികൾ

97(4491) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിന്നാക്ക സമുദായ ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ ഏതൊക്കെ ഓഫീസുകളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

സംസ്ഥാനത്ത് പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള പിന്നാക്ക വിഭാഗ വികസന വകുപ്പിന് തിരുവനന്തപുരത്തുള്ള വകുപ്പ് ഡയറക്ടറേറ്റിന് പുറമെ കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിലായി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ കാര്യാലയങ്ങളാണുള്ളത്. ആയതിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലെ പദ്ധതി നിർവ്വഹണം കൊല്ലം മേഖലാ ഓഫീസ് മുഖേനയും ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലെ നിർവ്വഹണം എറണാകുളം മേഖലാ ഓഫീസ് മുഖേനയും തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ നിർവ്വഹണം പാലക്കാട് മേഖലാ ഓഫീസ് മുഖേനയും

വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നിർവ്വഹണം കോഴിക്കോട് മേഖലാ ഓഫീസ് മുഖേനയുമാണ് നടപ്പാക്കുന്നത്. കൂടാതെ സംസ്ഥാനത്തിനകത്ത് പഠിക്കുന്ന ഒ.ബി.സി/ഒ.ഇ.സി വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിനുള്ള അപേക്ഷകൾ പട്ടികജാതി വികസന വകുപ്പിന്റെ ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ വഴിയാണ് പരിശോധിക്കുന്നത്. ആയത് പ്രകാരം കോഴിക്കോട് ജില്ലയിലെ ഒ.ബി.സി. പോസ്റ്റ്മെട്രിക്, ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നടത്തിപ്പ് ചുമതല കോഴിക്കോട് ജില്ലാ പട്ടികജാതി വികസന ഓഫീസിനാണ്.

## വാത്സല്യനിധി പദ്ധതി

98(4492) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി നടപ്പാക്കിവരുന്ന വാത്സല്യനിധി പദ്ധതി പ്രകാരം നാളിതുവരെ ഗുരുവായൂർ മണ്ഡലത്തിൽ എത്ര പേർ ഗുണഭോക്താക്കളായിട്ടുണ്ട് എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

വാത്സല്യനിധി പദ്ധതിയുടെ ഗുണഭോക്താക്കളായി ഗുരുവായൂർ മണ്ഡലത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അപേക്ഷകരുടെ എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പട്ടികജാതി കുടുംബങ്ങളിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുമോ?

ഈ പദ്ധതി സംബന്ധിച്ച് LIC മുൻ വ്യവസ്ഥകളിൽനിന്ന് പിൻമാറിയതിനാൽ പുതിയ മാതൃകയിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനായി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ നടപടി പുരോഗമിച്ചുവരികയാണ്.

## പിന്നാക്ക സമുദായ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യവും സ്കോളർഷിപ്പും

99(4493) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ഉന്നതവിദ്യാഭ്യാസ രംഗത്ത് പഠിക്കുന്ന പിന്നാക്ക സമുദായത്തിലെ വിദ്യാർത്ഥികൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹോസ്റ്റൽ സൗകര്യം നടപ്പാക്കുന്നുണ്ടോ; പ്രസ്തുത സൗകര്യം അപര്യാപ്തമാണെന്ന പരാതിക്ക് പരിഹാരം കണ്ടെത്താൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ?

നിലവിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് നേരിട്ട് ഹോസ്റ്റലുകളൊന്നും നടത്തുന്നില്ല. കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് താഴെപ്പറയുന്ന 5 ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

| Sl. No. | Hostel | Place |
|---|---|---|
| 1 | OBC Prematric Hostel (Girls) | CUSAT, Kochi |
| 2 | OBC Prematric Hostel (Boys) | CUSAT, Kochi |
| 3 | OBC Prematric Hostel (Girls) | MG University |
| 4 | OBC Prematric Hostel (Boys) | MG University |
| 5 | OBC Prematric Hostel (Boys) | Government Engineering College, Thrissur |

കൂടുതൽ കേന്ദ്ര സഹായം ലഭ്യമാക്കി ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

(ബി) പിന്നാക്ക സമുദായത്തിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് പോലുള്ള ആനുകൂല്യം പല വർഷങ്ങളിലും മുടങ്ങുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ സംസ്ഥാനാവിഷ്കൃത സ്കീമുകളിൽ കൃത്യമായി ആനുകൂല്യം അനുവദിച്ചുവരുന്നുണ്ട്. അപേക്ഷാ സമർപ്പണത്തിൽ വരുത്തുന്ന കാലതാമസമോ സാങ്കേതിക പ്രശ്നങ്ങൾമൂലമോ ഏതാനും വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭ്യമാകുന്നത് വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾക്ക് യഥാസമയം കേന്ദ്ര വിഹിതം ലഭ്യമാകാത്ത സാഹചര്യത്തിൽ ആനുകൂല്യ വിതരണം വൈകുന്ന സാഹചര്യമുണ്ട്.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകുപ്പുതലത്തിൽ താമസം കൂടാതെ സമയബന്ധിതമായിത്തന്നെ അനുവദിച്ചുവരുന്നുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ബന്ധപ്പെട്ട ബഡ്ജറ്റ് വകയിരുത്തലിന് പുറമേ അധിക ഫണ്ട് അനുവദിക്കുന്നതിന് നടപടിയെടുക്കുന്നതിനും

കാലതാമസം കൂടാതെ പരമാവധി വേഗത്തിൽ ആനുകൂല്യ വിതരണ നടപടി നിർവ്വഹിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പിന്നാക്ക സമുദായങ്ങൾക്ക് പ്രത്യേക ഫണ്ട്**

100(4494) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിന്നാക്ക സമുദായങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പട്ടികജാതി വിഭാഗങ്ങൾക്കുള്ള കോർപ്പസ് ഫണ്ട് മാതൃകയിൽ പ്രത്യേക ഫണ്ട് ലഭ്യമാക്കുന്ന വിഷയം സർക്കാർ പരിഗണിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ക്ഷേത്രക്കുളങ്ങൾ നവീകരിക്കൽ**

101(4495) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിൽവരുന്ന

ക്ഷേത്രങ്ങളിലെ കുളങ്ങൾ സംരക്ഷിക്കുന്നതിനും മോടി പിടിപ്പിക്കുന്നതിനുമായി നടപ്പ് സാമ്പത്തികവർഷം എത്ര തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അത്തരത്തിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടെങ്കിൽ ഏതെല്ലാം ക്ഷേത്രങ്ങളിലെ കുളങ്ങളാണ് നവീകരിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെയും സ്വകാര്യ ക്ഷേത്രങ്ങളുടെയും കീഴിലുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ പുനരുദ്ധാരണത്തിന് 2250-00-103-80- NV എന്ന ശീർഷകത്തിൽ ഓരോ സാമ്പത്തിക വർഷവും 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തുന്നത്. ടി തുക 20-05-2017-ലെ 107/ദേവ-2/2017/റവ നമ്പർ സർക്കുലർ പ്രകാരം ദേവസ്വം ബോർഡുകൾ ലഭ്യമാക്കുന്ന ശിപാർശകൾ പരിശോധിച്ച് അർഹതപ്പെട്ട ദേവസ്വം ബോർഡുകൾക്ക് വിഭജിച്ച് നൽകുകയാണ് ചെയ്യുന്നത്.

ടി പദ്ധതിയിലുൾപ്പെടുത്തി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തിരുവനന്തപുരം, മാവേലിക്കര, കോട്ടയം എന്നീ ഡിവിഷനുകളിൽപ്പെട്ട 13 ദേവസ്വങ്ങളിലെ ക്ഷേത്രക്കുളങ്ങളുടെ നവീകരണത്തിനായി 5,12,16,000/-

രൂപയുടെ പ്രൊപ്പോസൽ 2020-21 സാമ്പത്തിക വർഷം തിരുവിതാംകൂർ ദേവസ്വം ബോർഡ് ലഭ്യമാക്കിയിരുന്നു. സംസ്ഥാനത്തിന്റെ അന്നത്തെ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത ശിപാർശ പരിഗണിക്കാൻ സാധിച്ചിട്ടില്ല.

**ക്ഷേത്ര ജോലിക്കാർക്ക് ക്ഷേമ നിധി ബോർഡ് രൂപീകരണം**

102(4496) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം ബോർഡുകളുടെ അധീനതയിൽ ഉൾപ്പെടാത്ത ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ദേവസ്വം ബോർഡുകളുടെ അധീനതയിലുൾപ്പെടാത്ത ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ക്ഷേമനിധി രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ തേർഡ് ഗ്രേഡ് ഓവർസിയർ**

103(4497) <u>ശ്രീ. ഡി. കെ മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ തേർഡ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് രണ്ട് മാസത്തിനുള്ളിൽ റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നൽകണമെന്ന ഹൈക്കോടതി ഉത്തരവ് (ഉത്തരവ് നം. WP(C)No.7432 of 2021 dtd. 9.5.2022) ദേവസ്വം ബോർഡ് സെക്രട്ടറിക്ക് ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ കോടതി ഉത്തരവ് പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കാമോ?

ഓവർസിയർ ഗ്രേഡ്-3 (സിവിൽ) തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചിട്ടുള്ളതിനാൽ ടി ലിസ്റ്റിൽനിന്ന് തുടർന്നും നിയമനം നടത്തുന്നതിന് തടസ്സമുണ്ടോയെന്ന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സെക്രട്ടറിയോട് ആരായുകയും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായപ്രകാരം റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്ക് നിയമനശിപാർശ

നടത്തുന്നതിന് തടസ്സമില്ലെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളതെന്നും ടി തസ്തികയിലേയ്ക്ക് ക്ഷേത്ര ജീവനക്കാർക്ക് ലോപെയ്ഡ് പ്രൊമോഷൻ നൽകുന്നതിനായി നീക്കിവയ്ക്കേണ്ട തസ്തികകളുടെ എണ്ണം കണക്കാക്കുന്നതിന് മരാമത്ത് വിഭാഗം മേധാവിയായ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ദേവസ്വം ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**ദേവസ്വം ബോർഡിന്റെ സ്ഥലത്ത് വ്യാപാരികളുടെ പുനരധിവാസം**

104(4498) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം ബോർഡിന്റെ വസ്തുക്കളിൽ സ്ഥിതി ചെയ്തിരുന്ന വ്യാപാര സ്ഥാപനങ്ങൾ ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊളിച്ചുമാറ്റിയപ്പോൾ തൊഴിൽ നഷ്ടപ്പെട്ട വ്യാപാരികളെ ദേവസ്വം ബോർഡിന്റെ സ്ഥലത്തുതന്നെ കടകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വസ്തുക്കളിൽ സ്ഥിതി ചെയ്തിരുന്ന

വ്യാപാരസ്ഥാപനങ്ങൾ പൊളിച്ചുമാറ്റിയപ്പോൾ തൊഴിൽ നഷ്ടപ്പെട്ട വ്യാപാരികളെ ദേവസ്വം ബോർഡിന്റെ സ്ഥലത്തുതന്നെ കടകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് സാധിക്കുകയില്ലെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. മറ്റ് ദേവസ്വം ബോർഡുകളിൽനിന്ന് ദേശീയ പാത 66 നിർമ്മാണവുമായി ബന്ധപ്പെട്ട് പൊളിച്ചുമാറ്റിയതായോ വ്യാപാരികൾക്ക് തൊഴിൽ നഷ്ടപ്പെട്ടതായോ സംബന്ധിച്ച പരാതികളോ റിപ്പോർട്ടുകളോ ലഭിച്ചിട്ടില്ല.

**ദേവസ്വം ബോർഡ് ഓഫീസുകളുടെ ആധുനികവൽക്കരണം**

105(4499) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേവസ്വം ബോർഡ് ഓഫീസുകളുടെ പ്രവർത്തനങ്ങൾ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കൂടുതൽ സുതാര്യമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ; വിശദമാക്കുമോ;

(ബി) ദേവസ്വം ബോർഡ് ഓഫീസുകളിൽ ഡിജിറ്റൽ ഫയലിംഗ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) ദേവസ്വം ബോർഡുകളിലെ ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി പേപ്പർലെസ് ഓഫീസ് എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിന് വിവിധ ബോർഡുകളിൽ ഇ-ഫയലിംഗ് സിസ്റ്റം നടപ്പാക്കാൻ 2018 മുതൽതന്നെ സർക്കാർ നടപടി ആരംഭിക്കുകയും 04-07-2019-ലെ Dev2/20/2018-റവ നമ്പർ കത്തിലൂടെ ബോർഡുകൾക്ക് ഇ-ഫയലിംഗ് സിസ്റ്റം നടപ്പാക്കുന്നത് സംബന്ധിച്ച് പ്രാഥമിക നിർദ്ദേശം നൽകുകയും തുടർന്ന് 15-07-2020-ലെ Dev2/20/2018-റവ നമ്പർ കത്ത് പ്രകാരം ഇ-ഫയലിംഗ് സിസ്റ്റം നടപ്പാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ദേവസ്വം ബോർഡുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം എന്നിവിടങ്ങളിൽ ഡിജിറ്റലൈസേഷൻ/ഇ-ഫയലിംഗ് നടപ്പാക്കുന്നതിനുള്ള നടപടി ഊർജ്ജിതമായി നടന്നുവരുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കായി keltron-ULCCS കൺസോർഷ്യത്തിന് 32 സോഫ്റ്റ്‌വെയർ മോഡ്യൂളുകൾ നിർമ്മിക്കുന്നതിന് 2016-17 കാലഘട്ടത്തിൽ വർക്ക് ഓർഡർ നൽകിയിരുന്നു. എന്നാൽ എല്ലാ മോഡ്യൂളുകളും പ്രവർത്തനസജ്ജമാകാത്തതിനെ തുടർന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡും കെൽട്രോണും തമ്മിൽ നിലനിൽക്കുന്ന തർക്കങ്ങൾ നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

106(4500) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കിയെങ്കിലും അതിന്റെ ആനുകൂല്യം പൂർണ്ണമായും ജീവനക്കാർക്ക് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01-01-2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് 12-02-2021-ന് GO(Ms)No.57/2021/RD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ക്ഷാമബത്ത, ഫിക്സേഷൻ ചട്ടങ്ങൾ എന്നിവയിൽ വ്യക്തത വരുത്തി 18-08-2021-ന് GO(Ms)No.161/2021/RD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശമ്പള പരിഷ്കരണ ഉത്തരവിലെ അനോമലികൾ പരിഹരിച്ച് മലബാർ ദേവസ്വം ബോർഡ് യോഗതീരുമാനപ്രകാരം 19-01-2022-ന് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന് ധനകാര്യ വകുപ്പിന്റെ സാധൂകരണം ലഭ്യമാക്കി ശമ്പളപരിഷ്കരണം പൂർത്തിയാക്കുന്നതിനുള്ള നടപടി ഊർജ്ജിതമായി നടന്നുവരുന്നു.

(ബി) ഓരോ മാസവും കൃത്യമായി ശമ്പളം നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങൾ ഭരണപരമായും സാമ്പത്തികമായും ഓരോന്നും സ്വതന്ത്ര യൂണിറ്റുകളാണ്. ക്ഷേത്രജീവനക്കാരുടെ ശമ്പളം അതത് ക്ഷേത്രത്തിന്റെ ഫണ്ടിൽ നിന്നാണ്

നൽകിവരുന്നത്. വരുമാനം കുറവുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കുടിശ്ശിക വരുന്ന ശമ്പളം നിബന്ധനകൾക്ക് വിധേയമായി മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും നൽകിവരുന്നു. ഇത്തരം ക്ഷേത്രങ്ങളുടെ കാര്യത്തിൽ, അസസബിൾ ക്ഷേത്രവരുമാനം, കുടിശ്ശികയായി നിൽക്കുന്ന ശമ്പളം എന്നിവ നാല് മാസം കൂടുമ്പോൾ പരിശോധിച്ച്, ഒരുമിച്ച് ശമ്പളധനസഹായവും മുൻകൂർ ധനസഹായവും അനുവദിക്കുന്ന സ്കീമാണ് ഇപ്പോൾ നടപ്പാക്കിവരുന്നത്. ആയതിനാൽ, മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം നാല് മാസം കൂടുമ്പോൾ പൂർണ്ണമായി ലഭിക്കാൻ സാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ക്ഷേത്രങ്ങളുടെ വരവ്-ചെലവ് കണക്കുകൾ യഥാസമയം തയ്യാറാക്കി നാല് മാസം കൂടുമ്പോൾ സമർപ്പിക്കാത്ത ക്ഷേത്രങ്ങളിലെ ജീവനക്കാർക്കാണ് ശമ്പള ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത്. സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് ഉപയോഗപ്പെടുത്തിയാണ് ക്ഷേത്രജീവനക്കാർക്ക് ശമ്പള കുടിശ്ശിക വിതരണം ചെയ്യുന്ന മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ട് പ്രവർത്തിച്ചുവരുന്നത്. 2022-23 വർഷത്തെ ബഡ്ജറ്റ് അലോട്ട്മെന്റിൽനിന്നും ആദ്യഗഡുവായി സാലറി ഹെഡിൽ അനുവദിച്ച

സംഖ്യയിൽ നിന്നും 6.99 കോടി രൂപയും ബോർഡിന്റെ തനത് ഫണ്ടിൽനിന്നും 7.61 കോടി രൂപയുമടക്കം ആകെ 14.60 കോടി രൂപ ഉപയുക്തമാക്കി ക്ഷേത്രജീവനക്കാരുടെ ശമ്പളധനസഹായ കുടിശ്ശിക വിതരണം നിലവിൽ നടത്തിവരുന്നുണ്ട്.

**ബഫർ സോൺ നിശ്ചയിക്കുമ്പോൾ ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കാൻ നിയമ നിർമ്മാണം**

107(4501) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. രാജ:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയ്ക്ക് ബഫർ സോൺ നിശ്ചയിക്കുമ്പോൾ ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കണമെന്നും ഇതിനായി നിയമനിർമ്മാണം നടത്തണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?

ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സംസ്ഥാന സർക്കാർ 05-10-2020 മുതൽ 07-04-2022 വരെയുള്ള വിവിധ കത്തുകളിലൂടെ കേന്ദ്ര സർക്കാരിലേയ്ക്ക്

അയച്ചുകൊടുത്തിട്ടുള്ളതാണ്. സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിനെതുടർന്ന് ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിക്കാനും ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരം ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ എന്നതിൽ കുറവ് വരുത്താനുമായി നടപടി സ്വീകരിക്കാനും ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ 25.06.2022-ൽ കേന്ദ്ര സർക്കാരിലേയ്ക്ക് കത്ത് അയച്ചിട്ടുള്ളതും ഇക്കോ സെൻസിറ്റീവ് സോണിൽനിന്നും ജനവാസ മേഖലകൾ ഒഴിവാക്കുന്നതിനായുള്ള നിയമനിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട വനം വന്യജീവി വകുപ്പുമന്ത്രി കേന്ദ്ര വനം പരിസ്ഥിതി മന്ത്രിക്ക് 22-06-2022-ൽ കത്ത് അയച്ചിട്ടുള്ളതുമാണ്.

(ബി) വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയ്ക്ക് ചുറ്റും 12 കിലോമീറ്റർ വരെ പരിസ്ഥിതിലോല മേഖലയാക്കാമെന്ന് 2015-ൽ അന്നത്തെ സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് നിർദ്ദേശിച്ചിരുന്നുവോ; മറ്റെന്തൊക്കെ കാര്യങ്ങളാണ് നിർദ്ദേശിച്ചിരുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഇല്ല. എന്നാൽ 08-05-2013-ലെ മന്ത്രിസഭായോഗ തീരുമാനമനുസരിച്ച് സംരക്ഷിത മേഖലകൾക്ക് ചുറ്റും ജനവാസമേഖലകൾ ഒഴിവാക്കി 0-12 കിലോ മീറ്റർ വരെ പാരിസ്ഥിതിക സംവേദകമേഖലകളായി വിജ്ഞാപനം ചെയ്യാൻ തീരുമാനിച്ചതിനനുസൃതമായി പ്രൊപ്പോസലുകൾ കേന്ദ്രത്തിലേയ്ക്ക് അയച്ചിട്ടുണ്ട്.

(സി) സുപ്രീം കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ പരിസ്ഥിതി ലോല മേഖല വിഷയം ചർച്ച ചെയ്യാൻ സർക്കാർ പ്രത്യേക യോഗം വിളിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 08-06-2022-ലും 05-07-2022-ലും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും പ്രത്യേക യോഗങ്ങൾ ചേർന്നിട്ടുണ്ട്. ബഹുമാനപ്പെട്ട വനം വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ചേർന്ന യോഗത്തിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങളെടുത്തിട്ടുണ്ട്.

1. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങളുടെ 1 കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ

പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ ശേഖരിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിക്ക് സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് സർക്കാരിനെ അറിയിക്കുക.

2. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് അയച്ചുകൊടുത്തിട്ടുള്ള ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള, കേന്ദ്ര എംപവേർഡ് കമ്മിറ്റിക്കുകൂടി സമർപ്പിച്ചുകൊണ്ട് ആയതിന് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുക. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്റെ ഖണ്ഡിക 44 (f)-ൽ വ്യക്തിമാക്കിയ പ്രകാരം സംസ്ഥാനത്തിന്റെ പൊതു താൽപര്യം വ്യക്തമാക്കുന്ന രീതിയിൽ ഇത്തരം നടപടി സ്വീകരിക്കേണ്ടതാണ്.

3. 03.06.2022-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ സംസ്ഥാന സർക്കാർ ഉടൻ റിവ്യൂ പെറ്റീഷൻ/മോഡിഫിക്കേഷൻ പെറ്റീഷൻ സമർപ്പിക്കുക.

4. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ മേൽ നടപടികളിലൂടെ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീം കോടതിയെയും ബോധ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.

08-06-2022-ലെ യോഗ തീരുമാന പ്രകാരമുള്ള നടപടികളുടെ പുരോഗതി സംബന്ധിച്ച വിലയിരുത്തലുകൾ 30-06-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത ഓൺലൈൻ യോഗത്തിലും 05-07-2022-ൽ ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലും നടത്തിയിട്ടുണ്ട്.

**സാമൂഹ്യ വനവത്കരണ വിഭാഗം നടപ്പാക്കുന്ന പദ്ധതികൾ**

108(4502) <u>ശ്രീ. എ. കെ. എം. അഷ്‌റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവത്കരണ വിഭാഗം കാസർഗോഡ് ജില്ലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിൽ പാരിസ്ഥിതിക സുസ്ഥിരത ഉറപ്പ് വരുത്തുന്നതിനുള്ള വൃക്ഷങ്ങളുടെ പ്രാധാന്യം പരിഗണിച്ചും ഹരിതഭംഗി വർദ്ധിപ്പിക്കുന്നതിനും വനത്തിനുപുറത്ത് വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ സാമൂഹ്യ വനവത്കരണ വിഭാഗം നടത്തിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാവനം, കുട്ടിവനം എന്നിവയും മറ്റ് സർക്കാർ സ്ഥാപനങ്ങളിലെ ഭൂമിയിൽ നഗരവനം, നക്ഷത്രവനം എന്നിവയും നിർമ്മിച്ചുവരുന്നു. കൂടാതെ വനത്തിന് പുറത്തുള്ള പുഴയോരങ്ങളിലും പഞ്ചായത്തിന്റെയും റവന്യൂ വകുപ്പിന്റെയും അധീനതയിലുള്ള മണ്ണിടിച്ചിലിനും മണ്ണൊലിപ്പിനും സാധ്യതയുള്ള പ്രദേശങ്ങളിലും പഞ്ചായത്തിന്റെയും എൻ.എസ്.എസ്, എസ്.പി.സി.എ എന്നിവരുടെ സഹായത്തോടെയും മുളകളും മറ്റ് കാട്ടുമരത്തൈകളും വച്ചുപിടിപ്പിച്ചുവരുന്നു. കേരള സർക്കാരിന്റെ വൃക്ഷസമൃദ്ധി പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ 38 പഞ്ചായത്തുകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ 145000 വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ചിട്ടുണ്ട്. കൂടാതെ ഹരിതകേരളം പദ്ധതിയിലൂടെ ഡിസ്ട്രിക്ട് പെർമനെന്റ് നഴ്സറിയിൽ 60000 വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ചിട്ടുണ്ട്. 2022 ജൂൺ 5 ലോക പരിസ്ഥിതി

ദിനത്തോടനുബന്ധിച്ച് തുടങ്ങിയ വനമഹോത്സവ പരിപാടികളിൽ വൃക്ഷവൽക്കരണത്തിന് സന്നദ്ധമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജനസംഘടനകൾ, മതസ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, മാധ്യമസ്ഥാപനങ്ങൾ മുതലായവയ്ക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ ഏത് ഘട്ടത്തിലാണെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷം കാസർഗോഡ് ഡിസ്ട്രിക്ട് പെർമനെന്റ് നഴ്സറിയിൽ തൈ ഉൽപാദനത്തിന് ആകെ 8.81 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ വിദ്യാവനം പദ്ധതിക്കായി 1.60 ലക്ഷം രൂപ ചെലവഴിച്ചു. കുട്ടിവനം നിർമ്മിച്ച വകയിൽ 15700/- രൂപ ചെലവഴിച്ചു. നക്ഷത്ര വനം നിർമ്മിച്ച വകയിൽ 7550/- രൂപ ചെലവഴിച്ചു. കൂടാതെ പാണ്ടിക്കണ്ടം മേഖലയിൽ പയസ്വിനി പുഴയോര സംരക്ഷണത്തിനും ആമകളുടെ സംരക്ഷണത്തിനുമായി അവബോധ ക്ലാസുകളും പയസ്വനി പുഴയിലൂടെ എൽ.എസ്.ജി.ഡി അംഗങ്ങളുമൊത്ത് ജലയാത്ര സംഘടിപ്പിക്കുകയും ബോധവത്കരണ പ്രവർത്തനങ്ങൾ

നടത്തുകയും തദ്ദേശീയരെ ഉൾപ്പെടുത്തി മുളതൈകൾ വച്ചുപിടിപ്പിക്കുകയും ചെയ്ത പ്രവൃത്തികൾക്കായി 34,021/-രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഇക്കോ സെൻസിറ്റീവ് സോൺ**

109(4503) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെട്ടിട്ടുള്ള വണ്ടൂർ നിയോജക മണ്ഡലത്തിലെ പ്രദേശങ്ങളുടെ സർവ്വേ നമ്പർ, ബ്ലോക്ക് നമ്പർ എന്നിവയുൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന സ്ഥലത്തിന്റെ ജിയോ കോർഡിനേറ്റ് സഹിതമുള്ള പ്ലാൻ ലഭ്യമാക്കാമോ?

(എ&ബി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം, ഒരു കിലോ മീറ്റർ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടാൻ

സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററുമായി (KSREC) ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ടി പഠന റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി പ്രകാരം ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടുന്ന പ്രദേശങ്ങളുടെ സർവ്വേ നമ്പർ, ബ്ലോക്ക് നമ്പർ, ജിയോ കോർഡിനേറ്റ് സഹിതമുള്ള പ്ലാൻ എന്നിവയുൾപ്പെടെയുള്ള വിശദ വിവരം ലഭ്യമാകുകയുള്ളൂ.

ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളിൽ സൈലന്റ് വാലി ദേശീയ ഉദ്യാനത്തെ സംബന്ധിക്കുന്ന പ്രൊപ്പോസലിലാണ് മലപ്പുറം ജില്ലയിലെ പ്രദേശങ്ങളുൾപ്പെടുന്നത്. അവയുടെ ജിയോ കോർഡിനേറ്റ്സ് സഹിതമുള്ള പ്ലാനിന്റെ പകർപ്പ്

അനുബന്ധമായി ചേർത്തിരിക്കുന്നു.+ മലപ്പുറം ജില്ലയിലുൾപ്പെടുന്ന കരിമ്പുഴ വന്യജീവി സങ്കേതത്തിനുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതുസംബന്ധിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**മംഗളവനം പക്ഷി സങ്കേതം**

110(4504) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ മംഗളവനം പക്ഷി സങ്കേതത്തെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ബഫർ സോൺ ആയി വിജ്ഞാപനം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മംഗളവനം പക്ഷി സങ്കേതത്തിനുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 07-09-2020-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+ ഇതുസംബന്ധിച്ച അന്തിമ ഉത്തരവ് നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിൽ 03-06-2022-ലെ സുപ്രീം കോടതി ഉത്തരവ് മംഗളവനം പക്ഷി സങ്കേതത്തിന് ബാധകമാണോ; എങ്കിൽ അത് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവ് മംഗളവനം പക്ഷി സങ്കേതമുൾപ്പെടെ സംസ്ഥാനത്തെ എല്ലാ സംരക്ഷിത പ്രദേശങ്ങൾക്കും ബാധകമാണ്. 03-06-2022-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിലെ നിയന്ത്രണങ്ങളിൽനിന്നും ഇളവ് ലഭിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടി ചുവടെ ചേർക്കുന്നു.

ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം, ഒരു കിലോ മീറ്റർ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററുമായി (KSREC) ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി പ്രകാരം സംരക്ഷിത മേഖലയ്ക്കുചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര വനം വകുപ്പുമന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് 18-06-2022-ൽ നടന്ന അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹുമാനപ്പെട്ട സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന

സർക്കാർ 25-06-2022-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

**ഗ്രീൻ ഗ്രാസ് പ്രോജക്ട്**

111(4505)ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യങ്ങളും പ്ലാസ്റ്റിക്കുകളും ഭക്ഷിച്ച് വന്യമൃഗങ്ങൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ വനമേഖല മാലിന്യ മുക്തമാക്കുന്നതിനുവേണ്ടി ഗ്രീൻ ഗ്രാസ് പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) മാലിന്യങ്ങളും പ്ലാസ്റ്റിക്കുകളും ഭക്ഷിച്ച് വന്യമൃഗങ്ങൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിനായി വനമേഖലകളിൽ മാലിന്യ നിക്ഷേപം ഉണ്ടാകാതിരിക്കുന്നതിന് വനം വകുപ്പ് ജാഗ്രത പുലർത്തിവരുന്നുണ്ട്. സംസ്ഥാനത്തെ വനമേഖലകളിൽ അനധികൃതമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം

ചെയ്യുന്നതിനായി 24-12-2019-ലെ ജി.ഒ (ആർ.റ്റി) 506/2019/വനം നമ്പർ ഉത്തരവ് പ്രകാരം 871.50 ലക്ഷം രൂപയുടെ പ്രോജക്റ്റ് ഗ്രീൻ ഗ്രാസ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2019-20 തുടങ്ങി മൂന്ന് വർഷമാണ് പദ്ധതിയുടെ കാലാവധി. ടി പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് ജീവനക്കാർ, വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ, വിവിധ എൻ.ജി.ഒ-കൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, വിവിധ ഏജൻസികൾ, മറ്റ് സർക്കാർ വകുപ്പുകൾ, ശുചിത്വമിഷൻ എന്നിവരുടെ പങ്കാളിത്തത്തോടെ മാലിന്യങ്ങൾ ശേഖരിച്ച്, സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിപ്രകാരം മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പ്രദേശങ്ങൾ സംബന്ധിച്ച് മാപ്പിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഏറ്റവുമധികം മാലിന്യം നിക്ഷേപിക്കുന്ന പ്രദേശങ്ങളിൽ പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിലെ വനമേഖലകളിൽ അനധികൃതമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 13-09-2018-ലെ ജി.ഒ (ആർ.റ്റി) നമ്പർ 406/2018/വനം നമ്പർ ഉത്തരവ് പ്രകാരം വനം-വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി

ഒരു ടാസ്ക് ഫോഴ്സും രൂപീകരിക്കുകയുണ്ടായി. ടി സർക്കാർ ഉത്തരവ് അനുസരിച്ച്, ഫീൽഡ് ഓഫീസർമാർ വനത്തിലൂടെ കടന്നുപോകുന്ന റോഡുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന വനമേഖലകളെ തിരിച്ചറിയുകയും അവ മാപ്പ് ചെയ്യുകയും അതനുസരിച്ച് 125 പ്രധാന മാലിന്യ നിക്ഷേപ സ്ഥലങ്ങൾ തിരിച്ചറിയുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ആവശ്യമായ ഇടങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ, ക്യാമറകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ രാത്രികാല പട്രോളിംഗും നടത്തിവരുന്നുണ്ട്.

(ഡി) പരിസ്ഥിതിയെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന തരത്തിൽ വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്ന നിയമം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നിയമനിർമ്മാണം നടത്തുമോ; വിശദമാക്കുമോ?

പരിസ്ഥിതിയെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന തരത്തിൽ വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്നതുസംബന്ധിച്ച് 1961-ലെ കേരള ഫോറസ്റ്റ് ആക്ടിൽ വ്യക്തമായി നിർവ്വചിക്കപ്പെട്ടിട്ടില്ലെങ്കിലും ആക്ടിലെ സെക്ഷൻ 27 (1) (ഇ) iv പ്രകാരവും 1972-ലെ വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്ട് പ്രകാരവുമാണ് നിലവിൽ

നടപടി സ്വീകരിക്കുന്നത്. വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കൂടുതൽ ഫലപ്രദമായ നടപടി കൈക്കൊള്ളുന്നതിനാവശ്യമായ വ്യവസ്ഥകളുൾപ്പെടുത്തിയിട്ടുള്ള കേരള ഫോറസ്റ്റ് ആക്ടിന്റെ ഭേദഗതിയുടെ കരട് നിയമവ്യവസ്ഥകൾ സർക്കാരിന്റെ പരിഗണനയിലാണ്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ ബഫർ സോൺ പ്രദേശങ്ങൾ**

112(4506) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഫർ സോൺ നിശ്ചയിച്ചതുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലെ ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലുൾപ്പെടെ ജനങ്ങൾക്കുണ്ടായ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ആശങ്ക അകറ്റുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാന പ്രകാരം ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവ് പ്രകാരം ഒരു കിലോ മീറ്റർ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററുമായി (KSREC) ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി പ്രകാരം സംരക്ഷിത മേഖലയ്ക്കുചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര വനം സഹമന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് 18-06-2022-ൽ നടന്ന അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹുമാനപ്പെട്ട സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വടക്കാഞ്ചേരി മണ്ഡലത്തിൽ ബഫർ സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പീച്ചി വന്യജീവി സങ്കേതത്തിന്റെ നിലവിൽ സമർപ്പിക്കപ്പെട്ട ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലിൽ ജനവാസകേന്ദ്രങ്ങൾ പൂർണ്ണമായും

ഒഴിവാക്കിയാണ് ഡിമാർക്കേറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ആയതിനാൽ വടക്കാഞ്ചേരി മണ്ഡലത്തിലുൾപ്പെടുന്ന ആറ്റൂർ, മണലിത്തറ വില്ലേജുകളിലെ വനപ്രദേശങ്ങൾ മാത്രമാണ് ആയതിലുൾപ്പെടുന്നത്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ പീച്ചി-വാഴാനി വന്യജീവി സങ്കേതങ്ങളുടെ ഇക്കോ സെൻസിറ്റീവ് സോൺ 1 കി.മീ. ആയി നിശ്ചയിക്കുമ്പോൾ വടക്കാഞ്ചേരി മണ്ഡലത്തിലുൾപ്പെടുന്ന ആറ്റൂർ, മണലിത്തറ, വിരുപ്പാക്ക എന്നീ വില്ലേജുകളിലെ ജനവാസകേന്ദ്രങ്ങൾകൂടി ആയതിലുൾപ്പെടുന്നുണ്ട്.

**സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം**

113(4507) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി ഉമ തോമസ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം ലക്ഷ്യമാക്കി സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വനം വകുപ്പിനുകീഴിൽ നടപ്പാക്കിവരുന്ന ഉപ പദ്ധതിയിലൂടെ സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ 14-11-2019-ലെ സ.ഉ (സാധാ) 483/2018/പി & ഇ.എ. നമ്പർ ഉത്തരവ് പ്രകാരം വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളായി പുന:സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(ബി) സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; നിലവിൽ ഏതെങ്കിലും എസ്റ്റേറ്റുകൾ ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഏറ്റെടുത്ത എസ്റ്റേറ്റുകളുടെ നഷ്ടപരിഹാര തുകയുടെ വിശദാംശം അറിയിക്കാമോ; പ്രസ്തുത പദ്ധതി ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) 03-12-2021-ൽ ചേർന്ന നാലാമത് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് ഭൂപരിധിയുടെ പ്രയോഗക്ഷമത പരിശോധിക്കുന്നതിനായി റവന്യൂ/നിയമ വകുപ്പുകളുടെ ഉപദേശം തേടാൻ ആവശ്യപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്.

## ഇക്കോ സെൻസിറ്റീവ് സോൺ

114(4508)<u>ശ്രീ. ടി. സിദ്ദിഖ്</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 23-10-2019-ലെ മന്ത്രിസഭാ യോഗത്തിൽ എല്ലാ വന്യജീവി സങ്കേതങ്ങളോടും ദേശീയ ഉദ്യാനങ്ങളോടും ചേർന്ന് കിടക്കുന്ന മനുഷ്യവാസകേന്ദ്രങ്ങൾകൂടി ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുത്താനുണ്ടായ തീരുമാനം പുനഃപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ?

ഉണ്ട്. 2019-ലെ സർക്കാർ ഉത്തരവ് പ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ നിജപ്പെടുത്തിയതിൽ ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി 28-09-2020-ൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഇക്കോസെൻസിറ്റീവ് സോണിൽനിന്നും ജനസാന്ദ്രതകൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതു സ്ഥാപനങ്ങളുൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി

മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തിന്റെ വെളിച്ചത്തിൽ ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതു സ്ഥാപനങ്ങളുൾപ്പെടുന്ന പ്രദേശങ്ങളെയും പരമാവധി ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലുകളാണ് നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത്.

(ബി) പ്രസ്തുത മന്ത്രിസഭാ തീരുമാനം പിന്നീടുള്ള സർക്കാർ തിരുത്തി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പരിശോധിച്ചുവരുന്നു.

**ഇക്കോ സെൻസിറ്റീവ് സോൺ**

115(4509) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:
<u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് 13-4-2015-ന് അന്നത്തെ സർക്കാർ കേന്ദ്ര

വനമന്ത്രാലയത്തിന് സമർപ്പിച്ചിരുന്ന കരട് നിർദ്ദേശങ്ങൾ 2016-ൽ ന്യൂഡൽഹിയിൽ നടന്ന വിദഗ്ധ സമിതി യോഗത്തിൽ ചർച്ച ചെയ്തിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 09-02-2011-ൽ പ്രസിദ്ധീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള പ്രൊപ്പോസലുകൾ 13-05-2013-ലാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചത്. ടി പ്രൊപ്പോസലുകൾ 2017 ഫെബ്രുവരി 27, 28 തീയതികളിൽ ചേർന്ന വിദഗ്ധ സമിതിയുടെ 24-ാമത് യോഗമാണ് ചർച്ച ചെയ്തത്.

13-05-2013-ൽ സമർപ്പിച്ച കരട് പ്രൊപ്പോസലുകൾ 07-12-2015 മുതൽ 29-08-2017 വരെയുള്ള വിവിധ തീയതികളിലായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം കരട് വിജ്ഞാപനമായി പ്രസിദ്ധീകരിക്കുകയും ടി പ്രൊപ്പോസലുകൾ ചർച്ച ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ 2017 ഫെബ്രുവരി 27, 28 തീയതികളിൽ സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡൻമാരെക്കൂടിയുൾപ്പെടുത്തിക്കൊണ്ട് വിദഗ്ധ സമിതിയുടെ 24-ാമത്

യോഗം വിളിച്ചുചേർക്കുകയും ചെയ്തു. സംസ്ഥാനത്ത് നിന്ന് സമർപ്പിച്ച പ്രൊപ്പോസലുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ടി യോഗത്തിൽ അവതരിപ്പിച്ചുവെങ്കിലും അവയ്ക്ക് വിദഗ്ധ സമിതിയുടെ അംഗീകാരം ലഭിച്ചില്ല. ടി പ്രൊപ്പോസലുകൾ ഭേദഗതികളോടെ വീണ്ടും സമർപ്പിക്കാൻ ടി യോഗത്തിൽ നിന്ന് നിർദ്ദേശം ലഭിച്ചു. അതോടൊപ്പം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 16-02-2017-ലെ കത്ത് പ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനായുള്ള പ്രൊപ്പോസലുകൾ പുതിയ മാതൃകയിൽ നിശ്ചിത കളർ കോഡിലുള്ള ഭൂപടങ്ങൾ, ജനസംഖ്യാ ഭൂപടങ്ങൾ, ഉപഗ്രഹ ചിത്രങ്ങൾ, ഓരോ സംരക്ഷിത പ്രദേശത്തെയും സസ്യങ്ങൾ, ജീവികൾ, പക്ഷികൾ, ഷഡ്പദങ്ങൾ എന്നിവയുടെ പ്രത്യേക ലിസ്റ്റ്, പ്രാദേശികമായി മാത്രം കാണപ്പെടുന്ന ജീവിവർഗ്ഗങ്ങളുടെ പ്രത്യേക വിവരങ്ങൾ, വംശനാശ ഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളുടെ വിവരങ്ങൾ, ജനങ്ങളുടെ വരുമാന സ്രോതസ്സ്, വില്ലേജുകളുടെ ലിസ്റ്റ് എന്നിവയുൾപ്പെടുത്തി സമർപ്പിക്കാൻ നിർദ്ദേശിച്ചു.

### വനവൽക്കരണ പരിപാടി

116(4510) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനത്തെ ചെറുക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ആഗോളതാപനത്തെ ചെറുക്കുന്നതിനും വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുമായി ഓരോ വർഷവും വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ച് സ്കൂളുകൾ, കോളേജുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവ വഴി നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാവനം, നഗരവനം, വൃക്ഷസമൃദ്ധി പദ്ധതി, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വഴിയോര തണൽ, സ്വകാര്യ ഭൂമിയിൽ വൃക്ഷം നട്ട് വളർത്തുന്നതിന് പ്രോത്സാഹന ധനസഹായം, കാവുകളുടേയും കണ്ടലുകളുടേയും സംരക്ഷണം തുടങ്ങിയ പ്രവൃത്തികളും വനം വകുപ്പ് നടപ്പാക്കിവരുന്നു.

(ബി) ഇതിന്റെ ഭാഗമായി സാമൂഹ്യ വനവൽക്കരണ പരിപാടി സംഘടിപ്പിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

2022-ലെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നട്ടുപിടിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി വനം വകുപ്പ് 14 ജില്ലകളിലായി 12.39 ലക്ഷം വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ചിരുന്നു. ഇതിൽ 8.23 ലക്ഷം വൃക്ഷത്തൈകൾ ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് നട്ടുപിടിപ്പിക്കുന്നതിനും വിതരണം

ചെയ്യുന്നതിനുമായി ഉപയോഗിച്ചിട്ടുണ്ട്. ജൂലൈ 1 മുതൽ 7 വരെയുള്ള കാലയളവിൽ വനമഹോത്സവത്തിന്റെ ഭാഗമായി വിവിധ സ്ഥലങ്ങളിൽ തൈകൾ നട്ട് പിടിപ്പിക്കുകയും ടെറിട്ടോറിയൽ വിഭാഗത്തിനും പൊതുജനങ്ങൾക്കും വിതരണം ചെയ്തിട്ടുള്ളതുമാണ്. കൂടാതെ വൃക്ഷസമൃദ്ധി പദ്ധതി പ്രകാരം 43 ലക്ഷം തൈകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നട്ട് പിടിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ഉൽപാദിപ്പിച്ചിട്ടുണ്ട്. ഇതിനാവശ്യമായ വിത്തുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗമാണ് പഞ്ചായത്തുകൾക്ക് നൽകിയത്. പരിസ്ഥിതി അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ ക്ലാസുകൾ ഇതിനോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

(സി) ഇത്തരത്തിൽ നടത്തിയ വനവൽക്കരണ പരിപാടിക്കായി 2016 മുതൽ നാളിതുവരെയായി ഓരോ വർഷവും എത്ര രൂപ വീതമാണ് ചെലവിട്ടത്; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

വനവൽക്കരണ പരിപാടികൾക്കായി 2016 മുതൽ നാളിതുവരെയുള്ള ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സംസ്ഥാനത്ത് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി വനത്തോട് ചേർന്ന് കിടക്കുന്നതോ, പരിസ്ഥിതി പ്രാധാന്യമുള്ളതോ, ജൈവ വൈവിധ്യ സമ്പുഷ്ടമായതോ ആയ റവന്യൂ തരിശ് ഭൂമികൾ ഏറ്റെടുത്ത് റിസർവ് വനമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. വിവിധ പദ്ധതികൾക്കായി വിട്ടുകൊടുക്കുന്ന വനഭൂമികൾക്ക് പകരമായി റവന്യൂ ഭൂമി ഏറ്റെടുത്ത് വനവൽക്കരണം നടത്തുന്നതിനും ആയത് റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനും നിഷ്കർഷ പുലർത്തുന്നുണ്ട്. പരിസ്ഥിതി ദുർബല പ്രദേശങ്ങൾ യഥാസമയങ്ങളിൽ കണ്ടെത്തി ആയത് ഇ.എഫ്.എൽ ഭൂമിയായി ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. വനത്താൽ ചുറ്റപ്പെട്ട സ്വകാര്യ ഭൂമികളും വനാതിർത്തികളിൽ താമസിക്കുന്നവരുടെ ഭൂമികൾ സ്വയം സന്നദ്ധത പ്രകാരം RKDP-ൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് റിസർവ് വനമാക്കി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലെ വനവിസ്തൃതി സംരക്ഷിക്കുന്നതിനായി വനാതിർത്തി സർവ്വേ ചെയ്ത് ജണ്ടകൾ സ്ഥാപിച്ചും വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമുള്ള നിയമാനുസൃത നടപടികളും സ്വീകരിച്ചുവരുന്നു.

## മലപ്പുറം ഹാജിയാർ പള്ളിയിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലെ പദ്ധതികൾ

117(4511) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമിയിൽ സാമൂഹ്യവനവൽക്കരണ വിഭാഗം ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ; ഇത് സംബന്ധിച്ച് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ?

മലപ്പുറം മണ്ഡലത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമിയിൽ വിവിധ തരം മുളകൾ വച്ച് പിടിപ്പിച്ച് ബാംബൂ സെറ്റം നിർമ്മിക്കാനാവശ്യമായ മുളതൈകൾ ലഭിക്കുന്നതിനായി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് കത്ത് നൽകിയിട്ടുണ്ട്. ഈ സ്ഥലത്ത് ബോട്ടാണിക്കൽ ഗാർഡനും പ്രകൃതി സംരക്ഷണ അവബോധം സൃഷ്ടിക്കാനായി ക്ലാസ്സുകളും സെമിനാറുകളും നടത്താനാവശ്യമായ കെട്ടിടങ്ങളും ഒരു ഇക്കോ ഷോപ്പും തുടങ്ങാനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത സൈറ്റിൽ ബട്ടർ ഫ്ലൈ പാർക്ക്, ബാംബൂ സെറ്റം, ഇക്കോ പാർക്ക് എന്നിവ ആരംഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പദ്ധതികൾ അടിയന്തരമായി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി &സി) ബട്ടർഫ്ലൈ പാർക്ക് ആരംഭിക്കുന്നതിനായി പ്രസ്തുത സ്ഥലത്ത് പൂമ്പാറ്റകളുടെ ആതിഥേയ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ സഹായത്തോടെ കൂടുതൽ പൂമ്പാറ്റകളുടെ ആതിഥേയ സസ്യങ്ങൾ വച്ച് പിടിപ്പിക്കുന്ന ഒരു ക്യാമ്പ് ഈ മാസം വിഭാവനം ചെയ്തുവരുന്നു. ബാംബൂ സെറ്റം നിർമ്മിക്കാനാവശ്യമായ മുളതൈകൾ ലഭിക്കുന്നതിനായി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് കത്ത് നൽകിയിട്ടുണ്ട്. ഇക്കോ പാർക്ക് നിർമ്മിക്കാനാവശ്യമായ പ്ലാൻ, എസ്റ്റിമേറ്റുകൾ എന്നിവ തയ്യാറാക്കിവരുന്നു.

**പരിസ്ഥിതിലോല മേഖല**

118(4512) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല നിർണ്ണയിക്കണമെന്ന സുപ്രീം കോടതി വിധി പാറശാല മണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ മലയോര കർഷകരെ ഭീതിയിലാഴ്ത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർ സോണായി കരുതുമെന്ന സുപ്രീംകോടതി വിധി പ്രസ്തുത പ്രദേശങ്ങളെ ഏത് രീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പാറശാല മണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജനാധിവാസമേഖലകളെ ബഫർസോൺ പരിധിയിൽനിന്നും പൂർണ്ണമായും ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ?

(ബി&സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയെത്തുടർന്ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ൽ ചേർന്ന യോഗ തീരുമാനപ്രകാരം ഒരു കിലോമീറ്റർ പരിസ്ഥിതി ലോല മേഖലയിലുൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ

ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററുമായി (KSREC) ധാരണപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായിക്കഴിഞ്ഞാൽ മാത്രമെ സംരക്ഷിത വന മേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിച്ചാൽ നെയ്യാർ വന്യജീവി സങ്കേതത്തിന്റെ സമീപപ്രദേശമുൾപ്പെടെയുള്ള സ്ഥലങ്ങളെ ഏത് രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്താൻ സാധിക്കുകയുള്ളൂ

നെയ്യാർ-പേപ്പാറ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനായി 11-02-2021-ൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ പ്രൊപ്പോസൽ

അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ടുള്ളതാണ്.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി പ്രകാരം സംരക്ഷിത മേഖലയ്ക്കുചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര വനം മന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് 18-06-2022-ൽ നടന്ന അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും

ബഹുമാനപ്പെട്ട സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് 25-06-2022-ൽ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

**സ്വകാര്യ കണ്ടൽ കാടുകൾ ഏറ്റെടുക്കാനുള്ള പദ്ധതി**

119(4513) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ കണ്ടൽ കാടുകൾ ഏറ്റെടുക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര ഏക്കർ കണ്ടൽക്കാട് ഏറ്റെടുത്തിട്ടുണ്ട്; എത്ര രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്; കണ്ടൽക്കാടുകൾ എറ്റെടുക്കുന്നതിനുള്ള ഫയലുകൾ വനം വകുപ്പ് ആസ്ഥാനത്ത് തീർപ്പ് കൽപ്പിക്കാതിരിക്കുന്നുണ്ടോ; കാരണം വ്യക്തമാക്കുമോ?

(സി) പ്രസ്തുത പദ്ധതി ഉപേക്ഷിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കണ്ടൽക്കാടുകൾ വിട്ടുനൽകാൻ താല്പര്യം അറിയിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്തുകൊണ്ട് പ്രസ്തുത പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ-ഡി) സ്വകാര്യ ഭൂമിയിലുള്ള കണ്ടലുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തൽക്കാലം നിർത്തി വച്ചിരിക്കുകയാണ്. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം നയരേഖ 2021 പ്രകാരം പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ ഏറ്റെടുക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത നയരേഖ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പെരിങ്ങാട്-ചേറ്റുവ കണ്ടൽ റിസർവ് വനം സംബന്ധിച്ച്**

120(4514) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി പഞ്ചായത്തിലുള്ള പെരിങ്ങാട്-ചേറ്റുവ കണ്ടൽ റിസർവ് വനത്തിന്റെ സംരക്ഷണത്തിനും വികസനത്തിനുമായി എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിലെ വെൺമനാട് വില്ലേജിൽ

പാവറട്ടി പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റീസർവ്വേ നമ്പർ 119/2-ൽ ഉൾപ്പെടുന്ന 94.77 ഹെക്ടർ കണ്ടൽ വനം 1961-ലെ കേരള വനനിയമം സെക്ഷൻ(4) പ്രകാരം പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പ്രസ്തുത സ്ഥലത്ത് നിലവിലുള്ള പഴയ കെട്ടിടം ഇന്റർപ്രട്ടേഷൻ സെന്റർ ആക്കുന്നതിനായി നവീകരിച്ചിട്ടുള്ളതും ബോട്ട് ജെട്ടി നിർമ്മിക്കുകയും ഒരു പട്രോളിംഗ് ബോട്ട് വാങ്ങുകയും ചെയ്തിട്ടുണ്ട്. സ്ഥലത്തെ റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. കണ്ടൽക്കാടുകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി wet land conservation പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടൽത്തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. മുൻ വർഷങ്ങളിൽ പാവറട്ടി പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം കണ്ടൽ തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(സി) ഇല്ലെങ്കിൽ പ്രസ്തുത പ്രദേശത്ത് ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

**അട്ടപ്പാടി ബദൽ റോഡ് നിർമ്മാണത്തിന്റെ സാധ്യതാ പരിശോധന**

121(4515) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ബദൽ റോഡ് നിർമ്മാണത്തിന്റെ സാധ്യതകൾ പഠിക്കുന്നതിന് വനംവകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ മറ്റ് വകുപ്പുദ്യോഗസ്ഥരും ജനപ്രതിനിധികളും ചേർന്ന് രണ്ടാംഘട്ട സ്ഥല പരിശോധന നടത്തിയ തീയതി എന്നാണ് എന്ന് വ്യക്തമാക്കാമോ?

16-04-2022-നാണ് രണ്ടാം ഘട്ട സ്ഥല പരിശോധന നടത്തിയത്.

(ബി) സ്ഥല പരിശോധന സംബന്ധിച്ച റിപ്പോർട്ട് വനംവകുപ്പ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ?

. (സി) സ്ഥല പരിശോധനയ്ക്കുശേഷം അതിന്മേൽ നാളിതുവരെ എടുത്തിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ?

(ബി & സി) ഉണ്ട്. അതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

**കരുളായി മുണ്ടക്കടവ് ആദിവാസി കോളനി നിവാസികൾക്കുള്ള താമസസ്ഥലം**

122(4516) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ നിലമ്പൂർ സൗത്ത് ഡിവിഷനിലെ കരുളായി റെയ്ഞ്ചിന് കീഴിൽ വനാന്തർ ഭാഗത്തുള്ള മുണ്ടക്കടവ് ആദിവാസി കോളനിയിൽ താമസിക്കുന്ന കുടുംബങ്ങളുടെ ഭൂമിയും വീടും നഷ്ടമായതിന് പകരം താമസസ്ഥലം ഏർപ്പെടുത്താൻ വനഭൂമി വിട്ടുനൽകുന്നത് പരിഗണനയിലുണ്ടോ; ഇതിനായി വനം വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പരിഗണനയിലുണ്ട്. 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വാസയോഗ്യമല്ലാതായിത്തീർന്ന മുണ്ടക്കടവ് കോളനി നിവാസികളുടെ പുനരധിവാസം സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ ജില്ലാകളക്ടർക്കും ഉന്നതതലങ്ങളിലേയ്ക്കും സമർപ്പിച്ചിട്ടുള്ളതാണ്. ടി കോളനിയിലെ 44 കുടുംബങ്ങൾക്ക് മുൻപിനാലെ റെക്കോർഡ് ഓഫ് റൈറ്റ് ലഭിച്ചിരുന്നു. റെക്കോർഡ് ഓഫ് റൈറ്റ് ലഭിച്ച 30 കുടുംബങ്ങൾക്ക് പുലിമുണ്ട ഭാഗത്തേക്കും 14 കുടുംബങ്ങൾക്ക് വട്ടിക്കൽ ഭാഗത്തേക്കും താമസം മാറാനുമാണ് ഊരുകൂട്ടം തീരുമാനം കൈക്കൊണ്ടിരുന്നത്.

(ബി) കരുളായി മുണ്ടക്കടവ് ആദിവാസി കോളനിയിൽ താമസിക്കുന്നവരുടെ എത്ര ഏക്കർ വനഭൂമിയാണ് 2019-ലെ പ്രളയത്തിൽ

വാസയോഗ്യമല്ലാതായതെന്നും ഇവർക്ക് പകരമായി ഇത്രയും വനഭൂമി എവിടെയാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

44 കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം 4.32 ഹെക്ടർ ഭൂമിയാണ് അനുവദിച്ചിരുന്നത്. ഈ സ്ഥലവും വീടും പ്രളയത്തിൽ താമസിക്കാൻ പറ്റാത്ത വിധത്തിൽ ഉപയോഗശൂന്യമായി തീർന്നിരുന്നു. പ്രളയത്തിൽ നശിച്ച ഈ ഭൂമിക്ക് പകരമായി മുണ്ടക്കടവ് കോളനിക്കടുത്തുള്ള പുലിമുണ്ട എന്ന സ്ഥലത്തേക്ക് 30 കുടുംബങ്ങൾക്ക് മാറി താമസിക്കുന്നതിനായി 2.967 ഹെക്ടർ സ്ഥലവും 14 കുടുംബങ്ങൾക്കായി വട്ടിക്കൽ ഭാഗത്തേക്ക് 1.3541 ഹെക്ടർ സ്ഥലവും ആണ് ഊരുകൂട്ട പ്രകാരം തീരുമാനിച്ചിട്ടുള്ളത്. ആയതിന്റെ പ്രായോഗികത സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് ഇക്കാര്യത്തിൽ നിയമാനുസൃതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

## നിരാക്ഷേപപത്രം അനുവദിക്കൽ

123(4517) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തി പങ്കിടുന്നതോ വനത്തിനോട് ചേർന്ന പ്രദേശത്തുള്ളതോ ആയ സ്വകാര്യ ഭൂമികളുടെ ക്രയവിക്രയങ്ങൾക്ക് വനം

വകുപ്പിന്റെ നിരാക്ഷേപപത്രം ഹാജരാക്കേണ്ടതുണ്ട് എന്ന നിർദ്ദേശം രജിസ്ട്രേഷൻ വകുപ്പിന് രേഖാമൂലം നൽകിയിട്ടുണ്ടോ; അപ്രകാരം ഉത്തരവുണ്ടെങ്കിൽ പകർപ്പും വിശദാംശവും ലഭ്യമാക്കാമോ; നിരാക്ഷേപപത്രം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും ആയത് അനുവദിക്കേണ്ട കാലദൈർഘ്യവും വിശദമാക്കാമോ?

ഉണ്ട്. വനഭൂമിയോട് ചേർന്നുകിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾക്ക് വനം വകുപ്പിൽ നിന്നും എൻ.ഒ.സി. നൽകിയതിനുശേഷം മാത്രമെ വില്ലേജ് ഓഫീസർമാർ കൈവശസർട്ടിഫിക്കറ്റ് നൽകാവൂ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്ന് വനം വന്യജീവി വകുപ്പ് റവന്യൂ വകുപ്പിനെ അറിയിച്ചിട്ടുള്ളതായി വനം വന്യജീവി വകുപ്പിലെ അനുബന്ധം1+ പ്രകാരമുള്ള കത്തുകളിൽ നിന്നും വ്യക്തമാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അനുബന്ധം 2+പ്രകാരവും സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിൽ എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട് ചെറുകിട കർഷകർക്ക് ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാകാതിരിക്കാൻ വനം വകുപ്പ് ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണമെന്നും, ഇതിനാവശ്യമായ മുൻകരുതലുകൾ ഡി.എഫ്.ഒ.-മാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

എടുക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർക്കിളുകളുടെ ചാർജ്ജ് വഹിക്കുന്ന കൺസർവേറ്റർ/ചീഫ് കൺസർവേറ്റർ ഇതുസംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അവയ്ക്ക് അതീവ പ്രാധാന്യം നൽകി പരാതി പരിഹാരത്തിനുവേണ്ട അടിയന്തര നടപടി കൈക്കൊള്ളുവാനും മേൽ പരാമർശിച്ച സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. അനുബന്ധം 3+-ലെ സർക്കാർ കത്ത് അനുശാസിച്ചതനുസരിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് അനുബന്ധം 4+-ലെ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വനം വകുപ്പിന്റെ നിരാക്ഷേപപത്രം നിലവിൽ ലഭിച്ചിട്ടുള്ള സ്വകാര്യ ഭൂമികൾക്ക് മൂന്ന് വർഷം കാലാവധി കഴിഞ്ഞാൽ പുതിയ നിരാക്ഷേപപത്രം ആവശ്യമാണോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; നിരാക്ഷേപപത്രം പുതുക്കി നൽകുന്നതിനുള്ള നടപടിക്രമങ്ങളും അനുവദിക്കാൻ എടുക്കുന്ന കാലദൈർഘ്യവും വ്യക്തമാക്കാമോ?

വനം വകുപ്പിന്റെ നിരാക്ഷേപപത്രത്തിന് പ്രത്യേക കാലപരിധി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

നിശ്ചയിച്ചിട്ടില്ല. സ്വകാര്യ കൈവശ സ്ഥലങ്ങളുടെ ഉടമകൾ എന്തെങ്കിലും പ്രത്യേക ആവശ്യത്തിനാണ് സാധാരണയായി നിരാക്ഷേപപത്രത്തിന് അപേക്ഷിക്കാറുള്ളത്. അത്തരം സന്ദർഭങ്ങളിൽ ഒരു ആവശ്യത്തിനുവേണ്ടി മാത്രമാണ് നിരാക്ഷേപപത്രം അനുവദിക്കാറുള്ളത്. എന്നാൽ ഇപ്രകാരം നൽകുന്ന നിരാക്ഷേപപത്രം സ്ഥലം കൈമാറ്റം കഴിഞ്ഞ് മറ്റ് ആവശ്യങ്ങൾക്ക് ദുരുപയോഗം ചെയ്യാതിരിക്കാനും ഭാവിയിൽ കയ്യേറ്റങ്ങൾ ഉണ്ടാവുന്നത് തടയുന്നതിനുമാണ് നിരാക്ഷേപപത്രത്തിന് ആയത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ വിവേചനാധികാരം ഉപയോഗിച്ച് കാലാവധി നിശ്ചയിച്ച് നൽകുന്നത്. നിരാക്ഷേപപത്രം പുതുക്കുന്നതിനുള്ള അപേക്ഷകളിന്മേൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പരിശോധന നടത്തി കയ്യേറ്റങ്ങളില്ലെന്ന് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിരാക്ഷേപപത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അനുവദിച്ചുനൽകുന്നുണ്ട്.

(സി) വനം വകുപ്പ് നിരാക്ഷേപപത്രം അനുവദിച്ചതും പിന്നീട് കാലാവധി കഴിഞ്ഞ് പുതുക്കാനായി വരുന്നതുമായ അപേക്ഷകളിൽ രണ്ടാമതും സർവ്വേ ചാർജ്ജ് ഈടാക്കുന്നതിന് രേഖാമൂലമുള്ള സർക്കാർ ഉത്തരവോ നിർദ്ദേശമോ ഉണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് അനുവദിക്കാമോ?

നിരാക്ഷേപപത്രം പുതുക്കുന്ന കേസുകളിലും സർവ്വേയർമാരുടെ സേവനം ഉപയോഗപ്പെടുത്തി സ്കെച്ച് തയ്യാറാക്കേണ്ടിവരാത്ത അപേക്ഷകളിന്മേൽ സർവ്വീസ് ചാർജ്ജ് ഈടാക്കുന്നില്ല.

(ഡി) മലപ്പുറം ജില്ലയിലെ നിലമ്പൂർ നോർത്ത് ഫോറസ്റ്റ് വനം വകുപ്പിന്റെ നിരാക്ഷേപപത്രം അനുവദിക്കുന്നതിന് 2020 മുതൽ ലഭിച്ച അപേക്ഷകളുടെ എണ്ണം എത്രയെന്നും അവയിൽ നിരാക്ഷേപപത്രം അനുവദിച്ചവ എത്രയെന്നും ഇനിയും എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുക്കാനുണ്ടെന്നും അറിയിക്കാമോ; നിലവിൽ പരിഗണിക്കുന്ന അപേക്ഷകൾ ഏത് തീയതിയിൽ ലഭിച്ചതാണെന്നും അവസാനമായി നിരാക്ഷേപപത്രം അനുവദിച്ചത് ഏത് തീയതിയിൽ ലഭിച്ച അപേക്ഷയിലാണെന്നും അറിയിക്കാമോ; നിരാക്ഷേപപത്രം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

സ്വകാര്യഭൂമിയുടെ നിരാക്ഷേപപത്രം ലഭിക്കുന്നതിനായി 2020 മുതൽ ലഭിച്ച അപേക്ഷകളുടെ എണ്ണം - 749, അനുവദിച്ച അപേക്ഷകളുടെ എണ്ണം - 589, അനുവദിക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം - 160 എന്നിവയാണ്. ബാക്കിയുള്ള അപേക്ഷകളിൽ നിരാക്ഷേപപത്രം

അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. വനാതിർത്തി നേരിട്ട് പങ്കിടുന്ന സ്വകാര്യ കൈവശസ്ഥലങ്ങൾക്ക് ഡിവിഷൻ ഓഫീസിൽനിന്നും സ്ഥലപരിശോധനകൾക്കുശേഷം നിരാക്ഷേപപത്രം അനുവദിച്ചുവരുന്നുണ്ട്. അവസാനമായി നിലമ്പൂർ നോർത്ത് ഡിവിഷനിൽനിന്നും നിരാക്ഷേപപത്രം അനുവദിച്ചത് 20-06-2022-ൽ ലഭിച്ച അപേക്ഷയിലാണ്. വനാതിർത്തി പങ്കിടുന്ന സ്വകാര്യ ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം ലഭ്യമാകുന്നതിനും ഭൂമി രജിസ്ട്രേഷനും ബാങ്കുമായി ബന്ധപ്പെട്ട ഇടപാടുകൾക്കും വനം വകുപ്പിന്റെ നിരാക്ഷേപപത്രം ലഭിക്കുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിരാക്ഷേപപത്രം ലഭ്യമാക്കുന്നതിനുള്ള നടപടി പൂർത്തിയാക്കുന്നതിന് എടുക്കുന്ന കാലതാമസം മാത്രമേ ഉണ്ടാകാറുള്ളൂ.

(ഇ) മലപ്പുറം ജില്ലയിൽ വനമേഖലയിലെ സ്വകാര്യ ഭൂമികൾക്ക് വനം വകുപ്പിന്റെ നിരാക്ഷേപപത്രം അനുവദിക്കുന്നതിന് കാലതാമസമുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം നേരിടുന്നതുകാരണം വിവിധ ആവശ്യങ്ങൾക്കുവേണ്ടിയുള്ള സ്വകാര്യ ഭൂമിയുടെ ക്രയവിക്രയങ്ങൾക്ക് തടസ്സമുണ്ടാകുന്ന കാര്യം സഗൗരവം പരിഗണിക്കുമോ; വനം വകുപ്പ് നിരാക്ഷേപപത്രം അനുവദിക്കുന്നതിന് സമയപരിധി നിശ്ചയിക്കുമോ?

കാലതാമസം ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നടപടിക്രമങ്ങൾ പൂർത്തിയാക്കി നിരാക്ഷേപപത്രം അനുവദിക്കുന്നതിന് ആവശ്യമായ സമയം മാത്രമെ എടുക്കുന്നുള്ളൂ. എന്നിരുന്നാലും ഇക്കാര്യത്തിൽ സമയപരിധി നിശ്ചയിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**വിട്ടൂർ ടിമ്പർ ഡിപ്പോ സർവ്വെയ്ക്കുള്ള അനുമതി**

124(4518) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ-കാക്കനാട് നാല് വരിപ്പാത നിർമ്മാണത്തിന്റെ ഭാഗമായി വനം വകുപ്പിന്റെ വിട്ടൂർ ടിമ്പർ ഡിപ്പോ സ്ഥിതിചെയ്യുന്ന സ്ഥലത്ത് സർവ്വേ നടത്തുന്നതിനുള്ള കിഫ്ബിയുടെ അപേക്ഷയിന്മേൽ തീരുമാനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിട്ടൂർ ടിമ്പർ ഡിപ്പോയുടെ ഭാഗത്ത് സർവ്വേ നടത്തുന്നതിനുള്ള അപേക്ഷയിന്മേൽ അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മൂവാറ്റുപുഴ-കാക്കനാട് നാല് വരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വീട്ടൂർ ടിമ്പർ ഡിപ്പോ സ്ഥിതിചെയ്യുന്ന ഭാഗത്തെ സർവ്വേ

നടത്തുന്നതിന് സമർപ്പിച്ച അപേക്ഷയിൽ വ്യക്തതയില്ലാത്തതിനാൽ സർവ്വേ വിവരങ്ങൾ വ്യക്തമായി ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിലേയ്ക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൂവാറ്റുപുഴ, കേരള റോഡ് ഫണ്ട് ബോർഡ് കത്ത് നൽകിയിട്ടുള്ളതാണ്. ടി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ അടിയന്തര തുടർനടപടി സ്വീകരിക്കുന്നതാണ്.

**വനം-വന്യജീവി വകുപ്പ് മുഖേനയുള്ള പദ്ധതികൾ**

125(4519) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ വനം-വന്യജീവി വകുപ്പ് മുഖേന ആവിഷ്കരിച്ച് നടത്തുന്ന ഏതെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ പ്രവർത്തന പുരോഗതിയും മറ്റ് വിശദാംശവും ലഭ്യമാക്കാമോ?

പാലക്കാട് ഡിവിഷന്റെ പരിധിയിലുള്ള ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ വനം വന്യജീവി വകുപ്പ് മുഖേന ആവിഷ്കരിച്ച് നടത്തുന്ന പദ്ധതികളൊന്നുംതന്നെയില്ല.

**വനം വകുപ്പിലെ കിഫ്ബി പദ്ധതികൾ**

126(4520) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ വനാതിർത്തി സംരക്ഷണം, ഫെൻസിംഗ് തുടങ്ങിയവയ്ക്ക് വിപുലമായ പദ്ധതികൾ നടപ്പിലാക്കുമെന്ന പ്രഖ്യാപനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ വനം വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളിൽ കോഴിക്കോട് ജില്ലയിലുൾപ്പെട്ട പദ്ധതികൾ നിലവിലില്ല.

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ വനം വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളിൽ കോഴിക്കോട് ജില്ലയിലുൾപ്പെട്ട പദ്ധതികൾ നിലവിലില്ല.

**പരിസ്ഥിതി വനസംരക്ഷണം - ഗ്രീൻ ഇൻഡ്യ മിഷൻ**

127(4521) <u>ശ്രീ. ഐ. ബി. സതീഷ്</u>: **താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) പരിസ്ഥിതി-വനം സംരക്ഷണത്തിന്റെ ഭാഗമായി ഗ്രീൻ ഇൻഡ്യ മിഷൻ തിരുവനന്തപുരം ജില്ലയിൽ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ?

കാലാവസ്ഥാ വ്യതിയാനംമൂലം പരിസ്ഥിതിക്ക്, പ്രത്യേകിച്ച് വനങ്ങൾക്കുണ്ടാകാവുന്ന ദോഷവശങ്ങൾക്ക് പരിഹാരം കാണുകയെന്ന

ലക്ഷ്യത്തോടെ സംസ്ഥാനത്ത് ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി നടപ്പാക്കിവരുന്നു. ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ 5 ഉപദൗത്യങ്ങളായി ക്രമീകരിച്ച് നടപ്പാക്കിവരുന്നു. കാലിമേച്ചിൽ, വിറക് ശേഖരണം മുതലായ വനാശ്രിത പ്രവർത്തനങ്ങൾ വനങ്ങളുടെ ശോഷണത്തിന് കാരണമാകുന്നു. ഇവ പരിഹരിച്ച് നിലവിലുള്ള വനങ്ങളുടെ സംരക്ഷണം, വനസാന്ദ്രത മെച്ചപ്പെടുത്തൽ, നീർച്ചാലുകളുടെ സംരക്ഷണം, നീർമ്മറി പ്രദേശങ്ങളിലെ മണ്ണ്-ജല സംരക്ഷണം, മണ്ണൊലിപ്പ് നിയന്ത്രണം എന്നിവയും വനങ്ങൾക്കുപുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ഉപയുക്തമാകത്തക്കവിധത്തിൽ വൃക്ഷത്തൈകളുടെ ഉൽപാദനം, വിതരണം, ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി പുനരുപയോഗക്ഷമമായ ഇന്ധന ഉപയോഗം, ഉൽപാദനക്ഷമതയുള്ള കാലി വളർത്തൽ, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കൽ, കള നിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം, ഗള്ളി പ്ലഗിംഗ്, മനുഷ്യ-വന്യജീവി സംഘർഷം കുറക്കുന്നതിനുള്ള നടപടി തുടങ്ങിയ പ്രവർത്തനങ്ങളാണ് മേൽ ഉപദൗത്യങ്ങളിലൂടെ നടപ്പാക്കിവരുന്നത്. 2022-23 വർഷത്തിൽ ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതിയിൻകീഴിൽ വിവിധ പ്രവർത്തനങ്ങൾ

നടപ്പാക്കുന്നതിനായി സംസ്ഥാനം സമർപ്പിച്ച വാർഷിക കർമ്മ പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം തിരുവനന്തപുരം ജില്ലയിലുൾപ്പെടുന്ന തിരുവനന്തപുരം ടെറിട്ടോറിയൽ വനം ഡിവിഷൻ, തിരുവനന്തപുരം വൈൽഡ്‌ലൈഫ് വനം ഡിവിഷനുകളിലായി വിവിധ ഉപദൗത്യങ്ങളിൻകീഴിൽ നടപ്പാക്കാൻ 296.50 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) ആയതിലേയ്ക്ക് പദ്ധതി പ്രദേശത്തെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ്; പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കാനാകുമോ; ഇതിനായി പ്രൊപ്പോസൽ തയ്യാറാക്കുന്നതും നടപ്പാക്കുന്നതും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി ഒരു നീർത്തടാധിഷ്ഠിത പദ്ധതിയാണ്. സമഗ്ര ഭൂപ്രദേശാധിഷ്ഠിത (landscape) മേഖലകളെ അതിവിസ്തൃത ഭൂപ്രദേശം (L1-സംസ്ഥാന തലം), സംഘടനാ തലം (L2 Operational level-വനം ഡിവിഷൻ തലം), പ്രവൃത്തി തലം (L3 - working unit - മൈക്രോവാട്ടർഷെഡ് തലം) എന്നിങ്ങനെ മൂന്ന് തലങ്ങളിലായി വിഭജിച്ചാണ് പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. ആദ്യമായി പാരിസ്ഥിതിക-സാമൂഹ്യ-സാമ്പത്തിക പരിഗണനകളുടെ അടിസ്ഥാനത്തിൽ

നദീതടങ്ങൾ, വിസ്തൃത ഭൗമ-ജൈവ മേഖലകൾ എന്നിങ്ങനെ വളരെ വിസ്തൃത ഭൂപ്രദേശങ്ങളെ L1 തലത്തിൽ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. രണ്ടാമതായി വനസാന്ദ്രത, വൃക്ഷാവരണം, കാലാവസ്ഥാ വ്യതിയാനംമൂലമുള്ള അനന്തര ഫലങ്ങൾ വനമേഖലയെ ദോഷകരമായി ബാധിക്കാനുള്ള സാധ്യത, ജൈവവൈവിധ്യ സമ്പന്നത തുടങ്ങിയ ഘടകങ്ങളെ വിലയിരുത്തി L2 തലത്തിൽ പദ്ധതി പ്രദേശങ്ങളെ തെരഞ്ഞെടുക്കുന്നു. അവസാനമായി L3 തലത്തിനുള്ളിൽ വരുന്ന സൂക്ഷ്മനീർത്തടങ്ങളെ അധിഷ്ഠിതമാക്കി വനമേഖലയെയും വനേതരമേഖലയേയും തെരഞ്ഞെടുത്ത് ഗ്രീൻ ഇൻഡ്യ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് മൈക്രോപ്ലാൻ തയ്യാറാക്കി അംഗീകരിച്ച് പ്രാദേശിക ജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നു.

2022-23 വർഷത്തിൽ ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതിയിൻകീഴിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സംസ്ഥാനം സമർപ്പിച്ച വാർഷിക കർമ്മ പദ്ധതിക്ക് ഭേദഗതികളോടെ കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയിട്ടുള്ളതാണ്. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ ഇനിയും പുതിയ നിർദ്ദേശങ്ങൾ അനുമതിക്കായി

കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് സാധിക്കുന്നതല്ല. എല്ലാ വർഷവും ഗ്രീൻ ഇൻഡ്യ മിഷനുകീഴിൽ വിവിധ ഉപദൗത്യങ്ങളിലായി നീർത്തടാധിഷ്ഠിതമായുൾപ്പെടുത്താവുന്ന പ്രദേശങ്ങൾ തെരഞ്ഞെടുത്ത് ഉചിതമായ പ്രവർത്തനങ്ങൾ കണ്ടെത്തി അതാത് നിർവ്വഹണ വനസംരക്ഷണ സമിതികൾ/ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികളുടെ സൂക്ഷ്മാസൂത്രണ രേഖയിലുൾപ്പെടുത്തി വിവിധ വനവികസന ഏജൻസികൾ (FDAs) സമർപ്പിക്കുന്ന വാർഷിക കർമ്മ പദ്ധതികൾ സംസ്ഥാന തലത്തിൽ സംസ്ഥാന വന വികസന ഏജൻസി (SFDA, Kerala) ക്രോഡീകരിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുകയാണ് ചെയ്തുവരുന്നത്. തുടർന്ന് വാർഷിക കർമ്മ പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹയവും ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾ വന സംരക്ഷണ സമിതികൾ/ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ വഴി വിവിധ വനവികസന ഏജൻസികളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നു.

**കാവുകൾ സംരക്ഷിക്കുന്നതിനായി സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ**

128(4522) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ കാവുകൾ സംരക്ഷിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽനിന്ന് കാവ് സംരക്ഷണത്തിന് ധനസഹായത്തിനായി മൂന്ന് അപേക്ഷകൾ ലഭിച്ചിരുന്നു. അവയിൽ ശ്രീ മപ്പുറത്ത് കാവ്- ഉള്ളിയേരി, ശ്രീ പാലോറത്ത് കാവ് – അത്തോളി എന്നിവയെ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് തൊഴിലുറപ്പ് പദ്ധതിയിലൂടെ കാവുകൾ സംരക്ഷിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

കാവുകൾ എല്ലാം തന്നെ സ്വകാര്യ വ്യക്തികൾ/ട്രസ്റ്റ്/ദേവസ്വം എന്നിവയുടെ ഉടമസ്ഥതയിലായതിനാൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ കാവുകൾ സംരക്ഷിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കാൻ നിർവ്വാഹമില്ല.

## വനസംരക്ഷണ കർമ്മപദ്ധതികൾ

129(4523) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണത്തിനും വനപരിപാലനത്തിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ;

വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വനപരിപാലനം കാര്യക്ഷമമാക്കുന്നതിനും നിലവിൽ ചെയ്തുവരുന്നതും പരിഗണനയിലുള്ളതുമായ പരിപാടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) കേന്ദ്ര സഹായത്തോടെയുള്ള ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതിന് യഥാസമയം കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

ഇന്റഗ്രേറ്റഡ് ഡെവലപമെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റിന്റെ ധനസഹായം ലഭിക്കുന്നത് സംസ്ഥാനത്ത് 16 വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾക്കും 5 ദേശീയ ഉദ്യാനങ്ങൾക്കും ഒരു കമ്മ്യൂണിറ്റി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിസർവ്വിനമാണ്. ഇൻഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റേറ്റ് സ്കീമിൽ വർഷാവർഷം 60:40 അനുപാതത്തിൽ ധനസഹായം ലഭിച്ചുവരുന്നു. കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, കാനന പാതകളുടെ നിർമ്മാണവും പരിപാലനവും വൈദ്യുതവേലികളുടെ നിർമ്മാണം, ആനകളുടെ ആക്രമണത്തിൽ നിന്നും കൃഷിഭൂമി സംരക്ഷിക്കുന്നതിനായി ട്രഞ്ചുകളുടെ നിർമാണം, വന്യമൃഗ ആക്രമണത്തിന് വിധേയമായവർക്കുള്ള നഷ്ടപരിഹാരം, ജൈവവൈവിധ്യ സംരക്ഷണം ശക്തിപ്പെടുത്തിന്നതിനുള്ള ഗവേഷണങ്ങളും പരിശീലനങ്ങളും വനത്തിനുള്ളിലെ ചതുപ്പുവയലുകളുടെ പരിപാലനം, കുളം, തടയണകൾ എന്നിവയുടെ നിർമ്മാണം, ഉപദ്രവകാരികളായ കളകളുടെ നിർമ്മാർജ്ജനം, പ്രകൃതി പഠന ക്യാമ്പുകൾ, വന്യജീവികളെ സംബന്ധിച്ച അറിവ് നൽകുന്ന ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം, തൊഴിൽ പരിശിലനങ്ങൾ, സൗരോർജ്ജ വിളക്കുകൾ, വാർത്താവിനിമയ സൗകര്യങ്ങൾ, വയർലെസ് സെറ്റുകൾ തുടങ്ങിയ വിവിധങ്ങളായ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ വിലയിരുത്തി ഓരോ സാമ്പത്തിക വർഷത്തിലേക്കും മേൽ പ്രവൃത്തികളുൾപ്പെടുന്ന വാർഷിക പദ്ധതി രൂപരേഖ (APO) കേന്ദ്രത്തിന് സമർപ്പിച്ച് കേന്ദ്ര സഹായം ലഭ്യമാക്കിവരുന്നു. നടപ്പ്

സാമ്പത്തിക വർഷം 1487.50 ലക്ഷം രൂപയുടെ വാർഷിക പദ്ധതി രൂപരേഖയാണ് അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. അവസാന മൂന്ന് സാമ്പത്തിക വർഷങ്ങളിൽ മേൽ പദ്ധതിയിൽ ലഭിച്ച തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു[+].

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ വന സംരക്ഷണത്തിന് തുടർന്നു വന്ന ഏതെല്ലാം പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ട്; വിശദമാക്കാമോ; ആയത് നിർത്തലാക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കാലയളവിൽ എത്ര പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് ?

2019-ൽ യു.എൻ.ഡി.പി-യുടെ IHMRL പ്രോജക്ടിനുകീഴിൽ മൂന്നാർ ഡിവിഷനിൽ ഹാബിറ്റാറ്റ് ഇംപ്രൂവ്മെന്റ് & മാനേജ്മെന്റ് ഇന്റർവെൻഷൻ ഇൻ ദ ഫോറസ്റ്റ് ട്രാക്ക്സ് എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. TRIFED -ന്റെ MSP for MFP പദ്ധതി, RKDP പദ്ധതി എന്നിവ ടി കാലയളവിനുള്ളിൽ ആരംഭിച്ച പദ്ധതികളാണ്. പ്രസ്തുത കാലയളവിൽ പരിസ്ഥിതി പുനഃസ്ഥാപനം ലക്ഷ്യമാക്കിയുള്ള ഇക്കോ റെസ്റ്റോറേഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയുടെ ഭാഗമായി യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വൃക്ഷങ്ങളുടെ തോട്ടങ്ങൾ ഘട്ടംഘട്ടമായി ഒഴിവാക്കി വന്യജീവികൾക്ക് പ്രയോജനകരവും പ്രകൃതിക്കിണങ്ങുന്നതുമായ തദ്ദേശീയ ഇനം വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നഗരവനം, മിയാവാക്കി തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. NABARD പദ്ധതിയിലുൾപ്പെടുത്തി ആധുനിക രീതിയിൽ മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകളും ഫോറസ്റ്റ് കോംപ്ലക്സുകളും നിർമ്മിക്കുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

**ഗാന്ധി സ്മൃതി വനം കേന്ദ്രമാക്കിയുള്ള പദ്ധതി**

130(4524) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ വനം വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

1) ആലപ്പുഴ ജില്ലയിൽ സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വനത്തിനുപുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹരിതകേരളം പദ്ധതിയുടെ

കീഴിൽ വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ.-കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ, പത്രമാധ്യമങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജനസംഘടനകൾ, ധർമ്മസ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ മുഖാന്തരം നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്.

2) വഴിയരികിൽ തണൽ വിരിക്കുന്നതിനായി 'വഴിയോര തണൽ' എന്ന പദ്ധതിയുടെ കീഴിൽ ഈ വർഷം വെളിയനാട്, പട്ടണക്കാട്, അമ്പലപ്പുഴ ബ്ലോക്കുകളിലെ വിവിധ സ്ഥലങ്ങളിൽ തൈകൾ നട്ടുപരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3) ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗിന്റെ ഭാഗമായി 8 സ്കൂളുകളിൽ ഡിപ്പാർട്ട്മെന്റ് നേരിട്ട് ഈ വർഷം 35000 വലിയ കൂടത്തൈകൾ നട്ടുപരിപാലിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

4) 13 സ്കൂളുകളിൽ ചെറുവനങ്ങളുടെ മാതൃകയിൽ വൃക്ഷം നടുന്നതിന്റെ ഭാഗമായി 5 സെന്റ് സ്ഥലത്ത് വീതം വിദ്യാവനം നട്ടുപരിപാലിച്ചുവരുന്നു.

5) വനേതര ഭൂമിയിൽ വനവൽക്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി 'വൃക്ഷസമൃദ്ധി' എന്ന പദ്ധതി നടപ്പാക്കിവരുന്നു.

6) കടൽത്തീരത്ത് ഹരിതകവചം തീർത്ത് കടലാക്രമണം തടയുന്നതിന്റെ ഭാഗമായി ചേർത്തല നിയോജകമണ്ഡലത്തിലെ അർത്തുങ്കൽ പ്രദേശത്ത് 70000 കാറ്റാടി തൈകൾ നട്ടുപരിപാലിച്ചുവരുന്നുണ്ട്. കൂടാതെ ആലപ്പുഴ നിയോജകമണ്ഡലത്തിൽപ്പെടുന്ന ചെത്തി മുതൽ മാരാരിക്കുളം വരെ 28000 തൈകളും നട്ടുപരിപാലിച്ചിട്ടുണ്ട്.

7) സ്വകാര്യ ഭൂമിയിൽ വൃക്ഷം വളർത്തുന്ന ഭൂവുടമകൾക്ക് പ്രോത്സാഹന ധനസഹായം നൽകൽ, കണ്ടൽ വളർത്തുന്നവർക്ക് പ്രോത്സാഹന ധനഹായം നൽകൽ എന്നിവ നടത്തിവരുന്നു.

8) കാവ് സംരക്ഷണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന 5 കാവ് ഉടമകൾക്ക് വർഷംതോറും ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു.

(ബി) അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് ഗ്രാമപഞ്ചായത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഗാന്ധി സ്മൃതി വനം കേന്ദ്രമാക്കി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതി നിലവിൽ ഏതുഘട്ടത്തിലാണ്; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് ഗ്രാമപഞ്ചായത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഗാന്ധി സ്മൃതി വനത്തിൽ ജില്ലാ

നഴ്സറിയിലേയ്ക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. റോഡിന്റെ സംരക്ഷണഭിത്തികെട്ടി ബലപ്പെടുത്തുന്ന ജോലികളുള്ള അടങ്കൽ അംഗീകരിച്ചിട്ടുണ്ട്. ടി സ്ഥലത്ത് ജില്ലാ നഴ്സറി ആരംഭിക്കുന്നതിനായി അടങ്കൽ അംഗീകരിച്ചിട്ടുള്ളതും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ഗാന്ധി സ്മൃതി വനത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വിശദമായ പദ്ധതി തയ്യാറാക്കാൻ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കാവും കുളവും പദ്ധതി**

131(4525) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാവും കുളവും പദ്ധതിയിലുൾപ്പെടുത്തി ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

(എ & ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

ചങ്ങനാശ്ശേരി മണ്ഡലത്തിലെ കാവുകൾക്ക് ധനസഹായം നൽകിയിട്ടില്ല.

**വിദ്യാവനം പദ്ധതി**

132(4526) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ സ്കൂളുകളിൽ വിദ്യാവനം പദ്ധതി നടപ്പാക്കിയിട്ടില്ല.

**തദ്ദേശസ്ഥാപനങ്ങളെ കാർബൺ ന്യൂട്രൽ ആക്കുന്നതിനുള്ള നടപടികൾ**

133(4527) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ലെ പരിസ്ഥിതിദിന സന്ദേശത്തിന്റെ ഭാഗമായി വനം വകുപ്പ് എന്തെല്ലാം പുതിയ കർമ്മപദ്ധതികൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2022-ലെ പരിസ്ഥിതിദിനത്തോടനുബന്ധിച്ച് നട്ടുപിടിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി വനം വകുപ്പ് 14 ജില്ലകളിലായി 12.39 ലക്ഷം തൈകൾ ഉൽപ്പാദിപ്പിച്ചിരുന്നു. ഇതിൽ 8.23 ലക്ഷം വൃക്ഷത്തൈകൾ

ലോകപരിസ്ഥിതിദിനമായ ജൂൺ 5-ന് നട്ടുപിടിപ്പിക്കുന്നതിനും/വിതരണം ചെയ്യുന്നതിനുമായി ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ വൃക്ഷസമൃദ്ധി പദ്ധതി പ്രകാരം 43 ലക്ഷം തൈകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നട്ടുപിടിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഇതിനാവശ്യമായ വിത്തുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗമാണ് പഞ്ചായത്തുകൾക്ക് നൽകിയത്. പരിസ്ഥിതി അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനായി അവബോധ ക്ലാസുകൾ ഇതിനോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ തുടങ്ങിയ തദ്ദേശസ്ഥാപനങ്ങളെ കാർബൺ ന്യൂട്രൽ ആക്കുന്നതിന് വനം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ മുഖേന വൃക്ഷസമൃദ്ധി പദ്ധതിയിൻകീഴിൽ കാർബൺ ന്യൂട്രൽ ലക്ഷ്യം കൈവരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വനം വകുപ്പ് നടപ്പാക്കുന്ന വിദ്യാവനം, നഗരവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് എന്നിവ കാർബൺ ന്യൂട്രൽ എന്ന

ലക്ഷ്യം കൈവരിക്കാൻ സഹായകരമാകുന്ന പ്രവൃത്തികളാണ്.

**ഫോറസ്റ്റ് സ്റ്റേഷൻ**

134(4528) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിൽ ഒരു ഫോറസ്റ്റ് സ്റ്റേഷൻപോലുമില്ലാത്ത ജില്ല ഏതാണെന്ന് അറിയിക്കാമോ?

വനം വകുപ്പിൽ തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ് എന്നീ മൂന്നുജില്ലകളിൽ ഫോറസ്റ്റ് സ്റ്റേഷനുകളില്ല.

(ബി) കർണ്ണാടക വനമേഖലയുമായി അതിർത്തി പങ്കിടുന്ന കാസർഗോഡ് ജില്ലയിൽ വന്യമൃഗശല്യം രൂക്ഷമായതിനാൽ ഒരു ഫോറസ്റ്റ് സ്റ്റേഷനെങ്കിലും അനുവദിക്കണമെന്ന ദീർഘകാലമായുള്ള ആവശ്യത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) കാസർഗോഡ് ജില്ലയിലെ ഫോറസ്റ്റ് സ്റ്റേഷൻ എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(ബി & സി) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ഡിവിഷനുകീഴിൽ കാസർഗോഡ്, കാഞ്ഞങ്ങാട് റെയ്ഞ്ചുകളിലായി പരപ്പ, ബന്ദടുക്ക, കല്ലാർ എന്നിവിടങ്ങളിൽ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ

രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ വനം വകുപ്പ് ആസ്ഥാനത്തുനിന്നും ലഭ്യമായിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

## വനഭൂമിയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനായുള്ള ജണ്ട നിർമ്മാണം

135(4529) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമിയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനായി ജണ്ട നിർമ്മിക്കാൻ മുൻസർക്കാരിന്റെ കാലത്ത് ഏത് കമ്പനിയെയാണ് ഏൽപ്പിച്ചിരുന്നത്; ഏതെല്ലാം തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കാണ് മേൽനോട്ട ചുമതല നൽകിയിരുന്നത്; വിശദമാക്കാമോ?

വനഭൂമിയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനായി ജണ്ട നിർമ്മിക്കാൻ മുൻസർക്കാരിന്റെ കാലത്ത് കമ്പനികളെ ഏൽപ്പിച്ചിട്ടില്ല. ടി പ്രവൃത്തികൾക്കായി ഇ-ടെണ്ടർ നടപടി സ്വീകരിക്കുകയും ആയതു മുഖാന്തരം കരാർ ഏറ്റെടുക്കുന്ന രജിസ്റ്റേഡ് കോൺട്രാക്ടർമാരാണ് ജണ്ട നിർമ്മാണ ജോലികൾ നിർവ്വഹിച്ചുവരുന്നത്. ടി ജോലികളുടെ മേൽനോട്ട ചുമതല അതത് ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ആഫീസർ,

ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നീ ഉദ്യോഗസ്ഥർ നിർവ്വഹിക്കുന്നതാണ്.

(ബി) പ്രസ്തുത ജണ്ടകൾ പലതും നശിച്ചുപോയതായും നിർമ്മാണപ്രവർത്തനങ്ങളിൽ ക്രമക്കേട് നടന്നതായുമുള്ള റിപ്പോർട്ട് വനം വകുപ്പിൽനിന്ന് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ വിവരങ്ങൾ വെളിപ്പെടുത്താമോ?

ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത ക്രമക്കേടുമൂലം സർക്കാരിനുണ്ടായ നഷ്ടം കുറ്റക്കാരായവരിൽനിന്നും ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

രജിസ്റ്റേഡ് കോൺട്രാക്ടർമാർവഴി നടത്തിയ ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വനം വിജിലൻസ് വിഭാഗത്തിന്റെയും സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെയും അന്വേഷണവും വെരിഫിക്കേഷനും പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അന്തിമമായി സർക്കാർ നഷ്ടം തിട്ടപ്പെടുത്തി ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരിൽനിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. ആയതിനുള്ള നടപടി നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്.

## ഇക്കോ ടൂറിസം പദ്ധതികൾ

136(4530) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിനുകീഴിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

വനം വകുപ്പിനുകീഴിൽ സംസ്ഥാനത്ത് 60 ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ആയതിന്റെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പുതുപ്പാടി പഞ്ചായത്തിലെ കക്കാട് ഇക്കോ ടൂറിസം പ്രോജക്ട് നടപ്പിലാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്.

## കൊടികുത്തിമല ഇക്കോ ടൂറിസം

137(4531) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിലെത്തുന്ന സഞ്ചാരികൾക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കുമോ?

കൊടികുത്തിമല ഇക്കോടൂറിസം കേന്ദ്രത്തിൽ സഞ്ചാരികൾക്കായി അമിനിറ്റി സെന്റർ നിലവിലുണ്ട്. അമിനിറ്റി സെന്ററിനും വാച്ച് ടവറിനും സമീപം കുടിവെള്ളത്തിനും പ്രാഥമികാവശ്യങ്ങൾക്കുമായി കുഴൽക്കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ നടപ്പാതയുടെ അറ്റകുറ്റപ്പണികൾ, കഫറ്റേരിയ എന്നിവയും പുരോഗമിച്ചുവരുന്നു.

(ബി) കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ പ്രാഥമികാവശ്യങ്ങൾക്കും കുടിവെള്ളത്തിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

എൻട്രൻസ് ഗേറ്റിന് സമീപമുള്ള അമിനിറ്റി സെന്ററിൽ ടോയ്‌ലെറ്റ് സൗകര്യം നിലവിലുള്ളതാണ്. കൂടാതെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി അമിനിറ്റി സെന്ററിന് സമീപവും വാച്ച് ടവറിനുസമീപവും ഓരോ കുഴൽക്കിണറുകൾ പുതുതായി നിർമ്മിച്ചിട്ടുണ്ട്.

**കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രം**

138(4532) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിലെത്തുന്ന

വിനോദസഞ്ചാരികൾക്ക് സൂര്യാസ്തമയം കാണുന്നതിനായി സന്ദർശന സമയം ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിലെ സന്ദർശന സമയം രാവിലെ 8.00 മുതൽ വൈകുന്നേരം 4.30 വരെയാണ്. സൂര്യാസ്തമയം ദൃശ്യമാകുന്ന സമുദ്രനിരപ്പിൽനിന്നും 1500 അടി ഉയരത്തിലുള്ള വാച്ച് ടവറിലേയ്ക്ക് 1.90 കി. മീറ്റർ ദൂരം കാൽനടയായാണ് സന്ദർശകരെത്തുന്നത്. ആയതിന് ഉദ്ദേശം 45 മിനിട്ട് സമയം എടുക്കും. സമുദ്രനിരപ്പിൽനിന്നും 1500 അടി ഉയരത്തിലുള്ള മലമ്പ്രദേശമായതിനാലും ദുർഘടമായ പാതയുൾപ്പെടുന്നതിനാലും വൈദ്യുതിയോ മൊബൈൽ ടവറോ നിലവിലില്ലാത്തതിനാലും വന്യജീവികളുടെ സാന്നിദ്ധ്യമുള്ളതിനാലും സന്ദർശകരുടെ സുരക്ഷാകാരണങ്ങളാൽ സമയം ദീർഘിപ്പിക്കാൻ നിർവ്വാഹമില്ല.

(ബി) കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിലെ വ്യൂ പോയിന്റിലേയ്ക്ക് സഞ്ചാരികൾക്ക് എത്തിച്ചേരുന്നതിന് ട്രക്കിംഗ് വാഹനങ്ങൾ അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ചെങ്കുത്തായ മലനിരയായതിനാലും സ്ഥലമില്ലായ്മയും കാരണം ട്രക്കിംഗ് വാഹനം അനുവദിക്കാൻ കഴിയുകയില്ല.

## കാസർഗോഡ് ജില്ലയിലെ വീരമലക്കുന്നിൽ ഇക്കോ ടൂറിസം പ്രോജക്ട്

139(4533) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ പ്രധാന ടൂറിസം സ്പോട്ടായ വീരമലക്കുന്നിൽ ഇക്കോ ടൂറിസം പ്രോജക്ട് ആരംഭിക്കാനുള്ള നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ഡിവിഷന്റെ 2022-23-ൽ അവസാനിക്കുന്ന നിലവിലെ വർക്കിംഗ് പ്ലാനിൽ വീരമലക്കുന്ന് ഇക്കോ ടൂറിസം പദ്ധതിയുൾപ്പെട്ടിട്ടില്ല.

## ജണ്ട നിർമ്മാണത്തിൽ അഴിമതി നടത്തിയവർക്കെതിരെ നടപടി

140(4534) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്നുവർഷത്തിനിടെ എഴുപത് കോടി രൂപ ചെലവിട്ട് വനാതിർത്തി നിർണ്ണയിക്കുന്ന ജണ്ടകൾ കെട്ടിയതിൽ വ്യാപകമായി അഴിമതി നടന്നതായി വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ?

സംസ്ഥാനത്തെ ചില വനം ഡിവിഷനുകളിൽ വനാതിർത്തി നിർണ്ണയിക്കുന്ന ജണ്ടകൾ കെട്ടിയതിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി വനം വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദമായ അന്വേഷണം നടന്നുവരികയാണ്.

(ബി) പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരികയുള്ളൂ.

(സി) കുറ്റക്കാരായവരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ?

അന്വേഷണം അന്തിമമായി പൂർത്തികരിച്ചാൽ മാത്രമേ കുറ്റക്കാരായി കണ്ടെത്തുന്നവർക്കെതിരെ നിയമാനുസൃതമായ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ ഡെപ്യൂട്ടേഷൻ നിയമനം**

141(4535) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വനം-വന്യജീവി വകുപ്പിൽ നിലവിൽ എത്ര ബീറ്റ്

ഫോറസ്റ്റ് ഓഫീസർമാരുണ്ട്; ഇവരിൽ വനിതകൾ എത്രയെന്നും പുരുഷൻമാർ എത്രയെന്നും വ്യക്തമാക്കാമോ?

കേരള വനം-വന്യജീവി വകുപ്പിൽ നിലവിൽ 2418 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരാണ് ജോലി ചെയ്തുവരുന്നത്. ഇവരിൽ 1884 പുരുഷ ജീവനക്കാരും 534 വനിതാ ജീവനക്കാരുമുൾപ്പെടുന്നു.

(ബി) ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരിൽ എത്ര പേർ ഡെപ്യൂട്ടേഷനിൽ വിവിധ കമ്പനി/കോർപ്പറേഷൻ/ ബോർഡ് മുതലായവയിൽ ജോലി ചെയ്യുന്നു; ഡെപ്യൂട്ടേഷനിൽ പോയവരിൽ വനിതകൾ എത്രയെന്നും പുരുഷൻമാർ എത്രയെന്നും വ്യക്തമാക്കാമോ?

ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരിൽ മൂന്ന് പുരുഷ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ ഡെപ്യൂട്ടേഷനിൽ വിവിധ കമ്പനി/ കോർപ്പറേഷൻ/ ബോർഡ് മുതലായവയിൽ ജോലി ചെയ്യുന്നുണ്ട്. വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ ഡെപ്യൂട്ടേഷനിൽ പോയിട്ടില്ല.

(സി) ബി.എഫ്.ഒ.-മാർ മറ്റ് സ്ഥലങ്ങളിൽ ഏതൊക്കെ തസ്തികകളിലാണ് ജോലി ചെയ്യുന്നത്; ഡെപ്യൂട്ടേഷനിലുള്ള ബി.എഫ്.ഒ.-മാരിൽ പരിശീലനം പൂർത്തിയാക്കാത്തവർ എത്ര പേരുണ്ട്; അവരെ പരിശീലനത്തിന് അയയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരിൽ രണ്ടുപേർ കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ക്ലറിക്കൽ തസ്തികയിലും ഒരാൾ കുടുംബശ്രീയിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ തസ്തികയിലുമാണ് ജോലി ചെയ്യുന്നത്. ടി മൂന്ന് ജീവനക്കാരും പരിശീലനം പൂർത്തിയാക്കിയിട്ടില്ല. ഇവർ ഡെപ്യൂട്ടേഷൻ കാലയളവ് പൂർത്തിയാക്കി മാതൃവകുപ്പിലേയ്ക്ക് തിരികെവരുന്ന മുറയ്ക്ക് പരിശീലനത്തിന് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഡെപ്യൂട്ടേഷനിലുള്ള ബി.എഫ്.ഒ.-മാരിൽ എത്രപേർ അവരുടെ ശമ്പള സ്കെയിലിനേക്കാൾ താഴ്ന്ന ശമ്പള സ്കെയിലുള്ള തസ്തികയിൽ ജോലി ചെയ്യുന്നു; ഉയർന്ന ശമ്പള സ്കെയിലിലുള്ളവരെ താഴ്ന്ന ശമ്പള സ്കെയിലിലുള്ള തസ്തികകളിൽ നിയമിക്കുന്ന നടപടി പരിശോധിക്കുമോ?

ഡെപ്യൂട്ടേഷനിലുള്ള ബി.എഫ്.ഒ.-മാർ അവരുടെ ശമ്പള സ്കെയിലിൽത്തന്നെയാണ് ജോലിയിൽ തുടരുന്നത്.

(ഇ) നിരവധി വനിതകൾ പരിശീലനം പൂർത്തിയാക്കി ദുർഘടമായ വനമേഖലയിൽ ജോലി ചെയ്യുമ്പോൾ പുരുഷന്മാരായ നിരവധി ബി.എഫ്.ഒ.-മാരെ മറ്റു തസ്തികകളിലേയ്ക്ക് അയച്ച വകുപ്പിന്റെ നടപടി റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ?

മൂന്ന് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ മാത്രമാണ് നിലവിൽ

ഡെപ്യൂട്ടേഷനിലുള്ളത്.

## വനം വകുപ്പിന് കീഴിലെ ജീവനക്കാരുടെ വിവരങ്ങൾ

142(4536) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വനം വകുപ്പിനുകീഴിൽ ആകെ എത്ര ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

വനം വകുപ്പിനുകീഴിൽ പാലക്കാട് ജില്ലയിലെ അനുവദനീയ തസ്തികകളുടെ എണ്ണവും ടി തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) അതിൽ എത്ര സ്ഥിരം ജീവനക്കാർ, എത്ര താത്കാലിക ജീവനക്കാർ എന്ന് വ്യക്തമാക്കാമോ?

വനം വകുപ്പിനുകീഴിൽ പാലക്കാട് ജില്ലയിൽ 982 സ്ഥിരം തസ്തികയാണുള്ളത്. അനുവദനീയ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക ജീവനക്കാരാരും ജോലി ചെയ്യുന്നില്ല.

## വനാശ്രിത സമൂഹത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾ

143(4537) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വനാശ്രിത സമൂഹത്തിന്റെ ക്ഷേമത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

വനാശ്രിത സമൂഹത്തിന്റെ ക്ഷേമത്തിനായി വനാശ്രിതരായ തദ്ദേശവാസികളെ അംഗങ്ങളാക്കി വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് അവരെ പങ്കാളികളാക്കി വനപരിപാലന, വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പാക്കുന്ന ഗ്രീൻ ഇന്ത്യ മിഷൻ (GIM) പദ്ധതിയുടെ കീഴിൽ ശോഷിത വനങ്ങളുടെ പുനരുദ്ധാരണം, നഗരപ്രദേശങ്ങളിൽ വനാവരണം വർദ്ധിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളിൽ വനസംരക്ഷണ സമിതി അംഗങ്ങളെ പങ്കാളികളാക്കി തൊഴിൽ ലഭ്യമാക്കുന്നു.

വന വികസന ഏജൻസികളുടെ നേതൃത്വത്തിൽ വനസംരക്ഷണ സമിതി/ ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളിലെ അംഗങ്ങൾ ശാസ്ത്രീയമായ രീതിയിൽ വനവിഭവ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനം എന്നിവ നടത്തി വനവിഭവങ്ങൾ വനശ്രീ മുഖേന വിൽപ്പന നടത്തുന്നു.

കേന്ദ്ര സർക്കാർ ഏജൻസിയായ TRIFED-ന്റെയും സംസ്ഥാന സർക്കാരിന്റെയും (75:25 CSS) ധനസഹായത്തോടെ ചെറുകിട

വനവിഭവങ്ങൾക്ക് താങ്ങുവില നൽകുന്ന MSP for MFP പദ്ധതിപ്രകാരം വനാശ്രിത സമൂഹം വനങ്ങളിൽനിന്നും ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില നൽകി ന്യായമായ വിലസംരക്ഷണം ഉറപ്പാക്കുന്നു. മേൽധനസഹായത്തോടെ നിലവിലുള്ള വനശ്രീകളുടെ വിപുലീകരണം, ആധുനികവൽക്കരണം, രൂപീകരണം എന്നിവയും നടപ്പാക്കുന്നു. ഇവയെല്ലാം വനാശ്രിത സമൂഹത്തിന് സഹായകരമാകുന്നു. പ്രധാനമന്ത്രി വൻ ധൻ വികാസ് യോജന പദ്ധതി (PMVDVY) മുഖേന വനാശ്രിത സമൂഹങ്ങൾക്ക് ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ പരിശീലനവും വനവിഭവങ്ങളുടെ മൂല്യവർദ്ധനവിനാവശ്യമായ യന്ത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ, മറ്റ് സാധനസാമഗ്രികൾ എന്നിവ വാങ്ങുന്നതിനുള്ള സഹായവും നൽകുന്നു. വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വനപരിപാലന തത്വത്തിൻ കീഴിൽ സംസ്ഥാനത്ത് വനം വകുപ്പ് നിലവിൽ 60 ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നുണ്ട്. പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതി / ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾക്കാണ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിന്റെയും പദ്ധതി പ്രദേശങ്ങളുടെ പരിപാലനത്തിന്റെയും ചുമതല. ഇക്കോ ടൂറിസം പദ്ധതി പ്രദേശങ്ങളിൽ

സന്ദർശക സുരക്ഷയ്ക്കായും പദ്ധതി പ്രദേശത്തിന്റെ പരിപാലനത്തിനും സംരക്ഷണത്തിനുമായി വനസംരക്ഷണ സമിതി/ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളെ ഗൈഡുകളായി നിയോഗിച്ചുവരുന്നു. ഇതുവഴി വനാശ്രിതരായ വനസംരക്ഷണ സമിതി / ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും അതിലൂടെ അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സഹായകരമാകുന്നു.

## തൊണ്ടി മുതലുകൾ നഷ്ടപ്പെട്ട സംഭവം

144(4538) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ പരുത്തിപ്പള്ളി റേഞ്ചിലെ സ്റ്റോറിംഗ് റൂമിൽ സൂക്ഷിച്ചിരുന്ന തൊണ്ടിമുതലായ ചന്ദനവിഗ്രഹങ്ങൾ കാണാതെപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്താൻ തയ്യാറാകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിവരുന്നുണ്ട്.

(ബി) 2016 മുതൽ വനംവകുപ്പ് ഇന്റലിജൻസ് മുട്ടത്തറ സ്വദേശികളിൽനിന്ന് പിടിച്ചെടുത്ത തൊണ്ടിമുതലാണ് നഷ്ടപ്പെട്ടതെന്ന

വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നഷ്ടപ്പെട്ട മറ്റ് തൊണ്ടിമുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

2016-ൽ വനം വകുപ്പ് ഇന്റലിജൻസ് മുട്ടത്തറ സ്വദേശികളിൽനിന്ന് പിടിച്ചെടുത്തതും പരുത്തിപ്പള്ളി റെയിഞ്ചിലെ ഒ.ആർ.-9/2016 നമ്പർ കേസിലെ തൊണ്ടിമുതലുകൾ കാണാതെ പോയതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിനെത്തുടർന്ന് 30-06-2022-ൽ പോലീസിൽ റിപ്പോർട്ട് ചെയ്യുകയും തുടർന്നുള്ള വനം വകുപ്പുതല അന്വേഷണത്തിൽ 06-07-2022-ൽ റെയിഞ്ച് ഹെഡ്ക്വാട്ടേഴ്സിലെ തൊണ്ടി റൂമിൽനിന്നും ടി കേസ്സിലെ കാണാതായ തൊണ്ടിമുതലുകൾ കണ്ടെടുത്തിട്ടുള്ളതായി സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അളവ് സഹിതമുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+ കൂടാതെ പരുത്തിപ്പള്ളി റെയിഞ്ചിലെ ഒ.ആർ. 15/2001, 14/2004 എന്നീ നമ്പർ കേസ്സുകളിലെ തൊണ്ടിമുതലുകൾ റെയിഞ്ച് ഹെഡ്ക്വാട്ടേഴ്സിൽനിന്നും നഷ്ടപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഒ.ആർ. 15/2001 കേസ്സിലെ ചന്ദനത്തിൽ ഭാഗികമായി പണിത ഒരു ഗണപതിവിഗ്രഹവും ഒരു ഉണ്ണികൃഷ്ണവിഗ്രഹവുമാണ് നഷ്ടപ്പെട്ടിട്ടുള്ളത്. ഒ.ആർ. 14/2004 കേസ്സിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തൊണ്ടിവകകളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) തൊണ്ടിമുതലുകൾ സ്റ്റോറേജ് റൂമിൽനിന്നും നഷ്ടപ്പെട്ട സംഭവം അറിഞ്ഞിട്ടില്ലെന്ന് പരുത്തിപ്പള്ളി റേഞ്ച് ഓഫീസർ മാധ്യമങ്ങളോട് പ്രതികരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ വീഴ്ച സംഭവിച്ചവർക്കെതിരെ അടിയന്തര നടപടി സ്വീകരിക്കുമോ?

പത്രമാധ്യമങ്ങളിൽ വാർത്ത വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഇപ്രകാരം മാധ്യമങ്ങളോട് പ്രതികരിച്ചിട്ടില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ കൃത്യനിർവ്വഹണ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

## വനം വികസന കോർപ്പറേഷൻ അദ്ധ്യക്ഷയുടെ യാത്രപ്പടി

145(4539) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) വനം വികസന കോർപ്പറേഷൻ അദ്ധ്യക്ഷ സ്വകാര്യ ആവശ്യങ്ങൾക്ക് കോർപ്പറേഷൻ വാഹനം ഉപയോഗിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) സ്വകാര്യ ആവശ്യങ്ങൾക്ക് കോർപ്പറേഷൻ വാഹനം ഉപയോഗിച്ചതിന് ചെലവായ തുക തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോർപ്പറേഷൻ അദ്ധ്യക്ഷയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ എത്രതുക തിരിച്ചടയ്ക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശം നൽകാമോ?

(എ & ബി) ഇത്തരത്തിൽ വനം വികസന കോർപ്പറേഷൻ ഒരു നോട്ടീസ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ തുടർനടപടി സ്വീകരിക്കേണ്ടതും കോർപ്പറേഷന്റെ പരിധിയിൽ വരുന്നതുമാണ്. നോട്ടീസ് പ്രകാരം 97140/- രൂപ തിരിച്ചടയ്ക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

**റോഡരുകിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ**

146(4540) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ചങ്ങനാശ്ശേരി വാഴൂർ റോഡിൽ കാഴ്ചമറച്ച് അപകടകരമായി നിൽക്കുന്ന എത്ര മരങ്ങൾ മുറിച്ചുമാറ്റണമെന്ന് ആവശ്യപ്പെട്ടാണ് പൊതുമരാമത്ത് വകുപ്പ് കത്ത് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അതിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ചങ്ങനാശ്ശേരി വാഴൂർ റോഡിൽ

കാഴ്ചമറച്ച് അപകടകരമായി നിൽക്കുന്ന ഒരു മാവും വെള്ളിലാവും മുറിക്കുന്നതിന് 08-10-2021-ൽ പൊതുമരാമത്ത് വകുപ്പ് അപേക്ഷ നൽകിയിട്ടുണ്ട്. ടി അപേക്ഷയിൽ അന്വേഷണം നടത്തി റിപ്പോർട്ട്, ചെയർമാനും മെമ്പർമാരും എൻ.ജി.ഒ. പ്രതിനിധികളും ഉൾപ്പെട്ട ട്രീ കമ്മിറ്റി ചർച്ച നടത്തുകയും തുടർന്ന് ട്രീ കമ്മിറ്റി നേരിട്ട് സംയുക്ത സ്ഥലപരിശോധന നടത്തി ടി മരങ്ങൾ അപകടഭീഷണി ഉയർത്തുന്നില്ലെന്ന് ബോദ്ധ്യപ്പെടുകയും ഇത്രയും കാലപ്പഴക്കംചെന്ന മരങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ഭാവിയിൽ ടി മരങ്ങൾ അപകടഭീഷണി ഉയർത്തുന്നപക്ഷം വീണ്ടും പരിശോധന നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് പ്രസ്തുത കത്ത് നൽകിയ തീയതി വ്യക്തമാക്കാമോ; അതിനുശേഷം എത്ര ട്രീ കമ്മിറ്റികൾ ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

08-10-2021-ലെ കെ-135/15(2) കത്ത് പ്രകാരമാണ് കാഴ്ചമറച്ചുനിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനുള്ള അപേക്ഷ പൊതുമരാമത്ത് വകുപ്പ് നൽകിയിരിക്കുന്നത്. അതിനുശേഷം അടിയന്തര ട്രീ കമ്മിറ്റി ഉൾപ്പെടെ 9 തവണ കമ്മിറ്റികൾ ചേർന്നിട്ടുണ്ട്.

(സി) മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അപേക്ഷ നൽകുന്ന വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത ട്രീ കമ്മിറ്റിയിൽ നേരിട്ട് ഹാജരാകണമെന്ന് നിബന്ധനയുണ്ടോ; എങ്കിൽ ഹാജരാകാൻ പൊതുമരാമത്ത് വകുപ്പ് അധികൃതരോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഹാജരാകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

10-02-2010-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 68/2010/വനം, പ്രകാരം മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അപേക്ഷ നൽകുന്ന വകുപ്പിലെ ഉദ്യോഗസ്ഥർ ട്രീ കമ്മിറ്റിയിൽ ഹാജരാകേണ്ടതില്ല.

(ഡി) അപേക്ഷകരായ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത യോഗത്തിൽ ഹാജരായിരുന്നില്ലായെന്ന് ട്രീ കമ്മിറ്റിയംഗം 04-07-2022-ലെ ഒരു ദിനപ്പത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നതിന്റെ വാസ്തവം എന്താണെന്ന് വ്യക്തമാക്കാമോ?

10-02-2010-ലെ സർക്കാർ ഉത്തരവ് (സാധാ.)നമ്പർ 68/2010/വനം, പ്രകാരം ട്രീ കമ്മിറ്റിയിൽ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അപേക്ഷ നൽകുന്ന വകുപ്പിലെ ഉദ്യോഗസ്ഥർ പങ്കെടുക്കേണ്ടതില്ല. എന്നാൽ അപകടകരമായ മരങ്ങൾ മുറിക്കുന്ന വേളയിൽ ട്രീ കമ്മിറ്റി നടത്തുന്ന സംയുക്ത സ്ഥലപരിശോധനയിൽ അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിന്

അപേക്ഷ നൽകുന്ന വകുപ്പിലെ ഉദ്യോഗസ്ഥർ പങ്കെടുത്ത് അപകടാവസ്ഥ ട്രീ കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്താവുന്നതാണ്.

(ഇ) ചങ്ങനാശ്ശേരി വാഴൂർ റോഡിൽ മൈലാടിയിൽ നിൽക്കുന്ന ആഞ്ഞിലിമരം മുറിക്കുന്നതിന് അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ 15-10-2019-ലെ ട്രീ കമ്മിറ്റി തീരുമാനപ്രകാരം ചങ്ങനാശ്ശേരി വാഴൂർ റോഡിൽ കങ്ങഴ കവലയ്ക്കും മയിലാടിക്കുംമദ്ധ്യേ നിൽക്കുന്ന ആഞ്ഞിലിമരം മുറിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

**ഫെൻസിംഗ് സ്ഥാപിക്കുന്നത്**

147(4541) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) കർണ്ണാടക വനവുമായി അതിർത്തി പങ്കിടുന്ന പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ വനാതിർത്തി മേഖലയിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിനായി ഫെൻസിംഗ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമേ?

കർണ്ണാടക വനവുമായി അതിർത്തി പങ്കിടുന്ന പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ വനാതിർത്തി മേഖലയിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിനായി ഫെൻസിംഗ് സ്ഥാപിക്കുന്നതിന് വനം വകുപ്പ് തലത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടില്ല.

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം 'എ' -യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) പ്രസ്തുത മേഖലയിൽ നിലവിൽ എത്ര മീറ്റർ നീളത്തിലാണ് ഫെൻസിംഗ് സ്ഥാപിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കർണ്ണാടക വനാതിർത്തിയിൽ 10 കി. മീ. ദൂരത്തിൽ സോളാർ പവർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ ചെറുപുഴ പഞ്ചായത്തിൽപ്പെട്ട ഇടക്കോളനിയിലെ 1 കി. മീ. ഭാഗം പൂർണ്ണമായും തകർന്ന നിലയിലാണ്. ആയത് അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## വന്യജീവി ആക്രമണംമൂലം അപകടം സംഭവിക്കുന്നവർക്കുള്ള ധനസഹായം

148(4542) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

ആലത്തൂർ മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണംമൂലം മരണമടയുന്നവർക്കും പരിക്കേൽക്കുന്നവർക്കും വനം വകുപ്പ് നൽകിവരുന്ന ധനസഹായം നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേർക്ക് അനുവദിച്ചിട്ടുണ്ടെന്നും ഓരോരുത്തർക്കും അനുവദിച്ച തുക എത്രയെന്നും അറിയിക്കാമോ?

ഈസ്റ്റേൺ സർക്കിളിന്റെ കീഴിലുള്ള നെന്മാറ ഡിവിഷന്റെ പരിധിയിൽ വരുന്ന ആലത്തൂർ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവി ആക്രമണംമൂലം മരണമടഞ്ഞവർക്കും പരിക്കേറ്റവർക്കും അനുവദിച്ച നഷ്ടപരിഹാരത്തിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**തോക്ക് ലൈസൻസ് ലഭിക്കുന്നതിനായുള്ള അപേക്ഷ**

149(4543) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിനായുള്ള തോക്ക് ലൈസൻസ് ലഭിക്കുന്നതിന് വടകര താലൂക്കിൽനിന്നും ലഭിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ജില്ലാ കളക്ടറിൽനിന്നും തോക്ക് ലൈസൻസ് ലഭിക്കുന്നതിന് വനം വകുപ്പിന്റെ ശിപാർശയ്ക്കായി വടകര താലൂക്കിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ റെയിഞ്ച് ഓഫീസർ നൽകുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ജില്ലാ കളക്ടർക്ക് അഭിപ്രായം സഹിതം നൽകുകയാണ് സാധാരണനിലയിൽ ചെയ്യാറുള്ളത്. എന്നാൽ മലബാർ വൈൽഡ് ലൈഫ് സാങ്ച്വറിയുടെ 10 കി. മീ. ചുറ്റളവിലുൾപ്പെടുന്ന കുറ്റ്യാടി ഭാഗങ്ങളിൽ വരുന്ന അപേക്ഷകൾ പരിശോധിച്ച് ചീഫ് വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കുകയും ആയവയിൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അഭിപ്രായം രേഖപ്പെടുത്തി തുടർനടപടിക്കായി ജില്ലാ കളക്ടർക്ക് നൽകുകയുമാണ് ചെയ്തുവരുന്നത്.

**വന്യമൃഗ ആക്രമണത്തിന് നഷ്ടപരിഹാരം**

150(4544) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിൽ വന്യമൃഗാക്രമണത്തിൽ കാർഷിക വിളകൾ നശിച്ച കർഷകർക്കും മറ്റ്

സ്വത്തുവകകൾ നഷ്ടപ്പെട്ടവർക്കും എത്ര തുക നഷ്ടപരിഹാരം നൽകിയെന്ന് വ്യക്തമാക്കാമോ?

നോർത്തേൺ സർക്കിൾ കണ്ണൂർ, വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് എന്നീ സർക്കിളുകളുടെ കീഴിൽ വരുന്ന വയനാട് ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വന്യമൃഗാക്രമണങ്ങളിൽ കാർഷിക വിളകൾ നശിച്ച കർഷകർക്കും മറ്റ് സ്വത്തുവകകൾ നഷ്ടപ്പെട്ടവർക്കും അനുവദിച്ച നഷ്ടപരിഹാര തുക അനുബന്ധമായി ചേർത്തിരിക്കുന്നു.+

## വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

151(4545) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നിലവിൽ എത്ര തുകയാണ് നഷ്ടപരിഹാരമായി അനുവദിക്കുന്നതെന്ന് അറിയിക്കാമോ?

05-04-2018-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം. 17/2018/വനം പ്രകാരം വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നിലവിൽ 10 ലക്ഷം രൂപ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നഷ്ടപരിഹാരമായി അനുവദിച്ചുവരുന്നു. വനത്തിനുപുറത്തുവച്ച് പാമ്പുകടിയേറ്റ് മരണം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരമായി 2 ലക്ഷം രൂപയും അനുവദിച്ചുവരുന്നുണ്ട്.

(ബി) വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകുവാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി നിലവിൽ ഇ-ഡിസ്ട്രിക്ട് (http://edistrict.kerala.gov.in) എന്ന ഓൺലൈൻ പോർട്ടൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ജനവാസ മേഖലകളിൽ വന്യജീവികളുടെ ആക്രമണം ഇല്ലാതാക്കുന്നതിന് പുതുതായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം ജനവാസ മേഖലകളിൽ വന്യജീവികളുടെ ആക്രമണം കുറയ്ക്കുന്നതിനുവേണ്ടി താഴെ പറയുന്ന നടപടി വിഭാവനം ചെയ്തിട്ടുണ്ട്.

1. വന്യജീവികൾ മനുഷ്യരുടെ വാസസ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.

2. മനുഷ്യനും-വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനം, ഡ്രോണുകളുടെ ഉപയോഗം എന്നിവ അടക്കമുള്ള നൂതനമാർഗ്ഗങ്ങൾ നടപ്പിലാക്കുക.

3. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാന സൗകര്യങ്ങളും മാനവ-വിഭവശേഷിയും വികസിപ്പിക്കുക.

4. വന്യജീവിമൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ്, ലൈഫ് ഇൻഷ്വറൻസ്, എക്സ്-ഗ്രേഷ്യ എന്നിവ നടപ്പിൽ വരുത്തുക.

5. ലൈൻ ഡിപ്പാർട്ട്മെന്റുകളുടെ സേവനം ഉപയോഗപ്പെടുത്തുക.

6. ജനപങ്കാളിത്തത്തോടെയുള്ള നടപടി ശക്തിപ്പെടുത്തുക.

7. പുൽമേടുകളും ജലസ്രോതസ്സുകളുമുൾപ്പെടെയുള്ള ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുക.

8. സംഘർഷം കുറയ്ക്കുന്നതിനുതകുന്ന അവബോധം സൃഷ്ടിക്കുന്നതിന്

പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക.

## വന്യമൃഗങ്ങൾ നശിപ്പിക്കുന്ന വിളകൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടികൾ

152(4546) ശ്രീ. ടി. പി .രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങൾ നശിപ്പിക്കുന്ന വിളകൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വന്യജീവികൾമൂലമുണ്ടാകുന്ന കാർഷിക നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ അല്ലാതെയോ നിശ്ചിത സമയപരിധിക്കുള്ളിൽ ഓൺലൈനായി ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തരം നൽകാവുന്നതാണ്. ടി അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് കർഷകർക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങളെ സംബന്ധിച്ച് കാർഷിക വിളകൾ തിരിച്ചുള്ള വിവരങ്ങൾ വനം വകുപ്പ് ജീവനക്കാർ ഫീൽഡ് പരിശോധന നടത്തുകയും 08-01-2015-ലെ സ.ഉ.(കൈ)നം.02/2015/വനം, 05-04-2018-ലെ സ.ഉ.(കൈ)നം 17/2018/വനം എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, നശിപ്പിക്കപ്പെട്ട ഓരോ കാർഷിക വിളകൾക്കുമായി തുക കണക്കാക്കുകയും കർഷകന്

നഷ്ടപരിഹാരം നൽകിവരികയും ചെയ്യുന്നുണ്ട്. കൂടാതെ കൃഷിവകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിലും ഇൻഷ്വർ ചെയ്യുന്ന കർഷകന് വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാൻ അർഹതയുണ്ട്.

## വന്യ മൃഗശല്യം ശാശ്വതമായി പരിഹരിക്കാൻ നടപടികൾ

153(4547) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്, കണ്ണൂർ ജില്ലകളുടെ അതിർത്തി പങ്കിടുന്ന പാലാവയലിലും അനുബന്ധ വില്ലേജുകളിലും തുടർച്ചയായുണ്ടാകുന്ന വന്യമൃഗ ശല്യം ശാശ്വതമായി പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പാലാവയലിലും അനുബന്ധ വില്ലേജുകളിലും വന്യമൃഗശല്യം തടയുന്നതിനായി പാലാവയൽ-വെള്ളക്കല്ല്-2.75 കി.മീ., വെള്ളക്കല്ല്-കുട്ടംകുഴി - 2.75 കി.മീ., ഈസ്റ്റ് എളേരി-അത്തിയടുക്കം-2 കി.മീ., മൈക്കയം - കമ്മാടി -2 കി.മീ. എന്നിങ്ങനെ സൗരോർജ്ജ വേലി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കോട്ടഞ്ചേരിയിൽ 500 മീറ്റർ ആനമതിലും നിർമ്മിച്ചിട്ടുണ്ട്. ശങ്കരങ്ങാനം-അത്തിയടുക്കം - 8 കി.മീ., മീനഞ്ചേരി-ബാവിക്കാനം - 3 കി.മീ., പാലാവയൽ - 750 മീറ്റർ ട്രഞ്ച് ഫെൻസ്

നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി നബാർഡ് സ്കീമിലുൾപ്പെടുത്തി ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ വന്യജീവി ആക്രമണം**

154(4548) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പനത്തടി, ബളാൽ ഗ്രാമപഞ്ചായത്തുകളിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിലെ പനത്തടി, ബളാൽ ഗ്രാമപഞ്ചായത്തുകളിൽ വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനുവേണ്ടി റാണിപുരം-പാറക്കടവ്-9.5 കി.മീ., ചെർണ്ണൂർ-വെസ്റ്റ് തുമ്പോടി-3 കി.മീ., ദൊഡ്ഡമന-പാടിക്കൊച്ചി-3 കി.മീ., വണ്ണാർക്കയം-വെസ്റ്റ് തുമ്പോടി-3 കി.മീ., വണ്ണാർക്കയം-കാര്യങ്ങാനം - 5 കി.മീ. എന്നിങ്ങനെ സൗരോർജ്ജവേലി പ്രവർത്തിക്കുന്നുണ്ട്. കല്ലപ്പള്ളിയിൽ 1.8 കി.മീ. കിടങ്ങ് നിർമ്മിച്ചിട്ടുണ്ട്. കുണ്ടുപ്പള്ളി- കാപ്പിത്തട്ട്-3 കി.മീ., റാണിപുരം എൻ.എ. പ്ലാന്റേഷൻ-2 കി.മീ., പാടിക്കൊച്ചി-രംഗത്തുമല -6 കി.മീ., പരിയാരം ഖാദി-കുവക്കാട്-2 കി.മീ. എന്നിവിടങ്ങളിൽ പുതുതായി

ളുക്ക് ഫെൻസ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി നബാർഡ് സ്കീമിലുൾപ്പെടുത്തി ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ ഇതുവരെ വന്യജീവി ആക്രമണത്തിൽ കൃഷിനാശമുണ്ടായവരിൽനിന്നും നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്രപേർക്ക് നഷ്ടപരിഹാരം നൽകിയെന്നും വ്യക്തമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മുതൽ ഇതുവരെ 595 അപേക്ഷകൾ നഷ്ടപരിഹാരത്തിനായി ലഭ്യമായിട്ടുണ്ട്. 219 അപേക്ഷകൾക്ക് നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട്.

**പാമ്പുകടിയേറ്റവർക്കുള്ള ചികിത്സാ സഹായം**

155(4549) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാമ്പുകടിയേറ്റ് ചികിത്സ ചെയ്യുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് വനം വകുപ്പ് ലഭ്യമാക്കിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

05-04-2018-ലെ സ.ഉ. (കൈ) നം. 17/2018/വനം പ്രകാരം വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിക്കുന്ന വ്യക്തികൾക്ക് 2 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിവരുന്നു. കൂടാതെ

പാമ്പുകടിയുൾപ്പെടെയുള്ള വന്യജീവി ആക്രമണംമൂലം സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപവരെയും പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരുലക്ഷം രൂപവരെയും അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകുന്നതാണ്. ചികിത്സാ ചെലവ് അനുവദിക്കുന്നത് അപേക്ഷകന് ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. മേൽ നഷ്ടപരിഹാര തുക ലഭിക്കുന്നതിന് ഇ-ഡിസ്ട്രിക്ട് ഓൺലൈൻ പോർട്ടൽ മുഖാന്തരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം**

156(4550) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവർക്കും പരിക്ക് പറ്റുന്നവർക്കും സ്വത്തുവകകൾ നഷ്ടപ്പെടുന്നവർക്കും ഇപ്പോൾ നഷ്ടപരിഹാരമായി എത്ര രൂപയാണ് അനുവദിക്കുന്നതെന്ന്

വ്യക്തമാക്കാമോ?

05-04-2018-ലെ സ.ഉ.(കൈ) നം. 17/2018/വനം നമ്പർ ഉത്തരവ് പ്രകാരം വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപ നഷ്ടപരിഹാരമായി അനുവദിച്ചുവരുന്നു. വനത്തിനുപുറത്തുവച്ച് പാമ്പുകടിയേറ്റ് മരണം സംഭവിച്ചാൽ നഷ്ടപരിഹാരം 2 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണംമൂലം സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപവരെയും പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരുലക്ഷം രൂപവരെയും പ്രസ്തുത ഉത്തരവുപ്രകാരം അനുവദിച്ചുവരുന്നു. വന്യമൃഗങ്ങളുടെ ആക്രമണംമൂലം പരിക്കുപറ്റുന്ന പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകുന്നതാണ്. വീടുകൾ/ കുടിലുകൾ, കൃഷി, കന്നുകാലികൾ എന്നിവയ്ക്ക് വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക്, കണക്കാക്കപ്പെടുന്ന തുകയുടെ 100% പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും അനുവദിക്കുന്നു.

(ബി) വന്യജീവി ആക്രമണം ചെറുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കി

വരുന്നതെന്ന വിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ വനാതിർത്തിയോട് ചേർന്നുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷംമൂലമുള്ള മരണങ്ങൾ കൃഷിനാശം എന്നിവ ഒഴിവാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പും വനം വകുപ്പും യോജിച്ച് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് ഇരുവകുപ്പുകളിലെയും മന്ത്രിമാർ 14.09.2021-ന് യോഗം ചേരുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വന്യജീവി ആക്രമണം തടയുന്നതിനുള്ള നടപടി ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശമുൾപ്പെടുന്ന സർക്കുലർ പുറപ്പെടുവിക്കാൻ തീരുമാനിക്കുകയും നടപടി തുടർന്നുവരികയുമാണ്. വന്യജീവി ആക്രമണ പ്രതിരോധത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തക്കരീതിയിൽ വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ തദ്ദേശീയരും ജനപ്രതിനിധികളും വന ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ 07-02-2017-ലെ സ.ഉ. (സാ.ധാ) 51/2017/വനം നമ്പർ ഉത്തരവുപ്രകാരം രൂപീകരിച്ച് 2017 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷനും ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്/ മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ഉപാദ്ധ്യക്ഷനും ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

എന്നിവർ അംഗങ്ങളുമായ 261 ജനജാഗ്രതാ സമിതികൾ നിലവിൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ അഡ്വൈസറി പ്രകാരം സംസ്ഥാന ജില്ലാ തലങ്ങളിൽ ഏകോപന സമിതികൾ രൂപീകരിച്ച് 09.12.2021-ലെ G.O.(Rt) No.402/2021/F&WLD പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും തുടർനടപടി സ്വീകരിച്ചുവരുന്നതുമാണ്. കാട്ടുപന്നികളെ നിയമാനുസൃതം കൊല്ലുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡന്/ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം നൽകിക്കൊണ്ട് 28-05-2022, 31-05-2022 എന്നീ തീയതികളിൽ സർക്കാർ ഉത്തരവായിട്ടുള്ളതും തുടർനടപടി സ്വീകരിച്ചുവരുന്നതുമാണ്.

## കാട്ടുപന്നികളെ നിയന്ത്രിക്കുന്നത് സംബന്ധിച്ച്

157(4551) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കർഷകർക്ക് നഷ്ടം വരുത്തുന്ന കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിന് വകുപ്പ് പുതിയ മാർഗ്ഗനിർദേശം പുറത്തിറക്കിയിട്ടുണ്ടോ;

ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. ജനവാസ മേഖലകളിൽ മനുഷ്യജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, കോർപ്പറേഷൻ മേയർമാർ എന്നിവരെയും അധികാരപ്പെട്ട ഉദ്യോഗസ്ഥരായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, മുനിസിപ്പൽ സെക്രട്ടറിമാർ, കോർപ്പറേഷൻ സെക്രട്ടറിമാർ എന്നിവരെയും അധികാരപ്പെടുത്തിക്കൊണ്ട് 28-05-2022, 31-05-2022 എന്നീ തീയതികളിൽ സർക്കാർ ഉത്തരവുകളും 31-05-2022-ൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നടപടി ഉത്തരവും പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കാട്ടുപന്നികളെ കൊല്ലുന്ന വേളകളിൽ മനുഷ്യജീവനും സ്വത്തിനും വളർത്തുമൃഗങ്ങൾക്കും ഇതര വന്യജീവികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ലെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

2. കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്.

3. കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്.

4. ജനജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊല്ലുന്നതിനും ജഡം യഥാവിധി സംസ്കരിക്കുന്നതിലും മേൽപ്രസ്താവിച്ച അധികാര സ്ഥാനങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.

5. 05-05-2022-ലെ സ.ഉ.(കൈ) നം. 23/2022/വനം സർക്കാർ ഉത്തരവിലേതിന് പകരമായി മേൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആയതിന് 27-05-2023 വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.

6. മേൽ പ്രകാരം ജനവാസ മേഖലകളിൽ മനുഷ്യജീവനും സ്വത്തിനും കൃഷിക്കും നാശംവരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി, പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻ/ അധികാരപ്പെട്ട ഉദ്യോഗസ്ഥന്, അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന

കൊല്ലിക്കുന്നതിന്, അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഉത്തരവ് നൽകാവുന്നതാണ്. മനുഷ്യജീവനും മറ്റുവന്യജീവികൾ, വളർത്തുമൃഗങ്ങൾ എന്നിവയ്ക്കും അപകടം സംഭവിക്കാതിരിക്കുന്നതിനായി വിഷപ്രയോഗം, സ്ഫോടകവസ്തുപ്രയോഗം, വൈദ്യുതി ഷോക്കേൽപ്പിക്കൽ എന്നിവ ഒഴികെയുള്ള മറ്റുരീതികളിൽ ഇത്തരം കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാവുന്നതാണ്.

(ബി) കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവച്ചുകൊല്ലുന്നതിന് സംസ്ഥാനത്ത് വനം വകുപ്പ് കർഷകർക്ക് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ?

കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവച്ചുകൊല്ലുന്നതിന് തോക്ക് ലൈസൻസുള്ള കർഷകർക്ക് വനം വകുപ്പ് അനുമതി ലഭ്യമാക്കിയിരുന്നു. 18-05-2020-ലെ സ.ഉ. (സാധാ) നം. 111/2020/വനം പ്രകാരം ഫോറസ്റ്റ് റെയിഞ്ച് പരിധിയിലുള്ള തോക്ക് ഉപയോഗിക്കാൻ ലൈസൻസുള്ളവരും പന്നിയെ കൊല്ലാൻ സന്നദ്ധരായവരുമായ വ്യക്തികളുടെ ഒരു പാനൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ തയ്യാറാക്കി പ്രസ്തുത പാനലിലുൾപ്പെട്ടവർക്ക് കാട്ടുപന്നിയെ വെടിവച്ച് കൊല്ലാനുള്ള അനുമതി നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ

അടിസ്ഥാനത്തിൽ തോക്ക് ലൈസൻസുള്ള കർഷകർക്ക് വിവിധ ഡിവിഷനുകളിൽ കാട്ടുപന്നികളെ വെടിവച്ചുകൊല്ലുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ വന്യമൃഗശല്യം**

158(4552) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ വനമേഖലയുമായി അതിർത്തി പങ്കിടുന്ന കോരുത്തോട്, മുണ്ടക്കയം, എരുമേലി എന്നീ പഞ്ചായത്തുകളിൽ വന്യമൃഗശല്യം പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിലെ വനമേഖലയുമായി അതിർത്തി പങ്കിടുന്ന കോരുത്തോട്, മുണ്ടക്കയം, എരുമേലി പഞ്ചായത്തുകളിലെ ഹൈറേഞ്ച് സർക്കിളിനുകീഴിൽ വരുന്ന ഭാഗങ്ങളായ കൊപ്പം-മാങ്ങാപേട്ട, പാണനിലാവ്- എരുത്വാപ്പുഴ, എരുത്വാപ്പുഴ-എലിവാലിക്കര, എലിവാലിക്കര-കൊപ്പം, കാളകെട്ടി-കീരിത്തോട്, കീരിത്തോട്-എലിവാലിക്കര, മാങ്ങാപേട്ട-504 കോളനി, 504 കോളനി-കാരിശ്ശേരി, പാണപിലാവ്-എരുത്വാപ്പുഴ, 2015 തേക്ക് തോട്ടം, 2016 തേക്ക് തോട്ടം, കണ്ടങ്കയം-

പത്തേക്കർ-മൈനാക്കുളം, കൊമ്പുകുത്തി സെറ്റിൽമെന്റ് എന്നീ പ്രദേശങ്ങളിൽ ആകെ 63.8 കി.മീ. ദൂരത്തിൽ നിലവിൽ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുള്ളതാണ്. കൂടാതെ കോരുത്തോട് ഗ്രാമപഞ്ചായത്തിലെ പത്തേക്കർ മുതൽ കണ്ണാട്ടുകവല വരെ 500 മീറ്റർ നീളത്തിൽ കിടങ്ങ് നിർമ്മിക്കുന്നതിന് നബാർഡ് ബഡ്ജറ്റ് ഹെഡിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി തുടർനടപടി സ്വീകരിച്ചുവരുന്നതാണ്. മതമ്പ-ചേന്നാപ്പാറ ഭാഗത്ത് പുലിയുടെ സാന്നിദ്ധ്യമുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ പൊതുജനങ്ങളുടെ ഭീതി മാറ്റുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനുമായി മാനദണ്ഡങ്ങൾക്കനുസൃതമായി കൂട് സ്ഥാപിക്കുകയും ജീവനക്കാർ നിരീക്ഷണം നടത്തിവരികയും ചെയ്യുന്നുണ്ട്. കോരുത്തോട് ഗ്രാമപഞ്ചായത്തിലെ കണ്ടങ്കയം പ്രദേശവാസികളുടെ ജനജാഗ്രതാ സമിതി വിളിച്ചുകൂട്ടുകയും തദ്ദേശവാസികളുടെ സഹകരണത്തോടെ അടിക്കാടുകൾ തെളിച്ച് 10 മീറ്റർ വിസ്തൃതിയിൽ വിസ്താ ക്ലിയറിംഗ് നടത്തിയിട്ടുള്ളതാണ്. ജനങ്ങൾക്ക് ശല്യമുണ്ടാക്കിയിരുന്ന 24 കാട്ടുപന്നികളെ സർക്കാർ ഉത്തരവിന് വിധേയമായി വെടിവച്ച് കൊന്നിട്ടുള്ളതാണ്. വനം വകുപ്പ് ജീവനക്കാരും വാച്ചർമാരും പകൽ രാത്രികാല പട്രോളിംഗ് ടി ഭാഗങ്ങളിൽ നടത്തിവരുന്നുണ്ട്. കോട്ടയം

വൈൽഡ് ലൈഫ് സർക്കിളിന്റെ അധികാരപരിധിയിൽപ്പെടുന്ന പെരിയാർ വെസ്റ്റ് ഡിവിഷനുകീഴിലുള്ള പമ്പ, അഴുത എന്നീ റെയിഞ്ചിനുകീഴിലുള്ള മേഖലകളിൽ വന്യജീവി സംഘർഷംമൂലം കൃഷിനാശവും ജീവനും സ്വത്തിനും നാശം വരുത്തുന്നത് തടയുന്നതിനായി സോളാർ വേലി, ട്രഞ്ച് എന്നിവ സ്ഥാപിച്ച് പൂർണ്ണമായും സംരക്ഷണം ഉറപ്പുവരുത്തിയിട്ടുള്ളതാണ്. സോളാർ വേലിയുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ലൈൻമാൻമാരെ നിയോഗിച്ചിട്ടുണ്ട്. പെരിയാർ വെസ്റ്റ് ഡിവിഷനുകീഴിൽ രൂപീകരിച്ചിട്ടുള്ള റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനവും കാര്യക്ഷമമായി ഉപയോഗിച്ചുവരുന്നു.

(ബി) പ്രസ്തുത സ്ഥലങ്ങളിൽ കിടങ്ങ്, സോളാർവേലി, ജൈവവേലി തുടങ്ങിയ മൾട്ടി ഫെൻസിംഗ് സമ്പ്രദായം ഉപയോഗിച്ച് വനഭൂമിയും കൃഷിഭൂമിയും പൂർണ്ണമായും വേർതിരിച്ച് വന്യമൃഗങ്ങൾ കൃഷി ഭൂമിയിലേയ്ക്കുകടന്ന് കൃഷി, ജീവൻ, സ്വത്ത് എന്നിവയ്ക്ക് നാശം വരുത്തുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഹൈറേഞ്ച് സർക്കിളിന്റെ പരിധിയിൽവരുന്ന വനമേഖലയുമായി അതിർത്തി പങ്കിടുന്നതും വന്യജീവി ആക്രമണം രൂക്ഷമായതുമായ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച്

കിടങ്ങ്, സോളാർവേലി എന്നിവയുടെ പരിപാലനത്തിലൂടെ വന്യമൃഗങ്ങൾ കൃഷി ഭൂമിയിലേയ്ക്കുകടന്ന് കൃഷിക്കും ജീവനും സ്വത്തിനും നാശം വരുത്തുന്നത് തടയുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കോട്ടയം വൈൽഡ് ലൈഫ് സർക്കിളിന്റെ അധികാരപരിധിയിൽപ്പെടുന്ന പെരിയാർ വെസ്റ്റ് ഡിവിഷനുമായി ചേർന്നുകിടക്കുന്നതും പൂഞ്ഞാർ മണ്ഡലത്തിൽപ്പെടുന്ന വനമേഖലയുമായി അതിർത്തി പങ്കിടുന്ന എരുമേലി പഞ്ചായത്തിൽപ്പെടുന്നതുമായ പമ്പാവാലി മേഖലകളിൽ വന്യജീവി സംഘർഷംമൂലം കൃഷിനാശവും ജീവനും സ്വത്തിനും നാശം വരുത്തുന്നത് തടയുന്നതിനായി 21.68 കി.മീ. സോളാർ വേലിയും 11.09 മീറ്റർ ട്രഞ്ചും സ്ഥാപിച്ച് വനഭൂമിയും കൃഷിഭൂമിയും വേർതിരിച്ച് വന്യമൃഗങ്ങൾ കൃഷിഭൂമിയിലേയ്ക്കുകടന്ന് കൃഷി, ജീവൻ, സ്വത്ത് എന്നിവയ്ക്ക് നാശം വരുത്തുന്നത് തടയാൻ സാധിച്ചിട്ടുണ്ട്.

(സി) വന്യമൃഗശല്യംമൂലം കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന്റെ മാനദണ്ഡം പരിഷ്കരിക്കുന്നതിനും നഷ്ടപരിഹാരം കാലവിളംബം കൂടാതെ നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വന്യജീവികളുടെ ആക്രമണംമൂലം കാർഷിക വിളകൾക്കുണ്ടാകുന്ന

നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നിരക്ക് നിശ്ചയിച്ചിട്ടുള്ളത് 08-01-2015-ലെ സ.ഉ.(കൈ) നം. 02/2015/വനം ഉത്തരവുപ്രകാരമാണ്. പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്യുന്നതിന് സർക്കാരിലേയ്ക്ക് സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരികയാണ്.

## ജലവിഭവ വിവര സംവിധാനം

159(4553) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. സി.സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വിവര സംവിധാനം ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതമായി വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കേരള ജലവിഭവ വിവര സംവിധാനം എന്ന പേരിൽ ഒരു വെബ് എനേബിൾഡ് പ്ലാറ്റ്ഫോം നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംവിധാനത്തിന്റെ സഹായത്തോടെ ജലലഭ്യത, ജലത്തിന്റെ ആവശ്യകത എന്നിവ സമഗ്രമായി പരിശോധിച്ച് വാട്ടർ

ബജറ്റിംഗ് ഉൾപ്പെടെയുള്ള ജലവിഭവ മാനേജ്മെന്റ് നടപ്പാക്കുന്നതിന് കഴിയുമോ എന്ന് വ്യക്തമാക്കുമോ?

(എ-സി) ഉണ്ട്. കേരള സംസ്ഥാനത്തിൽ 2018, 2019 വർഷങ്ങളിൽ കാലാവസ്ഥാ വ്യതിയാനത്തോടനുബന്ധിച്ച് അതിഭീകരമായ വെള്ളപ്പൊക്കം നേരിടേണ്ടിവന്ന പശ്ചാത്തലത്തിൽ, ഇത്തരം ദുരന്തങ്ങളെ കാര്യക്ഷമമായി നേരിടുന്നതിനും ഇത്തരം സാഹചര്യങ്ങളെ ഫലപ്രദമായി തരണം ചെയ്യുന്നതിനും അതിനുവേണ്ട പ്രവർത്തനങ്ങൾ ഉചിതമായി ഏകോപിപ്പിക്കുന്നതിനും ശാസ്ത്രീയമായ സാങ്കേതികവിദ്യയിലൂടെ ജലവിഭവങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വിശകലനം ചെയ്യുന്നതിനും അനുയോജ്യമായ സമഗ്രമായ ഒരു വെബ് എനേബ്ൾഡ് പ്ലാറ്റ്ഫോമായാണ് ' Kerala Water Resources Information System (K-WRIS)' വിഭാവനം ചെയ്തിരിക്കുന്നത്. ഈ സംവിധാനത്തിലെ ഓരോ മോഡ്യൂളുകളും ഇതര വകുപ്പുകളിൽനിന്നും നാളിതുവരെ ലഭിച്ചിട്ടുള്ള ഡാറ്റായുൾപ്പെടുത്തിയാണ് വികസിപ്പിച്ചിട്ടുള്ളത്.

K-WRIS-ൽ ജലലഭ്യത, ജലത്തിന്റെ ആവശ്യകത മുതലായവ സമഗ്രമായി പരിശോധിച്ച് ജലവിഭവ മാനേജ്മെന്റ് നടപ്പാക്കുന്നതിനായി വാട്ടർ ബഡ്ജറ്റ്, വാട്ടർ ഓഡിറ്റ് മുതലായ മോഡ്യൂളുകളുടെ സോഫ്റ്റ്വെയറിന്റെ

വികസനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും മറ്റുവകുപ്പുകളുടെ പല ഡാറ്റകളും ഇനിയും ലഭ്യമാകേണ്ടതുണ്ട്. ഈ ഡാറ്റാ മറ്റുള്ള വകുപ്പുകളുമായി സഹകരിച്ച് ലഭ്യമാക്കി, പൈലറ്റ് അടിസ്ഥാനത്തിൽ ചില പഞ്ചായത്തുകളിൽ ഇവ ഫീൽഡ് ഡാറ്റയുമായി താരതമ്യം ചെയ്ത് അവയുടെ പ്രയോജനക്ഷമതയും ഉപയോഗക്ഷമതയും ഉറപ്പാക്കിയതിനുശേഷം മാത്രമേ മറ്റ് പഞ്ചായത്തുകൾക്കും അതുപോലെതന്നെ സമഗ്രമായ ജലവിഭവ മാനേജ്മെന്റിനും പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(ഡി) വെള്ളപ്പൊക്ക പ്രവചനവും മുന്നറിയിപ്പും ഉൾപ്പെടെയുള്ള ജലവിഭവ തൽസ്ഥിതി പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഇതിന്റെ ഭാഗമായി ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

2018-ലും 2019-ലും കേരളം അഭിമുഖീകരിച്ച അതിതീവ്ര വെള്ളപ്പൊക്കത്തിൽനിന്നുമുള്ള പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, ഈ വർഷങ്ങളിൽ ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ട നദീതടമായ പെരിയാറിന്റെ വെള്ളപ്പൊക്ക പ്രവചന മുന്നറിയിപ്പ് സംവിധാനം നടപ്പിലാക്കുവാനായുള്ള പദ്ധതി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിനുകീഴിൽ തുടക്കം കുറിച്ചിട്ടുണ്ട്. ഈ നദീതടത്തിലെ റിസർവോയറുകളുടെ തത്സമയപ്രവർത്തനം

ഏകോപിപ്പിച്ചുകൊണ്ടാണ് ഈ വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം ആവിഷ്കരിച്ചിരിക്കുന്നത്. 2022 സെപ്റ്റംബർ മാസത്തിൽ ഈ പദ്ധതിയുടെ മോഡൽ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. തുടർന്ന് രണ്ട് മഴക്കാലങ്ങളിലെങ്കിലും ഈ മോഡൽ പ്രവർത്തിപ്പിച്ചുകൊണ്ട് ഫോർകാസ്റ്റും യഥാർത്ഥ ജലത്തിന്റെ ഒഴുക്കുമായി താരതമ്യപ്പെടുത്തി കാലിബ്രേറ്റ് ചെയ്യേണ്ടതായിട്ടുണ്ട്.

**ആലുവ കാഞ്ഞൂർ പഞ്ചായത്തിലെ വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധാരണം**

160(4554) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ കാഞ്ഞൂർ പഞ്ചായത്തിലെ നൂറ്റിപ്പാടം, വെള്ളാരപ്പിള്ളി പുഞ്ച എന്നിവിടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന 13-04-2022-ലെ എം.ഐ.1/42/2022/ജ.വി.വ. നമ്പർ സർക്കാർ കത്തിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ നടപടികൾ സ്വീകരിച്ച് കാഞ്ഞൂർ

ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് മറുപടി നൽകണമെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ടോ; എങ്കിൽ മറുപടി കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) പ്രസ്തുത കത്ത് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും റിപ്പോർട്ടിനായി എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് മറുപടി നൽകുന്നതാണ്.

(സി) മേൽ പരാമർശിച്ച സ്ഥലങ്ങളിൽ നെൽകൃഷി ആരംഭിക്കുന്നതിനുവേണ്ടി വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധരിക്കുന്ന പ്രവൃത്തി എത്രയുംവേഗം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിൽ പരാമർശിച്ചിട്ടുള്ള ഏകദേശം 63 സെന്റോളം വരുന്ന പാടശേഖരത്തിൽ ജലസേചനത്തിനുതകുന്ന വെള്ളാരപ്പിള്ളി ചാൽ കാടുകയറിയും മണ്ണിടിഞ്ഞും ഉപയോഗയോഗ്യമല്ലാതായിരിക്കുകയാണ്. ഏകദേശം 800 മീറ്റർ ഡ്രെയിനേജ് തോടുകൾ നിർമ്മിക്കുന്നതിനും വെള്ളാരപ്പിള്ളി ചാൽ കെട്ടി സംരക്ഷിക്കുന്നതിനും കൃഷിക്ക് യന്ത്രങ്ങൾ പാടത്തിറക്കുന്നതിനാവശ്യമായ റാമ്പുകൾ നിർമ്മിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ

ലഭ്യതയനുസരിച്ചും പ്രവൃത്തിയുടെ ആവശ്യകതയും മുൻഗണനയും പരിഗണിച്ചും തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം**

161(4555) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണം, പരിപാലനം, ജലസംരക്ഷണ ബോധവൽക്കരണം എന്നീ മേഖലകളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തിന് ദേശീയ ജലപുരസ്കാരം ലഭിച്ചിരുന്നുവോ; എങ്കിൽ വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ ജല ശക്തി മന്ത്രാലയത്തിന്റെ മൂന്നാമത് ദേശീയ ജലപുരസ്കാരത്തിൽ 2020-2021-ലെ പ്രവർത്തനങ്ങൾക്ക് ദക്ഷിണ മേഖലയിലെ മികച്ച ജില്ലയായി തിരുവനന്തപുരം ജില്ലയെ തെരഞ്ഞെടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ പാലക്കാട് ജില്ലയിലെ ഇലപ്പുള്ളി ഗ്രാമപഞ്ചായത്ത് മൂന്നാമതായി തെരഞ്ഞെടുക്കപ്പെട്ടു.

(ബി) സംസ്ഥാനത്ത് നടപ്പാക്കുന്ന ജലസ്രോതസ്സുകളുടെ പുനരുജ്ജീവന

പരിപാടി എത്രത്തോളം വിജയകരമാക്കാൻ സാധിച്ചുവെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാതിരിക്കുന്നതിന് ജല അതോറിറ്റിയുടെ സ്രോതസ്സുകൾക്കുസമീപം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും സ്രോതസ്സുകളുടെ ഇൻടേക്/ ഗ്യാലറി/കിണർ എന്നിവയിൽ അടിഞ്ഞുകൂടുന്ന ചെളിയും മാലിന്യങ്ങളും കാലാകാലങ്ങളിൽ നീക്കം ചെയ്തും കമ്പിവേലികൾ കെട്ടിയും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും ജലസംരക്ഷണത്തിനായി പോസ്റ്ററുകൾ പതിപ്പിച്ചും വൈദ്യുതി വിളക്കുകൾ സ്ഥാപിച്ചും പായലുകൾ നീക്കം ചെയ്തും മലിനീകരണം തടഞ്ഞ് ഗുണനിലവാരം ഉറപ്പാക്കിയിട്ടുണ്ട്.

ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തി നിലനിന്നിരുന്ന കാർഷിക വ്യവസ്ഥയും അനുബന്ധ തൊഴിലുകളായ കന്നുകാലി വളർത്തൽ, മത്സ്യകൃഷി തുടങ്ങിയവയിൽ വന്നമാറ്റം, നഗരവൽക്കരണം എന്നിവമൂലം ജലസ്രോതസ്സുകൾ ശുചിയാക്കി അധികകാലം കഴിയും മുമ്പേ അവ പൂർവ്വസ്ഥിതിയിലാകുന്നു. അതിനാൽ ജലസ്രോതസ്സുകളുടെ സുസ്ഥിരമായ പരിപാലനത്തിനായി പുനരുജ്ജീവന പ്രവൃത്തികൾ നിശ്ചിത ഇടവേളകളിൽ നടപ്പാക്കിവരുന്നു.

കാലാകാലങ്ങളായും 2018, 2019 വർഷങ്ങളിലെ പ്രളയാനന്തരവും ജലസ്രോതസ്സുകളുടെ അടിത്തട്ടിലും കരകളിലും എക്കൽ, മണ്ണ്, മണൽ, മറ്റ് പാഴ്വസ്തുക്കൾ എന്നിവ അടിഞ്ഞുകൂടി ഒഴുക്ക് തടസ്സപ്പെട്ടിരുന്നു. ഇത് കണക്കിലെടുത്ത് കേരളത്തിലെ 44 നദികളുടെയും ചുമതല ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും നദികളുടെ സ്ഥിതി വിവരിക്കുന്ന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി തൊഴിലുറപ്പുപദ്ധതിയുടെ സഹകരണത്തോടെയും ജലസേചന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചും പ്രവൃത്തികൾ നടപ്പാക്കിവരുന്നു. പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി ദിവസേന വിലയിരുത്തിവരുന്നു.

സംസ്ഥാന ബഡ്ജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കി, സംഭരണശേഷി പുനഃസ്ഥാപിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പ് മുഖേന നടപ്പാക്കുന്നതുവഴി ഭൂഗർഭ ജല സംഭരണം വർദ്ധിപ്പിക്കുന്നതിനും സാദ്ധ്യമാകുന്നു. ഇത് കാട്ടാക്കട നിയോജകമണ്ഡലത്തിലെ ജലസമൃദ്ധി പദ്ധതിയിൽ വിലയിരുത്താൻ കഴിഞ്ഞിട്ടുള്ളതാണ്. ഇതിനുപുറമേ

ജനപങ്കാളിത്തത്തോടുകൂടി സന്നദ്ധപ്രവർത്തന സ്വഭാവത്തിലും ജലസ്രോതസ്സുകൾ പരിപാലിച്ചുവരുന്നു. ('ഇനി ഞാനൊഴുകട്ടെ' എന്ന പദ്ധതി ഇതിനുദാഹരണമാണ്).

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി 2019 മെയ് മാസത്തിൽ തിരുവനന്തപുരത്തുവച്ച് 3 ദിവസം നീണ്ടുനിന്ന ഒരു ജലസംഗമം സംഘടിപ്പിക്കുകയും അവിടെ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പാക്കിയ ജനകീയ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവതരണങ്ങൾ നടത്തുകയുണ്ടായി. ദേശീയ തലത്തിലെ വിദഗ്ദ്ധർ പ്രസ്തുത സംഗമത്തിൽ പങ്കെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരമെന്ന് വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത സംഗമത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് ഹരിതകേരളം മിഷൻ തുടർപ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ജലസംരക്ഷണത്തിന് ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പാക്കിയ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ?

കേരളം വേനൽക്കാലത്ത് നേരിടുന്ന ജലക്ഷാമം മുന്നിൽക്കണ്ട് തദ്ദേശസ്വയംഭരണം, റവന്യൂ, ആരോഗ്യം, കൃഷി എന്നീ വകുപ്പുകളുടെയും ജലവിഭവ വികസന വിനിയോഗ കേന്ദ്രം, ഹരിത കേരളം മിഷൻ

എന്നിവയുടെ സഹകരണത്തോടെ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ കേരള വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, ജലനിധി എന്നിവ സംയുക്തമായി നടപ്പാക്കിയ സംസ്ഥാന ബോധവൽക്കരണ പ്രചരണ പരിപാടിയായ "ജലം ജീവാമൃതം" പദ്ധതിയുടെ ഭാഗമായി ഇത്തരം സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

ജനസാന്ദ്രത കൂടിയ സംസ്ഥാനമായതിനാൽ ജലസ്രോതസ്സുകളിലുള്ള പലവിധ ഇടപെടലുകൾ കാരണം ജലഗുണനിലവാരവും ജലസ്രോതസ്സുകളുടെ വിസ്തൃതിയിലും കുറവ് സംഭവിച്ചിട്ടുണ്ട്. ഇത് കണക്കിലെടുത്ത് ജലസ്രോതസ്സുകൾ സ്ഥായിയായി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയുള്ള സമീപനമാണ് ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതികളിൽ സ്വീകരിച്ചിട്ടുള്ളത്.

മണ്ണ്-ജല സംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ നീർത്തടാടിസ്ഥാനത്തിൽ ജലസ്രോതസ്സുകളുടെ പുന:സ്ഥാപനവും പരിപാലനവും നിർവ്വഹിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും

ഏകോപനത്തോടുകൂടി തയ്യാറാക്കിയിട്ടുള്ള നീർത്തടപ്ലാനിൽ റിഡ്ജ്- ടു-വാലി സമീപനത്തോടുകൂടി, സംരക്ഷണം ആവശ്യമായ ജലസ്രോതസ്സുകൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തുടങ്ങിയവ മുഖേന ഇവ പുനരുദ്ധരിക്കുന്നതിനോടൊപ്പം സംസ്ഥാന ബഡ്ജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കി, സംഭരണശേഷി പുനഃസ്ഥാപിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പുമുഖേന നിർവ്വഹിച്ചുവരുന്നതിനോടൊപ്പം നദികളിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളിൽ (തോടുകളിൽ) പഠനത്തിന്റെ അടിസ്ഥാനത്തിൽ ചെറുതടയണകൾ/വെന്റഡ് ക്രോസ് ബാറുകൾ നിർമ്മിച്ച് നീരൊഴുക്ക് സ്ഥായിയാക്കി ഭൂജലപോഷണവും സാദ്ധ്യമാക്കുന്നു.

ഹരിതകേരളം മിഷന്റെ ഭാഗമായി ജലസംരക്ഷണത്തിന് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 412 കി.മീ. നദികളും 45736 കി.മീ. തോടുകളും 26259 കുളങ്ങളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. കൂടാതെ 20990 കുളങ്ങൾ പുതുതായി നിർമ്മിക്കുകയും 64950 കിണറുകളിൽ മഴവെള്ള റീചാർജ്ജിംഗ്

സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 26568 കിണറുകൾ നിർമ്മിക്കുകയും 13968 കിണറുകൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ജലസംരക്ഷണത്തിന് ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധി പദ്ധതിയിലുൾപ്പെടുത്തി കാട്ടാക്കട നിയോജകമണ്ഡലത്തിലെ 41 പൊതുസ്ഥാപനങ്ങളിൽ തുറന്ന കിണർ റീചാർജ്ജ് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നിയോജകമണ്ഡലത്തിലുൾപ്പെടുന്ന മാണിക്കൽ ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷന്റെയും ഗ്രാമ പഞ്ചായത്തിന്റെയും നേതൃത്വത്തിൽ ആരംഭിച്ച 'പുഴയൊഴുകും മാണിക്കൽ' എന്ന പദ്ധതിയിലുൾപ്പെടുത്തി വിവിധ ഭൂജലസംപോഷണ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## തോടുകൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് നടപടി

162(4556) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളുമായി ബന്ധപ്പെട്ട തോടുകൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി കഴിഞ്ഞ സർക്കാരും തുടർ സർക്കാരും

സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ 44 നദീതടങ്ങളിലായി വ്യാപിച്ചുകിടക്കുന്നവയാണ് കുളങ്ങളും കായലുകളുമടങ്ങുന്ന ജലസമ്പത്ത്. മഴയിൽനിന്ന് ലഭ്യമാകുന്ന ജലമാണ് ഇവയിലെ ജലലഭ്യത നിയന്ത്രിക്കുന്നത്. ഭൂവിനിയോഗത്തിൽ വന്നിട്ടുള്ള മാറ്റവും തണ്ണീർത്തട വിസ്തൃതിയിൽ വന്നിട്ടുള്ള കുറവും ഉൾപ്പെടെയുള്ളവ കണക്കിലെടുത്ത് തണ്ണീർത്തട ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിന് മുഖ്യപരിഗണന കഴിഞ്ഞ സർക്കാരും നിലവിലുള്ള സർക്കാരും നൽകിയിട്ടുണ്ട്. ജലവിഭവ സംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ നീർത്തടങ്ങളെ ആധാരമാക്കി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ, സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കി, റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി തോടുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും ഇവയുടെ സംഭരണശേഷി വീണ്ടെടുക്കുന്നതിനുമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ ഹരിതകേരളം ശീർഷകത്തിൽ ഇതിനായി പ്രത്യേക തുകയും നീക്കിവച്ചിട്ടുണ്ട്. ഇതിനുപുറമേ, തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായും തോടുകൾ, കുളങ്ങൾ തുടങ്ങിയവ ശുചീകരിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന

പ്രവൃത്തികളും നിർവ്വഹിക്കുന്നുണ്ട്. ജനപങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണവും ഉറപ്പാക്കിയാണ് ഈ പ്രവർത്തനങ്ങൾ നിർവ്വഹിക്കാറുള്ളത്.

(ബി) തോടുകൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവ പ്ലാസ്റ്റിക്ക് മുക്തമാക്കുന്നതിനും ഇവയുടെ കയ്യേറ്റം തടയുന്നതിനും കയ്യേറിയവ തിരിച്ചുപിടിക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി നിയമനടപടിക്ക് വിധേയമാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

കേരളത്തിലെ ജലസ്രോതസ്സുകളോട് ചേർന്നുവരുന്ന ഭാഗങ്ങൾ പലവിധത്തിലുള്ള കയ്യേറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഇതിനുപുറമേയാണ് ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നതുകൊണ്ടുള്ള പ്രശ്നങ്ങൾ. തോടുകൾ, കുളങ്ങൾ എന്നിവയുടെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ് എന്നതിനാൽ കയ്യേറ്റം സംബന്ധിച്ച നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഇതോടൊപ്പം, മലിനീകരണ നിയന്ത്രണ നടപടിക്കും കുറ്റക്കാരിൽനിന്ന് നേരിട്ട് പിഴ ഈടാക്കുന്നതിനുമുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. എന്നാൽ, കുളങ്ങൾ, തോടുകൾ

എന്നിവയുടെ പുനരുദ്ധാരണം, ജലസേചന വകുപ്പ് ഏറ്റെടുക്കുന്ന അവസരങ്ങളിൽ, അവയിൽ ഏതെങ്കിലും തരത്തിലുള്ള കയ്യേറ്റമോ, മാലിന്യ നിക്ഷേപമോ ശ്രദ്ധയിൽപ്പെട്ടാൽ അവയുമായി ബന്ധപ്പെട്ട റവന്യൂ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെ അറിയിക്കാറുണ്ട്. കൂടാതെ, 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം മാലിന്യനിക്ഷേപം സംബന്ധിച്ച് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകാറുണ്ട്.

**ജലസേചന പദ്ധതികളുടെ പൂർത്തീകരണം**

163(4557) ശ്രീ. കെ. യു. ജനീഷ് കുമാർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന പ്രധാനപ്പെട്ട ജലസേചന പദ്ധതികൾ ഏതൊക്കെയാണെന്നും ഇവയുടെ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും പദ്ധതികളിലൂടെ ലക്ഷ്യമിടുന്ന നേട്ടം എന്താണെന്നും

വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന പ്രധാനപ്പെട്ട ജലസേചന പദ്ധതികളും അവയുടെ പൂർത്തീകരണ ഘട്ടവും പദ്ധതികളിലൂടെ ലക്ഷ്യമിടുന്ന നേട്ടവും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) സംസ്ഥാനത്തെ പുഴകളെ ജലസംഭരണികളാക്കി മാറ്റുന്നതിനായി പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

കേരളത്തിലെ സവിശേഷമായ ഭൂപ്രകൃതിയാലും വൻകിട ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്തും പുഴകളെതന്നെ ചെറുജലസംഭരണികളാക്കി മാറ്റുന്ന പദ്ധതികൾക്ക് പ്രാധാന്യം നൽകിവരുന്നു. പുഴകളിലെ നീരൊഴുക്കിന് തടസ്സംവരാത്തവിധം ഇത്തരം പ്രവൃത്തികൾ നിർവ്വഹിക്കാൻ കഴിയും എന്നതിനുപുറമെ, പുഴകളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനും ഇത്തരം നിർമ്മിതികൾ സഹായിക്കുന്നു. ജലം കെട്ടിനിൽക്കുന്ന കാലപരിധി (residence time) വർദ്ധിക്കുന്നു എന്നതുകൊണ്ടുതന്നെ ഭൂജല പോഷണം വർദ്ധിപ്പിക്കുകയും സമീപത്തെ കിണറുകൾ/ തോടുകൾ എന്നിവിടങ്ങളിലെ ജലസാന്നിദ്ധ്യം വർദ്ധിക്കുകയും ചെയ്യുന്നു. കൂടാതെ, ചെറിയ തോതിലുള്ള മാലിന്യ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലഘൂകരണവും നീരൊഴുക്ക് സ്ഥായിയാക്കുന്നതിലൂടെ സാദ്ധ്യമാകുന്നു. ഇതിനായി റെഗുലേറ്ററുകൾ, തടയണകൾ, എന്നിവ നിർമ്മിക്കുന്ന പ്രവർത്തനമാണ് ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നത്. പുഴകളോടൊപ്പം പുഴകളുടെ പ്രധാന കൈവഴികളിലും തടയണകൾ നിർമ്മിച്ചുവരുന്നു. ഈ പ്രവൃത്തികൾ വഴിയും മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കാൻ കഴിയുന്നു എന്നതിനുപുറമെ നദികളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കാനും സാദ്ധ്യമാകുന്നു. കോട്ടയം ജില്ലയിൽ മീനച്ചിലാറിനെ ജലസംഭരണിയാക്കി മാറ്റുന്നതിന് മീനച്ചിലാറിന്റെ വിവിധ ഭാഗങ്ങളിൽ 5 റെഗുലേറ്ററുകളും 1 ചെക്ക് ഡാമും ഇടുക്കി ജില്ലയിൽ പാമ്പാർ നദീതടത്തിൽ 2 ഡാമുകളും വിഭാവനം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) ഭൂഗർഭ ജല റീചാർജ്ജിംഗിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെയാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

ഭൂജലത്തിന്റെ സംരക്ഷണവും സംപോഷണവും പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി ഭൂജല സംപോഷണം (റീചാർജ്ജിംഗ്) ഭൂജല വകുപ്പ് നടപ്പാക്കിവരുന്നു. തുറന്ന കിണർ/റീചാർജ്ജ് പിറ്റ്/കുഴൽക്കിണർ എന്നിവ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വഴിയുള്ള ഭൂജല സംപോഷണം, ചെറുനീർത്തടാടിസ്ഥാനത്തിൽ ചെറിയ തടയണകളുടെ നിർമ്മാണം, അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം എന്നീ പദ്ധതികളാണ് വകുപ്പ് നടപ്പാക്കിവരുന്നത്. സുസ്ഥിര ഭൂജല വികസനമാണ് റീചാർജ്ജ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി 20990 കുളങ്ങൾ നിർമ്മിക്കുകയും 26259 കുളങ്ങൾ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം നീർച്ചാലുകളിൽ സ്ഥിരവും താൽക്കാലികവുമായ നിരവധി തടയണകൾ നിർമ്മിച്ചും ജലസംഭരണം സാദ്ധ്യമാക്കിയിട്ടുണ്ട്. 64950 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തി. ഇവയുടെയൊക്കെ ഫലമായി ഭൂജല റീചാർജിംഗ് നടത്താനായിട്ടുണ്ട്. റോഡുകൾക്കുസമീപം ആവശ്യമായ സ്ഥലങ്ങളിൽ റീചാർജ് പിറ്റുകൾ നിർമ്മിച്ച് റീചാർജ്ജ് നടത്തുകയും അവയുടെ ഫലമായി റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കാനും അതോടൊപ്പം ഭൂജല റീചാർജ്ജിംഗ് സാധ്യമാക്കാനുമായിട്ടുണ്ട്. ഉപേക്ഷിക്കപ്പെട്ട പാറ ക്വാറികളിലെ ജലം ഉപയോഗിച്ച് ഭൂജല റീചാർജ്ജിംഗ് നടത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ വ്യാപകമാക്കാൻ

കഴിയുന്ന തരത്തിലുള്ള മാതൃകാ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്.

ജലനിധി പദ്ധതികളുടെ ഭാഗമായി ജലസ്രോതസ്സുകളിൽ കുടിവെള്ളലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി ജലസംരക്ഷണം, ഭൂജല പരിപോഷണ പദ്ധതികൾ എന്നിവ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ റീചാർജ്ജ്, തടയണകൾ (ചെറുതും വലുതും), ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar), മണ്ണ് ഭിത്തി സംരക്ഷണം, മഴക്കുഴികൾ എന്നിവയും ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കുടിവെള്ളസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്.

കൂടാതെ KRWSA-യുടെ നേതൃത്വത്തിൽ സംസ്ഥാന പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി പുരപ്പുറ മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ സംഭരണശേഷിയുള്ള ഫെറോ സിമന്റ് ടാങ്കുകൾ നിർമ്മിച്ച് നൽകുകയും പ്രസ്തുത സംഭരണികളിൽനിന്നും നിറഞ്ഞൊഴുകുന്ന മഴവെള്ളം പുരയിടത്തിലുള്ള കിണറുകളിലേയ്ക്കോ മഴക്കുഴികളിലേയ്ക്കോ റീ ചാർജ്ജ്

ചെയ്യുന്നുണ്ട്. വ്യക്തിഗത കുടുംബങ്ങളിൽ നിലവിലുള്ള തുറന്ന കിണറുകൾ പുരപുറ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്നതിലൂടെ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനാവശ്യമായ പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ജലക്ഷാമം പരിഹരിക്കുന്നതിനായി പരിമിതമായ മഴവെള്ള കൊയ്ത്ത് പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടപ്പാക്കിവരുന്നു. മൺസൂൺ മഴ പ്രയോജനപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളിൽ ജലലഭ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2017-ൽ തുറന്ന കിണറുകൾക്ക് സമീപം റീചാർജ്ജ് പിറ്റുകൾ നിർമ്മിച്ചിരുന്നു. കെ.ഡബ്ല്യൂ.എ. ശാസ്താംകോട്ട പ്ലാന്റിൽ 2016-17-ൽ മഴവെള്ളം സംഭരിച്ച് നിലവിലുള്ള ഉപേക്ഷിക്കപ്പെട്ട കിണർ റീചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ജല അതോറിറ്റിയുടെ ജലശുദ്ധീകരണ പ്ലാന്റിലും ഓഫീസ് കോമ്പൗണ്ട് ഭാഗങ്ങളിലും മരങ്ങൾ നട്ടുപിടിപ്പിച്ച് ഭൂഗർഭ ജലവിതാനം ഉയർത്താനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടാതെ കെ.ഡബ്ല്യൂ.എ. കെട്ടിടങ്ങളിൽ റൂഫ് ടോപ്പ് മഴവെള്ള സംഭരണത്തിനായി മാതൃകാ രൂപകല്പനയും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരത്തെ വണ്ടിച്ചിറയും ആനതാഴ്ച്ചിറയും മഴവെള്ള സംഭരണത്തിലൂടെ

പുനരുദ്ധരിക്കുന്നതിനും അതുവഴി ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ അതോറിറ്റി നടപ്പാക്കിയിട്ടുണ്ട്.

**നീരൊഴുക്ക് നിലച്ചതിനെതിരെ നടപടി**

164(4558) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിലേയ്ക്കുള്ള റെയിൽവേ പാതയുടെ നിർമ്മാണത്തോടനുബന്ധിച്ച് നിർമ്മിച്ച താൽക്കാലിക ബണ്ടും നിർമ്മാണാവശിഷ്ടങ്ങളും പെരിയാർനദി കായലുമായി സംഗമിക്കുന്ന സ്ഥലത്തെ നീരൊഴുക്ക് നിശ്ചലമാക്കിയത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേയ്ക്കുള്ള റെയിൽവേപാതയുടെ നിർമ്മാണത്തോടനുബന്ധിച്ച് നിർമ്മിച്ച താൽക്കാലിക ബണ്ടും നിർമ്മാണവശിഷ്ടങ്ങളും പെരിയാർനദി കായലുമായി സംഗമിക്കുന്ന സ്ഥലത്തെ നീരൊഴുക്ക് നിശ്ചലമാക്കിയത് പരിഹരിക്കുന്നത് സംബന്ധിച്ച വിഷയം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ (കേസ് നം.ഡബ്ല്യൂ.പി(സി)23911/2018) പരിഗണനയിലാണ്. ടി വിഷയത്തിൽ

നിജസ്ഥിതി മനസ്സിലാക്കുന്നതിനും ഉത്തരവാദിത്വം തീരുമാനിക്കുന്നതിനും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം ജലവിഭവ വകുപ്പുസെക്രട്ടറിയുടെ നേതൃത്വത്തിൽ ഡയറക്ടർ (കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ) സൂപ്രണ്ടിംഗ് എഞ്ചിനീയർ (മൈനർ ഇറിഗേഷൻ സർക്കിൾ, എറണാകുളം) സൂപ്രണ്ടിംഗ് എഞ്ചിനീയർ, (ഡ്രഡ്ജിംഗ്, കൊച്ചിൻ പോർട്ട്) എക്സിക്യൂട്ടീവ് ജനറൽ മാനേജർ (പ്രോജക്ട്സ്, ആർ.വി.എൻ.എൽ.) അഫ്കോൺസ് ഇൻഫ്രാസ്ട്രക്ചർ എന്നിവർ അംഗങ്ങളായുള്ള ഒരു സാങ്കേതിക സമിതിയെ നിയമിച്ചിട്ടുണ്ട്. ടി സമിതിയുടെ റിപ്പോർട്ടിന്റെയും തുടർന്നുള്ള കോടതി നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(ബി) നീരൊഴുക്ക് നിലച്ചതുകാരണം കൊച്ചി കോർപ്പറേഷൻ പരിധിയിൽ വെള്ളപ്പൊക്കമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) റെയിൽവേ പാതയുടെ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കമ്പനികൾ ബണ്ടും ചെളിയും എക്കലും നീക്കം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെങ്കിലും നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽസൂചിപ്പിച്ച സമിതിയുടെയും കോടതിയുടെയും നിർദ്ദേശപ്രകാരം തുടർനടപടികൾ ടി വിഷയത്തിൽ സ്വീകരിക്കാവുന്നതാണ്. ടി വിഷയത്തെ സംബന്ധിച്ച് ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) പഠനം നടത്തുകയും മൊത്തം നീക്കേണ്ട ചെളിയുടെയും അവശിഷ്ടങ്ങളുടെയും അളവ് നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## തോണിക്കടവ് ടൂറിസം പദ്ധതി

165(4559) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തോണിക്കടവ് ടൂറിസം പദ്ധതിയുടെ മൂന്നാംഘട്ട വികസന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

തോണിക്കടവ് ടൂറിസം പദ്ധതിയുടെ മൂന്നാംഘട്ട വികസനവുമായി ബന്ധപ്പെട്ട് ഒരു കരട് പ്രൊപ്പോസൽ എംപാനൽഡ് ആർക്കിടെക്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) തോണിക്കടവിലെ ഹാർട്ട് ഐലന്റ് വികസനത്തിനായി ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഡി.പി.ആർ.-ൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്താണെന്നറിയിക്കാമോ;

(സി) ഇറിഗേഷന്റെ കൈവശമുള്ള തോണിക്കടവ് ഹാർട്ട് ഐലന്റ് വികസനത്തിനായി അടിയന്തര നടപടി സ്വീകരിക്കാമോ?

(ബി & സി) തോണിക്കടവിലെ ഹാർട്ട് ഐലന്റ് വികസനത്തിനായി ഡി.പി.ആർ. സമർപ്പിച്ചിട്ടില്ല. തോണിക്കടവ് ടൂറിസം പദ്ധതിയുടെ മൂന്നാംഘട്ട വികസനപദ്ധതിയിൽ ഹാർട്ട് ഐലന്റ് വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ സർവ്വേ നടത്തി കരട് പ്രൊപ്പോസൽ എംപാനൽഡ് ആർക്കിടെക്ട് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പരിശോധനയ്ക്കുശേഷം മാത്രമേ അനന്തരനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**തടസ്സരഹിതമായ നീരൊഴുക്ക് സാധ്യമാക്കാൻ പദ്ധതി**

166(4560) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിന്റെ അനന്തരഫലമായി കുട്ടനാട്ടിൽ ജലനിരപ്പ് ഉയർന്നതിനെത്തുടർന്ന് തടസ്സരഹിതമായ നീരൊഴുക്ക് സാദ്ധ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഫലപ്രദമല്ലാത്തതിനാൽ ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ഗൗരവപൂർവ്വം കാണുന്നുണ്ടോ; എങ്കിൽ ഈ പ്രശ്നം

പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് പാക്കേജിന്റെ കീഴിൽ കുട്ടനാട്ടിൽ ജലനിരപ്പ് നിയന്ത്രിക്കുന്നതിനായി തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ കൃത്യമായി നിയന്ത്രിച്ചുകൊണ്ട് മഴവെള്ളവും പ്രളയജലവും ഒഴുകിപ്പോകുന്നതിന് സൗകര്യമൊരുക്കുന്നുണ്ട്. പ്രളയജലം അധികമായി വരുന്ന സമയത്ത് തണ്ണീർമുക്കം ബണ്ടിലെ 90 ഷട്ടറുകളും 4 നാവിഗേഷൻ ലോക്കുകളും ഉയർത്തി പ്രളയജലം ഒഴുക്കിവിട്ട് ജലനിരപ്പ് ക്രമീകരിക്കുന്ന പ്രവർത്തനം നടത്തുന്നുണ്ട്. കൂടാതെ കുട്ടനാട്ടിലെ നദികളിലെ നീരൊഴുക്ക് സുഗമമാക്കാൻ വീയപുരം മുതൽ തോട്ടപ്പള്ളി വരെ ലീഡിംഗ് ചാനലിലെ മണലും ചെളിയും നീക്കി ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. കഴിഞ്ഞ മൂന്നുവർഷങ്ങളായി തോട്ടപ്പള്ളി സ്പിൽവേ മുതൽ പൊഴി വരെയുള്ള മണൽ, താൽപ്പര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ KMML വഴി നീക്കി ആഴം വർദ്ധിപ്പിച്ച് കടലിലേയ്ക്കുള്ള ഒഴുക്ക് സുഗമമാക്കുന്നുണ്ട്. മാത്രമല്ല തടസ്സരഹിതമായ നീരൊഴുക്ക് സാധ്യമാകുന്നതിനായി പ്ലാൻ, നോൺ പ്ലാൻ, എസ്.ഡി. ആർ.എഫ്. തുടങ്ങിയ പദ്ധതികളിലുൾപ്പെടുത്തി ജലാശയങ്ങളിലും ചെറുതോടുകളിലും അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള വിവിധ പ്രവൃത്തികൾ

നടപ്പാക്കിവരുന്നു. അപ്പർ കുട്ടനാട് മേഖലകളിലെ വെള്ളക്കെട്ട് പരിഹരിക്കാൻ പ്രധാന നദികളിലെയും അവയുടെ കൈവഴികളിലേയും മണ്ണും ചെളിയും മാറ്റുന്നതിനും ബണ്ട് ബലപ്പെടുത്തുന്നതിനുമായി " Restoration of Eco system of Kuttanad" എന്ന 56.25 കോടി രൂപയുടെ 14 പ്രവൃത്തികൾ ഉൾപ്പെട്ട പ്രോജക്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. അപ്പർ ഭാഗത്ത് വേമ്പനാട് കായലിന്റെയും അനുബന്ധ തോടുകളുടെയും ആഴം കൂട്ടുന്നതിനും നവീകരണത്തിനുമായി 27.30 കോടി രൂപയുടെ 10 പ്രവൃത്തികൾ ഉൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രളയത്തിൽ വേമ്പനാട് കായലിൽ അടിഞ്ഞ എക്കലും ചെളിയും കായലിന്റെ ജലസംഭരണശേഷി കുറച്ചത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ആയതിന്റെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വേമ്പനാട് കായലിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനായി നിലവിലെ അടിത്തട്ടിന്റെ നിരപ്പ് അളന്ന് നീക്കം ചെയ്യേണ്ട എക്കലിന്റേയും ചെളിയുടേയും അളവ് തിട്ടപ്പെടുത്തേണ്ടതുണ്ട്. പര്യവേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതിരേഖ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കാവുന്നതാണ്.

(സി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി തടസ്സരഹിതമായ നീരൊഴുക്ക് സാദ്ധ്യമാക്കാൻ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ മേല്പറഞ്ഞ പദ്ധതികളുടെ പോരായ്മകൾ സമഗ്രമായി വിലയിരുത്തി പ്രസ്തുത മേഖലയിലെ നീരൊഴുക്ക് പ്രശ്നം പരിഹരിക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ?

കുട്ടനാട് പാക്കേജിന്റെ ഭാഗമായി വേമ്പനാട് കായലിലൂടെ തണ്ണീർമുക്കം ഭാഗത്ത് തടസ്സരഹിതമായ നീരൊഴുക്ക് സാദ്ധ്യമാക്കാൻ തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാംഘട്ടത്തിലെ ബണ്ടിനുപകരമായി റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുകയും (2018) ഒന്നും രണ്ടും മൂന്നും ഘട്ടത്തിലെ 90 ഷട്ടറുകൾ നിയന്ത്രിച്ച് ജലനിർഗ്ഗമനം സുഗമമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കോട്ടയം ജില്ലയിലെയും ആലപ്പുഴ ജില്ലയിലെയും വിവിധ പഞ്ചായത്തുകളിലുൾപ്പെട്ട ചെറുതും വലുതുമായ തോടുകളിലെയും മറ്റ് കനാലുകളിലെയും എക്കലും ചെളിയും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തികൾ എസ്.ഡി.ആർ.എഫ്., പ്ലാൻ സ്കീമുകളിൽപ്പെടുത്തി നടപ്പാക്കുന്നുണ്ട്.

**കൊല്ലം നിയോജകമണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ**

167(4561) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം മണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗം മുഖാന്തരം നടപ്പാക്കുന്നതിനായി 2020-21 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**തിരൂരങ്ങാടി മണ്ഡലത്തിലെ ന്യൂകട്ട് ജലസേചന പദ്ധതി**

168(4562) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ ന്യൂകട്ട് ജലസേചന പദ്ധതി നടപ്പിലാക്കുമോ; പ്രസ്തുത പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദീകരിക്കാമോ?

(എ & ബി) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിൽ ന്യൂകട്ട് കനാലിന് കുറുകെ ഉൾനാടൻ ജലഗതാഗത വകുപ്പ് നിർമ്മിക്കാനുദ്ദേശിക്കുന്ന ലോക്കിന് താഴ്ഭാഗത്തായി ഏകദേശം 700 മീറ്റർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിധിക്കുള്ളിൽ പൊതുമരാമത്ത് വകുപ്പ് പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി അറിയുന്നു. ആയത് ലോക്ക്-കം-ബ്രിഡ്ജ് എന്ന ഒറ്റനിർമ്മിതിക്കായി ന്യൂകട്ട് ഭാഗത്ത് നിർമ്മിക്കുകയാണെങ്കിൽ സർക്കാരിന് വൻസാമ്പത്തികലാഭവും സമയലാഭവുമുണ്ടാകും എന്ന് സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് അധികൃതരുമായി ചർച്ച ചെയ്ത് ലോക്ക്-കം-ബ്രിഡ്ജ് ആയിട്ടുള്ള ഒറ്റനിർമ്മിതിയായി ന്യൂകട്ട് ഭാഗത്ത് നിർമ്മാണം നടത്തുന്നതിനുള്ള സാധ്യത ആരായാനും വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ മലപ്പുറം ഇറിഗേഷൻ ഡിവിഷൻ, എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ തിരൂരങ്ങാടി, വള്ളിക്കുന്ന്, താനൂർ എന്നീ മണ്ഡലങ്ങളിലെ എത്ര കുടുംബങ്ങൾക്കും കൃഷിക്കും ജലം ലഭ്യമാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജലഗതാഗത സൗകര്യാർത്ഥം നിർമ്മിക്കാനുദ്ദേശിക്കുന്ന ലോക്കിന് കൃഷിക്കാവശ്യമായുള്ള ജലം നൽകുവാൻ കഴിയുമോ എന്നുള്ള പഠനം നടത്തിയിട്ടില്ല.

## കൊടുങ്ങല്ലൂർ മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

169(4563) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊടുങ്ങല്ലൂർ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് നടപ്പാക്കിയതും അനുമതി നൽകിയതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊടുങ്ങല്ലൂർ മണ്ഡലത്തിൽ നടപ്പാക്കിയതും അനുമതി നൽകിയതുമായ പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## വള്ളിക്കുന്ന് മണ്ഡലത്തിലെ മൈനർ/മേജർ ഇറിഗേഷൻ പദ്ധതികൾ

170(4564) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ പുരോഗമിച്ചുവരുന്ന പ്രധാനപ്പെട്ട മൈനർ/മേജർ ഇറിഗേഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ മേജർ വിഭാഗത്തിനുകീഴിൽ പുരോഗമിച്ചുവരുന്ന പദ്ധതികൾ ഒന്നുംതന്നെയില്ല. മൈനർ വിഭാഗത്തിനുകീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഇരിക്കൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ**

171(4565) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിലുൾപ്പെടുത്തി അനുവദിച്ചതും നടപ്പാക്കിയതുമായ പ്രവൃത്തികളുടെ വിശദവിവരവും തുകയും ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം നൽകുമോ?

(എ & ബി) 2016-2017 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് വിവിധ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതികളിലുൾപ്പെടുത്തി അനുവദിച്ചതും നടപ്പാക്കിയതുമായ പ്രവൃത്തികളുടെ വിശദവിവരവും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഷൊർണ്ണൂർ മണ്ഡലത്തിൽ മേജർ-മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

172(4566) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23 വർഷങ്ങളിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ ഏതെല്ലാം മേജർ-മൈനർ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളവ ഏതെന്നും അവയുടെ നിർവ്വഹണ പുരോഗതി എന്തെന്നും വിശദമാക്കാമോ?

(എ & ബി) 2021-22, 2022-23 വർഷങ്ങളിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**മഞ്ചേശ്വരം പുഴയിൽ പാർശ്വ സംരക്ഷണഭിത്തി**

173(4567) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) മഞ്ചേശ്വരം പുഴയിൽ പൊയ്യക്കണ്ട എന്ന സ്ഥലത്ത് പാർശ്വ സംരക്ഷണഭിത്തി നിർമ്മിക്കേണ്ടത് ആവശ്യമാണെന്നുള്ള ജലസേചന വകുപ്പ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് ഉള്ളടക്കം ചെയ്ത് മഞ്ചേശ്വരം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ & ബി) മഞ്ചേശ്വരം മണ്ഡലത്തിലെ പൊയ്യക്കണ്ട എന്ന സ്ഥലത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തിക്ക് അനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## കടലുണ്ടി പുഴയുടെ തീരങ്ങളിൽ സംരക്ഷണഭിത്തി

174(4568) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ 2018-ലെ പ്രളയത്തിനുശേഷം കടലുണ്ടിപ്പുഴയുടെ തീരങ്ങളിലെ സംരക്ഷണഭിത്തി നിർമ്മാണത്തിനായുള്ള വിവിധ പ്രവൃത്തികളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചതെന്നും അവയിൽ പൂർത്തിയായതും ഇനി പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ എതെല്ലാം എന്നുമുള്ള വിവരം ലഭ്യമാക്കുമോ?

(എ & ബി) 2018-ലെ പ്രളയത്തിനുശേഷം മലപ്പുറം മണ്ഡലത്തിൽ കടലുണ്ടിപ്പുഴയുടെ തീരങ്ങളിലെ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) എസ്റ്റിമേറ്റ് തയാറാക്കി അംഗീകാരത്തിന് സമർപ്പിച്ച പദ്ധതികൾക്ക് ഫണ്ട് അനുവദിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാവുന്നതാണ്.

(ഡി) മലപ്പുറം നഗരസഭയിൽ അപകടാവസ്ഥയിലുള്ള താമരക്കുഴി, പാണക്കാട്, ആറുവെട്ടി കടവ് എന്നിവയ്ക്ക് മുൻഗണന നൽകി ഫണ്ട് അനുവദിക്കുമോ?

മലപ്പുറം നഗരസഭയിൽ അപകടാവസ്ഥയിലുള്ള താമരക്കുഴി, പാണക്കാട്, ആറുവെട്ടിക്കടവ് എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനുബന്ധമായി ചേർത്തിരിക്കുന്നു.+

## പൈങ്കണ്ണൂർ തോട് നവീകരണം

175(4569) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ പൈങ്കണ്ണൂർ പാടശേഖരത്തിലൂടെ കടന്നുപോകുന്ന തോടിന്റെ ഇരുകരകളിലും സംരക്ഷണഭിത്തി കെട്ടുന്നതിനും തോടിന്റെ ഇരുകരകളിലുമുള്ള പാടശേഖരങ്ങളിൽ കാർഷികാവശ്യത്തിന് വെള്ളമെത്തിക്കുന്നതിനും പഴയ വി.സി.ബി.-കൾ നവീകരിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും തോടിന്റെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനുമായി തയ്യാറാക്കിയ എസ്റ്റിമേറ്റും പ്രൊപ്പോസലും ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിലവിലുള്ള ഫയലിന്റെ നമ്പർ സഹിതമുള്ള വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ & ബി) പൈങ്കണ്ണൂർ പാടശേഖരത്തിലൂടെ കടന്നുപോകുന്ന തോടിന്റെ നവീകരണം സംബന്ധിച്ച എസ്റ്റിമേറ്റ്/പ്രൊപ്പോസൽ എന്നിവ സർക്കാരിൽ ലഭ്യമായിട്ടില്ല. കുറ്റിപ്പുറം പഞ്ചായത്തിലെ പൈങ്കണ്ണൂർ പാടശേഖരത്തിലൂടെ കടന്നുപോകുന്ന തോടിന്റെ നവീകരണത്തിന് " Renovation of Painkannur Padam thodu in Kuttippuram Panchayath in Kottakkal LAC in Malappuram District" എന്ന പ്രവൃത്തിയിലുൾപ്പെടുത്തി എസ്റ്റിമേറ്റ് PRICE-3-യിൽ തയ്യാറാക്കിവരുന്നു. മേൽപ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടന്നുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**ഒറ്റപ്പാലം മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് പദ്ധതി**

176(4570) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ 2016 മുതൽ റിവർ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ചതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നുള്ള വിശദാംശം നൽകാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ 2016 മുതൽ റിവർ മാനേജ്മെന്റ് പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഒന്നുംതന്നെയില്ല.

(ബി) നിലവിൽ ഭരണാനുമതി ലഭിച്ച ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ, നിലവിൽ ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ജലാശയങ്ങളുടെ പുനരുജ്ജീവനം**

177(4571) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹരിതകേരളം മിഷനിലൂടെ ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം ജലാശയങ്ങളെയാണ് പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചതെന്ന് അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹരിതകേരളം മിഷനിലൂടെ ചങ്ങനാശ്ശേരി മണ്ഡലത്തിൽ പുനരുജ്ജീവിപ്പിച്ച ജലാശയങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## വൈപ്പിൻ മണ്ഡലത്തിലെ ഓപ്പറേഷൻ വാഹിനി പദ്ധതി

178(4572) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ഓപ്പറേഷൻ വാഹിനി പദ്ധതിയിൽ ഉൾപ്പെടുത്തി വൃത്തിയാക്കിയ ജലാശയങ്ങൾ ഏതെല്ലാമെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

എളങ്കുന്നപ്പുഴ പഞ്ചായത്തിൽ "Operation Vahini-Desilting of Elamkunnappuzha Canal link thodu in Ward No.1, 2 of Elamkunnappuzha Panchayath under Edappally block" എന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്.

1) മുളവുകാട് പഞ്ചായത്തിൽ Desilting of Vailathodu in Ward No.2 & 3 of Mulavukad Panchayath under Edappilly Block എന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്.

2) മുളവുകാട് പഞ്ചായത്തിൽ Desilting of Periyar in ward No.13,14,15,16 of Mulavukad Panchayath under Edappilly Block എന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്.

(ബി) ഇതിനായി നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന്

അറിയിക്കാമോ?

നാളിതുവരെ 2,75,200/- രൂപയുടെ ബിൽ തുകയിൽ 1,32,500/- ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം ജലാശയങ്ങൾ വൃത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പുതുതായി മറ്റ് ജലാശയങ്ങൾ വൃത്തിയാക്കുന്നത് ഈ പദ്ധതിയുടെ പരിഗണനയിലില്ല.

**മഞ്ഞപ്പുഴ-രാമൻ പുഴ സംരക്ഷണം**

179(4573) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ പ്രധാന ജലസ്രോതസ്സായ മഞ്ഞപ്പുഴ-രാമൻ പുഴ സംരക്ഷിക്കുന്നതിനായി നടത്തിവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിലുൾപ്പെട്ട മഞ്ഞപ്പുഴയുടെ സംരക്ഷണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് മൈനർ/മേജർ വിഭാഗങ്ങളിലായി ചെയ്തുവരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

<u>മേജർ വിഭാഗം</u>

മഞ്ഞപ്പുഴയുടെ തീരസംരക്ഷണത്തിനായി പനങ്ങാട് ഗ്രാമപഞ്ചായത്തിൽ SDRF ഫണ്ടുപയോഗിച്ച് രണ്ട് തീരസംരക്ഷണപ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. River Management Fund (RMF) ഉപയോഗപ്പെടുത്തി പനങ്ങാട് ഗ്രാമപഞ്ചായത്തിലെ കരിയത്തൊടിയിൽ ഒരു സംരക്ഷണ പ്രവൃത്തിയും ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ കാട്ടാമ്പള്ളിയിൽ Flood Bank സംരക്ഷണപ്രവൃത്തിയും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ നദീപുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി മഞ്ഞപ്പുഴയിൽ കോവിലകംതാഴെ പാലത്തിന് സമീപവും മരപ്പാലത്തിന് സമീപവുമായി പുഴയിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികളും നടപ്പാക്കിയിട്ടുണ്ട്.

<u>മൈനർ വിഭാഗം</u>

മഞ്ഞപ്പുഴയുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമായി മൈനർ വിഭാഗത്തിനുകീഴിൽ നടത്തിവരുന്ന പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. കോട്ടനട ഭാഗത്ത് പുഴയിലെ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്ത് ഇരുകരകളിലും സംരക്ഷണഭിത്തി നിർമ്മിക്കൽ

2. കോട്ടനട ഭാഗത്ത് പമ്പ് ഹൗസ് നിർമ്മിച്ച് പാടശേഖരത്തിലേയ്ക്ക്

വെള്ളം പമ്പ് ചെയ്ത് ജലലഭ്യത ഉറപ്പുവരുത്തുവാനുള്ള പ്രവൃത്തികൾ. ഈ ഭാഗത്ത് കൈവരികളോടുകൂടിയ നടപ്പാലവും നിർമ്മിക്കൽ.

3. ആറളക്കൽ ഭാഗത്ത് തടയണ നിർമ്മാണവും കോൺക്രീറ്റ് സംരക്ഷണഭിത്തിയുടെ നിർമ്മാണവും.

4. നിലവിലുള്ള കാട്ടാമ്പള്ളി ബണ്ടിന്റെ കേടുവന്ന ഏപ്രൺ, ബോഡി വാളുകൾ എന്നിവ പുനർനിർമ്മിക്കുന്നതോടൊപ്പം കരിങ്കൽ ഭിത്തി നിർമ്മാണവും പുഴയിൽ അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്യുന്നതും ഈ പ്രവൃത്തിയിലുൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിൽ മഞ്ഞപ്പുഴ സംരക്ഷണത്തിനായി നടത്തിവരുന്ന പ്രവൃത്തികൾ കാർഷികാവശ്യത്തിനുള്ള ജലവിതരണത്തിനാണോ പ്രാധാന്യം കൊടുത്തിരിക്കുന്നത്?

മേൽപ്രവൃത്തികൾ നടപ്പാക്കുന്നതുവഴി പുഴയോരസംരക്ഷണത്തിനും വെള്ളപ്പൊക്ക പ്രതിരോധത്തിനും സാധിക്കുന്നതാണ്. കൂടാതെ തടയണകൾ നിർമ്മിക്കുന്നത് മഞ്ഞപ്പുഴയുടെ ജലസംഭരണശേഷി കൂട്ടുകയും അപ്രകാരം കാർഷികാവശ്യത്തിന് കൂടുതൽ ഉപകാരപ്രദമാവുകയും ചെയ്യും.

(സി) പ്രസ്തുത പുഴയുടെ സംരക്ഷണത്തിനായി സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പുഴ സംരക്ഷിക്കുന്നതിനായി തദ്ദേശസ്വയംഭരണം, ടൂറിസം തുടങ്ങിയ വകുപ്പുകളുടെ സഹായത്തോടെ സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ; വ്യക്തമാക്കാമോ?

(സി & ഡി) നിലവിൽ മഞ്ഞപ്പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ജലസംരക്ഷണവും കാർഷിക അഭിവൃദ്ധിക്കുവേണ്ടിയുള്ള പ്രവൃത്തികളും തീരസംരക്ഷണ പ്രവൃത്തികളും മാത്രമേ ജലസേചനവകുപ്പ് ഏറ്റെടുത്തിട്ടുള്ളൂ. റവന്യൂ വകുപ്പ്, ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, കേരള വൈദ്യുതി ബോർഡ് ലിമിറ്റഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, കൃഷി, കാർഷികക്ഷേമ വകുപ്പ്, മൃഗ സംരക്ഷണം, കേരള ലാൻഡ്‌യൂസ്-ബോർഡ്, വനം, പരിസ്ഥിതി, മൽസ്യബന്ധനം തുടങ്ങിയ വകുപ്പുകളുടെ സജീവ പങ്കാളിത്തത്തോടെ മാത്രമേ സമഗ്രമായ മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

ഈ പ്രക്രിയ സുഗമമാക്കുന്നതിന് "റിവർ ബേസിൻ കൺസെർവഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി" (RBCMA) രൂപീകരിക്കാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുകയും പ്രസ്തുത അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ സർക്കാരിന്റെ പരിഗണനയിലുമാണ്. "റിവർ ബേസിൻ കൺസെർവഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി"

(RBCMA) രൂപീകരിക്കുന്നതുവഴി വിവിധ വകുപ്പുകൾതമ്മിലുള്ള ഏകോപനം സാദ്ധ്യമാവുകയും ഇത് നദികളെ അടിസ്ഥാനമാക്കിയുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് വഴിയൊരുക്കുകയും ചെയ്യുന്നതാണ്.

**തിരൂർ പുഴ മാലിന്യമുക്തമാക്കുന്നതിനുള്ള നടപടി**

180(4574) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളും മറ്റുജലസ്രോതസ്സുകളും മാലിന്യമുക്തമാക്കുന്ന പദ്ധതിപ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ നദികൾ പൊതുവിൽ വിവിധ തരത്തിലുള്ള മാലിന്യപ്രശ്നങ്ങൾ നേരിടുന്നുവെന്നത് ഉൾക്കൊണ്ടുകൊണ്ട് അവ മാലിന്യമുക്തമാക്കുന്നതിനും ഒഴുക്ക് സുഗമമാക്കുന്നതിനും വിവിധ തലങ്ങളിലുള്ള പദ്ധതികളും ഇടപെടലുകളും നടത്തിവരുന്നുണ്ട്. സംസ്ഥാനത്ത് കാലാകാലങ്ങളിലുണ്ടായ അതിശക്തമായ മഴയും മണ്ണിടിച്ചിലും വെള്ളപ്പൊക്കവുംമൂലം നദികളിൽ എക്കൽ, മണ്ണ്, മണൽ, മറ്റ് പാഴ്വസ്തുക്കൾ എന്നിവ അടിഞ്ഞ് ഒഴുക്ക് തടസ്സപ്പെടുന്ന സ്ഥിതി കണക്കിലെടുത്ത് കേരളത്തിലെ 44 നദികളുടെയും ചുമതല ജലസേചന

വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും നിലവിലെ സ്ഥിതി വിവരിക്കുന്ന റിപ്പോർട്ടുകൾ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ, നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി തൊഴിലുറപ്പുപദ്ധതിയുടെ സഹകരണത്തോടെയും ജലസേചന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചും പ്രവൃത്തികൾ നടപ്പാക്കിവരുന്നു. സംസ്ഥാന ബഡ്ജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കി, സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. ഇതിനുപുറമേ ജനപങ്കാളിത്തത്തോടുകൂടി സന്നദ്ധപ്രവർത്തന സ്വഭാവത്തിലും ജലസ്രോതസ്സുകൾ പരിപാലിച്ചുവരുന്നു. "ഇനി ഞാനൊഴുകട്ടെ" എന്ന പദ്ധതി ഇതിനുദാഹരണമാണ്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ശുചീകരണപ്രവർത്തനങ്ങൾ നടപ്പിലാക്കാറുണ്ട്.

(ബി) തിരൂർ പുഴ മാലിന്യമുക്തമാക്കി നവീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

തിരൂർ പുഴയിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങൾ, എക്കൽ, മണ്ണ്,

ചെളി എന്നിവ നീക്കംചെയ്ത് സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കുന്ന പ്രവൃത്തികൾ നദിയുടെ മേൽനോട്ടം വഹിക്കുന്നതിന് ചുമതലപ്പെടുത്തിയ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി തിരൂർ പുഴയ്ക്കുകുറുകെ നിർമ്മിച്ചിട്ടുള്ള പാലങ്ങളിൽ കമ്പിവേലി നിർമ്മാണം, CCTV സ്ഥാപിക്കൽ തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിയിട്ടുണ്ട്.

**സമഗ്ര നദീസംരക്ഷണ വികസന പദ്ധതി**

181(4575) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലങ്ങളിൽ സംസ്ഥാനത്തെ മിക്കവാറും നദികൾ ഒഴുക്ക് കുറഞ്ഞ് സ്വാഭാവികമായ നീരൊഴുക്കുപോലുമില്ലാത്ത ഗുരുതരമായ അവസ്ഥയിലേയ്ക്ക് പോകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ 44 നദികളുടെയും നീരൊഴുക്കിനെ നിയന്ത്രിക്കുന്ന പ്രധാന ഘടകം മഴയുടെ ലഭ്യതയാണ്. കേന്ദ്രകാലാവസ്ഥാ വകുപ്പ് നൽകുന്ന കണക്കുകൾ പ്രകാരം, കേരളത്തിൽ മഴയുടെ ലഭ്യതയിലുള്ള സ്ഥല-കാല വ്യതിയാനം വർദ്ധിച്ചുവരുന്നു. ഭൂവിനിയോഗത്തിൽവന്ന മാറ്റവും

തണ്ണീർത്തടങ്ങളുടെ വിസ്തൃതിയിൽ വന്നിട്ടുള്ള കുറവും നദികളുടെ നീരൊഴുക്കിനെ ബാധിക്കുന്നു. ഇതോടൊപ്പം വേനൽക്കാലമാകുന്നതോടുകൂടി നദികളുടെ നീരൊഴുക്കിൽ കുറവ് സംഭവിക്കുന്നുണ്ട്. ദേശീയ ഹരിതട്രിബ്യൂണലിന്റെ ഉത്തരവനുസരിച്ച് ലീൻഫ്ലോയുടെ 15 മുതൽ 20% വരെ നീരൊഴുക്ക് നദിയിൽ നിലനിർത്തണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇതിനെ പാരിസ്ഥിതിക നീരൊഴുക്ക് (e-flow) ആയി കണക്കാക്കി, എല്ലാ നദികളിലും ഇത് നിലനിർത്താനാവശ്യമായ നടപടി കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട ഹരിത ട്രിബ്യൂണൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന്റെ ഭാഗമായി ഓരോ നദിയുടെയും e-flow കണക്കാക്കുന്നതിനുള്ള പഠനപ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. 39 പുഴകളുടെ പാരിസ്ഥിതിക നീരൊഴുക്ക് പഠനം പൂർത്തിയാക്കുകയും ചെയ്തു.

കേരള ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായുള്ള ചില നദികളിൽ വേനൽക്കാലങ്ങളിൽ സ്വാഭാവികമായ നീരൊഴുക്ക് കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള നദികളിൽ വേനൽക്കാലത്ത് അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ഇൻടേക്കിനോട് ചേർന്നുള്ള സ്ഥലങ്ങളിൽ താൽക്കാലിക തടയണകൾ

നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. സ്ഥിരം സംവിധാനമെന്ന നിലയ്ക്ക് തടയണകൾ നിർമ്മിക്കുന്ന പ്രവൃത്തി ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് നടപ്പാക്കിവരുന്നു.

(ബി) വേനൽക്കാലങ്ങളിൽ വറ്റിപ്പോകുന്ന നദികളുടെ പുനരുജ്ജീവനത്തിനായി സമഗ്ര നദീസംരക്ഷണ വികസന പദ്ധതി തയ്യാറായിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ 44 നദികളിൽ ഭൂരിപക്ഷം നദികളിലും വേനൽക്കാലമാകുന്നതോടുകൂടി ജലലഭ്യത കുറയുന്നത് ഒരു പ്രധാന പ്രശ്നമാണ്. മഴയുടെ ലഭ്യതയിലുള്ള സ്ഥല-കാല വ്യതിയാനത്തിനുപുറമേ ഭൂവിനിയോഗത്തിൽവന്ന മാറ്റവും തണ്ണീർത്തടങ്ങളുടെയും തോടുകളുടെയും ശോഷണവും ഇതിന് കാരണമായിട്ടുണ്ട്. മണ്ണ്-ജല സംരക്ഷണത്തിന് അനുയോജ്യമായ പ്രകൃതിദത്ത യൂണിറ്റായ നീർത്തടാടിസ്ഥാനത്തിൽ ജല സംരക്ഷണവും ഭൂജലപോഷണവും നിർവ്വഹിക്കുക എന്നതാണ് നീരൊഴുക്ക് വർദ്ധിപ്പിക്കാനുള്ള ഒരു പ്രധാന മാർഗ്ഗം. ഇത് നിർവ്വഹിക്കുന്നതിനുള്ള പ്രവർത്തനം ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"-യുടെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്. ഓരോ നദീതടത്തേയും (വലിയ നീർത്തടം) ചെറുനീർത്തടങ്ങളായി തിരിച്ച് തദ്ദേശസ്വയംഭരണ

സ്ഥാപനാടിസ്ഥാനത്തിൽ, വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഈ പ്ലാനുകളിൽ റിഡ്ജ്-ടു-വാലി സമീപനത്തിൽ മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതുവഴി തോടുകളിലെയും കുളങ്ങളിലെയും ജലലഭ്യത വർദ്ധിപ്പിക്കാനും നദികളിലെ നീരൊഴുക്കിനെ ഗുണപരമായി സ്വാധീനിക്കാനും സാധിച്ചിട്ടുണ്ട്. ഇതിനുപുറമേ സമീപകാലത്തായി ആവർത്തിച്ചുണ്ടാകുന്ന പ്രളയം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവമൂലം നദികളിൽ എത്തിച്ചേർന്ന ചെളി/എക്കൽ/മണ്ണ് മറ്റു ജൈവാവശിഷ്ടങ്ങൾ നദികളുടെ സ്വാഭാവിക സംഭരണശേഷി കുറച്ചതും ജലലഭ്യതയെ സ്വാധീനിച്ചിട്ടുണ്ട്. ഇതുമൂലം വേനൽക്കാലത്ത് നദികളുടെ വാഹകശേഷിയിൽ വലിയ കുറവാണുവരുന്നത്. ഇതുകണക്കിലെടുത്ത് നദികളിലേയ്ക്കെത്തിച്ചേരുന്ന പോഷകനദികളിൽനിന്നും നദിയിൽനിന്നും ചെളി/എക്കൽ/മണ്ണ് തുടങ്ങിയവ നീക്കം ചെയ്ത് നദിയുടെ സ്വാഭാവിക നീരൊഴുക്കും സംഭരണശേഷിയും വീണ്ടെടുക്കാനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി 44 നദികളുടെ ചുമതല ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, റവന്യൂ വകുപ്പ്,

ജലസേചന വകുപ്പ് എന്നിവയുടെ ഏകോപനത്തോടുകൂടിയാണ് മണ്ണ്/ചെളി/എക്കൽ മറ്റുപാഴ്‌വസ്തുക്കൾ എന്നിവ നീക്കം ചെയ്യുന്നത്. ഇതിനുപുറമേ അച്ചൻകോവിൽ, മണിമല, മൂവാറ്റുപുഴ, പമ്പ, മീനച്ചിലാർ എന്നീ നദികളുടെ സംരക്ഷണത്തിനായി വിശദമായ പദ്ധതിരേഖയും തയ്യാറാക്കിയിട്ടുണ്ട്.

കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KIIDC) കീഴിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ചെളിയും മണ്ണും അടിഞ്ഞുകൂടുന്നതുമൂലം അണക്കെട്ടുകളിലെ ആഴം കുറഞ്ഞ് ജലസംഭരണശേഷി കുറയുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്. ഡാമുകളുടെ നിർമ്മാണത്തിനുശേഷം കാലാകാലങ്ങളിലുണ്ടായിട്ടുള്ള പ്രളയം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം ഡാമുകളിൽ ചെളിയും മണ്ണും മറ്റുവസ്തുക്കളും അടിഞ്ഞുകൂടി ഡാമുകളുടെ സ്വാഭാവിക സംഭരണശേഷി കുറഞ്ഞിട്ടുള്ളതായി പഠനങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജലസേചന വകുപ്പിനുകീഴിൽ തൃശ്ശൂർ പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) വകുപ്പിനുകീഴിലുള്ള വിവിധ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലിന്റെ അളവ് പഠനവിധേയമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഡാമുകളുടെ സംഭരണശേഷിയിൽ പരമാവധി 48% വരെ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ട്. ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള വസ്തുക്കൾ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും പ്രവൃത്തികളും പുരോഗമിക്കുന്നു. കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI)-ന്റെ പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) സമഗ്ര നദീസംരക്ഷണ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച വാട്ടർ റിസോഴ്സ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരള സംസ്ഥാനത്തിൽ 2018, 2019 വർഷങ്ങളിൽ കാലാവസ്ഥാ വ്യതിയാനത്തോടനുബന്ധിച്ച് അതിഭീകരമായ വെള്ളപ്പൊക്കം നേരിടേണ്ടിവന്ന പശ്ചാത്തലത്തിൽ ഇത്തരം ദുരന്തങ്ങളെ കാര്യക്ഷമമായി നേരിടുന്നതിന് സഹായകരമാക്കുന്നതിനും ഇത്തരം സാഹചര്യങ്ങളെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഫലപ്രദമായി തരണം ചെയ്യുവാനും അതിനുവേണ്ട പ്രവർത്തനങ്ങൾ ഉചിതമായി ഏകോപിപ്പിക്കാനുമായി ശാസ്ത്രീയമായ സാങ്കേതിക വിദ്യയിലൂടെ ജലവിഭവങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ വിശകലനം നടത്തുവാനുമുതകുന്ന സമഗ്രമായ ഒരു വെബ് എനേബ്ൾഡ് പ്ലാറ്റ്ഫോം ആയാണ് ' Kerala Water Resources Information System' വിഭാവനം ചെയ്തിരിക്കുന്നത്. ഈ സംവിധാനത്തിലെ ഓരോ മൊഡ്യൂളുകളും ഇതര വകുപ്പുകളുടെ ഇതുവരെ ലഭിച്ചിട്ടുള്ള ഡാറ്റയുൾപ്പെടുത്തിയാണ് വികസിപ്പിക്കുന്നത്. ഈ സംവിധാനത്തിൽ വിഭാവനം ചെയ്തിട്ടുള്ള 5 മോഡ്യൂളുകളുടെയും സോഫ്റ്റ്‌വെയർ വികസനം പൂർത്തിയാക്കിയിട്ടുണ്ട്. ഇതര വകുപ്പുകളുടെ നാളിതുവരെ ലഭ്യമായ ഡാറ്റ സിസ്റ്റത്തിലേയ്ക്ക് സംയോജിപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ സോഫ്റ്റ്‌വെയർ സ്റ്റേറ്റ് ഡാറ്റാ സെന്ററിലേയ്ക്ക് മൈഗ്രേഷൻ പൂർത്തിയാക്കുകയും സർക്കാർ ഡൊമൈനിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. മൈഗ്രേറ്റഡ് സിസ്റ്റത്തിന്റെ പരിശോധനയും ഡീബഗ്ഗിംഗും പുരോഗമിക്കുകയാണ്.

പ്രോജക്ട് 1 കാര്യാലയത്തിനുകീഴിലുള്ള ഡാമുകളിലെ ജലനിരപ്പ് വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം വഴി റിപ്പോർട്ട് ചെയ്യുന്നുണ്ട്.

**ചാലക്കുടി പുഴ സംരക്ഷണം**

182(4576) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പുഴയുടെ തീരങ്ങളിലെ പ്രളയസാദ്ധ്യത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചാലക്കുടി പുഴയുടെ ഇരുവശങ്ങളിലെയും മണ്ണിടിച്ചിൽ തടഞ്ഞ് തീരം സംരക്ഷിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുമോ; വിശദമാക്കുമോ?

ചാലക്കുടി പുഴയുടെ ഇരുവശങ്ങളിലെയും മണ്ണിടിച്ചിൽ തടഞ്ഞ് തീരം സംരക്ഷിക്കുന്നതിന് താഴെപ്പറയുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

1) ചാലക്കുടി പുഴയിൽ വെട്ടുകടവിനും കൂടപ്പുഴ ചെക്ക് ഡാമിനും ഇടയിൽ 21 ലക്ഷം രൂപയുടെ ഒരു പുഴയോര സംരക്ഷണ പ്രവൃത്തി 19-03-2022-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

2) ചാലക്കുടി പുഴയിൽ ചാലക്കുടി റയിൽവേ ബ്രിഡ്ജിന്റെ അപ് സ്ട്രീം ഭാഗത്ത് 34 ലക്ഷം രൂപയുടെ ഒരു പുഴയോര സംരക്ഷണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

3) ഊമംഗലം അമ്പലത്തിന്റെ അടുത്ത് 30 ലക്ഷം രൂപയുടെ പുഴയോര

സംരക്ഷണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്.

4) ചാലക്കുടി പുഴയിൽ വൈന്തല പ്രോജക്ട് കടവ് മുതൽ സമ്പാളൂർ ഞാറളക്കടവ് വരെയുള്ള ഭാഗത്തെ പുഴയോര സംരക്ഷണത്തിന് 150 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിക്കായി 2022-23 ബഡ്ജറ്റിൽ (അനുബന്ധം - II, V, Vol II, ക്രമനം.2) 20% തുക വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് കൂടാതെ ചാലക്കുടിപുഴയുടെ വിവിധ ഭാഗങ്ങളിലെ പുഴയോര സംരക്ഷണ പ്രവർത്തനങ്ങൾക്കായി 158 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ പ്രവൃത്തികളേറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(സി) പ്രസ്തുത പുഴയുടെ പ്രഭവസ്ഥാനം മുതൽ കടലിൽ പുഴ പതിക്കുന്നതുവരെയുള്ള ഭാഗം വരെ ഒറ്റയൂണിറ്റായി പരിഗണിച്ചുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി നടപടികൾ സ്വീകരിക്കുമോ?

2018-19 വർഷങ്ങളിലെ പ്രളയവും 2016-17-ലെ വരൾച്ചയും നല്കിയ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള സംയോജിത നദീതട പ്ലാനുകൾ

തയ്യാറാക്കേണ്ടതായിട്ടുണ്ട്. ഇതിനായി 5 നദികൾ തെരഞ്ഞെടുത്തതിൽ ഒന്ന് ചാലക്കുടി പുഴയാണ്. ഇതൊരു അന്തർസംസ്ഥാന നദിയാണ് എന്നതുകൂടി കണക്കിലെടുത്ത് മാത്രമേ ഇക്കാര്യത്തിൽ മുന്നോട്ടുപോകാൻ കഴിയൂ. പറമ്പിക്കുളം ആളിയാർ പ്രോജക്ടിന്റെ പ്രധാന നദിയും ഇതുതന്നെയാണ്.

**പമ്പ, കല്ലട ഇറിഗേഷൻ പ്രോജക്ടുകൾ**

183(4577) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ, കല്ലട ഇറിഗേഷൻ പ്രോജക്ടുകളുടെ കനാലുകൾ തകർന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലദൗർലഭ്യമുണ്ടാകുന്ന കാലങ്ങളിൽ മാവേലിക്കര മണ്ഡലത്തിലെ കർഷകർ പ്രസ്തുത കനാലുകളെയാണ് ആശ്രയിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പി.ഐ.പി., കെ.ഐ.പി. കനാലുകൾ പുനരുദ്ധരിക്കുന്നതിനും മാലിന്യമുക്തമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ആക്ഷൻ പ്ലാൻ തയ്യാറാക്കി ജലസേചന കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികളും പുനരുദ്ധാരണ പ്രവൃത്തികളും ഫ്ലോട്ടിംഗ് ബോഡീസ്

നീക്കം ചെയ്യുന്ന പ്രവൃത്തികളും സമയബന്ധിതമായി നടത്തിവരുന്നു. കൂടാതെ ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിലുൾപ്പെടുത്തി ചെളിയും കാടും നീക്കം ചെയ്യുന്ന പ്രവൃത്തിയും ചെയ്യുന്നുണ്ട്. കനാലുകൾ മാലിന്യമുക്തമാക്കുന്നതിന് കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്ട് അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## കോട്ടത്തോടിന്റെ പുനരുദ്ധാരണം

184(4578) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കോട്ടത്തോടിന്റെ പുനരുദ്ധാരണത്തിനും മലിനീകരണം തടയുന്നതിനുമായി മൈനർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ആയതിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ കോട്ടത്തോടിന്റെ പുനരുദ്ധാരണത്തിനും മാലിന്യം തടയുന്നതിനുമായി എം.എൽ.എ. ഫണ്ടിൽ 50 ലക്ഷം രൂപ അനുവദിക്കുകയും മാവേലിക്കര മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാൻഡിനുമുൻപിലുള്ള തോടിന്റെ ഭാഗം മാലിന്യമുക്തമാക്കി വശങ്ങൾ കെട്ടി

സ്ലാബിട്ട് സംരക്ഷിക്കുകയും ചെയ്തു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന മാവേലിക്കര മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## പെരിയാർവാലി കനാലിന്റെ അറ്റകുറ്റപ്പണികൾ

185(4579) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ പഞ്ചായത്തിൽ പെരിയാർവാലി കനാലിലെ എ.വി.റ്റി. കനാൽ ഭാഗം ഇടിഞ്ഞുകിടക്കുന്നതിനാൽ ജലവിതരണം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭാഗത്തിന്റെ അറ്റകുറ്റപ്പണികൾക്കായി സമർപ്പിച്ച എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ, വ്യക്തമാക്കാമോ;

(സി) പ്രസ്തുത കനാലിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022-23 വർഷത്തെ വാർഷിക അറ്റകുറ്റപ്പണിയിലുൾപ്പെടുത്തി 9 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി അടിയന്തരമായി ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വെള്ളായണി കായലിലെ ജലവിതാനത്തിൽ അകപ്പെട്ട കർഷകരുടെ ഭൂമി**

186(4580) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കായലിലെ ജലവിതാനത്തിൽ അകപ്പെട്ട കൃഷി ഭൂമി ഏറ്റെടുക്കുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

വെള്ളായണി കായലിലെ ജലവിതാനത്തിൽ അകപ്പെട്ടുപോയ പട്ടയ ഭൂമി ഉടമസ്ഥരായ കർഷകർക്കുണ്ടായിട്ടുള്ള തൊഴിൽ-വരുമാന നഷ്ടങ്ങൾ കണക്കിലെടുത്ത്, നഷ്ടപരിഹാരം നൽകി സർക്കാർ ഏറ്റെടുക്കുന്നതിലേയ്ക്കായി 6,32,12,751/- രൂപ (ആറുകോടി മുപ്പത്തിരണ്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി എഴുനൂറ്റിയമ്പത്തിഒന്നുരൂപ മാത്രം) 4702-00-101-65-01-MI class-II HK(PV) എന്ന ശീർഷകത്തിൽനിന്നും

നൽകുന്നതിന് 13-04-2022-ലെ സ.ഉ (സാധാ) നമ്പർ.324/2022/ജവിവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഒരുസെന്റിന് എത്രരൂപയാണ് നിശ്ചയിച്ചതെന്നും അത് വളരെക്കുറഞ്ഞ തുകയാണെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ന്യായമായ തുക അനുവദിക്കുമോ; വർഷങ്ങളായി ദുരിതമനുഭവിക്കുന്ന കർഷകരുടെ ഭൂമി എന്നത്തേയ്ക്ക് ഏറ്റെടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലാ കളക്ടർ 13-11-2020-ന് സമർപ്പിച്ച റിപ്പോർട്ട് അനുബന്ധപ്രകാരം* സ്ഥലവില നിർണ്ണയിച്ചുനൽകിയിട്ടുണ്ട്. ഓരോ ഭൂവുടമയുടെയും കൈവശമുള്ള ഭൂമിയുടെ സ്ഥലവില ബന്ധപ്പെട്ട വില്ലേജ് ഓഫീസർ മുഖാന്തരം നിർണ്ണയിച്ച് ലിസ്റ്റ് തയ്യാറാക്കി തിരുവനന്തപുരം ജില്ലാ കളക്ടർ 31-08-2021-ന് സമർപ്പിച്ചിട്ടുണ്ട്. ആയതുപ്രകാരം കല്ലിയൂർ, നേമം, വെങ്ങാനൂർ വില്ലേജുകളിലെ വിവിധ സർവ്വേ നമ്പറുകളിലുൾപ്പെട്ട ആകെ 604 ഭൂവുടമകളിൽനിന്നായി സ്ഥലമേറ്റെടുക്കുന്നതിന് ആകെ 6,32,12,751/- രൂപ, ടി തുക 4702-00-101-65-MI Class II HK(PV) ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. നിലവിൽ, ജില്ലാതല പർച്ചേസ് കമ്മിറ്റി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂട്ടുന്നതിനുള്ള നടപടി ജില്ലാകളക്ടർ സ്വീകരിച്ചുവരുന്നു. ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിക്കുന്ന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. കമ്മിറ്റി അംഗീകരിക്കുന്നമുറയ്ക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## വള്ളിക്കുന്ന് മണ്ഡലത്തിൽ ഹരിതകേരള മിഷൻ മുഖേനയുള്ള പ്രവൃത്തികൾ

187(4581) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരള മിഷൻ മുഖേന കുളങ്ങളും മറ്റും നവീകരിക്കുന്ന പദ്ധതി പ്രകാരം വള്ളിക്കുന്ന് മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന ക്ഷേത്രക്കുളങ്ങൾ നവീകരിക്കുന്നതിന് അനുമതി നൽകാറുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) ഹരിത കേരള മിഷൻ മുഖേന സ്റ്റേറ്റ് പ്ലാൻ ഫണ്ടിലെ ഹരിതകേരളം ശീർഷകത്തിൽ (Renovation of ponds and tanks under Haritha Keralam ) ഉൾപ്പെടുത്തി വള്ളിക്കുന്ന് മണ്ഡലത്തിൽ താഴെ പറയുന്ന പൊതുകുളങ്ങൾ നവീകരിച്ചിട്ടുണ്ട്.

1. മഞ്ഞാറ്റോടി കുളം നവീകരണം (പെരുവള്ളൂർ പഞ്ചായത്ത്) - 0.86 ലക്ഷം

2. പള്ളിയാളികുളം നവീകരണം (പെരുവള്ളൂർ പഞ്ചായത്ത്) -0.65 ലക്ഷം

3. ശങ്കരൻകുളം നവീകരണം (മൂന്നിയൂർ പഞ്ചായത്ത്) - 2.20 ലക്ഷം

ഹരിത കേരള മിഷന്റെ മാർഗ്ഗരേഖയിൽ ക്ഷേത്രക്കുളങ്ങൾ നവീകരിക്കുന്നതിനെപ്പറ്റി പ്രതിപാദിക്കുന്നില്ല. ജലസംരക്ഷണത്തിന്റെ ഭാഗമായി വാട്ടർ ഷെയർ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രക്കുളങ്ങൾ (ആരാധനാലയങ്ങളുടെ കുളങ്ങൾ) മാത്രം നവീകരിക്കുന്നതിന് എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെയും ആസ്തി വികസന നിധിയുടെയും തുക വിനിയോഗിക്കുന്നതിനായുള്ള വാട്ടർ ഷെയർ എഗ്രിമെന്റ് പരിശോധിച്ചുവരുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ മൂന്നിയൂർ ഗ്രാമ പഞ്ചായത്തിൽ തോടുകളുടെ നവീകരണം നടത്തിയിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിലെ ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി**

188(4582) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ട്, ഇടമലയാർ ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സാദ്ധ്യത ജലവിഭവ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഡാമുകൾ കേന്ദ്രീകരിച്ച് അനന്തമായ ടൂറിസം സാദ്ധ്യതയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിനായി പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂതത്താൻകെട്ട് ഡാം കേന്ദ്രീകരിച്ച് ഡി.ടി.പി.സി.-യുടെ സഹകരണത്തോടെ ടൂറിസം വികസന പദ്ധതികൾ നടപ്പാക്കിവരുന്നു.

ഇടമലയാർ ഡാമിൽ ടൂറിസം പദ്ധതികളൊന്നും നിലവിലില്ല, പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(സി) പ്രസ്തുത ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം-ഇലക്ട്രിസിറ്റി വകുപ്പുകളുമായി ചേർന്ന് സംയുക്തമായി ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഭൂതത്താൻകെട്ട്, ഇടമലയാർ ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം-ഇലക്ട്രിസിറ്റി വകുപ്പുകളുമായി ചേർന്ന് സംയുക്തമായി ടൂറിസം പദ്ധതി

ആവിഷ്ക്കരിക്കുന്നതിന് വിശദമായ പരിശോധന ആവശ്യമാണ്. ആയതിനുശേഷം മാത്രമേ ടി വിഷയത്തിൽ അനന്തരനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**ചെല്ലൻകാവ് മിനിഡാം പുനർ നിർമ്മാണം**

189(4583) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20% തുക വകയിരുത്തി നിർമ്മാണാനുമതി ലഭിച്ചിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം പുനർനിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിലെ അനുബന്ധം 2 വാല്യം 2 ക്രമ നം. 2625-ൽ (ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികൾ) മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ ചെല്ലൻകാവ് മിനി ഡാം പുനർനിർമ്മിക്കുന്നതിനുവേണ്ടി 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. (അടങ്കൽ തുക 500 ലക്ഷം). ചെല്ലൻകാവ് മിനി ഡാമിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് 4 കോടി രൂപയുടെ

എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. എന്നാൽ ഏരി നിലകൊള്ളുന്ന സ്ഥലത്തെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള പരിശോധനയിൽ ഒരു സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലാണ് നിലവിലുള്ളതെന്ന് പുതുശ്ശേരി സെൻട്രൽ വില്ലേജ് ഓഫീസിൽനിന്നും അറിഞ്ഞതിനെത്തുടർന്ന് പാലക്കാട് തഹസീൽദാറുമായി ബന്ധപ്പെടുകയും തഹസീൽദാർ പുതുശ്ശേരി സെൻട്രൽ വില്ലേജ് ഓഫീസറോട് ഏരിയുടെ നിലവിലെ കൈവശക്കാരുടെയും ഉടമസ്ഥരുടെയും പേരുവിവരങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കത്തുനല്കുകയും ആയതിനുള്ള മറുപടി ലഭിക്കുകയും ചെയ്തു. ടി മറുപടി പ്രകാരം മിനി ഡാം സ്ഥിതി ചെയ്യുന്ന സ്ഥലം റീ സർവ്വേ നം 26/2 ആണെന്നും ഉടമസ്ഥാവകാശം ശ്രീ. ഉണ്ണികൃഷ്ണൻ മകൻ ഗോപാലകൃഷ്ണൻ കഞ്ചിക്കോടിനാണെന്നും അറിയാൻ കഴിഞ്ഞു. മിനി ഡാം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഒന്നുകൂടി വ്യക്തത വരുത്തുന്നതിനുവേണ്ടി പാലക്കാട് തഹസീൽദാർക്ക് കത്തുനല്കിയെങ്കിലും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ഓർമ്മക്കുറിപ്പുകൾ ബന്ധപ്പെട്ട കാര്യാലയങ്ങളിൽനിന്നും നല്കിയിട്ടുള്ളതുമാണ്. ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തത ലഭിക്കുന്നമുറയ്ക്ക് പദ്ധതി നടപ്പിലാക്കാനുള്ള സത്വരനടപടി

സ്വീകരിക്കാവുന്നതാണ്.

**ഡാം പണിയുന്ന സ്ഥലങ്ങളുടെ വിനോദ സഞ്ചാര സാധ്യത**

190(4584) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്ഥലങ്ങളിൽ ഡാം പണിയുന്നതിനായി ഏറ്റെടുത്ത സ്ഥലങ്ങൾ കാട്ടുപിടിച്ചുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥലങ്ങളുടെ വിനോദസഞ്ചാര സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതികളുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏത് വകുപ്പ് മുഖാന്തരമാണ് ഈ പ്രവൃത്തി നടപ്പാക്കുന്നത് എന്നറിയിക്കാമോ;

(സി) ഇറിഗേഷൻ വകുപ്പിന് സ്വന്തമായി ഈ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ എന്നറിയിക്കുമോ?

(എ-സി) ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ലോക ബാങ്ക് സഹായത്തോടെ ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) നടപ്പാക്കുന്ന ചില ഡാമുകളിൽ ടൂറിസം സാദ്ധ്യത കണക്കിലെടുത്ത് ടൂറിസം പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ട്. 24-09-2016-ലെ സ.ഉ(സാധാ) നം. 830/2016/ജവിവ പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി

നടപടി സ്വീകരിച്ചുവരുന്നു.

**നെന്മാറ മണ്ഡലത്തിലെ ഡാമുകളിലെ ചെളി നീക്കുന്ന പ്രവർത്തനങ്ങൾ**

191(4585) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം ഡാമുകളിലെ ചെളി നീക്കുന്നതിനാണ് നിലവിൽ അനുമതി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ മണ്ഡലത്തിലെ മീങ്കര, ചുള്ളിയാർ എന്നീ ഡാമുകളിലെ ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനാണ് (ഡീസിൽറ്റേഷൻ) നിലവിൽ അനുമതി നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതുഘട്ടംവരെയെത്തി എന്ന് വിശദമാക്കുമോ?

മീങ്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് മിനറൽ ഡെവലെപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് (KEMDEL) ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പ്രവൃത്തി 10-06-2022 മുതൽ നടപ്പാക്കിവരികയാണ്. ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലെപ്മെന്റ് കോർപ്പറേഷനെയാണ് (KIIDC)

ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

**മലമ്പുഴ, വാളയാർ ഡാമുകളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മണലും നീക്കം ചെയ്യൽ**

192(4586) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മലമ്പുഴ, വാളയാർ എന്നീ ഡാമുകളിൽ അടിഞ്ഞുകൂടിയ ചെളി, എക്കൽ, മണൽ എന്നിവ നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, എന്നത്തേയ്ക്ക് പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കും എന്നീ വിവരങ്ങൾ നൽകാമോ?

(എ & ബി) പാലക്കാട് ജില്ലയിലെ വാളയാർ ഡാമിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മണലും നീക്കം ചെയ്യുന്ന പ്രവൃത്തി (ഡീസിൽറ്റേഷൻ) നടപ്പാക്കുന്നതിന് കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഡീസിൽറ്റേഷൻ പ്രവൃത്തിക്കുവേണ്ടി സെപ്പറേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികളും Bathymetric Tropographic

Survey നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. നിലവിൽ കാലവർഷം ശക്തി പ്രാപിച്ചതിനാൽ ടി പ്രവൃത്തികൾ മന്ദഗതിയിലാണ് നടന്നുവരുന്നത്. വാളയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി ഒരുവർഷംകൊണ്ട് പൂർത്തീകരിക്കുന്ന തരത്തിലാണ് വിഭാവന ചെയ്തിട്ടുള്ളത്.

മലമ്പുഴ ഡാം ഉൾപ്പെടെ ജലസേചന വകുപ്പിനുകീഴിലുള്ള അഞ്ച് റിസർവോയറുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (DCIL)-മായി ചർച്ചകൾ നടത്തിവരികയാണ്.

**ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിന് നടപടി**

193(4587) <u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. മാണി സി. കാപ്പൻ</u>:
<u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളിൽ ചെളിയും മണലും അടിഞ്ഞുകിടന്ന് ജല സംഭരണശേഷി നഷ്ടപ്പെട്ടുപോകുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) ഡാമുകളിൽ അടിഞ്ഞുകിടക്കുന്ന ചെളിയും എക്കലും നീക്കം ചെയ്യാനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ?

(എ & ബി) തൃശ്ശൂർ പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) ഇറിഗേഷൻ വകുപ്പിനുകീഴിലെ വിവിധ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലിന്റെയും ചെളിയുടെയും എക്കലിന്റെയും അളവ് പഠനവിധേയമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഡാമുകളുടെ സംഭരണശേഷിയിൽ പരമാവധി 48% വരെ കുറവുവന്നതായി കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കം ചെയ്യുന്നതിന് (ഡീസിൽറ്റേഷൻ) 26-09-2017-ലെ സ.ഉ(കൈ) നം.79/17/ജവിവ, 14-05-2019-ലെ സ.ഉ(കൈ) 14/19/ജവിവ എന്നീ ഉത്തരവുകൾ പ്രകാരം അടിസ്ഥാന പ്രവർത്തനരേഖ അംഗീകരിച്ചിട്ടുണ്ട്. ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ഏകോപനത്തിനായി ഹൈ ലെവൽ എംപവേഡ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

മംഗലം ഡാമിന്റെ ജലസംഭരണിയിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17.12.2020 മുതൽ ആരംഭിച്ചിരുന്നു.

എന്നാൽ കരാറിൽ അംഗീകരിച്ചതിൻപ്രകാരമുള്ള പ്രവർത്തന പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കരാർ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ 30.05.2022-ൽ ചേർന്ന ഹൈ ലെവൽ എംപവേർഡ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC)-യും വാളയാർ, മീൻകര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KEMDEL)-യും ഏൽപ്പിച്ചിട്ടുണ്ട്.

ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള മലമ്പുഴ, മലങ്കര, കാരാപ്പുഴ, മണിയാർ, പഴശ്ശി എന്നീ റിസർവോയറുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (DCIL)-മായി ചർച്ചകൾ നടത്തിവരികയാണ്.

കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ വരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ഏൽപ്പിക്കാൻ

30/05/2022-ൽ ചേർന്ന ഹൈ ലെവൽ എംപവേഡ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ഇവ നീക്കം ചെയ്യുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങാൻ ഉദ്ദേശമുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഡീസിൽറ്റേഷൻ പ്രവൃത്തികൾക്കായി ലോ കോസ്റ്റ് മെഷീനറി വാങ്ങുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## മുല്ലപ്പെരിയാറിലെ റോഡ് നിർമ്മാണം

194(4588) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ മേഖലയിലെ വള്ളക്കടവ് മുതൽ മുല്ലപ്പെരിയാർ ഡാം സൈറ്റ് വരെ റോഡ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാട് കേരളത്തിന് കത്ത് നൽകിയിട്ടുണ്ടോ?

വള്ളക്കടവ് മുതൽ മുല്ലപ്പെരിയാർ ഡാം സൈറ്റ് വരെയുള്ള വനപാത പുനരുദ്ധരിക്കണമെന്നും പ്രസ്തുത റോഡിലുള്ള Cause Way (ചിറ)-യുടെ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് ജലവിഭവ വകുപ്പ് എക്സിക്യൂട്ടീവ്

എഞ്ചിനീയർ പെരിയാർ ടൈഗർ റിസർവ് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കത്ത് എന്നാണ് ലഭിച്ചതെന്നും റോഡിന്റെ നിർമ്മാണച്ചെലവ് തമിഴ്നാട് സർക്കാർ വഹിച്ചുകൊള്ളാമെന്ന് കത്തിൽ അറിയിച്ചിരുന്നോയെന്നും ആരാണ് തമിഴ്നാട് സർക്കാരിനുവേണ്ടി കത്തയച്ചതെന്നും അറിയിക്കുമോ?

പ്രസ്തുത കത്തും പ്രൊപ്പോസലും 16-08-2012-ൽ തമിഴ്നാട് സർക്കാരിനുവേണ്ടി എക്സിക്യൂട്ടിവ് എൻഞ്ചിനീയർ, PWD (WRD), പെരിയാർ ഡാം സ്പെഷ്യൽ ഡിവിഷൻ കമ്പം പെരിയാർ ഈസ്റ്റ് ഡിവിഷൻ ഓഫീസിൽ നൽകിയിരുന്നു. ഈ പ്രൊപ്പോസലിൽ വ്യക്തത വരുത്തി സമർപ്പിക്കുന്നതിന് പെരിയാർ ഈസ്റ്റ് ഡിവിഷൻ ഓഫീസിൽനിന്ന് നൽകിയ നിർദ്ദേശപ്രകാരം 11-06-2015-ൽ ഫോറസ്റ്റ് ക്ലിയറൻസിനായി ഓൺലൈൻ പോർട്ടൽ മുഖേന പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. തുടർന്ന് തമിഴ്നാട് ജലവിഭവ വകുപ്പിലെ കമ്പം പെരിയാർ ഡാം സ്പെഷ്യൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സാം ഇർവിൻ 30-06-2022-ലെ 70M/ഡിബി/ET/F.VR/2022 നം കത്ത് മുഖാന്തരം ആവശ്യമെങ്കിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള ചെലവ് തമിഴ്നാട് സർക്കാർ

വഹിച്ചുകൊള്ളാമെന്നും അല്ലെങ്കിൽ തമിഴ്നാട് ജലവിഭവ വകുപ്പ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്തുകൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റോഡ് അടിയന്തരമായി നിർമ്മിക്കേണ്ടതിന്റെ കാരണമായി എന്തൊക്കെ കാര്യങ്ങളാണ് കത്തിൽ പറഞ്ഞിട്ടുള്ളത്; വിശദമാക്കാമോ?

കഴിഞ്ഞ വർഷ കാലത്ത് പ്രസ്തുത റോഡിന് സാരമായ കേടുപാടുകൾ സംഭവിച്ചതായും നീർച്ചാലിനുകുറുകെയുള്ള ചിറ (Cause way) ഉൾപ്പെടെ ഒലിച്ചുപോയതിനാൽ, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പരിപാലനത്തിനാവശ്യമായ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ ഡാം സൈറ്റിലേയ്ക്ക് എത്തിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായും അതിനാൽ Cause way-യുടെ കേടുപാടുകൾ പരിഹരിച്ച് ഡാമിലേയ്ക്കുള്ള റോഡ് മാർഗ്ഗം യുദ്ധകാലാടിസ്ഥാനത്തിൽ പുനഃസ്ഥാപിക്കണമെന്നുമാണ് കത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

(ഡി) പ്രസ്തുത കത്തിന്മേൽ ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

വള്ളക്കടവ് മുതൽ ഡാം സൈറ്റുവരെ പോകുന്ന വനപാതയിലെ നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട് വിവിധ അനുമതികൾ ലഭ്യമാക്കുന്നതിനായി തമിഴ്നാട് അധികൃതർ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ PRIVESH പോർട്ടൽ മുഖാന്തരം 2015-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ കേരള വനം വകുപ്പ് അധികൃതർ നിർദ്ദേശിച്ച പ്രകാരം പ്രൊപ്പോസലിലെ അപാകതകൾ തമിഴ്നാട് അധികൃതർ പരിഹരിക്കാത്തതിനാലും അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കാത്തതിനാലും ആയതിന് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. നിലവിൽ ഈ വിഷയം സ്റ്റേറ്റ് ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് പെരിയാർ കടുവ സങ്കേതമുൾപ്പെടുന്ന സംരക്ഷിത വനമേഖലയിലുൾപ്പെടുന്നതിനാൽ വനം വകുപ്പുമായി ചർച്ച ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഇ) പ്രസ്തുത റോഡിന്റെ തകർച്ചയ്ക്ക് കാരണം യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതാണോ; എങ്കിൽ വിശദാംശം നൽകുമോ;

(എഫ്) ഏറ്റവുമൊടുവിൽ പ്രസ്തുത റോഡിന്റെ പുനരുദ്ധാരണം നടത്തിയ തീയതി അറിയിക്കുമോ?

(ഇ & എഫ്) 2019-ലാണ് വനം സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി അവസാനമായി വനം വകുപ്പ് മുഖാന്തരം അറ്റകുറ്റപ്പണികൾ നടത്തിയത്. വനം വകുപ്പ്, വനം സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി ആവശ്യാനുസരണം അറ്റകുറ്റപണികൾ നടത്തിവരുന്നു.

(ജി) പ്രസ്തുത റോഡ് നിർമ്മാണം നിർവ്വഹിക്കേണ്ടത് ഏത് ഓഫീസാണെന്നും ആരുടെയൊക്കെ അനുമതിയാണ് ആവശ്യമായി വരുന്നതെന്നും വ്യക്തമാക്കാമോ?

പെരിയാർ കടുവ സങ്കേതമുൾപ്പെടുന്ന സംരക്ഷിത വനമേഖലയിലാണ് പ്രസ്തുത റോഡ് സ്ഥിതി ചെയ്യുന്നതെന്നതിനാൽ റോഡിന്റെ നിർമ്മാണം, പുനരുദ്ധാരണം എന്നിവ വനം വകുപ്പിന്റെ അധീനതയിലാണ്. പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്റ്റേറ്റ് ബോർഡ് ഫോർ വൈൽഡ് ലൈഫ്, നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം എന്നിവയുടെ അനുമതി ആവശ്യമാണ്. അനുമതി ലഭിക്കുകയാണെങ്കിൽ ടി പ്രവൃത്തി വനം, ജലസേചനം (ചെറുകിട ജലസേചനം) എന്നീ വകുപ്പുകൾ സംയുക്തമായി പരിശോധിച്ച് User Agency ആയ തമിഴ്നാട് PWD (WRD) ആണ് നിർവ്വഹിക്കേണ്ടത്.

## കാഞ്ഞിരപ്പുഴ ഡാമിൽ നടപ്പാക്കുന്ന ഡാം റിഹാബിലിറ്റേഷൻ ഇമ്പ്രൂവ്മെന്റ് പ്രോജക്ട്

195(4589) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഡാമിൽ ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന ഡാം റിഹാബിലിറ്റേഷൻ ആൻഡ് ഇമ്പ്രൂവ്മെന്റ് പ്രോജക്ടിന്റെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഡാമിൽ ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന DRIP-ന്റെ Phase-I പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രിപ്പ് രണ്ടാംഘട്ടത്തിലുൾപ്പെടുത്തി കാഞ്ഞിരപ്പുഴ ഡാമിൽ പുനരുദ്ധാരണ പ്രവൃത്തികളും അടിസ്ഥാന സൗകര്യവികസനങ്ങൾക്കുമായി 6 കോടി രൂപയ്ക്ക് 21-06-2021-ൽ DSR 2016 പ്രകാരം സാങ്കേതികാനുമതി നൽകുകയും രണ്ടുപ്രാവശ്യം ടെണ്ടർ ചെയ്യുകയും ചെയ്തു. എന്നാൽ രണ്ടാമത്തെ ടെണ്ടറിലെ ലോവസ്റ്റ് ബിഡർ (Lowest Bidder) കരാറുടമ്പടി വയ്ക്കാൻ തയ്യാറാകാത്തതിനാലും ബിഡ്

വാലിഡിറ്റി തീർന്നതിനാലും ടെണ്ടർ റദ്ദാക്കി റീടെണ്ടർ ചെയ്യാൻ തീരുമാനിക്കുകയുണ്ടായി.

DSR 2018 നിലവിൽ വന്നതിനാൽ, ടി എസ്റ്റിമേറ്റ് recast ചെയ്ത 05-05-2022-ൽ 6.05 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി, ടെണ്ടർ ചെയ്യുന്നതിനുള്ള Bid Document-ന് 08-07-2022-ൽ അംഗീകാരം നൽകിയിട്ടുണ്ട്. ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## തിടനാട്പള്ളി ചപ്പാത്ത് ഭാഗത്ത് ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മാണം

196(4590) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ തിടനാട് പഞ്ചായത്ത് പതിമൂന്നാം വാർഡിൽ ചിറ്റാർ പുഴയിൽ പള്ളി ചപ്പാത്ത് ഭാഗത്ത് ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ചിരിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) പൂഞ്ഞാർ മണ്ഡലത്തിലെ തിടനാട് പഞ്ചായത്ത് പതിമൂന്നാം വാർഡിൽ ചിറ്റാർ പുഴയിൽ പള്ളി ചപ്പാത്ത് ഭാഗത്ത് ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള 210 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് PRICE 1-ൽ തയ്യാറാക്കിയിരുന്നു. എന്നാൽ PRICE 3 നിലവിൽ വന്നതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**കരുവന്നൂർ പുഴയോരം കെട്ടി സംരക്ഷിക്കുന്നതിന് നടപടി**

197(4591) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ വാർഡ് 8 കൊക്കിരി പള്ളം ദേശത്ത് വ്യാപകമായി ഇടിഞ്ഞ കരുവന്നൂർ പുഴയോരം കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പുതുക്കാട് മണ്ഡലത്തിലെ കൊക്കിരി പള്ളം ദേശത്ത് പ്രവൃത്തികളൊന്നും നടപ്പാക്കിയിട്ടില്ല.

**ചാലിയാർ പുഴയുടെ തീരസംരക്ഷണം**

198(4592) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് പ്രളയങ്ങൾക്കുശേഷം ചാലിയാർ പുഴയുടെ തീരങ്ങൾ ഇടിഞ്ഞ് തീരത്ത് വസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും ഭീക്ഷണിയായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2018, 2019 വർഷങ്ങളിലുണ്ടായ പ്രളയങ്ങൾക്കുശേഷം ചാലിയാർ പുഴയുടെ തീരങ്ങൾ പല സ്ഥലങ്ങളിലും ഇടിഞ്ഞിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചാലിയാർ പുഴയുടെയും കൈത്തോടുകളുടെയും തീരങ്ങൾ സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവ ഓരോന്നിലും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ?

മേജർ ഇറിഗേഷന്റെ കീഴിൽ മലപ്പുറം ജില്ലയിൽ ചാലിയാർ പുഴയുടെയും കൈത്തോടുകളുടെയും തീരങ്ങൾ സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആകെ 34 അപേക്ഷകൾ ലഭിച്ചു. അതിൽ 21 അപേക്ഷകൾക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 5 അപേക്ഷകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. 8 അപേക്ഷകൾക്ക് PRICE 1- ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. മൈനർ ഇറിഗേഷന്റെ കീഴിൽ ചാലിയാർ പുഴയിലെ പൂക്കോട്ടുമണ്ണ ഒടായിക്കൽ-

കവണക്കല്ല് റഗുലേറ്ററുകളുടെ അനുബന്ധമായിരുന്ന ചാലിയാർ പുഴയുടെ ഭാഗം മാത്രമാണ് മൈനർ ഇറിഗേഷൻ സംരക്ഷണ ചുമതലയുള്ളത്. കഴിഞ്ഞ പ്രളയങ്ങൾക്കുശേഷം മേൽ റഗുലേറ്ററുകളോടനുബന്ധിച്ച് ചാലിയാറിൻ തീരസംരക്ഷണവുമായി ബന്ധപ്പെട്ട് ലഭ്യമായ പരാതികളും ചാലിയാറിന്റെ കൈത്തോടുകളുമായി ബന്ധപ്പെട്ട് ലഭ്യമായ പരാതികളും അവയിൽ സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ചാലിയാർ പുഴയുടെ തീരസംരക്ഷണത്തിനായി എം.എൽ.എ. മുഖേന നല്കിയ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മലപ്പുറം മേജർ ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ ചാലിയാർ പുഴയുടെ തീരസംരക്ഷണത്തിനായി ബഹുമാനപ്പെട്ട എം.എൽ.എ. മുഖേന ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

മൈനർ ഇറിഗേഷന്റെ കീഴിൽ ചാലിയാർ പുഴയുടെ തീര സംരക്ഷണത്തിനായി എം.എൽ.എ. മുഖാന്തരം അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ കടൽത്തീര സംരക്ഷണം

199(4593) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കടൽത്തീര സംരക്ഷണത്തിനായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ വരുന്ന പ്രദേശങ്ങളിൽ കടൽത്തീര സംരക്ഷണത്തിനായി 2009 മുതൽ നാളിതുവരെയായി മൊത്തം 8 പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ സുസ്ഥിര തീരസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി പഠനങ്ങൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പഠനങ്ങൾ നടന്നിട്ടില്ല,

## ആർ.എം.പി. തോടിന്റെ സംരക്ഷണം

200(4594) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ആർ.എം.പി. തോടിൽ തോന്നിപ്പാലം മുതൽ മാലിപ്പുറം ബീച്ച് റോഡ് വരെ പാർശ്വഭിത്തി കെട്ടുന്നതിനും ആഴം കൂട്ടുന്നതിനുമുള്ള പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനംമൂലം വർദ്ധിച്ചുവരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വൈപ്പിൻ കരയിലെ പ്രധാനപ്പെട്ട ആർ.എം.പി. തോടിന്റെ സംരക്ഷണത്തിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

(എ & ബി) വൈപ്പിൻമണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ആർ.എം.പി. തോടിൽ തോന്നിപ്പാലം മുതൽ മാലിപ്പുറം ബീച്ച് റോഡ് വരെ പാർശ്വഭിത്തികെട്ടുന്നതിനും ആഴംകൂട്ടുന്നതിനുമുള്ള പ്രവൃത്തി ഫണ്ടിന്റെ അപര്യാപ്തതമൂലം സാധ്യമായില്ല. 2022-23 വർഷത്തെ മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തി പ്രൈസ്-3-മുഖേന ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ആയാംകുടി മാത്താംകരി നെല്ലുൽപ്പാദക സമിതിയുടെ പാടശേഖരത്തിന് പുറംബണ്ട്**

201(4595) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കടുത്തുരുത്തി പഞ്ചായത്ത് ആയാംകുടി മാത്താംകരി എ, ബി ബ്ലോക്ക് നെല്ലുൽപ്പാദക സമിതിയുടെ പാടശേഖരത്തിന് പുറംബണ്ട് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് സഹിതം സമർപ്പിച്ചിരുന്ന അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

മാത്താംകരി A, B Block നെല്ലുൽപ്പാദക സമിതി സെക്രട്ടറിയുടെ അപേക്ഷ കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായതിനെത്തുടർന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ പാടശേഖരം സന്ദർശിക്കുകയും PRICE-ൽ 610 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പാടശേഖരത്തിന്റെ നവീകരണത്തിനായി പുറംബണ്ട് നിർമ്മാണവും സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും കലിങ്കുകളുടെ നിർമ്മാണം, പൊതുമട, തൂമ്പ്, വാച്ചാൽ ഡീസൽറ്റിംഗ് എന്നിവ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) ആയത് സംബന്ധിച്ച് 17-05-2022-ൽ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത നിവേദനം പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിനായി 05.07.2022-ലെ ഐ.ആർ.4/92/2022/ജ.വി.വ.

നമ്പർ കത്ത് മുഖേന കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഗുരുവായൂർ മണ്ഡലത്തിലെ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

202(4596) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷം ആരംഭിച്ചതോടെ ഗുരുവായൂർ മണ്ഡലത്തിലെ തീരപ്രദേശങ്ങൾ രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം പഞ്ചായത്തിലെ സി.പി.1388-ന് വടക്ക് 70 മീ. നിന്നും തെക്കോട്ട് 220 മീ. നീളത്തിൽ പോളിപ്രൊപ്പിലീൻ ബാഗ് ഉപയോഗിച്ചുള്ള 28,75,000/- രൂപയുടെ അടിയന്തര കടൽത്തീര സംരക്ഷണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കടപ്പുറം പഞ്ചായത്തിലെ സി.പി.1388 തെക്ക് 57 മീ. നീളത്തിൽ പോളിപ്രൊപ്പിലീൻ ബാഗ്

ഉപയോഗപ്പെടുത്തി കടൽത്തീര സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 29-06-2022-ന് കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കുകയും പ്രവൃത്തി സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്.

**തോടുകളുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്ന പദ്ധതി**

203(4597) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിൽ തോടുകളുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ?

തോടുകളുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി നിലവിലില്ല. എന്നാൽ 2702-03-101-98-03-FD എന്ന ശീർഷകത്തിലുൾപ്പെടുത്തി മൈനർ ഇറിഗേഷനുകീഴിലുള്ള തോടുകളുടെ കരയിടിയുന്നത് കെട്ടി സംരക്ഷിക്കുന്നതിനും കരയിടിയുന്നതുമൂലമുണ്ടാകുന്ന മണ്ണ് മാറ്റി ജലസ്രോതസ്സുകളുടെ നീരൊഴുക്ക് സുഗമമാക്കുന്നതിനും വെള്ളപ്പൊക്കംമൂലമുണ്ടാകുന്ന തോടുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ 2020-21, 2021-22 വർഷങ്ങളിൽ ഈ ഇനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2020-21, 2021-22 വർഷങ്ങളിൽ കോഴിക്കോട് മൈനർ ഇറിഗേഷനുകീഴിലുള്ള തോടുകളുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി നിർമ്മാണം**

204(4598) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തിയുടെ പുനർനിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഇതുവരെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

150 മീ. കടൽഭിത്തിയുടെ പ്രവൃത്തി പൂർത്തീകരിച്ചു. കാലാവസ്ഥ അനുകൂലമാണെങ്കിൽ 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

**അമ്പലപ്പുഴ മണ്ഡലത്തിലെ പുലിമുട്ട് നിർമ്മാണം**

205(4599) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ മാത്തേരി മുതൽ പുറക്കാട് വരെയും പുന്നപ്ര മുതൽ ആലപ്പുഴ വരെയുമുള്ള തീരദേശത്തെ പുലിമുട്ട് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ & ബി) അമ്പലപ്പുഴ മണ്ഡലത്തിലെ മാത്തേരി മുതൽ പുറക്കാട് വരെയും പുന്നപ്ര മുതൽ ആലപ്പുഴ വരെയുമുള്ള തീരദേശത്തെ പുലിമുട്ട് നിർമ്മാണത്തിനുള്ള പര്യവേഷണ പ്രവൃത്തികൾ നടന്നുവരുന്നു. പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ച് പഠനറിപ്പോർട്ട് ലഭിച്ചശേഷം ഐ.ഐ.റ്റി. ചെന്നൈയുമായി ബന്ധപ്പെട്ട് ഡിസൈൻ ലഭ്യമാകുന്നതനുസരിച്ച്

ഡി.പി.ആർ. തയ്യാറാക്കിയതിനുശേഷം ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

## കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട്

206(4600) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായുള്ള, കുറ്റ്യാടി മണ്ഡലത്തിൽ ഉൾപ്പെടുന്ന, അക്വാഡക്ടുകൾ ഉൾപ്പെടെയുള്ള ഏതൊക്കെ നിർമ്മാണങ്ങൾ തകരാറായിട്ടുണ്ട് എന്നറിയിക്കുമോ?

കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായുള്ള തകരാറിലായ അക്വാഡക്ടുകൾ ഉൾപ്പെടുന്ന നിർമ്മിതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) തകരാറിലായ ഇത്തരം നിർമ്മിതികൾ പൊതുജനങ്ങളുടെ ജീവന് ഭീഷണി സൃഷ്ടിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായുള്ള കാലപ്പഴക്കം കാരണം തകരാറിലായ നിർമ്മിതികൾ പൊതുജനങ്ങളുടെ ജീവന് ഭീഷണിയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം നിർമ്മിതികളുൾപ്പെടെ കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളും കനാൽ അനുബന്ധ സ്ട്രക്ചറുകളും പുനർനിർമ്മിക്കുന്നതിനും ബലപ്പെടുത്തുന്നതിനുമായി പദ്ധതി വിഭാഗം 1, ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിന് അംഗീകാരം നല്കി അടിയന്തര പ്രധാന്യമുള്ള പ്രവൃത്തികൾ എത്രയുംവേഗം ആരംഭിക്കാൻ സാധിക്കുന്നതാണ്.

**ചിറക്കര കെ.ഐ.പി. ലിഫ്റ്റ് ഇറിഗേഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങൾ**

207(4601) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറക്കര കെ.ഐ.പി. ലിഫ്റ്റ് ഇറിഗേഷന്റെയും പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെയും പൂർത്തീകരണവുമായി ബന്ധപ്പെട്ട രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ചിറക്കര ലിഫ്റ്റ് ഇറിഗേഷന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് താഴെ

പറയുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

1. കെ.ഐ.പി. പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 0 മുതൽ 23000 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

2. ചിറക്കരയിലെ പമ്പിംഗ് നടത്തുന്നതിനാവശ്യമായ മെക്കാനിക്കൽ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

3. ഇലക്ട്രിക്കൽ വർക്കുകൾ, ട്രാൻസ്ഫോർമർ എന്നിവയുടെ പ്രവൃത്തികൾ അതിവേഗം പുരോഗമിച്ചുവരുന്നു.

(ബി) ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്; വ്യക്തമാക്കാമോ?

ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് കെ.ഐ.പി. പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 23000 മുതൽ 32330 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തികളും ഭൂതക്കുളം, കോട്ടപ്പുറം ഡിസ്ട്രിബ്യൂട്ടറികളുടെ ബാലൻസ് പ്രവൃത്തികളും പൂർത്തികരിക്കേണ്ടതുണ്ട്.

(സി) പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 23000 മുതൽ 32330 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തികളുടെ ടെൻഡർ നടപടി നടന്നുവരുന്നു.

## റൂൾ കർവ്

208(4602) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള കാരാപ്പുഴ, മലങ്കര, ശിരുവാണി ഡാമുകളിൽ റൂൾ കർവ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഇല്ല. കേന്ദ്ര ജലകമ്മീഷൻ മാനദണ്ഡങ്ങൾ പ്രകാരം 200 MCM-ൽ അധികം സംഭരണശേഷിയുള്ള ഡാമുകൾക്കാണ് റൂൾ കർവ് നിഷ്കർഷിച്ചിട്ടുള്ളത്. കാരാപ്പുഴ, മലങ്കര ഡാമുകളുടെ സംഭരണശേഷി 200 MCM-ൽ താഴെയായതിനാൽ റൂൾ കർവ് ബാധകമല്ല. ഓവർ ഫ്ലോ

വിഭാഗത്തിലുൾപ്പെടുന്നതിനാൽ ശിരുവാണി ഡാമിന് റൂൾ കർവിന്റെ ആവശ്യകതയില്ല.

(ബി) റൂൾ കർവുകളില്ലാത്ത ഡാമുകളിൽ ജലവിതാനം ക്രമീകരിക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത രീതി പ്രളയം പോലെയുള്ള സാഹചര്യങ്ങളെ നേരിടുന്നതിന് പര്യാപ്തമാണോ?

കേന്ദ്ര ജലകമ്മീഷൻ മാനദണ്ഡങ്ങൾ പ്രകാരം 200 MCM-ൽ താഴെ സംഭരണശേഷിയുള്ള ഡാമുകളിൽ പ്രളയസാധ്യത മുൻനിർത്തി ജലനിരപ്പ് ക്രമീകരിക്കുന്നതിനായി Blue, Orange, Red എന്നീ മൂന്നുതലത്തിലായി Alert Level നിശ്ചയിച്ചിട്ടുള്ളതും ആയത് പാലിച്ചുകൊണ്ട് അടിയന്തരഘട്ടങ്ങളിൽ ജില്ലാ ഭരണകൂടത്തിന്റെ അനുമതിക്ക് വിധേയമായി പ്രദേശവാസികൾക്ക് മുന്നറിയിപ്പ് നൽകിക്കൊണ്ട് സ്പിൽവേ ഷട്ടറുകൾ ആവശ്യാനുസരണം പ്രവർത്തിപ്പിച്ച് ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത രീതി പ്രളയം പോലെയുള്ള സാഹചര്യങ്ങളെ നേരിടുന്നതിന് പര്യാപ്തമാണ്.

(സി) പ്രളയമുണ്ടായപ്പോൾ അഭിമുഖീകരിച്ച പ്രതിസന്ധിയിൽനിന്നും പാഠം ഉൾക്കൊണ്ട് റൂൾ കർവുകൾ തയ്യാറാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ജലസംഭരണ ശേഷി 200 MCM -ന മുകളിലുള്ള മലമ്പുഴ, കല്ലട എന്നീ ഡാമുകൾക്ക് റൂൾ കർവ് തയ്യാറാക്കിയിട്ടുണ്ട്. 200 MCM-ൽ താഴെ സംഭരണ ശേഷിയുള്ള ഡാമുകളിൽ കേന്ദ്ര ജലകമ്മീഷൻ, ദുരന്ത നിവാരണ വകുപ്പ് എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മൺസൂൺ കാലയളവിൽ ഡാമുകളുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളുള്ള നിർദ്ദേശങ്ങളും ഡാം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മാർഗ്ഗരേഖകളും എല്ലാതലത്തിലുമുള്ള കാര്യാലയങ്ങളിലേയ്ക്ക് നൽകിയിട്ടുള്ളതും ആയവ പാലിക്കുന്നുണ്ടെന്ന് യഥാസമയം ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു.

**കൊല്ലം മണ്ഡലത്തിലെ വൻകിട ജലസേചന പ്രവൃത്തികൾ**

209(4603) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം മണ്ഡലത്തിൽ 2020-21 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വൻകിട ജലസേചന വിഭാഗത്തിന്റെ പ്രവൃത്തികൾ ഏതെല്ലാം; അവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കൊല്ലം മണ്ഡലത്തിൽ 2020-21 മുതൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കുന്നംകുളം മണ്ഡലത്തിലെ സ്ലൂയിസ്-കം- ബ്രിഡ്ജ് പദ്ധതി**

210(4604) <u>ശ്രീ എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കരിച്ചാൽ കടവ് സ്ലൂയിസ്-കം-ബ്രിഡ്ജ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

കരിച്ചാൽ കടവ് സ്ല്യൂയിസ്-കം-ബ്രിഡ്ജ് പദ്ധതിയുടെ പൈൽ ഫൗണ്ടേഷൻ പ്രവൃത്തികൾ 2019-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി പ്രവൃത്തി പാടശേഖരത്തിലൂടെ കടന്നുപോകുന്ന തോട്ടിലായതിനാൽ ഫെബ്രുവരി മുതൽ മേയ് വരെയുള്ള കാലയളവിൽ മാത്രമാണ് പ്രവൃത്തി നടത്താൻ സാധിക്കുന്നത്. ഈ വർഷം (2022) പൈൽ ക്യാപ്പുകളുടെയും ഗൈഡ് ബീമുകളുടെയും നിർമ്മാണം, കിഴക്കുഭാഗത്തെ അബട്ട്മെന്റിന്റെയും ഒരു

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പിയറിന്റെയും നിർമ്മാണം (3 മീറ്റർ ഉയരത്തിൽ) എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിന്റെയും തോടിന്റെയും സംരക്ഷണഭിത്തിയുടെ നിർമ്മാണത്തിനായി 908 പ്രീകാസ്റ്റ് പൈലുകളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തി പുരോഗമിക്കുന്നതിനിടയിൽ മേയ് മാസം ആദ്യവാരം മുതൽ പെയ്ത കനത്ത മഴമൂലം തോടും പരിസരപ്രദേശങ്ങളും വെള്ളത്തിലായതിനാൽ തുടർപ്രവൃത്തികൾ തുടങ്ങാൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ കാലാവധി എന്ന് വരെയായിരുന്നുവെന്നും ഇത് നീട്ടി നൽകിയിട്ടുണ്ടോയെന്നും അറിയിക്കാമോ?

ഈ പ്രവൃത്തിയുടെ ഉടമ്പടി പ്രകാരമുള്ള പൂർത്തീകരണ കാലാവധി 21-05-2020 വരെയായിരുന്നു. അതിനുശേഷം പണി തീർക്കാൻ സാധിക്കാത്തതിനാൽ പൂർത്തീകരണ കാലാവധി കരാറുകാരന്റെ അപേക്ഷ പ്രകാരം 20-11-2020, 31-03-2021, 30-04-2022 എന്നീ തീയതികൾ വരെ ദീർഘിപ്പിച്ചുനൽകിയിരുന്നു. ഈ കാലയളവിൽ പണി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ പിഴയോടുകൂടി 31-01-2023-വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്.

(സി) കരാറുകാരന്റെ അനാസ്ഥമൂലമാണോ കാലതാമസം ഉണ്ടായത്; എങ്കിൽ കരാറുകാരനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പൂർത്തീകരണ കാലാവധി 31-01-2023-വരെ ദീർഘിപ്പിച്ചു നൽകുന്നതിനായി കരാറുകാരനിൽനിന്നും 2 ലക്ഷം രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗ തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗ തീരുമാനം അനുസരിച്ച് ടി പ്രവൃത്തിയുടെ വർക്ക് ഷെഡ്യൂൾ തയ്യാറാക്കി പുനരാരംഭിച്ചിട്ടുണ്ട്. ഈ വർഷം പൈൽ ക്യാപ്പുകളുടെയും ഗൈഡ് ബീമുകളുടെയും കിഴക്ക് അബട്ട്മെന്റിന്റെ ഒരു പിയറിന്റെയും 908 പ്രീകാസ്റ്റ് പൈലുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കെ മേയ് മാസം മുതൽ പെയ്ത കനത്ത മഴമൂലം തോടും പരിസരപ്രദേശവും വെള്ളത്തിൽ ആയതിനാൽ തുടർപ്രവൃത്തികൾ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ പൂർത്തീകരണ

കാലാവധി 31-01-2023-വരെ നീട്ടി അനുവദിച്ചിട്ടുണ്ട്. ആയതുപ്രകാരം 31-01-2023-നുള്ളിൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**തോട് സൈഡ് കെട്ടലും വി.സി.ബി. നിർമ്മാണവും**

211(4605) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ ചെട്ടിയാംകുണ്ട്-മാപ്പിളായ വി.സി.ബി. നിർമ്മാണം, വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ കോതത്തോട്-പങ്ങാടിച്ചിറ തോട് സൈഡ് കെട്ടലും വി.സി.ബി. നിർമ്മാണവും പൊന്മള പഞ്ചായത്തിലെ പെരിങ്ങൽച്ചിറ വി.സി.ബി. നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഓരോ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ ഇപ്പോൾ ഏത് ഓഫീസിൽ ആണെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## തിരുവമ്പാടി മണ്ഡലത്തിലെ ജലസേചന പ്രവൃത്തികൾ

212(4606) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ തിരുവമ്പാടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മേജർ-മൈനർ ഇറിഗേഷൻ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) 2021-22 സാമ്പത്തികവർഷത്തിൽ തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മേജർ /മൈനർ ഇറിഗേഷൻ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ഇറിഗേഷൻ വകുപ്പിലെ ട്രേസർ തസ്തിക

213(4607) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ഇറിഗേഷൻ വകുപ്പിലെ ട്രേസർ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ?

37

(ബി) വകുപ്പിലെ ബ്ലൂ പ്രിന്റർ തസ്തിക അബോളിഷ് ചെയ്തിട്ടുള്ളതിനാൽ ആയതിൽനിന്നും ട്രേസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ വഴി നികത്തിയിരുന്ന ഒഴിവുകൾ ഇനി എപ്രകാരമാണ് നികത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇറിഗേഷൻ വകുപ്പിലെ ട്രേസർ തസ്തികയിലേയ്ക്ക് വകുപ്പുമായി ബന്ധപ്പെട്ടുള്ള ഓവർസിയർ ഗ്രേഡ്-III റാങ്ക് ലിസ്റ്റിൽനിന്നും അഡ്വൈസ് നടത്തുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ;

(ഡി) ട്രേസർ തസ്തികയിലേയ്ക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ഇതിനുള്ള നടപടി (ഫയൽ നമ്പർ ഉൾപ്പെടെ) ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) വകുപ്പിലെ പ്രവൃത്തികളുടെ സാങ്കേതികവിദ്യയിൽ കാലാനുസൃതമായുണ്ടായ മാറ്റംമൂലം ട്രേസിംഗ് സാങ്കേതികവിദ്യ

അപ്രസക്തമായതിനാൽ ട്രേസർ തസ്തിക നിലനിർത്തേണ്ടതായ ആവശ്യമില്ലെന്നും ആയത് അബോളിഷ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണെന്നും ചീഫ് എഞ്ചിനീയർ (ഐ&എ) അറിയിച്ചിട്ടുണ്ട്.

**ഇറിഗേഷൻ വകുപ്പിലെ ഒഴിവുകൾ**

214(4608) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിലെ ഡിവിഷനുകളിൽനിന്ന് ലഭിക്കുന്ന ഓവർസിയർ Gr III (സിവിൽ) തസ്തികയിലെ ഒഴിവുകളുടെ എണ്ണവും സംസ്ഥാന ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും അതേ ഡിവിഷനിലെ ഒഴിവുകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഓവർസിയർ Gr III (സിവിൽ) എണ്ണവും തമ്മിൽ അന്തരം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഒഴിവുകളുടെ എണ്ണത്തിൽ അന്തരം ഉണ്ടാകുന്നില്ല.

(ബി) വകുപ്പിൽ സിവിൽ വിഭാഗത്തിൽ സി.ഇ., എസ്.ഇ., ഇ.ഇ., എ.ഇ.ഇ., എ.ഇ., ഓവർസിയർ ഗ്രേഡ്- I, II, III എന്നീ തസ്തികകളിൽ

പ്രൊമോഷൻ വഴിയോ നേരിട്ടുള്ള നിയമനം വഴിയോ നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

ജലസേചന വകുപ്പിൽ സിവിൽ വിഭാഗത്തിൽ വിവിധ തസ്തികകളിൽ പ്രൊമോഷൻ വഴിയും നേരിട്ടുള്ള നിയമനം വഴിയും നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

<u>നേരിട്ടുള്ള നിയമനം വഴി നികത്തപ്പെടേണ്ട ഒഴിവുകൾ</u>

അസിസ്റ്റന്റ് എഞ്ചിനീയർ (ഡിഗ്രി) - ഇല്ല

ഓവർസിയർ ഗ്രേഡ് - I - 46

ഓവർസിയർ ഗ്രേഡ് - II - 130

ഓവർസിയർ ഗ്രേഡ് - III - 4

<u>പ്രൊമോഷൻ വഴി നികത്തപ്പെടേണ്ട ഒഴിവുകൾ</u>

ചീഫ് എഞ്ചിനീയർ - 3

സൂപ്രണ്ടിംഗ് എഞ്ചിനീയർ - 1

എക്സിക്യൂട്ടീവ് എഞ്ചിനീയർ - 6

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഡിഗ്രി) - 13

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഡിപ്ലോമ) - 13

അസിസ്റ്റന്റ് എഞ്ചിനീയർ (ഡിപ്ലോമ) - 56

അസിസ്റ്റന്റ് എഞ്ചിനീയർ (സർട്ടിഫിക്കറ്റ്) - 38

ഓവർസിയർ ഗ്രേഡ് I - 20

ഓവർസിയർ ഗ്രേഡ് II - 30

## നാദാപുരത്തെ ഇറിഗേഷൻ വകുപ്പിന്റെ ഭൂമി പാട്ടക്കരാർ വ്യവസ്ഥയിൽ നൽകുന്നതിന് നടപടി

215(4609) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കായക്കൊടി ഗ്രാമപഞ്ചായത്തിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി പുറമ്പോക്ക് ഭൂമിയെന്ന് തെറ്റിദ്ധരിച്ച് പഞ്ചായത്ത് നിർമ്മിച്ചതും എന്നാൽ തൊട്ടടുത്തുള്ള കനാൽ മലിനീകരിക്കപ്പെടുമെന്നതിനാൽ പൊളിച്ചുമാറ്റാൻ വകുപ്പ് ഉത്തരവിടുകയും ചെയ്ത മത്സ്യ മാർക്കറ്റ് കെട്ടിടം പാട്ടക്കരാർ വ്യവസ്ഥയിൽ പകൽ വീടായി പരിവർത്തനം നടത്താൻവേണ്ടി ഗ്രാമ പഞ്ചായത്ത് തന്നിട്ടുള്ള അപേക്ഷയിന്മേൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമി ഇറിഗേഷൻ വകുപ്പിൽനിന്ന് പാട്ടക്കരാർ വ്യവസ്ഥയിൽ പഞ്ചായത്ത് വകുപ്പിന് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) നിലവിൽ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**ഗ്രാമീണ മേഖലകളിലെ ജലസ്രോതസ്സുകളുടെ ഗുണനിലവാരം**

216(4610) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലകളിലെ കിണറുകളടക്കമുള്ള ജലസ്രോതസ്സുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്. നിശ്ചിത ഇടവേളകളിൽ പഞ്ചായത്തുതല സർവ്വേ നടത്തി, ഗ്രാമീണ കുടിവെള്ള സ്രോതസ്സുകളിലെ ജലം ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലം കേന്ദ്ര സർക്കാരിന്റെ വെബ് പോർട്ടലിൽ അതത്

സമയം രേഖപ്പെടുത്തിവരുന്നുണ്ട്. കൂടാതെ കുടുംബശ്രീ അംഗങ്ങളുമായി സഹകരിച്ച് ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് ഗ്രാമീണ കുടിവെള്ള സ്രോതസ്സുകളിലെ ജലം പരിശോധിക്കുന്ന പ്രവർത്തനവും നടന്നുവരുന്നുണ്ട്. ഏതെങ്കിലും ഘടകം അനുവദനീയമായ അളവിൽ കൂടുതൽ കാണുകയാണെങ്കിൽ ഫലം അതത് ഗുണഭോക്താക്കളെ അറിയിക്കാൻ കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി ജലനിധി കുടിവെള്ള പദ്ധതികളുടെ ഉറവിടം (source) തെരഞ്ഞെടുക്കുന്നത് മുതൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. ഉറവിടവും പരിസരവും മാലിന്യമുക്തമായും ഉറവിടത്തിൽ മാലിന്യം കലർന്ന ജലം എത്തിച്ചേരാതെയും സംരക്ഷിക്കുന്നു. ജലനിധി പദ്ധതികളുടെ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികളുടെ മേൽനോട്ടത്തിലാണ് നടത്തുന്നത്. സ്വകാര്യവ്യക്തികളിൽനിന്ന് ലഭിക്കുന്നതും വകുപ്പിലെ ജലസാമ്പിളുകളും പരിശോധിക്കുന്നതിന് ഭൂജലവകുപ്പിന്റെ എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നീ ലാബുകളിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. സ്വകാര്യവ്യക്തികളിൽ നിന്നുള്ള കുടിവെള്ള സാമ്പിളുകൾ സ്വീകരിച്ച്

ഗുണനിലവാരം പരിശോധിച്ച് 14 ദിവസത്തിനുള്ളിൽ പരിശോധനാ ഫലം ലഭ്യമാക്കുന്നുണ്ട്.

(ബി) ഗുണനിലവാര പരിശോധനയിൽ എന്തെല്ലാം കുറവുകളാണ് കണ്ടെത്തിയിരിക്കുന്നത്;

തിരുവനന്തപുരം ജില്ലയിലെ ഭൂജലവകുപ്പിന്റെ ലാബിൽ കൊല്ലം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിൽനിന്നും കുടിവെള്ളം പരിശോധിച്ചതിൽ ഇരുമ്പിന്റെ അംശവും നൈട്രേറ്റിന്റെ അംശവും അനുവദനീയമായ അളവിൽ കൂടുതലായി കാണുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ ഫ്ലൂറൈഡിന്റെ അളവും അനുവദനീയ പരിധിക്ക് മുകളിൽ കാണുന്നുണ്ട്. സ്വകാര്യവ്യക്തികളുടെ സാമ്പിളുകളിൽ ബാക്ടീരിയയുടെ സാന്നിദ്ധ്യവും കാണുന്നുണ്ട്.

എറണാകുളം ജില്ലയിലെ ഭൂജലവകുപ്പിന്റെ ലാബിൽ ഇടുക്കി, മലപ്പുറം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിലെ ഭൂജലം പരിശോധിക്കുന്നുണ്ട്. പ്രസ്തുത പരിശോധനയിൽ പാലക്കാട് ജില്ലയിൽ ഫ്ലൂറൈഡും മറ്റ് ജില്ലകളിൽ ഇരുമ്പിന്റെ സാന്നിദ്ധ്യവും കൂടുതലായി കണ്ടുവരുന്നുണ്ട്.

സ്വകാര്യവ്യക്തികളിൽനിന്നും ലഭിക്കുന്ന കുടിവെള്ള സാമ്പിളുകളിൽ ബാക്ടീരിയയുടെ സാന്നിദ്ധ്യവും കണ്ടുവരുന്നു. കൂടാതെ തീരപ്രദേശങ്ങളിൽ ജലസാമ്പിളുകളിൽ TDS, കാഠിന്യം കൂടുതലായി കാണുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ ചില കിണറുകളിൽ അമ്ലഗുണമുള്ള വെള്ളം കാണപ്പെടുന്നു. ഇരുമ്പിന്റെ അളവ് പൊതുവെ BIS standard-ന് മുകളിലായാണ് സാമ്പിളുകളിലും കാണുന്നത്. പ്രത്യേകിച്ച് കുഴൽകിണറുകളിൽ ഗുണനിലവാര പരിശോധനയിൽ permissible limit-ന്റെ പരിധിയിൽ കൂടുതൽ PH, Hardness, Turbidity, Iron, Fluoride, coliform bacteria തുടങ്ങിയ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രധാനമായും കോളിഫോം ബാക്റ്റീരിയയുടെ സാന്നിദ്ധ്യം നിരവധി സാമ്പിളുകളിൽ കണ്ടെത്തിയിട്ടുണ്ട്. ചിലയിടങ്ങളിൽ ടർബിഡിറ്റിയും അനുവദനീയമായ അളവിൽ കൂടുതൽ കാണുന്നുണ്ട്. മറ്റ് പരിശോധനാ ഘടകങ്ങളിലുള്ള വ്യതിയാനം ചുരുക്കം ചില സാമ്പിളുകളിൽ മാത്രം കണ്ടുവരുന്നുണ്ട്.

(സി) പരിശോധനയിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്. കുടിവെള്ള പരിശോധനയിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയതായി ഭൂജലവകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം എന്നീ ലാബുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഇവയ്ക്ക് എന്തെല്ലാം പ്രതിവിധികളാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ബാക്ടീരിയ സാന്നിദ്ധ്യം പരിഹരിക്കുന്നതിനായി കിണർ വൃത്തിയാക്കുന്നതിനും 4000 ലിറ്റർ ജലത്തിൽ 10 ഗ്രാം എന്ന തോതിൽ രണ്ടാഴ്ചയ്ക്ക് ഒരിക്കൽ ബ്ലീച്ചിംഗ് പൗഡർ ചേർക്കാനും രണ്ടുമാസത്തിനുശേഷം ജലം പുനഃപരിശോധനയ്ക്ക് വിധേയമാക്കാനും നിർദ്ദേശം നൽകുന്നുണ്ട്. മലിനജലം കിണറിലേയ്ക്കോ കിണറിന്റെ വശങ്ങളിലേയ്ക്കോ ഒഴുകുന്നത് തടയാനും നിർദ്ദേശിക്കുന്നുണ്ട്. TDS, കാഠിന്യം എന്നിവയുടെ അളവ് കുറയ്ക്കുന്നതിനായി കിണർ റീചാർജ്ജ് ചെയ്യുന്നതിനും നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ അനുയോജ്യമായ ഫിൽറ്ററുകൾ ഉപയോഗിക്കാനും നിർദ്ദേശം നൽകിവരുന്നു.

കോളിഫോം ബാക്ടീരിയ കണ്ടെത്തിയിട്ടുള്ള സ്രോതസ്സുകളുടെ വെള്ളം തിളപ്പിച്ച്/ അണുവിമുക്തമാക്കി (ക്ലോറിനേഷൻ) ഉപയോഗിക്കുന്നതിന്

നിർദ്ദേശം നൽകിയിട്ടുണ്ട്. കിണറിലേയ്ക്ക് മലിനജലം ഒഴുകുന്നത് തടയുന്നതിനാവശ്യമായ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. പരിശോധനാ ഫലം കേന്ദ്ര സർക്കാരിന്റെ വെബ് പോർട്ടലിൽ അതത് സമയം രേഖപ്പെടുത്തുന്നു. കൂടാതെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും പൈപ്പിലൂടെയുള്ള കുടിവെള്ള കണക്ഷൻ നൽകുന്ന ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഇത്തരത്തിൽ ഗുണനിലവാര പ്രശ്നങ്ങളുള്ള സ്രോതസ്സുകളെ ആശ്രയിക്കുന്ന ജനങ്ങൾക്ക് മുൻഗണനാ അടിസ്ഥാനത്തിൽ കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## കുറ്റ്യാടി മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ

217(4611) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിൽ മണിയൂർ, പാലയാട്, കോട്ടപ്പള്ളി, വില്യാപ്പള്ളി, തിരുവള്ളൂർ, വേളം,

കുറ്റ്യാടി, ആയഞ്ചേരി, കുന്നമ്മൽ വില്ലേജുകളിലായി 162.708 ഹെക്ടർ കനാൽ ഭൂമി കൈവശമുണ്ട്.

(ബി) പ്രസ്തുത സ്ഥലങ്ങളുടെ അതിർത്തി സംബന്ധിച്ച് തർക്കങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കുമോ;

(സി) സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; അറിയിക്കുമോ?

(ബി & സി) ഉണ്ട്. അതിർത്തി തർക്കങ്ങൾ നിലനിൽക്കുന്ന സ്ഥലങ്ങളിൽ സർവ്വേ നടപടി പൂർത്തിയാക്കി അതിർത്തി വ്യക്തമാക്കിത്തരുന്നതിന് തഹസീൽദാർക്ക് നിരവധി അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. സർവ്വേ നടപടി പൂർത്തീകരിക്കുന്ന മുറയ്ക്ക് അതിർത്തി തർക്കങ്ങൾ പരിഹരിക്കാൻ സാധിക്കുന്നതാണ്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളും കനാൽ അനുബന്ധ സ്ട്രക്ച്ചറുകളും പുനർനിർമ്മിക്കുന്നതിനും ബലപ്പെടുത്തുന്നതിനുമായി തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലിൽ കുറ്റ്യാടി പദ്ധതിയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനായി സർവ്വേയിംഗ്, ബൗണ്ടറി സ്റ്റോൺ ഫിക്സിംഗ്

എന്നിവയ്ക്കായി തുക നീക്കിവച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**മങ്കട മണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിലുള്ള ഭൂമി**

218(4612) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ എത്ര ഭൂമിയുണ്ടെന്നും എവിടെയെല്ലാമാണെന്നും അറിയിക്കാമോ; അതിൽ എത്ര ഭൂമി ഉപയോഗിച്ചിട്ടുണ്ടെന്നും ഉപയോഗിക്കാതെ അവശേഷിക്കുന്ന ഭൂമിയുടെ അളവും അറിയിക്കാമോ; എവിടെയെല്ലാമാണ് ഭൂമി ബാക്കിയുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ?

മങ്കട മണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിലുള്ള ഭൂമി സംബന്ധമായ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പ്രവൃത്തികളിൽ ഇനി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭൂമി ആവശ്യമായി വരുന്നതെന്ന് വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഭൂമി ആവശ്യമായി വരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ഭൂഗർഭ ജലനിരപ്പ്

219(4613) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലത്തിന്റെ അനിയന്ത്രിതമായ ചൂഷണംമൂലം ഭൂഗർഭ ജലനിരപ്പ് ക്രമാതീതമായി താഴ്ന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭൂഗർഭ ജലത്തിന്റെ അനിയന്ത്രിതമായ ചൂഷണംമൂലം ഭൂഗർഭ ജലനിരപ്പ് ക്രമാതീതമായി താഴ്ന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ ഭൂജല സമ്പത്ത് ഭൂജല വകുപ്പും സംസ്ഥാന ഭൂജല ബോർഡും സംയുക്തമായി കാലാകാലങ്ങളിൽ തിട്ടപ്പെടുത്തി വരുന്നു. 2020 മാർച്ച് വരെയുള്ള റിപ്പോർട്ട് പ്രകാരം 5.12 BCM ആണ്. 2017 മാർച്ച് വരെയുള്ള റിപ്പോർട്ട് പ്രകാരം 5.12 BCM ആയിരുന്നു. പ്രസ്തുത റിപ്പോർട്ടുകൾ താരതമ്യം ചെയ്യുമ്പോൾ 0.09 BCM-ന്റെ കുറവ് സംഭവിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) എങ്കിൽ ജലനിരപ്പ് സന്തുലിതാവസ്ഥയിൽ എത്തിക്കാനായി ഇതര വകുപ്പുകളുമായി സംയുക്തമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ജലനിരപ്പ് സന്തുലിതാവസ്ഥയിൽ എത്തിക്കാനായി ഭൂജല വകുപ്പ് ഇതര വകുപ്പുകളുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തുന്നില്ല.

**ഭൂഗർഭ ജലവിഭവം**

220(4614)ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലവിഭവത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ: എങ്കിൽ വിശദാംശം നൽകാമോ?

സംസ്ഥാനത്ത് ഭൂഗർഭ ജലവിഭവത്തെക്കുറിച്ച് സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി പഠനങ്ങൾ നടത്തിവരുന്നുണ്ട്. മാർച്ച് 2020 വരെയുള്ള ഭൂജല വിഭവ നിർണ്ണയ കമ്മിറ്റി റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാനത്തെ ആകെ ഭൂജല സമ്പത്ത് 5.12 ബില്ല്യൺ ക്യൂബിക് മീറ്റർ ആണ്. ഭൂജല ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ

ബ്ലോക്കുകളെ ഗുരുതരം, അർദ്ധഗുരുതരം, സുരക്ഷിതം എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട് (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു).+

(ബി) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ അമിതമായി ഭൂഗർഭ ജലചൂഷണം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

അമിത ജലചൂഷണ ബ്ലോക്കുകൾ ഇപ്പോൾ നിലവിലില്ല. എന്നാൽ, കേന്ദ്ര ഭൂജല ബോർഡും സംസ്ഥാന ഭൂജല വകുപ്പും സംയുക്തമായി ഗ്രൗണ്ട് വാട്ടർ റിസോഴ്സ് അസസ്സ്മെന്റ് 2020 പ്രകാരമുള്ള പഠനറിപ്പോർട്ടിൽ ഭൂഗർഭ ജല ഉപഭോഗം കൂടുതലുള്ള ബ്ലോക്കുകളായി പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, മലമ്പുഴ ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് എന്നിവയെ "ക്രിട്ടിക്കൽ" ബ്ലോക്കുകളായി തരംതിരിച്ചിട്ടുണ്ട്. 18-02-2022-ലെ ജി.ഒ (പി) നം.8/2022/ജവിവ, പ്രകാരം പ്രസ്തുത ബ്ലോക്കുകളിൽ – ഭൂജലം എടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും സംസ്ഥാന സർക്കാർ "വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായി" പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഭൂഗർഭ ജല നിലവാരം നിശ്ചിത അളവിൽ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഭൂഗർഭ ജല നിലവാരം നിശ്ചിത അളവിൽ നിലനിർത്തുന്നതിന് ‘ ഭൂജലസംരക്ഷണവും സംപോഷണവും’ എന്ന പ്ലാൻ പദ്ധതി ഭൂജലവകുപ്പ് നടപ്പാക്കിവരുന്നുണ്ട്. 2017-ലെ ഭൂഗർഭ ജല റിസോഴ്സ് എസ്റ്റിമേഷൻ റിപ്പോർട്ട് പ്രകാരം അമിതചൂഷിത വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന ബ്ലോക്കായ ചിറ്റൂരിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കുകവഴി ഗുരുതര വിഭാഗത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട് (2020 - ലെ പഠന റിപ്പോർട്ട്). തുറന്ന കിണർ/ മഴക്കുഴികൾ/ കുഴൽക്കിണർ റീചാർജ്ജിംഗ്, ചെറിയ തടയണകൾ, അടിയണകൾ, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവൃത്തികൾ നടപ്പാക്കിവരുന്നുണ്ട്. 2016 - 17 മുതൽ 2021 - 22 വരെ 816 എണ്ണം വിവിധ റീചാർജ്ജ് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## ആലപ്പുഴ കുടിവെള്ള പദ്ധതി

221(4615) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികൾ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന KIIFB, AMRUT പ്രവൃത്തികളിൽ നിലവിൽ തടസ്സങ്ങൾ ഒന്നുംതന്നെയില്ല. എന്നാൽ UIDSSMT പദ്ധതിയുടെ പൂർത്തീകരിച്ചതും നിരന്തരം പൊട്ടുന്നതുമായ റോ വാട്ടർ പമ്പിംഗ് മെയിനിന്റെ 1524 മീറ്റർ HDPE പൈപ്പ് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മാറ്റിയിടുന്നതിനുള്ള പ്രവൃത്തികൾ 07-02-2022-ൽ ആരംഭിച്ചു. ടി പ്രവൃത്തികൾ, വാട്ടർ അതോറിറ്റിയുടെ ഓഫീസിൽനിന്ന് ക്രമപ്പെടുത്തിയ ഷെഡ്യൂൾ പ്രകാരം കരാറുകാരൻ ചെയ്യാതിരുന്നതിനാലും മെയ് 15 മുതൽ മഴ തുടങ്ങിയതിനാലും തടസ്സപ്പെട്ടിരുന്നു.

(ബി) കരുമാടി മുതലുള്ള പൈപ്പ് ലൈൻ മാറ്റുന്ന പ്രവൃത്തികൾ നിലച്ചതിനാൽ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആലപ്പുഴ നഗരസഭാ അതിർത്തിയിൽ 13 സ്ഥലങ്ങളിലായി 14 ട്യൂബ് വെല്ലുകളും ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് (പാർട്ട്) പഞ്ചായത്തുകളിലായി 8 ട്യൂബ് വെല്ലുകളും പുന്നപ്ര വടക്ക്, പുന്നപ്ര തെക്ക്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക്, പുറക്കാട് എന്നീ പഞ്ചായത്തുകളിലായി 22 ട്യൂബ് വെല്ലുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ട്യൂബ് വെല്ലുകളിൽ നിന്നുമായി ഏകദേശം 15 MLD വെള്ളമാണ് ലഭിക്കുന്നത്. കരുമാടി ജലശുദ്ധീകരണ ശാലയിൽനിന്നും 20 MLD വെള്ളം ഒരു ദിവസം പമ്പ് ചെയ്യുന്നുണ്ട്. ആകെ 35 D വെള്ളം ഒരു ദിവസം പമ്പ് ചെയ്തുവരുന്നു. കൂടാതെ സ്പെഷ്യൽ സ്റ്റേറ്റ് പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി 12 പുതിയ കുഴൽക്കിണറുകൾ കുഴിക്കുന്നതിനും 4 കുഴൽക്കിണറുകൾ ഡെവലപ്പ് ചെയ്യുന്നതിനും കുഴൽക്കിണറുകളിലേയ്ക്ക് ആവശ്യമായ പുതിയ പമ്പ് സെറ്റുകൾ വാങ്ങിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ കുഴൽക്കിണറുകൾ ഡെവലപ്പ് ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 12 ട്യൂബ് വെല്ലുകളിൽ ചാത്തനാട്, ആലിശ്ശേരി, പുന്നപ്ര തെക്ക് സുനാമി കോളനി, അമ്പലപ്പുഴ വടക്ക് എന്നിവിടങ്ങളിൽ ഗ്രൗണ്ട് വാട്ടർ വകുപ്പ് മുഖേന ട്യൂബ് വെൽ നിർമ്മാണം പൂർത്തിയാക്കി ഭൂജല വകുപ്പ് കംപ്ലീഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ട്. കൂടാതെ ആര്യാട് സാംസ്കാരിക

നിലയം, മണ്ണഞ്ചേരി വലിയ വീട്, ഇക്കകുളം, പുന്നപ്ര വടക്ക് വലിയ പറമ്പ് കോളനി എന്നിവിടങ്ങളിലെ ട്യൂബ് വെൽ നിർമ്മാണം പൂർത്തിയായെങ്കിലും ഭൂജല വകുപ്പിൽനിന്നും കംപ്ലീഷൻ റിപ്പോർട്ട് ലഭിച്ചിട്ടില്ല. 8 ട്യൂബ് വെല്ലുകൾക്ക് പമ്പ് സെറ്റുകൾ വാങ്ങാൻ RIDCO-ക്ക് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തി അടിയന്തിമായി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് 12-07-2022-ൽ വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങളുടെ തുടർച്ചയായി, കേരള വാട്ടർ അതോറിറ്റി മദ്ധ്യമേഖല ചീഫ് എഞ്ചിനീയർ 14-07-2022-ൽ കരാറുകാരനമായി ചർച്ച നടത്തുകയുണ്ടായി. കരാറുകാരനമായി ആലോചിച്ച് പുനക്രമീകരണ ചാർട്ട് തയ്യാറാക്കി സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി പ്രോജക്റ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മങ്കട മണ്ഡലത്തിലെ പ്രവൃത്തികൾ**

222(4616) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ 2011-16, 2016-21 കാലയളവിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷവും ഏതെല്ലാം പ്രവൃത്തികൾക്ക് ജലവിഭവ വകുപ്പ് ഫണ്ട് അനുവദിച്ചിരുന്നുവെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) അനുവദിച്ച തുക ഉപയോഗിച്ച് പൂർത്തീകരിച്ചതും ഇനി പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

(എ & ബി) മങ്കട മണ്ഡലത്തിൽ 2011-16, 2016-21 കാലയളവിലും ഈ സർക്കാർ അധികാരത്തിൽവന്നശേഷവും ജലവിഭവ വകുപ്പ് ഫണ്ട് അനുവദിച്ചതും അനുവദിച്ച തുക ഉപയോഗിച്ച് പൂർത്തീകരിച്ചതും ഇനി പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത മണ്ഡലത്തിലെ പുതിയ പ്രൊപ്പോസലുകൾ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത പ്രൊപ്പോസലുകളുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോയെന്നും ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കാമോ?

പുതിയ പ്രൊപ്പോസലുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## മലിനജല ശുദ്ധീകരണ പ്ലാന്റുകൾ

223(4617) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദീതീരങ്ങളും തീരപ്രദേശങ്ങളും മലിനമാകുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

സംസ്ഥാനത്ത് നദീതീരങ്ങളും തീരപ്രദേശങ്ങളും മലിനമാകുന്നത് തടയുന്നതിന്റെ ഭാഗമായി ഖരമാലിന്യങ്ങളും ദ്രവമാലിന്യങ്ങളും നീക്കംചെയ്യുന്ന പദ്ധതികൾ സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ദ്രവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പുതിയ പ്രോജക്ടുകൾ രൂപകൽപ്പന ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ സ്വീവറേജ് വെർട്ടിക്കൽ എന്ന പ്രത്യേക വിംഗ് രൂപീകരിച്ചിട്ടുണ്ട്. സ്വീവറേജ് വെർട്ടിക്കൽ വിംഗിന്റെ വിവിധ പ്രോജക്ടുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഇക്കാര്യത്തിൽ ദേശീയ ഹരിത ട്രിബ്യൂണൽ നിബന്ധനകൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ദേശീയ ഹരിത ട്രിബ്യൂണലിന്റെ OA No.673/2018-ലെ ഉത്തരവ് പ്രകാരം കേരളത്തിലെ 21 നദികളെയാണ് മലിനമാക്കപ്പെട്ട നദികളുടെ കൂട്ടത്തിലുൾപ്പെടുത്തിയിരിക്കുന്നത്. കരമന, പമ്പ, മണിമല, ചിത്രപ്പുഴ, കടമ്പ്രയാർ, പെരിയാർ, കരുവന്നൂർ, പുഴയ്ക്കൽ, കീച്ചേരി, ഭാരതപ്പുഴ, ഭവാനി, കടലുണ്ടി, തിരൂർ, കുറ്റ്യാടി, കല്ലായി, കുപ്പം, കവ്വായ്, പെരുവമ്പ, രാമപുരം, മോഗ്രാൽ, ഉപ്പള എന്നിവയാണ് മേൽപ്പറഞ്ഞ നദികൾ. മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളിലെ ജലം കുറഞ്ഞത് കുളിക്കാൻ യോഗ്യമായ തരത്തിലെങ്കിലുമുള്ള ഗുണനിലവാരം കൈവരിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി (River Rejuvenation Committee) രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പരിസ്ഥിതി വകുപ്പ് ഡയറക്ടർ, നഗരവികസന ഡയറക്ടർ, വ്യവസായ വകുപ്പ് ഡയറക്ടർ, സംസ്ഥാന മലീനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി എന്നിവർ അംഗങ്ങളായി River Rejuvenation Committee (RRC) രൂപീകരിച്ചിട്ടുണ്ട്. ആക്ഷൻ പ്ലാൻ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. 21 നദികളിൽ ഏറ്റവും കൂടുതൽ മലിനമായ കരമനയാറിനുവേണ്ടി സമർപ്പിച്ച ആക്ഷൻ പ്ലാൻ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് അംഗീകരിച്ചിട്ടുണ്ട്. RRC-യുടെയും അനുബന്ധ വകുപ്പ്/ഏജൻസികളുടെയും പ്രവർത്തനങ്ങൾ സംസ്ഥാനതല നോഡൽ ഓഫീസറായ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ എല്ലാ മാസവും അവലോകനം ചെയ്തുവരുന്നു. മലിനമാക്കപ്പെട്ട പുഴകളുടെ എണ്ണത്തെ അടിസ്ഥാനമാക്കി ട്രൈബ്യൂണലിന്റെ നിർദ്ദേശപ്രകാരം ദേശീയതലത്തിൽ രൂപീകരിക്കപ്പെട്ട സെൻട്രൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനം 15 കോടി രൂപയുടെ പെർഫോമൻസ് ഗ്യാരണ്ടിയും നീക്കിവച്ചിട്ടുള്ളതാണ്. ശുദ്ധീകരിക്കാത്ത മാലിന്യങ്ങൾ/മലിനജലം പുറന്തള്ളുന്നതുമൂലമുള്ള തീരദേശ മലിനീകരണം സംബന്ധിച്ച ദേശീയ ഹരിത

ട്രൈബ്യൂണലിന്റെ OA 829/2019-ലെ ഉത്തരവ് പ്രകാരവും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി, കേന്ദ്ര മലിനീകരണ നിയമന്ത്രണ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

(സി) മലിനജല നിയന്ത്രണത്തിന്റെ ഭാഗമായി ജല അതോറിറ്റി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

മലിനജല നിയന്ത്രണത്തിന്റെ ഭാഗമായി ജല അതോറിറ്റി നടത്തിവരുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) പുതുതായി മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

പുതുതായി മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിൽ നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## ജല ഗുണനിലവാര പരിശോധന

224(4618) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല ഗുണനിലവാര പരിശോധന വ്യാപകവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി പ്രത്യേകമായ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; സ്കൂൾ ലാബുകളിൽ പരിശോധന സംവിധാനം സജ്ജീകരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് നിലവിൽ കുടിവെള്ളം പരിശോധിക്കുന്നതിനായി ഒരു (1) സ്റ്റേറ്റ് റഫറൽ ലാബ്, 14 ജില്ലാ ലാബുകൾ, 70 സബ് ജില്ലാ ലാബുകൾ (കഴിഞ്ഞ 1 വർഷത്തിനുള്ളിൽ സ്ഥാപിച്ച 38 എണ്ണം ഉൾപ്പെടെ) എന്നിവയടക്കം 85 ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. 2022 ജൂൺ മാസം വരെ നെട്ടൂരിൽ സ്ഥിതിചെയ്യുന്ന സ്റ്റേറ്റ് റഫറൽ ലാബ്, 13 ജില്ലാ ലാബുകൾ, 54 ഉപജില്ലാ ലാബുകൾ എന്നിവയ്ക്ക് ഇന്ത്യയിലെ കുടിവെള്ള പരിശോധനാ മേഖലയിലെ ലാബുകളുടെ സർട്ടിഫിക്കേഷൻ ഏജൻസിയായ "National

Accreditation Board for Testing and Calibration Laboratories (NABL)"-ന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്നവയിൽ 15 ലാബുകൾക്ക് അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലുമാണ്. ഈ ലാബുകളിൽ 2021 മുതൽ ഇതുവരെ ഗ്രാമീണ കുടിവെള്ള സ്രോതസ്സുകളിലെ 5,16,250 സാമ്പിളുകൾ പരിശോധിച്ച് ഫലം നല്കിയിട്ടുണ്ട്. കൂടാതെ, ജല അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ വിശദമായ ഗുണനിലവാര പരിശോധന നടത്താനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ കുടിവെള്ള പദ്ധതികളുടെ ജല ശുദ്ധീകരണ ശാലകളിൽനിന്നും പമ്പിംഗ് സ്റ്റേഷനുകളിൽനിന്നും വിതരണ ശൃംഖലയിൽനിന്നും നിശ്ചിത കാലയളവിൽ ജല സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധിക്കുന്നുണ്ട്. കുടുംബശ്രീ അംഗങ്ങളുമായി സഹകരിച്ച് ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് 2021 നവംബർ മുതൽ 2022 ജൂൺ വരെ 1181 വില്ലേജുകളിലായി ഗ്രാമീണ കുടിവെള്ള സ്രോതസ്സുകളിലെ 394042 കുടിവെള്ള സാമ്പിളുകൾ പരിശോധിച്ചു. ഇത്തരം ഗുണനിലവാര പരിശോധനകളുടെ ഫലങ്ങൾ കേന്ദ്ര സർക്കാർ വെബ്പോർട്ടലിൽ അതത്

സമയം രേഖപ്പെടുത്തി വരികയും ചെയ്യുന്നു. കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (KRWS)-യുടെ ജൽജീവൻ മിഷൻ പദ്ധതിയിൽ 8 ജില്ലകളിലായി (തിരുവനന്തപുരം, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്) 120 പഞ്ചായത്തുകളിൽ കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന FTK (Field Test Kit and H2S Vials) മുഖേന നടത്തിവരുന്നു. പരിശോധനാ ഫലം JJM WQMIS-ൽ രേഖപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്ത് ജലഗുണനിലവാര പരിശോധന വ്യാപകവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി നവകേരളം കർമ്മപദ്ധതിയുടെ കീഴിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയും ഒരു ഹയർ സെക്കൻഡറി സ്കൂളിൽ വീതം പ്രാഥമിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്ഥാപിക്കുന്ന ലാബുകളിലെ പരിശോധനകൾ അതത് സ്കൂളുകളിലെ രസതന്ത്രം അദ്ധ്യാപകരുടേയും ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടേയും നേതൃത്വത്തിലാണ് നിർവ്വഹിക്കപ്പെടുന്നത്. ഇതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പ്രത്യേക സോഫ്റ്റ്‌വെയർ, കൈപ്പുസ്തകം, ബ്രോഷർ, ട്യൂട്ടോറിയൽ വീഡിയോ എന്നിവ തയ്യാറാക്കി അദ്ധ്യാപകർക്കും

വിദ്യാർത്ഥികൾക്കും ആവശ്യമായ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. സ്ഥാപിച്ചിട്ടുള്ള ലാബുകളിൽ ആയിരത്തോളം സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള കെമിക്കലുകളും ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഇതുവരെ ഇത്തരത്തിൽ 243 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുകയും 130 സ്കൂളുകളിൽ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ.- മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചാണ് ഇവയിൽ ഭൂരിഭാഗവും നിർമ്മിച്ചിട്ടുള്ളത്. കൂടുതൽ പുതിയ ലാബുകൾ സ്ഥാപിക്കുന്നതിനുവേണ്ട സാമ്പത്തിക സഹായത്തിനായി നവകേരളം കർമ്മപദ്ധതിയിൽ നിന്നുള്ള പദ്ധതി നിർദ്ദേശം റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പരിഗണനയിലാണ്.

(ബി) ജല മലിനീകരണം ഒഴിവാക്കി നദികളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രത്യേകമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ നദികൾ, വിവിധ തരത്തിലുള്ള മാലിന്യപ്രശ്നങ്ങൾ നേരിടുന്നു എന്നത് ഉൾക്കൊണ്ടുകൊണ്ട് അവ മാലിന്യമുക്തമാക്കുന്നതിനും ഒഴുക്ക് സുഗമമാക്കുന്നതിനുമായി ജലസേചന വകുപ്പ്, തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ ഏജൻസികൾ നടത്തുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## അരുവിക്കര കുപ്പിവെള്ള പ്ലാന്റ്

225(4619) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ കുപ്പിവെള്ള വിതരണത്തിനായി അരുവിക്കരയിൽ സ്ഥാപിച്ച പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

അരുവിക്കരയിൽ കുപ്പിവെള്ള പ്ലാന്റിന്റെ പ്രവർത്തനം 2020 ജനുവരി 16-ന് ആരംഭിച്ചു.

(ബി) എങ്കിൽ കുപ്പിവെള്ളം എത്ര രൂപയ്ക്കാണ് വിതരണം ചെയ്യുന്നതെന്ന് അറിയിക്കാമോ?

1 ലിറ്റർ കുപ്പിവെള്ളം 13 രൂപയ്ക്കാണ് വിപണിയിൽ ലഭ്യമാക്കുന്നത്. വിവിധ ജയിൽ യൂണിറ്റുകൾ വഴിയും ഫാക്ടറി ഔട്ട്‌ലെറ്റ് വഴിയും ഒരു ലിറ്റർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കുപ്പിവെള്ളം 10 രൂപയ്ക്ക് വിൽപ്പന നടത്തുന്നുണ്ട്. 20 ലിറ്റർ ജാറുകൾ 60 രൂപ വിലയ്ക്കാണ് വിപണിയിൽ ലഭ്യമാക്കുന്നത്.

**പെരിയാർവാലി കനാലിലെ സ്വീവേജ് പൈപ്പുകൾ**

226(4620) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ പെരിയാർവാലി കനാലിന് കുറുകെ കിറ്റെക്സ് കമ്പനി അനധികൃതമായി സ്ഥാപിച്ച സ്വീവേജ് പൈപ്പുകൾ നീക്കം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

പെരിയാർവാലി കനാലിന് കുറുകെ അനധികൃതമായി സ്ഥാപിച്ച സ്വീവേജ് പൈപ്പുകൾ നീക്കം ചെയ്യുന്നതിന് കിറ്റെക്സ് കമ്പനിക്ക് ലാൻഡ് കൺസർവൻസി ആക്ട് പ്രകാരമുള്ള ബി ഫോം നൽകി തുടർനടപടി സ്വീകരിച്ചുവരുന്നു.

**മണലൂർ ഏനാമാക്കൽ അപ്രോച്ച് റോഡ്**

227(4621) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ റോഡിന്റെ അപ്രോച്ച് റോഡ് ഒരു കിലോമീറ്റർ ദൂരത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ളതാണോയെന്ന് അറിയിക്കാമോ?

മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ റെഗുലേറ്ററിന്റെ അപ്രോച്ച് റോഡിന്റെ 780 മീറ്റർ നീളം ജലവിഭവ വകുപ്പിന്റെ കീഴിലുള്ളതാണ്.

(ബി) അമൃത് പദ്ധതിക്കായുള്ള പൈപ്പിടലും കാലവർഷക്കെടുതിയുംമൂലം തകർന്ന പ്രസ്തുത റോഡിലൂടെ വാഹനങ്ങൾക്കും കാൽനടക്കാർക്കും കടന്നുപോകുന്നതിന് പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത റോഡ് അവസാനമായി പുനരുദ്ധാരണം നടത്തിയതെന്നാണെന്ന് അറിയിക്കാമോ?

പ്രസ്തുത റോഡ് അവസാനമായി പുനരുദ്ധാരണം നടത്തിയത് 2017-ലാണ്.

(ഡി) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിലെ തകർന്ന ഈ ഭാഗം ഗതാഗതയോഗ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിലെ ഏനാമാക്കൽ റെഗുലേറ്ററിന്റെ അപ്രോച്ച് റോഡിന്റെ 780 മീറ്റർ നീളം ഗതാഗത യോഗ്യമാക്കുന്ന പ്രവൃത്തിക്കായി ജലവിഭവ വകുപ്പ് പൊതുമരാമത്ത് വകുപ്പിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്. എന്നാൽ റോഡ് അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ ഉപയോഗിക്കുന്ന പേവർ, വൈബ്രേറ്ററി റോളർ എന്നിവയുടെ ഉപയോഗംമൂലം റെഗുലേറ്ററിനോ സ്ട്രക്ചറിനോ കേടുപാടുകൾ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ സ്ട്രക്ചറൽ സ്റ്റെബിലിറ്റി ഉറപ്പാക്കേണ്ടതുണ്ട്. ആയതിന് വേണ്ട നടപടി സ്വീകരിച്ചുവരികയാണ്. പ്രസ്തുത നടപടി ക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് അപ്രോച്ച് റോഡിന്റെ തകർന്ന ഭാഗം ഗതാഗത യോഗ്യമാക്കാൻ സാധിക്കുന്നതാണ്.

## മലപ്പുറം ജില്ലയിലെ ജല ഗുണനിലവാര പരിശോധന

228(4622) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ജല ഗുണനിലവാര പരിശോധനയ്ക്കായി സർക്കാർ സംവിധാനങ്ങൾ ഉള്ളത് എവിടെയെല്ലാം; ജില്ലയിൽ ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങൾക്ക് പ്രസ്തുത പരിശോധനയ്ക്കായി അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ അവയുടെ പേരും വിലാസവും അറിയിക്കാമോ?

മലപ്പുറം ജില്ലയിൽ ജല ഗുണനിലവാര പരിശോധനയ്ക്കായി കേരള വാട്ടർ അതോറിറ്റിക്ക് മഞ്ചേരി, മലപ്പുറം, പരപ്പനങ്ങാടി, തിരൂർ, പെരിന്തൽമണ്ണ, പൊന്നാനി എന്നീ ആറ് സ്ഥലങ്ങളിലായി ജലപരിശോധനാ ലബോറട്ടറികൾ നിലവിലുണ്ട്. സ്വകാര്യ ലാബുകൾക്ക് ജലഗുണനിലവാര പരിശോധനയ്ക്കായി അംഗീകാരം നൽകാനുള്ള അധികാരമോ ചുമതലയോ നിലവിൽ ജലവിഭവ വകുപ്പിനില്ല.

(ബി) ജില്ലയിൽ മറ്റ് വകുപ്പുകളുമായോ പദ്ധതികളുമായോ സഹകരിച്ച് ഏതെങ്കിലും സർക്കാർ സ്കൂളുകളിലെ ലാബുകളിൽ ജല പരിശോധന സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ?

ഇല്ല.

(സി) നിലമ്പൂർ മണ്ഡലത്തിൽ ജലപരിശോധന ലാബ് സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഇതിനായി ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണെന്നും ആരാണ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതെന്നും അറിയിക്കാമോ; പ്രസ്തുത ലാബ് ആരംഭിക്കുന്നതിന് നിലമ്പൂരിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ആയതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

നിലമ്പൂർ മണ്ഡലത്തിൽ ജലപരിശോധന ലാബ് സ്ഥാപിക്കുന്നതിനായി ജൽജീവൻ മിഷൻ 2022-23 വർഷത്തെ ആക്ഷൻ പ്ലാനിൽ തുക വകയിരുത്തിയിട്ടുണ്ട്. 2000 ചതുരശ്ര അടിയിൽ കുറയാത്ത കെട്ടിടമുറികളോ അല്ലെങ്കിൽ ആയത് നിർമ്മിക്കാനുള്ള ഭൂമിയോ ലാബ് തുടങ്ങുന്നതിന് ആവശ്യമാണ്. നിലമ്പൂരിൽ കേരള വാട്ടർ അതോറിറ്റിക്ക് ആവശ്യമായ സ്ഥലം സ്വന്തമായില്ല. സ്ഥലം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ കോഴിക്കോട് ക്വാളിറ്റി കൺട്രോൾ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നടത്തിവരുന്നു. കൂടാതെ നിലമ്പൂർ മണ്ഡലത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അഞ്ച് ലക്ഷം രൂപ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ജലഗുണനിലവാര നിർണ്ണയ ലാബുകൾ

സ്ഥാപിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഇത് പ്രകാരം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കാത്തോലിക്കേറ്റ് എച്ച്.എസ്.എസ്., എടക്കര എച്ച്.എസ്.എസ്. എന്നിവിടങ്ങളിലും കാളികാവ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പൂക്കോട്ടുപാടം ജി.എച്ച്.എസ്.എസ്.-ലും നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ നിലമ്പൂർ ജി.എം.വി.എച്ച്.എസ്.എസ്.-ലും ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനായി അനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ നിർവ്വഹണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) മണ്ഡലത്തിലെ ചില മലയോര പ്രദേശങ്ങളിൽ വൃക്കരോഗവും അർബുദവും ക്രമാതീതമായി കാണപ്പെടുന്നതിൽ ജല അതോറിറ്റി വിശദമായ പഠനം നടത്തുമോ; പ്രസ്തുത മേഖലകളിൽ സമഗ്ര ജല പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ ഗ്രാമപ്രദേശങ്ങളിലെ കുടിവെള്ളത്തിന്റെ നിരന്തര മൂല്യനിർണ്ണയം 2010 മുതൽ നടന്നുവരുന്നുണ്ട്. അതിന്റെ ഭാഗമായി പ്രസ്തുത പ്രദേശങ്ങളിലെ വെള്ളത്തിന്റെയും മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. അത്തരം

മൂല്യനിർണ്ണയത്തിൽ പി.എച്ച്., ടർബിഡിറ്റി, ആകെ ലയന ഖരപദാർത്ഥങ്ങൾ, കാഠിന്യം, ക്ലോറൈഡ്, ഇരുമ്പ്, നൈട്രേറ്റ് തുടങ്ങിയ ഭൗതിക രാസപരിശോധനകളും ആകെ കോളിഫോം ബാക്ടീരിയ, ഇ-കോളി തുടങ്ങിയ ബാക്ടീരിയോളജി പരിശോധനയും നടത്തുന്നു. അതിനുപുറമെ എടക്കര, നിലമ്പൂർ, വടപുറം എന്നിവിടങ്ങളിൽനിന്നും നദീജലത്തിന്റെ നിരന്തര മൂല്യനിർണ്ണയവും നടത്തിവരുന്നുണ്ട്. നദീജലത്തിന്റെ മൂല്യനിർണ്ണയത്തിൽ പി.എച്ച്., ടർബിഡിറ്റി, ആകെ ലയന ഖരപദാർത്ഥങ്ങൾ, കാഠിന്യം, ക്ലോറൈഡ്, ഇരുമ്പ്, നൈട്രേറ്റ്, കെമിക്കൽ ഓക്സിജൻ ഡിമാന്റ്, ലയന ഓക്സിജൻ, ആകെ കോളിഫോം ബാക്ടീരിയ, ഇ-കോളി തുടങ്ങിയ പരിശോധനകൾ എല്ലാ മാസങ്ങളിലും അലുമിനിയം, ലെഡ്, കാഡ്മിയം, കോപ്പർ തുടങ്ങിയ ഹെവി മെറ്റൽ പരിശോധനകൾ, പ്രീ മൺസൂൺ, പോസ്റ്റ് മൺസൂൺ എന്നിങ്ങനെ വർഷത്തിൽ രണ്ടുതവണയും പരിശോധിക്കുന്നുണ്ട്. എന്നാൽ, മുകളിൽ പറഞ്ഞ പരിശോധനകളിൽ കെമിക്കൽ ഘടകങ്ങളൊന്നുംതന്നെ അനുവദനീയ പരിധിക്കുമുകളിൽ ഇതുവരെ കണ്ടെത്തിയിട്ടില്ല.

## ഇരിക്കൂർ മണ്ഡലത്തിലെ ജല ജീവൻ മിഷൻ

229(4623) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിക്കൂർ മണ്ഡലത്തിൽ ജൽജീവൻ പദ്ധതി നടപ്പാക്കുന്നതിന് ഓരോ പഞ്ചായത്തിലും എത്ര തുകയുടെ വീതം പ്രോജക്ടുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഇരിക്കൂർ മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.+

## നീലേശ്വരം പാലായിയിൽ കുടിവെള്ള പദ്ധതി

230(4624) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഭാഗത്ത് ശുദ്ധജലം ലഭിക്കുന്നതിനുവേണ്ടിയുള്ള കുടിവെള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. ലഭ്യമായിട്ടുണ്ടോ?

കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഭാഗത്ത് താഴെപ്പറയുന്ന രണ്ട് ശുദ്ധജല വിതരണ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. തൃക്കരിപ്പൂർ പഞ്ചായത്തിനും സമീപ 6 പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി. കിനാനൂർ-കരിന്തളം പഞ്ചായത്തിലേയ്ക്കുള്ള കുടിവെള്ള പദ്ധതി.

മേൽപ്പറഞ്ഞ രണ്ട് പദ്ധതികൾക്കും ജൽജീവൻ മിഷനിൽ ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ മേൽപ്പറഞ്ഞ രണ്ട് പദ്ധതികളുടെയും വിശദമായ DPR തയ്യാറാക്കിയിട്ടുണ്ട്.

**മഴവെള്ള കൊയ്ത്ത് പദ്ധതി**

231(4625) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച മഴവെള്ള കൊയ്ത്ത് പദ്ധതിയുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ജല സ്രോതസ്സുകളിൽ ജലലഭ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മൺസൂൺ മഴ പ്രയോജനപ്പെടുത്തി 2017-ൽ തുറന്ന കിണറുകൾക്ക് സമീപം റീചാർജ്ജ് പിറ്റുകൾ നിർമ്മിച്ചു. ശാസ്താംകോട്ട പ്ലാന്റിൽ 2016-17-ൽ മഴവെള്ളം സംഭരിച്ച് നിലവിലുള്ള ഉപേക്ഷിക്കപ്പെട്ട കിണർ റീചാർജ്ജ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. ജല അതോറിറ്റിയുടെ ജലശുദ്ധീകരണ പ്ലാന്റിലും ഓഫീസ് കോമ്പൗണ്ട് ഭാഗങ്ങളിലും മരങ്ങൾ നട്ടുപിടിപ്പിച്ച് ഭൂഗർഭ ജലവിതാനം ഉയർത്താനുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ കേരള വാട്ടർ അതോറിറ്റി കെട്ടിടങ്ങളിൽ റൂഫ് ടോപ്പ് മഴവെള്ള സംഭരണത്തിനായി മാതൃകാ രൂപകല്പനയും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരത്തെ വണ്ടിച്ചിറയും ആനത്താഴ്ച്ചിറയും മഴവെള്ള സംഭരണത്തിലൂടെ പുനരുദ്ധരിക്കുന്നതിനും അതുവഴി ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികളും അതോറിറ്റി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ പ്ലാൻ സ്കീമിലുൾപ്പെടുത്തി നടപ്പാക്കുന്ന

മഴവെള്ള സംഭരണ ഭൂജല പരിപോഷണം പരിപാടിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് താഴെ പറയുന്ന പദ്ധതികൾ ജലനിധി മുഖേന നടപ്പാക്കിവരുന്നു.

- വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി നിർമ്മിച്ചുനൽകുന്നു.
- തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്ന പദ്ധതി.
- വ്യക്തിഗത കുടുംബങ്ങളിലെ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്നതിനുപുറമേ അറ്റകുറ്റപ്പണികൾ നടത്തി ശുചിത്വം ഉറപ്പുവരുത്തി പമ്പ് സ്ഥാപിച്ച് പുനരുദ്ധരിക്കുന്ന പദ്ധതി.

മേൽപ്പറഞ്ഞ പ്രവൃത്തികൾ നടപ്പാക്കുന്ന കുടുംബങ്ങളുടെ ജല സ്രോതസ്സുകളായ തുറന്ന കിണറുകളിലെ ജലലഭ്യത ഉറപ്പുവരുത്തുകയും കുടിവെള്ള ക്ഷാമം പരിഹരിക്കുകയുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വാസസ്ഥലങ്ങളിലും സ്കൂളുകളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ ഈ പദ്ധതിയിലൂൾപ്പെടുത്തി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 95% സർക്കാർ സബ്സിഡി ഉറപ്പുവരുത്തിക്കൊണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. സ്കൂളുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി രൂപപ്പെടുത്തിയ ജല സൗഹൃദ വിദ്യാലയം പദ്ധതിയുടെ ഭാഗമായി 840 സർക്കാർ വിദ്യാലയങ്ങളിൽ മഴവെള്ള സംഭരണി നിർമ്മിച്ച് നൽകുന്നതിലൂടെ വിദ്യാർത്ഥി സമൂഹത്തിന് മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യവും ആവശ്യകതയും മനസ്സിലാക്കിക്കൊടുക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത വിദ്യാലയങ്ങളിലെ കുടിവെള്ളക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണുവാനും സാധിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കിണറുകൾ സുരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സാക്കി മാറ്റുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ 10 ഗ്രാമപഞ്ചായത്തുകളിലായി 1670 തുറന്ന കിണറുകൾ റീചാർജ്ജ് ചെയ്ത് പുനരുദ്ധരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2022-23 സാമ്പത്തിക വർഷം 22 പഞ്ചായത്തുകളിലായി 459 ഗാർഹിക കിണറുകൾ

നവീകരിക്കുന്നതിനും റീചാർജ്ജ് ചെയ്യുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പൊതുസ്ഥാപനങ്ങളിലെ കിണറുകളിലെ ഭൂജലവിതാനം സുസ്ഥിരമാക്കുന്നതിന് 'ഭൂജല സംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി സംസ്ഥാനത്ത് ഭൂജല വകുപ്പ് നടപ്പാക്കിവരുന്നു. മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം ഫിൽറ്റർ മീഡിയയിലൂടെ കടത്തിവിട്ട് തുറന്ന കിണറുകൾ/കുഴൽക്കിണറുകൾ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നു. കൂടാതെ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം മഴക്കുഴികൾ നിർമ്മിച്ച് ഫിൽറ്റർ മീഡിയയിലൂടെ ഭൂമിക്ക് അടിയിലേയ്ക്ക് കടത്തിവിടുന്നു. ഇത്തരം പദ്ധതി പ്രവർത്തനത്തിലൂടെ തുറന്ന കിണറുകളിലും ജലവിതാനം മെച്ചപ്പെടുന്നതാണ്. 2021 -22 സാമ്പത്തിക വർഷം ഭൂജലവകുപ്പ് 239 തുറന്ന കിണർ / മഴക്കുഴി പദ്ധതികളും 3 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 308 കിണർ റിചാർജ്ജിംഗ് പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടിയും സ്വികരിച്ചിട്ടുണ്ട്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

232(4626) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടിവെള്ള ലഭ്യത കുറവായ പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ കുടിവെള്ള ലഭ്യത കുറവായ പ്രദേശങ്ങളിൽ പ്രത്യേക പരിഗണന നൽകി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി ഡെപ്പോസിറ്റ് പ്രവൃത്തി, ജൽജീവൻ മിഷൻ, സ്റ്റേറ്റ് പ്ലാൻ, എന്നീ വിഭാഗങ്ങളിലുൾപ്പെടുത്തി നടപ്പാക്കിവരുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ 2019-20 സാമ്പത്തിക വർഷം മുതൽ വടക്കാഞ്ചേരി മണ്ഡലത്തിൽ കുടിവെള്ള ലഭ്യത കുറവായ പ്രദേശങ്ങളിൽ കുഴൽക്കിണർ അധിഷ്ഠിതമായി, പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 3 കുടിവെള്ള പദ്ധതികളും വിവിധ തദ്ദേശ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തികളായി 19 കുടിവെള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതികളും ഭൂജലവകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

വടക്കാഞ്ചേരി മണ്ഡലത്തിൽ ജലനിധി പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കിയ തെക്കുംകര പഞ്ചായത്തിലെ ഊരക്കാട്, സ്നേഹ എന്നിങ്ങനെ രണ്ടു സ്കീമുകളുടെ പുനരുദ്ധാരണത്തിന് തുക അനുവദിച്ചിട്ടുണ്ട്.

(1) ഊരക്കാട് പദ്ധതി-1,98,433 രൂപ അനുവദിച്ച പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയായി ആദ്യഗഡു തുകയായ 1,19,060/- രൂപ മാത്രമെ അനുവദിച്ചിട്ടുള്ളൂ.

(2) സ്നേഹ പദ്ധതി-5,21,000/- രൂപ അനുവദിച്ച പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയായി. ആദ്യഗഡു തുകയായ 1,95,375/- രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ.

**ജല ജീവൻ പദ്ധതിക്കായി റോഡ് കുഴിക്കാൻ അനുമതി**

233(4627) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ദേശീയപാതയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജൽജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് റോഡ് കുഴിക്കുന്നതിനുംമറ്റും എം.ഒ.ആർ.റ്റി.എച്ച്. അനുമതി നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജൽജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് റോഡ് കുഴിക്കുന്നതിനുംമറ്റും എം.ഒ.ആർ.റ്റി.എച്ച്. അനുമതി ലഭിക്കുന്നതിന് ഗണ്യമായ കാലതാമസം ഉണ്ടാകുന്നുണ്ട്. ചില പ്രവൃത്തികൾക്ക് അനുമതി ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്.

(ബി) ഇക്കാരണത്താൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ വാഴൂർ, ചിറക്കടവ് പഞ്ചായത്തുകളിൽ ജൽജീവൻ പദ്ധതി പൂർത്തീകരണത്തിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ വാഴൂർ, ചിറക്കടവ് പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരണത്തിന് എം.ഒ.ആർ.റ്റി.എച്ച്. അനുമതി ലഭിക്കാത്തതിനാൽ തടസ്സം നേരിടുന്നുണ്ട്. ബന്ധപ്പെട്ട പ്രവൃത്തിയിൽ കൊട്ടങ്ങൂർ ജംഗ്ഷനിൽ NH 183 റോഡിനുകുറുകെ പൈപ്പ് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ദേശീയപാത വിഭാഗത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ

വാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കും അപകട ഭീഷണി ഉയർത്തുമെന്ന കാരണം പറഞ്ഞ് അപേക്ഷ നിരാകരിച്ചു. പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിച്ചാൽ മാത്രമേ വാഴൂർ, ചിറക്കടവ് പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) പ്രസ്തുത തടസ്സം നീക്കി 2024-ൽ അവസാനിക്കുന്ന പദ്ധതി യഥാസമയം പൂർത്തിയാക്കുന്നതിന് എം.ഒ.ആർ.റ്റി.എച്ച്. അധികൃതരുമായി ചർച്ച നടത്തി പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

കോട്ടയം സർക്കിളിനുകീഴിൽ എം.ഒ.ആർ.റ്റി.എച്ച്. അധികൃതരുമായി നിരവധി തവണ ഈ വിഷയത്തെ സംബന്ധിച്ച് ചർച്ച നടന്നിട്ടുണ്ട്. ഉന്നത ഉദ്യോഗസ്ഥരും കോട്ടയം ജില്ലാ കളക്ടറും വിളിച്ചുചേർത്ത യോഗത്തിൽ എം.ഒ.ആർ.റ്റി.എച്ച്.-ൽ നിന്നുള്ള ഉദ്യോഗസ്ഥർ ഹാജരായില്ല. ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടലിനായി കേന്ദ്ര ജലശക്തി മിനിസ്ട്രിയുടെ IMIS പോർട്ടലിൽ വിവരങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

## ചിറയിൻകീഴ് മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

234(4628) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചിറയിൻകീഴ് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആയതിനായി ചെലവഴിച്ച തുകയും അവയുടെ പുരോഗതിയും വിശദമാക്കാമോ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചിറയിൻകീഴ് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളും ചെലവഴിച്ച തുകയും അവയുടെ പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.+

## വടക്കാഞ്ചേരി മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

235(4629) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വടക്കാഞ്ചേരി മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് നടന്നുവരുന്നത്; പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന പ്രവൃത്തികളും അവയുടെ പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.+

**തിരുവല്ല മണ്ഡലത്തിലെ കോയിപ്രം-പുറമറ്റം കുടിവെള്ള പദ്ധതി**

236(4630) <u>ശ്രീ. മാത്യു ടി. തോമസ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലത്തിലെ പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി, കോയിപ്രം എന്നീ പഞ്ചായത്തുകൾക്കുവേണ്ടി ജല ശുദ്ധീകരണ പദ്ധതിക്കായി കോയിപ്രം വില്ലേജിൽ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള അവാർഡ് തുക അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഇല്ല. പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ തഹസീൽദാർ (എൽ.എ. ജനറൽ) പത്തനംതിട്ടയുടെ 23-06-2022-ലെ ബി/1602/17

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നമ്പർ കത്ത് മുഖേന 10,58,87,044/-രൂപ നിക്ഷേപിക്കാൻ ആവശ്യപ്പെട്ടു. പ്രസ്തുത പദ്ധതിയുൾപ്പെടുന്ന Rural Water Supply Scheme (4215-01-102-97) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 24-11-2020 മുതൽ 31-05-2022 വരെ 37.52 കോടി രൂപയുടെ കുടിശ്ശിക ബില്ലുകൾ കൊടുത്തുതീർക്കാനുണ്ട്. ഈ ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 10.00 കോടി രൂപയാണ്. ആയതിനാൽ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 235.05 കോടി രൂപ അധിക ധനാഭ്യർത്ഥനയായി ലഭ്യമാക്കാനുള്ള കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് കോടതിയിൽ കേസ്സുകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന 2 കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

A) WP(c)No.1421/2021

പെറ്റീഷണർ : ജോസ് പന്നിക്കോട്ട്

ഈ കേസിലെ കക്ഷികൾ

1. കേരള സർക്കാർ

2. ഡിസ്ട്രിക്ട് കളക്ടർ പത്തനംതിട്ട

3. ഡെപ്യൂട്ടി കളക്ടർ (എൽ.എ.)

4. സ്പെഷ്യൽ തഹസിൽദാർ(എൽ.എ.)

B) WP(സി)No.26506/2021,

പെറ്റീഷണർ : എബ്രഹാം പന്നിക്കോട്ട്

ഈ കേസിലെ കക്ഷികൾ

1. കേരള സർക്കാർ

2. കേരള വാട്ടർ അതോറിറ്റി

3. ഡിസ്ട്രിക്ട് കളക്ടർ, പത്തനംതിട്ട

4. ശ്രീമതി അശ്വതി ഒ.എസ്.

**കോട്ടക്കൽ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

237(4631) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

കോട്ടക്കൽ മണ്ഡലത്തിലെ കിഫ്ബി സഹായത്തോടുകൂടി നടപ്പാക്കുന്ന ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി 3 പാക്കേജുകളിലായാണ് നടപ്പാക്കുന്നത്.

പാക്കേജ് 1 - പമ്പിംഗ് മെയിനുകൾ, ജല ശുദ്ധീകരണ ശാല, 23 ലക്ഷം ലിറ്റർ ശേഷിയുള്ള OHSR, പമ്പ് സെറ്റുകൾ മുതലായവ-93% പൂർത്തിയായി.

പാക്കേജ് 2- വിതരണ ശൃംഖല- 61% പൂർത്തിയായി.

പാക്കേജ് 3- പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ സപ്ലൈ ചെയ്ത് സ്ഥാപിക്കൽ മുതലായവ -22% പൂർത്തിയായി.

(ബി) പ്രസ്തുത പദ്ധതിയുടെ വിതരണശൃംഖല പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി എന്തെല്ലാം പ്രവൃത്തികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതിയുടെ വിതരണശൃംഖല പൂർത്തിയായിട്ടില്ല. പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 61% പൂർത്തിയായി.

പാക്കേജ്-1-ൽ ജല ശുദ്ധീകരണശാലയുടെയും മറ്റും പെയിന്റിംഗ്

തുടങ്ങിയ ഫിനിഷിംഗ് വർക്കുകൾ പൂർത്തിയാക്കാനുണ്ട്.

പാക്കേജ് 2-ൽ 82.3 കിലോ മീറ്റർ വിതരണ ശൃംഖല സ്ഥാപിച്ചു. ഏകദേശം 60 കിലോ മീറ്ററോളം വിതരണ ശൃംഖല സ്ഥാപിക്കേണ്ടതുണ്ട്.

പാക്കേജ് 3-ൽ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ പദ്ധതിക്കാവശ്യമായ വൈദ്യുതി കണക്ഷൻ ലഭ്യമാകാനുണ്ട്. പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നല്കുന്ന പ്രവൃത്തിയിൽ എടയൂർ പഞ്ചായത്തിൽ 6961 ഗാർഹിക കണക്ഷൻ നൽകാൻ 1598.51/- ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. അതിൽ 3758 കുടിവെള്ള കണക്ഷൻ ഇതിനോടകം നല്കിക്കഴിഞ്ഞു (15-07-2022 വരെ). ഇരിമ്പിളിയം പഞ്ചായത്തിൽ 4195 ഗാർഹിക കണക്ഷൻ നൽകാൻ 1182/- ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്, അതിൽ 2528 കുടിവെള്ള കണക്ഷൻ ഇതിനോടകം നല്കിക്കഴിഞ്ഞു (15-07-2022 വരെ). പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

## വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

238(4632) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിലെ മുളവുകാട്, പനമ്പുകാട് ദ്വീപുകളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള 60.50 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിലെ മുളവുകാട്, പനമ്പുകാട് ദ്വീപുകളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പച്ചാളം പമ്പ് ഹൗസിലേയ്ക്ക് പ്രത്യേക പമ്പിംഗ് മെയിൻ (വ്യാസം 350 എം.എം.) മുളവുകാട് പ്രദേശത്തെ 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി, പനമ്പുകാട് പ്രദേശത്ത് 5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജല സംഭരണി, പച്ചാളം പമ്പ് ഹൗസിൽ പുതിയ 70 എച്ച്.പി. ശേഷിയുള്ള പമ്പ് സെറ്റ് എന്നിവയുൾപ്പെടുത്തിക്കൊണ്ട് അർബൻ അഗ്ലോമറേഷൻ പദ്ധതി പ്രകാരം 60.50 കോടി രൂപയുടെ അടങ്കൽ ഗ്രാമ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് 08-04-2022-ന് ജലവിഭവ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

പ്രസ്തുത കത്ത് 01-06-2022 -ൽ 8228/VIP/M(WR)/2022 നമ്പരായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

**മഞ്ചേരി മണ്ഡലത്തിലെ അമൃത് പദ്ധതി**

239(4633) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമൃത് പദ്ധതി പ്രകാരം മഞ്ചേരി മണ്ഡലത്തിൽ കുടിവെള്ള വിതരണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലെന്ന് വിശദമാക്കുമോ?

മഞ്ചേരി മുനിസിപ്പാലിറ്റിയിൽ അമൃത് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പദ്ധതികൾ ഒന്നുംതന്നെ നടപ്പാക്കിയിട്ടില്ല. അമൃത് 2.0-ൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്തുവരുന്നു. 11.61 കോടി രൂപയുടെ കേന്ദ്രവിഹിതവും 8.71 കോടി രൂപയുടെ സംസ്ഥാന വിഹിതവും 2.90 കോടി രൂപയുടെ നഗരസഭാ വിഹിതവുമുൾപ്പെടെ ആകെ 23.22 കോടി രൂപയുടെ പദ്ധതി വിഹിതമാണ് മഞ്ചേരി മുനിസിപ്പാലിറ്റിക്കായി വകയിരുത്തിയിട്ടുള്ളത്. എന്നാൽ വെള്ളം എത്തിക്കാൻ കഴിയുന്ന

പ്രദേശങ്ങളിലെ 1120 കണക്ഷനുകളും വിതരണ ശൃംഖല ദീർഘിപ്പിക്കലും PWD റോഡിലെ കാലഹരണപ്പെട്ട സി പൈപ്പുകൾ മാറ്റി സ്ഥാപിക്കലും പ്രസ്തുത റോഡുകളുടെ റീസ്റ്റോറേഷൻ ചാർജ്ജുമുൾപ്പെടെ 27 കോടി രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചത്. എന്നാൽ അമൃത് 2.0-ൽ ഒരു ഗാർഹിക കണക്ഷന് നിഷ്കർഷിച്ചിട്ടുള്ള തുകയേക്കാൾ കൂടുതലായതിനാൽ ഈ എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമായിട്ടില്ല. നിലവിൽ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി സ്ഥാപിക്കുന്ന വിതരണശൃംഖല പൂർത്തിയാകുന്ന മുറയ്ക്ക് മേൽപ്രദേശത്തെ വീടുകളിലേയ്ക്കുള്ള കണക്ഷൻകൂടി നൽകുന്ന തരത്തിൽ 23.2 കോടി രൂപയുടെ 4644 കണക്ഷനുകൾ നൽകുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായുള്ള നടപടി പുരോഗമിച്ചുവരുന്നു.

**ജല ജീവൻ പദ്ധതിയിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ**

240(4634) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽജീവൻ പദ്ധതിയിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തിയതിനുശേഷം മാത്രം പൈപ്പ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പ്രധാനമായും ഉപരിതല ജലസ്രോതസ്സുകളെ അടിസ്ഥാനമാക്കിയുള്ള കുടിവെള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുന്ന സമയത്തുതന്നെ പദ്ധതിയുടെ സ്രോതസ്സിന്റെ സുസ്ഥിരത ഉറപ്പാക്കുന്നുണ്ട്. സോഴ്സ് ഫൈൻഡിംഗ് കമ്മിറ്റികൾ പരിശോധിച്ച് സ്രോതസ്സിന്റെ സുസ്ഥിരത ഉറപ്പാക്കിയാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്.

**അരുവിക്കര ഡാമിന്റെ സംഭരണ ശേഷി**

241(4635) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണും മണലും ചെളിയും അടിഞ്ഞുകൂടിയത് കാരണം അരുവിക്കര ഡാമിന്റെ സംഭരണശേഷി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംഭരണ ശേഷി പുനഃസ്ഥാപിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

(എ & ബി) ഉണ്ട്. അരുവിക്കര ഡാമിൽനിന്ന് മണ്ണും മണലും ചെളിയും നീക്കം ചെയ്യുന്ന പദ്ധതിയുടെ (ഡീസിൽറ്റേഷൻ) ചുമതല കേരള വാട്ടർ അതോറിറ്റിയെയാണ് ഏൽപ്പിച്ചിരുന്നത്. ഇതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തിയുടെ DPR തയാറാക്കുന്നതിന് കൺസൽട്ടൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള ദർഘാസ് പരസ്യപ്പെടുത്തി. എന്നാൽ പ്രസ്തുത ദർഘാസ് പരസ്യത്തിന് പങ്കാളിത്തമില്ലാത്തതിനാൽ 30-05-2022-ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റിയുടെ യോഗ തീരുമാനപ്രകാരം അരുവിക്കര ഡാം ഡീസിൽറ്റേഷൻ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ചുമതലപ്പെടുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ KIIDC ഡീസിൽറ്റേഷന്റെ മുന്നോടിയായുള്ള സർവ്വേ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുകയാണ്.

**ഇടുക്കി ജില്ലയിലെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

242(4636) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കേരള വാട്ടർ അതോറിറ്റി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

ഇടുക്കി ജില്ലയിൽ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024-ലോടെ കുടിവെള്ളം എത്തിക്കുന്നതിനായി 52 പഞ്ചായത്തുകളിലായി 241121 കുടിവെള്ള കണക്ഷനുകൾക്കായി 2757.48 കോടി രൂപയുടെ ഭരണാനുമതി ജൽജീവൻ മിഷനിൽ നൽകിയിട്ടുണ്ട്. ഇതിൽ 20198 കണക്ഷനുകൾ ഇതുവരെ നൽകിക്കഴിഞ്ഞു. ആയതിന് 42.2385 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കിഫ്ബിയിലുൾപ്പെടുത്തി അയ്യപ്പൻകോവിൽ കുടിവെള്ള പദ്ധതിക്ക് 46.424 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി തോണിത്തടിയിൽ തടയണ നിർമ്മിക്കുന്ന പ്രവൃത്തി കരാർ ഒപ്പിട്ട് പുരോഗമിച്ചുവരുന്നു. സിവിൽ, ഇലക്ട്രോമെക്കാനിക്കൽ പൈപ്പ് ലൈൻ വർക്കുകൾക്ക് പലതവണ ദർഘാസ് ക്ഷണിച്ചെങ്കിലും അതിനൊന്നും അംഗീകാരം നൽകാനായില്ല. നിലവിൽ 27-07-2022-ൽ ദർഘാസ് തുറക്കത്തക്ക രീതിയിൽ വീണ്ടും ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. മുട്ടം, കരിങ്കുന്നം പഞ്ചായത്തുകളിലേയ്ക്കുള്ള ശുദ്ധജല വിതരണത്തിനായി നബാർഡ് -ആർ.ഐ.ഡി.എഫ് -XXVI വാട്ടർ സപ്ലൈ പ്രോജക്ടിലുൾപ്പെടുത്തി 6114/-

ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കൂടാതെ നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന 5.5863/- കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ വലിയാമറ്റം, ആലക്കോട്, ശുദ്ധജല വിതരണ പദ്ധതിയുടെ 97% പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. ഈ പ്രവൃത്തി ഈ വർഷം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. കിഫ്ബിയിലുൾപ്പെടുത്തി തൊടുപുഴ നഗരസഭയിൽ വിതരണശൃഖല സ്ഥാപിക്കുന്നതിന്റെ ഭാഗമായി 82.9/- കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി ശേഷികുറഞ്ഞതും കേടായതുമായ പമ്പ് സെറ്റുകൾ മാറ്റിവക്കൽ, പഴയതും കേടുപാടുകൾ സംഭവിച്ചതുമായ പൈപ്പ് ലൈനുകൾ മാറ്റിയിടൽ, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്നീ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിവരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 390.89 ലക്ഷം രൂപയുടെ 16 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ബ്ലോക്ക് പഞ്ചായത്തുകൾ മുതലായവ നിക്ഷേപിക്കുന്ന തുകയ്ക്ക് അവയുടെ ആവശ്യാനുസരണം കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) പീരുമേട് ഡിവിഷനുകീഴിൽ കുമളിയിൽ ഒരു സബ്ഡിവിഷൻ ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കാമോ?

കേരള വാട്ടർ അതോറിറ്റിക്ക് പീരുമേട് ഡിവിഷൻ ഓഫീസില്ല. പീരുമേട് സബ്ഡിവിഷനുകീഴിൽ കുമളിയിൽ ഒരു സെക്ഷൻ ഓഫീസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ജലജീവൻ മിഷന്റെ കീഴിൽ എത്ര കുടിവെള്ള കണക്ഷൻ നൽകാനാണ് ഭരണാനുമതി നല്കിയിട്ടുള്ളത്?

സംസ്ഥാനത്ത് ജലജീവൻ മിഷന്റെ കീഴിൽ ഗ്രാമീണമേഖലയിൽ 5289763 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 38951.98/- കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ഡി) ഇടുക്കി ജില്ലയിൽ ജൽജീവൻ മിഷന്റെ കീഴിൽ എത്ര കുടിവെള്ള കണക്ഷൻ നൽകാനാണ് ഭരണാനുമതി നല്കിയിട്ടുള്ളത്; വിശദമാക്കാമോ?

ഇടുക്കി ജില്ലയിൽ ജൽജീവൻ മിഷന്റെ കീഴിൽ 241121 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 2757.48 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഇടുക്കി ജില്ലയിൽ പുതിയ ചെക്ക് ഡാമുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന അയ്യപ്പൻകോവിൽ പദ്ധതിയുടെ ഭാഗമായി തോണിത്തടിയിൽ 3.25 കോടി രൂപയുടെ ചെക്ക് ഡാമിന്റെ പ്രവൃത്തി നടന്നുവരുന്നു. കൂടാതെ ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി മൂന്നാർ, വട്ടവട, മാങ്കുളം, എന്നിവിടങ്ങളിൽ ഓരോ ചെക്ക് ഡാമുകൾക്കും ഇടമലക്കുടി പഞ്ചായത്തിൽ 7 ചെക്ക് ഡാമുകൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

### ഗാർഹിക കുടിവെള്ള താരിഫ്

243(4637) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ആവശ്യങ്ങൾക്കുള്ള കുടിവെള്ളത്തിന് ഈടാക്കുന്ന താരിഫ് ഏതുരീതിയിലാണെന്ന് വിശദമാക്കാമോ?

ഗാർഹിക ആവശ്യങ്ങൾക്കുള്ള കുടിവെള്ളത്തിന് ഈടാക്കുന്ന താരിഫ് അനുബന്ധമായി ചേർത്തിരിക്കുന്നു.+ ഒരു മാസം 15000 ലിറ്ററിന് താഴെ കുടിവള്ളം ഉപയോഗിക്കുന്ന ബി.പി.എൽ. കുടുംബത്തിൽനിന്നും വാട്ടർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

താരിഫ് ഈടാക്കുന്നില്ല. ഫ്ലാറ്റുകളിലെ ഓരോ അപ്പാർട്ട്മെന്റിൽനിന്നും 55.13 രൂപയാണ് മിനിമം ചാർജ്ജായി ഈടാക്കിവരുന്നത്.

(ബി) ഗാർഹിക കണക്ഷൻ എടുക്കുകയും എന്നാൽ വെള്ളം ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന ഉപഭോക്താക്കൾ എത്ര രൂപ വീതമാണ് അടക്കേണ്ടത്?

ഒരു മാസത്തെ മിനിമം ചാർജ്ജായ 22.05 രൂപയാണ് എല്ലാ മാസവും അടക്കേണ്ടത്.

(സി) വാട്ടർ അതോറിറ്റി ഈടാക്കുന്ന മിനിമം ചാർജ്ജ് എത്രയാണ്?

1. ഗാർഹികം : 22.05/-രൂപ.
2. ഗാർഹികേതരം: 220.53/-രൂപ.
3. വ്യാവസായികം :441.01/-രൂപ.

(ഡി) കുടിവെള്ളം തീരെ ഉപയോഗിക്കാത്ത ഉപഭോക്താക്കളിൽനിന്ന് കൂടുതൽ തുക ഈടാക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുപരിഹരിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

കുടിവെള്ളം തീരെ ഉപയോഗിക്കാത്ത ഉപഭോക്താക്കളിൽനിന്നും കൂടുതൽ തുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മിനിമം

ചാർജ്ജായാലും കൃത്യമായി അടക്കാത്ത ഉപഭോക്താക്കൾക്ക് നിയമാനുസൃതമായ ഫൈൻ മാത്രമേ ഈടാക്കാറുള്ളൂ.

**വൻകിട ഉപഭോക്താക്കളുടെ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

244(4638) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് നിലവിൽ വൻകിട ഉപഭോക്താക്കളിൽനിന്നും എത്ര തുക ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

വൻകിട/ചെറുകിട മേഖല എന്ന തരംതിരിവ് വാട്ടർ അതോറിറ്റിയിൽ ഇല്ല. ഡൊമസ്റ്റിക്, നോൺ-ഡൊമസ്റ്റിക്, വ്യാവസായികം, സ്പെഷ്യൽ/കാഷ്വൽ എന്നിങ്ങനെ ഉപഭോക്തൃ വിഭാഗങ്ങളെ തരംതിരിച്ചിട്ടുണ്ട്. എല്ലാ വിഭാഗത്തിലുംകൂടി 31-06-2022 വരെ ആകെ 2,063.76 കോടി രൂപ കുടിശ്ശികയായി ലഭിക്കാനുണ്ട്. കുടിശ്ശിക നോട്ടീസുകൾ നൽകിയും കേടായ വാട്ടർ മീറ്ററുകൾ മാറ്റിസ്ഥാപിച്ചും

ടെലിഫോൺ മുഖേനയും നേരിൽക്കണ്ടും ഉപഭോക്താക്കളോട് കുടിശ്ശിക ഒടുക്കുന്നതിനെക്കുറിച്ച് ബോധവത്കരണം നടത്തിയും തുക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പഞ്ചായത്ത് തലത്തിൽ എല്ലാവിഭാഗം ജീവനക്കാരെയുമുൾപ്പെടുത്തി റവന്യൂ സ്ക്വാഡുകൾ രൂപീകരിച്ച് കുടിശ്ശിക പിരിച്ചെടുന്നതിനുള്ള തീവ്രശ്രമങ്ങൾ നടത്തിവരുന്നു. കൂടാതെ ദീർഘകാലമായി കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളിൽനിന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ഡിസ്കണക്ഷൻ, റവന്യൂ റിക്കവറി നടപടികൾ നടത്തിവരുന്നുണ്ട്. ഗാർഹികേതര കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എല്ലാ വകുപ്പുമേലധികാരികൾക്കും ഡിവിഷൻ തലത്തിൽ കുടിശ്ശിക അടയ്ക്കുന്നതിന് കത്തിടപാടുകൾ നടത്തുന്നുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശാനുസരണം എല്ലാ വകുപ്പ് മേലധികാരികൾക്കും കൺസോളിഡേറ്റഡ് ബിൽ തയ്യാറാക്കി ഹെഡ് ഓഫീസിൽനിന്നും നൽകിവരുന്നു. കുടിശ്ശിക വരുത്തിയ വകുപ്പ് മേധാവികളെയും നേരിൽക്കണ്ട് കുടിശ്ശിക തുക എത്രയുംവേഗം അടയ്ക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. സെക്ഷൻ തലത്തിൽ ഇതിനായി സ്ക്വാഡ് പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു.

(ബി) ഡ്രെയിനേജ് കണക്ഷൻ എടുത്തിട്ടില്ലാത്ത ഗാർഹിക ഉപഭോക്താക്കളിൽനിന്നും വാട്ടർ അതോറിറ്റി ഡ്രെയിനേജ് ചാർജ്ജിനത്തിൽ വർഷങ്ങളായി തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റിക്ക് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഇപ്രകാരം ഡ്രെയിനേജ് കണക്ഷൻ ഇല്ലാത്ത ഉപഭോക്താക്കളിൽനിന്നും തുക ഈടാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; ഗാർഹിക ഉപഭോക്താക്കളിൽനിന്നും തെറ്റായി ഈടാക്കിയ തുക തിരികെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(ബി & സി) ഡ്രെയിനേജ് കണക്ഷൻ ഇല്ലാത്ത ഉപഭോക്താക്കളിൽനിന്നും ഡ്രെയിനേജ് ചാർജ്ജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### റോഡുകളിൽ പൈപ്പ് സ്ഥാപിക്കാനുണ്ടാക്കിയ കുഴികൾ അടയ്ക്കാൻ നടപടി

245(4639) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ പൈപ്പ് ഇടാൻ കുഴിയെടുക്കുമ്പോൾത്തന്നെ കുഴി അടച്ച് റോഡ് പൂർവ്വ സ്ഥിതിയിലെത്തിക്കാൻ വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കുമോ;

(ബി) വാട്ടർ അതോറിറ്റിതന്നെ നേരിട്ട് കുഴികൾ അടയ്ക്കാൻ സംവിധാനമൊരുക്കുന്ന കാര്യം പരിഗണിക്കുമോ?

**(എ&ബി)** വിവിധ കുടിവെള്ള പദ്ധതികൾക്കായി പൈപ്പ് ഇടുന്നതിനുവേണ്ടി പൊതുമരാമത്തുറോഡുകളിൽ എടുക്കുന്ന കുഴി പൈപ്പ് ഇട്ടാലുടൻതന്നെ താൽക്കാലികമായി അടച്ച് സഞ്ചാരയോഗ്യമാക്കി വരുന്നുണ്ട്. 24-02-2022-ലെ G.O.(Ms) No.8/2022/PWD പ്രകാരം പൈപ്പ് ഇടുന്നതിന് കുഴിക്കുന്ന കുഴി പൂർവ്വസ്ഥിതിയിലെത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിക്കാണ്. ആയതിനാൽ 24-02-2022-നുശേഷം ഏർപ്പാട് ചെയ്യുന്ന പ്രവൃത്തികളുടെ റോഡ് പുനരുദ്ധാരണം കേരള വാട്ടർ അതോറിറ്റിതന്നെ ചെയ്യുന്ന വിധത്തിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ടെൻഡർ ചെയ്താണ് പ്രവൃത്തി നടപ്പാക്കുന്നത്.

**കൊണ്ടോട്ടി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

246(4640) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ വാട്ടർ അതോറിറ്റി/കിഫ്ബി/സ്റ്റേറ്റ് ഫണ്ട്/ജൽജീവൻ മിഷൻ എന്നിവയുമായി ബന്ധപ്പെട്ട് നടക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതികളിലൂടെ എത്രപേർക്ക് കുടിവെള്ളം നൽകാൻ ലക്ഷ്യമിട്ടെന്നും ഇതിനകം എത്ര വീടുകളിൽ കുടിവെള്ളം നൽകിയെന്നും പഞ്ചായത്ത് തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

(എ & ബി) കൊണ്ടോട്ടി മണ്ഡലത്തിൽ വാട്ടർ അതോറിറ്റി കിഫ്ബി/ സ്റ്റേറ്റ് പ്ലാൻ/ജൽജീവൻ മിഷൻ എന്നിവയുമായി ബന്ധപ്പെട്ട് നടക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ ഈ പദ്ധതികളിലൂടെ 243825 പേർക്ക് കുടിവെള്ളം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഈ പദ്ധതികളുടെ പൂർത്തീകരണത്തിന് നിലവിലെ പ്രയാസങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട്-പാലക്കാട് നാഷണൽ ഹൈവേയിൽ (എൻ.എച്ച്. 966) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഇന്ത്യയിൽനിന്നും (എൻ.എച്ച്.എ.ഐ.) അനുമതി ലഭിക്കാത്തത് പദ്ധതികളുടെ പൂർത്തീകരണത്തിന് പ്രയാസം സൃഷ്ടിക്കുന്നു.

(ഡി) പൊതുമരാമത്ത്/ദേശീയപാത റോഡുകൾ വെട്ടിപ്പൊളിച്ചത് പുന:സ്ഥാപിക്കുന്നതിന് വലിയ തുക ചെലവ് വരുന്നത് പദ്ധതിയുടെ പൂർത്തീകരണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; എങ്കിൽ അധിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. ജൽജീവൻ മിഷൻ പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതി നല്കിയിട്ടുണ്ട്.

(ഇ) ഇവയിൽ ഏതെങ്കിലും പദ്ധതിയുടെ ടെണ്ടർ ആരും എടുക്കാത്തതുമൂലം പ്രവൃത്തി തുടങ്ങാൻ പറ്റാതെ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ആയതിന്റെ ടെണ്ടർ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

(ഇ & എഫ്) കിഫ്ബി സഹായത്തോടെ നടപ്പാക്കുന്ന കൊണ്ടോട്ടി നഗര കുടിവെള്ള പദ്ധതിയുടെ പാക്കേജ് 3 ബി മൂന്നുപ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ആരുംതന്നെ ക്വാട്ട് ചെയ്തില്ല. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് DSR 2016-ലെ നിരക്ക് പ്രകാരമാണ് തയ്യാറാക്കിയിരുന്നത്.

ഇപ്പോൾ കേരള വാട്ടർ അതോറിറ്റിയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് DSR 2018-ലെ നിരക്ക് പ്രകാരമാണ്. അതിനാൽ എസ്റ്റിമേറ്റ് DSR 2018-ലെ നിരക്ക് പ്രകാരം പുതുക്കി സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

**പട്ടാമ്പി മണ്ഡലത്തിലെ പദ്ധതി നിർവ്വഹണം**

247(4641) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വകുപ്പുമന്ത്രി പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് അവലോകന യോഗം നടത്തിയിട്ടുണ്ടോ; എങ്കിൽ നടപടി കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരം നൽകാമോ?

(എ-ഡി) എ, സി, ഡി എന്നീ പിരിവുകളുടെ മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.+ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് പട്ടാമ്പി നിയോജകമണ്ഡലത്തിന് മാത്രമായി അവലോകന യോഗം നടത്തിയിട്ടില്ല.

**മാങ്ങാട്ടിടം സമഗ്ര കുടിവെള്ള പദ്ധതി**

248(4642) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ സമഗ്ര കുടിവെള്ള പദ്ധതി പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദമാക്കാമോ?

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ കണ്ടേൻകുന്ന് വില്ലേജിലെ 6,7,8,9,10 വാർഡുകളിലേയ്ക്ക് ശുദ്ധജലവിതരണം നടത്തുന്നതിന് നാഷണൽ അർബൻ മിഷനിൽ 2018-19-ൽ 252 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയ സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘടകങ്ങളായ 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജലസംഭരണി, 1 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതല സംഭരണി, പമ്പ് ഹൗസ്, 200 മി.മീ. വ്യാസമുള്ള പമ്പിംഗ് മെയിൻ 1150 മീറ്റർ നീളം, 200 മി.മീ. വ്യാസമുള്ള ഗ്രാവിറ്റി മെയിൻ 160 മീറ്റർ നീളം, പമ്പ് സെറ്റുകൾ സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി 5.539 ലക്ഷം രൂപ കെ.എസ്.ഇ.ബി.എൽ-ൽ ഒടുക്കിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതഗതിയിൽ നടന്നുവരുന്നു. മേൽപ്പറഞ്ഞ വാർഡുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും 700 ഭവനങ്ങൾക്ക് കണക്ഷനുകൾ നല്കുന്നതിനുമുള്ള പദ്ധതി നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്നതിന് 2021-22-ൽ 1366.65 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. ഇതിന്റെ കരാർ നല്കി പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. 2022 ഡിസംബറോടുകൂടി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## പാനൂർ നഗരസഭയിലെ കുടിവെള്ള പദ്ധതി

249(4643) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് തലശ്ശേരി സമഗ്ര കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) പാനൂർ നഗരസഭയിൽ കുടിവെള്ളമെത്തിക്കാൻ ചൊക്ലി, കരിയാട്, കനകമല എന്നിവിടങ്ങളിൽ ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കാമോ?

(എ & ബി) കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന തലശ്ശേരി-കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതിക്ക് 8586 ലക്ഷം രൂപയുടെ ഭരണാനുമതി 2017-18-ൽ നല്കിയിരുന്നു. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ സ്ഥാപിക്കുന്നതിനായി 2 ഗവൺമെന്റ് ഭൂമിയും 3 സ്വകാര്യ ഭൂമിയും ആവശ്യമാണ്. സ്വകാര്യ ഭൂമിയുടെ ലാൻഡ് അക്വിസിഷൻ വഴി ഏറ്റെടുക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. സ്പെഷ്യൽ തഹസിൽദാർ, എൽ.എ. ചാർജ്ജിനത്തിൽ ആവശ്യപ്പെട്ട 45 ലക്ഷം രൂപ കിഫ്ബിയിൽനിന്ന് ഫണ്ട് ലഭ്യമായതിനുശേഷം 13-07-2022-ന് എൽ.എ. തഹസിൽദാർക്ക് നൽകിയിട്ടുണ്ട്. തുടർന്ന് 19(1) നോട്ടിഫിക്കേഷൻ

പ്രസിദ്ധപ്പെടുത്തുന്നതാണ്. ആവശ്യമുള്ള 2 ഗവണ്മെന്റ് ഭൂമികളിൽ ഒന്ന് പാനൂർ മുനിസിപ്പാലിറ്റിയുടെയും മറ്റൊന്ന് ചൊക്ലി ഗവൺമെന്റ് കോളേജിന്റെയും ഉടമസ്ഥതയിലുള്ളതാണ്. ഈ രണ്ട് സ്ഥലങ്ങളിലും നിർമ്മാണജോലികൾ നടത്താനായി വാട്ടർ അതോറിറ്റിക്ക് പെർമ്മിസീവ് സാംഗ്ഷൻ ഇതിനകം നല്കിയിട്ടുണ്ട്. ചൊക്ലി ഗവൺമെന്റ് കോളേജ് കോമ്പൗണ്ടിൽ ടാങ്ക് നിർമ്മിക്കുന്നതിനാവശ്യമായ 25 സെന്റ് സ്ഥലത്തിന്റെ പെർമ്മിസീവ് സാംഗ്ഷൻ കണ്ണൂർ ജില്ലാ കളക്ടർ 21-06-2022-ന് നൽകിയിട്ടുണ്ട്. കരിയാട്, കനകമല എന്നിവിടങ്ങളിൽ ടാങ്ക് നിർമ്മിക്കുന്നതിനുള്ള യഥാക്രമം 25 സെന്റ്, 35 സെന്റ് ഭൂമിയുടെ സ്ഥലമെടുപ്പ് നടപടി അന്തിമഘട്ടത്തിലാണ്. ലാൻഡ് അക്വിസിഷൻ നടപടി രണ്ടുമാസത്തിനുള്ളിൽ പൂർത്തിയാവുമെന്ന് പ്രതീക്ഷിക്കുന്നു. ലാൻഡ് അക്വിസിഷൻ പൂർത്തിയാകുന്നമുറയ്ക്ക് പദ്ധതിയുടെ ടെണ്ടർ നടപടി ആരംഭിക്കാവുന്നതാണ്.

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് നിലവിൽ തടസ്സങ്ങൾ ഉണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വിശദമാക്കുമോ?

നിലവിൽ തടസ്സങ്ങളൊന്നുംതന്നെയില്ല. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി രണ്ടുമാസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## വർക്കല മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

250(4644) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കുടിവെള്ള വിതരണം ശക്തിപ്പെടുത്തുന്നതിനായി വർക്കല മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

വർക്കല മണ്ഡലത്തിൽ ജൽജീവൻ മിഷൻ മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ നൽകിയ ഭരണാനുമതികളുടെ വിശദാംശം പഞ്ചായത്തടിസ്ഥാനത്തിലുള്ളത് അനുബന്ധമായും* മറ്റ് ഫണ്ടിംഗ് ഏജൻസികളിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെയും വിശദാംശം അനുബന്ധമായും ചേർത്തിരിക്കുന്നു.+

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## പട്ടാമ്പി സമഗ്ര കുടിവെള്ള പദ്ധതി

251 (4645) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടാമ്പി നഗരസഭ പരിധിയിൽ സമഗ്ര കുടിവെള്ള വിതരണത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പട്ടാമ്പി നഗരസഭയുടെ അമൃത് 2.0 മൊത്തം പദ്ധതി വിഹിതം 7.04 കോടി രൂപയാണ്. അമൃത് 2.0-യിൽ ഉൾപ്പെടുത്തുന്നതിനായി നഗരസഭ 7.04 കോടി രൂപയുടെ കുടിവെള്ള വിതരണ പദ്ധതികളുടെ വിവരങ്ങൾ അമൃത് 2.0 പോർട്ടലിൽ രേഖപ്പെടുത്തുകയും അമൃത് 2.0 സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ അംഗീകാരത്തോടെ കേന്ദ്രസർക്കാരിന് ഇതിനകം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ ജല വിതരണം നടത്തുന്ന പൈപ്പുകളുടെ കാലപ്പഴക്കം എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പൈപ്പുകളിൽകൂടിയുള്ള ജലവിതരണത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. ഇതുസംബന്ധിച്ച് ആവശ്യമായ പഠനങ്ങൾ നഗരസഭ നടത്തി വിശദമായ പദ്ധതി രേഖ സമർപ്പിക്കേണ്ടതായിട്ടുണ്ട്. കേന്ദ്രാനുമതി ലഭിച്ചതിനുശേഷം ഡി.പി.ആർ. തയ്യാറാക്കുന്നതാണ്.

(സി) കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനും പുതിയ പ്ലാന്റ് സ്ഥാപിക്കുന്നതിനും അമൃത് പദ്ധതിയിൽ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്നും പദ്ധതി എന്ന് നടപ്പിലാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

താത്കാലികമായി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് തുക 7.04 കോടി രൂപയാണ്. ഇതിൽ പുതിയ ടാങ്ക്, സംസ്കരണ പ്ലാന്റ്, ജലവിതരണ പൈപ്പുകൾ എന്നിവ ഉൾപ്പെടുന്നു. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കിയശേഷം സംസ്ഥാനതല ഉന്നതാധികാര സമിതിയിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കി തുടർനടപടികൾ കൈക്കൊള്ളുന്നതും തുടർന്ന് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്.

(ഡി) പട്ടാമ്പിയിലെ അമൃത് പദ്ധതിയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

താത്കാലിക എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കി അമൃത് 2.0-യുടെ ഉന്നതാധികാര സമിതിയുടെ അംഗീകാരത്തോടെ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**കിഴക്കൻമല കുടിവെള്ള പദ്ധതി**

252(4646) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ അനുമതി ലഭിച്ച പാറശ്ശാല മണ്ഡലത്തിലെ കിഴക്കൻമല കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കിഴക്കൻമല കുടിവെള്ള പദ്ധതിക്കായി കിഫ്ബി വഴി 43.09 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ സാങ്കേതികാനുമതി ലഭ്യമാക്കി ദർഘാസുകൾ ക്ഷണിച്ചെങ്കിലും ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ ദർഘാസ് അനുവദിക്കാൻ സാധിച്ചില്ല. തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വീണ്ടും ദർഘാസ് ക്ഷണിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുകയുണ്ടായി. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം രണ്ടുതവണ ദർഘാസ് ക്ഷണിക്കുകയും അവസാന ദർഘാസിൽ ഒരാൾ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

ടെൻഡർ വ്യവസ്ഥ പ്രകാരം പ്രീക്വാളിഫിക്കേഷൻ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രീക്വാളിഫിക്കേഷൻ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത തുക തുറന്നുപരിശോധിക്കുകയും ദർഘാസ് അനുവദിക്കുന്നത് സംബന്ധിച്ച തുടർനടപടി സ്വീകരിക്കുന്നതുമാണ്.

(ബി) 2017-18-ൽ ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതി ടെണ്ടർ നടപടികൾ പൂർത്തിയാക്കി നാളിതുവരെ ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

പദ്ധതിയുടെ ഭാഗമായ വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലങ്ങൾ ലഭ്യമാകുന്നതിൽ താമസമുണ്ടായിട്ടുണ്ട്. സ്ഥലങ്ങൾ ലഭ്യമായ മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച് സാങ്കേതികാനുമതിയും ലഭ്യമാക്കി ദർഘാസുകൾ ക്ഷണിച്ചെങ്കിലും ആദ്യദർഘാസിൽ ഒരു കരാറുകാരൻ മാത്രം പങ്കെടുത്തതിനാൽ ദർഘാസ്സ് തുറക്കാൻ നിലവിലെ നിയമപ്രകാരം സാധിക്കുമായിരുന്നില്ല. പുനർദർഘാസിൽ 3 കരാറുകാർ പങ്കെടുത്തെങ്കിലും ഒരാൾ മാത്രമേ യോഗ്യത നേടിയുള്ളൂ. ടി ദർഘാസിന്റെ അടങ്കൽത്തുക 35.84 കോടി രൂപയായിരുന്നു. യോഗ്യത നേടിയ കരാറുകാരൻ ക്വാട്ട് ചെയ്ത തുക 45.10 കോടി രൂപയായിരുന്നു, ഇത് അടങ്കൽ

തുകയേക്കാളും 25.83% കൂടുതലായിരുന്നു. എന്നാൽ നിലവിലെ നിയമ പ്രകാരം LMR (Local Market Rate) നിരക്കായ 41.56 കോടി രൂപയ്ക്കാണ് ദർഘാസ് അനുമതി നൽകിയത് . ഇതനുസരിച്ച് കരാറുകാരന് 20-11-2021-ന് selection notice നൽകിയെങ്കിലും ക്വാട്ട് ചെയ്ത തുകയ്ക്ക് കരാർ അനുമതി നൽകാത്തതിനാൽ കരാറുകാരൻ വിസമ്മതം അറിയിക്കുകയുണ്ടായി. തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 38,85,40,011/-രൂപ അടങ്കൽ തുകയായി ദർഘാസ് ക്ഷണിക്കുകയും ആരുംതന്നെ പങ്കെടുക്കാത്തതിനാൽ പ്രസ്തുത ടെൻഡർ റദ്ദാക്കുകയും പുനർദർഘാസ് ക്ഷണിക്കുകയും ചെയ്തു. പുനർദർഘാസ് 07-07-2022-ന് തുറക്കുകയും ഒരു കരാറുകാരൻ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ടെൻഡർ വ്യവസ്ഥ പ്രകാരം പ്രീക്വാളിഫിക്കേഷൻ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത തുക തുറന്നുപരിശോധിക്കുകയും ദർഘാസ് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കരാറുകാരന് പ്രവൃത്തി അനുവദിച്ച് നൽകുകയും ചെയ്യുന്നതാണ്. നിലവിലുള്ള ടെൻഡർ സംബന്ധമായ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ സങ്കീർണമല്ലെങ്കിലും വാട്ടർ അതോറിറ്റിയിൽ പൊതുവെ പ്രസ്തുത നിർദ്ദേശങ്ങൾ വ്യാഖ്യാനിക്കുന്നതിൽ ചില അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. ജനങ്ങൾക്ക് വളരെ അടിയന്തരമായി ലഭിക്കേണ്ട

സേവനമാണെങ്കിൽ പ്രത്യേക സാഹചര്യങ്ങളിൽ ആദ്യ ടെൻഡർ സിംഗിൾ ടെൻഡർ ആണെങ്കിൽ കൂടി നിബന്ധനകൾക്കനുസരിച്ച് സ്വീകരിക്കാൻ നിർദ്ദേശമുണ്ട്. അപ്രകാരം ജനങ്ങൾക്ക് വളരെ അടിയന്തിരമായി ലഭിക്കേണ്ട സേവനമാണെങ്കിൽ ഒന്നോ രണ്ടോ കരാർ കഴിയുമ്പോൾ നിലവിലെ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങളെ അവയുടെ ഉദ്ദേശ്യശുദ്ധിയോടെ വിശകലനം ചെയ്യുകയും ടെൻഡർ അനുവദിക്കാനാവില്ലെങ്കിൽ അത് സർക്കാരിന്റെ പ്രത്യേക അനുമതിക്ക് സമർപ്പിക്കാനും വേണ്ട നിർദ്ദേശം വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ടും എന്നാൽ ഏറ്റവും പ്രായോഗികമായ എസ്റ്റിമേറ്റ് തയ്യാറാക്കാനും ഉപദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കാമോ?

പ്രസ്തുത പദ്ധതി ഒറ്റ പാക്കേജായി നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. അതനുസരിച്ചാണ് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളതും. പദ്ധതിയുടെ ദർഘാസ് നപടികൾ പുരോഗമിക്കുകയാണ്. ദർഘാസ് നടപടി

പൂർത്തിയാക്കി കരാറുകാരന് പ്രവൃത്തി നൽകിക്കഴിഞ്ഞാൽ 15 മാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## മണ്ണാർക്കാട് മണ്ഡലത്തിലെ ജല ജീവൻ മിഷൻ

253(4647) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണാർക്കാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്ത്/മുനിസിപ്പൽ മേഖലകളിൽ എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ & ബി) എല്ലാ ഗ്രാമീണ വീടുകളിലും 2024-ഓടെ കുടിവെള്ള കണക്ഷൻ നൽകുവാൻ ലക്ഷ്യമിട്ട് മണ്ണാർക്കാട് മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കിവരുന്നു. പഞ്ചായത്ത് മേഖലയിൽ മാത്രമാണ് ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നത്. പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കാനായി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടി തടസ്സങ്ങൾ പരിഹരിച്ചുവരുന്നുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയിൽ

നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## മത്സ്യഫെഡിലെ നിയമനങ്ങൾ

254(4648) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ആഗസ്റ്റ് മാസം മുതൽ നാളിതുവരെ മത്സ്യഫെഡിൽ നടത്തിയിട്ടുള്ള ആകെ നിയമനങ്ങൾ എത്രയാണെന്നുള്ളത് വർഷം തിരിച്ച് ലഭ്യമാക്കുമോ?

2016 ആഗസ്റ്റ് മാസം മുതൽ 362 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള പട്ടിക താഴെ ഉൾക്കൊള്ളിക്കുന്നു:-

| ക്രമ നമ്പർ | വർഷം | നിയമിച്ച ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | 2016 | 9 |
| 2 | 2017 | 26 |
| 3 | 2018 | 99 |
| 4 | 2019 | 33 |
| 5 | 2020 | 52 |
| 6 | 2021 | 107 |
| 7 | 2022 | 36 |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഇതിൽ സ്ഥിരം നിയമനങ്ങളും താൽക്കാലിക നിയമനങ്ങളും എത്ര വീതം ആണെന്ന് അറിയിക്കുമോ; ഇവരുടെ ശമ്പളനിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

359 പേർക്ക് താൽക്കാലിക നിയമനവും 3 പേർക്ക് ആശ്രിത നിയമനം വഴി സ്ഥിരനിയമനവും നൽകിയിട്ടുണ്ട്. സ്ഥിരം, താൽക്കാലിക അടിസ്ഥാനത്തിൽ നിയോഗിച്ച ജീവനക്കാരുടെ ശമ്പള നിരക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) മത്സ്യഫെഡിൽ നിയമനങ്ങൾ നടത്തുമ്പോൾ പാലിച്ചിരിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണ്;

(ഡി) ഈ നിബന്ധനകൾ എല്ലാം പാലിച്ച് കൊണ്ടാണോ മത്സ്യഫെഡിലെ താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

(സി & ഡി) മത്സ്യഫെഡിലെ നിയമനം 1995-ൽ പബ്ലിക് സർവ്വീസ് കമ്മീഷന് കൈമാറിയിട്ടുണ്ടെങ്കിലും സ്പെഷ്യൽ റൂൾസ് അംഗീകരിച്ച് കിട്ടിയത് 17-2-2016-ലെ G.O (P) No. 5/2016/F&P ഡി ഉത്തരവ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രകാരമാണ്. മത്സ്യഫെഡിലെ എൻട്രി കേഡറിലുള്ള 15 തസ്തികകളിലായി 192 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ട് ചെയ്തെങ്കിലും നാളിതുവരെ അപ്രകാരമുള്ള നിയമനം നടന്നിട്ടില്ല. ഭൂരിഭാഗം ജീവനക്കാരും സർവ്വീസിൽനിന്നും വിരമിക്കുകയും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനം വൈകുകയും ചെയ്യുന്ന സാഹചര്യത്തിൽ സ്ഥിരംജീവനക്കാരുടെ അപര്യാപ്തത കാരണം പദ്ധതി നടത്തിപ്പിന് തടസ്സം വരാതിരിക്കുന്നതിനും നെറ്റ് ഫാക്ടറികൾ മൂന്ന് ഷിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിനും പുതിയതായി ആരംഭിച്ചിട്ടുള്ള വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും സർക്കാർ/രജിസ്ട്രാർ താൽക്കാലികമായി ജീവനക്കാരെ നിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതിനാൽ വിവിധ ഘട്ടങ്ങളിലായി അവശ്യം വേണ്ട ജീവനക്കാരെ ഭരണസമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വർത്തമാനപത്രങ്ങൾ, വെബ്സൈറ്റ് എന്നിവ മുഖേന പരസ്യം നൽകി ഇന്റർവ്യൂ നടത്തിയും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.), ഐ.എം.ജി. എന്നീ സർക്കാർ ഏജൻസികൾ മുഖേന ടെസ്റ്റുകൾ നടത്തിയും ആർ.ഐ. സെന്റർ മുഖേന അപ്രന്റീസ് നിയമനം നടത്തിയും ഉദ്യോഗാർത്ഥികളെ മാനദണ്ഡങ്ങൾ പാലിച്ച് നിയോഗിക്കുന്നു.

**ട്രോളിംഗ് കാലയളവിലെ മത്സ്യബന്ധനം**

255(4649) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് കാലയളവിൽ യന്ത്രവൽകൃത ബോട്ടുകൾ കൊല്ലി വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

(എ & ബി) ട്രോളിംഗ് കാലയളവിൽ യന്ത്രവൽകൃത ബോട്ടുകൾ കൊല്ലി വലകൾ ഉപയോഗിച്ച് സംസ്ഥാനത്തെ തീരദേശ ജില്ലകളിൽ മത്സ്യബന്ധനം നടത്തുന്നതായി കണ്ടെത്തിയിട്ടില്ല.

**തീരദേശ സമഗ്ര വികസനത്തിനായുള്ള നടപടികൾ**

256(4650) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:

<u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച അയ്യായിരം കോടി രൂപയുടെ പാക്കേജുകളുടെ പുരോഗതി വിശദമാക്കാമോ?

തീരദേശത്തിന്റെ സമഗ്രവികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികളാണ് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും പാക്കേജിന്റെ ഭാഗമായി നടപ്പാക്കിവരുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഓഖി ദുരന്ത പശ്ചാത്തലത്തിൽ തീരദേശത്തിന്റെ സമഗ്ര വികസനം സംബന്ധിച്ച് പഠനം നടത്താൻ ചുമതലപ്പെടുത്തിയ ഏജൻസി ഡി.പി.ആർ. തയ്യാറാക്കി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് Expression of Interest ക്ഷണിച്ചിരുന്നുവെങ്കിലും മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ലഭിച്ചിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഓഖി ദുരന്ത പശ്ചാത്തലത്തിലുള്ള പാക്കേജ് പ്രകാരം ഏതൊക്കെ പദ്ധതികളാണ് ഇതിനകം നടപ്പാക്കിയതെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക സംബന്ധിച്ചും വിശദാംശം നൽകുമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## അന്തിപ്പച്ച യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

257(4651) ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തിപ്പച്ച യൂണിറ്റുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി നടപ്പാക്കിയിരിക്കുന്ന സംവിധാനങ്ങൾ വ്യക്തമാക്കുമോ?

വിവിധ മാർട്ടുകളിലേയ്ക്ക് ആവശ്യമായ മത്സ്യം ജില്ലകളിൽ പ്രവർത്തിക്കുന്ന മത്സ്യസംഭരണ കേന്ദ്രങ്ങളിൽ (ബേസ് സ്റ്റേഷൻ) സംഭരിച്ചാണ് വിതരണം ചെയ്യുന്നത്. ടി മത്സ്യസംഭരണ കേന്ദ്രങ്ങളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മേൽനോട്ടത്തിലാണ് ഫിഷ്മാർട്ടുകളും സഞ്ചരിക്കുന്ന മൊബൈൽ ഫിഷ്മാർട്ടുകളും (അന്തിപ്പച്ച യൂണിറ്റ്) പ്രവർത്തിക്കുന്നത്. അന്തിപ്പച്ച (മൊബൈൽ മത്സ്യവിപണന യൂണിറ്റ്) യൂണിറ്റുകളിലെ ദൈനംദിന പ്രവർത്തനങ്ങൾ ഇലക്ട്രോണിക് ബില്ലിംഗ് സോഫ്റ്റ്‌വെയറിലൂടെയാണ് ചെയ്യുന്നത്. അതിന്റെ മേൽനോട്ടം വഹിക്കുന്നത് മത്സ്യസംഭരണ കേന്ദ്രങ്ങളിലെ സ്ഥിരം ജീവനക്കാരാണ്. കൂടാതെ ജില്ലയിലെ മത്സ്യഫെഡ് ഭരണസമിതി അംഗം, ജില്ലാ മാനേജർ/ യൂണിറ്റ് തലവൻ, അസിസ്റ്റന്റ് മാനേജർ, മാർക്കറ്റിംഗ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ/അക്കൗണ്ടന്റ്, പ്രോജക്ട് ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റി ബേസ് സ്റ്റേഷനുകൾ, ഫിഷ്മാർട്ടുകൾ, അന്തിപ്പച്ചകൾ എന്നിവിടങ്ങളിലെ ക്യാഷ് ബുക്ക്, ഡേ ബുക്ക്, ഇൻവോയ്സ്, ബിൽസ്, വൗച്ചറുകൾ, ഗുഡ്സ് റെസിവ്ഡ് നോട്ട്, ഡെലിവെറി നോട്ട്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഒപ്പുവെച്ച് ഫയൽ ചെയ്ത് സൂക്ഷിക്കുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അന്തിപ്പച്ച യൂണിറ്റുകളുടെ സാമ്പത്തിക ഇടപാടുകൾ കാര്യക്ഷമമാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

അന്തിപ്പച്ച (മൊബൈൽ മത്സ്യവിപണന യൂണിറ്റ്) യൂണിറ്റുകളുടെ സാമ്പത്തിക ഇടപാടുകൾ കാര്യക്ഷമമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങളും ചുമതലകളും പരിശോധനാ സംവിധാനങ്ങളും നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. പണമിടപാടുകൾ പരമാവധി ഓൺലൈനായി നിർവ്വഹിക്കുന്നതിനായുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിവരുന്നതോടൊപ്പം ഇതിന്റെ മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിന് ഒരു വെബ് പോർട്ടൽ നടപ്പാക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) അന്തിപ്പച്ച യൂണിറ്റുകളുടെ കണക്കുകൾ ഓഡിറ്റ് വിഭാഗം സമയബന്ധിതമായി പരിശോധിക്കുന്നതിനുള്ള സംവിധാനം നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഓരോ അന്തിപ്പച്ച യുണിറ്റുകൾക്കും വിപണനത്തിനായി നൽകുന്ന മത്സ്യത്തിന്റെ കണക്ക്, വിറ്റുവരവ് എന്നിവയെപ്പറ്റി മത്സ്യസംഭരണ കേന്ദ്രത്തിൽ (ബേസ് സ്റ്റേഷൻ) സൂക്ഷിച്ചിട്ടുള്ള കണക്കുകൾ മത്സ്യഫെഡിന്റെ തനതായ ഇന്റേണൽ ആഡിറ്റ് വിഭാഗവും സഹകരണ ആഡിറ്റ് വിഭാഗവും പരിശോധിക്കുന്നുണ്ട്.

**അന്തിപ്പച്ച യൂണിറ്റുകളുടെ പ്രവർത്തനം**

258(4652) <u>ശ്രീ. ഷാഫി പറമ്പിൽ:</u>

ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തിപ്പച്ച യൂണിറ്റുകളുടെ ദൈനംദിന കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് സ്ഥിരം ജീവനക്കാരെ നിയമിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

അന്തിപ്പച്ച (മൊബൈൽ മത്സ്യവിപണന യൂണിറ്റ്) യൂണിറ്റുകളിലെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നത് മത്സ്യത്തൊഴിലാളി സ്വയംസഹായ സംഘങ്ങളാണ്. ഇവർ മത്സ്യഫെഡ് ജീവനക്കാരുടെ പരിധിയിൽ വരുന്നതല്ല. എന്നാൽ അന്തിപ്പച്ച (മൊബൈൽ മത്സ്യവിപണന യൂണിറ്റ്) യൂണിറ്റ് പ്രവർത്തിക്കുന്ന മത്സ്യസംഭരണ കേന്ദ്രങ്ങളിൽ (ബേസ് സ്റ്റേഷൻ) ഇതിന്റെ ചുമതലയുള്ളവർ മത്സ്യഫെഡിലെ ജീവനക്കാരാണ്. ഇവിടെ സ്ഥിരനിയമനം നടത്തുന്നതാണ്. മത്സ്യഫെഡിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) അന്തിപ്പച്ച യൂണിറ്റുകളുടെ ദൈനംദിന കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് താൽക്കാലിക ജീവനക്കാരെ നിയമിച്ചത് സർക്കാരിന്റെ പരാജയമാണെന്ന ആക്ഷേപമുണ്ടോ; വ്യക്തമാക്കുമോ;

അന്തിപ്പച്ച (മൊബൈൽ മത്സ്യവിപണന യൂണിറ്റ്) യൂണിറ്റുകളിലെ ദൈനംദിന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് മത്സ്യത്തൊഴിലാളി സ്വയംസഹായ സംഘത്തിലെ അംഗങ്ങളാണ്. ഇവർ സമർപ്പിക്കുന്ന കണക്കുകൾ അതത് ദിവസം കൈകാര്യം ചെയ്യുന്നത് മത്സ്യസംഭരണ കേന്ദ്രത്തിലെ (ബേസ് സ്റ്റേഷൻ) ജീവനക്കാരാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനം വൈകിയ സാഹചര്യത്തിലും സ്ഥിരം ജീവനക്കാരുടെ അഭാവംമൂലവും താൽക്കാലിക ജീവനക്കാരെ നിയോഗിക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചത് പരാജയമാണെന്ന ആക്ഷേപം നിലവിലില്ല. നിലവിൽ ടി കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് സ്ഥിരം ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) അന്തിപ്പച്ച യൂണിറ്റുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ അവലോകന യോഗങ്ങൾ ചേരുന്നതിനും വരവ്-ചെലവ് കണക്കുകളും ബാങ്ക് ഇടപാടുകളും സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ

സമർപ്പിക്കുന്നതിനുമായി നടപ്പാക്കിയിരിക്കുന്ന സംവിധാനങ്ങൾ വ്യക്തമാക്കുമോ?

അന്തിപ്പച്ച (മൊബൈൽ മത്സ്യവിപണന യൂണിറ്റ്) യൂണിറ്റുകളിലെ ദൈനംദിന കണക്കുകൾ ഇലക്ട്രോണിക് ബില്ലിംഗ് സോഫ്റ്റ്വെയറിലൂടെയാണ് നിലവിൽ ചെയ്യുന്നത്. അതിലെ സ്റ്റേറ്റ്മെന്റിൽ വരുന്ന ക്യാഷ് മത്സ്യസംഭരണ കേന്ദ്രങ്ങൾ (ബേസ് സ്റ്റേഷനുകൾ) വഴി കൃത്യമായി ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുന്നു. അവലോകന യോഗങ്ങൾ കൃത്യമായി ചേരുകയും സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ജില്ലയിലെ മത്സ്യഫെഡ് ഭരണസമിതി അംഗം, ജില്ലാ മാനേജർ/യൂണിറ്റ് തലവൻ, അസിസ്റ്റന്റ് മാനേജർ,മാർക്കറ്റിംഗ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ/അക്കൗണ്ടന്റ്, പ്രോജക്ട് ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റി ബേസ് സ്റ്റേഷനുകൾ/ഫിഷ് മാർട്ടുകൾ, അന്തിപ്പച്ചകൾ എന്നിവിടങ്ങളിലെ ക്യാഷ് ബുക്ക്, ഡേ ബുക്ക്, ഇൻവോയ്സ്, ബിൽസ്, വൗച്ചറുകൾ, ഗുഡ്സ് റിസീവ്സ് നോട്ട്, ഡെലിവെറി നോട്ട്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഒപ്പുവെച്ച് ഫയൽ ചെയ്ത് സൂക്ഷിക്കുന്നുണ്ടെന്ന് എല്ലാ മാസവും പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## കൂത്തുപറമ്പ് മണ്ഡലത്തിൽ ഫ്രഷ് ഫിഷ് ഔട്ട്‌ലെറ്റുകൾ

259(4653) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ് സഹകരണ സംഘങ്ങളുമായി ചേർന്നുകൊണ്ട് കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ഫ്രഷ് ഫിഷ് ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

മത്സ്യഫെഡിന്റെ ഒരു ഫിഷ് മാർട്ട് സ്ഥാപിക്കുന്നതിനായി കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയുടെ അധീനതയിൽ പാറാളിൽ 2 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) ശുദ്ധമായ പച്ച മത്സ്യം ഉപഭോക്താക്കൾക്ക് എത്തിച്ച് നൽകുന്നതിനുള്ള അന്തിപ്പച്ച യൂണിറ്റുകൾ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ജില്ലയിൽനിന്നും ലഭ്യമാകുന്ന വിപണന സാധ്യതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന

മത്സ്യ വില്പനശാല (അന്തിപ്പച്ച യൂണിറ്റ്) ആരംഭിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

## മത്സ്യത്തിന്റെ ഗുണനിലവാര പരിശോധന

260(4654) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും ദിനംപ്രതി കേരളത്തിൽ എത്തുന്ന മത്സ്യത്തിന്റെ അളവ് എത്രയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇത്തരത്തിലെത്തുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ട് എന്നതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

അന്യ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്കെത്തുന്ന മത്സ്യത്തിന്റെ ഏകദേശ അളവ് ഒരു വർഷം 2.18 ലക്ഷം മെട്രിക് ടൺ ആണെന്ന് കണക്കാക്കിയിട്ടുണ്ട്. അതായത്, ദിനംപ്രതി 600 ടൺ മത്സ്യമാണ് അന്യ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്കെത്തുന്നത്. സംസ്ഥാനത്തിന് പുറത്തുനിന്ന് വിൽപ്പനയ്ക്കായി എത്തുന്ന മത്സ്യത്തിൽ രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനും ത്വരിത

പരിശോധന നടത്തുന്നതിനുമായി ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ രൂപീകരിച്ച് ചെക്ക്പോസ്റ്റുകൾ, മത്സ്യ/മൊത്ത ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ ശക്തമായ പരിശോധന നടത്തിവരുന്നു.

പ്രസ്തുത പരിശോധനകളിൽ ഉപയോഗ യോഗ്യമല്ലാത്തതോ കേടായതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്കുതന്നെ തിരിച്ചയയ്ക്കുകയോ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 സെക്ഷൻ 38/4 പ്രകാരം ടി മത്സ്യം നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്.

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) വികസിപ്പിച്ചെടുത്ത ടെസ്റ്റ് കിറ്റുപയോഗിച്ച് മത്സ്യത്തിലെ ഫോർമാലിൻ/അമോണിയയുടെ സാന്നിദ്ധ്യം തൽസമയം കണ്ടെത്താൻ കഴിയുന്നു. കൂടാതെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന മത്സ്യ സാമ്പിളുകൾ ടി വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന

അനലിറ്റിക്കൽ ലാബുകളിൽ അയച്ച് ഗ്യാസ് ക്രൊമാറ്റോഗ്രാഫ് കപ്പിൾഡ് വിത്ത് മാസ്സ് സ്പെക്ട്രോഫോട്ടോമീറ്റർ (GCMSMS), ഹൈ പെർഫോമൻസ് ലിക്വിഡ് ക്രൊമാറ്റോഗ്രാഫി (HPLC) എന്നീ അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ഗുണനിലവാര പരിശോധന നടത്തിവരുന്നു.

(ബി) ഈ അടുത്ത കാലങ്ങളിൽ ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യങ്ങൾ പല സ്ഥലത്തുനിന്നും പിടിച്ചെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തുന്ന മത്സ്യം അതിർത്തി ചെക്ക്പോസ്റ്റുകളിൽതന്നെ പരിശോധിക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് വിൽപനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായി മായം ചേർക്കുന്നതായുള്ള വാർത്തകളുടെയും പൊതുജനങ്ങളിൽനിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യത്തിലെ മായം കണ്ടെത്തുന്നതിനായി "ഓപ്പറേഷൻ മത്സ്യ" എന്ന പ്രത്യേക പരിശോധനകൾക്ക് രൂപം നൽകുകയും 2022 ഏപ്രിൽ 18 മുതൽ സംസ്ഥാന വ്യാപകമായി അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം

പരിശോധിക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 30.06.2022 വരെ 5798 മത്സ്യ പരിശോധനകൾ നടത്തുകയും 2961 സർവ്വേയിലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 139 വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും 28492 കിലോ കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ ഓൺലൈൻ മത്സ്യവ്യാപാരം**

261(4655) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ മത്സ്യഫെഡ് വഴി ഓൺലൈൻ മത്സ്യവ്യാപാരം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ബി) ഇതിലെ ഗുണഭോക്താക്കളായ വ്യാപാരികളെ കണ്ടെത്തുന്നതെങ്ങനെയാണെന്നും ഇതുമൂലം എത്ര തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

(എ &ബി) ഇല്ല.

(സി) ഈ ജില്ലയിൽ ഏതെല്ലാം മണ്ഡലങ്ങളിലാണ് മത്സ്യഫെഡിന് കീഴിൽ ഫിഷ് മാർട്ടുകൾ ആരംഭിച്ചിട്ടുള്ളത്; ഇതിനായി നടത്തുന്ന പ്രവർത്തന പുരോഗതികൾ അറിയിക്കുമോ?

മലപ്പുറം ജില്ലയിൽ എടപ്പാൾ, കോട്ടക്കൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റി (തേഞ്ഞിപ്പലം) എന്നിവിടങ്ങളിലായി സഹകരണ ബാങ്കുമായി സഹകരിച്ച് ഫ്രാഞ്ചൈസി ഫിഷ്മാർട്ടുകൾ ആരംഭിച്ചിരുന്നുവെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ല.

(ഡി) മലപ്പുറം മണ്ഡലത്തിൽ പുതിയ ഫിഷ് മാർട്ടുകൾ ആരംഭിക്കുമോ?

മലപ്പുറം മണ്ഡലത്തിൽ ഫിഷ്മാർട്ടിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് മാർട്ട് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മത്സ്യ വിപണന കേന്ദ്രത്തിന്റെ പുരോഗതി**

262(4656) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും മത്സ്യഭവനുകൾ നിലവിലുണ്ടോ? എങ്കിൽ മത്സ്യഭവന്റെ പ്രവർത്തനം വിശദമാക്കാമോ?

സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും മത്സ്യഭവനുകൾ നിലവിലില്ല. ആകെ 67 മത്സ്യഭവനുകളാണ് നിലവിലുള്ളത് ഇതിൽ 55 എണ്ണം മത്സ്യത്തൊഴിലാളികൾ കൂടുതലായി തിങ്ങിപ്പാർക്കുന്ന തീരദേശങ്ങളിലും 12 എണ്ണം ഇൻലാൻഡ് മേഖലയിലുമാണ് പ്രവർത്തിച്ചുവരുന്നത്.

29.10.2019-ലെ സ.ഉ. (പി) നം. 40/2019/മ. തു.വ. പ്രകാരം സർക്കാർ മത്സ്യഭവനുകളുടെ അധികാരപരിധി നിശ്ചയിച്ചിട്ടുണ്ട്. മത്സ്യഭവനുകൾ കേന്ദ്രീകരിച്ച് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, ഫിഷറീസ് ഓഫീസർ ലെവൽ ഓഫീസർമാരാണ് ചുമതലയിലുള്ളത്. മത്സ്യബന്ധന മേഖലയിലെ വിവിധ വികസന ക്ഷേമ പദ്ധതികളുടെ നിർവ്വഹണം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ഘടക പദ്ധതികളുടെ നിർവ്വഹണം എന്നിവയാണ് മത്സ്യഭവന്റെ പ്രധാന ചുമതല. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായുള്ള പദ്ധതി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി വകുപ്പ് നിശ്ചയിക്കുംപ്രകാരം ആവശ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക,

വിവിധ പദ്ധതികളെ സംബന്ധിച്ച് മത്സ്യകർഷകർക്ക് വേണ്ട അവബോധം നൽകുക, സർക്കാരിന്റെയും വകുപ്പിന്റെയും പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് താഴെ തട്ടിലെ ജനങ്ങളിലേയ്ക്ക് എത്തിക്കുക, മത്സ്യ കർഷക വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുക എന്നിവയൊക്കെയാണ് മത്സ്യഭവൻ വഴി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ.

(ബി) മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021- 22 സാമ്പത്തിക വർഷം സുഭിക്ഷ കേരളം, ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് വിവിധ മത്സ്യകൃഷി രീതികൾ നടപ്പാക്കി പൂർത്തീകരിച്ചുവരുന്നു. 2020-21 സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 53.925 കോടി രൂപ അടങ്കൽ തുക വരുന്ന റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ളോക്ക് അക്വാകൾച്ചർ സിസ്റ്റം എന്ന നൂതന മത്സ്യകൃഷി രീതികളും അഡാക്ക് മുഖേന ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവ്വോയറുകളിൽ പി.എം.എം.എസ്.വൈ.

പദ്ധതിയിലുൾപ്പെടുത്തി 16 കോടി രൂപയുടെയും റീബിൽഡ് കേരള പദ്ധതി വഴി 3.2 കോടി രൂപയുടെയുമുൾപ്പെടെ ആകെ 490 കൂടുകളിൽ മത്സ്യകൃഷിയും നടപ്പാക്കി പൂർത്തീകരിച്ചുവരുന്നു. പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 78.90 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ കൃഷി രീതികളായ ബയോഫ്ളോക്, റീസർക്കുലേറ്ററി അക്വാ കൾച്ചർ സിസ്റ്റം (RAS), ഓരുജല കൂടുകൃഷി, കുളങ്ങളിലെ ഓരു ജലകൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് എന്നീ മത്സ്യകൃഷി പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പാക്കി വരുന്നു. അഡാക്ക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമാകുകയും ആയത് നടപ്പാക്കാനുള്ള പ്രാരംഭ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾക്കുപരി 2022-23 സാമ്പത്തിക വർഷത്തിൽ മത്സ്യകൃഷി വികസന പ്രവർത്തനങ്ങൾക്കായി 66.62 കോടി രൂപയും പിന്നാമ്പുറ വിത്തുൽപ്പാദന യൂണിറ്റുകൾക്കായി 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മത്സ്യഫെഡിന്റെ കീഴിലുള്ള കോട്ടയം ജില്ലയിലെ പാലായ്ക്കരി ഫിഷ് ഫാമിൽ 75.03 ലക്ഷം രൂപയും എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ

ഫാമിൽ 13.68 ലക്ഷം രൂപയും ചെലവുചെയ്ത് ബണ്ടുകൾ നവീകരിച്ച് ശാസ്ത്രീയ ചെമ്മീൻ കൃഷിയും പൂമീൻ കൃഷിയും 2022 ഏപ്രിൽ മാസം മുതൽ ചെയ്തുവരുന്നു. പാലായ്ക്കരി ഫാമിൽ കാളാഞ്ചി, ഗിഫ്റ്റ് തിലാപ്പിയ മത്സ്യങ്ങൾ കൂടുകളിൽ വളർത്തി വലുതാക്കി ന്യായവിലയ്ക്ക് ആവശ്യാനുസരണം പൊതുജനങ്ങൾക്ക് നൽകിവരുന്നു.

(സി) മണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സർക്കാരിന്റെ മത്സ്യ വിപണന കേന്ദ്രത്തിന്റെ പുരോഗതി വിശദമാക്കാമോ?

കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും മത്സ്യഫെഡിന്റെ ഫിഷ്ബൂത്ത് ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ 52 നിയോജക മണ്ഡലങ്ങളിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ടും സഹകരണ വകുപ്പുമായി ചേർന്നുള്ള ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഫിഷ് മാർട്ടുകളില്ലാത്ത 88 നിയോജകമണ്ഡലങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കല്ലറയിൽ ഫിഷ് മാർട്ട് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനത്തിന് സജ്ജമാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ആന്തൂർ, മട്ടന്നൂർ, ചിറയ്ക്കൽ, വേങ്ങാട് എന്നീ സ്ഥലങ്ങളിൽ ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കാനുള്ള വർക്ക്

ഓർഡർ നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഫിഷ് മാർട്ടുകൾ അനുവദിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്ന നടപടി ദ്രുതഗതിയിൽ നടന്നു വരുന്നു.

**ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂൾ**

263(4657) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ പ്രവർത്തനം വിശകലനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ മത്സ്യതൊഴിലാളികളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പുരോഗതിയിൽ ഫിഷറീസ് സ്കൂളുകൾക്ക് നിർണായകമായ സ്വാധീനം ചെലുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ 10 റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലെ പഠനത്തിലൂടെ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ

കുട്ടികൾക്ക് പൂർണ്ണമായും സൗജന്യമായി താമസിച്ച് പഠിക്കുന്നതിന് സാധിക്കുന്നു.

ടി സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ ഭക്ഷണം, യൂണിഫോം, ടെക്സ്റ്റ് ബുക്ക്, നോട്ട് ബുക്ക്, ന്യൂസ് പേപ്പർ, ബാഗ്, ബെഡ്, ബെഡ് ഷീറ്റ്, തലയിണ, സോപ്പ്, ഓയിൽ, സ്റ്റഡി ടൂർ, മ്യൂസിക്, സ്പോർട്സ്, ആർട്സ് ക്ലബ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പഠനം തുടങ്ങിയ എല്ലാ മേഖലയിലും പ്രത്യേക പരിശീലനം നൽകിവരുന്നു.

കൂടാതെ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ നിലവിലുള്ള കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും നിരവധി തൊഴിലവസരങ്ങളും ലഭിക്കുന്നു. അപ്രകാരം മത്സ്യത്തൊഴിലാളികളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പുരോഗതിയിൽ ഫിഷറീസ് സ്കൂളുകൾക്ക് നിർണ്ണായക സ്വാധീനം ചെലുത്തുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

എല്ലാ വിദ്യാർത്ഥികൾക്കും ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഏതെല്ലാം മേഖലകളിലാണ് നൈപുണ്യ പരിശീലനം ലഭ്യമാക്കുന്നതെന്നും ഈ പരിശീലന പരിപാടിയിൽ മത്സ്യസംസ്കരണവുമായി ബന്ധപ്പെട്ട മേഖലകൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ഓർണമെന്റൽ ഫിഷ് കീപ്പിംഗ് ആന്റ് ബ്രീഡിംഗ്, ഫിഷ് പ്രോസസിംഗ് ടെക്നോളജി എന്നീ വിഷയങ്ങൾ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പാഠ്യപദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മത്സ്യ സംസ്കരണവുമായി ബന്ധപ്പെട്ട കോഴ്സുകൾ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും നടത്തപ്പെടുന്നുണ്ട്.

(ഡി) പ്രസ്തുത സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവിടെയുള്ള വൊക്കേഷണൽ കോഴ്സുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

'വിദ്യാതീരം' പദ്ധതിയുടെ ഭാഗമായ 'അപ്ഗ്രേഡിംഗ് ജി.ആർ.എഫ്. ടി.എച്ച്.എസ്.അസ്. സെന്റർ ഫോർ എക്സലൻസ്' പദ്ധതിയിലുൾപ്പെടുത്തി സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നുണ്ട്. വൊക്കേഷണൽ സ്കൂളുകളുടെ കോഴ്സുകൾ പരിഷ്കരിക്കുന്നത് വിദ്യാഭ്യാസ വകുപ്പാണ്.

**കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ**

264(4658) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾ താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നുണ്ടെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട് താൽകാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കുന്നവരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇപ്രകാരം രണ്ട് വർഷത്തിലധികമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന എത്ര കുടുംബങ്ങളുണ്ടെന്ന കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ: ഇത്തരം കുടുംബങ്ങൾക്ക് അടിയന്തരമായി പുനരധിവാസത്തിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

തിരുവനന്തപുരം ജില്ലയിലെ 71 കുടുംബങ്ങളിൽ 49 കുടുംബങ്ങളും രണ്ട് വർഷത്തിലധികമായി ക്യാമ്പിൽ കഴിയുന്നവരാണ്. നിലവിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി വഴി എട്ട് കുടുംബങ്ങൾ ഭൂമി കണ്ടെത്തി രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. ഭവനനിർമ്മാണം പുരോഗമിച്ചുവരുന്നു. വലിയതുറയിൽ നിർമ്മാണം ആരംഭിക്കാൻ ഭരണാനുമതി നൽകിയ ഫ്ലാറ്റ് സമുച്ചയത്തിലേയ്ക്ക് ക്യാമ്പിൽ കഴിയുന്ന ഗുണഭോക്താക്കളെയുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ആലപ്പുഴ ജില്ലയിൽ കടലാക്രമണത്തിൽ ഭവനം നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന 4 കുടുംബങ്ങളിൽ രണ്ട് കുടുംബങ്ങൾ രണ്ട് വർഷത്തിലധികമായി ദുരിതാശ്വാസ ക്യാമ്പിലാണ് കഴിയുന്നത്. പദ്ധതി ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയ ടി കുടുംബങ്ങൾ ഭവനത്തിന്റെ

ഫർണിഷിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടില്ലാത്ത കാരണത്താലാണ് പുതിയ ഭവനങ്ങളിലേയ്ക്ക് മാറി താമസിക്കാത്തത്.

(സി) വള്ളിക്കുന്ന് മണ്ഡലത്തിൽ ഉൾപ്പെടുന്ന തീരദേശ പ്രദേശങ്ങളിൽ താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ എത്ര കുടുംബങ്ങൾ കഴിയുന്നുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

വള്ളിക്കുന്ന് മണ്ഡലത്തിലുൾപ്പെടുന്ന തീരദേശ പ്രദേശങ്ങളിൽ നിലവിൽ താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളില്ല.

**മത്സ്യത്തൊഴിലാളികളിൽനിന്നും ഈടാക്കുന്ന അധിക കെട്ടിടനികുതി**

265(4659) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം നടപ്പാക്കിയ പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളിൽനിന്നും മൂന്നിരട്ടി കെട്ടിടനികുതി ഈടാക്കുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ബി) മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സ്ഥിതി പരിശോധിച്ച്, നിലവിൽ ഈടാക്കുന്ന മൂന്നിരട്ടി കെട്ടിട നികുതി ഒഴിവാക്കി നൽകുന്നതിന്

പഞ്ചായത്ത് വകുപ്പുമായി കൂടിയാലോചിച്ച് പ്രത്യേക ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

(എ& ബി) സി.ആർ.ഇസഡ്. നിയമം ലംഘിച്ച് പണിതിട്ടുള്ളതും കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും ബന്ധപ്പെട്ട മറ്റ് നിയമങ്ങളിലെയും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235 എഎ- 'നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ഈടാക്കൽ' പ്രകാരം, പ്രസ്തുത കെട്ടിടങ്ങൾ നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കി നിയമാനുസൃതമല്ലാത്ത കെട്ടിട നമ്പർ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അപ്രകാരമുള്ള കെട്ടിടങ്ങൾക്ക് മാത്രമേ അധിക നിരക്കിലുള്ള വസ്തുനികുതി ഈടാക്കി വരുന്നുള്ളൂ. കൂടാതെ നിയമാനുസൃതമല്ലാത്ത കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ്-235 ഡബ്ല്യൂ. പ്രകാരം പൊളിച്ചുമാറ്റുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. താൽക്കാലിക നമ്പർ നൽകി അധിക നികുതി ഈടാക്കുന്നത് പ്രസ്തുത കെട്ടിടങ്ങളെ മേൽ വ്യവസ്ഥ പ്രകാരം പൊളിച്ച് കളയുന്നതിൽനിന്നും

ഒഴിവാക്കപ്പെടുന്നില്ല. തീരദേശങ്ങളിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾ മത്സ്യത്തൊഴിലാളികൾ നിർമ്മിച്ചിട്ടുണ്ടെങ്കിൽ മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരമുള്ള നികുതി പഞ്ചായത്ത് വകുപ്പ് ഈടാക്കി വരുന്നുണ്ട്. നിയമങ്ങളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള അനധികൃത നിർമ്മാണം കുറച്ചുകൊണ്ട് വരുന്നതിനുവേണ്ടിയാണ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235 എഎ' പ്രകാരം അധിക നികുതി ഈടാക്കി വരുന്നത്. ആയതിന് ഇളവുകൾ അനുവദിച്ച് നൽകുന്നത് അനധികൃത നിർമ്മാണങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കുന്നതാണ്.

## മത്സ്യഗ്രാമങ്ങളിലെ ഇരട്ട വീടുകളുടെ പുനർനിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ

266(4660) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ മത്സ്യഗ്രാമങ്ങളിൽ ഇരട്ട വീടുകളുള്ള മത്സ്യത്തൊഴിലാളികളുടെ പഞ്ചായത്ത്/നഗരസഭ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പുന്നയൂർ ഗ്രാമപഞ്ചായത്ത് (എടക്കഴിയൂർ മത്സ്യ ഗ്രാമം) - 13 എണ്ണം

<u>ചാവക്കാട് മുനിസിപ്പാലിറ്റി</u>

പുത്തൻ കടപ്പുറം - 8 എണ്ണം

ബ്ലാങ്ങാട് - 24 എണ്ണം

(ബി) പ്രസ്തുത മണ്ഡലത്തിലെ മത്സ്യഗ്രാമങ്ങളിലെ കാലപഴക്കംമൂലം തകർന്ന ഇരട്ട വീടുകളുടെ പുനർനിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) മത്സ്യഗ്രാമങ്ങളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്നതിന് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) പ്രസ്തുത മണ്ഡലത്തിലെ എടക്കഴിയൂർ, കടപ്പുറം, ബ്ലാങ്ങാട് എന്നീ മത്സ്യഗ്രാമങ്ങളിലെ കാലപ്പഴക്കംമൂലം തകർന്ന ഇരട്ടവീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ വിവിധ കാലങ്ങളിൽ ധനസഹായം നൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പ് മുഖേന ടി പദ്ധതി നടപ്പാക്കിയിട്ടില്ല.

## മത്സ്യത്തൊഴിലാളി ക്ഷേമം

267(4661) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയിലെ തൊഴിലാളികൾക്ക് അമിത ജോലിഭാരം മൂലമുണ്ടാകുന്ന തളർച്ച കാരണം അപകട മരണങ്ങൾക്ക് കാരണമാകുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് മാനുഷികവും തൊഴിൽപരവുമായ അവസ്ഥ മെച്ചപ്പെടുത്തുവാൻവേണ്ടി നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വളർത്തുന്നതിന് സർക്കാർ നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വളർത്തുന്നതിനായി പഞ്ഞമാസങ്ങളിൽ ധനസഹായം നൽകുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം 1500/- രൂപ 6

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാസങ്ങളിലായി ഗുണഭോക്താക്കളിൽനിന്നും സ്വീകരിക്കുകയും കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ തുല്യ അനുപാതത്തിലുള്ള ധനസഹായം കൂടിയുൾപ്പെടുത്തി കടലോര മത്സ്യത്തൊഴിലാളികൾക്ക് മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ധനസഹായമായി 4500/- രൂപ നൽകിവരുന്നു. കൂടാതെ മത്സ്യഫെഡ് മുഖേന മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ നടത്തുന്ന തീരദേശ ലേലത്തിൽ പങ്കെടുക്കുന്ന മത്സ്യത്തൊഴിലാളികൾ മത്സ്യലേലത്തുകയുടെ 1% തുക സേവിംഗ്സ് ആയി സംഘത്തിൽ അടച്ചുവരുന്നു. ഈ തുക ഗ്രൂപ്പിന്റെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട അത്യാവശ്യ ഘട്ടങ്ങളിലോ വർഷത്തിലൊരിക്കലോ ഗ്രൂപ്പുകൾക്ക് ബോണസ്സായി നൽകുന്നു. ഇത് മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വളർത്തുന്നതിന് സഹായകരമായിട്ടുണ്ട്. കൂടാതെ ഈ മത്സ്യത്തൊഴിലാളി മേഖലയിലുള്ള പുരുഷൻമാരും സ്ത്രീകളും സ്വയംസഹായ ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രാഥമിക സഹകരണ സംഘങ്ങളിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്നു. അവർ സംഘത്തിൽ ത്രിഫ്റ്റ് (സമ്പാദ്യം) അടച്ചുവരുന്നു. ഈ സ്വയംസഹായ

ഗ്രൂപ്പുകൾക്ക് കുറഞ്ഞ പലിശയ്ക്ക് മത്സ്യഫെഡ് വഴി മൈക്രോഫിനാൻസ് വായ്പ നൽകിവരുന്നു.

## പ്രതിഭാതീരം പദ്ധതി

268(4662) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ലൈബ്രറികൾക്ക് അവശ്യ സൗകര്യങ്ങൾ ഒരുക്കുന്നതിനായി ആവിഷ്കരിച്ചതും മത്സ്യബന്ധന വകുപ്പ് 28.10.2020-ന് ഭരണാനുമതി നൽകിയതുമായ പ്രതിഭാതീരം പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കി ആയത് പ്രാവർത്തികമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(എ& ബി) തീരദേശ മേഖലയിൽ തെരഞ്ഞെടുക്കപ്പെടുന്ന 75 ലൈബ്രറികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി

'പ്രതിഭാതീരം' പദ്ധതി നടപ്പാക്കുന്നതിനായി 1,06,66,350/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

എന്നാൽ പ്രസ്തുത പദ്ധതിയിലെ 75 ലൈബ്രറികൾക്കായി വാങ്ങപ്പെടുന്ന കമ്പ്യൂട്ടർ ഉപകരണങ്ങൾക്ക് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ടെണ്ടർ വിളിച്ചതുപ്രകാരം കുറഞ്ഞ തുകയായി കെൽട്രോൺ ക്വാട്ട് ചെയ്ത 1,50,19,875 രൂപയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ കൺസൾട്ടൻസി ചാർജ്ജിനത്തിൽ 8,86,173 രൂപയും ചേർത്ത് ആകെ 1,59,06,048 രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയത് അംഗീകരിച്ച് ഉത്തരവാകുന്നമുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്.

**ജ്യോതിർഗമയ പദ്ധതി**

269(4663) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനായി ജോതിർഗമയ എന്ന പേരിൽ ഒരു പദ്ധതി

പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

പ്രഖ്യാപിച്ചിരുന്നു. കോവിഡ് വ്യാപനം രൂക്ഷമായിരുന്ന സമയത്ത് ക്ലാസുകൾ ഓൺലൈനിലേയ്ക്ക് മാറിയിരുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനം മുടങ്ങാതിരിക്കാൻ സൗജന്യമായി 2000 ടാബ്‌ലറ്റ് വിതരണം ചെയ്യുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്.

(ബി) കോവിഡ് ലോക്ഡൗൺ കാലയളവിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടിയാണോ പ്രസ്തുത പദ്ധതി ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ?

കോവിഡ് ലോക്ഡൗൺ കാലയളവിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിനുവേണ്ടിയായിരുന്നു പദ്ധതി ആരംഭിച്ചത്.

(സി) മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ ഉന്നമനത്തിനായുള്ള തീരോന്നതി പദ്ധതിക്കായി അനുവദിക്കപ്പെട്ടിരുന്ന തുകയിൽനിന്നും ചെലവാക്കാൻ കഴിയാതിരുന്ന തുകയ്ക്ക് ലാപ്ടോപ്പുകൾ വാങ്ങി വിതരണം

ചെയ്യുന്നതിനായാണോ ജ്യോതിർഗമയ പദ്ധതി ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ?

അല്ല. 2021-ലെ 'അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും' എന്ന പദ്ധതിയിലെ വിദ്യാഭ്യാസ പദ്ധതിയായ 'വിദ്യാതീരം' പദ്ധതിയിലുൾപ്പെടുത്തിയായിരുന്ന 'ജ്യോതിർഗമയ' പദ്ധതി ആരംഭിച്ചിരുന്നത്.

(ഡി) പ്രസ്തുത പദ്ധതി മുഖേന ലാപ്ടോപ്പുകൾ ലഭിക്കുന്നതിനായി മത്സ്യത്തൊഴിലാളി വിഭാഗക്കാരായ എത്ര വിദ്യാർഥികളാണ് ഇതിനോടകം അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോവിഡ് സാഹചര്യം മാറുകയും ക്ലാസുകൾ പഴയരീതിയിൽ ഓഫ്‌ലൈൻ ആയി പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ അപേക്ഷ ക്ഷണിക്കുകയോ വിദ്യാർത്ഥികളുടെ പട്ടിക തയ്യാറാക്കുകയോ ചെയ്തിരുന്നില്ല.

(ഇ) ധനകാര്യ വകുപ്പിന്റെയും പ്ലാനിംഗ് ബോർഡിന്റെയും അനുമതികൾ ലഭിക്കാത്തതുമൂലം പദ്ധതി തുടരാനാകാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല. ധനകാര്യ വകുപ്പിന്റെയും പ്ലാനിംഗ് ബോർഡിന്റെയും അനുമതി യഥാസമയം ലഭ്യമായിട്ടുണ്ട്.

(എഫ്) നിലവിലെ സാഹചര്യത്തിൽ പദ്ധതി തുടരുന്നതിന് തീരുമാനമെടുത്താൽപ്പോലും പുതിയ ടെണ്ടർ വിളിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി ലാപ്ടോപ്പുകൾ വിതരണം ചെയ്യുമ്പോഴേയ്ക്കും അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികളിൽ പലരും സ്കൂൾ പഠനം പൂർത്തിയാക്കിക്കഴിയുന്ന സ്ഥിതിയുണ്ടാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

ലോക്ഡൗൺ കാലയളവിൽ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിന് വേണ്ടിയായിരുന്നു പദ്ധതി ആരംഭിച്ചത്. നിലവിൽ കോവിഡ് സാഹചര്യം മാറുകയും ക്ലാസുകൾ പഴയരീതിയിൽ ഓഫ്‌ലൈൻ ആയി പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ അപേക്ഷ ക്ഷണിക്കുകയോ വിദ്യാർത്ഥികളുടെ പട്ടിക തയ്യാറാക്കുകയോ ചെയ്തിരുന്നില്ല.

(ജി) എങ്കിൽ പിന്നാക്കാവസ്ഥയിലുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അടിയന്തരമായി ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഏതെങ്കിലും സാഹചര്യത്തിൽ കോവിഡ് വ്യാപനം രൂക്ഷമാകുകയും ക്ലാസുകൾ ഓൺലൈൻ ആയി മാറുകയും ചെയ്താൽ ടാബ്‌ലറ്റ് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**മത്സ്യത്തൊഴിലാളികൾക്ക് കടൽസുരക്ഷ**

270(4664) ശ്രീ. വി. ജോയി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ.വി.സുമേഷ്:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന സമയത്ത് അപകടം നിറഞ്ഞ സാഹചര്യങ്ങൾ നേരിടുന്ന മത്സ്യത്തൊഴിലാളികൾക്ക് കടൽസുരക്ഷ ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഇതിനായി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

മത്സ്യബന്ധന സമയത്ത് അപകടം നിറഞ്ഞ സാഹചര്യങ്ങൾ നേരിടുന്ന മത്സ്യത്തൊഴിലാളികൾക്ക് കടൽസുരക്ഷ ഉറപ്പ് വരുത്തുന്നതിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും ലൈഫ്ജാക്കറ്റ് ധരിച്ചിരിക്കണമെന്ന നിർദ്ദേശം നൽകുകയും ആദ്യഘട്ടമായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. അടിയന്തര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. ഇതിനകം 600-ഓളം പേർ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി, ആഴക്കടലിലേയ്ക്ക് മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി എന്നിവ നടപ്പാക്കി. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത യാനങ്ങൾക്ക് DAT, GPS, മെക്കനൈസ്ഡ് ബോട്ടുകൾക്ക് ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്, വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം എന്നിവ സബ്സിഡിയോടെ നൽകുന്ന

പദ്ധതി നടപ്പാക്കി വരുന്നു. അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം 3 മറൈൻ ആംബുലൻസുകൾ വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. കേന്ദ്ര കാലാവസ്ഥ മുന്നറിയിപ്പുകളും മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ, കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ അറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നൽകി വരുന്നുണ്ട്. ഇതുകൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്നുറപ്പാക്കാനും കടൽ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിച്ചുവരുന്നു. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി.-യുടെ സഹായത്തോടെ

തയ്യാറാക്കുകയും ആയത് നടപ്പാക്കിവരികയുമാണ്. ഇതിനകം 17059 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. അടിയന്തര ഘട്ടങ്ങളിൽ തീരകടലിൽ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേയ്ക്ക് കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാനും സാഗരയിലൂടെ കഴിയും. 2018-19 വർഷത്തെ കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 500 ജി.പി.എസ്-ഉം 1000 ലൈഫ് ബോയകളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം 66 ജി.പി.എസ്.-കളും 132 ലൈഫ് ബോയകളും 66 എക്കോസൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ " Sea safety equipments to traditional fishing craft" പദ്ധതി പ്രകാരം GPS- 1110 എണ്ണം, DAT- 64 എണ്ണം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 360 Mounting type GPS-കളും 400 Hand held type GPS-കളും വിതരണം ചെയ്തിട്ടുണ്ട്. 200 യന്ത്രവൽകൃത യാനങ്ങളിൽ Vessel Monitoring System 75% സബ്സിഡിയോടുകൂടി നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP

യാനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി 320 FRP യാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 100 FRP യാനങ്ങൾ, എഞ്ചിനുകൾ, വല എന്നിവ യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിക്ക് അംഗീകാരം ലഭ്യമായിരുന്നു. ആയത് നടപ്പാക്കിവരുന്നു.

2018-19 സാമ്പത്തികവർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിവരുന്നു. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.3 ശതമാനവും ടാക്സുമുൾപ്പെടുന്നതാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. ആദ്യഘട്ടമായി ഹള്ളിന് മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനാണ് ഉത്തരവായി രുന്നത്. എന്നാൽ 2019-20 വർഷം മുതൽ ഹള്ളിനും എഞ്ചിനും ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. 2021-22 വർഷം 2 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതുപയോഗിച്ച് 2758 യാനങ്ങൾക്ക് പോളിസി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. നടപ്പ്

സാമ്പത്തിക വർഷം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ വർഷം മുഴുവൻ പരമ്പരാഗത മൽസ്യബന്ധന യാനങ്ങൾക്കും സൗജന്യമായി ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധത്തിന് പ്രാപ്തരാക്കുന്നതിന് പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 40% സബ്സിഡിയോടുകൂടി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതിയും നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) അപകട സാഹചര്യങ്ങളിൽ ജീവൻ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷുറൻസ് കമ്പനികളുമായി സഹകരിച്ച്

മത്സ്യഫെഡ് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി നടപ്പാക്കിവരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. 2022-23 വർഷം ദ ഓറിയന്റൽ ഇൻഷുറൻസ് കമ്പനി മുഖേനയാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് 10 ലക്ഷം രൂപയും മരണാനന്തര ചടങ്ങുകൾക്കായി 2500/- രൂപയും മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10000/-രൂപ (ഒരാളിന് അയ്യായിരം രൂപവീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകിവരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അംഗവൈകല്യത്തിന്റെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കി വരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടംമൂലം മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 10,00,000/- രൂപയും 2 കുട്ടികളുടെ

വിദ്യാഭ്യാസ ചെലവിനായി 10,000/- രൂപയും (അയ്യായിരം രൂപ വീതം) ഭാര്യയ്ക്ക് വിധവാ പെൻഷനും നൽകിവരുന്നു. മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ഭാര്യ അപേക്ഷിക്കുന്നമുറയ്ക്ക് മത്സ്യത്തൊഴിലാളി പട്ടികയിൽ പേര് ഉൾപ്പെടുത്തിവരുന്നു.

(സി) വെള്ളപ്പൊക്ക ദുരന്ത സാഹചര്യങ്ങളിൽ മത്സ്യത്തൊഴിലാളികൾ നൽകിവരുന്ന മഹത്തായ രക്ഷാപ്രവർത്തന സേവനങ്ങൾ പരിഗണിച്ച് തൊഴിലാളികളെയുൾപ്പെടുത്തി പ്രത്യേകമായ റെസ്ക്യൂ വിഭാഗം രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിനു 7.15 കോടി രൂപ അനുവദിച്ചിരുന്നു. ഗോവ ആസ്ഥാനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് എന്ന കേന്ദ്ര സർക്കാർ അംഗീകൃത സ്ഥാപനത്തിലാണ് പരിശീലനം നൽകുന്നത്. പരിശീലനം പൂർത്തിയാക്കിയ മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ സ്ക്വാഡ് സർട്ടിഫിക്കറ്റ്, ലൈഫ് സേവിംഗ് ടെക്നിക്സ്, പവർ ബോട്ട് ഹാൻഡ്‌ലിംഗ് എന്നിവയിൽ രണ്ട് വർഷത്തെ ലൈസൻസും

നൽകിയിട്ടുണ്ട്. രണ്ട് വർഷം കഴിയുമ്പോൾ ലൈസൻസ് പുതുക്കി നൽകുന്നതാണ്.

60 സീ റെസ്ക്യൂ സ്ക്വാഡ് യൂണിറ്റുകൾ രൂപീകരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഓരോ സീ റെസ്ക്യൂ സ്ക്വാഡ് യൂണിറ്റിലും അഞ്ച് മത്സ്യബന്ധന യാനങ്ങളും പതിനഞ്ച് മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നു. തെരഞ്ഞെടുക്കപ്പെട്ടതും പരിശീലനം പൂർത്തിയാക്കിയതുമായ മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്ക് ജീവൻരക്ഷാ ഉപകരണങ്ങൾ, വാർത്താവിനിമയ ഉപകരണങ്ങൾ എന്നിവയും സ്ക്വാഡുകൾക്ക് യൂണിഫോം എന്നിവയും നൽകിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ഉന്നമനത്തിന് സ്വീകരിച്ച നടപടികൾ

271(4665) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യവിൽപ്പനയും അനുബന്ധ തൊഴിലുകളും ചെയ്യുന്ന മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി വകുപ്പ് കൈക്കൊണ്ട നടപടികൾ അറിയിക്കാമോ;

(ബി) മത്സ്യബന്ധന വകുപ്പിനുകീഴിൽ രൂപീകരിച്ച ഏജൻസിയായ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൺ (സാഫ്) മുഖേന തീരദേശ ജില്ലകളിൽ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ?

(സി) പ്രസ്തുത ഏജൻസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

(എ-സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

## മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സഹായങ്ങൾ

272(4666) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സഹായങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) കടലിലെ മത്സ്യബന്ധനത്തിന് പുറമെ മറ്റിടങ്ങളിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങളിൽ സർക്കാർ സഹായം നൽകി വരുന്നുണ്ടോ: വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് എന്നിവ മുഖേനയാണ് മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകിവരുന്നത്.

കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും ഒരേ നിരക്കിൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ധനസഹായം നൽകിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) അപകടങ്ങളിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ; ഈ സർക്കാരിന്റെ കാലയളവിൽ നൽകിയ സഹായങ്ങൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**ജ്യോതിർഗമയ പദ്ധതി**

273(4667) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്‌ടോപ്പുകൾ വിതരണം ചെയ്യുന്നതിനായി ജ്യോതിർഗമയ എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നോ?

ആവിഷ്കരിച്ചിരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി നൽകുന്നതിന് ധനകാര്യവകുപ്പും പ്ലാനിംഗ് ബോർഡും എന്തെങ്കിലും തടസ്സവാദങ്ങൾ ഉന്നയിച്ചിരുന്നോ?

ഇല്ല.

(സി) പ്രസ്തുത പദ്ധതി മുഖേന വിതരണം ചെയ്ത ലാപ്‌ടോപ്പുകളുടെ വിശദാംശം നൽകുമോ?

കോവിഡ് സാഹചര്യം മാറുകയും ക്ലാസുകൾ പഴയരീതിയിൽ ഓഫ്‌ലൈനായി പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ അപേക്ഷ ക്ഷണിക്കുകയോ വിദ്യാർത്ഥികളുടെ പട്ടിക തയ്യാറാക്കുകയോ ചെയ്തിരുന്നില്ല. ഏതെങ്കിലും സാഹചര്യത്തിൽ കോവിഡ് വ്യാപനം രൂക്ഷമാകുകയും ക്ലാസുകൾ ഓൺലൈനായി മാറുകയും ചെയ്താൽ ജ്യോതിർഗമയ പദ്ധതിയിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## മത്സ്യത്തൊഴിലാളികൾക്കുള്ള പദ്ധതികൾ

274(4668) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികളുടെ ആശങ്കയകറ്റുന്നതിനായി ആസൂത്രിതവും ദീർഘകാല കാഴ്ചപ്പാടുള്ളതും പാരിസ്ഥിതികാവബോധത്തോടെയുമുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മത്സ്യത്തൊഴിലാളികളുടെ ആശങ്കയകറ്റുന്നതിനായി ആസൂത്രിതവും ദീർഘകാല കാഴ്ചപ്പാടുള്ളതും പാരിസ്ഥിതികാവബോധത്തോടെയും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

## കടലിൽ മത്സ്യലഭ്യതയുള്ള ഇടങ്ങൾ അറിയാൻ സംവിധാനം

275(4669) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാമുന്നറിയിപ്പ് നൽകുന്നതിനൊപ്പം കടലിൽ മത്സ്യ ലഭ്യതയുള്ള ഇടങ്ങൾ സംബന്ധിച്ച അറിവ് നൽകുന്നതിനും സംവിധാനമൊരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ കാലാവസ്ഥാ മുന്നറിയിപ്പുകളും മറ്റ് സന്ദേശങ്ങളും എത്തിക്കാൻ കഴിയുന്ന 938 നാവിക് ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ നാവിക് ഉപകരണത്തിന്റെ സഹായത്തോടെ ഇൻകോയ്സ് (ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവ്വീസസ്) മുഖേന സമുദ്രത്തിൽ മത്സ്യലഭ്യതയുള്ള ഇടങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മൊബൈൽ ഫോണിലേയ്ക്ക് മെസ്സേജായി നൽകിവരുന്നു. കൂടാതെ കാലാവസ്ഥാ വ്യതിയാനങ്ങളെയും കടൽക്ഷോഭത്തെയും കുറിച്ചുള്ള മുന്നറിയിപ്പുകളും മത്സ്യലഭ്യതയുള്ള ഇടങ്ങളും (Fishing Potential Zone)

മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ ഇൻകോയിസിന് നൽകിയിട്ടുണ്ട്. ഇതിൽ 103000 മത്സ്യത്തൊഴിലാളികൾക്ക് ഈ വിവരങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഇതുകൂടാതെ എം.എസ്. സ്വാമിനാഥൻ ഫൗണ്ടേഷൻ കേരളത്തിന്റെ വടക്കൻ ജില്ലകളിൽ കാലാവസ്ഥാ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളുടെ മൊബൈലിലേയ്ക്ക് എത്തിച്ചുനൽകുന്നുണ്ട്.

(ബി) മത്സ്യബന്ധന യാനങ്ങൾ കടലിൽ പോകുന്നതും തിരികെ വരുന്നതും നിരീക്ഷിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

മത്സ്യത്തൊഴിലാളികൾ/മത്സ്യബന്ധന യാനങ്ങൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയുൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി.-യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 50 സാഗര ഫെസിലിറ്റേറ്റർമാരെ നിയമിക്കുകയും അവർ പ്രധാനപ്പെട്ട ഹാർബറുകളും ലാന്റിംഗ് സെന്ററുകളും

കേന്ദ്രീകരിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്നു. പല മത്സ്യത്തൊഴിലാളികളിലും ആൻഡ്രോയ്ഡ് മൊബൈൽ ഫോണുകൾ ഇല്ലാതിരുന്നതിനാലും യാനങ്ങളിലെ തൊഴിലാളികൾ ഓരോ ദിവസവും വ്യത്യസ്തമായതിനാലും ടി വ്യത്യസ്തത ഓരോ ദിവസം യാനമുടമസ്ഥർ കൃത്യമായി അപ്ഡേറ്റ് ചെയ്യാത്തതിനാലും ടി പദ്ധതി പൂർണ്ണമായും വിജയിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. ഇതിനകം 17020 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. കടൽ സുരക്ഷാ നടപടികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി മത്സ്യബന്ധന യാനങ്ങൾ കടലിൽ പോകുന്നതും തിരികെ വരുന്നതും രേഖപ്പെടുത്തുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഈ സാമ്പത്തിക വർഷം മത്സ്യബന്ധന തുറമുഖങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഓട്ടോമാറ്റിക് പഞ്ചിംഗ് ബൂത്തുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു.

**ബോട്ടുകളിലും വള്ളങ്ങളിലും ഇലക്ട്രിക്കൽ മോഡുലാർ കിറ്റുകൾ**

276(4670) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോട്ടുകളും വള്ളങ്ങളും പൂർണ്ണമായും ഡീസൽ വിമുക്തമാക്കി പുതിയ സാങ്കേതികവിദ്യയായ ഇലക്ട്രിക്കൽ മോഡുലാർ കിറ്റുകൾ സ്ഥാപിച്ച് മലിനീകരണതോതും ഇന്ധനച്ചെലവും കുറയ്ക്കാൻ നടപടി സ്വീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ബോട്ടുകളിലും വള്ളങ്ങളിലും ഇലക്ട്രിക്കൽ മോഡുലാർ കിറ്റുകൾ സ്ഥാപിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

**മാവേലിക്കര മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണം**

277(4671) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി, പുതിയകാവ്, താമരക്കുളം, നൂറനാട്, പടനിലം എന്നീ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ എത്രയുംവേഗം ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

## കണ്ണൂർ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ

278(4672) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ വികസനത്തിനായി 5.25 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട് . തുടർനടപടി സ്വീകരിച്ചുവരുന്നു.

## പരുമല ഫിഷ് ലാൻഡിംഗ് സെന്റർ

279(4673) ശ്രീ മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തിരുവല്ല നിയോജക മണ്ഡലത്തിലെ പരുമലയിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം ലേലം വിളിക്കുന്നതിനും മത്സ്യബന്ധന സാമഗ്രികൾ സൂക്ഷിക്കുന്നതിനുംവേണ്ടി നിർമ്മിച്ച ഫിഷ് ലാൻഡിംഗ് സെന്റർ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പരുമലയിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം ലേലം വിളിക്കുന്നതിനും മത്സ്യബന്ധന സാമഗ്രികൾ സൂക്ഷിക്കുന്നതിനുംവേണ്ടി നിർമ്മിച്ച ഫിഷ് ലാൻഡിംഗ് സെന്റർ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇതിന്റെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ?

പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷ് ലാൻഡിംഗ് സെന്റർ**

280(4674) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ പരവൂർ തെക്കുംഭാഗം കടൽത്തീരത്ത് മിനി ഫിഷ് ലാൻഡിംഗ് സെന്റർ സ്ഥാപിക്കുന്നതിന് 1980-ൽ ആരംഭിച്ച പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) ഫിഷ് ലാൻഡിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷന്റെ (സി.ഡബ്ല്യൂ.പി.ആർ.എസ്.) അന്തിമ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്നും പരിസ്ഥിതി ആഘാത പഠനം ആരംഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

(എ&ബി) പരവൂർ തെക്കുംഭാഗം കടൽത്തീരത്ത് യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്കായി മിനി ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി മതിലും അഡ്മിനിസ്ട്രേറ്റീവ് കെട്ടിടവും പൂർത്തിയായെങ്കിലും യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് മത്സ്യബന്ധനത്തിനായി ഇറങ്ങുന്നതിന് അടിസ്ഥാന ആവശ്യമായ ശാന്തമായ ബേസിൻ ലഭ്യമല്ലാത്തതിനാൽ ഈ ഫിഷ് ലാന്റിംഗ് സെന്റർ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല. ആയതിനാൽ പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതാണ് ഉചിതമെന്ന് തീരുമാനിക്കുകയും ഇതിനായുള്ള അന്വേഷണ-ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 81 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുകയും തുടർന്ന് മത്സ്യബന്ധന തുറമുഖത്തിന്റെ മാതൃകാപഠനം നടത്തുന്നതിനായി കേന്ദ്ര ഏജൻസിയായ പൂനെ സി.ഡബ്ല്യൂ.പി.ആർ.എസ്-നെ ചുമതലപ്പെടുത്തുകയും ചെയ്തു.

സി.ഡബ്ല്യൂ.പി.ആർ.എസ്.-ൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. അന്തിമ റിപ്പോർട്ട് ലഭ്യമായതിന് ശേഷമേ പരിസ്ഥിതി ആഘാതപഠനം ആരംഭിക്കാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത ഫിഷ് ലാൻഡിംഗ് സെന്റർ സ്ഥാപിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

മാതൃകാപഠന ഏജൻസിയായ പൂനെ സി.ഡബ്ല്യൂ.പി.ആർ.എസ്.-ൽനിന്നും അന്തിമ റിപ്പോർട്ട് ലഭിച്ചശേഷം എൺവയോൺമെന്റൽ ഇംപാക്ട് അസെസ്മെന്റ് സ്റ്റഡി, കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് ക്ലിയറൻസ് എന്നിവയ്ക്കുവേണ്ടിയുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എൺവയോൺമെന്റൽ ഇംപാക്ട് അസെസ്മെന്റ് ക്ലിയറൻസ് ലഭ്യമാക്കുന്നതോടൊപ്പം പദ്ധതി രൂപരേഖയും തയ്യാറാക്കേണ്ടതുണ്ട്.

## പാലക്കാട് ജില്ലയിലെ മത്സ്യ മാർക്കറ്റുകൾ ആധുനികവൽക്കരിക്കാൻ നടപടി

281(4675) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം മത്സ്യ മാർക്കറ്റുകളാണ് ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പാലക്കാട് ജില്ലയിൽ നിലവിൽ മത്സ്യ മാർക്കറ്റുകളൊന്നും ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടില്ല.

(ബി) പട്ടാമ്പി നിയോജകമണ്ഡലത്തിലെ മത്സ്യ മാർക്കറ്റ് ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പട്ടാമ്പി മത്സ്യമാർക്കറ്റ് ആധുനികവൽക്കരിച്ചിട്ടുണ്ട്. 237.82 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൽ 200 ലക്ഷം രൂപ (90%) എൻ.എ.ഫ്ഡി.ബി. ധനസഹായവും 37.82 ലക്ഷം രൂപ (10%) സംസ്ഥാന സർക്കാർ വിഹിതവുമാണ്. ഇതിൻപ്രകാരം ടി മത്സ്യമാർക്കറ്റ് നിർമ്മാണം

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പൂർത്തീകരിച്ച് 31.03.2016-ൽ പട്ടാമ്പി മുനിസിപ്പാലിറ്റിക്ക് കൈമാറിയിരുന്നു.

(സി) 2022-23-ലെ ബഡ്ജറ്റിൽ ഇത്തരത്തിലെ ചെലവുകൾക്കായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കുമോ?

2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മത്സ്യമാർക്കറ്റ്/മാർട്ട് എന്നിവയുടെ നിർമ്മാണത്തിന് ഒരു കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

**ആഴക്കടൽ മത്സ്യബന്ധന പദ്ധതിക്കായി ഇ.എം.സി.സി.-യുമായുള്ള ധാരണാപത്രം**

282(4676) ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ.കെ.രമ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് അസൻഡ് 2020-ൽ ആഴക്കടൽ മത്സ്യബന്ധന

പദ്ധതിക്കായി ഇ.എം.സി.സി. എന്ന അമേരിക്കൻ കമ്പനിയുമായി സർക്കാർ ധാരണാപത്രം ഒപ്പ് വച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ നാല് മദർ ഷിപ്പുകളും 400 ട്രോളറുകളും നിർമ്മിക്കുന്നതിന് പ്രസ്തുത കമ്പനിയുടെ പ്രതിനിധികളുമായി ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കുമോ?

(എ&ബി) 2020 ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് അസൻഡ് 2020-ൽ ആഴക്കടൽ മത്സ്യബന്ധന പദ്ധതിക്കായി ഇ.എം.സി.സി.-യുമായി ഫിഷറീസ് വകുപ്പ് ധാരണാപത്രം ഒപ്പുവച്ചിട്ടില്ല.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വകുപ്പുമന്ത്രിയും ഇ.എം.സി.സി. പ്രതിനിധികളും തമ്മിൽ അമേരിക്കയിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണോ ആഴക്കടൽ മത്സ്യബന്ധനത്തിനായി ഇ.എം.സി.സി. അസൻഡിൽ പദ്ധതി സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വകുപ്പുമന്ത്രിയും ഇ.എം.സി.സി. പ്രതിനിധികളും തമ്മിൽ ഔദ്യോഗികമായി ചർച്ചകളൊന്നും നടത്തിയിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ഫിഷറീസ് വകുപ്പിന്റെ പക്കലുള്ള ഫയലിന്റെ വിശദാംശം അറിയിക്കുമോ?

ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഇ.എം.സി.സി. ഒരു കൺസെപ്റ്റ് നോട്ട് സമർപ്പിച്ചിരുന്നു. ബി3 /219/2019/മ.ഇ.വ നമ്പർ ഫയലിൽ പ്രസ്തുത വിഷയം പരിശോധിക്കുകയും കമ്പനിയുടെ വിശ്വാസ്യതയെ കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തോട് ആവശ്യപ്പെടുകയുമുണ്ടായി. കേന്ദ്ര സർക്കാർ ന്യൂയോർക്കിലെ കോൺസുലേറ്റ് ജനറലുമായി ബന്ധപ്പെട്ടപ്പോൾ നിലവിൽ അങ്ങനെ ഒരു കമ്പനി ഉള്ളതായി അറിയാൻ കഴിഞ്ഞില്ലെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

## കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് നവീകരണം

283(4677) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിരുന്നോ; ഇതിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് നവീകരണത്തിന് പ്രഖ്യാപിച്ച പദ്ധതികളുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നവീകരിക്കുന്നതിനായി അംഗീകാരം ലഭ്യമായ മാർക്കറ്റുകളിൽ കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് ഉൾപ്പെട്ടിട്ടില്ല.

## പട്ടികവർഗ്ഗ, ആദിവാസി വിഭാഗങ്ങൾക്കായി മത്സ്യകൃഷിയിൽ പരിശീലനം

284(4678) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ, ആദിവാസി വിഭാഗങ്ങൾക്ക് മാത്രമായി ഫിഷറീസ് വകുപ്പ് മുഖാന്തരം എന്തെങ്കിലും പദ്ധതികൾ നടപ്പാക്കുന്നുണ്ടോ? എങ്കിൽ വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്ത് പട്ടികജാതി/ പട്ടികവർഗ വിഭാഗങ്ങൾക്ക് മാത്രമായി ഫിഷറീസ് വകുപ്പ് മുഖാന്തരം പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമുഴി, കക്കി എന്നീ റിസർവ്വോയറുകളിൽ 16 കോടി രൂപയുടെയും റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി 3.2 കോടി രൂപയുടെയും 490 കൂട് മൽസ്യകൃഷി യൂണിറ്റുകൾ റിസർവ്വോയർ പ്രദേശത്തെ പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി വിഭാഗങ്ങളുടെ സംഘങ്ങൾക്കുവേണ്ടി 2020-21 സാമ്പത്തികവർഷം നടപ്പാക്കിയിട്ടുണ്ട്. പി.എം.എം.എസ്.വൈ. പദ്ധതിയിൽ റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS) 28 യൂണിറ്റുകളും ബയോഫ്ളോക്ക് 26 യൂണിറ്റുകളും കേന്ദ്രസർക്കാർ സഹായത്തോടെ പ്രസ്തുത വിഭാഗങ്ങൾക്കായി 2020-21-ൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, പെരിങ്ങൽകുത്ത്, ഷോളയാർ (ലോവർ), പീച്ചി, വാഴാനി ജലസംഭരണികളിൽ 150 ലക്ഷം രൂപ വകയിരുത്തി മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന റിസർവോയർ ഫിഷറീസ് പദ്ധതി 2020-21 സാമ്പത്തിക വർഷം നടപ്പാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ, മംഗലം, മീങ്കര, ചുള്ളിയാർ, കാഞ്ഞിരപ്പുഴ എന്നീ അണക്കെട്ടുകളിലായി മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 2021-22 സാമ്പത്തികവർഷം 32.25 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ റിസർവ്വോയർ പരിസര

പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി വിഭാഗങ്ങളുടെ സ്വയംസഹായ സംഘങ്ങളും റിസർവോയർ ഫിഷറീസ് സഹകരണ സംഘം അംഗങ്ങളുമാണ് അണക്കെട്ടുകളിൽനിന്ന് മൽസ്യം പിടിച്ച് വിപണനം ചെയ്യാൻ അനുമതി നൽകിയിട്ടുള്ളത്.

(ബി) മലപ്പുറം ജില്ലയിൽ 2016 മുതൽ ഫിഷറീസ് വകുപ്പ് പട്ടികവർഗ്ഗ, ആദിവാസി വിഭാഗങ്ങൾക്ക് മാത്രമായി സ്വന്തം നിലയ്ക്കോ മറ്റ് വകുപ്പുകളുമായി സഹകരിച്ചോ നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും സ്ഥലവും പദ്ധതികളുടെ പ്രയോജനവും വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിൽ പട്ടികജാതി/പട്ടികവർഗ/ആദിവാസി വിഭാഗങ്ങൾക്കുമാത്രമായി സ്വന്തം നിലയ്ക്കോ മറ്റ് വകുപ്പുകളുമായി സഹകരിച്ചോ 2016 മുതൽ പദ്ധതികൾ നടപ്പാക്കിയിട്ടില്ല. 2022-23 സാമ്പത്തിക വർഷം ചാലിയാർ പഞ്ചായത്ത് മുറ്റത്തൊരു മീൻത്തോട്ടം പദ്ധതിക്കായി 2,22,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി തുടർ പ്രവർത്തനങ്ങൾ പഞ്ചായത്ത് സ്വീകരിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത വിഭാഗങ്ങൾക്ക് ഗുണഭോക്തൃവിഹിതമോ സഹായധനമോ അനുവദിക്കുന്ന തരത്തിലുള്ള ഏതെങ്കിലും പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖാന്തരം നടപ്പാക്കുന്നുണ്ടോ; ഈ വിഭാഗങ്ങൾക്കായി

മത്സ്യബന്ധനം, മത്സ്യകൃഷി എന്നിവയിൽ പരിശീലനം നൽകുമോ; വ്യക്തമാക്കാമോ?

പട്ടികജാതി/പട്ടികവർഗ/ആദിവാസി വിഭാഗങ്ങൾക്കായി മത്സ്യകൃഷിക്കായി ധനസഹായം നൽകുന്നുണ്ട്. കൂടാതെ മത്സ്യബന്ധനം, മത്സ്യകൃഷി എന്നിവയിൽ പരിശീലനവും നൽകുന്നുണ്ട്. പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി/പട്ടികവർഗ/ ആദിവാസി വിഭാഗങ്ങളിൽപ്പെട്ട മത്സ്യകർഷകർക്ക് യൂണിറ്റ് കോസ്റ്റിന്റെ 60% തുക ധനസഹായമായി നൽകുന്നുണ്ട്. ജനകീയമത്സ്യകൃഷി, പി.എം.എം.എസ്.വൈ. പദ്ധതികളിൽ തെരഞ്ഞെടുക്കുന്ന മത്സ്യകർഷകർക്ക് മത്സ്യകൃഷി രീതിയുടെ സാങ്കേതിക പരിശീലനങ്ങൾ, മത്സ്യകർഷക അവാർഡ് എന്നിവ നൽകുന്നുണ്ട്. കൂടാതെ സ്വയംസഹായ സംഘങ്ങളിലെയും പട്ടികജാതി, പട്ടികവർഗ്ഗ റിസർവോയർ ഫിഷറീസ് സഹകരണ സംഘങ്ങളിലെയും അംഗങ്ങൾ റിസർവോയറുകളിൽനിന്നും പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ വിലയുടെ സർക്കാർ വിഹിതം അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

**ബ്ലൂ ഇക്കോണമി**

285(4679) <u>ശ്രീ. സി. ആർ. മഹേഷ്</u>:

ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലൂ ഇക്കോണമി നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തെത്തുടർന്ന് സംസ്ഥാന സർക്കാർ ഏതൊക്കെ സ്റ്റേക്ക് ഹോൾഡേഴ്സുമായി ചർച്ച നടത്തിയിട്ടുണ്ട്; എന്തൊക്കെ നിർദ്ദേശങ്ങളാണ് ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉയർന്നുവന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്ന് എന്തെങ്കിലും ഉറപ്പുകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ-സി) സംസ്ഥാനത്ത് ബ്ലൂ ഇക്കോണമി നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തെ തുടർന്ന് ഫിഷറീസ് വകുപ്പ് സ്റ്റേക്ക് ഹോൾഡേഴ്സുമായി ചർച്ച നടത്തിയിട്ടില്ല.

(ഡി) തീരദേശവാസികളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന രീതിയിൽ മാത്രമേ ബ്ലൂ ഇക്കോണമി നടപ്പാക്കുകയുള്ളൂ എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

രാജ്യത്ത് നടപ്പാക്കുന്ന നീല സമ്പദ് വ്യവസ്ഥയെ കുറിച്ചുള്ള കരട് നയ ചട്ടക്കൂടിൽ പരാമർശിച്ചിട്ടുള്ള വിവിധ ശിപാർശകൾ പരിഗണിക്കുമ്പോൾ തീരപ്രദേശങ്ങളിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഏക ഉപജീവന മാർഗ്ഗമായ കടലും മത്സ്യബന്ധന വിഭവങ്ങളും അവയിന്മേലുള്ള അവകാശങ്ങളും സംരക്ഷിക്കുന്നുവെന്ന് അന്തിമ നയ ചട്ടക്കൂടിൽ ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. ഭരണഘടന അനുസരിച്ച് ടെറിട്ടോറിയൽ മേഖലയിലെ മത്സ്യബന്ധനം ഒരു സംസ്ഥാന വിഷയമാണ്. ആയതിനാൽ സംസ്ഥാനങ്ങളുടെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റം അനുവദിക്കാൻ കഴിയുന്നതല്ല. കടലിൽ മീൻ പിടിക്കാനുള്ള അവകാശവും മത്സ്യത്തിന്റെ ആദ്യ വിൽപ്പന, കടൽ മത്സ്യ വിഭവങ്ങൾ എന്നിവയുടെ മേൽനോട്ടവും ഉപയോഗ അവകാശങ്ങളും മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കാനുള്ള നടപടികളുണ്ടാകണം എന്നതാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം.

കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച നീല സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള കരട് നയത്തിൽ സംസ്ഥാന മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന

വിഷയങ്ങളിൽ സംസ്ഥാനത്തിന്റെ ആശങ്കകളും അഭിപ്രായവും 20.09.2021-ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

286(4680) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ . മുഹമ്മദ് മുഹസിൻ:
ശ്രീ വി ശശി:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സാഫ് മുഖേന നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് മത്സ്യഫെഡ്, ഫിഷറീസ് വകുപ്പ് എന്നിവ മുഖേന പ്രത്യേകമായി നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(എ&ബി) വിശാദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവുമായ മത്സ്യസംഭരണവും ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനുംവേണ്ടി കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

മത്സ്യ സംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനുംവേണ്ടി ' കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021' നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പാക്കുന്നതിലൂടെ ഇടത്തട്ടുകാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾ അവർ പിടിച്ച് കൊണ്ടുവരുന്ന മത്സ്യത്തിന് ന്യായമായ വില ഉറപ്പാക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മുക്തമാകുന്നതിനും സഹായമാകുന്നതാണ്.

പ്രസ്തുത നിയമം നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ/മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ച് ഇവയുടെ നടത്തിപ്പ്,

പരിപാലനം എന്നിവ ശക്തിപ്പെടുത്തുന്നതാണ്. കൂടാതെ ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണ കേന്ദ്രം , സംസ്കരണ കേന്ദ്രം പരിവഹന സൗകര്യം എന്നിവയുടെ പ്രവർത്തനം നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതാണ്.

മത്സ്യം കൈകാര്യം ചെയ്യുന്ന ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ്, കടമുറി, ബൂത്ത്, കച്ചവടകേന്ദ്രം, ചിൽഡ് സ്റ്റോറേജ്, ഐസ് പ്ലാന്റ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം പരിവഹന സൗകര്യം, കണ്ടെയ്നർ എന്നിവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി രൂപീകരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പൂർണ്ണമായും ഉറപ്പാക്കുന്നതാണ്.

(ഡി) പ്രസ്തുത നിയമം നടപ്പാക്കുന്നതിലൂടെ ഇടത്തട്ടുകാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് മുക്തമാക്കുന്നതിനും സാധിക്കുമോ; വിശദമാക്കാമോ?

കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021 നടപ്പാക്കുന്നതിലൂടെ ഇടത്തട്ടുകാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾ അവർ പിടിച്ച് കൊണ്ടുവരുന്ന മത്സ്യം നേരിട്ട് വിപണനം ചെയ്യുന്നതിനും മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിനും സാദ്ധ്യമാകുന്നതാണ്. പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിച്ചു വരുന്നു.

## മത്സ്യബന്ധന മേഖലയിൽ നടപ്പാക്കിയ മാറ്റങ്ങൾ

287(4681) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം മത്സ്യബന്ധന മേഖലയിൽ നടപ്പാക്കിയ മാറ്റങ്ങൾ വിശദമാക്കുമോ?

കെ.എം.എഫ്.ആർ. ആക്ടിന്റെ നടത്തിപ്പ് ശക്തവും കൂടുതൽ കാര്യക്ഷമവുമാക്കുന്നതിനായി ഫിഷറീസ് സ്റ്റേഷൻ ഇല്ലാതിരുന്ന ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ ഫിഷറീസ് സ്റ്റേഷനുകൾ

പ്രവർത്തനമാരംഭിച്ചു. കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്നുറപ്പാക്കാനും കടൽ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 40% സബ്സിഡിയോടുകൂടി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതിയും നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 100 എഫ്.ആർ.പി. യാനങ്ങൾ, എൻജിനുകൾ, വല എന്നിവ യൂണിറ്റൊന്നിന് 5 ലക്ഷം രൂപനിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിക്ക് അംഗീകാരം ലഭ്യമാകുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. നടപ്പ് സാമ്പത്തിക വർഷം മുഴുവൻ പരമ്പരാഗത

മൽസ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും സൗജന്യമായി ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2022 ഫെബ്രുവരി 27-ന് സംസ്ഥാനത്തൊട്ടാകെ പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള സംയുക്ത പരിശോധന ഫിഷറീസ് വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ്, മത്സ്യഫെഡ് എന്നിവരുടെ നേതൃത്വത്തിൽ നടത്തിയിരുന്നു. സംയുക്ത പരിശോധനയിൽ 14332 എഞ്ചിനുകൾ മണ്ണെണ്ണ പെർമിറ്റിന് യോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി എഞ്ചിനുകൾക്ക് പെർമിറ്റ് അനുവദിച്ചുവരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വലകൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്ന " Suitable components for fishing gears" എന്ന പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പാക്കിവരുന്നു. "Motorisation of country crafts' എന്നപദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40 HP വരെയുള്ള എൻജിൻ വാങ്ങുന്നതിന് പരമാവധി 30,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. കാലോചിതമായി ഭേദഗതി വരുത്തിയ KMFR Act ഉം റൂളും ശക്തമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന്റെ ഫലമായി 2021-22 വർഷത്തിൽ കടൽ മത്സ്യലഭ്യത 6.02 ലക്ഷം മെട്രിക് ടണ്ണായി

വർദ്ധിച്ചിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടുകൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. ആദ്യ ഘട്ടത്തിൽ 9 തീരദേശ ജില്ലകളിലായി ആകെ 483 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ വിതരണം ചെയ്തു. നടപ്പ് സാമ്പത്തിക വർഷം 800 ഓളം ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ഭവന രഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും സുരക്ഷിത ഭവനമൊരുക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന 7778 പേരുടെ ലിസ്റ്റും ഭൂരഹിത ഭവന രഹിതരായ 7346 പേരുടെ ലിസ്റ്റും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട ഭവന രഹിതരായ 1642 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കളുടെ അർഹത നിശ്ചയിച്ച് 1266 പേർ കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ 1214 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂരഹിത ഭവന രഹിതരായ 1292 പേരുടെ അർഹത നിശ്ചയിച്ച് 161 പേർ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 80 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതിയിൽ 8235 ഗുണഭോക്താക്കൾ

മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളതും 3313 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 2594 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2122 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ളതും 1435 ഗുണഭോക്താക്കൾ പദ്ധതി ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയിട്ടുള്ളതുമാണ്.

(ബി) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേന്ദ്ര കാലാവസ്ഥ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ, കോസ്റ്റ്ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശവിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ അറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നൽകിവരുന്നുണ്ട്. ഇതുകൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്നുറപ്പാക്കാനും കടൽ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ

ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 360 Mounting type GPS കളും 400 Hand held type GPS-കളും വിതരണം ചെയ്തിട്ടുണ്ട്. 200 യന്ത്രവൽകൃത യാനങ്ങളിൽ Vessel Monitoring System 75% സബ്സിഡിയോടുകൂടി നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 100 FRP യാനങ്ങൾ, എൻജിനുകൾ, വല എന്നിവ യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിക്ക് അംഗീകാരം ലഭ്യമാകുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് 2021-22 വർഷം 2 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതുപയോഗിച്ച് 2758 യാനങ്ങൾക്ക് പോളിസി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിക്ക് 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ വർഷം മുഴുവൻ പരമ്പരാഗത മൽസ്യബന്ധന

യാനങ്ങൾക്കും സൗജന്യമായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിക്കുന്ന മത്സ്യത്തിന്റെ പൂർണ്ണ വിൽപ്പനാവകാശം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളികൾ പിടിച്ച് കൊണ്ടുവരുന്ന മത്സ്യത്തിന് ന്യായമായ വില ഉറപ്പാക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും അവരെ മുക്തമാക്കുന്നതിനുമായി കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം- 2021 നിലവിൽ വന്നിട്ടുണ്ട്.

## കടലിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാൻ നടപടി

288(4682) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്ത് മത്സ്യലഭ്യത കുറഞ്ഞത് മത്സ്യബന്ധന മേഖലയെ ദോഷകരമായി ബാധിച്ചതായി കരുതുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ ചെറുമത്സ്യങ്ങളെ ഉൾപ്പെടെ പിടിക്കുന്നത് ആയതിന് കാരണമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

(എ&ബി) മുൻകാലങ്ങളെ അപേക്ഷിച്ച് കടൽ മത്സ്യത്തിന്റെ ലഭ്യത 2017-18 വരെ കുറഞ്ഞുവരുന്നതായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കെ.എം.എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്യുകവഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും കടൽ മത്സ്യസമ്പത്ത് 2018-19-ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിക്കുകയും ചെയ്തിരുന്നു. എന്നാൽ തുടർന്നുള്ള രണ്ട് വർഷങ്ങളിൽ കടൽ മത്സ്യ ലഭ്യത കുറയുന്നതായിട്ടാണ് കണ്ടത്. കഴിഞ്ഞ രണ്ട് വർഷങ്ങളിൽ മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണം കോവിഡ് പ്രതിസന്ധി, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവമൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതാണ്. വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നുവെന്ന് കേന്ദ്രസർക്കാർ

സ്ഥാപനമായ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI)-ന്റെ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ മത്സ്യലഭ്യത 6.02 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്.

(സി) കടലിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ കെ.എം.എഫ്.ആർ. ആക്റ്റും റൂളും കാലോചിതമായി പരിഷ്കരിക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തുവരുന്നു. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കുകയും ആയത് നടപ്പാക്കിവരികയും ചെയ്യുന്നു. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.-ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചിട്ടുണ്ട്.

ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനമിറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്യുന്നു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്.

**ഡീസൽ വില വർദ്ധനവിനെതിരെയുള്ള ബോട്ടുടമകളുടെ പരാതി**

289(4683) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ എ.കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡീസൽ വിലവർദ്ധനവ് മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചുവെന്ന ബോട്ടുടമകളുടെ പരാതി പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇന്ധന വില വർദ്ധനവ് മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേരളത്തിലെ മെക്കനൈസ്ഡ് ബോട്ട് ഉടമകൾ എല്ലാം തന്നെ APL വിഭാഗത്തിൽപ്പെടുന്നവരാണ്. ഡീസൽ എഞ്ചിൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന മെക്കനൈസ്ഡ് യാനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഡീസൽ സബ്സിഡി അനുവദിച്ചുവന്നിരുന്നെങ്കിലും പിന്നീട് ടി സബ്സിഡി ബി.പി.എൽ. വിഭാഗങ്ങൾക്ക് മാത്രമായി കേന്ദ്ര സർക്കാർ ചുരുക്കിയതിനാൽ ഇപ്പോൾ ഡീസൽ സബ്സിഡി നൽകുന്നില്ല.

**മത്സ്യബന്ധനത്തിനായുള്ള ഇന്ധന വിഹിതം**

290(4684) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ എന്നിവയ്ക്ക് ഈടാക്കുന്ന റോഡ് സെസ് ഒഴിവാക്കാനും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ നൽകുവാനും സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കാനും കേന്ദ്ര സർക്കാരിൽനിന്നും എന്തെങ്കിലും അനുകൂല നടപടിയുണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

റോഡ് സെസ് ഒഴിവാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. കേന്ദ്ര സർക്കാരിൽനിന്ന് കേരളത്തിന് ആവശ്യമായ അളവിൽ സബ്സിഡി മണ്ണെണ്ണയും സബ്സിഡി രഹിത മണ്ണെണ്ണയും അനുവദിക്കപ്പെടാത്തതിനാൽ മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കാൻ കഴിയുന്നില്ലെന്നത് വസ്തുതയാണ്. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗംപോലും കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണ (Non PDS) ആയി അനുവദിക്കുന്നില്ല. 2022-23 വർഷം ഇതുവരെ 2160 KL മണ്ണെണ്ണ ലഭ്യമാക്കുകയും മത്സ്യബന്ധനമേഖലയ്ക്ക് അത് പൂർണ്ണമായും വിതരണം ചെയ്യുകയും ചെയ്തു. നടപ്പുവർഷത്തേയ്ക്ക് ആവശ്യമുള്ള പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരികയാണ്.

(ബി) ഇരുപത്തി അഞ്ച് രൂപയ്ക്ക് മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ ലിറ്ററിന് 25 രൂപ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. നിലവിൽ മത്സ്യഫെഡ് മുഖേന സംസ്ഥാന സർക്കാർ 25 രൂപ പരമ്പരാഗത മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണയ്ക്ക് സബ്സിഡി അനുവദിച്ചുവരുന്നു. 2020 ഏപ്രിലിൽ ഒരു ലിറ്റർ മണ്ണെണ്ണയുടെ പൊതു വിപണിയിലെ വില 52.52 രൂപയായിരുന്നതാണ് ഇന്ന് വർദ്ധിച്ച് 142.77 രൂപയായിരിക്കുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണ്ണയാവകാശം കേന്ദ്ര സർക്കാർ എണ്ണകമ്പനികൾക്ക് നൽകിയതിനെ തുടർന്നാണ് ഇത്തരത്തിൽ മണ്ണെണ്ണയുടെയടക്കം വില ഉയരുന്നത്. ഇക്കാലയളവിൽ സബ്സിഡി രഹിത ക്വാട്ടയിൽ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന മണ്ണെണ്ണയുടെ വിലയും ഇരട്ടിയിലധികം വർദ്ധിച്ചിരിക്കുകയാണ്. ആവശ്യകതയുടെ കാൽ ഭാഗംപോലും സബ്സിഡി രഹിത മണ്ണെണ്ണ കേന്ദ്ര സർക്കാർ അനുവദിക്കുന്നില്ല. മണ്ണെണ്ണയ്ക്ക് പെട്രോളിനേയും ഡീസലിനേയുംകാൾ ഉയർന്ന വിലയുണ്ടായ സാഹചര്യം മുൻപുണ്ടായിട്ടില്ല. നിലവിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ള 14332 മത്സ്യബന്ധന എഞ്ചിനുകൾക്ക് മാത്രം മത്സ്യഫെഡ്

മുഖാന്തരം അനുവദിക്കുന്ന അതേ നിരക്കിൽ മണ്ണെണ്ണ 25 രൂപയ്ക്ക് അനുവദിക്കണമെങ്കിൽ പ്രതിവർഷം 321 കോടി രൂപ വേണ്ടിവരും. മണ്ണെണ്ണയുടെ വില കുറയ്ക്കുന്ന കാര്യം സംബന്ധിച്ചും ആവശ്യത്തിന് അളവ് കേരളത്തിന് അനുവദിക്കുന്നത് സംബന്ധിച്ചും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്ത വിതരണക്കാരായി അംഗീകരിക്കുന്നത് സംബന്ധിച്ചും കേന്ദ്രത്തിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുന്നതിന് ഉചിതമായ തുടർനടപടി സ്വീകരിക്കും.

## കടലിൽ കൃത്രിമ ആവാസ വ്യവസ്ഥ സൃഷ്ടിക്കൽ

291(4685) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കടലിൽ കൃത്രിമ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കടൽ മത്സ്യസമ്പത്തിന്റെ സ്വാഭാവിക ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനായി കടലിൽ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ട്. കടലിന്റെ അടിത്തട്ടിൽ കൃത്രിമ ആവാസവ്യവസ്ഥ

സൃഷ്ടിച്ച് മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ നിലവിലുള്ള പ്രകൃതിദത്ത പാരുകൾക്ക് സമീപം ത്രികോണാകൃതിയിലുള്ള സിമന്റ് കോൺക്രീറ്റ് മൊഡ്യൂളുകൾ ജി.പി.എസ്. സഹായത്തോടെ സ്ഥാനനിർണ്ണയം നടത്തി നിക്ഷേപിക്കുന്ന പദ്ധതിയാണിത്. ഈ പാരുകളിൽ സസ്യപ്ലവകങ്ങളും ജന്തു പ്ലവകങ്ങളും രൂപപ്പെടുമ്പോൾ അത് ഭക്ഷിക്കുന്നതിനായി ചെറുതും വലുതുമായ മത്സ്യങ്ങൾ അവിടേയ്ക്ക് ആകർഷിക്കപ്പെടുകയും ഈ ആവാസ വ്യവസ്ഥ മത്സ്യ പ്രജനനത്തിനും അവയുടെ സുസ്ഥിരമായ നിലനിൽപിനും അനുകൂല സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും.

തിരുവനന്തപുരം ജില്ലയിലെ പുല്ലുവിള, തുമ്പ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 120 കൃത്രിമ പാര് മോഡ്യൂളുകൾ വീതവും കൊച്ചുതുറ, പുതുക്കുറിച്ചി മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 240 കൃത്രിമ പാര് മോഡ്യൂളുകൾ വീതവും പൂന്തുറ, ബീമാപള്ളി, വലിയതുറ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ യഥാക്രമം 280 വീതവും കൃത്രിമ പാര് മോഡ്യൂളുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇതുകൂടാതെ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി കൊല്ലംകോട്, പരുത്തിയൂർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ, പൂവാർ എന്നീ 8

മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 200 വീതം റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് നിർമ്മിതിയിലുള്ള കൃത്രിമ പാര് മോഡ്യൂളുകൾ സ്ഥാപിച്ചുകഴിഞ്ഞു. 2020-21 സാമ്പത്തിക വർഷം പുതിയതുറ, പൂവാർ എന്നീ മത്സ്യ ഗ്രാമങ്ങളുടെ തീരക്കടലിൽ 310 വീതവും 2021-22 വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ വേളി മത്സ്യഗ്രാമത്തിൽ 310 കൃത്രിമ പാര് മോഡ്യൂളുകളും നിക്ഷേപിച്ച് പദ്ധതി പൂർത്തീകരിച്ചു.

(ബി) ഉൾനാടൻ ജലാശയങ്ങളിലും പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉൾനാടൻ മത്സ്യവിഭവങ്ങളുടെ സംരക്ഷണവും വർദ്ധനവും ലക്ഷ്യമാക്കി 2019-20 സാമ്പത്തിക വർഷം വേമ്പനാട് കായൽ മത്സ്യസംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ സംരക്ഷണ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. വേമ്പനാട് കായൽ സംരക്ഷണ പദ്ധതിക്ക് 248 ലക്ഷം രൂപയുടെയും അഷ്ടമുടി കായൽ സംരക്ഷണ പദ്ധതിക്ക് 95 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകി. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കി വരുന്നു. പദ്ധതികളുടെ ഭാഗമായി മത്സ്യസംരക്ഷിത മേഖല, കക്ക സംരക്ഷിത മേഖല, കണ്ടൽകാട് നടൽ, റാഞ്ചിംഗ്, കായൽ പട്രോളിംഗ്, മത്സ്യത്തൊഴിലാളികൾക്ക് നിയമാനുസൃത കണ്ണിവലിപ്പമുള്ള വല വിതരണം

തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യങ്ങളുടെ പ്രജനനത്തിന് സഹായകമാകുന്ന വിധത്തിൽ 25 യൂണിറ്റ് മത്സ്യപ്രജനന കേന്ദ്രങ്ങളും കറുത്ത കക്കയുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമായി 17 യൂണിറ്റ് കക്ക സംരക്ഷണ മേഖലയും പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും കൊഞ്ചിന്റെയും മറ്റ് ജലജീവികളുടെയും പ്രജനനം സാധ്യമാക്കുന്നതിനുവേണ്ടിയും 60,000 കണ്ടൽ ചെടികൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. വേമ്പനാട് കായൽ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ സംരക്ഷണ പദ്ധതി എന്നിവ പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് മത്സ്യസംരക്ഷണത്തിന് ഉതകുന്ന ബോധവൽക്കരണ പദ്ധതികളും നടപ്പാക്കുന്നു.

## ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

292(4686) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യബന്ധന വകുപ്പ് മുഖേന ലഭ്യമാക്കുന്ന സഹായങ്ങൾ വ്യക്തമാക്കുമോ?

മത്സ്യകൃഷിയുടെ ഗുണഭോക്താക്കളായ കർഷകർക്ക് ഓരോ കൃഷി രീതിക്കനുസൃതമായി പുതിയതായി സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് യൂണിറ്റ് തുകയുടെ 40% ധനസഹായം നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് ഓപ്പറേഷൻ കോസ്റ്റിന്റെ 20 ശതമാനവും ധനസഹായമായി നൽകുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജനയിലുൾപ്പെട്ട പദ്ധതികളിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളായ ജനറൽ വിഭാഗത്തിൽപ്പെട്ട മത്സ്യ കർഷകർക്ക് യൂണിറ്റ് കോസ്റ്റിന്റെ 40%-ഉം വനിതകൾക്കും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട മത്സ്യ കർഷകർക്കും യൂണിറ്റ് കോസ്റ്റിന്റെ 60 ശതമാനവും ധനസഹായമായി നൽകിവരുന്നു.

(ബി) അതിലൂടെ എത്ര ടൺ മത്സ്യം സംസ്ഥാനത്ത് അധികമായി ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ 2020-21 വർഷത്തിൽ 34987 ടണ്ണായിരുന്ന മത്സ്യോൽപ്പാദനം 2021-22 വർഷത്തിൽ വിവിധ മത്സ്യകൃഷി പദ്ധതിയിലൂടെ 37521 ടണ്ണായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) ഉൽപ്പാദിപ്പിച്ച മത്സ്യം വിറ്റഴിക്കാൻ കർഷകർക്ക് സാധിക്കാത്തതിനാൽ പലരും പ്രസ്തുത കൃഷിയിൽനിന്നും പിൻവാങ്ങുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി കൃഷി ചെയ്തുവരുന്ന മത്സ്യങ്ങൾ ഒരുമിച്ച് വിളവെടുപ്പ് നടത്തുന്നതിന്റെ ഭാഗമായി ചില സ്ഥലങ്ങളിൽ വിൽപ്പന സാധ്യത കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാർക്കറ്റ് പ്രവണതയ്ക്കനുസരിച്ച് വിളവെടുപ്പ് നടത്തുന്ന കർഷകർക്ക് നല്ല വില ലഭിച്ചതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഉൽപ്പാദിപ്പിക്കുന്ന മത്സ്യം വിറ്റഴിക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത കൃഷിയിൽനിന്നും പിൻവാങ്ങുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഉൽപ്പാദിപ്പിച്ച മത്സ്യത്തിന് മാർക്കറ്റ് കണ്ടെത്തുന്നതിനായി മത്സ്യകർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉൾനാടൻ മത്സ്യമേഖലയിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനുമായി സംസ്ഥാനത്തെ 5 ജില്ലകളിലായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 30 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 3 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഉൾനാടൻ മത്സ്യങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ശൃംഖല രൂപീകരണവും വിപണനം ശാക്തീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിനുപുറമേ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിന് മത്സ്യഫെഡ് മുഖേന സർവ്വീസ് സഹകരണബാങ്ക്/സംഘങ്ങളുമായി ചേർന്നുള്ള മത്സ്യ വിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും ഫിഷ് മാർട്ടുകൾ രൂപീകരിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജക മണ്ഡലങ്ങളിലായി 113 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ പി.എം.എം.എസ്.വൈ.

പദ്ധതിയിലുൾപ്പെടുത്തി കക്കി (പത്തനംതിട്ട), പെരുവണ്ണാമൂഴി (കോഴിക്കോട്), കാരാപ്പുഴ & ബാണാസുരസാഗർ (വയനാട്) എന്നീ ജല സംഭരണികളിലായി നടത്തിവരുന്ന കൂട് മത്സ്യ കൃഷിയോടനുബന്ധിച്ച് വിവിധ ഇടങ്ങളിൽ മത്സ്യ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു.

## ജലാശയങ്ങളിലെ മത്സ്യകൃഷി

293(4687) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലാശയങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ജലാശയങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി, സ്വകാര്യ കുളങ്ങളിലെയും പൊതു കുളങ്ങളിലെയും വിശാല കാർപ്പ് മത്സ്യകൃഷി, അർദ്ധ ഊർജ്ജിത ഓരുജല മത്സ്യകൃഷി, ഓരുജലത്തിലെ വിശാല മത്സ്യകൃഷി, ശാസ്ത്രീയ ചെമ്മീൻ കൃഷി, ഒരു നെല്ലും ഒരു ചെമ്മീനും കൃഷി, ഞണ്ട് കൃഷി/കൊഴുപ്പിക്കൽ, പടുതാകുളത്തിലെ ഊർജിത ശുദ്ധജല മത്സ്യകൃഷി, ശുദ്ധജലത്തിലെ

കൂട്ടുകൃഷി, ഓരുജലത്തിലെ കൂട്ടുകൃഷി, കല്ലുമ്മക്കായ കൃഷി, പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുൽപ്പാദനം, പിന്നാമ്പുറങ്ങളിലെ വരാൽ വിത്തുൽപ്പാദനം തുടങ്ങിയ വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പാക്കി മത്സ്യകൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു.

ഇതിനുപുറമേ റിസർവോയറുകളിൽ കൂടുമത്സ്യകൃഷി വ്യാപനത്തിനായി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിക്കും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ഫണ്ട് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്.

നടപ്പുസാമ്പത്തിക വർഷം ജലാശയങ്ങളിൽ മത്സ്യകൃഷിയുൾപ്പെടെ വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ**

294(4688) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ.വി.സുമേഷ്:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യസുരക്ഷയും സ്വയം തൊഴിലും ഉറപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് തയ്യാറാക്കിയ ബൃഹദ് പദ്ധതിയുടെ നേട്ടങ്ങൾ വിലയിരുത്തിയിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യസുരക്ഷയും സ്വയംതൊഴിലും ഉറപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 2020-21 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ സുഭിക്ഷകേരളം പദ്ധതി നടപ്പാക്കി പൂർത്തീകരിച്ചിട്ടുണ്ട്. ടി പദ്ധതിയിലുൾപ്പെടുത്തി 4346 യൂണിറ്റ് വീട്ടുവളപ്പിലെ കുളങ്ങളിലെ മത്സ്യകൃഷി, 2057 ബയോഫ്ളോക്ക് മത്സ്യകൃഷി യൂണിറ്റുകൾ, 256 കുളങ്ങളിലെ കരിമീൻ കൃഷി യൂണിറ്റുകൾ, 446 കൂടുകളിലെ മത്സ്യകൃഷി യൂണിറ്റുകൾ എന്നിവ നടപ്പാക്കി പൂർത്തീകരിച്ചു. കൂടാതെ 2020-21 സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 400 ബയോഫ്ളോക്ക് യൂണിറ്റുകളും 319 ആർ.എ.എസ്. യൂണിറ്റുകളും നടപ്പാക്കി പൂർത്തീകരിച്ചു.

ഇതിനുപുറമെ 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി ഫിഷറീസ് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പടുതാക്കുളത്തിലെ മത്സ്യകൃഷി,

ബയോഫ്ളോക്ക് മത്സ്യകൃഷി എന്നീ ഘടക പദ്ധതികൾക്കായി ഫിഷറീസ് വകുപ്പ് വിഹിതമായി 704.40 ലക്ഷം രൂപ വകയിരുത്തുകയും ആയതുപ്രകാരമുള്ള പദ്ധതികൾ നടപ്പാക്കി വരികയും ചെയ്യുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള 7235 പൊതുകുളങ്ങളിലും മത്സ്യകൃഷി നടപ്പാക്കിയിട്ടുണ്ട്. റിസർവോയറുകളിൽ മത്സ്യകൃഷി വ്യാപനത്തിനായി 2020-21 സാമ്പത്തിക വർഷം അഡാക്ക് മുഖേന പി.എം.എം..എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 16 കോടി രൂപയുടെയും റീബിൽഡ് കേരളയിലുൾപ്പെടുത്തി 3.2 കോടി രൂപയുടെയും ആകെ 490 കൂടുകളിൽ മത്സ്യകൃഷി നടപ്പാക്കി പൂർത്തീകരിച്ചുവരുന്നു.

(ബി) മത്സ്യകൃഷിയിൽ നൂതനരീതികൾ വ്യാപകമാക്കുന്നതിനും എയറേഷൻ, ജൈവ സുരക്ഷ, പ്രോബയോട്ടിക്സ് എന്നിവ പ്രയോഗിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനുമായി പരിശീലനം നൽകിവരുന്നുണ്ടോയെന്ന് അറിയിക്കാമോ?

മത്സ്യകൃഷിയിൽ നൂതന രീതികൾ വ്യാപകമാക്കുന്നതിനും എയറേഷൻ, ജൈവസുരക്ഷ, പ്രോബയോട്ടിക്സ് എന്നിവ പ്രയോഗിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനുമായി ആവശ്യമായ സാങ്കേതിക പരിജ്ഞാനവും പരിശീലനവും നൽകിവരുന്നുണ്ട്. ഇതിനായി സെൻട്രൻ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് എഡ്യുക്കേഷൻ (CIFE), കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (KUFOS) എന്നീ സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ, ഫിഷറീസ് വകുപ്പിലെ ടെക്നിക്കൽ ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ ആവശ്യമായ സാങ്കേതിക പരിജ്ഞാനവും പരിശീലനവും നൽകിവരുന്നു.

(സി) ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഹാച്ചറികൾ തുടങ്ങുന്നതിനും നിലവിലുണ്ടായിരുന്നവ നവീകരിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിത്തുൽപ്പാദനത്തിലും മത്സ്യത്തീറ്റ നിർമ്മാണത്തിലും സ്വയംപര്യാപ്തത കൈവരിക്കാനായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഹാച്ചറികൾ തുടങ്ങുന്നതിനും നിലവിലുണ്ടായിരുന്നവ നവീകരിക്കുന്നതിനുമായി 2016-17 സാമ്പത്തിക വർഷം മുതൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിലുൾപ്പെടുത്തി 50.4 കോടിയോളം രൂപയുടെയും ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 37.54 കോടിയോളം രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ കല്ലുമ്മക്കായയുടെയും സമുദ്രമത്സ്യങ്ങളുടെയും

50 ലക്ഷം ഉൽപ്പാദനശേഷിയുള്ള വിത്തുൽപ്പാദനകേന്ദ്രം സ്ഥാപിക്കുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതിയും ആലപ്പുഴ ജില്ലയിൽ ശുദ്ധജല ആറ്റുകൊഞ്ചിന്റെ വിത്തുൽപ്പാദനത്തിനായി 50 ലക്ഷം ശേഷിയുള്ള ഹാച്ചറി സ്ഥാപിക്കുന്നതിന് 176.20 ലക്ഷം രൂപയുടെ ഭരണാനുമതിയും ഇതിലുൾപ്പെടുന്നു. മത്സ്യവിത്തുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ ഹാച്ചറികൾ സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലനോട് എന്നീ ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉൽപ്പാദനശേഷി വർദ്ധിപ്പിച്ചു. ഇതുവഴി സർക്കാർ ഹാച്ചറികളിലെ മത്സ്യവിത്തുൽപ്പാദനം 2016-17 സാമ്പത്തിക വർഷം 195.10 ലക്ഷത്തിൽനിന്നും 2021-22 സാമ്പത്തികവർഷം 601.96 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വളരെയേറെ ആവശ്യക്കാരുള്ളതും എന്നാൽ ഏറെ ക്ഷാമം നേരിടുന്നതുമായ കരിമീൻ മത്സ്യവിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി 4 ലക്ഷം വാർഷിക ഉൽപ്പാദനശേഷിയുള്ള ഓരോ ഹാച്ചറി കൊല്ലം ജില്ലയിലെ ഗവൺമെന്റ്

ഫിഷ് ഫാം ആയിരംതെങ്ങിലും തൃശ്ശൂർ ജില്ലയിലെ മോഡൽ ഷ്രിംപ് ഫാം പൊയ്യയിലും പ്രവർത്തിച്ചുവരുന്നു. ഇതേ ഉൽപ്പാദന ശേഷിയുള്ള മറ്റൊരു ഹാച്ചറി മോഡൽ ഷ്രിംപ് ഫാം പൊയ്യയിൽ നിർമ്മാണഘട്ടത്തിലുമാണ്. ഇതുകൂടാതെ കോഴിക്കോട് ജില്ലയിലെ കല്ലനോട് 18.80 ലക്ഷം രൂപയുടെയും കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിൽ 12.2 ലക്ഷം രൂപയുടെയും രണ്ട് തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതിനും ഇടുക്കി ജില്ലയിലെ ചെങ്കുളത്തും കോട്ടയം ജില്ലയിലെ പള്ളത്തും 1490.00 ലക്ഷം രൂപ അടങ്കൽ തുക വരുന്ന രണ്ട് കാർപ്പ് മത്സ്യവിത്ത് ഹാച്ചറി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

മത്സ്യവിത്തിന്റെ വിതരണം കാര്യക്ഷമമാക്കുന്നതിന് ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകൾ മത്സ്യകർഷകർക്ക് ലഭ്യമാക്കുന്നതിനും വകുപ്പിനുകീഴിലുള്ള ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ ഘട്ടത്തിലായിരിക്കുന്ന മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങൾ പൂർത്തിയാക്കുന്നതോടെയും നിലവിലുള്ള ഹാച്ചറികളുടെ നവീകരണത്തിലൂടെ ഉൽപ്പാദന വർദ്ധനവ് സാധ്യമാകുന്നതോടെയും മത്സ്യ വിത്തുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മത്സ്യത്തീറ്റ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ ആദ്യഘട്ടമായി കണ്ണൂർ തലായിൽ ഒരു മത്സ്യത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 298 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ആയതനുസരിച്ച് പദ്ധതി പ്രവർത്തനം പുരോഗമിച്ചുവരുന്നു.

## നെയ്യാർഡാം മത്സ്യ വിത്തുൽപ്പാദന കേന്ദ്രത്തിൽ നടപ്പാക്കി വരുന്ന പദ്ധതികൾ

295(4689) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർഡാം മത്സ്യ വിത്തുൽപ്പാദന കേന്ദ്രത്തിൽ നടപ്പാക്കി വരുന്ന പദ്ധതികളേയും അവയുടെ പുരോഗതിയെയും സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത കേന്ദ്രം അഡാക്ക് എന്ന ഏജൻസിക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാര്യകാരണസഹിതമുള്ള വിശദാംശം അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. 07.10.2020-ൽ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിന്റെ 13-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 20 ഹാച്ചറികളിൽ ആദ്യഘട്ടത്തിൽ നെയ്യാർ, കുളത്തൂപ്പുഴ, ഉള്ളണം, കല്ലാനോട് എന്നീ നാല് ഹാച്ചറികളുടെ ഓപ്പറേഷൻ & മെയിന്റനൻസ് അഡാക്കിന് കൈമാറുന്നതിന് തീരുമാനിക്കുകയും ആയതുപ്രകാരം ഫാം അഡാക്കിന് ഔട്ട്സോഴ്സ് ചെയ്യാൻ ഉത്തരവായിട്ടുമുണ്ട്. മേൽ ഹാച്ചറികൾ ADAK-ന് ഔട്ട്സോഴ്സ് ചെയ്യുന്നതിനുവേണ്ടി ഇൻവെന്ററി ലിസ്റ്റ് തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(സി) നെയ്യാർഡാം മത്സ്യ വിത്തുൽപ്പാദന കേന്ദ്രത്തിൽ വ്യാവസായിക അടിസ്ഥാനത്തിൽ മത്സ്യം ഉൽപ്പാദിപ്പിക്കുന്നത് ആലോചനയിലുണ്ടോ; വിശദമാക്കുമോ?

നിലവിലുള്ള കാർപ്പ് ഹാച്ചറി, GIFT ഹാച്ചറി എന്നിവയുടെ ഉൽപ്പാദനം പ്രതിവർഷം 50 ലക്ഷം വീതവും 8 ഹബ്ബുകളുടെ നവീകരണം പൂർത്തിയാകുന്നതോടെ തദ്ദേശീയ/അലങ്കാര മത്സ്യ യൂണിറ്റിന്റെ ഉൽപ്പാദനം 20 ലക്ഷവുമാക്കി പ്രതിവർഷം ആകെ 120 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. കൂടാതെ

തദ്ദേശീയ ഇനങ്ങൾക്ക് (അലങ്കാര മത്സ്യങ്ങൾ ഉൾപ്പെടെ) കൂടുതൽ പ്രാധാന്യം നൽകി വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത കേന്ദ്രത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

അലങ്കാര മത്സ്യ യൂണിറ്റിൽ നിലവിൽ കേടുപാട് സംഭവിച്ചുകിടക്കുന്ന ഒന്ന് മുതൽ അഞ്ചുവരെയുള്ള ഹബ്ബുകളുടെ നവീകരണത്തിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 250 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നവീകരണത്തിന് ലക്ഷ്യമിടുന്നു. അലങ്കാര മത്സ്യ യൂണിറ്റിന്റെ പ്രവർത്തനങ്ങളോടനുബന്ധിച്ച് കിണർ, ഫിൽട്രേഷൻ സിസ്റ്റം, എന്നിവയടങ്ങുന്ന 35 ലക്ഷം രൂപയുടെ 'ഡെവലപ്മെന്റ് ഓഫ് ഓർണമെന്റൽ ഫിഷ് കൾച്ചർ യൂണിറ്റ് ഇൻ നാഷണൽ ഫിഷ് സീഡ് ഫാം, നെയ്യാർ ഡാം' പദ്ധതിയും നടപ്പാക്കാനുദ്ദേശിക്കുന്നു. കൂടാതെ തദ്ദേശീയ ഇനം മത്സ്യങ്ങളുടെ (അലങ്കാരമത്സ്യ ഇനങ്ങൾ ഉൾപ്പെടെ) ഉൽപ്പാദനവും വിപണനവും വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്നതിനുവേണ്ടിയുള്ള പദ്ധതിയും ലക്ഷ്യമിടുന്നു.

**തവനൂർ മണ്ഡലത്തിൽ മിനി ഫിഷ് ലാന്റിംഗ് സെന്റർ**

296(4690) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തവനൂർ മണ്ഡലത്തിലെ പുറത്തൂർ പടിഞ്ഞാറെക്കരയിൽ മിനി ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

തവനൂർ മണ്ഡലത്തിലെ പുറത്തൂർ പടിഞ്ഞാറെക്കരയിൽ മിനി ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ആയതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**അഞ്ചുതെങ്ങ്-കഠിനംകുളം മത്സ്യവിപണന കേന്ദ്രം**

297(4691) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ അഞ്ചുതെങ്ങ്, കഠിനംകുളം എന്നീ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് മത്സ്യവിപണന കേന്ദ്രം ആരംഭിക്കുന്നതിനാവശ്യമായ തുകയുടെ 20% 2021-22-ലെ ബജറ്റിൽ വകയിരുത്തിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സ്വീകരിച്ച നടപടിയും അതിന്റെ പുരോഗതിയും വ്യക്തമാക്കുമോ?

(എ&ബി) അഞ്ചുതെങ്ങ് കഠിനംകുളം പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് മത്സ്യ വിപണന കേന്ദ്രം ആരംഭിക്കുന്നതിന് 2021-22-ലെ ബഡ്ജറ്റിൽ പ്രത്യേകിച്ച് തുകയൊന്നും വകയിരുത്തിയിരുന്നില്ല.

**ഇരിക്കൂർ മണ്ഡലത്തിലെ പദ്ധതികൾ**

298(4692) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-നുശേഷം ഇരിക്കൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഫിഷറീസ് വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+. 2016-നുശേഷം ഇരിക്കൂർ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പ്രവൃത്തികളൊന്നും നടപ്പാക്കിയിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പൂഞ്ഞാർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

299(4693) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഫിഷറീസ് വകുപ്പിന്റെ കീഴിൽ പൂഞ്ഞാർ മണ്ഡലത്തിൽ സുഭിക്ഷകേരളം, ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>സുഭിക്ഷ കേരളം</u>

പടുതാക്കുളം - 32 യൂണിറ്റ്

ബയോഫ്ളോക്ക് - 33 യൂണിറ്റ്

<u>ജനകീയ മത്സ്യ കൃഷി</u>

ബയോഫ്ളോക്ക് - 04 യൂണിറ്റ്

റിസർക്കുലേറ്ററി

അക്വാകൾച്ചർ സിസ്റ്റം - 03 യൂണിറ്റ്

കൂട് കൃഷി - 01 യൂണിറ്റ്

അർദ്ധ ഊർജ്ജിത

മത്സ്യകൃഷി - 831 സെന്റ്

<u>പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന</u>

റിസർക്കുലേറ്ററി

അക്വാകൾച്ചർ സിസ്റ്റം - 03

ബാക്ക് യാർഡ്

ഓർണമെന്റൽ യൂണിറ്റ് - 01

<u>മത്സ്യഫെഡ്</u>

പൂഞ്ഞാർ മണ്ഡലത്തിൽ മത്സ്യഫെഡ് വഴി സംസ്ഥാന സർക്കാർ ധനസഹായത്തോടുകൂടി ഈരാറ്റുപേട്ടയിൽ മത്സ്യഫെഡ് ഫിഷ് മാർട്ട് സ്ഥാപിച്ച് 21.10.2015-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് പ്രസ്തുത മണ്ഡലത്തിൽ ആവിഷ്കരിച്ചുവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>സുഭിക്ഷ കേരളം</u> - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതി.

വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി (പടുതാക്കുളം - 2 സെന്റ്)

ബയോഫ്ളോക്ക് - 20 m3

മുറ്റത്തൊരു മീൻത്തോട്ടം- 1/2 സെന്റ് പടുതാക്കുളം

<u>ജനകീയ മത്സ്യകൃഷി</u>

ബയോഫ്ളോക്ക് - 50 m3, 160 m3

റിസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം - 50 m3, 100 m3

ശുദ്ധജല കൂട് മത്സ്യകൃഷി

അർദ്ധ ഊർജ്ജിത മത്സ്യകൃഷി

എക്സ്റ്റൻസീവ് മത്സ്യകൃഷി

<u>പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന</u>

ബയോഫ്ളോക്ക് വനാമി - 160 m3

റിസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം - 100 m3

അലങ്കാര മത്സ്യകൃഷിക്കായുള്ള പദ്ധതികൾ

(ബാക്ക് യാർഡ് ഓർണമെന്റൽ റെയറിംഗ് യൂണിറ്റ്, മീഡിയം സ്കെയിലിൽ ഓർണമെന്റൽ റെയറിംഗ് യൂണിറ്റ്, ഇന്റഗ്രേറ്റഡ് ഓർണമെന്റൽ റെയറിംഗ് യൂണിറ്റ്)

**പള്ളിക്കര കുടുംബാരോഗ്യ കേന്ദ്രത്തിനായുള്ള കെട്ടിടനിർമ്മാണം**

300(4694) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പള്ളിക്കര കുടുംബാരോഗ്യ കേന്ദ്രത്തിന് തീരദേശ വികസന കോർപ്പറേഷൻ മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുക വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിലെ പള്ളിക്കര പ്രൈമറി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 187.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം നൽകുമോ?

പ്രസ്തുത പദ്ധതിക്കായുള്ള എസ്റ്റിമേറ്റിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ - പുതിയ കെട്ടിട നിർമ്മാണം | 151.91924 ലക്ഷം രൂപ |
| 2 | വൈദ്യുതീകരണം | 9.11515 ലക്ഷം രൂപ |
| 3 | ഉപകരണങ്ങൾ | 3.00 ലക്ഷം രൂപ |

(സി) പ്രസ്തുത എസ്റ്റിമേറ്റിൽ സിവിൽ വർക്ക് കൂടാതെ ആശുപത്രി ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത എസ്റ്റിമേറ്റിൽ ആശുപത്രി ഉപകരണങ്ങൾക്കായി 3.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2.99 ലക്ഷം രൂപ ആശുപത്രി ഫർണിച്ചറിനായി ചെലവഴിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുകയിൽ നീക്കിയിരിപ്പുണ്ടോ?

പ്രസ്തുത പദ്ധതിക്കായി നാളിതുവരെ 142.29658 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഭരണാനുമതി തുകയായ 187.00 ലക്ഷം രൂപയിൽ ചെലവായ തുക കിഴിച്ച് 44.70342 ലക്ഷം രൂപ അവശേഷിക്കുന്നുണ്ട്. പള്ളിക്കര പി.എച്ച്.സി.-യുടെ പണി പൂർത്തീകരിച്ച് 15.02.2021-ൽ ഉദ്ഘാടനം നിർവ്വഹിക്കുകയും 23.09.2021-ൽ പള്ളിക്കര ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്തു.

(ഇ) എങ്കിൽ കുടുംബാരോഗ്യ കേന്ദ്രത്തിന് ആശുപത്രി ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവ വാങ്ങുന്നതിന് പ്രസ്തുത തുക വിനിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കുടുംബാരോഗ്യ കേന്ദ്രത്തിന് ആശുപത്രി ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവ വാങ്ങുന്നതിന് പ്രസ്തുത തുക വിനിയോഗിക്കുന്ന കാര്യം തീരദേശ വികസന കോർപ്പറേഷൻ പരിശോധിച്ചുവരുന്നു.

## മഞ്ചേശ്വരം മണ്ഡലത്തിലെ കൊയ്പ്പാടി ഗവൺമെന്റ് എൽ.പി. സ്കൂളിന് ഭൂമി അനുവദിക്കുന്നതിനുള്ള നടപടി

301(4695) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള പഞ്ചായത്തിലെ കൊയ്പ്പാടി ഗവൺമെന്റ് എൽ.പി. സ്കൂളിന് സമീപം ഫിഷറീസ് വകുപ്പിന് ഭൂമിയുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഭൂമിയുടെ സർവ്വെ നമ്പർ, വിസ്തീർണ്ണം, ഭൂമിയുടെ തരം എന്നിവ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി ഫിഷറീസ് വകുപ്പിന് ഏത് വർഷമാണ് ലഭ്യമായത് എന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കാഞ്ഞങ്ങാട് ഓഫീസിലെ അസറ്റ് രജിസ്റ്റർ പ്രകാരം ഫിഷറീസ് വകുപ്പിന്റെ കൈവശം 223 Cent ഭൂമിയുണ്ട്. റീസർവ്വേ നം. 16/1-ൽ വരുന്ന പ്രസ്തുത ഭൂമി പുറമ്പോക്ക് ഭൂമിയാണ്.

(സി) പ്രസ്തുത ഭൂമി ഫിഷറീസ് വകുപ്പ് നിലവിൽ ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് ഉപയോഗിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികളുടെ മക്കൾ മാത്രം പഠിക്കുന്ന കൊയ്പ്പാടി ഗവൺമെന്റ് എൽ.പി. സ്കൂളിന് കളിസ്ഥലം, കുട്ടികളുടെ പാർക്ക് എന്നിവ നിർമ്മിക്കുന്നതിനായി പ്രസ്തുത ഭൂമിയുടെ ഒരു ഭാഗം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(സി&ഡി) പ്രസ്തുത ഭൂമിയിൽ ഇതിനുമുൻപ് സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് മറൈൻ ബ്ലോക്ക് കുമ്പള കാര്യാലയം പ്രവർത്തിച്ചിരുന്നു. ടി പ്രദേശം CRZ പരിധിയിൽ വരുന്നതിനാൽ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമല്ല.

**ഉപയോഗശൂന്യമായ വള്ളങ്ങൾ നീക്കം ചെയ്യുന്നതിനായി നടപടി**

302(4696) <u>ഡോ. കെ. ടി. ജലീൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ വള്ളങ്ങൾ തിരൂർ - പൊന്നാനി പുഴയുടെ പല ഭാഗങ്ങളിലായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം മത്സ്യബന്ധനത്തൊഴിലാളികളുടെ വലകളും വള്ളങ്ങളും കേടുവരുന്നതായി ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഉപേക്ഷിക്കപ്പെട്ട വള്ളങ്ങൾ നീക്കം ചെയ്യുന്നതിനും വള്ളങ്ങളുടെ ഉടമസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

(എ-സി) ഉപയോഗശൂന്യമായ വള്ളങ്ങൾ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ഇവമൂലം മത്സ്യത്തൊഴിലാളികളുടെ വലകളും വള്ളങ്ങളും കേടുവരുന്നതായി പരാതികൾ ലഭിച്ചിട്ടില്ല. പ്രസ്തുത വള്ളങ്ങളുടെ ഉടമസ്ഥരെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. കായൽ പട്രോളിംഗ് സമയത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള വള്ളങ്ങൾ നീക്കം ചെയ്യണമെന്ന് പ്രദേശവാസികളെ അറിയിച്ചിട്ടുണ്ട്. പൊന്നാനി ഹാർബറിനോട് ചേർന്ന ഭാഗത്താണ് ഉപേക്ഷിക്കപ്പെട്ട വള്ളങ്ങൾ കൂടുതലും കാണപ്പെടുന്നത്. ഇവയുടെ ഉടമസ്ഥരെ കണ്ടെത്തുന്നതിനും അവരെക്കൊണ്ടുതന്നെ ഇവ അവിടെനിന്നും നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. വള്ളങ്ങളുടെ ഉടമസ്ഥർ അവ നീക്കംചെയ്യാൻ വിസമ്മതിക്കുന്നപക്ഷം അവർക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്.

## കൊല്ലം മണ്ഡലത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പിന്റെ പദ്ധതികൾ

303(4697) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം മണ്ഡല പരിധിയിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പിന് കീഴിൽ പദ്ധതി/പദ്ധതി ഇതര വിഭാഗങ്ങളിലായി ഭരണാനുമതി ലഭിച്ചതും നടപ്പാക്കി വരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ

304(4698) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഇപ്പോൾ നടന്നുവരുന്ന തീരദേശ റോഡുകളുടെ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിൽ 4 റോഡുകളുടെ പ്രവൃത്തികളാണ് ഇപ്പോൾ നടന്നു വരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a. ചെറുകുന്ന് ശ്രീശക്തി ടാക്കീസ് – ദാലിൽ റോഡ് (58.00 ലക്ഷം)

b. കരയാട് – പുല്ലവള്ളി റോഡ് – കടന്നപ്പള്ളി – പാണാപ്പുഴ ഗ്രാമപഞ്ചായത്ത്. (91.40 ലക്ഷം)

c. എഴോം ചെങ്ങൽ വെസ്റ്റ് പള്ളിക്കണ്ടം മുട്ടുകണ്ടി റോഡ് (രണ്ടാം ഘട്ടം) (44.70 ലക്ഷം)

d. പോസ്റ്റ് ഓഫീസ് – മിനി സ്റ്റേഡിയം ചുണ്ടിലച്ചാൽ റോഡ് (60.60 ലക്ഷം)

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി ലഭിച്ച തീരദേശ റോഡുകൾ ഏതൊക്കെയാണ്; പ്രസ്തുത റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ 2 തീരദേശ റോഡുകൾക്ക് 105.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. എഴോം ചെങ്ങൽ വെസ്റ്റ് പള്ളിക്കണ്ടം മുട്ടുകണ്ടി റോഡ് (രണ്ടാം ഘട്ടം) (44.70 ലക്ഷം)

പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

2. പോസ്റ്റ് ഓഫീസ് - മിനി സ്റ്റേഡിയം ചുണ്ടിലച്ചൽ റോഡ് (60.60 ലക്ഷം).

കൾവർട്ട് പ്രവൃത്തി പൂർത്തീകരിച്ചു. സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി പുരോഗമിക്കുന്നു.

**മലമ്പുഴ മണ്ഡലത്തിലെ റോഡുകളുടെ നവീകരണം**

305(4699) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് നവീകരിക്കുന്നതെന്ന് അറിയിക്കാമോ; റോഡിന്റെ പേര്, അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നീ വിശദാംശം ലഭ്യമാക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ കോരയാർ പുഴ കോളയക്കോട് കുന്നാച്ചി റോഡ് നവീകരണം

അനുവദിച്ച തുക - 50 ലക്ഷം

പ്രവൃത്തി ടെണ്ടർ ചെയ്ത് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. ഉടൻതന്നെ കരാറിലേർപ്പെടുന്നതാണ്.

## മലപ്പുറത്ത് മിനി ഹാർബറുകൾ

306(4700) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി മിനി ഹാർബറുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ മലപ്പുറം ജില്ലയിൽ എവിടെയൊക്കെയാണ് മിനി ഹാർബറുകൾ ആരംഭിക്കുന്നതെന്ന് അറിയിക്കുമോ;

(സി) തിരൂർ മണ്ഡലത്തിലെ പറവണ്ണയിൽ മിനി ഹാർബർ അനുവദിക്കണമെന്ന വർഷങ്ങളായുള്ള ആവശ്യം സർക്കാർ പരിഗണിക്കുമോ?

(എ-സി) സംസ്ഥാനത്ത് പുതുതായി മിനി ഹാർബറുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## തീരദേശ വികസന കോർപ്പറേഷൻ പ്രവൃത്തികൾ

307(4701) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം മണ്ഡലപരിധിയിൽ കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്നതിനായി 2020-21 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതിസഹിതം വിശദവിവരം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

## ആധുനികരീതിയിലുള്ള മത്സ്യമാർക്കറ്റ് പണിയുന്നതിനായുള്ള നടപടികൾ

308(4702) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒന്നാംഗ്രേഡ് നഗരസഭയായ പയ്യന്നൂർ നഗരസഭയ്ക്ക് ആധുനികരീതിയിലുള്ള മത്സ്യമാർക്കറ്റ് നിലവിലില്ലാത്തതിനാൽ മത്സ്യമാർക്കറ്റ് പണിയുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്ത് ആധുനിക മത്സ്യമാർക്കറ്റ് പണിയാനാവശ്യമായ ഫണ്ട് തീരദേശ വികസന കോർപ്പറേഷൻ വഴി അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

കിഫ്ബി ധനസഹായത്തോടെ ആധുനികവത്കരിക്കുന്ന മാർക്കറ്റുകളിൽ പയ്യന്നൂർ നഗരസഭയിലുള്ള മത്സ്യമാർക്കറ്റ് ഉൾപ്പെട്ടിട്ടില്ല.

## മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന ഭൗതികസൗകര്യ വികസനം

309(4703) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

(എ&ബി) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിനുവേണ്ടി ഇരുകരകളിലുമായി യഥാക്രമം 490 മീറ്റർ, 520 മീറ്റർ നീളത്തിലുള്ള രണ്ട് പുലിമുട്ടുകളുടെ നിർമ്മാണം നേരത്തേ പൂർത്തീകരിച്ചിരുന്നു. എന്നാൽ മത്സ്യബന്ധന യാനങ്ങളുടെ സുഗമമായ സഞ്ചാരം ഉറപ്പ് വരുത്തുന്നതിനായി വടക്കേ പുലിമുട്ടിന്റെ നീളം 200 മീറ്റർ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തി കെ.ഡി.പി. പദ്ധതിയിലുൾപ്പെടുത്തി 2021 ജൂൺ മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

2. മഞ്ചേശ്വരം-ഉപ്പള പുഴകളിൽനിന്നും മണ്ണ് ഒലിച്ചിറങ്ങി ഹാർബർ ബേസിനിൽ രൂപംകൊണ്ട മണൽത്തിട്ട ഡ്രെഡ്ജ് ചെയ്ത് നീക്കം ചെയ്യുന്നതിനായി 99 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും സാങ്കേതികാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ചുവരികയും ചെയ്യുന്നു.

3. മഞ്ചേശ്വരം ഹാർബറിൽ വള്ളങ്ങൾ അടുപ്പിക്കുന്നതിനുള്ള ലോ ലെവൽ ജെട്ടി, ലേല ഹാൾ, പാർക്കിംഗ് ഏരിയ എന്നിവ

നിർമ്മിക്കുന്നതിനായി 583 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

4. മഞ്ചേശ്വരം ഫിഷറീസ് ഹാർബറിന്റെ തെക്കുഭാഗത്ത് ബീച്ച് സ്റ്റെബിലൈസേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും പ്രവൃത്തിയുടെ തുടർച്ചയായി കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ് (കെ.ഡി.പി.)-യിൽ ഉൾപ്പെടുത്തി അറേഞ്ച് ചെയ്തിട്ടുള്ള കണ്ണങ്കള-കുറിച്ചിപ്പള്ള റോഡ് നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

5. മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിന്റെ ബ്രിഡ്ജ് നിർമ്മാണത്തിന് പുതുക്കിയ ഡിസൈൻ പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരത്തിനായി കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ് (കെ.ഡി.പി.), ഡിസ്ട്രിക്ട് ലെവൽ കൺസൾട്ടേറ്റീവ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്.

## കലാകാരന്മാർക്കുള്ള കോവിഡ്-19 ധനസഹായ പദ്ധതി

310(4704) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാർക്കുള്ള കോവിഡ്-19 സമാശ്വാസ ധനസഹായ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കലാകാരന്മാർക്ക് ആകെ എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സാംസ്കാരിക വകുപ്പും സാംസ്കാരിക അക്കാദമിയും മുഖേനയുള്ള ധനസഹായത്തിന് അപേക്ഷിക്കാൻ സാധിക്കാതിരുന്ന കലാകാരന്മാർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

(എ-സി) കോവിഡ് മഹാമാരിമൂലം ഉപജീവനം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും സാംസ്കാരിക മേഖലയിലെ അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1000/- രൂപ വീതം രണ്ടുമാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചുകൊണ്ട് 16.04.2020-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 191/2020/സാം.കാ.വ പ്രകാരം കലാകാരന്മാർക്ക് 640 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ്

ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 30,000 കലാകാരന്മാർക്കും സാംസ്കാരിക മേഖലയിലെ അനുബന്ധ പ്രവർത്തകർക്കുംകൂടി സമാശ്വാസ ധനസഹായമായി 1000/-രൂപാ വീതം അനുവദിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 29,050 കലാകാരന്മാർക്കും സാംസ്കാരിക മേഖലയിലെ അനുബന്ധ പ്രവർത്തകർക്കും 290.50 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

കോവിഡ്-19 സമാശ്വാസ സഹായ പദ്ധതി പ്രകാരം 4289 അംഗങ്ങൾക്ക് കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് മുഖേന 1,30,32,000/- (ഒരു കോടി മുപ്പത് ലക്ഷത്തി മുപ്പത്തി രണ്ടായിരം) രൂപ നൽകിയിട്ടുണ്ട്.

(ഡി) കലാകാരന്മാർക്കുള്ള സമാശ്വാസ ധനസഹായ പദ്ധതി തുടർന്നും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കലാകാരന്മാർക്കുള്ള സമാശ്വാസ ധനസഹായ പദ്ധതി കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലാണ് നൽകിവന്നത്. കോവിഡ്-19 സാഹചര്യം മാറി ജനജീവിതം സാധാരണഗതിയിലായ സ്ഥിതിക്ക് പ്രസ്തുത പദ്ധതി തുടരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**കോഴിക്കോട് ജില്ലയിലെ സാംസ്കാരിക മന്ദിര നിർമ്മാണം**

311(4705) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച ഉമ്പായി അക്കാദമി, ഷാർജ കൾച്ചറൽ പ്രോജക്ട് എന്നീ പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഉമ്പായി മ്യൂസിക് അക്കാദമിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുക നടപ്പ് സാമ്പത്തിക വർഷത്തെ 2205-00-102-08-57 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ അധിക ധനസഹായമായി വകയിരുത്തിയിട്ടുണ്ട്. ഈ തുക റിലീസ് ചെയ്യുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

കോഴിക്കോട് ജില്ലയിൽ ഇൻഡോ ഷാർജ കൾച്ചറൽ സെന്റർ, അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക സമുച്ചയം എന്നിവ

സ്ഥാപിക്കുന്നതിനായി 30.40 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു.

11.05.2022-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, കൂടുതൽ അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനുള്ള നിർദ്ദേശം കോഴിക്കോട് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. കൂടാതെ, പ്രവാസികാര്യ വകുപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര വിദേശകാര്യ മന്ത്രാലയം മുഖാന്തരം പ്രസ്തുത സെന്ററിനായി ഷാർജ ഗവൺമെന്റിന്റെ സഹകരണം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഈ പദ്ധതി നോർക്കയും സാംസ്കാരികകാര്യ വകുപ്പും സംയുക്തമായി നടപ്പാക്കാനാണുദ്ദേശിക്കുന്നത്.

(ബി) ഈ പദ്ധതികൾ എന്ന് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കാലതാമസം കൂടാതെതന്നെ ഈ പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

## കൊല്ലത്ത് ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയ നിർമ്മാണം

312(4706) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ, ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൊല്ലം ജില്ലയിലെ ശ്രീനാരായണഗുരു നാമധേയത്തിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2022 ഓഗസ്റ്റ് മാസം പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) പ്രസ്തുത സമുച്ചയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി ഏർപ്പെടുത്തേണ്ട സംവിധാനം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## തിരുവമ്പാടിയിൽ കുടിയേറ്റ സ്മാരക നിർമ്മാണം

313(4707) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിയേറ്റ ജനതയുടെ സംഗമസ്ഥാനമായ തിരുവമ്പാടിയിൽ സാംസ്കാരിക വകുപ്പിനുകീഴിൽ അനുയോജ്യമായ കുടിയേറ്റ സ്മാരകം നിർമ്മിക്കുന്നതിന് വിശദമായ പദ്ധതിരേഖ തയ്യാറാക്കാൻ നടപടികൾ സ്വികരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

## സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പെൻഷൻ

314(4708) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളായ, അംശദായം പൂർണമായും അടച്ചുതീർത്ത, 60 വയസ്സ്

പൂർത്തിയായ പുരാണ പാരായണ കലാകാരന്മാർക്കും മറ്റും നാളിതുവരെ പെൻഷൻ ലഭിച്ചുതുടങ്ങിയിട്ടില്ലാത്ത സാഹചര്യം നിലവിലുണ്ടോ?

പുരാണ പാരായണ വിഭാഗക്കാർക്ക് നിലവിൽ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽനിന്നും പെൻഷൻ അനുവദിച്ചുവരുന്നില്ല. പുരാണപാരായണ കലാസംഘടന പുരാണപാരായണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിരിക്കുന്ന റിട്ട് ഹർജിയിൽ തീർപ്പുണ്ടാകുന്ന മുറയ്ക്ക് മാത്രമേ ക്ഷേമനിധി അംഗത്വവും പെൻഷനും നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ബി) കൊല്ലം ജില്ലയിൽ 60 വയസ്സ് പൂർത്തിയായിട്ടുള്ളതും ക്ഷേമനിധി പെൻഷൻ ലഭിക്കാൻ ശേഷിക്കുന്നതുമായ പുരാണ പാരായണ കലാകാരന്മാരുടെ എണ്ണം വ്യക്തമാക്കുമോ?

260 പേർ.

(സി) പ്രസ്തുത ക്ഷേമനിധിയിൽ അംഗമായ, 2021 മാർച്ച് മാസം വരെയുള്ള അംശദായം പൂർണമായും അടച്ചുതീർത്ത, 60 വയസ്സ് പൂർത്തിയായ, പുനലൂർ മണ്ഡലത്തിലെ പുരാണ പാരായണ കലാകാരനായ പനയഞ്ചേരി പുതിയ പാലവിള വീട്ടിൽ തുളസീധരൻ പിള്ള. എം.-ന്

പെൻഷൻ നൽകിത്തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത വ്യക്തിക്ക് പെൻഷൻ എന്നത്തേയ്ക്ക് നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

നിലവിൽ പെൻഷൻ അനുവദിച്ചിട്ടില്ല. പുരാണപാരായണ കലാസംഘടന ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിരിക്കുന്ന റിട്ട് ഹർജിയിൽ തീർപ്പുണ്ടാകുന്നമുറയ്ക്ക് മാത്രമേ ക്ഷേമനിധി അംഗത്വവും പെൻഷനും നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ**

315(4709) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പാക്കുന്ന നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിക്കാൻ ഉത്തരവായിട്ടുള്ളതെന്ന് അറിയിക്കാമോ?

കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി എല്ലാ ജില്ലാ

കേന്ദ്രങ്ങളിലും വിവിധ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നിലനിൽക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധമായ വിശദവിവരങ്ങൾ അനുബന്ധമായി

ചേർത്തിരിക്കുന്നു +.

(സി) ഭൂമിയേറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കി പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഭൂമിയേറ്റെടുക്കൽ പൂർത്തിയാകാത്ത ജില്ലകളിൽ അതിനുവേണ്ട നടപടികൾ വേഗത്തിലാക്കി പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാൻ ശ്രമിക്കുകയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കലാകാരന്മാരുടെ ക്ഷേമനിധിയിൽ അംഗത്വം

316(4710) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാരുടെ ക്ഷേമനിധി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ പുതിയ അംഗത്വമെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് നിലവിൽ തിരുവനന്തപുരം ശാസ്തമംഗലം ശ്രീരാമകൃഷ്ണ മിഷൻ ആശുപത്രി റോഡിൽ റ്റി.സി. 22/2031 രാധാനിവാസ് എന്ന കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ കലാസാംസ്കാരിക, സാഹിത്യ മേഖലയിലുള്ളവർക്ക് നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖകളും ഫീസും സഹിതം സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ചും അക്കാദമികൾ/സാംസ്കാരിക സ്ഥാപനങ്ങൾ/സംഘടനകൾ എന്നിവ അംഗീകാരം നൽകുന്ന മുറയ്ക്കും ക്ഷേമനിധി ബോർഡ് അംഗത്വം നൽകിവരുന്നു.

(ബി) കലാകാരന്മാരുടെ ക്ഷേമത്തിനായി സാംസ്കാരിക വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; അവ മുഴുവൻ കലാകാരന്മാർക്കും ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന കലാകാര പെൻഷൻ, ചികിത്സാ ധനസഹായം എന്നീ പദ്ധതികളാണ് കലാകാരന്മാരുടെ ക്ഷേമത്തിനായി സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പാക്കി വരുന്നത് .

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള കലാകാരന്മാർക്ക് ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, കോവിഡ് ധനസഹായം എന്നിവയും നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മുഴുവൻ കലാകാരന്മാർക്കും ലഭ്യമാക്കുന്നതിനായി എല്ലാ ജില്ലകളിലും മെമ്പർഷിപ്പ് ക്യാമ്പയിൻ നടത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

## സാംസ്കാരിക പ്രവർത്തക ക്ഷേമനിധി

317(4711) <u>ശ്രീ. ടി. പി .രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക പ്രവർത്തക ക്ഷേമനിധി വഴി എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും നിലവിൽ 3568 പേർക്ക് പ്രതിമാസം 4000/- രൂപ വീതം പെൻഷൻ നൽകിവരുന്നു.

(ബി) പ്രസ്തുത പെൻഷനുവേണ്ടി ഏതെല്ലാം വിഭാഗത്തിലുള്ള കലാകാരൻമാരെയാണ് തെരഞ്ഞെടുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കലാകാരൻമാരുടെ പെൻഷൻ പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിനും കൂടുതൽ കലാകാരൻമാർക്ക് പെൻഷൻ നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

(ബി&സി) സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗത്വം ലഭിച്ച് അംശദായം അടച്ച അംഗത്തിന് 60 വയസ്സ് തികയുന്ന മുറയ്ക്ക്

ക്ഷേമനിധി പെൻഷൻ അനുവദിച്ചുവരുന്നു. 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ കലാസാംസ്കാരിക, സാഹിത്യ മേഖലയിലുള്ളവർക്ക് നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖകളും നിശ്ചിതഫീസും സഹിതം അപേക്ഷ സമർപ്പിക്കാവുന്നതും ബന്ധപ്പെട്ട അക്കാദമികളിൽനിന്നോ സ്ഥാപനങ്ങളിൽ നിന്നോ സംഘടനകളിൽനിന്നോ അംഗീകാരം കിട്ടുന്ന മുറയ്ക്ക് ക്ഷേമനിധി അംഗത്വം നൽകിവരികയും ചെയ്യുന്നു.

മെമ്പർഷിപ്പ് ക്യാമ്പയിൻ എല്ലാ ജില്ലകളിലും നടത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

**തെയ്യം കലാകാരൻമാർക്ക് സാമ്പത്തിക സഹായം**

318(4712) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ) കോവിഡുമൂലം തെയ്യം കലാകാരൻമാർക്ക് തൊഴിൽ ചെയ്യാൻ സാധിക്കാത്തതിനാൽ എന്തെങ്കിലും സാമ്പത്തിക സഹായം അനുവദിക്കാൻ സാധിക്കുമോ. വിശദമാക്കാമോ?

കോവിഡ് മഹാമാരിമൂലം ഉപജീവനം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1000/- രൂപാ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചുകൊണ്ട് 16.04.2020-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 191/2020/സാം.കാ.വ. പ്രകാരം കലാകാരന്മാർക്ക് 640 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 30,000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കുംകൂടി സമാശ്വാസ ധനസഹായമായി 1000/- രൂപാ വീതം അനുവദിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും 290.50 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത ധനസഹായ പദ്ധതികളിൽ തെയ്യം കലാകാരന്മാരുമുൾപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കലാകാരൻമാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം മുഖേന അർഹരായ കലാകാരൻമാർക്ക് പ്രതിമാസ ക്ഷേമപെൻഷനും ചികിത്സാ ധനസഹായവും നൽകിവരുന്നു. ടി പദ്ധതിയിൽ അർഹരായ തെയ്യം കലാകാരൻമാരും ഉൾപ്പെടുന്നു.

നാടൻകലാ രംഗത്ത് പ്രവർത്തിക്കുന്ന, രോഗംമൂലം അവശത അനുഭവിക്കുന്ന കലാകാരൻമാർക്ക് രോഗത്തിന്റെ കാഠിന്യം അനുസരിച്ച് പരമാവധി 25000/- രൂപ വരെ ചികിത്സാ സഹായമായി ഫോക്‌ലോർ അക്കാദമി അനുവദിക്കുന്നുണ്ട്. കൂടാതെ അന്യം നിന്നുപോകുന്ന നാടൻകലകൾ പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുന്നതിനുവേണ്ടി നാടൻകല അഭ്യസിക്കുന്ന 10 വയസ്സു മുതൽ 17 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് പ്രതിമാസം 300 രൂപ സ്റ്റൈപ്പന്റ് ഒരു വർഷത്തേയ്ക്ക് നൽകിവരുന്നുണ്ട്. തെയ്യം ഉൾപ്പെടെയുള്ള വിവിധ നാടൻ നാട്ടുകലകളിൽ പ്രാവിണ്യം നേടിയ കലാകാരൻമാർക്ക് പ്രതിവർഷം പുരസ്കാരങ്ങളും അക്കാദമി നൽകി വരുന്നുണ്ട്.

## സാംസ്കാരിക സ്ഥാപനങ്ങളുടെ വികസനം

319(4713) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക സ്ഥാപനങ്ങളുടെയും കേന്ദ്രങ്ങളുടെയും വികസനത്തിനായി നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് ഇനംതിരിച്ച് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) സാംസ്കാരിക സ്ഥാപനങ്ങൾക്ക് വാർഷിക ഗ്രാന്റായി ഇപ്പോൾ എത്ര രൂപയാണ് നൽകുന്നത്. ഇത് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള വാർഷിക ഗ്രാന്റ് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നത് പരിശോധിച്ച് നടപടി സ്വീകരിച്ച് വരുന്നുണ്ട്+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മോയിൻ കുട്ടി വൈദ്യർ മാപ്പിള അക്കാദമിക്ക് പുതുക്കിയ ഗ്രാന്റ്**

320(4714) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി മോയിൻകുട്ടി വൈദ്യർ അക്കാദമിയിൽ ഈ വർഷം ഏതെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബദറുൽ മുനീർ ഹുസ്നുൽ ജമാൽ 150-ാം വാർഷികം ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികളോടെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഉദ്ഘാടനം മുൻ സാംസ്കാരിക വകുപ്പുമന്ത്രി ജൂലൈ 04-ന് കോഴിക്കോടുവച്ച് നിർവ്വഹിച്ചു.

'സമം' പദ്ധതി, 'സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവം', 1921 മലബാർ മഹാസമരത്തിന്റെ 100-ാം വാർഷികം സമാപനം എന്നിവയുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ അക്കാദമി ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ അന്ധരായ മാപ്പിളപ്പാട്ട് പഠിതാക്കൾക്കുള്ള ബ്രെയിലി ലിപിയിലുള്ള പുസ്തകങ്ങൾ പുറത്തിറക്കൽ, അക്കാദമിയുടെ സ്കൂൾ ഓഫ് മാപ്പിള ആർട്സ് വിവിധ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കൽ, ഡിപ്പാർട്ട്മെന്റ് ഓഫ് ഓഷ്യാനിക്

സ്റ്റഡീസ് അക്കാദമി ലൈബ്രറിയിൽ ആരംഭിക്കൽ എന്നീ പദ്ധതികളും ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഈ വർഷത്തെ പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ എത്ര രൂപ ബജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ 6,00,000/-രൂപയും (ആറു ലക്ഷം രൂപാ മാത്രം) നോൺ പ്ലാനിൽ 25,00,000/-രൂപയും (ഇരുപത്തി-യഞ്ച് ലക്ഷം രൂപാ മാത്രം) ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്.

(സി) ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് ചർച്ചയുടെ മറുപടിയിൽ പ്രഖ്യാപിച്ച വർദ്ധനവ് ഈ വർഷംതന്നെ അനുവദിച്ച് കിട്ടുവാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## യുവജനങ്ങൾക്ക് സൗജന്യ ലീഗൽ ഗൈഡൻസ്

321(4715) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ യുവജനങ്ങൾക്ക് സൗജന്യ ലീഗൽ ഗൈഡൻസ് നൽകുന്ന സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സാമ്പത്തികവും സാമൂഹികവുമായി ഏറെ പിന്നാക്കം നിൽക്കുന്ന യുവജനങ്ങളിൽ നിയമസഹായം ആവശ്യമുള്ളവർക്ക് ഒരു ടോൾഫ്രീ നമ്പരിലൂടെ സൗജന്യ നിയമസഹായം നൽകുന്നതിനുവേണ്ടി കേരള സംസ്ഥാന യുവജന കമ്മീഷൻ ആരംഭിച്ച പദ്ധതിയാണ് "യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ" . പ്രസ്തുത ടോൾഫ്രീ നമ്പർ ഐ.&പി.ആർ.ഡി. മുഖേനയും കമ്മീഷന്റെ ഫെയ്സ് ബുക്ക് പേജ് മുഖേനയും KSRTC ബസുകൾ മുഖേനയും പരസ്യം നൽകി സംസ്ഥാനത്തുടനീളം പ്രചരിപ്പിച്ചിട്ടുണ്ട്. സൗജന്യ നിയമസഹായം നൽകുന്നതിനായി രണ്ട് പേരടങ്ങുന്ന നിയമ വിദഗ്ധരുടെ പാനൽ രൂപീകരിച്ച് ആയതിന്റെ പ്രവർത്തനം 2019-20 സാമ്പത്തിക വർഷം മുതൽ സജ്ജമാക്കിയിട്ടുണ്ട്. ലീഗൽ അഡ്വൈസർമാരെയും ടോൾഫ്രീ നമ്പറായ ‘ 7511100900’ -നെയും

ബന്ധിപ്പിക്കുന്നതിന് ഒരു പ്ലാറ്റ്ഫോമും ഡെവലപ്പ് ചെയ്തിട്ടുണ്ട്. ടോൾഫ്രീ നമ്പർ ടി പ്ലാറ്റ്ഫോമുമായി ലിങ്ക് ചെയ്ത് നിയമ വിദഗ്ദ്ധരുടെ സേവനം നിരന്തരം ലഭ്യമാക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കിയിട്ടുണ്ട്.

**അഗ്രിഫെസ്റ്റിന്റെ ചെലവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം**

322(4716) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 സർക്കാരിന്റെ കാലത്ത് മാനന്തവാടിയിൽ നടന്ന അഗ്രിഫെസ്റ്റ് പരിപാടിയുമായി ബന്ധപ്പെട്ട് യുവജനകാര്യ വകുപ്പ് ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള വിജിലൻസ് അന്വേഷണം നിലവിലുണ്ടോ?

ഉണ്ട്.

(ബി) യുവജനകാര്യ വകുപ്പ് ചെലവാക്കിയ തുകയുടെ കൃത്യമായ കണക്ക് വകുപ്പിന്റെ കയ്യിലുണ്ടോ;

(സി) എങ്കിൽ അത് എത്ര രൂപയാണെന്നും ഈ തുക എന്തിനൊക്കെ ചെലവാക്കിയതാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

(ബി & സി) ട്രൈബൽ ഫെസ്റ്റിന്റെ ചെലവുകൾക്കായി വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർക്ക് 20 ലക്ഷം രൂപ അനുവദിക്കുകയും പ്രോഗ്രാം നടത്തേണ്ടത് വർക്കിംഗ് ചെയർമാൻ നാഷണൽ അഗ്രിഫെസ്റ്റും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും മുഖേന ആകേണ്ടതുമാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർക്ക് അനുവദിച്ച 20 ലക്ഷം രൂപയിൽനിന്ന് അഗ്രിഫെസ്റ്റ് സംഘാടക സമിതി ചെയർമാനായിരുന്ന മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് കൈമാറിയ 10 ലക്ഷം രൂപയുടെ ചെലവ് കണക്ക് ലഭ്യമല്ല. ബാക്കി 10 ലക്ഷം രൂപയുടെ ചെലവ് കണക്ക് ചുവടെ ചേർക്കുന്നു.

<table>
<tr><td>കലാപരിപാടികൾ</td><td>9,79,000/-രൂപ</td></tr>
<tr><td>യാത്രാബത്ത</td><td>960/- രൂപ</td></tr>
<tr><td>ഭക്ഷണം</td><td>1,694/-രൂപ</td></tr>
<tr><td>ആകെ</td><td>9,81,654/- രൂപ</td></tr>
<tr><td colspan="2">ബാക്കി 18,346/-രൂപ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ നിക്ഷേപിച്ചു.</td></tr>
</table>

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00AM]

## II ചട്ടം 64 അനുസരിച്ചുള്ള പ്രസ്താവന

മന്ത്രിസ്ഥാനം രാജിവച്ചത് സംബന്ധിച്ച്

ശ്രീ. സജി ചെറിയാൻ: സർ, പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളിയിൽ നടന്ന പരിപാടിയിൽ ഞാൻ ഭരണഘടനയെ വിമർശിച്ചുവെന്ന രീതിയിൽ വന്ന വാർത്ത വളച്ചൊടിക്കപ്പെട്ടതാണ്. ഭരണഘടനയെ ബഹുമാനിക്കുകയും അതിന്റെ ഉദാത്തമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന പൊതുപ്രവർത്തകനാണ് ഞാൻ. ഞാനുൾപ്പെടുന്ന പ്രസ്ഥാനം ഭരണഘടനയെയും അതിലെ മൂല്യങ്ങളെയും സംരക്ഷിക്കണമെന്ന ആവശ്യം രാജ്യത്തെമ്പാടും ഉയർത്തിപ്പിടിക്കുന്നവരുടെ കൂട്ടത്തിൽ മുൻപന്തിയിലാണ്. 'We, the people of India, having solemnly resolved to constitute India into a Sovereign Socialist Secular Democratic Republic and to secure to all citizens: Justice, social, economic and political; Liberty of thought, expression, belief, faith and worship; Equality of status and of opportunity; and to promote among them all. Fraternity assuring the dignity of the individual and the unity and integrity of the Nation:' ഈ അടിസ്ഥാന മൂല്യങ്ങൾ ഞാനും എന്റെ പ്രസ്ഥാനവും

ഉയർത്തിപ്പിടിക്കുന്നതാണ്. ഞാൻ നടത്തിയ പ്രസംഗത്തിൽ രാജ്യത്തിന്റെ മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പരാമർശിക്കപ്പെടുകയുണ്ടായി. സമത്വത്തിനുള്ള അവകാശം (ആർട്ടിക്കിൾ 14 മുതൽ 18 വരെ), സ്വാതന്ത്ര്യത്തിനുള്ള അവകാശം (ആർട്ടിക്കിൾ 19 മുതൽ 22 വരെ), ചൂഷണത്തിനെതിരായ അവകാശം (ആർട്ടിക്കിൾ 23 & 24), മത സ്വാതന്ത്ര്യത്തിനുള്ള അവകാശം (ആർട്ടിക്കിൾ 25 മുതൽ 28 വരെ), സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം (ആർട്ടിക്കിൾ 29 മുതൽ 30 വരെ), ഭരണഘടനാപരമായ പ്രതിവിധിക്കുള്ള അവകാശം (ആർട്ടിക്കിൾ 32) എന്നീ മൗലികാവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നതായിരുന്നു എന്റെ പ്രസംഗത്തിന്റെ ഉള്ളടക്കം. ഭരണഘടനയിലെ നിർദ്ദേശക തത്വങ്ങളിൽ സാമൂഹ്യനീതിയും സാമ്പത്തിക സുരക്ഷയും എല്ലാവർക്കും ഉറപ്പുവരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവ നടപ്പിലാക്കി കിട്ടണമെന്ന ആവശ്യവുമായി കോടതിയെ സമീപിക്കാനുള്ള അവകാശം ഭരണഘടനയിലില്ല. രാജ്യത്ത് ചൂഷണം ചെയ്യപ്പെടുന്ന ജനകോടികൾക്ക് നീതി ലഭിക്കണമെങ്കിൽ ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങൾക്ക് കൂടുതൽ ശാക്തീകരണം അനിവാര്യമാണ്. അല്ലെങ്കിൽ വർദ്ധിച്ചുവരുന്ന അസമത്വങ്ങളെ പ്രതിരോധിക്കാൻ ഭരണഘടനയ്ക്ക് ശക്തിയുണ്ടാകുകയില്ലെന്ന

ആശങ്കയാണ് എന്റേതായ വാക്കുകളിൽ പ്രകടിപ്പിച്ചത്. ഒരിക്കൽപ്പോലും ഭരണഘടനയ്ക്കെതിരായി കാര്യങ്ങൾ പറയാനോ അവമതിപ്പുണ്ടാക്കാനോ ഞാൻ ഉദ്ദേശിച്ചിട്ടില്ല. മാർക്സിസം നിരീക്ഷിക്കുന്ന അടിമത്തം, നാടുവാഴിത്തം, മുതലാളിത്തം, സോഷ്യലിസം, കമ്മ്യൂണിസം എന്നീ മനുഷ്യരാശിയുടെ വിവിധ ഘട്ടങ്ങളിലെ വളർച്ചയെക്കുറിച്ച് എന്റെ പ്രസംഗത്തിൽ പ്രതിപാദിക്കുകയും സാമൂഹിക വികാസത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ച് കാറൽ മാർക്സാണ് ശരിയായി വിലയിരുത്തിയിട്ടുള്ളതെന്ന് പറയുകയും ചെയ്തു. വർഗ്ഗസമരത്തിന്റെ പ്രശസ്തിയെയും ചരിത്രപരവും വൈവിധ്യാത്മകവുമായ ഭൗതികവാദത്തെയും മിച്ചമൂല്യ സിദ്ധാന്തത്തെ പരാമർശിച്ചുകൊണ്ട് രാജ്യത്ത് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർദ്ധിക്കുന്നതിനെയും ശതകോടീശ്വരന്മാരെ സൃഷ്ടിക്കപ്പെടുന്നതിനെയും കുറിച്ചെല്ലാം ഞാൻ സംസാരിച്ചു. സ്വതന്ത്ര ഭാരതത്തിൽ ഭരണകൂട സംവിധാനങ്ങൾ ഈ തത്വങ്ങൾ നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടതിന്റെ ഫലമായി സാമ്പത്തിക-സാമൂഹിക അസമത്വങ്ങൾ വർദ്ധിക്കുകയാണുണ്ടായത്. നിർദ്ദേശകതത്വങ്ങൾക്ക് ഊടും പാവും നൽകുന്ന നിയമം നിർമ്മിക്കാൻ ശ്രമിച്ച സംസ്ഥാനത്തെ ഇടതുപക്ഷ സർക്കാരുകളെ ഭരണഘടനയുടെ വകുപ്പുകൾ ദുരുപയോഗം ചെയ്തുകൊണ്ട്

അട്ടിമറിച്ച അനുഭവവും നമ്മുടെ മുന്നിലുണ്ട്. ഇതിനെക്കുറിച്ചും ഞാൻ പ്രസംഗത്തിൽ പരാമർശിച്ചിട്ടുണ്ട്. ഇന്ന് നമ്മുടെ രാജ്യത്തെ സംസ്ഥാനങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗവൺമെന്റുകളെ ഭൂരിപക്ഷം നോക്കാതെ അട്ടിമറിക്കുന്ന ഭരണകൂട നിലപാടുകളും എന്റെ പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മതനിരപേക്ഷത, ജനാധിപത്യം, ഫെഡറലിസം എന്നീ തത്വങ്ങൾ വർത്തമാനകാലത്ത് കടുത്ത വെല്ലുവിളി നേരിടുന്നുവെന്നതായിരുന്നു എന്റെ പ്രസംഗത്തിന്റെ കാതൽ. കാശ്മീർ പ്രശ്നം, പൗരത്വ ഭേദഗതി ബിൽ, കാർഷിക നിയമങ്ങൾ, മാധ്യമ സ്വാതന്ത്ര്യത്തിനുനേരെയുള്ള കടന്നുകയറ്റം എന്നിവ ഉദാഹരണങ്ങളായും പറയുകയുണ്ടായി. തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് നിലവിലുണ്ടായിരുന്ന നിയമങ്ങളെല്ലാം റദ്ദാക്കിക്കൊണ്ട് ലേബർ കോഡുകൾ രാജ്യത്ത് അടിച്ചേൽപ്പിച്ചത് കൊടിയ ചൂഷണത്തിന് വഴിവയ്ക്കുമെന്നും രാജ്യത്തെ ഭരണകൂട സംവിധാനങ്ങൾ സ്വീകരിക്കുന്ന ഇത്തരം നയങ്ങൾ ഭരണഘടനയുടെ അന്ത:സത്തയെയും മൂല്യങ്ങളെയും തകർക്കുന്നതാണെന്നും ഞാൻ ചൂണ്ടിക്കാണിച്ചു. ഭരണഘടനയുടെ നിർമ്മാതാക്കളുടെ വീക്ഷണം സാർത്ഥകമാകാതെ പോയത് ഇതുവരെയുള്ള കേന്ദ്ര സർക്കാരുകളുടെ ജനവിരുദ്ധ നയങ്ങൾ

കാരണമാണ്. സ്വാതന്ത്ര്യം ലഭിച്ച് 75 വർഷമായിട്ടും നമ്മുടെ രാജ്യത്തെ മഹാഭൂരിപക്ഷം ജനങ്ങൾക്കും സാമൂഹ്യനീതി നിഷേധിക്കപ്പെടുന്നത് ചൂണ്ടിക്കാണിക്കണമെന്ന ഒരു പൊതുപ്രവർത്തകന്റെ കടമ നിർവ്വഹിക്കുക മാത്രമാണ് ഞാൻ ചെയ്തത്. കേന്ദ്ര ഏജൻസികളുടെ കടന്നുകയറ്റം, വിലക്കയറ്റം, പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കൽ, ഇന്ധന വിലവർദ്ധനവ്, സംസ്ഥാന സർക്കാരിന്റെ അവകാശങ്ങൾ കവർന്നെടുക്കൽ തുടങ്ങി കേന്ദ്ര സർക്കാരിന്റെ ജനാധിപത്യ വിരുദ്ധ നയങ്ങളെയും ശ്രീനാരായണ ഗുരുദേവന്റെ സ്മരണ നിറയുന്ന റിപ്പബ്ലിക് ദിന ഫ്ലോട്ട് തടഞ്ഞതിനെയും കുറിച്ച് ശക്തമായി എന്റെ പ്രസംഗത്തിൽ വിമർശിച്ചിട്ടുണ്ട്. ഭരണഘടനയോടും നീതിന്യായ വ്യവസ്ഥയോടും നിയമസഭയോടും കേരള ജനതയോടുമുള്ള അങ്ങേയറ്റത്തെ കൂറും വിശ്വാസവും ഉയർത്തിപ്പിടിച്ചുകൊണ്ട് 2022 ജൂലൈ 5-ാം തീയതി നിയമസഭയിൽ ഇക്കാര്യങ്ങളെല്ലാം വ്യക്തമാക്കിയിരുന്നു. കൂടാതെ, മല്ലപ്പള്ളിയിലെ പ്രസംഗത്തിൽ കാര്യങ്ങൾ ശക്തമായി അവതരിപ്പിച്ചപ്പോൾ അത് ഏതെങ്കിലും തരത്തിൽ തെറ്റായി വ്യാഖ്യാനിക്കപ്പെടാനും ഞാൻ ഉദ്ദേശിക്കാത്ത രീതിയിൽ കാര്യങ്ങൾ പ്രചരിക്കാനുമിടയായതിലുള്ള എന്റെ ദുഃഖവും ഖേദവും സഭയിൽ ഞാൻ രേഖപ്പെടുത്തിയിരുന്നു. ഈ പ്രസംഗവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട

കോടതി മുമ്പാകെ പരാതി വന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും എന്റെ പാർട്ടിയോടും ആവശ്യപ്പെട്ട് അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജൂലൈ ആറാം തീയതി വൈകുന്നേരം ഞാൻ ധാർമ്മികത ഉയർത്തിപ്പിടിച്ചുകൊണ്ട് മന്ത്രിസ്ഥാനം രാജിവയ്ക്കുകയാണുണ്ടായത്. നിഷ്പക്ഷവും നീതിപൂർവ്വവുമായ പരിശോധനയ്ക്ക് മന്ത്രിസ്ഥാനം തടസ്സമാകാൻ പാടില്ലെന്നാണ് ഞാൻ കരുതുന്നത്. രാജിയിലൂടെ എന്റെ പ്രസ്ഥാനവും മുന്നണിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും ഉയർത്തുന്ന ഉന്നതമായ രാഷ്ട്രീയ ധാർമ്മികതയാണ് ഞാൻ ഉയർത്തിപ്പിടിച്ചിട്ടുള്ളത്. 43 വർഷത്തെ സുതാര്യമായ എന്റെ പൊതുജീവിതത്തിൽ നിരവധി ചുമതലകളും ഉത്തരവാദിത്വങ്ങളും എന്റെ പ്രസ്ഥാനവും ജനങ്ങളും എന്നെ ഏൽപ്പിച്ചു. ഈ ഘട്ടങ്ങളിലെല്ലാം ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടും നീതിന്യായ വ്യവസ്ഥയെ ബഹുമാനിച്ചുകൊണ്ടുമുള്ള നിലപാടുകളാണ് ഞാൻ സ്വീകരിച്ചിട്ടുള്ളത്. ഖേദകരമെന്ന് പറയട്ടെ, ഭരണഘടനാ ശില്പിയും ദേശീയ പ്രസ്ഥാനത്തിന്റെ ധിഷണാശാലിയുമായ ഭാരതരത്നം ഡോ. ബാബാസാഹിബ് അംബേദ്കറെപ്പോലും ഞാൻ ആക്ഷേപിച്ചുവെന്ന തരത്തിൽ നുണപ്രചരണങ്ങളുണ്ടായി. അധഃസ്ഥിതർക്കുവേണ്ടി

പോരാടുന്നതിനോടൊപ്പം തൊഴിലാളിവർഗ്ഗത്തിന്റെ അവകാശങ്ങൾക്കുവേണ്ടിയും അദ്ദേഹം നിലകൊണ്ടതായി ഞാൻ വിശ്വസിക്കുന്നു. തൊഴിലാളികളുടെ അവകാശങ്ങൾ കവരാൻ കൊണ്ടുവന്ന Industrial Dispute Bill-നെ ബോംബെ അസംബ്ലിയിൽ അദ്ദേഹം എതിർത്തു. ബ്രിട്ടീഷ് സർക്കാരിന്റെ തൊഴിലാളിവിരുദ്ധ നിലപാടുകൾക്കെതിരെ കമ്മ്യൂണിസ്റ്റ് നേതാക്കളുമായി ചേർന്ന് അദ്ദേഹം നടത്തിയ മാർച്ചും സമരപരിപാടികളും ചരിത്രത്തിന്റെ ഭാഗമാണ്. ഭരണഘടനാ ശില്പിയെന്നതിനുപുറമെ ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ സംരക്ഷകനെന്ന വിശേഷണംകൂടി അദ്ദേഹത്തിന് അനുയോജ്യമാകുമെന്നാണ് ഞാൻ കരുതുന്നത്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ തത്വങ്ങളെ അംഗീകരിച്ച് പാർശ്വവൽക്കരിക്കപ്പെട്ടതും ജാതീയമായി അടിച്ചമർത്തപ്പെട്ടതുമായ ഇന്ത്യയിലെ കോടാനുകോടി ജനങ്ങളെ കൈ പിടിച്ചുയർത്തുന്നതിൽ മുഖ്യ പങ്കുവഹിച്ച വ്യക്തിയാണ് ഡോ. ബി. ആർ. അംബേദ്കർ എന്ന എന്റെ വിശ്വാസത്തെ ചോദ്യം ചെയ്യപ്പെട്ടതിലും പറയാത്ത കാര്യങ്ങൾ പരാമർശിച്ചതിലുമുള്ള വേദനയും പ്രതിഷേധവും അറിയിക്കുകയാണ്. പിണറായി വിജയൻ സർക്കാരിന്റെ വികസന ജനക്ഷേമ പ്രവർത്തനങ്ങൾ കേരള ജനതയുടെ പ്രതീക്ഷയാണ്.

ആ പ്രതീക്ഷ തകർക്കാമെന്ന ചിലരുടെ വ്യാമോഹം കേരള ജനത അംഗീകരിക്കില്ല, അനുവദിക്കില്ല. പിണറായി വിജയൻ സർക്കാരിന്റെ ജനക്ഷേമ നിലപാടുകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ജനങ്ങളോടൊപ്പം മുൻനിരയിൽ ഞാനുമുണ്ടാകും. ചെറുപ്രായം മുതൽ ഒരുപാട് ആക്രമണങ്ങളും പ്രയാസങ്ങളും പ്രതിസന്ധികളും നേരിട്ട് വളർന്നുവന്നൊരു വ്യക്തിയാണ് ഞാൻ. അതിനെയെല്ലാം അതിജീവിച്ച് എന്റെ പ്രസ്ഥാനം ഏൽപ്പിച്ച ചുമതല ഒരു പരാതിക്കുമിടവരാത്തവിധം ഞാൻ നിർവ്വഹിച്ചിട്ടുണ്ട്. എത്ര ആക്രമണം നേരിട്ടാലും ഈ സർക്കാരിന്റെ പ്രവർത്തനങ്ങളും എന്റെ മഹാ പ്രസ്ഥാനത്തിന്റെ നിലപാടുകളും ഉയർത്തിപ്പിടിച്ച് എന്നും ജനങ്ങളോടൊപ്പം ചേർന്നുനിന്ന് പ്രവർത്തിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരിക്കൽകൂടി ഞാൻ പറയുന്നു, മല്ലപ്പള്ളിയിലെ പ്രസംഗത്തിനിടയിൽ കാര്യങ്ങൾ ശക്തിയായി അവതരിപ്പിച്ചപ്പോൾ അത് ഏതെങ്കിലും രീതിയിൽ തെറ്റായി വ്യാഖ്യാനിക്കപ്പെടാനോ ഉദ്ദേശിക്കാത്ത കാര്യങ്ങൾ പ്രചരിക്കപ്പെടാനോ ഇടയായിട്ടുണ്ടെങ്കിൽ ആത്മാർത്ഥതയും രാജ്യത്തോടുള്ള കൂറും പ്രതിബദ്ധതയും ഭരണഘടനയോടുള്ള വിശ്വസ്തതയും നിലനിർത്തിക്കൊണ്ട് ഞാൻ ആവർത്തിച്ച് പറയുന്നു, എനിക്ക് അതിൽ അതിയായ ദുഃഖവും ഖേദവുമുണ്ട്.

10.09AM]

## III അടിയന്തരപ്രമേയം

റോഡുകളുടെ അറ്റകുറ്റപ്പണികൾ

മി. ഡെപ്യൂട്ടി സ്പീക്കർ: അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതുമൂലം സംസ്ഥാനത്തെ റോഡുകൾ ഗതാഗതയോഗ്യമല്ലാതായതും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൽദോസ് പി. കുന്നപ്പിള്ളിൽ, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേരളം വളരെക്കാലമായി ചർച്ച ചെയ്യുന്ന വിഷയമാണ് ഇവിടെ ഉയർന്നുവന്നിട്ടുള്ളത്. റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ ആത്മാർത്ഥമായ ശ്രമങ്ങളാണ് പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്ന് കഴിഞ്ഞ എൽ.ഡി.എഫ്.

സർക്കാരിന്റെ കാലത്തും ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നത്. കാലാവസ്ഥയടക്കമുള്ള പ്രശ്നങ്ങൾ റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തിയാക്കാൻ കഴിയാത്തതിന് കാരണമാകുന്നുണ്ട്. പുതിയ പദ്ധതികൾ ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. റണ്ണിംഗ് കോൺട്രാക്ട് സംവിധാനം റോഡ് പരിപാലനം ഉറപ്പാക്കുന്നതിനുള്ള പ്രധാന ചുവടുവയ്പ്പാണ്. സംസ്ഥാനത്ത് ആദ്യമായിട്ടാണിത് നടപ്പാക്കുന്നത്. ഉന്നതതല ചർച്ചയുടെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടാണ് ഇത്തരത്തിലൊരു പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നത്. അത് ഭാവിയിൽ നമുക്ക് ഏറെ ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒന്നും രണ്ടും ഘട്ടങ്ങളിലെ റണ്ണിംഗ് കോൺട്രാക്ട് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഒന്നാംഘട്ടത്തിൽ 117,30,00,000/- രൂപയും രണ്ടാംഘട്ടത്തിൽ 184,98,60,000/- രൂപയും അനുവദിച്ച് പ്രവൃത്തികൾ നടപ്പിലാക്കിവരികയാണ്. പരിപാലന കാലാവധി പരസ്യപ്പെടുത്തൽ തീരുമാനം ഈ മേഖലയിൽ മാറ്റമുണ്ടാക്കുന്നതിന് സഹായകരമായിട്ടുണ്ട്. 2606 ഡി.എൽ.പി. ബോർഡുകൾ നിരത്തുവിഭാഗം മാത്രം സ്ഥാപിച്ചുകഴിഞ്ഞുവെന്ന വിവരംകൂടി അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാ വിംഗുകളിലുമായി 3142 ഡി.എൽ.പി.

ബോർഡുകൾ ഇത്തരത്തിൽ സ്ഥാപിച്ചിട്ടുണ്ട്. പരിപാലന കാലാവധി പരസ്യപ്പെടുത്തിയതോടെ റോഡുകളുടെ നിലവാരം ഉയർന്നുവെന്നുമാത്രമല്ല ഇക്കാലയളവിലെ പരിപാലനവും ഉറപ്പാക്കാനായിട്ടുണ്ട്. ഭരണ-പ്രതിപക്ഷ കക്ഷികൾ ഒരുപോലെ ഈ നീക്കത്തെ പിന്തുണക്കുകയും അവരവരുടെ മണ്ഡലങ്ങളിൽ ബോർഡുകളുടെ പ്രദർശനോദ്ഘാടനം നടത്തുകയുമുണ്ടായി. ഒരു പൊതു ഇടപെടലിന്റെ ഭാഗമായി മാത്രമേ റോഡുകളുടെ പ്രശ്നം പരിഹരിക്കാൻ സാധിക്കൂ. ജനങ്ങൾക്ക് ഇടപെടാൻ സാധിക്കും, ഉദ്യോഗസ്ഥരും കരാറുകാരും ശ്രദ്ധിക്കുന്ന സ്ഥിതിവരും. പ്രീ-മൺസൂൺ പ്രവൃത്തി നടത്തി റോഡുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിച്ചിട്ടുണ്ട്. മഴക്കാലത്തെ റോഡ് പരിപാലനത്തിന് ആസൂത്രിത പ്രവർത്തനങ്ങൾ ഏർപ്പെടുത്തിയതിന്റെ ഭാഗമായി കൺട്രോൾ റൂം തുറക്കുകയും പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരുവർഷമായി കൺട്രോൾ റൂം സംവിധാനം സ്ഥിരമായി പ്രവർത്തിച്ചുവരികയാണ്. റോഡിൽ കുഴികൾ രൂപപ്പെട്ടാൽ മഴ മാറുമ്പോൾത്തന്നെ താൽക്കാലികമായെങ്കിലും അവ അടയ്ക്കാനുള്ള സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. കിഫ്ബി പ്രവൃത്തികൾ ആരംഭിക്കാത്തിടത്ത് പ്രശ്നമുണ്ടായപ്പോൾ അവിടെയും പണം അനുവദിച്ച്

അറ്റകുറ്റപ്പണികൾ സാധ്യമാക്കാനായിട്ടുണ്ട്. ഇത് കിഫ്ബിയുമായി നടത്തിയ ചർച്ചയുടെ ഫലമായിട്ടുണ്ടായതാണ്. വകുപ്പുകളുടെ ഏകോപനം സാധ്യമാക്കാനാണ് ശ്രമിക്കുന്നത്. വാട്ടർ അതോറിറ്റിയുടെ വർക്കുകൾ റോഡ് പ്രവൃത്തികളെ ബാധിക്കാതിരിക്കാനുള്ള ഏകോപിതമായ ശ്രമവും നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി മന്ത്രിതല ചർച്ചകളുടെയും സെക്രട്ടറിതല സമിതികളുടെ യോഗത്തിന്റെയും തീരുമാനപ്രകാരം പ്രത്യേക ഉത്തരവുതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. ജലസേചന വകുപ്പുമന്ത്രി വളരെ പോസിറ്റീവായ നിലപാടാണ് ഇതിൽ സ്വീകരിച്ചിട്ടുള്ളത്. ഒരു കുഴിപോലുമില്ലാത്ത തരത്തിൽ റോഡുകൾ മാറണമെന്ന സർക്കാരിന്റെ ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. റോഡുകളിലെ കുഴികൾ കഴിഞ്ഞ ജൂലൈ മാസത്തേതിനെക്കാൾ കുറവാണെന്ന കാര്യം എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. ഭൂരിഭാഗം മാസങ്ങളിലും മഴയായിരുന്നുവെന്നത് വസ്തുതയാണ്. എന്നാൽ ഫലപ്രദമായ ആസൂത്രണത്തിന്റെ ഭാഗമായി സർവ്വകാല റെക്കോർഡോടെ പദ്ധതികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ഈ സഭ ഐകകണ്ഠ്യേന കയ്യടിച്ച് പാസ്സാക്കിയ വർക്കിംഗ് കലണ്ടർ ഇതിന് ഗുണം ചെയ്തിട്ടുണ്ട്. വകുപ്പിലെ പ്രധാന ഉദ്യോഗസ്ഥരും ചീഫ് എഞ്ചിനീയർമാരുമടങ്ങുന്ന മിഷൻ ടീം രണ്ടാഴ്ചയിലൊരിക്കൽ യോഗം

ചേർന്ന് സംസ്ഥാന തലത്തിൽ തീരുമാനങ്ങളെടുക്കുകയും ജില്ലകളിലെ പ്രവർത്തനം ഏകോപിപ്പിക്കാൻ ഡി.ഐ.സി.സി. സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്യതിലൂടെ വകുപ്പുകളുടെ ഏകോപനം സാധ്യമാകുന്നുണ്ട്. നിയോജകമണ്ഡലങ്ങളിലെ പ്രവൃത്തി വിലയിരുത്താൻ രൂപീകരിച്ച കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീം (CMT) മികച്ച നിലയിൽ പ്രവർത്തിക്കുന്നുവെന്ന് പ്രതിപക്ഷ എം.എൽ.എ.-മാരുൾപ്പെടെ പറഞ്ഞിട്ടുണ്ടെന്ന കാര്യംകൂടി ഓർമ്മപ്പെടുത്തുകയാണ്. 140 നിയമസഭാ മണ്ഡലങ്ങളുള്ളതിൽ 126-ലും നേരിട്ട് പോയി പ്രവർത്തനങ്ങൾ വിലയിരുത്തി തടസ്സങ്ങൾ നീക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പായതിനാൽ നേരിട്ട് പോകേണ്ടത് അനിവാര്യമാണെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് ഇത്തരത്തിൽ ഇടപെടുന്നത്. ഭരണപക്ഷത്തെ മാത്രമല്ല പ്രതിപക്ഷ എം.എൽ.എ.മാർ ആവശ്യപ്പെട്ടിടത്തും പോയിട്ടുണ്ട്, അതിലൊന്നും ഒരുതരത്തിലുമുള്ള വിവേചനമുണ്ടായിട്ടില്ല. എല്ലാ നിലയിലും എം.എൽ.എ.മാരെ സഹായിക്കാൻ ഇടപെടുന്നുണ്ട്. ഇത്തരത്തിൽ റോഡ് പരിപാലനം സാധ്യമാക്കാൻ പൊതുമരാമത്ത് വകുപ്പ് സുശക്തമായി മുന്നോട്ടുപോകുകയാണ്. അടിയന്തരപ്രമേയ നോട്ടീസിൽ ചില റോഡുകളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്, സമയക്കുറവുകാരണം ഞാനത് മുഴുവൻ

വായിക്കുന്നില്ല. ആ റോഡുകളുടെയൊക്കെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെട്ടിട്ടുണ്ട്. തെറ്റായ പ്രവണതകൾക്കെതിരെ കർശന നടപടി സ്വീകരിച്ചാണ് വകുപ്പ് മുന്നോട്ടുപോകുന്നത്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർക്കെതിരെയും കരാറുകാർക്കെതിരെയും കർശന നടപടി സ്വീകരിക്കാൻ മടി കാണിച്ചിട്ടില്ല. തെറ്റായ പ്രവണതകൾക്കെതിരെ സന്ധിയില്ലാതെ മുന്നോട്ടുപോകുന്ന നിലപാടാണ് എൽ.ഡി.എഫ്. സർക്കാർ എക്കാലവും സ്വീകരിച്ചിട്ടുള്ളത്. റോഡ് നിർമ്മാണത്തിനും പരിപാലനത്തിനുമായി പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവർത്തനം വരുംകാലങ്ങളിലേയ്ക്കും മുതൽക്കൂട്ടാകുമെന്ന് ഉറപ്പുണ്ട്. സർക്കാർ സ്വീകരിക്കുന്ന ശക്തമായ നിലപാടിനൊപ്പം പ്രതിപക്ഷം നിലകൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, 1993-ൽ ഇറങ്ങിയ 'മണിച്ചിത്രത്താഴ്' എന്ന സിനിമയിൽ കുതിരവട്ടം പപ്പു അഭിനയിച്ച 'കാട്ടുപറമ്പൻ' എന്നൊരു കഥാപാത്രമുണ്ട്. അദ്ദേഹം നടക്കുമ്പോൾ 'കുഴി, വെള്ളം; വെള്ളം, കുഴി' എന്നുപറയുന്നുണ്ട്. ഇതുപോലെയാണ് കേരളത്തിലെ റോഡുകളിലൂടെ ജനങ്ങൾ നടന്നുപോകുന്നതും വാഹനങ്ങൾ മുന്നോട്ടുപോകുന്നതും. അങ്ങിവിടെ പറഞ്ഞതല്ലാതെ മറ്റൊന്നും കേരളത്തിൽ

സംഭവിച്ചിട്ടില്ല എന്നുള്ളത് ജനങ്ങൾക്കറിയാം. അങ്ങ് പറഞ്ഞു എല്ലാ എം.എൽ.എ.മാരും അതത് മണ്ഡലങ്ങളിൽ ബോർഡ് വച്ചുവെന്ന്. അത് ശരിയാണ്. ബോർഡ് വച്ചിട്ട് അതിൽ അങ്ങ് പറഞ്ഞ വാചകം ഞങ്ങൾ എഴുതിവച്ചു, 'ജനം കാഴ്ചക്കാരല്ല, കാവൽക്കാരാണ്' എന്ന്. എന്നാൽ റോഡുകളുടെ ഇപ്പോഴത്തെ സ്ഥിതി കാണുമ്പോൾ 'ജനം കാഴ്ചക്കാരല്ല, കുണ്ടിലും കുഴിയിലും വീഴേണ്ടവരാണ്' എന്ന് അത് മാറ്റിയെഴുതണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. മഴയും വാഹനങ്ങളുടെ അമിതഭാരവുമാണ് കുഴികളുണ്ടാക്കുന്നതെന്നാണ് അങ്ങ് പറഞ്ഞത്. കേരളത്തിനുമാത്രമായി അമിതഭാരമുള്ള വാഹനങ്ങൾ നിർമ്മിക്കുന്നത് കമ്മ്യൂണിസ്റ്റ് സംസ്ഥാനമായ കേരളത്തെ തകർക്കാനുള്ള അന്താരാഷ്ട്ര കമ്പനികളുടെ കുടിലനീക്കമാണോയെന്ന് സംശയിക്കേണ്ടിവരും. റോഡുകളിലെ കുഴി അടയ്ക്കേണ്ട ഉത്തരവാദിത്വം ആർക്കാണ്? കേരളവും കേന്ദ്രവും പരസ്പരം പഴിചാരി മുന്നോട്ടുപോകുകയാണ്. കുഴിയിൽ വീണ് ജനങ്ങളുടെ നടുവൊടിയുന്ന അവസ്ഥയാണ് ഇവിടെയുള്ളത്. ഏഷ്യാനെറ്റിൽ 'വാ, കുഴിയെണ്ണാം' എന്നൊരു പരമ്പര തന്നെയുണ്ടായിരുന്നു. മനോരമ- 'കുഴിയെത്ര', മാതൃഭൂമി-'കുഴിയെണ്ണം അടച്ചാൽ മതി', അങ്ങനെ ദേശാഭിമാനി ഒഴികെയുള്ള എല്ലാ മാദ്ധ്യമങ്ങളിലും വാർത്തകൾ

വന്നുകൊണ്ടിരിക്കുകയാണ്. ....(ബഹളം)..

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് .. പ്ലീസ്...

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, മിക്ക റോഡുകളും തകർന്നിരിക്കുകയാണ്. 2021 നവംബർ മാസത്തിൽ കേരളത്തിലെ റോഡുകളെക്കുറിച്ച് ഹൈക്കോടതിയുടെ വിമർശനമുണ്ടായി. അത് കേരളത്തിലെ റോഡുകളുടെ അവസ്ഥ പരിതാപകരവും വേദനാജനകവുമാണെന്നായിരുന്നു. എന്നാൽ കോടതിയുടെ വിമർശനങ്ങൾക്ക് പുല്ലുവിലപോലും കൽപ്പിക്കാതെ എന്താണ് നിങ്ങൾ പറഞ്ഞത്? മഴ കൂടുതലായതും വാട്ടർ അതോറിറ്റി റോഡുകൾ വെട്ടിപ്പൊളിക്കുന്നതുംകൊണ്ടാണ് കേരളത്തിലെ റോഡുകൾ ഉപയോഗശൂന്യമായത് എന്നാണ്. അതുമാത്രമാണോ? 2022 ജൂലൈ മാസം 8-ാം തീയതി കൊച്ചി നഗരത്തിലെ റോഡുകൾ തകർന്നതിനെ ഹൈക്കോടതി രൂക്ഷമായി വിമർശിച്ചിരുന്നു. 'പശവച്ച് ഒട്ടിച്ചാണോ റോഡുകൾ നന്നാക്കുന്നത്' എന്ന് ചോദിച്ചാണ് സർക്കാരിനെ പരിഹസിച്ചത്. നടപ്പാതകൾ തകർന്നുകിടക്കുന്നതിനെയും വിമർശിക്കുകയുണ്ടായി. ഹൈക്കോടതി വിമർശനം നിരന്തരമുണ്ടായിട്ടും റോഡുകൾ

നന്നാക്കുകയില്ലെന്ന തരത്തിലാണ് സർക്കാർ നിലകൊള്ളുന്നത്. നിയമങ്ങളുടെയും ചട്ടങ്ങളുടെയും അഭാവംകൊണ്ടാണോ നിരത്തുകളിലെ കുഴികളടയ്ക്കാൻ സാധിക്കാത്തത്? ഉത്തരവാദിത്വമില്ലായ്മ, സംവിധാനങ്ങളുടെ മേൽനോട്ടമില്ലായ്മ, വകുപ്പിന്റെ അനാസ്ഥ എന്നിവയാണ് കുഴികളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണമാകുന്നത്. ഇന്ന് റോഡുകളിലുള്ളത് കുഴികളല്ല 'മുതലക്കുഴികൾ' എന്ന് പറയേണ്ടിവരും. കുഴിയുണ്ടായാലുടൻ അടയ്ക്കാനുള്ള സംവിധാനമാണ് വേണ്ടത്. റോഡ് കുത്തിപ്പൊളിച്ചിട്ട് നന്നാക്കാത്ത അവസ്ഥയാണിന്നുള്ളത്. ദിനംപ്രതി റോഡുകളിലെ കുഴികളുടെ എണ്ണം വർദ്ധിക്കുന്ന ദുരവസ്ഥയാണുള്ളത്. ഈ കുഴികളുടെ അപകടക്കെണിയിൽനിന്നും വാഹനയാത്രക്കാരുടെ കഷ്ടപ്പാടിൽനിന്നും നാടിന് മോചനം ആവശ്യമാണ്, അതിനുവേണ്ടിയാണ് പരിശ്രമിക്കേണ്ടത്. രാത്രികാലങ്ങളിൽ കുഴികളുണ്ടാക്കുന്ന അപകടം അങ്ങേയ്ക്ക് അറിയാമല്ലോ. ഇരുചക്രവാഹനങ്ങൾ കുഴിയിൽ വീണ് നിയന്ത്രണം തെറ്റുന്നു, വലിയ വാഹനങ്ങൾ കുഴിയിൽ വീഴാതിരിക്കാൻ വെട്ടിക്കുമ്പോൾ പുറകിലും വശങ്ങളിലുമുള്ള വാഹനങ്ങളുമായി കൂട്ടിയിടിക്കുന്നു. ഇങ്ങനെ എത്രയെത്ര ആളുകളാണ് മരണപ്പെട്ടുപോകുന്നത്! മലപ്പുറത്ത് ചാപ്പനങ്ങാടി റോഡിൽ മിനി ലോറിയിടിച്ച് അൻപത്തഞ്ചുകാരനായ ഇബ്രാഹിം കുഴിയിൽ വീണത്

വേദനയോടെയല്ലേ കേരളം കണ്ടത്? തൃപ്പൂണിത്തുറ മാർക്കറ്റ് റോഡിൽ നിർമ്മാണത്തിലിരിക്കുന്ന പാലത്തിൽ ബൈക്കിടിച്ച് വിഷ്ണുവെന്ന ചെറുപ്പക്കാരൻ പാലത്തിനും റോഡിനുമിടയിലുള്ള കുഴിയിൽ വീണ് മരണപ്പെടുകയുണ്ടായി. ഒരു അപായസൂചനാ ബോർഡുപോലും അവിടെ വച്ചിരുന്നില്ല. ആരാണ് ഇതിനൊക്കെ ഉത്തരവാദി? ഇതുപോലെ എത്രയെത്ര മരണങ്ങളാണുണ്ടാകുന്നത്! കൊച്ചി മുളവുകാട് സ്വദേശിനി പ്രമീള പ്രകാശ് ഒരു കടയിൽനിന്നും വെള്ളം കുടിച്ചിട്ട് തിരിഞ്ഞപ്പോൾ കുഴിയിൽ വീണ് രണ്ട് കാലുകളും തകർന്നുപോയി. സംസ്ഥാനത്തെ റോഡുകളെല്ലാം മോശപ്പെട്ട അവസ്ഥയിലായിരിക്കുകയാണ്. ഒന്നുരണ്ട് ഉദാഹരണങ്ങൾ പറയാം. തിരുവനന്തപുരത്തെ തിരുവല്ലം-കമലേശ്വരം റോഡ് തകർന്നിരിക്കുകയാണ്. കോവളത്തേയ്ക്ക് ടൂറിസ്റ്റുകൾക്ക് പോകാൻ കഴിയുന്നില്ല. മഴ പെയ്താൽ യാത്ര ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് അവിടെയുള്ളത്. സെക്രട്ടേറിയറ്റിനുമുമ്പിലുള്ള ജനറൽ ഹോസ്പിറ്റലിലേയ്ക്ക് പോകുന്ന റോഡും കൊല്ലം ജില്ലയിലെ റോഡുകളും മലയോര റോഡുകളും ചിന്നക്കട റോഡും മോശമായിരിക്കുകയാണ്. ഇതൊക്കെ ഇവിടെയിരിക്കുന്ന അംഗങ്ങൾക്കെല്ലാം അറിയാം. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി അടിപ്പാത ഗതാഗതയോഗ്യമല്ലാതായിട്ട് നാലുവർഷമായി. ദേശീയപാതയിലൂടെ

ചേർത്തലയിലെ അരൂരിലേയ്ക്ക് പോകുമ്പോൾ ഓഫ് ഡ്രൈവ് ഫീലിംഗാണുണ്ടാകുന്നത്. കോട്ടയം-വെച്ചൂർ റോഡിൽ കിഫ്ബി പാലം നിർമ്മിക്കുകയാണ്. അതുകൊണ്ട് ആ റോഡ് മോശപ്പെട്ടിട്ടും നന്നാക്കില്ലെന്ന നിലപാടിൽ പൊതുമരാമത്ത് നിലകൊള്ളുകയാണ്. എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ-വൈക്കം ഉൾപ്പെടെയുള്ള എല്ലാ റോഡുകളും മോശപ്പെട്ടിരിക്കുകയാണ്. കുണ്ടന്നൂർ മേൽപ്പാലത്തിൽ മുഴുവൻ കുഴികളാണ്. ആലുവ-മൂന്നാർ റോഡ് നന്നാക്കുന്നതിനായി നാലഞ്ച് എം.എൽ.എ.-മാർ ഒരുമിച്ച് പരാതി നൽകിയതാണ്. ആ റോഡിലൂടെ ബഹുമാനപ്പെട്ട മന്ത്രിയൊന്ന് യാത്ര ചെയ്യണം. എന്നിട്ട് മുമ്പിലായി ഒരു അനൗൺസ്മെന്റ് വാഹനംകൂടി വയ്ക്കണം. ആളുകൾ എങ്ങനെ പെരുമാറുമെന്ന് അപ്പോഴറിയാം. ആലുവ-മൂന്നാർ റോഡിന്റെ പ്രവൃത്തി എന്തായിയെന്ന് എന്റെ നിയോജകമണ്ഡലത്തിലെ നിരവധിയാളുകൾ എന്നോട് ഫോണിൽ വിളിച്ചുചോദിക്കാറുണ്ട്. ഞാൻ പറഞ്ഞുപറഞ്ഞ് മടുത്തു. ഒടുവിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പഠിച്ചിട്ട് 'ആലോചിക്കാം, പരിശോധിക്കാം' എന്നുപറഞ്ഞ് ഫോൺ കട്ട് ചെയ്യുകയാണ് പതിവ്. ഇടുക്കി ജില്ലയിലെ തൊടുപുഴയിലും കാഞ്ഞിരമറ്റത്തും മൂലമറ്റത്തുമുള്ള എല്ലാ റോഡുകളുടെയും അവസ്ഥ മോശമാണ്. കോഴിക്കോട് ജില്ലയിലെ കല്ലാച്ചി-വളയം റോഡ്

2020-ൽ പണി പൂർത്തീകരിക്കേണ്ടതായിരുന്നു, ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. സമയം നീട്ടിക്കൊടുത്ത് കരാറുകാരനെ സഹായിക്കുകയാണ് ചെയ്യുന്നത്. വയനാട് കൽപ്പറ്റയിലെ ബൈപാസ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സന്ദർശിച്ചിട്ടും ഒരു നടപടിയുമുണ്ടായില്ല. ഇങ്ങനെ ഒട്ടനവധി റോഡുകളുടെ കാര്യം പറയേണ്ടിവരും. ഇതെല്ലാം യാഥാർത്ഥ്യമാണ്. സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന സംസ്ഥാനമെന്ന നിലയിൽ കേരളത്തിലെ റോഡുകളുടെ സ്ഥിതി മലയാളികൾക്ക് അപമാനമാണ്. കുഴിയിൽ വീഴുമ്പോൾ ചികിത്സയ്ക്കും വാഹന റിപ്പയറിംഗിനുമായി കോടിക്കണക്കിന് രൂപയാണ് നഷ്ടമാകുന്നത്. വാഹനം വാങ്ങുമ്പോൾ ലൈഫ് ടൈം ടാക്സ് അടയ്ക്കുന്നവർക്ക് സഞ്ചരിക്കാൻ റോഡുകളും ഭരണഘടനയുടെ മൗലികതത്വങ്ങൾ പ്രകാരമുള്ള സഞ്ചാരസ്വാതന്ത്ര്യവും വേണ്ടേ? ഗവൺമെന്റ് റോഡ് സുരക്ഷാവാരം ആചരിക്കും, ബോധവൽക്കരണം നടത്തും. പക്ഷേ, റോഡിന്റെ കാര്യത്തിൽ മാത്രം സർക്കാരിന് ബോധമില്ലായെന്നതാണ് വസ്തുത. വികസനം വരണമെങ്കിൽ റോഡുകൾ വികസിക്കണം. സർഫസ് ട്രാൻസ്പോർട്ടിന് ഇന്ന് പ്രധാനപ്പെട്ട റോളുണ്ട്, കെ-റെയിലിന് ഒരു റോളുമില്ല. സർഫസ് ട്രാൻസ്പോർട്ട് രൂപപ്പെട്ടാൽ മാത്രമേ വികസനം സാദ്ധ്യമാകൂ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... കൺക്ലൂഡ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, റോഡപകടങ്ങളിൽ നിരവധിയാളുകൾ മരണപ്പെടുന്നു. കെ.എസ്.ആർ.ടി.സി. ആണ് അപകടങ്ങളുണ്ടാക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നത്. റോഡിലെ കുഴികളിൽ വീണ് വർഷന്തോറും ശരാശരി 50 പേർവരെ മരിക്കുന്നുണ്ട്. കേരളത്തിലെ റോഡിലെ കുഴികൾ മനുഷ്യരക്തം കുടിച്ച് വളരുമ്പോൾ പൊതുമരാമത്ത് വകുപ്പ് സാക്ഷാൽ കാലന്റെ ഉറ്റതോഴനായി മാറുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... കൺക്ലൂഡ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഈ സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി റോഡ് നിർമ്മിക്കണമെന്ന പ്രധാനപ്പെട്ട വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ നല്ല സിനിമകൾ കാണുന്നുണ്ടെന്നറിഞ്ഞതിൽ സന്തോഷമുണ്ട്. മണിച്ചിത്രത്താഴ് പോലുള്ള പഴയ സിനിമകൾ കാണുന്ന തിരക്കിനിടയിൽ സ്വന്തം ഫെയ്സ് ബുക്ക് പോസ്റ്റ് കൂടി അദ്ദേഹമൊന്ന്

എടുത്തുനോക്കുന്നത് നന്നാകുമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. 2021 ഒക്ടോബർ 30-ലെ ഫെയ്സ് ബുക്ക് പോസ്റ്റ്: പെരുമ്പാവൂർ-കോതമംഗലം റോഡ് ബി.എം. & ബി. സി. നിലവാരത്തിൽ നവീകരണത്തിനായി 12,24,00,000/- രൂപ അനുവദിച്ചു. (....ബഹളം... )

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...പ്ലീസ്... ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കട്ടെ.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഞാനത് ഓരോന്നായി പറയുന്നില്ല. പെരുമ്പാവൂർ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് അദ്ദേഹം ചില കാര്യങ്ങൾ സൂചിപ്പിച്ചു. അതിലെല്ലാം ഇടപെട്ടിട്ടുണ്ട്. 2021-22-ൽ ശബരിമല ഫെസ്റ്റിവലിന്റെ ഭാഗമായി ബി.എം.&ബി.സി. ഓവർലേ, ശബരിമല ഇംപ്രൂവ്മെന്റ് ടു ആലുവ-മൂന്നാർ റോഡ്, പി.ഡബ്ല്യു.ഡി ഇംപ്രൂവമെന്റ് ടു പെരുമ്പാവൂർ-കുവപ്പടി റോഡ് എന്നിവയ്ക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 16 കോടി രൂപയാണ് പെരുമ്പാവൂർ നിയോജകമണ്ഡലത്തിനുവേണ്ടി മാത്രം വിനിയോഗിച്ചത്. അദ്ദേഹം എന്നെ അഭിനന്ദിക്കാൻ സമയം കണ്ടെത്തുമെന്നാണ് ഞാൻ വിചാരിച്ചത്. മന്ത്രിയെന്ന നിലയിൽ ഞാൻ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലൂടെ പോകുമ്പോൾ ഒരു അനൗൺസ്മെന്റ് വണ്ടികൂടി മുന്നിലുള്ളത് നല്ലതാണ്.

പക്ഷേ, ഒരു മാല വിൽക്കുന്ന കടകൂടി അവിടെ തുടങ്ങണം. കാരണം, ഈ സർക്കാരിന്റെ കഴുത്തിൽ മാലയിട്ട് അഭിനന്ദിക്കാൻ അവിടത്തെ ജനങ്ങൾ തയ്യാറാകും. റിവൈസ്ഡ് എ.എസ്. ലഭിച്ച അവിടത്തെ വർക്കുകളെക്കുറിച്ച് ഞാനിവിടെ പറയുന്നില്ല. പട്ടിമറ്റം-നെല്ലാട് റോഡിന്റെ മൂന്ന് സ്റ്റേച്ച് പ്രവൃത്തിയാണുണ്ടായിരുന്നത്. അതിൽ രണ്ട് സ്റ്റേച്ച് പൂർത്തിയാക്കുകയും ബാക്കിയുള്ള ഒരു സ്റ്റേച്ചിന് ലാൻഡ് ലഭ്യമല്ലാത്തതിനാൽ വർക്ക് ടെർമിനേറ്റ് ചെയ്യുകയുമാണുണ്ടായത്. ഈ സ്റ്റേച്ചിൽ അടിയന്തര അറ്റകുറ്റപ്രവൃത്തികൾക്കായി രണ്ട് കോടി രൂപയുടെ എ.എസ്. നൽകിയ കാര്യം ഇവിടെ പ്രത്യേകം സൂചിപ്പിക്കുകയാണ്. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിലെ ഒരു റോഡുമായി ബന്ധപ്പെട്ടതാണ്. ആ റോഡിന് 7 കോടി രൂപ അനുവദിച്ച കാര്യംകൂടി അങ്ങേയ്ക്ക് ഈ വിവരമൊക്കെ തന്നയാൾ മനസ്സിലാക്കണമെന്നാണ് പറയാനുള്ളത്. തിരുവനന്തപുരം-കമലേശ്വരം റോഡിൽ കഴിഞ്ഞവർഷമുണ്ടായ കുഴികളെല്ലാം നികത്തി ടൈൽ പാകിയിട്ടുണ്ട്. എന്നാൽ റോഡ് നിലനിർത്തുന്നതിനുള്ള ശാശ്വതപരിഹാരമെന്ന നിലയിൽ ഡ്രെയിനേജ് സിസ്റ്റത്തിനായി 7 കോടിയിലധികം രൂപ അനുവദിച്ചിട്ടുണ്ട്. നേരത്തെ

ജനപ്രതിനിധികൂടിയായ ബഹുമാനപ്പെട്ട മന്ത്രിക്ക് അക്കാര്യം അറിയാവുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മറ്റുചില റോഡുകളുണ്ട്. കൽപ്പറ്റ ബൈപാസ് റോഡിന്റെയും ബീനാച്ചി-പനമരം റോഡിന്റെയും കാര്യത്തിൽ എത്രത്തോളം ഇടപെൽ നടത്തിയിട്ടുണ്ടെന്ന കാര്യം ഞാനിപ്പോൾ പറയുന്നില്ല. അദ്ദേഹം ഇവിടെ സൂചിപ്പിച്ച ഓരോ റോഡുകളെക്കുറിച്ചും എടുത്തുപറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ചിടത്തോളം റിക്കാർഡ് പ്രവൃത്തി നടക്കുന്ന സമയമാണിതെന്ന് അഭിമാനത്തോടുകൂടി പറയാൻ ആഗ്രഹിക്കുകയാണ്. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ മാത്രം 2752 കോടി രൂപയുടെ 767 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നുണ്ട്. കൂടാതെ 760 കോടി രൂപയുടെ 117 പദ്ധതികൾ ടെണ്ടറിംഗ് സ്റ്റേജിലുമാണ്. കിഫ്ബി മുഖാന്തരം 5354 കോടി 14 ലക്ഷം രൂപയുടെ 125 പ്രവൃത്തികളും കെ.എസ്.ടി.പി. പ്രകാരം 5032 കോടി 74 ലക്ഷം രൂപയുടെ 38 പദ്ധതികളും പുരോഗമിക്കുകയാണ്. ഇത്രയും പദ്ധതികൾ ഒരുമിച്ച് നടക്കുന്നത് സർവ്വകാല റെക്കോർഡാണെന്നാണ് പൊതുവേ പറയപ്പെടുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തും ഇപ്പോഴുമല്ലേ ഇത്രയും റോഡ് പ്രവൃത്തികൾക്ക് സംസ്ഥാനം

സാക്ഷ്യംവഹിച്ചിട്ടുള്ളത്. ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഉദ്യോഗസ്ഥരും കരാറുകാരും കഠിന പരിശ്രമം നടത്തുകയാണ്. എന്തെങ്കിലും പ്രതിസന്ധിയുണ്ടായാൽ ഉടനടി പരിഹരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട അംഗത്തിന്റേതുൾപ്പെടെ കേരളത്തിലെ 126 മണ്ഡലങ്ങളിലും ഞാൻ നേരിട്ട് പോയി സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. പോലെയുള്ള വകുപ്പിനെ സംബന്ധിച്ചിടത്തോളം നേരിട്ട് പോകേണ്ടത് അനിവാര്യമാണ്. തുടർച്ചയായി ഫോളോ അപ് ചെയ്യുന്നുണ്ട്. ഭൂരിഭാഗം സീസണും മഴ അപഹരിച്ചിട്ടും നാല് മാസംകൊണ്ട് നിരത്ത് വിഭാഗത്തിൽ മാത്രം 2175 കോടി രൂപയുടെ 330 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ ഭരണ-പ്രതിപക്ഷ വിവേചനം കാണിച്ചിട്ടില്ല. ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. പ്രവൃത്തികൾ നടക്കുന്നുണ്ട്; ഇനിയും അങ്ങനെതന്നെയായിരിക്കും. ഇവിടെ പ്രതിപക്ഷ ബഞ്ചിലെ പലരുടെയും മനസ്സ് ഈ പ്രമേയത്തിനോടൊപ്പമല്ലെന്ന് എനിക്കറിയാം. അവരൊക്കെ പൊതുമരാമത്ത് വകുപ്പിനും സർക്കാരിനും മനസ്സുകൊണ്ട് ഹസ്തദാനം നൽകുന്നത് ഞങ്ങൾ സ്വീകരിക്കുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഒരു കാര്യം ശരിയാണ്. അതായത്, പകുതി റോഡെങ്കിലും

ബി.എം. & ബി.സി. നിലവാരത്തിലാക്കണമെന്നത് നിർബന്ധമാണ്. അമ്പത് ശതമാനത്തിലധികം പി.ഡബ്ല്യു.ഡി. റോഡുകൾ നാല് വർഷത്തിനുള്ളിൽ ബി.എം.& ബി.സി. ആക്കിമാറ്റുമെന്ന വിവരം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. അതിനായി കഠിനശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ തവണ ഭൂമി ഏറ്റെടുക്കൽ വിഷയങ്ങൾമൂലം കിഫ്ബി പദ്ധതി തടസ്സപ്പെടുന്നതിനെക്കുറിച്ച് പലരും പരാതി ഉന്നയിച്ചിരുന്നു. ഇന്ന് അത്തരം പരാതികൾ കുറഞ്ഞുവെന്നത് ഈ സഭാസമ്മേളനത്തിൽ ഉന്നയിച്ച വിഷയങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. കിഫ്ബി പദ്ധതിയിലുൾപ്പെട്ട 131 റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 34 കോടി 46 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തികൾ നടന്നുവരികയുമാണ്. കിഫ്ബി പാച്ച്‌വർക്കിന് ഇത്രയധികം പണം നേരത്തെ നൽകിയിട്ടുണ്ടോയെന്ന് അംഗങ്ങൾ പരിശോധിക്കുന്നത് നല്ലതാണ്. കിഫ്ബി പദ്ധതിയുടെ ഭാഗമായി 96,49,000/- രൂപയുടെ പ്രീ-മൺസൂൺ പ്രവൃത്തികൾ റോഡുകളിൽ നടത്തുകയുണ്ടായി. ആവശ്യമായ സ്ഥലമില്ലാതെ പ്രവൃത്തി തടസ്സപ്പെട്ട റോഡുകളിൽ Full Depth Reclamation (FDR) സാങ്കേതിക വിദ്യയിലൂടെ അത് സാധ്യമാക്കുകയാണ്. 30 റോഡുകൾ ഇത്തരത്തിൽ പുനർനിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 42

എണ്ണത്തിൽ FDR സാധ്യമാക്കാനുള്ള പ്രവർത്തനം നടന്നുവരികയാണ്. ഓരോ വിഷയവും പരിഹരിച്ച് മുന്നോട്ടുപോകാനാണ് വകുപ്പ് ശ്രമിക്കുന്നത്. റോഡുകളുടെ പരിപാലന വിഷയത്തിലും ഇതേ നിലപാട് തന്നെയാണ് സ്വീകരിക്കുന്നത്. റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചപ്പോൾ പലരുമത് നടക്കുമോയെന്നാണ് ചോദിച്ചത്. സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി ഒരുവർഷത്തിനുള്ളിൽത്തന്നെ അത് യാഥാർത്ഥ്യമായെന്ന കാര്യം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിലൂടെ ക്ലസ്റ്റർ I-ൽ 138-ഉം ക്ലസ്റ്റർ II-ൽ 346-ഉം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുപുറമെ 217 മഴക്കാലപൂർവ്വ പ്രവൃത്തികളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ 12332 കി. മീറ്റർ റോഡുകളും പ്രീ-മൺസൂൺ പ്രവൃത്തികളുടെ ഭാഗമായി 9210 കി.മീറ്റർ റോഡുകളും ഇതിലൂടെ പരിപാലിക്കപ്പെടുകയാണ്. കരാറുകാരുടെ Defect Liability Period (DLP)-ന്റെ ഭാഗമായ റോഡുകളും പൊതുമരാമത്ത് വകുപ്പിന്റെ 29552 കി.മീറ്റർ റോഡുകളിൽ 25479-ഉം പരിപാലിക്കപ്പെടുന്നുണ്ട്. ഏതൊക്കെ റോഡുകൾ ആരൊക്കെയാണ് പരിപാലിക്കുന്നതെന്ന് പ്രത്യേകം പ്രത്യേകം പറയാൻ സാധിക്കും. ഏഴ് വർഷ പരിപാലന കാലാവധിയിൽ Output and Performance Based

Running Contract (OPBRC) പദ്ധതിയും നടപ്പിലാക്കുകയാണ്. മഴക്കാലത്ത് റോഡ് തകരാറിലാകുമ്പോഴുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കാനാണ് ഇത്തവണ മൺസൂൺ കാലത്ത് കൺട്രോൾ റൂം പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിച്ചത്. കൺട്രോൾ റൂമിൽ ലഭിച്ച 74 പരാതികളിൽ 54 എണ്ണത്തിന് പ്രതികൂല കാലാവസ്ഥയ്ക്കിടയിൽപ്പോലും താൽക്കാലികമായെങ്കിലും പരിഹാരം കണ്ടെത്തിയിട്ടുണ്ട്. ടെക്നോളജിയെ സംയോജിപ്പിച്ചുകൊണ്ട് ജനങ്ങളെക്കൂടി ഇതിന്റെ ഭാഗമാക്കി പി.ഡബ്ല്യൂ.ഡി. ആപ്പ് പ്രവർത്തിക്കുന്നുണ്ട്. അതിലൂടെ ലഭിച്ച 20661 പരാതികളിൽ ഈ വകുപ്പുമായും മറ്റുപല വകുപ്പുകളുമായും ബന്ധപ്പെട്ടതടക്കം 14628 പരാതികൾ പരിഹരിച്ചിട്ടുണ്ട്. ആറ് ജീവനക്കാർ രാവിലെ മുതൽ വൈകുന്നേരംവരെ സ്ഥിരം കൺട്രോൾ റൂമിന്റെ പ്രവർത്തനം നടത്തുന്നുണ്ട്. ബാക്കിയുള്ള പല പരാതികളും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ടതാണ്. റോഡുകളുടെ പരിപാലനത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടാകാം. അത് പരിശോധിച്ച് കുഴികളൊന്നുംതന്നെയുണ്ടാകാതെ പരിഹരിച്ചുപോകും. ഞാൻ നിഷേധാത്മക നിലപാട് സ്വീകരിച്ചുവെന്ന് അദ്ദേഹം പറയുകയുണ്ടായി. അത് തെറ്റാണ്. ബാക്കി കാര്യങ്ങൾ കൂട്ടായി പരിഹരിച്ച് പോകാവുന്നതാണ്. റോഡുകളുടെ പരിപാലനം ഉറപ്പാക്കുമ്പോൾ അതിൽ

പ്രധാനം വിവിധ വകുപ്പുകളുടെ ഏകോപനമാണ്. കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുടെ പ്രവൃത്തി നടക്കുന്ന 90 റോഡുകൾ സമയബന്ധിതമായി തീർക്കാനാവശ്യമായ നടപടി സ്വീകരിക്കും; അതിന് മന്ത്രിതല ചർച്ച അനിവാര്യമാണെങ്കിൽ നടത്തും. ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിൽ 170 കോടി 47 ലക്ഷം രൂപയുടെ 55 പ്രവൃത്തികൾക്ക് ജൂൺ മാസത്തിൽത്തന്നെ ഭരണാനുമതി നൽകിയിട്ടുണ്ട്. വർക്കിംഗ് കലണ്ടറിന്റെ കൂടി വിജയമാണത്. പ്രസ്തുത പ്രവൃത്തികളുൾപ്പെട്ട മണ്ഡലങ്ങൾ പെരുമ്പാവൂർ, പിറവം, ആലുവ, എറണാകുളം (3 പ്രവൃത്തി), അങ്കമാലി, പറവൂർ (3 പ്രവൃത്തി), പെരിന്തൽമണ്ണ, മലപ്പുറം, കൊണ്ടോട്ടി, കൽപ്പറ്റ, ഇരിക്കൂർ, പേരാവൂർ എന്നിവയാണ്. പി.ഡബ്ല്യൂ.ഡി. വകുപ്പ് പൊതുവേ എങ്ങനെയാണ് കാര്യങ്ങളെ സമീപിക്കുന്നതെന്ന് സൂചിപ്പിക്കാനാണ് ഞാൻ മണ്ഡലങ്ങളുടെ പേര് വായിച്ചത്. പ്രതിപക്ഷ ബഞ്ചിലെ ഭൂരിപക്ഷം എം.എൽ.എ.-മാരും വളരെ പോസിറ്റീവായ സമീപനമാണ് ഈ വിഷയങ്ങളിൽ സ്വീകരിച്ചുവരുന്നതെന്ന് എനിക്ക് ഉറപ്പാണ്. പൊതുമരാമത്ത് വകുപ്പുമായി ബന്ധമില്ലാത്ത റോഡുകളെ സംബന്ധിച്ചും ചില പ്രചരണങ്ങൾ നടക്കുന്നുണ്ട്. സംസ്ഥാനത്ത് മൂന്ന് ലക്ഷം കി.മീറ്റർ റോഡുള്ളതിൽ 30,000 കി.മീറ്ററിനടുത്താണ് പി.ഡബ്ല്യൂ.ഡി.

റോഡ് വരുന്നത്. എന്നാൽ പി.ഡബ്ല്യൂ.ഡി.-യുടേതല്ലാത്ത 2,70,000 കി.മീറ്റർ റോഡുകളുടെ പ്രശ്നംകൂടി ഇതിലേയ്ക്ക് വലിച്ചിഴയ്ക്കുകയാണ്. അത് ശരിയാണോയെന്ന് സ്വയം പരിശോധിക്കണം. ഇവിടെ ദേശീയപാതയിലെ കുഴിയുമായി ബന്ധപ്പെട്ട ചോദ്യത്തിന് വളരെ കൃത്യമായി ഉത്തരം നൽകിയതാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പരാമർശിച്ച റോഡുകളിൽ ആറെണ്ണം മാത്രമാണ് പി.ഡബ്ല്യൂ.ഡി.-യുടേത്. എങ്കിലും എല്ലാ റോഡുകളുടെയും പ്രശ്നം പരിഹരിക്കാൻ ഇടപെട്ടുകൊണ്ടിരിക്കുകയാണ്, പ്രവൃത്തി വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. ദേശീയപാതയുടെ കാര്യത്തിൽ കേന്ദ്ര സർക്കാരിനെ സമ്മർദ്ദത്തിലാക്കാൻ എങ്ങനെയാണ് ഇടപെട്ടതെന്ന് അങ്ങയുടെ ബഞ്ചിലുള്ള മുതിർന്ന നേതാക്കളോട് ചോദിച്ചാൽ മനസ്സിലാകും. സി.ആർ.എഫ്. (സെൻട്രൽ റോഡ്സ് ഫണ്ട്) ലഭ്യമാക്കാൻ നിരന്തരം കേന്ദ്ര സർക്കാരുമായി ഇടപെടൽ നടത്തുന്നുണ്ട്. നമുക്ക് അവകാശപ്പെട്ട ഈ പണം നേടിയെടുക്കാൻ കേന്ദ്രത്തിൽ സമ്മർദം ചെലുത്തുന്നുണ്ട്. ശ്രീ. നിതിൻ ഗഡ്കരി അടക്കമുള്ള കേന്ദ്ര മന്ത്രിമാർ അക്കാര്യത്തിൽ പോസിറ്റീവായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. കേന്ദ്ര മന്ത്രിമാർ കേരളത്തിൽ വരുന്നതിനെതിരായി ആരും ഒന്നും പറഞ്ഞിട്ടില്ല, പരസ്പര പോരുമുണ്ടായിട്ടില്ല. കേന്ദ്ര മന്ത്രിമാരുടെ ഭാഗത്തെ

വീഴ്ച ചൂണ്ടിക്കാണിച്ചപ്പോൾ രണ്ടും ഒരുപോലെയെന്ന് വരുത്തിത്തീർക്കാനും ലാഘവത്തോടെ കാണാനുമുള്ള ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രമം ഏത് രാഷ്ട്രീയ താല്പര്യത്തെ സംരക്ഷിക്കാനാണെന്നത് വ്യക്തമാണ്. ഞാൻ പറഞ്ഞത് മുഴുവൻ കൃത്യമായ കാര്യങ്ങളാണ്, പ്രകോപനമുണ്ടാകേണ്ട ഒരു പ്രശ്നവും ഇതിലില്ല. എന്നാൽ ചിലർ കേരളത്തിലെ സർക്കാരിനെതിരെ തുടർച്ചായി അപവാദപ്രചരണം നടത്തുന്നത് ചൂണ്ടിക്കാട്ടണ്ടേ? ഇവിടെ നടത്തുന്ന പത്രസമ്മേളനങ്ങളിലൊന്നിലും കേരളത്തിന്റെ വികസനത്തെക്കുറിച്ച് ഒരക്ഷരവും പറയുന്നില്ല. വികസനത്തെ തടയാനും സംസ്ഥാനത്തെ ആക്ഷേപിക്കാനും വേണ്ടിയുള്ള നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ഇത് തുറന്ന് കാട്ടേണ്ട പ്രശ്നമല്ലേ? കൃത്യമായ രാഷ്ട്രീയ ലക്ഷ്യത്തിന്റെ ഭാഗമായിത്തന്നെയാണ് ഇവിടെ കേന്ദ്ര മന്ത്രിമാർ വന്നതെന്ന് പരിശോധിച്ചാൽ മനസ്സിലാകും. കുതിരാൻ തുരങ്കത്തിന്റെ കാര്യത്തിൽ എന്ത് നിലപാടാണ് സ്വീകരിച്ചത്? ഏറ്റവും തിരക്കേറിയ പാതയാണ് കുതിരാൻ തുരങ്കം. അത് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജന്റെ മണ്ഡലത്തിലൂടെ കടന്നുപോകുന്ന എൻ.എച്ച്. 544 ആണ്. 2021 മേയ് 20-ന് ചുമതല ഏറ്റെടുത്തപ്പോൾ പാലക്കാട്-തൃശ്ശൂർ റൂട്ട് പ്രധാന പ്രശ്നമായി കാണുകയും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2021 ജൂൺ 8-ന് യോഗം

ചേർന്ന് ആഗസ്റ്റ് 1-ന് ഇടതുവശ തുരങ്ക നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പുമന്ത്രിയെന്ന നിലയിൽ മൂന്നുപ്രാവശ്യം നേരിട്ടുപോയി നിരവധി യോഗങ്ങൾ വിളിച്ചുചേർത്ത് പ്രവൃത്തികൾ വിലയിരുത്തിയിരുന്നു. ആ രണ്ട് ജില്ലകളിലെയും എം.എൽ.എ.-മാരും മന്ത്രിമാരും എം.പി.-മാരുമെല്ലാം ഒരു ടീമായി പ്രവർത്തിച്ച് ജൂലൈ 31-നുതന്നെ അതിന്റെ ഒരു ടണൽ തുറന്നുവെന്ന കാര്യം ഇവിടെ ഓർമ്മപ്പെടുത്തുകയാണ്. എന്നാൽ ജൂലൈ 31-ന് ഉച്ചയ്ക്ക് 'നിങ്ങൾ നേരിട്ട് തുറക്കണം, മറ്റാരോടും പറയണ്ട' എന്ന കേന്ദ്ര സർക്കാർ നിലപാട് ദേശീയപാത അധികൃതരെ അറിയിച്ചു. പിന്നീട് അക്കാര്യം കേന്ദ്ര മന്ത്രിതന്നെ പരസ്യമായി പറയുകയുണ്ടായി. അതുസംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രിയും ഞാനും മുഖ്യമന്ത്രിയുമായി ചർച്ച നടത്തി അതിനോട് സഹകരിക്കാനാണ് തീരുമാനമെടുത്തത്. തുരങ്കം തുറക്കുമ്പോൾ ഞങ്ങളുണ്ടാകരുതെന്ന തെറ്റായ നിലപാട് കേന്ദ്ര മന്ത്രി സ്വീകരിച്ചപ്പോൾ അതിനെതിരെ ഒരു വാക്ക് ശബ്ദിക്കാൻ കേരളത്തിലെ പ്രതിപക്ഷനേതാവുൾപ്പെടെ തയ്യാറാകാത്തത് ചൂണ്ടിക്കാണിച്ചപ്പോൾ തമ്മിൽ തല്ലാണെന്ന് പറയുന്നത് എന്തിനാണ്? മുമ്പ് ഒരു കേന്ദ്ര മന്ത്രി വയനാട്ടിൽ വന്നപ്പോൾ നിങ്ങൾ ഒരക്ഷരം മിണ്ടിയില്ലല്ലോ. കോഴിക്കോട് ഒരു കേന്ദ്രമന്ത്രി

വന്നപ്പോൾ ഇഷ്ടമാധ്യമങ്ങളെ മാത്രം വിളിച്ച് യോഗം ചേർന്നപ്പോഴും തിരുവനന്തപുരത്ത് വന്നപ്പോഴും നിങ്ങൾ എന്തെങ്കിലും പറഞ്ഞോ? എന്തുകൊണ്ടാണ് നിങ്ങൾ അതിനെക്കുറിച്ച് മിണ്ടാത്തത്? ബി.ജെ.പി.-യിലെ കേന്ദ്ര മന്ത്രിമാരുടെ വരവിന്റെ രാഷ്ട്രീയം നിങ്ങൾ തിരിച്ചറിയാത്തതല്ലല്ലോ. 'അമ്മയുടെ ഒക്കത്തിരിക്കുകയും വേണം അച്ഛനോടൊപ്പം നടക്കുകയും വേണം' എന്നുപറഞ്ഞാൽ എങ്ങനെ ശരിയാകും? കോൺഗ്രസ് പാർട്ടിയിൽ നിൽക്കുകയും കേരളത്തിലെ ഇടതുപക്ഷത്തെ ദുർബ്ബലപ്പെടുത്തുന്നതിനുവേണ്ടി ബി.ജെ.പി.-യുടെ രാഷ്ട്രീയത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നത് ചൂണ്ടിക്കാട്ടിയതല്ലേ പ്രശ്നം? ഇവിടെ ബി.ജെ.പി. ഉയർത്തുന്ന അപകടകരമായ രാഷ്ട്രീയത്തിന്റെ പ്രാധാന്യവും ഫെഡറലിസത്തോടുള്ള വെല്ലുവിളിയും ഉൾപ്പെടെ ചൂണ്ടിക്കാട്ടി ഞങ്ങൾ മുന്നോട്ടുപോകുകയാണ്; അത് ഇനിയുമുണ്ടാകും. അതുകൊണ്ട് ബി.ജെ.പി.-യോടും കേന്ദ്ര സർക്കാരിന്റെ തെറ്റായ നിലപാടിനോടുമെതിരായ സമീപനം ഞങ്ങൾ സ്വീകരിക്കുമ്പോൾ അടിയന്തരപ്രമേയമല്ല, ഞങ്ങളുടെ അടിയന്തരം നടത്തിയാലും പോരാട്ടം തുടരുകതന്നെ ചെയ്യും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ

അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു വിഷയം സഭയിൽ ഉന്നയിക്കുന്നത് സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽകൊണ്ടുവന്ന് പരിഹാരം കണ്ടെത്തുന്നതിനുവേണ്ടിയാണ്. ചർച്ച ചിലപ്പോൾ സംവാദമാകും. അതല്ലേ നിയമസഭയിൽ നടക്കുന്നത്? എൻ.എച്ച്.-ലെയും പി.ഡബ്ല്യു.ഡി. റോഡിലെയും വർദ്ധിച്ചുവരുന്ന കുഴികൾ അപകടങ്ങളുണ്ടാക്കുന്നതുമായി ബന്ധപ്പെട്ടതാണ് അടിയന്തരപ്രമേയ വിഷയം. ........(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... പ്ലീസ്.....

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ നൽകിയ മറുപടിയും വൻതോതിൽ റോഡപകടങ്ങൾ വർദ്ധിക്കുന്നുവെന്നതാണ്. നമ്മളും നമ്മുടെ കുടുംബാംഗങ്ങളും വേണ്ടപ്പെട്ടവരുമെല്ലാം റോഡുകളിലൂടെ യാത്ര ചെയ്യുന്നവരാണ്. എത്രയോ അപകടങ്ങളാണ് ദിനംപ്രതിയുണ്ടാകുന്നത്! റോഡുകളിൽ കുഴികൾ വർദ്ധിക്കുമ്പോൾ, പ്രത്യേകിച്ച് മഴക്കാലത്ത് അപകടങ്ങൾ വർദ്ധിക്കാറുണ്ട്.

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ദേശീയപാതയിൽ ശനിയാഴ്ചയാണ് ബൈക്ക് യാത്രക്കാരനായ സാനു അപകടത്തിൽപ്പെട്ടത്. ഇന്ന് അദ്ദേഹം മരിച്ചുവെന്ന വാർത്ത ടി.വി.-യിൽ വരികയുണ്ടായി. റോഡുകളിലെ കുഴികൾ നികത്താൻവേണ്ട സമയബന്ധിത സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്യാൻ നോട്ടീസ് നൽകിയപ്പോൾ കോൺഗ്രസ്സിനെയും ബി.ജെ.പി.-യെയും ചേർത്തുകൊണ്ടുള്ള മറുപടിയാണ് പറഞ്ഞത്. എന്തൊക്കെയാണ് ബഹുമാനപ്പെട്ട മന്ത്രി കാടുകയറി പറഞ്ഞത്? ഇങ്ങനെയാണോ നിയമസഭയിൽ അടിയന്തരപ്രമേയ നോട്ടീസിന് മറുപടി പറയേണ്ടത്? ഞങ്ങൾ ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കാനല്ലേ ശ്രമിക്കുന്നത്? ഇത്തരം വിഷയങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരേണ്ടത് പ്രതിപക്ഷത്തിന്റെ കടമയാണ്. കഴിഞ്ഞ ജൂലൈ മാസത്തെക്കാൾ ഇപ്പോൾ കുഴികൾ കുറവാണെന്നാണ് അങ്ങ് ഇപ്പോൾ സ്റ്റേറ്റ്മെന്റ് നടത്തിയിരിക്കുന്നത്. ഞാൻ കഴിഞ്ഞ ജൂലൈ മാസത്തെയും ഈ ജൂലൈ മാസത്തെയും കുഴികൾ എണ്ണി നോക്കിയിട്ടില്ല. 2021 ജൂലൈ മാസത്തിൽ എത്ര കുഴികളുണ്ടായിരുന്നുവെന്നും 2022-ൽ എത്ര കുഴികളുണ്ടെന്നും

അങ്ങേയ്ക്ക് അറിയാമോയെന്നതാണ് എന്റെ ചോദ്യം. കഴിഞ്ഞവർഷത്തേക്കാൾ ഈ വർഷം കുഴികളുടെ എണ്ണത്തിൽ കുറവുണ്ടെന്നാണ് അങ്ങ് പ്രസ്താവന നടത്തിയത്. (....ബഹളം...) ബഹുമാനപ്പെട്ട മന്ത്രി ഒരുപാട് സമയം സംസാരിച്ചപ്പോൾ ഞങ്ങളാരും ബഹളമുണ്ടാക്കിയില്ലല്ലോ. ഒരു നിയമസഭാംഗം റോഡിൽ കുഴികളുണ്ട്, നികത്തണമെന്ന് ആവശ്യപ്പെടുമ്പോൾ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ അനുവദിച്ച പി.ഡബ്ല്യു.ഡി. വർക്കുകൾ ചൂണ്ടിക്കാണിച്ച് പരിഹസിക്കുകയാണ് ചെയ്യുന്നത്. ഇത് നിങ്ങളാരെങ്കിലും നൽകുന്ന ഔദാര്യമാണോ; ഏത് നികുതി പണത്തിൽനിന്നാണ് ഇതിനുള്ള തുക അനുവദിക്കുന്നത്? ജനങ്ങളുടെ നികുതി പണമാണിത്. പെരുമ്പാവൂരിലെയും ബേപ്പൂരിലെയും പറവൂരിലെയുമൊക്കെ ജനങ്ങളുടെ നികുതി പണമാണ് ഇതിന് കൊടുക്കുന്നത്. പെരുമ്പാവൂരിലെ റോഡിനായി അനുവദിച്ച 12 കോടി രൂപ നമ്മളാരും വീട്ടിൽനിന്നും കൊണ്ടുവന്നതോ നമ്മുടെ തറവാട് വിറ്റതോ അല്ല. മന്ത്രി ഇങ്ങനെയാണോ മറുപടി പറയേണ്ടത്? ഇതിൽ അപകടകരമായൊരു സ്ഥിതിവിശേഷമുണ്ട്.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, റോഡുകൾ പുന:സ്ഥാപിച്ചതിനുശേഷവും ഡി.എൽ.പി. ബോർഡുകൾ സ്ഥാപിക്കുന്നുണ്ടല്ലോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, എം.എൽ.എ.-മാർ പരാതി പറയുമ്പോൾ ബോർഡുകൾ സ്ഥാപിക്കാറുണ്ട്. അത് ആരുടെയെങ്കിലും ഔദാര്യമാണോ? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എൽ.ഡി.എഫ്.-ന്റെ എം.എൽ.എ.-മാർ അവരുടെ മണ്ഡലങ്ങളിൽ ബോർഡുകൾ സ്ഥാപിക്കാറില്ലേ? ......(ബഹളം)......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്..... പ്ലീസ്......

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇങ്ങനെ നിരന്തരം ശല്യപ്പെടുത്തുന്നത് ശരിയല്ല. ഞാൻ പറയാനുള്ള കാര്യങ്ങൾ പറഞ്ഞിട്ടേ പോകൂ. ...(ബഹളം)...

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ദയവായി അംഗങ്ങൾ ഇരിക്കു....

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അദ്ദേഹം അവിടെ പോകുമ്പോൾ വാഹനത്തിനുമുന്നിൽ ഒരു മൈക്ക് അനൗൺസ്മെന്റ് വേണമെന്നാണ്. നമ്മൾതന്നെ നമുക്ക് പൂമാലയിടുകയും നമ്മൾതന്നെ നമുക്ക് ഷേക്ക് ഹാന്റ് നൽകുകയുമാണ് ചെയ്യുന്നത്. അതൊന്നും വേണ്ട. ....(ബഹളം)... അങ്ങ് ഇവിടെ പറഞ്ഞത് മുഴുവൻ അനുവദിച്ച പണത്തിന്റെയും പുതിയ റോഡിന്റെയും കാര്യമാണ്. അതല്ല ഇവിടത്തെ വിഷയം. മാരുതി കാറിൽ കുതിരയെ

കൊണ്ടുവരുന്നതുപോലെയല്ല, അങ്ങ് വിഷയത്തിലേയ്ക്ക് വരണം. ഞങ്ങൾ ഇക്കാര്യങ്ങൾ പരിശോധിച്ചതാണ്. ഞാൻ 21 വർഷമായി എന്റെ നിയോജകമണ്ഡലത്തിലെ റോഡുകളുടെ കാര്യം വളരെയേറെ ശ്രദ്ധിക്കുന്ന ആളാണ്. കേരളത്തിൽ ഏറ്റവും നന്നായി റോഡുകൾ മെയിന്റയിൻ ചെയ്യുന്ന മണ്ഡലം പറവൂരാണെന്നാണ് മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞത്. ഞാൻ റോഡുകൾ നന്നായി ശ്രദ്ധിക്കുകയും എല്ലാ കാര്യങ്ങളും അങ്ങയോട് സംസാരിക്കുകയും ചെയ്യാറുണ്ട്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പറവൂരിൽ അങ്ങയുടെ മികവുകൊണ്ടാണെങ്കിൽ പെരുമ്പാവൂരിൽ അദ്ദേഹത്തിന്റെ പോരായ്മകൊണ്ടാണോ റോഡിൽ കുഴികളുണ്ടാകുന്നത്? കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഡി.എൽ.പി. ബോർഡുകൾ സ്ഥാപിക്കുന്നത്. മുമ്പ് ഡി.എൽ.പി. ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. വസ്തുതാവിരുദ്ധമായി സംസാരിക്കരുത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ വർഷം എന്താണ് സംഭവിച്ചതെന്നാണ് ഞാൻ പറയാൻ പോകുന്നത്. അല്ലാതെ പെരുമ്പാവൂർ മോശമാണെന്നോ പറവൂർ നല്ലതാണെന്നോ അല്ല പറയുന്നത്. റോഡുകളുടെ

മെയിന്റനൻസാണ് വിഷയം. എന്തുകൊണ്ടാണ് റോഡുകൾ തകർന്നുകിടക്കുന്നതെന്ന് അങ്ങ് ശ്രദ്ധിക്കണം. മെയിന്റനൻസിന് തുക അനുവദിക്കാൻ താമസമുണ്ടായതുകൊണ്ട് ടെണ്ടർ നടപടികൾക്ക് താമസമുണ്ടായി. മഴ ആരംഭിച്ചതിനുശേഷം പാച്ച് വർക്കുകൾ തുടങ്ങിയതുകൊണ്ടാണ് അവ പൊളിഞ്ഞുപോയത്. മെയിന്റനൻസിന് പണം അനുവദിക്കാനും ടെണ്ടർ നടപടി നടത്താനും വൈകിയതിനുകാരണം തർക്കമാണ്. പി.ഡബ്ല്യു.ഡി.-യിൽ പുതിയൊരു മെയിന്റനൻസ് വിംഗ് ഉണ്ടാക്കിയിരിക്കുകയാണ്. പ്രസ്തുത വിംഗും പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗവും തമ്മിലുള്ള തർക്കമാണ് പ്രവൃത്തികൾ വൈകാൻ കാരണമായത്. സാധാരണയായി ഒരു പുതിയ പ്രവൃത്തി ചെയ്താൽ മൂന്ന് വർഷത്തേയ്ക്ക് ഗ്യാരന്റിയുണ്ടാകും. അതുവരെ പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗത്തിനാണ് അതിന്റെ ഗ്യാരന്റി. അവിടെ ഒരു പാച്ച് വർക്കും മൂന്ന് വർഷത്തേയ്ക്ക് അനുവദിക്കുകയില്ല. പുതിയ മെയിന്റനൻസ് വിഭാഗം വന്നപ്പോൾ പുതിയതായി വർക്ക് ചെയ്ത, മൂന്ന് വർഷം കഴിഞ്ഞ റോഡുകൾക്ക് ഒരു വർഷം ഗ്യാരന്റിയോടുകൂടിയ മെയിന്റനൻസ് വർക്ക് അവരും ഏറ്റെടുക്കുന്നില്ല. ഇതിന്റെ വർക്കുകൾ ആരാണ് ചെയ്യേണ്ടതെന്നത് സംബന്ധിച്ച് തർക്കമുണ്ടായി. ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള മെയിന്റനൻസ്

വിഭാഗം എന്താണ് ചെയ്യുന്നത്? വർക്കുകൾ മുഴുവനുമുള്ളത് റോഡുകളിലാണ്. പാച്ച് വർക്കിനുള്ള ടാറും കുഴിയടയ്ക്കാൻവേണ്ടി shellmac-ഉം വകുപ്പാണ് സപ്ലൈ ചെയ്തിരുന്നത്. അതിപ്പോൾ നിർത്തലാക്കുകയും കരാറുകാരൻതന്നെ ഇതെല്ലാം കൊണ്ടുവരണമെന്ന് നിബന്ധന വച്ചിരിക്കുകയുമാണ്. കേന്ദ്ര സർക്കാരാണ് ദേശീയപാതകൾ നന്നാക്കാൻ ഫണ്ട് നൽകുന്നതെങ്കിലും അതിന്റെ പ്രവർത്തന ചുമതല പി.ഡബ്ല്യു.ഡി.-യുടെ കീഴിലുള്ള എൻ.എച്ച്.-വിഭാഗം ഉദ്യോഗസ്ഥർക്കാണ്. അതിന്റെ സൂപ്പർവിഷനും ക്വാളിറ്റിയുമൊക്കെ പരിശോധിക്കുന്നത് അവിടെയാണ്. പുതിയ എൻ.എച്ച്. നിർമ്മാണം വന്നപ്പോൾ ഇപ്പോൾ പ്രവൃത്തി നടത്തിക്കൊണ്ടിരുന്ന റോഡിനെ നാഷണൽ ഹൈവേ അതോറിറ്റിയിലേയ്ക്ക് മാറ്റുകയുണ്ടായി. നാഷണൽ ഹൈവേ അതോറിറ്റി പഴയ റോഡുകളുടെ പാച്ച് വർക്കിനുള്ള ഫണ്ട് തരുന്നില്ല. അവർ പറയുന്നത്, പുതിയ റോഡിന്റെ പ്രവൃത്തി പൂർത്തിയാകട്ടെ എന്നാണ്. എൻ.എച്ച്.എ.ഐ. പറയുന്നത് തെറ്റായ കാര്യമാണ്. പുതിയ റോഡിന്റെ പണി പൂർത്തിയാകുന്നതിന് നാലോ അഞ്ചോ വർഷമെടുക്കും. അതുവരെ നിലവിലുള്ള റോഡിന്റെ മെയിന്റനൻസിന് അവർ ഫണ്ട് തരാതിരിക്കുന്നത് കേന്ദ്രസർക്കാരിന്റെയും നാഷണൽ ഹൈവേ അതോറിറ്റിയുടെയും ഭാഗത്തുനിന്നുള്ള തെറ്റായ നടപടിയാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ

മുൻകയ്യെടുത്ത് ആ പ്രശ്നം പരിഹരിച്ച് അവർ ഏറ്റെടുത്തിരിക്കുന്ന റോഡിൽ മെയിന്റനൻസ് നടത്താനുള്ള നടപടി സ്വീകരിക്കണം. അക്കാര്യങ്ങളിൽ ഞങ്ങൾ ഉറപ്പായും സർക്കാരിനൊപ്പം നിൽക്കും. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെയും ഇക്കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെയും ഭരണകാലത്ത് എൻ.എച്ച്.-ൽ പാച്ച് വർക്ക് നടത്താൻ സംസ്ഥാനത്തിന്റെ ഫണ്ട് തരുമായിരുന്നു. ഇപ്രാവശ്യം അത് തന്നിട്ടില്ല. മെയിന്റനൻസ് നടക്കാത്തതുകൊണ്ടാണ് കുഴികളുടെ എണ്ണം വർദ്ധിച്ചത്.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, അത് ശരിയാണ്. എൻ.എച്ച്.എ.ഐ.-യുടെ ഹാൻഡ് ഓവർ നടന്നത് 2020-ലാണ്. അന്നുമുതൽ മെയിന്റനൻസിന് ഫണ്ട് അനുവദിച്ചിട്ടില്ല. എൻ.എച്ച്.എ.ഐ.-യുമായി ബന്ധപ്പെട്ട് മെയിന്റനൻസ് ഫണ്ട് വാങ്ങിയെടുക്കുന്നതിൽ ഒരുമിച്ചുനിൽക്കാമെന്ന് അങ്ങ് പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. ടാറിന്റെ സപ്ലൈ ഡിപ്പാർട്ടുമെന്റ് നിർത്തലാക്കിയിട്ട് കുറച്ചുനാളുകളായി. അതിന്റെ ഭാഗമായുള്ള വിഷയമാണെന്ന ധ്വനിയിൽ പറയുന്നത് ശരിയല്ല. ഞാൻ പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയാണ്. പി.ഡബ്ല്യു.ഡി. മെയിന്റനൻസ്, റോഡ്സ് വിഭാഗങ്ങൾ തമ്മിൽ വിഷയമുള്ളതായി എനിക്ക് അറിവില്ല. റണ്ണിംഗ് കോൺട്രാക്റ്റ് സംവിധാനം സഭയാകെ ചർച്ച ചെയ്തതാണ്. —പരിപാലന

കാലാവധി കഴിഞ്ഞാൽ പുതിയ സംവിധാനം എന്താണെന്നുള്ളത് നമ്മളെല്ലാവരും ഒരുപോലെ ചർച്ച ചെയ്തതാണ്. ആ ചർച്ചയുടെ ഭാഗമായാണ് കേരള ചരിത്രത്തിലാദ്യമായി പരിപാലന കാലാവധി കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം മുതൽ എന്ത് ചെയ്യണമെന്നുള്ളതിനെക്കുറിച്ച് നേരത്തെതന്നെ കരാർ ഒരുക്കാൻ തീരുമാനിച്ചത്. അതാണ് റണ്ണിംഗ് കോൺട്രാക്ട്. അതിപ്പോൾ ഫലപ്രദമായി നടക്കുന്നുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഏത് നല്ല സംവിധാനം കൊണ്ടുവന്നാലും ഞങ്ങളതിനെ സ്വാഗതം ചെയ്യും. എന്റെ നിയോജക മണ്ഡലത്തിൽ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന ഒരു പുതിയ സംവിധാനം ഞാനാണ് റിലീസ് ചെയ്തത്. ഞാൻ അക്കാര്യം അങ്ങയെ അറിയിക്കുകയും ചെയ്തു. അതല്ല പ്രശ്നം. നിങ്ങൾ പി.ഡബ്ല്യൂ.ഡി. റോഡ് അനുവദിക്കാത്തതുകൊണ്ടോ പുതിയ പദ്ധതി കൊടുക്കാത്തതുകൊണ്ടോ ഞങ്ങളുടെ മണ്ഡലത്തിൽ തരാത്തതുകൊണ്ടോ അല്ല ഈ വിഷയം ഇവിടെ കൊണ്ടുവന്നത്. റോഡുകളുടെ മെയിന്റനൻസ് നടന്നില്ല. സാധാരണ അത് നടക്കുന്നതാണ്. പ്രീ മൺസൂൺ വർക്ക് എന്നുപറയുന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഇത് ഷെഡ്യൂൾ ചെയ്ത് കാലങ്ങളായി ചെയ്യുന്നതാണ്. അതിൽ ഇപ്രാവശ്യം ആവശ്യമില്ലാത്ത ഡിലേയുണ്ടായി. ഞങ്ങളൊക്കെ മുഴുവൻ

സ്ഥലത്തും പരിശോധിക്കുന്നവരും പാച്ച് വർക്കില്ലാത്ത റോഡുകളുണ്ടാകണമെന്ന് ആഗ്രഹിക്കുന്നവരുമാണ്. ഞാൻ നാല് വർഷം പാച്ച് വർക്കിനായി ഫണ്ട് വാങ്ങിയില്ല. കാരണം, ഒരു റോഡിന്റെ വർക്ക് വിജിലൻസ് കേസുണ്ടായതുകൊണ്ട് ഇംപ്ലിമെന്റ് ചെയ്യാൻ സാധിച്ചില്ല. ഒരു റോഡിനുമാത്രമാണ് പാച്ച് വർക്ക് ആവശ്യപ്പെട്ടത്. അതിനുപകരം എന്തെല്ലാം കാര്യങ്ങളിലേയ്ക്കാണ് അങ്ങ് പോയത്. കുഴികൾ വർദ്ധിക്കുമ്പോൾ ടൂ വീലറിൽ പോകുന്നവരാണ് കൂടുതലായും അപകടത്തിൽപ്പെട്ട് മരിക്കുന്നത്. മാത്രമല്ല, വലിയ വണ്ടികൾ പെട്ടെന്ന് കുഴി വെട്ടിച്ചുമാറ്റുമ്പോൾ മറിയുന്നു. അങ്ങനെ വ്യാപകമായി കുഴികളുണ്ടായതിനാൽ അപകടമരണങ്ങൾ വർദ്ധിക്കുകയാണ്. മാധ്യമങ്ങൾ അത് സീരിയലൈസ് ചെയ്യും, സർവ്വേ നടത്തും, റിപ്പോർട്ട് ചെയ്യും. ഇപ്പോൾ കമലേശ്വരം റോഡിനെക്കുറിച്ച് പറഞ്ഞപ്പോൾ പണം അനുവദിച്ചെന്നാണ് അങ്ങ് പറഞ്ഞത്. പണം അനുവദിക്കാത്തതല്ല പ്രശ്നം. 14 ജില്ലകളിലും വ്യാപകമായി തകർന്നുകിടക്കുന്ന പ്രധാന റോഡുകളുടെയും കുഴികളുള്ള റോഡുകളുടെയും റിപ്പോർട്ടുകൾ ശേഖരിച്ചിട്ടാണ് അടിയന്തരപ്രമേയവുമായി ഞങ്ങളിവിടെ വന്നത്. ഇത് അപകടം ഇല്ലാതാക്കുന്നതിനുവേണ്ടിയാണ്. അല്ലാതെ ബി.ജെ.പി.-യുമായി എന്താണ് ബന്ധം? അങ്ങേയ്ക്ക് വേറെ ഏതെങ്കിലും

ചർച്ചയിൽ പറയാമായിരുന്നില്ലേ ഞങ്ങൾക്ക് ബി.ജെ.പി.-യുമായി ബന്ധമുണ്ടെന്ന്. ബി.ജെ.പി.-യെ സഹായിക്കാൻ ഞങ്ങൾ കൊണ്ടുവന്നതുപോലെയാണ് അങ്ങ് പറയുന്നത്. ഞാൻ പറഞ്ഞല്ലോ, വിദേശകാര്യ വകുപ്പുമന്ത്രി ഇവിടെ വന്നത് രാഷ്ട്രീയ കാര്യങ്ങൾക്കാണ്. അദ്ദേഹത്തിന് മൂന്നുനാല് പാർലമെന്റ് മണ്ഡലങ്ങളുടെ ചാർജ്ജ് കൊടുത്തിരിക്കുകയാണ്. അവർ ഇവിടെവന്ന് രാഷ്ട്രീയപ്രവർത്തനം നടത്തുകയാണ്. ഞങ്ങളും അതിനെ എതിർക്കുകയല്ലേ; ഞങ്ങൾ ഒന്നും പറഞ്ഞില്ലെന്ന് പറയുന്നത് എന്തിനാണ്?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്....

ശ്രീ. വി. ഡി. സതീശൻ: സർ, ശ്രീമതി സ്മൃതി ഇറാനി വയനാട്ടിൽ വന്നതിനെക്കുറിച്ച് ഞാൻ അവിടെ വച്ചുതന്നെ പത്രസമ്മേളനം നടത്തി പറഞ്ഞു. അവർ അവിടെ വന്നിട്ട് പറഞ്ഞത് ശ്രീ. രാഹുൽഗാന്ധിയെ വയനാട്ടിൽനിന്ന് തുരത്തണമെന്നാണ്. ശ്രീമതി സ്മൃതി ഇറാനി വന്നിട്ട് പ്രതിപക്ഷനേതാവ് സംസാരിച്ചില്ലെന്ന് പറഞ്ഞതുകൊണ്ടാണ് ഞാനിത് സൂചിപ്പിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് വാക്കൗട്ട് പ്രസംഗമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അവർ ശ്രീ. രാഹുൽഗാന്ധിയെ

തുരത്താൻ പറഞ്ഞ് ഒരു മാസത്തിനുള്ളിൽ അദ്ദേഹത്തിന്റെ ഓഫീസ് ആക്രമിച്ചു. ശ്രീമതി സ്മൃതി ഇറാനിയുടെ ആഹ്വാനം ഏറ്റെടുത്തവരാണ് നിങ്ങൾ. ഞങ്ങൾ ബി.ജെ.പി.-യെയും അവരുടെ മന്ത്രിമാരെയും എതിർക്കേണ്ടിടത്ത് എതിർക്കും. എല്ലാ ദിവസവും ശ്രീ. വി. മുരളീധരൻ എനിക്കെതിരായാണല്ലോ സ്റ്റേറ്റ്മെന്റ് നടത്തുന്നത്. സി.പി.ഐ.(എം)-ന്റെ എം.എൽ.എ.-മാർ എല്ലാ ദിവസവും എനിക്കെതിരെ ഇവിടെ ആരോപണം ഉന്നയിക്കുന്നതും അതേ കാര്യമല്ലേ? ബി.ജെ.പി.-യും സി.പി.ഐ.(എം)-ഉം തമ്മിൽ എൻ.എച്ച്.-ലാണോ പി.ഡബ്ല്യു.ഡി.-യിലാണോ ഏറ്റവും കൂടുതൽ കുഴി എന്നതിനെക്കുറിച്ച് ആശയസംവാദമാണ് നടത്തുന്നത്. പ്രധാനപ്പെട്ട കാര്യങ്ങളിൽ നിങ്ങൾ കോമ്പ്രമൈസ് ചെയ്യുകയാണ്. ഞങ്ങൾക്ക് 'No compromise with Sangh Parivar'; ഒരു കാര്യത്തിലും വിട്ടുവീഴ്ച ചെയ്യില്ല, ഞങ്ങൾ ഉറച്ച നിലപാടിലാണ്. സർക്കാർ ഇക്കാര്യം ഗൗരവതരമായി പരിശോധിക്കുമെന്ന് കരുതിയാണ് ശ്രദ്ധയിൽപ്പെടുത്തിയത്. തീർച്ചയായും നടപടി സ്വീകരിക്കും, നിങ്ങൾ ഉന്നയിച്ചിരുന്ന കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കും എന്നൊരു മറുപടി പറയുകയാണെങ്കിൽ വാക്കൗട്ട് വേണ്ടെന്നാണ് ഞങ്ങൾ തീരുമാനിച്ചിരുന്നത്. പകരം ബഹുമാനപ്പെട്ട മന്ത്രി പ്രകോപനപരമായ, രാഷ്ട്രീയ അതിപ്രസരം കലർന്ന

വാക്കുകളാണ് മറുപടിയിൽ പറഞ്ഞത്. റോഡിലെ കുഴികളെക്കുറിച്ച് പറയുമ്പോൾ എന്തിനാണ് ബി.ജെ.പി.-യെപ്പറ്റി പറയുന്നത്; എന്തിനാണ് അങ്ങനെയുള്ള വർത്തമാനം പറയുന്നത്; ഇതാണോ മതേതരത്വത്തെക്കുറിച്ച് പ്രസംഗിക്കേണ്ട അവസരം? ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹം ചെയ്ത കാര്യങ്ങൾ സ്വയം പുകഴ്ത്തുകയും ഞങ്ങൾ ഉന്നയിച്ച കാര്യങ്ങൾ ചർച്ച ചെയ്യാതിരിക്കുകയും ചെയ്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പ്രതിപക്ഷത്തുനിന്നും പറഞ്ഞത് പോസിറ്റീവായെടുത്ത് ചെയ്യേണ്ടത് ചെയ്യാമെന്ന് പ്രത്യേകമായി ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കേൾക്കാത്തതിന്റെ പ്രശ്നമാണ്. ഞാനത് പറഞ്ഞിട്ടുണ്ട്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ പോസിറ്റീവായി പറഞ്ഞതിനോട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അങ്ങനെതന്നെ പ്രതികരിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയം പറഞ്ഞതിന് രാഷ്ട്രീയമായിത്തന്നെ മറുപടി പറഞ്ഞുവെന്നേയുള്ളൂ.

ബി.ജെ.പി.-യോട് ഫൈറ്റ് ചെയ്യുന്ന കാര്യമാണെങ്കിൽ അതിൽ കോൺഗ്രസിനെ മാറ്റി നിർത്തി മുന്നോട്ട് പോകാനാകുമോ? ഇടതുപക്ഷം ഒറ്റയ്ക്ക് ബി.ജെ.പി.-ക്കെതിരെ ഫൈറ്റ് ചെയ്താൽ ഇന്ത്യാ രാജ്യത്ത് എന്തെങ്കിലും ചലനമുണ്ടാകുമോ? രാഷ്ട്രീയം പറഞ്ഞാൽ പ്രതിപക്ഷനേതാവ് മറുപടി പറയാതിരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം ഈ ക്ലാസ്സെടുക്കേണ്ടത് കോൺഗ്രസിനാണെന്ന് മാത്രമേ പറയുന്നുള്ളൂ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്ത്യാ രാജ്യത്ത് ബി.ജെ.പി.-യുടെ തന്ത്രം മറികടക്കാൻ ഗൗരവമായി എല്ലാവരും ആലോചിക്കേണ്ട സാഹചര്യമാണിത്. അത് ഞങ്ങൾ ഒറ്റയ്ക്ക് നടത്തിക്കൊള്ളാമെന്ന് നിങ്ങൾ പറഞ്ഞാൽ അത് എവിടെയും എത്തില്ലെന്ന വസ്തുത ഞാൻ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിനാൽ ചർച്ച ചെയ്യേണ്ടതില്ല, വാക്കൗട്ട് പ്രസംഗം നടത്തിയാൽ മതി.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞാൻ വിഷയത്തിലേയ്ക്ക് വരാം. റോഡുകളിലെ കുഴി എന്നത് ഇപ്പോൾ ജനങ്ങളുമായി ബന്ധപ്പെട്ട ഗൗരവമുള്ള

സാമൂഹ്യ പ്രശ്നമാണ്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ നാല് കുഴികളടയ്ക്കുന്ന കാര്യമല്ല സൂചിപ്പിച്ചത്. കേരളത്തിൽ ഇന്ന് അപകട മരണം വർദ്ധിച്ചുവരികയാണ്. കൂട്ടമരണവും ഒറ്റപ്പെട്ട മരണവും ഇടിയുടെ ആഘാതത്തിൽ സ്കൂട്ടറുകൾ വലിയ വാഹനങ്ങളുടെ അടിയിൽപ്പെടുന്നതുമൊക്കെ നിത്യസംഭവമാണ്. അതിപ്പോൾ നാഷണൽ ഹൈവേയിലാണോ പി.ഡബ്ല്യു.ഡി.-യുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള റോഡിലാണോ എന്നുള്ളതല്ല പ്രശ്നം. ഇതൊക്കെ ഒരു ദിവസംകൊണ്ടുണ്ടായത് എന്നല്ല ഇവിടെ പറഞ്ഞത്. റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഫലപ്രദമായി നടപ്പിലാക്കുകയാണെങ്കിൽ വളരെ നല്ലതാണ്. പണ്ടൊരു മന്ത്രി പറഞ്ഞതുപോലെയാകരുത്. ഞാൻ മന്ത്രി ആരാണെന്നോ പാർട്ടി ഏതാണെന്നോ പറയുന്നില്ല. കുഴികളൊക്കെ എണ്ണുന്ന പരിപാടിയുണ്ടായിരുന്നു. അത് വലിയ ചർച്ചയായിരുന്നു. കുഴി എണ്ണി വന്നപ്പോഴേയ്ക്കും അഞ്ച് വർഷത്തെ കാലാവധി കഴിയുകയും ചെയ്തു, കുഴികളെല്ലാം അവിടെ കിടക്കുകയും ചെയ്തു. പെർഫോമൻസ് മോശമായിരുന്നു. അതുപോലെയാകരുതെന്നാണ് പറയാനുള്ളത്. റണ്ണിംഗ് കോൺട്രാക്ട് ഫലപ്രദമായി നടപ്പാക്കാൻ സമയബന്ധിതമായ ഒരു പരിപാടിയുണ്ടെങ്കിൽ അടിക്കടി കുഴിയുണ്ടാകുന്ന സ്ഥിതി ഒഴിവാക്കാനാകും.

അവരവരുടെ മണ്ഡലങ്ങളിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ നന്നാകണം, റബ്ബറൈസ്ഡാകണം എന്നൊക്കെ എം.എൽ.എ.-മാർ ആഗ്രഹിക്കുന്നതിൽ രാഷ്ട്രീയമില്ല. അങ്ങനെ ഒരു പെർഫോമൻസ് മണ്ഡലത്തിലുണ്ടായാൽ അതിന്റെ ഗുണം എം.എൽ.എ.-ക്കുമുണ്ടാകുമെന്നതിൽ സംശയമില്ല. അതുകൊണ്ട് ഈ വിഷയം കുറച്ചുകൂടി ഇംപ്ലിമെന്റ് ചെയ്യണം, 'ഏട്ടിലെ പശുവായി' അവശേഷിക്കാൻ പാടില്ല. കുഴികൾ ഒരു സാമൂഹിക പ്രശ്നമായ സ്ഥിതിക്ക് അത് പരിഹരിക്കാൻ നടപടിയുണ്ടാകണം. എന്തുകൊണ്ട് കേരളത്തിൽ ഇത്രയധികം ആളുകൾ മരിക്കുന്നുവെന്ന് ചോദിച്ചാൽ ഒരുപക്ഷേ റോഡപകടങ്ങൾ വിഷയമായി വന്നിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്സാഹം അക്കാര്യത്തിലുണ്ടാകണം. അതാണ് ഇന്നത്തെ ചർച്ചകൊണ്ട് ഉദ്ദേശിച്ചത്. അതിൽ രാഷ്ട്രീയമെല്ലാം കയറിവന്നതുകൊണ്ടാണ് വാക്കൗട്ടിൽ എത്തിയത്. ഇതിനേക്കാളും നല്ലത് ചർച്ച അനുവദിക്കുന്നതായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. ഏതായാലും അത് അനുവദിക്കാത്തതുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ മെയിന്റനൻസിനുള്ള തുക അനുവദിച്ചതിലെ കാലതാമസമാണ് യഥാർത്ഥത്തിൽ പ്രശ്നമായത്. റണ്ണിംഗ് കോൺട്രാക്ട് രണ്ട് ലിസ്റ്റിലായാണ് വന്നത്. രണ്ടാമത്തെ ലിസ്റ്റ് വന്നത് മേയ് മാസത്തിലാണ്. അപ്പോൾത്തന്നെ മഴ ആരംഭിക്കുകയും വർക്കുകളെല്ലാം താറുമാറാകുകയും ചെയ്തു. ഒരു റോഡിന് അഞ്ച് ലക്ഷം രൂപയാണ് അനുവദിച്ചതെങ്കിൽ ഇനി മഴ കഴിഞ്ഞ് വർക്ക് ആരംഭിക്കുമ്പോൾ 10 ലക്ഷം രൂപയുടെ കുഴികൾ രൂപപ്പെട്ടിട്ടുണ്ടാകും. യഥാർത്ഥത്തിൽ ഇതെല്ലാം റണ്ണിംഗ് കോൺട്രാക്ടിന്റെ രണ്ടാമത്തെ ലിസ്റ്റ് വരാനുണ്ടായ കാലതാമസം മൂലമുണ്ടായ പ്രശ്നങ്ങളാണ്. ഞാൻ ഇതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ ഫിനാൻസ് വകുപ്പിൽ നിന്നും ക്ലിയറൻസ് വന്നിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. മെയിന്റനൻസ്, റോഡ്സ് വിഭാഗങ്ങളിൽ ഏതൊക്കെ പ്രവൃത്തികൾ കൊടുക്കണമെന്നതിനെ സംബന്ധിച്ചുള്ള വ്യക്തതയില്ലായ്മയാണ് ഫിനാൻസിലേക്ക് ലിസ്റ്റ് നൽകാൻ വൈകിയതെന്ന് അതിനുശേഷമാണ് മനസ്സിലായത്. എന്റെ നിയോജകമണ്ഡലത്തിലെ അഞ്ച് പ്രധാനപ്പെട്ട റോഡുകളിൽ കുഴികൾ നിറഞ്ഞ് റണ്ണിംഗ് കോൺട്രാക്ട് ലിസ്റ്റ് 2-ൽപ്പെട്ട് കിടക്കുകയാണ്. ഇപ്പോൾ തുക അനുവദിച്ച് ടെണ്ടർ നടപടിയായെങ്കിലും

നിർമ്മാണ പ്രവർത്തനങ്ങൾ വൈകുകയാണ്. വലിയ രീതിയിലുള്ള പ്രതിഷേധം സംസ്ഥാനത്തൊട്ടാകെ നടക്കുകയാണ്. അടുത്ത പ്രാവശ്യമെങ്കിലും മാർച്ച് മാസത്തിൽത്തന്നെ തുക അനുവദിക്കാനും പ്രീ മൺസൂൺ വർക്കുകൾ തീർക്കാനുമുള്ള നടപടി സ്വീകരിക്കണം. ധാരാളം വിലപ്പെട്ട ജീവനുകൾ നിരത്തുകളിൽ നഷ്ടപ്പെടുകയാണ്. റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട വിഷയത്തിൽക്കൂടി ഒരു ഏകോപനമുണ്ടാകണം. കഴിഞ്ഞ ദിവസം എന്റെ നിയോജകമണ്ഡലത്തിൽ ദേശീയ കായികതാരം ജൂബി തോമസ് ബൈക്ക് അപകടത്തിൽ മരണപ്പെടുകയുണ്ടായി. ബസിന്റെ അമിതവേഗതയാണ് മരണകാരണം. അതുസംബന്ധിച്ച് അന്വേഷണം നടക്കുകയാണ്. വിലപ്പെട്ട ജീവനുകൾ കുഴികളിൽ വീണും അമിതവേഗത കാരണവും നഷ്ടപ്പെടുന്നതുകൊണ്ടാണ് ഇക്കാര്യം ഇവിടെ സൂചിപ്പിച്ചത്. ഇവിടെ റോഡ് സേഫ്റ്റി നിയമങ്ങൾ ഇല്ലാത്തതുകൊണ്ടല്ല അപകടങ്ങൾ വർദ്ധിക്കുന്നത്, അവ പാലിക്കപ്പെടുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. നിരത്തുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അപകടകരമായ കുഴികൾ അടിയന്തരമായി നികത്താൻ നടപടിയുണ്ടാകണം. അടുത്ത വർഷമെങ്കിലും ഇത്തരത്തിലുള്ള പ്രശ്നമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. പ്രധാനപ്പെട്ട ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിരുന്നു,

അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, ഇതൊരു ഗൗരവമേറിയ വിഷയമാണ്. ഇതിൽ വകുപ്പുമന്ത്രി വളരെ കാര്യക്ഷമമായി ഇടപെടുന്നുണ്ടെങ്കിലും റോഡുകളിലുണ്ടാകുന്ന കുഴികൾമൂലം ജനങ്ങൾക്ക് യാത്ര ചെയ്യുന്നതിന് ബുദ്ധിമുട്ട് നേരിടുകയാണ്. മണിക്കൂറുകൾ നീണ്ട ക്യൂവാണ് നാഷണൽ ഹൈവേയിലൊക്കെ കാണുന്നത്. കോളേജുകളിലേയ്ക്കും സ്കൂളുകളിലേയ്ക്കും ജോലിസ്ഥലത്തേയ്ക്കുമെല്ലാം പോകുന്നവർ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. കുഴികളടയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് പറയാനുള്ളത്. ഈ ഗൗരവമായ വിഷയം ചർച്ച ചെയ്യപ്പെടേണ്ടതാണ്, പരിഹരിക്കപ്പെടേണ്ടതാണ്. ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ

വീണ്ടും  സഭയിൽ ഹാജരായി.)

11.06AM]

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. എസ്. സുപാൽ: സർ, കേരളത്തിലെ പ്രധാനപ്പെട്ട ഒരു പരമ്പരാഗത വ്യവസായ മേഖലയാണ് കശുവണ്ടി മേഖല. പതിനായിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. സംസ്ഥാനത്തെ ഭൂരിഭാഗം സ്വകാര്യ ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സുമടക്കമുള്ള പൊതുമേഖലാ ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നത്. എന്നാൽ വേണ്ടത്ര തൊഴിൽ ദിനങ്ങൾ നൽകാൻ കഴിയുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും അടഞ്ഞുകിടക്കുന്ന മുഴുവൻ സ്വകാര്യ ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. കശുവണ്ടിത്തൊഴിലാളികളുടെ

മിനിമം കൂലി കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കേണ്ടതാണ്. വർഷങ്ങൾ പിന്നിടുമ്പോഴും മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ നടപടികളുണ്ടാകുന്നില്ല. ജീവിതച്ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കശുവണ്ടിത്തൊഴിലാളികൾക്ക് അവരുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിനായി മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ട്. ആറ് മാസത്തിൽ 78 ദിവസം ജോലി ചെയ്താൽ മാത്രമേ തൊഴിലാളിക്കും ഒരു വർഷത്തിൽ 156 ദിവസം ജോലി ചെയ്താൽ മാത്രമേ അവരുടെ കുടുംബാംഗങ്ങൾക്കും ഇ.എസ്.ഐ ആനുകൂല്യം ലഭിക്കുകയുള്ളൂ. അതിനാൽ ഇ.എസ്.ഐ. ആനുകൂല്യം എല്ലാ തൊഴിലാളികൾക്കും ഉറപ്പുവരുത്തേണ്ടതാണ്. കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സ് തുടങ്ങിയ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിലെയും തൊഴിലാളികൾക്ക് അത്രയും ദിവസം ജോലി ലഭിക്കാത്തതിനാൽ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പാക്കി മുഴുവൻ കശുവണ്ടിത്തൊഴിലാളികൾക്കും ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. അതുപോലെ

ഹാജറിന്റെ അടിസ്ഥാനത്തിലാണ് പി.എഫ്. ആനുകൂല്യം നൽകുന്നത്. 3650 ഹാജർ ഉണ്ടെങ്കിൽ മാത്രമേ പെൻഷൻ ലഭിക്കുകയുള്ളൂ. പത്ത് വർഷം ജോലി ചെയ്താലും പി.എഫ്. പെൻഷൻ കിട്ടാത്ത അവസ്ഥയാണ്. പതിനഞ്ചും ഇരുപതും വർഷം ജോലി ചെയ്താൽ മാത്രമേ പി.എഫ്. പെൻഷൻ ലഭിക്കുകയുള്ളൂ. കേന്ദ്ര സർക്കാരിന്റെ ഇത്തരത്തിലുള്ള നിലപാടുമൂലമാണ് തൊഴിലാളികൾ പ്രയാസമനുഭവിക്കുന്നത്. അതിനാൽ പരമാവധി തൊഴിൽ ദിനങ്ങൾ നൽകാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കശുവണ്ടിത്തൊഴിലാളികളുടെ മക്കൾക്ക് ഇ.എസ്.ഐ. ക്വാട്ടയിൽ മെഡിക്കൽ പ്രവേശനത്തിന് അവസരമുണ്ട്. എന്നാൽ ഹാജർ ഇല്ലാത്തതിന്റെ പേരിൽ അവരിൽ പലരുടെയും മിടുക്കരായ മക്കൾക്ക് ഇത്തരത്തിൽ പഠിക്കാനുള്ള സാഹചര്യങ്ങളുണ്ടാകുന്നില്ല; അതിനുള്ള സാഹചര്യമൊരുക്കണം. ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇപ്പോൾ വിദേശത്തുനിന്നാണ് തോട്ടണ്ടി കൊണ്ടുവരുന്നത്. നമ്മുടെ കാഷ്യൂ ബോർഡിനാണ് അതിന്റെ ചുമതല. യഥാർത്ഥ സാഹചര്യങ്ങൾ മനസ്സിലാക്കി യഥാസമയം കശുവണ്ടി ഇറക്കുമതി ചെയ്ത് കോർപ്പറേഷനും കാപ്പെക്സിനുമെല്ലാം നൽകി ആവശ്യമായ തൊഴിൽ ദിനം ഉറപ്പാക്കുന്ന

കാര്യത്തിൽ വീഴ്ചയുണ്ടാകുന്നുണ്ട്. അതുകൊണ്ട് കാഷ്യൂ ബോർഡുമായി ബന്ധപ്പെട്ട് പരമാവധി വേഗത്തിൽ തടസ്സങ്ങളില്ലാതെ കശുവണ്ടി കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. നമ്മുടെ സംസ്ഥാനത്ത് ഈ മേഖലയിൽ പ്രവർത്തിച്ചിരുന്ന വ്യവസായികൾ മറ്റ് സംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും ഈ വ്യവസായവുമായി ബന്ധപ്പെട്ട് പോകുകയാണ്. നമുക്ക് അവരെ ഇവിടെ പിടിച്ചുനിർത്താൻ കഴിയണം. ചില ആനുകൂല്യങ്ങൾ അവർക്ക് കൊടുത്തെങ്കിൽ മാത്രമേ ഈ പരമ്പരാഗത വ്യവസായത്തെ നിലനിർത്താൻ കഴിയൂ. അതുകൊണ്ട് ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാനും കശുവണ്ടിത്തൊഴിലാളികൾക്ക് ജോലിയും ക്ഷേമവും ഉറപ്പാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖമായ കശുവണ്ടി വ്യവസായത്തെയും അവിടെ ജോലി ചെയ്യുന്ന പതിനായിരക്കണക്കിന് തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. എന്നാൽ, വിയറ്റ്നാം ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ

യന്ത്രവത്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര മാർക്കറ്റിൽ വന്ന പ്രശ്നങ്ങളും കേരളം പ്രത്യേകമായി അഭിമുഖീകരിച്ച പ്രളയവും അതിനുശേഷം ആഗോളമായി കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തികമാന്ദ്യവുമെല്ലാം ഈ രംഗത്തെ പ്രതിസന്ധി കുറച്ചുകൂടി രൂക്ഷമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിരവധി സ്വകാര്യ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അത്തരം സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ബാങ്ക് തലത്തിലുള്ള സംവിധാനമായ എസ്.എൽ.ബി.സി.-യുമായി യോഗം ചേരുകയുണ്ടായി. അതിന്റെ ഫലമായി വ്യവസായ മേഖലയെ തകർച്ചയിൽനിന്ന് കരകയറ്റുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നതിന് ബാങ്കുകളുമായി സമവായത്തിലെത്തുകയും അതുസംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അംഗീകരിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള തീയതി നേരത്തെയുണ്ടാക്കിയ ധാരണയനുസരിച്ച് മാർച്ച് 31 വരെയായിരുന്നു. അത് ഡിസംബർ 31 വരെയായി നീട്ടിക്കൊടുത്തിട്ടുണ്ട്. ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഇ.എസ്.ഐ. തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് 78 ഹാജർ ആവശ്യമാണ്. ഇത് കേന്ദ്ര നിയമത്തിന്റെ ഭാഗമാണ്. ഇ.എസ്.ഐ.-യിൽ അംഗമായ വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും തൊഴിലിൽ പ്രവേശിക്കുന്ന തീയതി മുതൽ സാധാരണ ചികിത്സാനുകൂല്യം

ലഭിക്കുന്നുണ്ട്. അതിന് ഇത് ബാധകമല്ല. എന്നാൽ, ആറുമാസം പൂർത്തിയാക്കി 78 ദിവസം തൊഴിൽ സംഭാവന ചെയ്താൽ മാത്രമേ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുകയുള്ളൂ. അത് അദ്ദേഹം പറഞ്ഞത് ശരിയാണ്. ഒരു വർഷം പൂർത്തിയാക്കി സംഭാവനാ കാലയളവിൽ കുറഞ്ഞത് 78 ദിവസം തൊഴിൽ ചെയ്താൽ മാത്രമേ വ്യക്തികളുടെ കുടുംബാംഗങ്ങൾക്ക് സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുകയുള്ളൂ. അതോടൊപ്പം മക്കളുടെ വിദ്യാഭ്യാസത്തിന്റെ കാര്യം ബഹുമാന്യയായ അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതെല്ലാം അഖിലേന്ത്യാ തലത്തിലുള്ള നിയമമായതിനാൽ മാറ്റം വരുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ നിലപാട് ആവശ്യമാണ്. പരമാവധി തൊഴിൽ നൽകുന്നതിനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും നൽകുന്നതിനുവേണ്ടിയാണ് കാഷ്യൂ ബോർഡ് രൂപീകരിച്ചത്. തൊഴിലാളികൾക്ക് ആവശ്യാനുസരണം തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാനും തോട്ടണ്ടിക്ഷാമം പരിഹരിക്കാനുമാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരള കാഷ്യൂ ബോർഡ് സംഭരിക്കുന്ന തോട്ടണ്ടി പൊതുമേഖലയിലെ കശുവണ്ടി യൂണിറ്റുകൾക്കെന്നപോലെ സ്വകാര്യ മേഖലയിലെ യൂണിറ്റുകൾക്കും ലഭ്യമാക്കാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ട്. ഇതിലൂടെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസാനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനും

ഇ.എസ്.ഐ. ചികിത്സാ സഹായമുൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കി തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്നതാണ്. പി.എഫ്. പെൻഷന് അർഹത നേടുന്നതിന് 10 വർഷത്തെ സർവ്വീസ് അതായത് 3650 ഹാജരുണ്ടായിരിക്കണമെന്ന വ്യവസ്ഥ പ്രാബല്യത്തിൽ കൊണ്ടുവന്നതും കേന്ദ്ര സർക്കാരാണ്. തോട്ടണ്ടിയുടെ ക്ഷാമം പരിഹരിക്കുന്നതോടുകൂടി തൊഴിലാളികൾക്ക് അധികം തൊഴിൽ ദിനങ്ങൾ നൽകാനും തൊഴിലാളികളുടെ ഹാജർ വർദ്ധിപ്പിക്കാനും സാധിക്കുന്നതുമൂലം പി.എഫ്. പെൻഷന് അർഹത നേടുന്നതിന് ഹാജർ നില ഉറപ്പുവരുത്താൻ കഴിയുന്നതാണ്. 2017-ൽ സർക്കാർ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് 2018-19 മുതൽ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് 46345 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും നൽകിയിട്ടുണ്ട്. തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള പ്രവർത്തന മൂലധന വായ്പയായി 2022-23 സാമ്പത്തിക വർഷം കാഷ്യൂ ബോർഡിന് സർക്കാർ 40.85 കോടി രൂപ നൽകിയിട്ടുണ്ട്. Guinea Bissau-ൽനിന്ന് 5000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ ടെണ്ടർ നടപടി കാഷ്യൂ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, മറ്റ് ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഗവൺമെന്റ് മുഖാന്തരം തോട്ടണ്ടി ഇറക്കുമതി ചെയ്യാനുള്ള സാധ്യതകൂടി ആരായുന്നുണ്ട്. എല്ലാ പ്രൊസീജ്യറും

പാലിച്ചുകൊണ്ട് മാത്രമേ ഇറക്കുമതി ചെയ്യാൻ സാധിക്കുവെന്നതിനാൽ അതിന്റേതായ കാലതാമസവുമുണ്ടാകാറുണ്ട്. അത് കുറച്ചുകൂടി ശാസ്ത്രീയമായി ക്രമീകരിക്കുന്നതിന് ശ്രമിക്കുന്നതാണ്. സ്വകാര്യ കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനുമായി ബാങ്ക് ലോൺ കുടിശ്ശികയുള്ളവർക്ക് പലിശയിളവ് നൽകുന്നതിനും തൊഴിൽ നൽകുന്നതിനനുസരിച്ച് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ഈ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ശിപാർശ സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതാണ്. കൂടാതെ, ജീവനോപാധികൾ നഷ്ടപ്പെട്ട അവസ്ഥയിൽ ചെറുകിട/ഇടത്തരം കശുവണ്ടി ഫാക്ടറികൾ പുനരുദ്ധരിപ്പിക്കുന്നതിനായി ഏഴ് കോടി രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി മുതലാളിമാർ മറ്റ് സംസ്ഥാനങ്ങളിലെ ഫാക്ടറികളിൽ പോകുന്നുവെന്ന കാര്യം ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചു. അതൊരു യാഥാർത്ഥ്യമാണ്. യഥാർത്ഥത്തിൽ 80 കിലോയുടെ ഒരു പായ്ക്കറ്റിനുള്ള പ്രോസസ്സിംഗ് ചാർജ് കേരളത്തിൽ 4,200/- രൂപയാണ്. അത് നമ്മൾ പൂർണ്ണമായും മാനുവലായാണ് ചെയ്യുന്നത്. എന്നാൽ, വിയറ്റ്നാം ഉൾപ്പെടെയുള്ള രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും ഓട്ടോമാറ്റിക് സംവിധാനത്തിൽ 800/- രൂപയ്ക്ക് ഇത് ചെയ്യാൻ സാധിക്കും. അതുകൊണ്ട് ഉല്പാദന ചെലവ് കുറയ്ക്കാനാവശ്യമായ ആധുനികവത്കരണം ഈ മേഖലയ്ക്ക്

ആവശ്യമാണ്. ഇതുസംബന്ധിച്ച് ഗൗരവമായൊരു പഠനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പി. എസ്. സുപാൽ: സർ, കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചിട്ട് വർഷങ്ങൾ പിന്നിടുകയാണ്. തൊഴിലാളികൾ ജീവിത ചെലവിനായി ബുദ്ധിമുട്ടുകൾ നേരിടുകയാണ്. അവരുടെ മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, മിനിമം കൂലിയുടെ കാര്യം ട്രേഡ് യൂണിയനുകൾ ഉന്നയിക്കുന്നുണ്ട്. ജീവിക്കാനുള്ള ചെലവിനോടൊപ്പം മിനിമം കൂലി കൊടുക്കാൻ കഴിയുമോയെന്നുള്ളത് വ്യവസായത്തിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുകൊണ്ട് മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. അനുകൂലമായ സാഹചര്യം വരുന്നതിനനുസരിച്ച് അത്തരം കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

## (2) സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്നവരുടെ ജാതി സെൻസസ്

ശ്രീ. യു. എ. ലത്തീഫ്: സർ, ഇന്ത്യയിൽ ഇത് സെൻസസിന്റെ വർഷമാണ്. അതോടൊപ്പം ജാതി സെൻസസും എടുക്കണമെന്നതാണ് 75% വരുന്ന പിന്നാക്കക്കാരുടെ ആവശ്യം. ഏതൊക്കെ ജാതികളുണ്ട്; അവരുടെ സാമൂഹിക-സാമ്പത്തിക-തൊഴിൽ-വിദ്യാഭ്യാസ അവസ്ഥകൾ

എന്തൊക്കെയാണ്; ഭരണകൂടത്തിന്റെ കൈകൾ എത്താത്തത് എവിടെയൊക്കെയാണ്; വിഭവങ്ങളുടെ വിതരണം ഏത് നിലയ്ക്കാണ് എന്നിങ്ങനെ ഒട്ടനവധി ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ജാതി സെൻസസിലൂടെ സാധിക്കും. ജനസംഖ്യയുടെ മുക്കാൽ പങ്കും വഹിക്കുന്നവർ ആവശ്യപ്പെട്ടിട്ടും കേന്ദ്ര/സംസ്ഥാന സർക്കാരുകൾ അത് നടപ്പാക്കാൻ തയ്യാറാകുന്നില്ല. ഭരണവർഗ്ഗം ജാതി സെൻസസിനെ ഭയപ്പെടുന്നു. ലളിതമായി പറഞ്ഞാൽ ജാതി സെൻസസ് ഒരു കണക്കാണ്. അതിനെ എന്തിന് ഭയക്കണം? ഉത്തരം ലളിതമാണ്. ആ കണക്കുകൾ ഇന്ത്യയുടെയും കേരളത്തിന്റെയും യാഥാർത്ഥ്യത്തെ വെളിപ്പെടുത്തും; പിന്നാക്ക വിഭാഗങ്ങളുടെ അവസ്ഥയെന്താണെന്ന് മനസ്സിലാകും; അധികാരങ്ങളും വിഭവങ്ങളും എന്നതിന്റെ ആധികാരിക രേഖകൾ പുറത്തുവരും; സ്വാതന്ത്ര്യം ലഭിച്ച് മുക്കാൽ നൂറ്റാണ്ടായിട്ടും സാമൂഹ്യനീതിയുടെ കാര്യത്തിൽ രാജ്യം എവിടെ നിൽക്കുന്നുവെന്ന് വെളിപ്പെടും. അതുകൊണ്ടാണ് അധികാരം കൈവശമുള്ളവർ ജാതി സെൻസസ് എന്ന കണക്കിനെ ഭയപ്പെടുന്നത്. ബ്രിട്ടീഷ് ഇന്ത്യയിൽ 1931 വരെ ജാതി സെൻസസ് നടന്നിട്ടുണ്ട്. 1955-ലെ Kaka Kalelkar Commision സർക്കാരിന് മുമ്പാകെ വച്ച ശിപാർശകളിൽ ആദ്യത്തേത് 1961-മുതൽ ജാതി സെൻസസ് എടുക്കണമെന്നാണെങ്കിലും

ഇതുവരെ അങ്ങനെയൊന്ന് നടന്നിട്ടില്ല. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനുശേഷം ഈ വിഷയം വീണ്ടും സജീവമായി. ഭരണഘടനയുടെ ആർട്ടിക്കിൾ 15 (4), 16 (4) എന്നിവ പിന്നാക്കക്കാരെ അപ്‌ലിഫ്റ്റ് ചെയ്യുന്ന അവസ്ഥയിലേയ്ക്ക് ഇന്ത്യയിലെ ജനങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്. എന്നാൽ, കേന്ദ്രത്തിലും കേരളത്തിലും രണ്ട് നിയമങ്ങൾ പാസ്സായി. കേന്ദ്രത്തിലെ The National Commission for Backward Classes Act, 1993-ലെ ഒൻപതാം വകുപ്പ് പ്രകാരം ഇങ്ങനെയൊരു ലിസ്റ്റ് കൊണ്ടുവരണമെന്നുള്ളതാണ്. 1993-ൽ കെ. കരുണാകരൻ കേരളത്തിലെ മുഖ്യമന്ത്രിയായിരുന്നപ്പോൾ The Kerala State Commission for Backward Classes Act, 1993 പാസ്സായി. അതിലെ 11-ാം വകുപ്പ് മാത്രം ഞാൻ വായിക്കാം, " The Government may at any time, and shall at the expiration of ten years from the coming into force of this Act and every succeeding period of ten years thereafter undertake revision of the lists with a view to excluding from such lists those classes who have ceased to be backward classes or for including in such lists new backward classes" എന്നാണ്. അതും നടപ്പിലായില്ല. പിന്നാക്കക്കാരുടെ മാഗ്നാകാർട്ടയെന്ന് അറിയപ്പെടുന്ന സുപ്രീംകോടതി വിധി Indra Sawhney

& Others Vs. Union Of India എന്നത് 1992-ലെ വിധിയാണ്. അതിൽ ചീഫ് ജസ്റ്റിസ് അടക്കമുള്ള ഒൻപതംഗ ഭരണഘടനാ ബഞ്ച് രേഖപ്പെടുത്തിയത്, " there should be a periodic revision of these lists to exclude those who have ceased to be backward or for inclusion of new classes, as the case may be" എന്നാണ്. കേരള ഹൈക്കോടതിയിലെ WP(C) 3389/2021-ൽ ചീഫ് ജസ്റ്റിസ് എസ്. മണികുമാർ അടങ്ങുന്ന ഡിവിഷൻ ബഞ്ച് " ഇത് അത്യാവശ്യമായതിനാൽ ആറ് മാസത്തിനുള്ളിൽ നടപ്പാക്കണം" എന്ന് പറഞ്ഞെങ്കിലും നടന്നില്ല. അവസാനം, ആറ് മാസത്തെ സമയം തരുമെന്നും നിർബന്ധമായും നടപ്പാക്കണമെന്നും പറഞ്ഞു. Contempt കേസാണ് ഫയൽ ചെയ്തത്. അതിൽ കേരള ഗവൺമെന്റ് 12 മാസത്തെ സമയംകൂടി ആവശ്യപ്പെട്ടു. ലോക്കൽ ബോഡി ഇലക്ഷൻ പ്രഖ്യാപിച്ചതിനാൽ code of conduct നിലവിൽ വന്നതുകൊണ്ടാണ് യഥാസമയം ചെയ്യാൻ സാധിക്കാതെ പോയതെന്ന് പറഞ്ഞ് 12 മാസം ആവശ്യപ്പെട്ടെങ്കിലും 03-08-2021 മുതൽ ആറ് മാസമാണ് കോടതി നൽകിയത്. ആ സമയവും കഴിഞ്ഞു, ഇതുവരെ നടപ്പാക്കിയിട്ടില്ല. അതുകൊണ്ട് അടിയന്തരമായും ജാതി സെൻസസ് നടപ്പാക്കണം. അല്ലെങ്കിൽ 30 വർഷങ്ങൾക്ക് മുമ്പുള്ള കണക്കനുസരിച്ച്

ഇപ്പോൾ പി.എസ്.സി.-യും മറ്റ് സ്ഥാപനങ്ങളും നടത്തുന്ന നിയമനങ്ങൾ ഭരണഘടനാ വിരുദ്ധമായിത്തീരും. ഇവിടെയുള്ള എസ്.സി./എസ്.ടി., ഈഴവ, മുസ്ലീം, ക്രിസ്ത്യൻ തുടങ്ങിയ സംവരണ സമുദായങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യം നഷ്ടപ്പെടും. അതുകൊണ്ട് ഭൂരിഭാഗം വരുന്ന പിന്നാക്കക്കാർക്കുവേണ്ടി ജാതി സെൻസസ് നടപ്പാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ശ്രീ. യു. എ. ലത്തീഫ് ഇവിടെ ഉന്നയിച്ചത് പ്രധാനപ്പെട്ടൊരു വിഷയമാണെങ്കിലും അതിൽ സംസ്ഥാന സർക്കാരിന് ചെയ്യാനാവുന്നതിൽ പരിമിതിയുണ്ടെന്ന് അദ്ദേഹത്തിനുതന്നെ അറിയാം. കേന്ദ്ര സർക്കാർ സർവ്വീസുകളിൽ പിന്നാക്ക വിഭാഗങ്ങൾക്ക് 27% സംവരണം അനുവദിച്ചതിനെ ചോദ്യം ചെയ്തുകൊണ്ടുള്ള 1992-ലെ Indra Sawhney & Others Vs. Union Of India കേസിന്റെ കാര്യം അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒ.ബി.സി. വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചത് ചോദ്യം ചെയ്തുകൊണ്ടുള്ള ആ കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി സംവരണം അനുവദിച്ചത് ശരിവച്ചതോടൊപ്പം പിന്നാക്ക വിഭാഗങ്ങളിലെ ക്രീമിലെയറിനെ

ഒഴിവാക്കണമെന്നും ഇത് കേന്ദ്രത്തിലും സംസ്ഥാനത്തിലും നടപ്പിലാക്കണമെന്നും ഉത്തരവാകുകയുണ്ടായി. അതോടൊപ്പം കേന്ദ്രത്തിലും സംസ്ഥാനത്തിലും പിന്നാക്ക വിഭാഗ കമ്മീഷനുകൾ രൂപീകരിക്കണമെന്നും പറഞ്ഞിട്ടുണ്ട്. അങ്ങനെയാണ് കേരളത്തിൽ 1993-ൽ പിന്നാക്ക വിഭാഗ കമ്മീഷൻ രൂപീകരിച്ചത്. പ്രസ്തുത കമ്മീഷനുകൾ ആവശ്യമായ വിവരം ശേഖരിച്ച് പട്ടികയിൽ കാലാനുസൃതമായ കൂട്ടിച്ചേർക്കലോ ഒഴിവാക്കലോ വരുത്തണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. അതിനുശേഷം സാമൂഹ്യ-സാമ്പത്തിക വിവരങ്ങൾ സാമുദായികാടിസ്ഥാനത്തിൽ ശേഖരിക്കപ്പെട്ടത് 2012-ലാണ്. എന്നാൽ ശേഖരിക്കപ്പെട്ട വിവരങ്ങൾ കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചില്ല. അതിന് പല കാരണങ്ങളും പറയുന്നുണ്ട്. സംവരണം കാലാനുസൃതമായി പുനഃക്രമീകരിക്കുന്നതിന് ഈ വിവരങ്ങൾ ആവശ്യമാണ്. സെൻസസ് എന്നത് ഭരണഘടനാപരമായി യൂണിയൻ ലിസ്റ്റിലുൾപ്പെട്ട വിഷയമാണ്, കേന്ദ്ര സർക്കാരിന്റെ നയപരമായ തീരുമാനങ്ങളിൽപ്പെട്ടതുമാണ്. അതുകൊണ്ട് സംസ്ഥാന സർക്കാർ തലത്തിൽ സാമുദായികാടിസ്ഥാനത്തിലുള്ള ഒരു സാമൂഹ്യ-വിദ്യാഭ്യാസ-സാമ്പത്തിക സെൻസസ് നടത്തുക സാധ്യമല്ല. സംസ്ഥാന സർക്കാരിന് അതിൽ ഏറെ പരിമിതികളുണ്ട്. കേന്ദ്ര സർക്കാർ നടത്തിയ സർവ്വേയുടെ

റിസൾട്ട് പുറത്തുവിടാത്ത സാഹചര്യത്തിൽ സംസ്ഥാനം സാമൂഹ്യ-വിദ്യാഭ്യാസ-സാമ്പത്തിക സെൻസസെടുത്ത് കണക്ക് പുറത്തുവിടുന്നത് ശരിയല്ല. എങ്കിൽപ്പോലും സംസ്ഥാനത്തെ സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി പരമാവധി ശ്രമം നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായാണ് ഉന്നതവിദ്യാഭ്യാസ/തൊഴിൽ രംഗങ്ങളിൽ റിസർവേഷൻ അനുസരിച്ച് അവർക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാനുള്ള നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

ശ്രീ. യു. എ. ലത്തീഫ്: സർ, സംസ്ഥാന കമ്മീഷൻ ആക്ടിലെ 11-ാം വകുപ്പനുസരിച്ച് ഈ ഗവൺമെന്റിനോട് ലിസ്റ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ടു. ഗവൺമെന്റ് അതിന് ഹൈക്കോടതിയിൽ 12 മാസത്തെ സമയം ചോദിക്കുകയും ആറ് മാസം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അപ്പോൾ ഈ ഗവൺമെന്റിന് ജാതി സെൻസസ് തയ്യാറാക്കുന്നതിന് യാതൊരു പ്രയാസവുമില്ല. എന്തുകൊണ്ടാണ് അത് ചെയ്യാത്തത്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അതുതന്നെയാണ് ഇവിടെ പറഞ്ഞത്. 2012-ൽ കേന്ദ്ര ഗവൺമെന്റ് സോഷ്യോ-ഇക്കണോമിക്-കാസ്റ്റ് സർവ്വേ നടത്തിയെങ്കിലും അതിന്റെ റിസൾട്ട് ഇതുവരെ പുറത്തുവിട്ടിട്ടില്ല. ഈ

സാഹചര്യത്തിൽ ഒരു സംസ്ഥാനം ആ ഉദ്യമവുമായി മുന്നോട്ടുപോകുന്നത് അഭികാമ്യമല്ലാത്തതിനാലാണ് സെൻസസ് നടത്താത്തതത്. സംസ്ഥാന സർക്കാരിന് സാധ്യമായ കാര്യങ്ങൾ എന്തൊക്കെയാണോ അതെല്ലാം ചെയ്യാൻ ശ്രമിക്കും.

11.25AM]

**V സബ്മിഷൻ**

(1) വിമാനത്തിൽവച്ച് കയ്യേറ്റം ചെയ്തത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 2022 ജൂൺ 13-ന് കണ്ണൂരിൽനിന്നും തിരുവനന്തപുരത്തേയ്ക്കുവന്ന ഇൻഡിഗോ എയർലൈൻസ് വിമാനം തിരുവനന്തപുരത്ത് ലാന്റ് ചെയ്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിമാനത്തിൽനിന്ന് ഇറങ്ങിയതിനുശേഷം പ്രതിഷേധ മുദ്രവാക്യം വിളിച്ച യൂത്ത് കോൺഗ്രസ് പ്രവർത്തകരെ ആ വിമാനത്തിലുണ്ടായിരുന്ന എൽ.ഡി.എഫ്. കൺവീനർ ശ്രീ. ഇ. പി. ജയരാജൻ സഹയാത്രികരുടെ മുന്നിൽവച്ച് തള്ളിയിട്ട് ക്രൂരമായി മർദ്ദിക്കുകയുണ്ടായി. സീറ്റിൽനിന്ന് എഴുന്നേറ്റ് 'പ്രതിഷേധം, പ്രതിഷേധം' എന്ന് മുദ്രാവാക്യം വിളിച്ചതിന്റെ പേരിൽ ആ പ്രവർത്തകർക്കെതിരെ വധശ്രമത്തിനാണ് പോലീസ് കേസെടുത്തത്. അതിനുശേഷം ക്രൂരമായി മർദ്ദനമേറ്റ അവർ 24.06.2022-ൽ

വലിയതുറ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയെങ്കിലും ഇതുവരെ ശ്രീ. ഇ. പി. ജയരാജനെതിരെ പോലീസ് കേസെടുത്തിട്ടില്ല. വിമാനത്തിൽ നടന്ന പ്രതിഷേധത്തിന്റെ പേരിൽ ഇൻഡിഗോ എയർലൈൻസ് അവരുടെ ഉന്നതരായ മൂന്ന് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു കമ്മിറ്റിയെവച്ച് അന്വേഷണം നടത്തുകയുണ്ടായി. അതിന്റെ ഫലമായി ആ യൂത്ത് കോൺഗ്രസ് പ്രവർത്തകർക്ക് രണ്ടാഴ്ചത്തേയ്ക്കും ശ്രീ. ഇ. പി. ജയരാജന് മൂന്നാഴ്ചത്തേയ്ക്കും വിമാനക്കമ്പനി വിലക്ക് ഏർപ്പെടുത്തി. അവരുടെ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്നത് യൂത്ത് കോൺഗ്രസ് പ്രവർത്തകർ ചെയ്തത് സിവിൽ ഏവിയേഷൻ റിക്വയർമെന്റ്സിന്റെ ലെവൽ വൺ ഒഫൻസും ശ്രീ. ഇ. പി. ജയരാജൻ ചെയ്തത് ലെവൽ ടു ഒഫൻസുമാണെന്നാണ്. ലെവൽ വണ്ണിനേക്കാൾ ഗുരുതരമായ കുറ്റകൃത്യമാണ് ലെവൽ ടൂ. ലെവൽ വൺ എന്നുപറയുന്നത് " While passing the order an Internal Committee which probed the incident held that the actions of the respondents were acts of Level 1 Unruly behaviour, physical gestures, verbal harassment" ആണ്. ലെവൽ ടു " The action of Mr. E. P. Jayarajan was considered as a level 2 Offence, which involves physically abusive behaviour (Pushing, kicking, hitting, grabbing) ഇതെല്ലാമാണ്.

ഇതൊരു ക്രിമിനൽ ഒഫൻസാണ്. ശ്രീ. ഇ. പി. ജയരാജന് മൂന്നാഴ്ചത്തെ വിലക്ക് ഏർപ്പെടുത്തിയപ്പോൾ അദ്ദേഹം ഒരുപാട് പ്രതികരിച്ചു. ഇൻഡിഗോ കമ്പനി പൂട്ടിപ്പോകുന്ന, സ്റ്റോക്ക് മാർക്കറ്റിൽ അവരുടെ ഷെയർ വാല്യു താഴ്ന്നുപോകുന്ന സ്ഥിതിയിലാകുമെന്നുവരെ പറഞ്ഞു. അതൊന്നും ഇവിടത്തെ വിഷയമല്ല. വിമാനക്കമ്പനിയുടെ അന്വേഷണത്തിൽത്തന്നെ കുറ്റകൃത്യം വെളിവാക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മർദ്ദിച്ച എൽ.ഡി.എഫ്. കൺവീനർ ശ്രീ. ഇ. പി. ജയരാജനെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ യാത്ര ചെയ്തപ്പോഴുണ്ടായ സംഭവമാണിതെന്നാണ് ആദ്യംതന്നെ പറയാനുള്ളത്. പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഞാൻ ഇറങ്ങിയതിനുശേഷമല്ല ഈ സംഭവമുണ്ടായത്. വിമാനം ലാൻഡ് ചെയ്തപ്പോൾ അവർ സീറ്റിൽനിന്നും എഴുന്നേറ്റ് എന്റെയടുത്തേയ്ക്ക് വരാൻ ശ്രമിക്കുകയാണ്. അപ്പോൾ മുദ്രാവാക്യം വിളിച്ചില്ല. എഴുന്നേറ്റപ്പോൾത്തന്നെ അവരോട് എയർഹോസ്റ്റസുമാർ ഇരിക്കാൻ പറഞ്ഞു, അവർ ഇരുന്നു. പിന്നെയും അവർ എഴുന്നേൽക്കുന്നു, ഇരിക്കുന്നു. സീറ്റ് ബെൽറ്റിന്റെ ചിഹ്നം ഓഫാകുമ്പോഴാണ് ഇൻഡിഗോ

എയർലൈൻസിലൊക്കെ ആളുകൾ എഴുന്നേൽക്കാറുള്ളത്. അത് അധികൃതർ യാത്രക്കാരോട് കൃത്യമായി പറയാറുമുണ്ട്. പക്ഷേ അതിന് കുറച്ച് സമയമെടുക്കും. ഇവിടെ സീറ്റ് ബെൽറ്റ് ചിഹ്നം പോയ ഉടൻതന്നെ അവർ ചാടി വരികയാണ്. അപ്പോൾ വിമാനം നിന്നതേയുള്ളൂ; ആരും ഇറങ്ങിയിട്ടില്ല. ഡോർപോലും തുറന്നിട്ടില്ലെന്നുള്ളതാണ് വസ്തുത. യഥാർത്ഥത്തിൽ ആ യാത്രയ്ക്കിടെ മുഖ്യമന്ത്രിയെ ആക്രമിക്കാനും കയ്യേറ്റം ചെയ്യാനും ശ്രമിക്കുന്ന നിലയാണുണ്ടായിട്ടുള്ളത്. ആ സംഭവത്തിൽ അക്രമികളെ തടഞ്ഞപ്പോൾ മുഖ്യമന്ത്രിയുടെ അംഗരക്ഷകനായ ശ്രീ. എസ്. അനിൽ കുമാർ, പേഴ്സണൽ അസിസ്റ്റന്റ് ശ്രീ. വി. എം. സുനീഷ് എന്നിവർക്ക് പരിക്കേറ്റിട്ടുണ്ട്. സംഭവത്തിൽ തിരുവനന്തപുരം വലിയതുറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 511/2022 ആയി കേസ് രജിസ്റ്റർ ചെയ്യുകയും മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പോലീസിന്റെ റിപ്പോർട്ടനുസരിച്ച് അറസ്റ്റ് ചെയ്യപ്പെട്ട പ്രതികൾ അന്വേഷണ ഉദ്യോഗസ്ഥരോടോ കോടതിയിൽ ഹാജരാക്കിയപ്പോൾ ബഹുമാനപ്പെട്ട കോടതി മുമ്പാകെയോ തങ്ങളെ ആരെങ്കിലും ആക്രമിച്ചതായി യാതൊരുവിധ പരാതിയും പറഞ്ഞിട്ടില്ല. ഗൗരവമേറിയ കുറ്റകൃത്യത്തിൽ കേസിലെ തുടർനടപടികളിൽനിന്നും ഒഴിവാക്കപ്പെടുന്നതിനും അതിന്റെ ഗൗരവം

ലഘൂകരിക്കുന്നതിനുംവേണ്ടി പ്രതികൾ തങ്ങളെ ആക്രമിച്ചുവെന്ന് പറഞ്ഞ് ദിവസങ്ങൾക്കുശേഷം പരാതി നൽകുകയാണുണ്ടായത്. പ്രസ്തുത പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുള്ളതും വസ്തുതകൾക്ക് വിരുദ്ധമായ കാര്യങ്ങളായതിനാൽ പ്രത്യേകം കേസ് രജിസ്റ്റർ ചെയ്യേണ്ട സാഹചര്യം നിലവിലില്ലെന്നുമാണ് പോലീസ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. പ്രതികൾക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾക്കുപുറമെ വിമാനത്തിനകത്തുള്ള സംഭവമാകയാൽ The Suppression of Unlawful Acts Against Safety of Civil Aviation Act, 1982-ലെ പത്താം വകുപ്പിൽ പറയുന്ന ഒരു ഭാഗം ഞാൻ ഉദ്ധരിക്കാം. " Protection of action taken in good faith.– (1) No suit, prosecution or other legal proceeding shall lie against any person for anything which is in good faith done or intended to be done in pursuance of the provisions of this Act." ഈ നിയമമനുസരിച്ച് മുഖ്യമന്ത്രിയെ ആക്രമിക്കാൻ ഓടിയടുക്കുന്ന അക്രമികളെ സദുദ്ദേശ്യത്തോടെ തടഞ്ഞവർക്കെതിരായി യാതൊരുവിധ നിയമനടപടികളും നിലനിൽക്കുന്നില്ലെന്നുകൂടി വ്യക്തമാണ്. വളരെ ആസൂത്രിതമായാണ് ഇത്തരമൊരു സംഭവം വിമാനത്തിൽവച്ച് നടത്താൻ യൂത്ത് കോൺഗ്രസ്

നേതാക്കൾ പദ്ധതിയിട്ടതെന്നാണ് അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. യൂത്ത് കോൺഗ്രസിന്റെ ഔദ്യോഗിക വാട്ട്സാപ്പ് ഗ്രൂപ്പ് ഉപയോഗിച്ചാണ് അക്രമപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. ഒരു മുൻ എം.എൽ.എ. കൂടിയായ യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന ഭാരവാഹി " സി.എം. കണ്ണൂർ-ട്രിവാൻഡ്രം ഫ്ലൈറ്റിൽ വരുന്നുണ്ട്. രണ്ടുപേർ ഫ്ലൈറ്റിൽ കയറി കരിങ്കൊടി കാണിച്ചാൽ എന്തായാലും ഫ്ലൈറ്റിൽനിന്നും പുറത്തിറക്കാൻ കഴിയില്ലല്ലോ" എന്ന് ആഹ്വാനം ചെയ്യുകയും തുടർന്ന് ഒരാൾക്ക് പതിമൂവായിരം രൂപയോളം ചാർജ്ജുവരുന്ന ടിക്കറ്റിനായി മൂന്നുപേർക്കുവേണ്ടി സ്പോൺസറെ സംഘടിപ്പിക്കുകയും ചെയ്യുകയുണ്ടായി. പൊതുവിൽ വിമാന യാത്രക്കാർക്കുവേണ്ടിയും പ്രത്യേകമായി മുഖ്യമന്ത്രിക്കുവേണ്ടിയുമുള്ള എല്ലാ സുരക്ഷാ സംവിധാനങ്ങളെയും കബളിപ്പിച്ചുകൊണ്ട് അക്രമം നടത്തണമെന്ന ലക്ഷ്യത്തോടെ അവർ വിമാനത്തിൽ കയറുകയാണുണ്ടായത്. തിരുവനന്തപുരം വിമാനത്താവളത്തിൽ വിമാനമിറങ്ങിയപ്പോൾ സീറ്റിൽനിന്നും എഴുന്നേറ്റ് മുന്നോട്ട് കുതിക്കാൻ അക്രമികൾ ശ്രമിച്ചപ്പോൾ എയർഹോസ്റ്റസുമാർ വിലക്കിയെങ്കിലും അത് വകവയ്ക്കാതെ മുഖ്യമന്ത്രിക്കുനേരേ അവർ നീങ്ങുകയാണുണ്ടായത്. വിമാനത്തിലെ യാത്രക്കാരാകെ

ഭയപ്പാടോടെയാണ് ഈ സംഭവത്തെ നോക്കിക്കാണേണ്ടത്. മുൻ മന്ത്രിയും എൽ.ഡി.എഫ്. കൺവീനറുമായ ശ്രീ. ഇ. പി. ജയരാജൻ മുഖ്യമന്ത്രിക്കുനേരെ പാഞ്ഞടുക്കുന്ന അക്രമികളെ തടയാൻ ശ്രമിച്ചു. അതും മറികടന്ന് മുഖ്യമന്ത്രിക്കുനേരെ ഓടിയടുത്ത അക്രമികളെ ശ്രീ. ഇ. പി. ജയരാജനും മുഖ്യമന്ത്രിയുടെ ഗൺമാനും മറ്റും അവസരോചിതമായി തടഞ്ഞതുകൊണ്ടുമാത്രമാണ് മറ്റ് അനിഷ്ട സംഭവങ്ങൾ നടക്കാതിരുന്നത്. ഇതിന്റെ ഭാഗമായി നേരത്തെയുള്ള ധാരാളം കാര്യങ്ങൾ എനിക്ക് ഓർമ്മവരുന്നുണ്ട്. എന്നെ ലക്ഷ്യമിട്ട് ധാരാളം സംഭവങ്ങളുണ്ടായിട്ടുണ്ട്. അതിലേയ്ക്കൊന്നും ഞാനിപ്പോൾ പോകുന്നില്ല. ആക്രമണശ്രമം, വധശ്രമം എന്നൊക്കെ പറയുന്നത് ആദ്യമായിട്ടല്ല. ശ്രീ. സണ്ണി ജോസഫിനൊക്കെ അതിനെപ്പറ്റി അറിയാമെന്ന് തോന്നുന്നു. തോലമ്പ്ര വില്ലേജിലെ തൃക്കടാരിപൊയിൽ കോൺഗ്രസിന്റെ അന്നത്തെ നേതാവ് എന്റെ നേരെയായിരുന്നു നിറയൊഴിച്ചത്. പേര് ഞാൻ പറയുന്നില്ല, അത് അങ്ങേയ്ക്കറിയാമായിരിക്കും. കണ്ണൂർ ജില്ലയിലെ മമ്പറത്ത് ഞാൻ നടന്നുപോകുമ്പോഴാണ് ഒരാൾ തോക്കെടുത്ത് ചൂണ്ടിയത്, നിറയൊഴിച്ചില്ല. ഈ രണ്ട് സമയങ്ങളിലും ഞാൻ എം.എൽ.എ. ആണ്. അതുസംബന്ധിച്ച് പരാതിപ്പെട്ടപ്പോൾ ഡിവൈ.എസ്.പി. അന്വേഷിച്ചിട്ട് അതൊരു

കളിത്തോക്കായിരുന്നുവെന്നാണ് പറഞ്ഞത്. ഞാൻ നേരത്തെ താമസിച്ച വീട്ടിൽനിന്ന് എന്റെ നാട്ടിലെ ചെറിയൊരു ടൗണായ ഓലയമ്പലത്ത് എത്താൻ ഒരു മൈൽ ദൂരം നടന്നുവരണം. വയലാണ്, ആ വയലിനോട് ചേർന്നുള്ള റോഡിലൂടെ നടന്നുവരികയാണ്. ശ്രീ. സണ്ണി ജോസഫിന് അയാളെ അറിയുമോയെന്ന് അറിയില്ല. ഏതായാലും അയാളുടെ പേര് ഞാൻ പറയുന്നില്ല. അവിടെയൊരു കടയുണ്ട്. ആ കടയിൽ നാലഞ്ച് ആളുകൾ രാവിലെ മുതൽ വന്നുനിൽക്കുന്നുണ്ട്. കനാലിന്റെ പണി നടക്കുന്ന കാലമാണ്. അവിടെ അടുത്തുള്ള ഒരു വീട്ടിലെ കുട്ടി ആ പീടികയിലേയ്ക്ക് ചെന്നു. അവർ ആ കുട്ടിയോട് ഒരു ഗ്ലാസ് ചോദിച്ചു. ആ കുട്ടിയുടെ വീട്ടിൽനിന്നും ഒരു ഗ്ലാസെടുത്ത് കൊടുത്തു. അത് ചാരായം ഒഴിച്ച് കുടിക്കാനായിരുന്നു. അതിനടുത്ത് ഒരു വീടുണ്ട്. അതാരുടെ വീടാണെന്ന് ഞാൻ പിന്നീട് പറഞ്ഞുതരാം. ആ വീട്ടിൽനിന്ന് വെള്ളയപ്പവും മറ്റും കൊണ്ടുവന്നിരിക്കുന്നു. ഈ കുട്ടിക്ക് എല്ലാംകൂടി സംശയമായി. അവരുടെയടുത്ത് വലിയ കൊടുവാളൊക്കെ കാണുന്നുണ്ട്; ആ കുട്ടി പോയി ഉമ്മയോട് കാര്യം പറഞ്ഞു. അപ്പോൾ എല്ലാ കാര്യങ്ങളും ഈ കുട്ടിയുടെ ശ്രദ്ധയിൽപ്പെട്ടുവെന്ന് അവർക്ക് മനസ്സിലായി. എനിക്ക് ആ വഴിക്കാണ് വരേണ്ടത്. പിണറായി സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിന്റെ

തറക്കല്ലിടൽ ചടങ്ങിനാണ് ഞാൻ പോകുന്നത്. വേറെ വഴിയൊന്നുമില്ലാത്തതിനാൽ എന്തായാലും ഞാൻ അതിലെ വരുമെന്ന് അവർക്കറിയാം. അതാണ് അവർ കാത്തുനിന്നത്. പക്ഷേ യാദൃച്ഛികമായി ആ കുട്ടിയുടെ ശ്രദ്ധയിൽപ്പെട്ടുവെന്ന് തോന്നിയപ്പോൾ സംശയമായി, അവർ അവിടെനിന്നും മെല്ലെയങ്ങ് നീങ്ങി. പിണറായി എന്ന ഗ്രാമത്തെക്കുറിച്ച് അറിയാമല്ലോ. പത്ത് മിനിട്ട് കഴിഞ്ഞപ്പോഴാണ് ഞാൻ നടന്നുവന്നത്. അടുത്ത വീട്ടുകാരൊക്കെ എന്നെ തുറിച്ചുനോക്കുന്നത് കണ്ടു. എന്താണെന്ന് എനിക്ക് മനസ്സിലായില്ല. ആ കടയും കടന്ന് പോയപ്പോൾ ഒരാൾ എന്നോട് പറഞ്ഞു ഇവിടെ രണ്ടുമൂന്ന് ആളുകൾ നിൽക്കുന്നുണ്ടായിരുന്നുവെന്ന്. അവർ എങ്ങോട്ടാണ് പോയതെന്ന് ചോദിച്ചപ്പോൾ ഓലയമ്പലത്തേയ്ക്ക് പോയി എന്നുപറഞ്ഞു. ബാക്കി കാര്യം ഞാനിപ്പോൾ പറയുന്നില്ല. മുഴപ്പിലങ്ങാടുള്ള അന്നത്തെ അറിയപ്പെടുന്ന റൗഡികളായിരുന്നു വന്നത്. ഇങ്ങനെയുള്ള കുറേയധികം കാര്യങ്ങൾ അന്ന് കണ്ണൂരിൽ നേരിടേണ്ടി വന്നയാളാണ് ഞാൻ. അതിലെല്ലാം പങ്കുവഹിച്ചവരായിരിക്കും ഇത്തരം കാര്യങ്ങളും പ്ലാൻ ചെയ്തിട്ടുണ്ടാകുക എന്നാണ് ഞാൻ കരുതിയത്. ഇവിടെ സൂചിപ്പിക്കുന്ന എം.എൽ.എ.യെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഇദ്ദേഹമൊക്കെ ഇത്തരത്തിൽ പ്ലാനുകൾ തയ്യാറാക്കുമോയെന്ന് അന്ന് എനിക്ക്

സംശയമുണ്ടായിരുന്നു. പക്ഷെ പിന്നീടത് വ്യക്തമായി. സഖാവ് ഇ. പി. ജയരാജനും ഗൺമാനും മറ്റും തടഞ്ഞതുകൊണ്ടുമാത്രമാണ് മുഖ്യമന്ത്രിക്കുനേരെ മറ്റ് അനിഷ്ട സംഭവങ്ങൾ നടക്കാതിരുന്നതെന്ന് ആവർത്തിച്ച് ഞാൻ വ്യക്തമാക്കുകയാണ്. ആസൂത്രിതമായി അക്രമികളെ വിമാനത്തിൽ കയറ്റി എത്ര സെക്യൂരിറ്റിയുള്ള ആളിനെയും അപകടപ്പെടുത്താൻ ശ്രമിച്ചാൽ വിമാന ജീവനക്കാർക്ക് അത് പ്രതിരോധിക്കാനുള്ള യാതൊരു സംവിധാനവും നിലവിലില്ല. അതുകൊണ്ടുതന്നെയാണ്, 'എന്തായാലും ഫ്ലൈറ്റിൽ നിന്നും പുറത്തിറക്കാൻ കഴിയില്ലല്ലോ' എന്ന് വാട്സാപ്പ് ഗ്രൂപ്പിൽ ആഹ്വാനം ചെയ്തതെന്നാണ് അനുമാനിക്കാൻ കഴിയുന്നത്. മുഖ്യമന്ത്രിയെ ലക്ഷ്യം വച്ചുകൊണ്ടുള്ള ഗൂഢാലോചന നടത്തിയവരുടെയും അക്രമികളുടെയും പദ്ധതിയാണ് ഇവിടെ വ്യക്തമാകുന്നത്. മുഖ്യമന്ത്രിയെ വിമാനത്തിൽ നിന്നും പുറത്തിറക്കാൻ കഴിയാത്ത സാഹചര്യമുണ്ടാക്കുകയെന്ന പദ്ധതിയാണ് ഈ മെസേജിലൂടെ അവർ ആസൂത്രണം ചെയ്തത്. അതിനുശേഷം എന്തൊക്കെയാണ് നടന്നതെന്നത് അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തേണ്ടതാണ്. ജനാധിപത്യ സംവിധാനത്തിനകത്ത് പ്രവർത്തിക്കുന്ന ഒരു സംഘടനയിൽ ഇത്തരമൊരു ഭീകരപ്രവർത്തനം ആസൂത്രണം ചെയ്യുന്നത് പതിവില്ല.

പദ്ധതി ആസൂത്രണം ചെയ്ത യൂത്ത് കോൺഗ്രസും അതിനെ ന്യായീകരിക്കുന്ന കോൺഗ്രസ് നേതൃത്വവും ജനാധിപത്യ സംവിധാനങ്ങളെയാകെ അട്ടിമറിക്കുകയാണ് ചെയ്യുന്നത്. ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയ ഇൻഡിഗോ വിമാനക്കമ്പനിയുടെ ആഭ്യന്തര അന്വേഷണ സമിതി 16-07-2022-ന് പുറപ്പെടുവിച്ച ഉത്തരവ് സംഭവത്തിലുൾപ്പെട്ടവരുടെ വാദങ്ങളും തെളിവുകളും നിയമാനുസൃതം കേൾക്കാതെയാണെന്ന പരാതി ഉയർന്നുവന്നിട്ടുണ്ട്. അതൊരു എക്സ് പാർട്ടി ഉത്തരവാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. പ്രതികളെ സഹായിക്കുന്ന നിലപാടാണ് ഇൻഡിഗോ വിമാനക്കമ്പനിയുടെ ആഭ്യന്തര അന്വേഷണ സമിതി കൈക്കൊണ്ടിട്ടുള്ളതെന്ന ആക്ഷേപവും ഉയർന്നുവന്നിട്ടുണ്ട്. ഇൻഡിഗോ വിമാനക്കമ്പനി തങ്ങളുടെ യാത്രക്കാർക്ക് സുരക്ഷിതത്വവും സംരക്ഷണവും നൽകുന്നതിൽ പരാജയപ്പെടുകയും അക്രമികൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുകയും ചെയ്തത് വിമാനയാത്രയിലെ സുരക്ഷിതത്വത്തിന് അപകടമുണ്ടാക്കുന്ന കാര്യമാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞാൻ ഉന്നയിച്ച വിഷയത്തിന് അവാസ്തവമായ കുറേയധികം കാര്യങ്ങളാണ് പറഞ്ഞത്. മറ്റു കാര്യങ്ങളിൽ എനിക്കറിയാത്ത ചരിത്രമാണ് അങ്ങ്

പറഞ്ഞത്. അങ്ങ് പുറത്തിറങ്ങിയതിനുശേഷമാണ് മുദ്രാവാക്യം വിളിച്ചതെന്ന് പറഞ്ഞത് അങ്ങയുടെ പാർട്ടി സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണനും വിമാനത്തിലുണ്ടായിരുന്ന ശ്രീ. ഇ. പി. ജയരാജനുമാണ്.

മി.ഡെപ്യൂട്ടി സ്പീക്കർ: ഇതൊരു ചർച്ചയായി കൊണ്ടുപോകേണ്ട കാര്യമല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാനിത് അദ്ദേഹത്തോട് പറയണം. അദ്ദേഹം പതിനാറ് മിനിട്ട് സംസാരിച്ചല്ലോ. ഞാൻ പറയുമ്പോൾ അങ്ങ് ദയവായി ഇടപെടരുത്. പ്രതിഷേധം, പ്രതിഷേധം എന്ന മുദ്രാവാക്യം വിളിച്ചതിന്റെ പേരിൽ ആ രണ്ട് പേർക്കെതിരായി വധശ്രമത്തിന് പോലീസ് കേസെടുത്തത് തെറ്റാണെന്ന് അങ്ങയുടെ വർത്തമാനത്തിൽ നിന്നുതന്നെ മനസ്സിലായിട്ടുണ്ട്. ഇപ്പോൾ വിമാനക്കമ്പനിക്കാണ് കുഴപ്പമെന്ന രീതിയിലാണ് പറയുന്നത്. (....ബഹളം....) വിമാനക്കമ്പനി ഇത് പരിശോധിച്ചതിലുണ്ടായ അപാകതയാണ് പ്രശ്നം. യഥാർത്ഥത്തിൽ ഇല്ലാത്തൊരു കേസാണിത്. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രി കൂടിയാണ്. മുദ്രാവാക്യം വിളിച്ചവരെ തള്ളിയിട്ട് ക്രൂരമായി മർദ്ദിച്ചവർക്കെതിരെ കേസെടുക്കാത്തത് ഇരട്ടനീതിയാണ്. ഇത് കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. ആ കുട്ടികൾ ചെയ്തത് ഭീകര പ്രവർത്തനമാണെന്ന്

അങ്ങ് പറഞ്ഞാൽ അതിലെന്ത് നീതിയാണുള്ളത്? പത്തൊമ്പത് വയസ്സുള്ള കുട്ടിയുടെ തല മഴുകൊണ്ട് വെട്ടിപ്പൊളിച്ചതാണോ, മുദ്രാവാക്യം വിളിച്ചതാണോ ഭീകര പ്രവർത്തനം?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ വാദം സമർത്ഥിക്കാൻവേണ്ടി തെറ്റായ വിവരങ്ങൾ പറയുകയാണ്. ഞാനിവിടെ ആവർത്തിച്ച് വ്യക്തമാക്കിയ കാര്യമാണ്. ഞാൻ ഇറങ്ങിയതിനുശേഷമല്ല ഈ സംഭവങ്ങൾ നടന്നത്, ഞാനവിടെ ഇരിക്കുകയായിരുന്നു. യാത്ര ചെയ്ത ആൾ ഞാനാണല്ലോ. ഞാനാണല്ലോ അവിടെയുള്ളത്. ഇത് ഇന്ന് ഞാൻ പറഞ്ഞതല്ലല്ലോ. എന്താണ് സംഭവിച്ചതെന്ന് നേരത്തെ ഇവിടെ സൂചിപ്പിച്ചിട്ടുള്ളതാണ്. ആ സംഭവത്തെക്കുറിച്ച് പരാമർശിക്കേണ്ടിവന്നപ്പോൾ നിയമസഭയിൽ ഇതെല്ലാം വ്യക്തമാക്കിയിട്ടുണ്ട്. സഭയ്ക്ക് പുറത്ത് അധികം പറയേണ്ടി വന്നിട്ടില്ല. അതുകൊണ്ടുതന്നെ ആവർത്തിക്കേണ്ട കാര്യമില്ല. ഞാൻ സീറ്റിൽ നിന്ന് എഴുന്നേൽക്കുന്നതിന് മുമ്പുതന്നെയാണ് നേരത്തെ പറഞ്ഞ ആളുകൾ ചാടിക്കളിക്കുന്നത്. അത് അവിടത്തെ ക്രൂ തടഞ്ഞുനിർത്തി. തുടർന്ന് സീറ്റ് ബെൽറ്റിന്റെ ചിഹ്നം ഓഫ് ചെയ്തപ്പോൾ പെട്ടെന്നുതന്നെ അവർ ചാടി അട്ടഹാസത്തോടെ എന്റെയടുത്തേയ്ക്ക് വരികയായിരുന്നു. ഞാൻ

ഇറങ്ങുന്നതിനുവേണ്ടി എഴുന്നേറ്റ് നിൽക്കുമ്പോഴാണ് അതുണ്ടായത്. അല്ലാതെ ലോഹ്യം പറയാൻ വരുന്ന രീതിയിലല്ല വന്നത്. ആ വരവിന്റെ പ്രത്യേകത കണ്ടുകൊണ്ടാണ് ശ്രീ. ഇ. പി. ജയരാജൻ ഇടയ്ക്കുകയറി നിന്നത്. ഞാൻ ഏറ്റവും പിന്നിലെ സീറ്റിലാണിരുന്നത്. അതിന്റെ തൊട്ടുമുമ്പിലത്തേതിന്റെ മുമ്പിലുള്ള സീറ്റിലാണ് സഖാവ് ഇ. പി. ജയരാജനുണ്ടായിരുന്നത്. അതായത്, പുറകിൽ നിന്നെണ്ണിയാൽ മൂന്നാമത്തെ സീറ്റിലാണ് അദ്ദേഹമിരുന്നത്. ശ്രീ. ഇ. പി. ജയരാജൻ ഇറങ്ങി ഇടയ്ക്ക് നിന്നതുകൊണ്ട് അവർക്ക് എന്റെ അടുത്തേയ്ക്ക് വരാൻ കഴിയുന്നില്ല. പിന്നെയും വരാൻ ശ്രമിച്ചപ്പോൾ അവരെ തടഞ്ഞു. അങ്ങ് ഒരു ചെറിയ കുഞ്ഞിന്റെ കാര്യം പറഞ്ഞില്ലേ? അതിലൊന്ന് 19 കേസുകളിൽ പ്രതിയായ കുഞ്ഞാണ്. അങ്ങനെയുള്ള കുഞ്ഞുങ്ങളെ ഒക്കത്തുവച്ച് നടക്കാൻ കഴിയുന്ന ആളുകൾ അവിടെയുണ്ട്. അങ്ങ് അതിന്റെ ആളായി മാറണ്ട. അങ്ങത് മനസ്സിലാക്കണം. താങ്കളാണ് യഥാർത്ഥത്തിൽ സഭയെ തെറ്റിദ്ധരിപ്പിക്കാൻ നോക്കുന്നത്. പ്രത്യേക വൈദഗ്ദ്ധ്യമുള്ള അവരെ ഈ പ്രവൃത്തിക്കുവേണ്ടി തയ്യാറാക്കിയതാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്താൽ അത് ചെയ്യാൻ പാടില്ലാത്തതാണ് എന്നെങ്കിലും പറയേണ്ടതല്ലേ? അതുപോലും പറയാതെ അതെല്ലാം ന്യായീകരിക്കാനാണ് നിങ്ങൾ ശ്രമിച്ചത്. അത് ഇന്നത്തെയൊരു

പ്രത്യേകതകൊണ്ടാണെന്നും നിങ്ങളുടെ ഗതികേടിന്റെ ഭാഗമായി സംഭവിച്ചതാണെന്നും മനസ്സിലാക്കാൻ എനിക്ക് കഴിയും. അങ്ങനെ മാത്രമേ ഞാനതിനെ കാണുന്നുള്ളൂ. പക്ഷെ, നടന്ന കാര്യങ്ങൾ ഇത്തരത്തിലാണെന്നത് ഒന്നുകൂടി ആവർത്തിച്ച് വ്യക്തമാക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ, ശ്രീ. കെ. ഡി. പ്രസേനൻ)

## (2) ആതുര ശുശ്രൂഷാലയങ്ങൾ പ്രവർത്തിക്കുന്ന കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ ലൈസൻസ്

ശ്രീ. ജോബ് മൈക്കിൾ: സർ, 2019-ൽ കെട്ടിട നിയമങ്ങൾ നിലവിൽ വന്നപ്പോൾ പഴയ വാണിജ്യ കെട്ടിടങ്ങളുടെ തത്സ്ഥിതി നിലനിർത്താനും ക്രമവത്കരിക്കാനും സർക്കാർ അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. വർഷങ്ങളായി യഥാസമയം പുതുക്കിയിരുന്ന ലൈസൻസുകൾ തുടർന്ന് ലഭിക്കുന്നതിന് ഭീമമായ ഫീസാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്നത്. അതുപോലെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ആതുര ശുശ്രൂഷാലയങ്ങൾക്ക് നിലവിൽ 200 ചതുരശ്രമീറ്റർ എന്ന് പരിമിതപ്പെടുത്താമെന്ന നിർദ്ദേശംമൂലം കൂടുതലുള്ള ഏരിയയ്ക്ക് ലൈസൻസ് പുതുക്കി ലഭിക്കുന്നതിന് ഭീമമായ ഫീസ് അടയ്ക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. പുതിയ നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നതിന്

വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച വാണിജ്യ കെട്ടിടങ്ങൾ നിലവിലെ നിയമപ്രകാരം ക്രമവത്കരിക്കുന്നതിനും ലൈസൻസ് പുതുക്കുന്നതിനുള്ള ഫീസ് ഇളവ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2017 ജൂലൈ 30-നുമുമ്പ് നിർമ്മിച്ച കെട്ടിടങ്ങൾ കെട്ടിടനിർമ്മാണ ചട്ടം ലംഘിച്ചുകൊണ്ട് നിർമ്മിച്ചതാണെങ്കിൽ 15-05-2018-ലെ 1112/2018/എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കുവിധേയമായി ക്രമവൽക്കരിക്കുന്നതിന് 2021 സെപ്റ്റംബർ 30 വരെ അപേക്ഷ സ്വീകരിച്ചിരുന്നു. 2017 ജൂലൈ 31-നുമുമ്പ് നിർമ്മിച്ച അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണത്തിന് അപേക്ഷ സമർപ്പിക്കാൻ നാല് വർഷവും രണ്ട് മാസവും സമയം നൽകിയാൽ ഇതിനകം അപേക്ഷ സമർപ്പിച്ചിട്ടുണ്ടാകുമെന്ന നിഗമനത്തിൽ ഇപ്പോഴത് സ്വീകരിക്കുന്നില്ല. കെട്ടിടനിർമ്മാണ ചട്ടം പഴയതോ പുതിയതോ പ്രകാരം കെട്ടിട നിർമ്മാണാനുമതി കരസ്ഥമാക്കി അതിനനുസരിച്ച് നിർമ്മാണം

പൂർത്തീകരിച്ച നിർമ്മാണങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിൽ അവ തുടരുന്നതിന് ചട്ടപ്രകാരം ഒരു തടസ്സവുമില്ല. വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആതുര ശുശ്രൂഷാലയങ്ങൾ 200 ചതുരശ്രമീറ്ററിൽ പരിമിതപ്പെടുത്തണമെന്ന നിർദ്ദേശംമൂലം ലൈസൻസ് പുതുക്കുന്നതിന് ഭീമമായ ഫീസ് അടയ്ക്കേണ്ട സ്ഥിതിയാണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. പഴയ കെട്ടിടനിർമ്മാണ ചട്ടപ്രകാരം (കെ.എം.ബി.ആർ., 1999) 150 സ്ക്വയർ മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള ആശുപത്രി ഗണത്തിൽപ്പെടുന്ന നിർമ്മാണങ്ങളെ വാണിജ്യ ഉപയോഗത്തിനായി കണക്കാക്കി വാണിജ്യഗണ കെട്ടിടമായി പരിഗണിക്കാം. പുതിയ കെട്ടിടനിർമ്മാണ ചട്ടപ്രകാരം കെ.എം.ബി.ആർ./കെ.പി.ബി.ആർ. 2019, ഇത് വർദ്ധിപ്പിച്ച് 200 സ്ക്വയർ മീറ്റർ വരെയുള്ള ആശുപത്രി ഉപയോഗത്തെ വാണിജ്യ കെട്ടിടമെന്ന ഗണത്തിൽപ്പെടുത്തുന്നു. ആശുപത്രിയുടമകൾക്ക് അനുകൂലമായ വ്യവസ്ഥയാണിത്. ഒരു വാണിജ്യ കെട്ടിടത്തിൽ 200 സ്ക്വയർ മീറ്ററിൽ കൂടുതൽ ഭാഗം ആശുപത്രി ഉപയോഗത്തിന് വിനിയോഗിക്കുകയാണെങ്കിൽ അതിനെ മൊത്തത്തിൽ ആശുപത്രി ഗണത്തിൽപ്പെടുത്തുകയാണ് കെട്ടിടനിർമ്മാണ ചട്ടപ്രകാരം ചെയ്യുന്നത്. പഴയ കെട്ടിടനിർമ്മാണ

ചട്ടത്തിലും പ്രസ്തുത രീതി തന്നെയാണ് പാലിച്ചുവന്നത്. അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കാനുള്ള ഫീസ് 2018-ലെ ചട്ടപ്രകാരം നിശ്ചയിച്ചിരിക്കുന്നതിനാൽ വർദ്ധന വരുത്തിയിട്ടില്ല. വിവിധ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് ഫീസിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധന വരുത്തിയിട്ടില്ല. പെർമിറ്റ്/ലൈസൻസ് ഫീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന തനത് വരുമാന സ്രോതസ്സാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള വരുമാന സ്രോതസ്സുകളിൽ ഗണ്യമായ കുറവ് വരികയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാമ്പത്തിക പ്രയാസം അനുഭവിക്കുകയും ചെയ്യുന്ന സാഹചര്യമായതിനാൽ ഫീസുകളിൽ കുറവ് വരുത്തുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല.

### (3) പാലക്കാട് നഗരസഭയിലെയും വിവിധ പഞ്ചായത്തുകളിലെയും പട്ടയ പ്രശ്നം

**ശ്രീ. ഷാഫി പറമ്പിൽ:** സർ, പാലക്കാട് നിയോജകമണ്ഡലത്തിലെ ജനപ്രതിനിധിയായിരുന്ന ബഹുമാന്യനായ സുന്ദരൻ സ്വാമിയുടെ കാലഘട്ടത്തിൽ ചേരിനിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി 86 കുടുംബങ്ങൾക്ക് രണ്ടര സെന്റ് സ്ഥലംവീതം ലഭിക്കുന്ന

തരത്തിൽ പാലക്കാട് നഗരസഭയിലെ മൂന്നാം വാർഡിൽ സുന്ദരൻ കോളനിയിൽ ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു. അന്ന് അവർക്ക് താമസിക്കാനുള്ള അനുമതിയാണ് നഗരസഭ കൊടുത്തത്. ഈ 86 കുടുംബങ്ങളിൽ കുറേ കുടുംബങ്ങൾ അവിടെനിന്ന് മാറിപ്പോയി. അവരിൽ നിന്ന് പണം കൊടുത്ത് ഭൂമി വാങ്ങിയ ആളുകൾ ഇപ്പോൾ അവിടെ താമസിക്കുന്നുണ്ട്. അവിടെ താമസിച്ചുവന്നവർ അടുത്ത തലമുറയിലേയ്ക്ക് കൈമാറിയവരും വാടകയ്ക്ക് താമസിക്കുന്നവരുമുണ്ട്. പണം കൊടുത്ത് ഭൂമി വാങ്ങി അവിടെ താമസിക്കുന്നവർക്ക് ഇതുവരെ പട്ടയം ലഭിച്ചിട്ടില്ല. അതുകൊണ്ട് പട്ടയം ലഭ്യമാക്കുന്നതിനും അവിടെ ഇറിഗേഷൻ കനാലിനോട് ചേർന്ന് ചേരിയിൽ താമസിക്കുന്നവരുടെ പുനരധിവാസത്തിനും അടിയന്തര ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ എന്റെ നിയോജകമണ്ഡലത്തിലെ മാത്തൂർ-കണ്ണാടി-പിരായിരി ഗ്രാമപഞ്ചായത്തുകളിലും പതിറ്റാണ്ടുകളായി താമസിക്കുന്ന നിരവധി കുടുംബങ്ങൾക്ക് സാങ്കേതിക പ്രശ്നങ്ങളുടെ പേരിൽ പട്ടയം ലഭിക്കാതിരിക്കുന്ന സ്ഥിതിയുണ്ട്. കഴിഞ്ഞ ദിവസം മാതൃകാ വില്ലേജ് ഓഫീസിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് മാത്തൂരിൽ വന്നപ്പോൾ അങ്ങ് നടത്തിയ പ്രഖ്യാപനം വളരെ സന്തോഷത്തോടുകൂടിയാണ്

അവിടത്തെ ജനത ഏറ്റെടുത്തത്. ആ കുടുംബങ്ങൾക്ക് എത്രയുംപെട്ടെന്ന് പട്ടയം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് അങ്ങ് സൂചിപ്പിച്ചിരുന്നു. അത് എത്രയുംപെട്ടെന്ന് പ്രാവർത്തികമാക്കാനും അതുപോലെ ഒരു സ്പെഷ്യൽ ടീമിനെ അസൈൻ ചെയ്ത് സുന്ദരൻ കോളനിയിലെ സാധാരണക്കാരുടെ പട്ടയപ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം. ഒരു ദിവസം മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്ന് നിശ്ചിത തീയതിക്കുള്ളിൽ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് അവർക്ക് നോട്ടീസ് നൽകിയിരുന്നു. മരണപ്പെട്ടുപോയവരുടെ സർട്ടിഫിക്കറ്റുകൾ, ക്രയവിക്രയം സംബന്ധിച്ച രേഖകൾ എന്നിവയൊക്കെ ഹാജരാക്കുന്നതിന് കുറച്ചുകൂടി സമയം അനുവദിക്കണം. ഒലവക്കോട്, താണാവൂർ രാജീവ് നഗർ കോളനിയിലും റെയിൽവേയുമായി ബന്ധപ്പെട്ട് സമാനമായ പ്രശ്നങ്ങളുണ്ട്. അങ്ങയുടെ ഒരു സ്പെഷ്യൽ ഇൻവോൾവ്മെന്റ് ഇക്കാര്യത്തിലുണ്ടാകണമെന്നും ജനങ്ങൾക്ക് ആശ്വാസമാകണമെന്നും അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പാലക്കാട് നിയോജകമണ്ഡലത്തിലെ പാലക്കാട് നഗരസഭയിലുൾപ്പെട്ട സുന്ദരൻ കോളനി, താണാവൂർ രാജീവ് നഗർ കോളനി, മാത്തൂർ-കണ്ണാടി-

പിരായിരി ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് മതിയായ രേഖകളില്ലാത്തതിന്റെ പേരിൽ പട്ടയം ലഭ്യമായിട്ടില്ലെന്ന അംഗത്തിന്റെ സബ്മിഷൻ വളരെ ഗൗരവത്തോടെയാണ് ഗവൺമെന്റ് കാണുന്നത്. അതിൽ പലതും എനിക്ക് നേരിട്ട് ബോദ്ധ്യമുള്ളതുമാണ്. ഓരോ പ്രദേശത്തെയും പ്രശ്നങ്ങൾ പ്രത്യേകം പരിശോധിച്ചതിൽ സുന്ദരൻ കോളനി പാലക്കാട് താലൂക്കിൽ പാലക്കാട് വില്ലേജ് പരിധിയിലാണ് ഉൾപ്പെടുന്നത്. ടി കോളനിയിലെ 84 കുടുംബങ്ങൾ 305 സെന്റ് വരുന്ന കൈവശസ്ഥലത്ത് നിർമ്മിച്ചിട്ടുള്ള 4 വീടുകളടങ്ങിയ ഒറ്റ യൂണിറ്റ് വീതമുള്ള കെട്ടിടങ്ങളിലാണ് താമസിച്ചുവരുന്നത്. റവന്യൂ റെക്കോർഡ് പ്രകാരം ഇത് മുനിസിപ്പാലിറ്റിയുടെ വകയാണ്. മുനിസിപ്പാലിറ്റി വിലയ്ക്ക് വാങ്ങി ചേരി നിർമ്മാണ പദ്ധതിക്കുവേണ്ടി നൽകിയതാണ്. എന്നാൽ കോളനി നിവാസികളാരുംതന്നെ പട്ടയത്തിന് റവന്യൂ വകുപ്പ് മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടില്ല. അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനമായ മുനിസിപ്പാലിറ്റിയിൽ നിന്നും പ്രസ്തുത ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി ഭൂപതിവ് ചട്ടങ്ങൾക്കുവിധേയമായി അർഹതയ്ക്കനുസരിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഞാൻ ഉറപ്പ് നൽകുകയാണ്. അങ്ങ് ഉന്നയിച്ച

താണാവൂർ രാജീവ് നഗർ കോളനി നിവാസികളുടെ പ്രശ്നം പരിശോധിച്ചതിൽ രണ്ട് സെന്റിൽ താഴെമാത്രം ഭൂമി കൈവശം വച്ച് വീടുവച്ച് താമസിക്കുന്ന 12 കുടുംബങ്ങളുണ്ട്. ഈ ഭൂമി റവന്യൂ രേഖകൾ പ്രകാരം വനം വകുപ്പിന്റെ ഉടമസ്ഥതയിലാണെന്നതാണ് പട്ടയം നൽകുന്നതിനുള്ള തടസ്സമായി കാണുന്നത്. വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. പാലക്കാട് സന്ദർശനത്തിനുശേഷം ആ നടപടിയിലേയ്ക്ക് പോയിട്ടുണ്ട്. മാത്തൂർ-കണ്ണാടി-പിരായിരി ഗ്രാമപഞ്ചായത്തുകളിൽ നിലനിൽക്കുന്ന പട്ടയപ്രശ്നങ്ങൾ ലാൻഡ് ട്രൈബ്യൂണലുമായി ബന്ധപ്പെട്ടതാണ്. പിരായിരി വില്ലേജ് പരിധിയിൽ 126 അപേക്ഷകളും മാത്തൂർ ഗ്രാമപഞ്ചായത്തിൽ മാത്തൂർ-1, മാത്തൂർ-2 വില്ലേജുകളിൽ 300 അപേക്ഷകളും കണ്ണാടി-1, കണ്ണാടി-2 വില്ലേജുകളിൽ 116 അപേക്ഷകളും ലാൻഡ് ട്രൈബ്യൂണലിന് മുമ്പാകെയുണ്ട്. പ്രസ്തുത അപേക്ഷകൾ ട്രൈബ്യൂണൽ പരിശോധിച്ചുവരികയാണ്. ഭൂപരിഷ്കരണ നിയമം അനുശാസിക്കുന്ന രേഖകൾ ഹാജരാക്കുന്നതിന് കൈവശക്കാർക്ക് കഴിയാതെപോകുന്നതാണ് ക്രയവിക്രയ സർട്ടിഫിക്കറ്റ് നൽകാനുള്ള തടസ്സമായി നിൽക്കുന്നത്. ക്രയവിക്രയ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും

വേഗത്തിലാക്കുന്നതിനുമാവശ്യമായ നടപടി സ്റ്റേറ്റ് ലാൻഡ് ബോർഡ് മുഖാന്തരം സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നമ്മൾ ഒരുമിച്ച് അവിടെ സന്ദർശിച്ചതിന്റെ ഭാഗമായി മന്ത്രിയെന്ന നിലയിൽ ഇക്കാര്യം പ്രത്യേക താല്പര്യമെടുത്ത് പരിശോധിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ ഒരുവർഷംകൊണ്ട് പാലക്കാട് താലൂക്കിൽ 1344-ഉം ആലത്തൂർ താലൂക്കിൽ 906-ഉം ഉൾപ്പെടെ പാലക്കാട് ജില്ലയിൽ 7606 പട്ടയങ്ങൾ വിതരണം ചെയ്യുകയുണ്ടായി. സംസ്ഥാനത്താകെ 54535 പട്ടയങ്ങൾ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. പാലക്കാട് നിയോജകമണ്ഡലത്തിൽ ആലത്തൂർ-പാലക്കാട് താലൂക്കുകളിലായി ശേഷിക്കുന്ന അപേക്ഷകളെല്ലാം നടപടിക്രമം പാലിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്. ഇവിടെ ഉന്നയിച്ച സബ്മിഷന്റെ ഭാഗമായി പാലക്കാട് നിയോജകമണ്ഡലത്തിലെ പട്ടയ പ്രശ്നങ്ങൾ മാത്രം ചർച്ച ചെയ്യുന്നതിനായി സഭാ സമ്മേളനം കഴിഞ്ഞ് രണ്ടാഴ്ചയ്ക്കകം പ്രത്യേക യോഗം വിളിക്കുന്നതും പരിഹരിക്കുന്നതുമാണെന്ന് അങ്ങേയ്ക്ക് ഉറപ്പ് നൽകുകയാണ്.

(4) <u>കുറ്റ്യാടി ഇറിഗേഷൻ പദ്ധതി</u>

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, നാദാപുരം നിയോജകമണ്ഡലത്തിലെ

കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് ബ്രാഞ്ച് കനാൽ Thuneri Vettummal Tail-end Distributory project പാതിവഴിയിൽ ഉപേക്ഷിച്ച സ്ഥിതിയിലാണ്. തൂണേരി-എടച്ചേരി ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രസ്തുത കനാൽ പൂർത്തീകരിച്ചാൽ വേനൽക്കാലത്ത് അവിടത്തെ കർഷകർക്ക് സഹായകരമാകുന്നതോടൊപ്പം കുടിവെള്ളപ്രശ്നം പരിഹരിക്കാനും സാധിക്കും. ഈ പദ്ധതിക്കുവേണ്ടി തൂണേരിയിൽ നിന്നും കായപ്പനച്ചി വരെ കനാലുണ്ടാക്കാൻ ഭൂമി നേരത്തെതന്നെ ഏറ്റെടുത്തതാണ്. നിലവിൽ നിർമ്മാണം കഴിഞ്ഞ കനാൽ പലസ്ഥലത്തും പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്. ചില സ്ഥലത്ത് കനാൽ കാണാനേയില്ല. ഇതുസംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഞാൻ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുൾപ്പെടെയുള്ളവർ സ്ഥലം പരിശോധിക്കുകയും പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുതന്നെ പ്രദേശത്തെ ഗുണഭോക്താക്കളുടെ യോഗം വിളിച്ചുചേർക്കുകയും ചെയ്തിരുന്നു. ആയതിനാൽ ടി പദ്ധതി പൂർത്തീകരിക്കാനും നിലവിൽ പൊട്ടിപ്പൊളിഞ്ഞ കനാൽ പുനഃസ്ഥാപിക്കാനും വെള്ളമെത്തിക്കാനുമുള്ള അടിയന്തര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ തുണേരി ബ്രാഞ്ച് കനാലിന്റെ ചെയിനേജ് 7/650 മീറ്ററിൽ നിന്ന് ആരംഭിക്കുന്ന Thuneri Vettummal Tail-end Distributory പദ്ധതിക്കുവേണ്ടി സർക്കാർ സ്ഥലം ഏറ്റെടുത്തിട്ടുള്ളതാണ്. 4.25 കിലോമീറ്റർ നീളമുള്ള ഈ ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ 2 കിലോമീറ്റർ നിർമ്മാണം നടത്തിയെങ്കിലും കാലപ്പഴക്കംമൂലം പൊളിഞ്ഞ അവസ്ഥയിലായിരിക്കുകയാണ്. അതിന്റെ പുനരുദ്ധാരണത്തിനായി ഏകദേശം ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. അതോടൊപ്പം രണ്ടേകാൽ കി.മീ. ദൂരം കനാൽ പ്രവൃത്തി നിർമ്മിക്കേണ്ടതുണ്ട്. അതിനാവശ്യമായ ഭൂമിയുടെ അതിർത്തി നിശ്ചയിച്ചു കിട്ടുന്നതിന് റവന്യൂ ഡിപ്പാർട്ടുമെന്റ് നടപടി സ്വീകരിക്കുന്നുണ്ട്. അതിർത്തി നിശ്ചയിച്ച് കിട്ടുന്നമുറയ്ക്ക് ശേഷിച്ച കനാൽഭാഗം പൂർത്തീകരിക്കുന്നതിന് മുൻതൂക്കം നൽകാം. പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റിപ്പെയർ ആവശ്യമായി വരുന്ന പ്രദേശങ്ങളെ പ്രത്യേകം പരിഗണിച്ച് മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ കനാലുകളുടെ നവീകരണത്തിനായി 150 കോടി രൂപയുടെ ടോട്ടൽ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. ഫണ്ട് ലഭിക്കുമ്പോൾ പ്രയോറിറ്റി നൽകി ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (5) കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ്

ശ്രീമതി യു. പ്രതിഭ: സർ, വാട്ടർ അതോറിറ്റിയുടെ ഒരു ഡിവിഷൻ ഓഫീസ് കായംകുളത്ത് ആരംഭിക്കുന്നത് സംബന്ധിച്ച സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. മത്സ്യത്തൊഴിലാളികളും കയർ തൊഴിലാളികളും അധിവസിക്കുന്ന ഈ പ്രദേശത്തെ ജനങ്ങൾ റവന്യൂ സംബന്ധമായ പരാതികൾക്ക് 50 കി.മീ. അകലെയുള്ള ആലപ്പുഴ ഡിവിഷനെയാണ് ആശ്രയിക്കേണ്ടിവരുന്നത്. ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്ക് ഒഴികെയുള്ള ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി, മാവേലിക്കര, ചെങ്ങന്നൂർ എന്നീ അഞ്ച് താലൂക്കുകളിലെ എട്ട് നിയമസഭാ മണ്ഡലങ്ങളുൾപ്പെടുന്ന ഒരു വലിയ പ്രദേശത്തിന്റെ ജല പരിപാലന ചുമതല മുഴുവനും ആലപ്പുഴ പി.എച്ച്. ഡിവിഷന്റെ പരിധിയിലാണ് വരുന്നത്. ഈ

ഡിവിഷന്റെ കീഴിൽ അഞ്ച് സബ്ഡിവിഷൻ ഓഫീസുകളും പത്ത് സെക്ഷൻ ഓഫീസുകളുമാണ് പ്രവർത്തിക്കുന്നത്. അഞ്ച് താലൂക്കുകളിലായി 57 ഗ്രാമപഞ്ചായത്തുകളും 6 മുനിസിപ്പാലികളുമുള്ള ഈ ഡിവിഷന്റെ പരിധിയിൽ ഒൻപത് ജലശുദ്ധീകരണശാലകളും 34 കുഴൽക്കിണർ സ്കീമുകളുമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ഡെപ്പോസിറ്റ് പ്രവൃത്തികളും ഏറ്റെടുത്ത് ചെയ്യുന്നത് ആലപ്പുഴ പി.എച്ച്. ഡിവിഷനാണ്. രണ്ടേകാൽ ലക്ഷത്തിലധികം വാട്ടർ കണക്ഷനുകൾ ഈ ഡിവിഷനിലുണ്ട്. ഇവയുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ഇത്രയും വലിയ പ്രദേശത്തെ ജനങ്ങൾക്ക് ശുദ്ധജലമെത്തിക്കുന്നതിനും പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണി പൂർത്തീകരിക്കുന്നതിനും ആലപ്പുഴ ജില്ലയിൽ ഈ ഡിവിഷൻ അപര്യാപ്തമായതിനാൽ മറ്റൊരെണ്ണംകൂടി രൂപീകരിക്കേണ്ടത് അനിവാര്യമാണ്. ഇതുസംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിവേദനം നൽകിയതിനെത്തുടർന്ന് ആലപ്പുഴ പി.എച്ച്. ഡിവിഷൻ വിഭജിച്ച് കായംകുളം ആസ്ഥാനമാക്കി ഒരു പുതിയ ഡിവിഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത കേരള വാട്ടർ അതോറിറ്റിയുടെ മധ്യമേഖലാ ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതായി പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 2-07-2019-ലെ എന്റെ ചോദ്യത്തിന്

മറുപടിയായി ബഹുമാനപ്പെട്ട മുൻ ജലവിഭവ വകുപ്പുമന്ത്രി അറിയിച്ചിരുന്നു. സ്വന്തമായി താലൂക്കുപോലുമില്ലാത്ത ഒരു വലിയ മണ്ഡലമാണ് കായംകുളം. അതുകൊണ്ട് കായംകുളത്ത് വാട്ടർ അതോറിറ്റിക്ക് സ്വന്തമായി 70 സെന്റിലധികം സ്ഥലസൗകര്യമുണ്ടെന്ന വസ്തുത കണക്കിലെടുത്തും രണ്ടേകാൽ ലക്ഷത്തിലധികം കണക്ഷനുള്ള ആലപ്പുഴ ഡിവിഷന്റെ ജോലി ഭാരം കുറയ്ക്കുന്നതിനും പ്രസ്തുത ഡിവിഷന്റെ കീഴിലുള്ള അഞ്ച് സബ്ഡിവിഷനുകളിൽനിന്നും മാവേലിക്കര-ഹരിപ്പാട് സബ്ഡിവിഷനുകൾ ചേർത്ത് കായംകുളത്ത് ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം പരിശോധിച്ചു. നിലവിൽ വാട്ടർ കണക്ഷനുകൾ വർദ്ധിച്ചുവരികയാണ്. പ്രത്യേകിച്ച് ജൽജീവൻ മിഷന്റെ കണക്ഷൻകൂടിയാകുമ്പോൾ ജോലിഭാരവും വർദ്ധിച്ചുവരും. കേരള വാട്ടർ അതോറിറ്റിയുടെ ഇന്നത്തെ നിലയിൽ സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലാടിസ്ഥാനത്തിലും ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയോജകമണ്ഡലാടിസ്ഥാനത്തിലും സെക്ഷൻ ഓഫീസുകൾ നാലോ

അഞ്ചോ പഞ്ചായത്തടിസ്ഥാനത്തിലും പുനഃസംഘടിപ്പിക്കാൻ തീരുമാനമെടുത്ത് നടപടികളുമായി മുന്നോട്ടുപോകുകയാണ്. ആലപ്പുഴ ഡിവിഷന്റെ ജോലിഭാരം കുറയ്ക്കുന്നതിന് മുൻകാലങ്ങളിൽ ചെയ്തിട്ടുള്ള കാര്യങ്ങൾ ഗൗരവപൂർവ്വം പരിശോധിക്കേണ്ടതാണ്. വാട്ടർ അതോറിറ്റി എം.ഡി. ചെയർമാനായി രൂപീകരിച്ച സമിതി അതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ സംഘടനാ പ്രതിനിധികളുമായി ആലോചിക്കേണ്ടതുണ്ട്. ആർക്കും അസൗകര്യമുണ്ടാകാതെ ജോലിഭാരം ക്രമപ്പെടുത്താൻ കഴിയത്തക്ക വിധത്തിൽ ഇത് പുനഃക്രമീകരിക്കുമ്പോൾ മുൻകാല റിപ്പോർട്ടിന്റെയും എം.എൽ.എ. ഉന്നയിച്ച കാര്യങ്ങളുടെയും ഗൗരവം കണക്കിലെടുത്ത് കായംകുളത്ത് ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

## (6) നിലയ്ക്കൽ കുടിവെള്ള പദ്ധതി

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ലക്ഷക്കണക്കിന് തീർത്ഥാടകരാണ് ശബരിമലയിൽ എത്തുന്നത്. നിലയ്ക്കലിലാണ് വിവിധ സംസ്ഥാനങ്ങളിൽനിന്നും വരുന്ന തീർത്ഥാടകരെല്ലാം കേന്ദ്രീകരിക്കുന്നത്. തീർത്ഥാടകർക്ക് ജല ദൗർലഭ്യം ഒരു പ്രശ്നമാണ്. ടാങ്കറിലാണ് വാട്ടർ

അതോറിറ്റി വെള്ളം എത്തിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് ഇതിനൊരു ശാശ്വതപരിഹാരമുണ്ടാക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കുകയും ആദ്യഘട്ടമായി 2017-ൽ 9 കോടി രൂപ അനുവദിക്കുകയും സീതത്തോടിൽ കിണറും പമ്പ് ഹൗസും നിർമ്മിക്കുകയുമുണ്ടായി. കോന്നി ഉപതെരഞ്ഞെടുപ്പിനുശേഷം പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനാവശ്യമായ പ്ലാൻ തയ്യാറാക്കുകയും 120 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തു. ആദ്യഘട്ടമായി 56 കോടി രൂപയുടെ ടെണ്ടർ നടത്തുകയും തമിഴ്നാട് ബേസുള്ള M/s. Annai Infra Developers Limited, Erode എന്ന കമ്പനി പ്രവൃത്തി ഏറ്റെടുക്കുകയുമുണ്ടായി. അവരുടെ നിരുത്തരവാദപരമായ പ്രവർത്തനംമൂലം പ്രവൃത്തികൾ ഇഴഞ്ഞുനീങ്ങുകയും തടസ്സപ്പെടുകയും ചെയ്യുന്ന സ്ഥിതിയുണ്ടായിരുന്നു. ഇത് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം വന്ന് പ്രത്യേക യോഗം ചേർന്ന് ഇത് പരിഹരിക്കാൻ നിർദ്ദേശം നൽകിയെങ്കിലും വീണ്ടും നിരുത്തരവാദപരമായി പെരുമാറിയതിനാൽ വാട്ടർ അതോറിറ്റി പ്രസ്തുത കരാർ കമ്പനിയെ ടെർമിനേറ്റ് ചെയ്യുകയുണ്ടായി. എന്നാൽ, റീ-ടെണ്ടർ നടപടി വൈകുകയാണ്. 2019-ൽ എ.എസ്. ലഭിച്ച ബാക്കിത്തുകയുടെയും ഈ വർഷം സീതത്തോട് പഞ്ചായത്തിലെ എല്ലാ വീടുകളിലും

കുടിവെള്ളമെത്തിക്കുന്നതിനായി അനുവദിച്ച 24 ലക്ഷം രൂപയുടെയും ടെണ്ടർ നടപടികൾ വേഗത്തിലാക്കി പദ്ധതി പൂർത്തീകരിക്കുന്നതിനും നിരുത്തരവാദപരമായി പ്രവർത്തിച്ച കരാർ കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശബരിമലയിൽ എത്തിച്ചേരുന്ന തീർത്ഥാടകർക്ക് ശുദ്ധജലം നൽകുന്നതിന് ലക്ഷ്യമിട്ടാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. അതിൽ ആദ്യഘട്ടം ലഭിച്ച 9 കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു. രണ്ടാംഘട്ട പാക്കേജിന്റെ ഭാഗമായി വന്ന പ്രവൃത്തികളിലെ 55 കോടിയോളം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തത് M/s. Annai Infra Developers Limited, Erode, Tamil Nadu എന്ന കമ്പനിയാണ്. അതിന്റെ കാലാവധി 12 മാസമായിരുന്നെങ്കിലും പ്രവൃത്തി ആരംഭിച്ചതുമുതൽ ഇഴഞ്ഞുനീങ്ങുകയായിരുന്നു. ബഹുമാന്യരായ കെ. യു. ജനീഷ് കുമാർ, പ്രമോദ് നാരായൺ എന്നീ എം.എൽ.എ.മാരുടെ സാന്നിദ്ധ്യത്തിൽ ഉദ്യോഗസ്ഥരും കമ്പനി പ്രതിനിധികളും ഉൾപ്പെടെയുള്ളവരുടെ ഒരു യോഗം സംഭവസ്ഥലത്തുതന്നെ ഞാൻ വിളിച്ചുചേർക്കുകയും വാട്ടർ അതോറിറ്റി

എം.ഡി.ക്ക് ചില നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. കൂടാതെ തിരുവനന്തപുരത്ത് കേരള ജല അതോറിറ്റിയുടെ ഓഫീസിലും ഇവരെ വിളിച്ചുവരുത്തി ചർച്ച ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. എന്നിട്ടും പ്രവൃത്തി കാര്യക്ഷമമായി മുന്നോട്ടുപോകാത്ത സാഹചര്യത്തിലാണ് അവരെ ടെർമിനേറ്റ് ചെയ്യാൻ തീരുമാനിച്ചത്. ടെർമിനേഷൻ കാലാവധി കഴിഞ്ഞ് റീ-ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുകയെന്നതാണ് അനിവാര്യമായിട്ടുള്ളത്. പക്ഷേ അവർ ചില കേസുകളുമായി മുന്നോട്ടുപോയിട്ടുണ്ട്. പക്ഷെ ശബരിമലയിൽ വെള്ളം കൊടുക്കുകയെന്നതും ടി പദ്ധതി പൂർത്തീകരിക്കുകയെന്നതും ഈ ഗവൺമെന്റിന്റെ ലക്ഷ്യമാണ്. തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണനും പങ്കെടുത്തിരുന്നു. ഇത്തരം വിഷയങ്ങൾ ഗൗരവപൂർവ്വം തന്നെയാണ് സർക്കാർ കാണുന്നത്. അവിടത്തെ വർക്കുകൾക്ക് റീ-ടെണ്ടർ ചെയ്യാനുള്ള കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ പരിശോധിച്ച് വളരെ പെട്ടെന്ന് അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം ശേഷിച്ച പ്രവൃത്തികൾക്കുള്ള തുടർനടപടിയും സ്വീകരിക്കുന്നതാണ്. കരാറുകാരൻ വരുത്തിയിരിക്കുന്ന വീഴ്ച സംസ്ഥാനത്തിന്റെ പ്രവർത്തനത്തിന്റെ സദുദ്ദേശത്തെതന്നെ ചോദ്യം

ചെയ്യുന്നതാണ്; അതിനെക്കുറിച്ച് പരിശോധിക്കാം. ആ മണ്ഡലത്തിൽ ജൽ ജീവൻ മിഷന്റെ ഭാഗമായി 665 കോടി രൂപയുടെ പൊതുവായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അതിൽ കിഫ്ബി, ഡെപ്പോസിറ്റ്, ജെ.ജെ.എം. എന്നീ വർക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്. ജെ.ജെ.എം. വർക്കിൽത്തന്നെ 648 കോടി രൂപയുടെ പ്രവർത്തനം നടക്കുകയാണ്. 55418 കണക്ഷനുകളാണ് ഇനി അവിടെ കൊടുക്കാനുള്ളത്. ആ നിലയിൽ അവിടെയുള്ള പ്രവർത്തനങ്ങൾ ഇതോടൊപ്പം മുന്നോട്ടുകൊണ്ടുപോകാൻ ആഗ്രഹിക്കുന്നു. അത്യന്തം ഗൗരവമേറിയൊരു വിഷയമായതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയെയും എം.എൽ.എ.-മാരായ ശ്രീ. കെ. യു. ജനീഷ് കുമാർ, ശ്രീ. പ്രമോദ് നാരായൺ എന്നിവരെയും ഉൾപ്പെടുത്തി തിരുവനന്തപുരത്ത് ഒരു യോഗം വിളിച്ചുചേർത്ത് തുടർനടപടികൾക്ക് രൂപം നൽകുന്നതായിരിക്കും.

### (7) പെരിങ്ങോം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ആറ് പഞ്ചായത്തും ഒരു നഗരസഭയും ഉൾക്കൊള്ളുന്ന കർണ്ണാടക അതിർത്തി മുതൽ അറബിക്കടൽവരെയുള്ള വിസ്തൃതമായ മണ്ഡലമാണ് പയ്യന്നൂർ. 2014-ൽ ആരംഭിച്ച പയ്യന്നൂരിലെ ഏക

ഉന്നതവിദ്യാഭ്യാസ കേന്ദ്രമാണ് കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കുട്ടികൾ ആശ്രയിക്കുന്ന പെരിങ്ങോം ഗവൺമെന്റ് കോളേജ്. മൂന്ന് ഡിഗ്രി കോഴ്സുകളും ഒരു പി. ജി. കോഴ്സും മാത്രമാണ് അവിടെ നിലവിലുള്ളത്. പുതിയ കോഴ്സുകൾ ലഭിക്കേണ്ട വിഷയങ്ങളുമുണ്ട്. റവന്യൂ വകുപ്പ് അനുവദിച്ചതുൾപ്പെടെ പന്ത്രണ്ട് ഏക്കർ ഭൂമി കോളേജിനായുണ്ട്. അത് ചുറ്റുമതിലുണ്ടാക്കി സംരക്ഷിക്കേണ്ട ചുമതലയുമുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽനിന്ന് 9.27 കോടി രൂപയുടെ പദ്ധതി അനുവദിക്കുകയും ടെണ്ടർ നടപടി പൂർത്തീകരിക്കുകയും ചെയ്തിരുന്നു. L2 ആയി വന്ന യു.എൽ.സി.സി.എസ്. (ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) നിലവിലുള്ള ഗവൺമെന്റ് ഉത്തരവുപ്രകാരം 10% തുക വർദ്ധിപ്പിച്ചുതരണമെന്ന് ആവശ്യപ്പെട്ട് നിർവ്വഹണ ഏജൻസിയായ കിറ്റ്കോയെ സമീപിക്കുകയും കിറ്റ്കോ ഗവൺമെന്റിനെ സമീപിക്കുകയും ചെയ്തു. കൊളീജിയേറ്റ് ഡയറക്ടറേറ്റിൽനിന്നും ഉന്നതവിദ്യാഭ്യാസ/ധനകാര്യ വകുപ്പുകളിൽനിന്നും അനുമതി ലഭിക്കുന്നതിന് കാലതാമസം വന്നതിനാൽ 2016-ലെ ഡി.എസ്.ആർ. (ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്) പ്രകാരം പ്രവൃത്തി ഏറ്റെടുത്തുനടത്താൻ യു.എൽ.സി.സി.എസ്. സന്നദ്ധമല്ലെന്ന നിലപാടാണ് സ്വീകരിച്ചത്. തുടർന്ന് 2018-ലെ ഡി.എസ്.ആർ. പ്രകാരം

എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ 11.38 കോടി രൂപയായി പദ്ധതിത്തുക ഉയർന്നു. അധികം വരുന്ന 2.11 കോടി രൂപയുടെ അനുമതിക്കായി കിറ്റ്കോ പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ചിട്ട് കുറെ നാളുകളായി. അടിസ്ഥാനസൗകര്യം തീരെ കുറവായ പ്രസ്തുത കോളേജിൽ പദ്ധതി നടപ്പിലാക്കാൻ കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നതിന് അടിയന്തര ഇടപെടൽ വേണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, പെരിങ്ങോം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 9.27 കോടി രൂപയുടെ ഭരണാനുമതി നൽകുകയും കിഫ്ബി വഴി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് ഡി.എസ്.ആർ. 2018 പ്രകാരം മാറ്റി തയ്യാറാക്കിയപ്പോൾ 11.38 കോടി രൂപ ഈ പ്രോജക്ട് നടപ്പിലാക്കാൻ ആവശ്യമായി വരുമെന്നുകണ്ടു. പദ്ധതിയുടെ എസ്.പി.വി.ആയ കിറ്റ്കോ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി എസ്റ്റിമേറ്റ് പരിശോധിച്ച് അംഗീകാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായാലുടൻതന്നെ ടെണ്ടർ നടപടി പൂർത്തിയാക്കി

നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (8) നെന്മാറ-നെല്ലിയാമ്പതി റോഡ് നിർമ്മാണം

ശ്രീ. കെ. ബാബു (നെന്മാറ): സർ, 2018 ആഗസ്റ്റ് 15-ന് പെയ്തിറങ്ങിയ മഴ 16-ാം തീയതി രാവിലെയായപ്പോൾ എന്റെ നിയോജകമണ്ഡലത്തിലെ നെന്മാറ-നെല്ലിയാമ്പതി റോഡിലെ എൺപത് സ്ഥലത്ത് മലയിടിച്ചിലുണ്ടാക്കുകയും പാർശ്വഭിത്തി തകർക്കുകയും പ്രധാന റോഡിലെ കുണ്ടറചോല പാലം ഒലിച്ചുപോകുന്ന അവസ്ഥയിലാക്കുകയും ചെയ്തിരുന്നു. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് അന്ന് ഒറ്റപ്പെട്ട് പോയി. സർക്കാരിന്റെ ഇടപെടൽകൊണ്ട് മാത്രമാണ് ഹെലികോപ്റ്റർവഴി ഭക്ഷ്യധാന്യവും മെഡിക്കൽ കിറ്റുമുൾപ്പെടെ എത്തിക്കാനും രോഗികളെയും ഗർഭിണികളെയുമൊക്കെ ആശുപത്രികളിൽ കൊണ്ടുപോകാനും കഴിഞ്ഞത്. തോട്ടം തൊഴിലാളികളും വിവിധ വകുപ്പുകളും സന്നദ്ധസംഘടനാ പ്രവർത്തകരും ഒത്തുചേർന്നപ്പോൾ കേവലം പത്ത് ദിവസംകൊണ്ട് താൽക്കാലികമായി റോഡ് പുന:സ്ഥാപിച്ച് ഗതാഗതയോഗ്യമാക്കാൻ കഴിഞ്ഞു. പൊതുമരാമത്ത് വകുപ്പ് ഒരു വർഷം കൊണ്ടാണ് ഒലിച്ചുപോയ കുണ്ടറചോല പാലം പുതിയതായി നിർമ്മിക്കുകയും മൂന്ന് പ്രദേശങ്ങളിലെ

പാർശ്വഭിത്തികളുടെ പ്രവർത്തനമൊഴികെ ബാക്കിയെല്ലാം താൽക്കാലികമായി പൂർത്തീകരിക്കുകയും ചെയ്തത്. പാർശ്വഭിത്തി തകർന്ന മൂന്നിടങ്ങളിലും ഇപ്പോഴും താൽക്കാലികമായ കൈവരികൾ മാത്രമാണ് നിലനിൽക്കുന്നത്. മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും റോഡ് പുനർനിർമ്മാണവുമായി പി.ഡബ്ല്യു.ഡി. മുന്നോട്ടുപോകുമ്പോഴാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി കെ.എസ്.ടി.പി.-യുടെ ചുമതലയിൽ മുപ്പത് കിലോമീറ്റർ ദൈർഘ്യമുള്ള നെന്മാറ-നെല്ലിയാമ്പതി റോഡ് നിർമ്മാണം ഏറ്റെടുത്തതായും ടെണ്ടർ നടപടിയുൾപ്പെടെ പൂർത്തീകരിച്ചതായും അറിയുന്നത്. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ അധിവസിക്കുന്ന ജനങ്ങളുൾപ്പെടെ നൂറുകണക്കിന് വാഹനങ്ങളാണ് യാത്രാസൗകര്യത്തിനായി  പ്രസ്തുത റോഡ് ഉപയോഗിക്കുന്നത്. പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമെന്ന നിലയിൽ ഒഴിവ് ദിവസങ്ങളിൽ നെന്മാറ നിയോജകമണ്ഡലത്തിലെ നെല്ലിയാമ്പതിയിലേയ്ക്ക് ആയിരക്കണക്കിന് വാഹനങ്ങളും പതിനായിരത്തോളം ആളുകളുമാണ് എത്തിച്ചേരുന്നത്. ഇപ്പോഴും മഴ തുടർന്നുകൊണ്ടിരിക്കുകയാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി കെ.എസ്.ടി.പി.-യുടെ ചുമതലയിൽ ടെണ്ടർ നടപടി വരെ പൂർത്തീകരിച്ച മുപ്പത് കിലോമീറ്റർ ദൈർഘ്യമുള്ള

നെന്മാറ-നെല്ലിയാമ്പതി റോഡ് നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, നെല്ലിയാമ്പതി പഞ്ചായത്തുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് ന്യായമായ വിഷയമാണ്. 07.01.2022-ൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി M/s. Radiance Realty Developers India Limited എന്ന കമ്പനിക്ക് അവാർഡ് ചെയ്ത പ്രവൃത്തി 11.01.2022-ൽ ഏറ്റെടുക്കാൻ കഴിയില്ലെന്ന് കമ്പനി അറിയിക്കുകയുണ്ടായി. കമ്പനിക്കെതിരെ നടപടി ആരംഭിച്ചപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിൻപ്രകാരം അടുത്ത ലോവസ്റ്റ് ബിഡ്ഡർക്ക് വർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയായിരുന്നു. എന്നാൽ 9.56 കോടി രൂപയുടെ അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി ഒഴിവാക്കി M/s. Radiance Realty Developers India Limited എന്ന കമ്പനി ഇരുപത്തിയെട്ട് ദിവസത്തിനകം എഗ്രിമെന്റ് വയ്ക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി 27-06-2022-ൽ ഉത്തരവിറക്കുകയുണ്ടായി. പെർഫോമൻസ് ഗ്യാരണ്ടിയില്ലാതെ പ്രവൃത്തി

നടത്താനുള്ള ഉത്തരവിനെതിരെ കെ.എസ്.ടി.പി. അപ്പീൽ നടപടി നടന്നുവരികയാണ്; അത് വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം പ്രത്യേകമായി പരിശോധിക്കാൻ കെ.എസ്.ടി.പി. പ്രോജക്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(9) ബീനാച്ചി-പനമരം റോഡ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ ആരംഭിക്കുന്ന ബീനാച്ചി-പനമരം 22 കിലോമീറ്റർ റോഡ് മാനന്തവാടി നിയോജകമണ്ഡലത്തെക്കൂടി ബന്ധിപ്പിക്കുന്നതാണ്. മാത്രമല്ല, ബത്തേരി മുനിസിപ്പാലിറ്റിയെയും മീനങ്ങാടി, പൂതാടി, കണിയാംപറ്റ, പനമരം എന്നീ അഞ്ച് പഞ്ചായത്തുകളെയും ബന്ധിപ്പിക്കുന്ന റോഡുമാണ്. 2016-ൽ ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ 2018-ൽ പൂർത്തീകരിച്ചതാണ്. തമിഴ്നാട്ടിലുള്ള RS Development and Constructions India Private Limited ആണ് ടെണ്ടർ എടുത്തിരിക്കുന്നത്. പന്ത്രണ്ട് മാസക്കാലാവധിക്കാണ് ടെണ്ടർ ഉറപ്പിച്ചത്. പ്രവൃത്തി കൃത്യമായി പൂർത്തീകരിക്കാൻ കഴിയാത്തതുകൊണ്ട് രണ്ടുതവണ അവർക്ക് കാലാവധി നീട്ടികൊടുക്കുകയുണ്ടായി. 2022 ആയിട്ടും 30% പ്രവൃത്തികൾ മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഞാൻ 24-02-2021-ന് ബഹുമാനപ്പെട്ട

മന്ത്രിക്ക് കത്തയയ്ക്കുകയും അദ്ദേഹമത് മുഖവിലയ്ക്കെടുക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, അദ്ദേഹം പ്രസ്തുത റോഡ് സന്ദർശിക്കുകയും അഞ്ച് തവണ റിവ്യൂ മീറ്റിംഗ് നടത്തുകയും ചെയ്തെങ്കിലും അതിലെടുത്ത തീരുമാനങ്ങളൊന്നും കൃത്യമായി നടപ്പാക്കാൻ ഉദ്യോഗസ്ഥർ തയ്യാറായിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ഇപ്പോൾ നാട്ടുകാരും വിദ്യാർത്ഥികളും വ്യാപാരികളും പ്രതിഷേധത്തിലാണ്. ഉദ്യോഗസ്ഥർ അനാസ്ഥ കാണിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രിയെ മോശപ്പെടുത്താൻ വേണ്ടിയാണോ അതോ ടെണ്ടറെടുത്ത കമ്പനിയെ ഭയന്നിട്ടാണോയെന്ന് ഞാൻ സംശയിക്കുന്നു. പ്രവൃത്തി തുടങ്ങിയ ഭാഗം അവർ പൂർത്തീകരിക്കട്ടെയെന്നും ബാക്കിയുള്ള ഏതാണ്ട് 11 കിലോമീറ്റർ ദൂരം റീ-ടെണ്ടർ ചെയ്യാമെന്നും അവസാനം മന്ത്രി പറയുകയുണ്ടായി. റീ-ടെണ്ടർ നടപടിയുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്നാണ് കിഫ്ബിയുടെ ഉദ്യോഗസ്ഥർ പറയുന്നത്. റീ-ടെണ്ടർ ചെയ്താലും ബാക്കി ഭാഗത്തെ പ്രവൃത്തികൾ ഇഴഞ്ഞുനീങ്ങുക തന്നെ ചെയ്യും. അതുകൊണ്ട് ഈ കമ്പനിയെ ഒഴിവാക്കി ആ റോഡ് പൂർണ്ണമായും റീ-ടെണ്ടർ ചെയ്യണം. മാത്രമല്ല, പൂതാടി പഞ്ചായത്ത് ഹെഡ് ക്വാർട്ടേഴ്സ് റോഡിന്റെ ഒരു കിലോമീറ്റർ ദൂരം വിട്ടുപോയതുകൂടി ഉൾപ്പെടുത്തി റീ-ടെണ്ടർ സമയബന്ധിതമായി

പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഈ വിഷയത്തിൽ സർക്കാർ നിരന്തരം ഇടപെടുകയും നിയമസഭയിൽ ഈ വിഷയം ചൂണ്ടിക്കാട്ടുകയും ചെയ്തിരുന്നു. കഴിഞ്ഞ 10 മാസമായി ജില്ലകളിൽ വകുപ്പുകളുടെ ഏകോപനത്തിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് മുൻകയ്യെടുത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ്) കൺവീനറും ജില്ലാ കളക്ടർ ചെയർമാനുമായ ഡി.ഐ.സി.സി. (ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി) ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്; ഞാനും ആ യോഗത്തിൽ പങ്കെടുത്ത് തീരുമാനം കൈക്കൊണ്ടതാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കിഫ്ബി സസ്പെന്റ് ചെയ്ത വർക്കാണിത്. എനിക്ക് അവിടെ പോയി പ്രശ്നങ്ങൾ നേരിട്ടുകണ്ട് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. പ്രത്യേകമായി പരിശോധിക്കുകയും ഇടപെടുകയും ചെയ്ത വിഷയമാണിത്. കിഫ്ബിയുമായി നടത്തിയ നിരന്തര ചർച്ചകൾക്കൊടുവിൽ 2021 സെപ്തംബറിൽ പ്രവൃത്തി പുനരാരംഭിക്കാൻ അനുമതി ലഭിച്ചു. കരാറുകാരന്റെ മെല്ലെപ്പോക്കുകൊണ്ട് 22 കിലോമീറ്ററിൽ വരുന്ന പ്രവൃത്തിയിൽ 12.86 കിലോമീറ്ററിന്റേത് മാത്രം ആ കരാറുകാരനെ

ഏൽപ്പിക്കുകയും 11.71 കിലോമീറ്റർ ഡി.ബി.എം. (Dense Bituminous Macadam) പൂർത്തീകരിക്കുകയും ചെയ്തു. ട്രാഫിക്കബിളല്ലാത്ത ആ മേഖലയിൽ മാറ്റം സാധ്യമാക്കാനായിയെന്ന് ഇപ്പോൾ പറയാനാകില്ല, പൂർണ്ണമായിട്ടില്ല. കേണിച്ചിറ ടൗൺ ഉൾപ്പെടുന്ന 1.15 കിലോമീറ്ററാണ് ബാക്കിയുള്ളത്. അവിടെ ഡ്രെയിനേജടക്കം പണിയുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടത്താൻ 1,52,00,000/- രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ആ സാഹചര്യത്തിൽ ഈ മേഖലയിലും വർക്ക് നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതും കൃത്യമായി പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 10 കിലോമീറ്ററോളം റോഡ് 32,56,00,000/- രൂപയ്ക്ക് ടെണ്ടർ ചെയ്തിരിക്കുകയാണ്. ജൂലൈ 30-ന് ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി ഷെഡ്യൂൾ ചെയ്യാനാകും. ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ ജനങ്ങൾക്ക് പ്രയാസകരമാകുന്ന തരത്തിൽ ഉദ്യോഗസ്ഥർ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അവർക്കെതിരെ കർക്കശമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകും. തെറ്റായ പ്രവണതകളോട് ഒരുതരത്തിലും സന്ധിചെയ്യാത്ത നിലപാടാണ് ഞങ്ങൾക്കുള്ളത്. അതിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യെയും ഈ നിലപാടുമായി യോജിക്കുന്ന

എല്ലാവരെയും ഉൾപ്പെടുത്തി തെറ്റായ രീതിയിൽ പോകുന്നവരെ തിരുത്തുന്ന നിലപാട് തുടരുമെന്നതും സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

## (10) മലപ്പുറത്തെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി

ശ്രീ. പി. ഉബൈദുള്ള: സർ, പൊതുമരാമത്ത് വകുപ്പിന്റെ നിശ്ചിത മാനദണ്ഡങ്ങളുള്ള സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കേണ്ടതിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കേണ്ടതിന്റെയും ആവശ്യകത സർക്കാരിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. സംസ്ഥാനത്തെ റോഡ് ശൃംഖലയിൽ 2020-21-ലെ കണക്കുപ്രകാരം 83.74 ശതമാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളവയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിലുൾപ്പെട്ട ധാരാളം റോഡുകൾ പി.ഡബ്ല്യു.ഡി. നിലവാരമുള്ളതാണ്. ഇത്തരം റോഡുകളുടെ മെയിന്റനൻസ് ഒരു പ്രശ്നമായി നിലനിൽക്കുന്ന സാഹചര്യത്തിൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നോൺപ്ലാൻ പദ്ധതിയിലുൾപ്പെടുത്തി ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് വൺടൈം സെറ്റിൽമെന്റായി പൊതുമരാമത്ത് വകുപ്പ് ഫണ്ട്

അനുവദിച്ചിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി നിരവധി റോഡുകൾ മെച്ചപ്പെടുത്താൻ സാധിച്ചു. എന്നാൽ ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഇത്തരം ഫണ്ടുകൾ അനുവദിച്ചിട്ടില്ല. മുൻസർക്കാരിന്റെ അവസാനകാലത്ത് ആരംഭിച്ച മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയും നിർത്തിവച്ചിരിക്കുകയാണ്. 1000 കോടി രൂപ റോഡ് നവീകരണപ്രവൃത്തികൾക്ക് നീക്കിവച്ചിരുന്നെങ്കിലും ഇപ്പോൾ ഈ പദ്ധതിയിൽ പുതിയതായി ഫണ്ട് അനുവദിക്കുന്നില്ലെന്നാണ് അറിയുന്നത്. കാലവർഷക്കെടുതിയിൽപ്പെട്ട് തകരുന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് ലഭിക്കുന്ന വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടുകൾ പലപ്പോഴും അപര്യാപ്തമാകുന്ന ഘട്ടത്തിൽ ഇതൊരു ആശ്വാസമായിരുന്നു. റോഡുകളുടെ മെയിന്റനൻസിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കനുവദിച്ചിട്ടുള്ള വിഹിതം വെട്ടിക്കുറച്ച സാഹചര്യത്തിൽ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് ഫണ്ട് അനുവദിക്കണമെന്നും മലപ്പുറം നിയോജകമണ്ഡലത്തിലെ ആനക്കടവ്-ഉമ്മത്തൂർ-മുണ്ടക്കോട്-ചാഞ്ഞാൽ റോഡ്, തൃപ്പനച്ചി-മീൻചിറ-കാവനൂർ, മോങ്ങം-അരിമ്പ്ര, കടമ്പോട്-മുള്ളറങ്ങാട്, ചെമ്മങ്കടവ്-ഒറ്റത്തറ-

പൊന്മള എന്നീ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്നമാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന വിഷയമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. പല എം.എൽ.എ.മാരും വ്യക്തിപരമായി പറയുന്നൊരു വിഷയവുമാണിത്. പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ചിടത്തോളം നിലവിലെ റോഡുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയെന്നുള്ളതാണ് പ്രധാനം. മൂന്ന് ലക്ഷത്തോളം കിലോമീറ്റർ റോഡുകൾ സംസ്ഥാനത്തുള്ളതിൽ 29522 കിലോമീറ്റർ മാത്രമാണ് പി.ഡബ്ല്യൂ.ഡി.-യുടേത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ സംഭവവികാസങ്ങളുടെയും ചർച്ചകളുടെയും ഫലമായി റോഡുകളുമായി ബന്ധപ്പെട്ട കുറെ കാര്യങ്ങൾ പൊതുസമൂഹത്തിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കേരളത്തിലെ 270000 കിലോമീറ്റർ റോഡുകൾ പി.ഡബ്ല്യൂ.ഡി. റോഡുകളല്ലെന്നത് പലർക്കുമൊരു പുതിയ അറിവാണ്, റോഡുകളെന്നാൽ പി.ഡബ്ല്യൂ.ഡി.യുടേതെന്നതാണ് സംസ്ഥാനത്തിന്റെ പൊതുബോധം. അതുകൊണ്ട് ഏത് റോഡിൽ എന്ത് പ്രശ്നമുണ്ടായാലും പ്രധാനപ്പെട്ട

പത്രമാധ്യമങ്ങളുൾപ്പെടെ വിരൽചൂണ്ടുന്നത് പി.ഡബ്ല്യൂ.ഡി.-ക്ക് എതിരെയാണ്. റോഡുകളുടെ ഗുണമേന്മ ഉറപ്പുവരുത്താനാണ് വകുപ്പ് പ്രധാനമായും ഊന്നൽ നൽകുന്നത്. ആ നിലയിൽ ബി.എം. & ബി.സി. റോഡുകളാക്കി മാറ്റാനുള്ള ശ്രമമാണ് നടത്തുന്നത്. കാലാവസ്ഥാ വ്യതിയാനം പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഏഴോ എട്ടോ മാസം മഴ പെയ്താൽ റോഡുകൾ കുതിർന്ന് തകരുന്ന സ്ഥിതിയാണുള്ളത്. ഗ്രൗണ്ട് ലെവൽ ഉയർത്തി റോഡ് നിർമ്മിച്ചാൽ അത് പരിഹരിക്കാൻ സാധിക്കും. പക്ഷേ വീടുകളിൽ വെള്ളം കയറുന്നതുമായി ബന്ധപ്പെട്ട പ്രശ്നമുള്ളതിനാൽ സംസ്ഥാനത്ത് അതിന് സാധിക്കില്ല. അതുകൊണ്ട് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി കൂടുതൽകാലം നിലനിൽക്കുന്ന റോഡുകൾ നിർമ്മിക്കാനുള്ള പുതിയ സംവിധാനത്തെക്കുറിച്ച് ആലോചിക്കുകയാണ്. പരമാവധി റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്കുയർത്തുന്ന പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഓരോ വർഷവും എത്ര കിലോമീറ്റർ റോഡുകൾ ബി.എം.&ബി.സി.ആക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. അടുത്ത വർഷം മാർച്ച് വരെ ഇത്ര കിലോമീറ്റർ ചെയ്യണം, അതിനടുത്ത വർഷം ഇത്ര കിലോമീറ്റർ ചെയ്യണം എന്ന് പ്ലാൻ ചെയ്തുപോയാൽ ഇത് നടപ്പിലാക്കാൻ സാധിക്കും. തദ്ദേശസ്വയംഭരണ

റോഡുകൾ ഏറ്റെടുക്കുന്ന വിഷയം പൊതുവായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. നിലവിലുള്ള റോഡുകളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ ഒറ്റക്കെട്ടായി നിൽക്കാമെന്നാണ് ഇപ്പോൾ നമ്മൾ തീരുമാനിച്ചിട്ടുള്ളത്. അതിനിടയിൽ ഇക്കാര്യം എങ്ങനെ വേണമെന്നുള്ളത് ചർച്ച ചെയ്യാം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

12.27 PM]

## VI റിപ്പോർട്ടുകളുടെ സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി I-ന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

2. സബ്ജക്ട് കമ്മിറ്റി IV-ന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

3. സബ്ജക്ട് കമ്മിറ്റി V-ന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള

ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

4. സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

12.29 PM]

**VII റിപ്പോർട്ട് പരിഗണന**

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. മുരളി പെരുനെല്ലി: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന

പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

12.30 PM]

## VIII ധനകാര്യം

### 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിരിക്കുന്ന തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-23 | |
|---|---|---|---|
| | | 18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക |

| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXV | പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 1023,98,48, 000 | 87,19,14, 000 | 2047,96,94, 000 | 174,38,29, 000 | 2222,35,23, 000 |

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XXV- പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ഭൂരഹിതരായ മുഴുവൻ പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീട് വച്ച് നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കുടുംബങ്ങൾക്കും ഭൂമിയും വീടും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു

പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടവരുടെ സാമൂഹിക-സാമ്പത്തിക വികസനത്തിന് പദ്ധതികൾ ആവിഷ്കരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000

രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൽകുന്ന വിദ്യാഭ്യാസ ധനസഹായങ്ങൾ ഉൾപ്പെടെയുള്ള സേവനങ്ങൾ അർഹതപ്പെട്ടവർക്ക് സമയബന്ധിതമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾ യഥാസമയം വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആദിവാസി മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (എല്ലാ പട്ടികജാതി കോളനികളിലും അംബേദ്കർ ഗ്രാമവികസന പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഫലം താഴെത്തട്ടിൽ ഫലപ്രദമായി ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് സാഹചര്യത്തിൽ ഓൺലൈൻ പഠനസാമഗ്രികളുടെ അഭാവം ഉൾപ്പെടെയുള്ള കാരണങ്ങളാൽ പഠനം മുടങ്ങിയ പ്രാക്തന ഗോത്രവർഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾ ഉൾപ്പെടെ മുഴുവൻ പട്ടിക-ഗോത്രവർഗ്ഗ വിദ്യാർത്ഥികളെയും വിദ്യാലയങ്ങളിൽ തിരികെ എത്തിക്കുന്നതിന് കർമപദ്ധതി നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠന സൗകര്യം ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച

ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹൈസെൻ തങ്ങൾ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്.(പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രൊഫഷണൽ കോഴ്സുകളിലൂടെ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ,പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ റെസിഡൻഷ്യൽ സ്കൂളുകളിലെയും പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനത്തിനുള്ള അവസരം സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഭവനനിർമ്മാണ പദ്ധതികൾ ലൈഫ് മിഷൻ മുഖേനയാക്കി മാറ്റിയപ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അർഹരായ ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം ലഭിക്കാൻ കാലതാമസം നേരിടുന്നതായും ലൈഫ് മിഷൻ മുഖേന പ്രസ്തുത വിഭാഗങ്ങൾക്ക് നിർമ്മിച്ചു നൽകേണ്ട വീടുകളിൽ 50 ശതമാനം വീടുകൾ പോലും പൂർത്തീകരിക്കാൻ സാധിക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് ഭവനപദ്ധതി പ്രകാരം വീടുകൾ വച്ച് കൊടുക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം

ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അട്ടപ്പാടി ആദിവാസി മേഖലയിൽ ശിശുമരണങ്ങൾ ആവർത്തിക്കപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അട്ടപ്പാടിയിൽ വർദ്ധിച്ച് വരുന്ന ശിശുമരണങ്ങൾ തടയുന്നതിനും ഗർഭിണികളിലടക്കമുള്ള പോഷകാഹാരക്കുറവ് നികത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികജാതി/ പട്ടികവർഗ്ഗ / മറ്റുപിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ വിവിധ വായ്പാ കുടിശ്ശികകൾ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു. ന്യൂനപക്ഷങ്ങളുടെ പ്രത്യേകിച്ച് മുസ്ലീം സമുദായത്തിന്റെ ആരാധനാക്രമമായ ഹജ്ജ് യാത്രയുമായി ബന്ധപ്പെട്ട ചില വിഷയങ്ങളാണ് ആദ്യമായി പറയാൻ ആഗ്രഹിക്കുന്നത്. ഈ വർഷം വളരെ കുറച്ച് അപേക്ഷകർക്കുമാത്രമാണ് ഹജ്ജ് കമ്മിറ്റി മുഖേന യാത്രയ്ക്കുള്ള അവസരം ലഭിച്ചത്. ഇതുമൂലം പലർക്കും സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളെയാണ് ആശ്രയിക്കേണ്ടിവന്നത്. ഹജ്ജ് കമ്മിറ്റി മുഖേന പോകുന്നവർക്ക് മികച്ച സേവനം ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരെയും ഹാജിമാരുടെ എണ്ണത്തിനാനുപാതികമായി

വോളണ്ടിയർമാരെയും അയയ്ക്കുന്നുണ്ട്. ഇവരുടെ താമസസ്ഥലത്ത് ഓരോ കെട്ടിടത്തിനും പ്രത്യേകം വോളണ്ടിയർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളെ ആശ്രയിച്ച് പോകുന്ന ഹാജിമാരുടെ കാര്യം ശ്രദ്ധിക്കാൻ സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അധികാരമില്ല. ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് പരിശോധിക്കണം. ഇവരുടെ താമസസൗകര്യം, ഭക്ഷണം, വൈദ്യസഹായം എന്നിവയുമായി ബന്ധപ്പെട്ട് പരാതികൾ ഉയർന്നുവന്നിട്ടുള്ള സാഹചര്യത്തിൽ കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് എന്തുചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കേണ്ടത് അടിയന്തര ആവശ്യമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇപ്രാവശ്യം തമിഴ്നാട്, പോണ്ടിച്ചേരി, ലക്ഷദ്വീപ്, തുടങ്ങിയ സ്ഥലങ്ങളിൽനിന്നുള്ള ഹാജിമാരും കൊച്ചിവഴിയാണ് ഹജ്ജിന് പോയത്. കേരളത്തിൽ, കോഴിക്കോട് ആസ്ഥാനമായി ഹജ്ജ് ഹൗസുണ്ടെങ്കിലും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട് ജില്ലയിലില്ലാത്തതുകൊണ്ട് എല്ലാവരും ഇപ്രാവശ്യം കൊച്ചിവഴി ഹജ്ജിനുപോകേണ്ടിവന്നു. സിയാൽ എയർപോർട്ടിൽ സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും നമുക്ക് വേണ്ടത്ര ശ്രദ്ധിക്കാൻ സാധിച്ചിട്ടില്ല. കോഴിക്കോട് എംബാർക്കേഷൻ പോയിന്റ് പുന:സ്ഥാപിക്കുന്നതിന് സത്വര

പരിശ്രമമുണ്ടാകണം. അതുപോലെതന്നെ, വഖഫ് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. സ്ഥിര ജീവനക്കാരില്ലാത്തതും ഓഫീസുകളുടെ സ്ഥലസൗകര്യക്കുറവും വിഷയമാണ്. സബ് ഓഫീസുകൾ പല സ്ഥലത്തും തുറന്നിട്ടുണ്ടെങ്കിലും എറണാകുളത്ത് മാത്രമാണ് സ്വന്തമായി ഓഫീസുള്ളത്. മറ്റെല്ലായിടത്തും ഇവ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. കോഴിക്കോട് പ്രവർത്തിക്കുന്ന ഓഫീസിൽ അഭിഭാഷകർക്കും കക്ഷികൾക്കും നിന്നുതിരിയാൻപോലും സ്ഥലമില്ല. അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കുന്നതിന് സർക്കാർ ശ്രമിക്കുകയും കുറയേറെ വിജയിക്കുകയും ചെയ്ത സാഹചര്യത്തിൽ വഖഫ് ബോർഡുകളിലെ കേസുകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് കക്ഷികളുടെയും അഭിഭാഷകരുടെയും എണ്ണം കൂടുകയാണ്. 2010 മുതൽ കോഴിക്കോട് വഖഫ് ബോർഡിന്റെ കൈവശമുള്ള 9.90 ആർ ഭൂമിയിൽ കെട്ടിട നിർമ്മാണത്തിന് അനുമതി കിട്ടിയെങ്കിലും ഇതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. പട്ടികജാതി വികസന വകുപ്പ് മുഖാന്തരം 2021-22 സാമ്പത്തിക വർഷത്തിൽ 4020 ഗുണഭോക്താക്കൾക്കാണ് ഭൂമി നൽകിയിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണം ലൈഫ് മിഷൻ വഴിയാണ് നടത്തുന്നതെങ്കിലും 2021-22-ലെ 278 കോടി രൂപ പട്ടികജാതി

വികസന വകുപ്പിൽനിന്നും കൈമാറുകയും നടപ്പുവർഷം പദ്ധതി നിർവ്വഹണത്തിനായി 300 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വികസന വകുപ്പിൽ ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 518 വീടുകളും മൂന്നാം ഘട്ടത്തിൽ 271 വീടുകളും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 626 വീടുകളും പൂർത്തിയാക്കിയിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ)

ഡോ. കെ. ടി. ജലീൽ: സർ, സംസ്ഥാനത്ത് ധാരാളം പദ്ധതികൾ എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ അഭിവൃദ്ധിക്കായി സർക്കാർ നടപ്പിലാക്കുന്നുണ്ടെങ്കിലും ഇവർക്ക് വേണ്ടത്ര സാമ്പത്തിക പുരോഗതിയുണ്ടാകുന്നില്ല. ഈയിടെയുള്ള ഒരു പഠനം തെളിയിക്കുന്നത് നമ്മുടെ സംസ്ഥാനത്തും രാജ്യത്തും നിന്നുമൊക്കെ വിദേശങ്ങളിലേയ്ക്ക് മൈഗ്രേറ്റ് ചെയ്ത് ജോലിയെടുക്കുന്നവരിൽ ഏറ്റവും കുറവ് എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെട്ടവരാണെന്നും മൈഗ്രേറ്റ് ചെയ്യാത്ത ഒരു ജനവിഭാഗത്തിനും ഇന്ത്യയിൽ സമൃദ്ധമായ സാമ്പത്തിക പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുമാണ്. എസ്.സി./എസ്.ടി. വിഭാഗത്തെ

അഭിവൃദ്ധിപ്പെടുത്തുന്നതിന് സർക്കാർ അവർക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം പുതുതലമുറയെ മൈഗ്രേറ്റ് ചെയ്യാനും പ്രേരിപ്പിക്കണം. ഗൾഫ്, യൂറോപ്പ്, അമേരിക്കൻ രാജ്യങ്ങളിൽ പോയി അദ്ധ്വാനിച്ച് ധനസ്ഥിതി മെച്ചപ്പെടുത്തുകയല്ലാതെ എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ പുരോഗതിക്ക് മറ്റ് വഴികളില്ലെന്നാണ് ആ പഠനത്തിൽ വ്യക്തമായി പറയുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ അവർക്കുവേണ്ടി പ്രത്യേക സംവിധാനമൊരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ചരിത്രം പരിശോധിച്ചാൽ അങ്ങ് പറയുന്നത് ശരിയാണെന്ന് കാണാൻ കഴിയും. ഗൾഫിലും മറ്റും പോയി സമ്പാദിക്കുന്ന സമ്പത്താണ് യഥാർത്ഥത്തിൽ ഇവിടെ നമുക്ക് സഹായകമാകുന്നത്. ഇക്കാര്യത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ വളരെ പിന്നിലാണ്. അവരെ മുന്നോട്ട് കൊണ്ടുവരാനുള്ള സത്വരശ്രദ്ധ ഉണ്ടാകണമെന്നതാണ് പൊതുവികാരം. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കാര്യത്തിൽ നിരവധി വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എങ്കിൽപ്പോലും അംബേദ്കർ ഗ്രാമം പദ്ധതി വേണ്ടത്ര ശുഷ്കാന്തിയോടുകൂടി നടപ്പാക്കാൻ സാധിക്കുന്നില്ല. അത് സർക്കാരിന്റെയോ

ബഹുമാനപ്പെട്ട മന്ത്രിയുടെയോ കുഴപ്പമല്ല. അവ നിർമ്മിതിപോലെയുള്ള കുറേ ഏജൻസികളെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഇവർക്കൊന്നും ആവശ്യമായ ജീവനക്കാരോ എഞ്ചിനീയർമാരോ ഇല്ല. എന്റെ നിയോജകമണ്ഡലത്തിൽ 5 വർഷംകൊണ്ട് 10 കോളനികൾക്ക് ഓരോ കോടി രൂപ വീതം ലഭിച്ചെങ്കിലും സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാൻ സാധിക്കുന്നില്ല. ഈ ഏജൻസികളെ ഏൽപ്പിക്കേണ്ട എന്നല്ല ഞാൻ പറയുന്നത്. അവർക്ക് ആദ്യം 25% പണം നൽകുന്നുണ്ട്. അവരത് മറ്റ് ഏജൻസികൾക്ക് സബ്കോൺട്രാക്ട് നൽകുകയാണ്. അതുകൊണ്ട് ഇതൊന്നും വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽ നമുക്ക് പൂർത്തിയാക്കാൻ സാധിക്കുന്നില്ല. അതിനാൽ ഗവൺമെന്റ് നയപരമായ തീരുമാനങ്ങളിൽ മാറ്റം വരുത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, മറ്റ് പിന്നാക്ക ജാതിയിൽപ്പെട്ടവരുടെ വലിയൊരു പ്രശ്നം ഉയർന്നുവരുന്നത് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ടതാണ്. പാലക്കാട് ജില്ലയിലുൾപ്പെടെ പലയിടങ്ങളിലും വടുക, വടുകർ, വടുകാസ് എന്ന വിഭാഗമുണ്ട്. ഇത് ഒരേ ജാതിയിൽപ്പെട്ടവരാണ്. എഴുത്തച്ഛൻ, എഴുത്തശ്ശൻ, കടുപൊട്ടൻ എന്നിവ ഒരേ വിഭാഗമാണ്. അതുപോലെയാണ് ഈഴവ,

ഈഴവൻ, ഈഴവർ. ഇങ്ങനെ ഒരു ദീർഘത്തിന്റെയും വള്ളിയുടെയും പുള്ളിയുടെയുമൊക്കെ പേരിൽ പാവപ്പെട്ട കുട്ടികൾ സ്കൂൾ സർട്ടിഫിക്കറ്റിന് പോകുമ്പോൾ വലിയ പ്രയാസമാണ് നേരിടുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ടി. എ. റഹീം: സർ, ഒരേ വിഭാഗത്തിൽപ്പെട്ടവർതന്നെ പലയിടങ്ങളിലും പല പേരുകളിൽ അറിയപ്പെടുന്നതുകൊണ്ട് അവർക്ക് ജാതി സർട്ടിഫിക്കറ്റ് കിട്ടുന്നതിന് പ്രയാസം നേരിടുന്നുണ്ട്. ഇക്കാര്യങ്ങൾ സർക്കാർ ശ്രദ്ധിക്കുമെന്നുതന്നെയാണ് കരുതുന്നത്. ഇതുസംബന്ധിച്ച് ഞാൻതന്നെ പലപ്പോഴും നിവേദനം നൽകിയിട്ടുമുണ്ട്. ന്യൂനപക്ഷങ്ങളെക്കുറിച്ച് പറയുമ്പോൾ, വർഗ്ഗീയ സംഘർഷങ്ങൾ ക്ഷണിച്ചുവരുത്താൻ ബോധപൂർവ്വമായ ശ്രമം ഇക്കാലത്ത് നടക്കുകയാണ്. അടുത്ത കാലത്ത് ലഖ്നൗവിലെ ലുലുമാളിൽ ഒരു സംഭവമുണ്ടായി. ചിലർ അവിടെ പെട്ടെന്ന് കയറി 8 സെക്കന്റുകൊണ്ട് നിസ്കരിച്ചിട്ട് വീഡിയോയെടുത്ത് പ്രചരിപ്പിച്ചു. അപ്പോൾത്തന്നെ അവിടെ പ്രതിഷേധ പ്രകടനമുണ്ടായി. അതിൽ പ്രതികളായവർ ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകരാണ്. പ്രവാചകനിന്ദയുമായി ബന്ധപ്പെട്ട് പ്രതികരണം നടത്തിയ ഒരാളെ കൊന്ന കേസിലും പിടിയിലായത് ബി.ജെ.പി.-ക്കാരനാണ്. നമുക്ക്

മാറാട്, തലശ്ശേരി കലാപങ്ങളുടെ അനുഭവമുണ്ട്. ഇതൊക്കെ പറയുമ്പോൾ സി.പി.ഐ.(എം) ഇല്ലാത്ത കേരളം വിനാശകരമാകുമെന്ന് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡന്റ് ശ്രീ. പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞത് ഞാൻ ഓർക്കുകയാണ്. ഇടതുപക്ഷത്തിന്റെ, പ്രത്യേകിച്ച് സി.പി.ഐ.(എം)-ന്റെ ശക്തമായ സാന്നിദ്ധ്യമുള്ളതിനാലും ശക്തമായ ന്യൂനപക്ഷ സമുദായങ്ങളുള്ളതിനാലുമാണ് കാവിയെ ചെറുക്കുന്നതിൽ കേരളം മുൻപന്തിയിൽ നിൽക്കുന്നതെന്ന് ഇംഗ്ലീഷ് ദിനപത്രമായ ദി ന്യൂ ഇൻഡ്യൻ എക്സ്പ്രസ്സിന് അനുവദിച്ച അഭിമുഖത്തിൽ അദ്ദേഹം പറയുകയുണ്ടായി. ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും ഫാസിസത്തെ ചെറുക്കാനും ബി.ജെ.പി. ഒഴികെയുള്ള കക്ഷികൾ ഇവിടെ ഉണ്ടാകണമെന്നാണ് നിലപാടെന്നും അദ്ദേഹം പറഞ്ഞു. സി.പി.ഐ.(എം)-നെ ഇല്ലാതാക്കാൻ ബി.ജെ.പി.-ക്കൊപ്പം ചേർന്ന് കോൺഗ്രസ്സ് പ്രവർത്തിക്കുന്ന വേളയിലാണ് യു.ഡി.എഫ്.-ലെ പ്രധാന ഘടകകക്ഷികൂടിയായ മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡന്റിന്റെ ഈ വാക്കുകൾ എന്നുകൂടി എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് ഞാനിവിടെ പറയാനുണ്ടായ കാരണം, തലശ്ശേരി കലാപം നടന്നത് ആര് ഭരിക്കുമ്പോഴാണെന്ന് നമുക്കറിയാം. അന്നവിടെ പള്ളി കാവലിന് വന്ന

കുഞ്ഞിരാമൻ കൊല്ലപ്പെട്ടു. അത് പറയുമ്പോൾ അപ്പുറത്തുള്ള ചിലയാളുകൾ പറയുന്നു, അദ്ദേഹം വേറെ സംഭവത്തിലാണ് കൊല്ലപ്പെട്ടതെന്ന്. അങ്ങനെയല്ല നമ്മൾ പറയേണ്ടത്. നമ്മൾ ഒന്നായി നിൽക്കുന്നുവെന്ന് പറയാൻ സാധിക്കണം. മാറാടിന്റെ അനുഭവം നമുക്കറിയാം. അന്ന് ആരായിരുന്നു ഭരണത്തിലിരുന്നത്? ബഹുമാനപ്പെട്ട എ. കെ. ആന്റണിയോടൊപ്പം സ്ഥലം സന്ദർശിക്കാൻപോയ ശ്രീ. നാലകത്ത് സൂപ്പി കൊല്ലത്ത് ഭാര്യ വീട്ടിലിറങ്ങി. ഡോ. എം. കെ. മുനീർ സ്വന്തം വീട്ടിൽനിന്ന് ഗസ്റ്റ് ഹൗസിലേയ്ക്ക് മാറി. അതേസമയം നമ്മുടെ ഇപ്പോഴത്തെ മുഖ്യമന്ത്രി അന്ന് ശ്രീ. എളമരം കരീമിനെയും ശ്രീ. വി. കെ. സി. മമ്മത്കോയയെയും ഇരുഭാഗത്തും നിർത്തി ധൈര്യത്തോടെ അവിടെ പോകുകയാണുണ്ടായത്. ഇ. കെ. നായനാർ കോഴിക്കോട് ടൗൺ ഹാളിൽ ചേർന്ന ഒരു യോഗത്തിൽ പറഞ്ഞത്, 'അവിടെനിന്ന് നിഷ്കാസിതരായ, ആരാന്റെ തിണ്ണകളിൽ വർഷങ്ങളോളം താമസിക്കാൻ വിധിക്കപ്പെട്ടവരെ തിരിച്ച് പോകാൻ സമ്മതിച്ചില്ലെങ്കിൽ അവരുടെ മുമ്പിൽനിന്ന് ഞാൻ മാറാട്ടേയ്ക്ക് യാത്ര ചെയ്യും' എന്നാണ്. അതൊക്കെത്തന്നെയാണ് ബഹുമാനപ്പെട്ട തങ്ങൾ ഇവിടെ സൂചിപ്പിച്ചിട്ടുള്ളത് എന്നുമാത്രം ഒരിക്കൽക്കൂടി അടിവരയിട്ട് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിന്റെ സാമൂഹിക നവോത്ഥാന നായകരിൽ പ്രമുഖനും ജാതി, വർണ്ണ വിവേചനങ്ങൾക്കുമെതിരായ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ വ്യക്തിയാണ് കാവാരികുളം കണ്ടൻ കുമാരൻ. അദ്ദേഹം ബ്രഹ്മ പ്രത്യക്ഷ സാധുജന സഭ (1911) എന്ന സാംബവ സമുദായ സംഘടനയുടെ സ്ഥാപകനും 1915 മുതൽ ഏതാണ്ട് 14 വർഷക്കാലം ശ്രീമൂലം പ്രജാസഭയിൽ അംഗവുമായിരുന്നു. മഹാത്മാ അയ്യങ്കാളി കഴിഞ്ഞാൽ കൂടുതൽ കാലം ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന വ്യക്തിയാണ് അദ്ദേഹം. സാംബവ സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി അദ്ദേഹം ഒരുപാട് ഇടപെടലുകൾ ശ്രീമൂലം പ്രജാസഭയിൽ നടത്തിയതിന്റെ രേഖകൾ പരിശോധിക്കാനിടയായി. 07.03.1928-ൽ ശ്രീമൂലം പ്രജാസഭയിൽ മിഡ് ഡേ മീൽസ് സ്കീം സ്കൂളുകളിൽ അനുവദിക്കണമെന്നാവശ്യപ്പെട്ട് അദ്ദേഹം ഉന്നയിച്ച സബ്മിഷന്റെ രേഖയാണ് എന്റെ കയ്യിലുള്ളത്. (രേഖ ഉയർത്തിക്കാണിച്ചു) അതുകൂടാതെ, അന്ന് ഈ വിഭാഗത്തിൽ സാമൂഹികമായി പിന്നോക്കാവസ്ഥയിലുള്ളവർക്ക് ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി നിരന്തരമായ പരിശ്രമങ്ങൾ നടത്തി. അന്തിയുറങ്ങാനും കൃഷി ചെയ്യാനും മൃതദേഹം കുഴിച്ചുമൂടാനും സ്വന്തമായി

ഭൂമിക്കുവേണ്ടി ശ്രീമൂലം പ്രജാസഭയിൽ അദ്ദേഹം നിരന്തരം നടത്തിയ ഇടപെടലുകളുടെ അടിസ്ഥാനത്തിൽ സർക്കാർവക പുറമ്പോക്ക് ഭൂമിയും പുതുവൽ ഭൂമിയും ദാനപ്പതിവ് എന്ന നിലയിൽ സാംബവ സമുദായത്തിന് അനുവദിച്ചുകൊടുത്തതിന്റെയും ദിവാന്റെ മറുപടിയുമടക്കമുള്ള രേഖകൾ പരിശോധിക്കുമ്പോൾ അഭിമാനകരമായ ചരിത്രമായി നമുക്കതിനെ കാണാൻ കഴിയും. "There were 52 schools managed by the Sambava Community in the Taluks of Kunnathur, Chengannur, Thiruvalla, Changanassery, Peerumedu, Mavelikkara, Karunagapally, and Ambalapuzha. Of the teachers in those schools 46 were Parayas, 3 Ezhavas, 2 Nairs and 1 Christian. The Member prayed that suitable grants might be sanctioned in aid of those institutions and the teachers also confirmed." എയ്ഡഡ് എന്നൊരു ആശയം ശ്രീമൂലം പ്രജാസഭയിൽ കൊണ്ടുവരികമാത്രമല്ല, അദ്ദേഹത്തിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ദിവാൻ ഈ 52 സ്കൂളുകൾക്കും സർക്കാർ എയ്ഡ് കൊടുക്കുകയും ചെയ്തു. ഏകാദ്ധ്യാപക വിദ്യാലയങ്ങളായിരുന്നു അവ. അങ്ങനെ അദ്ദേഹം സ്ഥാപിച്ച ആ വിദ്യാലയങ്ങൾക്ക് ഗ്രാന്റ് വാങ്ങിക്കൊടുത്തു. എന്നാൽ ഇപ്പോൾ ഈ ഗവൺമെന്റ് 243 ബദൽ സ്കൂളുകൾ

അടച്ചുപൂട്ടുകയുണ്ടായി. ഞാൻ ഒരു വാർത്ത വായിക്കാം, “ കാടിന്റെ അക്ഷരവിളക്ക് അണഞ്ഞു. കരുളായി ഉൾവനത്തിലെ പൂലിമുണ്ട ചേമ്പുംകൊല്ലിയിൽ സ്ഥിതി ചെയ്തിരുന്ന മുണ്ടക്കടവ് ബദൽ സ്കൂളിന് താഴ് വീണപ്പോൾ അണഞ്ഞത് കാടിന്റെ അക്ഷര ദീപം.” പ്രാക്തന ഗോത്രവർഗ്ഗക്കാരായ കാട്ടുനായ്ക്കർ അധിവസിക്കുന്നത് അവിടെയാണ്. ശ്രീ. ടി. ടി. ഷൺമുഖനെന്ന ഏകാദ്ധ്യാപകൻ അവർക്കിടയിലേയ്ക്കെത്തി വനവാസികളായ അവരെ താൽക്കാലിക ഷെഡ്ഡിൽ തുടങ്ങിയ സ്കൂളിലേയ്ക്ക് ആകർഷിച്ചു. അദ്ദേഹം അവിടെ താമസിച്ച് കഥകൾ പറഞ്ഞും കവിത ചൊല്ലിയും ഭക്ഷണം നൽകിയും പതുക്കെപതുക്കെ വീടുകളിൽനിന്നും അവരെ സ്കൂളിലെത്തിച്ചു. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പുതിയ തീരുമാനങ്ങൾ ഇത്തരം സ്കൂളുകൾക്ക് തടസ്സമായിവരുന്നുണ്ടെന്ന് അങ്ങേയ്ക്കും അറിയാവുന്നതാണ്. പക്ഷേ, അവിടെയാണ് നമ്മുടെ ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കേണ്ടത്. ഈ പ്രത്യേക സാഹചര്യത്തിൽ പ്രസ്തുത വിദ്യാലയങ്ങളുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് നിലനിർത്തിയിരുന്നതും ഇപ്പോൾ അടച്ചുപൂട്ടിയതുമായ 27 സ്കൂളുകളടക്കം സംരക്ഷിക്കാൻ നടപടിയുണ്ടാകണം. ഈ കുഞ്ഞുങ്ങൾക്കിനി എന്താണൊരു ബദൽ? കരുളായി ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരിയായ മോഹിനി

പുത്തനുടുപ്പും പുസ്തക സഞ്ചിയുമൊക്കെയായി അനിയത്തി മോനിഷയുടെ കുഞ്ഞിക്കൈ പിടിച്ച് പ്രവേശനോത്സവത്തിന് പോകേണ്ടവളായിരുന്നു. ഉൾവനത്തിൽ താമസിക്കുന്ന ഈ കുട്ടിക്ക് ഏകാദ്ധ്യാപക വിദ്യാലയമില്ലെങ്കിൽ പഠനം അസാധ്യമാകും. അതുമാത്രമല്ല, ഇങ്ങനെ പൂട്ടിയ സ്കൂളുകളിലെ ടീച്ചർമാരെ തൂപ്പുകാരായി നിയമിച്ചിരിക്കുന്നത് കഷ്ടമാണ്. 24 വർഷത്തോളം അദ്ധ്യാപികയായി ജോലി ചെയ്യുകയും മികച്ച അദ്ധ്യാപികയ്ക്കുള്ള അവാർഡ് നേടുകയും ചെയ്ത ശ്രീമതി ഉഷാകുമാരി ടീച്ചർ അമ്പൂരിയിൽ ശ്രീ. സി. കെ. ഹരീന്ദ്രൻ എം.എൽ.എ.-യുടെ നാട്ടുകാരിയാണ്. എന്നാൽ ഇപ്പോൾ അവരെ തൂപ്പുകാരിയായിട്ടാണ് നിയമിച്ചിരിക്കുന്നത്. അവർ പഠിപ്പിച്ച കുട്ടികൾ പഠിക്കുന്ന സ്കൂളിൽ ഇപ്പോൾ ഈ അദ്ധ്യാപിക തൂപ്പുകാരിയായി പ്രവർത്തിക്കുന്ന അവസ്ഥ സങ്കടകരവും കഷ്ടവുമാണ്. വിദ്യാ വോളന്റിയറായിരുന്നവരെ ആ പേരിൽത്തന്നെ സർക്കാരിന് അക്കോമഡേറ്റ് ചെയ്യാൻ കഴിയുമായിരുന്നു. അതുകൊണ്ട് അദ്ധ്യാപകരായി ജോലി ചെയ്തവരെ തൂപ്പുകാരായി നിയമിച്ച നടപടിയിൽ മാറ്റമുണ്ടാകണം. കാവാരികുളം കണ്ടൻ കുമാരന്റെ കാലം മുതൽ നമ്മൾ ഭൂമിക്കുവേണ്ടിയുള്ള പോരാട്ടം തുടങ്ങിയതാണ്. പണ്ടൊക്കെ 15 സെന്റായിരുന്ന കോളനി പിന്നീട് 10-ഉം അതിനുശേഷം 5-ഉം 3-ഉം

സെന്റുമൊക്കെയായി. എന്നാൽ ഇപ്പോൾ ലൈഫ് മിഷന്റെ 420 സ്ക്വയർ ഫീറ്റ് വീട് മാത്രം കൊടുക്കുന്നതോടുകൂടി ഭൂമിയുടെ പ്രശ്നമേ ഇല്ലാതാകുകയാണ്. യു.എൻ. ഹാബിറ്റാറ്റിന്റെ കണക്കുപ്രകാരം 4 അംഗങ്ങളുള്ള ഒരു കുടുംബത്തിന് 700 സ്ക്വയർ ഫീറ്റ് വീട് വേണമെന്നാണ്. അതുകൊണ്ട് ഇവർക്ക് അന്തസ്സായി കൃഷിചെയ്ത് ജീവിക്കാനുള്ള ഭൂമിയും വീടും നൽകുന്ന ഒരു പദ്ധതിയുണ്ടാകണം. റവന്യൂ വകുപ്പും പട്ടികജാതി വകുപ്പും ഭൂമി നൽകുന്നവരുടെ പേരുവിവരം പഞ്ചായത്തിലെ ലൈഫ് മിഷൻ ലിസ്റ്റിലില്ല. അതുകൊണ്ട് ലൈഫ് മിഷനിൽനിന്നും പട്ടികജാതി ഭവനനിർമ്മാണത്തെ പുറത്തുകൊണ്ടുവരണം. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട അർഹരായവർക്ക് വീട് ലഭിക്കുന്നതിന് നിയന്ത്രണങ്ങൾ തടസ്സമായി മാറുകയാണ്. കേരളത്തിനുപുറത്ത് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 2020 വരെയുണ്ടായിരുന്ന ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സ്കോളർഷിപ്പ് നിർത്തലാക്കിയിരിക്കുകയാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ജനവിരുദ്ധവും വിദ്യാർത്ഥി വിരുദ്ധവുമായ സമീപനങ്ങളിലൊന്നാണിത്. സംസ്ഥാന സർക്കാർ ഇതിലിടപെട്ട് ആ കുട്ടികൾക്ക് സ്കോളർഷിപ്പ് കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പാവപ്പെട്ടവർക്ക് കൊടുക്കാൻ ഇവിടെ

ഭൂമിയില്ല. എന്റെ കയ്യിൽ രാജമാണിക്യം കമ്മീഷൻ റിപ്പോർട്ടുണ്ട്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്താണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ശ്രീമതി സുശീല ഭട്ടിനെ നിയോഗിച്ചത്. എന്നാൽ നിങ്ങളുടെ ഗവൺമെന്റ് വന്നപ്പോഴാണ് രാജമാണിക്യം കമ്മീഷൻ റിപ്പോർട്ട് കിട്ടിയത്. ഇതിൽ " A good proportion of the land which are lying idle with Companies should be reserved for the assignment to the landless, homeless" എന്നാണ് പറഞ്ഞിരിക്കുന്നത്. അഞ്ചേകാൽലക്ഷം ഏക്കർ ഭൂമി പാട്ടക്കാലാവധി കഴിഞ്ഞതിനുശേഷവും ഈ കമ്പനികളുടെ കയ്യിലിരിക്കുകയാണ്. അത് വാങ്ങി ഈ നാട്ടിലെ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഭൂരഹിതർക്കും വീടില്ലാത്തവർക്കും കൊടുക്കാനുള്ള ധീരമായ നടപടി സർക്കാർ സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, നവോത്ഥാന പ്രസ്ഥാനമെന്നത് മണ്ണിന്റെ മക്കളുടെ സാമൂഹിക ജീവിതത്തിലേയ്ക്കുള്ള പടപ്പുറപ്പാടായിരുന്നു. ജന്മിത്വത്തിന്റെ അടിവേരറുത്തും സവർണ്ണജാതി മേൽക്കോയ്മയുടെ നടുവൊടിച്ചും മലയപ്പുലയന്റെ മാടത്തിനുമുന്നിലെ വാഴക്കുല വെട്ടിക്കൊണ്ടുപോയ ഗർവിന്റെ വാഴ്ചക്കോയ്മ തകർത്തുകൊണ്ട്

സാമൂഹ്യനീതി എന്ന സാമൂഹ്യപ്രശ്നമുന്നയിച്ചുകൊണ്ടും പുരോഗമന ആശയഗതിക്കാർ നടത്തിയ ധാർമ്മിക സമരമുന്നേറ്റമാണ് കേരളത്തിന്റെ നവോത്ഥാനം. എന്നാൽ ഈ പ്രശ്നം അടിത്തട്ടിലെ പിന്നാക്ക ജാതിക്കാരുടെ മുന്നേറ്റം മാത്രമല്ല; സാംസ്കാരിക സാമ്പത്തിക അധഃപതനത്തിൽ നിപതിച്ചുപോയ സർവ്വ ജനവിഭാഗത്തിന്റെയും സാംസ്കാരിക ഉണർവ്വുമായിരുന്നു. മാറുമറയ്ക്കൽ പ്രക്ഷോഭം, കല്ലുമാല പൊട്ടിക്കൽ, അയിത്തം, തീണ്ടൽ തുടങ്ങിയ അടിത്തട്ടിലെ കാര്യങ്ങൾക്കും സ്ത്രീ വിദ്യാഭ്യാസം, വിധവാ വിവാഹം മുതലായ ഒട്ടേറെപ്രശ്നങ്ങളും നമുക്കതിൽ കാണിക്കാൻ കഴിയും. പണ്ഡിറ്റ് കറുപ്പൻ, അയ്യങ്കാളി, ശ്രീനാരായണ ഗുരു, വാഗ്ഭടാനന്ദൻ, ചട്ടമ്പിസ്വാമി, കെ. കേളപ്പൻ, എം. ആർ. ഭട്ടതിരിപ്പാട്, വി. ടി. ഭട്ടതിരിപ്പാട്, പൊയ്കയിൽ അപ്പച്ചൻ, സഹോദരൻ അയ്യപ്പൻ എന്നിവരെയും കെ.പി.എ.സി.-യുടെ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകത്തെയുമെല്ലാം ഇതിന്റെ തുടർച്ചയെന്ന നിലയ്ക്ക് നമുക്ക് കാണാൻ കഴിയും. ഇവരെ എടുത്തുമാറ്റിക്കൊണ്ട് കേരളത്തിന്റെ നവോത്ഥാനം പറയാൻ നമുക്ക് കഴിയുകയില്ല. മലയപ്പുലയൻ തന്റെ മാടത്തിന്റെ മുറ്റത്ത് മഴ വന്ന നാളിൽ ഒരു വാഴ നട്ട കഥയുണ്ട്. വാഴക്കുല ജന്മിയെടുത്തുകൊണ്ട് പോയപ്പോൾ മരിച്ച വീട്ടിലെ

അനുഭവമായിരുന്നു അന്ന് ആ പുലയന്റെ വീട്ടിലുണ്ടായിരുന്നത്. അത്തരമൊരു സാഹചര്യത്തിൽ നിന്നാണ് ഇന്ന് കേരളത്തിലെ ഗവൺമെന്റ് ഈ വിഭാഗത്തിനുവേണ്ടിയുള്ള ഒട്ടേറെ മുന്നേറ്റങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് എന്നുള്ളതുകൊണ്ടാണ് ഞാനിത് സൂചിപ്പിച്ചത്. വാഴക്കുല നശിപ്പിച്ചപ്പോൾ കവി ഈ സമൂഹത്തോടായി ചോദിക്കുന്നുണ്ട്; "പണമുള്ളോർ നിർമ്മിച്ച നീതിക്കിതിലൊന്നും പറയുവാനില്ലേ?" എന്ന്. അതോടൊപ്പംതന്നെ അദ്ദേഹം അവസാനിപ്പിച്ചത് "ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ പതിതരേ നിങ്ങൾതൻ പിന്മുറക്കാർ?" എന്നാണ്. അടിസ്ഥാന ജനവിഭാഗങ്ങളെക്കുറിച്ചാണ് ഇങ്ങനെ അദ്ദേഹം പറഞ്ഞത്. അതിൽ നമുക്ക് ബഹുമാനിക്കേണ്ടവരും ആദരിക്കേണ്ടവരുമുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിനുവേണ്ടി പഴശ്ശിരാജയോടൊപ്പം സിക്ക് റെജിമെന്റ് എന്നൊക്കെ പറയുന്നതുപോലെ ഇവിടെ എടച്ചേന കുങ്കന്റെയും തലയ്ക്കൽ ചന്തുവിന്റെയും നീലിയുടെയും പട്ടാളമുണ്ടായിരുന്നു. എല്ലാവരും ആദിവാസികളാണെന്ന് ഞാൻ പറയുന്നില്ല. കുങ്കൻ ആദിവാസിയായിരുന്നില്ല. പക്ഷേ അങ്ങനെയൊരു ആദിവാസി റെജിമെന്റ് ബ്രിട്ടീഷുകാർക്കെതിരെയുണ്ടായിരുന്നു. കവി ഇവിടെ സൂചിപ്പിച്ചതുപോലെ പ്രതികാരം ചെയ്യാനെത്തിയത് കേരളത്തിൽ

നടന്ന കർഷക സമരത്തിന്റെ തുടർച്ചയെന്ന നിലയിൽ, അതിന്റെയെല്ലാം ബാക്കിപത്രമെന്ന നിലയിൽ 1957-ലെ ഗവൺമെന്റാണ്. 1970 ജനുവരി 1-ന് ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നതോടുകൂടി ഭൂപ്രശ്നങ്ങൾ പരിഹരിക്കാൻ, ജന്മിത്വത്തിന്റെയും നാടുവാഴിത്തത്തിന്റെയും എല്ലാ ശക്തികളെയും അറുത്തുമാറ്റാൻ കഴിഞ്ഞുവെന്നുള്ളതാണ് അതിൽ നമുക്ക് കാണാൻ കഴിയുന്നത്. ഭൂപരിഷ്കരണ നിയമത്തെത്തുടർന്നാണ് ഇത്തരത്തിലൊരു വലിയ മാറ്റം നമ്മുടെ നാട്ടിലുണ്ടായതെന്ന് നാം ഓർക്കേണ്ടതുണ്ട്. അതിന്റെ തുടർച്ചയെന്ന നിലയ്ക്ക് 1957 മുതലാണെങ്കിലും അല്ലെങ്കിലും ഇന്നത്തെ ഗവൺമെന്റായാലും കഴിഞ്ഞ എൽ.ഡി.എഫ്.-ന്റെ ഗവൺമെന്റായാലും എടുത്ത നിലപാടുകൾ പരിശോധിച്ചാൽ ഉന്നതിക്കുവേണ്ടി എന്തെല്ലാം ചെയ്തുവെന്ന് മനസ്സിലാക്കാൻ കഴിയും. മികച്ച വിദ്യാഭ്യാസത്തിലൂടെ പട്ടികവിഭാഗം വിദ്യാർത്ഥികളുടെ ഉന്നമനത്തിനുള്ള കൈത്താങ്ങാണ് സർക്കാർ നൽകിക്കൊണ്ടിരിക്കുന്നത്. പ്രീ-പ്രൈമറി മുതൽ പൈലറ്റ് പരിശീലനം വരെയുള്ള വിദേശപഠന സഹായങ്ങളെല്ലാം പട്ടികവർഗ്ഗക്കാർക്ക് ഒരുക്കുകയാണ്. എം.ആർ.എസ്. പ്രവേശനത്തിന് രക്ഷിതാക്കളുടെ വാർഷിക വരുമാനപരിധി ഒരു ലക്ഷത്തിൽ നിന്നും രണ്ട് ലക്ഷം

രൂപയായി ഉയർത്തിയതിലൂടെ കൂടുതൽ പേർക്ക് അവസരം ലഭിച്ചുവെന്നതാണ് ഈ വിഭാഗത്തിന്റെ മുന്നേറ്റത്തിനുവേണ്ടി ഗവൺമെന്റ് ചെയ്തതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം. അട്ടപ്പാടിയിലും കാസർഗോഡും പുതിയ ഏകലവ്യ എം.ആർ.എസ്.-കൾ ഈ വർഷം മുതൽ ആരംഭിച്ചു. ആറ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള മുപ്പത് വീതം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അവിടെ പഠിക്കാനാകും. ഭക്ഷണവും വസ്ത്രവും താമസവുമെല്ലാം സൗജന്യമാണ്. ഇന്ത്യയിലെവിടെയും ഐ.എ.എസ്. പരിശീലനത്തിന് പോകുന്ന 20 കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. 40 പേർക്ക് ഒരു മാസത്തെ സൗജന്യ തീവ്രപരിപാലന പരിശീലനം നൽകി അതിൽ നിന്നാണ് 20 പേരെ തെരഞ്ഞെടുക്കുന്നത്. സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ/ഐ.ടി.ഐ. യോഗ്യതയുള്ള 200 പട്ടികവർഗ്ഗക്കാരെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അക്രെഡിറ്റഡ് എഞ്ചിനീയർമാരായി നിയമിക്കാൻ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. വനവുമായി ബന്ധപ്പെട്ട് കഴിയുന്ന പട്ടികവർഗ്ഗക്കാരിൽനിന്നും 500 പേരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി പി.എസ്.സി. വഴി നിയമിക്കുന്നതിനുള്ള നടപടികളാരംഭിക്കുകയും എസ്.ടി. പ്രൊമോർട്ടർമാരായി 1152 പേരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

ഭൂരഹിതരും ഭവനരഹിതരുമായ 126 പേർക്ക് ഭൂമി വാങ്ങി വീട് വച്ചുനൽകുകയും ഈ വർഷം 150 കോടി രൂപ ഇതിനായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. M.Phil, Ph.D. കോഴ്സുകൾ ചെയ്യുന്നവർക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള പ്രായപരിധി 40-ൽ നിന്നും 45 ആയി ഉയർത്തി. ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലാതിരുന്ന 1254 കോളനികളിൽ 1055 എണ്ണത്തിലും അത് എത്തിക്കുകയും ചാലക്കുടിയിൽ ഇതിനുമാത്രമായി നാലരക്കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വനാവകാശ നിയമപ്രകാരം 109 പേർക്ക് 108.42 ഏക്കർ ഭൂമി വിതരണം ചെയ്യുകയും അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 64 കോളനികൾക്ക് ഒരു കോടി രൂപ വീതം അടിസ്ഥാന സൗകര്യവികസനത്തിന് അനുവദിക്കുകയും ചെയ്തു. ട്രൈബൽ പ്ലസ് പദ്ധതി വഴി 101 മുതൽ 200 വരെ തൊഴിൽ ദിനങ്ങൾ പൂർത്തീകരിക്കുകയും 29647 കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുകയും ചെയ്തു. ഇതൊക്കെ ചെയ്യുന്നുണ്ടെങ്കിലും ആദിവാസി സമൂഹത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി ഇനിയുമേറെ മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. അവരെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി ഒരു കർമ്മപദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. ഒന്ന്

മുതൽ പത്താം ക്ലാസ് വരെ പഠിക്കുന്ന എസ്.സി./എസ്.ടി. വിഭാഗം കുട്ടികളെ പ്രത്യേകമായി മോണിറ്റർ ചെയ്യാനുള്ള സംവിധാനമേർപ്പെടുത്തി അവരുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കാൻ കഴിയണം. എങ്കിൽ ഉന്നതപഠനത്തിനുകൂടി അത് സഹായകരമായിരിക്കും. സാക്ഷര കേരളം പടുത്തുയർത്താൻ ശ്രമിച്ചതുപോലെ യുവജന-മഹിളാ സംഘടനാ പ്രവർത്തകരെ സംഘടിപ്പിച്ച് ജനകീയ കൂട്ടായ്മയുണ്ടാക്കി പ്രത്യേക സംവിധാനത്തിലൂടെ മയക്കുമരുന്ന്, മദ്യം എന്നിവയിൽനിന്നും അവരെ മോചിപ്പിച്ച് സംരക്ഷിക്കാൻ കഴിയണം. ലോക ഒളിമ്പിക്സിൽ വരെ കടന്നുവരാൻ കഴിവുള്ള ഒരു ജനവിഭാഗമാണ് ഇവരെന്ന കാര്യം തിരിച്ചറിഞ്ഞ് പ്രത്യേക കളിക്കളങ്ങളൊരുക്കി അവരെ സമൂഹമധ്യത്തിലേയ്ക്ക് കൊണ്ടുവരാൻ ശ്രമിക്കണം. നേരത്തെയുള്ള സമീപനങ്ങളിൽനിന്ന് ഈ ഗവൺമെന്റ് മാറിയിട്ടുണ്ട്. മുമ്പൊക്കെ ഒരു പ്രത്യേക തരത്തിലായിരുന്നു ആദിവാസികൾക്ക് അല്ലെങ്കിൽ എസ്.സി. വിഭാഗക്കാർക്കുവേണ്ടി വീടുകൾ നിർമ്മിച്ചിരുന്നത്. അങ്ങനെയല്ല വേണ്ടത്. അവർക്ക് നൽകുന്ന വീട് മാന്യമായ രീതിയിൽ നിർമ്മിക്കണമെന്ന കാഴ്ചപ്പാട് അനിവാര്യമാണ്. വൃത്തിയിലും വെടിപ്പിലും താമസിക്കാനുള്ള സൗകര്യം അവർക്ക് ഒരുക്കിക്കൊടുക്കണം. അതിനാവശ്യമായ

സംവിധാനത്തെക്കുറിച്ച് അവരുമായി ആലോചിക്കണം. കൂടാതെ, അവരുടെ ആരോഗ്യ പരിപാലനത്തിന് പ്രത്യേക സംവിധാനങ്ങളൊരുക്കണം. കേവലം ആശുപത്രി മാത്രമല്ല, അവരുടെയടുത്ത് പോയി മരുന്ന് കഴിക്കുന്നുണ്ടോയെന്നും ആരോഗ്യസ്ഥിതി എന്താണെന്നുമൊക്കെ മനസ്സിലാക്കാനുള്ള സാഹചര്യമുണ്ടാകണം. അംബേദ്കർ ഗ്രാമം പദ്ധതികൊണ്ടുമാത്രം അവരുടെ വീടിന്റെ പ്രശ്നം പരിഹരിക്കപ്പെടുകയില്ലെന്നാണ് എനിക്ക് തോന്നുന്നത്. ലൈഫ് ഉൾപ്പെടെയുള്ള മറ്റ് പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ പ്രത്യേക മുൻഗണന നൽകി അവരുടെ വീട് പൂർത്തീകരിക്കാൻ സംവിധാനമുണ്ടാക്കണം.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, അംബേദ്കർ സെറ്റിൽമെന്റ് കോളനിയിൽ ഇപ്പോൾ വീടുകളുടെ മെയിന്റനൻസിനാണ് പണം അനുവദിക്കുന്നത്. പല കോളനികളിലും വാസയോഗ്യമല്ലാത്ത വീടുകളാണുള്ളത്. അവ മെയിന്റനൻസ് ചെയ്യാൻ കഴിയാത്ത നിലയിലാണ്. അതുകൊണ്ട് ആ പദ്ധതിയുടെ ഭാഗമായി പുതിയ വീടുകൾ നൽകാൻ കഴിയുമോയെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഞാൻ അതാണ് പറയാൻ ഉദ്ദേശിച്ചത്.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് നന്നായി. സമയക്കുറവുകൊണ്ട് മറ്റ് കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. അടിസ്ഥാന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഭാവനാപൂർവ്വം പ്രവർത്തിക്കുന്ന മന്ത്രിയെയും വകുപ്പിനെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങളുടെ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു. സ്വാതന്ത്ര്യത്തിനുശേഷം കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമൊക്കെ ഫണ്ട് നീക്കിവച്ചിട്ടും ഈ വിഭാഗത്തിന്റെ പുരോഗതിയിൽ തൃപ്തികരമായ മാറ്റം കാണാൻ കഴിയുന്നില്ലെന്നുള്ളത് വസ്തുതയാണ്. 2015-20 കാലയളവിൽ ഞാൻ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോൾ ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി നൂതന പദ്ധതിയെന്ന നിലയ്ക്ക് പ്രവാസലോകത്തേയ്ക്ക് ഇവരെ ആകർഷിപ്പിക്കുന്നതിനുവേണ്ടി തുടർച്ചയായി അഞ്ച് വർഷക്കാലം ഫണ്ട് നീക്കിവച്ചിട്ട് ഒരാളെപ്പോലും അവരുടെ കൂട്ടത്തിൽ നിന്ന് തെരഞ്ഞെടുക്കാൻ കഴിയാത്തൊരു ഓർമ്മ എന്റെ മനസ്സിലുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു പഠന സംഘത്തെ നിയോഗിച്ച് ഇവർക്കായി നീക്കിവയ്ക്കുന്ന തുക ഭാവിയിൽ ഇവരുടെ

ഉന്നമനത്തിന് ഗുണകരമാകുന്ന രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനായി ഒരു റിപ്പോർട്ട് തയ്യാറാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കുമ്പള, കോയിപ്പാടി വില്ലേജിലെ കുണ്ടങ്കരടുക്ക പോലുള്ള പ്രദേശത്ത് താമസിച്ചുവരുന്ന മുപ്പതോളം കുടുംബങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ഇപ്പോഴും സമരം നടക്കുകയാണ്. ഇവർ വർഷങ്ങളായി കേരളത്തിൽ സ്ഥിരമായി താമസിക്കുന്നവരും ആന്ധ്രാപ്രദേശ്, കർണ്ണാടക തുടങ്ങി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ളവരും നാല്പത് വർഷത്തോളമായി എന്റെ മണ്ഡലത്തിൽ സ്ഥിരതാമസമാക്കിയവരുമാണ്. പട്ടികജാതി കുറവൻ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നതാണ് ഇവരുടെ പ്രധാനപ്പെട്ട ആവശ്യം. അതിപ്പോഴും പരിഗണിക്കാത്തതുകൊണ്ട് അവരുടെ കുട്ടികൾക്ക് ലഭിക്കേണ്ട വിദ്യാഭ്യാസാനുകൂല്യങ്ങൾ നിഷേധിക്കുന്ന അവസ്ഥ നിലവിലുണ്ട്. അതിൽ ബഹുമാന്യനായ മന്ത്രി ഇടപെടണമെന്നൊരു അഭ്യർത്ഥനയുണ്ട്. കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിൽ കൊങ്കിണി ഭാഷ സംസാരിക്കുന്ന ക്രിസ്ത്യൻ എൽ.സി. വിഭാഗത്തെ ഒ.ബി.സി.-യിലുൾപ്പെടുത്തണമെന്നത് വർഷങ്ങളായുള്ള അവരുടെ ആവശ്യമാണ്. മാതൃഭാഷ കൊങ്കിണിയാണെന്ന കാരണത്താലാണ് അവരെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്താത്തത്. ഇത്

കിർത്താഡ്സ് പരിശോധിച്ചുവരികയാണെന്നാണ് മനസ്സിലാക്കുന്നത്. നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്ക് എന്റെയും കാസർഗോഡ് മണ്ഡലത്തിലെയും കൊങ്കിണി ഭാഷ സംസാരിക്കുന്ന ക്രിസ്ത്യൻ എൽ.സി. വിഭാഗത്തെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തണമെന്ന ആവശ്യംകൂടി ഇവിടെ ഉന്നയിക്കുകയാണ്. സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസമുൾപ്പെടെയുള്ള ക്ഷേമപ്രവർത്തനങ്ങൾക്ക് കോടിക്കണക്കിന് രൂപ ചെലവിടുമ്പോഴും നിരവധി വിദ്യാർത്ഥികളാണ് വിദ്യാലയങ്ങളിൽനിന്നും കൊഴിഞ്ഞുപോകുന്നത്. കഴിഞ്ഞ 10 വർഷത്തെ കണക്കെടുത്താൽ 18508 പട്ടികവർഗ്ഗ വിദ്യാർത്ഥികളാണ് വിദ്യാഭ്യാസം ഉപേക്ഷിച്ചിട്ടുള്ളത്. ഇതിന് പരിഹാരം കാണണം. സംസ്ഥാനത്ത് ഐ.എച്ച്.ആർ.ഡി.-ക്കുകീഴിൽ 62 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ കോളേജുകളിൽ നിലവിൽ എസ്.സി., എസ്.ടി., ഒ.ഇ.സി., ഒ.ബി.സി., ഹിന്ദു എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുമാത്രമാണ് ഫീസിളവ് ലഭിക്കുന്നത്. ഈ സ്ഥാപനങ്ങൾ പലതും സർക്കാർ മേഖലയിൽ ഉന്നതവിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്ത പ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ കുമ്പളയിലുള്ള ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ്

കോളേജുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ മതന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട പാവപ്പെട്ട ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇവർക്ക് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽനിന്നും ഫണ്ട് അനുവദിച്ച് ഐ.എച്ച്.ആർ.ഡി. കോളേജിൽ ഫീസിളവ് അനുവദിക്കണം. കഴിഞ്ഞ ദിവസം കാസർഗോഡ് എം.എൽ.എ., ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെയൊരു സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. കേരളം സന്തോഷ് ട്രോഫി നേടിയ ഘട്ടത്തിൽ കോച്ച് അടക്കമുള്ള എല്ലാവർക്കും സർക്കാർ തലസ്ഥാന നഗരിയിൽ വച്ച് ഔദ്യോഗികമായി പാരിതോഷികം നൽകിയപ്പോൾ ആ ടീമിന്റെ കാസർഗോഡുകാരനായ ഫിസിയോതെറാപ്പിസ്റ്റ് ശ്രീ. മുഹമ്മദ് പട്ളയെ മാത്രം അവഗണിച്ച സംഭവം സൂചിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി കൃത്യമായൊരു മറുപടിപോലും നൽകിയില്ല. കാസർഗോഡിനോടുള്ള അവഗണന തുടരുകയാണെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ഇപ്പോഴും എന്റെ ജില്ലയിൽ എയിംസിനുവേണ്ടി മാസങ്ങളായി പട്ടിണി കിടന്ന് കൊടിയുടെ നിറം നോക്കാതെ തലസ്ഥാനനഗരിയിൽ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ വിഷയത്തിൽ കാസർഗോഡുകാർ പറയുന്നത്, എൻഡോസൾഫാൻ ബാധിത ജില്ലയ്ക്ക് എയിംസ് വേണമെന്നുള്ളതല്ല; കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രിയും

സർക്കാരും കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന പ്രൊപ്പോസലിൽ കാസർഗോഡിന്റെ പേര് ഉൾപ്പെടുത്തണമെന്ന ആവശ്യംപോലും പരിഗണിക്കാത്തത് സങ്കടകരമാണ്. ശ്രീ. മുഹമ്മദ് പട്ള കാസർഗോഡ് ജനിച്ചതാണോ അദ്ദേഹത്തിന്റെ അയോഗ്യത എന്ന കാര്യംകൂടി വ്യക്തമാക്കണമെന്ന് ഈ സന്ദർഭത്തിൽ അപേക്ഷിക്കുകയാണ്. കാസർഗോഡിനോടുള്ള അവഗണനയെന്ന് പറയുന്നത് ചർച്ച ചെയ്യേണ്ട വിഷയമാണ്. കർണാടക-മഹാരാഷ്ട്ര അതിർത്തി തർക്കമുണ്ടായപ്പോൾ ശ്രീ. എച്ച്.ഡി. കുമാരസ്വാമി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ വർഷത്തിൽ ഒരുപ്രാവശ്യമെങ്കിലും ബെൽഗാമിൽ വച്ച് നിയമസഭ ചേരാറുണ്ടായിരുന്നു. 2012-ൽ അന്നത്തെ രാഷ്ട്രപതി പ്രണബ് മുഖർജിയാണ് അത് സമർപ്പിച്ചത്. അതിനുശേഷം ആ മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെട്ടുവെന്നുള്ളത് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ നമ്മുടെ നിയമസഭയും വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും കാസർഗോഡ് വച്ച് ചേരുകയാണെങ്കിൽ എന്റെ ജില്ലയുടെ പിന്നോക്കാവസ്ഥ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും എം.എൽ.എ.-മാർക്കും നേരിട്ട് ബോധ്യപ്പെടും. കേരളത്തിന്റെ അതിർത്തിയിൽ എൻഡോസൾഫാൻ ദുരിതം ഒരുഭാഗത്തും എയിംസിനുവേണ്ടിയുള്ള പോരാട്ടത്തിൽ ഞങ്ങളുടെ പേരുപോലും

ഉൾപ്പെടുത്താത്ത അവസ്ഥ മറ്റൊരു ഭാഗത്തും നിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിൽ ഒരു മിനി അസംബ്ലി അനുവദിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ നിരവധി ക്ഷേമപ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചത് അങ്ങേയറ്റം സ്വാഗതാർഹമായ കാര്യങ്ങളാണ്. പക്ഷേ 1957-ലും 1967-ലും കേരളത്തിൽ അധികാരത്തിൽവന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കാർഷികബന്ധ നിയമവും ഭൂപരിഷ്കരണ നിയമവും നടപ്പിലാക്കി. പ്രസ്തുത നടപടിയിലൂടെ പട്ടികജാതിക്കാർക്ക് ഭൂമി നൽകാനുള്ള തീരുമാനം കൈക്കൊള്ളുമ്പോൾ അതൊക്കെ അട്ടിമറിച്ചത് ആരായിരുന്നുവെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് മറന്നുപോകരുതെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസ-സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക വികസനങ്ങളിലാണ്. അങ്ങയുടെ

നേതൃത്വത്തിൽ ഫലപ്രദമായി ഇക്കാര്യങ്ങൾ നേടിയെടുക്കാൻ അവർക്ക് സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ഈ വിഭാഗത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ കവി കടമ്മനിട്ട രാമകൃഷ്ണന്റെ ഒരു കവിതയിലെ " നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്.." എന്ന വരിയാണ് ഓർമ്മവരുന്നത്. കുറച്ചധികം വർഷങ്ങൾ പിന്നിലേയ്ക്ക് പോകുമ്പോൾ 1996-2001 കാലഘട്ടത്തിൽ കേരളത്തിൽ അധികാരത്തിലുണ്ടായിരുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റായിരുന്നുവെന്നും ആ ഗവൺമെന്റ് നിരവധി വികസന പ്രവർത്തനങ്ങൾ ഈ നാടിനുവേണ്ടി ചെയ്തിട്ടുണ്ടെന്നും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുകൾ ജനങ്ങളെ ചേർത്തുപിടിക്കുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരുന്നതെന്നുമുള്ള കഥയുണ്ടെന്ന് സൂചിപ്പിക്കുന്നതിനുവേണ്ടിയാണ് ഞാനിത് പറയുന്നത്. അന്നും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് കൈകാര്യം ചെയ്തത് അങ്ങ് തന്നെയാണ്. സഖാവ് ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള ആ മന്ത്രിസഭയിൽ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്നത് നാടിനാകെ വെളിച്ചമായി കേരളത്തിന്റെ വിശ്വാസവും ജനങ്ങളുടെയാകെ പ്രതീക്ഷയുമായി മാറിയ ആദരണീയനായ മുഖ്യമന്ത്രി സഖാവ് പിണറായി

വിജയനാണ്. അന്ന് വളരെയധികം സാമ്പത്തിക പ്രശ്നങ്ങൾ ഈ വിഭാഗം അനുഭവിച്ചിരുന്നു. ആ കാലഘട്ടത്തിലെ ഒരു നാലാം ക്ലാസ് വിദ്യാർത്ഥിയുടെ കഥ ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ കുട്ടിക്ക് 5-ാം ക്ലാസിൽ പഠിക്കാൻ പോകാൻ കഴിയാത്ത സാഹചര്യമുണ്ടായി. 4-ാം ക്ലാസ് പാസ്സായപ്പോൾ മകൻ പറഞ്ഞു, 'അച്ഛാ, എനിക്ക് 5-ാം ക്ലാസിൽ പഠിക്കാൻ പോകണം' എന്ന്. അച്ഛൻ അന്ന് പറഞ്ഞത്, 'മകനേ, എനിക്ക് അതിനുള്ള കഴിവില്ല, നീ പഠിത്തം അവസാനിപ്പിക്കൂ, അനിയത്തിയെ പഠിപ്പിക്കാനുള്ള സാഹചര്യം നമുക്കുണ്ടാക്കണം' എന്നാണ്. ആ സമയത്താണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സുപ്രധാനമായൊരു തീരുമാനമെടുത്തത്. അന്ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഭരിക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജനാധിപത്യ മഹിളാ അസോസിയേഷന്റെ ഇന്നത്തെ സംസ്ഥാന സെക്രട്ടറി അഡ്വ. സി. എസ്. സുജാതയുമാണ്. ജില്ലാ പഞ്ചായത്ത് ഒരു പദ്ധതി തയ്യാറാക്കുന്നുണ്ടായിരുന്നു. അതിൽ പട്ടികജാതി വികസന വകുപ്പുമായി യോജിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിരവധി വിദ്യാർത്ഥികളെ പഠിപ്പിക്കാൻ തീരുമാനമെടുത്തു. ആ പദ്ധതിയിലുൾപ്പെടുത്തി പത്ത് വിദ്യാർത്ഥികളെ ദത്തെടുത്തു; അതിലൊരാളായി ഈ പറഞ്ഞ മകനുമുണ്ടായിരുന്നു.

അതിനുശേഷവും കാര്യക്ഷമമായ ഇടപെടലിലൂടെ നിരവധി വർഷങ്ങൾ കടന്നുപോയി ഏതാണ്ട് 2021-ൽ എത്തി. അന്നത്തെ ആ വിദ്യാർത്ഥിയെ ഇടതുപക്ഷ രാഷ്ട്രീയം മാവേലിക്കര മണ്ഡലത്തിൽ മത്സരിപ്പിച്ച് വിജയിപ്പിച്ചു. ആ വിദ്യാർത്ഥി ഞാനായിരുന്നുവെന്നതിനാൽ ഇന്ന് ഈ സഭയിൽ അങ്ങയുടെ മുമ്പിൽനിന്ന് സംസാരിക്കുമ്പോൾ ഏറ്റവുമധികം അഭിമാനമുണ്ട്, സന്തോഷമുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് എങ്ങനെയാണ് പട്ടികജാതി വിഭാഗങ്ങളെ ചേർത്തുപിടിക്കുന്നത് എന്നതിനുള്ള ഉത്തമ ഉദാഹരണമാണ് ഞാൻ. തീർച്ചയായും അങ്ങയുടെയും മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങൾക്ക് ആ കാലയളവിലെല്ലാം ഭാഗഭാക്കാകാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന വിദ്യാർത്ഥികൾക്ക് ഇത്തരത്തിൽ അവസരങ്ങളുണ്ടായിട്ടുണ്ട്. ഇത് കാണാനും സന്തോഷകരമായ നിമിഷം പങ്കിടുന്നത് അറിയാനും എന്റെ അച്ഛൻ ജീവിച്ചിരിപ്പില്ലെന്ന യാഥാർത്ഥ്യംകൂടി വിഷമത്തോടെ ഓർക്കുകയാണ്. വൈക്കം എം.എൽ.എ കഴിഞ്ഞ ദിവസം ഏവിയേഷൻ കോഴ്സിന് പഠിക്കാനും പൈലറ്റാകാനും മോഹിച്ച സുജിത് എന്നൊരു പയ്യന്റെ കാര്യം എന്നോട് സൂചിപ്പിച്ചിരുന്നു. പ്രസ്തുത കോഴ്സ് പഠിക്കാൻ കേന്ദ്ര സർക്കാരിന്റെ ആദ്യാനുവാദമുണ്ടായിരുന്നെങ്കിലും

പിന്നീടത് ഇല്ലാതാകുന്ന സ്ഥിതിയുണ്ടായി. പ്രസ്തുത സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണാൻ വൈക്കം എം.എൽ.എ. ചെല്ലുന്നത്. ആ നിമിഷംതന്നെ ആദരണീയനായ മുഖ്യമന്ത്രി പിണറായി വിജയൻ വിഷയത്തിൽ ഇടപെടുകയും ആ വിദ്യാർത്ഥിക്ക് പഠിക്കുന്നതിനായി 30 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. കേരളത്തിലെ പ്രതിപക്ഷം കാണേണ്ടത് ഇതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരെ ഉൾപ്പെടെ ചേർത്തുപിടിക്കാൻ മനസ്സുള്ള, പരിശ്രമിക്കുന്ന മറ്റൊരു ഗവൺമെന്റില്ലെന്ന് തുറന്നുപറയാൻ കഴിയും. ധാരാളം പ്രശ്നങ്ങളിലൂടെ കടന്നുവന്ന എന്നെ ചേർത്തുനിർത്തുകയും അത്തരമൊരു സാഹചര്യം ഒരുക്കിത്തരികയും ചെയ്തില്ലായിരുന്നെങ്കിൽ ആരെങ്കിലുമൊക്കെ മരിക്കുമ്പോൾ കുഴിവെട്ടി അടക്കം ചെയ്യുന്നതോ അച്ചൻകോവിലാറ്റിൽ മീൻപിടിക്കുന്നതോ പോലെയുള്ള ജോലികൾ ചെയ്ത് കഴിയേണ്ട അവസ്ഥയിലേയ്ക്ക് എന്റെ ജീവിതം മാറിപ്പോകുമായിരുന്നു. അവിടെയാണ് പ്രത്യേക നന്ദി ഈ ഗവൺമെന്റിനോടും ഇടതുപക്ഷ സർക്കാരുകളോടും എനിക്ക് സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ ഒരുവർഷക്കാലമായി നിരവധി വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടന്നുവരുന്നു. പട്ടികജാതി വികസന വകുപ്പ് 2021-22 സാമ്പത്തിക വർഷം നാല്പതിനായിരം

ഗുണഭോക്താക്കൾക്ക് ഭൂമി നൽകുകയുണ്ടായി. അതേ ഘട്ടത്തിൽത്തന്നെ 278 കോടി രൂപ ലൈഫ് മിഷന് നൽകിയും നടപ്പുവർഷം പദ്ധതി നിർവ്വഹണത്തിനായി 300 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയും പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ നല്ല രീതിയിൽ തുടക്കംകുറിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിൽ ലൈഫ് മിഷൻ മുഖാന്തരം രണ്ടാംഘട്ടത്തിൽ 518-ഉം മൂന്നാംഘട്ടത്തിൽ 271-ഉം വീടുകൾ പൂർത്തീകരിക്കുകയും 626 വീടുകളുടെ നിർമ്മാണത്തിലേയ്ക്ക് പോകുകയുമാണ്. ഭവന പുനരുദ്ധാരണംവഴി 200 വീടുകൾ പൂർത്തീകരിച്ച് കഴിഞ്ഞു. ലൈഫ് മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുമ്പോഴും പട്ടികജാതി വിഭാഗത്തിൽപ്പെട്ട പലർക്കും ഇനിയും സ്വന്തമായി ഭൂമിയില്ലാത്ത സാഹചര്യമുണ്ട്. ചില തടസ്സങ്ങൾമൂലം ഭൂമിയും വീടും ലഭിക്കാതെ പോകുന്ന സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ഭൂമിയും വീടും നൽകുന്നതിനുള്ള പ്രവർത്തനങ്ങളിൽക്കൂടി പട്ടികജാതി വികസന വകുപ്പ് സഹകരിക്കണമെന്ന് സൂചിപ്പിക്കുകയാണ്. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലാതിരുന്ന 1006 പട്ടികവർഗ്ഗ കോളനികളിൽ അത്

ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയും ഇടമലക്കുടിയിൽ മാത്രം 4.31 കോടി രൂപ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എ.ബി.എൽ.സി. (Actual Boarding & Lodging Charge) ആയി 500 രൂപ നൽകിയിരുന്നതിൽ 200 രൂപയുടെ വർദ്ധന വരുത്തിയിരിക്കുകയാണ്. 1284 കോളനികളിൽ 1085-ലും ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാകുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായം 75,000 രൂപയായിരുന്നത് 1,25,000 രൂപയാക്കി വർദ്ധിപ്പിക്കുകയും 2021-22-ൽ 11025 പേർക്ക് ഇത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നിങ്ങളുടെ ഭരണകാലത്ത് ഇതൊക്കെ നൽകാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിച്ചാൽ മതി. പട്ടികവർഗ്ഗ വിവാഹ ധനസഹായം 1.50 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചും 2650 മിശ്രവിവാഹിതർക്ക് സ്വന്തമായി വരുമാനമാർഗ്ഗം കണ്ടെത്തുന്നതിനായി 19,88,50,000 രൂപ അനുവദിച്ചും മികച്ച പ്രവർത്തനങ്ങളുമായാണ് വകുപ്പ് മുന്നോട്ടുപോകുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 10879 പേർക്ക് 23,72,86,096 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 4786 പേർക്ക് 23,81,26,400 രൂപയും ഈയൊരു

വർഷംകൊണ്ട് ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്. അതുപോലെ ഏക വരുമാനദായകരായവർ മരണപ്പെടുമ്പോൾ അവരുടെ കുടുംബത്തിന് ധനസഹായം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിലെ 1592 കുടുംബങ്ങൾക്കായി 30,30,50,000 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിലെ 42 കുടുംബങ്ങൾക്കായി 84 ലക്ഷം രൂപയും നൽകുകയുണ്ടായി. അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായ വികസന പ്രവർത്തനങ്ങൾക്ക് കോടിക്കണക്കിന് രൂപ നൽകിയിട്ടുണ്ട്. കഴിഞ്ഞ ഘട്ടത്തിൽ പൂർത്തീകരിക്കാത്ത 200 ഗ്രാമങ്ങളിൽ അത് പൂർത്തീകരിക്കാൻ ക്രിയാത്മകമായ ഇടപെടൽ അങ്ങയുടെ നേതൃത്വത്തിൽ നടത്താൻ കഴിഞ്ഞുവെന്നതിന് നേർസാക്ഷ്യമാണ് ഞാൻ. എന്റെ നിയോജകമണ്ഡലത്തിലും മുടങ്ങിക്കിടന്നിരുന്ന അത്തരം പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ക്രിയാത്മകമായി മുന്നോട്ടുപോകാൻ അങ്ങയുടെ വകുപ്പിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും കഴിയുന്നുവെന്നത് പ്രത്യേക നന്ദിയോടെ അനുസ്മരിച്ചുകൊണ്ട്, അനുമോദിച്ചുകൊണ്ട്, പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. തന്റെ വിഖ്യാതമായ 'വാഴക്കുല' എന്ന കവിതയിൽ

മഹാകവി ചങ്ങമ്പുഴ കൃഷ്ണപിള്ള "അവശന്മാരാർത്തന്മാർ ആലംബഹീനന്മാ-രവരുടെ സങ്കടമാരറിയാൻ?" എന്ന് പാടിയിരുന്നു. ഇന്നായിരുന്നെങ്കിൽ ആരറിയാൻ എന്നതിനുപകരം ആ സങ്കടമറിയാൻ ഇവിടെ കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനുമുണ്ടെന്ന് മഹാകവി ചങ്ങമ്പുഴ പാടുമായിരുന്നു. ഇപ്പോൾ ഈ നാടിന്റെ പിന്നോക്ക, ദളിത്, ആദിവാസി വിഭാഗങ്ങളൊക്കെ ഏറ്റവുമധികം പുരോഗമനത്തിന്റെയും ക്ഷേമത്തിന്റെയും പാതയിൽ മുന്നോട്ടുവന്നിരിക്കുകയാണ്. ഇന്നും ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലെയും പിന്നോക്ക, ദളിത് ജനവിഭാഗങ്ങൾ ദുരിതത്തിലും പിന്നോക്കാവസ്ഥയിലും പഴയകാല അടിമത്വത്തിലും അവശേഷിക്കുമ്പോഴാണ് കേരളത്തിൽ അഭൂതപൂർവ്വമായ സാമൂഹ്യ പുരോഗതിയുടെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ച് ഉയർത്തപ്പെട്ടതിന്റെ നേർക്കാഴ്ച നമുക്ക് കാണാൻ കഴിയുന്നത്. ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ 1855-ലുണ്ടായ സാന്താൾ കലാപമാണ് ഇന്ത്യയിലെ ആദ്യത്തെ ഏകീകൃത സ്വാതന്ത്ര്യസമര പ്രക്ഷോഭം. അത് ആദിവാസി വിഭാഗങ്ങളെ അടിച്ചമർത്തിയതിനെതിരെയും അവരുടെ അവകാശങ്ങൾ ചൂഷണം ചെയ്തതിനെതിരെയും അവരിൽ നിന്നും ഉയർന്നുവന്ന

സമരപോരാട്ടമായിരുന്നു. ആ സമരത്തിൽ അവർ ഉന്നയിച്ച വിഷയങ്ങൾ ഇന്നും വടക്കെ ഇന്ത്യയിലും മറ്റും പരിഹരിക്കപ്പെടാതെ ആ ജനവിഭാഗങ്ങൾ അടിച്ചമർത്തപ്പെട്ട് കഴിയുമ്പോൾ അതിന് ഉത്തരവാദികളായവർ കോൺഗ്രസും ബി.ജെ.പി.-യുമാണെന്നുള്ളതാണ് യാഥാർത്ഥ്യം. ആ സാഹചര്യത്തിലാണ് കേരളത്തിലെ ദളിത് പിന്നോക്ക ജനവിഭാഗങ്ങളുടെ ഉന്നമനത്തിന്റെ പ്രത്യാശാപൂർണ്ണമായ പുരോഗതി നമുക്ക് ആവേശകരമായി ചൂണ്ടിക്കാണിക്കാൻ കഴിയുന്നതെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കവി കടമ്മനിട്ട രാമകൃഷ്ണൻ തന്റെ കുറത്തി എന്ന കവിതയിൽ ഇങ്ങനെ കുറിച്ചിട്ടുണ്ട്.

"ഞങ്ങൾക്കന്നമെവിടെ?
എവിടെ ഞങ്ങടെ കരിപുരണ്ട
മെലിഞ്ഞ പൈതങ്ങൾ?
അവർക്കന്നമെവിടെ? നാണമെവിടെ?
അന്തികൂടാൻ ചേക്കയെവിടെ?
അന്തിവെട്ടത്തിരികൊളുത്താൻ
എണ്ണയെവിടെ?"

ഇന്ന് അതെല്ലാമുള്ളവരായി ഈ നാടിന്റെ പിന്നോക്ക ജനവിഭാഗങ്ങൾ മാറിയിരിക്കുന്നു. ഒരുപക്ഷെ ഇന്നായിരുന്നു കടമ്മനിട്ട രാമകൃഷ്ണൻ

ആ കവിത എഴുതിയിരുന്നതെങ്കിൽ ആദ്ദേഹം ഇവിടത്തെ മഹിളാ കോൺഗ്രസ്സുകാരെയും കെ.പി.സി.സി. അദ്ധ്യക്ഷനെയും നോക്കി നിങ്ങളെന്റെ കറുത്ത മക്കളെ ചുട്ടുതിന്നില്ലേയെന്ന് ചോദിക്കുമായിരുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് കേരളത്തിൽ ആദിവാസികളിൽനിന്നും ഐ.എ.എസ്.-കാരുണ്ടായിരിക്കുന്നു. മുമ്പ് ദളിത് പിന്നോക്ക ജനവിഭാഗങ്ങൾക്ക് ആകാശത്തിന്റെ ഉയരം കാണാൻ കഴിയുന്നത് തെങ്ങിൻ മുകളിലിരുന്നായിരുന്നുവെങ്കിൽ ഇന്ന് കൊമേഴ്സ്യൽ പൈലറ്റുമാർ അനന്തവിഹായസ്സിൽ വിമാനം പറത്തുന്ന നാടായി കേരളം മാറിയിരിക്കുകയാണ്. അക്ഷരം കൂട്ടിവായിക്കാനറിയാത്ത ആയിരങ്ങളായിരുന്നു അവിടെയുണ്ടായിരുന്നതെങ്കിൽ ഇന്ന് പി.എച്ച്.ഡി.-ക്കാർ നിരവധിയായിരിക്കുന്നു. മഹാത്മ അയ്യങ്കാളി പറഞ്ഞത് 'പത്ത് ബി.എ.-ക്കാരെ കണ്ടിട്ട് എനിക്ക് മരിച്ചാൽ മതിയെന്നാണ്'. ഇന്ന് പതിനായിരത്തിൽക്കൂടുതൽ ബി.എ.-ക്കാർ ദളിത് പിന്നോക്ക വിഭാഗങ്ങളിലുണ്ടായിരിക്കുന്നു. അതുപോലെ ജനസംഖ്യാനുപാതികമായി പദ്ധതി വിഹിതം അനുവദിക്കുമ്പോൾ ദളിത് പിന്നോക്ക ക്ഷേമത്തിനായി, അവരുടെ ജനസംഖ്യയെക്കാൾ അധികമായ വിഹിതമാണ് കേരളം

മാറ്റിവയ്ക്കുന്നത്. എന്നാൽ അഖിലേന്ത്യ ശരാശരിയിൽ 23% പിന്നോക്ക വിഭാഗങ്ങൾ സംസ്ഥാനത്തുള്ളപ്പോൾ കേന്ദ്രം അനുവദിക്കുന്നത് 6% വിഹിതം മാത്രമാണ്. പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, എൻട്രൻസ് കോച്ചിംഗ്/ഡിസ്റ്റൻസ് എഡ്യൂക്കേഷൻ അസിസ്റ്റൻസ്, വിദേശ പഠന സഹായം, പഠനമുറി, പഠനയാത്രാ പരിപാടി, എം.ഫിൽ/പി.എച്ച്.ഡി. തുടങ്ങിയ വിദ്യാഭ്യാസ പദ്ധതികൾ, സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി, വാത്സല്യ നിധി എന്നിങ്ങനെ നിരവധി ബൃഹത് പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പിന്നോക്ക വികസന കോർപ്പറേഷന് ഈ തലസ്ഥാന നഗരിയിൽത്തന്നെ ആസ്ഥാനമന്ദിരം നിർമ്മിക്കാൻ 25 സെന്റ് സ്ഥലം പതിച്ചുകൊടുത്തിരിക്കുകയാണ്. എസ്.സി. ചികിത്സാ പദ്ധതി, അംബേദ്കർ ഗ്രാമം പദ്ധതി, വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ, കോർപ്പസ് ഫണ്ടുകൾ തുടങ്ങി എസ്.സി. വിഭാഗത്തിനുവേണ്ടി നടപ്പാക്കുന്ന എല്ലാ പദ്ധതികളും എസ്.ടി. വിഭാഗത്തിനുവേണ്ടിയും നടപ്പിലാക്കിയിട്ടുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെ ഈ പദ്ധതികളെല്ലാം മുന്നോട്ടുകൊണ്ടുപോകുന്ന ഈ

ഗവൺമെന്റിനെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ബഹുമാന്യനായ അംഗം പി. സി. വിഷ്ണുനാഥ് ലൈഫ് പദ്ധതിയുടെ കാര്യം ഇവിടെ പറഞ്ഞു. പട്ടികജാതി വിഭാഗങ്ങളുടെ സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിക്ക് പ്രത്യേക ഊന്നൽ നൽകണമെന്നും അക്കാര്യത്തിൽ കുറച്ചുകൂടി സമ്പൂർണ്ണത ഉറപ്പുവരുത്താൻ പര്യാപ്തമായ നടപടിക്രമങ്ങൾ ആവിഷ്കരിക്കണമെന്നും ആവശ്യപ്പെടുകയാണ്. രാജമാണിക്യം കമ്മീഷൻ റിപ്പോർട്ട് പ്രകാരം പാട്ടക്കാലാവധി കഴിഞ്ഞ ഭൂമികൾ തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട കാര്യംകൂടി പറയാൻ ആഗ്രഹിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടെ അങ്ങനെയുള്ള വിഷയമുണ്ട്. നിർദ്ദിഷ്ട ശബരി എയർപോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് തടസ്സമായി നിൽക്കുന്നത് പാട്ടക്കരാർ കഴിഞ്ഞ വസ്തുവിലാണ് അത് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത് എന്നതാണ്. അതിലും കൃത്യതയോടെ മുന്നോട്ടുപോകാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. അതീവ ശോചനീയാവസ്ഥയിലായിരുന്ന വടകര പ്രീ-മെട്രിക് ഹോസ്റ്റലിന് സ്വന്തമായി ഭൂമിയില്ലാതിരുന്നതിനാൽ അവിടെ

കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞിരുന്നില്ല. 2018-ൽ ഭൂമി അനുവദിച്ച് കിട്ടിയെങ്കിലും പിന്നീട് അതുമായി ബന്ധപ്പെട്ട നടപടികളൊന്നും പൂർത്തിയായില്ല. നിരന്തര പരിശ്രമത്തിനൊടുവിൽ 20.09.2021-ന് ആ ഭൂമി കൈമാറിക്കിട്ടി. അതിനുശേഷം ആ ഹോസ്റ്റലിന്റെ നിർമ്മാണത്തിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയെ സമീപിക്കുകയും ഇടപെടൽ നടത്തുകയും ചെയ്തതിന്റെ ഫലമായി 27.06.2022-ന് ബഹുമാനപ്പെട്ട മന്ത്രി ആ ഫയലുകളിൽ ഒപ്പുവയ്ക്കുകയും ഫണ്ട് അനുവദിക്കുകയും ചെയ്തു. അസൗകര്യങ്ങളുടെയിടയിൽ വീർപ്പുമുട്ടുകയായിരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഹോസ്റ്റൽ നിർമ്മാണം സാധ്യമായതിന് വടകരയുടെ നന്ദി ബഹുമാനപ്പെട്ട മന്ത്രിയെ അറിയിക്കുന്നതോടൊപ്പം അതിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ഒട്ടേറെ പദ്ധതികളും സാമ്പത്തിക സഹായങ്ങളുമുണ്ടായിട്ടും എസ്.സി./എസ്.ടി. വിഭാഗം ഇന്നും സമൂഹത്തിലെ അരികുവത്കരിക്കപ്പെട്ട വിഭാഗമായി തുടരുകയാണ്. ട്രെയിനുകളുടെ വേഗം കൂട്ടുന്നതിനെയും എയർ ആംബുലൻസിനെയും കുറിച്ചൊക്കെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അട്ടപ്പാടിയിലെ മുരുഗളയിലേയ്ക്ക് നവജാതശിശുവിന്റെ മൃതദേഹം

പേറിപോകുന്ന കാഴ്ച ദയനീയമാണ്. സർക്കാരുകൾ ഇവർക്കായി ചെലവഴിക്കുന്ന ഫണ്ടുകൾ യഥാവിധി ഇവരിലേയ്ക്ക് എത്തിച്ചേരുന്നില്ല. പദ്ധതികൾ നടപ്പാക്കുന്നതിന് ചില തലങ്ങളിൽ അനാസ്ഥ നിലനിൽക്കുന്നുണ്ട്. അട്ടപ്പാടിയിൽ നടപ്പാക്കിയ കാർഷിക പാക്കേജുകളെല്ലാം പരാജയപ്പെടുന്ന അവസ്ഥയിലേയ്ക്കാണ് പോകുന്നത്. കോടിക്കണക്കിന് രൂപയാണ് ഉദ്യോഗസ്ഥ രാഷ്ട്രീയ സംഘം തട്ടിയെടുത്തുകൊണ്ടിരിക്കുന്നത്. ഇപ്പോഴും കേരളത്തിലെ പല എസ്.സി. കോളനികളിലും ഇരട്ട വീടുകൾ അതുപോലെതന്നെ തുടരുകയാണ്. ഇതെല്ലാം ഒറ്റവീടുകളാക്കുന്ന പ്രഖ്യാപനങ്ങൾ വെറും കടലാസിൽ മാത്രമൊതുങ്ങുന്നു. എന്റെ നിയോജകമണ്ഡലത്തിലെ ഏറാമല പഞ്ചായത്തിലെ കാർത്തികപ്പള്ളി, പട്ടർ പറമ്പത്ത്, ആദിയൂർ ഉൾപ്പെടെയുള്ള ലക്ഷംവീട് കോളനികൾ ഇപ്രകാരമുള്ളവയാണ്. വലിയ പ്രതിസന്ധികളിലൂടെയാണ് ഇവരുടെയെല്ലാം ദൈനംദിന ജീവിതം മുന്നോട്ടുപോകുന്നത്. വെറും കട്ടകൾ കൊണ്ടുണ്ടാക്കിയ ഈ വീടുകളിൽ പലതും വാസയോഗ്യമല്ല. ഇതിനെയെല്ലാം ഒറ്റവീടുകളാക്കി മാറ്റുന്നതിനുള്ള സമഗ്രമായ പദ്ധതിയുണ്ടാകണം. നൂറ് ശതമാനം സാക്ഷരത നേടിയ കേരളത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ പഠനം പൂർത്തിയാക്കാതെ

കൊഴിഞ്ഞുപോയത് 19000 എസ്.എസി./എസ്.ടി. വിദ്യാർത്ഥികളാണെന്നത് ഞെട്ടിപ്പിക്കുന്ന കണക്കാണ്. ഇതിൽ ഏറിയപങ്കും എട്ടോ ഒൻപതോ ക്ലാസ്സുകളിലെ വിദ്യാർത്ഥികളാണ്. പ്രാഥമിക വിദ്യാഭ്യാസംപോലും പൂർത്തിയാക്കാതെ തൊഴിൽ തേടിപോകേണ്ടി വരുന്ന സാമൂഹ്യാവസ്ഥയാണ് ഇപ്പോഴും ഈ വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്നത്. ഇവരെ ഉന്നത പഠനമേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിന് നമുക്കിപ്പോഴും കഴിഞ്ഞിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ട്രൈബൽ ഹോസ്റ്റലുകൾ നിരവധിയുണ്ടെങ്കിലും പലതും ശോചനീയാവസ്ഥയിലുള്ളതും വിദ്യാർത്ഥി സൗഹൃദപരമല്ലാത്തതുമാണ്. മാതാപിതാക്കളിൽനിന്ന് പിരിഞ്ഞുവരുന്ന കുട്ടികൾ കൂടുതൽ ദുരിതത്തിലേയ്ക്കാണ് പോകുന്നത്. ഇത്തരം ഹോസ്റ്റലുകളിൽ കുട്ടികളെ അയയ്ക്കുമ്പോൾ മാതാപിതാക്കൾക്കും കടുത്ത മാനസിക പ്രശ്നങ്ങളുണ്ടാകുകയാണ്. ഇവരെ മനഃശാസ്ത്രപരമായി കൈകാര്യം ചെയ്യുന്നതിൽ നമുക്ക് വിജയിക്കാൻ കഴിയുന്നില്ല. ഹോസ്റ്റലുകളിലെത്തുന്ന വിവിധ വിഭാഗക്കാരായ കുട്ടികൾ തമ്മിൽ സാംസ്കാരിക അന്തരമുണ്ട്. ഇത് കൈകാര്യം ചെയ്യുന്നതിലുള്ള ഹോസ്റ്റലുകളുടെ പരാജയവും കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.

ഇ-ഗ്രാന്റ്സ് പദ്ധതിപ്രകാരമുള്ള വിദ്യാഭ്യാസ കോഴ്സുകളുടെ അപേക്ഷാ ഫീസ് പൂർണ്ണമായും സൗജന്യമാക്കണം. അട്ടപ്പാടി ഊരുകളിൽ ഇപ്പോഴും കൂട്ടുകുടുംബത്തിന്റെ സ്വത്തിലാണ് അവരുടെ ഭൂമി നിലനിൽക്കുന്നത്; അത് ഭാഗം ചെയ്ത് നൽകാമെന്ന് സർക്കാർ ഉറപ്പുനൽകിയിരുന്നെങ്കിലും ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. ഭൂമാഫിയയുടെ കയ്യേറ്റത്തിന് ഏറെ സഹായകമാണ് ഇത്തരത്തിലുള്ള കൂട്ടുകുടുംബങ്ങളുടെ സ്വത്ത്. വരടിമലയിലെ പുനരധിവാസ കേന്ദ്രത്തിൽ ഇന്ന് താമസക്കാരില്ല. നൂറുകണക്കിന് പട്ടയങ്ങളാണ് അട്ടപ്പാടിയിലെ ആദിവാസികൾക്ക് സർക്കാർ വിതരണം ചെയ്തത്. അതിൽ വാസയോഗ്യമായ ഭൂമി എത്ര പേർക്ക് ലഭിച്ചുവെന്നത് സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതാണ്. സാമൂഹ്യ അടുക്കള ബഹുഭൂരിപക്ഷം ഊരുകളിലും പ്രവർത്തിക്കുന്നില്ല. എന്നാൽ പോഷകാഹാര വിതരണത്തിന്റെ പേരിൽ വൻ തട്ടിപ്പ് അട്ടപ്പാടിയിൽ നടക്കുന്നുണ്ട്. ഇതിലൊരു സോഷ്യൽ ഓഡിറ്റ് നടത്താൻ സർക്കാർ തയ്യാറാകണം. ആയുർദൈർഘ്യത്തിൽ ഇന്ത്യയിലെ മറ്റ് വിഭാഗങ്ങളേക്കാൾ ആദിവാസികൾക്ക് നാലും ദളിതർക്ക് മൂന്നും വർഷത്തെ കുറവുണ്ടെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങളുണ്ട്. വീടിന്റെ കാര്യത്തിൽ ഒരു സമഗ്ര പദ്ധതി ഇവർക്ക്

ആവശ്യമാണ്. ഇവരുടെ വീടിന്റെയും ഭൂമിയുടെയും പ്രശ്നവും കുട്ടികളുടെയും അമ്മമാരുടെയും പോഷകാഹാരക്കുറവും വിളർച്ചയുമൊക്കെ കാണാതിരിക്കുന്ന, അവരെ പരിഗണിക്കാത്ത ഈ സർക്കാരിന്റെ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. ജി. സ്റ്റീഫൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥനയെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ദുരിതമനുഭവിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക/ന്യൂനപക്ഷവിഭാഗങ്ങളെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി ഈ സർക്കാരും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പും നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയാണ്. ഈ ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസരംഗത്ത് നിരവധി സഹായങ്ങളാണ് സർക്കാർ നൽകിവരുന്നത്. വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യ സാമ്പത്തിക പുരോഗതിയാണ് ദീർഘകാലാടിസ്ഥാനത്തിൽ സർക്കാർ ലക്ഷ്യമിടുന്നത്. അതുകൊണ്ടുതന്നെ പ്രീപ്രൈമറി തലംമുതൽ പി.എച്ച്ഡി. വരെ വിപുലമായ വിദ്യാഭ്യാസ സൗകര്യങ്ങളാണ് വകുപ്പ് നടപ്പിലാക്കിവരുന്നത്. 117 പട്ടികജാതി വിദ്യാർത്ഥികൾക്കായി

17,97,30,935/- രൂപ വിദേശ പഠനത്തിനുവേണ്ടി ഇതിനകം നൽകിയിട്ടുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലാത്ത 1284 കോളനികളിൽ ബഹുഭൂരിപക്ഷത്തിലും അത് ഏർപ്പെടുത്താൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. 5 വിദ്യാർത്ഥികൾക്ക് പൈലറ്റ് പഠനത്തിനാവശ്യമായ സ്കോളർഷിപ്പ് നൽകാനും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേയ്ക്ക് വിദ്യാർത്ഥി പ്രവേശനത്തിനുള്ള വാർഷിക വരുമാന പരിധിയിലും വിവിധ കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ആനുകൂല്യത്തിനുള്ള പ്രായപരിധിയിലും കാലികമായ മാറ്റങ്ങൾ വരുത്താനും കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടിയിലും കാസർഗോഡും രണ്ട് ഏകലവ്യ എം.ആർ.എസ്.-കൾക്കൂടി ഈ അദ്ധ്യയനവർഷം ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ഞാൻ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിലെ കുറ്റിച്ചൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കോടതി ഇടപെടലിനെത്തുടർന്ന് നിലച്ചിരിക്കുകയാണ്. അടിയന്തര നടപടി സ്വീകരിച്ച് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് കരുതുകയാണ്. പട്ടികവർഗ്ഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്കായി സിവിൽ സർവ്വീസ് പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും 20

വിദ്യാർത്ഥികൾക്ക് സർക്കാർ ചെലവിൽ അതിന് അവസരമൊരുക്കി കൊടുക്കുകയും ചെയ്തു. പരീക്ഷകളിൽ ഉന്നതവിജയം നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡുകൾ നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 310 കോടി രൂപ ചെലവഴിച്ച് ഒ.ബി.സി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക തീർത്ത് നൽകുകയും മാതാവോ പിതാവോ അല്ലെങ്കിൽ രണ്ടുപേരുമോ മരണപ്പെട്ട പെൺകുട്ടികൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനും മെഡിക്കൽ അനുബന്ധ കോഴ്സുകൾക്കും പ്രത്യേക സ്കോളർഷിപ്പ് ഏർപ്പെടുത്തി നല്ല രീതിയിൽ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പട്ടിക വിഭാഗക്കാർ ഭൂമിയുടെ അവകാശികളാണ്. 4020 ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി ഭൂമി അനുവദിക്കുകയും വനാവകാശ നിയമപ്രകാരം 150 പട്ടികവർഗ്ഗക്കാർക്ക് 108 ഏക്കർ ഭൂമി ഇതിനകം വിതരണം ചെയ്യുകയും ചെയ്ത നടപടിയെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമം പദ്ധതിയിലൂടെ പട്ടികജാതി ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനായി സർക്കാർ 49,75,93,342/- രൂപ ചെലവഴിച്ചിട്ടുണ്ട്. പുതുതായി 169 സങ്കേതങ്ങൾക്ക് ഒരു കോടി രൂപ വീതം നൽകുകയും പൂർത്തിയാകാതെ കിടന്ന 200 ഗ്രാമങ്ങളുടെ പണി

പൂർത്തീകരിക്കുകയും ചെയ്തു. ഈ വർഷം പുതുതായി 202 പട്ടികജാതി ഗ്രാമങ്ങളും 64 പട്ടികവർഗ്ഗ ഗ്രാമങ്ങളും ഈ സ്കീമിലുൾപ്പെടുത്തി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി നടന്നുവരികയാണ്. പട്ടികജാതിക്കാർക്കായി അനുവദിച്ചതും പത്ത് വർഷമായി പൂർത്തിയാകാതെ കിടന്നതുമായ 4978 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ആയിരത്തിതൊള്ളായിരത്തോളം ഭവനങ്ങളുടെ നിർമ്മാണം ഇതിനകം പൂർത്തീകരിക്കുകയും മുൻവർഷം അനുവദിച്ച 6046 ഭവനങ്ങൾ ഈ കാലയളവിൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിനായി 2350 വീടുകൾ പൂർത്തീകരിച്ച് നൽകിയതുവഴി വീട് സ്വപ്നമായിരുന്നവർക്ക് പുതിയ അനുഭവമായി മാറി. പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം 75,000/- രൂപയിൽനിന്ന് 1,25,000/- രൂപയായി വർദ്ധിപ്പിക്കുകയും കഴിഞ്ഞ വർഷം 11025 പട്ടികജാതി പെൺകുട്ടികൾക്ക് ഇത് നൽകുകയുമുണ്ടായി. പട്ടികവർഗ്ഗക്കാർക്ക് വിവാഹ ധനസഹായം ഒന്നരലക്ഷം രൂപയായി ഉയർത്തുന്നതിനും പരിശ്രമിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് നിരവധി പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. 44 ഐ.ടി.ഐ.-കളുടെ നവീകരണത്തിനായി ധനസഹായം

നൽകിയതോടൊപ്പം പുതിയ ഐ.ടി.ഐ.കൾക്കുള്ള കെട്ടിടവും ഉദ്ഘാടനം ചെയ്യുകയുണ്ടായി. തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അക്രെഡിറ്റഡ് എഞ്ചിനീയർമാരെ നിയമിക്കുമ്പോൾ 500 പട്ടികജാതി വിഭാഗക്കാർക്ക് അവസരം നൽകുന്നതിനും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി എസ്.ടി. വിഭാഗത്തിൽനിന്നും പ്രത്യേക നിയമനങ്ങൾ നടത്താനും തീരുമാനിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്ത് രാജ്യത്ത് 22.5% സംവരണമാണ് പിന്നാക്ക/പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഇതിനനുസരിച്ച് പ്രവേശനം നൽകുന്ന കാര്യത്തിൽ കേന്ദ്ര സർവ്വകലാശാലകൾ അനാസ്ഥ കാണിക്കുന്നുണ്ട്. അർഹരായ വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനും ഗവേഷണത്തിനും സ്കോളർഷിപ്പ് നൽകാൻ കേന്ദ്ര സർവ്വകലാശാലകൾ തയ്യാറാകുന്നില്ല. അതിന് നമ്മുടെ മുമ്പിലുള്ള ഇരയാണ് രോഹിത് വെമൂലയുടെ ആത്മഹത്യയെന്നുള്ളത് പ്രത്യേകമായി ഈയവസരത്തിൽ സൂചിപ്പിക്കപ്പെടേണ്ടതാണ്. ഇപ്പോഴും ഉയർന്ന തസ്തികകളിൽ വേണ്ടത്ര നിയമനം കേന്ദ്രസർക്കാർ നൽകുന്നില്ല. ഇത് കേന്ദ്രത്തിന്റെ സംവരണ വിരുദ്ധതയാണ് കാണിക്കുന്നത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുന്നതുമൂലമുണ്ടാകുന്ന തൊഴിൽ നഷ്ടം

കൂടുതൽ ബാധിച്ചുകൊണ്ടിരിക്കുന്നത് സംവരണം ലഭിക്കേണ്ട പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളെയാണ്. നമ്മുടെ രാജ്യത്തെ കോടതികൾപോലും പലപ്പോഴും സവർണ്ണ മനോഭാവം പുലർത്തുകയാണ്. അതിനാൽ റോയൽ ജോബുകളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരെ അവഗണിക്കുന്നതായി കാണാൻ കഴിയും. ഉന്നത നീതിപീഠങ്ങളിൽപ്പോലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരില്ലെന്നത് പ്രത്യേകമായി പരിശോധിക്കേണ്ടതാണ്. കേരളത്തിലെ 60% വിദ്യാഭ്യാസ സ്ഥാപനങ്ങളും എയ്ഡഡ് മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഇവിടെയുള്ള അദ്ധ്യാപകരുടെ ശമ്പളത്തിനായി 4800 കോടി രൂപയും അനദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കുമായി 7600 കോടി രൂപയുമാണ് സംസ്ഥാന ഖജനാവിൽനിന്നും ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഈ സ്ഥാപനങ്ങളിലൊന്നുംതന്നെ എസ്.എസി./എസ്.ടി. വിഭാഗങ്ങൾക്ക് ഒരു ശതമാനം സംവരണംപോലും ഏർപ്പെടുത്താൻ കഴിയുന്നില്ല. അതുകൊണ്ട് എയ്ഡഡ് മേഖലയിലെ നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ സംവരണം ഉറപ്പാക്കേണ്ടതുണ്ട്. ജനസംഖ്യയേക്കാൾ പദ്ധതി വിഹിതത്തിന് പണം നൽകുന്ന സംസ്ഥാനമാണിത്. ഇതിന്റെ ഭാഗമായി കേരളത്തിലെ എസ്.സി./എസ്.ടി.

പോപ്പുലേഷനേക്കാൾ വിഹിതം പിണറായി വിജയൻ ഗവൺമെന്റ് ബഡ്ജറ്റിൽ അവർക്കുവേണ്ടി വകയിരുത്തുന്നുണ്ട്. ഈ വിഭാഗത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി ക്ഷേത്രങ്ങളിൽ ശാന്തിക്കാരായിപ്പോലും എസ്.സി./എസ്.ടി. വിഭാഗത്തിലുള്ളവരെ നിയമിക്കുന്നതിന് ഒന്നും രണ്ടും പിണറായി വിജയൻ ഗവൺമെന്റുകളുടെ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. 11.09.2009-ൽ പാർലമെന്റ് പാസ്സാക്കിയ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം, അതിക്രമത്തിനുവിധേയരായ വ്യക്തികൾക്ക് കോമ്പൻസേഷൻ നൽകുന്നതിന് വ്യവസ്ഥയുണ്ട്. 14.04.2016 മുതൽ ഈ തുക വർദ്ധിപ്പിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. 2022 വരെ 1,41,66,050/- രൂപ ഇതിനകം തിരുവനന്തപുരം ജില്ലയ്ക്കായി സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരം 94 സ്ത്രീകൾക്കും 27 പുരുഷന്മാർക്കുമായി 121 പേർക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ഏപ്രിൽ മാസം മുതൽ നൂറ് അപേക്ഷകൾ പെൻഡിംഗിലാണ്. അവ തീർപ്പാക്കുന്നതിന് രണ്ട് കോടി രൂപകൂടി വേണ്ടിവരും. ഇതിനായി 50% തുക സംസ്ഥാന ഗവൺമെന്റും 50% തുക കേന്ദ്ര സർക്കാരുമാണ് ചെലവഴിക്കേണ്ടത്. എന്നാൽ കേന്ദ്രം ആ തുക സമയബന്ധിതമായി നൽകാത്തതിനാൽ കോമ്പൻസേഷൻ ലഭിക്കേണ്ട ഇരകൾക്ക് ഇത്

ലഭിക്കാതിരിക്കുന്ന സാഹചര്യമുണ്ടാകുന്നുവെന്ന കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ധനസഹായവും മിശ്രവിവാഹിതരായ കുടുംബങ്ങൾക്കുള്ള ധനസഹായവും ഒറ്റ അക്കൗണ്ടിലാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഇത് കോമ്പൻസേഷൻ നൽകുന്നതിന് ചില തടസ്സങ്ങളുണ്ടാക്കുന്നുണ്ട്. ആദ്യം അക്കൗണ്ടിൽ വരുന്ന പണം മിശ്രവിവാഹിതർക്ക് നൽകുന്നതിനാൽ അതിക്രമത്തിന് വിധേയരായവർക്ക് കോമ്പൻസേഷൻ നൽകുന്നതിന് താമസമുണ്ടാകുന്നുണ്ട്. അതുകൊണ്ട് പ്രത്യേകമായിത്തന്നെ രണ്ട് അക്കൗണ്ടുകളും പ്രവർത്തിപ്പിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമ്മുടെ രാജ്യത്ത് മതന്യൂനപക്ഷങ്ങൾക്കെതിരായ അതിക്രമങ്ങൾ രൂക്ഷമാകുകയാണ്. പൗരത്വ ഭേദഗതി നിയമം അവതരിപ്പിക്കുമ്പോൾ കേരളത്തിലെ ഒന്നാം പിണറായി വിജയൻ ഗവൺമെന്റാണ് 'ആ നിയമം ഈ രാജ്യത്ത് നടപ്പിലാക്കാൻ പാടില്ല, അത് കേരളത്തിൽ നടപ്പിലാക്കാൻ ഞങ്ങൾ സന്നദ്ധരാകില്ല' എന്നുപറഞ്ഞ് ആദ്യമായി പ്രതിഷേധിച്ചത്. അതിനുശേഷമാണ് രാജ്യത്തെ മറ്റ് ഗവൺമെന്റുകൾകൂടി അണിനിരന്നത്. ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾക്ക് ഏറ്റവും കൂടുതൽ ആശങ്കയുണ്ടായത് ബാബറി മസ്ജിദിന്റെ തകർച്ചയാണ്. ഇന്ത്യൻ മതേതരത്വത്തിനേറ്റ

കനത്ത ആഘാതമാണത്. രാജ്യത്ത് ഇന്നനുഭവിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും കാരണം ബാബറി മസ്ജിദിന്റെ തകർച്ചയാണ്. കോൺഗ്രസ് ഗവൺമെന്റ് രാജ്യത്ത് അധികാരത്തിലിരിക്കുമ്പോഴാണ് ആ സംഭവമുണ്ടായത്. ഒരു ചെറുവിരലനക്കാൻ അന്ന് കോൺഗ്രസ് തയ്യാറായില്ല. ഗുജറാത്ത് കലാപം മതന്യൂനപക്ഷങ്ങൾക്കിടയിൽ ആശങ്കയുണ്ടാക്കി. ഇന്ത്യയിലെ പൗരന്മാർക്ക് ആർട്ടിക്കിൾ 25 പ്രകാരം മതസ്വാതന്ത്ര്യം അനുശാസിക്കുന്നുണ്ട്. എന്നാൽ ഇന്ത്യയിലെ പത്തിലേറെ സംസ്ഥാനങ്ങളിൽ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മതപരിവർത്തനത്തിനെതിരായ നിയമങ്ങൾ ഇതിനകംതന്നെ പാസ്സാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഇതുമായി ബന്ധപ്പെട്ട കേസ് വന്നപ്പോൾ ഭരണഘടനാ വിരുദ്ധമായ ഈ നിയമം ശരിയാണെന്നാണ് രണ്ടംഗ ബെഞ്ച് വിധിച്ചത് എന്നുള്ള വസ്തുതയുമുണ്ട്. എന്നാൽ രാജ്യത്താകമാനം ഉയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലാണ് മൂന്നംഗ ബെഞ്ച് അത് റദ്ദാക്കുന്നതിനുള്ള തീരുമാനമെടുത്തത്. അഗതികളുടെ അമ്മയായ മദർ തെരേസ സ്ഥാപിച്ച മിഷനറീസ് ഓഫ് ചാരിറ്റിയുടെ ദൈനംദിന ചെലവുകൾക്കുള്ള ഫണ്ടുപോലും കേന്ദ്രം തടഞ്ഞുവയ്ക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. അതുപോലെതന്നെ, കംപാഷനേറ്റ് പ്രവർത്തനങ്ങൾക്കുവേണ്ടി

ലഭ്യമായിരുന്ന ധനസഹായങ്ങളും ഇല്ലായ്മ ചെയ്യുന്ന നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മതരാഷ്ട്രീയത്തിന്റെ തീക്കളിയെ കേവലമൊരു രാഷ്ട്രീയ സംഘർഷമായി കാണാനാണ് ഇവർ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെതിരായി ഇടതുപക്ഷം അതിശക്തമായ ചെറുത്തുനിൽപ്പ് നടത്തിക്കൊണ്ടിരിക്കുമ്പോൾ എല്ലാവരും ഇതിന് അനുകൂലമാകണമെന്നുള്ള അഭിപ്രായമാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു. രാജ്യത്താകെ ഇരുപത് കോടിയിലധികം വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ സാമൂഹ്യപരമായി അടിച്ചമർത്തലുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇവർക്ക് സംവരണം വേണ്ടെന്ന നിലപാടാണ് രാജ്യം ഭരിക്കുന്ന പാർട്ടിയെ നിയന്ത്രിക്കുന്ന ആർ.എസ്.എസ്. സ്വീകരിക്കുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ആദിവാസി യുവാക്കളെ തല്ലിക്കൊല്ലുന്നതും ദളിത് പെൺകുട്ടികളെ ബലാത്സംഗം ചെയ്യുന്നതുമായ വാർത്തകൾ നാം അനുദിനം കേട്ടുകൊണ്ടിരിക്കുന്നു. രാജ്യത്താകമാനം പ്രയാസകരമായ സാഹചര്യത്തിലേയ്ക്ക് ദളിത് വിഭാഗങ്ങൾ മാറിക്കൊണ്ടിരിക്കുന്ന വേളയിൽ കേരളത്തിൽ പട്ടികജാതി വിഭാഗങ്ങളുടെ ജീവിത നിലവാരത്തിൽ വലിയ

മാറ്റം കൊണ്ടുവരാൻ അതത് കാലഘട്ടങ്ങളിൽ ഭരിച്ച ഇടതുപക്ഷ സർക്കാരുകൾക്ക് കഴിഞ്ഞിട്ടുണ്ട്. ആ മാറ്റത്തെ നന്നായി ഉയർത്തിക്കൊണ്ടുവരാനാവശ്യമായ പ്രവർത്തനങ്ങളാണ് ഒന്നും രണ്ടും പിണറായി വിജയൻ സർക്കാരുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു വർഷം മുമ്പുനടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ പതിനാല് സംവരണ മണ്ഡലങ്ങളിൽ പന്ത്രണ്ടിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥികൾ വിജയിച്ച സാഹചര്യമുണ്ടായി. പ്രതിപക്ഷത്ത് ഇപ്പോൾ ആകെയുള്ളത് വണ്ടൂർ മണ്ഡലത്തിലെ ശ്രീ. എ. പി. അനിൽ കുമാറും ശ്രീ. ഐ. സി. ബാലകൃഷ്ണനുമാണ്. നാല് വർഷം കഴിഞ്ഞാൽ എല്ലാ മണ്ഡലങ്ങളും പിടിച്ചെടുക്കുന്ന രൂപത്തിലേയ്ക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കീഴിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളാകെ അണിനിരക്കുന്ന കാഴ്ച കേരളത്തിൽ കാണാൻ പോകുകയാണ്. ഇവിടെ കഴിഞ്ഞയാഴ്ച പട്ടിണി മരണവുമായി ബന്ധപ്പെട്ട് മണ്ണാർക്കാട് എം.എൽ.എ. സബ്മിഷൻ അവതരിപ്പിക്കുകയുണ്ടായി. കഴിഞ്ഞ പത്ത് വർഷക്കാലത്തെ ചരിത്രമെടുത്താൽ 2013-ലാണ് 31 ശിശുമരണങ്ങൾ അട്ടപ്പാടിയിലുണ്ടായത്. യു.ഡി.എഫ്.-ന്റെ ഭരണ കാലത്തായിരുന്നു ഏറ്റവും കൂടുതൽ പട്ടിണി മരണങ്ങൾ അവിടെയുണ്ടായത്.

2019-ൽ 7, 2020-ൽ 10, 2021-ൽ 8, എന്നിങ്ങനെ ആ മേഖലയിലെ ശിശുമരണങ്ങൾ കുറയ്ക്കാനാവശ്യമായ ശക്തമായ ഇടപെടലുകളാണ് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് നടന്നത്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്താണ് ചരിത്രത്തിലാദ്യമായി അട്ടപ്പാടി മേഖലയ്ക്ക് ഒരു പ്രത്യേക താലൂക്ക് അനുവദിക്കപ്പെട്ടത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന വേളയിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന ശ്രീ. എൻ. ഷംസുദ്ദീനെ അട്ടപ്പാടി മേഖലയിലെ മൂന്ന് പഞ്ചായത്തുകളിലും ആദിവാസി വിഭാഗങ്ങളുൾപ്പെടെ തിരസ്കരിക്കുന്ന സാഹചര്യമുണ്ടായി. ഒരു വർഷം മുമ്പ് നടന്ന തെരഞ്ഞെടുപ്പിൽ അഗളി പഞ്ചായത്തിൽ 2051-ഉം ഷോളയൂർ പഞ്ചായത്തിൽ 1229-ഉം പുതൂർ പഞ്ചായത്തിൽ 640-ഉം ഉൾപ്പെടെ അട്ടപ്പാടി മേഖലയിലെ മൂന്ന് പഞ്ചായത്തുകളിലുംകൂടി നാലായിരം വോട്ടിന്റെ മേൽക്കൈ ഇടതുപക്ഷ സ്ഥാനാർത്ഥിക്കായിരുന്നു. എന്നാൽ മണ്ണാർക്കാട് മേഖലയിലെ നഗരസഭയിലെ ചില സ്ഥലങ്ങളിലെ വോട്ടിന്റെ വർദ്ധനവുകൊണ്ടാണ് ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗം ഈ സഭയിൽ വീണ്ടും വരുന്ന സാഹചര്യമുണ്ടായത്. ആ മേഖലയിലുൾപ്പെടെയുള്ള ആദിവാസി വിഭാഗങ്ങൾ കഴിഞ്ഞ അഞ്ച് വർഷക്കാലമായി ഇടതുപക്ഷ

ജനാധിപത്യ മുന്നണിയുടെ ഭരണനേട്ടങ്ങൾ ആവോളം അനുഭവിക്കുന്നുണ്ട്. 2014-ൽ ആരംഭിച്ച പാലക്കാട് മെഡിക്കൽ കോളേജ് ആജീവനാന്ത അംഗീകാരം നേടിയത് എങ്ങനെയാണ്? ഉമ്മൻചാണ്ടി സർക്കാരിന്റെ അവസാന കാലത്ത് സാങ്കേതിക-സാമ്പത്തിക-നിയമപര-വകുപ്പുതല നടപടിക്രമങ്ങൾ പാലിക്കാതെ പ്രൊപ്പോസൽ കൊടുത്തതുകൊണ്ടാണ് ഐ.എം.സി. അംഗീകാരം റദ്ദ് ചെയ്തത്. എന്നാൽ 2014-ൽ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ആ സർക്കാരിലെ പട്ടികജാതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലൻ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് പാലക്കാട് മെഡിക്കൽ കോളേജിന് ആജീവനാന്ത അംഗീകാരം നേടിയെടുക്കുകയുണ്ടായി. ഇപ്പോൾ അവിടെ ഒ.പി.-യും ഐ.പി.-യും പൂർണ്ണമായി പ്രവർത്തിക്കുന്നില്ല. അത് പ്രവർത്തന സജ്ജമാക്കാനാവശ്യമായ ഇടപെടൽ നടത്തേണ്ടത് അത്യാവശ്യമാണ്. കേരളത്തിൽ കഴിഞ്ഞ ആറ് വർഷക്കാലമായി എട്ടാം ക്ലാസ് മുതൽ പ്ലസ് ടു വരെ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഇരുപത്തിഅയ്യായിരത്തോളം പഠനമുറികളാണ് അനുവദിച്ചത്. അക്കാലത്ത് അതിൽ 18500-ഉം ഇപ്പോൾ 6472-ഉം പൂർത്തിയായിരിക്കുകയാണ്.

<u>ശ്രീ. വി. ജോയി</u>: സർ, പഠനമുറിയുടെ കാര്യം അങ്ങ് പറഞ്ഞല്ലോ. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ശ്രദ്ധേയമായ പദ്ധതിയാണിത്. അത് കുറച്ചുകൂടി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടോ?

<u>ശ്രീ. പി. പി. സുമോദ്</u>: സർ, രണ്ടാം പിണറായി വിജയൻ സർക്കാരും വകുപ്പുമന്ത്രിയും അത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ തീരുമാനങ്ങളിലേയ്ക്ക് കടന്ന സാഹചര്യത്തിലാണ് ഇപ്പോൾ 6472-ഓളം വരുന്ന പഠനമുറികൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിച്ചതെന്ന വിവരംകൂടി അറിയിക്കുകയാണ്. പട്ടികജാതിക്കാരുടെ ചികിത്സാ ധനസഹായം ഓൺലൈനാക്കുകയും ആയിരക്കണക്കിന് കുടുംബങ്ങൾക്ക് കഴിഞ്ഞ ആറ് വർഷക്കാലം അത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ, ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി മൂന്ന് വർഷമായി ഉയർത്തുകയുണ്ടായി. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് പതിനെട്ട് വയസ്സാകുമ്പോൾ മൂന്ന് ലക്ഷം രൂപ അവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന ഇൻഷ്വറൻസ് പദ്ധതിയായ 'വാത്സല്യനിധി' കൊണ്ടുവന്നത് കഴിഞ്ഞ ആറ് വർഷക്കാലത്തിനിടയിലാണ്. വിവാഹ ധനസഹായമായി നേരത്തെ ഉണ്ടായിരുന്ന 75,000/- രൂപ ഇപ്പോൾ 1,25,000/- രൂപയായി

ഉയർത്തിയിരിക്കുകയാണ്. പ്രസ് ക്ലബുമായി ചേർന്ന് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ജേർണലിസം കോഴ്സ് നന്നായി നടപ്പിലാക്കിവരികയാണ്. ഐ.എ.എസ്. പരിശീലന പദ്ധതി പുന:സംഘടിപ്പിക്കുകയും ആറായിരം രൂപവീതം അവർക്ക് സ്റ്റൈപ്പന്റ് നൽകുകയും ചെയ്തിട്ടുണ്ട്. ബി.എസ്‌സി. നഴ്സിംഗ് കഴിഞ്ഞ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് രണ്ട് വർഷം സർക്കാർ ആശുപത്രികളിൽ പരിശീലനം നൽകാനും പതിനയ്യായിരം രൂപ വീതം സ്റ്റൈപ്പൻഡ് കൊടുക്കാനുമുള്ള സാഹചര്യവും കേരളത്തിലുണ്ട്. ഏക വരുമാനദായകനായ കുടുംബനാഥൻ മരിച്ചാൽ അവരുടെ കുടുംബങ്ങൾക്ക് കൊടുക്കുന്ന ആനുകൂല്യം 50,000/- രൂപയിൽ നിന്ന് 2,00,000/- രൂപയായി ഉയർത്തിയിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ കാവശ്ശേരി, കല്ലേപ്പുള്ളി എന്നീ സ്ഥലങ്ങളിൽ ഡിസംബർ മാസത്തോടുകൂടി റൈസ് മിൽ ആരംഭിക്കാൻ പോകുകയാണ്. ഇതിന്റെ ഭാഗമായി നാൽപ്പതോളം വരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരജോലി ലഭിക്കും. വടക്കഞ്ചേരിയിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിദ്യാർത്ഥികൾക്ക് പഠനം നടത്തി ഇന്ത്യയ്ക്കകത്തും പുറത്തും ജോലി നേടാൻ കഴിയുന്ന സാഹചര്യവുമുണ്ട്. വടക്കഞ്ചേരി പഞ്ചായത്തിലെ കമ്മ്യൂണിറ്റി കോളേജിലും പഠനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കുറച്ച് വർഷക്കാലമായി

'അംബേദ്കർ ഗ്രാമം' പദ്ധതിക്ക് ഒരു കോടിരൂപ വകുപ്പ് കൊടുത്തുകൊണ്ടിരിക്കുകയാണ്. പട്ടികജാതി വിഭാഗത്തിലെ ജോലിയുള്ള സ്ത്രീകൾക്ക് താമസിക്കാൻ ഓരോ ജില്ലയിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ വേണമെന്ന സർക്കാരിന്റെ കാഴ്ചപ്പാടിന്റെ ഭാഗമായി മലയാള സിനിമയിലെ ആദ്യ നായികയായ പി. കെ റോസിയുടെ നാമധേയത്തിൽ അഞ്ചേമുക്കാൽ കോടി രൂപ ചെലവഴിച്ച് അത് യാഥാർത്ഥ്യമാക്കിയിരിക്കുകയാണ്. വിദേശത്ത് തൊഴിൽതേടി പോകുന്നവർക്കുള്ള ധനസഹായം 50,000/- രൂപയിൽനിന്ന് ഒരുലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് ചേരുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നുണ്ട്. എം.ഫിൽ, പി.എച്ച്ഡി. കോഴ്സുകൾ ചെയ്യുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി നാല്പത് വയസ്സായും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി നാല്പത്തിയഞ്ച് വയസ്സായും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. കേരള കലാമണ്ഡലത്തിൽ പ്രീ-മെട്രിക് ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന ധനസഹായവും വർദ്ധിപ്പിച്ചിരിക്കുകയാണ്. 117 പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് 17 ലക്ഷം രൂപ

അനുവദിക്കുന്നതോടൊപ്പം ഇന്റർനെറ്റ് സൗകര്യമില്ലാത്ത 1284 കോളനികളിൽ 10085 കണക്റ്റിവിറ്റി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേയ്ക്ക് വിദ്യാർത്ഥി പ്രവേശനത്തിന് രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയിൽനിന്ന് രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. അട്ടപ്പാടിയിലും കാസർഗോഡും രണ്ട് ഏകലവ്യ എം.ആർ. സ്കൂളുകൾ കൂടി ഈ അദ്ധ്യയന വർഷം ആരംഭിച്ചു. ഇരുപത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഐ.എ.എസ്, പരിശീലന പദ്ധതിക്ക് അവസരം നൽകുകയും അതിന്റെ എല്ലാ ചെലവും സർക്കാർ വഹിക്കുകയുമാണ്. എഞ്ചിനീയറിംഗിനും എം.ബി.ബി.എസ്.-നും ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയവർക്കും വിവിധ വിഷയങ്ങളിൽ പി.എച്ച്ഡി. നേടിയവർക്കും പ്ലസ് ടു-വിന് ഫുൾ മാർക്ക് വാങ്ങിയവർക്കും സ്വർണ്ണ മെഡലും കാഷ് അവാർഡുമൊക്കെ നൽകുന്നതും ഈ ഗവൺമെന്റിന്റെ പ്രത്യേകതയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് അക്രെഡിറ്റഡ് എഞ്ചിനീയർമാരെ നിയമിക്കാൻ പോകുകയാണ്. ആദ്യഘട്ടത്തിൽ എഞ്ചിനീയറിംഗ് ബിരുദം/ഡിപ്ലോമ/ഐ.റ്റി.ഐ. യോഗ്യതയുള്ള 500 പട്ടികവിഭാഗക്കാർക്ക് ഉൾപ്പെടെ അവസരം ലഭിക്കുന്ന സാഹചര്യമുണ്ടാകാൻ പോകുകയാണ്.

ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി പട്ടികവർഗ്ഗ വിഭാഗക്കാരിൽനിന്നും പ്രത്യേക നിയമനം നടത്തുന്നതിന് പി.എസ്.സി. നടപടി ആരംഭിച്ചിട്ടുണ്ട്. എക്സൈസ് ഗാർഡായി 200 പട്ടികവിഭാഗക്കാർക്ക് അവസരം നൽകുന്ന പദ്ധതിയുൾപ്പെടെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ എല്ലാ മേഖലയിലും വലിയ മാറ്റങ്ങൾ കൊണ്ടുവരുന്ന, പ്രത്യേകിച്ചും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിന് അനുസ്യൂതമായി പ്രവർത്തിക്കുന്ന സർക്കാരാണിതെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. പട്ടികവർഗ്ഗ കുടുംബങ്ങളിൽ വിദ്യാസമ്പന്നരായ ഉദ്യോഗാർത്ഥികൾ വളർന്നുവരേണ്ടതുണ്ട്. ഓരോ കുടുംബത്തിലും വിദ്യാഭ്യാസമുള്ളവരുണ്ടെങ്കിൽ മാത്രമേ സമൂഹത്തെ ഉന്നത നിലവാരത്തിലെത്തിക്കാൻ സാധിക്കു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊഴിഞ്ഞുപോക്ക് തടയുന്നതിനുവേണ്ടി 'ഗോത്രസാരഥി' പദ്ധതി കൊണ്ടുവന്നിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അതുമായി ബന്ധപ്പെട്ട കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ട്; ഇപ്പോഴത് പഞ്ചായത്തുകളെ ഏൽപ്പിച്ചിരിക്കുകയാണ്. പഞ്ചായത്തുകൾ അവരുടെ

വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ വനാന്തരങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് വാഹനം ഏർപ്പെടുത്തേണ്ടതും അതിന്റെ ചെലവ് വഹിക്കേണ്ടതും ആരാണെന്നത് സംബന്ധിച്ച് പഞ്ചായത്തും ട്രൈബൽ വകുപ്പും തമ്മിൽ തർക്കം നിലനിൽക്കുകയാണ്. അക്കാര്യം അങ്ങ് ഗൗരവമായി പരിശോധിക്കേണ്ടതാണ്. 2019-ൽ പഠനം നിർത്തിയ 554 വിദ്യാർത്ഥികളിൽ 466 പേരും പട്ടികവർഗ്ഗക്കാരാണ്. ഈ പ്രശ്നം മുന്നിൽ കണ്ടുകൊണ്ട് 2019-ൽ മെന്റർമാരെ നിയമിച്ചെങ്കിലും ഇന്ന് വിദ്യാലയങ്ങളിൽ അവരെ രണ്ടാം കക്ഷിയായിട്ടാണ് കാണുന്നത്. അവരെക്കൊണ്ട് വിദ്യാലയത്തിലെ മറ്റുചില പ്രവൃത്തികൾ ചെയ്യിപ്പിക്കുന്നതായി പരാതികൾ ഉയർന്നുവരുന്നുണ്ട്. വിദ്യാഭ്യാസ വകുപ്പ് ഇതിൽ ഇടപെട്ട് മെന്റർമാർക്ക് ആവശ്യമായ പരിശീലനം കൊടുത്ത് ജോലി ചെയ്യാനാവശ്യമായ അവസരം വിദ്യാലയങ്ങളിൽ നൽകണമെന്നാണ് പറയാനുള്ളത്. ഇന്ന് ലൈഫ് മിഷൻ പദ്ധതിയിൽ പട്ടികജാതിക്കാരുടെയും പട്ടിക വർഗ്ഗക്കാരുടെയും ലിസ്റ്റ് തിരിച്ചറിയാൻ സാധിക്കുന്നില്ല. മാത്രമല്ല, പഞ്ചായത്തുകളിൽ അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബ്ലോക്കിൽ അപ്പീൽ

നൽകാൻ സാധിക്കാത്ത സാഹചര്യവുമുണ്ട്. അതുകൊണ്ട് ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ലിസ്റ്റ് പ്രത്യേകമായി തയ്യാറാക്കുന്നതിനുവേണ്ട സാഹചര്യമുണ്ടാക്കിയാൽ അർഹതപ്പെട്ടവരെ കണ്ടെത്തി സർക്കാരിന്റെ ഫണ്ടിൽനിന്നും അവർക്ക് ഭവനം നൽകാൻ സാധിക്കും. ആറ് ലക്ഷം രൂപയാണ് പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണത്തിന് സർക്കാർ അനുവദിക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കോളനികളിൽ താമസിക്കുന്നവർക്ക് വീടുവയ്ക്കുന്നതിന് ആറ് ലക്ഷം രൂപയും കോളനിയിൽ നിന്ന് മാറി താമസിക്കുന്നവർക്ക് നാല് ലക്ഷം രൂപയുമാണ് നൽകുന്നത്. ഇത് രണ്ടുതരമായി മാറുകയാണ്. അതിലൊരു പ്രശ്നമുള്ളത്, ഒരേക്കർ ഭൂമിയുള്ള കോളനിയിൽ അടുത്തടുത്ത് വീടുകളുണ്ടാകും, ഇനി അവിടെ വീടുവയ്ക്കാൻ ഭൂമിയുണ്ടാകില്ല. അതുകൊണ്ട് ആ കുടുംബത്തിലെ മക്കൾ മറ്റൊരു ഭൂമിയിൽ വീടുവച്ച് മാറുന്നു. അപ്പോൾ അത് കോളനിയല്ല, ഒറ്റപ്പെട്ട വീടാണെന്ന് പറഞ്ഞുകൊണ്ട് അവർക്ക് നാല് ലക്ഷം രൂപയും കോളനിയിലുള്ളവർക്ക് ആറ് ലക്ഷം രൂപയും നൽകുന്ന തരത്തിലുള്ള തീരുമാനം വന്നിരിക്കുകയാണ്. അതുമാറ്റി എല്ലാവർക്കും ആറ് ലക്ഷം രൂപ നൽകുന്ന സാഹചര്യമുണ്ടാക്കണമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള

എം.ആർ.എസ്.-കളിലെ പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് യൂണിഫോം, ചെരുപ്പ്, ബാഗ് എന്നിവ വാങ്ങുന്നതിനും മുടിവെട്ടുന്നതിനും തുക നിശ്ചയിച്ചത് 2017-ലാണ്. യൂണിഫോം വാങ്ങുന്നതിന് 950 രൂപയും മുടിവെട്ടുന്നതിന് 60 രൂപയും ചെരുപ്പും ബാഗും വാങ്ങുന്നതിന് 300 രൂപയുമാണ് അനുവദിച്ചിരുന്നത്. ഇന്ന് സാധനങ്ങൾക്കെല്ലാം ക്രമാതീതമായി വിലവർദ്ധനവുണ്ടായ സാഹചര്യത്തിൽ അത് വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ.കെ. വിജയൻ)

ഉപരിപഠനം നടത്തുന്ന വിദ്യാർത്ഥികൾ ലാപ്ടോപ്പ് ഇല്ലാത്തതിനാൽ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. പഠിക്കാനാവശ്യമായ സംവിധാനങ്ങൾ ചെയ്തുകൊടുത്താലേ അവരെ ഉന്നത മേഖലകളിലേയ്ക്ക് എത്തിക്കാൻ കഴിയൂ. പഠനമുറി ഏർപ്പെടുത്തിയതുപോലെ ഇവർക്ക് അതിനുള്ള സൗകര്യങ്ങൾകൂടി ചെയ്തുകൊടുക്കണം. കഴിഞ്ഞ ദിവസം എനിക്കൊരു അനുഭവമുണ്ടായി. എല്ലാ ഉദ്യോഗസ്ഥരെയും കുറ്റപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. കഴിഞ്ഞ ദിവസം വൃക്കരോഗം ബാധിച്ചയാളുടെ അപേക്ഷ സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടി ഒരാളെ ഞാൻ ടി.ഇ.ഒ.(Tribal

Extention Officer)-യുടെ അടുത്തേയ്ക്ക് പറഞ്ഞുവിട്ടപ്പോൾ അദ്ദേഹം കണ്ണീരോടെയാണ് തിരിച്ചുവന്നത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ വിളിച്ച് ആ വിഷയം പറഞ്ഞിരുന്നു. അവർക്കൊന്നും പട്ടികവർഗ്ഗക്കാരോട് യാതൊരു കമിറ്റ്മെന്റുമില്ല. അങ്ങനെയുള്ള ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകണം. വനാവകാശ നിയമമനുസരിച്ച് ഇന്നും ഭൂമി കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴും ഭൂരഹിതരായ ആദിവാസികൾ ധാരാളമുണ്ട്. അവർക്ക് ഭൂമി കൊടുക്കുകയാണെങ്കിൽ ലൈഫ് മിഷൻ പോലുള്ള പദ്ധതികളിലൂടെ വീട് അനുവദിക്കുമ്പോൾ അത് സ്വന്തം ഭൂമിയിൽ നിർമ്മിക്കാൻ സാധിക്കും. പാരമ്പര്യമായി കൃഷി ചെയ്യുന്ന നിരവധി പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമപ്രകാരം പതിച്ചുനൽകിയ ഭൂമി കൃഷിയോഗ്യമാക്കുന്നതിനായി ഒരു കാർഷിക പാക്കേജ് നടപ്പിലാക്കേണ്ടതുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടിയിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട നിരവധി ഉദ്യോഗാർത്ഥികൾ തൊഴിൽ ചെയ്യുന്ന പ്രിയദർശിനി ട്രാൻസ്പോർട്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കണം. ഇതുസംബന്ധിച്ച് ഞാൻ അങ്ങേയ്ക്ക് കത്തും നൽകിയിട്ടുണ്ട്. കോടികൾ മുടക്കി വാങ്ങിയ ബസ്സുകൾ പഞ്ചാരക്കൊല്ലി എസ്റ്റേറ്റിൽ

നിർത്തിയിട്ടിരിക്കുകയാണ്. ഇപ്പോൾ അതിലെ തൊഴിലാളികൾക്ക് തൊഴിലില്ല. എന്താണ് അവിടെ നടന്ന ക്രമക്കേടെന്ന് അങ്ങ് അന്വേഷിക്കണം. സബ് കളക്ടറാണ് അതിന്റെ അതോറിറ്റിയായി വരുന്നത്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിക്കുമ്പോൾ ഇത്തരം കാര്യങ്ങളിൽ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. പ്രിയദർശിനി ട്രാൻസ്പോർട്ട് കൃത്യമായി ഓടിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. പൊതുവെ കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റുകൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ സാമൂഹ്യവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായി പൊതുസമൂഹത്തോടൊപ്പം എത്തിക്കുന്നതിനുവേണ്ടി ഒട്ടനവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഓരോ പദ്ധതിയും പരിശോധിച്ചാൽ നമുക്കത് വ്യക്തമാകും. വിദ്യാഭ്യാസംകൊണ്ട് മാത്രമേ പ്രബുദ്ധരാകാൻ സാധിക്കൂ എന്ന ആപ്തവാക്യത്തെ അടിസ്ഥാനപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തെ വിദ്യാഭ്യാസപരമായി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സോഷ്യൽ

കമ്മിറ്റഡ് വർക്കർമാർ, പ്രൊമോട്ടർമാർ എന്നിവരെ നിയമിച്ച് വിദ്യാഭ്യാസ കാര്യങ്ങൾ ചുമതലപ്പെടുത്തി ഈ പദ്ധതിയെ മുന്നോട്ട് കൊണ്ടുപോകുകയാണ്. വിജയിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും വരുമാനമുണ്ടാക്കുന്നതിനും അവരുടെ കുടുംബത്തെ മുഖ്യധാരയിലെത്തിക്കുന്നതിനും ലക്ഷ്യം വച്ചാണ് കഴിഞ്ഞ ഗവൺമെന്റ് 'ഗോത്രബന്ധു' പദ്ധതി നടപ്പാക്കിയത്. ഈ ഗവൺമെന്റിന്റെ വിദ്യാഭ്യാസപരമായ ഒരു കാഴ്ചപ്പാടാണത്. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടഞ്ഞ് നിർബന്ധമായും അവരെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനുവേണ്ടിയാണ് 'വിദ്യാവാഹിനി' പദ്ധതി നടപ്പാക്കുന്നത്. വാഹനസൗകര്യമില്ലാത്തതുകൊണ്ട് കുട്ടികൾ സ്കൂളിലെത്താതിരിക്കാൻ പാടില്ലെന്ന ലക്ഷ്യത്താൽ ആ പദ്ധതി വളരെ കർക്കശമായി വകുപ്പ് നടപ്പാക്കുകയാണ്. അവർക്ക് ആവശ്യമായ ഭക്ഷണമില്ലെന്നൊക്കെ ചിലർ പറയുകയുണ്ടായി. ഭക്ഷണത്തിന്റെ കുറവൊന്നും കേരളത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങളിലില്ല. ഏതോ ഒരു കുടുംബത്തിലുള്ളവർ ചക്ക കഴിച്ചുവെന്നൊരു വാർത്ത ഇവിടെ തെറ്റായി പ്രചരിപ്പിക്കുകയുണ്ടായി. ആദിവാസികളെ സംബന്ധിച്ച് അവരുടെ പ്രധാനപ്പെട്ട ഭക്ഷണം ചക്ക, മാങ്ങ എന്നിവയൊക്കെയാണ്. അത് ഏറ്റവും അനുയോജ്യമായ പോഷകാഹാരം

തന്നെയാണ്. അത് കഴിക്കുന്നതിൽ തെറ്റൊന്നുമില്ല. ഇപ്പോൾ കാൻസർ പോലെയുള്ള രോഗങ്ങൾക്ക് ചക്ക ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുമുണ്ട്. പരമ്പരാഗതമായി കിഴങ്ങുവർഗ്ഗങ്ങൾ കഴിക്കുന്ന ഒരു രീതി അവർക്കുണ്ട്. ഭക്ഷണമില്ലാത്തതുകൊണ്ടാണ് ഇവർ ഇതൊക്കെ കഴിക്കുന്നതെന്ന് സമൂഹത്തിന് തെറ്റായൊരു സന്ദേശം കൊടുക്കുന്നതിനായി ചില പ്രചരണങ്ങൾ നടത്തിയത് ശരിയല്ല. വിദ്യാഭ്യാസ/പട്ടികവർഗ്ഗ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ പ്രഭാത ഭക്ഷണ പരിപാടി സ്കൂളുകളിൽ ഉറപ്പുവരുത്തുന്നുണ്ട്. വിദൂര പ്രദേശങ്ങളിൽനിന്നും വളരെ രാവിലെ സ്കൂളുകളിലെത്തുന്ന കുട്ടികൾക്ക് ഭക്ഷണം വേണമെന്ന് തോന്നിയാൽ അതിനുള്ള മുൻകരുതലിന്റെ അടിസ്ഥാനത്തിലാണ് സ്കൂളുകളിൽ പ്രഭാത ഭക്ഷണം ഉറപ്പുവരുത്തിയിട്ടുള്ളത്. ഈ വിഭാഗക്കാരുടെ വിദ്യാഭ്യാസപരമായ പുരോഗതിക്ക് ഊന്നൽ കൊടുക്കുന്നൊരു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചതെന്ന് പറയുന്നതിനാണ് ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നത്. കൂടാതെ, ഇവരുടെ ഉന്നതപഠനവുമായി ബന്ധപ്പെട്ടും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഹോസ്റ്റലുകളും മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ശക്തിപ്പെടുത്തുന്നതോടൊപ്പം കെ.എ.എസ്., ഐ.എ.എസ്. എന്നിവയ്ക്ക് സ്പെഷ്യൽ കോച്ചിംഗുകളും നൽകുന്നുണ്ട്. പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച്

വിമാനത്തിൽ സഞ്ചരിക്കുന്നത് അപൂർവ്വമായിരുന്നു. പണ്ടുകാലങ്ങളിൽ വിമാനത്തെ അവർ കൗതുകപൂർവ്വമാണ് കണ്ടിരുന്നത്. പക്ഷെ ഇന്ന് അവർക്ക് പൈലറ്റ് പരിശീലനം കൊടുക്കുന്നതിനുപോലും ഈ വകുപ്പ് ശ്രമിക്കുന്നുവെന്നുള്ളത് പ്രശംസനീയമായ കാര്യമാണ്. ഇങ്ങനെ വളരെ ഫോക്കസ് ചെയ്താണ് വിദ്യാഭ്യാസപരമായി ഈ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുന്നത്. ആദിവാസികളുടെ മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ് എല്ലാവർക്കും ഒരു തുണ്ട് ഭൂമി എന്നത്. ഈ ഗവൺമെന്റും കഴിഞ്ഞ ഗവൺമെന്റും ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ഭൂമിക്ക് രേഖ കൊടുത്തിട്ടുണ്ട്. അത്തരം പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയാണ് വയനാട് പോലുള്ള ജില്ലകളിൽ ഭൂമിയില്ലാത്ത കുടുംബങ്ങളെ കണ്ടുപിടിച്ച് അപേക്ഷ ക്ഷണിച്ച് അവർക്ക് ഭൂമി കൊടുക്കുന്നതിനുള്ള നടപടി ഉറപ്പുവരുത്തുന്ന ലാൻഡ് ബാങ്ക് പദ്ധതി നടപ്പാക്കിയത്. വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുവേണ്ടിയാണ് ലൈഫ് ഭവന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ എല്ലാ പട്ടികവർഗ്ഗക്കാർക്കും വീട് ലഭ്യമാക്കുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അത് കുറച്ചുകൂടി ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് ഇപ്പോൾ അംബേദ്കർ ഗ്രാമം പദ്ധതികൂടി

അതിനോടൊപ്പം നടപ്പാക്കുന്നത്. ശോചനീയാവസ്ഥയിലായ കോളനികൾ പുനരുദ്ധരിച്ച് വാസയോഗ്യമാക്കുന്നതിനുവേണ്ടി സർക്കാർ ശ്രമിക്കുകയാണ്. ഇങ്ങനെ ദീർഘവീക്ഷണത്തോടുകൂടി തന്നെയാണ് ഗവൺമെന്റ് ഈ പദ്ധതികളെയും വകുപ്പിനെയും കൈകാര്യം ചെയ്യുന്നത്. വനാവകാശപ്രകാരമുള്ള ധാരാളം വിഷയങ്ങൾ നമ്മുടെ മുമ്പിലുണ്ട്. വനത്തിനുള്ളിൽ ആയിരക്കണക്കിന് കുടുംബങ്ങൾ കാലാകാലമായി താമസിക്കുന്നുണ്ട്. രാവിലെ ചോദ്യോത്തരവേളയിൽ സൂചിപ്പിച്ചതുപോലെ, ബഫർ സോൺ വരുമ്പോൾ അവരുടെ ജീവിതമെന്താകുമെന്നത് സംബന്ധിച്ച് ആശങ്കയുണ്ട്. ഈ പദ്ധതികൾ നടപ്പാക്കുമ്പോൾ ഇക്കാര്യങ്ങൾകൂടി ഗവൺമെന്റിന്റെയും വകുപ്പിന്റെയും ശ്രദ്ധയിലുണ്ടാകണമെന്നതുകൊണ്ടാണ് ഈ അവസരത്തിൽ ഞാൻ അക്കാര്യം സൂചിപ്പിക്കുന്നത്. സീറോ പോയിന്റിൽ ഒതുക്കിയാണ് ബഫർ സോൺ നടപ്പാക്കുന്നതെങ്കിൽപ്പോലും വനത്തിനുള്ളിൽ താമസിക്കുന്ന ഈ വിഭാഗക്കാരുടെ വിഷയം എങ്ങനെ കൈകാര്യം ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കേണ്ടതാണ്. വനത്തിൽ താമസിക്കുന്ന ആദിവാസികൾ വന്യമൃഗശല്യവുമായി ബന്ധപ്പെട്ട ഒട്ടനവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അക്കാര്യത്തിലും ഇടപെടുന്നുവെന്നുള്ളതാണ് ആറളം ഫാമിൽ വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിനുവേണ്ടി 11 കോടി

ശുപ അനുവദിച്ച് പ്രതിരോധ പദ്ധതി നടപ്പാക്കുന്നതിലൂടെ മനസ്സിലാകുന്നത്. കോവിഡ് കാലത്ത് കുട്ടികൾ വീട്ടിലിരുന്നാണ് പഠിച്ചുകൊണ്ടിരുന്നത്. അപ്പോൾ ഫോണും ഇന്റർനെറ്റുമില്ലാത്തതിനാൽ പട്ടികവർഗ്ഗ കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാകുമെന്ന് മനസ്സിലാക്കി സ്മാർട്ട് ഫോണില്ലാത്ത ആയിരക്കണക്കിന് കുട്ടികൾക്ക് സ്മാർട്ട് ഫോണും ലാപ്ടോപ്പുമൊക്കെ വിതരണം ചെയ്യുകയുണ്ടായി. ഇവയെല്ലാമുണ്ടെങ്കിലും പലപ്പോഴും വിദൂര/ റിമോട്ട് ഏരിയകളിൽ ഇന്റർനെറ്റ് കണക്ഷനുണ്ടാകാറില്ല. അങ്ങനെ വന്നപ്പോൾ സ്മാർട്ട് ഫോണുകൾകൊണ്ട് പ്രയോജനമില്ലാതാകുമെന്ന കാര്യം മനസ്സിലാക്കിയാണ് വിദൂര/റിമോട്ട് ഏരിയകളിൽ ഇന്റർനെറ്റ് കണക്ഷൻ കൊടുക്കുന്നതിന് സന്നദ്ധമായത്. പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി ഈ ഗവൺമെന്റ് നടപ്പാക്കുന്ന അനുഭാവപൂർവ്വമായൊരു പദ്ധതിയായി ഇതും വിലയിരുത്തപ്പെടുകയാണ്. ട്രൈബൽ പ്ലസ് പദ്ധതിപ്രകാരം ആയിരക്കണക്കിന് കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ട്. മിശ്രവിവാഹത്തിന് സംസ്ഥാനത്ത് എതിർപ്പൊന്നും നിലനിൽക്കുന്നില്ല. എന്നാൽ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ മിശ്രവിവാഹം നടക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ചികിത്സാ ധനസഹായം, ഏകവരുമാനമുള്ള കുടുംബനാഥൻ മരിച്ചാൽ ആ

കുടുംബത്തിന്റെ സംരക്ഷണാർത്ഥമുള്ള സഹായ പദ്ധതികൾ എന്നിങ്ങനെ ഒട്ടനവധി പദ്ധതികളാണ് ഇവിടെ നടപ്പാക്കുന്നത്. ഉപരിപഠനം നടത്തുന്ന എല്ലാവർക്കും സ്കോളർഷിപ്പ് കൊടുക്കുന്ന പദ്ധതി വിഭാവനം ചെയ്ത് നടപ്പാക്കുന്നുണ്ട്. വിദേശത്തേയ്ക്ക് ആദിവാസികൾ പോകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ഡോ. കെ. ടി. ജലീൽ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലം മുതൽ അതിന് തുടക്കം കുറിച്ചിട്ടുണ്ട്. ആദിവാസികൾക്ക് വിദേശത്തേയ്ക്ക് പോകാനാവശ്യമായ സാമ്പത്തിക സഹായവും വിസയെടുക്കാനുള്ള സൗകര്യവും ഏർപ്പെടുത്തിക്കൊടുത്ത് വിദേശരാജ്യങ്ങളിൽ ജോലി തരപ്പെടുത്തിക്കൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് അവരെ എത്തിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. മറ്റ് മതന്യൂനപക്ഷ വിഭാഗത്തെക്കുറിച്ച് പരിശോധിക്കുമ്പോൾ ഇന്ത്യയിൽ അവരുടെ സ്ഥിതിയെന്താണ്; കേരളമൊഴികെ മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് കടന്നാൽ അവർക്ക് രക്ഷയുണ്ടോ? ബി.ജെ.പി.-യുടെ പാർശ്വവത്കൃത ഭരണം ഈ രാജ്യത്ത് അതിശക്തമാണ്. അതാണ് പൗരത്വബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ വന്നപ്പോൾ ബി.ജെ.പി. അല്ല നമ്മുടെ എതിരാളി ഇടതുപക്ഷമാണ്, സി.പി.ഐ.(എം) ആണെന്ന മുദ്രാവാക്യവും സന്ദേശവുമൊക്കെ ഈ

സമൂഹത്തിൽ ഉയർത്തിക്കൊണ്ടുവരുന്നത്. ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ മേഖല കഴിഞ്ഞകാലങ്ങളേക്കാൾ വളരെ മെച്ചപ്പെട്ട തലത്തിൽ പോകുകയാണ്. ഒരുകാലത്ത് കേരളത്തിലെ കോളനികളിൽ താമസിച്ചിരുന്നത് സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ളവരായിരുന്നു. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ചെയ്തുവരുന്ന പ്രവർത്തനങ്ങളെ പ്രതിപക്ഷം പ്രകീർത്തിച്ചില്ലെങ്കിലും ഒരു നന്ദി വാക്ക് പറയാനെങ്കിലും തയ്യാറാകണം. ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ ജില്ലയായ വയനാട് ഏറ്റവും കൂടുതൽ ആദിവാസികൾ ജീവിക്കുന്ന മേഖലയാണ്. അവിടത്തെ ആദിവാസി ഊരുകൾ പഴയതുപോലെയാണോ? സഞ്ചരിക്കാനോ ചോർന്നൊലിക്കുന്ന കൂര മേയാനോ സ്വാതന്ത്ര്യമില്ലാതിരുന്ന കാലഘട്ടത്തിൽനിന്ന് അതിനെയെല്ലാം മാറ്റിയെടുക്കാൻ നമ്മുടെ സാമൂഹ്യ പരിഷ്കർത്താക്കൾ നല്കിയ സംഭാവനകൾ ചെറുതായി കാണാൻ കഴിയില്ല. ശ്രീനാരായണ ഗുരുദേവനും മന്നത്തു പത്മനാഭനും ചട്ടമ്പിസ്വാമി തിരുവടികളും മഹാത്മാ

അയ്യങ്കാളിയും സി. കേശവനും ഡോ. പൽപ്പുവും കുമാരനാശാനും വക്കം മൗലവിയുമടക്കമുള്ള സാമൂഹ്യ പരിഷ്കർത്താക്കൾ സമൂഹത്തിൽ നിലനിന്നിരുന്ന അന്ധകാരവും അനാചാരവും ദുരാചാരവും അടിമത്തവുമെല്ലാം മാറ്റിയെടുക്കാൻ നൽകിയ സംഭാവനകൾ ഇന്നും ചരിത്ര താളുകളിൽ സ്വർണ്ണ ലിപികളാൽ നിറഞ്ഞുനിൽക്കുകയാണ്. മനുഷ്യരായി ജീവിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗത്തിലെ പാവപ്പെട്ടവർക്ക് നിവർന്നുനിൽക്കാനുള്ള അവകാശം നേടിത്തന്നത് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ്. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർക്കും സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം നിക്ഷിപ്തമാക്കിത്തന്നത് കേരളത്തിലെയും ഇന്ത്യയിലെയും ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ്. നിങ്ങൾക്ക് ഞങ്ങളെ ചെറുതാക്കി കാണാൻ കഴിയില്ല. മാതൃകാപരമായ പദ്ധതികളിലൂടെ മഹത്തായ ചരിത്രത്തിന്റെ തുടർച്ചയായി മാറുന്ന എൽ.ഡി.എഫ്. സർക്കാരും ഈ വകുപ്പിന് നേതൃത്വം കൊടുക്കുന്ന ശ്രീ. കെ. രാധാകൃഷ്ണനും പ്രോജ്ജ്വലിതമായ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. നിങ്ങൾ പാതിവഴിയിൽ ഉപേക്ഷിച്ചുപോയ പിന്നാക്ക വികസന കോർപ്പറേഷന് തിരുവനന്തപുരത്ത് എയർപോർട്ടിനോട് ചേർന്ന് 80.5 സെന്റ് ഭൂമി വാങ്ങുന്നതിന് ഉത്തരവുണ്ടായിരുന്നു. യു.ഡി.എഫ്. വന്നപ്പോൾ

ആ ഫയൽ മുക്കിയെന്നുമാത്രമല്ല, 80.5 സെന്റ് ഭൂമി തിരുവനന്തപുരം എയർപോർട്ടിന് കൊടുക്കുകയും ചെയ്തു. ശ്രീ. എ. പി. അനിൽ കുമാറിനെ കുറ്റം പറയുകയല്ല. അത് അങ്ങിരുന്ന കാലഘട്ടത്തിലല്ല. 21 വർഷത്തിനുമുമ്പുള്ള കാര്യമാണ് ഞാൻ പറഞ്ഞത്. ഇപ്പോൾ പേട്ടയിൽ 26 സെന്റ് ഭൂമി വാങ്ങുകയും കെട്ടിടം പണിയാൻ പോകുകയുമാണ്. സഖാവ് കെ. രാധാകൃഷ്ണന്റെ നേതൃത്വത്തിലുള്ള ടീം നല്ല നിലയിലുള്ള പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പട്ടികജാതിക്കാർക്ക് പത്ത് വർഷത്തിനുമുമ്പ് ഭവനനിർമ്മാണത്തിന് ഫണ്ട് അനുവദിച്ചെങ്കിലും പല വീടുകളും പണിയാൻ കഴിഞ്ഞിരുന്നില്ല. ഒറ്റപ്പെട്ട അവരുടെ വീടുകളിൽ സാധനസാമഗ്രികൾ തലച്ചുമടായി കൊണ്ടുപോകേണ്ടിവരുന്നതുകൊണ്ട് ലേബർ ചാർജ്ജ് കൂടുതലാകും. അപ്പോൾ ഭിത്തി മട്ടമാകുമ്പോൾത്തന്നെ അവരുടെ കയ്യിലെ പണവും തീരും. അപ്രകാരം പൂർത്തിയാകാതെ കിടന്ന ഏകദേശം 4978 വീടുകൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി പൂർത്തീകരിച്ചു. പട്ടികജാതിക്കാർക്ക് പ്രത്യേകിച്ച് ദുർബ്ബല വിഭാഗങ്ങൾക്ക് ക്ഷേമപദ്ധതികളിലൂടെ 144 പേർക്ക് കൃഷി ഭൂമിയും 139 പേർക്ക് പഠന മുറിയും അനുവദിച്ചത് ശ്രദ്ധേയമാണ്. പഠന മുറിക്ക് ഇപ്പോൾ ഗവൺമെന്റ് രണ്ട് ലക്ഷം രൂപയാണ് കൊടുക്കുന്നത്. ആ തുക കുറച്ചുകൂടി

വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം യഥാസമയം ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കാൻവേണ്ടി പറയുകയാണ്, ഞാനും അങ്ങും കല്യാണം കഴിച്ചിട്ടില്ല. ഒരു പെൺകുട്ടി വിവാഹം കഴിച്ച് രണ്ട് കുട്ടികളുണ്ടായാലും അവരുടെ വിവാഹ ധനസഹായം ലഭിക്കുന്നില്ല. അപേക്ഷയും ക്ഷണക്കത്തും ജാതി സർട്ടിഫിക്കറ്റും ഉൾപ്പെടെയാണ് ബ്ലോക്ക് ഓഫീസിൽ കൊടുക്കുന്നത്. 2021-22 സാമ്പത്തിക വർഷം 10879 പേർക്ക് ചികിത്സാ ധനസഹായം നൽകി. കേരളത്തിൽ ഏറ്റവും കൂടുതൽ ചികിത്സാ ധനസഹായം വാങ്ങുന്ന മണ്ഡലത്തിൽപ്പെട്ട ആളാണ് ഞാൻ. മാതാപിതാക്കൾ മരണപ്പെട്ട കുട്ടികൾക്ക് വലിയ സഹായമാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. ബഹുമാന്യനായ കെ. രാധാകൃഷ്ണൻ മന്ത്രിയായതിനുശേഷം 140 അസംബ്ലി മണ്ഡലങ്ങളിലും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റികളിൽ അതത് എം.എൽ.എ.-മാർ ചെയർമാന്മാരും ജില്ലാ അസിസ്റ്റന്റ് പട്ടികജാതി ഓഫീസർ കൺവീനറും ആ മണ്ഡലത്തിലെ എസ്.സി. വിഭാഗത്തിൽപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളും പഞ്ചായത്ത് പ്രസിഡന്റുമാരുമൊക്കെ അംഗങ്ങളുമാണ്. കൊല്ലം ജില്ലയിൽ ആദ്യമായി കൂടിയ അതിന്റെ മീറ്റിംഗ്

വിജയകരമായിരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെയും കുടുംബങ്ങളുടെയും കാര്യങ്ങൾ ചർച്ച ചെയ്യാൻവേണ്ടിയുള്ള ആ കമ്മിറ്റികളുടെ പ്രവർത്തനം മാതൃകാപരമായി മാറിക്കൊണ്ടിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികജാതിക്കാർക്കുവേണ്ടി വകയിരുത്തുന്ന 40% ഫണ്ട് യൂട്ടിലൈസ് ചെയ്യണമെങ്കിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് കിട്ടണം. ചില ഉദ്യോഗസ്ഥരുടെ കടുംപിടുത്തം കാരണം എക്സ്പെൻഡിച്ചർ നൂറ് ശതമാനമാകുന്നില്ലെന്ന് ഇവിടെ ശ്രീ. ഐ. സി. ബാലകൃഷ്ണൻ പറയുകയുണ്ടായി. ഇവിടെ അങ്ങനെയൊരു വലിയ പ്രശ്നമുണ്ട്. ഓരോ പഞ്ചായത്തിനും അവാർഡ് കിട്ടുമ്പോൾ പട്ടികജാതി വിഭാഗത്തിലെ എക്സ്പെൻഡിച്ചർ നൂറ് ശതമാനമായോയെന്ന് പരിശോധിക്കപ്പെടും. അത് ഇവിടെ ചർച്ച ചെയ്യപ്പെടണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികജാതി സ്റ്റാന്റിംഗ് കമ്മിറ്റിയുണ്ടാകണം. അത് ഭരണപരമായി എടുക്കേണ്ട തീരുമാനമാണ്. അതുകൂടി വന്നാൽ ഈ മേഖലയെ നല്ല നിലയിൽ കൊണ്ടുപോകാൻ കഴിയും. എപ്പോഴൊക്കെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടുണ്ടോ അപ്പോഴൊക്കെ ദുർബ്ബലവിഭാഗങ്ങൾക്ക് ഏറ്റവും കൂടുതൽ ആശ്വാസം നൽകുന്ന പദ്ധതികളും പ്രവർത്തനങ്ങളുമാണ്

നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഒന്നും രണ്ടും പിണറായി വിജയൻ സർക്കാരുകൾ വികസനത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഏറ്റവും നല്ല സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ മെച്ചപ്പെട്ട പദ്ധതികൾ കാഴ്ചവച്ച് മുന്നോട്ടുപോകുകയാണ് ചെയ്യുന്നത്. നിങ്ങൾക്ക് അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. ന്യൂനപക്ഷക്ഷേമ കാര്യങ്ങൾക്കുള്ള പദ്ധതി വിഹിതം പരിശോധിച്ചാൽ യു.ഡി.എഫ്.-എൽ.ഡി.എഫ്. ഗവൺമെന്റുകൾ തമ്മിലുള്ള വ്യത്യാസം പ്രത്യക്ഷത്തിൽ നമുക്ക് കാണാൻ കഴിയും. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2012-13-ൽ 84.49 കോടി രൂപയും 2013-14-ൽ 103 കോടി രൂപയും 2014-15-ൽ 130 കോടി രൂപയും 2015-16-ൽ 92 കോടി രൂപയും 2016-17-ൽ 107 കോടി രൂപയും ബഡ്ജറ്റിൽ നീക്കിവയ്ക്കുകയുണ്ടായി. എന്നാൽ എൽ.ഡി.എഫ്. സർക്കാർ 2016-17-ൽ 64 കോടി രൂപ, 2017-18-ൽ 99 കോടി രൂപ, 2018-19-ൽ 78 കോടി രൂപ, 2019-20-ൽ 48 കോടി രൂപ, 2020-21-ൽ 42 കോടി രൂപ എന്നിങ്ങനെ വിഹിതം കുറയ്ക്കുകയാണ് ചെയ്തത്. 2019-20-ലെ തിട്ടപ്പെടുത്തിയ കണക്കനുസരിച്ച് വെറും 20.64 കോടി രൂപ അതായത്, 42% മാത്രമാണ്

ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടി ചെയ്യുന്ന കാര്യങ്ങളെന്താണെന്ന് ഈ ഫിഗർ വച്ചുതന്നെ മനസ്സിലാക്കാൻ കഴിയും. കേന്ദ്ര ഗവൺമെന്റിന്റെ ഒട്ടേറെ പദ്ധതികൾ ഇതിനകം വന്നിട്ടുണ്ട്. 1995-ൽ മുസ്ലീം, ബുദ്ധ, ജൈന വിഭാഗങ്ങൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ചതാണ് എ.ഐ.പി. സ്കൂൾ. കേരളത്തിൽ അത്തരത്തിലുള്ള 32 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ആ വിദ്യാലയങ്ങൾക്ക് എയ്ഡഡ് സ്റ്റാറ്റസുണ്ടെങ്കിലും അതിലെ അദ്ധ്യാപകരുടെ ശമ്പളം തീരുമാനിക്കുകയോ ആനുകൂല്യം കൊടുക്കുകയോ ചെയ്യുന്നില്ല. ഗവൺമെന്റിന്റെ നിലപാട് എന്താണെന്നതിന്റെ സൂചനയായി ഞാനത് ചൂണ്ടിക്കാണിക്കുകയാണ്. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരുന്നപ്പോഴാണ് മുസ്ലീം ന്യൂനപക്ഷ വിഭാഗത്തിന്റെ പിന്നോക്കാവസ്ഥ പഠിക്കാനായി സച്ചാർ കമ്മീഷനെ നിയോഗിച്ചത്. ഗവൺമെന്റ് അംഗീകരിച്ച സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന്റെ ഭാഗമായാണ് പാലോളി മുഹമ്മദ് കുട്ടി ചെയർമാനായ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ചത്. ഗവൺമെന്റിന്റെ മുമ്പിലുള്ള ആ റിപ്പോർട്ട് പരിശോധിക്കേണ്ടതാണ്. അതിൽ ഒൻപത് ഉപശീർഷകങ്ങളിലായി പൊതുവിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ, വിദ്യാഭ്യാസ-തൊഴിൽ സംവരണം,

സാമ്പത്തിക-തൊഴിൽരംഗങ്ങളിലെ വളർച്ച, കാര്യക്ഷമത വർദ്ധിപ്പിക്കൽ, സ്കോളർഷിപ്പ്, പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കൽ, വഖഫ് ഭരണ നിർവ്വഹണം തുടങ്ങി അൻപതോളം ശിപാർശകളുണ്ട്. ഈ റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് പരിശോധിക്കണം. അതിൽ അറബിക് യൂണിവേഴ്സിറ്റിയുടെ കാര്യങ്ങളും രംഗനാഥ് മിശ്ര കമ്മീഷൻ റിപ്പോർട്ടുപ്രകാരം മറ്റ് വിഭാഗത്തിൽ നടപ്പിലാക്കേണ്ട കാര്യങ്ങളും അഡീഷണൽ ഡിഗ്രി കോഴ്സുകളും കോളേജുകളും കൊടുക്കുന്നതുസംബന്ധിച്ചും മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളിലെ വികസനപരമായ കാര്യങ്ങളെപ്പറ്റിയുമൊക്കെ പറഞ്ഞിട്ടുണ്ട്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള മുസ്ലീം സമുദായത്തിന്റെ സംവരണത്തിലെ ബാക്ക്ലോഗ് നികത്തുന്നതിനായി ഒരു ഹൈ ലെവൽ കമ്മിറ്റിയുണ്ടാക്കുന്നതിനെയും അത് നടപ്പിലാക്കുന്നതിനെയും സംബന്ധിച്ചും വഖഫിന്റെ പ്രവർത്തനങ്ങളെപ്പറ്റിയും പറഞ്ഞിട്ടുണ്ട്. അങ്ങനെ സമഗ്രമായൊരു റിപ്പോർട്ടാണത്. ഇക്കാര്യത്തിൽ ഗവൺമെന്റിന് എന്ത് ആത്മാർത്ഥതയാണുള്ളത്? സച്ചാർ കമ്മീഷൻ റിപ്പോർട്ടും പാലോളി കമ്മിറ്റി റിപ്പോർട്ടും നിങ്ങൾ കുഴിച്ചുമൂടി. നിങ്ങൾ ഒന്നും ചെയ്തില്ല. ബഹുമാനപ്പെട്ട മന്ത്രി അത് പരിശോധിക്കണം. നിങ്ങൾ പ്രകടനപത്രികയിൽ ഇക്കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ നിങ്ങൾ പറഞ്ഞിട്ടുള്ളത്,

"The Paloli committee report drafted according to Justice Sachaar Committee report will be implemented" എന്നാണ്. പ്രകടനപത്രികയിൽ പറഞ്ഞകാര്യങ്ങൾ നടപ്പിലാക്കിയെന്നാണ് നിങ്ങൾ അവകാശപ്പെടുന്നത്. കഴിഞ്ഞ ഇലക്ഷൻ മാനിഫെസ്റ്റോയിൽ സച്ചാർ കമ്മിഷൻ ശിപാർശപ്രകാരമുള്ള പാലോളി കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുമെന്നും ഹജ്ജ് കമ്മിറ്റിക്കും വഖഫ് ബോർഡിനും ഗ്രാന്റ് വർദ്ധിപ്പിക്കുമെന്നും പറഞ്ഞിരുന്നു. അത് നടപ്പിലാക്കിയോ? ന്യൂനപക്ഷ വിഭാഗത്തിനുവേണ്ടി സച്ചാർ കമ്മീഷന്റെ ശിപാർശപ്രകാരം കേരള ഗവൺമെന്റ് നിയോഗിച്ച പാലോളി കമ്മിറ്റി റിപ്പോർട്ടിന്മേൽ അർത്ഥപൂർണ്ണമായ നിലപാടോ തീരുമാനമോ നിർവ്വഹണമോ ഡിപ്പാർട്ട്മെന്റ് നടത്തിയിട്ടില്ല. നിങ്ങൾ മൈനോറിറ്റിയുടെ കാര്യങ്ങൾ പറയൂ, മൗനമായിരുന്നിട്ട് കാര്യമില്ലല്ലോ. ഇത് നടപ്പിലാക്കണ്ടേ? ഇത് സമഗ്രമായൊരു റിപ്പോർട്ടാണ്, പരിശോധിച്ചാൽ അങ്ങേയ്ക്കത് മനസ്സിലാകും. വ്യത്യസ്തമായ കുറേകാര്യങ്ങൾ പറയുന്നുണ്ട്. സംവരണ രീതിയെ തകിടം മറിച്ചുകൊണ്ടാണ് ഇവിടെ കാര്യങ്ങൾ നടത്തുന്നത്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടുപ്രകാരം നികത്തേണ്ട സംവരണ തസ്തികകൾപോലും നികത്തപ്പെടുന്നില്ല. ഇപ്പോൾ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന (ഇ.ഡബ്ല്യൂ.എസ്.) വിഭാഗത്തിന്

സംവരണം വന്നു. പത്ത് ശതമാനത്തിൽ അധികരിക്കാത്ത രീതിയിൽ മുന്നാക്കക്കാർക്ക് സംവരണം നൽകാൻ തീരുമാനിച്ചതിലൂടെ കേരളത്തിൽ പിന്നാക്ക സമുദായങ്ങൾക്ക് ലഭിച്ചിരുന്ന സംവരണത്തിലാണ് കുറവുവന്നത്. അക്കാര്യം അങ്ങ് പരിശോധിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം പരിശോധിക്കാമെന്ന് മുമ്പ് സഭയിൽ പറഞ്ഞിരുന്നതാണ്. വിദ്യാഭ്യാസ മേഖലയിൽ അഡ്മിഷന്റെയും സംവരണത്തിന്റെയും കാര്യത്തിൽ കഴിഞ്ഞ കാലത്ത് പിന്നാക്കക്കാരായ ഈഴവ, ലാറ്റിൻ കത്തോലിക്ക, മുസ്ലീം തുടങ്ങിയ വിഭാഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യത്തിൽ മാറ്റം വരികയുണ്ടായി.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, സംവരണ സംവിധാനത്തിൽ മാറ്റം വരുത്തിയെന്ന് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. അത് എന്താണെന്ന് ഒന്നുകൂടി പറയാമോ?

ശ്രീ. കെ. പി. എ. മജീദ്: സർ, ഇപ്രാവശ്യത്തെ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകളിലെ അഡ്മിഷൻ ലിസ്റ്റും മറ്റ് സംവരണ ലിസ്റ്റുകളും പരിശോധിക്കണം. ഇത് നടപ്പിലാക്കുമ്പോൾ ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുമെന്ന് ഞങ്ങൾ നേരത്തെ ചൂണ്ടിക്കാണിച്ചതാണ്. അത് ഗവൺമെന്റ് പരിശോധിക്കണം. ഓരോ

വിഭാഗത്തിനും ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുകയാണ്. അതുപോലെ ഈ റിപ്പോർട്ടിൽ വഖഫ് ബോർഡിനെ സംബന്ധിച്ച് പരാമർശമുണ്ടായിരുന്നു. വഖഫ് ബോർഡിൽ നിങ്ങൾ എന്താണ് ചെയ്യുന്നത്; അവിടെ ഗ്രാന്റ് നൽകുന്നുണ്ടോ? സർക്കാരാണ് അവിടെ ട്രിബ്യൂണൽ സ്ഥാപിക്കേണ്ടത്, ആഭ്യന്തര വകുപ്പാണ് അത് ചെയ്യേണ്ടത്. വഖഫ് ബോർഡിന്റെ 45 ലക്ഷം രൂപ റീഫണ്ട് ചെയ്യാമെന്ന വ്യവസ്ഥയോടെ സർക്കാർ തിരിച്ചെടുത്തു. കോഴിക്കോട് വഖഫ് ട്രിബ്യൂണൽ സ്ഥാപിച്ചിട്ട് നിങ്ങൾ ആ തുക തിരിച്ച് നൽകിയോ? വഖഫ് ബോർഡ് പലപ്രാവശ്യം യോഗം ചേർന്ന് എഴുത്തുകുത്ത് നടത്തി. വഖഫ് ബോർഡിന്റെ ക്ഷേമ പദ്ധതികൾക്കുവേണ്ടി നിങ്ങൾ പണം നീക്കിവച്ചോ? ഇതെല്ലാം റിപ്പോർട്ടിലുണ്ട്. നിങ്ങൾ ആകെ ചെയ്തത് എന്താണ്? വഖഫ് ബോർഡിലെ നിയമനം പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചു. അതും വളരെ നാമമാത്രമായ നിയമനം. ദേവസ്വം ബോർഡിലെ റിക്രൂട്ട്മെന്റിനുവേണ്ടി ബോർഡ് രൂപീകരിച്ചത് നല്ല കാര്യമാണ്. എന്നാൽ വഖഫ് ബോർഡ് വന്നപ്പോൾ അവിടത്തെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടു. അതിനെ ഞങ്ങളെല്ലാവരും സഭയിൽ എതിർത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ സഭാ സമ്മേളനത്തിനുശേഷം മുസ്ലീം സംഘടനകളുടെ യോഗത്തിൽ പറഞ്ഞത്

ഈ നിയമം പാസ്സാക്കുമ്പോൾ ഒരാളുപോലും അതിനെ ചോദ്യം ചെയ്യുകയോ എതിർക്കുകയോ ചെയ്തില്ല, അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ സംരക്ഷണത്തെക്കുറിച്ച് മാത്രമാണ് നിയമസഭയിൽ പറഞ്ഞത് എന്നാണ്. നിയമസഭയിൽ ബിൽ അവതരിപ്പിച്ചപ്പോൾ നിരാകരണ പ്രമേയവും ഭേദഗതികളും അവതരിപ്പിക്കുകയും മൂന്നാം വായനയിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. കെ. ബാബുവും എതിർത്ത് സംസാരിക്കുകയും ചെയ്തിട്ടുണ്ട്. എന്നിട്ടാണ് സംഘടന നേതാക്കളുടെ യോഗത്തിൽ തെറ്റായ കാര്യങ്ങൾ പറയുന്നത്. എല്ലാ മുസ്ലീം സംഘടനകൾക്കും ആ നിയമം പിൻവലിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വാക്ക് നൽകിയിട്ട് അത് പാലിച്ചിട്ടുണ്ടോ? ഈ നിയമം ഇവിടെ പാസ്സാക്കിയിട്ടുണ്ടെങ്കിലും അത് നടപ്പിലാക്കിയിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഇത് നടപ്പിലാക്കാതിരിക്കണമെങ്കിൽ ഈ സഭയിൽ രണ്ടാമത് ബില്ലായി വരണം. പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 2022 ജൂലൈ 21-ന് അവസാനിക്കുകയാണ്. ഇക്കാര്യത്തിൽ നിങ്ങളുടെ നിലപാട് എന്താണെന്നും ഈ നിയമം പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും സഭയിൽ പറയണം. മുസ്ലീം സംഘടനകൾക്ക് നൽകിയ ഉറപ്പനുസരിച്ച് ഈ നിയമം നടപ്പിലാക്കില്ലെന്നും അത് പിൻവലിക്കുമെന്നും മറുപടി പ്രസംഗത്തിൽ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി അങ്ങ് പറയണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു. 'നാട്ടുനെല്ലിൻ ചുവട്ടിൽ മുളച്ച കാട്ടുപുല്ലല്ല സാധുക്കളെ'; ജന്മിവർഗ്ഗത്തിന്റെ ചാട്ടവാറടിയേറ്റ് തളർന്ന ദളിത് ആദിവാസി സമൂഹത്തെ സാമൂഹ്യ ജീവിതത്തിലേയ്ക്ക് കൊണ്ടുവന്നത് നവോത്ഥാന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളാണ്. വേദപുസ്തകങ്ങൾ പഠിക്കാനും കിണറ്റിൽനിന്ന് വെള്ളം കോരിക്കുടിക്കാനും റോഡിലൂടെ സഞ്ചരിക്കാനും അമ്പലങ്ങളിൽ കയറി മുഖാമുഖം ദൈവങ്ങളോട് ഉള്ളുരുകി പ്രാർത്ഥിക്കാനും കല്ലുമാല ധരിച്ച് മാറുമറയ്ക്കാനും കഴിയാത്ത, സവർണ്ണരുടെ മുഖത്തുനോക്കി പ്രതികരിച്ചാൽ നാവ് പിഴുതെറിയുന്ന, ചവറ്റുകുട്ടയിലിരുന്ന് ചിരട്ടയിൽ ചായകുടിച്ച, കുഴിയിൽ ഇലയിട്ട് ഭക്ഷണം കഴിച്ച ഒരു കാലഘട്ടം നമുക്കുണ്ടായിരുന്നു. ആ കാലഘട്ടത്തെ മാറ്റിമറിച്ചത് നവോത്ഥാന നായകരായ അയ്യങ്കാളിയും പണ്ഡിറ്റ് കറുപ്പനും ശ്രീനാരായണ ഗുരുവുമടക്കമുള്ളവരുടെ ശാന്തവും അതിശക്തവുമായ പോരാട്ടങ്ങളാണ്. സഹോദരൻ അയ്യപ്പന്റെ പന്തിഭോജനവും ശ്രീനാരായണ ഗുരുവിന്റെ ശിവപ്രതിഷ്ഠയും മിശ്രവിവാഹവും അയ്യങ്കാളി നടത്തിയ വില്ലുവണ്ടി സമരവുമൊക്കെ പത്തൊൻപതാം നൂറ്റാണ്ടിലെ വലിയ മാറ്റങ്ങൾക്കാണ്

തുടക്കംകുറിച്ചത്. ഇന്നിവിടെ ഇരിക്കാനും പ്രതികരിക്കാനും റോഡിലൂടെ നടക്കാനുമുള്ള അവകാശങ്ങളുണ്ടാക്കിത്തന്നത് നവോത്ഥാന പ്രസ്ഥാനത്തിന്റെ നായകരായിരുന്നുവെങ്കിൽ അതിന് ചുക്കാൻപിടിച്ച ഗവൺമെന്റാണ് ഇന്ന് സംസ്ഥാനം ഭരിക്കുന്നത്. പാഠപുസ്തകങ്ങൾ പഠിക്കാൻ അവകാശം നിഷേധിക്കപ്പെട്ട കൊച്ചുമക്കളുടെ ദുഃഖങ്ങൾ ഏറ്റെടുത്തുകൊണ്ട് പഞ്ചമിയെന്ന കൊച്ചുകുട്ടിയെയുമെടുത്ത് അയ്യങ്കാളി സമരം നടത്തി പള്ളിക്കൂടങ്ങളിൽ കയറാനുള്ള അവകാശമുണ്ടാക്കിത്തന്നു. കേരളത്തിലുണ്ടായ വലിയ മാറ്റങ്ങളൊക്കെ തിരിച്ചുപിടിക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് മനുസ്മൃതിയിലൂടെ ഇന്ന് രാജ്യത്ത് നടമാടിക്കൊണ്ടിരിക്കുന്നതെന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയേണ്ടതാണ്. സംവരണങ്ങളെ അട്ടിമറിച്ച് ബ്രാഹ്മണിക്കൽ അജണ്ട വീണ്ടും ഈ രാജ്യത്തേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ശ്രമം തിരിച്ചറിഞ്ഞുകൊണ്ട് മുന്നോട്ടുപോകേണ്ട ഘട്ടമാണിത്. അവിടെയാണ് ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പ്രസക്തി. സംവരണങ്ങൾ അട്ടിമറിക്കപ്പെടുന്നുവെന്ന് പറയുന്നതിനപ്പുറം മനുസ്മൃതിയിലേയ്ക്കുള്ള പ്രയാണമാണെന്നുകൂടി തിരിച്ചറിയണം. ബ്രാഹ്മണിസത്തിനെതിരെ ഡോ. ബി. ആർ. അംബേദ്കർ തൊടുത്തുവിട്ട സമരങ്ങളുടെ ഉച്ചസ്ഥായിയാണ് ഇന്ത്യൻ ഭരണഘടനയുടെ 15, 46 വകുപ്പുകൾ. 15-ാം വകുപ്പിലൂടെ

പൗരാവകാശങ്ങൾ പുനഃസ്ഥാപിച്ചു. 46-ാം വകുപ്പിലൂടെ ജാതി-മത-ലിംഗ-വംശ-ജനനസ്ഥലം എന്നിവയുടെ പേരിലുള്ള വിവേചനങ്ങൾ നിഷേധിച്ചു. ഇന്ന് ആ വകുപ്പുകളൊക്കെ എവിടെയാണെന്ന ചിന്ത ഭരണഘടനയെടുത്ത് പരിശോധിക്കുമ്പോൾ ഉണ്ടാകേണ്ടതാണ്. മനുസ്മൃതിയെ ഭരണഘടനയാക്കാൻ ശ്രമിക്കുന്നവർ ഇതെല്ലാം ഇല്ലാതാക്കുകയാണ്. കോൺഗ്രസ്സുകാരുടെ മൃദുബ്രാഹ്മണിസം എന്നും ഇതിന്റെ പുറകിലുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മനുസ്മൃതിയും ബ്രാഹ്മണിസവും തിരിച്ചുവരികയാണെന്ന് നമ്മൾ മനസ്സിലാക്കണം. ഗോവധ നിരോധനം അതിന്റെയൊരു പടിയായി കാണാൻ സാധിക്കും. മനുസ്മൃതിയിൽ പറയുന്നത്,

"സ്വസ്തി പ്രജാഭ്യഃ പരിപാലയന്താം
ന്യായേന മാർഗ്ഗേണ മഹീം മഹീശാഃ
ഗോബ്രാഹ്മണേഭ്യ ശുഭമസ്തു നിത്യം
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു:"

എന്നാണ്. ബ്രാഹ്മണനെയും അതോടൊപ്പം ഗോക്കളെയുമെല്ലാം പരിപാലിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ ഈ ലോകത്ത് ശാന്തിയും സമാധാനവും ഉണ്ടാകുകയുള്ളൂവെന്ന് പറഞ്ഞുകൊണ്ട് പതുക്കെ ബ്രാഹ്മണിസത്തിലേയ്ക്ക് രാജ്യത്തെ കൊണ്ടുവരുന്നതിനുള്ള ശ്രമം ഗോവധ

നിരോധനത്തിലൂടെ ഉണ്ടാകുകയാണ്. കോൺഗ്രസ്സ് ഭരിക്കുന്ന ഉത്തർപ്രദേശിലാണ് ആദ്യമായി ഗോവധ നിരോധനം നടന്നത്. പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി പുരിശങ്കരാചാര്യ അമ്പലത്തിലേയ്ക്ക് കയറിചെന്നപ്പോൾ തടഞ്ഞുനിർത്തിയ കാലഘട്ടമുണ്ടായിരുന്നു. അന്ന് ഭരണഘടന ഉപയോഗിച്ചുകൊണ്ട് പുരിശങ്കരാചാര്യരെ അറസ്റ്റ് ചെയ്യാൻ സാധിച്ചില്ലെന്ന് പറയുമ്പോൾ നമ്മുടെ ആരാധനാവകാശംപോലും നിഷേധിക്കപ്പെടുന്ന രീതിയിലേയ്ക്ക് ബ്രാഹ്മണിസം വളർന്നുവെന്നാണ് മനസ്സിലാകുന്നത്. ഡോ. ബി. ആർ. അംബേദ്കർ ഹിന്ദു കോഡ് അവതരിപ്പിക്കാൻ ശ്രമിച്ചപ്പോൾ 'ഈ ബിൽ ഇവിടെ അവതരിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ ഗവൺമെന്റ് രാജിവയ്ക്കും' എന്നാണ് ജവഹർലാൽ നെഹ്റു പറഞ്ഞത്. ആ ബിൽ പാസ്സാകുമെന്ന് ഡോ. ബി. ആർ. അംബേദ്കർ വിചാരിച്ചെങ്കിലും അത് പാസ്സായില്ല. പണ്ഡിറ്റ് മദൻ മോഹൻ മാളവ്യ ഉൾപ്പെടെയുള്ള കോൺഗ്രസ്സുകാരെ അതിശക്തമായി എതിർത്തുകൊണ്ട് 'എല്ലാവരും ഒന്നാണ്, ഹിന്ദു ഒന്നാണ്' എന്നുപറയുന്നതിനുവേണ്ടി ഡോ. ബി. ആർ. അംബേദ്കർ അവതരിപ്പിക്കാനിരുന്ന ബില്ലായിരുന്നു അത്. എന്നാൽ അതിന് കഴിയാതെ അദ്ദേഹത്തിന് രാജിവയ്ക്കേണ്ട ഗതികേടുണ്ടായി. നെഹ്റു മൗനം

പാലിക്കുന്ന അവസ്ഥാവിശേഷമാണ് അന്നുണ്ടായതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മനുസ്മൃതിയും മഹാഭാരതവും ഭഗവത്ഗീതയും രാമായണവും ഉൾക്കൊള്ളുന്ന പാഠപുസ്തകങ്ങൾ എങ്ങനെയാണ് കുട്ടികളെ പഠിപ്പിക്കാൻ പോകുന്നത്? മുസ്ലീം വിരോധം മാത്രമല്ല, അടിമത്തത്തിലേയ്ക്കും ജാതിവ്യവസ്ഥിതിയിലേയ്ക്കും ഒരു സമൂഹത്തെ എങ്ങനെ കൊണ്ടുവരാൻ കഴിയുമെന്നതാണ് ഭാവിയിൽ എൻ.സി.ഇ.ആർ.ടി.-യിലൂടെ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ പോകുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അതിശക്തമായ ഇടപെടലുകളെക്കുറിച്ച് വളരെ ദീർഘമായി ഇടതുപക്ഷ പ്രസ്ഥാനത്തിന്റെയും യു.ഡി.എഫ്.-ന്റെയും ചില അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അതുകൊണ്ട് കൂടുതൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും കുറച്ച് നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയാണ്. ഗുണനിലവാരമുള്ള വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കുട്ടികളെ കൊണ്ടെത്തിക്കുന്നതിനും അവരെ മോണിറ്റർ ചെയ്യുന്നതിനും ഒന്നാംതരം മുതലുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം. വീടുകളെയും വ്യക്തികളെയും അഡ്രസ് ചെയ്യപ്പെടുന്ന രീതിയിലേയ്ക്ക് അത് മാറ്റേണ്ടതായിട്ടുണ്ട്. അവരുടെ തൊഴിൽ സാധ്യതകളെയും

വിദ്യാഭ്യാസത്തെയും സാമൂഹികാന്തരീക്ഷങ്ങളെയുമെല്ലാം പഠിക്കുന്ന രീതിയിലേയ്ക്ക് വീടുകളെയും വ്യക്തികളെയും അഡ്രസ്സ് ചെയ്യപ്പെട്ട് മുന്നോട്ടുപോകാൻ സാധിച്ചാൽ മാത്രമേ ഇനിയുള്ള കാലഘട്ടത്തിൽ നമ്മുടെ മക്കളെ ഉന്നതിയിലേയ്ക്ക് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. സ്കാറ്റേർഡായി കിടക്കുന്ന വീടുകളിൽ താമസിക്കുന്നവരെ എങ്ങനെ അഡ്രസ്സ് ചെയ്യാൻ കഴിയുമെന്ന് ആലോചിക്കണം. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്ന കാലഘട്ടം കൂടിയാണിത്. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന് സാമ്പത്തികവും മാനസികവുമായ അടിമത്തങ്ങളുണ്ടെന്നുകൂടി എഴുതിച്ചേർക്കപ്പെടേണ്ടതാണ്. അതാണ് രോഹിത് വെമുല ഉൾപ്പെടെയുള്ളവരുടെ ആത്മഹത്യയ്ക്ക് കാരണമായി ഭവിച്ചിട്ടുള്ളതെന്നുകൂടി മനസ്സിലാക്കേണ്ടതുണ്ട്. മാനസിക അടിമത്തത്തിൽ നിൽക്കുന്ന വിദ്യാർത്ഥികളെ അതിൽനിന്ന് മോചിപ്പിക്കാൻ ശ്രമിക്കണം. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയ വീടുകളിൽ യാത്രാസൗകര്യമില്ലാത്തവയും പാടങ്ങളിൽ നിർമ്മിച്ചുനൽകിയവയുമുണ്ട്. അത്തരം വീടുകൾ തകർന്നുപോകുന്ന സാഹചര്യങ്ങളിൽ അവർക്ക് വീട് വയ്ക്കുന്നതിനുവേണ്ടി കൊടുക്കുന്ന ധനസഹായം അപര്യാപ്തമാണ്. ഭവനനിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കണമെന്ന്

സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ അടിസ്ഥാന ജനവിഭാഗങ്ങളിൽ നട്ടെല്ല് ഉയർത്തിപ്പിടിച്ച് അവരുടെ അവകാശങ്ങൾ നേടിക്കൊടുക്കാനുള്ള വലിയ വിപ്ലവകരമായ തീരുമാനത്തിന് നേതൃത്വം നൽകിയത് 1957-ലെ മഹാനായ ഇ.എം.എസ്.-ന്റെ ഗവൺമെന്റാണ്. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കി കൃഷിഭൂമി കർഷകന് കൊടുക്കുക എന്ന മഹത്തായ ആശയത്തെ യാഥാർത്ഥ്യമാക്കാൻ ശ്രമിച്ചതും ഈ സർക്കാരാണ്. 1957-ലെ ഗവൺമെന്റിന്റെ തുടർച്ചയായി പിന്നീട് ഇങ്ങോട്ട് മാറിമാറി വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റുകളാണ് കേരളത്തിലെ അടിസ്ഥാനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യാനും പരിഹരിക്കാനുമാവശ്യമായ നടപടി സ്വീകരിച്ചത്. ഗവൺമെന്റ് ശരിയായ വികസനനയം ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകുന്ന സന്ദർഭങ്ങളിലെല്ലാം പ്രതിപക്ഷം അവയെല്ലാം അട്ടിമറിക്കാനുള്ള പ്രചാരവേലകൾക്കാണ് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. ഇന്ന് സഭയിൽകൊണ്ടുവന്ന അടിയന്തരപ്രമേയത്തിലും തുടർന്ന് നടത്തിയ പ്രസംഗങ്ങളിലും ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉൾപ്പെടെ

സൂചിപ്പിച്ചത്, 'ബി.ജെ.പി.-യോട് കോംപ്രമൈസില്ല; ഞങ്ങളാണ് ബി.ജെ.പി.-ക്കെതിരെ പോരാട്ടം സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്നാണ്. ബി.ജെ.പി.-യെ ശരിയായ നിലയിൽ തുറന്നുകാണിക്കാനുള്ള ക്യാമ്പയിനുകൾ ഏറ്റെടുക്കുന്നത് ഇന്ന് കേരളത്തിലെ കോൺഗ്രസ്സാണെന്ന നിലയിലുള്ള പ്രസംഗമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടായത്. ഇവിടെ നാം കാണേണ്ടത് ആരാണ് ഈ രാജ്യത്ത് ബി.ജെ.പി.-ക്കുവേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നത് എന്നുള്ളതാണ്. പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ No compromise with BJP എന്നായിരുന്നുവെങ്കിൽ ഇന്ന് രാജ്യം ഭരിക്കുന്ന സംഘ്പരിവാർ രാഷ്ട്രീയത്തോടൊപ്പം നിൽക്കാൻ കോൺഗ്രസ്സിന് സാധിക്കുമായിരുന്നില്ല. നേരത്തെ കോൺഗ്രസ്സായിരുന്നവരാണ് ഇന്ന് നരേന്ദ്ര മോദി മന്ത്രിസഭയിലെ പ്രമുഖരെന്ന് കാണാൻ കഴിയും. വർത്തമാന കാലഘട്ടത്തിൽ രാജ്യത്തിന്റെ രാഷ്ട്രീയ പരിസരത്തേയ്ക്ക് നോക്കുമ്പോൾ മുമ്പ് കോൺഗ്രസ്സായിരുന്നവർ ഇന്ന് ബി.ജെ.പി. ആയി മാറുന്നതാണ് കാണാൻ കഴിയുന്നത്. ബി.ജെ.പി.-ക്ക് ഏറ്റവുമധികം മന്ത്രിമാരെയും എം.എൽ.എ.-മാരെയും സംഭാവന ചെയ്യാനുള്ള ഏജൻസിയായി കോൺഗ്രസ്സ് മാറിയിരിക്കുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം നിങ്ങളിത് പരിശോധിക്കണം. ദീർഘകാലം കോൺഗ്രസിനായി

പ്രവർത്തിച്ച് ഹരിയാനയിൽനിന്ന് നിയമസഭയിലും ലോക്സഭയിലും എത്തിയ ആളാണ് ശ്രീ. റാവു ഇന്ദ്രജിത്ത് സിംഗ്. അദ്ദേഹം ഇന്ന് സംഘ്പരിവാർ രാഷ്ട്രീയത്തോടൊപ്പം ചേർന്ന് ശ്രീ. നരേന്ദ്ര മോദിയുടെ മന്ത്രിസഭയിലാണ്. ശ്രീ. ജ്യോതിരാദിത്യ സിന്ധ്യ ഈ രാജ്യത്തെ കോൺഗ്രസ്സിന്റെ സമുന്നത നേതാവും കോൺഗ്രസ്സ് ഉപാദ്ധ്യക്ഷൻ ശ്രീ. രാഹുൽ ഗാന്ധിയുടെ ബ്രിഗേഡായി പ്രവർത്തിച്ച എ.ഐ.സി.സി.-യുടെ ജനറൽ സെക്രട്ടറിയുമായിരുന്നു. അദ്ദേഹം ഇന്ന് സംഘ്പരിവാർ രാഷ്ട്രീയത്തോട് ചേർന്നുനിൽക്കുന്നു. മഹാരാഷ്ട്ര സർക്കാരിൽ രണ്ടുതവണ കോൺഗ്രസ്സിനോടൊപ്പം നിന്ന് മന്ത്രിയാകുകയും 2017-വരെ കോൺഗ്രസ്സിൽ പ്രവർത്തിക്കുകയും ചെയ്ത ശ്രീ. നാരായൺ റാണെ ഇന്ന് സംഘ്പരിവാർ രാഷ്ട്രീയത്തോടൊപ്പം ചേർന്നുനിൽക്കുന്ന ആളായി മാറി. ഇനി ഇന്ത്യയിലെ അഞ്ച് മുഖ്യമന്ത്രിമാരുടെ കാര്യം നോക്കാം. മണിപ്പൂരിലെ മുഖ്യമന്ത്രി ശ്രീ. എൻ. ബിരേൻ സിംഗും അരുണാചൽ പ്രദേശിലെ മുഖ്യമന്ത്രി ശ്രീ. പേമ ഖണ്ഡുവും ആസ്സാമിലെ ശ്രീ. ഹിമന്ത ബിശ്വ ശർമ്മയും നാഗാലാൻഡിലെ മുഖ്യമന്ത്രിയും ത്രിപുരയിലെ ഡോ. മണിക് സാഹയും നേരത്തെ കോൺഗ്രസ്സ് പാർട്ടിയിലായിരുന്നു, ഇപ്പോൾ ബി.ജെ.പി-യിലേയ്ക്ക് മാറി. ഇന്ത്യയിലെ അഞ്ച് മുഖ്യമന്ത്രിമാരെ ബി.ജെ.പി.-ക്ക് സംഭാവന ചെയ്ത

ഏജൻസിയായി കോൺഗ്രസ്സ് മാറിയത് കേരളത്തിലെ കോൺഗ്രസ്സ് അറിഞ്ഞിരുന്നില്ലേ? ഇത്രമേൽ മോശമായ സാഹചര്യത്തിലേയ്ക്കാണ് നമ്മുടെ കോൺഗ്രസ്സ് മാറിയിരിക്കുന്നത്. ആരാണ് ഈ രാജ്യത്ത് ബി.ജെ.പി.-യായി മാറിക്കൊണ്ടിരിക്കുന്നത്, പരിശോധിക്കണ്ടേ; ഇടതുപക്ഷമാണോ? മതനിരപേക്ഷതയുടെ മൂല്യം ഉയർത്തിപ്പിടിക്കുന്ന ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്നവരല്ല, മറിച്ച് കപട മതനിരപേക്ഷ വാദമുയർത്തി ഈ രാജ്യത്ത് മൃദുഹിന്ദുത്വ സമീപനം സ്വീകരിച്ച് തെറ്റായ പ്രവർത്തനങ്ങളുടെ ഭാഗമായ കോൺഗ്രസ്സാണ് ഇന്ന് ബി.ജെ.പി.-ക്ക് ഏറ്റവുമധികം ആളുകളെ സംഭാവന ചെയ്യുന്ന ഏജൻസിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ വസ്തുതകൾ ഇന്നത്തെ കോൺഗ്രസ്സിന് കാണാൻ കഴിയുന്നുണ്ടോ? ഈ കോൺഗ്രസ്സാണ് ഇത്രയും വലിയ പ്രതിസന്ധിയാർന്ന അന്തരീക്ഷത്തിലേയ്ക്ക് നമ്മുടെ രാജ്യത്തെ മാറ്റിയത്. കേരളത്തിൽ മെച്ചപ്പെട്ട വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ഗവൺമെന്റിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങളും പ്രചാരണ പ്രവർത്തനങ്ങളുമാണ് അവർ നടത്തുന്നത്. ഗവൺമെന്റ് ഏറ്റെടുക്കുന്ന ക്ഷേമപ്രവർത്തനങ്ങളെ തെറ്റായ നിലയിൽ വ്യാഖ്യാനിച്ച് പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്ന ഇവർക്കാണ് സംഘ്പരിവാർ

രാഷ്ട്രീയത്തിനെതിരായി പ്രസംഗിച്ചാൽ മാത്രം പോരാ പ്രവർത്തിക്കുകയും വേണമെന്ന തിരിച്ചറിവുണ്ടാകേണ്ടത്. അങ്ങനെ പ്രവർത്തിച്ചിരുന്നെങ്കിൽ, കോൺഗ്രസ്സ് ഉയർത്തിപ്പിടിക്കുന്ന ആശയധാരയിൽ ഇവരെ നിലനിർത്താൻ കഴിഞ്ഞിരുന്നെങ്കിൽ ഈ രാജ്യത്തിന്റെ മണ്ണിൽ ബി.ജെ.പി.-ക്ക് പ്രവർത്തകരെയും മന്ത്രിമാരെയും ജനപ്രതിനിധികളെയും സംഭാവന ചെയ്യുന്ന പാർട്ടിയായി കോൺഗ്രസ് മാറുമായിരുന്നില്ല. സംസ്ഥാനത്ത് നാം മുന്നോട്ടുവയ്ക്കുന്ന എല്ലാ തലത്തിലുമുള്ള ക്ഷേമപ്രവർത്തനങ്ങളെയും ഇവർ അട്ടിമറിക്കുകയാണ്. രാജ്യത്ത് സവർണ്ണാധിപത്യ നയങ്ങൾ ഗവൺമെന്റ് നടപ്പിലാക്കുന്ന സന്ദർഭത്തിൽ കോൺഗ്രസ്സിന് പ്രതികരിക്കാൻ കഴിയുന്നില്ല. കാരണം, കോൺഗ്രസ് മൃദുഹിന്ദുത്വ സമീപനമാണ് സ്വീകരിക്കുന്നത്. ഉത്തരേന്ത്യൻ രാഷ്ട്രീയത്തിലും കേരള രാഷ്ട്രീയത്തിലും കോൺഗ്രസിന്റെ സമീപനം വ്യത്യസ്തമാണ്. ബി.ജെ.പി.-ക്കെതിരായി, സംഘ്പരിവാർ രാഷ്ട്രീയത്തിനെതിരായി ഉറക്കെ സംസാരിക്കാൻ കഴിയാത്ത പാർട്ടിയായി കോൺഗ്രസ് മാറുന്നുവെന്നുള്ള യാഥാർത്ഥ്യം നമ്മൾ കാണണം. ഈ സംഘ്പരിവാർ രാഷ്ട്രീയം രാജ്യം ഭരിക്കുന്ന സന്ദർഭത്തിലാണ് ഹൈദ്രാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലെ ഗവേഷക വിദ്യാർത്ഥിയായിരുന്ന രോഹിത് വെമുലയ്ക്ക് ആത്മഹത്യ ചെയ്യേണ്ടിവന്നത്. ഇത്രയും മനോഹരമായൊരു

ആത്മഹത്യാക്കുറിപ്പ് എഴുതിവച്ച് ഒരു മനുഷ്യനും ആത്മഹത്യ ചെയ്തതായി എന്റെ അറിവിലില്ല. 'നിശബ്ദനായാണ് ഞാൻ വന്നത്, നിശബ്ദനായിത്തന്നെ മടങ്ങുന്നു. എന്റെ ജനനം തന്നെയാണ് എന്റെ മരണകാരണം' എന്നാണ് അദ്ദേഹം കുറിച്ചുവച്ചത്. അവർണ്ണ വിഭാഗത്തിൽപ്പെടുന്ന ഒരു സാധാരണ കുടുംബത്തിൽ ജനിച്ച ഒരാളായതുകൊണ്ടുമാത്രം എനിക്ക് ഈ രാജ്യത്തിന്റെ മണ്ണിൽ വിദ്യാഭ്യാസമില്ല; എന്നെ പഠിക്കാൻ അനുവദിക്കുന്നില്ല; എന്നെ മാനസികമായും ശാരീരികമായും ഈ രാജ്യത്തെ കേന്ദ്ര സർവ്വകലാശാലകൾപോലും പ്രയാസപ്പെടുത്തുന്നു; എനിക്ക് ഈ രാജ്യത്തിന്റെ മണ്ണിൽ പഠിക്കാനാവില്ല എന്ന് പ്രഖ്യാപിച്ച് ആത്മഹത്യ ചെയ്യേണ്ടിവന്ന, ശാസ്ത്രജ്ഞനാകാൻ ആഗ്രഹിച്ച മിടുക്കനായ ഒരു വിദ്യാർത്ഥിയുടെ അനുഭവം നമുക്കുണ്ട്. അങ്ങനെ സവർണ്ണാധിപത്യ നയം സ്വീകരിക്കുന്ന ഗവൺമെന്റിനെതിരായി പ്രതികരിക്കാൻ കോൺഗ്രസിനോ മതനിരപേക്ഷ കക്ഷികളായി പ്രഖ്യാപിച്ച് അവരോടൊപ്പം നിൽക്കുന്നവർക്കോ കഴിയുന്നില്ലെന്നുള്ളത് നാം തിരിച്ചറിയേണ്ടതാണ്. വൈവിധ്യമാർന്ന പദ്ധതികൾ കേരളത്തിന്റെ മണ്ണിലെ പിന്നോക്ക ജനവിഭാഗങ്ങൾക്കുവേണ്ടി ഗവൺമെന്റ് നടപ്പിലാക്കുകയാണ്. കഴിഞ്ഞ

ബഡ്ജറ്റിൽ പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായി വകയിരുത്തിയ 3579 കോടി രൂപ ഈ വർഷം 4224 കോടി രൂപയായി ഉയർത്തി ശരിയായ രീതിയിൽ വിനിയോഗിക്കാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. പട്ടികജാതി ജനവിഭാഗങ്ങൾക്കുവേണ്ടി ഭൂമി, പാർപ്പിടം, മറ്റ് വികസന പദ്ധതികൾ എന്നിവയ്ക്കായി 1935.38 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഒരു ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായമായി 1,25,000/- രൂപ വരെ നൽകാൻ തീരുമാനിച്ചതിന്റെ ഭാഗമായി 83.39 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഈ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി ആശ്വാസമേകാനും അവരുടെ ജീവിതനിലവാരം ഉയർത്താനുമാവശ്യമായ നയങ്ങൾ സ്വീകരിച്ചുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സഹായത്തോടൊപ്പം മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ, കെട്ടിട നിർമ്മാണത്തിനുള്ള ഭൂമി വാങ്ങൽ മുതലായവയ്ക്കായി 325.61 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഐ.എ.എസ്., പരിശീലനത്തിനും പൈലറ്റാകുന്നതിനും വിദേശപഠനത്തിനുമൊക്കെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

ഏർപ്പെടുത്തുകയുണ്ടായി. വൈജ്ഞാനിക സമൂഹം കെട്ടിപ്പടുക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തിലേയ്ക്കെത്താനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ, മറ്റു പിന്നോക്ക ജനവിഭാഗങ്ങളെക്കൂടി ഇതിന്റെ ഭാഗമാക്കാനുള്ള ഇടപെടലാണ് നടത്തുന്നത്. കോവിഡ്-19 കാലത്ത് ഡിജിറ്റൽ പഠന സൗകര്യത്തിനായി ഇടമലക്കുടിയിൽ മാത്രം 4.30 കോടി രൂപയാണ് ഇന്റർനെറ്റ് കണക്ടിവിറ്റിക്കുവേണ്ടി ചെലവഴിച്ചത്. ഇന്റർനെറ്റും ആധുനിക വിവര സാങ്കേതികവിദ്യയുടെ സൗകര്യങ്ങളും പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിച്ച് സമയബന്ധിതമായി പൂർത്തീകരിച്ച ഗവൺമെന്റാണിത്. ഇത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെ ദുർബ്ബലപ്പെടുത്താനുള്ള നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നതെന്ന് ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. അതുകൊണ്ടുതന്നെ ഒന്നാം പിണറായി വിജയൻ സർക്കാർ നേടിയതിനേക്കാൾ മികവാർന്ന വിജയം നേടിയാണ് രണ്ടാം പിണറായി വിജയൻ സർക്കാർ കേരളത്തിന്റെ മണ്ണിൽ അധികാരത്തിൽ വന്നിട്ടുള്ളതെന്ന് ഇവിടെയിരിക്കുന്ന പ്രതിപക്ഷാംഗങ്ങൾ തിരിച്ചറിയണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ

ഉപസംഹരിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ദളിത് ന്യൂനപക്ഷ ആദിവാസി വിഭാഗങ്ങൾ ഇന്ത്യയുടെ ചരിത്രത്തിലൊരിക്കലുമില്ലാത്ത രീതിയിൽ ആശങ്കയോടും ഭയപ്പാടോടും കഴിയുന്ന കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ദേശീയ രാഷ്ട്രീയത്തിൽ ബി.ജെ.പി.-യുടെ ഗവൺമെന്റുകൾ നടത്തുന്ന ദളിത് ആദിവാസി ന്യൂനപക്ഷ വിരുദ്ധ സമീപനത്തിന് ഒരുപാട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. കേന്ദ്ര സർക്കാരിന്റെ പൊതുവായ നയ സമീപനം ദളിത് വിരുദ്ധതയാണെന്ന് നമുക്കറിയാം. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നീക്കിവച്ച പദ്ധതി വിഹിതം വെട്ടിക്കുറച്ച സാഹചര്യം ചരിത്രത്തിലുണ്ടായിട്ടുണ്ടെങ്കിൽ അത് നരേന്ദ്ര മോദി ഗവൺമെന്റിന്റെ കാലത്താണ്. നരേന്ദ്ര മോദി ഗവൺമെന്റ് ഇന്ത്യയുടെ രാഷ്ട്രപതി സ്ഥാനത്തേക്ക് ദളിത് വിഭാഗത്തിൽ നിന്ന് ശ്രീ. രാംനാഥ് കോവിന്ദിനെ കൊണ്ടുവന്നു. ആദിവാസി വിഭാഗത്തിൽനിന്ന് ഒരു പ്രസിഡന്റ് സ്ഥാനാർത്ഥിയെ കൊണ്ടുവന്ന് ഇന്ത്യയിലെ ദളിത് പ്രശ്നങ്ങളും ആദിവാസി പ്രശ്നങ്ങളും പരിഹരിക്കാമെന്ന് വ്യാമോഹിക്കുകയാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളായ ഹത്രാസിലും പൂനെയിലുമൊക്കെ കേൾക്കുന്ന വേദനകളും

നിലവിളികളും ബി.ജെ.പി. ഗവൺമെന്റിന്റെയോ വിശ്വഹിന്ദു പരിഷത്തിന്റെയോ സംഘ്പരിവാറിന്റെയോ സൃഷ്ടികളാണ്. യഥാർത്ഥത്തിൽ വേണ്ടത് പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് വഴിനടക്കാനും ക്ഷേത്രങ്ങളിൽ പോകാനും തൊഴിൽ ചെയ്യാനുമുള്ള സാഹചര്യമൊരുക്കലാണ്. ഇന്ന് ആൾക്കൂട്ട കൊലപാതകങ്ങൾക്കും കൂട്ടബലാത്സംഗങ്ങൾക്കും ഇരയാകുന്ന നിരവധി ദളിത് യുവതികളുടെയും യുവാക്കളുടെയും പേരുകൾ നമുക്ക് പറയാൻ കഴിയും. ആ രീതിയിലുള്ള സമീപനമാണ് ബി.ജെ.പി. ഗവൺമെന്റ്, നരേന്ദ്ര മോദി ഗവൺമെന്റ് എടുക്കുന്നതെങ്കിൽ കേരളത്തിലെ ഗവൺമെന്റിന്റെ സമീപനവും ഒട്ടും വ്യത്യസ്തമല്ല. എന്നെ അത്ഭുതപ്പെടുത്തുന്ന ഒരു കാര്യം, ഇവിടെ സംസാരിച്ച അംഗങ്ങളിൽ കൂടുതൽ പേരും പറഞ്ഞത് കേരളത്തിന്റെ ദളിത് സാമൂഹിക മുന്നേറ്റങ്ങൾക്ക് കമ്മ്യൂണിസ്റ്റ് പാർട്ടി വഹിച്ച പങ്കിനെക്കുറിച്ചാണ് എന്നുള്ളതാണ്. ഞങ്ങളൊക്കെ വായിച്ച് പഠിച്ച കാര്യങ്ങൾ തെറ്റാണോയെന്ന് പരിശോധിക്കേണ്ട സാഹചര്യമാണുള്ളത്. ക്ഷേത്രങ്ങളിലേയ്ക്ക് പ്രവേശിക്കാനും വഴിനടക്കാനുമുള്ള അവകാശം വാങ്ങിക്കൊടുത്തത് കമ്മ്യൂണിസ്റ്റ് പാർട്ടിയും നേതാക്കളുമാണെന്നാണ് പറയുന്നത്. വൈക്കം, ഗുരുവായൂർ സത്യാഗ്രഹങ്ങളിലും തിരുവനന്തപുരം

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലേയ്ക്കുള്ള പ്രവേശനവുമുൾപ്പെടെയുള്ള കാര്യങ്ങളിലും കോൺഗ്രസ് നേതാക്കളെടുത്ത സമരവും പ്രക്ഷോഭവും നിലപാടുകളും ചരിത്രത്തിന്റെ ഭാഗമാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, അവരുടെ പേര് പറയണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കോൺഗ്രസ് നേതാക്കളാണ്. മറിച്ച് അഭിപ്രായമുണ്ടോ? അങ്ങനെ ഗുരുവായൂർ, വൈക്കം സത്യാഗ്രഹങ്ങൾപോലെയുള്ള എല്ലാ സമരങ്ങൾക്കും നേതൃത്വം നൽകിയത് കോൺഗ്രസ് നേതാക്കളാണ്. പക്ഷേ, ഇവിടെ പറയുന്നത് കമ്മ്യൂണിസ്റ്റുകാരാണെന്നാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ചരിത്രത്തെ വളച്ചൊടിക്കുന്നത് കുറച്ച് നാളുകളായി കണ്ടുകൊണ്ടിരിക്കുകയാണ്.

ഡോ. എം. കെ. മുനീർ: സർ, എ.കെ.ജി.-യും പി. കൃഷ്ണപിള്ളയും കോൺഗ്രസായിരുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, എ.കെ.ജി.-യും പി. കൃഷ്ണപിള്ളയും കോൺഗ്രസായിരുന്നപ്പോഴാണ് സമരത്തിന് നേതൃത്വം നൽകിയത്. ഞങ്ങൾക്ക് അത് പറയാൻ മടിയില്ല. കോൺഗ്രസിന്റെ കൊടിപിടിച്ചാണ് സമരം നടത്തിയത്, കോൺഗ്രസിന്റെ കാഴ്ചപ്പാടാണ് നടപ്പിലാക്കിയത്. ആ സമരത്തിന് വോളന്റിയർമാരായി പ്രവർത്തിച്ചത് കോൺഗ്രസ്

പ്രവർത്തകരാണ്. ആ ചരിത്രമൊന്നും അറിയാത്തവരല്ല ഞങ്ങൾ. സ്വാതന്ത്ര്യസമരം ഇടക്കാലത്തേയ്ക്ക് നിർത്തിവച്ച് പിന്നോക്കാവസ്ഥ നേരിടുന്ന ദളിത് വിഭാഗങ്ങളുടെ സാമൂഹിക മുന്നേറ്റത്തിനുവേണ്ടിയുള്ള പ്രക്ഷോഭത്തിന് നേതൃത്വം നൽകിയത് മഹാത്മാഗാന്ധിയും ഇന്ത്യൻ നാഷണൽ കോൺഗ്രസുമാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ലോകത്ത് എവിടെയെങ്കിലും ഇങ്ങനെയൊരു സമര ചരിത്രം കാണാൻ കഴിയുമോ? അങ്ങനെയുള്ള കോൺഗ്രസ് ആളുകളുടെ മുഖത്തുനോക്കി ഇവിടത്തെ കമ്മ്യൂണിസ്റ്റുകാരാണ് ഇത്തരം സമരങ്ങൾ നയിച്ചതെന്നാണ് പറയുന്നത്. സമയപരിമിതികൊണ്ട് അതിലേയ്ക്കൊന്നും ഞാൻ കൂടുതലായി കടക്കുന്നില്ല. എനിക്ക് ഈ ഗവൺമെന്റ് നടപ്പാക്കിയ ചില കാര്യങ്ങളെക്കുറിച്ചാണ് പറയാനുള്ളത്. 1996-ൽ അങ്ങ് മന്ത്രിയായിരുന്ന കാലത്ത് നടപ്പാക്കിയ കുറേ കാര്യങ്ങളിൽ മാറിമാറിവന്ന ഗവൺമെന്റുകൾ പലതും പുതുതായി കൂട്ടിച്ചേർത്ത് കുറേ പദ്ധതികൾ നടപ്പാക്കി. ഈ വിഭാഗത്തിന് പദ്ധതി വിഹിതമുള്ളതിനാൽ ഏത് മന്ത്രിമാർ അധികാരത്തിൽ വന്നാലും കുറെയേറെ കാര്യങ്ങൾ ചെയ്യുന്നത് സ്വാഭാവികമാണ്. ദളിത് വിഭാഗങ്ങളോടുള്ള സമീപനമെന്താണ്?

ബി.ജെ.പി. ഗവൺമെന്റിന്റേതുപോലെയുള്ള ദളിത് വിരുദ്ധ സമീപനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുമുള്ളതെന്ന് അടിവരയിട്ട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ വിഭാഗങ്ങൾക്കായി സർക്കാർ ഇവിടെ വീടും ഭൂമിയുമൊക്കെ കൊടുത്തുവെന്ന് പറയുന്നതുകേട്ടു. ഏത് ഗവൺമെന്റിന്റെ കാലത്താണ് അത് കൊടുക്കാത്തത്? യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ ഇതൊന്നും ചെയ്തിട്ടില്ലേ; ഇല്ലെന്ന് പറയാൻ സാധിക്കുമോ? സമീപനത്തിലാണ് വ്യത്യാസമുള്ളത്. ആ സമീപനത്തെക്കുറിച്ചാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. ഇന്നിവിടെ ഇ.ഡബ്ല്യു.എസ്. (Economically Weaker Section)-നെക്കുറിച്ച് പറയുകയുണ്ടായി. ദേവസ്വം ബോർഡ് നിയമനങ്ങളിൽ ദളിത് വിഭാഗത്തിനാണ് പ്രയോറിറ്റിയുണ്ടായിരുന്നതെങ്കിൽ ഗവൺമെന്റ് അതുമാറ്റി ഇ.ഡബ്ല്യു.എസ്.-നുശേഷമാക്കിയിരിക്കുകയാണ്. അങ്ങേയ്ക്ക് ഞാൻ പറഞ്ഞത് ഒറ്റവാക്കിൽ മനസ്സിലാകുമെന്നുള്ളതുകൊണ്ടാണ് അതിനെക്കുറിച്ച് വിശദമായി കടന്നുപോകാത്തത്. എസ്.സി. വിഭാഗങ്ങൾക്ക് ദേവസ്വം ബോർഡിനുകീഴിലുള്ള അൺഎയ്ഡഡ് കോളേജുകളിൽ നിയമനം നൽകാൻ ബുദ്ധിമുട്ടുണ്ട്, അത് ഞങ്ങൾക്ക് മനസ്സിലാകും. പക്ഷേ, ദേവസ്വം ബോർഡിന്റെ കീഴിലുള്ള കോളേജുകളിൽ എന്തുകൊണ്ട് സംവരണം

നൽകാൻ കഴിയുന്നില്ല? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഉചിതമായ സമയത്ത് തീരുമാനമെടുക്കുമെന്നാണ്. ആ ഉചിതമായ സമയം എന്നാണ്? ഗവൺമെന്റ് ഇത്തരം കാര്യങ്ങളിൽ ഉചിതമായ തീരുമാനമെടുക്കുന്നത് നീട്ടിക്കൊണ്ടുപോകുകയും മറ്റ് കാര്യങ്ങൾക്ക് പ്രയോറിറ്റി നൽകുകയുമാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് ഞങ്ങൾ ജനസംഖ്യാനുപാതികമായിട്ടല്ല, അതിലുംകൂടുതൽ ഫണ്ട് കൊടുത്തു എന്നാണ്. ഞാൻ 2016-17 മുതൽ 2020-21 വരെയുള്ള കണക്ക് പരിശോധിച്ചു. 9.1 ശതമാനത്തിനുപകരം 9.81 ശതമാനംവരെ നിങ്ങൾ കൊടുത്തിട്ടുണ്ട്. പക്ഷേ ചെലവ് മുൻകാലങ്ങളേക്കാൾ കുറവാണ്. പ്രഖ്യാപനം മാത്രമേയുള്ളൂ, യഥാർത്ഥത്തിൽ അവർക്ക് ഫണ്ട് ലഭ്യമാകുന്നില്ല. കിഫ്ബിയിലൂടെ ആയിരക്കണക്കിന് കോടി രൂപ ചെലവഴിക്കുമ്പോൾ ഒരു ചെറിയ തുകയെങ്കിലും പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മാറ്റിവച്ചുകൂടേ? പാലക്കാട് മെഡിക്കൽ കോളേജ് ആറ് വർഷമായി എങ്ങനെയാണ് പ്രവർത്തിക്കുന്നത്? മഹാനായ അയ്യങ്കാളി 10 പേരെ ബി.എ.-ക്കാരാക്കണമെന്നാണ് സ്വപ്നം കണ്ടതെങ്കിൽ 72 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളെ ഒരു വർഷം ഡോക്ടർമാരാക്കി പുറത്തിറക്കുന്നതിനുവേണ്ടിയാണ് ആ മെഡിക്കൽ കോളേജിന് യു.ഡി.എഫ്.

ഗവൺമെന്റ് തുടക്കം കുറിച്ചത്. പാലക്കാട് മെഡിക്കൽ കോളേജിന്റെ ഇൻഫ്രാസ്ട്രക്ചറിനും മറ്റുമായി ഒരു രൂപപോലും കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടില്ല. ഇരുന്നൂറ് ജീവനക്കാരെയെങ്കിലും വച്ച് ആ മെഡിക്കൽ കോളേജിനെ ശക്തിപ്പെടുത്തിയിരുന്നെങ്കിൽ മാതൃ-ശിശുമരണങ്ങളുണ്ടാകുന്ന അട്ടപ്പാടിയിലെ പാവപ്പെട്ടവർക്ക് സഹായകമാകുമായിരുന്നില്ലേ? ഈ മെഡിക്കൽ കോളേജിനോട് ഗവൺമെന്റ് സ്വീകരിക്കുന്നത് ദളിത് വിരുദ്ധ സമീപനമാണ്. ഏതെല്ലാം വകുപ്പുകളിൽ എസ്.സി. വിഭാഗത്തിന് നിയമനങ്ങൾ ലഭിച്ചിട്ടില്ലെന്ന് കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ചുമതലയുള്ള സെക്രട്ടേറിയറ്റിലെ സെൽ-ബി പിരിച്ചുവിട്ടത് എന്തിനാണ്? റിപ്പോർട്ട് ചെയ്തിട്ടുപോലും പല കാരണങ്ങൾകൊണ്ടും എസ്.സി. വിഭാഗത്തിനുള്ള ഇത്തരം നിയമനങ്ങൾ നടക്കുന്നില്ല. സെൽ-ബി പിരിച്ചുവിട്ടിട്ടില്ലെന്നാണ് നിങ്ങൾ പറയുന്നത്. പക്ഷേ പിരിച്ചുവിട്ട ഉത്തരവ് അതുപോലെ നിലനിൽക്കുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ദളിത് വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇല്ലാതാക്കുന്ന സമീപനമാണ് നിങ്ങൾ സ്വീകരിക്കുന്നതെന്ന്. ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്താം. പദ്ധതിയുമായി ബന്ധപ്പെട്ട് മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ

വരുന്നതുവരെ എസ്.സി. വിഭാഗത്തിന് 4,50,000/- രൂപയായിരുന്നു ലൈഫ് മിഷൻ പദ്ധതിപ്രകാരം വീട് വയ്ക്കാൻ കൊടുത്തിരുന്നത്. ഈ സർക്കാർ അത് 4,00,000/- രൂപയായി കുറയ്ക്കുകയാണുണ്ടായത്. അതുകൊണ്ടാണ് നിങ്ങളുടെ പ്രയോറിറ്റി എസ്.സി. വിഭാഗങ്ങളുടെ താല്പര്യങ്ങൾക്കല്ലെന്ന് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇത്തരം കാര്യങ്ങളിലൊക്കെയുള്ള അങ്ങയുടെ നിലപാട് വ്യക്തമാക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടൊരു കാര്യം ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ചത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി ആദ്യം സംസാരിക്കട്ടെ.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. പി. സി. വിഷ്ണുനാഥ് ഇപ്പോൾ സഭയിലില്ല. അദ്ദേഹം ഏകാദ്ധ്യാപക വിദ്യാലയങ്ങളെ സംബന്ധിച്ചുള്ള ഒരു വിമർശനമാണ് ഇവിടെ ഉന്നയിച്ചത്. യാത്രാസൗകര്യം തീരെയില്ലാത്തതും വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന ഒറ്റപ്പെട്ട തീരപ്രദേശങ്ങളിലെയും വനമേഖലയിലെയും വിദ്യാർത്ഥികളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് 1997-ൽ

ഡി.പി.ഇ.പി. പദ്ധതിയിൽ രൂപം കൊടുത്തതാണ് ഏകാദ്ധ്യാപക വിദ്യാലയങ്ങൾ. 2021 വരെ 11 ജില്ലകളിലായി 270 ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ 3818 വിദ്യാർത്ഥികളായിരുന്നു പഠനം നടത്തിയിരുന്നത്. ഈ വിദ്യാലയങ്ങളിൽ അദ്ധ്യാപനത്തിന് അതത് പ്രദേശങ്ങളിലെ വിദ്യാഭ്യാസ യോഗ്യതയും താല്പര്യവുമുള്ളവരെ വിദ്യാവോളന്റിയർമാരായി താൽക്കാലികമായി നിയമിച്ചത്. 344 പേരെയാണ് ഇത്തരത്തിൽ നിയമിക്കപ്പെട്ടത്. ഇവർക്ക് ഓണറേറിയമായി 18,500/- രൂപയാണ് നൽകിയത്. പൊതുവിദ്യാലയങ്ങൾ ഹൈടെക്കാകുകയും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളോടെ മികവിന്റെ കേന്ദ്രങ്ങളായി മാറുകയും ചെയ്ത പശ്ചാത്തലത്തിൽ ഒരു സൗകര്യവുമില്ലാത്ത ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്കും ഇക്കാര്യങ്ങൾ അനുഭവവേദ്യമാക്കേണ്ടതായിട്ടുണ്ട്. അതിനാൽ തൊട്ടടുത്ത പ്രൈമറി സ്കൂളുകളിലെത്തിച്ചേരാൻ സാധിക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഗോത്രവർഗ്ഗ വകുപ്പിന്റെയും സഹായത്തോടുകൂടി സ്കൂളുകളിലെത്തിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് മുൻകയ്യെടുക്കുകയുണ്ടായി. തൊട്ടടുത്ത എൽ.പി. സ്കൂളുകളിൽ കുട്ടികൾക്ക് ഗതാഗതമാർഗ്ഗമെത്തിക്കാൻ കഴിയുമെന്ന് പഠന

റിപ്പോർട്ടിൽ ഉറപ്പുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ 243 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പൂട്ടാനും ഇത്തരത്തിൽ സൗകര്യമില്ലാത്ത ബാക്കി 27 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ തുടരാനും തീരുമാനിച്ചിട്ടുണ്ട്. വിദ്യാവോളന്റിയർമാർക്ക് ആദ്യനിയമനം നൽകിയ സീനിയോറിറ്റിയുടെയും സമ്മതത്തിന്റെയും അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ 23,000-50,200/- രൂപ ശമ്പള സ്കെയിലിൽ പി.ടി.സി.എം. (പാർട്ട് ടൈം കണ്ടിജന്റ് മീനിയൽ), എഫ്.ടി.എം. (ഫുൾ ടൈം മീനിയൽ) തസ്തികകളിൽ സ്ഥിരനിയമനം നടത്തി ജോലി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. അമ്പൂരി, കുന്നമല, അഗസ്ത്യ എന്നീ ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ പ്രൈമറി വിഭാഗത്തിൽ ഏഴ് വിദ്യാർത്ഥികളാണുണ്ടായിരുന്നത്. ഈ വിദ്യാർത്ഥികളെ പുരളിമല ട്രൈബൽ എൽ.പി.എസ്., സെന്റ് ജോർജ് എൽ.പി.എസ്., അമ്പൂരി എന്നിവിടങ്ങളിൽ പഠിപ്പിക്കുന്നതിന് സൗകര്യം ഉറപ്പുവരുത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിൽ വിദ്യാവോളന്റിയറായി സേവനമനുഷ്ഠിച്ച ശ്രീമതി കെ. ആർ. ഉഷാകുമാരിയെ അവരുടെ സമ്മതത്തോടെ പേരൂർക്കട പി.എസ്.എൻ.എം. ഹയർസെക്കണ്ടറി സ്കൂളിൽ പാർട്ട് ടൈം കണ്ടിജൻസി മീനിയലായി നിയമനം നൽകി. ഇത്തരത്തിൽ വിദ്യാവോളന്റിയർമാർക്ക് സ്ഥിരജോലിയും തൊഴിലും സുരക്ഷിതത്വവും

ഉറപ്പുവരുത്തുകയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തിട്ടുള്ളത്. വിദ്യാവോളന്റിയർമാർക്ക് ഏകാദ്ധ്യാപകരായി തുടരാനാണ് താല്പര്യമെങ്കിൽ സമ്മതപത്രം പിൻവലിച്ച് പ്രസ്തുത സ്കൂളിൽ തുടരാനും അവസരം നൽകുന്നുണ്ട്. ഏകാദ്ധ്യാപക വിദ്യാലയങ്ങളിലേയ്ക്ക് തിരിച്ചുപോകാൻ താല്പര്യമുള്ളവർ എഴുതിത്തന്നാൽ തിരിച്ചയയ്ക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. വോളന്റിയേഴ്സായി വന്നിട്ടുള്ള പകുതിയിലധികം പേരും അദ്ധ്യാപക യോഗ്യത നേടിയവരല്ല. ഇപ്പോൾ സ്ഥിരനിയമനം കൊടുത്ത് അവരെ നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുത്ത 16 ഭരണ-പ്രതിപക്ഷാംഗങ്ങളും ഒട്ടേറെ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി. അതൊക്കെ ആ അർത്ഥത്തിൽത്തന്നെ ഏറ്റെടുത്തുകൊണ്ട് ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും അതുവഴി എസ്.സി./എസ്.ടി., പിന്നാക്ക ജനവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട ജീവിതാവസ്ഥയുണ്ടാക്കാനും

ശ്രമിക്കുമെന്നാണ് ആദ്യമായി പറയാനുള്ളത്. ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച അംഗങ്ങൾ പറഞ്ഞ ഓരോ കാര്യങ്ങൾക്കും മറുപടി പറയാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നില്ല. ഇവിടെ പറഞ്ഞതിൽ സാധിക്കുന്നത്ര കാര്യങ്ങൾ നടപ്പിലാക്കും. ഏറ്റവും പരിഗണന അർഹിക്കുന്ന ജനവിഭാഗമാണ് പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക-ന്യൂനപക്ഷങ്ങൾ. സമൂഹത്തിൽ ഇപ്പോഴും പിന്നാക്കാവസ്ഥ നിലനിൽക്കുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. അതിന്റെ കാര്യകാരണങ്ങളെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ ഒട്ടേറെ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കും. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങളെല്ലാംതന്നെ ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. എന്തുകൊണ്ടാണ് ദളിത്- ആദിവാസി വിഭാഗത്തിന് സാമൂഹിക പിന്നോക്കാവസ്ഥയുണ്ടായത്? ഇന്ത്യയിൽ നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥയുടെ പരിണിതഫലമാണ് അല്ലെങ്കിൽ ജാതിവ്യവസ്ഥയുടെ ദുരന്തമാണ് നമ്മുടെ സമൂഹത്തിലെ ഈ പാവപ്പെട്ടവരുടെ പിന്നോക്കാവസ്ഥയ്ക്ക് പ്രധാനപ്പെട്ട കാരണമെന്ന് നിസ്സംശയം പറയാൻ സാധിക്കും. സ്വാതന്ത്ര്യം ലഭിച്ചിട്ട് 75 വർഷം പൂർത്തിയാകാൻ പോകുന്ന ഈ കാലഘട്ടത്തിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ദളിത് ആദിവാസികൾ അനുഭവിക്കുന്ന ദുരിതങ്ങളും ദുരന്തങ്ങളും വ്യക്തമാക്കുന്ന

ഒട്ടേറെ കണക്കുകൾ ചൂണ്ടിക്കാണിക്കാൻ കഴിയുമെങ്കിലും ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. പ്രധാനമായും ജാതിയുടെ അടിസ്ഥാനത്തിലുള്ള വിവേചനമാണ് ഇപ്പോഴും സമൂഹത്തിൽ നിൽക്കുന്നത്. അതിന് പരിഹാരമുണ്ടാക്കാൻ വലിയ പോരാട്ടം രാജ്യത്ത് നടന്നെങ്കിലും അത് ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടില്ല. കേരളത്തിലും ജാതിയടിസ്ഥാനത്തിലുള്ള വിവേചനം നിലനിന്നിരുന്നു. ഇവിടെ ഒട്ടേറെ ബഹുമാന്യരായ അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിലെ സാമൂഹ്യ നവോത്ഥാന നായകന്മാരും പ്രസ്ഥാനങ്ങളും നടത്തിയ പോരാട്ടങ്ങൾ വിസ്മരിക്കുന്നില്ല. തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും ദൃഷ്ടിയിൽപ്പെട്ടാൽ ദോഷമുള്ളവരുമായ മഹാഭൂരിപക്ഷമുണ്ടായിരുന്നു. അവർക്ക് വഴിനടക്കാനോ നല്ല വസ്ത്രം ധരിക്കാനോ നല്ല ഭക്ഷണം കഴിക്കാനോ സാധിക്കാത്ത ഒരവസ്ഥയുണ്ടായിരുന്നു. അമ്പലത്തിൽ കയറി പ്രാർത്ഥിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഒരു മനുഷ്യന്റെ ജീവിതത്തിൽ അല്ലെങ്കിൽ സമൂഹത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വിദ്യാഭ്യാസം; എന്നാൽ അക്ഷരവും അറിവും പകർന്നുകൊടുക്കാൻ സാധിക്കുന്ന സാഹചര്യമുണ്ടായിരുന്നില്ല. അക്ഷരം നിഷേധിക്കുന്ന നിലപാടാണ്

സ്വീകരിച്ചത്. ചാതുർവർണ്യവ്യവസ്ഥയുടെ കാര്യങ്ങളെല്ലാം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അക്ഷരവും അറിവും നൽകാതെ ഈ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് ആട്ടിയോടിക്കപ്പെട്ടവരായിരുന്നു ദളിത്-ആദിവാസി വിഭാഗങ്ങൾ. അതുകൊണ്ടുതന്നെ മറ്റ് വിഭാഗങ്ങൾക്കൊപ്പം ഉയർന്നുവരാൻ അവർക്ക് സാധിച്ചില്ല. നൂറ്റാണ്ടുകളോളം സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ ജീവിക്കാൻ വിധിക്കപ്പെട്ടവരായി അവർ മാറി. അവർക്ക് അക്ഷരമോ, അറിവോ ലഭിച്ചില്ല. അക്ഷരത്തിനും അറിവിനും വേണ്ടിനടത്തിയ പോരാട്ടം കേരള ചരിത്രത്തിന്റെ ഭാഗമാണ്. വ്യത്യസ്ത സമരങ്ങളുടെ കാര്യം ഇവിടെ ഒരംഗം പറയുന്നത് കേട്ടു. ഒരുപക്ഷെ ലോകത്ത് സമാന ചരിത്രമില്ലാത്ത സമരമാണ് കേരളത്തിൽ നടന്നത്. ഞങ്ങളുടെ മക്കളെ നിങ്ങൾ പഠിപ്പിച്ചില്ലെങ്കിൽ നിങ്ങളുടെ പാടത്തും പറമ്പിലും ഞങ്ങൾ പണിയെടുക്കില്ലെന്ന് പറഞ്ഞുകൊണ്ട് നടത്തിയ സമരം ഒരു ചരിത്രമാണ്. 1900-നുശേഷമാണ് ഈ പാവപ്പെട്ടവർക്ക് അക്ഷരം പഠിക്കാനുള്ള അവസരമുണ്ടായത്. അയ്യങ്കാളിയുടേയും ആറാട്ടുപുഴ വേലായുധപണിക്കരുടെയും നേതൃത്വത്തിൽ വിദ്യാഭ്യാസത്തിനുവേണ്ടി നടത്തിയ സമരങ്ങൾ നമ്മുടെ അനുഭവമാണ്. എന്നാൽ അതുകൊണ്ടും സമൂഹത്തിൽ വലിയ മാറ്റമൊന്നുമുണ്ടായില്ല. ചങ്ങമ്പുഴ കൃഷ്ണപിള്ള, കടമ്മനിട്ട

രാമകൃഷ്ണൻ എന്നിവരെപ്പറ്റിയെല്ലാം ഇവിടെ പറയുകയുണ്ടായി. ചങ്ങമ്പുഴ കൃഷ്ണപിള്ള 1937-ലാണ് 'വാഴക്കുല' എന്ന കവിതയെഴുതിയത്. അതേ വർഷംതന്നെയാണ് രാഷ്ട്രപിതാവ് മഹാത്മജിക്ക് ഇന്ത്യയിലെ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെ നേതാക്കളെ സന്ദർശിക്കുന്നതിനുള്ള അവസരമുണ്ടായത്. അതിന്റെ ഭാഗമായി അദ്ദേഹം കേരളത്തിൽ വന്നപ്പോഴാണ് മഹാനായ അയ്യങ്കാളിയെ കാണുന്നത്. മഹാത്മാഗാന്ധി അദ്ദേഹത്തോട് നിങ്ങൾക്കെന്താണ് ആവശ്യം അല്ലെങ്കിൽ ആഗ്രഹമെന്ന് ചോദിച്ചപ്പോൾ എന്റെ സമുദായത്തിൽനിന്ന് എനിക്ക് പത്ത് ബി.എ.-ക്കാരെ കണ്ട് കണ്ണടയ്ക്കണമെന്നാണ് പറഞ്ഞത്. പക്ഷെ അദ്ദേഹത്തിന് അത് സാധിച്ചില്ല. 1941-ൽ അദ്ദേഹം അന്തരിച്ചു. ബഹുമാനപ്പെട്ട മുൻമന്ത്രി കൂടിയായ എന്റെ സുഹൃത്ത് ശ്രീ. എ. പി. അനിൽ കുമാർ ചില കാര്യങ്ങൾ പറഞ്ഞു. സഞ്ചാരസ്വാതന്ത്ര്യത്തിനും ക്ഷേത്ര പ്രവേശനത്തിനുമൊക്കെ വേണ്ടിയുള്ള പോരാട്ടത്തിൽ കോൺഗ്രസിനെ തള്ളിപ്പറയാനൊന്നും ഞാനില്ല. കോൺഗ്രസിലെ ആദ്യകാല നേതാക്കളൊന്നും അതിലില്ലെന്ന് പറയാൻ ഞാൻ തയ്യാറല്ല. ഇന്ത്യയിൽ മറ്റുപല സംസ്ഥാനത്തും ഇതുപോലെയുള്ള സമരങ്ങൾ നടന്നെങ്കിലും അതെല്ലാം അവിടെ കെട്ടടങ്ങുകയാണ് ചെയ്തത്. എന്നാൽ കേരളത്തിൽ മഹാനായ

അയ്യങ്കാളിയും ശ്രീനാരായണ ഗുരുദേവനും നമ്മുടെ സാമൂഹ്യ നവോത്ഥാന പ്രസ്ഥാന നായകരുമെല്ലാം ആഗ്രഹിച്ചതുപോലെയുള്ള കാര്യങ്ങൾ പിന്നീട് കേരളത്തിൽ മുന്നോട്ടുകൊണ്ടുപോയത് ആരെന്നുള്ള ചോദ്യം നമ്മുടെ മുന്നിലുണ്ട്. അത് മുന്നോട്ടുകൊണ്ടുപോയത് ഇവിടത്തെ കമ്മ്യൂണിസ്റ്റ്-ഇടതുപക്ഷ പ്രസ്ഥാനങ്ങളാണെന്നതിന് യാതൊരു സംശയവുമില്ല. അതുകൊണ്ടാണ് 1957-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി ആദ്യമായി ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വന്നപ്പോൾ സാമൂഹ്യ പരിഷ്കരണത്തിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചത്. അയ്യങ്കാളി സ്വപ്നം കണ്ട പത്ത് ബി.എ.-ക്കാർ എന്നതിനുപരി ആയിരക്കണക്കിന് ഡിഗ്രിക്കാരെയും ഐ.എ.എസ്./ഐ.പി.എസ്.-കാരെയുമൊക്കെ കാണാൻ ഇച്ഛാശക്തിയോടെയുള്ള നിലപാട് സ്വീകരിച്ചതുമൂലം കഴിഞ്ഞിട്ടുണ്ട്. ഇവിടെ ഭൂമിയുടെ പ്രശ്നം പറയുകയുണ്ടായി. 1957 ഏപ്രിൽ 5-നാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ സഖാവ് ഇ.എം.എസ്.-ന്റെ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ആ ഗവൺമെന്റ് ആദ്യമായി 1957 ഏപ്രിൽ 8-ന് ഒരു ഉത്തരവ് പുറപ്പെടുവിച്ചു. ആ ഉത്തരവ് കേരളത്തിന്റെ മണ്ണിൽ കുടികിടക്കുന്ന ഒരു മനുഷ്യൻപോലും ഇനി ഒഴിയാൻ പാടില്ലെന്നുള്ളതാണ്. ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ വാഴക്കുല എന്ന കവിതയിൽ പറഞ്ഞതുപോലെ

ജന്മികളുടെ ആളുകൾക്ക് എപ്പോൾ വേണമെങ്കിലും അവരെ ഇറക്കിവിടാൻ സാധിക്കുമായിരുന്നു. 1957 ഏപ്രിൽ 8-ഓടുകൂടി പറഞ്ഞു, ഇനി നിങ്ങൾ കിടക്കുന്ന സ്ഥലം നിങ്ങളുടേതാണ്, അവിടെനിന്ന് പോകരുതെന്ന്. എന്റേതെന്ന് പറയാൻ ഒരുപിടി മണ്ണിന്റെ അവകാശികളാക്കി അവരെ മാറ്റുകയാണ് ചെയ്തത്. അതാണ് കേരളത്തിലെ ദളിതുകളുടെ ആത്മാഭിമാനം വർദ്ധിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഭൂരിപക്ഷംപേർക്കും പഠിക്കാൻ അവസരമുണ്ടായിരുന്നില്ല. എല്ലാ മക്കൾക്കും പഠിക്കാനുള്ള അവസരമുണ്ടാക്കുന്നതിനായി വിദ്യാഭ്യാസ പരിഷ്കരണ നിയമവും ആ ഗവൺമെന്റ് കൊണ്ടുവന്നു. അതുകൊണ്ടാണ് കേരളത്തിലെ മുഴുവൻ പാവപ്പെട്ടവന്റെ മക്കൾക്കും പഠിച്ച് മിടുക്കരാകാനുള്ള അവസരമുണ്ടായത്. ന്യൂനപക്ഷ വിഭാഗങ്ങൾക്കായി എന്ത് ചെയ്തുവെന്ന് ബഹുമാനപ്പെട്ട കെ. പി. എ. മജീദ് ചോദിക്കുമ്പോൾ എല്ലാ പാവപ്പെട്ടവന്റെയും മക്കൾക്ക് പഠിച്ച് ഏതറ്റംവരെയും പോകാനുള്ള അവസരമാണ് അന്നത്തെ ഗവൺമെന്റുണ്ടാക്കിയതെന്ന് ആത്മാഭിമാനത്തോടെ പറയാൻ കഴിയും. അതുതന്നെയാണ് നമ്മുടെ സമൂഹത്തിലെ മാറ്റത്തിന്റെ പ്രധാന കാരണം. ആ രീതിയിൽ സമൂഹത്തിൽ മാറ്റമുണ്ടാക്കാനുള്ള ഇടപെടലാണ് മാറിമാറിവന്ന ഗവൺമെന്റുകൾ നടത്തിയത്. കമ്മ്യൂണിസ്റ്റുകാർ എന്ത് ചെയ്തുവെന്നുള്ള

ചോദ്യത്തിനുള്ള മറുപടിയാണത്. കേരളീയ സമൂഹം ഇന്ന് കാണുന്നതുപോലെയാക്കിത്തീർത്തതിലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പങ്ക് ആര് വിസ്മരിച്ചാലും ജനങ്ങൾ വിസ്മരിക്കില്ലെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഞാൻ അതിലേയ്ക്ക് കൂടുതൽ കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും പിന്നാക്ക ജനവിഭാഗങ്ങളുടെയും ജീവിതം മെച്ചപ്പെടുത്താൻ നടത്തുന്ന പദ്ധതികളുടെ പോരായ്മകളും ഗുണങ്ങളുമൊക്കെ പറയുകയുണ്ടായി. ലൈഫ് മിഷന്റെ ഭാഗമായി ഭൂരഹിത-ഭവനരഹിത ലിസ്റ്റിലുൾപ്പെടുന്നവർക്ക് വകുപ്പ് ഭൂമി അനുവദിച്ചാലും ലൈഫ് പദ്ധതിയിൽനിന്നും ഭവന നിർമ്മാണത്തിന് പണം കൊടുക്കുന്നില്ലെന്നാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ചൂണ്ടിക്കാണിച്ചത്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ഭൂമി വാങ്ങി കൊടുക്കുന്ന ഭവന- ഭൂരഹിതരായ മുഴുവൻ ആളുകൾക്കും ലൈഫ് പദ്ധതിയിൽനിന്നും വീട് വയ്ക്കാൻ തുക നൽകണമെന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. ഏകാദ്ധ്യാപകരുടെ കാര്യത്തെക്കുറിച്ച് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 19 ഏകാദ്ധ്യാപക സ്കൂളുകൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. അത് നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല.

കേരളത്തിനുപുറത്ത് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിച്ചുവരുന്ന വിദ്യാർത്ഥികൾക്ക് 2017-18 വരെ ഗവൺമെന്റ് സ്കോളർഷിപ്പ് കൊടുത്തിരുന്നുവെന്നും പിന്നീടത് കൊടുക്കുന്നില്ലെന്നുമാണ് അദ്ദേഹം പറഞ്ഞത്. സംസ്ഥാനത്തിനുപുറത്ത് സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുകൂല്യം കൊടുക്കുന്നത് ശരിയല്ലെന്നുള്ള അക്കൗണ്ടന്റ് ജനറലിന്റെ ഒബ്ജക്ഷൻ വന്നതിന്റെയടിസ്ഥാനത്തിൽ പിന്നീടത് കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽപ്പോലും 2018, 2019, 2020 കാലഘട്ടങ്ങളിൽ കേരളത്തിനുപുറത്ത് അഡ്മിഷൻ ലഭിച്ച എല്ലാ കുട്ടികൾക്കും അവരുടെ പഠനം തീരുന്നതുവരെയുള്ള വിദ്യാഭ്യാസാനുകൂല്യം കൊടുക്കാനുള്ള ഉത്തരവ് പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിച്ച കുട്ടികൾക്കടക്കം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേരളത്തിലെ എയ്ഡഡ് കോളേജുകളിലെ കുട്ടികൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ സ്വാശ്രയ കോളേജുകളിലെ കുട്ടികൾക്ക് ലഭിക്കുന്നില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സ്വാശ്രയ കോളേജുകളിൽ 50% മെറിറ്റ് അടിസ്ഥാനത്തിൽ വരുന്ന കുട്ടികൾക്കെല്ലാം ആനുകൂല്യങ്ങൾ

കൊടുക്കുന്നുണ്ട്. മാനേജ്മെന്റ് അഡ്മിഷൻ നടത്തുന്ന കുട്ടികളെയെല്ലാം ഉൾപ്പെടുത്തുകയാണെങ്കിൽ ഫണ്ട് തികയാതെവരും. മാത്രമല്ല, സ്വകാര്യ മാനേജ്മെന്റ് വലിയ രീതിയിലുള്ള വീഴ്ച വരുത്തുന്നുണ്ടെന്ന അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അതാവശ്യമില്ലെന്നാണ് തോന്നുന്നത്. ലക്ഷം വീട് കോളനികളിലെ നിലവിലുള്ള ഇരട്ട വീടുകളെ ഒറ്റ വീടുകളാക്കി മാറ്റുന്ന കാര്യമാണ് ശ്രീമതി കെ. കെ. രമ ഇവിടെ പറഞ്ഞത്. അതിന് 2022-ൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രത്യേക ഉത്തരവിറക്കിയിട്ടുണ്ട്. ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ അങ്ങനെയുള്ള ലക്ഷം വീടുകൾ ധാരാളമില്ല. പട്ടികവർഗ്ഗക്കാരുടെ ആരോഗ്യം സംരക്ഷിക്കാനും പോഷകാഹാരങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അട്ടപ്പാടിയിൽ പ്രശ്നമുണ്ടായതിനുശേഷം അവിടത്തെ ഗർഭിണികളുടെ കണക്കെടുത്തപ്പോൾ ഏകദേശം 240 ഗർഭിണികളുള്ളതായി കണ്ടെത്തി. അതിൽ ഹൈ റിസ്കും ലോ റിസ്കുമുള്ളവരെ കണ്ടെത്തി ഹൈ റിസ്കുള്ളവർക്ക് പ്രത്യേക പരിഗണന കൊടുത്ത് പരിശോധിച്ചുവരികയും കൃത്യമായി ക്യാമ്പുകളിലെത്തിച്ച് അവർക്കാവശ്യമായ ഭക്ഷണവും മറ്റ് പോഷകാഹാരങ്ങളും മരുന്നുമെല്ലാം കൊടുക്കുകയും ചെയ്യുന്നുണ്ട്. പട്ടികവർഗ്ഗ

മേഖലയിൽ 16 മൊബൈൽ മെഡിക്കൽ യൂണിറ്റുകളുള്ളത് നന്നായി പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. The Scheduled Castes and Scheduled Tribes (Prevention of Atrocities) Act അനുസരിച്ച് ലഭിക്കുന്ന പണമാണോ മിശ്രവിവാഹിതർക്ക് നൽകുന്നതെന്ന് ശ്രീ. ജി. സ്റ്റീഫൻ ചോദിക്കുകയുണ്ടായി. ആക്ട് പ്രകാരം 50% തുക കേന്ദ്രസർക്കാർ വിഹിതമാണ്. അത് സമയബന്ധിതമായി ലഭിക്കാതെ വരുമ്പോൾ സംസ്ഥാന സർക്കാരിന്റെ വിഹിതത്തിൽനിന്നും അഡ്വാൻസായി തുക കൊടുക്കുകയാണ് ചെയ്യുന്നത്. മിശ്രവിവാഹിതർക്കും ധനസഹായം കൊടുക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ആ വിഹിതത്തിൽനിന്നും എടുക്കുന്നത്. മിശ്രവിവാഹിതർക്കുള്ള ധനസഹായം പ്രത്യേക ഹെഡ്ഡായി വയ്ക്കണമെന്നതുസംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. കുറ്റിച്ചൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ട് ഏഴ് വർഷം കഴിഞ്ഞു. സി.ബി.എസ്.ഇ. സിലബസിൽ തുടങ്ങിയ ആ സ്കൂളിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ആകെ 72 കുട്ടികളാണുള്ളത്. ആ സ്കൂളിനുവേണ്ടി ഉൾവനത്തിലാണ് സ്ഥലം കണ്ടെത്തിയിരിക്കുന്നത്. അതുകൊണ്ട് കുറച്ചുകൂടി സൗകര്യപ്രദമായ സ്ഥലത്ത് അത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാം. ഗോത്രസാരഥി

പദ്ധതിയിലെ പോരായ്മകൾ സംബന്ധിച്ച് ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ആ പദ്ധതി നേരത്തെ ആരംഭിച്ചതാണ്. പഞ്ചായത്തുകളാണ് അതിന് പണം മാറ്റിവയ്ക്കാൻ തീരുമാനിച്ചിരുന്നത്. ഈ വർഷം പഞ്ചായത്തുകളുടെ പദ്ധതി കുറച്ച് നീണ്ടുപോയതുകൊണ്ട് അവർ ഇതിന് പണം വകയിരുത്തിയിരുന്നില്ല. അതുകൊണ്ട് പട്ടികവർഗ്ഗ വികസന വകുപ്പ് അതിലിടപെടുകയും ജൂൺ, ജൂലൈ മാസങ്ങളിലെ ഗോത്രസാരഥി പദ്ധതിക്കുവേണ്ട പണം അഡ്വാൻസായി പഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് അംഗീകരിച്ചുവരുമ്പോൾ അവർ ബാക്കിത്തുകകൂടി വകയിരുത്തും. അപ്പോൾ ആ പദ്ധതി നല്ലതുപോലെ നടപ്പിലാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള DIET (District Institute for Education and Training) മുഖേന മെന്റർ ടീച്ചർമാർക്ക് പരിശീലനം നൽകുന്നുണ്ട്. അവരെ രണ്ടാംതരം പൗരന്മാരായി കാണുന്ന സമീപനം വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എവിടെയെങ്കിലും അവരോട് വിവേചനം കാണിക്കുന്നുണ്ടെങ്കിൽ അതിലിടപെട്ട് പരിഹരിച്ചുപോകും. കുട്ടികളെ അവരുടെ ഭാഷയിൽത്തന്നെ പഠിപ്പിക്കാനും

കമ്മ്യൂണിക്കേറ്റ് ചെയ്യാനും കഴിയുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. മോഡൽ റെസിഡൻഷ്യൽ ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. വനാവകാശ നിയമപ്രകാരം ഭൂമിക്ക് രേഖകൾ നൽകി ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേരുകയുണ്ടായി. വനാവകാശ നിയമമനുസരിച്ച് ഇനിയും ഭൂമി ലഭിക്കാനുള്ള മുഴുവൻ ആദിവാസി വിഭാഗത്തെയും കണ്ടെത്താനും അവർ താമസിച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽത്തന്നെ ഭൂമി ലഭ്യമാക്കാനുമുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ, വനം വകുപ്പുമന്ത്രിമാരും ഞാനും ഒരുമിച്ച് യോഗം ചേരുകയുണ്ടായി. ആ യോഗത്തിന്റെ അടിസ്ഥാനത്തിൽ വനാവകാശ നിയമമനുസരിച്ച് ഓരോ ജില്ലകളിലും ഭൂമി ലഭിക്കേണ്ടവരുടെ കണക്കെടുക്കുകയാണ്. സമയബന്ധിതമായി അവർക്ക് ഭൂമി കൊടുക്കാനുള്ള നടപടി സ്വീകരിക്കും. സ്കൂളുകളിൽ നിന്ന് കുട്ടികൾ കൊഴിഞ്ഞുപോകുന്ന കാര്യം ഇവിടെ പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. കുട്ടികളെ കൊഴിഞ്ഞുപോക്കിൽനിന്ന് പരമാവധി ഒഴിവാക്കാനുള്ള ഇടപെടലാണ് പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പിന്റെ

ഭാഗത്തുനിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. സ്കൂളുകളിൽ കുട്ടികളെ എത്തിക്കാനുള്ള പരിശ്രമത്തിന്റെ ഭാഗമായി ഒട്ടേറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതെല്ലാം വിശദീകരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. 2020-21-ൽ കൊഴിഞ്ഞുപോക്ക് വളരെ കുറഞ്ഞുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിന്റെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. എസ്.ടി./എസ്.സി. പ്രൊമോർട്ടർമാരെ ഉപയോഗിച്ച് ഏതെങ്കിലും കുട്ടികൾ സ്കൂളുകളിലെത്താതിരിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ ലഭ്യമായ കണക്കനുസരിച്ച് 84 കുട്ടികളാണ് കൊഴിഞ്ഞുപോയിട്ടുള്ളത്. കൊഴിഞ്ഞുപോക്ക് തടയുന്നതിന് ഫലപ്രദമായ നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറഞ്ഞ ബാക്കി കാര്യങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും ശക്തിപ്പെടുത്താനുമുള്ള ഇടപെടലാണ് നടത്തുന്നത്. എപ്പോഴും ജനസംഖ്യാനുപാതത്തിലും അധികമായാണ് സംസ്ഥാനത്ത് ഫണ്ട് നീക്കിവയ്ക്കുന്നത്. ഈ വർഷം ജനസംഖ്യ അനുസരിച്ചാണ് ഫണ്ട് നീക്കിവയ്ക്കുന്നതെങ്കിൽ 10% മതിയാകും. പക്ഷെ 12.64% തുക ഈ വർഷം

നീക്കിവച്ചിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും 2021-22 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് 92% എക്സ്പെന്റിച്ചറാണ് കൈവരിച്ചിരിക്കുന്നത്. പൂർണ്ണമായും ഫിസിക്കൽ അച്ചീവ്മെന്റുണ്ടാക്കിയ കണക്കാണ് സൂചിപ്പിക്കുന്നത്. അതുപോലെ എസ്.സി. വകുപ്പിന് 90.65% എക്സ്പെന്റിച്ചറുണ്ടാക്കാൻ കഴിഞ്ഞു. അലോട്ട് ചെയ്യുക മാത്രമല്ല തുക കൃത്യമായി ചെലവഴിക്കാനാവശ്യമായ ഇടപെടലുകളും നടത്തിവരികയാണ്. കഴിഞ്ഞവർഷം വകുപ്പിന് നൽകിയത് 1,487.39 കോടി രൂപയാണ്. അതുപോലെ ലോക്കൽ ബോഡികൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡായി കൊടുത്തത് 1,221.15 കോടി രൂപയാണ്. ഈ വർഷം വകുപ്പിന് ലഭിക്കുന്ന 1,935 കോടി രൂപയും ലോക്കൽ ബോഡികളുടെ 2,011 കോടി രൂപയും ചേർത്ത് 3,946 കോടി രൂപയാണ് ചെലവഴിക്കാൻ തീരുമാനിച്ചത്. എസ്.റ്റി. വിഭാഗത്തിന് കഴിഞ്ഞ വർഷം കൊടുത്തത് 861 കോടി രൂപയായിരുന്നുവെങ്കിൽ ഈ വർഷം 997 കോടി രൂപയാണ് നൽകിയത്. എസ്.സി.-എസ്.റ്റി. വിഭാഗത്തിന്റെ ജീവിതം കൂടുതൽ മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യം സർക്കാർ പൂർത്തീകരിക്കുകയാണ്. ഈ വർഷം ആകെ 4,9413 കോടി രൂപയാണ് എസ്.സി.-എസ്.റ്റി. വിഭാഗത്തിന്റെ വികസനത്തിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത്. അത് പ്രോപ്പറായി യൂട്ടിലൈസ് ചെയ്യണമെന്ന

കാര്യത്തിൽ തർക്കമില്ല. അതെങ്ങനെയാണ് ചെലവഴിക്കേണ്ടതെന്ന് പരിശോധിക്കണം. 40-50% തുക ലോക്കൽ ബോഡികൾക്കാണ് കൊടുക്കുന്നത്. ലോക്കൽ ബോഡികൾക്ക് നൽകുന്ന തുകയുടെ കാര്യത്തിൽ തദ്ദേശസ്വയം ഭരണ വകുപ്പും ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ഇടപെടൽ നടത്തുന്നുണ്ട്. ലോക്കൽ ബോഡികൾക്ക് നൽകുന്ന പണം ഉപയോഗിച്ച് എസ്.സി.-എസ്.റ്റി. ജനവിഭാഗത്തിന്റെ ജീവിതത്തിൽ അടിസ്ഥാനപരമായ മാറ്റമുണ്ടാക്കാൻ കഴിഞ്ഞോയെന്നത് പരിശോധിക്കപ്പെടണം. 25 വർഷത്തെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. 1997 മുതലാണ് ജനകീയാസൂത്രണം ആരംഭിച്ചത്. ഫണ്ടും അധികാരവും താഴെത്തട്ടിലേയ്ക്ക് കൊടുത്തത് 1997-ലാണ്. 25 വർഷംകൊണ്ട് എസ്.സി.-എസ്.റ്റി. വിഭാഗത്തിന്റെ ജീവിതം മെച്ചപ്പെടുത്താൻ ലോക്കൽ ബോഡികൾ എന്തെല്ലാം മാതൃകാപരമായ പദ്ധതികളാണ് നടപ്പിലാക്കിയതെന്നത് സംബന്ധിച്ച് വിശദമായ പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കുന്ന പദ്ധതികളും ഫലപ്രദമായി മാറ്റാനുള്ള ഇടപെടലുകളാണ് നടക്കുന്നത്. മുമ്പ് സഭയിൽ പറഞ്ഞൊരു കാര്യം ഉദാഹരണമായി സൂചിപ്പിക്കാം. 2012-13 കാലഘട്ടത്തിൽ സ്വയംപര്യാപ്ത ഗ്രാമങ്ങളായി ആദ്യം തെരഞ്ഞെടുത്ത 114 കോളനികളിൽ ഏകദേശം 54% പണിയാണ്

പൂർത്തീകരിച്ചിരുന്നത്. ഇപ്പോഴത് 86% പൂർത്തിയാക്കിയിട്ടുണ്ട്. 2012-ൽ ആരംഭിച്ച പദ്ധതിയാണിത്. ഈ സർക്കാർ ഫലപ്രദമായി ഇടപെട്ടതിന്റെ ഫലമായി 114 വർക്കുകളിൽ 98 എണ്ണവും പൂർത്തീകരിച്ച് 86% ഫിസിക്കൽ അച്ചീവ്മെന്റുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2013-ൽ ഏറ്റെടുത്ത 102 വർക്കുകളിൽ 48 എണ്ണമാണ് പൂർത്തീകരിച്ചത്. 84 വർക്കുകൾ പൂർത്തീകരിച്ച് 82 ശതമാനത്തിലെത്തിനിൽക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേവലം 51 ശതമാനമായിരുന്നത് ഇപ്പോൾ 84 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. അംബേദ്കർ കോളനി വികസന പദ്ധതിയിലും ഇതേ രീതി തന്നെയാണ് അവലംബിക്കുന്നത്. നാല് വർഷംകൊണ്ട് 450 കോളനികൾ തെരഞ്ഞെടുത്തതിൽ 98 എണ്ണത്തിന്റെ പണിയാണ് പൂർത്തീകരിച്ചിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 281 കോളനികളിലെ പണി കൃത്യമായി പൂർത്തീകരിച്ച് 62 ശതമാനത്തിലെത്തിയിട്ടുണ്ട്. 22 ശതമാനത്തിൽ നിന്നാണ് 62 ശതമാനത്തിലെത്തിയത്. പ്രസ്തുത പദ്ധതികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യണമെന്ന് ശ്രീ. പി. ടി. എ. റഹീം ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാന-ജില്ലാ-ബ്ലോക്ക് തലങ്ങളിൽ വിവിധ ഘട്ടങ്ങളിലായി റിവ്യൂ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ

മെച്ചപ്പെട്ടത്. ഈ വർഷം 202 കോളനികൾ തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എസ്.സി.-എസ്.റ്റി. ഫണ്ടിന്റെ വിനിയോഗം എങ്ങനെയാണെന്നും എന്ത് മാറ്റമാണുണ്ടാക്കാൻ കഴിയുന്നതെന്നും മനസ്സിലാക്കുന്നതിന് ഓരോ എം.എൽ.എ.-മാരുടെയും നേതൃത്വത്തിൽ മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ബഹുമാനപ്പെട്ട അംഗം ശ്രീ. കോവൂർ കുഞ്ഞുമോൻ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഫലപ്രദമായി റിവ്യൂ മീറ്റിംഗ് നടത്തുകയുണ്ടായി. ലോക്കൽ ബോഡീസും വിവിധ ഡിപ്പാർട്ട്മെന്റുകളും ഈ വിഭാഗത്തിനുവേണ്ടി ചെയ്യുന്ന കാര്യങ്ങളെന്താണെന്ന് കൃത്യമായി പരിശോധിക്കുകയും എവിടെയെങ്കിലും വീഴ്ചയുണ്ടെങ്കിൽ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥരടക്കം പരിശോധിച്ച് പരിഹാരം കാണുകയും ചെയ്യുന്ന നിലപാടാണ് അക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള ഇടപെടലാണ് നടത്തേണ്ടത്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഇതുമായി ബന്ധപ്പെട്ട് എനിക്ക് ജെനുവിനാണെന്ന് തോന്നിയ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരുപക്ഷെ എന്നേക്കാൾ ഈ വിഷയം

ആധികാരികമായി പറയാൻ കഴിയുന്നത് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എ. രാജയ്യായിരിക്കും. തമിഴ്നാട്ടിൽ ജനിച്ച് കേരളത്തിൽ താമസിക്കുന്ന, തമിഴ്നാട്ടിലെ ജാതിപ്രകാരവും കേന്ദ്രസർക്കാർ പട്ടികയിലും എസ്.സി.-യിലുൾപ്പെടുന്ന ഒരു വിഭാഗമുണ്ട്. എന്നാൽ അവർക്കിവിടെ എസ്.സി.യുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല. പട്ടികജാതിക്കാരാണെങ്കിലും അവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പല അംഗങ്ങളും ചൂണ്ടിക്കാണിച്ച ഒരു കാര്യമാണിത്. കാസർഗോഡ്, ഇടുക്കി, പാലക്കാട്, തിരുവനന്തപുരം, വയനാട് തുടങ്ങിയ ബോർഡർ ഡിസ്ട്രിക്ടുകളിലുള്ള ഒരു പ്രശ്നമാണിത്. ഇക്കാര്യത്തെ സംബന്ധിച്ച് അനുകൂലമായൊരു ഉത്തരം പെട്ടെന്ന് പറയാൻ കഴിയില്ല. നിലവിലുള്ള നിയമമനുസരിച്ചേ പ്രവർത്തിക്കാൻ കഴിയൂ. ജാതി സർട്ടിഫിക്കറ്റ് കൊടുക്കുമ്പോൾ പ്രത്യേക പരിശോധന വേണം. അല്ലെങ്കിൽ വലിയ രീതിയിലുള്ള bogus caste ഉണ്ടാകാനുള്ള സാധ്യതയുണ്ട്. Bogus caste ഇല്ലാതാക്കാൻവേണ്ടിയുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. അതിനുവേണ്ടിയാണ് നരവംശ ശാസ്ത്ര പഠനത്തിനൊക്കെയുള്ള എല്ലാ സംവിധാനങ്ങളും രൂപീകരിച്ചിട്ടുള്ളത്. കിർത്താഡ്സ് അക്കാര്യത്തിൽ നല്ല

രീതിയിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ട്. അർഹതയുള്ള മുഴുവൻ ആളുകൾക്കും ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ബയോമെട്രിക് കാർഡ് പോലെ വൺ ടൈമായി കൊടുക്കാൻ കഴിയുമോയെന്ന കാര്യവും ആലോചിക്കണം. പലർക്കും ജില്ല മാറിക്കഴിഞ്ഞാൽ ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ പ്രയാസമുണ്ടാകുന്നുണ്ട്. അക്കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന് പരിഹാരമുണ്ടാക്കാൻ വേണ്ടിയുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. നിയമമനുസരിച്ച് മറ്റ് സംസ്ഥാനങ്ങളിൽ ഈ വിഭാഗത്തിൽപ്പെട്ട മുഴുവൻ പേർക്കും ജാതി സർട്ടിഫിക്കറ്റ് കൊടുക്കാൻ കഴിയില്ല. സംസ്ഥാന രൂപീകരണത്തിനുശേഷം 1950-നുശേഷം ഏത് സംസ്ഥാനത്താണോ ഉള്ളത് പ്രസ്തുത സംസ്ഥാനത്തെ ജാതി സർട്ടിഫിക്കറ്റാണ് അവർക്ക് ലഭ്യമാകുന്നത്. അതിന്റെയൊരു പ്രശ്നം നിലനിൽക്കുന്നുണ്ട്. അത് പരിഹരിക്കാൻ വേണ്ടിയുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ക്രിസ്ത്യൻ വിഭാഗത്തിലേയ്ക്ക് കൺവെർട്ട് ചെയ്തവർക്ക് ആനുകൂല്യം ലഭിക്കുന്നില്ലെന്ന് ഒരംഗം സൂചിപ്പിക്കുകയുണ്ടായി. അക്കാര്യം കിർത്താഡ്സിന്റെ പഠനത്തിനുവിധേയമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പിന്നാക്ക കമ്മീഷനും ഇതിൽ ഇടപെട്ടിട്ടുണ്ട്. പിന്നാക്ക കമ്മീഷനും കിർത്താഡ്സും പഠനം വേഗത്തിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കിർത്താഡ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി bogus caste, ജാതി തർക്കം, വ്യാജ സർട്ടിഫിക്കറ്റ് എന്നിവ കണ്ടെത്താനും അർഹരായവർക്ക് ഉടനടി ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുംവേണ്ട നടപടി സ്വീകരിച്ചുവരികയാണ്. ചർച്ചയ്ക്കിടയിൽ ഡോ. കെ. ടി. ജലീൽ വിദേശത്ത് ജോലി ലഭിക്കാൻ വേണ്ടിയുള്ള ഇടപെടൽ നടത്തണമെന്ന് പറയുകയുണ്ടായി. വകുപ്പ് നേരത്തെതന്നെ ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തിയിട്ടുണ്ട്. ജോലി ആവശ്യത്തിനായി പരമാവധിയാളുകൾക്ക് വിദേശത്ത് പോകാൻ കഴിയുന്നതിനുള്ള ഇടപെടൽ നടത്തുന്നുണ്ട്. മറ്റ് വിഭാഗങ്ങളെപ്പോലെ ഇവരെ വിദേശത്തേയ്ക്ക് കൊണ്ടുപോകാനുള്ള സോഷ്യൽ ക്യാപ്പിറ്റലില്ല. അത് ഈ പാവങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിന് തടസ്സമാണെന്ന് മനസ്സിലാക്കണം. മറ്റുള്ള ആളുകൾക്കെല്ലാം വലിയ രീതിയിലുള്ള സോഷ്യൽ ക്യാപ്പിറ്റൽ ലഭിക്കും. സോഷ്യൽ ക്യാപ്പിറ്റലെന്ന് ഞാൻ പറയുന്നത് സാമൂഹികമായ മൂലധനത്തെക്കുറിച്ചാണ്. അത് രൂപയായിട്ടുള്ളതല്ല, എല്ലാ ഭാഗത്തുനിന്നുമുള്ള സപ്പോർട്ടാണ്. സോഷ്യൽ സപ്പോർട്ട് എല്ലാവർക്കും കൊടുക്കാൻ കഴിഞ്ഞാൽ കുറെയധികം ആളുകളെ വിദേശത്ത് കൊണ്ടുപോകാൻ കഴിയും. അതെങ്ങനെ സാധ്യമാക്കാമെന്ന് പരിശോധിക്കാം. കഴിഞ്ഞ വർഷം മാത്രം 6.25 കോടി രൂപ അനുവദിച്ച്

673 പേർക്ക് വിദേശത്ത് ജോലി നോക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്.

ശ്രീ. ടി. സിദ്ദിഖ്: സർ, വിദേശപഠനത്തിന് പോകുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം  അവരുടെ കയ്യിൽ സ്വന്തമായി മൂലധനമുണ്ടാകില്ല എന്നതാണ്.  അതുകൊണ്ടാണ് ഡിപ്പാർട്ടുമെന്റ് അവരെ സഹായിക്കുന്നത്. അവർക്ക് മൂലധനം ലഭിക്കാൻ പ്രധാനപ്പെട്ട മാർഗ്ഗം വിദ്യാഭ്യാസ ലോണാണ്. ഇവരെടുക്കുന്ന എല്ലാ വിദ്യാഭ്യാസ ലോണുകളിലും CIBIL score ഉണ്ടാകുകയില്ല, അപ്പോൾ തടസ്സം നേരിടും. അത്തരം കാര്യങ്ങളിൽ സർക്കാരിന്റെ  ഗ്യാരന്റി എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലഭ്യമാക്കാനുള്ള  ചർച്ചയ്ക്ക് തുടക്കം കുറിക്കാൻ സാധിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോൾത്തന്നെ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദേശത്ത് പഠിക്കാനുള്ള എല്ലാ സൗകര്യവും ചെയ്തുകൊടുക്കുന്നുണ്ട്.  ഒരു കുട്ടിക്ക് ഏകദേശം 25 ലക്ഷം രൂപ മുടക്കിയാണ് വിദേശ പഠനത്തിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നത്. കഴിഞ്ഞ ഒരുവർഷംകൊണ്ട് ഏകദേശം 175 കുട്ടികൾക്ക് വിദേശത്തുപോയി ഉന്നതപഠനം നടത്താനുള്ള സൗകര്യം ഈ ഗവൺമെന്റ്

ചെയ്തുകൊടുത്തിട്ടുണ്ട്. അതുകൊണ്ടുതന്നെ അവർക്ക് ലോണെടുത്ത് പാപ്പരാകേണ്ട ആവശ്യവും വരുന്നില്ല.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, തിരൂർ മണ്ഡലത്തിലെ ആതവനാട് പഞ്ചായത്തിൽ ആദിവാസി വിഭാഗത്തിനുവേണ്ടി നീക്കിവച്ച 10 ഏക്കറോളം സ്ഥലമുണ്ട്. അങ്ങാടിയോട് ചേർന്നുകിടക്കുന്ന കണ്ണായ ആ സ്ഥലം വർഷങ്ങളായി വെറുതെ കിടക്കുകയാണ്. അവിടെ ആദിവാസി-പിന്നാക്ക വിഭാഗങ്ങൾക്കുകൂടി പഠിക്കാൻ കഴിയുന്ന തരത്തിൽ കായിക സ്കൂളും കായിക കോളേജും ഉൾപ്പെടെയുള്ള ഒരു വിദ്യാഭ്യാസ കോംപ്ലക്സ് സ്ഥാപിക്കാനുള്ള സാഹചര്യമുണ്ടായാൽ വളരെ ഗുണപ്രദമായിരിക്കും.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ശ്രീ. കുറുക്കോളി മൊയ്തീൻ ഇവിടെ പറഞ്ഞ കാര്യം നേരത്തെ പരിശോധിച്ചതാണ്. അതിൽ ചെറിയൊരു തടസ്സമുണ്ട്. ആ സ്ഥലം മറ്റുപല ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താൻ നേരത്തെ തീരുമാനിച്ചിട്ടുണ്ട്. ആ തീരുമാനം മാറ്റിയതിനുശേഷമേ എന്തെങ്കിലും ചെയ്യാൻ കഴിയുകയുള്ളൂ.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അംബേദ്കർ കോളനി, സ്വയംപര്യാപ്ത ഗ്രാമങ്ങൾ എന്നിവയുടെ കാര്യത്തിൽ ഒരുപാട് ഡിലേ വരുന്നുണ്ട്. ഗവൺമെന്റ് ഏജൻസികളാണ് ഇത് ചെയ്യുന്നത്. 2017-ൽ

ശ്രീ. എ. കെ. ബാലൻ അനുവദിച്ച പദ്ധതി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ഏത് ഗവൺമെന്റ് വന്നാലും പദ്ധതികൾ നീണ്ടുപോകുന്ന സാഹചര്യമാണുള്ളത്. ദേവസ്വം ബോർഡ് നിയമനങ്ങളിൽ എസ്.സി. വിഭാഗങ്ങൾക്കുണ്ടായിരുന്ന മുൻഗണനാക്രമത്തിൽ മാറ്റം വരുത്തിയത് എന്തിന്റെ അടിസ്ഥാനത്തിലാണ്; അത് പഴയ രീതിയിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, രാവിലെ ശ്രീമതി സി. കെ. ആശയുടെ ചോദ്യത്തിന് ഞാൻ ഇതിന്റെ മറുപടി പറഞ്ഞിരുന്നു. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് റിസർവേഷൻ പ്രോസ്സസിൽ ചെറിയ മാറ്റം വരുത്തി. അത് സാധാരണ ചെയ്യാറില്ല. പി.എസ്.സി.-യിലെ അതേ പ്രോസ്സസ് തന്നെയാണ് ഇവിടെയും അവലംബിക്കേണ്ടത്. ഓപ്പൺ കോമ്പറ്റീഷൻ (ഒ.സി) കഴിഞ്ഞാൽ രണ്ടാമത്തേത് ഈഴവയും മൂന്നാമത്തേത് വീണ്ടും ഒ.സി.-യുമാണ് വരേണ്ടത്. എന്നാൽ ആ ഒ.സി.ക്ക് പകരം EWS ആണ് വന്നിട്ടുള്ളത്.

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, അതെങ്ങനെ വന്നു; അത് പരിശോധിക്കണം. (.....മൈക്ക് ഓഫ്....)

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഈഴവ കഴിഞ്ഞാൽ ഒ.സി.-യാണ്

വരേണ്ടത്. ഒന്നാമത്തേത് ഒ.സി., രണ്ടാമത്തേത് ഈഴവ റിസർവേഷൻ, മൂന്നാമത്തേത് ഒ.സി., നാലാമത്തേത് എസ്.സി., ഇങ്ങനെയാണ് വരുന്നത്. അത് പരിശോധിച്ചിട്ടുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, EWS വന്നതിനുശേഷം പട്ടികജാതിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നു അല്ലെങ്കിൽ മറ്റ് വിഭാഗത്തിന് കൊടുക്കുന്നുവെന്നുള്ള വ്യാജപ്രചരണങ്ങൾ വലതുപക്ഷ ദളിത് വിഭാഗത്തിൽപ്പെടുന്ന ആളുകൾ വ്യാപകമായി നടത്തിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ 'Economically Weaker Section' എന്ന സംവിധാനം വന്നതിനുശേഷം നിലവിൽ പട്ടികജാതിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സംവരണത്തിൽ എന്തെങ്കിലും മാറ്റമുണ്ടായിട്ടുണ്ടോയെന്ന കാര്യം വിശദീകരിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങൾക്ക് അല്ലെങ്കിൽ മറ്റ് പാവപ്പെട്ടവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ മറ്റുള്ളവർ തട്ടിയെടുക്കാതിരിക്കാൻവേണ്ടിയുള്ള കരുതലാണ് ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കഴിഞ്ഞ ദിവസം റിവ്യൂ മീറ്റിംഗ് നടത്തിയിരുന്നു. ഏതെങ്കിലും വിഭാഗത്തിന് ഇവരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതിനുള്ള

അവസരം ഗവൺമെന്റുണ്ടാക്കില്ലെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. പഠനവും അതുമായി ബന്ധപ്പെട്ട ഒന്നുരണ്ട് കാര്യങ്ങളുംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഈ വിഭാഗത്തിന് ഏറ്റവും നന്നായി വിദ്യാഭ്യാസം കൊടുത്താൽമാത്രമേ ഇവരെ ഉന്നതിയിലെത്തിക്കാൻ കഴിയൂ. മറ്റ് ആനുകൂല്യങ്ങൾ മാത്രം കൊടുത്താൽ അവർ രക്ഷപ്പെടാൻ പോകുന്നില്ലെന്ന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അറിയാം. അതുകൊണ്ടാണ് നമ്മൾ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകാൻ തീരുമാനിച്ചത്. അതുകൊണ്ടാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിച്ചത്. സംസ്ഥാനത്ത് ഈ അദ്ധ്യയനവർഷം 2015-16, 2016-17-ൽ ആരംഭിക്കേണ്ടിയിരുന്ന ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ (EMRS) അട്ടപ്പാടിയിൽ ആരംഭിച്ചു. 30 ആൺകുട്ടികളും 30 പെൺകുട്ടികളുമടക്കം 60 പേർക്കാണ് സി.ബി.എസ്.ഇ. സിലബസ് അനുസരിച്ച് പഠിക്കാൻ അവിടെ സൗകര്യമൊരുക്കിയിരിക്കുന്നത്. അതുപോലെതന്നെ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് EMRS-ന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. 60 കുട്ടികൾക്ക് സി.ബി.എസ്.ഇ. സിലബസിൽ പഠിക്കാനും ഏറ്റവും നല്ല സ്പോർട്സ് താരങ്ങളായി വളരാനും സഹായിക്കുന്ന സ്കൂൾ കൂടിയാണത്. ബഹുമാനപ്പെട്ട അംഗങ്ങൾ

ആവശ്യപ്പെട്ടതുപ്രകാരമാണ് കായികരംഗത്തേയ്ക്ക് അവരെ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഇടപെടൽ നടത്തിയത്. മറ്റ് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് തടയാൻ അവരെ കായികരംഗത്തേയ്ക്ക് കൊണ്ടുവരണമെന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയുണ്ടായി. ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് അവിടെയുള്ള സ്ഥലങ്ങളും ഫോറസ്റ്റിന്റെ സ്ഥലവുംകൂടി പ്രയോജനപ്പെടുത്തി ചെറിയ കളിക്കളങ്ങൾ രൂപീകരിക്കാനാണ് തീരുമാനിക്കുന്നത്. അതോടൊപ്പം സ്പോർട്സ് കൗൺസിലിന്റെയും ലോക്കൽ ബോഡീസിന്റെയും സഹായത്തോടുകൂടി എല്ലാ പ്രദേശങ്ങളിലും കായിക പരിപാടികൾ സംഘടിപ്പിക്കാനും യൂണിഫോം ഫോഴ്സിലേയ്ക്കുള്ള ആളുകളെ തെരഞ്ഞെടുത്ത് പരിശീലനം കൊടുക്കാനും തീരുമാനമെടുത്തിട്ടുണ്ട്. അത് നടപ്പിലാക്കുന്നതോടുകൂടി ട്രൈബൽ ഏരിയയിലെ കുട്ടികളുടെ കായികമായ കഴിവ് വളർത്താനും വിപത്തുകളിൽ നിന്നും അവരെ രക്ഷിക്കാനും കഴിയും. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ ഈ വർഷത്തെ ഒരു പ്രത്യേകതകൂടി ഞാൻ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. പൊതുവിദ്യാഭ്യാസം മെച്ചപ്പെട്ടതോടുകൂടി പ്രീ-

മെട്രിക് ഹോസ്റ്റലുകളിൽ പ്രത്യേകിച്ചും എസ്.സി. പ്രീ-മെട്രിക് ഹോസ്റ്റലുകളിലും എസ്.സി. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസത്തിലെ ഭൗതികസാഹചര്യവും പഠനനിലവാരവും മെച്ചപ്പെട്ടപ്പോൾ വീടിനടുത്തുതന്നെ കുട്ടികളെ പഠിപ്പിക്കാൻ രക്ഷകർത്താക്കൾ താല്പര്യം കാണിക്കുന്ന സ്ഥിതിയുണ്ടായി. മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ഇന്നുള്ളതിനേക്കാൾ മെച്ചപ്പെടുത്തിയാൽ മാത്രമേ കുട്ടികളെ ആകർഷിക്കാൻ കഴിയൂ. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുള്ള മണ്ഡലങ്ങളിലെ ബഹുമാനപ്പെട്ട എം.എൽ.എ.-മാരോട് അക്കാര്യം ശ്രദ്ധിക്കണമെന്ന് പറഞ്ഞു, അങ്ങനെ ചെയ്തപ്പോൾ മാറ്റമുണ്ടാകുന്നുണ്ട്. EMRS കാസർഗോഡ് ഉദ്ഘാടനം ചെയ്ത കാര്യം ഞാൻ നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവിടെ ആദ്യത്തെ ട്രയലെടുത്തപ്പോൾ 4 കുട്ടികളാണ് വന്നത്. മുൻ റവന്യൂ വകുപ്പുമന്ത്രിയും സ്ഥലം എം.എൽ.എ.-യുമായ ശ്രീ. ഇ. ചന്ദ്രശേഖരന്റെ ഇടപെടലുണ്ടായപ്പോൾ 56 കുട്ടികൾ രണ്ടാഴ്ചകൊണ്ട് അവിടെയെത്തി. അതേ രീതിയിൽ ഓരോ എം.എൽ.എ.-മാരും ഇടപെട്ടാൽ നിലവിലുള്ള ഇത്തരം സ്കൂളുകളെ മെച്ചപ്പെടുത്താൻ കഴിയും. ഇവയ്ക്കാവശ്യമായ സാമ്പത്തിക സഹായം ഗവൺമെന്റ് ചെയ്യുന്നുണ്ട്. എല്ലാ

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെയും ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്താനാവശ്യമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസത്തിലൂടെ കൂടുതൽ ഉന്നതിയിലെത്തിക്കുക എന്ന നയം നടപ്പിലാക്കിയാൽ മാത്രമേ ആദിവാസി-ദളിത് ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ കഴിയുകയുള്ളൂ. അവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം, തൊഴിൽ, വരുമാനം തുടങ്ങിയവയെല്ലാം ഉണ്ടാക്കിക്കൊടുക്കാനുള്ള ഇടപെടലാണ് സർക്കാർ നടത്തുന്നത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, സി.ബി.എസ്.ഇ. റിസൾട്ട് ഇതുവരെ വന്നിട്ടില്ല. പ്ലസ് വൺ അപേക്ഷയ്ക്കുള്ള അവസാന ദിവസം ഇന്നാണെന്നാണ് പൊതുവിദ്യാഭ്യാസ വകുപ്പ് അറിയിപ്പ് നൽകിയത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇത് അങ്ങയോടുള്ള ചോദ്യമല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് അതിന് മറുപടി പറയേണ്ടത്. എന്തായാലും പലസ്ഥലത്തും ഇത് ആവശ്യപ്പെട്ടിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം ഇങ്ങനെ നീട്ടിക്കൊണ്ടുപോകാൻ കഴിയില്ല. ഇനി മൂന്ന് ബില്ലുകളുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

പ്ലസ് വൺ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 18 എന്നാണ് പൊതുവിദ്യാഭ്യാസ വകുപ്പ് നിശ്ചയിച്ചിട്ടുള്ളത്. സി.ബി.എസ്.ഇ. വിദ്യാർത്ഥികൾ ഹൈക്കോടതിയിൽ കൊടുത്ത കേസ് 21-ാം തീയതിവരെ മാറ്റിവച്ചിരിക്കുകയാണ്. 21-ാം തീയതി വരെ സി.ബി.എസ്.ഇ. വിദ്യാർത്ഥികൾ അപേക്ഷ നൽകിയാൽ സ്വീകരിക്കണമെന്ന് കോടതിയുടെ ഡയറക്ഷനുണ്ട്. 21-ാം തീയതി അന്തിമവിധി വരും.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഞാൻ പ്രസംഗം അവസാനിപ്പിക്കാം. എഞ്ചിനീയറിംഗ് കഴിഞ്ഞ ഏകദേശം 500 കുട്ടികളെ അക്രെഡിറ്റഡ് എഞ്ചിനീയർമാരായി ലോക്കൽ ബോഡിയുമായി ബന്ധപ്പെട്ട് പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവരെ രണ്ട് വർഷത്തേയ്ക്കാണ് നിയമിക്കുന്നത്. പോളിടെക്നിക്, ഐ.ടി.ഐ. എന്നീ കോഴ്സുകൾ കഴിഞ്ഞ കുട്ടികൾക്ക് ഒരു മാസം 18,000/- രൂപയും ബി.ടെക് കഴിഞ്ഞ കുട്ടികൾക്ക് 20,000/- രൂപയും ഓണറേറിയമായി നൽകും. രണ്ടുവർഷം എക്സ്പീരിയൻസാകുമ്പോൾ അവർക്ക് ഉയർന്ന മറ്റ് മേഖലയിലേയ്ക്ക് പോകാൻ സാധിക്കും. പാരാ മെഡിക്കൽ കോഴ്സ്, ബി.എസ്സി. നഴ്സിംഗ്, ജനറൽ നഴ്സിംഗ് കഴിഞ്ഞവരെയും ഇതുപോലെ തെരഞ്ഞെടുത്ത് പി.എച്ച്.സി.കൾ

മുതൽ മെഡിക്കൽ കോളേജ് വരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവർക്ക് മാസം സ്റ്റൈപന്റ്/ഓണറേറിയം പട്ടികജാതി വികസന വകുപ്പ് നൽകും. പഠനത്തിനുശേഷം തൊഴിൽ ലഭിക്കുകയെന്നത് പ്രധാനപ്പെട്ട പ്രശ്നമാണ്. പ്രൊഫഷണൽ കോഴ്സ് പഠിച്ച കുട്ടികൾക്ക് അതിനനുസരിച്ച് തൊഴിൽ ലഭിക്കാൻ സാധിക്കുന്ന തരത്തിൽ പരിശീലനം നൽകുകയാണ്. എക്സ്പീരിയൻസ് സർട്ടിഫിക്കറ്റില്ലാത്തതിന്റെ പേരിൽ പലപ്പോഴും അവർക്ക് ജോലി ലഭിക്കുന്നില്ല. ഇത്തരത്തിലൊരു പരിപാടി സംഘടിപ്പിക്കുന്നതോടുകൂടി പരിശീലന സർട്ടിഫിക്കറ്റ് ലഭ്യമാകുകയും എവിടെയും ജോലി തേടി പോകാനുള്ള അവസരം ലഭിക്കുകയും ചെയ്യും. വർത്തമാനകാലഘട്ടത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക ജനവിഭാഗങ്ങളുടെ ജീവിതം മെച്ചപ്പെടുത്താനാവശ്യമായ കാര്യങ്ങൾ ചെയ്തുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേന്ദ്രസർക്കാരിനെപ്പോലെ ദളിത് വിരുദ്ധ ഗവൺമെന്റാണ് കേരളത്തിലുമുള്ളതെന്ന് ബഹുമാനപ്പെട്ട എ. പി. അനിൽകുമാർ പറയുകയുണ്ടായി. അത് ചരിത്രത്തോട് കാണിക്കുന്ന അനീതിയാണ്. അതുകൊണ്ട് അത് പിൻവലിക്കുന്നതാണ് നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. സമൂഹത്തിൽ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെ

ജീവിതം മെച്ചപ്പെടുത്താനും അവരെ മുന്നോട്ട് നയിക്കാനും എല്ലാവരുടെയും സഹായ സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, കുറച്ചുകാര്യങ്ങൾക്കുകൂടി മറുപടി പറയാനുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇന്ന് ന്യൂനപക്ഷക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥനയുമുണ്ട്. അതിനെക്കുറിച്ച് ഇന്നത്തെ ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചിട്ടുമുണ്ട്. ആ സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിലില്ലാതിരുന്നതുകൊണ്ട് അതുംകൂടി ശ്രദ്ധിക്കാൻ ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയെ ചുമതലപ്പെടുത്തിയിട്ടുണ്ടാകുമെന്നാണ് കരുതിയത്. അവസാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമെന്നും പ്രതീക്ഷിച്ചു. ശ്രീ. കെ. പി. എ. മജീദ് അടക്കമുള്ളവർ വളരെ കൃത്യമായി കുറച്ച് കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് ഈ ഡിമാൻഡിന്റെ ഭാഗമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പാണ്. അതിന് മറുപടിയില്ലാതെ പോകുന്നത് മോശമാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി മറുപടിക്കുശേഷം ധനാഭ്യർത്ഥന പാസ്സാക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഇനി അതിനെക്കുറിച്ച് ചർച്ചയില്ല.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ശ്രീ. കെ.പി.എ. മജീദ് പറഞ്ഞ കാര്യങ്ങൾക്ക് ഞാൻ മറുപടി പറഞ്ഞിട്ടുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സർവ്വശ്രീ ടി. വി. ഇബ്രാഹിം, എ. കെ.എം. അഷ്റഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എൻ. എ. നെല്ലിക്കുന്ന്, എൽദോസ് പി. കുന്നപ്പിള്ളിൽ, കെ.പി.എ. മജീദ്, പി. കെ. ബഷീർ, പി. സി. വിഷ്ണുനാഥ്, സി.ആർ. മഹേഷ്, സജീവ് ജോസഫ്, പി. ഉബൈദുള്ള, കെ.ബാബു (തൃപ്പൂണിത്തുറ), എ. പി. അനിൽകുമാർ, പി. അബ്ദുൽ ഹമീദ്, യു. എ. ലത്തീഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ഡോ. എം. കെ. മുനീർ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ പട്ടികജാതി, പട്ടികവർഗ്ഗ, മറ്റു പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ...

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, മറ്റു പിന്നോക്ക, ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ച ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ധനാഭ്യർത്ഥനകൾ ശബ്ദവോട്ടോടുകൂടി പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയെയും ട്രഷറികളും

അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

<u>ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സംസ്ഥാന നിയമസഭ എന്ന എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ

2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ...

ധനാഭ്യർത്ഥനകൾ പാസ്സാക്കിയിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

03.55 PM]

അപരാഹ്ന സമ്മേളനം

## IX നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2022-ലെ കേരള ധനകാര്യ ബിൽ

(ii) 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ധനകാര്യ ബിൽ, 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ബിൽ സഭയിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്ത് വീണ്ടും വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് വന്നതാണ്. അതുകൊണ്ട് ഞാനിപ്പോൾ ആമുഖമായിട്ടൊന്നും സംസാരിക്കുന്നില്ല. ബില്ലുമായി ബന്ധപ്പെട്ട ചർച്ചയ്ക്കുശേഷം സംസാരിക്കാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് മൂന്ന് ബില്ലുകളിലായി 20 അംഗങ്ങൾ സംസാരിക്കേണ്ടതുണ്ട്. മൂന്ന് ബില്ലുകളുടെയും വകുപ്പ് തിരിച്ചുള്ള പരിഗണനയും നടത്തേണ്ടതുണ്ട്. കൂടാതെ സഭ പിരിഞ്ഞതിനുശേഷം ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഒരു പ്രസന്റേഷനും അത്താഴവിരുന്നും ഒരുക്കിയിട്ടുമുണ്ട്. നിയമനിർമ്മാണ വേളയിൽ പൊതുവിൽ സമയനിബന്ധന കർശനമാക്കാറില്ലെങ്കിലും ഇന്നത്തെ പ്രത്യേക സ്ഥിതി പരിഗണിച്ച് ചില നിയന്ത്രണങ്ങൾ അനിവാര്യമാണ്. അതിനാൽ ബില്ലുകളുടെ ചർച്ചയിൽ പങ്കെടുക്കുന്ന ഓരോ അംഗവും പരമാവധി പത്ത് മിനിട്ട് എന്ന നിലയിൽ സമയക്രമം

പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു. രണ്ട് ബില്ലുകളെയും സംബന്ധിക്കുന്ന ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്.

<u>ശ്രീ. കെ. ബാബു</u> (തൃപ്പൂണിത്തുറ): സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലിലെ പല നികുതി നിർദ്ദേശങ്ങളും യുക്തിസഹമല്ലെന്ന് ഒറ്റനോട്ടത്തിൽത്തന്നെ കാണാൻ കഴിയും. നികുതി നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ മുൻകാല പ്രാബല്യത്തോടുകൂടി കറക്ട് ചെയ്യാനുള്ള തീരുമാനംപോലും ഈ ബില്ലിലുണ്ടായിരുന്നില്ല. പിന്നീടത് സബ്ജക്ട് കമ്മിറ്റി ഭേദഗതി ചെയ്യുകയും ചെയ്തു. അശാസ്ത്രീയമായ രീതിയിൽ 602 കോടി രൂപയുടെ നികുതി നിർദ്ദേശങ്ങളാണ് സർക്കാർ ഈ ബിൽ വഴി സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നത്. ശാസ്ത്രീയപഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഭൂനികുതി നടപ്പാക്കുന്നതെന്ന് പറയാൻ സാധിക്കുകയില്ല. കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ ഭൂനികുതി ഏർപ്പെടുത്താൻ തീരുമാനിച്ചത് ഈ ബില്ലിലൂടെയാണ്. അതുപോലെ കോവിഡ് പ്രതിസന്ധിയിൽ കഴിയുന്ന ജനങ്ങൾക്ക് വളരെയേറെ പ്രയാസങ്ങളുണ്ടാകുന്ന വിധത്തിലുള്ള പല നികുതി നിർദ്ദേശങ്ങളും മുന്നോട്ടുവച്ചിട്ടുണ്ട്. ഭൂമിയുടെ ഫെയർ വാല്യു 10% വർദ്ധിപ്പിക്കാനുള്ള തീരുമാനം സാധാരണക്കാരെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഒരു

പഠനവും നടത്താതെ 100 കോടിയിലധികം രൂപ വാർഷിക വരുമാനം പ്രതീക്ഷിക്കുന്ന ഭൂനികുതി വർദ്ധനവിന് ഒരു ന്യായവും പറയാനുണ്ടെന്ന് തോന്നുന്നില്ല. കടം വാങ്ങുന്ന തുകയെല്ലാം പൊതുകടത്തിന്റെ തിരിച്ചടവിന് വിനിയോഗിക്കുന്ന ഈ സർക്കാർ കഴിഞ്ഞ 5 വർഷമായി 60,121 കോടി രൂപ പലിശയിനത്തിൽ അടച്ചിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ ചില്ലറ വിൽപ്പനയ്ക്കുവരെ നികുതി നിരക്കിൽ വർദ്ധനവ് വരുത്തി ജനങ്ങളെ പിഴിയുന്ന നയമാണ് കേന്ദ്ര സർക്കാരും സ്വീകരിക്കുന്നത്. ഏറ്റവുമൊടുവിൽ കൂടിയ 47-ാമത് ജി.എസ്.ടി. കൗൺസിലിന്റെ അദ്ധ്യക്ഷത വഹിച്ചത് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ, ശ്രീ. കെ. ഡി. പ്രസേനൻ)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി എങ്ങനെയാണ് ജി.എസ്.ടി. കൗൺസിലിൽ അദ്ധ്യക്ഷത വഹിക്കുന്നത്? യൂണിയൻ ഫിനാൻസ് മിനിസ്റ്ററാണ് അതിന്റെ അദ്ധ്യക്ഷത വഹിക്കുന്നത്. തെറ്റായി റിക്കാർഡിൽ ഉൾപ്പെടുത്തേണ്ടെന്ന് കരുതി പറഞ്ഞതാണ്.

4.00 PM]

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അരി, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ തുടങ്ങിയവ ഇരുപത്തിയഞ്ച് കിലോഗ്രാമിൽ താഴെ അതായത്, ഒന്നുരണ്ട് കിലോയൊക്കെ വാങ്ങുന്നവർക്ക് അഞ്ച് ശതമാനം നികുതിയാണ് ചുമത്തുന്നത്. എന്നാൽ ഇരുപത്തിയഞ്ച് കിലോഗ്രാമിൽ കൂടുതൽ പായ്ക്ക് ചെയ്ത ആ സാധനങ്ങൾ വാങ്ങുന്നവർക്ക് നികുതിയില്ല. ജി.എസ്.ടി. കൗൺസിൽ തീരുമാനത്തിലെ ഒരു അപാകതയാണിത്. അതുപോലെ ആയിരം രൂപവരെ വാടകയുള്ള ചെറിയ ഹോട്ടലിന് 12 ശതമാനമാണ് നികുതി ഏർപ്പെടുത്തിയിരിക്കുന്നത്. പുതിയ നിർദേശമനുസരിച്ച് ഫൈവ് സ്റ്റാർ ഹോട്ടലുകൾക്കും 12% തന്നെയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നേരത്തെ കാർഷികോല്പന്നങ്ങളും സ്പൈസസ് ഉൾപ്പെടെയുള്ള നാണ്യവിളകളും വെയർഹൗസിൽ സൂക്ഷിക്കുന്നതിന് നികുതിയുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ അതിന് പതിനെട്ട് ശതമാനം ടാക്സ് ഏർപ്പെടുത്തിയിരിക്കുകയാണ്. ഇതുപോലെ ജനങ്ങളെ ബാധിക്കുന്ന തരത്തിലുള്ള നികുതി നിർദേശങ്ങളാണ് ജി.എസ്.ടി. കൗൺസിലിൽനിന്നുമുണ്ടാകുന്നത്. മറ്റ് സംസ്ഥാനങ്ങളിലെ

ജി.എസ്.ടി. കൗൺസിൽ അംഗങ്ങളെയെല്ലാം ഏകോപിപ്പിച്ച് ഇതിനെതിരായി ശക്തമായ നിലപാട് സ്വീകരിക്കുകയാണ് വേണ്ടത്. അദ്ദേഹം അത്തരത്തിലുള്ള നിലപാട് സ്വീകരിച്ചുകാണുമെന്ന് എനിക്ക് തോന്നുന്നു. പക്ഷേ ജി.എസ്.ടി. കൗൺസിലിലെടുക്കുന്ന തീരുമാനങ്ങൾ അതേപടി നടപ്പാക്കി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന നിലപാടിൽനിന്ന് സർക്കാർ പിന്മാറണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട അസസ്മെന്റ് ഡിമാന്റ് നോട്ടീസിന്മേൽ വ്യാപാരികൾ ഓൺലൈനായി സമർപ്പിക്കുന്ന അപ്പീലുകൾ അപ്പീൽ അധികാരിക്ക് കാണാൻ സാധിക്കാത്ത വിധത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ ഇടയ്ക്കിടെ ഉണ്ടാകുന്നതിനാൽ പല കാര്യങ്ങളും തീർപ്പാക്കാൻ സാധിക്കുന്നില്ല. വ്യാപാരികൾ സമർപ്പിക്കുന്ന അപ്പീലുകളിൽ അപ്പലേറ്റ് അതോറിറ്റി തീരുമാനമെടുക്കുന്നുണ്ടെങ്കിലും അത് ഉത്തരവായി പുറപ്പെടുവിക്കുന്നതിൽ സർക്കാർ നടപ്പാക്കിയിട്ടുള്ള ആംനെസ്റ്റി സംവിധാനം പൂർണ്ണമായി പരാജയപ്പെടുകയാണ്. ഈ സംവിധാനം ഇപ്പോൾ എക്സ്റ്റന്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും പരാജയപ്പെടുന്നതിന്റെ പ്രധാന കാരണം അത് നടപ്പാക്കുന്ന രീതിയാണ്. 01.07.2017 മുതൽ നടപ്പാക്കിയ ജി.എസ്.ടി. സംവിധാനം നാലരവർഷം പൂർത്തിയാക്കിയിട്ടും നികുതി ചുമത്തലിനും

നിർണ്ണയത്തിനുംവേണ്ടി വ്യക്തമായ നയമോ പദ്ധതിയോ രൂപീകരിക്കാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി. നിയമമായതിനുശേഷം ഡിമാന്റ് നോട്ടീസുപോലും യഥാസമയം കൊടുക്കുന്നില്ലെന്ന ആക്ഷേപമുണ്ട്. തുടർനടപടി സ്വീകരിക്കാതെ ഇക്കാര്യത്തിൽ നടപടികൾ അവസാനിപ്പിക്കുന്ന പ്രവണതയാണ് നിലനിൽക്കുന്നത്. ജനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന നാണയപെരുപ്പം ഉൾപ്പെടെയുണ്ടാക്കുന്ന വിധത്തിലുള്ള നികുതി നിർദേശങ്ങളാണ് ജി.എസ്.ടി. കൗൺസിൽ അടിച്ചേൽപ്പിച്ചിട്ടുള്ളത്. അതോടൊപ്പംതന്നെ സംസ്ഥാന ഗവൺമെന്റും 600 കോടിയോളം രൂപ പിരിക്കാൻവേണ്ട നികുതി നിർദ്ദേശങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. കേരളത്തിൽ ഇതുവരെ ഒരു ഗവൺമെന്റും ഭൂമിയുടെ ഫെയർ വാല്യൂവും കരവും ഇത്രയേറെ വർദ്ധിപ്പിക്കാൻ തയ്യാറായിട്ടില്ല. ഗവൺമെന്റ് മറ്റിതര വരുമാന മാർഗ്ഗങ്ങൾ തേടി സാധാരണ ജനങ്ങളെ ബാധിക്കാത്ത വിധത്തിൽ നികുതി നിർദ്ദേശങ്ങൾ കൊണ്ടുവരാൻ ശ്രമിക്കേണ്ടതായിരുന്നുവെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. രാഷ്ട്രീയ കാര്യങ്ങൾ പറയുന്നത് ശരിയല്ലെങ്കിലും ഇപ്പോഴത്തെ സാഹചര്യത്തിൽ ഒന്നുരണ്ട് കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്, കഴിഞ്ഞ വർഷം

കോവിഡുമായി ബന്ധപ്പെട്ട് നാല് ലക്ഷം രൂപ വീതം ഓരോ എം.എൽ.എ.-യുടെയും ആസ്തി വികസന ഫണ്ടിൽനിന്നും 560 കോടി രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്. അങ്ങനെ ലഭിച്ച തുകയിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കണം.

മി. ചെയർമാൻ: പ്ലീസ് ... പ്ലീസ്....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സാധാരണ ബില്ലുകളുടെ ചർച്ച നടക്കുമ്പോൾ നിയന്ത്രിക്കാറില്ല. ഇവിടെ രണ്ടും മൂന്നും മണിക്കൂറുകൾ വരെ സംസാരിച്ച ചരിത്രമുണ്ട്. ഏതായാലും അങ്ങ് സഭ നിയന്ത്രിക്കണം, അതിൽ അഭിപ്രായ വ്യത്യാസമില്ല. പക്ഷെ ഒന്നോ രണ്ടോ മിനിട്ടൊക്കെ അങ്ങ് അനുവദിച്ച് തരണം.

മി. ചെയർമാൻ: സമയക്ലിപ്തത നേരത്തെ തീരുമാനിച്ചതാണ്. സഭയുടെ അംഗീകാരത്തോടുകൂടിയാണ് ആരംഭിച്ചത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കഴിഞ്ഞ കുറച്ചു ദിവസങ്ങളായി ശ്രീ. എം. എം. മണിയുടെ പ്രയോഗവുമായി ബന്ധപ്പെട്ട് ധാരാളം ചർച്ചകൾ ഇവിടെ നടന്നു. അദ്ദേഹത്തെക്കുറിച്ച് വ്യക്തിപരമായി ആക്ഷേപം പറയാനില്ല. പക്ഷേ അദ്ദേഹം നാവുകൊണ്ട് മാത്രമല്ല, കൈകൊണ്ട് തെറി കാണിക്കുകയും ചെയ്യും. അദ്ദേഹത്തിന്റെ രീതി അങ്ങനെയായിരിക്കും.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് അദ്ദേഹത്തെക്കൊണ്ട് ശ്രീമതി കെ. കെ. രമയ്ക്ക് വേദനയുണ്ടാക്കിയ വാക്ക് പിൻവലിപ്പിക്കുമെന്നാണ് ഞാൻ ധരിച്ചിരുന്നത്. ഇവിടെ ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീ. കെ. ബി. ഗണേഷ് കുമാർ അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദന് പ്രയാസമുണ്ടാക്കുന്ന ചില പരാമർശങ്ങൾ നടത്തിയിരുന്നു. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റിനുവേണ്ടി മാപ്പ് പറയുകയാണ് ചെയ്തത്. ഇവിടെ നമ്മുടെ മുഖ്യമന്ത്രി അങ്ങനെയൊരു ശ്രമം നടത്തിയില്ലെന്നത് ദുഃഖകരമാണ്. ശ്രീ. എം. വിൻസെന്റ് ഉൾപ്പെടെയുള്ള ചില എം.എൽ.എ.-മാർ സ്ത്രീകൾക്ക് വേദനയുണ്ടാക്കുന്ന പരാമർശം നടത്തിയെന്ന് പറഞ്ഞപ്പോൾ ശ്രീ. എം. വിൻസെന്റ് അത് പിൻവലിച്ച് ക്ഷമാപണം നടത്തിയിരുന്നു. ഇവിടെ അങ്ങനെയൊരു രീതി കാണാത്തത് ദുഃഖകരമാണ്.

<u>മി. ചെയർമാൻ</u>: അങ്ങ് അവസാനിപ്പിക്കണം. സഭ അംഗീകരിച്ച സമയം കഴിഞ്ഞു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഇന്നലെ ഇവിടെ ചർച്ച ചെയ്ത കാര്യങ്ങളായതുകൊണ്ട് ആവർത്തിക്കുന്നില്ല. ഇതിനെക്കുറിച്ച് സി.പി.ഐ. (എം)-ന്റെ പാർട്ടി സെക്രട്ടറി പറഞ്ഞത് സഭ അതിന്

പരിഹാരമുണ്ടാക്കുമെന്നാണ്. സി.പി.ഐ. (എം)-ന്റെ എം.എൽ.എ., ഒരു പ്രതിപക്ഷ വനിതാ എം.എൽ.എ.-യ്ക്ക് വേദനയുണ്ടാക്കുന്ന വിധത്തിൽ മോശമായി സംസാരിച്ചപ്പോഴും അവരുടെ പാർട്ടി സെക്രട്ടറി പറഞ്ഞത് നിയമസഭയിൽ പറഞ്ഞ കാര്യങ്ങൾ അവിടെത്തന്നെ പരിഹരിക്കുമെന്നാണ്. ഇക്കാര്യത്തിൽ സി.പി.ഐ.(എം)-ന് യാതൊരു ഉത്തരവാദിത്വവുമില്ല. അതുപോലെ ശ്രീ. കാനം രാജേന്ദ്രൻ എല്ലാ കാര്യങ്ങളിലും ഗവൺമെന്റിനെ വിറപ്പിച്ച് സംസാരിച്ചിരുന്ന ആളാണ്. അദ്ദേഹം ഇക്കാര്യം അറിഞ്ഞില്ല. ശ്രീമതി ആനിരാജ ഏത് പാർട്ടിയിലാണെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറയണം. കാരണം, അവർ പല കാര്യങ്ങളും കേരളത്തിൽ വന്ന് പറയുന്നുണ്ട്. അതൊന്നും നിങ്ങൾക്ക് ബാധകമല്ല, പ്രത്യേകിച്ച് നിങ്ങളുടെ പാർട്ടി സെക്രട്ടറിക്ക്. ഈ ബില്ലും 47-ാമത് കേന്ദ്ര ജി.എസ്.ടി. ജനറൽ കൗൺസിൽ വരുത്തിയ മാറ്റങ്ങളും സാധാരണ ജനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്. അതുകൊണ്ട് ജി.എസ്.ടി. കൗൺസിലിൽ തീരുമാനിക്കുന്ന കാര്യങ്ങൾ നടപ്പാക്കാൻ ആവേശം കാണിക്കരുത്. ഡീസലിന്റെയും പെട്രോളിന്റെയും കാര്യത്തിൽ കേന്ദ്രസർക്കാർ വർദ്ധിപ്പിച്ച തുകയിൽ കുറവുവരുത്തി. പക്ഷെ ഇവിടെ കോവിഡ് കാലത്തുപോലും ഒരു

രൂപ കുറച്ച് ജനങ്ങൾക്ക് ചെറിയൊരു ആശ്വാസം നൽകാൻപോലും ഈ ഗവൺമെന്റ് തയ്യാറായില്ലെന്നു പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2022-ലെ ധനകാര്യ ബില്ലിൽ സാധാരണക്കാരുടെ നികുതിഭാരം വർദ്ധിപ്പിച്ചിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അവയിൽ ചിലത് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞതുകൊണ്ട് ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല. തെറ്റായ ധനകാര്യ മാനേജ്മെന്റാണ് ഇതിലെ പ്രധാന പ്രശ്നം. അത് ജനങ്ങളെ ദോഷകരമായി ബാധിക്കുകയാണ്. 1961-ലെ കേരള ഭൂനികുതി ആക്ടിന്റെ 6-ാം വകുപ്പിൽ വരുത്തിയിട്ടുള്ള ഭേദഗതിപ്രകാരം അടിസ്ഥാന ഭൂനികുതി ഇരട്ടിയായി മാറുകയാണ്. അത് സാധാരണക്കാരിൽ സാധാരണക്കാരായവരെയാണ് ബാധിക്കുന്നത്. കിഫ്ബി ബഡ്ജറ്റിനുപുറത്തുനിന്ന് കടമെടുത്ത തിരിച്ചടവ് ബാദ്ധ്യത ഇപ്പോൾ എത്രകോടി രൂപയാണ്; ഇങ്ങനെ പോയാൽ എവിടെ ചെന്നുനിൽക്കും? അങ്ങേയ്ക്ക് മുമ്പ് ഈ സ്ഥാനത്തിരുന്നവർ മഹാകാര്യമായി അവതരിപ്പിച്ചതാണിത്. അന്നുണ്ടാക്കിയ ഭാരം ഇപ്പോഴും നമ്മുടെ തലയിൽ ഇരിക്കുകയാണ്. പെട്രോളിയം സെസ്, മോട്ടോർ വാഹന നികുതി എന്നീ രണ്ടിനങ്ങളിൽ നിന്നുമാണ് കിഫ്ബിയുടെ തിരിച്ചടവെന്ന് പറയുമ്പോൾ

അത് സാധാരണക്കാരെയല്ലേ ബാധിക്കുന്നത്? അതിന്റെ ഭാഗമായി ബസ് ചാർജ്ജ് വർദ്ധിപ്പിക്കും; മറ്റ് സെസ്സുകളെയും ബാധിക്കും. ഇത് സാധാരണക്കാരെ ബാധിക്കില്ലെന്ന് കണ്ണടച്ച് വിലയിരുത്തുന്നത് ശരിയല്ല. കിഫ്ബിക്കുവേണ്ടി ഒരുവർഷം പരസ്യം കൊടുത്ത ഇനത്തിൽ മാത്രമുള്ള കണക്കുകൾകൂടി അങ്ങിവിടെ അവതരിപ്പിക്കുന്നുവെന്ന് പറഞ്ഞാൽ കഷ്ടമാണ്. എന്റെ കയ്യിലുള്ളത് സി. ആൻഡ് എ.ജി.യുടെ റിപ്പോർട്ടാണ്. കിഫ്ബിയുടെ പരസ്യത്തിനുവേണ്ടി മാത്രം 2020-21, 2021-22 വർഷങ്ങളിൽ 69,57,00,000/- രൂപ ചെലവഴിച്ചു. അത് താങ്ങാനുള്ള ശക്തി കേരളത്തിനുണ്ടോ? സാധാരണക്കാർ, പാവപ്പെട്ടവർ, ബുദ്ധിമുട്ടുന്നവർ, കണ്ണീരൊലിപ്പിക്കുന്നവർ എന്നൊക്കെ പറയുന്നില്ലേ; ഇതൊക്കെ നിയമസഭയിലെ നിരോധിത വാക്കുകളിൽപ്പെടാത്തതുകൊണ്ട് ഞാൻ അത് ആവർത്തിക്കുകയാണ്. ഈ രൂപത്തിലുള്ള ധാരാളിത്തം സഹിക്കാൻ കേരളത്തിന് കഴിയുമോയെന്ന് എനിക്കറിയില്ല. മുൻവർഷങ്ങളിലെ ആംനെസ്റ്റി സ്കീമിനെക്കുറിച്ച് ഇവിടെ പറഞ്ഞു, അത് പൊട്ടിപ്പൊളിഞ്ഞുപോയി, അത് അങ്ങയുടെ കുറ്റമാണെന്ന് ഞാൻ പറയുന്നില്ല. സ്വർണ്ണത്തിന്റെ ആംനെസ്റ്റി സ്കീം എവിടെയെത്തി നിൽക്കുന്നു? വ്യക്തമായൊരു സ്ട്രാറ്റജി തയ്യാറാക്കി നികുതി പിരിവ്

കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. ജി.എസ്.ടി വന്നപ്പോൾത്തന്നെ നികുതി പിരിവിന്റെ ഘടനയിൽ മാറ്റം വരുത്തണമായിരുന്നു. അത് കൊണ്ടുവരാത്തതുകൊണ്ട് നമ്മുടെ ധനസ്ഥിതി വളരെ മോശമായിപ്പോയി. ധനകാര്യ മാനേജ്മെന്റിലെ വീഴ്ചയും നികുതി പിരിവിലെ കെടുകാര്യസ്ഥതയുംമൂലമുണ്ടായ ബാദ്ധ്യത വളരെ കൂടുതലാണ്. കിഫ്ബിയുമായി ബന്ധപ്പെട്ട വിശദാംശം ഇവിടെ പറയണം. കേരളത്തിലെ ജനങ്ങൾ അത് അങ്ങയിൽനിന്നും കേൾക്കാൻ താൽപ്പര്യത്തോടുകൂടി നിൽക്കുകയാണ്. അങ്ങ് ജി.എസ്.ടി. കൗൺസിലിൽ കേരളത്തിന്റെ കാര്യം വാദിക്കുന്നില്ല എന്നൊന്നും പറയുന്നില്ല, പക്ഷേ അവർ അതൊന്നും കേൾക്കുന്നില്ല. ഇതിനുവേണ്ടി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ സംഘടിപ്പിച്ച് പരിശ്രമിച്ചുവെന്നാണ് പരസ്യമായി അങ്ങ് പറഞ്ഞത്. അതുകൊണ്ട് എന്താണ് പ്രയോജനം; ആ നെറ്റ് റിസൾട്ട് കേരളത്തിന് ഗുണകരമാണോ? അവസാനം അരിക്കുപോലും നികുതി വർദ്ധിച്ചു. അന്നത്തിനെ തൊട്ട സർക്കാരിന്റെ നിലപാടിനെ കണ്ണീരോടെയല്ലാതെ പാവപ്പെട്ടവർക്ക് കാണാൻ സാധിക്കുമോ? ഒന്നും രണ്ടും കിലോ അരി വാങ്ങുന്ന പാവപ്പെട്ടവരുടെ അന്നത്തിനാണ് ഇത്രയും കൂടുതൽ നികുതി ഈടാക്കുന്നത്. കേരളത്തിന്റെ ചരിത്രമെടുത്ത് പരിശോധിക്കണം, അരിക്ക്

നികുതി വർദ്ധിപ്പിച്ച ഒരു കാലഘട്ടം ഇതുവരെയുണ്ടായിട്ടില്ല. മറ്റുള്ളവർ സമ്മതിക്കാത്തതുകൊണ്ട് കാര്യം നടപ്പിലായില്ലെന്ന സാധാരണ ഗതിയിലുള്ള വാദഗതി അങ്ങ് വയ്ക്കുന്നുണ്ടാകാം. പക്ഷേ കേരളത്തിൽ വിഷമമുണ്ടാക്കുന്ന സാഹചര്യമാണിതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുവേണ്ട പ്രൊപ്പോസൽ കുറവാണ്. നേരത്തെ ശ്രീ. കെ. ബാബു ഇവിടെ പറഞ്ഞത് നിസ്സാരമായ മാറ്റങ്ങളെക്കുറിച്ചാണ്. ഈ വിഷയം കമ്മിറ്റിയിൽ ഉന്നയിച്ചപ്പോൾ നിസ്സാരമായ മാറ്റങ്ങളാണ് വരുത്തിയത്. അതിൽ അങ്ങെടുത്ത നിലപാട് ഞങ്ങൾ എതിർത്തിട്ടില്ല. പക്ഷേ ഞങ്ങളുടെ വിയോജിപ്പ് നിലനിൽക്കുകയാണ്. ഞങ്ങളുടെ വിയോജിപ്പെന്നാൽ കേരള ജനതയുടെ വിയോജിപ്പാണ്. കാരണം, അവരുടെ ജീവിതത്തെ ബാധിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾക്കാണ് കൂടുതൽ നികുതി ഈടാക്കിയിട്ടുള്ളത്. അറുന്നൂറിലധികം കോടി രൂപയുടെ നികുതി ഒറ്റയടിക്ക് വർദ്ധിപ്പിക്കുന്നുവെന്ന് പറഞ്ഞാലത് എവിടെപ്പോയി നിൽക്കും? ഡൽഹിയിൽ ബി.ജെ.പി. ഗവൺമെന്റ് നികുതി കൂട്ടിയിട്ടല്ലേ ഇവിടെയും കൂട്ടിയതെന്ന് അങ്ങിപ്പോൾ ന്യായീകരിക്കും. അവിടെ നികുതി കൂട്ടിയാൽ ഇവിടെയും കൂട്ടണമെന്നുണ്ടോ? കേന്ദ്രം നികുതി കൂട്ടിയതുകൊണ്ട് ഞങ്ങൾ

ഇവിടെയും നികുതി കൂട്ടിയെന്നുപറഞ്ഞാൽ ന്യായമാണോ? കേരള ജനത പറയുന്നത് ഇത് 50:50 ആണെന്നാണ്. അതായത്, കേന്ദ്ര ഗവൺമെന്റും ഫിഫ്റ്റി സംസ്ഥാന ഗവൺമെന്റും ഫിഫ്റ്റി, രണ്ടും കൂടി വരുമ്പോൾ ജനങ്ങൾ സീറോ. അതാണ് കേരളത്തിൽ ഇപ്പോൾ നടക്കുന്നത്. ഇത് ജനവിരുദ്ധവും ജനങ്ങളുടെ താൽപ്പര്യങ്ങൾക്കെതിരുമാണ്. ഈ നികുതി നിർദ്ദേശങ്ങൾ ഒഴിവാക്കുന്നതിന് ഈ അവസാന നിമിഷമെങ്കിലും ശ്രമിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. കേരളത്തിന്റെ അവസ്ഥയെക്കുറിച്ച് ആവർത്തിച്ച് ഓർമ്മപ്പിക്കേണ്ടതില്ല. പണത്തിന്റെ ചംക്രമണം നടക്കുന്നില്ല എന്നതാണ് പ്രധാന കാരണം. ഓരോ രംഗവുമെടുത്ത് പരിശോധിച്ചാൽ അത് അറിയാൻ സാധിക്കും. ഏതാനും കുറെയാളുകളുടെ കയ്യിൽ ധനം കുമിഞ്ഞുകൂടുകയാണ്. സാധാരണക്കാർ എന്ത് ചെയ്യും? കോവിഡിനും പ്രളയത്തിനുംശേഷമുള്ള അവസ്ഥയെ നേരിടാൻ അവർക്ക് സാധിക്കുമോ; അതിനെ നേരിടാനുള്ള സാമ്പത്തിക സമീപനമാണിതെന്ന് അങ്ങേയ്ക്ക് അവകാശപ്പെടാൻ കഴിയുമോ? കേരളത്തിന്റെ ദാരിദ്ര്യവും വിഷമങ്ങളുമെല്ലാം ഒരുഭാഗത്ത് നിലനിർത്തിക്കൊണ്ടുതന്നെ കൂടുതൽ നികുതി ഈടാക്കുന്നതിനുവേണ്ട പരിശ്രമങ്ങൾ നടത്തുന്നതിൽനിന്നും അങ്ങ് പുറകോട്ട് പോകണം. ഞങ്ങൾ വച്ച പ്രൊപ്പോസൽ രാഷ്ട്രീയാടിസ്ഥാനത്തിലുള്ളതാണെന്ന് പറയണ്ട.

ഞങ്ങളിപ്പോൾ ശ്രീ. എം. എം. മണിയെ നന്നാക്കാനൊന്നും ശ്രമിക്കുന്നില്ല, കാരണം അദ്ദേഹം ഈ സ്പീഡിൽ പോകുന്നതാണ് നിങ്ങൾക്കും ഞങ്ങൾക്കും നല്ലത്. അദ്ദേഹം കുറച്ചുകൂടി സ്പീഡെടുക്കണം. അദ്ദേഹം കാർപ്പറ്റ് ബോംബാണ് എറിഞ്ഞുകൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ ഉന്നം പ്രതിപക്ഷവും ശ്രീമതി കെ. കെ. രമയുമാണെന്നൊന്നും എനിക്ക് അഭിപ്രായമില്ല. അദ്ദേഹത്തിന്റെ ഉന്നം ബഹുമാന്യനായ മുഖ്യമന്ത്രി തന്നെയാണ്. അദ്ദേഹത്തെ പാർട്ടി സെക്രട്ടേറിയറ്റിൽനിന്നും പുറത്താക്കിയ, മന്ത്രി സ്ഥാനത്തുനിന്നും മാറ്റിയ സമീപനത്തോടുള്ള വിരോധം ഇങ്ങനെ ഓരോരുത്തരെയും വഴിയിൽ കാണുമ്പോൾ അവരുടെ തലയിൽ കയറി തീർത്തുകൊണ്ടിരിക്കുകയാണ്. 'നസ്രത്തിൽനിന്നും നന്മ' പ്രതീക്ഷിച്ചിട്ട് കാര്യമില്ല, ശ്രീ. എം. എം. മണിയിൽനിന്നും ഒരു നന്മയും പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് മണിയെ തിരുത്താനുള്ള പണിയിലേയ്ക്ക് ഞങ്ങൾ പോകുന്നില്ല. നിങ്ങൾക്ക് ഭൂഷണമാണെങ്കിൽ ആ മണി നിങ്ങളുടെ കഴുത്തിൽത്തന്നെ കെട്ടി ആടണം. നികുതിയുടെ കാര്യത്തിൽ അങ്ങ് വീണ്ടുവിചാരം നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ധനകാര്യ മാനേജ്മെന്റിന്റെ പാളിച്ചകൾ നമ്മുടെ സംസ്ഥാനത്തെ ഒരു

കാലത്തുമില്ലാത്ത പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുകയാണ്. കടം ഗണ്യമായി വർദ്ധിക്കുകയും മൂലധനച്ചെലവുകൾ കുറയുകയും റവന്യൂ വരുവും ചെലവും തമ്മിലുള്ള അന്തരം ഗണ്യമായി വർദ്ധിച്ചിരിക്കുകയുമാണ്. രാജ്യത്തെ മുഴുവൻ സാമ്പത്തിക വിദഗ്ദ്ധരും കേരളം അകപ്പെട്ടിട്ടുള്ള പ്രതിസന്ധിയെപ്പറ്റി ഗൗരവപൂർവ്വം താക്കീത് നൽകുന്നൊരു സാഹചര്യത്തിലാണ് രണ്ട് ധനകാര്യ ബില്ലുകളെ സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്യുന്നത്. ശ്രീലങ്കയിലെ സാമ്പത്തിക തകർച്ചയെക്കുറിച്ചുള്ള ദയനീയ ചിത്രങ്ങളിൽ കേരളത്തിന് പഠിക്കാനുള്ള പാഠങ്ങൾ സംബന്ധിച്ചാണ് ഈ ധനകാര്യ ബില്ലിലെ ഭേദഗതികളെപ്പറ്റി ചർച്ച ചെയ്യുമ്പോൾ കാണേണ്ടത്. കേരളം കടംകൊണ്ട് വലയുകയാണ്. ആറ് കൊല്ലം മുമ്പ് ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിന്റെ പൊതുകടം ഒന്നരലക്ഷം കോടി രൂപയായിരുന്നുവെങ്കിൽ 2021-22-ൽ അത് 3.30 ലക്ഷം കോടി രൂപയായി വർദ്ധിക്കുകയും ഇപ്പോൾ നാല് ലക്ഷം കോടി രൂപയിലേയ്ക്ക് കടക്കുകയുമാണ്. ഇതിനുപുറമെ കിഫ്ബി വാങ്ങിക്കൂട്ടിയ കടംമുണ്ട്. അതും പോരാഞ്ഞിട്ടാണ് കെ-റെയിലിനുവേണ്ടി ലക്കും ലഗാനുമില്ലാതെ രണ്ട് ലക്ഷം കോടി രൂപകൂടി കടമെടുക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഈ സ്ഥിതി സംസ്ഥാനത്തെ എവിടെ കൊണ്ടുചെന്നെത്തിക്കും? Out of budget borrowings കടമെടുപ്പ്

പരിധിയിൽ ഉൾപ്പെടുത്തുമെന്ന കേന്ദ്ര സർക്കാരിന്റെയും സി.ആൻഡ് എ.ജി.-യുടെയും നിലപാടുകൾ നമ്മുടെ മുന്നിലുണ്ട്. നമുക്ക് അതിനെതിരായി രാഷ്ട്രീയപരമായ വിമർശനങ്ങളുന്നയിക്കാം; സി.ആൻഡ് എ.ജി. കളിക്കുന്നത് രാഷ്ട്രീയമാണ്, അല്ലെങ്കിൽ കേന്ദ്ര സർക്കാർ അങ്ങനെയാണ് പെരുമാറുന്നതെന്നൊക്കെ പറയാം. നമ്മുടെ നാട്ടിലെ വ്യവസ്ഥ അങ്ങനെയാണ്. അതുകൊണ്ടാണ് ബഡ്ജറ്റിന് പുറത്തുനിന്നെടുക്കുന്ന കടംകൂടി കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തേണ്ടിവരുമെന്ന് പറയുന്നത്. ഏതായാലും അതിപ്പോൾ പ്രതിസന്ധിയിലായിരിക്കുകയാണ്. നമ്മുടെ കടമെടുപ്പ് പരിധിയുടെ അവസാനമെത്തിയപ്പോൾ ശമ്പളംപോലും മുടങ്ങുന്ന ഒരവസ്ഥയുണ്ടായി. ബഡ്ജറ്റ് പ്രഖ്യാപനങ്ങളെല്ലാം പാഴ്വാക്കുകളാകുകയാണ്. വാർഷിക പദ്ധതിയും ധനവിനിയോഗവും വളരെ മോശമാണ്. ഇക്കഴിഞ്ഞ രണ്ടുമൂന്ന് ബഡ്ജറ്റുകളിലും പ്രഖ്യാപിച്ച പദ്ധതികൾ പാഴ്വാക്കുകളായി. അതിന്റെ ഒരു ലിസ്റ്റുതന്നെ എന്റെ കൈവശമുണ്ട്, സമയപരിമിതിമൂലം അതിലേയ്ക്ക് കടക്കുന്നില്ല. 2021-22 വാർഷിക പദ്ധതിയിൽ 27,610 കോടി രൂപയാണ് നീക്കിയിരുപ്പുണ്ടായിരുന്നത്. മാർച്ചുവരെ ചെലവഴിച്ചത് കേവലം 69% മാത്രമാണ് സംസ്ഥാനം ചെലവഴിച്ചത്. ഇതിന്റെ പ്രധാന

കാരണങ്ങളിലൊന്ന് ധനപ്രതിസന്ധിയാണ്. പലപ്പോഴും പ്രഖ്യാപിതമായി ട്രഷറി അടച്ചിട്ടില്ലെങ്കിലും ബില്ലുകൾ മാറുന്നതിൽ നിബന്ധനകളുണ്ടായിരുന്നു. അതുപോലെ പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതയില്ലായ്മയും പ്രശ്നമായിരിക്കുകയാണ്. 2022-23 വാർഷിക പദ്ധതിയിലെ അടങ്കൽ തുക 39,637 കോടി രൂപയാണ്. കിഫ്ബിയുടെ അതിദയനീയമായ പ്രകടനമാണ് നടന്നിരിക്കുന്നത്. ധനകാര്യ വിദഗ്ദ്ധൻകൂടിയായ മുൻ ധനകാര്യമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2016-17-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പറഞ്ഞത് 50,000 കോടി രൂപയുടെ ലോക നിലവാരമുള്ള വികസന പദ്ധതികൾ അഞ്ചുകൊല്ലം കൊണ്ട് നടപ്പാക്കുമെന്നാണ്. എന്നാൽ 2022-ൽ 70,000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയെങ്കിലും 21,000 കോടി രൂപയുടെ പദ്ധതികൾ മാത്രമാണ് ടെണ്ടർ ചെയ്തത്. അതായത്, ഒരു വർഷം നടന്നത് 3000 കോടി രൂപയുടെ പദ്ധതികൾ മാത്രമാണ്. കിഫ്ബിയെന്ന സംവിധാനമില്ലാതെയും ഇത്ര ഉയർന്ന പലിശയ്ക്ക് പണം കടമെടുക്കാതെയും കഴിഞ്ഞ കാലങ്ങളിൽ മൂവായിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. അപ്പോൾ കിഫ്ബി വലിയൊരു കാര്യമല്ലെന്ന് തെളിയുകയാണ്. കിഫ്ബിയുടെ പേരിലുള്ള ഈ ബാദ്ധ്യതകൾ തലമുറകളിലേയ്ക്ക്

പരന്നൊഴുകുകയാണ്. ഞാൻതന്നെ അതിന്റെയൊരു ഇരയാണ്. അട്ടപ്പാടിയിലെ റോഡുകളെപ്പറ്റി പലതവണ ഞാനിവിടെ സംസാരിച്ചിട്ടുണ്ട്. ആ റോഡിനുള്ള പദ്ധതി കിഫ്ബിയിലുണ്ടെന്ന് പറയുന്നതല്ലാതെ ആറ് കൊല്ലമായിട്ടും ഒരു കാര്യവും നടക്കുന്നില്ല. കിഫ്ബിയുടെ പ്രധാനപ്പെട്ട പ്രശ്നം കാലതാമസവും അതിസങ്കീർണ്ണതയുമാണ്. ഇവിടെ ഇരിക്കുന്ന എന്റെ സ്നേഹിതരായ ചില ഇടതുപക്ഷ എം.എൽ.എ.-മാർക്ക് അവരുടെ നിയോജകമണ്ഡലങ്ങളിലെ പ്രവൃത്തികൾ മുടങ്ങിയതിന് പ്രതിഷേധം ഏറ്റുവാങ്ങേണ്ടിവരികയാണ്. ശ്രീമതി ശാന്തകുമാരി കെ.-യുടെ കോങ്ങാട് നിയോജകമണ്ഡലത്തിൽ ഒരു റോഡുണ്ട്. അവരുടെ കുഴപ്പം കൊണ്ടല്ല ആ റോഡിന്റെ പണി പൂർത്തീകരിക്കാത്തത്; കിഫ്ബിയുടെ കുഴപ്പംകൊണ്ടാണ്. പക്ഷേ പ്രതിഷേധം ഏറ്റുവാങ്ങേണ്ടിവരുന്നത് അവരാണ്. അതുകൊണ്ട് ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനെങ്കിലും സർക്കാർ ഇടപെടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇതൊക്കെയാണെങ്കിലും ധൂർത്തിന് യാതൊരു കുറവുമില്ല. മുടിയനായ പുത്രനെപ്പോലെയാണ് കേരളമെന്ന് ഒരു ധനകാര്യ ലേഖനത്തിൽ ഞാൻ വായിച്ചിട്ടുണ്ട്. മുടിയനായ പുത്രൻ കിട്ടുന്നിടത്തുനിന്നെല്ലാം കടം വാങ്ങി ബുദ്ധിമുട്ടിലാകുമ്പോൾ ആദ്യം വാങ്ങിയയാൾക്ക് കൊടുക്കാൻ

രണ്ടാമതൊരാളിൽനിന്നും വാങ്ങി, അങ്ങോട്ടുമിങ്ങോട്ടും കൊടുത്ത് അഡ്ജസ്റ്റ് ചെയ്ത് മുന്നോട്ടുപോകും. അതുപോലെയാണ് കേരളത്തെയും വിശേഷിപ്പിച്ചിരിക്കുന്നത്. ഇത്രയും കടുത്ത ധനപ്രതിസന്ധിക്കിടയിലും ധാരാളം പണം പാഴാക്കിക്കളയുകയാണ് ചെയ്യുന്നത്. ഭരണ പരിഷ്കാര കമ്മീഷൻ തുടങ്ങാൻവേണ്ടി 50 കോടി രൂപയാണ് ചെലവാക്കിയത്. എനിക്കതിൽ എതിർപ്പൊന്നുമില്ല, കാലം വരുമ്പോൾ പരിഷ്കരണം ആവശ്യമാണ്. പക്ഷെ, ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞാൽ ശ്രീ. പിണറായി വിജയൻ കേൾക്കില്ലെന്ന കാര്യം എന്നേക്കാൾ നന്നായി നിങ്ങൾക്ക് അറിയാവുന്നതാണ്. വെറുതെ എന്തിനാണ് 50 കോടി രൂപ ചെലവാക്കി അദ്ദേഹത്തെ ഈ പണി ഏൽപ്പിച്ചത്? ഭരണപരിഷ്കാര കമ്മീഷന്റെ ഒരു വരിയെങ്കിലും നടപ്പിലാക്കിയോ? 50 കോടി രൂപ മുടക്കി വനിതാ മതിൽ നിർമ്മിച്ചില്ലേ? നിങ്ങൾ വനിതാ മതിലുണ്ടാക്കിയത് നവോത്ഥാനത്തിനുവേണ്ടിയായിരുന്നു. ലോക്സഭ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഈ നവോത്ഥാനം ശരിയാകില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആ സമിതിയെ നിങ്ങൾതന്നെ പിരിച്ചുവിട്ടു. അങ്ങനെ ആ 50 കോടി രൂപയും പോയിക്കിട്ടി. അതുപോലെ കിഫ്ബിയുടെ പരസ്യത്തിനായി 300 കോടി രൂപ മുടക്കി. ചിലരുടെ നിയമനവുമായി

ബന്ധപ്പെട്ട് അവർക്ക് കൊടുക്കേണ്ടിവരുന്ന ശമ്പളത്തെപ്പറ്റിയൊക്കെ പറഞ്ഞ് വെറുതെ നമ്മൾ തമ്മിൽ തെറ്റേണ്ടതില്ല. അങ്ങനെ ഒരുപാട് കാര്യങ്ങളുണ്ട്. ഇപ്പോൾ പത്ര മാധ്യമങ്ങളിലൂടെ അറിയാൻ കഴിഞ്ഞത് 50 ലക്ഷം രൂപ ചെലവഴിച്ച് ക്ലിഫ് ഹൗസിൽ ഗോശാല പണിയാൻ പോകുന്നവെന്നാണ്. ഗോമാതാവിനെ ആരാധിക്കുന്നതും ബഹുമാനിക്കുന്നതുമെല്ലാം വിശ്വാസത്തിന്റെയോ ഇഷ്ടങ്ങളുടെയോ ഭാഗമായാണ്, അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. പക്ഷേ, ഇത് ബി.ജെ.പി.-യുടെകൂടി രാഷ്ട്രീയത്തിന്റെ ഭാഗമാണ്. യു.പി.-യിലും ഗുജറാത്തിലുമെല്ലാം ഗോശാലകൾ വ്യാപിപ്പിക്കണമെന്നത് അവരുടെ പോളിസിയാണ്. ഗുജറാത്തിൽ ഭരണപരിഷ്കാരം പഠിക്കാൻ പോയതിന്റെ ഒരു ഇഫക്ടാണോ ക്ലിഫ് ഹൗസിലെ ഗോശാലയെന്ന് എനിക്ക് തോന്നിപ്പോകുകയാണ്. ചിലപ്പോൾ എന്റെ വെറും തോന്നലാകാം. എന്നാലും എനിക്ക് അങ്ങനെ തോന്നിയിട്ടുണ്ട്. എന്റെ സ്നേഹിതൻ ഡോ. കെ. ടി. ജലീൽ അവിടയിരുന്ന് മൂളുന്നുണ്ട്. (.....ബഹളം....) ഇതുവരെയില്ലാത്തൊരു തൊഴുത്ത്; അങ്ങനെയാണെങ്കിൽ, മുമ്പ് പശുവിനെയുംകൊണ്ട് ബംഗ്ലാവിലേയ്ക്ക് പോയ മന്ത്രിമാരുണ്ടിവിടെ. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. പി. ജെ. ജോസഫ് മന്ത്രിമന്ദിരത്തിലേയ്ക്ക്

പോയപ്പോൾ പശുവിനെയും കൂട്ടിയാണ് പോയത്. അത് അദ്ദേഹത്തിന്റെ കർഷക സ്നേഹമാണ് കാണിക്കുന്നത്. ബഹുമാനപ്പെട്ട പിണറായി വിജയൻ അങ്ങനെയൊരു പശു ഭക്തനാണെന്ന് കേട്ടിട്ടില്ല. ഇന്നലെ ഇടതുമുന്നണി കൺവീനറായ ശ്രീ. ഇ. പി. ജയരാജൻ ഇൻഡിഗോ വിമാന കമ്പനി തുലഞ്ഞുപോകട്ടെയെന്ന് ശപിച്ചു. "ഇനി ഞാൻ ഇൻഡിഗോ ഫ്ലൈറ്റിൽ കയറില്ല" എന്നാണ് അദ്ദേഹം ശപഥമെടുത്തിരിക്കുന്നത്. അതിന് കഴിയുമോ? കണ്ണൂരിൽനിന്നും തിരുവനന്തപുരത്തുവരാനും ഇവിടെനിന്ന് ബംഗളൂരുവിലേയ്ക്കും ചെന്നൈയിലേയ്ക്കുമെല്ലാം പോകേണ്ടത് ഇൻഡിഗോ വിമാനത്തിലാണ്. ബാക്കിയുള്ള സ്വകാര്യ വിമാന കമ്പനികളെല്ലാം നിർത്തലാക്കിയിരിക്കുകയാണ്. അത് മുടിഞ്ഞുപോകട്ടെയെന്ന് ശപിക്കുകയും ഞാൻ നടന്നുപോയാലും ഇനി ഇൻഡിഗോ വിമാനത്തിൽ കയറില്ലെന്ന് പറയുകയുമാണ്. എന്നിട്ട് ഇന്നലെ അദ്ദേഹം യാത്ര ചെയ്തത് ട്രെയിനിലായിരുന്നു. വെറുതെ വാങ്ങിയിട്ടിരിക്കുന്ന ഒരു ഹെലികോപ്ടറുണ്ട്, എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് ഇൻഡിഗോയുടെ വിമാനത്തിൽ കയറില്ലെന്ന് മുന്നണി കൺവീനർ ശപഥമെടുത്തിരിക്കുന്ന സാഹചര്യത്തിൽ അദ്ദേഹത്തിന് അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്യുന്നതിന് ആ ഹെലികോപ്ടർ അനുവദിക്കുന്നത് നന്നായിരിക്കും എന്നാണ്.

ഇൻഡിഗോ അല്ലാതെ കണ്ണൂരിലേയ്ക്ക് പോകാൻ വേറെ ഫ്ലൈറ്റില്ല. അല്ലെങ്കിൽ മുമ്പ് ഞങ്ങൾ നിർദ്ദേശിച്ച 'എയർ കേരള' പദ്ധതി പ്രാവർത്തികമാക്കാൻ ശ്രമിക്കണം. ഏതായാലും ജയരാജൻ സഖാവിന്റെ ഫ്ലൈറ്റ് യാത്ര മുടക്കരുതെന്നും അതിനുവേണ്ട സഹായം ചെയ്യണമെന്നുമാണ് പറയാനുള്ളത്. അദ്ദേഹത്തെ ഇൻഡിഗോ അധികൃതർ വിലക്കിയത് മൂന്നാഴ്ചത്തേയ്ക്കാണെങ്കിലും ഈ ജന്മം ആ വിമാനത്തിൽ കയറില്ലെന്നാണ് അദ്ദേഹം ശപഥം ചെയ്തത്. സമീപ ദിവസങ്ങളിൽ ജി.എസ്.ടി.-യിലുണ്ടായ മാറ്റം ഭക്ഷ്യ വസ്തുക്കളെവരെ ബാധിക്കാൻ പോകുകയാണ്. നിങ്ങളാണ് കുഴപ്പക്കാരെന്ന് ഞങ്ങൾ പറയുന്നില്ല. ആദ്യം പറഞ്ഞത് അരി, പച്ചക്കറി, മത്സ്യം, മുട്ട തുടങ്ങിയവയ്ക്കൊന്നും ജി.എസ്.ടി. ബാധകമല്ല ബ്രാൻഡഡ് ഐറ്റംസിനുമാത്രമാണ് ബാധകമാകുന്നത് എന്നാണ്. പക്ഷെ, കുടുംബശ്രീ യൂണിറ്റുകൾ പായ്ക്ക് ചെയ്ത് കൊടുക്കുന്ന സാധനങ്ങൾക്കുപോലും 5% ടാക്സ് കൊടുക്കേണ്ടിവരികയാണ്. പട്ടിണിക്കാരും അർദ്ധ പട്ടിണിക്കാരുമായിട്ടുള്ളവർ വാങ്ങുന്ന അരിക്കും പച്ചക്കറിക്കും പലവ്യഞ്ജനത്തിനും കോഴിമുട്ടയ്ക്കുമെല്ലാം 5% വിലവർദ്ധനവുണ്ടാകാൻ പോകുന്നുവെന്ന ദയനീയമായ ചിത്രം നമ്മുടെ മുമ്പിലുണ്ട്. ജി.എസ്.ടി.-യെ പുകഴ്ത്തി പറഞ്ഞവരാണ് നിങ്ങളുടെ മുൻഗാമികൾ. ഇപ്പോൾ അതിന്റെ ഫലം

നിങ്ങൾ അനുഭവിക്കുകയാണ്. മെഡിസെപ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഒ.പി. സൗകര്യമില്ലെന്നും ഭാര്യയും ഭർത്താവും ജീവനക്കാരാണെങ്കിൽ രണ്ടുപേരും പ്രീമിയം അടയ്ക്കുമ്പോൾ ഒരാൾക്കുമാത്രമേ ആനുകൂല്യം ലഭിക്കുന്നുള്ളൂവെന്നുമാണ് ഉദ്യോഗസ്ഥർ പറയുന്നത്. അതിനാൽ അതിന്റെ കവറേജ് വർദ്ധിപ്പിക്കാനും പരമാവധി ആശുപത്രികളെ ഈ പദ്ധതിയിൽ ചേർക്കാനുമുള്ള നടപടിയുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രവാസി പണം വന്നുകൊണ്ടിരുന്നത് കേരളത്തിലായിരുന്നു. ഇന്നത് നമ്മളെ മറികടന്ന് മഹാരാഷ്ട്രയിലേയ്ക്ക് പോകുകയാണ്. നിലവിൽ ഒരു വർഷം ഏഴര ലക്ഷം പേർ ഗൾഫിലേയ്ക്ക് തൊഴിൽതേടി പോയിരുന്നുവെങ്കിൽ ഇക്കഴിഞ്ഞ വർഷം പോയത് കേവലം 80000 പേർ മാത്രമാണ്. പ്രവാസികളുടെ പണത്തിന്റെ വരവ് നഷ്ടപ്പെട്ടാൽ കേരളത്തിന്റെ സാമ്പത്തിക മേഖലയുടെ നട്ടെല്ലാണ് തകരുന്നത്. പ്രവാസികളിൽനിന്നും ഒന്നര ലക്ഷം കോടി രൂപവരെ കേരളത്തിലേയ്ക്ക് വന്നുചേർന്ന സന്ദർഭമുണ്ടായിട്ടുണ്ട്. അതിന്ന് ചെറിയ തോതിലേയ്ക്ക് ചുരുങ്ങുകയാണ്. അക്കാര്യത്തിൽ ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ സാധിക്കണം. ഷേക്കുമാരുമായി നല്ല പരിചയമുള്ളവരാണ് നമ്മൾ. ഞാനത് പോസിറ്റീവായിട്ടാണ് പറയുന്നത്. അതെല്ലാം ഉപയോഗപ്പെടുത്തി നമ്മുടെ

പഴയ രൂപത്തിലുള്ള പ്രവാസമുണ്ടാകണം. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഗൾഫ് മേഖലകളിൽ നിയമനം ലഭിക്കുന്നതിനുള്ള സൗകര്യം സർക്കാർതന്നെ ചെയ്തുകൊടുക്കണമെന്നാണ് പറയാനുള്ളത്. അസറ്റ് ഫണ്ട് വിനിയോഗിച്ചുള്ള ഗ്രാമീണ റോഡുകളുടെ പണി സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസിക്ക് കൊടുക്കണമെന്ന് പറയുന്നതിൽ ഞങ്ങൾക്കാർക്കും താൽപ്പര്യമില്ല. എൽ.എസ്.ജി.ഡി.-ക്ക് ജീവനക്കാരില്ല. അവർ ടെണ്ടർ ചെയ്ത് വർക്ക് പൂർത്തിയാക്കുന്നതിന് മൂന്നും നാലും വർഷമെടുക്കും. എല്ലാ എം.എൽ.എ.-മാർക്കുംവേണ്ടിയാണ് ഞാനിത് പറയുന്നത്. ഇന്നലെ നമ്മളെല്ലാവരും ബഹുമാനപ്പെട്ട ജില്ലാ കളക്ടറുമായി ഇതുസംബന്ധിച്ച് സംസാരിച്ചതാണ്. അക്രഡിറ്റഡ് ഏജൻസികൾക്ക് കൊടുത്താൽ അവർ ഒരു വർഷംകൊണ്ട് പണി പൂർത്തിയാക്കും. റോഡിൽ വെള്ളക്കെട്ടുണ്ട്, അത് നന്നാക്കണമെന്ന് പറഞ്ഞ് ഒരാൾ എം.എൽ.എ.-യെ സമീപിച്ചാൽ അത് അപ്പോൾത്തന്നെ ശരിയാക്കണം; അല്ലാതെ 5 വർഷം കഴിഞ്ഞല്ല ചെയ്യേണ്ടത്. മിക്കവാറും ഗ്രാമീണ റോഡുകൾ വെള്ളക്കെട്ടും ചെളിയുമായി കിടക്കുകയാണ്. അതിന് പരിഹാരം കാണാൻ യാതൊരു മാർഗ്ഗവുമില്ല. പഞ്ചായത്തിന്റെ കയ്യിൽ ഫണ്ടില്ല. വൺടൈം സെറ്റിൽമെന്റിലൂടെ കുറെ റോഡുകൾ ടാർ ചെയ്ത് കൊടുക്കുന്നൊരു പദ്ധതി യു.ഡി.എഫ്.-ന്റെ

കാലത്തുണ്ടായിരുന്നു. ഞങ്ങൾക്കൊക്കെ അത് വലിയ ആശ്വാസമായിരുന്നു. അസറ്റ് ഫണ്ട് വിനിയോഗത്തിന് വ്യക്തമായൊരു തീരുമാനമുണ്ടാക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീമതി ഉമ തോമസ്: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ധനകാര്യ മാനേജ്മെന്റിന്റെ വീഴ്ചയും നികുതിപിരിവിലെ കെടുകാര്യസ്ഥതയുംമൂലം സാമ്പത്തിക പ്രതിസന്ധിയുടെ ബാദ്ധ്യത സാധാരണക്കാരുടെമേൽ അടിച്ചേൽപ്പിക്കുന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ടിലെ പട്ടികയിൽ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതിപ്രകാരം ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തുന്നതിനും രജിസ്ട്രേഷൻ കഴിഞ്ഞ് 15 വർഷം പൂർത്തിയായ നോൺ-ട്രാൻസ്പോർട്ട് മോട്ടോർ വാഹനങ്ങളുടെ രജിസ്ട്രേഷനും ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റും പുതുക്കുമ്പോൾ ഈടാക്കുന്ന ഹരിത നികുതിയിൽ വർദ്ധനവ് വരുത്തുന്നതിനും രണ്ട് ലക്ഷം രൂപ വരെയുള്ള മോട്ടോർ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി ഒരു ശതമാനം വർദ്ധിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. കിഫ്ബിയുടെ തിരിച്ചടവ് മോട്ടോർ വാഹന നികുതിയിൽനിന്നും പെട്രോളിയം സെസ്സിൽനിന്നുമാണ് നിറവേറ്റുന്നത്.

സർക്കാരിന്റെ തെറ്റായ ധനകാര്യ മാനേജ്മെന്റുമൂലം സാമ്പത്തിക ബാദ്ധ്യത മുഴുവൻ സാധാരണക്കാരുടെമേൽ വന്നുചേരുന്ന ഈ നിർദ്ദേശങ്ങളോട് യോജിക്കാൻ നിർവ്വാഹമില്ല. പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദൈനംദിന വിലവർദ്ധനവിലൂടെ ലഭിച്ച അധിക നികുതിവരുമാനത്തിൽനിന്നും വിലക്കയറ്റം തടയുന്നതിനും ജനങ്ങൾക്ക് ആശ്വാസം പകരുന്നതിനുമായി ഒരു രൂപയുടെ ഇളവുപോലും അനുവദിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ബുദ്ധിമുട്ടനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും ഓട്ടോ-ടാക്സിത്തൊഴിലാളികൾക്കും ഇന്ധനവിലയിൽ സബ്സിഡി നൽകാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ബഡ്ജറ്റിന് പുറത്തുനിന്ന് കിഫ്ബി ഭീമമായ തുക കടമെടുക്കുമ്പോൾ തിരിച്ചടവ് എങ്ങനെയാണെന്നുള്ളത് സംസ്ഥാനം അഭിമുഖീകരിക്കുന്ന വലിയൊരു പ്രശ്നമാണ്. എറണാകുളത്ത് നടന്ന പ്രളയ ഫണ്ട് തട്ടിപ്പിൽ അഴിമതിക്കാരെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്നതോടൊപ്പം അന്വേഷണ റിപ്പോർട്ട് പുറത്തുവിടാനും സർക്കാർ തയ്യാറായിട്ടില്ല. ഇക്കാര്യത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണം. എന്റെ മണ്ഡലമായ തൃക്കാക്കരയിലെ ഐ.റ്റി. നഗരത്തിലേയ്ക്കുള്ള കൊച്ചി മെട്രോയുടെ രണ്ടാംഘട്ടം പൂർത്തിയാക്കിയാൽ കാക്കനാട് കളക്ടറേറ്റിലേയ്ക്കും വ്യവസായ മേഖലയിലേയ്ക്കുമൊക്കെ യാത്ര

ചെയ്യുന്ന പതിനായിരക്കണക്കിനാളുകളുടെ യാത്രാക്ലേശത്തിന് പരിഹാരമാകും. 06.07.2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിലൂടെ കൊച്ചി മെട്രോ ദീർഘിപ്പിക്കുന്ന പദ്ധതിയുടെ ഡി.പി.ആർ. കേന്ദ്രാനുമതിക്കായി സമർപ്പിച്ചിരിക്കുന്ന വിവരം അറിഞ്ഞതിൽ സന്തോഷമുണ്ട്. ഈ അനുമതി വേഗത്തിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം സ്ഥലം അളന്ന് തിട്ടപ്പെടുത്തിയവർക്ക് നഷ്ടപരിഹാരത്തുക എത്രയുംവേഗം നൽകാനും ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയും വേണം. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന നഗരപ്രദേശങ്ങളിലെ യാത്രാക്ലേശങ്ങൾക്ക് പരിഹാരം കാണാനാണ് മെട്രോ പോലുള്ള വികസനങ്ങൾ നടത്തുന്നത്. ഉത്തരവാദിത്വമുള്ളൊരു ഗവൺമെന്റ് ഇത്തരം രീതിയിലാണ് ചിന്തിക്കേണ്ടതും വികസന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതും. ഈ പദ്ധതിക്കുവേണ്ടി ഒരുപാടുപേർ അവരുടെ ഭൂമി വിട്ടുതരും. എന്നാൽ ഇപ്പോൾ അവരുടെമേലും അധിക നികുതി ചുമത്താനുള്ള സാധ്യതയാണ് കാണുന്നത്. ആഡംബര നികുതി അവരുടെമേൽ അടിച്ചേൽപ്പിച്ചാൽ ഭാവിയിൽ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി സ്വന്തം സ്ഥലം വിട്ടുതരാൻ വിമുഖത കാണിക്കുന്ന ജനതയെ നമുക്ക് കാണേണ്ടിവരും. ഇതെല്ലാം

മുന്നിൽക്കണ്ട് ആവശ്യമായ നടപടി സ്വീകരിക്കണം. ആഡംബര നികുതിക്കെതിരെ ജനപ്രതിനിധിയെന്ന നിലയിൽ ഒരുപാടുപേർ എന്നോട് ആശങ്ക പങ്കുവച്ചുകൊണ്ടിരിക്കുകയാണ്. കുടുംബശ്രീ യൂണിറ്റുകളടക്കമുള്ള ചെറുകിടക്കാർ ശുചിത്വത്തോടെ നിർമ്മിച്ച് പായ്ക്കറ്റിലാക്കി വിൽക്കുന്ന നിത്യോപയോഗ സാധനങ്ങൾക്ക് ജി.എസ്.ടി. ചുമത്തിയ കേന്ദ്ര സർക്കാർ നടപടി ഇതുവരെ അവർ തുടർന്നുവന്ന ജനവിരുദ്ധ നടപടികളുടെ തുടർച്ച തന്നെയാണ്. ഈ വിഷയം ജി.എസ്.ടി. കൗൺസിലിൽ പരിഗണനയ്ക്ക് വന്നപ്പോൾ കേരളം അനുകൂലിച്ചുവെന്നാണ് ഇന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത്. ഇത് സർക്കാരിന്റെ ഇരട്ടത്താപ്പാണ്. ജി.എസ്.ടി. കൗൺസിലിൽ അനുകൂലിക്കുകയും ഇവിടെ ജനങ്ങളെ പറ്റിക്കാനായി എതിർക്കുകയും ചെയ്യുന്ന രീതി ശരിയല്ല. ഒരു ടൂ വീലർ വാങ്ങിയാലും 15 വർഷത്തേയ്ക്കുള്ള വാഹന നികുതി ഈടാക്കുകയാണ്. എന്നാൽ സഞ്ചാരയോഗ്യമല്ലാത്ത റോഡുകളുടെ അവസ്ഥമൂലം 8 വർഷംപോലും ഈ വാഹനങ്ങൾ ഓടിക്കാനാകാത്ത അവസ്ഥയാണുള്ളത്. ജനജീവിതത്തെ താറുമാറാക്കുന്ന നിർദ്ദേശങ്ങളടങ്ങിയ ബില്ലാണിതെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ വിയോജിപ്പ്

രേഖപ്പെടുത്തുകയാണ്. എനിക്ക് അനുവദിച്ചിരിക്കുന്ന പത്ത് മിനിട്ട് സമയം ഞാനൊരു എം.എൽ.എ. ആണെന്ന് മറന്ന് ബഹുമാന്യനായ കെ. എൻ. ബാലഗോപാൽ അവർകളുടെ വിനീത ശിഷ്യനാകാനാണ് ആഗ്രഹിക്കുന്നത്. ഈ പത്ത് മിനിട്ട് അങ്ങ് എന്റെ ഗുരുവാണ്. ഒരു വിദ്യാർത്ഥി അദ്ധ്യാപകനോട് പല സംശയങ്ങളും ചോദിക്കും. അതൊരിക്കലും അനാദരവോ ധിക്കാരമോ ധാർഷ്ട്യമോ അല്ല. അതൊരു വിദ്യാർത്ഥിയുടെ ജിജ്ഞാസയാണ്, വിജ്ഞാനദാഹമാണ്. കേരളം ശ്രീലങ്ക പോലെയാകുമെന്ന് പറഞ്ഞ് ഞാൻ ആരുടെയും നീരസം സമ്പാദിക്കാൻ ആഗ്രഹിക്കുന്നില്ല. ശ്രീലങ്ക കേരളം പോലെയാകാതിരിക്കട്ടെയെന്ന് നമുക്ക് ആശിക്കാം. മസാല ബോണ്ട്, കടപത്രം എന്നിവയായി കിഫ്ബിവഴി ധാരാളം തുക കടം വാങ്ങിയിരിക്കുകയാണ്. ചിന്തയും ഭാവനയുമില്ലാതെ ഇഷ്ടംപോലെ കടം വാങ്ങിയെന്നാണ് ആളുകൾ പറയുന്നത്. ഇതാണോ നമ്മുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമെന്നുള്ള എന്റെ സംശയം അങ്ങ് തീർത്തുതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 2004-ലെ Fiscal Responsibility and Budget Management Act അനുസരിച്ച് മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ മൂന്ന് മുതൽ മൂന്നര ശതമാനംവരെ മാത്രമെ ഫിസ്കൽ ഡെഫിസിറ്റ് വരാൻ പാടുള്ളൂവെന്നതും ബഡ്ജറ്റിൽ

കൂടുതൽ പണം കടമെടുക്കാൻ പറ്റാത്തതുകൊണ്ടുള്ള സൂത്രപ്പണിയാണ് കിഫ്ബിയെന്ന് പറയുന്നതും ശരിയാണോയെന്ന് ഒരു വിദ്യാർത്ഥിയെന്ന നിലയിൽ ഞാൻ അങ്ങയോട് ചോദിക്കുകയാണ്. അങ്ങ് എന്റെ സംശയത്തിന് നിവാരണമുണ്ടാക്കുമെന്ന് കരുതുകയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ]

തത്വദീക്ഷയില്ലാതെ കിഫ്ബി വഴി പണം കടമെടുത്തത് ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തത് ലോകത്ത് ഒരിടത്തുമില്ലാത്തതാണെന്ന് പറയുന്നത് വസ്തുതാപരമാണോയെന്ന് അങ്ങ് വ്യക്തമാക്കണം. പെട്രോളിന്റെയും ഡീസലിന്റെയും സെസ് കിഫ്ബിക്ക് കൊടുക്കുന്നതിനാൽ ബഡ്ജറ്റിൽ വരേണ്ട പണം കിഫ്ബിയിലേയ്ക്ക് പോകുന്നതും കിഫ്ബിയിലെ കടം ബഡ്ജറ്റിൽ വരാത്തതും ശരിയാണോയെന്ന് അങ്ങ് വ്യക്തമാക്കണം. ഈ ചെപ്പടിവിദ്യ ഇനി നടക്കുകയില്ലെന്ന് കേന്ദ്രം പറഞ്ഞിട്ടുള്ളത് ശരിയാണോ എന്നറിയാൻ ജിജ്ഞാസയുണ്ട്. ബഡ്ജറ്റിലെയും കിഫ്ബിയിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും കടങ്ങളെല്ലാം ബഡ്ജറ്റിലെ കടമാണെന്നും ഇനി കടമെടുക്കാൻ കഴിയാത്ത അവസ്ഥയാണെന്നും നമ്മുടെ പ്രതിസന്ധിക്ക് നിദാനം ഇതാണെന്നും പറയുന്നത് ശരിയാണോയെന്ന് അറിയാൻ ആഗ്രഹമുണ്ട്. ജി.എസ്.ടി.-യിൽ

പ്രതീക്ഷിച്ച വരുമാനം കണ്ടെത്താൻ സാധിക്കാത്തത് നമ്മുടെ കെടുകാര്യസ്ഥത കൊണ്ടാണെന്നും വാറ്റ് കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അക്ഷന്തവ്യമായ കെടുകാര്യസ്ഥതയുണ്ടായിയെന്നും പറയുന്നത് ശരിയാണോയെന്ന് അറിയണം. കേന്ദ്രത്തിൽനിന്നും ജി.എസ്.ടി. കോമ്പൻസേഷന്റെ അവസാന ഗഡുവും കിട്ടിയതിനാൽ ഇനി തുകയൊന്നും കിട്ടില്ലെന്നതും കോമ്പൻസേഷൻ ഇനിയും വേണമെന്ന് ജി.എസ്.ടി. കൗൺസിലിൽ അങ്ങ് ആവശ്യപ്പെട്ടുവെന്നതും റവന്യൂ കമ്മി സീറോയാക്കുന്നതിൽ പരാജയപ്പെട്ടതിനാൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി കിട്ടിക്കൊണ്ടിരുന്ന 6000 കോടിയോളം രൂപ ഇനി കിട്ടില്ലെന്നതും ശരിയാണോയെന്ന് അറിയാൻ താല്പര്യമുണ്ട്. കിഫ്ബി, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ വഴി വാങ്ങുന്ന വായ്പ ബഡ്ജറ്റിൽ കൊണ്ടുവരാൻ കഴിയുമോ; റവന്യൂ വരുമാനത്തെക്കാൾ കൂടുതലാണ് റവന്യൂ ചെലവ് എന്നത് ശരിയാണോ; സാമ്പത്തിക പ്രതിസന്ധി കാരണം ക്ഷേമപെൻഷനുകൾ മുടങ്ങിയിട്ടുണ്ടോ; സംസ്ഥാന ജീവനക്കാർക്ക് ഡി.എ. കുടിശ്ശികയുണ്ടോ; പി.ഡബ്ല്യു.ഡി. ബില്ലിന് ട്രഷറിയിൽ സീലിംഗുണ്ടോ എന്നൊക്കെ അറിയാൻ താല്പര്യമുണ്ട്. അതുപറയുമ്പോൾ എനിക്ക് ഓർമ്മവരുന്നത് കഴിഞ്ഞയാഴ്ച ഞാനും ഭരണപക്ഷത്തുള്ള ഒരംഗവും കാസർഗോഡ്

റെയിൽവേ സ്റ്റേഷനിലുണ്ടായിരുന്നപ്പോൾ കരാറുകാരായ രണ്ടുമൂന്ന് ചെറുപ്പക്കാർ ഞങ്ങളുടെ പ്രശ്നങ്ങൾ എങ്ങനെയെങ്കിലും പരിഹരിച്ചുതരണമെന്ന് ഞങ്ങളോട് അഭ്യർത്ഥിച്ചു. ട്രഷറിയിൽ പോയാൽ അവരുടെ ബിൽ മാറിക്കിട്ടുന്നില്ലെന്നതാണ് പ്രശ്നം. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞപ്രാവശ്യം പറഞ്ഞത് ബിൽ ഡിസ്കൗണ്ട് ചെയ്തുകൊടുക്കുന്നുവെന്നാണ്. എന്നാൽ അതിന് സീലിംഗുണ്ട്; 25,000/- രൂപയിൽക്കൂടുതൽ വരുന്ന ബില്ലുകൾ പാസ്സാക്കിക്കൊടുക്കുന്നില്ല. ഈ മാസം 26-ാം തീയതി തിരുവനന്തപുരത്ത് കരാറുകാരുടെ അനിശ്ചിതകാല നിരാഹാര സമരം നടക്കാൻ പോകുകയാണ്. 2018-ലെ ഡി.എസ്.ആർ. പ്രകാരമാണ് അവർക്ക് കരാർ നൽകിയിട്ടുള്ളത്. സാധനസാമഗ്രികളുടെയും ഇരുമ്പിന്റെയും മണലിന്റെയുമൊക്കെ വില വർദ്ധിച്ചു. 2018-ലെ ഡി.എസ്.ആർ. പ്രകാരം പണി ചെയ്താൽ അവർക്ക് നഷ്ടമായിരിക്കും. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് അറിയാൻ താല്പര്യമുണ്ട്. എം.എൽ.എ.-മാരുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിലെ 5 കോടി രൂപയിൽനിന്നും 4 കോടി രൂപ സർക്കാർ തിരിച്ചുവാങ്ങിയിട്ട് ഒരു കോടി രൂപ മാത്രം ഞങ്ങൾക്ക് നൽകുകയുണ്ടായി. ആ 4 കോടി രൂപ ഉപയോഗിച്ച് എന്ത്

പ്രവൃത്തികളാണ് ചെയ്തത്? എന്റെ മണ്ഡലത്തിൽ എന്താണ് ചെയ്തതെന്ന് ആരോട് ചോദിച്ചിട്ടും ഒരുത്തരവും കിട്ടുന്നില്ല. അതിനാൽ ആ നാല് കോടി രൂപ ഓരോ മണ്ഡലത്തിലും ഏത് പ്രവൃത്തിക്കുവേണ്ടിയാണ് വിനിയോഗിച്ചതെന്ന് എം.എൽ.എ.-മാരെന്ന നിലയിൽ അറിയാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്. കോവിഡിന്റെ പേരിൽ സർക്കാർ നാല് കോടി രൂപ ചോദിച്ചപ്പോൾ ഞങ്ങൾ ഒരു മടിയുമില്ലാതെയാണ് നൽകിയത്. ഒരു കോടി രൂപ ചെലവഴിച്ച് കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ പോകുന്നുവെന്ന് അറിഞ്ഞു. പക്ഷേ ബാക്കിത്തുക എന്ത് പ്രവൃത്തിക്കാണ് ഉപയോഗിച്ചതെന്ന് അറിയണം. ആസ്തി വികസന ഫണ്ടുപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ ബിൽ/തുക കരാറുകാർക്ക് കൊടുക്കാനുണ്ടോയെന്ന നക്ഷത്രചിഹ്നമിടാത്ത എന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയിൽനിന്നും കിട്ടിയ ഉത്തരം 'വിവരം ശേഖരിച്ചുവരുന്നു' എന്നാണ്. എവിടെ നിന്നാണ് ആ വിവരം ശേഖരിക്കുന്നത് എന്നറിയാൻ താല്പര്യമുണ്ട്. സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്തുണ്ടെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കാരണം, ഇപ്പോൾ ആശ്രിത നിയമനമില്ല. സർക്കാർ സർവ്വീസിലുള്ള ഒരാൾ മരണപ്പെട്ടാൽ അവരുടെ ആശ്രിതർക്ക് ജോലി നൽകാത്തതിന് കാരണം

സാമ്പത്തിക പ്രതിസന്ധിയാണ്. അതുപോലെ ഫണ്ട് വിതരണം മുടങ്ങിയതിനാൽ 'ആശ്വാസ കിരണം' പദ്ധതി നിലച്ചിട്ട് ഒരു വർഷമായെന്ന് പത്രങ്ങളിൽ വാർത്ത വന്നിരിക്കുകയാണ്. ആശാപ്രവർത്തകരോട് അവധിയെടുക്കാൻ നിർദ്ദേശിക്കുന്നു. അത് ചിലപ്പോൾ അവർക്ക് ശമ്പളം കൊടുക്കാൻ പണമില്ലാത്തതുകൊണ്ടായിരിക്കും.ക്ഷേമപെൻഷൻ വർദ്ധിപ്പിക്കാനായില്ല, സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക 460 കോടി രൂപയായി, പാർശ്വവൽകൃത ജനവിഭാഗങ്ങൾക്കായി ആവിഷ്കരിച്ച ക്ഷേമപദ്ധതികൾ ഇല്ലാതാകുന്നു, കാരുണ്യ ആരോഗ്യ പദ്ധതി അട്ടിമറിക്കാൻ നീക്കം, ക്ഷേമപെൻഷൻ വർദ്ധനവിൽ ഭിന്നശേഷിക്കാരെ അവഗണിക്കുന്നു, മരണപ്പെട്ടവരുടെ കുടുംബത്തിന് ക്ഷേമപെൻഷൻ ഇല്ല, സാമൂഹ്യ പെൻഷൻ കടമെടുക്കൽ ബാദ്ധ്യതയിൽനിന്നും സർക്കാർ ഒഴിയുന്നു എന്നുതുടങ്ങി ഒരുപാട് കാര്യങ്ങൾ പത്രങ്ങളിൽ വരുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധി നമ്മൾ വരുത്തിവച്ചതാണോ കെടുകാര്യസ്ഥതകൊണ്ടുണ്ടായതാണോ എന്നറിയാൻ താല്പര്യമുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ കാര്യം പ്രത്യേകം പറയേണ്ട ആവശ്യമില്ല. സാമ്പത്തിക പ്രതിസന്ധി കാരണമാണ് കെ.എസ്.ആർ.ടി.സി.-ക്ക്

ഇത്രയും നഷ്ടമുണ്ടായതെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകുമെന്ന് തോന്നുന്നില്ല. പല എയ്ഡഡ് സ്കൂളുകളിലും താൽക്കാലിക അദ്ധ്യാപകരെ നിയമിച്ചിട്ട് മാസങ്ങളായെങ്കിലും അപ്രൂവ് ചെയ്തിട്ടില്ല. ശമ്പളം കൊടുക്കേണ്ടിവരുമെന്നുള്ളതുകൊണ്ടാണ് നിയമനം അപ്രൂവ് ചെയ്യാതിരിക്കുന്നതെന്ന കാര്യത്തിൽ സംശയമില്ല. പല നികുതികളും സാധാരണക്കാരന്റെ തലയിൽ കെട്ടിവച്ച് ജീവിതം ദുസ്സഹമാക്കാൻ സർക്കാർ ശ്രമിക്കുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ധനപ്രതിസന്ധി മറികടക്കാൻ സാധാരണക്കാരനെ പോക്കറ്റടിക്കുകയെന്ന തത്വമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. എല്ലാ സ്ലാബുകളിലും ഭൂനികുതി വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിരിക്കുകയാണ്. ഭൂനികുതി വർദ്ധിപ്പിക്കുന്നുവെന്നാൽ ഭൂവിനിയോഗത്തിനുള്ള അവസരം നൽകുന്നില്ല എന്നാണ്. പ്ലാന്റേഷൻ ഭൂമിയിൽ നിലനിൽക്കുന്ന നിയന്ത്രണങ്ങൾമൂലം തോട്ടം മേഖല പ്രതിസന്ധി നേരിടുകയാണ്. ഭൂപരിഷ്കരണ നിയമപ്രകാരം തോട്ടം ഭൂമിയിൽ മറ്റ് വിളകൾ കൃഷി ചെയ്താൽ 15 ഏക്കറിൽ കൂടുതൽ കൈവശം വയ്ക്കാനുള്ള നിയമപരിരക്ഷ ഇല്ലാതാകും. ലാഭകരമായ മറ്റൊന്നിലേയ്ക്ക് തിരിയാനുള്ള സ്വാതന്ത്ര്യം തോട്ടം ഉടമയ്ക്കില്ലെന്ന

നിലയാണുള്ളത്. തീരെ വില ലഭിക്കാത്ത നാണ്യവിളയാണെങ്കിൽപ്പോലും നഷ്ടം സഹിച്ച് കൃഷി ചെയ്യേണ്ട ഗതികേടാണ്. ഓരോ ഭൂമിക്കും അനുയോജ്യവും ലാഭകരവുമായ വിളയിലേയ്ക്കുള്ള മാറ്റം സാധ്യമാകുന്ന തരത്തിൽ ഭൂപരിഷ്കരണ നിയമത്തിൽ ശാസ്ത്രീയമായ പരിഷ്കാരമാണ് വേണ്ടത്. തോട്ടങ്ങളിൽ സമ്മിശ്ര-ഇടവിളയായി മാത്രമേ പഴവർഗ്ഗ കൃഷി ആരംഭിക്കാനാകൂ. പരമ്പരാഗത വിളകളെ അപേക്ഷിച്ച് ഫലവൃക്ഷങ്ങളുടെ ഉല്പാദനക്ഷമതയും ആദായവും കൂടുതലാണ്. വർഷത്തിൽ ഒമ്പത് മാസവും പഴങ്ങളുടെ ഉല്പാദനത്തിന് യോജിച്ച കാലാവസ്ഥയാണ് കേരളത്തിലുള്ളത്. അടുത്തകാലത്ത് നാം തിരിച്ചുപിടിച്ച ചക്ക മുതൽ വിപണിയിൽ ഏറെ ആവശ്യക്കാരുള്ള റംബൂട്ടാൻ, മാങ്കോസ്റ്റിൻ, അവക്കാഡോ തുടങ്ങി ഉയർന്ന മൂല്യമുള്ള പഴങ്ങൾ വരെ ഇവിടെ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യാനാകും. 1964-ലെ കേരള ഭൂ പതിവ് നിയമപ്രകാരം പതിച്ച് നൽകിയ ഭൂമി ഗാർഹികാവശ്യത്തിനും കൃഷി ചെയ്യുന്നതിനും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്ന വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. പട്ടയഭൂമിയിൽ വ്യാപാര-വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ അനുവദിക്കുന്നില്ല. 48 വർഷം മുമ്പുള്ള സാമൂഹ്യ സാഹചര്യമല്ല ഇന്നുള്ളതെന്നതിനാൽ ചട്ടങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്താൻ തയ്യാറാകണം. 1964-ലെ കേരള ഭൂ

പതിവ് നിയമപ്രകാരം പതിച്ചുനൽകിയ പട്ടയഭൂമി ഇതര ആവശ്യങ്ങൾക്ക് വിനിയോഗിക്കാനാകില്ലെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയെ ആശങ്കയോടെയാണ് ജനങ്ങൾ കാണുന്നത്. ഭൂമിയുടെ ന്യായവിലയിൽ 10% വർദ്ധനവ് എന്നത് ഭൂരഹിതർക്ക് കനത്ത തിരിച്ചടിയാകും. നോട്ട് നിരോധനകാലം മുതൽ കേരളത്തിൽ ഭൂമി വിൽപ്പനയിൽ വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. കോവിഡ് കാലത്ത് ഭൂമി വിൽപ്പന വീണ്ടും കുറഞ്ഞ സ്ഥിതിയാണുള്ളത്. റിയൽ എസ്റ്റേറ്റ് മേഖല കടുത്ത പ്രതിസന്ധി നേരിടുമ്പോൾ ന്യായവില വർദ്ധിപ്പിക്കാനൊരുങ്ങുന്നത് വൈരുദ്ധ്യമാണ്. ഭൂമിയുടെ വില കുറച്ച് കൂടുതൽ വിൽപ്പന സാധ്യമാക്കുകയും സുതാര്യമാക്കുകയും ചെയ്ത് വരുമാനം വർദ്ധിപ്പിക്കാമെന്നിരിക്കെ കടകവിരുദ്ധമായ ഈ നീക്കം നിർമ്മാണ മേഖലയ്ക്ക് തിരിച്ചടിയാകും. ഭൂമിയിലുള്ള നിക്ഷേപം കഴിഞ്ഞ രണ്ട് വർഷമായി കുത്തനെ കുറഞ്ഞുവെന്നാണ് സ്റ്റാമ്പ് ഡ്യൂട്ടി സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കുന്നത്. ഇതിന് പ്രധാനകാരണം കോവിഡ് പ്രതിസന്ധിയാണ്. ഇതുമൂലം തൊഴിൽ നഷ്ടവും രൂക്ഷമായിരിക്കുകയാണ്. ഇനിയും നികുതി നിരക്ക് വർദ്ധിപ്പിച്ചാൽ ഭൂരഹിത-ഭവനരഹിതരാകും കൂടുതൽ പ്രതിസന്ധിയിലാകുന്നത്. കൈമാറ്റങ്ങൾ വർദ്ധിക്കാതിരുന്നാൽ ഈ

ന്യായവില വർദ്ധനവ് സർക്കാരിന് തിരിച്ചടിയാകും. വീടില്ലാത്തവർക്ക് വീടുവച്ചുകൊടുക്കുന്ന പദ്ധതിക്കായി ഭൂമി വാങ്ങുമ്പോൾ ഈ വില വർദ്ധനവ് അവരെയും ദോഷകരമായി ബാധിക്കും. വില കുറയ്ക്കുകയും കൂടുതൽ കൈമാറ്റങ്ങൾക്ക് വഴിയൊരുക്കുകയുമായിരിക്കും സർക്കാരിനും നിർമ്മാണ മേഖലയ്ക്കും ഗുണം ചെയ്യുന്നത്. വില കുറയുമ്പോൾ ഭൂമി, വീട്, ഫ്ലാറ്റ് എന്നിവയുടെ വിൽപ്പന കൂടുകയും നിർമ്മാണ മേഖല സജീവമാകുകയും സാമ്പത്തിക ക്രയവിക്രയമുണ്ടാകുകയും ചെയ്യും. എല്ലാവർക്കും ഭൂമിയെന്ന മുദ്രാവാക്യവുമായി മുന്നോട്ടുപോകുന്ന റവന്യൂ വകുപ്പിന് സ്വന്തമായി ആസ്ഥാനം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഒച്ചിഴയുന്ന വേഗതയാണുള്ളത്. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 25 റവന്യൂ ടവറുകളിൽ രണ്ടെണ്ണമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഒരെണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നുണ്ടെങ്കിലും ബാക്കിയെല്ലാം കടലാസ്സിലൊതുങ്ങുകയാണ്. ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമി ഭവനനിർമ്മാണ ബോർഡിന് കൈമാറി പത്ത് മാസമായിട്ടും ഇതുവരെ നടപടിയൊന്നുമുണ്ടായിട്ടില്ല; സോയിൽ ടെസ്റ്റ് പോലും നടത്തിയിട്ടില്ല. ചാലക്കുടി നഗരമധ്യത്തിലുള്ള ടൗൺഹാളിലെ വാണിജ്യ സമുച്ചയത്തിന്റെ മൂന്നാം നിലയിൽ പരിമിതമായ

സ്ഥലത്താണ് താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്നത്. ആദിവാസികളും മലക്കപ്പാറ പോലെയുള്ള പ്രദേശങ്ങളിലുള്ളവരും ആശ്രയിക്കുന്ന താലൂക്ക് ഓഫീസാണിത്. വില്ലേജ് ഓഫീസുകൾ മാത്രമല്ല താലൂക്ക് ഓഫീസുകളും സ്മാർട്ടായാൽ മാത്രമേ ജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാകുകയുള്ളൂ. ഇനി എത്രനാൾ താലൂക്ക് ആസ്ഥാനത്തിനുവേണ്ടി കാത്തിരിക്കണമെന്ന് അറിയില്ല; പട്ടയ വിതരണവും മന്ദഗതിയിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ ഭൂപതിവ് ചട്ടങ്ങൾപ്രകാരം ഭൂരഹിതർക്ക് വിതരണം ചെയ്തത് വെറും 35 പട്ടയങ്ങളാണ്. 1869 അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട്. വനഭൂമി പട്ടയങ്ങളിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച 888-ഉം സംയുക്തപരിശോധന പൂർത്തീകരിച്ചതും കേന്ദ്രാനുമതി ലഭിക്കേണ്ടതുമായ 4561-ഉം ലാൻഡ് ട്രിബ്യൂണലുകളിലെ 22204-ഉം മറ്റ് വകുപ്പുകളുടെ ഭൂമിയുമായി ബന്ധപ്പെട്ടതടക്കം 30073 അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്. ഇത് തൃശ്ശൂർ ജില്ലയിലെ മാത്രം കണക്കാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ' എന്ന മുദ്രാവാക്യത്തിന്റെ പ്രയോഗവൽക്കരണം വേഗത്തിലാക്കണം. 1964-ലെ ഭൂ പതിവ് ചട്ടങ്ങൾ പ്രകാരം 01.08.1971-നുശേഷമുള്ള സർക്കാർ ഭൂമിയിലെ പ്രതിഷേധാർഹമല്ലാത്ത കയ്യേറ്റങ്ങൾക്ക് പതിവിന്

അർഹതയുണ്ട്. എന്നാൽ കൈവശഭൂമിയെന്ന നിലയിൽ പതിവിന് അർഹത 01.08.1971-നുമുമ്പ് കൈവശമുള്ളവർക്ക് മാത്രമാണ്. ചാലക്കുടിയിലെ ഒരു അപേക്ഷകന് 1994 മുതൽ കൈവശമുള്ള ഭൂമി പതിച്ച് കൊടുക്കുന്നതിന് തടസ്സം ആ ഭൂമി 01.08.1971 മുതൽ ടിയാന്റെ കൈവശമില്ലെന്നുള്ളതാണ്. കാലോചിതമായി ചട്ടങ്ങൾ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഭൂ പതിവ് ചട്ടങ്ങൾ പ്രകാരം അനുവദിച്ച പട്ടയത്തിന്റെ അസൽ നഷ്ടപ്പെട്ടതുമൂലമുള്ള പ്രയാസങ്ങൾ നിരവധിയാണ്. പട്ടയം നഷ്ടപ്പെട്ടാൽ പകർപ്പിനായി താലൂക്ക് ഓഫീസിൽ അപേക്ഷ നൽകുമ്പോൾ അവിടെയും പ്രസ്തുത രേഖകളില്ലാത്തതിനാൽ ആളുകൾ നെട്ടോട്ടമോടുകയാണ്. അതുകൊണ്ട് സർട്ടിഫിക്കറ്റ് അനുവദിക്കുന്ന കാര്യത്തിൽ വ്യക്തത വരുത്തണം. മറ്റൊരുപ്രശ്നം, ലാൻഡ് ട്രിബ്യൂണൽ ഓഫീസിൽ സൂക്ഷിച്ച ഭൂസംബന്ധമായ രേഖകൾ പലതും കാണാനില്ലെന്നതാണ്. പട്ടയത്തിന്റെ പകർപ്പിന് അപേക്ഷ നൽകിയാൽ 'രേഖകൾ കാണാനില്ല, നശിച്ചുപോയി' എന്നാണ് മറുപടി നൽകുന്നത്. നിർത്തലാക്കിയ ലാൻഡ് ട്രിബ്യൂണൽ ഓഫീസിലെ രേഖകൾ കാര്യക്ഷമമായി സൂക്ഷിക്കാത്തതുകൊണ്ടാണ് പലതും നഷ്ടമായത്. ഭൂമി കൈമാറ്റം ചെയ്യുന്നതിനും വായ്പാ പണയമായി

നൽകുന്നതിനും പട്ടയം അനിവാര്യമാണ്. ഒരാളുടെ പേരിലുള്ള ഏക്കർ കണക്കിന് സ്ഥലം പിന്നീട് അഞ്ചോ പത്തോ ആളുകളുടെ പേരിലേയ്ക്ക് മാറുമ്പോൾ എല്ലാവർക്കും ആദ്യ പട്ടയത്തിന്റെ പകർപ്പ് ആവശ്യമാണ്. അതിനായി അപേക്ഷ നൽകുമ്പോഴാണ് 'കാണാനില്ല, നശിച്ചുപോയി' എന്ന മറുപടി നൽകുന്നത്. നിർത്തലാക്കിയ ലാൻഡ് ട്രിബ്യൂണൽ ഓഫീസുകളിലെ രേഖ പ്രദേശവും കാലവും തിരിച്ച് സൂക്ഷിക്കാതെ ഏതെങ്കിലും ഓഫീസിന്റെ റെക്കോർഡ് റൂമിലായിരിക്കും കൂട്ടിവച്ചിട്ടുള്ളത്. പകർപ്പിന് അപേക്ഷ നൽകിയാൽ കൂട്ടിയിട്ട രേഖകൾ തലങ്ങും വിലങ്ങും മറിച്ചിട്ടാണ് തിരച്ചിൽ നടത്തുന്നത്. അപേക്ഷകന് ഭാഗ്യമുണ്ടെങ്കിൽ ഫയൽ ലഭിക്കും. ഇപ്പോൾ ഭൂരിപക്ഷം രേഖകളും കാണാതായിരിക്കുകയാണ്. അതുകൊണ്ട് എല്ലാ സേവനങ്ങളും സ്മാർട്ട് എന്നുപറഞ്ഞതുകൊണ്ട് കാര്യമില്ല, വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം. സ്റ്റാഫ് പാറ്റേൺ കാലാനുസൃതമായി പരിഷ്കരിക്കണം. ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കണം. വില്ലേജ് ജീവനക്കാർക്ക് വാഹന സൗകര്യമൊരുക്കുമെന്നൊക്കെ പറയുന്നുണ്ടെങ്കിലും നടപടിയായിട്ടില്ല. സർവ്വേ ഡിപ്പാർട്ടുമെന്റിലും ജീവനക്കാരുടെ എണ്ണം കുറവാണ്. ഇതിനൊക്കെ ധനകാര്യ വകുപ്പ് കടാക്ഷിക്കണമെന്നാണ് പറയാനുള്ളത്. പലപ്പോഴും

സെർവർ തകരാറിനാൽ ഇന്റർനെറ്റും വൈദ്യുതി തടസ്സംമൂലം ഓൺലൈൻ സേവനങ്ങളും തടസ്സപ്പെടുന്നുണ്ട്. ഇവ പരിഹരിക്കപ്പെടണം. ജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്ന ഈ നികുതി നിർദ്ദേശങ്ങൾ പിൻവലിക്കണം.

ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. എം. വിജിൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തകർത്തെറിഞ്ഞ സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്താനുള്ള കൃത്യമായ ചുവടുവയ്പ്പാണ് ഒന്നാം പിണറായി വിജയൻ സർക്കാർ നടത്തിയത്. അതിന്റെ തുടർച്ചയായാണ് രണ്ടാം പിണറായി വിജയൻ സർക്കാരും ഈ മേഖലയിൽ സജീവമായും ക്രിയാത്മകമായും ഇടപെട്ടുകൊണ്ടിരിക്കുന്നത്. ആർദ്രം മിഷനും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും ഉൾപ്പെടെ മികച്ച നിലയിൽ നടപ്പിലാക്കുന്നതിനും നവകേരള കർമ്മ പദ്ധതിയിലൂടെ ഒരു കുതിച്ചുചാട്ടം സൃഷ്ടിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ബഡ്ജറ്റ് എന്നത് അതത് കാലഘട്ടത്തിലെ സാമ്പത്തിക സ്ഥിതിയോടും വെല്ലുവിളികളോടുമുള്ള സർക്കാരിന്റെ മറുപടി

കൂടിയാണ്. പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് വികസിത രാജ്യങ്ങൾക്കൊപ്പം നമ്മുടെ സംസ്ഥാനത്തെ എത്തിക്കുകയെന്ന സ്വപ്നസമാനമായ ലക്ഷ്യപ്രാപ്തിക്ക് ദിശാബോധം പകരുന്ന നവകേരളത്തിന്റെ വികസനരേഖയാണ് ഇത്തവണ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ്. നോളജ് ഇക്കോണമി മിഷൻ മുതൽ ഗ്രാഫീൻ ഗവേഷണകേന്ദ്രം വരെ പ്രഖ്യാപിച്ചുകൊണ്ട് ശാസ്ത്രീയപഠനവും ഗവേഷണവും നടത്താനുമുള്ള നിർദ്ദേശം അഭിനന്ദനാർഹമാണ്. എല്ലാ നിയോജകമണ്ഡലങ്ങളിലെയും കോളേജുകളിലും സാങ്കേതിക സ്ഥാപനങ്ങളിലും സ്കിൽഡ് കോഴ്സുകൾ, വ്യവസായ യൂണിറ്റുകൾ എന്നിവ ആരംഭിക്കാൻ 140 കോടി രൂപയാണ് മാറ്റിവച്ചത്. തിരുവനന്തപുരത്തെ മെഡിക്കൽ ടെക് ഇന്നൊവേഷൻ പാർക്കിന് 100 കോടി രൂപ, കേരള ജീനോമിക്സ് ഡാറ്റാ സെന്ററിന് 500 കോടി രൂപ, ന്യൂട്രാസ്യൂട്ടിക്കൽ സെന്റർ ഓഫ് എക്സലൻസ്, എല്ലാ മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന റേഷൻകടകൾ, നാല് സയൻസ് പാർക്കുകൾക്കായി 100 കോടി രൂപ, കൊല്ലത്തും കണ്ണൂരും ഐ.ടി. പാർക്ക്, തൊഴിലുറപ്പ് പദ്ധതിക്കായി 12 കോടി രൂപ, കുടുംബശ്രീയിൽ അഞ്ചുവർഷംകൊണ്ട് പത്ത് ലക്ഷം തൊഴിൽ, അങ്കണവാടി കുട്ടികൾക്ക്

പാലും മുട്ടയും അങ്ങനെ അടുത്ത ഇരുപത്തിയഞ്ച് വർഷംകൊണ്ട് ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയെന്ന ലക്ഷ്യംതന്നെയാണ് ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവയ്ക്കുന്നത്. നവകേരള നിർമ്മിതി ലക്ഷ്യമിടുന്ന നയരേഖയുമായി ഒത്തുപോകുന്ന ധാരാളം നിർദ്ദേശങ്ങളും മുമ്പോട്ടുവച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസം, പൊതുജനാരോഗ്യം, കൃഷി, വ്യവസായം, ടൂറിസം തുടങ്ങിയ മേഖലകളിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ പോകുകയാണ്. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി 2000 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നിരവധി പ്രഖ്യാപനങ്ങളിലൂടെ ഭാവികേരളത്തിന്റെ അടിത്തറയ്ക്ക് കൂടുതൽ കരുത്തുപകരുകയാണ്. മേൽസൂചിപ്പിച്ച പ്രവർത്തനങ്ങൾക്കെല്ലാം പണം ആവശ്യമാണ്. കേന്ദ്ര സർക്കാർ കേരളത്തിന് നൽകേണ്ട സഹായങ്ങളെല്ലാം ഇല്ലാതാക്കുകയാണ്. ഇപ്പോൾ പ്രതിപക്ഷനിരയിൽനിന്നും സംസാരിച്ച പരിണതപ്രജ്ഞരായ നേതാക്കൾ, പ്രജ്ഞയറ്റതുപോലെ ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട് ചില പരാമർശങ്ങൾ നടത്തിയത് എല്ലാവരും കേട്ടതാണ്. കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന അവഗണനയെക്കുറിച്ച് അവരാരും പരാമർശിച്ചില്ല. പത്താം ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം കേന്ദ്രം വീതം വയ്ക്കേണ്ട നികുതി

വരുമാനത്തിന്റെ 3.9% കേരളത്തിന് ലഭിച്ചിരുന്നു. എന്നാൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം അത് 1.9% മാത്രമാണ്. ഇവിടത്തെ പ്രതിപക്ഷത്തിന് പ്രതിഷേധമുണ്ടോ? കേരളത്തിന്റെ ന്യായമായ അവകാശങ്ങൾ കേന്ദ്രം ഇല്ലാതാക്കുമ്പോൾ ഒരക്ഷരംപോലും മിണ്ടാൻ അവരാരും തയ്യാറാകുന്നില്ലെന്നത് ഖേദകരമാണ്. സംസ്ഥാനത്തിന് ലഭിക്കേണ്ട അവകാശങ്ങളോടൊപ്പം ജനതയുടെ ജീവിതത്തെയാകെ തകർത്ത് തരിപ്പണമാക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നോട്ടുനിരോധനം രാജ്യത്തിന്റെ സമ്പദ്ഘടനയെ തകർത്തുതരിപ്പണമാക്കിയത് നമുക്കറിയാം. അങ്ങനെ രാജ്യത്തിന്റെ സമ്പദ്ഘടനയുടെ നട്ടുവൊടിഞ്ഞുനിൽക്കുന്ന ഘട്ടത്തിലാണ് അശാസ്ത്രീയമായി ജി.എസ്.ടി. നടപ്പിലാക്കി ജനങ്ങളുടെമേൽ നികുതിഭാരം അടിച്ചേൽപ്പിച്ചത്. ഡീസൽ, പെട്രോൾ, പാചകവാതകം എന്നിവയുടെ വിലവർദ്ധനവിന് കാരണം വിലനിയന്ത്രണത്തിനുള്ള അവകാശം കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊടുത്തതാണ്. ഇതിന് തുടക്കംകുറിച്ചത് രണ്ടാം യു.പി.എ. ഗവൺമെന്റാണ്. അത് ഏറ്റവും ശക്തമായി ബി.ജെ.പി. തുടർന്ന് നടപ്പിലാക്കുകയാണ്. കോർപ്പറേറ്റുകൾക്ക് കോടിക്കണക്കിന് രൂപയുടെ നികുതിയിളവ് പ്രഖ്യാപിക്കുമ്പോൾ യുവതയുടെ തൊഴിൽ

സ്വപ്നത്തെയാണ് ഇല്ലാതാക്കുന്നത്. അധികാരത്തിൽ വന്നപ്പോൾ രണ്ടുകോടി തൊഴിൽ യുവതയ്ക്ക് നൽകുമെന്ന് പറഞ്ഞ കേന്ദ്രസർക്കാർ തൊഴിൽ നൽകുന്നില്ലെന്നുമാത്രമല്ല, രാജ്യത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങളെ ഒന്നൊന്നായി കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊടുക്കുകയാണ്. അവിടെയാണ് കേരളം മറ്റൊരു മോഡൽ മുന്നോട്ടുവയ്ക്കുന്നത്. കേരളത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി ആറ് വർഷംകൊണ്ട് 185732 പേർക്കാണ് നിയമനം നൽകിയത്. മറ്റ് മേഖലകളെടുത്താൽ ഇതിലും കൂടുതൽ വരും. നോളജ് ഇക്കോണമി മിഷനിലൂടെ ഇരുപതുലക്ഷം പേർക്ക് തൊഴിൽ കൊടുക്കാനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്നാക്കി മാറ്റുകയും 250 പേർക്ക് നേരിട്ടും 150 പേർക്ക് അല്ലാതെയും തൊഴിൽ കൊടുക്കുകയും ചെയ്തത് ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. ജീവിക്കാൻ നിവൃത്തിയില്ലാത്ത കർഷകർ, തൊഴിലാളികൾ, യുവാക്കൾ തുടങ്ങിയ എല്ലാവരും സമരത്തിലേർപ്പെടുന്ന ഘട്ടമാണിത്. അഗ്നിപഥിനെതിരെ യുവാക്കൾ ശക്തിമത്തായ സമരങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഈ

ഘട്ടത്തിൽ ഒരക്ഷരം മിണ്ടാനോ ഇതിനെതിരെ ഇന്ത്യൻ പാർലമെന്റിൽ പ്രതിഷേധിക്കാനോ പ്രതികരിക്കാനോ കോൺഗ്രസ് തയ്യാറാകുന്നില്ല. അത്തരത്തിൽ കേന്ദ്രത്തിനെതിരെ ചെറുവിരലനക്കാൻ തയ്യാറാകാത്ത കോൺഗ്രസ് ഇവിടെ പച്ചക്കള്ളങ്ങളും നുണകളും പ്രചരിപ്പിക്കുന്നതല്ലാതെ കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണന ചൂണ്ടിക്കാണിക്കാൻ തയ്യാറാകുന്നില്ല. സംസ്ഥാനങ്ങളുമായി വീതം വയ്ക്കേണ്ടതില്ലാത്ത സെസ്, സർചാർജ്ജ് എന്നിവ വർദ്ധിപ്പിച്ച് കേന്ദ്രം ധനസമാഹരണം നടത്തുകയാണ്. അതുകൊണ്ട് പൊതുവിൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടാകുന്നുണ്ട്. കേന്ദ്ര വിഹിതത്തിലെ ആനുപാതികമായ കുറവുകൂടി കണക്കിലെടുക്കുമ്പോൾ കേരളത്തിന് വൻതോതിൽ വരുമാന നഷ്ടമുണ്ടാകുന്നുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ കേരളത്തിന് ലഭിച്ചിരുന്ന 6000 കോടി രൂപയുടെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റും ജി.എസ്.ടി. നഷ്ടപരിഹാരവുമൊക്കെ 2022-23 സാമ്പത്തിക വർഷത്തോടെ കേന്ദ്രസർക്കാർ നിർത്തലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങൾക്ക് ജി.എസ്.ടി. ചുമത്തിയിരിക്കുന്നുവെന്ന ഗൗരവതരമായ ഒരു വാർത്ത ഇന്നലെ വന്നു. അരിയും ഗോതമ്പുമുൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾക്ക് 5% ജി.എസ്.ടി.

ചുമത്തിയതിനാൽ അവയ്ക്കെല്ലാം വിലകൂടുകയാണ്. സമ്പന്നരെ തലോടുകയും സാധാരണക്കാരെയും ദരിദ്രരെയും പിഴിയുകയും ചെയ്യുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഈ സാഹചര്യത്തിൽ കേരളത്തിലെ ഭരണപക്ഷവും പ്രതിപക്ഷവും ഒറ്റക്കെട്ടായല്ലേ മുന്നോട്ടുപോകേണ്ടത്? ഇവിടെ പ്രതിപക്ഷത്തുനിന്നും പ്രഗത്ഭരായ അംഗങ്ങൾ ഉൾപ്പെടെ പ്രസംഗിച്ചപ്പോൾ പ്രസ്തുത വിഷയം സംസ്ഥാനത്തിന്റെ തലയിൽ വച്ചുകെട്ടി നിയമസഭാ രേഖയിൽ അത്തരത്തിൽ വന്നോട്ടെയെന്ന സമീപനം സ്വീകരിച്ചത് ദൗർഭാഗ്യകരമാണ്. പുരോഗമനപക്ഷത്ത് നിൽക്കുന്ന ഒരു സർക്കാരിന് പ്രതിസന്ധികൾക്കിടയിൽ ചെലവുചുരുക്കിക്കൊണ്ട് കടമകളിൽനിന്നും ഒളിച്ചോടാൻ സാധിക്കില്ല. സംസ്ഥാന സർക്കാരുകളുടെ നിയമപ്രകാരമുള്ള കടമെടുപ്പ് പരിധിപോലും കുറച്ചുകൊണ്ടാണ് കേന്ദ്രസർക്കാർ മുമ്പോട്ടുപോകുന്നത്. ഈ പശ്ചാത്തലത്തിലാണ് നവകേരള നിർമ്മാണത്തിനുള്ള മൂലധന നിക്ഷേപം എങ്ങനെ കണ്ടെത്തുമെന്ന ചോദ്യം പ്രസക്തമാകുന്നത്. 2022 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ കേരളത്തിന്റെ ജി.എസ്.ടി. വരുമാനത്തിൽ 14% വർദ്ധനവുണ്ടായെന്ന് ഒരംഗം ഇവിടെ സൂചിപ്പിച്ചു. അത് നല്ല കാര്യമല്ലേ? തനത് വരുമാനത്തിലെ വളർച്ചയോടൊപ്പം കിഫ്ബി പോലുള്ള

മാർഗ്ഗങ്ങളിലൂടെ ബഡ്ജറ്റിനുപരിയായി മൂലധന നിക്ഷേപം കണ്ടെത്തേണ്ടത് അത്യാവശ്യമല്ലേ; ഈ നിലപാടുകളോട് പ്രതിപക്ഷം യോജിച്ച് നിൽക്കണ്ടേ? യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ സമീപനമെന്തായിരുന്നു? പ്രകടനപത്രിക പഠിക്കാനുള്ള ഒരു പുസ്തകമാണെന്നിരിക്കേ കേവലം പറ്റിക്കാനുള്ള പുസ്തകമാണെന്ന സമീപനമായിരുന്നു അവരുടേത്. എന്നാൽ പിണറായി വിജയൻ സർക്കാർ വന്നപ്പോൾ പ്രകടനപത്രികയിലെ കാര്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ ശ്രമിച്ചു. സാമൂഹ്യക്ഷേമ പെൻഷൻ സംബന്ധിച്ച കാര്യങ്ങൾ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറയുകയുണ്ടായി. ആരാണ് സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചത്; ഏഴുതവണ വർദ്ധവ് വരുത്തി 1600 രൂപയാക്കി ഉയർത്തിയത് ഒന്നാം പിണറായി വിജയൻ സർക്കാരല്ലേ? യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് സാമൂഹ്യക്ഷേമ പെൻഷനുകൾ 18 മാസം കുടിശ്ശികയായിരുന്നില്ലേ; 1473.67 കോടി രൂപയാണ് കുടിശ്ശികയുണ്ടായിരുന്നത്. യു.ഡി.എഫ്. കാലഘട്ടത്തിൽ 3443414 പേർക്കാണിത് ലഭിച്ചിരുന്നതെങ്കിൽ എൽ.ഡി.എഫ്. വന്നപ്പോൾ പെൻഷൻ തുക 1600 രൂപയാക്കി ഉയർത്തുകയും കുടിശ്ശികയില്ലാതെ 4941329 പേർക്ക് കൊടുത്തുകൊണ്ടിരിക്കുകയുമാണ്. പതിമൂന്നിനം അവശ്യസാധനങ്ങൾക്ക്

സപ്ലൈകോ വഴി വില പിടിച്ചുനിർത്തിക്കൊണ്ട് ജനജീവിതത്തെ വിലക്കയറ്റം ബാധിക്കാതിരിക്കാനുള്ള നടപടിയുമായല്ലേ സർക്കാർ മുമ്പോട്ടുപോകുന്നത്; ഇക്കാര്യങ്ങളിലെങ്കിലും കോൺഗ്രസ് പിന്തുണ നൽകുന്നുണ്ടോ? ഗവൺമെന്റിനെ അസ്ഥിരപ്പെടുത്താനും കലാപമുണ്ടാക്കാനുള്ള ശ്രമങ്ങളുമായാണ് അവർ മുമ്പോട്ടുപോകുന്നത്. ബില്ലിന്റെ ചർച്ചാവേളയിൽ രാഷ്ട്രീയം പറയണമെന്നില്ലെങ്കിലും പ്രതിപക്ഷനിരയിൽനിന്നും പറഞ്ഞതുകൊണ്ടുമാത്രം ചില കാര്യങ്ങൾ പറയുകയാണ്. വിമാനത്തിൽ വച്ച് ആക്രമിക്കുന്നതിന് നേതൃത്വം കൊടുത്ത നേതാവിനെ ഇന്ന് അറസ്റ്റ് ചെയ്തല്ലോ. വിമാനത്തിൽ കയറി മുഖ്യമന്ത്രിയെ ആക്രമിക്കാൻ മുൻ എം.എൽ.എ. ആഹ്വാനം ചെയ്യുന്നു. യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന അദ്ധ്യക്ഷനും നിലവിലെ എം.എൽ.എ.-യുമായ വ്യക്തി അഡ്മിനായ ഒരു ഗ്രൂപ്പിൽ ഇത്തരം പരാമർശങ്ങളുണ്ടാകുകയും ആക്രമിക്കാൻ നേതൃത്വംതന്നെ മുന്നോട്ടുവരികയും ചെയ്യുന്നതല്ലേ നാം കണ്ടത്? പ്രതിപക്ഷനേതാവ് പറയുന്നത് അവർ കുട്ടികളാണെന്നാണ്. അവർ കുട്ടികളാണോ? അവർ 19 കേസിലെ പ്രതികളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആക്രമിക്കാനായി ടിക്കറ്റെടുത്ത് വിമാനത്തിൽ കയറിയ ആ മൂന്ന് പേരെയും ന്യായീകരിക്കാനല്ലേ ഇവിടെ പ്രതിപക്ഷം ശ്രമിക്കുന്നത്?

നിറം, ജാതി, മതം എന്നിവയുടെ പേരിൽ മനുഷ്യരെ അധിക്ഷേപിക്കുന്ന സമീപനമാണ് പ്രതിപക്ഷനിരയിൽ നിന്നുമുണ്ടാകുന്നത്. വംശീയ ആക്രമണമാണ് അവർ ഇപ്പോൾ കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. സമീപകാലത്ത് വംശീയ അതിക്രമത്തിന് ഏറ്റവുംകൂടുതൽ വിധേയനാക്കപ്പെട്ട നേതാവാരാണെന്ന് ചോദിച്ചാൽ അതിനുള്ള ഉത്തരം ശ്രീ. എം. എം. മണി എന്നുതന്നെയാണ്. ആ ജനനേതാവിന്റെ നിറം കാരണം പ്രതിപക്ഷനിരയിൽനിന്നും ക്രൂരമായ ആക്രമണമുണ്ടാകുകയാണ്. കെ.പി.സി.സി.-യുടെ പ്രസിഡന്റ് ഉൾപ്പെടെയുള്ള ഉത്തരവാദപ്പെട്ട നേതാക്കളാണ് അദ്ദേഹത്തിനെതിരെ ആക്രമണം നടത്തുന്നത്. 1974-ൽ പുറത്തിറങ്ങിയ 'നീലക്കണ്ണുകൾ' എന്ന മലയാള ചലച്ചിത്രത്തിൽ വയലാറിന്റെ പ്രസിദ്ധമായൊരു വിപ്ലവഗാനമുണ്ട്;

മരിക്കാൻ ഞങ്ങൾക്കു മനസ്സില്ലാ

കരയാൻ ഞങ്ങൾക്കു മനസ്സില്ലാ

അതിന്റെ അവസാന വരികളിൽ അദ്ദേഹം പറയുന്നുണ്ട്,

കണ്ണൻ ദേവൻ കാട്ടിൽ, തേയില-

കണ്ണുതുറക്കും മലമേട്ടിൽ

സ്വർണ്ണപൂത്തിരി നുള്ളുന്നവരുടെ

സിന്ദൂരക്കൊടി സിന്ദാബാദ്..."

ഈ പാട്ട് യഥാർത്ഥത്തിൽ ഹൈറേഞ്ചിലെ തോട്ടം തൊഴിലാളികളായി ജീവിക്കേണ്ടിവന്ന അടിച്ചമർത്തപ്പെട്ട ഒരു ജനതയുടെ ദുരിതമയമായ ജീവിതത്തെയാണ് സൂചിപ്പിക്കുന്നത്. ആ ജനതയുടെ അവകാശങ്ങൾക്കുവേണ്ടി ഐതിഹാസികമായ പോരാട്ടത്തിന് നേതൃത്വം കൊടുത്ത ഒരു മഹാനായ നേതാവിനെയാണ് ഇവിടത്തെ പ്രതിപക്ഷം നിറം പറഞ്ഞുകൊണ്ട് വംശീയാതിക്രമത്തിന് വിധേയമാക്കുന്നത്. മണ്ണിന്റെ മണമുള്ള, മനുഷ്യന്റെ നിറമുള്ള നേതാവാണ് മണിയാശാൻ. അദ്ദേഹം ജനഹൃദയങ്ങളിലാണുള്ളത്, നിങ്ങളുടെ വംശീയ അതിക്രമത്തിലൊന്നും തകർന്നുപോകുന്ന നേതാവല്ലെന്നുകൂടി പ്രതിപക്ഷം മനസ്സിലാക്കുന്നത് നല്ലതാണ്. 'I, the Supreme' എന്ന ശ്രദ്ധേയമായ നോവലിൽ Paraguayan എഴുത്തുകാരൻ Augusto Roa Bastos ഭരണത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. അതിൽ പറയുന്നത്, ഭരണം ജനപക്ഷത്താണെന്ന് വിലയിരുത്താൻ കഴിയുന്നത് ആ നാട്ടിലെ ഏറ്റവും സാധാരണക്കാരായ മനുഷ്യന്റെ ജീവിതത്തെ ചേർത്തുപിടിക്കുമ്പോഴും ആ നാടിന് ആധുനികമായ ജീവിത സൗകര്യങ്ങൾ സൃഷ്ടിച്ചുകൊടുക്കുമ്പോഴുമാണ് എന്നാണ്. ഈ നിലയിലല്ലേ കേരളത്തിലെ പിണറായി വിജയൻ സർക്കാർ മുന്നോട്ട് പോകുന്നത്?

കരുത്തോടുകൂടി മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കരുത്ത് പകരുന്നൊരു ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളതെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കടമെടുക്കുന്നതിനുള്ള പരിധി ജി.എസ്.ഡി.പി.യുടെ 10 ശതമാനമായോ സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ 100 ശതമാനമായോ നിജപ്പെടുത്താനുള്ള 2003-ലെ കേരള ഗവൺമെന്റ് ഗ്യാരന്റി പരിധി ആക്ട് ഭേദഗതി ചെയ്യാനുള്ള ഈ ബിൽ ഏറെ അപകടം പിടിച്ചതാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അതുകൊണ്ടുതന്നെയാണ് വിയോജിപ്പും ഭേദഗതിയും രേഖപ്പെടുത്തുന്നത്. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്യാരന്റി നിൽക്കാവുന്ന പരമാവധി തുക തനത് നികുതി വരുമാനത്തിന്റെ 5 ശതമാനത്തിൽനിന്നും 10 ശതമാനമായി ഉയർത്താനുള്ള ഈ ബിൽ

2003-ലെ ധന ഉത്തരവാദിത്വ നിയമത്തിന് എതിരാണെന്ന് അങ്ങേയ്ക്ക് അറിയാവുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ)

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 100% തുകയ്ക്ക് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഈടുനിൽക്കാൻ, ധന ഉത്തരവാദിത്വ നിയമം പരിപാലിക്കാൻ ബാദ്ധ്യതപ്പെട്ട സർക്കാരിൽനിന്നുണ്ടാകാൻ പാടില്ലാത്തൊരു നിലപാടാണിതെന്ന് പറയാതിരിക്കാനാവില്ല. ധന ഉത്തരവാദിത്വ നിയമമനുസരിച്ച് സംസ്ഥാന സർക്കാരിന് വഹിക്കാവുന്ന കടത്തിന്റെ പരിധി കടക്കുകയാണെന്നത് ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. സാമ്പത്തികമായി പ്രതിസന്ധിയിൽ ആയിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ കടം സംസ്ഥാന റവന്യൂ വരുമാനത്തിന് തുല്യമാക്കാനുതകുന്ന ഈ ബിൽ പിൻവലിക്കുന്നതായിരിക്കും ഉചിതം. പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ 1.5 ട്രില്യൺ രൂപയായിരുന്ന കടം ഇപ്പോൾ 3.5 ട്രില്യൺ രൂപയായി വർദ്ധിച്ചിരിക്കുകയാണ്. ഈ കടത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ കടം വരികയുമില്ല. പൊതുമേഖലാ

സ്ഥാപനങ്ങൾക്കും കോർപ്പറേഷനുകൾക്കും കടമെടുക്കാനുള്ള പരിധി ജി.എസ്.ഡി.പി.യുടെ 10 ശതമാനമാക്കുന്നതിലൂടെ ഉത്തരവാദിത്വമില്ലാത്തൊരു ധനകാര്യ മാനേജ്മെന്റായിരുന്നു അങ്ങേയുടെതെന്ന് പറയുന്നതുതന്നെ ഖേദകരമാണ്. സർക്കാർ ഗ്യാരന്റി നൽകാതെയും പൊതുമേഖലാ സ്ഥാപനങ്ങളും കോർപ്പറേഷനുകളും കടമെടുക്കുന്നുണ്ട്. 12-ാം ധനകാര്യ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ രൂപം കൊടുത്തതാണ് ധന ഉത്തരവാദിത്വ നിയമം. 2003-ൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കടം ജി.ഡി.പി.-യുടെ 72 ശതമാനമായിരുന്നത് 68 ശതമാനമായി കുറച്ചുകൊണ്ടുവരാൻ യു.പി.എ. സർക്കാരിന് കഴിഞ്ഞിരുന്നു. എന്നാൽ ഒന്നും രണ്ടും മോദി സർക്കാരുകൾ ഇപ്പോഴതിനെ ഊതിപെരുപ്പിച്ച് ജി.ഡി.പി.യുടെ 91 ശതമാനത്തിലെത്തിച്ചിരിക്കുകയാണ്. ഇതുകൂടാതെയാണ് കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ കടവും വരുന്നത്. താങ്കളുടെ മുൻഗാമിയായ ഡോ. ടി. എം. തോമസ് ഐസക് ഈ സഭയിൽ സീറോ ബഡ്ജറ്റിന്റെ മാഹാത്മ്യത്തെക്കുറിച്ച് പറഞ്ഞിരുന്നു. അദ്ദേഹം തന്നെയാണ് സംസ്ഥാനത്തിന്റെ കടം ഇത്രയിരട്ടിയാക്കുന്നതിന് വലിയ പങ്കുവഹിച്ചതെന്ന് പറയുകയാണ്. കേന്ദ്രത്തിലാകട്ടെ, പൊതുമേഖലാ

സ്ഥാപനങ്ങളും സർക്കാർ അധീനതയിലുള്ള വസ്തുവകകളും വിമാനത്താവളങ്ങളും തുറമുഖങ്ങളും വിറ്റുതുലച്ചിട്ടും കടത്തിന്റെ വർദ്ധനവ് പിടിച്ചുകെട്ടാൻ കഴിയാതിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ വിദേശ കടം 49 ട്രില്യൺ രൂപയായിരിക്കുകയാണ്. എങ്ങോട്ടാണ് നമ്മുടെ രാജ്യത്തിന്റെ പോക്കെന്ന് പരിശോധിക്കേണ്ടതാണ്. അയൽരാജ്യമായ ശ്രീലങ്കയുടെ കടം ജി.ഡി.പി.യുടെ 114 ശതമാനമാണ്. അവിടത്തെ അരാജകത്വം മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കടം വാങ്ങാനുള്ള പരിധി നിലവിലുള്ളതിന്റെ ഇരട്ടിയാക്കാനുള്ള ഈ നീക്കം നാടിനെ എങ്ങോട്ടാണ് നയിക്കുന്നതെന്ന് അങ്ങ് പരിശോധിക്കണം. ഖജനാവിലേക്ക് ലഭിക്കേണ്ട പെട്രോൾ സെസ്സിന്റെ ഭാഗവും, രജിസ്ട്രേഷൻ നിരക്കുകളും കിഫ്ബിയിലേക്ക് പോകുന്നതിനാലും ആ തുക കുറഞ്ഞ പലിശയ്ക്ക് ന്യൂ ജനറേഷൻ ബാങ്കിൽ കിടക്കുന്നതിനാലും സംസ്ഥാനത്തിനുണ്ടാകുന്ന ട്രഷറി ധനപ്രതിസന്ധി വളരെ വലുതാണ്. നിയമവിരുദ്ധമെന്ന് സി.&എ.ജി. പറയുന്ന കിഫ്ബിക്ക് ഈട് നൽകുന്നതിനുവേണ്ടി സർക്കാർ ഗ്യാരന്റിയുടെ പരിധി ഇരട്ടിയായി ഉയർത്താനുള്ള നിയമത്തിന് വിരുദ്ധമായ ഈ നീക്കം

ഉപേക്ഷിക്കണം. നമ്മെ സംബന്ധിച്ചിടത്തോളം കോവിഡും പ്രളയവുമടക്കമുള്ള പ്രതിസന്ധികളും സാമ്പത്തിക ബാദ്ധ്യതയും പ്രയാസം സൃഷ്ടിക്കുന്ന ഈ സന്ദർഭത്തിൽ നികുതി വർദ്ധനവ് അടിച്ചേൽപ്പിക്കുന്നത് ഉചിതമല്ല. രാജ്യത്ത് ഏറ്റവും കൂടുതൽ നികുതി നൽകാൻ വിധിക്കപ്പെട്ടവരും കടബാദ്ധ്യത പേറുന്നവരും മലയാളികളാണ്. 2021-22-ൽ ആളോഹരി നികുതി 19,312 രൂപയും ദേശീയ ശരാശരി 11,016 രൂപയും ആളോഹരി കടം 86,662 രൂപയും ദേശീയ ശരാശരി 38,893 രൂപയുമായിരുന്നു. അതിന്റെ വ്യത്യാസം അങ്ങേയ്ക്ക് അറിയാവുന്നതാണ്. ഈ പ്രതിസന്ധി മറികടക്കാനാണ് സാധാരണക്കാരനെ പിഴിയാനായി ഭൂനികുതിയും വാഹന നികുതിയും വർദ്ധിപ്പിക്കുന്ന നിലപാട് ഈ ഗവൺമെന്റ് സ്വീകരിച്ചത്. എല്ലാ സ്ലാബുകളിലുമുള്ളവരുടെ നികുതി ഇരട്ടിയായി വർദ്ധിപ്പിക്കുന്നത് സാധാരണക്കാർക്ക് തിരിച്ചടിയാകും. പൊതുവെ പ്രതിസന്ധിയിലായിരിക്കുന്ന റിയൽ എസ്റ്റേറ്റ്, നിർമ്മാണ മേഖലകൾക്ക് ഇത് കനത്ത പ്രഹരമാകുമെന്നതിൽ സംശയമില്ല. കൊച്ചി മെട്രോയുടെ കാര്യം ശ്രീമതി ഉമ തോമസ് ഇവിടെ പറയുകയുണ്ടായി. കൊച്ചി മെട്രോയുടെ ഇരുവശത്തും ഒരു കിലോമീറ്ററിനുള്ളിൽ

താമസിക്കുന്നവർക്കുള്ള ആഡംബര നികുതി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇപ്പോഴുള്ളതിനെക്കാൾ 2500 രൂപ അത് വർദ്ധിക്കും. ഇത് ഭാവിയിൽ തീരദേശ-ഹൈവേ- മലയോര റോഡുകൾ, നാഷണൽ ഹൈവേ എന്നിവ നിർമ്മിക്കുമ്പോൾ ഇത്തരത്തിൽ നികുതി ഈടാക്കാൻ സംസ്ഥാന സർക്കാരുകൾക്ക് സാഹചര്യമൊരുക്കുകയാണോയെന്ന് ഞാൻ സംശയിക്കുകയാണ്. 660 ചതുരശ്ര മീറ്ററിലുണ്ടായിരുന്ന വീട് എന്നതിനുപകരം 538 ചതുരശ്ര മീറ്റർ എന്നാക്കി നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. എല്ലാവർഷവും വസ്തു നികുതി വർദ്ധിപ്പിക്കാനുള്ള തീരുമാനം ദുരിതമനുഭവിക്കുന്ന ജനങ്ങളെ ഒന്നുകൂടി ദുരിതത്തിലാഴ്ത്തുന്ന അവസ്ഥയുണ്ടാക്കും. 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങളുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളിലെ പൊതുഗതാഗതം തടസ്സപ്പെട്ടിരിക്കുകയും പ്രയാസമനുഭവിക്കുകയും ചെയ്യുന്നിടത്ത് സാധാരണക്കാരടക്കം ഉപയോഗിക്കുന്ന ഇരുചക്ര വാഹനങ്ങൾക്ക് വലിയ നികുതി ഏർപ്പെടുത്തുന്നത് പ്രയാസം സൃഷ്ടിക്കും. സർചാർജ്ജ്, വാട്ടർ ചാർജ്ജ്, ബസ് ചാർജ്ജ്, വൈദ്യുതി ചാർജ്ജ് എന്നിവയും മിൽമ പാൽ അടക്കം നിത്യോപയോഗസാധനങ്ങളുടെ വിലയും കൂടുകയാണ്. കേന്ദ്ര

സർക്കാരിന്റെ നിലപാടുകളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചത് ഞാൻ മറക്കുന്നില്ല. കേന്ദ്രം ജി.എസ്.ടി. വിഹിതം തരുന്നില്ല, ഫണ്ട് കുറയ്ക്കുന്നുവെന്നൊക്കെ പറയുമ്പോഴും നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കുന്നതുമൂലമുണ്ടാകുന്ന പ്രയാസവും പരിശോധിക്കേണ്ടതാണ്. ആഭ്യന്തര വരുമാനത്തിന്റെ വലിയൊരു ഭാഗം പലിശ കൊടുക്കാൻ നീക്കിവയ്ക്കുന്നതിനാൽ സാധാരണക്കാരന് കിട്ടേണ്ട ആനുകൂല്യങ്ങൾ പലതും കിട്ടുന്നില്ല. വിധവ പെൻഷൻ കൊടുക്കാതിരിക്കാൻ പുതിയ നിബന്ധനകളാണ് വച്ചിട്ടുള്ളത്. കഴിഞ്ഞ വർഷം ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിന്റെ ചർച്ചയിൽ നിയമപരമായി വിവാഹമോചിതയാകുന്ന സ്ത്രീകളെ വിധവ പെൻഷൻ പരിധിയിൽ കൊണ്ടുവരണമെന്ന് ബഹുമാന്യനായ മന്ത്രിയോട് ഞാൻ സൂചിപ്പിച്ചപ്പോൾ നിയമസഭ കഴിയുന്നതിനുമുമ്പുതന്നെ അതിനുള്ള ഉത്തരവിറക്കുമെന്ന് ഉറപ്പ് നൽകിയിരുന്നു. എന്നാൽ ഇതുവരെ ആ ഉത്തരവിറക്കുകയോ അവരെ ഇതിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. അമ്പത് വയസ്സ് കഴിഞ്ഞവർക്ക് അപേക്ഷിക്കാൻ അനുമതി നൽകിയിട്ടുണ്ടെങ്കിലും ചില ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്. പഞ്ചായത്തുകളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചു. ആശ്വാസ കിരണം പദ്ധതിപ്രകാരം

രോഗികളുടെ കൂട്ടിരിപ്പുകാർക്ക് കൊടുത്തിരുന്ന ധനസഹായം ഒരുവർഷമായി കൊടുക്കുന്നില്ല. സർക്കാർ ജീവനക്കാരുടെ ഡി.എ., സറണ്ടർ, എച്ച്.ബി.എ. തുടങ്ങിയ പല ആനുകൂല്യങ്ങളും ഇല്ലാതായിരിക്കുകയാണ്. കോവിഡുമൂലം മരണപ്പെടുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് 5000/- രൂപ നൽകുമെന്ന് പറഞ്ഞിട്ട് അതുപോലും നൽകുന്നില്ല. ഇത്തരത്തിലുള്ള നിലപാടുകളുമായി ധനകാര്യ മാനേജ്മെന്റ് പോകുമ്പോൾ അതിനുവേണ്ടിയുള്ള ഒരു ഭേദഗതിയായി കണ്ടുകൊണ്ട് ഇത് അംഗീകരിക്കണം. കടബാദ്ധ്യതയുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുകൊണ്ട് ഞാനിവിടെ സൂചിപ്പിക്കുന്നില്ല. പ്രതിസന്ധികളിൽനിന്നും കരകയറുന്നതിനും സാധാരണക്കാരെ സഹായിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തി കേരളത്തെ കടക്കെണിയിൽനിന്ന് രക്ഷിച്ച് മുന്നോട്ടുപോകാനാവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം. ആസ്തി വികസന ഫണ്ട്, മെഡിസെപ് തുടങ്ങിയവയെക്കുറിച്ചൊക്കെ എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ച കാര്യങ്ങൾ തന്നെയാണ് എനിക്കും ആവർത്തിക്കാനുള്ളതെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ഡോ. സുജിത് വിജയൻപിള്ള:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിലേയ്ക്കായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഞാൻ ഈ ബില്ലിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. കേന്ദ്രസർക്കാർ സംസ്ഥാനങ്ങളെ, പ്രത്യേകിച്ച് കേരളത്തെ സാമ്പത്തികമായി ഞെരുക്കാനുള്ള വിവിധ പദ്ധതികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. 2008-ലെ ആഗോള സാമ്പത്തിക മാന്ദ്യം 1939-ലെ The Great Depressio-ന്റെ സമാന സ്വഭാവമുള്ളതുതന്നെയായിരുന്നു. അതിൽനിന്നും രാജ്യം പടിപടിയായി കരകയറിക്കൊണ്ടിരിക്കുന്നതിന്റെ ഭാഗമായി 2016-ൽ ജി.ഡി.പി. 8% വരെയെത്തുന്ന സ്ഥിതിയെത്തിയപ്പോഴാണ് കേന്ദ്രസർക്കാരിന്റെ തീർത്തും തെറ്റായ നടപടിയായ നോട്ടുനിരോധനമുണ്ടായത്. അതിന്റെ അടുത്തവർഷം ജി.എസ്.ടി. നടപ്പാക്കി. 2018-ൽ രണ്ടാം മോദി സർക്കാർ അധികാരത്തിൽ വന്നപ്പോൾത്തന്നെ ജി.ഡി.പി. 3.3 ശതമാനത്തിലേയ്ക്ക് കൂപ്പുകുത്തുന്നതായാണ് കണ്ടത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ നിരവധി പാക്കേജുകൾ പ്രഖ്യാപിച്ചു. ഏതാണ്ട് 20 ലക്ഷം കോടി രൂപയുടെ പാക്കേജുകളാണ് അന്ന്

അവതരിപ്പിച്ചത്. ആ സമയം ക്രൂഡോയിൽ വില സർവ്വകാല റെക്കോർഡ് വേഗത്തിൽ താഴുകയുണ്ടായി. പക്ഷേ പെട്രോളിന്റെയും ഡീസലിന്റെയും വില കുറയ്ക്കാൻ കേന്ദ്ര സർക്കാർ തയ്യാറായില്ല. ഇതിന്റെയെല്ലാം ഫലമായി രാജ്യത്തെ ജനങ്ങൾ കൂടുതൽ പാപ്പരാകുകയും സമ്പന്നർ അതിസമ്പന്നരാകുന്ന കാഴ്ചയുമാണ് കണ്ടത്. അതായത് 2012-ൽ നമ്മുടെ ജനസംഖ്യയിലെ സമ്പന്നരായ പത്ത് ശതമാനം പേർ ഇന്ത്യയുടെ ആകെ സമ്പത്തിന്റെ 62.8% കൈവശപ്പെടുത്തിയിരുന്നെങ്കിൽ 2020-21 ആയപ്പോൾ 74.3 ശതമാനമാണ് അവർ കൈക്കലാക്കിയത്. അതിൽത്തന്നെ ഒരു ശതമാനം വരുന്ന ശതകോടീശ്വരന്മാർ 2012-ൽ 30.7% കൈവശപ്പെടുത്തിയിരുന്നെങ്കിൽ 2020-2021 ആയപ്പോൾ അവർക്കത് 42.5 ശതമാനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. അതേസമയം 50% വരുന്ന സാധാരണക്കാരുടെ കൈവശമുണ്ടായിരുന്ന 6% സമ്പത്ത് 2021 ആയപ്പോൾ 2 ശതമാനമായി കുറയുകയാണുണ്ടായത്. ഈയവസരത്തിലാണ് സമ്പന്നരുടെ സ്വത്തിന് നികുതിയുൾപ്പെടെ കുറയ്ക്കുന്നൊരു സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചത്. ഈ ആറ് വർഷക്കാലയളവിൽ പെട്രോളിൽ നിന്നുമാത്രം, സാധാരണക്കാരുടെ പോക്കറ്റിൽനിന്ന് 25 ലക്ഷം കോടി രൂപ കേന്ദ്രസർക്കാർ അധികമായി പിരിച്ചെടുത്തു. ഇതിന്റെയൊക്കെ

ആകെത്തുക എന്നുപറയുന്നത് വിലക്കയറ്റമായിരുന്നു. വിലക്കയറ്റം അതിരൂക്ഷമായി തുടരുകയാണ്. കൃഷിക്കാരന് ഇതുകൊണ്ട് ഗുണമൊന്നും ലഭിക്കുന്നില്ല. ധാന്യങ്ങളുടെയും പച്ചക്കറികളുടെയും വില വളരെയധികം കൂടുന്നു; 17 മാസത്തെ ഉയർന്ന വിലയാണെന്നാണ് പറയുന്നത്. പക്ഷേ കേന്ദ്രസർക്കാർ സംഭരണം വെട്ടിക്കുറയ്ക്കുകയും സ്വകാര്യ കച്ചവടക്കാർ ഇത് മുതലാക്കി കുറഞ്ഞവിലയ്ക്ക് സംഭരിച്ച് എക്സ്പോർട്ട് ചെയ്യുകയുമാണ്. പ്രത്യേകിച്ച് യുക്രൈൻ-റഷ്യ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ലോകത്തെമ്പാടും ഭക്ഷ്യധാന്യങ്ങളുടെ ക്ഷാമം വന്നപ്പോൾ അത് മുതലാക്കി അവർ വീണ്ടും സമ്പന്നരാകുന്ന നിലയിലേയ്ക്കാണ് പോകുന്നത്. രൂപയുടെ മൂല്യം നമുക്കറിയാം. ഡോളറിന്റെ വില ഏതാണ്ട് 80 രൂപയ്ക്കടുത്ത് എത്തിയിരിക്കുകയാണ്. കേന്ദ്രവിഹിതം കുറച്ചുകൊണ്ട് കേരളത്തെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കാൻ ശ്രമിക്കുന്ന പ്രതികൂല സാഹചര്യത്തിൽ ഇതിനെയെല്ലാം മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ മറികടന്ന് ക്ഷേമപ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യവികസനത്തിനുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നതാണ് കാണുന്നത്. ആറ് വർഷംകൊണ്ട് കിഫ്ബി എന്ന എസ്.പി.വി.-യിലൂടെ അടിസ്ഥാന സൗകര്യവികസനത്തിന്റെ കാര്യത്തിൽ വളരെയധികം മുന്നേറാൻ

സാധിച്ചുവെന്നത് എല്ലാവർക്കും സമ്മതിക്കേണ്ടിവരും. അങ്ങനെയൊരു കേരള ബദലാണ് നമ്മൾ ഈ ലോകത്തിന് മുന്നിൽ കാണിച്ചുകൊടുത്തത്. ദേശീയ മാധ്യമങ്ങൾപോലും ഇന്നത്തെ കേരള മോഡൽ നാളെ ഇന്ത്യൻ മോഡലാകുമെന്ന രീതിയിൽ ചിത്രീകരിക്കുകയുണ്ടായി. ഇപ്പോൾ കിഫ്ബി മോഡൽ കേന്ദ്രസർക്കാരും അനുകരിക്കുന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരം വികസിത മധ്യവരുമാന രാജ്യങ്ങൾക്ക് സമാനമായി ഉയർത്തുകയെന്ന ലക്ഷ്യത്തിനായി ഉല്പാദന മേഖലയെയും വിജ്ഞാനത്തെയും സംയോജിപ്പിക്കുന്നതിനാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഈ ബഡ്ജറ്റിൽ പ്രാമുഖ്യം നൽകിയിരിക്കുന്നത്. അതിന്റെ ഭാഗമായി ഐ.ടി. സെക്ടറിൽ രണ്ടുലക്ഷം തൊഴിലെന്ന ലക്ഷ്യത്തിനുവേണ്ടി രണ്ട് കോടി ചതുരശ്രയടി പശ്ചാത്തലവികസനം ലക്ഷ്യമിടുന്നു. അതുപോലെ ഇന്ത്യയിലെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പുകൾ തുടങ്ങാൻ കഴിയുന്ന രീതിയിലുള്ള സൗഹൃദാന്തരീക്ഷമുള്ളത് കേരളത്തിലാണ്. ഇതിനായി ഇന്റർനാഷണൽ ലോഞ്ചിംഗ് പ്രോഗ്രാം ആരംഭിച്ചു. അതുപോലെ ഗ്ലോബൽ ആക്സിലറേറ്റർ നെറ്റ്‌വർക്കുമായി കരാറിലേർപ്പെട്ടും സ്റ്റാർട്ടപ്പുകൾക്കായി ഏറെ പ്രോത്സാഹനം ഗവൺമെന്റ് നൽകുന്നുണ്ട്. ഇപ്പോൾത്തന്നെ ഈ

മേഖലയിൽ ഒരു ലക്ഷം തൊഴിലെന്നത് സാധ്യമായിക്കൊണ്ടിരിക്കുന്നു. അതുപോലെ കേരള ബാങ്ക്, കെ.എഫ്.സി., കെ.എസ്.ഐ.ഡി.സി., കെ.എസ്.എഫ്.ഇ. എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് ഫണ്ടിംഗ് സുഗമമാക്കുന്ന രീതിയിൽ ഏയ്ഞ്ചൽ ഫണ്ടിംഗ് സംവിധാനവും കൊണ്ടുവരുന്നുണ്ട്. കെ-ഫോണിന്റെ വരവ് തീർച്ചയായും ഈ മേഖലയ്ക്ക് കൂടുതൽ ഉണർവ്വേകും. അതിവേഗ ഇന്റർനെറ്റ് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 52000 കിലോമീറ്റർ ഒപ്റ്റിക് ഫൈബർ നെറ്റ്‌വർക്ക് പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഏതൊരു നാടിന്റെയും അടിസ്ഥാനപരമായ വികസനത്തിനാവശ്യമുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള പാതകളും തടസ്സമില്ലാത്ത വൈദ്യുതി വിതരണവുമൊക്കെ സർക്കാരിന്റെ പ്രഥമ പരിഗണനയിലാണ്. ദേശീയപാത/ദേശീയ ജലപാത, മലയോര/തീരദേശ ഹൈവേ, കൊച്ചി മെട്രോ/വാട്ടർ മെട്രോ, സിൽവർലൈൻ മുതലായ പദ്ധതികൾ സംസ്ഥാനത്തിന്റെ എല്ലാ കോണുകളിലും വികസനങ്ങളെത്തിക്കാൻ ഉതകുന്നതാണ്. ഏതൊരു രാജ്യത്തിനും uninterrupted power supply വളരെ ആവശ്യമാണ്. കേരളത്തിൽ വൈദ്യുതീകരണം ഏതാണ്ട് നൂറ് ശതമാനം പൂർത്തീകരിക്കാൻ കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചു. അതിന്റെ

തുടർച്ചയായി ഊർജ്ജ സ്വയംപര്യാപ്തതയിലേയ്ക്ക് നാം നീങ്ങുകയാണ്. ഈയവസരത്തിൽ ഇടമൺ-കൊച്ചി പവർ ഹൈവേ പദ്ധതി വലിയ രീതിയിലുള്ള മുതൽക്കൂട്ടായി. 2025-ഓടുകൂടി കേരളത്തിന്റെ വൈദ്യുതി ആവശ്യത്തിന്റെ 40% സോളാർ എനർജിയിലേയ്ക്കും മറ്റ് റിന്യൂവബിൾ എനർജിയിലേയ്ക്കും മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തിനാണ് ബഡ്ജറ്റിൽ പ്രാമുഖ്യം നൽകിയിരിക്കുന്നത്. വിദേശരാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലുമുള്ള കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ സർവ്വകലാശാലകളെ ഭൗതികമായും ബൗദ്ധികമായും മെച്ചപ്പെടുത്താൻവേണ്ടിയുള്ള സാഹചര്യമൊരുക്കാനും വിജ്ഞാന സമ്പദ്ഘടനയെന്ന പ്രഖ്യാപിത ലക്ഷ്യത്തിലേയ്ക്കെത്താനും വിഭാവനം ചെയ്യുന്ന ബഡ്ജറ്റ് തന്നെയാണിത്. എല്ലാ വികസനങ്ങൾക്കുമാധാരം മാനവശേഷി തന്നെയാണ്. കേരള ജനത മതനിരപേക്ഷമായാണ് എപ്പോഴും നിലനിന്നിട്ടുള്ളത്. അവർക്ക് സമാധാനമാണ് വേണ്ടത്. പല ഘട്ടങ്ങളിലും വിഭജന ചിന്തയുള്ളവർ മതം അടിസ്ഥാനമാക്കി ലഹളകളുണ്ടാക്കാൻ ശ്രമിക്കുകയാണ്. മതസ്പർദ്ധയുണ്ടാക്കി രാഷ്ട്രീയ നേട്ടമുണ്ടാക്കുന്നതിനായി പല വിദ്രോഹ ശക്തികളും മുന്നോട്ടുവരുന്നതായാണ് കാണുന്നത്. ഇത്തരം വിധ്വംസക പ്രവർത്തനങ്ങളെ ചെറുത്തുനിന്നുകൊണ്ട്

സുസ്ഥിര വികസനമെന്ന ലക്ഷ്യത്തിലേയ്ക്കെത്താൻ എല്ലാവരും ഒരുമിച്ചുനിന്ന് പോരാടേണ്ട അവസരമാണിതെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇതിലൊരു പ്രധാനപ്പെട്ട പ്രശ്നമുണ്ട്. സർഫാസി ആക്ട് അനുസരിച്ച് വീടുകളിൽ ഇപ്പോൾ എക്സിക്യൂഷൻ നടക്കുകയാണ്. അത് വളരെ ഗൗരവമായി കാണേണ്ടതാണ്. പട്ടിണിപ്പാവങ്ങളുടെ വീടുകളിൽനിന്ന് കസേരയും മേശയുമൊക്കെ എടുത്തുകൊണ്ടുപോകുകയാണ്. റിലയൻസിന്റെ ഒരു കമ്പനിക്ക് അവർ ക്വട്ടേഷൻ കൊടുത്തിരിക്കുകയാണ്. ഈ ക്വട്ടേഷൻ സംഘം വീടുകളിലെത്തി അവിടത്തെ സാധനങ്ങളെല്ലാം എടുത്തുകൊണ്ടുപോകാൻ ശ്രമിക്കുകയാണ്. ഞാനിപ്പോൾ സംസാരിക്കാൻ കാരണം, എന്റെ നിയോജകമണ്ഡലത്തിൽ ക്യാൻസർ ബാധിതയായ പാവപ്പെട്ട ഒരു സ്ത്രീയുടെ വീട്ടിൽനിന്ന് സാധനങ്ങളെല്ലാം എടുത്തുകൊണ്ടുപോകുന്ന

സ്ഥിതിയുണ്ടായപ്പോൾ എന്നെ വിളിച്ചറിയിച്ചതിനെത്തുടർന്ന് ഞങ്ങൾ അവിടെ ചെന്നു. ആ പ്രദേശത്തെ പ്രധാനപ്പെട്ട ആളുകളെല്ലാവരും അവിടെയുണ്ടായിരുന്നു. ഇതുപോലുള്ള എക്സിക്യൂഷൻ അനുവദിക്കാൻ കഴിയുമോ; സമത്വം, സ്വാതന്ത്ര്യം, മനോഹരം, സുന്ദരം എന്നൊക്കെ പറയുമ്പോഴും പാവപ്പെട്ടവരുടെ വിഷമവും വേദനയും കണ്ടില്ലെന്ന് നടിക്കാൻ കഴിയുമോ? ആ നിയമത്തിൽനിന്ന് ഈ പാവങ്ങളെ കരകയറ്റുന്നതിനുവേണ്ടി ഞാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ വിളിച്ചപ്പോൾ അദ്ദേഹം എറണാകുളത്തായിരുന്നു. അവസാനം ഇവർക്ക് നീതി കിട്ടുന്നതിനുള്ള പരിശ്രമമുണ്ടായി. സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിലിടപെട്ട് എന്തെങ്കിലുമൊരു പരിഹാരമുണ്ടാക്കാൻ കഴിയണ്ടേ? നാഷണലൈസ്ഡ് ബാങ്കുകൾ സർഫാസി ആക്ടനുസരിച്ച് വരുന്ന ബാങ്കുകളാണ്. അവിടെ നിന്നാണ് ഇത്തരം നടപടികളുണ്ടാകുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പ്രത്യേക സമീപനമുണ്ടാകണം. സഹകരണ സ്ഥാപനങ്ങളിൽനിന്നെടുക്കുന്ന വായ്പകളുടെ തിരിച്ചടവ് കൃത്യമായി നടക്കാതെ വരുമ്പോൾ പലിശ വർദ്ധിക്കുന്നത് സ്വാഭാവികമാണ്. നാലോ അഞ്ചോ കൊല്ലം കഴിയുമ്പോൾ എടുത്ത തുകയുടെ ഇരട്ടി പലിശയിനത്തിൽ മുതലിനോടൊപ്പം ചേരുകയാണ്.

ഇത് രണ്ടുംകൂടിയാകുമ്പോഴാണ് ജപ്തി നോട്ടീസ് വരുന്നത്. ജപ്തി നോട്ടീസുമായി പോകുന്നവർ പറയുന്നത് ലോൺ പുതുക്കിയെടുക്കാനാണ്. അങ്ങനെ ചെയ്യുമ്പോൾ കടത്തിനുമേൽ കടമാകുകയും കടക്കെണിയിലമരുകയുമാണ്. മൂന്ന് സെന്റ് സ്ഥലമുള്ളിടത്ത് വീട് വച്ചുകൊടുക്കുന്നതല്ലേ ഗവൺമെന്റിന്റെ ഹൗസിംഗ് സ്കീം; ഇങ്ങനെ പാവപ്പെട്ടവരെ ഇറക്കിവിട്ടാൽ എന്ത് ചെയ്യാൻ കഴിയും? ഒരുഭാഗത്ത് വീട്ടിൽനിന്ന് ഇറക്കിവിടുകയും മറുഭാഗത്ത് ലോൺ കൊടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, സർഫാസി ആക്ടുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ അദ്ദേഹമിവിടെ സൂചിപ്പിച്ചു. പലപ്പോഴും ഒറ്റവാക്കിലുള്ള മറുപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകാറുള്ളത്. സർഫാസി ആക്ട് കേന്ദ്ര നിയമമായതിനാൽ നമുക്ക് ഇടപെടാൻ കഴിയില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത്രയും റിക്കവറി ഇതര സംസ്ഥാനങ്ങളിൽ നടക്കുന്നില്ലെന്ന കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. കർണാടകത്തിലെയും തമിഴ്നാട്ടിലെയുമൊക്കെ ഗ്രാമീണർ ഇതിൽനിന്ന് പ്രൊട്ടക്റ്റഡാണ്.

അതിനായി അവിടത്തെ ഭൂമി അഗ്രിക്കൾച്ചറൽ ലാന്റായി ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിരിക്കുകയാണ്. ഇവിടെയും അതുപോലെ ഒരു മാനദണ്ഡം വച്ച് അഗ്രിക്കൾച്ചറൽ ലാന്റായി സ്ഥലം തത്വത്തിൽ നോട്ടിഫൈ ചെയ്താൽ സർഫാസി ആക്ട് ഇനിഷ്യേറ്റ് ചെയ്യാൻ കഴിയില്ല. അഗ്രിക്കൾക്കച്ചറൽ ലാന്റിനെ പ്രൊട്ടക്ട് ചെയ്യുന്നതാണ് ആ നിയമത്തിന്റെ പ്രത്യേകത. ഈ ആക്ടിന്റെ പേരിൽ വേട്ടയാടപ്പെടുന്നത് കർഷകരും സാധാരണക്കാരും പാവപ്പെട്ടവരുമാണ്. സർഫാസി ആക്ടുമായി ബന്ധപ്പെട്ട് ഒരു എസ്.സി./എസ്.ടി. കുടുംബത്തിനുണ്ടായ പ്രശ്നത്തിൽ എനിക്ക് ഇടപെടേണ്ടിവന്നിട്ടുണ്ട്. ഈ സർക്കാർ അവരുടെ ഭൂമി അഗ്രിക്കൾക്കച്ചറൽ ലാന്റ് സ്റ്റാറ്റസിലേയ്ക്ക് മാറ്റാത്തതിന്റെ പേരിലാണ് അവർക്ക് പ്രൊട്ടക്ഷൻ കൊടുക്കാൻ കഴിയാതെ വരുന്നത്. ഇന്നും കേരളത്തിലെ സാധാരണക്കാരനുമേൽ ബേസ് റേറ്റിലുള്ള ഇന്ററസ്റ്റ് ലെവി ചെയ്യുകയാണ്. അതായത്, നേരത്തെ കാർഷിക വായ്പയ്ക്ക് ബേസ് റേറ്റായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ റിസർവ് ബാങ്ക് അതിനുശേഷം MCLR

(Marginal Cost of Funds Based Lending Rate) കൊണ്ടുവന്നു. അതാണ് റിന്യൂ ചെയ്യുന്ന ലോണുകൾക്ക് അപ്ലൈ ചെയ്യുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇനിയൊരു ബിൽ കൂടിയുണ്ട്. ശ്രീ. റോജി എം. ജോണിനുപകരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രസംഗിക്കുമ്പോൾ അദ്ദേഹം വഴങ്ങിയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം നടത്തുന്ന പ്രസംഗമാണിത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് എല്ലാവർക്കും വഴങ്ങിക്കൊടുക്കരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ സ്വഭാവമതായിപ്പോയി. ഇവിടെ പറഞ്ഞ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. നിരവധിപേർ ഈ വേദന അനുഭവിക്കുന്നുണ്ട്. ഇത് സഭയിലെ ഡിവിഷന്റെ പ്രശ്നമല്ല, കേരളത്തിലെ മൂന്നരക്കോടി ജനങ്ങളുടെ പ്രശ്നമാണ്. ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയുന്നില്ലെങ്കിൽപ്പിന്നെ എന്തിനാണ് ഈ ഗവൺമെന്റെന്ന് ഞങ്ങളെക്കൊണ്ട് ചോദിപ്പിക്കരുത്. അങ്ങേയ്ക്കടക്കം മുൻനിരയിലിരിക്കുന്ന എല്ലാവർക്കും ഇതൊക്കെ അറിയാവുന്നതല്ലേ; ഈ

പ്രശ്നത്തിന് പരിഹാരം വേണ്ടേ? ഞങ്ങളുടെ മുന്നിലെത്താത്ത കാര്യമാണ്, പാവപ്പെട്ടവരുടെ പ്രശ്നമാണ്. ബാങ്കുകളുമായി ചർച്ച ചെയ്ത് എക്സിക്യൂഷൻ സംബന്ധിച്ച് തീരുമാനമുണ്ടാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ബാങ്കേഴ്സ് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതല്ലേ; എക്സിക്യൂഷന്റെ കാര്യത്തിൽ മര്യാദ കാണിക്കണമെന്ന് അവരോട് പറയേണ്ടതല്ലേ? മാത്രമല്ല, കേരള ഗവൺമെന്റ് പണം കൊടുത്ത് നിലനിർത്തുന്ന കുറെ ബാങ്കിംഗ് സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. അവരും ഇതുപോലെയാണ് പോകുന്നതെങ്കിൽപ്പിന്നെ പറഞ്ഞിട്ട് കാര്യമുണ്ടോ? അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായ നിലപാടെടുത്ത് പാവപ്പെട്ടവരെ സഹായിക്കുന്നതിന് മുന്തിയ പരിഗണന കൊടുക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ഇകാര്യത്തെക്കുറിച്ച് ആലോചിച്ച് ജനങ്ങളെ രക്ഷിക്കുന്നതിനുള്ള ഒരു മാർഗ്ഗം കണ്ടെത്താൻ അങ്ങയും നിർദ്ദേശിക്കണമെന്നതാണ് എന്റെ അഭിപ്രായം. അങ്ങയുടെ നിയോജകമണ്ഡലത്തിലും ഇതുപോലുള്ള കേസുകളുണ്ടല്ലോ, അത് പരിഹരിക്കണ്ടേ? ഇത് നമ്മുടെ തലയ്ക്കുമുകളിലെ വാളുപോലെയാകാതിരിക്കാനുള്ള നടപടിയെടുക്കണം. ചർച്ചാ വിഷയത്തിലും നിബന്ധനകളുടെ നാലുകെട്ടിനകത്തും നിൽക്കുന്നില്ല

എന്നൊക്കെയുള്ള ദുർബലമായ വാദങ്ങൾ പറയാതെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പൊതുവെ ചർച്ചകളിൽ പറയാറുള്ളതുപോലെ ബഹുമാനപ്പെട്ട അംഗങ്ങൾ ഇതിനകത്തും കുറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മറുപടി പറയാമെന്നാണ് കരുതുന്നത്. ഈ ബിൽ യുക്തിസഹമല്ലെന്നാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞത്. ഇതിനകത്ത് ചില നികുതികൾക്ക് മുൻകാല പ്രാബല്യം വരുന്നുണ്ട്. അതൊരു ടെക്നിക്കൽ പോയിന്റാണ്. ഇതുസംബന്ധിച്ച് ചർച്ച ചെയ്തതാണ്. അത് വാലിഡേഷൻ ക്ലോസാണ്. സഭയിൽ ഈ ബിൽ അവതരിപ്പിച്ചത് മാർച്ച് മാസം 18-ാം തീയതിയാണ്. മാർച്ച് മാസം 11-ാം തീയതിയാണ് ബഡ്ജറ്റ് അവതരിപ്പിച്ചത്. ആംനെസ്റ്റിയുടെ പിരീഡ് മാർച്ച് മാസം 31-ാം തീയതി വരെയാണ്. അത് ഏപ്രിൽ ഒന്ന് മുതൽ പ്രാബല്യത്തിൽ വരികയെന്ന് പറഞ്ഞാൽ ശരിയാകുകയില്ല. വാലിഡേഷൻ ക്ലോസ് സാധാരണ എല്ലാ നിയമത്തിലുമുള്ളതാണ്. ടെക്നിക്കൽ കാര്യമായതുകൊണ്ടാണ് പറഞ്ഞത്. ബിൽ അവതരിപ്പിച്ചതിനുശേഷമുള്ള

ഒരു വാലിഡേഷൻ ക്ലോസാണ് അതിനകത്ത് വരുന്നത്. നികുതി സംബന്ധിച്ച് വലിയ വർദ്ധനവാണ് വരുന്നതെന്ന് രണ്ടുമൂന്ന് അംഗങ്ങൾ സൂചിപ്പിച്ചിരുന്നു. ഭൂനികുതിയിൽ ഭീമമായൊരു വർദ്ധനയില്ല. ഭൂനികുതി ഇനത്തിൽനിന്നും പ്രതീക്ഷിക്കുന്ന വരുമാനം 80 കോടി രൂപയേയുള്ളൂ. 339 കോടി രൂപ ഈ വർഷം ഡിജിറ്റലൈസേഷനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. നികുതി ഘടനയിൽ ഇടയ്ക്കിടയ്ക്ക് ചില വർദ്ധനവ് വരും. ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഞാൻ അതുസംബന്ധിച്ച് കൃത്യമായി പറഞ്ഞിട്ടുണ്ട്. ഇപ്പോഴുള്ള നികുതി വർദ്ധനവ് ഓട്ടോറിക്ഷ ചാർജ്ജിന്റെ പകുതിയേയുള്ളൂ. പ്രായോഗികമായി നികുതി കൃത്യമാക്കുകയും സിസ്റ്റം കറക്റ്റാക്കുകയും ചെയ്യുന്നതോടൊപ്പം കാലോചിതമായ ചെറിയ വർദ്ധനവ് വരുത്തുകയും വേണം. ഫെയർ വാല്യൂ സംബന്ധിച്ച് പറയുകയാണെങ്കിൽ, എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഭരിക്കുമ്പോഴെല്ലാം കാലാനുസൃതമായി അത് വർദ്ധിപ്പിക്കാറുണ്ട്. ഫെയർ വാല്യൂവിൽ 10% വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. കുറച്ചുകൂടി നല്ല വാല്യൂവേഷൻ വേണമെന്ന അഭിപ്രായമുണ്ട്. മെട്രോ റെയിൽ വരുമ്പോൾ അതിനുചുറ്റുമുള്ള സ്ഥലത്തിനും കൂടുതൽ വാല്യൂ വരേണ്ടതാണ്. സിറ്റിയിൽ വലിയ ഡെവലപ്മെന്റ് ഏരിയയോ റിംഗ് റോഡോ വരുമ്പോൾ ഒരു ലക്ഷം രൂപ

വിലയുണ്ടായിരുന്ന സ്ഥലത്തിന് അഞ്ച് ലക്ഷം രൂപ വരെയാകാറുണ്ട്. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും ഇതിനെക്കാൾ കൂടുതൽ വാല്യൂ ഈടാക്കുന്നുണ്ട്. ലോകത്തെല്ലായിടത്തുമുള്ള ടാക്സേഷൻ രീതിയാണിത്. പക്ഷെ അതിലേയ്ക്കൊന്നും നമുക്ക് പോകാൻ സാധിച്ചിട്ടില്ല. അതിനെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കേണ്ടതുണ്ട്. ഡെവലപ്മെന്റ് വരുന്ന സ്ഥലത്തിന് വില കൂടും, സിസ്റ്റമനുസരിച്ച് കുറച്ചുകൂടി നികുതി വരും. പക്ഷേ അതിവിടെ നടപ്പിലാക്കിയിട്ടില്ല. സാധാരണ ചെയ്യുന്നതുപോലെ ഒരു ചെറിയ വർദ്ധനവേ ഇതിൽ വരുത്തിയിട്ടുള്ളൂ. കഴിഞ്ഞപ്രാവശ്യം അറുന്നൂറോ എഴുന്നൂറോ കോടിരൂപയുടെ വർദ്ധനവ് മാത്രമാണ് വന്നിട്ടുള്ളത്. ബൈക്കുകളുടെ നികുതിയിൽ ഒരു ശതമാനം വർദ്ധനവാണുണ്ടായിട്ടുള്ളത്. ബൈക്കിന് മറ്റ് സംസ്ഥാനങ്ങളേക്കാൾ ഇവിടെ നികുതി കുറവാണ്. ഹരിത നികുതിയിൽ വർദ്ധനവ് കൊണ്ടുവന്നതിനെക്കുറിച്ച് സൂചിപ്പിച്ചു. ഹരിത നികുതി വഴി പത്ത് കോടി രൂപയാണ് ആകെ ലഭിക്കുന്നത്. ഹരിത നികുതിയെന്നത് ഒരു ഡിറ്ററന്റാണ്. പതിനഞ്ച് വർഷം കഴിഞ്ഞ ഒരു വാഹനം കൂടുതൽ കാർബൺ എമിഷനുണ്ടാക്കും. അതുകൊണ്ട് ഒരു ഡിറ്ററന്റ് എന്ന നിലയിലാണ് ഇത്തരം കാര്യങ്ങളിൽ സമീപനമെടുത്തിട്ടുള്ളത്. നികുതിയുമായി ബന്ധപ്പെട്ട് ഇത്രയും കാര്യങ്ങളാണ് പൊതുവിൽ

പറയാനുള്ളത്. രാഷ്ട്രീയ വിഷയങ്ങളിന്മേൽ കഴിഞ്ഞ ദിവസങ്ങളിൽ മന്ത്രിമാർ മറുപടി പറഞ്ഞതുകൊണ്ട് എല്ലാകാര്യങ്ങളും ഞാൻ പറയുന്നില്ല. കോവിഡ് ബ്ലോക്കിന്റെയും എം.എൽ.എ. ഫണ്ടിന്റെയും കാര്യങ്ങളെക്കുറിച്ച് ഇവിടെ ചോദിച്ചു. ആശുപത്രികളിലെ കോവിഡ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ചില സ്ഥലത്ത് ഫീസിബിലിറ്റി പ്രശ്നമുണ്ട്. അതിന്റെ ഡീറ്റെയിൽസ് നൽകുന്നതാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കിഫ്ബിയുടെ മോട്ടോർ വാഹന നികുതിയുമായി ബന്ധപ്പെട്ട് പറയുകയുണ്ടായി. കിഫ്ബി ലോണെടുക്കുന്നതുമായി ബന്ധപ്പെട്ട് അത്രയും വലിയ തുകയൊന്നും വരുന്നില്ലെന്ന് എടുത്തുപറയുകയാണ്. 200 കോടി രൂപയാണ് എല്ലാംകൂടി വരുന്നത്. അതെല്ലാം ബഡ്ജറ്റ് ഡോക്യുമെന്റിൽ പറഞ്ഞിട്ടുള്ളതും സുതാര്യമായി ചർച്ച ചെയ്തിട്ടുള്ളതുമാണ്. ഹരിത നികുതി പത്തുകോടി രൂപയാണെന്നും അതിൽ പറഞ്ഞിട്ടുണ്ട്. ആംനെസ്റ്റി പൊളിഞ്ഞു പോയെന്ന രീതിയിൽ ഇവിടെ പറഞ്ഞു; അത് ശരിയല്ല. ആംനെസ്റ്റിയുടെ കാര്യത്തിൽ കുറച്ചുകൂടി മെച്ചപ്പെട്ട സ്ഥിതിയുണ്ടായിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തെ ആംനെസ്റ്റിയിൽ 13,000 കോടി രൂപയുണ്ടെന്ന് ഇവിടെ പറഞ്ഞു. ചെറുകിട കച്ചവടക്കാരും വൻകിട കച്ചവടക്കാരുമുൾപ്പെടെ 22,000-ത്തോളം പേരുടെ കാര്യങ്ങൾ സെറ്റിൽ ചെയ്തിട്ടുണ്ട്. അതിന്റെ

ഭാഗമായി 650 കോടിയിലധികം രൂപ സെറ്റിൽ ചെയ്തിട്ടുണ്ട്. കഴിഞ്ഞവർഷവും നൂറ്റിചില്വാനം കോടി രൂപയുണ്ടായിരുന്നു. ഇപ്പോഴും ആംനെസ്റ്റി കൊടുക്കുന്നുണ്ട്. ചിലകാര്യങ്ങളിൽ ക്ലെയിം കുറച്ച് കൂടുതൽ വരുന്നതിന്റെ പ്രശ്നമുണ്ട്. ആംനെസ്റ്റിയുടെ കാര്യത്തിൽ ഇപ്പോൾ കുറച്ച് ഗുണമുണ്ടായിട്ടുണ്ട്. പൊതുവിൽ നമ്മളെല്ലാം ആലോചിച്ചതനുസരിച്ചുള്ള ആംനെസ്റ്റി തന്നെയാണ് കൊടുത്തത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ആംനെസ്റ്റിയുടെ കാര്യം അങ്ങ് പറഞ്ഞുകൊണ്ടാണ് പറയുന്നത്. 50 കോടി രൂപ, 100 കോടി രൂപ, 200 കോടി രൂപ, 300 കോടി രൂപ എന്നിങ്ങനെ തെറ്റായി അസസ്സ് ചെയ്ത് ആളുകൾക്ക് നോട്ടീസ് കൊടുത്തിട്ടുണ്ട്. അത് പിൻവലിക്കാൻ തയ്യാറാകാതെ പ്രോപ്പർട്ടി അറ്റാച്ച് ചെയ്തതുമൂലം ആളുകൾ ആത്മഹത്യയുടെ വക്കിലാണ്. സാധാരണ ചെറിയ കടയുള്ള വ്യാപാരിക്ക് 300 കോടി രൂപയുടെ നോട്ടീസാണ് വന്നിട്ടുള്ളത്. തമാശയായിട്ടാണ് എല്ലാവരും കരുതിയത്. അത് വിത്ഡ്രോ ചെയ്യുമെന്ന് കരുതി. ഇത് പലപ്രാവശ്യവും അങ്ങയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടും തീരുമാനമെടുക്കുന്നില്ല. ആ നോട്ടീസ് ഇപ്പോഴും നിലനിൽക്കുകയാണ്. അവർ വൻകിട കച്ചവടക്കാരല്ല. ഇടത്തരം കച്ചവടക്കാർക്കാണ് 300 കോടി

രൂപയുടെ നോട്ടീസ് അയച്ചിരിക്കുന്നത്. തെറ്റായ അസസ്സ്മെന്റാണെന്ന് ഗവൺമെന്റ് സമ്മതിക്കുന്നുണ്ട്. പക്ഷേ നിയമപരമായ തീരുമാനമെടുക്കുന്നില്ല. അങ്ങയുടെ കൊല്ലം ജില്ലയിൽത്തന്നെ പ്രോപ്പർട്ടി അറ്റാച്ച് ചെയ്ത എത്രയോ കേസുകളുണ്ട്. അതിൽ തീരുമാനമെടുക്കാത്തത് എന്താണ്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ആംനെസ്റ്റി സംബന്ധിച്ച് അങ്ങ് പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും തള്ളിക്കളയുന്നില്ല. എനിക്കും അങ്ങേയ്ക്കും അറിയാവുന്ന കാര്യങ്ങളുണ്ട്. അതിനകത്ത് തെറ്റായ അസസ്സ്മെന്റുണ്ട്. 13,693 കോടി രൂപയാണ് 31-3-2022 വരെയുള്ള അസസ്സ്മെന്റ്. നിലവിൽ സ്റ്റേയുള്ളത് 6,538 കോടി രൂപയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടേത് 4,700 കോടി രൂപയാണ്. പല അന്വേഷണങ്ങളുടെയും ഭാഗമായി 120 കോടി രൂപ ഇതിൽ എഴുതിത്തള്ളിയിട്ടുണ്ട്. ഇപ്പോൾ ശേഖരിക്കാൻ സാധിക്കുന്നതിന്റെ ഏകദേശ കണക്ക് 2,315 കോടി രൂപയാണ്. സ്റ്റേയിൽ കിടക്കുന്നത് 6,538 കോടി രൂപയാണ്. 2022-23 കാലഘട്ടത്തിൽ 51.70 കോടി രൂപയാണ് നമുക്ക് ലഭിച്ചത്. ആംനെസ്റ്റിയിൽ 55,000 കുടിശ്ശികക്കാരുണ്ടായിരുന്നത് 23,000-ത്തോളമായി കുറയ്ക്കാൻ സാധിച്ചു. നാളിതുവരെ ആംനെസ്റ്റിയിൽ

6,228 കോടി രൂപയുടെ കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ട്. അത് വളരെ ചെറിയൊരു തുകയാണ് വരുന്നത്. ഫൈനും ഫൈനിന്മേലുള്ള പലിശയും പലിശയിന്മേലുള്ള പലിശയുമാണത്. 682 കോടി രൂപ കഴിഞ്ഞ അഞ്ചുവർഷമായി തീർത്തിട്ടുണ്ട്. എന്നാൽ നിയമപരമായ ചില പ്രശ്നങ്ങൾ വന്നിട്ടുണ്ട്. നിയമത്തിൽത്തന്നെ ചില ഭേദഗതി വേണമെന്നുള്ള സ്ഥിതിയിലാണ് കാര്യങ്ങൾ വന്നിട്ടുള്ളതെന്ന് അങ്ങേയ്ക്കും അറിയാം. അങ്ങനെയാണെങ്കിൽ ചർച്ച ചെയ്ത് ഭാവിയിൽ കൊണ്ടുവരാം. നിലവിലുള്ള നിയമമനുസരിച്ച് ഗവൺമെന്റിന് ഒരുതരത്തിലുമുള്ള ഇന്റർവെൻഷനും സാധിക്കില്ല. എന്നാൽ ജി.എസ്.ടി.-യുടെ കാര്യത്തിൽ അഞ്ച് വർഷമായിട്ടും ഇതുവരെ ഒരു അപ്പീൽ സംഗതിയുമുണ്ടായിട്ടില്ല. കഴിഞ്ഞ ജി.എസ്.ടി കൗൺസിലിൽ തർക്കമുണ്ടായി. ജുഡീഷ്യൽ അംഗങ്ങൾ എത്രപേർ വേണമെന്നുള്ളത് സംബന്ധിച്ച് സുപ്രീംകോടതിയുടെ വിധിയുണ്ട്. അത് അടിയന്തരമായി ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിന്റെ യോഗം വിളിച്ച് തീർപ്പാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ജി.എസ്.ടി കൗൺസിലിനും അപ്പീൽ വന്നിട്ടില്ല. ജി.എസ്.ടി.-യെക്കുറിച്ചല്ല അങ്ങ് പറയുന്നതെന്ന് അറിയാം. ഉദ്യോഗസ്ഥർ പൊതുവെ അങ്ങനെയല്ലെങ്കിലും നിലവിലെ നിയമമനുസരിച്ച് ഒരു ഉദ്യോഗസ്ഥന് തോന്നിയാൽ എക്സോർബിറ്റന്റായി വരാം. ചില ആളുകൾ

പരാതിയുമായി എന്റെയടുത്തും വന്നിട്ടുണ്ട്. നിലവിലുള്ള നിയമത്തിൽ ചില പരിമിതികളുണ്ട്. നമുക്ക് ചർച്ച ചെയ്ത് അക്കാര്യം പരിശോധിക്കാം. നിയമ വകുപ്പുമായി ബന്ധപ്പെട്ട് എന്ത് ചെയ്യാമെന്ന് ആലോചിക്കാം. അല്ലാതെ അതിനകത്ത് ഇടപെടാൻ കഴിയില്ല. ജി.എസ്.ടി.യുമായി ബന്ധപ്പെട്ട് ഒരു കാര്യം പറയണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ജി.എസ്.ടി. കൗൺസിലിന്റെ ഇപ്പോഴത്തെയും മുമ്പത്തെയും യോഗത്തിലും അതുപോലെ ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിന്റെ യോഗത്തിലുമൊക്കെ ശക്തമായ നിലപാടെടുത്തിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ പറഞ്ഞതുപോലെ പ്രതിപക്ഷ സംസ്ഥാനങ്ങളെല്ലാം യോജിച്ച് പറഞ്ഞിട്ടുണ്ട്. വാക്കൗട്ട് രീതിയല്ല കൗൺസിലിനകത്തുള്ളത്. എന്തുചെയ്താലും മൂന്നിലൊന്ന് വോട്ട് കൂടുതൽ കേന്ദ്രത്തിനാണ്. സംസ്ഥാനങ്ങളെല്ലാംകൂടി വിചാരിച്ചാലും പ്രായോഗികമല്ലാത്ത സ്ഥിതിയുള്ളതിനാൽ ശക്തമായി വാദിക്കുകയാണ് ചെയ്യുന്നത്. ആദ്യത്തെ ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് യോഗത്തിൽത്തന്നെ ഇത്തരം കാര്യങ്ങളിൽ എതിരഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ ജി.എസ്.ടി. ഡിപ്പാർട്ടുമെന്റ് തന്നെ ഒരു പഠനം നടത്തി 28% ടാക്സുണ്ടായിരുന്ന ലക്ഷ്വറി സാധനങ്ങൾക്ക് പതിനെട്ടും പന്ത്രണ്ടും ശതമാനമാക്കിയതിന്റെ ഭാഗമായുണ്ടായ നഷ്ടത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

അത് കൃത്യമായി പഠിക്കാതെ തീരുമാനമെടുക്കരുതെന്നുള്ളതുതന്നെയാണ് നമ്മുടെ അഭിപ്രായം. ഇന്ന് പത്രങ്ങളിൽ വന്നതുപോലെ കുടുംബശ്രീയുടെയും മറ്റും സ്ഥാപനങ്ങളിലും ചെറിയ കടകളിലുമൊക്കെ ഒന്നോ രണ്ടോ കിലോ വീതം വിൽക്കുന്ന പലചരക്ക് സാധനങ്ങളുടെ വില വർദ്ധിക്കാൻ പാടില്ല എന്നതുതന്നെയാണ് സർക്കാരിന്റെ നിലപാട്. കേന്ദ്ര സർക്കാരിന്റെ ജി.എസ്.ടി. കൗൺസിലുമായി ബന്ധപ്പെട്ട സെക്രട്ടേറിയറ്റും ഫിറ്റ്മെന്റ് കമ്മിറ്റിയും പറഞ്ഞത്, വൻകിട കമ്പനികൾക്ക് നിലവിലെ നിയമമനുസരിച്ച് അവരുടെ ബ്രാൻഡിന് 5% ടാക്സുണ്ട്; പക്ഷെ കവറിൽ 'we are not claiming the brand' എന്നെഴുതിക്കഴിഞ്ഞാൽ അതിന് ടാക്സ് ഇല്ല, ഇത്തരം കമ്പനികളെ പിടിക്കാനുള്ള നിയമമെന്ന നിലയിലാണ് ഇത് കൊണ്ടുവരുന്നത് എന്നാണ്. ലൂസായി വിൽക്കുന്ന സാധനങ്ങൾക്ക് അക്കാര്യം ബാധകമല്ല. എന്നാൽ കേരളത്തിൽ കുടുംബശ്രീവഴിയും ചെറിയ കടകളിലൂടെയും ഒന്നും രണ്ടും കിലോ വീതം പായ്ക്ക് ചെയ്തോ ലൂസായോ വിൽക്കുന്ന സാധനങ്ങൾക്ക് ടാക്സ് ഈടാക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന കാര്യം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇനി കേന്ദ്ര സർക്കാരുമായി എന്ത് പ്രശ്നമുണ്ടായാലും ഇക്കാര്യത്തിൽ നമ്മളത് അംഗീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. മൂന്ന് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് മീറ്റിംഗുകളിലും കേരളം,

രാജസ്ഥാൻ, പശ്ചിമ ബംഗാൾ എന്നിങ്ങനെ ചില സംസ്ഥാനങ്ങൾ അതിശക്തമായ അഭിപ്രായം പറഞ്ഞതുകൊണ്ടാണ് കാർഷിക വസ്തുക്കളുൾപ്പെടെ പല സാധനങ്ങൾക്കും നികുതി വർദ്ധിപ്പിക്കാത്തത്. കമ്മിറ്റിക്കകത്ത് പറയുന്ന എല്ലാ കാര്യങ്ങളും അതുപോലെ ഇവിടെ പറയേണ്ട ആവശ്യമില്ല, നമ്മുടെ സ്റ്റാന്റ് എന്താണെന്നുള്ളത് സംബന്ധിച്ച് കത്ത് കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നമ്മൾ നേരത്തെ പറഞ്ഞ കാര്യങ്ങൾ ക്വാട്ട് ചെയ്ത് ഇന്നലെ വീണ്ടും കത്തയച്ചിട്ടുണ്ട്. നമ്മൾ ചെറുകിട കച്ചവടക്കാരെയും ഉല്പാദകരെയും ബാധിക്കുന്ന തരത്തിൽ അത് ഈടാക്കാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിൽ അതിൽ എന്ത് കൺഫ്യൂഷനുണ്ടെങ്കിലും പ്രശ്നമുണ്ടാകില്ല എന്നുള്ളതിൽ തർക്കമില്ല. അതാണ് അതിൽ സ്വീകരിക്കാൻ കഴിയുന്ന കാര്യം. ഇവിടെ കിഫ്ബിയുമായി ബന്ധപ്പെട്ട കാര്യം ആവർത്തിക്കുകയുണ്ടായി. ശ്രീ. എൻ. എ. നെല്ലിക്കുന്ന് എന്റെ വിദ്യാർത്ഥിയായി സംശയങ്ങൾ ചോദിച്ചിരിക്കുകയാണ്. എല്ലാ സംശയങ്ങളും ഇപ്പോൾ പറയണോ അതോ വിദ്യാർത്ഥിയെന്ന നിലയിൽ സ്വകാര്യമായി മനസ്സിലാകാത്ത കാര്യം പറഞ്ഞുതന്നാൽ മതിയോ എന്നറിയില്ല. ഏറെ ചോദ്യങ്ങളുള്ളതുകൊണ്ടാണ്, അല്ലാതെ എനിക്ക് മടിയില്ല. ഇവിടെ ഇനിയൊരു ബിൽ കൂടിയുണ്ട്. കൂടാതെ,

മെഡിസെപ്പിനുള്ള സംശയങ്ങൾ തീർക്കാൻ ഒരു ടെക്നിക്കൽ സെഷനുണ്ട്, അതുകഴിഞ്ഞ് വളരെ വൈകാതെ ഭക്ഷണം കഴിച്ച് പിരിയണം. ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് നല്ലൊരു വിദ്യാർത്ഥിയാണ്, പക്ഷെ കുറച്ചുകൂടി ഹോംവർക്ക് ചെയ്യണം. നല്ലതുപോലെ പഠിക്കുന്നില്ലേ എന്നൊരു സംശയം എനിക്കുണ്ട്. പറയുന്ന കാര്യങ്ങൾ ആവർത്തിച്ചുപറയുകയാണ്. സംശയങ്ങൾ നമുക്ക് തീർക്കാം. കടത്തിന്റെ കാര്യം വീണ്ടും ഇവിടെ പറഞ്ഞു. അതിനെപ്പറ്റി വളരെ കൃത്യമായി പലതവണ പറഞ്ഞതാണ്, അങ്ങനെയൊരു വർദ്ധനവ് വന്നിട്ടില്ല. ഒരു കാര്യംകൂടി ഞാനിവിടെ പറയാൻ ആഗ്രഹിക്കുകയാണ്. വ്യക്തിപരമായി ഞാനോ പ്രതിപക്ഷമോ ഭരണപക്ഷമോ എന്ന നിലയിലല്ല, കേരളത്തിന്റെ പ്രശ്നമാണ്. സംസ്ഥാനങ്ങളെ ശ്വാസംമുട്ടിക്കാൻ കേന്ദ്രം ശ്രമിക്കുന്നുണ്ട്. എല്ലാ സംസ്ഥാനങ്ങളുടെയും വരുമാനം വലിയ തോതിൽ കുറഞ്ഞിട്ടുണ്ട്. 2013 വരെയുള്ള കാലയളവിൽ എല്ലാ സംസ്ഥാനങ്ങളുടെയും കടം കുറഞ്ഞിരുന്നു. എന്റെ കയ്യിൽ അതിന്റെ രേഖയുണ്ട്, സമയക്കുറവുകൊണ്ട് വായിക്കാത്തതാണ്. കോവിഡ് കാലത്ത് കടം കൂടി വന്നു. ലോകത്ത് എല്ലാ രാജ്യങ്ങൾക്കും വലിയ കടമാണ്. അമേരിക്കയുടെ ചരിത്രത്തിൽ നൂറ് വർഷത്തിനിടയിലെ ഏറ്റവും വലിയ പണപ്പെരുപ്പമാണുണ്ടായിരിക്കുന്നത്.

അതിന്റെ ഭാഗമായി അമേരിക്കൻ ഫെഡറൽ റിസർവ് അവിടത്തെ ബാങ്കുകളിൽ നേരത്തെ പൂജ്യം മുതൽ ഒരു ശതമാനം വരെ പലിശയുണ്ടായിരുന്നത് മൂന്നേകാൽ, മൂന്നര എന്ന നിലയിലേയ്ക്ക് കൂട്ടിയിരിക്കുകയാണ്. അങ്ങനെ പലിശ കൂട്ടിയപ്പോൾ വിദേശത്ത് പലയിടത്തും ബോണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്ന അമേരിക്കയുടെ പണം നേരത്തെ അമേരിക്കയിലേയ്ക്ക് തിരിച്ചുവരികയാണ്. ഇതാണ് അന്താരാഷ്ട്ര തലത്തിൽ പണത്തിന്റെ ഒഴുക്ക്. അങ്ങനെ വന്നപ്പോൾ ശ്രീലങ്കയിൽനിന്നൊക്കെ പണം വലിയതോതിൽ പോയി. ഇന്ത്യയിൽനിന്നും പോകുന്നുണ്ട്. ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വരുമ്പോൾ ഇന്ത്യൻ നാണയത്തിന്റെ വില ഡോളറിന് 59 രൂപയിൽ ചില്വാനമായിരുന്നത് ഇപ്പോൾ 80 രൂപയായിരിക്കുകയാണ്. ഇന്ത്യയിലെ നാണയത്തിന്റെ വില കുറയുന്നതിനനുസരിച്ച് സംസ്ഥാനങ്ങളിലൊക്കെ പ്രതിസന്ധി വരുന്നുണ്ട്. പക്ഷെ ഈ പ്രതിസന്ധിയുണ്ടാകുമ്പോൾ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുന്നില്ല, ജി.എസ്.ടി. കോമ്പൻസേഷൻ കൊടുക്കുന്നില്ല. അത്തരത്തിൽ കഴിഞ്ഞ വർഷവും ഈ വർഷവുമായി 12,000 കോടി രൂപയാണ് കേരളത്തിന് നഷ്ടമായത്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതിൽ ഒരു തെറ്റുണ്ട്.

റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 19,000 കോടി രൂപ തന്നത് നമ്മുടേത് പൂജ്യമാക്കാനല്ല. നമുക്ക് കേന്ദ്രത്തിന്റെ വിഹിതമായി ഡിവിസിബിൾ പൂളിൽനിന്നും തന്നുകൊണ്ടിരുന്ന പണം പകുതിയായി കുറച്ചതിന് തൽക്കാലം നഷ്ടപരിഹാരമായി തന്നതാണ്. കഴിഞ്ഞപ്രാവശ്യം കിട്ടിയതിനേക്കാൾ 7000 കോടി രൂപ ഈ വർഷം കുറഞ്ഞു. അങ്ങനെ നഷ്ടം 19,000 കോടി രൂപയായി. നിലവിൽ ഓഫ് ബഡ്ജറ്റ് ബോറോയിംഗ് എന്നുപറഞ്ഞ് നമ്മൾ എടുത്തിട്ടുള്ള 14,000 കോടിയിലധികം രൂപ വെട്ടിക്കുറയ്ക്കാനുള്ള ശ്രമമാണ് കേന്ദ്ര സർക്കാർ നടത്തുന്നത്. അതിനെ ശക്തമായി എതിർക്കണം. ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും പ്രശ്നമായി അതിനെ കാണരുത്, അത് കേരളത്തിന്റെ പ്രശ്നമാണ്. ഇത് എല്ലാ സംസ്ഥാനങ്ങൾക്കുനേരെയും വരികയാണ്. ഇത്തരം പ്രതിസന്ധികൾക്കിടയിലും ധാരാളം കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ത്യ ഇപ്പോൾ നേരിടുന്ന ഒരു പ്രശ്നം നമ്മൾ ഗൗരവമായി കാണണം. ഇവിടെ എനിക്ക് സംസാരിക്കാം, അപ്പുറത്തിരിക്കുന്നവർക്കും സംസാരിക്കാം. പക്ഷെ സംസാരിക്കുന്നതിനുപോലും വിലക്കുണ്ടാകുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. ഞങ്ങൾ പാർലമെന്റിൽ കുറച്ചുകാലം പ്രവർത്തിച്ചിരുന്നതാണ്. എല്ലാ പരിപാടികൾക്കും ഞങ്ങൾ

പ്രതിഷേധത്തിനായി ഗാന്ധി പ്രതിമയുടെയടുത്ത് പോയിരിക്കും. ചില സമയത്ത് രാഷ്ട്രീയ പ്രശ്നങ്ങളുണ്ടെങ്കിൽപ്പോലും അതിൽ പലപ്പോഴും കേരളീയർ ഒരുമിച്ചാണ്. യു.പി.എ. ഭരിക്കുമ്പോഴും അവർക്കുമുന്നിൽ കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ ഒരുമിച്ചിരുന്നിട്ടുണ്ട്. ഇപ്പോൾ അവിടെ പ്രതിഷേധവും പ്രകടനവും പാടില്ലെന്ന് വാർത്ത വരുന്നു, കുറച്ചുകൂടി കഴിയുമ്പോൾ നമ്മുടെ സഭകളിൽ ആംഗ്യഭാഷയിൽ സംസാരിക്കേണ്ടിവരും. വളരെ സ്വാതന്ത്ര്യത്തോടെ രണ്ടും മൂന്നും പ്രാവശ്യമൊന്നും സംസാരിക്കാൻ പറ്റില്ല. വാക്കുകൾ പിൻവലിച്ചാൽ എന്തുചെയ്യും? ഇന്ത്യൻ ജനാധിപത്യത്തിൽ ഇങ്ങനെയൊരു സ്ഥിതിയിലേയ്ക്ക് പുതിയ പരീക്ഷണങ്ങളും പുതിയ തരത്തിലുള്ള പ്രവണതകളും നടക്കുകയാണ്. കിഫ്ബിയുമായി ബന്ധപ്പെട്ട വിഷയം സംസാരിക്കാൻ ഇപ്പോൾ ഞാൻ സമയമെടുക്കുന്നില്ല, നമുക്ക് വീണ്ടും ചർച്ചചെയ്യാനാകുമെന്നാണ് കരുതുന്നത്. കിഫ്ബിയുടെ പേരിൽ വീണ്ടും കേസെടുക്കാൻ പോകുകയാണ്. രാഷ്ട്രീയമായി തർക്കങ്ങളുണ്ടാകാം. പക്ഷെ സംസ്ഥാനത്തിന്റെ താൽപര്യത്തിനുവേണ്ടിയുള്ള കാര്യങ്ങളിൽപ്പോലും കേന്ദ്രം അത്തരത്തിലൊരു നിലപാടെടുക്കുന്നത് ശരിയാണോയെന്ന് നമ്മൾ ആലോചിക്കണം. ഇങ്ങനെയൊക്കെ കാര്യങ്ങൾ തുറന്നുപറയാനും ചർച്ച

ചെയ്യാനും കഴിയുന്ന തരത്തിൽ രാജ്യവും ജനാധിപത്യവും സംസ്ഥാനവും കേന്ദ്രവുമൊക്കെ ഉണ്ടാകുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. അതിനുപോലും വെല്ലുവിളിയുണ്ടാകുന്ന തരത്തിൽ കാര്യങ്ങൾ വരികയാണ്. അതുകൊണ്ട് അക്കാര്യത്തെക്കുറിച്ച് ഈ സഭയിൽത്തന്നെ ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. സർഫാസി ആക്ടിനെക്കുറിച്ചുകൂടി പറഞ്ഞിട്ട് അവസാനിപ്പിക്കാം. രണ്ടും മൂന്നും അഞ്ചും സെന്റ് ഭൂമിയുള്ളവരെ ഉപദ്രവിക്കുന്ന പ്രശ്നം ഗൗരവമായി ക്യാബിനറ്റ് തന്നെ നേരത്തെ ചർച്ച ചെയ്തിരുന്നു. അക്കാര്യത്തിൽ ഇടപെടലുണ്ടാകണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്, അതുണ്ടാകും. അതിൽ കേന്ദ്ര സർക്കാരിനെ ഇടപെടുത്തേണ്ടതും നമുക്ക് ചെയ്തുതീർക്കേണ്ടതുമായ കുറേ കാര്യങ്ങളുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇതിനകത്ത് ബാങ്കേഴ്സ് മീറ്റിംഗ് നടത്തണം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, എസ്.എൽ.ബി.സി.-ക്കാരുമായി സംസാരിച്ചു. അതിനുപരിയായി കുറച്ചുകാര്യങ്ങൾ ചെയ്യേണ്ടിവരുമെന്നാണ് തോന്നുന്നത്. അതുപോലെ ട്രഷറിയിൽ പണം കിട്ടാത്ത പ്രശ്നമുണ്ടായിരുന്നു. ഇടയ്ക്ക് സാമ്പത്തിക മാനേജ്മെന്റിന്റെ ഭാഗമായി 25 ലക്ഷം രൂപ എന്നുള്ളത് മാർച്ച് മാസത്തിലായിരുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ നേരത്തെ പറഞ്ഞ ശതമാനക്കണക്കൊന്നും ശരിയല്ല. 108% അതായത്, 13,000 കോടി രൂപയാണ് ഇപ്രാവശ്യം മാർച്ച് മാസത്തിൽ പഞ്ചായത്തിന്റെ ഫണ്ട് പോയിട്ടുള്ളത്. പണം കൊടുക്കുന്നതിന് തടസ്സം വന്നിട്ടില്ല. എന്നാൽ ചിലപ്പോൾ ഒരുമിച്ച് ഇത്രയും പണം വരുമ്പോൾ ലിക്വിഡിറ്റി മാനേജ് ചെയ്യേണ്ടിവരും. അതിന്റെ ഭാഗമായിട്ടുള്ള പ്രശ്നങ്ങളുണ്ട്. പണം കൊടുക്കാതിരിക്കുന്ന സ്ഥിതിയില്ല. പക്ഷെ നമ്മളെ ശ്വാസംമുട്ടിക്കുന്ന ഒരവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തിക്കരുതെന്നുള്ളതുകൊണ്ടാണ് തുറന്നുപറയുന്നത്. ഇതുവരെ അങ്ങനെ ഒരവസ്ഥയിലേയ്ക്ക് എത്താതിരിക്കാനാണ് ശ്രമിക്കുന്നത്. നിലവിൽ ഇക്കാര്യങ്ങൾ മാനേജ് ചെയ്ത് പോകാൻ സാധിക്കുന്നുണ്ട്. എന്നാലും കളക്റ്റീവായി കിട്ടാനുള്ള സമ്പത്ത് കേന്ദ്രസർക്കാരിൽനിന്നും വാങ്ങിയെടുക്കണം. നമ്മുടെ മാത്രമല്ല, എല്ലാ സംസ്ഥാനങ്ങളുടെയും പ്രശ്നമാണ്. സംസ്ഥാനങ്ങളെ എങ്ങനെയാണ് സബോട്ടാഷ് ചെയ്യാൻ ശ്രമിക്കുന്നതെന്നൊക്കെ എല്ലാവർക്കുമറിയാം. ഗോശാല പണിയുന്നത് ബി.ജെ.പി. അജണ്ടയുമായി ബന്ധപ്പെടുത്തി പറയുകയുണ്ടായി. പശുവിനെ നിങ്ങൾ വിട്ടുകൊടുത്തോ? അങ്ങനെ വിട്ടുകൊടുക്കരുത്. പശുവിനെയും എരുമയെയും ഒരു മതത്തിന്റെ ദൈവങ്ങളെയും ഇത്തരം തീവ്രവാദ വർഗ്ഗീയ

സമീപനമെടുക്കുന്നവർക്ക് വിട്ടുകൊടുക്കാൻ പാടില്ല. ഇതെല്ലാം എല്ലാ സ്ഥലത്തുമുള്ളതാണ്. രാഷ്ട്രീയമായി അവിടത്തെ കാര്യം പറയാൻവേണ്ടി തമാശയ്ക്ക് പറഞ്ഞതായിരിക്കും. കെ. കരുണാകരനും ശ്രീ. ഉമ്മൻ ചാണ്ടിയും ഉണ്ടായിരുന്നപ്പോൾ അവിടെ പശുവിനെ വളർത്തുന്നുണ്ടായിരുന്നോയെന്ന് എനിക്കറിയില്ല. ശ്രീ. പി. ജെ. ജോസഫ് ഉണ്ടായിരുന്നെങ്കിൽ ഞങ്ങളൊന്നും പറയേണ്ടിവരില്ലായിരുന്നു. പശുവിനെയും മൃഗങ്ങളെയും വളർത്തുന്നതിന് എയർകണ്ടീഷൻ ചെയ്ത കെട്ടിടമൊന്നുമല്ല എരുത്തിൽ അഥവാ കാലിത്തൊഴുത്താണുണ്ടാക്കുന്നത്. നിങ്ങൾ ഗോശാല എന്നുപറയണ്ട. ഞങ്ങളുടെ നാട്ടിൽ എരുത്തിൽ എന്നാണ് പറയുന്നത്. കുട്ടനാട്ടിലും അങ്ങനെയല്ലേ പറയുന്നത്? ഗോമാതാവ് എന്ന നിലയിലല്ല, രണ്ട് പശുവിനെ വളർത്തി അതിന്റെ പാൽ കറന്നെടുക്കുകയെന്നാണ് ഞങ്ങളുടെ നാട്ടിൽ പറയുന്നത്. അതിനെ ഇങ്ങനെ ഗോശാലയുമായി കണക്കുചെയ്ത് പറയുന്നത് ശരിയല്ല.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, സർക്കാരിന്റെ ഒരു പദ്ധതിയാണ് ഗോവർദ്ധിനി.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, എന്തെങ്കിലും കിട്ടാൻ വേണ്ടി അത്തരം കാര്യങ്ങൾ പറയുന്നത് ശരിയല്ല. ഈ രണ്ട് ബില്ലുകളും

പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. വിജിൻ, 2022-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിജിൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, 2022-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള, 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ്

ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ധനകാര്യ ബിൽ, 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

## (i) 2022-ലെ കേരള ധനകാര്യ ബിൽ

### രണ്ടാം വകുപ്പ്

Dr. M. K. Muneer: Sir, I move the following amendments:

165. In Clause 2(1)(a), for the words and figures "31st August" the words and figures "30th November" shall be substituted.

191. In clause 2(2) for the words and figures "December, 2022" the words and figures "March, 2023" shall be substituted.

Dr. Mathew Kuzhalnadan: Sir, I move the following amendment:

172. In clause 2(1)(a), for the word "August", the word "October" shall be substituted.

Shri C. R. Mahesh: Sir, I move the following amendment:

173. In clause 2(1)(a), for the word "August", the word "December" shall be substituted.

Shri T. V. Ibrahim: Sir, I move the following amendments:

174. In section 3A(5) of the Kerala surcharge on Taxes Act, 1957 for the figures "2021", the figures "2022" shall be substituted.

178. In clause 2(1)(b) for the words and figures "December, 2022" the words and figures "March, 2023" shall be substituted.

186. In the proviso to section 3A(5) of the Kerala surcharge on Taxes Act, 1957 for the words and figures "31st March, 2022", the words, and figures "28th February, 2023"

197. In section 3A(7) of the Kerala Surcharge on Taxes Act, 1957 for the figures, letters, words and symbol "31st March, 2022" the figures, letters, words and symbol '28th February, 2023 " shall be substituted.

Shri Sunny Joseph: Sir, I move the following amendment:

175. In clause 2(1)(b), for the figures, letters, symbol "31st December, 2022", the figures, letters, symbol "28th February, 2023" shall be substituted.

Shri Sajeev Joseph: Sir, I move the following amendment:

185. In the proviso to section 3A (5) of Kerala Sucharge on Taxes Act, 1957 for the word "may" the word "shall" shall be substituted.

Smt. Uma Thomas: Sir, I move the following amendment:

188. Clause 2 (2), for the figure, words and symbol "December, 2022" the figure, words and symbol "January, 2023 " shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: 166 മുതൽ 171 വരെയുള്ള ഭേദഗതികൾ 165-ാം നമ്പർ ഭേദഗതിക്കും 177-ാം നമ്പർ ഭേദഗതിയും 179 മുതൽ 184 വരെയുള്ള ഭേദഗതികളും 178-ാം നമ്പർ ഭേദഗതിക്കും 189, 190 എന്നീ നമ്പർ

ഭേദഗതികളും 192 മുതൽ 196 വരെയുള്ള ഭേദഗതികളും 191-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. (മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 165, 191 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 174, 178, 186, 197 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Prof. Abid Hussain Thangal: Sir, I move the following amendments:

200. In column(4) in the table of section 6(1) proposed to be inserted in the Kerala Land Tax Act, 1961 by clause 3 for the letter "Rs." wherever it occurs, shall be substituted with the symbol "₹".

206. In the first entry in column(4) against serial number 1 in the table of section 6(1) proposed to be inserted in the Kerala Land Tax Act, 1961 by clause 3 for the figure "5" the figure

"3" shall be substituted.

211. In column(4) in the table of section 6(1) proposed to be inserted in the Kerala Land Tax Act, 1961 by clause 3 for the word "annum" wherever it occurs, shall be substituted with the word "Annum".

233. In the first entry in the column (4) against the serial number 2 in the table section 6 (1) proposed to be inserted in the Kerala Land Tax Act, 1961, by clause 3 for the figure "10" the figure "7.5" shall be substituted.

246. In the first entry in column (4) against serial number 3 in the table of section 6 (1) proposed to be inserted in the Kerala Land Tax Act, 1961, by clause 3 the figure "20" shall be substituted with the figure "15".

Dr. Mathew Kuzhalnadan: Sir, I move the following amendments:

209. In the first entry in column(4) against serial number 1 in the table of section 6(1) proposed to be inserted in the Kerala Land Tax Act, 1961 by clause 3 for the figure "5" the figure "3.5" shall be substituted.

257. In the first entry in column (4) against serial number 3 in the table of section 6(1) proposed to be inserted in the Kerala Land Tax Act, 1961, by clause 3 for the figure "20" the figure "13 " shall be substituted.

Shri K. Babu (Thripoonithura): Sir, I move the following

amendments:

220. In the Second entry in column (4) against serial number 1 in the table of section 6(1) proposed to be inserted in the Kerala Land Tax Act 1961, by Clause 3 for the figure "8" shall be substituted with the figure "6".

254. In the first entry in column (4) against serial number 3 in the table of section 6(1) proposed to be inserted in the Kerala Land Tax Act, 1961, by clause 3 for the figure "20" the figure "11 " shall be substituted.

Shri Thiruvanchoor Radhakrishnan: Sir, I move the following amendments:

222. In the first entry in column (4) against serial number in the table of section 6 (1) proposed to be inserted in the Kerala Land Tax Act 1961 by Clause 3 for the figure "10" the figure "5" shall be substituted.

245. In the second entry in column (4) against serial number 2 in the table of section 6 (1) proposed to be inserted in the Kerala Land Tax Act, 1961, by clause 3 for the figure "15" the figure "13.5" shall be substituted.

Shri P. Abdul Hameed: Sir, I move the following amendments:

224. In the first entry in column (4) against serial number 2 in the table of section 6 (1) proposed to be inserted in the Kerala Land Tax Act 1961 by Clause 3 for the figure "10" the figure "6" shall be substituted.

250. In the first entry in column (4) against serial number 3 in the table of section 6(1) proposed to be inserted in the Kerala Land Tax Act, 1961, by clause 3 for the figure "20" the figure "10 " shall be substituted.

Shri Sajeev Joseph: Sir, I move the following amendments:

232. In the first entry in column (4) against serial number 2 in the table of section 6 (1) proposed to be inserted in the Kerala Land Tax Act 1961 by clause 3 for the figure "10" the figure "7" shall be substituted.

269. In the second entry in the column (4) against the serial number 3 in the table of Section 6(1) proposed to be inserted in the Kerala Land Tax Act, 1961, by Clause 3 for the figure "30" the figure "24" shall be substituted.

Shri C. R. Mahesh: Sir, I move the following amendments:

240. In the second entry in column (4) against serial number 2 in the table of section 6 (1) proposed to be inserted in the Kerala Land Tax Act, 1961, by clause 3 for the figure "15" the figure "10" shall be substituted.

268. In the second entry in the column (4) against the serial number 3 in the table of Section 6(1) proposed to be inserted in the Kerala Land Tax Act, 1961, by Clause 3 for the figure "30" the figure "23" shall be substituted.

Smt. Uma Thomas: Sir, I move the following amendments:

243. In the second entry in column (4) against serial number 2 in the table of section 6 (1) proposed to be

inserted in the Kerala Land Tax Act, 1961, by clause 3 for the figure "15" the figure "12.5" shall be substituted.

244. In the second entry in column (4) against serial number 2 in the table of section 6 (1) proposed to be inserted in the Kerala Land Tax Act, 1961, by clause 3 for the figure "15" the figure "13" shall be substituted.

Shri A. P. Anil Kumar: Sir, I move the following amendment:

265. In the second entry in the column (4) against the serial number 3 in the table of Section 6(1) proposed to be inserted in the Kerala Land Tax Act, 1961, by Clause 3 for the figure "30" the figure "20" shall be substituted.

Shri Saneeshkumar Joseph: Sir, I move the following amendment:

267. In the second entry in the column (4) against the serial number 3 in the table of Section 6(1) proposed to be inserted in the Kerala Land Tax Act, 1961, by Clause 3 for the figure "30" the figure "22" shall be substituted.

Shri T. V. Ibrahim: Sir, I move the following amendment:

270. The TABLE proposed to be substituted in section 6(1) of the Kerala Land Tax Act, 1961 shall be recast as follows:

TABLE

| Sl. No. | Area | Extent | Rate |
|---|---|---|---|

| | | | |
|---|---|---|---|
| 1 | Panchayat Area | Up to 8 Ares | Rs.3 per are per annum |
| | | Above 8 Ares | Rs.5 per are per annum |
| 2 | Municipal Council Area | Up to 3 Ares | Rs.6 per are per annum |
| | | Above 3 Ares | Rs.8 per are per annum |
| 3 | Municipal Corporation Area | Up to 2 Ares | Rs.10 per are per annum |
| | | Above 2 Ares | Rs.20 per are per annum |

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 201 മുതൽ 205 വരെയുള്ള ഭേദഗതികളും 207, 208 എന്നീ നമ്പർ ഭേദഗതികളും 206-ാം നമ്പർ ഭേദഗതിക്കും 225 മുതൽ 230 വരെയുള്ള ഭേദഗതികൾ 224-ാം നമ്പർ ഭേദഗതിക്കും 247, 248, 249, 251, 252 എന്നീ നമ്പർ ഭേദഗതികൾ 250-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. (മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 200, 206, 211, 233, 246 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 209, 257 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 220, 254 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 222, 245 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 224, 250 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 232, 269 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 240, 268 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 243, 244 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 267-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാലാം വകുപ്പ്</u>

<u>Shri T. V. Ibrahim</u>: Sir, I move the following amendments:

271. In section 7A(1)(iii)(a) proposed to be substituted in the

Kerala General Sales Tax Act, 1963 by Clause 4(1)(a) for the figures and word "31st March, 2022" the words and figures "30th April 2022" shall be substituted.

280. In section 7A(1)(iii)(a) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 4(1)(a) for the words and figures "31st March, 2022" the words and figures " 30th September, 2022" shall be substituted.

308. In Section 23B(5) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 4(2)(ii)(a), for the words and figures "31st August, 2022" the words and figures "30th November, 2022" shall be substituted.

325. In section 23B(7) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 4 (2) (iii) for the words and figures "31st December, 2022" the words and figures "31st March, 2023" shall be substituted.

Shri C. R. Mahesh: Sir, I move the following amendments:

274. In section 7A(1)(iii)(a) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 4(1)(a) for the figures, word and symbol "31st March, 2022" the figures and words " 30th June, 2022" shall be substituted.

289. In Section 7A(1)(iii)(d) proposed to be substituted in the Kerala General Sales Tax Act, 1963 by clause 4(1)(b), for the figures and words "30th April, 2022" the figure, words and symbol "30th September 2022" shall be substituted.

Shri Sajeev Joseph: Sir, I move the following amendments:

275.In section 7A(1)(iii)(a) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 4(1)(a) for the figures and word "31st March, 2022" the figures and words "31st July 2022" shall be substituted.

287. In Section 7A(1)(iii)(d) proposed to be substituted in the Kerala General Sales Tax Act, 1963 by clause 4(1)(b), for the figure and words "30th April, 2022" the figures and words "30th June, 2022" shall be substituted.

Shri K. Babu (Thripoonithura): Sir, I move the following amendment:

286.In Section 7A(1)(iii)(d) proposed to be substituted in the Kerala General Sales Tax Act, 1963 by clause 4(1)(b), for the words and figures "30th April, 2022" the words and figures "31st May, 2022" shall be substituted.

Shri A. P. Anil Kumar: Sir, I move the following amendment:

302. In Section 23B(i)(ii) proposed to be substituted in the Kerala General Sales Tax Act, 1963 by clause 4(2)(i), for the words and figures " 31st March, 2022" the words and figures " 30th June, 2022" shall be substituted.

Shri Saneeshkumar Joseph: Sir, I move the following amendment:

304. In Section 23B(i)(ii) proposed to be substituted in the Kerala General Sales Tax Act, 1963 by clause 4(2)(i), for the words and figures " 31st March, 2022" the words and figures " 31st March, 2023" shall be substituted.

Smt. Uma Thomas: Sir, I move the following amendment:

305. In Section 23B(5) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 4(2)(ii)(a), for the words and figures " 31st August, 2022" the words and figures " 30th September, 2022" shall be substituted.

Shri Sunny Joseph: Sir, I move the following amendment:

313. In Section 23B(5) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 4(2)(ii)(b), for the words and figures, "31st December, 2022" the words and figures "31st January, 2023" shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: 272-ാം നമ്പർ ഭേദഗതി 271-ാം നമ്പർ ഭേദഗതിക്കും 276 മുതൽ 279 വരെയുള്ള ഭേദഗതികളും 281, 282 എന്നീ നമ്പർ ഭേദഗതികളും 280-ാം നമ്പർ ഭേദഗതിക്കും 307-ാം നമ്പർ ഭേദഗതിയും 309 മുതൽ 312 വരെയുള്ള ഭേദഗതികളും 308-ാം നമ്പർ ഭേദഗതിക്കും 321 മുതൽ 324 വരെയുള്ള ഭേദഗതികളും 326, 327 എന്നീ നമ്പർ ഭേദഗതികളും 325-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. (മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 271, 280, 308, 325 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 274, 289 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 275, 287 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 304-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 305-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ സണ്ണി ജോസഫ് അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

Dr. M. K. Muneer: Sir, I move the following amendments:

329. In the entry in Column No.3 against serial number.1 in table of section 3A proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 5 (1) for the figure "600" the figure "200" shall be substituted.

352. In the entry in item (ii) to column 3 against the serial number 2 of the Kerala Motor Vehicles Taxation Act 1976 in the table of section 3A proposed to be

substituted by Clause 5(1) for the figure "300" the figure "150" shall be substituted.

377. In the Entry in item (ii) to Column 3 against the serial number 3 of the Kerala Motor Vehicles Taxation Act, 1976 in the table of Section 3A proposed to be substituted by Clause 5(1) for the figure "450" the figure "250" shall be substituted.

396. In the entry in item (ii) to column 3 against the serial number 4 of the Kerala Motor Vehicles Taxation Act, 1976 in the table of section 3A proposed to be substituted by clause 5(1) for the figure "600" the figure "300" shall be substituted.

422. In the entry in column 3 against serial number 6 in the table of Section 3A proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 5

(1) for the figure "1500" the figure "1000" shall be substituted.

Prof. Abid Hussain Thangal: Sir, I move the following amendments:

335. In the entry in column (3) against Serial Number.1 in the table of section 3A of the Kerala Motor Vehicles Taxation Act, 1976 proposed to be substituted by Clause 5(1) for the figure "600" the figure "500" shall be substituted.

400. The row against serial number 5 in the table of section

3A of the Kerala Motor Vehicles Taxation Act, 1976 proposed to be substituted by clause 5(1) shall be deleted and the remaining entries in column (1) shall be renumbered.

413. In the entry in column 3 against serial number 6 in the table of section 3A of the Kerala Motor Vehicles Taxation Act, 1976 proposed to be substituted by clause 5 (1), for the figure "1500" the figure "750" shall be substituted.

428. In the entry in column 3 against the serial number 7 in the table of Section 3A of the Kerala Motor Vehicles Taxation Act, 1976 proposed to be substituted by Clause 5 (1), for the figure "2000" the figure "1000" shall be substituted.

436. The row against serial number 8 in the table of Section 3A of the Kerala Motor Vehicles Taxation Act, 1976, proposed to be substituted, by Clause 5(1) shall be deleted.

446. In the entry in Column (3) against item 1 of serial number A to Annexure I proposed to be substituted in the Kerala Motor Vehicles Taxation Act, 1976, proposed to be substituted by Clause 5(3)(a) for the figure and symbol "11%" the figure and symbol "12%" shall be substituted.

Shri T. V. Ibrahim: Sir, I move the following amendments:

336. In the entry in item (i) to column (2) against serial numbers

2 to 4 in the table of section 3A of the Kerala Motor Vehicles Taxation Act, 1976 proposed to be substituted by Clause 5(1) shall be deleted and the remaining item be renumbered to (i).

341. In the entry in item (i) to column (3) against serial number 2 of the Kerala Motor Vehicles Taxation Act, 1976 in the table of section 3A proposed to be substituted by Clause 5(1) for the figure "200" the figure "100" shall be substituted.

362. In the entry in item (i) to column (2) & (3) against the serial number 3 in the table of section 3A of the Kerala Motor Vehicles Taxation Act 1976 proposed to be substituted by Clause 5(1) shall be deleted and the remaining item renumbered to (i)

363. In the entry in item (i) to column 3 against the serial number 3 in the table of section 3A of the Kerala Motor Vehicles Taxation Act, 1976, proposed to be substituted by Clause 5(1) for the figure "300" the figure "150" shall be substituted.

381. In the Entry in item (i) to Column (2) & (3) against the serial number 4 in the table of Section 3A of the Kerala Motor Vehicles Taxation Act, 1976 proposed to be substituted by Clause 5(1) shall be deleted and the remaining item be renumbered to (i).

386. In the entry in item (i) to column 3 against the serial number 4 of the Kerala Motor Vehicles Taxation Act, 1976 in the table of section 3A proposed to be substituted by clause 5(1) for the figure "400" the figure "200" shall

be substituted.

406. In the entry in column 3 against the serial number 5 of the Kerala Motor Vehicles Taxation Act 1976, in the table of section 3A proposed to be substituted by clause 5 (1) for the figure "1000" the figure "750" shall be substituted.

Smt. Uma Thomas: Sir, I move the following amendment:

344. In the entry in item (i) to column (3) against serial number 2 in the table of section 3A of the Kerala Motor Vehicles Taxation Act, 1976 proposed to be substituted by Clause 5(1) for the figure "200" the figure "120" shall be substituted.

Dr. Mathew Kuzhalnadan: Sir, I move the following amendments:

348. In the entry in item (i) to column (3) against serial number 2 in the table of section 3A of the Kerala Motor Vehicles Taxation Act, 1976 proposed to be substituted by Clause 5(1) for the figure "200" the figure "150" shall be substituted.

435. In the entry in column 3 against the serial number 7 of the Kerala Motor Vehicles Taxation Act, 1976, in the table of Section 3A proposed to be substituted, by Clause 5(1), for the figure "2000" the figure "1500" shall be substituted.

Shri C. R. Mahesh: Sir, I move the following amendments:

350. In the entry in item (i) to column 3 against the serial number 2 in the table of section 3A of the Kerala Motor Vehicles Taxation Act, 1976, proposed to be substituted by Clause 5(1) for the figure "200" the figure "170" shall be substituted.

414. In the entry in column 3 against the serial number 6 of the Kerala Motor Vehicles Taxation Act, 1976 in the table of section 3A proposed to be substituted by clause 5 (1) for the figure "1500" the figure "800" shall be substituted.

Shri Sajeev Joseph: Sir, I move the following amendments:

351. In the entry in item (i) to column 3 against the serial number 2 in the table of section 3A of the Kerala Motor Vehicles Taxation Act, 1976, proposed to be substituted by Clause 5(1) for the figure "200" the figure "175" shall be substituted.

424. In the entry in column 3 against the serial number 6 of the Kerala Motor Vehicles Taxation Act, 1976 in the table of Section 3A proposed to be substituted by Clause 5 (1) for the figure "1500" the figure "1100" shall be substituted.

Shri Eldose P. Kunnappillil: Sir, I move the following amendments:

358. In the entry in item (ii) to column 3 against the serial number 2 of the Kerala Motor Vehicles Taxation Act 1976 in the table of section 3A proposed to be substituted by Clause 5(1) for the figure "300" the figure "250" shall be substituted.

399. In the entry in item (ii) to column 3 against the serial number 4 in the table of section 3A of the Kerala Motor Vehicles Taxation Act, 1976, proposed to be substituted by clause 5(1) for the figure "600" the figure "550" shall be substituted.

439. In the entry in Column 3 against the serial number 8 of the Kerala Motor Vehicles Taxation Act, 1976, in the table of Section 3A proposed to be substituted, by Clause 5(1), for the figure "1000" the figure "400" shall be substituted.

Shri Saneeshkumar Joseph: Sir, I move the following amendments:

359. In the entry in item (ii) to column 3 against the serial number 2 in the table of section 3A of the Kerala Motor Vehicles Taxation Act, 1976, proposed to be substituted by Clause 5(1) for the figure "300" the figure "260" shall be substituted.

401. In the entry in column 3 against the serial number 5 in the table of section 3A of the Kerala Motor Vehicles Taxation Act, 1976, proposed to be substituted by clause 5 (1) for the figure "1000" the figure "500" shall be substituted.

444. In the entry in Column 3 against the serial number 8 of the Kerala Motor Vehicles Taxation Act, 1976, in the table of Section 3A proposed to be substituted, by Clause 5(1), for the figure "1000" the figure "750" shall be substituted.

Shri Sunny Joseph: Sir, I move the following amendments:

360. In the entry in item (ii) to column 3 against the serial number 2 in the table of section 3A of the Kerala Motor Vehicles Taxation Act, 1976, proposed to be substituted by Clause 5(1) for the figure "300" the figure "270" shall be substituted.

398. In the entry in item (ii) to column 3 against the serial number 4 in the table of section 3A of the Kerala Motor Vehicles Taxation Act, 1976, proposed to be substituted by clause 5(1) for the figure "600" the figure "525" shall be substituted.

438. In the entry in Column 3 against the serial number 8 of the Kerala Motor Vehicles Taxation Act, 1976, in the table of Section 3A proposed to be substituted, by Clause 5(1), for the figure "1000" the figure "300" shall be substituted.

Shri K. Babu (Thripoonithura): Sir, I move the following amendments:

371. In the Entry in item (i) to Column 3 against the serial number 3 in the table of Section 3A of the Kerala Motor Vehicles Taxation Act, 1976 proposed to be substituted by Clause 5(1) for the figure "300" the figure "275" shall be substituted.

403. In the entry in column 3 against the serial number 5 in the table of section 3A of the Kerala Motor Vehicles Taxation Act, 1976 proposed to be substituted by clause 5 (1) for the figure "1000" the figure "700" shall be

substituted.

Shri A. P. Anil Kumar : Sir, I move the following amendments:

378. In the Entry in item (ii) to Column 3 against the serial number 3 in the table of Section 3A of the Kerala Motor Vehicles Taxation Act, 1976 proposed to be substituted by Clause 5(1) for the figure "450" the figure "350" shall be substituted.

397. In the entry in item (ii) to column 3 against the serial number 4 in the table of section 3A of the Kerala Motor Vehicles Taxation Act, 1976, proposed to be substituted by clause 5(1) for the figure "600" the figure "500" shall be substituted.

440. In the entry in Column 3 against the serial number 8 of the Kerala Motor Vehicles Taxation Act, 1976, in the table of Section 3A proposed to be substituted, by Clause 5(1), for the figure "1000" the figure "500" shall be substituted.

Shri Thiruvanchoor Radhakrishnan: Sir, I move the following amendments:

380. In the Entry in item (ii) to Column 3 against the serial number 3 in the table of Section 3A of the Kerala Motor Vehicles Taxation Act, 1976 proposed to be substituted by Clause 5(1) for the figure "450" the figure "400" shall be substituted.

425. In the entry in column 3 against the serial number 6 in the table of Section 3A of the Kerala Motor Vehicles Taxation

Act, 1976 proposed to be substituted by Clause 5 (1) for the figure "1500" the figure "1200" shall be substituted.

445. Clause 5(3)(a) shall be deleted.

മി. ഡെപ്യൂട്ടി സ്പീക്കർ: 330 മുതൽ 334 വരെയുള്ള ഭേദഗതികൾ 329-ാം നമ്പർ ഭേദഗതിക്കും 338 മുതൽ 340 വരെയുള്ള ഭേദഗതികളും 342, 343 എന്നീ നമ്പർ ഭേദഗതികളും 341-ാം നമ്പർ ഭേദഗതിക്കും 353 മുതൽ 357 വരെയുള്ള ഭേദഗതികൾ 352-ാം നമ്പർ ഭേദഗതിക്കും 364 മുതൽ 368 വരെയുള്ള ഭേദഗതികൾ 363-ാം നമ്പർ ഭേദഗതിക്കും 372 മുതൽ 376 വരെയുള്ള ഭേദഗതികൾ 377-ാം നമ്പർ ഭേദഗതിക്കും 382 മുതൽ 385 വരെയുള്ള ഭേദഗതികളും 387-ാം നമ്പർ ഭേദഗതിയും 386-ാം നമ്പർ ഭേദഗതിക്കും 391 മുതൽ 395 വരെയുള്ള ഭേദഗതികൾ 396-ാം നമ്പർ ഭേദഗതിക്കും 404, 405 എന്നീ നമ്പർ ഭേദഗതികളും 407 മുതൽ 410 വരെയുള്ള ഭേദഗതികളും 406-ാം നമ്പർ ഭേദഗതിക്കും 412-ാം നമ്പർ ഭേദഗതി 413-ാം നമ്പർ ഭേദഗതിക്കും 417 മുതൽ 421-ാം നമ്പർ വരെയുള്ള ഭേദഗതികളും 423-ാം നമ്പർ ഭേദഗതിയും 422-ാം നമ്പർ ഭേദഗതിക്കും 429 മുതൽ 431 വരെയുള്ള ഭേദഗതികൾ 428-ാം നമ്പർ ഭേദഗതിക്കും 441 മുതൽ

443 വരെയുള്ള ഭേദഗതികൾ 444-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. (മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 329, 352, 377, 396, 422 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 335, 400, 413, 428, 436, 446 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 336, 341, 362, 363, 381, 386, 406 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 344-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 348, 435 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 350, 414 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 351, 424 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 358, 399, 439 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 359, 401, 444 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 360, 398, 438 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 371, 403 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 378, 397, 440 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 380, 425, 445 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

Shri K. Babu (Thripoonithura): Sir, I move the following amendment.

450. In Section 37C(5) proposed to be substituted in the Kerala Agricultural Income Tax Act, 1991 by Clause 6(1)(a), for the figure, words and symbol "31st August, 2022" the figure, words and symbol "30th November, 2022" shall be substituted.

Shri Sunny Joseph : Sir, I move the following amendment.

455. In Section 37C (5) proposed to be substituted in the Kerala Agricultural Income Tax Act, 1991 by Clause 6 (1) (b), for the words and figures "31st December, 2022" the words and figures "28th February, 2023" shall be substituted.

Prof. Abid Hussain Thangal: Sir, I move the following amendment.

464. In Section 37C (7) proposed to be substituted in the Kerala Agricultural Income Tax Act, 1991 by Clause 6 (2), for the words and figures "31st December, 2022" the words and figures "31st March, 2023" shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: 451 മുതൽ 453 വരെയുള്ള ഭേദഗതികൾ 450-ാം നമ്പർ ഭേദഗതിക്കും 465 മുതൽ 468 വരെയുള്ള ഭേദഗതികൾ 464-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 450-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 455-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 464-ാം നമ്പർ

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

573. ഖണ്ഡം 7-ൽ
(I) In item (b) of sub-clause (2), before the words "continuous period of six months", the word "a" shall be inserted.

Smt. Uma Thomas: Sir, I move the following amendments.

472. In the section 16(2) (ba) proposed to be inserted in the Kerala State Goods and Services Tax Act, 2017 by clause 7(1) (a) (i) after the words "registered person" the words "or a class of registered persons" shall be inserted.

509. In section 39(10) proposed to be amended in the Kerala State Goods and Services Tax Act, 2017 by Clause 7(6)(d) shall be

recast as follows:-

"Provided that the Government may, on the recommendations of the Council, by notification, subject to such conditions and restrictions as may be specified therein, allow a registered person or a class of registered persons to furnish the return, even if the registered person or the class of registered persons has not furnished the returns for two previous tax periods or has not furnished the details of outward supplies under sub-section (1) of section 37 for the said tax period.";

512. Section 41(1) proposed to be substituted in the Kerala State Goods and Services Tax Act, 2017 by Clause 7(7) shall be recast as follows:-
"41. Availment of input tax credit. -(1) Every registered person/class of registered person shall, subject to such conditions and restrictions as may be prescribed, be entitled to avail the credit of eligible input tax, as self-assessed, in his return and such amount shall be credited to his electronic credit ledger."

Shri Thiruvanchoor Radhakrishnan: Sir, I move the following amendments.

473. Section 16(2) (ba) proposed to be inserted in the Kerala State Goods and Services Tax Act, 2017 by clause 7(1)(a)(i) shall be recast as follows;

"(ba) the details of input tax credit in respect of the said supply communicated to such registered person or a class of registered persons under section 38 of the said Act has not been restricted.

497. Section 38 proposed to be substituted in the Kerala State

Goods and Services Act, 2017 by Clause 7(5) shall be recast as follows:
"38. Communication of details of inward supplies and input tax credit.-(1) The details of outward supplies furnished by the registered persons under sub-section (1) of section 37 and of such other supplies as may be prescribed, and an auto-generated statement containing the details of input tax credits shall be made available electronically to the registered email address of the recipients of such supplies in such form and manner, within such time, and subject to such conditions and restrictions as may be prescribed.

517. In the proviso to section 52(6) proposed to be substituted in the Kerala State Goods and Services Tax Act, 2017 by Clause 7(13), for the words "the thirtieth day of November" the words and figure "the 30th day of November" shall be substituted.

Shri K. Babu (Thripoonithura): Sir, I move the following amendments.

478. In section 16(4) proposed to be substituted in the Kerala State Goods and Services Tax Act, 2017 by clause 7(1)(b) for the words "thirtieth day of November" the words "first day of December" shall be substituted.

507. In section 39(10) proposed to be amended in the Kerala State Goods and Services Tax Act, 2017 by Clause 7(6)(d) for the words, figures and symbol "or the details of outward supplies under sub-section (1) of section 37 for the said tax period has not been furnished by him:" the words, figures and symbol "or the details of outward supplies under sub-section (1) of section 37 for the said tax period has not been furnished by him/her:" shall be substituted.

525. In Section 54(2) proposed to be substituted in the Kerala State Goods and Services Tax Act, 2017 by Clause 7(14)(b), for the words "two years", the words "one year" shall be substituted.

Shri Sajeev Joseph : Sir, I move the following amendments.

479. In section 16(4) proposed to be substituted in the Kerala State Goods and Services Tax Act, 2017 by clause 7(1)(b) for the word "November" the word "September" shall be substituted.

508. In section 39(10) proposed to be amended in the Kerala State Goods and Services Tax Act, 2017 by Clause 7(6)(d) for the words, figures and symbol "or the details of outward supplies under sub-section (1) of section 37 for the said tax period has not been furnished by him:" the words, figures and symbol "or the details of outward supplies under sub-section (1) of section 37 for the said tax period has not been furnished by the person" shall be substituted.

Shri A. K. M. Ashraf :Sir, I move the following amendment.

480. In section 29(2)(b) proposed to be substituted in the Kerala State Goods and Service Tax Act, 2017 by clause 7(2)(a) for the words "three months", the words "six months" shall be substituted.

Shri C. R. Mahesh : Sir, I move the following amendment.

483. In section 29(2)(b) proposed to be substituted in the Kerala State Goods and Services Tax Act, 2017 by clause 7(2)(a) for the word "said" before the word "return" shall be deleted.

Shri Saneeshkumar Joseph: Sir, I move the following

amendments.

484. In Section 34(2) proposed to be substituted in the Kerala State Goods and Services Tax Act, 2017 by Clause 7(3), for the words "the thirtieth day of November" the words and figures "the 30th day of September" shall be substituted;

504. In section 39(9) proposed to be amended in the Kerala State Goods and Services Tax Act, 2017 by Clause 7(6)(c)(ii) for the words "the thirtieth day of November" the words and figure "the 30th day of September" shall be substituted.

522. In Section 54(2) proposed to be substituted in the Kerala State Goods and Services Tax Act, 2017 by Clause 7(14)(b), for the words "two years", the words "eight months" shall be substituted.

Shri Eldose P. Kunnappillil: Sir, I move the following amendments.

486. In Section 34(2) proposed to be substituted in the Kerala State Goods and Services Tax Act, 2017 by Clause 7(3), for the words "the thirtieth day of November" the words "the first day of December" shall be substituted.

505. In section 39(9) proposed to be amended in the Kerala State Goods and Services Tax Act, 2017 by Clause 7(6)(c)(ii) for the words "the thirtieth day of November" the words and figure "the 30th day of November" shall be substituted.

523. In Section 54(2) proposed to be substituted in the Kerala State Goods and Services Tax Act, 2017 by Clause 7(14)(b), for the

words "two years", the words "nine months" shall be substituted.

Dr. Mathew Kuzhalnadan: Sir, I move the following amendments.

488. In Section 37(1) proposed to be amended in the Kerala State Goods and Service Act, 2017 by Clause 7(4)(a)(i), for the words "subject to such conditions and restrictions and" the words "subject to the conditions specified and restrictions and" shall be substituted.

500. In Section 39(5) proposed to be amended in the Kerala State Goods and Services Tax Act, 2017 by Clause 7(6)(a), for the word "thirteen" the word "Fifteen" shall be substituted.

Shri A. P. Anil Kumar: Sir, I move the following amendments.

491. In Section 37(3) proposed to be amended in the Kerala State Goods and Service Tax Act, 2017 by Clause 7(4)(c)(ii), for the words "the thirtieth day of November" the words "the first day of December" shall be substituted.

503. In section 39(5) proposed to be amended in the Kerala State Goods and Services Tax Act, 2017 by Clause 7(6)(a) for the word "thirteen" the word "eighteen" shall be substituted.

Prof. Abid Hussain Thangal: Sir, I move the following amendment.

496. In section 38(1) of the Kerala State Goods and Services Tax Act, 2017 proposed to be amended by Clause 7(5) for the words "shall be made available electronically to the recipients of such supplies in such form and manner, with in such time,

and subject to such conditions and restrictions as may be prescribed." the words and symbols "shall, subject to such conditions and restrictions, within such time and in such manner as may be prescribed, be made available electronically to the recipients of the said supplies" shall be substituted.

Shri T. V. Ibrahim: Sir, I move the following amendment.

514. Clause 7(12) shall be deleted.

Shri Sunny Joseph: Sir, I move the following amendment.

524 In Section 54(2) proposed to be substituted in the Kerala State Goods and Services Tax Act, 2017 by Clause 7(14)(b), for the words "two years", the words "ten months" shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: 474 മുതൽ 476 വരെയുള്ള ഭേദഗതികൾ 473-ാം നമ്പർ ഭേദഗതിക്കും 481, 482 എന്നീ നമ്പർ ഭേദഗതികൾ 480-ാം നമ്പർ ഭേദഗതിക്കും 498-ാം നമ്പർ ഭേദഗതി 497-ാം നമ്പർ ഭേദഗതിക്കും 510-ാം നമ്പർ ഭേദഗതി 509-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും 511-ാം നമ്പർ ഭേദഗതി 509-ാം നമ്പർ ഭേദഗതിയിൽ അടങ്ങുന്നതിനാലും അവതരിപ്പിക്കേണ്ടതില്ല. (മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ശ്രീ. റോജി എം. ജോണിന്റെ 477-ാം നമ്പർ ഭേദഗതിയും ശ്രീ. ടി. ജെ. വിനോദിന്റെ 485-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വിൻസെന്റിന്റെ 490-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

477. In section 16 (4) proposed to be substituted in the Kerala State Goods and Services Tax Acts, 2017 by clause 7(1) (b) for the words "thirtieth day" the words and figure "30th day " shall be substituted.

485. In Section 34 (2) proposed to be substituted in the Kerala State Goods and Services Tax Act, 2017 by Clause 7(3), for the words "the thirtieth day of November" the words and figures "the 30th day of November " shall be substituted.

490. In Section 37(3) proposed to be amended in the Kerala State Goods and Service Tax Act, 2017 by Clause 7(4)(c) (ii), for the words "the thirtieth day of November" the words and figures "the 30th day of November" shall be substituted.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 505-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 517-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ സ്വീകരിക്കുന്നു. ഇതിൽ "...the 30th day of November" എന്നതിലെ "the" എന്ന വാക്ക് ആക്ടിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അത് ഒഴിവാക്കിക്കൊണ്ട് അംഗീകരിക്കാവുന്നതാണ്.

517. In the proviso to section 52(6) proposed to be substituted in the Kerala State Goods and Services Tax Act, 2017 by Clause 7 (13), for the words "the thirtieth day of November"the words and figure "30th day of November" shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 573, 477, 485, 490 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും മന്ത്രി സ്വീകരിച്ച 505-ാം നമ്പർ ഭേദഗതിയും ഭേദഗതികളോടെ സ്വീകരിച്ച 517-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 472, 509, 512 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 473, 497 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 478, 507, 525 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 479, 508 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 480-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 483-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 484, 504, 522 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 486, 523 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 488, 500 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 491, 503 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 496-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 514-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 524-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

Shri Saneeshkumar Joseph: Sir, I move the following amendment.

527. In Section 12(5) proposed to be substituted in the Kerala Finance Act, 2019 by Clause 8(1)(a), for the figure, words and symbol "31st August, 2022" the figure, words and symbol "$30^{th}$ September 2022" shall be substituted.

Shri Sunny Joseph: Sir, I move the following amendment.

528. In Section 12(5) proposed to be substituted in the Kerala Finance Act, 2019 by Clause 8(1)(a), for the figure, words and symbol "31st August, 2022" the figure, words and symbol "$31^{st}$ October 2022" shall be substituted.

Shri P. Ubaidulla: Sir, I move the following amendments.

529. In Section 12(5) proposed to be substituted in the Kerala Finance Act, 2019 by clause 8(1)(a), for the words and figures "31st August, 2022" the words and figures "$30^{th}$ November, 2022" shall be substituted.

Shri K. Babu (Thripoonithura): Sir, I move the following amendment.

533. In Section 12(5) proposed to be substituted in the Kerala Finance Act, 2019 by clause 8(1)(a), for the figure, words and symbol "31st August, 2022" the figure, words and symbol "$31^{st}$ December, 2022", shall be substituted.

Shri Thiruvanchoor Radhakrishnan: Sir, I move the following amendment.

536. In Section 12(5) proposed to be substituted in the Kerala

Finance Act, 2019 by clause 8(1)(b), for the figure, words and symbol "31st December, 2022" the figure, words and symbol "31st March, 2023", shall be substituted.

Shri A. P. Anil Kumar: Sir, I move the following amendment.

541. In Section 12(7) proposed to be substituted in the Kerala Finance Act, 2019 by Clause 8(2), for the figure, words and symbol "31st December, 2022" the figure, words and symbol "31st January, 2023", shall be substituted.

Prof. Abid Hussain Thangal: Sir, I move the following amendment.

543. In Section 12(7) proposed to be substituted in the Kerala Finance Act, 2019 by Clause 8(2), for the words and figures "31st December, 2022" the words and figures "31st March, 2023", shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: 530 മുതൽ 532 വരെയുള്ള ഭേദഗതികൾ 529-ാം നമ്പർ ഭേദഗതിക്കും 537 മുതൽ 540 വരെയുള്ള ഭേദഗതികൾ 536-ാം നമ്പർ ഭേദഗതിക്കും 544 മുതൽ 547 വരെയുള്ള ഭേദഗതികൾ 543-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ

സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 527-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 528-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 529-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 533-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 536-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 541-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 543-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

Dr. M. K. Muneer: Sir, I move the following amendment.

550. In Section 10(5) proposed to be amended in the Kerala Finance Act, 2020 by clause 9(1)(a) for the words and figures "31st August, 2022" occurring at both places the words and figures "30th November, 2022" shall be substituted.

Shri C. R. Mahesh: Sir, I move the following amendment.

555. In Section 10(5) proposed to be amended in the Kerala Finance Act, 2020 by clause 9(1)(b) for the figures, words and symbol "31st December, 2022" the figures, words and symbol "31st January, 2023" shall be substituted.

Smt. Uma Thomas: Sir, I move the following amendments.

556. In Section 10(5) of the Kerala Finance Act, 2020 proposed to be amended by clause 9(1)(b) for the words and figures "31st December, 2022" the words and figures "28th February, 2023" shall be substituted.

566. In section 10 (7) proposed to be amended in the Kerala Finance Act, 2020 by clause 9(2) for the figures, words and symbol "31st December,2022" the figures, words and symbol "31st March, 2023" shall be substituted.

Shri Thiruvanchoor Radhakrishnan: Sir, I move the following amendment.

564. In Section 10(7) proposed to be amended in the Kerala Finance Act, 2020 by clause 9(2) for the words and figures "31st December, 2022" the words and figures "28th February, 2023", shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: 551-ാം നമ്പർ ഭേദഗതി മുതൽ 553-ാം നമ്പർ ഭേദഗതി വരെ 550-ാം നമ്പർ ഭേദഗതിക്കും 565-ാം നമ്പർ ഭേദഗതിയും 567 മുതൽ 572 വരെയുള്ള ഭേദഗതികളും 566-ാം നമ്പർ ഭേദഗതിക്കും സമാനമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. (മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 550-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 555-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 556, 566 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 564-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

574. ഖണ്ഡം 9-ന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക.

> "10. Validation.- Notwithstanding anything contained in the Kerala Motor Vehicles Taxation Act, 1976 (Act 19 of 1976) any reduction of tax granted by virtue of the provisions of the Kerala Finance Bill, 2022 (Bill No.99 of the Fifteenth Kerala Legislative Assembly) in respect of the period with effect from 1st April, 2022 to the date of publication of this Act, shall be deemed to have been validly done and any tax collected or paid at higher rates shall be deemed to have been validly collected or paid and the tax so collected shall not refunded."

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: മന്ത്രി അവതരിപ്പിച്ച 574-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് (പത്താം വകുപ്പ്) ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

Shri Thiruvanchoor Radhakrishnan: Sir, I move the following amendment.

106. In the long title, the word " certain" shall be deleted.

Shri T. V. Ibrahim: Sir, I move the following amendments.

113. In the long title, for the word, "financial" the word "budget" shall be substituted.

122. In the preamble, for the word "expedient" the word "convenient" shall be substituted.

136. In clause 1(1), after the word "Kerala" the word "State" shall be inserted.

147. In Clause 1(2)(a) shall be recast as follows:-
"Sub-section (1) of Section 4 shall come into force on 1st day of April 2022"

157. Clause 1 (2) shall be recast as follows;

"(2) save as otherwise provided in this Act, it shall be deemed to have come into force on 1st day of April, 2021"

Shri K. Babu (Thripoonithura): Sir, I move the following amendment.

133. In the preamble, after the word "Kerala" the words "as announched in the Budget" shall be inserted.

Prof. Abid Hussain Thangal: Sir, I move the following

amendment.

148. In the proviso to Clause 1(2)(b), for the words "this Act" the words "the Act" shall be substituted.

Shri Eldose P. Kunnappillil: Sir, I move the following amendment.

162. Clause 1(2) shall be recast as follows;
"(2) Save as otherwise provided in this Act it shall be deemed to have come in to force on 1st day of April, 2022"

മി. ഡെപ്യൂട്ടി സ്പീക്കർ: 107 മുതൽ 112 വരെയുള്ള ഭേദഗതികൾ 106-ാം നമ്പർ ഭേദഗതിക്കും 114 മുതൽ 118 വരെയുള്ള ഭേദഗതികൾ 113-ാം നമ്പർ ഭേദഗതിക്കും 120, 121 എന്നീ നമ്പർ ഭേദഗതികളും 123 മുതൽ 125 വരെയുള്ള ഭേദഗതികളും 122-ാം നമ്പർ ഭേദഗതിക്കും 135-ാം നമ്പർ ഭേദഗതിയും 137 മുതൽ 140 വരെയുള്ള ഭേദഗതികളും 136-ാം നമ്പർ ഭേദഗതിക്കും 150 മുതൽ 153 വരെയുള്ള ഭേദഗതികളും 155-ാം നമ്പർ ഭേദഗതിയും 154-ാം നമ്പർ ഭേദഗതിക്കും 156-ാം നമ്പർ ഭേദഗതിയും 158 മുതൽ 161 വരെയുള്ള ഭേദഗതികളും 157-ാം നമ്പർ ഭേദഗതിക്കും 163-ാം നമ്പർ ഭേദഗതി 162-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. (മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ

സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 113, 122, 136, 147, 157 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2022-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ശബ്ദവോട്ടോടെ പാസ്സാക്കിയിരിക്കുന്നു.

## (ii) 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

### രണ്ടാം വകുപ്പ്

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

215. ഖണ്ഡം 2-ൽ "കേരള ഗവൺമെന്റ് ഗാരണ്ടികളുടെ" എന്നതിന് പകരം "കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ" എന്ന് ചേർക്കുക.

224. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3-ൽ "ഏപ്രിൽ ഒന്നാം തീയതി" എന്നീ വാക്കുകൾക്ക് പകരം "സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

230. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3-ൽ "ബാക്കി നിൽക്കുന്ന" എന്നീ വാക്കുകൾക്ക് പകരം "നില നിൽക്കുന്ന"എന്നീ വാക്കുകൾ ചേർക്കുക.

236. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ൽ "മൊത്തം സർക്കാർ ഗാരണ്ടികൾ" എന്നതിന് പകരം "മൊത്തം സർക്കാർ ഗാരണ്ടി" എന്ന് ചേർക്കുക.

239. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ൽ "ഗാരണ്ടികൾ" എന്നതിന് പകരം "ഗ്യാരണ്ടി " എന്ന് ചേർക്കുക.

254. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ്

3-ൽ "10" എന്നതിനു പകരം "7" എന്ന് ചേർക്കുക.

<u>ഡോ. എം. കെ. മുനീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

216. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3-ൽ "ഏതൊരു" എന്ന വാക്കിന് പകരം "എല്ലാ" എന്ന വാക്ക് ചേർക്കുക.

259. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3-ൽ "10" എന്നതിനു പകരം "8" എന്ന് ചേർക്കുക.

267. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ൽ "ആയിരിക്കേണ്ടതാണ്" എന്ന വാക്കിനു പകരം "ആയിരിക്കുന്നതാണ്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

222. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3-ൽ "ഏതൊരു" എന്നതിനുശേഷം "സാമ്പത്തിക" എന്നത് ചേർക്കുക.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

240. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ൽ "ഗാരണ്ടികൾ" എന്നതിന് ശേഷം "6-ാം വകുപ്പിന് അനുസൃതമായി രൂപീകരിച്ച ഗാരണ്ടി റിടംപ്ഷൻ ഫണ്ടിൽ അഞ്ചാം വകുപ്പ് പ്രകാരം ചുമത്തുന്ന ഗാരണ്ടി കമ്മീഷൻ വകയിരുത്തി സംസ്ഥാനത്തിന്റെ പൊതു കണക്കിൽ അടച്ചതിന്റെ കൂടി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള" എന്നത് ചേർക്കുക.

251. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3 ൽ "10" എന്നതിന് പകരം "6" എന്നത് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

241. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ൽ "പ്രകാരമുള്ള"എന്ന വാക്കിന് ശേഷം "സംസ്ഥാനത്തിന്റെ" എന്ന വാക്ക് ചേർക്കുക.

247. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് '3'-ൽ "അല്ലെങ്കിൽ" എന്ന വാക്കിനുശേഷം "സംസ്ഥാനത്തിന്റെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

245. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3-ൽ "100" എന്നതിന് പകരം "75" എന്നത് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

246. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3-ൽ "100" എന്നതിന് പകരം "80" എന്നത് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

274. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3 താഴെപ്പറയും പ്രകാരം മാറ്റുക:-

"(3) ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി - ഏതൊരു സാമ്പത്തിക വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം സർക്കാർ ഗാരണ്ടികൾ മുൻവർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മൊത്തം റവന്യു വരുമാനത്തിന്റെ 75 ശതമാനത്തിൽ കവിയാൻ പാടുള്ളതല്ല."

മി. ഡെപ്യൂട്ടി സ്പീക്കർ: 217 മുതൽ 221 വരെയുള്ള ഭേദഗതികൾ 216-ാം നമ്പർ ഭേദഗതിക്കും 223-ാം നമ്പർ ഭേദഗതിയും 225 മുതൽ 228 വരെയുള്ള ഭേദഗതികൾ 224-ാം നമ്പർ ഭേദഗതിക്കും 229-ാം നമ്പർ ഭേദഗതിയും 231 മുതൽ 234 വരെയുള്ള ഭേദഗതികളും 230-ാം നമ്പർ ഭേദഗതിക്കും 252, 253 എന്നീ നമ്പർ ഭേദഗതികളും 255 മുതൽ 258 വരെയുള്ള ഭേദഗതികളും 254-ാം നമ്പർ ഭേദഗതിക്കും 260 മുതൽ 264 വരെയുള്ള ഭേദഗതികൾ 259-ാം നമ്പർ ഭേദഗതിക്കും 268 മുതൽ 272 വരെയുള്ള ഭേദഗതികൾ 267-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. (മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 215, 224, 230, 236, 239, 254 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 216, 259, 267 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 240, 251 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 241, 247 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാ വകുപ്പ് ബില്ലിന്റെ ഭാഗമാക്കിയിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

107. ദീർഘശീർഷകത്തിൽ "കേരള" എന്ന വാക്കിനുപകരം "സംസ്ഥാന" എന്ന വാക്ക് ചേർക്കുക.

126. ദീർഘ ശീർഷകത്തിൽ "ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് " എന്നതിനുപകരം "ഒരു ധനകാര്യ നിർദ്ദേശത്തിന്" എന്ന് ചേർക്കുക.

149. പീഠികയിൽ "കേരള സർക്കാരിന്റെ" എന്നീ വാക്കുകൾക്ക് പകരം "ബജറ്റ് പ്രഖ്യാപനത്തിന്" എന്നീ വാക്കുകൾ ചേർക്കുക.

155. പീഠികയിൽ "ചില ധനകാര്യ നിർദ്ദേശങ്ങൾക്ക്" എന്നീ വാക്കുകൾക്ക് പകരം "ഒരു ധനകാര്യ നിർദ്ദേശത്തിന്" എന്നീ വാക്കുകൾ ചേർക്കുക.

168. പീഠികയിൽ "വീണ്ടും" എന്ന വാക്ക് ഒഴിവാക്കുക.

180. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയും" എന്ന വാക്കിന് പകരം "ഇനിപ്പറയും"എന്ന വാക്ക് ചേർക്കുക.

196. ഖണ്ഡം 1 (2) -ൽ "പ്രാബല്യത്തിൽ" എന്നതിനുപകരം "നിലവിൽ" എന്ന് ചേർക്കുക.

208. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക:-
"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

119. ദീർഘശീർഷകത്തിൽ "ചില" എന്ന വാക്ക് ഒഴിവാക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

132. ദീർഘശീർഷകത്തിൽ "നിർദ്ദേശങ്ങൾക്ക്" എന്ന വാക്കിനുശേഷം "നിയമ" എന്ന വാക്ക് ചേർക്കുക.

143. പീഠികയിൽ "കേരള സർക്കാരിന്റെ"എന്നീ വാക്കുകൾക്ക് പകരം "സംസ്ഥാന സർക്കാരിന്റെ" എന്നീ വാക്കുകൾ ചേർക്കുക.

166. പീഠികയിൽ "നിർദ്ദേശങ്ങൾക്ക്" എന്നതിനു ശേഷം "നിയമ" എന്ന് ചേർക്കുക.

179. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്ന വാക്കിന് പകരം "ആവശ്യമായിരിക്കുകയാൽ" എന്ന വാക്ക് ചേർക്കുക.

195. ഖണ്ഡം 1 (2)-ൽ "തീയതി" എന്നതിനു ശേഷം "മുതൽ" എന്ന് ചേർക്കുക.

207. ഖണ്ഡം 1 (2) -ൽ "കരുതപ്പെടേണ്ടതാണ് " എന്നതിനു പകരം "കണക്കാക്കപ്പെടേണ്ടതാണ് " എന്ന് ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

139. ദീർഘ ശീർഷകം ചുവടെ പറയും പ്രകാരം മാറ്റുക: "2003-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരിധി ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള"

140. പീഠികയുടെ തുടക്കത്തിൽ "കേരളത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായി തുടരുന്നതിനാൽ അവ പരിഹരിക്കുന്നതിന് വേണ്ടി" എന്ന് ചേർക്കുക

167. പീഠികയിൽ "ഗാരണ്ടികളുടെ" എന്ന വാക്കിന് പകരം "ഗ്യാരണ്ടികളുടെ" എന്ന വാക്ക് ചേർക്കുക.

188. ഖണ്ഡം 1(2)-ൽ "തീയതി" എന്നതിന് ശേഷം "പൂർവ്വാഹനത്തിൽ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

141. പീഠികയിൽ "2022-2023 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ" എന്നതിന് പകരം "കേരള സർക്കാരിന്റെ 2022-2023 സാമ്പത്തിക വർഷത്തേക്കുള്ള" എന്നത് ചേർക്കുക.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

186. ഖണ്ഡം 1(1)-ൽ "ആക്ടിന്" എന്നതിനുപകരം "നിയമത്തിന്" എന്ന് ചേർക്കുക.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 108 മുതൽ 113 വരെയുള്ള ഭേദഗതികൾ 107-ാം നമ്പർ ഭേദഗതിക്കും 120 മുതൽ 125 വരെയുള്ള ഭേദഗതികൾ 119-ാം നമ്പർ ഭേദഗതിക്കും 127 മുതൽ 131 വരെയുള്ള ഭേദഗതികൾ 126-ാം നമ്പർ ഭേദഗതിക്കും 133 മുതൽ 137 വരെയുള്ള ഭേദഗതികൾ 132-ാം നമ്പർ ഭേദഗതിക്കും 144 മുതൽ 148 വരെയുള്ള ഭേദഗതികൾ 143-ാം നമ്പർ ഭേദഗതിക്കും 150 മുതൽ 154 വരെയുള്ള ഭേദഗതികൾ 149-ാം നമ്പർ ഭേദഗതിക്കും 156 മുതൽ 160 വരെയുള്ള ഭേദഗതികൾ 155-ാം നമ്പർ ഭേദഗതിക്കും 161 മുതൽ 165 വരെയുള്ള ഭേദഗതികൾ 166-ാം നമ്പർ ഭേദഗതിക്കും 169 മുതൽ 173 വരെയുള്ള ഭേദഗതികൾ 168-ാം നമ്പർ ഭേദഗതിക്കും 174-ാം മുതൽ 178 വരെയുള്ള ഭേദഗതികൾ 179-ാം നമ്പർ ഭേദഗതിക്കും 181 മുതൽ 185 വരെയുള്ള ഭേദഗതികൾ 180-ാം നമ്പർ ഭേദഗതിക്കും 189 മുതൽ 194 വരെയുള്ള ഭേദഗതികൾ 195-ാം നമ്പർ ഭേദഗതിക്കും 197 മുതൽ 201 വരെയുള്ള ഭേദഗതികൾ 196-ാം നമ്പർ ഭേദഗതിക്കും 202 മുതൽ 206 വരെയുള്ള ഭേദഗതികൾ 207-ാം നമ്പർ ഭേദഗതിക്കും 209 മുതൽ 214 വരെയുള്ള ഭേദഗതികൾ 208-ാം നമ്പർ

ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. (മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 107, 126, 149, 155, 168, 180, 196, 208 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 132, 143, 166, 179, 195, 207 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 139, 140, 167, 188 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ശബ്ദവോട്ടോടെ പാസ്സാക്കിയിരിക്കുന്നു.

(iii) 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബില്ലിനെ സംബന്ധിച്ച് കൂടുതലൊന്നും സംസാരിക്കാനില്ല. ഒരു ഭേദഗതി മാത്രമാണുള്ളത്. കേരള സഹകരണ സംഘം നിയമം വകുപ്പ് 28 ഉപവകുപ്പ് 8-ലെ വ്യവസ്ഥയ്ക്ക് ഒരു പ്രൊവിസോ

കൂട്ടിച്ചേർത്ത് അഡ്മിനിസ്ട്രേറ്ററോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ ഉള്ള അംഗസംഘങ്ങളിലെ അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിയോഗിക്കുന്ന സംഘാംഗത്തിന് മേഖലാ ക്ഷീരോത്പാദക സഹകരണ യൂണിറ്റിലെ പൊതുയോഗത്തിൽ പങ്കെടുക്കുന്നതിനും തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിനും അനുവാദം നൽകുന്നതാണ് ഭേദഗതി നിർദ്ദേശം. ഇതാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഈ ബില്ലിലെ വ്യവസ്ഥകളിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ക്ഷീരോത്പാദക സഹകരണ സംഘങ്ങളിൽ ജനാധിപത്യ വിരുദ്ധമായി അധികാരം ഉപയോഗിച്ച് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുന്നതിനും അതിലൂടെ ഭരണം പിടിച്ചെടുക്കുന്നതിനുമുള്ള ആസൂത്രിത ശ്രമമാണ് ഈ നിയമനിർമ്മാണത്തിലൂടെ സർക്കാർ നടത്തുന്നത്. ആയതിനാൽ ഈ ബില്ലിലെ വ്യവസ്ഥകളോട് ആദ്യംതന്നെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ദീർഘനാളത്തെ പരിശ്രമംകൊണ്ട് മിൽമയെ ഇന്നത്തെ നിലയിൽ വളർത്തിയെടുത്ത ചില വ്യക്തികളെ ലക്ഷ്യം വച്ചുകൊണ്ടാണ് സർക്കാർ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. യഥാർത്ഥത്തിൽ മിൽമയെക്കൂടി പിടിക്കണമെന്ന രാഷ്ട്രീയ ലക്ഷ്യം മാത്രമാണ് ഇതിനുപിന്നിലുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ (ശ്രീ. ഇ.കെ. വിജയൻ)

മൂവായിരത്തി അഞ്ഞൂറോളം പ്രൈമറി സംഘങ്ങൾ, മലബാർ/തിരുവനന്തപുരം/എറണാകുളം മേഖലാ യൂണിയനുകൾ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ എന്നിങ്ങനെയുള്ള ത്രിതല സംവിധാനമാണ് മിൽമയിൽ നിലവിലുള്ളത്. ഇതിൽ കേരളത്തിലെ മൂന്ന് മേഖലാ യൂണിയനുകൾക്ക് മാത്രമായി ഭരണസമിതി അംഗത്വ യോഗ്യത മൂന്നുതവണ അല്ലെങ്കിൽ പതിനഞ്ച് വർഷം ഇടവേളയ്ക്കുശേഷം സാധ്യമല്ലെന്നാക്കുകയുണ്ടായി. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇങ്ങനെയൊരു വ്യവസ്ഥയില്ല. ആനന്ദ് മോഡൽ എന്നാണ് ഇതിനെ വിളിക്കുന്നത്. എന്നാൽ ആനന്ദ് മോഡലിലും ഇങ്ങനെയൊരു വ്യവസ്ഥയില്ലെന്നാണ് മനസ്സിലാക്കുന്നത്. സംസ്ഥാനത്തെ മൂന്ന് മേഖലാ യൂണിയനുകൾക്കുമാത്രമേ ഇത്തരത്തിലൊരു വ്യവസ്ഥ കൊണ്ടുവരുന്നുള്ളൂ. അതേസമയം പ്രൈമറി സംഘങ്ങൾക്കും കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനും ഇങ്ങനെ വ്യവസ്ഥയില്ല. കേരളത്തിലെ കയർ സംഘങ്ങളിലടക്കം മറ്റൊരു മേഖലകളിലും ഇങ്ങനെയൊരു വ്യവസ്ഥ കണ്ടിട്ടില്ല. ഭരണഘടനാ ഭേദഗതിക്ക് വിരുദ്ധമായ നിലപാടാണ് സർക്കാർ ഈ നിയമ ഭേദഗതിയിലൂടെ കൊണ്ടുവരുന്നത്. ഭരണഘടനയുടെ 97-ാം

നമ്പർ ഭേദഗതി പ്രകാരം സഹകരണസംഘം രൂപീകരിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ട്. കേരളം കണികണ്ടുണരുന്ന മിൽമയെ ഇന്നത്തെ നിലയിൽ കെട്ടിപ്പടുത്തത് തുടർച്ചയായി നേതൃസ്ഥാനങ്ങളിലിരുന്ന നിഷ്കാമകർമ്മികളായവരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനംകൊണ്ട് മാത്രമാണ്. ഈ ഭേദഗതി നടപ്പിലാക്കുന്നതോടെ 90 ദിവസംകൊണ്ട് ലഭിക്കുമായിരുന്ന അംഗത്വത്തിന് 180 ദിവസംവരെ കാത്തിരിക്കേണ്ടതായിവരും. ക്ഷീര കർഷകരെ സംഘങ്ങളിൽനിന്നും അകറ്റിനിർത്തുന്ന ഭേദഗതി കൂടിയാണിത്. പ്രാഥമിക സംഘങ്ങൾക്ക് മേഖലാ യൂണിയനിൽനിന്നും അഫിലിയേഷൻ ലഭിക്കാനുള്ള യോഗ്യത തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗമാകണമെന്നതാണ്. ആ സംഘം പാലിന്റെ സംഭരണവും വില്പനയും നടത്തണമെന്നതാണ് സർക്കാർ കൊണ്ടുവന്ന ഭേദഗതി. മുമ്പ് മിൽമയ്ക്ക് പാൽ നൽകുന്ന സംഘങ്ങൾക്കുമാത്രമേ അഫിലിയേഷൻ ലഭിച്ചിരുന്നുള്ളൂ. എന്നാൽ ഈ ഭേദഗതിയിലൂടെ മിൽമയ്ക്ക് പാൽ അളക്കണമെന്ന് നിർബന്ധമില്ല. ഈ നിയമം കൊണ്ടുവരുന്നത് മിൽമയെ തകർക്കാനാണ്. മിൽമയിൽ പാൽ അളക്കാതെ പുറത്ത് പ്രത്യേക ബ്രാൻഡ് നടത്തുന്നവരെ സഹായിക്കാനോ വളഞ്ഞ വഴിയിലൂടെ മിൽമയിൽ കയറാനോ ഉള്ള വ്യവസ്ഥയാണിത്.

ക്ഷീരകർഷകർക്ക് ന്യായവില നൽകുന്നതും വിപണി ഉറപ്പാക്കുന്നതും മിൽമയാണ്. മിൽമ ഇല്ലാതായാൽ കർഷക വിപണി ഇല്ലാതാകുകയും സ്വകാര്യ കമ്പനികൾക്ക് ഈ മേഖലയിലെ കർഷകരെ ചൂഷണം ചെയ്യുന്നതിനുള്ള വഴിയൊരുങ്ങുകയും ചെയ്യും. കഴിഞ്ഞ നാൽപ്പത് വർഷത്തെ മിൽമയുടെ ക്രമാനുഗതമായ പുരോഗതി വ്യക്തമാക്കുന്നത് പ്രായോഗികതയും കാര്യക്ഷമതയുമാണ്. എന്നാൽ ഈ ഭേദഗതി പ്രകാരം നിലവിലുള്ള മേഖലാ യൂണിയനുകളുടെ പ്രവർത്തനപരിധി രണ്ട് ജില്ലകളിലായി വരുന്നത് സ്ഥാപനങ്ങളുടെ ഫിനാഷ്യൽ ക്രെഡിബിലിറ്റി നഷ്ടപ്പെടുന്നതിനും ചെലവുകൾ ക്രമാതീതമായി വർദ്ധിക്കുന്നതിനുമിടയാക്കും. കാലിത്തീറ്റയുടെയും മറ്റും വിലവർദ്ധന കാരണം മുഴുവൻ പാലും ക്ഷീരസംഘങ്ങളിൽ കുറഞ്ഞ വിലയ്ക്ക് നൽകി ഈ തൊഴിൽ ലാഭകരമായി നടത്താൻ സാധിക്കുകയില്ലെന്നതാണ് സത്യം. എന്നാൽ അംഗത്വം ലഭിക്കുന്നതിനുപോലും 500 ലിറ്റർ പാൽ നൽകിയിരിക്കണമെന്ന വ്യവസ്ഥ അപ്രായോഗികമാണെന്നതിനാൽ മിക്ക കർഷകരും ഇതിലെ അംഗത്വം നിഷേധിക്കാനിടയാകും. മാത്രമല്ല, ഈ ഭേദഗതിമൂലം എല്ലാ ക്ഷീരസംഘങ്ങളിലും വോട്ടർമാരുടെ എണ്ണം ഗണ്യമായി കുറയുകയും ജനാധിപത്യ പ്രക്രിയതന്നെ അട്ടിമറിക്കപ്പെടുകയും ചെയ്യും. നിലവിൽ

ക്ഷീരസംഘങ്ങളിലെ സജീവാംഗങ്ങളായ ക്ഷീരകർഷകർക്ക് ഈ ഭേദഗതിമൂലം വോട്ടവകാശം നഷ്ടപ്പെടുകയും നിക്ഷിപ്ത താൽപ്പര്യക്കാരുടെ കൈകളിൽ സംഘത്തിന്റെ ഭരണം എത്തിച്ചേരുകയും ചെയ്യും. കേരളീയരുടെ ധനകാര്യ ആവശ്യങ്ങളിൽ നല്ലൊരു പങ്ക് നിറവേറ്റുന്നത് സഹകരണ സ്ഥാപനങ്ങളാണ്. സഹകരണമേഖല തകർച്ചയിലെത്തിയാൽ തകരുന്നത് കേരളത്തിന്റെ സമ്പദ്ഘടനയാണ്. വാണിജ്യ ബാങ്കുകളുടെ നിക്ഷേപാനുപാതം 50 ശതമാനത്തിന് താഴെയായിരിക്കുമ്പോൾ സഹകരണ മേഖലയിലെ ആകെ നിക്ഷേപം സംസ്ഥാനത്തിന്റെ വികസനത്തിനായി വിനിയോഗിച്ചാണ് കേരളം ഇന്നുകാണുന്ന പുരോഗതി കൈവരിച്ചത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട വിഷയമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. കേരളത്തിലെ സഹകരണ പ്രസ്ഥാന പ്രവർത്തനത്തിൽ എല്ലാവരുടെയും കൂട്ടായ ശ്രമമുണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോൾ കൊണ്ടുവന്ന ഭേദഗതി സഹകരണ പ്രസ്ഥാനത്തെ തങ്ങളുടെ രാഷ്ട്രീയ താൽപ്പര്യംവച്ച് വരുതിയിലാക്കാനുള്ള നീക്കത്തിന്റെ ഭാഗമായി മാത്രമേ കാണാൻ സാധിക്കൂ. കാലിത്തീറ്റയുടെ ലഭ്യതക്കുറവുമൂലം ക്ഷീരകർഷകർ പ്രയാസം അനുഭവിക്കുകയാണ്. കൂടിയ വിലയ്ക്ക് പൊതുമാർക്കറ്റിൽ നിന്ന് അവർ കാലിത്തീറ്റ വാങ്ങുകയാണ്. എന്നാൽ

അതിനനുസരിച്ചുള്ള വരുമാനം അവർക്ക് ലഭ്യമാകുന്നില്ല. ഇത്തരം കാര്യങ്ങളിലിടപെട്ട് ക്ഷീരകർഷകരെ ഈ ദുരിതത്തിൽനിന്ന് രക്ഷപ്പെടുത്താനാവശ്യമായ നടപടിയാണ് നമുക്കാവശ്യം. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, പണ്ട് സഹകരണമേഖലയിൽ പിരിച്ചുവിടലും പിടിച്ചടക്കലുമടക്കം ഒട്ടേറെ ക്രമവിരുദ്ധ പ്രവർത്തനങ്ങൾ നടന്നിരുന്നു. എന്നാൽ ഇത്തരം അനാരോഗ്യകരമായ പ്രവണതകൾ ഇപ്പോൾ ഈ മേഖലയിൽ നടക്കുന്നില്ലെന്നത് സത്യമാണ്. ഒരു കുഴപ്പവുമില്ലാതെ മുന്നോട്ടുപോകുന്ന സഹകരണ മേഖലയെ ഇത്തരത്തിലുള്ള ജനാധിപത്യവിരുദ്ധ നടപടികൾ ദോഷകരമായി ബാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സഹകരണമേഖല ഏതൊക്കെ സന്ദർഭങ്ങളിൽ പ്രതിസന്ധി നേരിട്ടിട്ടുണ്ടോ അപ്പോഴൊക്കെ ഒരുമിച്ച് നിൽക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം സഹകരണ മേഖലയുമായി ബന്ധപ്പെട്ട് ഇവിടെ ഫലപ്രദമായ ചർച്ച നടന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതുപോലെ പ്രതിപക്ഷനേതാവുമടക്കം അതിൽ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിയും നല്ല രീതിയിലാണ് ആ ചർച്ചയെ കണ്ടത്. നോട്ട് നിരോധനം സഹകരണ

മേഖലയിലുണ്ടാക്കിയ പ്രതിസന്ധി എത്രത്തോളമായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. കേരള നിയമസഭ ഒറ്റക്കെട്ടായി അതിനെതിരെ പ്രമേയം പാസ്സാക്കുകയും കേന്ദ്രസർക്കാർ ഓഫീസുകളുടെയും റിസർവ് ബാങ്കിന്റെയുമൊക്കെ മുമ്പിൽ നമ്മൾ ഒരുമിച്ച് സമരം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ഏതൊക്കെ സന്ദർഭത്തിൽ സഹകരണമേഖലയ്ക്ക് പ്രതിസന്ധിവന്നിട്ടുണ്ടോ ആ സമയത്തൊക്കെ നമുക്ക് ഒരുമിച്ചുനിൽക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ ഈ മേഖലയിൽ ഒരുമിച്ച് നിൽക്കേണ്ട സമയമാണ്, കലഹിക്കേണ്ട സമയമല്ല. കേന്ദ്രത്തിൽ സഹകരണ മന്ത്രാലയം രൂപീകരിച്ചത് കേരളത്തെ ലക്ഷ്യം വച്ചുകൊണ്ടാണെന്നാണ് എന്റെ അഭിപ്രായം. സംസ്ഥാനത്ത് ഇപ്പോൾ വ്യാപകമായി പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ കേന്ദ്രത്തിന്റെ നിയന്ത്രണത്തിലുള്ളവയാണ്. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്ന വിധത്തിൽ എല്ലാ മാനദണ്ഡങ്ങളും ലംഘിച്ച് അവർ ബാങ്കിംഗ് പ്രവർത്തനം നടത്തുകയാണ്. അതേസമയം എൻഫോഴ്സ്മെന്റ്/ഇൻകംടാക്സ് ഉദ്യോഗസ്ഥർ നമ്മുടെ സ്ഥാപനങ്ങളിൽ കയറിയിറങ്ങുകയാണ്. നിരവധി തവണ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തതാണ്. ഇങ്ങനെയൊരു ഭീഷണിയുടെ വക്കിൽ,

ഡെമോക്ലീസിന്റെ വാളുപോലെ കേന്ദ്ര സർക്കാരിന്റെ സഹകരണ മന്ത്രാലയം ലക്ഷ്യമിടുന്നത് നമ്മുടെ സഹകരണ മേഖലയെയാണ്. സഹകരണ മേഖലയിലെ പ്രവർത്തനം, നിക്ഷേപം, വൈവിദ്ധ്യവൽക്കരണത്തിലൂടെ ആർജ്ജിച്ച പുരോഗതി എന്നിവ കണ്ട് കേന്ദ്രസർക്കാരിന്റെ കണ്ണ് മഞ്ഞളിച്ചിരിക്കുകയാണ്. ഏതൊക്കെതരത്തിലും സഹകരണ മേഖലയെ തകർക്കാൻ ലക്ഷ്യമിട്ടാണ് കേന്ദ്രം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ സന്ദർഭത്തിൽ ഇതുപോലെയുള്ള ജനാധിപത്യവിരുദ്ധ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുന്നത് ഭൂഷണമല്ല. ഈ ജനാധിപത്യ സ്വഭാവവും അതുപോലെ സ്വയംഭരണാവകാശവും നിലനിർത്തിയാൽ മാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കഴിഞ്ഞ രണ്ടാഴ്ച മുമ്പ് ആസ്ട്രേലിയയിൽനിന്നും യു.എസ്.-ൽനിന്നും ന്യൂസിലാൻഡിൽനിന്നും പാൽ ഇറക്കുമതി ചെയ്യാനുള്ള തീരുമാനമായിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെടുത്തശേഷം കുറഞ്ഞത് 15 രൂപയ്ക്ക് പാൽ വിൽക്കാനുള്ള സ്ഥിതിയാണുള്ളത്. അങ്ങനെവന്നാൽ സഹകരണ മേഖല മുഴുവൻ തകരും. ഇന്ത്യയാണ് പാലുൽപ്പാദനത്തിൽ ലോകത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന രാജ്യം. അത് തകർക്കാനുള്ള പരിപാടി ഇപ്പോൾ നരേന്ദ്രമോദി ഗവൺമെന്റ്

ചെയ്തിട്ടുണ്ട്. അതിനെക്കുറിച്ച് എന്താണ് ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം?

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : സർ, അതൊക്കെ വളരെ ഗൗരവത്തോടുകൂടി കാണേണ്ട പ്രശ്നമാണ്. സഹകരണ മേഖല കഴിഞ്ഞ കാലങ്ങളിൽ ഏകദേശം ലക്ഷം കോടി രൂപയുടെ നിക്ഷേപം ആർജ്ജിച്ചിട്ടുണ്ട്. സഹകരണ മേഖലയ്ക്കുമേൽ ആധിപത്യം സ്ഥാപിച്ച് എങ്ങനെ അതിന്റെ വളർച്ചയ്ക്ക് തടയിടാൻ സാധിക്കുമെന്നാണ് കേന്ദ്രസർക്കാർ പരിശോധിക്കുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, നമ്മൾ കലഹിക്കാതെ ഒരുമിച്ച് നിൽക്കേണ്ട സമയമാണിതെന്ന്. അതുകൊണ്ട് ജനാധിപത്യപരമായ സ്വയംഭരണാവകാശം തകർക്കുന്ന ഇടപെടലുകൾ സർക്കാർ കുറച്ചുകൊണ്ടുവരണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഈ വിഷയത്തെക്കുറിച്ച് സൂചിപ്പിച്ചു, സഹകരണ മേഖലയുടെ അനന്തമായ സാദ്ധ്യതകളെ പൂർണ്ണ അർത്ഥത്തിൽ പ്രയോജനപ്പെടുത്താൻ ഇപ്പോഴും സാധിച്ചിട്ടില്ല. ഇവിടെയൊരു വിദഗ്ദ്ധാഭിപ്രായം അത്യാവശ്യമാണെന്ന് കരുതുന്ന ആളാണ് ഞാൻ. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഈ മേഖലയിൽ കഴിവുള്ള,

പ്രൈമറിതലം മുതൽ അപ്പെക്സ് സ്ഥാപനങ്ങളുടെവരെ ഭരണം നിയന്ത്രിച്ച ആളാണ്. നമ്മളൊക്കെ ഒരുമിച്ച് പ്രവർത്തിച്ചവരാണ്. അതുകൊണ്ട് ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങളിൽനിന്ന് മാറിനിന്നുകൊണ്ട് സഹകരണ മേഖല കരുത്താർജ്ജിച്ചുകൊണ്ട് സംസ്ഥാനത്തിന് ഗുണകരമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഇടപെടലുകളുണ്ടാകണം. സഹകരണമേഖലയ്ക്ക് പ്രതിസന്ധിയുണ്ടായ സന്ദർഭങ്ങളിലൊക്കെ ഒരുമിച്ചുനിൽക്കാൻ കേരളത്തിലെ സഹകാരി സമൂഹം തയ്യാറായിട്ടുണ്ട്. അതുകൊണ്ട് അത്തരത്തിലുള്ളൊരു ചർച്ചയും പ്രവർത്തനവും ക്രിയാത്മകമായ ഇടപെടലുകളും ഈ വിഷയത്തിലുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ ബില്ലിന്റെ ഉദ്ദേശ്യത്തെയും പശ്ചാത്തലത്തെയും സംബന്ധിച്ച് ശ്രീ. പി. അബ്ദുൽ ഹമീദ് ഇവിടെ സൂചിപ്പിച്ചു. ഈ ബില്ലുകളൊക്കെ അവതരിപ്പിക്കുമ്പോൾ, നിങ്ങൾ മന്ത്രിയായപ്പോൾ ചൊല്ലിയ പ്രതിജ്ഞ ഇടയ്ക്കിടയ്ക്കൊന്ന് ഓർക്കുന്നത് നന്നായിരിക്കുമെന്ന് എനിക്ക് തോന്നുന്നു. “ I will faithfully and conscientiously discharge my duties as a Minister for the State of..........and that I will do right to all manner of people in accordance

with the Constitution and the law without fear or favour, affection or ill-will.” എന്നാണ് അന്ന് ബഹുമാനപ്പെട്ട മന്ത്രി എടുത്ത പ്രതിജ്ഞ. ഞാൻ ആത്മാർത്ഥമായി അങ്ങയോട് ചോദിക്കുകയാണ്, ഈ നിയമം ഇൻട്രൊഡ്യൂസ് ചെയ്ത് ബിൽ നിയമസഭയിൽ കൊണ്ടുവന്നിരിക്കുന്നത് അങ്ങ് പറഞ്ഞ ആ സത്യവാചകത്തോട് ചേർന്നുനിൽക്കുന്നതാണോ; without fear or favour, 'affection or ill-will', ഒരു ദുഷ്ടലാക്ക് ഈ ബിൽ കൊണ്ടുവന്നതിലില്ലേ? I am honest to core of my heart എന്ന് ബഹുമാനപ്പെട്ട അംഗത്തിന് പറയാൻ കഴിയുമോ? ഇല്ല. ഈ ബില്ലിലൂടെ നിങ്ങൾ ആഗ്രഹിക്കുന്നത് എന്താണെന്ന് ഇവിടെ സൂചിപ്പിച്ചു. ഈ ബില്ലിന്റെ അടിസ്ഥാനം എന്താണ്? അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് വോട്ടിംഗ് റൈറ്റ്സ് കൊടുക്കുന്നതിനുവേണ്ടിയാണ് അല്ലെങ്കിൽ അതിന് അവകാശമുണ്ടെന്ന് വരുത്തുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവരുന്നത്. ഈ സഭയിൽ നമ്മൾ നിരന്തരം ജനാധിപത്യത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ജനാധിപത്യമാണ് പരമം, അല്ലെങ്കിൽ ജനാധിപത്യത്തിനുവേണ്ടിയാണ് നമ്മളെല്ലാവരും നിലകൊള്ളുന്നത്. ഒരു ജനാധിപത്യ സംവിധാനത്തിൽ രൂപീകരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഭരണസമിതി അധികാരത്തിലിരിക്കണമെന്ന്

വ്യവസ്ഥ ചെയ്ത് മുന്നോട്ടുപോകണമെന്ന് വിവക്ഷിച്ച് നമ്മളുണ്ടാക്കിയ നിയമമനുസരിച്ചാണ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നത്. ആ നിയമത്തിൽ ഏതെങ്കിലും ഭരണസമിതി തെറ്റുചെയ്താൽ അതിനെ പിരിച്ചുവിടാനോ അതിലിടപെടാനോ ഉള്ള ഒരവകാശം സർക്കാരിനുണ്ട്, അതാണ് Section-32. നിരവധിയായ ഭരണസംവിധാനങ്ങളെ അങ്ങനെ പിരിച്ചുവിട്ടതിനുശേഷം തെരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ട്. ആ തെരഞ്ഞെടുപ്പിനിടയിൽ അംഗത്വം കൂട്ടിച്ചേർക്കാനും ശ്രമിച്ചിട്ടുണ്ട്. നിരന്തരമായി സുപ്രീംകോടതിയും ഹൈക്കോടതിയും ഇക്കാര്യം പരിശോധിച്ച് ആവർത്തിച്ച് അടിവരയിട്ട് പറഞ്ഞിട്ടുണ്ട് ആ സൊസൈറ്റികളുടെ ജനാധിപത്യ അവകാശങ്ങളെ കവർന്നെടുക്കാൻ ആർക്കും അവകാശമില്ല എന്ന്. ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അധികാരത്തിൽ വന്നാൽ അവർക്ക് അംഗങ്ങളെ ചേർക്കാൻ കഴിയില്ല. കാരണം, that will alter the tone and tenor of that society. ആ സൊസൈറ്റിയുടെ ബേസിക്സിനെ മാറ്റുമെന്നതുകൊണ്ടാണ് അതുപോലും അംഗീകരിക്കാത്തത്. അങ്ങ് സഹകരണ മേഖലയെ സംബന്ധിച്ചുള്ള ചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ പലയിടത്തും അട്ടിമറിശ്രമങ്ങൾ നടക്കാറുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. തൊടുപുഴ കോ-ഓപ്പറേറ്റീവ്

സൊസൈറ്റിയുമായി ബന്ധപ്പെട്ട തെരഞ്ഞെടുപ്പിൽ ഒരു നേതാവിന്റെ വീട്ടിൽ നിന്നും വ്യാജ സീലും ബാലറ്റുമൊക്കെ പിടിച്ചെന്നൊ മറ്റോ ആണ് അങ്ങ് പരാമർശിച്ചത്. സഹകരണ വകുപ്പുമന്ത്രിയെന്ന നിലയിൽ അതിന്റെ ബാക്കികൂടി പറയാൻ അങ്ങ് തയ്യാറാകണം. തൊടുപുഴയിലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റി തെരഞ്ഞെടുപ്പ് വന്നപ്പോൾ അതിനെ അട്ടിമറിക്കാൻ ശ്രമമുണ്ടായി. പോലീസ് നിരീക്ഷണത്തിൽ വേണം അവിടെ തെരഞ്ഞെടുപ്പ് നടത്തേണ്ടതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞു. പോലീസ് വലിയ സന്നാഹങ്ങളുമായി വന്നു. നിങ്ങൾ ആ തെരഞ്ഞെടുപ്പ് അട്ടിമറിക്കുന്നതിനുവേണ്ടി അവിടെ തമ്പടിച്ച് ആയിരക്കണക്കിന് ഗുണ്ടകളുമായി ചേർന്ന് ആരെയും വോട്ട് ചെയ്യാൻ അനുവദിച്ചില്ല. ഈ സർക്കാരിന്റെ പോലീസ് കാഴ്ചക്കാരായി നിന്നു. അടിയന്തരപ്രമേയമായും സബ്മിഷനായുമൊക്കെ ഇവിടെ അക്കാര്യങ്ങൾ ഉയർന്നുവന്നില്ലേ? അധികാരം ദുരുപയോഗം ചെയ്ത് പോലീസിനെ കാഴ്ചക്കാരാക്കി നിർത്തി ഒരാൾക്കുപോലും വോട്ട് ചെയ്യാൻ കഴിയാതെ ഹൈക്കോടതി വിധിയെ കാറ്റിൽപ്പറത്തി തെരഞ്ഞെടുപ്പിനെ അട്ടിമറിച്ച ജനാധിപത്യമാണ് നിങ്ങളുടേത്. കഴിഞ്ഞ ദിവസം വീണ്ടും ഹൈക്കോടതി അതിരൂക്ഷമായി പോലീസിനെ വിമർശിച്ചു. നിങ്ങൾ അവിടെ

രാഷ്ട്രീയത്തിനുവേണ്ടി നിലകൊള്ളുകയായിരുന്നോ; യൂണിഫോമിട്ടുകൊണ്ട് നിങ്ങൾ അവിടെ എന്തെടുക്കുകയായിരുന്നു; ഈ രാജ്യത്ത് നിയമ വ്യവസ്ഥ നിലവിലില്ലേ; ഈ രാജ്യത്തെ ക്രമസമാധാനം തകർന്നോ എന്ന് ഹൈക്കോടതി ചോദിച്ചു. വീണ്ടും നിർദ്ദേശം വന്നതിനെത്തുടർന്ന് മിനിഞ്ഞാന്നാണ് അവിടെ ഇലക്ഷൻ നടത്തിയത്. അത് അങ്ങ് അറിഞ്ഞുകാണുമെന്ന് ഞാൻ വിചാരിക്കുന്നു. മിനിഞ്ഞാന്നത്തെ ഇലക്ഷനിൽ ആയിരക്കണക്കിന് വോട്ടുകളുടെ ഭൂരിപക്ഷത്തിൽ യു.ഡി.എഫ്.-ന്റെ ഭരണ സമിതി അവിടെ അധികാരത്തിൽ വന്നു. അത് തടയാൻ വേണ്ടിയാണ് അന്നത്തെ തെരഞ്ഞെടുപ്പ് നിങ്ങൾ മാറ്റിവയ്ക്കാൻ ശ്രമിച്ചത്. ഞാൻ ഇനി വിഷയത്തിലേക്ക് വരാം. This Act may be called the Kerala Co-operative Societies (Amendment) Act, 2022. It shall be deemed to have come into force on the 12th day of February, 2021 എന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. ഞാൻ ചോദിക്കുന്നു, ആത്മാർത്ഥമായി അങ്ങേയ്ക്ക് ഈ ഫ്ലോറിൽ മറുപടി നൽകാൻ കഴിയുമോ; നിയമത്തിന് മുൻകാല പ്രാബല്യം കൊടുക്കുന്നത് എന്തിനാണെന്ന്? ഞാൻ പറയാം. കേരളത്തിലെ ജനങ്ങൾ ഇതറിയണം. മിൽമയുടെ ഒരു റീജിയണൽ സംഘം പിടിക്കാൻവേണ്ടി അധികാരത്തിലിരിക്കുന്ന സർക്കാർ എന്തുമാത്രം

ചെറുതാകുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കണം. മിൽമ സൊസൈറ്റിയുമായി ബന്ധപ്പെട്ട് നടന്ന ഇലക്ഷനിൽ യഥാർത്ഥത്തിൽ വോട്ടവകാശമുള്ളവർ വോട്ട് ചെയ്തത് ഒരു ബാലറ്റിലും ജനാധിപത്യത്തിലൂടെയല്ലാതെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി പ്രകാരം വന്നവർ വോട്ട് ചെയ്തത് മറ്റൊരു ബാലറ്റിലുമാണ്. ജനാധിപത്യത്തിൽ ജീവനുള്ള കുഞ്ഞെന്നുപറയുന്നത് യഥാർത്ഥ വോട്ടവകാശമുള്ളവരുടെ ബാലറ്റിലെ വോട്ടുകൾക്കാണ്. അങ്ങ് ഇന്നിത് കൊണ്ടുവന്നിരിക്കുന്നത് എന്തിനാണെന്നറിയാമോ? ചാപിള്ളയായ, ജനാധിപത്യത്തിന്റെ സന്തതിയല്ലാത്ത ബാലറ്റുകളുടെ കുഞ്ഞുങ്ങൾക്ക് ജീവൻ നൽകാൻ വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. അതാണ് ജനാധിപത്യത്തെ അട്ടിമറിക്കുകയെന്ന് പറയുന്നത്. നിങ്ങൾ ഇനി ജനാധിപത്യത്തെക്കുറിച്ച് പറയരുത്, ജനാധിപത്യത്തിനുവേണ്ടി വാദിക്കരുത്. ഈ ബിൽ കൊണ്ടുവരുന്നതിലൂടെ ഇടതുപക്ഷ സർക്കാർ എത്രമാത്രം ചെറുതാകുന്നുവെന്ന് മനസ്സിലാക്കണം. ഒരു മിൽമ സൊസൈറ്റി പിടിക്കാൻവേണ്ടി ഈ സഭയുടെ സമയവും പ്രയത്നവും പാഴാക്കുകയാണ്. നിങ്ങൾ ഓർഡിനൻസ് കൊണ്ടുവരാൻ ശ്രമിച്ചു. ഓർഡിനൻസ് ബഹുമാനപ്പെട്ട ഗവർണർക്ക് അയച്ചപ്പോൾ അദ്ദേഹമത് തിരിച്ചയച്ചു. ഓർഡിനൻസ് പാസ്സായില്ല. അതുകൊണ്ട് ജനാധിപത്യത്തിൽ

ജീവനില്ലാത്ത ആ ബാലറ്റ് ബോക്സിലെ വോട്ടുകൾക്ക് ജീവൻ നൽകാൻ കൊണ്ടുവന്ന ഈ ബില്ലിനെ ഞാൻ അതിശക്തമായി എതിർക്കുകയാണ്. ഞാൻ പറയുന്നു, ഈ റിട്രോസ്പെക്ടീവ് ഇഫക്ട് ഞാൻ പ്രതീക്ഷിക്കുന്നില്ല. ഇനിയിപ്പോൾ അങ്ങ് ലക്ഷ്യം വയ്ക്കുന്നത് ഇപ്പോൾ വോട്ട് ചെയ്തിരിക്കുന്ന ആ ബാലറ്റുകളെ മാത്രമാണ്. അതിനുമുമ്പ് നടന്ന ഇലക്ഷനുകളെ ഇനിയിത് ബാധിക്കില്ലേ? അതിനുമുമ്പ് നടന്ന ഏതെങ്കിലും തെരഞ്ഞെടുപ്പിൽ ഭരണത്തിലിരുന്ന ആ സൊസൈറ്റിക്ക് വോട്ടവകാശമുണ്ടെന്ന് പറയുമ്പോൾ കഴിഞ്ഞുപോയ തെരഞ്ഞെടുപ്പിനെ ഇനി മാറ്റാൻ പറ്റുമോ? ഇനി അതിനെ നിങ്ങൾ എങ്ങനെ തരണം ചെയ്യും? സബ്ജക്ട് കമ്മിറ്റിയിൽ ഞാൻ വിയോജിപ്പ് പറഞ്ഞപ്പോൾ അങ്ങ് വളരെ സരസമായും ലളിതമായും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാൽ ഭരിക്കപ്പെടുന്ന സൊസൈറ്റികൾക്കും ജനാധിപത്യത്തിൽ പങ്കാളിത്തമുണ്ടാകണം എന്നതുകൊണ്ടാണ് ഈ ബിൽ കൊണ്ടുവരുന്നതെന്ന് പറയുകയുണ്ടായി. ഞാൻ അവിടെ തർക്കിക്കാൻ നിന്നില്ല. പക്ഷേ, അതിന് റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുക്കേണ്ട കാര്യമില്ല. റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുക്കുന്നത് ജനാധിപത്യത്തിലെ ഇല്ലീഗൽ സന്തതിക്ക് ജീവൻ കൊടുക്കാൻവേണ്ടി മാത്രമാണ്. ലക്ഷക്കണക്കിന് ക്ഷീരകർഷകരുടെ ദശാബ്ദങ്ങളുടെ കഠിനാദ്ധ്വാനംകൊണ്ടാണ് ഇന്നുകാണുന്ന

മിൽമയുണ്ടായത്. അല്ലാതെ ഒരു സുപ്രഭാതത്തിൽ ഉണ്ടായതല്ല. ക്രിയാത്മകമായ നേതൃത്വം നൽകിയ ധിഷണാശാലികളായ നൂറുകണക്കിന് മൺമറഞ്ഞ നേതാക്കളുടെ അദ്ധ്വാനംകൊണ്ടാണ് അതൊരു വലിയ പ്രസ്ഥാനമായി മാറിയത്. നിങ്ങൾക്ക് മിൽമയെ കീഴടക്കാനുള്ള ആഗ്രഹമാണ്, അതിനെ പിടിച്ചെടുക്കാനുള്ള ത്വരയാണ്. അതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത് അല്ലാതെ ജനാധിപത്യത്തെ പുഷ്ടിപ്പെടുത്താൻ വേണ്ടിയല്ല. ഞാൻ എന്റെ പ്രസംഗം ദീർഘിപ്പിക്കുന്നില്ല, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ എക്കാലത്തെയും ശത്രുവെന്ന് പറയുന്നത് ജനാധിപത്യമാണ്. ഞങ്ങളുടെ ശത്രു ബി.ജെ.പി.-യാണ്, ആർ.എസ്.എസ്. ആണ് എന്നൊക്കെ നിങ്ങൾ ഇവിടെ പറയും. ചരിത്രം പഠിക്കണം, ലോക ചരിത്രം നിങ്ങൾ പരിശോധിക്കണം. കമ്യൂണിസമെന്ന പ്രത്യയ ശാസ്ത്രത്തിന്റെ എക്കാലത്തെയും ശത്രു ജനാധിപത്യമായിരുന്നു. അതുകൊണ്ട് നിങ്ങൾ ജനാധിപത്യത്തെ അത്രമാത്രമേ റെസ്പെക്ട് ചെയ്തിട്ടുള്ളൂ. അല്ലാതെ ഒരു ജനാധിപത്യമുള്ള, ജനാധിപത്യ സംസ്കാരമുള്ള, ജനാധിപത്യം ഉള്ളിലുള്ളൊരു ഒരു ഭരണകൂടത്തിന് കൊണ്ടുവരാൻ കഴിയുന്നൊരു ബിൽ

അല്ല ഇത്. നിങ്ങൾക്ക് ഒരു സൊസൈറ്റി പിടിക്കണമെങ്കിൽ അന്തസ്സായി വോട്ടിലൂടെ, ജനങ്ങളുടെ അംഗീകാരത്തോടെ പിടിക്കാമായിരുന്നു, അതല്ലാതെ ഇങ്ങനെ വളഞ്ഞവഴിയിലൂടെയല്ല പിടിക്കേണ്ടത്. അതുകൊണ്ട് ഈ ബിൽ ജനാധിപത്യ വിരുദ്ധമാണെന്നും കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് എക്കാലത്തും ജനാധിപത്യം ശത്രുവായിരുന്നുവെന്നും പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, 2022-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ ഭേദഗതി ചെയ്യുന്നതിലുള്ള വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ക്ഷീര സഹകരണ സംഘങ്ങളുടെ ഭരണസമിതിയെ ഇല്ലാതാക്കാൻ ഈ ബില്ലിലൂടെ ശ്രമിക്കുന്നത് ജനാധിപത്യത്തെ അട്ടിമറിക്കാനാണ്. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ പുറത്താക്കാൻ മുൻകാല പ്രാബല്യത്തിൽ നടപ്പിലാക്കുന്ന ഈ ബിൽ സഭ തള്ളിക്കളയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇടതുപക്ഷ സർക്കാരിന്റെ രാഷ്ട്രീയപ്രേരിത പ്രതികാരത്തിന്റെ അവസാനത്തെ ഉദാഹരണമാണ് ഈ ബിൽ. രാഷ്ട്രീയ പ്രതിയോഗികളെ ഏത് വിധേനയും ഇല്ലാതാക്കുന്ന ഈ സർക്കാർ സഹകരണമെന്ന വാക്കിന്റെ മൂല്യവും തത്വവും മറന്ന് പ്രവർത്തിക്കുന്നതിന്റെ ഉദാഹരണമാണിത്.

സഹകരണ നിയമത്തിൽ വെള്ളം ചേർത്ത് ബ്യൂറോക്രസിയെ ഭരണമേൽപ്പിക്കുന്നതിലൂടെ സർക്കാരിന്റെ ചൊൽപ്പടിക്ക് ഉദ്യോഗസ്ഥരെ നിർത്തി സഹകരണ സ്ഥാപനങ്ങളുടെ ഭരണം കയ്യടക്കാനുള്ള വളഞ്ഞ വഴിയുടെ ഭാഗമാണ് ഈ ബിൽ. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സമീപകാലത്ത് സ്വീകരിച്ചതും ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നതുമായ എല്ലാ നടപടികളും സഹകരണ മേഖലയെ ദുർബ്ബലപ്പെടുത്താൻ വേണ്ടിയുള്ളതാണ്. സഹകരണ സംഘങ്ങൾക്ക് നൽകിയിരിക്കുന്ന എല്ലാ പരിഗണനകളും എടുത്തുകളഞ്ഞു. മത്സരിച്ച് അതിജീവിക്കണമെന്നതാണ് സഹകരണ സംഘങ്ങളോടുള്ള കേന്ദ്ര സർക്കാരിന്റെ സമീപനം. കോർപ്പറേറ്റ്, കോ-ഓപ്പറേറ്റീവ് വകഭേദം കേന്ദ്ര സർക്കാർ നയത്തിൽ ഇല്ലാതാക്കുകയാണ്. ഇതൊരു വാക്കിലുള്ള മാറ്റമല്ല. മൂലധനത്തിന്റെ തോതനുസരിച്ച് വ്യക്തികൾക്ക് അധികാരം ലഭിക്കുകയും ലാഭം മൂല്യാധിഷ്ഠിതമാകുകയും ചെയ്യുന്ന കമ്പനികളാണ് കോർപ്പറേറ്റുകൾ. ക്രെഡിറ്റ് സംഘങ്ങളെ ഇന്ത്യൻ ബാങ്കിംഗ് നിയമത്തിന്റെ വലിയ മാനദണ്ഡങ്ങൾ അടിച്ചേൽപ്പിച്ച് പ്രതിസന്ധിയിലാക്കുക, സാധാരണക്കാരന് പെൻഷൻ നൽകുന്ന തുകയ്ക്കുപോലും നികുതി ചുമത്തുക, നിലനിൽപ്പ് അപകടത്തിലാകുന്ന വിധത്തിൽ നിധി പോലെയുള്ള ബദൽ സാമ്പത്തിക

സംവിധാനം കൊണ്ടുവരിക എന്നിങ്ങനെ പോകുന്ന കേന്ദ്ര സർക്കാരിന്റെ പരിഷ്കാരങ്ങൾ. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് സ്വാതന്ത്ര്യ സമരത്തിന്റെ തീഷ്ണതയും ജനാധിപത്യബോധവുമുണ്ട്. ആ ബോധ്യത്തോടെയാണ് മാറിമാറി വന്ന സംസ്ഥാന സർക്കാരുകൾ സഹകരണ മേഖലയെ സമീപിച്ചത്. എന്നാൽ സംസ്ഥാന സർക്കാരിന്റെ സമീപകാല ഇടപെടലുകൾ ഈ രീതിയിൽ കാണാൻ കഴിയുന്നില്ല. സർക്കാർ ധനസഹായത്തിനായി നിർബന്ധിത വിഹിതം നിശ്ചയിക്കലിൽ തുടങ്ങി സഹകരണ സംഘങ്ങൾ നൽകേണ്ട ഫീസുകൾ കുത്തനെ ഉയർത്താനുള്ള തീരുമാനത്തിൽവരെ ഈ നയംമാറ്റം പ്രകടമാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സഹകരണ നിക്ഷേപമുള്ള സംസ്ഥാനമാണ് കേരളം. ഈ നിക്ഷേപം ഉല്പാദനപരമായി സർക്കാർ തലത്തിൽ ഉപയോഗിക്കുന്നത് ഗുണകരമാകാം. എന്നാൽ സഹകരണ സംഘങ്ങളിലെ നിക്ഷേപംകൊണ്ട് സേവന പ്രവർത്തനം നടത്താമെന്ന രീതി തെറ്റായ സാമ്പത്തികനയത്തിന്റെ ലക്ഷണമാണ്. ലാഭവിഹിതം സാമൂഹ്യസേവനത്തിന് ഉപയോഗിക്കുന്നത് അംഗീകരിക്കാം. അതുപോലും അതത് സംഘങ്ങളുടെ പ്രവർത്തന പരിധിക്കുപുറത്ത് ആ സംഘങ്ങളിലെ അംഗങ്ങളല്ലാത്തവർക്ക് നൽകുന്നത് സഹകരണ കാഴ്ചപ്പാടല്ല. പ്രാഥമിക

സംഘങ്ങളിൽ നിലവിൽ കുടിശ്ശിക കുമിഞ്ഞുകൂടി വരുമാനം നിലച്ച അവസ്ഥയാണുള്ളത്. ക്രെഡിറ്റിതര സംഘങ്ങളെല്ലാം പ്രതിസന്ധിയിലാണ്. ശക്തമായ അടിത്തറയുണ്ടായിരുന്ന ക്രെഡിറ്റ് സംഘങ്ങൾ ഓരോ വർഷവും ബുദ്ധിമുട്ടിക്കൊണ്ടിരിക്കുകയാണ്. സമയക്കുറവുകാരണം ഏതാനും നിർദ്ദേശങ്ങൾ മാത്രം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. ഇവിടെ ബില്ലിന് പിന്നാലെതന്നെ അടുത്ത സഭയിൽ സമഗ്രമായ സഹകരണ നിയമ ഭേദഗതി വരുമെന്ന് പറയുന്നു. കേരളത്തിലെ സഹകരണ മേഖല ഭരണ-പ്രതിപക്ഷഭേദമില്ലാതെ നാം ചേർത്തുപിടിക്കുന്ന ഒരു മേഖലയാണ്. അതിനെക്കുറിച്ച് വിശദമായൊരു ചർച്ച എല്ലാ തലത്തിലും നടത്താൻ സർക്കാർ തയ്യാറാകണം. രാഷ്ട്രീയ താല്പര്യങ്ങൾക്കപ്പുറം ഏറ്റവും ജനകീയമായി വിഷയം ചർച്ച ചെയ്യണം. അതുപോലെതന്നെ എല്ലാ സഹകരണസംഘങ്ങളും മറ്റ് ബാങ്കുകളിലെ നിക്ഷേപം പിൻവലിച്ച് കേരള ബാങ്കിൽ മാത്രം നിക്ഷേപിക്കണമെന്ന രജിസ്ട്രാറുടെ നിർദ്ദേശം പിൻവലിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇന്ന് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഡിജിറ്റൽ സേവനങ്ങൾ നൽകുന്നത് വാണിജ്യ ബാങ്കുകൾ മാത്രമാണ്. ആർ.ടി.ജി.സ്.-ഉം എൻ.ഇ.എഫ്.റ്റി-യും പോലുള്ള ഡിജിറ്റൽ സേവനങ്ങൾ കേരള ബാങ്ക് വഴി ഉറപ്പുവരുത്താൻ കഴിയണം.

194(9) വകുപ്പനുസരിച്ച് വാർദ്ധക്യകാല പെൻഷൻ കൊടുക്കുന്നതിനുപോലും ഒരു കോടി രൂപയ്ക്ക് മുകളിലുള്ള തുക പിൻവലിച്ചാൽ രണ്ട് ശതമാനം ടി.ഡി.എഫ്. കൊടുക്കണമെന്നുള്ള നിലപാട് തിരുത്തണം. പ്രാഥമിക ബാങ്കുകൾവഴി നൽകുന്ന കാർഷിക വായ്പകൾ കുടിശ്ശികയാകാതെ തിരിച്ചടയ്ക്കുന്ന കർഷകർക്ക് നൽകുന്ന ആറ് ശതമാനം പലിശയിൽ കേന്ദ്രം മൂന്ന് ശതമാനം ഇന്ററസ്റ്റ് സസ്പെൻഷനും നൽകുന്നു. പക്ഷേ, സംസ്ഥാന സർക്കാർ നൽകേണ്ട തുകയുടെ കാര്യത്തിൽ കാലതാമസം വന്നിരിക്കുകയാണ്. അക്കാര്യത്തിലും അടിയന്തരമായി നടപടി സ്വീകരിക്കണം. മരണപ്പെടുന്നവരുടെ വായ്പ ഒഴിവാക്കിക്കൊടുക്കുന്ന റിസ്ക് ഫണ്ടിന് അപേക്ഷിച്ചാൽ മൂന്ന് മാസത്തിനുള്ളിൽ നൽകാനുള്ള സംവിധാനമുണ്ടാകണം. റിസ്ക് ഫണ്ട് പദ്ധതിപ്രകാരമുള്ള ചികിത്സാ സഹായം രണ്ട് മാസത്തിനുള്ളിൽ നൽകാനുള്ള നടപടിയുണ്ടാകണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക സംഘങ്ങളെ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് തയ്യാറാക്കണം. ഓഡിറ്റ് മാനുവൽ കാലാനുസൃതമായി പരിഷ്കരിക്കണം. ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം സംഘം ലിക്വിഡേറ്റ് ചെയ്യുന്ന സന്ദർഭത്തിൽ മാത്രം ലഭ്യമാകുന്ന ഒരു പദ്ധതിയായി മാറിയിരിക്കുകയാണ്, അതിനൊരു മാറ്റമുണ്ടാകണം. കേരള ബാങ്കിന്റെ

കഴിഞ്ഞ മൂന്നുവർഷക്കാലത്തെ പ്രവർത്തനം നിരാശാജനകമാണ്. സാധാരണക്കാരന് കടന്നുചെല്ലാൻ കഴിയാത്ത ഒരു ബാങ്കായി അത് മാറിയിരിക്കുകയാണ്. അത് തിരുത്താനാവശ്യമായ ഇടപെടലുകൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രളയത്തിന്റെയും കോവിഡിന്റെയും പശ്ചാത്തലത്തിൽ കാർഷികരംഗമാകെ തകർന്നിരിക്കുകയാണ്. സഹകരണ ബാങ്കുകളിൽ നിന്നെടുത്തിരിക്കുന്ന വായ്പകളുടെ പലിശയെങ്കിലും എഴുതിത്തള്ളാനുള്ള തീരുമാനമെടുക്കണം, ലോണിന്റെ മുതൽ അടച്ച് പുതുക്കാനുള്ള നടപടിയുണ്ടാകണം. ബ്ലോക്ക് അടിസ്ഥാനത്തിലുള്ള അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ കാർഷികവായ്പ ലഭ്യമല്ല; അത് ലഭ്യമാക്കാനുള്ള പദ്ധതി ആവിഷ്കരിക്കണം. നിയമസഭാ സമ്മേളനം അടുത്ത ദിവസങ്ങളിൽ സമാപിക്കുകയാണ്. ഏതാനും സമയം മാത്രമാണ് അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ അവസരങ്ങളുള്ളത്. ഈ സഭാസമ്മേളനത്തിൽ ഇവിടെ ഉയർന്നുവന്ന നിരവധി വിഷയങ്ങൾക്കും ആരോപണങ്ങൾക്കും തൃപ്തികരമായൊരു മറുപടി പറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കോ മന്ത്രിമാർക്കോ സാധിച്ചിട്ടില്ല. യഥാർത്ഥ വിഷയങ്ങളിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടുന്നതിനുള്ള നടപടികളും നീക്കങ്ങളുമാണ് ഇവിടെയുണ്ടായത്. പക്ഷേ, ഇതെല്ലാംകൊണ്ട്

ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാമെന്ന ചിന്ത ആർക്കെങ്കിലുമുണ്ടെങ്കിൽ നിങ്ങൾക്ക് തെറ്റുപറ്റിയെന്ന് മാത്രമാണ് സൂചിപ്പിക്കാനുള്ളത്. ശ്രീ. രാഹുൽഗാന്ധിയുടെ ഓഫീസ് ആക്രമണം, എ.കെ.ജി. സെന്ററിൽ പടക്കമെറിയൽ, ഭരണഘടനാവിരുദ്ധ പ്രസംഗം, ശ്രീ. എം. എം. മണിയുടെ വിവാദപരമായ സ്ത്രീവിരുദ്ധ പരാമർശം അങ്ങനെ നിരവധി വിവാദങ്ങൾ സംസ്ഥാനത്തുണ്ടാക്കിയത് ജനശ്രദ്ധ തിരിക്കാൻ വേണ്ടിയാണെന്ന് നമുക്കറിയാം. ശ്രീ. എം. എം. മണി മുതിർന്ന സി.പി.ഐ.(എം) നേതാവാണ്. ഞങ്ങൾ അദ്ദേഹത്തെ ബഹുമാനിക്കുന്നുണ്ട്. പക്ഷേ അദ്ദേഹം ഈ സഭയിൽ നടത്തിയിട്ടുള്ള സ്ത്രീവിരുദ്ധ പരാമർശം കേരളത്തിനും ഈ സഭയ്ക്കും അപമാനകരമാണ്. ദാരുണമായ രാഷ്ട്രീയ കൊലപാതകമാണ് ടി. പി. ചന്ദ്രശേഖരന്റേത്. അദ്ദേഹത്തിന്റെ വിധവയെ ആക്ഷേപിക്കുകയും അപമാനിക്കുകയും ചെയ്യുന്ന തരത്തിൽ നടത്തിയ പ്രസ്താവന പിൻവലിക്കാൻപോലും അദ്ദേഹം മനസ്സ് കാണിച്ചില്ല. അദ്ദേഹത്തെ തിരുത്താനുള്ള ഒരു നിർദ്ദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്ന് ഞങ്ങൾ പ്രതീക്ഷിച്ചെങ്കിലും അതുണ്ടായില്ല. ഇത് ആദ്യത്തെ സംഭവമല്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. ഡൽഹിയിലെ ജനാധിപത്യ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുന്ന സി.പി.ഐ.-യുടെ ഉന്നത നേതാവായ ശ്രീമതി ആനി

രാജയെപ്പോലും ആക്ഷേപിക്കുന്നവിധത്തിൽ ശ്രീ. എം. എം. മണി പ്രസംഗിക്കുകയുണ്ടായി. ഇവിടെ ബഹുമാനപ്പെട്ട സി.പി.ഐ.-യുടെ അംഗങ്ങളുണ്ട്. പക്ഷേ അവരൊന്നും ഇതിനെക്കുറിച്ച് സംസാരിച്ചതായോ സംസ്ഥാന നേതൃത്വം പ്രതികരിച്ചതായോ കണ്ടില്ല. ശ്രീ. പിണറായി വിജയൻ സർക്കാരിന്റെ സ്തുതിപാഠക സംഘമായി സി.പി.ഐ. മാറിയോയെന്ന് ഞങ്ങൾക്ക് സംശയമുണ്ട്. നിരവധി നേതാക്കളെ ഇതിനുമുമ്പും അദ്ദേഹം അപമാനിച്ചിട്ടുണ്ട്. ഇടതുപക്ഷ നേതാക്കളായ സർവ്വശ്രീ എസ്. രാജേന്ദ്രൻ, കെ. കെ. ശിവരാമൻ, കെ. കെ. ജയചന്ദ്രൻ തുടങ്ങിയവരെയും പെമ്പിളൈ ഒരുമൈ സംഘടനയുടെ വനിതാ നേതാക്കളെയുമുൾപ്പെടെ നിരവധി പേരെ അപമാനിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വൺ-ടൂ-ത്രീ പ്രസംഗം കേരളത്തിലെ ജനങ്ങൾ കേട്ടതാണ്. അപമാനകരമായ, വിവാദ പ്രസ്താവനകൾ നടത്തുന്ന അദ്ദേഹത്തെ നിയന്ത്രിക്കാൻ സി.പി.ഐ.(എം) നേതൃത്വവും ഗവൺമെന്റും തയ്യാറാകണം. അല്ലെങ്കിൽ ഇനിയും മുന്നോട്ടുപോയാൽ അദ്ദേഹത്തെ നിയന്ത്രിക്കാൻ കേരളത്തിലെ പൊതുസമൂഹം മുന്നോട്ടുവരേണ്ടിവരുമെന്ന കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ പ്രതിഷേധിച്ചതിന്റെ പേരിൽ രണ്ട് യൂത്ത് കോൺഗ്രസ്സ്

പ്രവർത്തകർക്കെതിരെയും അതിന്റെ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.കെ. എസ്. ശബരീനാഥിനെതിരെയും കള്ളക്കേസെടുത്തിരിക്കുകയാണ്. എന്താണ് അവർക്കെതിരെയുള്ള കേസ്; എന്താണ് അവർ ചെയ്ത കുറ്റം? അവർ വിമാനത്തിൽ 'പ്രതിഷേധം പ്രതിഷേധം' എന്ന് മുദ്രാവാക്യം നടത്തിയതാണോ അവർ ചെയ്ത തെറ്റ്; അതിനാണോ വധശ്രമത്തിന് സെക്ഷൻ 307 ചുമത്തി കേസെടുത്തത്? ഇവിടെ വിമാനത്തിൽ അല്ലെങ്കിൽ ആകാശത്തുവച്ച് ക്രൈം ചെയ്താൽ അതിന് പ്രത്യേകമായൊരു പുതിയ സി.ആർ.പി.സി./ഐ.പി.സി. ആക്കുള്ളതായി ഞങ്ങൾക്ക് അറിയില്ല. സമരത്തിന് വിവിധ ഭാവങ്ങളും രൂപങ്ങളുമുണ്ടാകാം. ഇന്ന രൂപത്തിലോ അല്ലെങ്കിൽ ഇന്ന സ്ഥലത്തോ മാത്രമേ പ്രകടനവും സമരവും നടത്താൻ പാടുള്ളൂവെന്ന ഒരു നിയമവും കേരളത്തിലോ നമ്മുടെ രാജ്യത്തോ ഇല്ല. അതുകൊണ്ട് അത്തരത്തിലുള്ള കാര്യങ്ങളെ വധശ്രമമായി ചിത്രീകരിക്കുന്നത് നന്നല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് തിരുത്തുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. നിരായുധരായി കടന്നുവന്ന് പ്രതിഷേധം പ്രകടിപ്പിച്ച ആ പ്രവർത്തകർ വധിക്കുന്നതിനുവേണ്ടിയാണ് വന്നതെന്ന നിലയിലാണ് അദ്ദേഹം സംസാരിച്ചത്. ഞങ്ങൾക്ക് അദ്ദേഹത്തിന്റെ നിലപാടിൽ ലജ്ജയുണ്ടെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. സമരം

നടത്തുന്ന യൂത്ത് കോൺഗ്രസ്/വിദ്യാർത്ഥി പ്രവർത്തകരെയെല്ലാം കള്ളക്കേസിൽ കുടുക്കി ജയിലിലടച്ച് പ്രതിഷേധം തണുപ്പിക്കാമെന്ന് വ്യാമോഹിക്കുന്നുണ്ടെങ്കിൽ തെറ്റുപറ്റിയെന്നും ഈ ഗവൺമെന്റിന്റെ നിലപാടുകൾക്കെതിരെ അതിശക്തമായ പ്രതിഷേധം ഉയരുകതന്നെ ചെയ്യുമെന്നുമാണ് പറയാനുള്ളത്. ഇവിടെ ശ്രീ. ഇ. പി. ജയരാജൻ ചെയ്ത കുറ്റകൃത്യത്തെ സംബന്ധിച്ച് ഇൻഡിഗോ കമ്പനിതന്നെ വ്യക്തമാക്കിയിരിക്കുകയാണ്. വലിയ കുറ്റകൃത്യം ചെയ്ത അദ്ദേഹത്തിനെതിരെ കേസെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇനിയെങ്കിലും തയ്യാറാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

ശ്രീ. സജീവ് ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. മാത്യു കുഴൽനാടൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഞാൻ നേരത്തെ പറഞ്ഞ് നിർത്തിയിടത്തുനിന്നുതന്നെ ആരംഭിക്കാം. കഴിഞ്ഞ ദിവസങ്ങളിലൊക്കെ ബഹുമാന്യനായ എ. എൻ. ഷംസീർ അടക്കമുള്ളവരുടെ പ്രസംഗം ഞാൻ ശ്രദ്ധിക്കുകയായിരുന്നു. നിങ്ങളെല്ലാവരും കോൺഗ്രസ് പാർട്ടി ദുർബ്ബലപ്പെട്ട് ഇന്ത്യയിലില്ലാതായി

അല്ലെങ്കിൽ കോൺഗ്രസിന്റെ അസ്തമയമാണെന്നൊക്കെ പറഞ്ഞു. അത് വസ്തുതയാണ്. .....(ബഹളം)...... നിങ്ങൾക്ക് ഹെൽത്തിയായുള്ള ഇന്ററാക്ഷന് ഞാൻ അവസരം തരാം. നിങ്ങളെല്ലാവരും സഹകരിച്ചാൽമതി. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ടായത് എങ്ങനെയാണ്? ആഗോള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്വാധീനംകൊണ്ടാണ് ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ടായത്. സോവിയറ്റ് റഷ്യയിലുണ്ടായിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്വാധീനംകൊണ്ടാണ് ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ടായത്. നമ്മൾ പ്രസംഗിക്കുമ്പോൾ പലപ്പോഴും സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യമെന്നൊക്കെ പറയാറുണ്ട്. പക്ഷെ യഥാർത്ഥത്തിൽ സൂര്യൻ അസ്തമിക്കാത്ത ഒരു സാമ്രാജ്യമുണ്ടായിരുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിച്ചിരുന്ന രാജ്യങ്ങളിലാണ്. യൂറോപ്പിലെ പകുതിയിലധികം, ലാറ്റിൻ അമേരിക്ക മുഴുവനെന്നുവേണമെങ്കിൽ പറയാം, സോവിയറ്റ് റഷ്യ ഉൾപ്പെടെയുള്ള ഗ്ലോബിന്റെ മൂന്നിലൊന്ന് ഭാഗം ഭരിച്ചിരുന്നത് കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രമാണ്. നിങ്ങളോരോരുത്തരും പാർട്ടി ക്ലാസ്സിൽ പോകുകയും കാര്യങ്ങൾ പഠിക്കുകയും ചെയ്യുന്നവരാണല്ലോ. ഞാൻ നിങ്ങളോട് ചോദിക്കട്ടെ, ഈ ലോകത്ത് അധികാരത്തിലിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടികളെ അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങളെ

ഇല്ലാതാക്കിയത് ആരാണ്? ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയാണോ; ഏതെങ്കിലും പ്രത്യയശാസ്ത്രമാണോ? ഞാൻ പറയുന്നു, ഈ ലോകത്തെ എല്ലാ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെയും ഭരണകൂടങ്ങളെയും താഴെയിറക്കിയത് ജനാധിപത്യമാണെന്ന്. .....(ബഹളം)..... ആദ്യമായി ഏറ്റവും വലിയ കമ്മ്യൂണിസ്റ്റ് ശക്തി കേന്ദ്രീകരിച്ചത് റഷ്യയിലായിരുന്നു. റഷ്യൻ ഭരണകൂടത്തിന്റെ കീഴിലുണ്ടായിരുന്ന പോളണ്ടിലും ഹംഗറിയിലും ജനാധിപത്യത്തിനുവേണ്ടി മുറവിളിയുണ്ടായപ്പോൾ സോവിയറ്റ് യൂണിയനിൽനിന്ന് പാറ്റൺ12 ടാങ്കുകളുമായി പട്ടാളമിറങ്ങി പതിനായിരക്കണക്കിന് ആളുകളെയാണ് കൊന്നൊടുക്കിയത്. വാഴ്സാ ഉടമ്പടിയുടെ ഭാഗമായി ഏത് കമ്മ്യൂണിസ്റ്റ് രാജ്യത്ത് അപകടമുണ്ടായാലും അവിടെ റഷ്യ ഇടപെടുമായിരുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം നിലനിർത്താൻവേണ്ടി ഈ ലോകത്ത് ലക്ഷക്കണക്കിന് ആളുകളെയാണ് കൊന്നൊടുക്കിയത്. എന്നാൽ നിങ്ങൾക്ക് നിലനിൽക്കാൻ സാധിച്ചില്ല. റഷ്യയിൽത്തന്നെ ജനാധിപത്യത്തിനുവേണ്ടിയുള്ള ഉൾവിളിയുണ്ടായി. ജനം റഷ്യൻ ഭരണകൂടത്തിനെതിരായി. അതിന് മിഖായേൽ ഗോർബച്ചേവ് പെരിസ്ട്രോയിക്കയും ഗ്ലാസ്നോസ്റ്റും എന്ന ഒറ്റമൂലിയുമായി വന്നു. പെരിസ്ട്രോയിക്കയും ഗ്ലാസ്നോസ്റ്റും ആദ്യം ലിബറൽ ചിന്താഗതി

പറഞ്ഞെങ്കിലും ഒടുവിൽ റഷ്യയിലെ ജനം ജനാധിപത്യത്തിനുവേണ്ടി ദാഹിച്ച് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ എടുത്തെറിയുന്ന കാഴ്ചയാണ് ലോകം കണ്ടത്. അതിന് പിന്നാലെ കമ്മ്യൂണിസം സ്ഥാപിച്ച ലെനിന്റെയും സ്റ്റാലിന്റെയും പ്രതിമ തെരുവിലിട്ട് കൂടംകൊണ്ട് ജനം തല്ലിപ്പൊളിക്കുകയാണുണ്ടായത്. പോളണ്ട്, ഹംഗറി, റുമേനിയ, ജർമ്മനി അങ്ങനെ ഒന്നിനുപിറകെ ഒന്നായി കമ്മ്യൂണിസം ലോകത്തിന്റെ ഒരു തുരുത്തിലുമില്ലെന്നത് ഓർക്കണം. ഇന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ടെന്ന് പറയാൻ സാധിക്കുന്നത് ക്യൂബയിലും വിയറ്റ്നാമിലുമാണ്. ചൈനയെ നിങ്ങൾ മാറ്റി നിർത്തണം. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി, കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി, വിദേശ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി എത്രമാത്രം ലയിച്ചിരുന്നുവെന്ന് നിങ്ങൾ ഓർക്കണം. 1964-ൽ ഈ രാജ്യത്തിനുനേരെ ചൈന യുദ്ധം പ്രഖ്യാപിച്ചപ്പോൾ ചൈനയ്ക്കൊപ്പമാണോ ഇന്ത്യയ്ക്കൊപ്പമാണോ നിൽക്കേണ്ടതെന്ന സംശയമുണ്ടായിരുന്നവരാണ് നിങ്ങൾ. അത്രമാത്രം നിങ്ങൾ ആഗോള കമ്മ്യൂണിസവുമായി ചേർന്നുനിന്നിരുന്നു. ഞാൻ പറഞ്ഞുവരുന്നത് നിങ്ങളുടെ എക്കാലത്തെയും ശത്രുവെന്ന് പറയുന്നത് ജനാധിപത്യമാണ് എന്നാണ്. കമ്മ്യൂണിസത്തെ പരാജയപ്പെടുത്തിയത് ജനാധിപത്യമാണ്. അല്ലാതെ മറ്റൊരു പാർട്ടിയോ

പ്രസ്ഥാനമോ ഭരണാധികാരിയോ സാമ്രാജ്യമോ അല്ല. ഏതെങ്കിലും നേതാവ് നിങ്ങളുടെ കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിനെതിരെ സമരം നയിച്ചതായി അറിയാമോ? ജനങ്ങളാണത് ചെയ്തത്. ഇന്ത്യയിലേയ്ക്ക് നോക്കിയാൽത്തന്നെ അത് മനസ്സിലാകും. ബംഗാളിൽ സംഭവിച്ചതെന്താണ്? നിങ്ങൾ 34 വർഷക്കാലം ജനാധിപത്യത്തെ ഞെക്കിപ്പിടിച്ച് ഭരണം നടത്തി. ശ്രീമതി മമത ബാനർജിയെന്ന നേതാവിന് കിട്ടിയത് ബംഗാളിലെ ജനങ്ങളുടെ ശക്തിയാണ്. നമ്മോടൊപ്പം ഇരിക്കുന്ന ശ്രീമതി കെ. കെ. രമയെ ആക്ഷേപിക്കുന്നത് ഞാൻ കഴിഞ്ഞ ദിവസം അങ്ങേയറ്റം വിഷമത്തോടുകൂടിയാണ് കണ്ടത്. നിങ്ങൾ ഇതൊക്കെത്തന്നെയാണ് കേരളത്തിലും നടപ്പാക്കിയത്. നിങ്ങൾ എക്കാലത്തും ജനാധിപത്യത്തിനെതിരായിരുന്നു. ഇന്നും കേരളത്തിലെ പാർട്ടിഗ്രാമങ്ങളിൽ ജനാധിപത്യത്തെ നിങ്ങൾക്ക് ഭയമാണ്. ജനാധിപത്യത്തെ ഇല്ലായ്മ ചെയ്യുന്നവരാണ് നിങ്ങൾ. കേരളത്തിലെ കാമ്പസുകളിൽ ജനാധിപത്യത്തെ നിങ്ങൾക്ക് ഭയമാണ്. നിങ്ങളുടെ പാർട്ടിയിൽനിന്ന് ആരെങ്കിലും ജനാധിപത്യപരമായി വിയോജിച്ച് പുറത്തുപോയി നിങ്ങളോട് വിയോജിച്ചതിന്റെ രാഷ്ട്രീയം സംസാരിച്ചാൽ നിങ്ങൾക്ക് ഭയമാണ്, നിങ്ങൾ അവരെ ഇല്ലായ്മ ചെയ്തിട്ടുണ്ട്. അക്രമം

ഭീരുവിന്റെ ആയുധമാണെന്ന് മഹാത്മാഗാന്ധി പറഞ്ഞത് എത്ര സത്യമാണ്. ടി. പി. ചന്ദ്രശേഖരൻ എന്ത് തെറ്റാണ് നിങ്ങളോട് ചെയ്തത്? അദ്ദേഹത്തിന് നിങ്ങളുടെ പാർട്ടിയോട് വിയോജിപ്പുണ്ടായിരുന്നു. നിങ്ങളുടെ പാർട്ടിയോട് വിയോജിപ്പ് രേഖപ്പെടുത്തി അവിടെ രാഷ്ട്രീയ പ്രവർത്തനം നടത്തി. നിങ്ങൾ ചെയ്തത് എന്താണെന്നറിയില്ലേ; നിങ്ങളുടെ പ്രത്യയശാസ്ത്രം എന്താണെന്നറിയില്ലേ? നിങ്ങളുടെ പ്രത്യയശാസ്ത്രം പ്രയോഗിച്ചത് 2012 മേയ് 4-നാണ്. അന്ന് രാത്രി പത്ത് മണിക്ക് ഇരുട്ടിന്റെ മറവിൽ പത്തോളം പേർ ചേർന്ന് 52 വെട്ടുവെട്ടി കുലംകുത്തിയെന്ന് വിശേഷിപ്പിച്ച് ചാപ്പകുത്തിയ ടി. പി. ചന്ദ്രശേഖരനെ നിങ്ങൾ ഇല്ലായ്മ ചെയ്തു. അതാണ് നിങ്ങളുടെ രാഷ്ട്രീയം, നിങ്ങളുടെ പ്രത്യയശാസ്ത്രം, നിങ്ങൾ പഠിച്ച കമ്മ്യൂണിസം. നിങ്ങളെ എതിർക്കുന്നവരെ, നിങ്ങളോട് വിയോജിക്കുന്നവരെ അർദ്ധരാത്രിയിൽ അല്ലെങ്കിൽ ഇരുട്ടിന്റെ മറവിൽ ഇല്ലായ്മ ചെയ്യുന്ന പ്രത്യയശാസ്ത്രമാണ് നിങ്ങളുടേത്. എന്നാൽ നിങ്ങളെ പരാജയപ്പെടുത്തിയത് ജനാധിപത്യമാണെന്ന് അഭിമാനത്തോടുകൂടി ഞാൻ പറയുകയാണ്. നിങ്ങൾ ടി. പി. ചന്ദ്രശേഖരനെ വധിച്ചത് ചോരകൊണ്ട് ചുവന്ന ഒഞ്ചിയത്തിന്റെ മണ്ണിലല്ലേ? സഖാവ് മണ്ടോടി കണ്ണൻ അടക്കം പത്ത് രക്തസാക്ഷികളുടെ രക്തംകൊണ്ട് ചുവന്ന ആ ഒഞ്ചിയത്തിന്റെ ഗ്രാമത്തിൽ ഒരിക്കലും ചെങ്കൊടി

താഴ്ന്നിരുന്നില്ല. ടി. പി. ചന്ദ്രശേഖരന്റെ മുമ്പിലാണ് നിങ്ങൾക്ക് ചെങ്കൊടി താഴ്ത്തേണ്ടിവന്നത്. നിങ്ങൾക്ക് സഹിക്കാൻ കഴിയുന്നതിനപ്പുറമായിരുന്നു അത്. അതുകൊണ്ടായിരുന്നു 2012 മേയ് 4 നിങ്ങൾ തെരഞ്ഞെടുത്തതും അദ്ദേഹത്തെ കൊലപ്പെടുത്തിയതും. ഇന്നും കലിയടങ്ങാതെ, പകയടങ്ങാതെ മറ്റൊരു സി.പി.ഐ.(എം) നേതാവ് അദ്ദേഹത്തിന്റെ വിധവയെ ആക്ഷേപിക്കുന്നത് ഞാൻ കേട്ടതാണ്. ചരിത്രത്തിന്റെ കാവ്യനീതിപോലെ ഞാൻ പറയുന്നു 2021 മേയ് 24 എന്റെ ജീവിതത്തിലെ ഏറ്റവും ധന്യമായ ദിവസമായിരുന്നു. എന്തായിരുന്നുവെന്ന് അറിയില്ലേ; നമ്മളെല്ലാവരും ആദ്യമായി ഈ നിയമസഭയിൽ വന്ന ദിവസം. ഞാൻ ആദ്യമായി കാണുന്നവർ, ആദ്യമായി പരിചയപ്പെടുന്നവർ, കേട്ടുകേൾവി മാത്രമുള്ളവർ, അങ്ങനെ പലരെയും കാണുന്നു. ജീവിതത്തിൽ ഒരുപാട് മോഹിച്ച് ആദ്യമായി ഈ നിയമസഭയിലേയ്ക്ക് കടന്നുവന്ന ദിനമാണ് 2021 മേയ് 24. ഓരോരുത്തരായി വന്ന് സത്യപ്രതിജ്ഞ ചെയ്യുന്നത് നിങ്ങൾക്ക് ഓർമ്മയില്ലേ; അന്നുണ്ടായിരുന്നതിനെക്കാൾ വലിയൊരു ആമ്പിയൻസ് ഈ സഭയിൽ നമ്മൾ കണ്ടു. നിങ്ങൾ ഓർക്കുന്നില്ലേ ശ്രീമതി കെ. കെ. രമ എന്ന് പേര് വിളിച്ചപ്പോൾ അവർ സഖാവ് പിണറായി വിജയന്റെ മുന്നിലൂടെ വന്ന് സത്യവാചകം ചൊല്ലി ഈ നിയമസഭയിൽ അംഗമായത്? അത്

ജനാധിപത്യത്തിന്റെ വിജയമാണ്. 2012 മേയ് 4-ന് ഇരുട്ടിന്റെ മറവിൽ നിങ്ങൾ ഇല്ലായ്മ ചെയ്ത ടി. പി. ചന്ദ്രശേഖരന്റെ ഓർമ്മ ഈ ചുവരുകളിൽ നിറഞ്ഞുനിന്നില്ലേ; അപ്പോൾ അദ്ദേഹത്തിന്റെ മുഖം എന്റെയും നിങ്ങളുടെയും മനസ്സിൽ കടന്നുവന്നില്ലേ; ശ്രീമതി കെ. കെ. രമയുടെ ശബ്ദത്തിലൂടെ ടി. പി. ചന്ദ്രശേഖരനെ കേരളം കേട്ടില്ലേ; അതാണ് കമ്മ്യൂണിസത്തിനെതിരെ ജനാധിപത്യത്തിന്റെ വിജയമെന്ന് പറയുന്നത്. നിങ്ങൾക്ക് സഹിക്കാൻ കഴിയില്ല. കുറെ ദിവസം ആ ചേച്ചി ഇവിടെ നടക്കുമ്പോൾ അവരോട് സംസാരിക്കാൻപോലും ആരുമുണ്ടായിരുന്നില്ല. നിങ്ങൾക്ക് അംഗീകരിക്കാൻ കഴിയുന്നതിനപ്പുറമായിരുന്നു അവരുടെ വിജയം. ഞാൻ ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കുകയാണ്. കമ്മ്യൂണിസം അവസാനിക്കുന്നത് ജനാധിപത്യം ഉദിക്കുന്നിടത്താണ്. നിങ്ങൾ പാർട്ടി ഗ്രാമങ്ങളിൽ ജനാധിപത്യം അനുവദിച്ചാൽ അന്ന് കമ്മ്യൂണിസം അവസാനിക്കും. എന്തുകൊണ്ടാണ് ശ്രീമതി കെ. കെ. രമയോട് നിങ്ങൾക്ക് തീർത്താൽ തീരാത്ത വൈരാഗ്യമുള്ളത്? നിങ്ങളുടെ പ്രത്യയശാസ്ത്രം നിങ്ങൾ ഇരുട്ടിന്റെ മറവിലാണ് പ്രയോഗിച്ചതെങ്കിൽ ജനാധിപത്യത്തിന്റെ വിജയം ഉദിച്ചുനിൽക്കുന്ന സൂര്യന്റെയും ഈ പ്രകാശ ഗോപുരങ്ങളുടെയും ജനങ്ങളുടെയും മുമ്പിൽ ഐശ്വര്യമായിട്ടാണ് ശ്രീമതി കെ. കെ. രമ ഇവിടെ

സത്യപ്രതിജ്ഞ ചെയ്തത്. നിങ്ങൾ ഇല്ലായ്മ ചെയ്ത ടി. പി. ചന്ദ്രശേഖരൻ നടന്നുവരുന്നതുപോലെ, അദ്ദേഹത്തിന്റെ വാക്കുകൾപോലെ നിങ്ങൾക്ക് തോന്നിയില്ലേ? അതുകൊണ്ടാണ് നിങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാത്തത്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ജനാധിപത്യത്തെ തടുക്കാനുള്ള ശക്തി കമ്മ്യൂണിസ്റ്റ് പാർട്ടിക്കോ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിനോ ഇല്ല എന്ന്. നിങ്ങൾ ജനാധിപത്യത്തെ ഭയപ്പെടുന്നു, ഞങ്ങൾ അതിനെ നെഞ്ചിലേറ്റുന്നു. അതാണ് വ്യത്യാസം. അതുകൊണ്ട് മുന്നോട്ടുള്ള യാത്രയിൽ ജനാധിപത്യ ചേരിയിലെ ഝാൻസി റാണിയെപ്പോലെ ശ്രീമതി കെ. കെ. രമയെ ഞങ്ങൾ കൊണ്ടുവരും. അവരെ ആക്ഷേപിക്കാൻ ഞങ്ങൾ അനുവദിക്കില്ല. അതുകൊണ്ടാണ് കേരളത്തിന്റെ ജനാധിപത്യ മനസ്സ് മുഴുവൻ അവർക്കൊപ്പം നിന്നത്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ സംഘടനാശേഷികൊണ്ടോ ധാർഷ്ട്യംകൊണ്ടോ ഇവിടെ ആരെയെങ്കിലും വിരട്ടാമെന്നോ ഭയപ്പെടുത്താമെന്നോ ആക്ഷേപിക്കാമെന്നോ ഇല്ലായ്മ ചെയ്യാമെന്നോ ധരിച്ചാൽ കേരളം നിങ്ങളോടൊപ്പം നിൽക്കില്ല. ജനാധിപത്യത്തിന്റെ ഉയർത്തെഴുന്നേൽപ്പിൽ ഈ രാജ്യത്തുനിന്നും ഇല്ലാതാകാൻ പോകുന്ന ഒരു പ്രസ്ഥാനമായി കമ്മ്യൂണിസ്റ്റ് പാർട്ടി മാറരുതെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരള സഹകരണ സംഘ നിയമം 1969-ലെ വകുപ്പ് 28 (8) എന്ന ഭേദഗതി ഇവിടെ അവതരിപ്പിച്ചതിനെ ഞാൻ പിന്തുണയ്ക്കുകയാണ്. സഹകരണ മേഖലയുമായും ഈ നിയമ ഭേദഗതിയുമായും ബന്ധപ്പെട്ട് ഉയർന്നുവന്ന ചില പ്രശ്നങ്ങളുണ്ട്. സംസ്ഥാനത്തെ ക്ഷീരകർഷകർ അംഗങ്ങളായി രൂപീകരിച്ചിട്ടുള്ള ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പശുവും പാൽ വിപണനവും കൈമുതലായുള്ള യഥാർത്ഥ കർഷകർതന്നെ ക്ഷീര സഹകരണ സംഘങ്ങളുടെയും ഉപരിസംഘങ്ങളുടെയും ഭരണസമിതിയിൽ വരുന്നതിനും സംഘങ്ങളിൽ മെച്ചപ്പെട്ട ഭരണം ഉറപ്പുവരുത്തുന്നതിനുംവേണ്ടിയാണ് സഹകരണ നിയമത്തിൽ ആപ്കോസ് സംഘങ്ങളുടെ വിഷയത്തിൽ പ്രത്യേക നിയമഭേദഗതി നിയമസഭയിൽ പാസ്സാക്കിയത്. പ്രസ്തുത ഭേദഗതി വഴിയാണ് വകുപ്പ് 28 (8) കൂട്ടിച്ചേർത്തത്. പ്രസ്തുത വകുപ്പുപ്രകാരം അംഗസംഘത്തിന്റെ പ്രതിനിധിയായി മേഖലാ ക്ഷീരോല്പാദക യൂണിയന്റെ

പൊതുയോഗത്തിൽ പങ്കെടുത്ത് അതിന്റെ ഭരണസമിതി തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള അവകാശം പ്രസിഡന്റുമാർക്കുമാത്രമേ സാധിക്കുകയുള്ളൂവെന്ന് നിഷ്കർഷിക്കപ്പെട്ടു. പ്രസ്തുത നിയമം 2021 ഫെബ്രുവരി 12 മുതൽ പ്രാബല്യത്തിൽ വന്നു. തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ തെരഞ്ഞെടുപ്പ് 2022 ഏപ്രിൽ 9-ന് നിശ്ചയിച്ച് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലായി ജില്ലാതല വോട്ടർ പട്ടികയാണ് പ്രസിദ്ധീകരിച്ചത്. പ്രസ്തുത പട്ടികയിൽ സാങ്കേതിക കാരണങ്ങളാൽ ഭരണസമിതി ഇല്ലാതെവന്നതിനെത്തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയ സംഘങ്ങൾക്ക് വോട്ടവകാശം നൽകരുതെന്ന് ഒരുവിഭാഗം സംഘങ്ങൾ ഇലക്ഷൻ കമ്മീഷൻ മുമ്പാകെ പരാതി നൽകി. മേല്പറഞ്ഞ വകുപ്പ് 28 (8) പ്രകാരം പൊതുയോഗത്തിൽ ഹാജരാകുന്നതിനും ഭരണസമിതിയിലേയ്ക്ക് മത്സരിക്കുന്നതിനും അംഗസംഘങ്ങളുടെ പ്രസിഡന്റുമാർക്ക് മാത്രമേ അർഹതയുള്ളൂ. അതിനാൽ പ്രസിഡന്റുമാരില്ലാത്ത അഡ്മിനിസ്ട്രേറ്റർ ഭരിക്കുന്ന സംഘങ്ങളെ വോട്ടർ പട്ടികയിൽനിന്ന് പുറത്താക്കണമെന്ന പരാതിയിൽ വിശദമായി വാദം കേട്ട് തെരഞ്ഞെടുപ്പ് ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചു. വകുപ്പ് 28 (8) പ്രകാരം

ഭരണസമിതി ഇല്ലാത്ത സംഘങ്ങൾക്ക് വോട്ടവകാശം നിഷേധിച്ചിട്ടില്ലെന്നും അത്തരം സംഘത്തിന്റെ പ്രതിനിധികൾക്ക് ഭരണസമിതി തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുമാത്രമാണ് അയോഗ്യതയുള്ളതെന്നും ആകയാൽ അവരെ വോട്ടർ പട്ടികയിൽ നിലനിർത്തുന്നുവെന്നും ഉത്തരവിൽ വ്യക്തമാക്കുകയുണ്ടായി. തുടർന്ന് ഈ വിഷയത്തിൽ പരാതിക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും തെരഞ്ഞെടുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണ സംഘങ്ങൾക്ക് വോട്ടവകാശം നൽകരുതെന്ന് അപേക്ഷിച്ച് റിട്ട് ഹർജി സമർപ്പിക്കുകയും ചെയ്തു. തെരഞ്ഞെടുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണസംഘങ്ങൾക്ക് വോട്ട് ചെയ്യാൻ ഹൈക്കോടതി അനുവാദം നൽകിയെങ്കിലും പ്രസ്തുത വോട്ടുകൾ എണ്ണി പ്രത്യേകം പെട്ടിയിൽ സൂക്ഷിക്കാനും വിശദമായ വാദം കേട്ട് ഉത്തരവ് വന്നതിനുശേഷം ഫലപ്രഖ്യാപനം നടത്തിയാൽ മതിയെന്നും നിർദ്ദേശിച്ചു. തിരുവനന്തപുരം മേഖലാ ക്ഷീരോല്പാദക യൂണിയന്റെ ഭരണസമിതിക്ക് അധികാരമേൽക്കാനാകാതെവന്ന സാഹചര്യത്തിൽ നിയമത്തിലെ 28-ാം വകുപ്പിൽ വ്യക്തത വരുത്തുന്നതിനായി 28 (8) വകുപ്പിനുശേഷം ഒരു ക്ലിപ്ത നിബന്ധന കൂട്ടിച്ചേർക്കുന്ന ഭേദഗതിയാണ് ഇപ്പോൾ ശിപാർശ ചെയ്തിട്ടുള്ളത്. വകുപ്പ് 28 (8)-ലെ വ്യവസ്ഥകൾ പ്രകാരം അഡ്മിനിസ്ട്രേറ്റർ അല്ലെങ്കിൽ

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരിക്കുന്ന സംഘങ്ങളുടെ വോട്ടവകാശം ഹനിക്കരുതെന്നും പ്രസ്തുത കമ്മിറ്റി അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റർ അയയ്ക്കുന്ന പ്രതിനിധിക്ക് പൊതുയോഗത്തിൽ പങ്കെടുക്കുന്നതിനും വോട്ട് ചെയ്യുന്നതിനും മാത്രമുള്ള അവകാശമുണ്ടായിരിക്കുമെന്ന് നിയമ ഭേദഗതി ബില്ലിൽ വ്യക്തത വരുത്തിയിട്ടുണ്ട്. ഒരു മുതിർന്ന സഹകാരിയെന്ന നിലയിൽ ശ്രീ. പി. അബ്ദുൽ ഹമീദ് ഇക്കാര്യങ്ങൾ മനസ്സിലാക്കിയിട്ടുള്ളതാണ്. എന്നാൽ അദ്ദേഹവും ഇക്കാര്യത്തിൽ ബോദ്ധ്യമില്ലാതെ പറഞ്ഞതുപോലെയാണ് എനിക്ക് തോന്നിയത്. സഹകരണ സംഘ നിയമം 1969-ലെ വകുപ്പ് 20 (1) പ്രകാരം എല്ലാ അംഗസംഘങ്ങൾക്കും അപെക്സ് സംഘത്തിന്റെ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് ഒരു വോട്ട് ഉറപ്പുവരുത്തിയിട്ടുണ്ട്. വകുപ്പ് 28(8) തെറ്റായി വ്യാഖ്യാനിക്കാനിടവന്നാൽ വകുപ്പ് 20(1) ഉറപ്പുതരുന്ന ജനാധിപത്യ അവകാശം ലംഘിക്കപ്പെടും. തെറ്റായ വ്യാഖ്യാനമുണ്ടാകാതിരിക്കാനാണ് സ്പഷ്ടീകരണ സ്വഭാവമുള്ള നിയമ ഭേദഗതി ബിൽ ശിപാർശ ചെയ്യുന്നത്. ഭരണഘടനയുടെ അനുച്ഛേദം 14 പ്രകാരം എല്ലാ അംഗസംഘങ്ങൾക്കും ലഭിക്കേണ്ട തുല്യമായ വോട്ടവകാശം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇല്ല എന്ന സാങ്കേതിക കാരണത്താൽ നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ടാകാൻ

പാടില്ല. നിയമനിർമ്മാണസഭ വകുപ്പ് 28 (8) സഹകരണ സംഘ നിയമത്തിൽ ഉൾപ്പെടുത്തിയതിന്റെ ഉദ്ദേശ്യം മേഖലാ യൂണിയൻ ഭരണ സമിതിയിൽ മത്സരിക്കാൻ ആർക്കാണ് അർഹതയെന്ന് നിഷ്കർഷിക്കുന്നതിനാണ്. അല്ലാതെ വോട്ടവകാശം ആർക്കെങ്കിലും മാത്രമായി നിജപ്പെടുത്തുന്നതിനല്ല. കേരള സഹകരണ സംഘ നിയമത്തിൽ വകുപ്പ് 28(8) കൂട്ടിച്ചേർത്ത് നിയമ ഭേദഗതിക്കൊപ്പം 28(6), 28(7) എന്നീ വകുപ്പുകളും കൂട്ടിച്ചേർത്തിരുന്നു. പ്രസ്തുത വകുപ്പുകളും മേഖലാ ക്ഷീരോല്പാദക യൂണിയന്റെ ഭരണസമിതി അംഗങ്ങളുടെ കാലാവധി, യോഗ്യത എന്നിവ സംബന്ധിച്ചുള്ളതാണ്. ഇത് പരിശോധിച്ചാൽ നിയമനിർമ്മാണ സഭയുടെ ഉദ്ദേശ്യം വളരെ വ്യക്തമായി മനസ്സിലാകും. അന്ന് നിഷ്കർഷിച്ച ചില കാര്യങ്ങൾ മാത്രം പറയാം. സംഘം ഭാരവാഹി സ്ഥാനങ്ങളിൽ വനിത സംവരണം ഏർപ്പെടുത്താൻ തീരുമാനിച്ചു. പ്രസിഡന്റോ വൈസ് പ്രസിഡന്റോ വനിതയായിരിക്കണമെന്ന ഭേദഗതി കൊണ്ടുവന്നു. ഭാരവാഹികൾക്ക് മേഖലാ യൂണിയനിൽ പരമാവധി രണ്ടുതവണ എന്നാണ് പറഞ്ഞിട്ടുള്ളത്. തവണ വ്യവസ്ഥ വയ്ക്കുന്നതിന്റെ ആവശ്യകതയെ സംബന്ധിച്ച് അപ്പുറത്തും ഇപ്പുറത്തുമുള്ളവർക്ക് പറഞ്ഞുകൊടുക്കേണ്ട കാര്യമില്ല. രണ്ടുതവണ എന്നുപറഞ്ഞാൽ 10 വർഷം ഭരിക്കാൻ സാധിക്കും.

പതിനഞ്ചും ഇരുപതും ഇരുപത്തിയഞ്ചും വർഷം ഭരിക്കുന്ന സംഘങ്ങളിൽ എന്താണ് നടക്കുന്നതെന്ന് ശ്രീ. പി. അബ്ദുൽ ഹമീദിനെപ്പോലെയുള്ളവർക്ക് നന്നായി അറിയാം. നമ്മൾ പലപ്പോഴും ചർച്ച ചെയ്തിട്ടുള്ളതാണ്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ചേർന്ന നിയമഭേദഗതി സന്ദർഭത്തിലാണ് രണ്ടുതവണ എന്ന നിലയിൽ തീരുമാനമെടുക്കണമെന്ന് ആലോചന വന്നത്. പക്ഷെ, പൊതുവായ വികാരത്തിന്റെ അടിസ്ഥാനത്തിൽ അത് മാറ്റിവച്ചുവെന്നേയുള്ളൂ. സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളിലും രണ്ടുതവണ എന്നുള്ളത് നിഷ്കർഷിക്കേണ്ട സാഹചര്യം വരികയാണ്. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിനുപുറമെ പെർഫോമൻസ് ഓഡിറ്റിന്റെ കാര്യവും പറയുന്നുണ്ട്. നിയമനം സുതാര്യമാക്കേണ്ടതും റിക്രൂട്ട്മെന്റ് വ്യവസ്ഥയും പൊതുവെ എല്ലാവരും അംഗീകരിച്ച കാര്യമാണ്. കടലാസ് സംഘങ്ങളെ സംബന്ധിച്ച് പലപ്പോഴും നമുക്കുണ്ടാകുന്ന പ്രശ്നം അവയുടെ കടന്നുകയറ്റം യഥാർത്ഥ സംഘങ്ങൾക്ക് പ്രവർത്തനം നടത്താൻ കഴിയാത്ത സാഹചര്യം വരുത്തുന്നുവെന്നതാണ്. യഥാർത്ഥത്തിൽ അംഗങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിയാത്ത അവസ്ഥാവിശേഷം ഒഴിവാക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിച്ചത്. വളരെക്കാലമായി സഹകരണ മേഖലയിൽ ഇത്തരം നിയമവും ചട്ടവുമൊക്കെ

നിലനിൽക്കുകയാണ്. വിവിധ ക്രമക്കേടുകൾമൂലം പല ക്ഷീരസംഘങ്ങളുടെയും ഭരണസമിതികൾ പിരിച്ചുവിടേണ്ടതായി വന്നിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ ആ സംഘങ്ങളിലെ അംഗങ്ങളായ ക്ഷീരകർഷകരെ ഉൾപ്പെടുത്തിയാണ് സഹകരണ രജിസ്ട്രാർ മാനേജിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നത്. അല്ലാതെ പുറത്തുനിന്നും ആളിനെ എടുത്തിട്ടല്ല. കർഷകരുടെ ഉത്തമതാല്പര്യം സംരക്ഷിക്കുന്നതിനാണ് ഇങ്ങനെ ചെയ്യുന്നത്. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തീരുമാനിക്കുന്ന അംഗം അവിടത്തെ ഏറ്റവും നല്ല ക്ഷീരകർഷകനെ വോട്ടറായി തീരുമാനിക്കുന്നു എന്നതാണ്. അല്ലാതെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി മെമ്പർ വോട്ടറായി പോകുകയല്ല. ആ വോട്ടറാണ് മത്സരിക്കാനോ വോട്ട് ചെയ്യാനോ പോകുന്നത്. വോട്ടവകാശം ലഭ്യമാക്കേണ്ടത് ആ സംഘത്തിന്റെ പരിധിയിൽ വരുന്ന ക്ഷീരകർഷകരുടെ അവകാശമാണ്. അത് സംരക്ഷിക്കുക എന്നത് ഒരു ജനപക്ഷ സർക്കാരിന്റെ ഉത്തരവാദിത്വവും കടമയുമാണ്. ആ കടമയാണ് ഈ ഭേദഗതിയിലൂടെ നിർവ്വഹിക്കുന്നത്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്താണ് മിൽമയിൽ യഥാർത്ഥ ക്ഷീരകർഷകരുടെ പ്രതിനിധികളായ അംഗങ്ങളുടെ ഭരണം നിലവിൽ വരുന്നത്. അതിനുശേഷം മിൽമയുടെ പ്രവർത്തനത്തിൽ അസൂയാവഹമായ പുരോഗതിയാണുണ്ടായിട്ടുള്ളത്.

ക്ഷീരോല്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് സംസ്ഥാനം കുതിക്കുകയാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഒരു ശ്രേണിതന്നെ നമുക്ക് പുറത്തിറക്കാൻ സാധിച്ചു. ആത്യന്തികമായി ഇതിന്റെ പ്രയോജനം അനുഭവിക്കുന്നത് കേരളത്തിലെ ക്ഷീരകർഷകരാണ്. കഴിഞ്ഞ ഒരു വർഷത്തിനിടയിലുണ്ടായിട്ടുള്ള നേട്ടങ്ങളുടെ പട്ടിക സമയക്കുറവുകൊണ്ട് വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ കാലയളവിൽ പ്രതിദിന വില്പന നാലര ലക്ഷം രൂപയിൽനിന്ന് ആറ് ലക്ഷം രൂപയായി ഉയർന്നുവെന്ന് പറയുമ്പോൾ എത്രത്തോളം സജീവമായ പ്രവർത്തന പന്ഥാവിലേയ്ക്കാണ് മിൽമയ്ക്ക് വരാൻ സാധിച്ചതെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പാലുല്പന്നങ്ങളുടെ വിഹിതം പത്ത് ശതമാനം വർദ്ധിപ്പിക്കാൻ സാധിച്ചു. സാമ്പത്തിക പരാധീനതയുള്ള സംഘങ്ങളുടെ ഉദ്ധാരണ പദ്ധതിക്ക് രണ്ട് കോടി രൂപ ചെലവഴിച്ചു. നിർത്തിവച്ചിരുന്ന കന്നുകുട്ടി-കിടാരി ദത്തെടുക്കൽ പദ്ധതി പുനരുജ്ജീവിപ്പിച്ചു. 7000 കർഷകർക്ക് നാലര കോടി രൂപ ചെലവഴിച്ചു. ചരിത്രത്തിലാദ്യമായി സംഘം ജീവനക്കാർക്ക് ഓണക്കാല ഉത്സവബത്ത അനുവദിച്ചു. നാലര കോടി കർഷകർക്ക് ഇൻസെന്റീവും ഒന്നര കോടി രൂപയുടെ കാലിത്തീറ്റ സബ്സിഡിയും നൽകുകയുണ്ടായി. കാലിത്തീറ്റയുടെ കാര്യം ഇവിടെ

സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ രണ്ട് പൊതുമേഖല കാലിത്തീറ്റ നിർമ്മാതാക്കൾ മിൽമയും കേരള ഫീഡ്സുമാണ്. 2019-നുശേഷം നാളിതുവരെ അവർ വില വർദ്ധിപ്പിക്കാതെയാണ് മുന്നോട്ടുപോകുന്നത്. സ്വകാര്യ കാലിത്തീറ്റ നിർമ്മാതാക്കൾ പലമടങ്ങ് വില വർദ്ധിപ്പിച്ചിട്ടും സഹകരണ സ്ഥാപനമായ മിൽമ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിട്ടില്ലെന്നുള്ളത് കാണേണ്ടതായിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

പശു വാങ്ങുന്നതിന് റിവോൾവിംഗ് ഫണ്ട് 50,000 രൂപയായി വർദ്ധിപ്പിച്ച് ഗുണഭോക്താക്കളുടെ എണ്ണം ഇരട്ടിയാക്കി. സംഘം ജീവനക്കാർക്ക് കുടുംബാരോഗ്യ ഇൻഷ്വറൻസ് പദ്ധതി 3,00,000 രൂപയായി വർദ്ധിപ്പിച്ചു. ഓണക്കാലത്ത് കർഷകർക്ക് ലിറ്ററിന് 1 രൂപ നിരക്കിൽ ഉല്പാദന ബോണസ് നൽകി. 2021-ലുണ്ടായ വെള്ളപ്പൊക്കത്തിൽ ദുരിതം വന്ന കർഷകർക്ക് 1 കോടി രൂപയുടെ സഹായം നൽകാൻ സാധിച്ചു. ക്ഷീരസംഘങ്ങളിൽ ആദ്യമായി മിൽമ ഷോപ്പുകൾ അനുവദിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. തിരുവനന്തപുരം മിൽമയിൽ 6 പുതിയ ക്ഷീര ഉല്പന്നങ്ങൾ വിപണിയിലിറക്കാൻ സാധിച്ചു.

തിരുവനന്തപുരം മേഖലയിൽ പുതിയ 40 കൃത്രിമ ബീജദാന കേന്ദ്രങ്ങൾ അനുവദിക്കുകയും അന്യസംസ്ഥാനങ്ങളിൽനിന്നും പാൽ കൊണ്ടുവരുന്നത് നിർത്തലാക്കുകയും ചെയ്തു. അത്തരത്തിലൊരു വലിയ മാറ്റം കഴിഞ്ഞ ഒരു വർഷംകൊണ്ട് ഈ മേഖലയിലുണ്ടായിയെന്നത് നാം കാണാതെ പോകരുത്. നമ്മുടെ സംസ്ഥാനത്ത് മറ്റെല്ലാ അപ്പെക്സ് സംഘങ്ങൾക്കും ഭരണസമിതിയിൽ തെരഞ്ഞെടുപ്പിന് വോട്ടവകാശമുണ്ട്. അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങളടങ്ങുന്ന കമ്മിറ്റി ഭരിക്കുന്നുവെന്ന കാരണത്താൽ അത് നിഷേധിക്കാൻ പാടില്ലെന്ന ജനാധിപത്യപരമായ മര്യാദയാണ് പ്രസ്തുത ഭേദഗതിക്ക് അടിസ്ഥാനമാകുന്നത്.

<u>മി.ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇവിടെ 30 മിനിട്ടോളമെടുത്താണ് ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ ജനാധിപത്യത്തെക്കുറിച്ച് ക്ലാസെടുത്തത്. നിങ്ങളുടെ പാർട്ടിക്കകത്ത് ജനാധിപത്യം പുനഃസ്ഥാപിക്കുന്നത് ഏത് കാലത്തായിരിക്കുമെന്ന് ഞാൻ വിനയപൂർവ്വം ഡോ. മാത്യു കുഴൽനാടനോട് ചോദിക്കുകയാണ്; നിങ്ങളുടെ പാർട്ടികത്ത് ജനാധിപത്യപരമായ തെരഞ്ഞെടുപ്പ് നടന്നിട്ട് എത്ര വർഷമായി;

ജനാധിപത്യത്തെക്കുറിച്ച് പറയാൻ നിങ്ങൾക്കെന്ത് അവകാശമാണുള്ളത്? 1957-ൽ നമ്മുടെ സംസ്ഥാനത്ത് ആദ്യമായി അധികാരത്തിൽ വന്നൊരു കമ്മ്യൂണിസ്റ്റ് സർക്കാരിനെ ആരാണ് പിരിച്ചുവിട്ടത്; കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രത്യയശാസ്ത്രത്തിന്റെ കുഴപ്പംകൊണ്ടാണോ അങ്ങനെ സംഭവിച്ചത്; ജനാധിപത്യവിരുദ്ധമായ മാർഗങ്ങളിലൂടെയല്ലേ നിങ്ങൾ പിരിച്ചുവിട്ടത്; ഭരണഘടനയുടെ 356-ാം വകുപ്പുപയോഗിച്ചും രാജ്യത്ത് അരക്ഷിത സാഹചര്യം സൃഷ്ടിച്ചും നിങ്ങൾ പിരിച്ചുവിടുകയല്ലേ ഉണ്ടായത്? ജനാധിപത്യത്തെക്കുറിച്ച് പറയാൻ നിങ്ങൾക്കെന്ത് അധികാരമാണുള്ളത്; എന്ത് അവകാശമാണുള്ളത്? ജനാധിപത്യത്തെക്കുറിച്ച് പുരപ്പുറത്തുകയറി പ്രസംഗിക്കുകയാണോ; അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതാരാണ്; ജനാധിപത്യത്തെ സംരക്ഷിക്കാൻ വേണ്ടിയാണോ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്; അടിയന്തരാവസ്ഥയുടെ കാലത്ത് കോൺഗ്രസ് പാർട്ടിയുടെ നേതൃത്വത്തിൽ എത്ര പേരെയാണ് നിങ്ങൾ കൊന്നൊടുക്കിയത്; എന്തൊക്കെയാണ് നമ്മുടെ രാജ്യത്ത് നടന്നത്? ജനാധിപത്യത്തെക്കുറിച്ച് പുരപ്പുറത്ത് കയറിയുള്ള പ്രസംഗമൊന്നും നമുക്കാവശ്യമില്ല. രക്തസാക്ഷിത്വം നമ്മുടെ സംസ്ഥാനത്ത് ഒരുപാടുണ്ടായിട്ടുണ്ട്. മരിക്കുന്നത് ആരാണെന്ന് നോക്കി അവരെപ്പറ്റി പറഞ്ഞാൽ ശരിയാകില്ല. ധീരജിന്റെ കാര്യം നമ്മൾ

സഭയിൽ ചർച്ചചെയ്യാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ദയവായി പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മനോഹരമായ ഒരു ജീവിതത്തെക്കുറിച്ച് സ്വപ്നം കണ്ട ഇരുപത്തിരണ്ട് വയസ്സ് മാത്രം പ്രായമുള്ള ആ ചെറുപ്പക്കാരനെ നിങ്ങൾ വളരെ നിഷ്ഠൂരമായിട്ടല്ലേ കൊലപ്പെടുത്തിയത്; എത്ര വെട്ട് വെട്ടിയെന്ന് നിങ്ങളോട് പറയണോ? ധീരജിന് അച്ഛനും അമ്മയും സഹോദരനും ബന്ധുക്കളുമൊക്കെയുണ്ട്. ആ കുട്ടിയെ നിങ്ങളുടെ കെ.പി.സി.സി.-യുടെ അദ്ധ്യക്ഷൻ വീണ്ടുംവീണ്ടും കൊല്ലുകയല്ലേ ചെയ്യുന്നത്; ഇരന്നു വാങ്ങിയതെന്ന് പറയാനുള്ള വിവേകമില്ലായ്മ കെ.പി.സി.സി.-യുടെ അദ്ധ്യക്ഷൻ പ്രകടിപ്പിച്ചത് കണ്ടില്ലേ; നിങ്ങൾ എന്ത് ജനാധിപത്യത്തെക്കുറിച്ചാണ് പ്രസംഗിക്കുന്നത്; ഏത് കൊലപാതകത്തെക്കുറിച്ചാണ് സംസാരിക്കുന്നത്? വളരെ വാചാലമായി സംസാരിക്കുന്നുണ്ടല്ലോ; അതൊന്നും സംസാരിക്കാൻ കോൺഗ്രസ്സിന് സമീപകാലത്ത് യാതൊരു അവകാശവുമില്ലെന്ന കാര്യം മാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ.

വാസവൻ): സർ, വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ബഹുമാന്യരായ അംഗങ്ങളിവിടെ സൂചിപ്പിച്ച കാര്യം അടിസ്ഥാനരഹിതവും വസ്തുതയ്ക്ക് നിരക്കാത്തതുമാണ്. ഇത് പ്രധാനമായും ക്ലാരിഫിക്കേഷനുവേണ്ടി മാത്രമുള്ള നിയമഭേദഗതിയാണെന്ന് ഞാൻ ആദ്യംതന്നെ സൂചിപ്പിച്ചു. നിലവിൽ 1969-ലെ നിയമത്തിൽ സെക്ഷൻ 28(8) ഭേദഗതി ചെയ്തുകൊണ്ട് സഭയിൽ മിൽമയ്ക്കുവേണ്ടി ഒരു ബിൽ കഴിഞ്ഞ തവണ അവതരിപ്പിച്ചു. ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഇവിടെ സൂചിപ്പിച്ചതുപോലെ പ്രസിഡന്റുമാർക്ക് മാത്രമേ യൂണിയന്റെ പൊതുയോഗത്തിൽ പങ്കെടുക്കുന്നതിനും വോട്ട് ചെയ്യുന്നതിനും മത്സരിക്കുന്നതിനും അവകാശമുണ്ടായിരിക്കുകയുള്ളൂവെന്ന രൂപത്തിൽ ഒരു ക്ലോസ് വന്നു. എന്നാൽ ഇക്കാര്യത്തെ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ ബഹുമാന്യ അംഗങ്ങൾ മനസ്സിലാക്കേണ്ടത് കേരളാ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 1969-ലെ സെക്ഷൻ 20(1)-ലും 21(2)-ലും 33-ലും ഓരോ സഹകരണ സംഘങ്ങളിലെയും അഡ്മിനിസ്ട്രേറ്റർമാർക്ക് പ്രതിനിധിയെ നിശ്ചയിച്ച് വോട്ടവകാശം രേഖപ്പെടുത്തുന്നതിനുള്ള അധികാരങ്ങളും അവകാശങ്ങളും രേഖപ്പെടുത്താം. ആനന്ദ് മോഡൽ ക്ഷീര സംഘത്തെ സംബന്ധിച്ച് 28(8) ഭേദഗതിയിൽ അത്തരത്തിലൊരു പ്രയോഗം നടത്തിയതുകൊണ്ടാണ്

ഇതിനൊരു ക്ലാരിഫിക്കെഷൻ വേണമെന്ന സ്ഥിതിയിലേയ്ക്ക് കടന്നത്. ബഹുമാനപ്പെട്ട കോടതിയിൽ കേസ് വന്നപ്പോഴും ഇലക്ഷൻ നടക്കട്ടെ, അത് പ്രത്യേകമൊരു പെട്ടിയിൽ വയ്ക്കണമെന്നാണ് ബഹുമാനപ്പെട്ട കോടതി പറഞ്ഞത്. അല്ലാതെ വോട്ടവകാശമില്ലെന്ന് പറഞ്ഞിട്ടില്ല. പ്രതിനിധികൾ മത്സരിക്കാൻ പാടില്ലെന്ന് അതിൽ വ്യക്തമാക്കുന്നുണ്ട്. 56 സംഘങ്ങളുടെ ആയിരക്കണക്കിന് വരുന്ന ക്ഷീര കർഷകർക്ക് തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ജനാധിപത്യ അവകാശം വേണ്ടേയെന്ന് സാമാന്യബുദ്ധിയിൽ ആലോചിച്ച് നോക്കണം. ആ ജനാധിപത്യ അവകാശത്തിന് നിയമപരമായ വശമുണ്ടെങ്കിൽ പിന്നെന്തിനാണത് നിഷേധിക്കുന്നത്? 2013-ൽ മലബാർ മിൽക്ക് യൂണിയൻ തെരെഞ്ഞെടുപ്പിൽ അഡ്മിനിസ്ട്രേഷന്റെ വോട്ടോടുകൂടിയല്ലേ കോൺഗ്രസ് ഭരണസമിതി വന്നത്? അവിടെ അഡ്മിനിസ്ട്രേറ്റീവ് വോട്ടർമാരുടെ പ്രതിനിധിയെ നിശ്ചയിച്ച് വോട്ട് ചെയ്യാം, ഇവിടെ അത് പാടില്ല എന്ന രൂപത്തിലേയ്ക്ക് അതിനെ വ്യാഖ്യാനിക്കാം. അതിന്റെ പൈതൃകം ഏറ്റെടുത്ത് ചില അംഗങ്ങൾ ഇവിടെ സംസാരിച്ചു. പൈതൃകം ആർക്കാണ് ? 1980-ൽ അധികാരത്തിൽ വന്ന സഖാവ് ഇ.കെ. നായനാരുടെ നേതൃത്വത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ് മിൽമ സ്ഥാപിച്ചത്. ആ സർക്കാർ പിന്നീട് അധികാരത്തിൽ

വരുമ്പോൾ 1987-ലാണ് മലബാർ യൂണിയൻ വരുന്നത്. അതെല്ലാം ഞങ്ങളാണ് കൊണ്ടുവന്നതെന്ന രൂപത്തിൽ വ്യാഖ്യാനിച്ചത് അസംബന്ധമാണ്. ഇക്കാര്യത്തിൽ ഇവിടെ അവതരിപ്പിച്ച വിയോജനക്കുറിപ്പ് വസ്തുതാപരമല്ല, അത് നിലനിൽക്കുന്നതല്ല, ഇക്കാര്യത്തിൽ ആക്റ്റിലെ വ്യവസ്ഥ അനുസരിച്ച് 28(8) ഭേദഗതിയിൽ വന്ന വിഷയത്തിൽ ഒരു ക്ലാരിഫിക്കേഷൻ മാത്രമാണ് ഈ ബിൽ. അതുകൊണ്ട് അക്കാര്യത്തെ സംബന്ധിച്ച വ്യക്തത ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. സഹകരണവുമായി ബന്ധപ്പെട്ട് ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച ക്രിയാത്മക നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ഇക്കാര്യത്തിൽ തെറ്റായ ഒന്നുരണ്ട് കാര്യങ്ങൾ അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അതായത്, സംഘം പിടിച്ചെടുക്കാൻ ജനാധിപത്യത്തെ അട്ടിമറിക്കുന്നുവെന്ന് അങ്ങ് പറഞ്ഞത് ശരിയല്ല; യഥാർത്ഥത്തിൽ ജനാധിപത്യത്തെ പരിരക്ഷിക്കുകയാണ് ചെയ്യുന്നത്. 56 സംഘങ്ങൾക്ക് ജനാധിപത്യം നിഷേധിച്ചപ്പോൾ അതിനെ സംരക്ഷിക്കണ്ടേ; അവർക്ക് വോട്ടവകാശമില്ലേ; എന്തിനാണ് 28(8) ഭേദഗതി കൊണ്ടുവന്നത്; പിടിച്ചെടുക്കാനാണോ? അല്ല. യഥാർത്ഥ ക്ഷീര കർഷകരുടെ കയ്യിൽ സംഘമെത്തിക്കുകയെന്ന ലക്ഷ്യമായിരുന്നു പ്രസ്തുത ഭേദഗതിക്കുണ്ടായിരുന്നത്. വ്യക്തിപരമായി സംസാരിക്കുമ്പോൾ നിങ്ങളിൽ

പലരും സമ്മതിക്കുന്നൊരു കാര്യമുണ്ട്. പാൽ മറ്റുള്ളവരിൽനിന്ന് വിലയ്ക്കുവാങ്ങി തന്റെ പേരിൽ കൊണ്ടുവച്ച് അംഗങ്ങളാകാൻ ശ്രമിച്ചവർ മുമ്പുണ്ടായിരുന്നു. ഇനിയത് നടക്കരുതെന്ന ഉദ്ദേശത്തിലാണ് 28(8) ഭേദഗതി കൊണ്ടുവന്നത്. ഒരു എരുമയെയോ പശുവിനെയോ വളർത്തിയിരിക്കണം; 90 ദിവസങ്ങൾക്കുള്ളിൽ 120 ലിറ്റർ പാൽ അളന്നിരിക്കണം; ഇത്തരത്തിൽ കൃത്യമായി പരിശോധിച്ചുവരുന്ന ഒരാൾക്ക് മാത്രമേ അംഗമാകാൻ കഴിയൂ. ബഹുഭൂരിപക്ഷം വീടുകളിലും പശുക്കളെ സംരക്ഷിക്കുന്നതും തീറ്റ കൊടുക്കുന്നതും പാൽ കറക്കുന്നതുമൊക്കെ സ്ത്രീകളാണ്. പക്ഷെ അവർക്ക് ഒരുസ്ഥലത്തും ഭരണാധികാരമില്ല. അതുകൊണ്ടാണ് പ്രസിഡന്റ്/വൈസ് പ്രസിഡന്റ് സ്ഥാനം അവർക്ക് റിസർവ് ചെയ്തിരിക്കുന്നത്. ആ രംഗത്തുള്ള എല്ലാ അരാജകത്വവും അവസാനിപ്പിക്കാൻവേണ്ടിയാണ് ഓഡിറ്റ് സിസ്റ്റത്തിൽ മാറ്റം വരുത്തി സോഷ്യൽ ഓഡിറ്റുകൂടി വേണമെന്ന് തീരുമാനിച്ച് നടപ്പിലാക്കിയത്. 28(8) ഭേദഗതി യഥാർത്ഥത്തിൽ ഈ മേഖലയെ സംരക്ഷിക്കാൻ കൊണ്ടുവന്നതാണ്. പ്രസിഡന്റ് ഈ രംഗത്തേയ്ക്ക് നോമിനേറ്റ് ചെയ്യപ്പെടുമ്പോൾ അല്ലെങ്കിൽ അധികാരത്തിൽ വരുമ്പോൾ മത്സരിക്കാനും വോട്ട് ചെയ്യാനും അവർക്ക് മാത്രമേ അവകാശമുള്ളൂവെന്ന തെറ്റിദ്ധാരണയ്ക്ക് ഒരു ക്ലാരിഫിക്കേഷൻ വേണമായിരുന്നു. സംഘത്തിന്റെ

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് ഒരാളെ നിശ്ചയിക്കാനുള്ള അധികാരമുണ്ടെന്നത് ഞാൻ ആദ്യം സൂചിപ്പിച്ച കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ 20(1), 22(2), 33 ക്ലാസ്സുകളിൽ കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. അക്കാര്യത്തിൽ നിയമപരമായ ഒരു പിശകുമില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സജീവ് ജോസഫിന്റെ ഭാഗത്തുനിന്ന് ചില നിർദ്ദേശങ്ങൾ വരികയുണ്ടായി. റിസ്ക് ഫണ്ടിന്റെയും നിക്ഷേപ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിന്റെയുമൊക്ക കാര്യങ്ങൾ കഴിഞ്ഞ ദിവസം ഡിമാന്റ് ഡിസ്കഷന്റെ സമയത്ത് സഭയിൽ പറഞ്ഞതാണ്. റിസ്ക് ഫണ്ട് രണ്ട് ലക്ഷം രൂപവരെ കൊടുക്കുന്നുണ്ട്. കാലതാമസം കൂടാതെ കൃത്യമായി അത് ചെയ്യുന്നുണ്ട്. നിക്ഷേപ ഗ്യാരന്റി സ്കീമിൽ വരുന്ന ഫണ്ട് വിനിയോഗിക്കുന്നത് സംബന്ധിച്ചും പിന്നാക്കം നിൽക്കുന്ന സംഘത്തെ മുന്നാക്കം കൊണ്ടുവരുന്നതിനുവേണ്ടിയുള്ള കാര്യങ്ങളുമൊക്കെ പറഞ്ഞു. അതൊക്കെ ഇതിലുൾപ്പെട്ടിട്ടുണ്ട്. തൊടുപുഴ സംഘവുമായി ബന്ധപ്പെട്ട കാര്യം ഡോ. മാത്യു കുഴൽനാടൻ ചോദിക്കുകയുണ്ടായി. അന്നത്തെ ഒരു കേസിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. അതുസംബന്ധിച്ച് തൊടുപുഴ കോടതിയിൽ അന്വേഷിച്ചാൽ അറിയാം. എഫ്.ഐ.ആർ. നിലവിലുണ്ട്. ഒരു യു.ഡി.എഫ്. ഡയറക്ടറുടെ വീട്ടിൽ നിന്ന് ആയിരത്തി അഞ്ഞൂറോളം

കാർഡുകൾ പോലീസ് പിടിച്ചെടുത്തു. ഇതുസംബന്ധിച്ച് കേസുണ്ടെന്നാണ് ഞാൻ പറഞ്ഞത്, അത് വസ്തുതാപരമാണ്. നിങ്ങൾ എത്ര നിഷേധിച്ചാലും അല്ലെന്ന് പറയാൻ കഴിയില്ല. പ്രസ്തുത സംഭവത്തെ സംബന്ധിച്ച് തെറ്റായ രൂപത്തിൽ പറയരുത്. ഓർഡിനൻസ് ഇറക്കാത്തതിനെ സംബന്ധിച്ച് പറഞ്ഞു; ഓർഡിനൻസ് ഇറക്കിയിരുന്നു. സഭ സമ്മേളിക്കുന്ന തീയതി വന്നാൽ ഓർഡിനൻസ് നിലനിൽക്കില്ലെന്ന കാര്യം നമുക്കറിയാം. ആ സന്ദർഭത്തിൽ സഭയിൽ ബിൽ കൊണ്ടുവരികയാണ് ചെയ്യേണ്ടത്. ഇവിടെ ഡോ. മാത്യു കുഴൽനാടൻ ഞങ്ങൾക്ക് ക്ലാസ്സെടുക്കുകയുണ്ടായി. ജനാധിപത്യത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി ഭയപ്പെടുന്നു; കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശത്രു ജനാധിപത്യമാണ് എന്നൊക്കെയാണ് അദ്ദേഹം ക്ലാസ്സെടുത്തത്. ഇന്ത്യയിൽ 1975 ജൂൺ മാസം 25-ന് അർദ്ധരാത്രിയിൽ ആഭ്യന്തര അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ ഒട്ടേറെ കമ്മ്യൂണിസ്റ്റുകാരെ വേട്ടയാടുകയും ചോദ്യം ചെയ്യാതെ MISA (Maintenance of Internal Security Act), DIR (Defence of India Regulations Act) എന്നിവ പ്രകാരം തടവുകാരാക്കുകയുമുണ്ടായി. ഇവിടെ സഭാനാഥനായിരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയടക്കം അടിയന്തരാവസ്ഥ കാലത്ത് അറസ്റ്റ് ചെയ്ത് ജയിലിൽ കൊണ്ടുപോയി ലോക്കപ്പിലിട്ട് മൃഗീയമായി മർദ്ദിച്ച സംഭവം

രേഖകളിലുണ്ട്. അദ്ദേഹംതന്നെ അദ്ദേഹത്തിന്റെ അനുഭവം ഇവിടെ വിശദീകരിച്ചിട്ടുമുണ്ട്. നിങ്ങൾ മറന്നുപോയോ; എന്ത് ജനാധിപത്യമായിരുന്നു അത്; പൗരാവകാശം ധ്വംസിക്കപ്പെട്ടില്ലേ; ജനാധിപത്യ അവകാശം കശാപ്പ് ചെയ്തില്ലേ; പത്രമാരണ നിയമം നിങ്ങൾ തകർത്തില്ലേ; സംഘടിക്കാനും സഞ്ചരിക്കാനും സംസാരിക്കാനുമുള്ള സ്വാതന്ത്ര്യം നിഷേധിച്ചില്ലേ; ഇന്ദിരാഗാന്ധി അമിതാധികാര ശക്തിയായി മാറിയില്ലേ; XXXXXXX+, ഡൽഹി തുർക്ക്മാൻ ഗേറ്റെല്ലാം ഇടിച്ച് നിരപ്പാക്കി നടത്തിയ പരാക്രമങ്ങൾ രാജ്യത്തിന്റെ മുന്നിൽ ഇന്നും നിൽക്കുന്ന ഏറ്റവും വലിയ ചോരപ്പാടുകളല്ലേ; അത് നിഷേധിക്കാൻ കഴിയുമോ; എവിടെപ്പോയിരുന്നു ജനാധിപത്യം?

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ.... (.......ബഹളം......) That is my right.... (.......ബഹളം......)

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ..........അങ്ങ് പറയൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി അന്തരിച്ച സഞ്ജയ്ഗാന്ധിയെക്കുറിച്ച് വളരെ മോശമായ പരാമർശം നടത്തി. XXXXXXX+ എത്ര അപകീർത്തികരമായ പരാമർശമാണത്. ഒരു മന്ത്രിക്ക്

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.13020/ഇ.ബി./2022/നി.സെ. തീയതി 20-07-2022) രേഖയിൽനിന്നും നീക്കം ചെയ്തു.

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.13020/ഇ.ബി./2022/നി.സെ. തീയതി 20-07-2022)

യോജിച്ചതാണോ ഈ പരാമർശം? (.......ബഹളം......) അങ്ങ് സാംസ്കാരിക വകുപ്പിന്റെ മന്ത്രികൂടിയാണ്. സാംസ്കാരിക വകുപ്പുമന്ത്രിക്ക് യോജിച്ച പരാമർശമാണോ അങ്ങ് നടത്തിയത്? അത് രേഖയിൽനിന്ന് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിച്ച് നടപടി സ്വീകരിക്കാം. ...... (.......ബഹളം......)

ശ്രീ. വി. എൻ. വാസവൻ: സർ, ഞാൻ സൂചിപ്പിച്ചത്, എല്ലാ മാധ്യമങ്ങളിലും വരികയും നിയമസഭയിൽ ചർച്ച ചെയ്ത വിഷയവുമാണ്. അടിയന്തരാവസ്ഥയുടെ ഇരുണ്ട യാമങ്ങളിൽ ഇൻഡ്യൻ തടവറകളിൽ ചിതറിത്തെറിച്ച പച്ചമനുഷ്യമാംസത്തിന്റെ കദനകഥകൾ ഈ സഭയിലടക്കം വിശദീകരിക്കപ്പെട്ടതാണ്. അപ്പോൾ ഇക്കാര്യങ്ങളെല്ലാം കൂട്ടിച്ചേർത്ത് വന്നിട്ടുണ്ട്. ഡോ. മാത്യു കുഴൽനാടൻ എന്തൊക്കെയാണ് പറഞ്ഞതെന്ന് നിങ്ങൾ കേട്ടല്ലോ. (.......ബഹളം......)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... പ്ലീസ്.... ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയല്ലേ?

ശ്രീ. വി. എൻ. വാസവൻ: സർ, ഡോ. മാത്യു കുഴൽനാടൻ

രേഖയിൽനിന്നും നീക്കം ചെയ്തു.

പറഞ്ഞപ്പോൾ ഞങ്ങളുടെ ഭാഗത്തുനിന്നും ഒരു അപസ്വരവുമുണ്ടായില്ല. ഞങ്ങളാരും അതിനെ എതിർത്ത് സംസാരിച്ചില്ല. എല്ലാം ശാന്തമായി കേട്ടിരുന്നു. ഈ സംസ്ഥാനത്ത് രാജനെയും വിജയനെയും വേണുഗോപാലിനെയും പോലുള്ള എത്ര ചെറുപ്പക്കാരെയാണ് ആ കാലഘട്ടത്തിൽ ലോക്കപ്പിൽ കൊണ്ടുപോയി മർദ്ദിച്ച് പമ്പാവാസനും ഗരുഡൻപറവയും ഉലക്ക ഉരുട്ടലും കാവടിയാട്ടവുമൊക്കെ നടത്തി കൊലപ്പെടുത്തിയത്; അതൊക്കെ നിങ്ങൾ മറന്നുപോയോ? ഈ രാജ്യത്ത് ജനാധിപത്യത്തെക്കുറിച്ച് പറയാൻ നിങ്ങൾക്ക് എന്താണ് അവകാശം; നിങ്ങളുടെ പാർട്ടിയിൽ തെരഞ്ഞെടുപ്പ് നടത്തിയിട്ട് എത്ര കാലമായി? ഇപ്പോൾ കെ.പി.സി.സി. പ്രസിഡന്റിനെ നിയമിക്കുന്നു. ഡി.സി.സി. പ്രസിഡന്റിനെ ഇന്ന ഉത്തരവുവരെ നിയമിക്കുന്നു. (.......ബഹളം......) ജനാധിപത്യമാണ് പറഞ്ഞത്. അദ്ദേഹം പറഞ്ഞതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, .....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് ഒരു പോയിന്റ് ഓഫ് ഓർഡർ പറഞ്ഞു. അത് പരിശോധിച്ച് നടപടി സ്വീകരിക്കാം. അങ്ങ് ഇരിക്കൂ... (.......ബഹളം......) പ്ലീസ്... പ്ലീസ്.... ഇരിക്കൂ, എല്ലാവരും ഇരിക്കൂ. അംഗങ്ങളെല്ലാവരും ഇരുന്നാൽ മാത്രമേ ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവിന് മൈക്ക് കൊടുക്കാൻ സാധിക്കു.

ശ്രീ. വി. ഡി. സതീശൻ: സർ, വളരെ മോശമായതും അപകീർത്തികരവുമായ ഒരു പരാമർശം ബഹുമാനപ്പെട്ട മന്ത്രി സഞ്ജയ്ഗാന്ധിയെക്കുറിച്ച് നടത്തി. അദ്ദേഹമത് പിൻവലിക്കാതെ വീണ്ടും അതുപോലെയുള്ള പരാമർശങ്ങൾ നടത്തി മുന്നോട്ടുപോകുകയാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം അത് കേട്ടുകൊണ്ട് ഈ സഭയിലിരിക്കാൻ കഴിയില്ല. (.......ബഹളം......) ഞങ്ങൾ മന്ത്രിയുടെ പരാമർശത്തിൽ പ്രതിഷേധിച്ച് ബഹിഷ്കരിക്കുന്നു.

(മന്ത്രിയുടെ രാഷ്ട്രീയ പരാമർശത്തിൽ പ്രതിഷേധിച്ച് തുടർന്നുള്ള സഭാനടപടികൾ പ്രതിപക്ഷം ബഹിഷ്കരിച്ചു.)

ശ്രീ. വി. എൻ. വാസവൻ: സർ, ഇവിടെ ഡോ. മാത്യു കുഴൽനാടൻ ജനാധിപത്യത്തെക്കുറിച്ച് വാചാലമായി സംസാരിച്ച് തുള്ളിയുറയുന്നത് കണ്ടു. ഇക്കാര്യത്തിൽ നടന്ന സംഭവങ്ങളെ സംബന്ധിച്ച് എവിടെയാണ് ജനാധിപത്യമെന്ന് അവർ തിരിച്ചറിയണ്ടേ; സ്വന്തം പാർട്ടിയിൽ ജനാധിപത്യമില്ലാത്തവർക്ക് നാട്ടിലെ ജനാധിപത്യത്തെക്കുറിച്ച് എങ്ങനെ സംസാരിക്കാൻ കഴിയും? 'അവനവന്റെ താടി താങ്ങാൻ വയ്യാത്തവർ മറ്റുള്ളവരുടെ അങ്ങാടി താങ്ങുമെന്ന് ' പറയുന്നത് എങ്ങനെ നടക്കും?

അവരുടെ പാർട്ടിയിൽ ജനാധിപത്യമില്ല; എന്നിട്ടാണ് നാട്ടിൽ ജനാധിപത്യം നടപ്പാക്കുമെന്ന് പറയുന്നത്. അടിയന്തരാവസ്ഥ കാലഘട്ടത്തിലെ സംഭവങ്ങളെല്ലാം നമ്മളെക്കൊണ്ട് പറയിപ്പിച്ചതാണ്. അല്ലാതെ ഇങ്ങനെ പറയാൻ കരുതിയിരുന്നതല്ല. ബില്ലിലെ കാര്യങ്ങൾ ചർച്ച ചെയ്യാൻവേണ്ടി നിൽക്കുമ്പോഴാണ് അദ്ദേഹം രണ്ടാമത് ചോദിച്ചുവാങ്ങിയ ഒരു പ്രസംഗത്തിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി എന്താണെന്നും സോവിയറ്റ് യൂണിയന്റെ തകർച്ചയുമൊക്കെ പഠിപ്പിച്ചതും വിദേശരാജ്യങ്ങളുടെ കാര്യങ്ങൾ പറഞ്ഞതും. യഥാർത്ഥത്തിൽ കോൺഗ്രസ്സിന്റെ കയ്യിലിരുപ്പുകൊണ്ടല്ലേ സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യാധിപത്യത്തിൽനിന്നും ഭരണാധികാരം കൈമാറി ഇൻഡ്യയിൽ നിറഞ്ഞുനിന്നിരുന്ന കോൺഗ്രസ്സ് ഇന്ന് ഈ രാജ്യത്ത് രണ്ട് സംസ്ഥാനങ്ങളിലായി മാത്രം ചുരുങ്ങിയത്? അതും ഏതാനും നാളുകൾക്കകം നഷ്ടപ്പെടാൻ പോകുന്നു. അതുതന്നെ നിലനിർത്താൻ സാധിച്ചത് ഇടതുപക്ഷ പാർട്ടികളുടെ സഹായംകൊണ്ടല്ലേ? 2004-ൽ ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വരാനുള്ള സാഹചര്യം സംജാതമായതെങ്ങനെയാണ്? നമ്മുടെ സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി ബി.ജെ.പി.ക്കും വർഗ്ഗീയതയ്ക്കുമെതിരായി നിലപാട്

സ്വീകരിച്ച് മതനിരപേക്ഷ ജനാധിപത്യത്തിന്റെ മഹത്തായ പാരമ്പര്യങ്ങൾ ഉയർത്തിപ്പിടിച്ചതിന്റെ ഭാഗമായല്ലേ കോൺഗ്രസ്സിന് നിലനിൽക്കാനായത്. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ജനാധിപത്യത്തിനുവേണ്ടി നിലനിൽക്കുന്ന പ്രസ്ഥാനമാണ്. അടിയന്തരാവസ്ഥയ്ക്കെതിരായി പൗരാവകാശ ധ്വംസനങ്ങൾക്കെതിരെ പടവാളേന്തിയും ജനാധിപത്യ അവകാശങ്ങൾ കശാപ്പ് ചെയ്തതിനെതിരെ പ്രതിഷേധം സംഘടിപ്പിച്ചും കയ്യാമങ്ങൾക്കും കഴുകുമരങ്ങൾക്കും കൽത്തുറുങ്കുകൾക്കും തകർക്കാനാകാത്തതാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് വന്നതാണ് ഇടതുപക്ഷ പ്രസ്ഥാനമെന്ന കമ്മ്യൂണിസ്റ്റ് പാർട്ടി. അതിനെ എന്തിനാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ വലിച്ചുകീറുന്നത്? ഇൻഡ്യ സ്വാതന്ത്ര്യം പ്രാപിക്കാനിടവരുന്ന സ്വാതന്ത്ര്യ സമര ചരിത്രത്തിന്റെ ഉള്ളടക്കം അറിയാവുന്നവരാണെങ്കിൽ ഇത് പറയില്ല. മഹത്തായ സോവിയറ്റ് യൂണിയൻ ഇല്ലായിരുന്നെങ്കിൽ ഇൻഡ്യ ഇത്തരത്തിലാകുമായിരുന്നില്ല. അച്ചുതണ്ട് ശക്തികളും സഖ്യശക്തികളും തമ്മിൽ ഏറ്റുമുട്ടി ഇൻഡ്യ സ്വാതന്ത്ര്യം പ്രാപിക്കാനിടവന്ന സാഹചര്യം ലോക ഫാസിസത്തിന്റെ പരാജയമാണ്. സ്വാതന്ത്ര്യസമര ചരിത്രത്തിന്റെ ഏടുകൾ ലാറി കോളിൻസും ഡൊമിനിക് ലാപിയറും എഴുതിയ ഗ്രന്ഥങ്ങളായാലും മഹാനായ

ഇ.എം.എസ്.-ന്റെ ഗ്രന്ഥമായാലും സ്വാതന്ത്ര്യ സമരസേനാനികളുടെ ഗ്രന്ഥങ്ങളായാലും പരിശോധിക്കുമ്പോൾ കണ്ടെത്താൻ കഴിയുന്നത് ലോക ഫാസിസത്തിന്റെ പരാജയവും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ സോഷ്യലിസ്റ്റ് ഏരിയകളുടെ ഉദയവുമാണ്. കിഴക്കൻ ജർമ്മനിയും റുമേനിയയും പോളണ്ടും ചെക്കോസ്ലോവാക്യയും ഹംഗറിയും അടക്കമുള്ള രാജ്യങ്ങളുടെ ഉദയമാണ്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം കാർഷിക-നാവിക കലാപങ്ങളും തെലങ്കാനയും തേഭാഗയും ഇതിഹാസോജ്ജ്വലമായ പുന്നപ്ര വയലാറും ആർ.ഐ.എൻ. (Royal Indian Navy Mutiny) കലാപവും അതിനോടൊപ്പം ദേശീയ സ്വാതന്ത്ര്യസമരവും കൂടിച്ചേർന്നപ്പോഴാണ് ബ്രിട്ടൻ ഇൻഡ്യ വിടാൻ നിർബന്ധിതമാകുന്ന സാഹചര്യമുണ്ടായത്. ഇനിയൊരു രാജ്യംകൂടി സോഷ്യലിസ്റ്റായി മാറരുതെന്ന കാഴ്ചപ്പാട് അവർക്കുണ്ടായിരുന്നു. കിഴക്കൻ ജർമ്മനിയും റുമേനിയയും പോളണ്ടും ചെക്കോസ്ലോവാക്യയും ഹംഗറിയുമെല്ലാം ആ രൂപത്തിൽ വന്നു. ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വം തൊഴിലാളിവർഗ്ഗത്തിലേയ്ക്ക് പോകരുതെന്ന് അവർക്ക് ആഗ്രഹമുണ്ടായിരുന്നു. എന്തിനാണ് സ്വാതന്ത്ര്യസമരത്തെ ഇവിടെ തിരിച്ചുംമറിച്ചും അപലപിക്കുകയും വസ്തുതാപരമല്ലാത്ത കാര്യങ്ങൾ പറയുകയും ചെയ്യുന്നത്?

കമ്മ്യൂണിസ്റ്റ് പാർട്ടി ജനാധിപത്യത്തിനെതിരാണ്, ഇതിൽ ജനാധിപത്യമില്ല. ജനാധിപത്യത്തിന്റെ ശത്രുവാണ് എന്നൊക്കെ ഡോ. മാത്യു കുഴൽനാടൻ പറഞ്ഞതിനോട് യോജിക്കാൻ കഴിയില്ല. ഇവിടെ പ്രശ്നമുണ്ടാക്കിയത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവല്ലേ? ഡോ. മാത്യു കുഴൽനാടൻ സംസാരിച്ചത് ഈ സഭ വീർപ്പടക്കി കേട്ടുകൊണ്ടിരിക്കുകയായിരുന്നില്ലേ; അതിന് മറുപടി പറയാതെ പോകാൻ കഴിയുമോ? പ്രതിപക്ഷനേതാവിന് പുറത്ത് എന്തെങ്കിലും കാര്യങ്ങൾ കാണുമായിരിക്കും. അതുകൊണ്ടാണ് ഈയൊരു സംഭവത്തിൽ പെട്ടെന്ന് ബഹളമുണ്ടാക്കി പോയത്. ഞാൻ ഇവിടെ സൂചിപ്പിച്ച കാര്യങ്ങളെല്ലാം ആ കാലഘട്ടത്തിൽ സഭയിൽ പലപ്പോഴും ചർച്ച ചെയ്തിട്ടുള്ളതും മാധ്യമങ്ങളിൽ വന്നിട്ടുള്ളതുമാണ്. അപ്പോൾ ഇക്കാര്യത്തെ സംബന്ധിച്ച് പറയാതെ പോകുന്നത് ശരിയല്ലായെന്നുള്ളതുകൊണ്ടാണ് സൂചിപ്പിക്കാനിടവന്നത്. ഈ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഞാൻ നേരത്തെ സൂചിപ്പിച്ചു. ഇതിൽ ജനാധിപത്യ വിരുദ്ധമായി ഒന്നുമില്ല. നിലവിലുള്ള കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ടിന് വിധേയമായി ഒരു ക്ലാരിഫിക്കേഷനുമാത്രമായി കൊണ്ടുവന്നതെന്ന രൂപത്തിൽ ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഡോ. മാത്യു കുഴൽനാടൻ, അങ്ങ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി പ്രസ് ചെയ്തില്ല.)

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ

പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

Dr. N. Jayaraj: Sir, I move the following amendments:

176. In clause 2, after the brackets, number and symbol " (8) ", the word "the" shall be inserted.

177. In the proviso proposed to be added to Sec. 28 (8) of the Kerala Cooperative Societies Act, 1969 by clause2, after the words "an Administrator or" , the word "an" shall be inserted.

178. In the proviso proposed to be added to Sec. 28 (8) of the Kerala Cooperative Societies Act, 1969 by clause2, for the word "the" coming after the words "Administrative Committee of" the word "a" shall be substituted.

179. In the proviso proposed to be added to Sec. 28 (8) of the Kerala Cooperative Societies Act, 1969 by clause2, for the word "the" coming after the words "general body meeting of" the word "a" shall be substituted.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 144 മുതൽ 175 വരെയുള്ള ഭേദഗതികൾ ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. ആയതിനാൽ അവതരിപ്പിക്കേണ്ടതില്ല. (മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 176, 177, 178 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 176, 177, 178 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ;

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Dr. N. Jayaraj: Sir, I move the following amendment:

132. In clause 1 (2) for the numbers and letters " 12th" , the numbers and letters " $12^{th}$ " , shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: (മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല) ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പാസ്സാക്കിയിരിക്കുന്നു.

07.43 PM]

## X അറിയിപ്പ്

മെഡിസെപ് പദ്ധതി പരിചയപ്പെടുത്തലും ഫോട്ടോ പ്രദർശനവും

മി. ഡെപ്യൂട്ടി സ്പീക്കർ: 'ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിലൊരുക്കുന്ന ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിന്റെയും കേരള സംസ്ഥാന രൂപീകരണത്തിന്റെയും പ്രധാന സംഭവങ്ങളെ സംബന്ധിച്ചുള്ള ഓഡിയോ-വീഡിയോ-ഫോട്ടോ പ്രദർശനത്തിന്റെ ഒരു പ്രാഥമിക പ്രദർശനം അംഗങ്ങൾക്കായി നിയമസഭാ മന്ദിരത്തിന്റെ താഴത്തെ നിലയിലും ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിലുമായി നടത്തുന്നതാണ്. പ്രസ്തുത പ്രദർശനത്തിന്റെ ഉദ്ഘാടനം നാളെ രാവിലെ 8.30-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്.

2022 ജൂലൈ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് സംസ്ഥാനത്ത് നടപ്പാക്കിവരുന്ന മെഡിസെപ് പദ്ധതിയെപ്പറ്റി നിയമസഭാ സാമാജികർക്ക് പരിചയപ്പെടുത്തുന്ന പരിപാടി ഇന്ന് സഭാ സമ്മേളനത്തിനുശേഷം നിയമസഭയിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിക്കുന്നു. പ്രസ്തുത പരിപാടിയിലേയ്ക്കും തുടർന്നുള്ള അത്താഴവിരുന്നിലേയ്ക്കും എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളെയും

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ക്ഷണിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

ഓർഡർ....ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂലൈ 20-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 7.44-ന് പിരിഞ്ഞു.)

*******

**അനുബന്ധം**

(നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 2(*362)-ന് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

## സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണപുരോഗതി സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട്

| ജില്ല | നിലവിലെ സ്ഥിതി |
|---|---|
| തിരുവനന്തപുരം | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |
| കൊല്ലം | ഉദ്ഘാടനത്തിന് തയ്യാറാകുന്നു. |
| പത്തനംതിട്ട | അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |
| ആലപ്പുഴ | കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഭൂമിയുടെ കൈമാറ്റ നടപടി അവസാനഘട്ടത്തിലാണ്. |
| കോട്ടയം | കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഭൂമിയുടെ ഏറ്റെടുക്കൽ നടപടി അവസാനഘട്ടത്തിലാണ്. |
| ഇടുക്കി | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |
| എറണാകുളം | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |
| തൃശ്ശൂർ | കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഭൂമിയുടെ കൈമാറ്റ നടപടി അവസാനഘട്ടത്തിലാണ്. |
| പാലക്കാട് | എൻട്രൻസ് ബ്ലോക്ക് ഒഴികെയുള്ള ഭാഗങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. |
| മലപ്പുറം | ഡി. പി. ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ഭൂമി കൈമാറ്റ നടപടി അന്തിമഘട്ടത്തിലാണ്. |
| കോഴിക്കോട് | സമുച്ചയത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ ഏറ്റെടുക്കൽ നടപടി പുരോഗതിയിലാണ്. |
| കണ്ണൂർ | സമുച്ചയത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ കൈമാറ്റ നടപടി പൂർത്തിയായിവരുന്നു. |
| വയനാട് | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |
| കാസർഗോഡ് | നിർമ്മാണപ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. |